# സഹസ്രയോഗം

'വൈദ്യപ്രിയ' എന്ന

ഭാഷാവ്യാഖ്യാനത്തോടുകൂടിയതു

വൈദ്യൻ, കെ. വേലായുധനാറപ്പ്.

# സഹസ്രയോഗം

"വൈദ്യപ്രിയ" എന്ന വ്യാഖ്യാനത്തോടുകൂടിയതു്.

(ധാരാകല്പം, ഭേഷജകല്പം മുതലായവയും ആയിരം വിശിഷ്ടയോഗങ്ങളും അടങ്ങിയതു്)


പ്രസാധകൻ,

വൈദ്യൻ, കൊല്ലൂർവീട്ടിൽ

**വേലായുധക്കുറുപ്പ്**

പണ്ഡിതരാജ ബ്രഹ്മശ്രീ പുന്നശ്ശേരി നമ്പി നീലകണ്ഠശർമ്മാ അവർകളുടെ ശിഷ്യൻ,

എസ്സ്. എൻ. എസ്സ്. ആയുർവേദചികിത്സാലയം

ഐരാംപുരം — കീഴില്ലം. A. O.



പ്രകാശകന്മാർ,

ശ്രീരാമവിലാസം പ്രസിദ്ധീകരണശാല, കൊല്ലം.

വില രൂപാ 2.

P 1125.

"ശ്രീരാമവിലാസം" പ്രസ്സ്,
കൊല്ലം.

—:൦:—

(കാപ്പിറൈററ്)

# വിഷയാനുക്രമം

## കഷായയോഗങ്ങൾ


### ജ്വരത്തിന്.

| | | പേജ്. |
|---|---|---|
| 1 | ഷഡംഗം കഷായം | 1 |
| | ഷഡംഗവിധാനഭേദങ്ങൾ | 2 |
| 2 | തോയതോയദാദി | ,, |
| 3 | പാഠാഗ്നിമന്ഥാദി | ,, |
| 4 | ഗോപാംഗനാദി | 3 |
| 5 | പഥ്യാകട്ഫലാദി | ,, |
| 6 | ദ്രാക്ഷാദി (ച) | ,, |
| 7 | നാഗരാദി | 4 |
| 8 | പത്രാംവേണുഭവാദി | ,, |
| 9 | ആൽമൊട്ടാദി | ,, |
| 10 | ആവിത്തോലാദി | ,, |
| 11 | ദാരുനാഗരാദി | 5 |
| 12 | ദശമൂലവൃഷാദി | ,, |
| 13 | ഭാർങ്ഗ്യാദി (ച) | ,, |
| 14 | ദശമൂലദുരാലഭാദി | ,, |
| 15 | ഛിന്നോത്ഭവാദി | 6 |
| 16 | അമൃതാദി (പാചനാമൃത) | ,, |
| 17 | രാസ്നാശുണ്ഠ്യാദി | ,, |
| 18 | ബ്രഹ്മീദ്രാക്ഷാദി | 7 |
| 19 | ഭൂനിംബാദി | ,, |
| 20 | വലിയങ്ങാദി | ,, |
| 21 | അമൃതാഷ്ടകം | 8 |
| 22 | വ്യാഘ്ര്യാദി | ,, |
| 23 | പാഠാഗുളൂച്യാദി | ,, |
| 24 | പപ്പടകാബ്ദാദി | 9 |
| 25 | കടുകാദി | ,, |
| 26 | വിഷ്ണുക്രാന്ത്യാദി | ,, |
| 27 | ആരണ്യതുളസീമൂലാദി | ,, |
| 28 | കിരാതാദി | ,, |
| 29 | ദുരാലഭാദി | 10 |
| 30 | ഭാർങ്ഗ്യാദി (വ) | ,, |
| 31 | ബലാകൊടിത്തൂവാദി | ,, |
| | **സൂതികാജ്വരത്തിന്** | |
| 32 | സഹചരാദി | 10 |
| 33 | മഹാബലാദി | ,, |
| | **വിഷമജ്വരത്തിന്** | |
| 34 | അജമോജാദി | 11 |
| | **ജ്വരാതിസാരത്തിന്** | |
| 35 | അരളാദി | 11 |
| | **രക്തപിത്തത്തിന്** | |
| 36 | ശതാവര്യാദി (ച) | 11 |
| 37 | വടശൃംഗാദി | ,, |
| 38 | ചന്ദനാദി (ച) | 12 |
| 39 | ഹ്രീബേരാദി | ,, |
| 40 | ഉശീരാദി | ,, |
| 41 | ദ്രാക്ഷാദി (വ) | ,, |
| 42 | ചന്ദനാദി (വ) | ,, |
| 43 | ശതാവര്യാദി (വ) | 13 |
| 44 | രക്തപിത്തഹരഗണം | ,, |
| | **അസൃഗ്ദരത്തിന്** | |
| 45 | ഖദിരാദി | 13 |
| 46 | മുസ്താമൃതാദി | 14 |
| 47 | മുസലീഖദിരാദി | ,, |
| 48 | കൈരസമുസ്താഭയാദി | ,, |
| 49 | വാശാദി | ,, |
| 50 | പഥ്യാമലകാദി | ,, |
| | **ശ്വാസകാസങ്ങൾക്ക്** | |
| 51 | ദശമൂലകടുത്രയം | 15 |
| 52 | ബലാജീരകാദി | ,, |
| 53 | കാസമർദ്ദകാദി | ,, |
| 54 | ഭാർങ്ഗീകണാദി | ,, |
| 55 | വിദാര്യാദി | ,, |
| 56 | ബലാക്രൂവളാദി | 16 |
| 57 | വില്വധാന്യാദി | ,, |
| 58 | ചെറുപയറാദി | ,, |
| 59 | പാണൽവേരാദി | 17 |
| 60 | രാമച്ചാദി | ,, |
| 61 | കരിംകുറിഞ്ഞിയാദി | ,, |
| 62 | ഓരിലാദി | ,, |
| | **ഇക്കിളിന്** | |
| 63 | അഗ്നിമന്ഥാദി | 18 |
| 64 | ദശമൂലവിശ്വാദി | ,, |
| 65 | ആവീരവചാദി | ,, |
| 66 | കുലത്ഥാദി | ,, |
| | **രാജയക്ഷ്മാവിന്** | |
| 67 | പുനർന്നവാദി | 18 |
| 68 | അമൃതാദശമൂലാദി | 19 |
| 69 | ഏലാകണാദി | ,, |
| 70 | വില്വാമൃതാദി | ,, |
| 71 | ആടലോടകാദി | |

### സ്വരസാദത്തിന്

72 ശൃംഗീരാസ്നാദി 20
73 ത്രിജാതാദി ,,
74 ദ്രാക്ഷാകൃഷ്ണാദി ,,

### അരുചിക്ക്

75 ആമ്രപല്ലവാദി 20
76 വരീകരിമ്പാദി 21

### ഭക്തരോധത്തിന്

77 വിശ്വാംബ്വാദി 21
78 ബലാശതാവര്യാദി ,,
79 പഞ്ചപഞ്ചമൂലാദി ,,
1 മഹൽപഞ്ചമൂലം ,,
2 ഹ്രസ്വപഞ്ചമൂലം ,,
3 മദ്ധ്യമപഞ്ചമൂലം ,,
4 ജീവനപഞ്ചമൂലം ,,
5 തൃണപഞ്ചമൂലം ,,
80 പുനന്നവൈരണ്ഡാദി 22

### ഛർദ്ദിക്ക്

81 വില്വാദി 22
82 ജംബ്വാമ്രപല്ലവാദി ,,
83 മുദ്ഗാദി ,,
84 പർപ്പടകഷായം ,,
85 വില്വകഷായം 23

### ഹൃദ്രോഗത്തിന്

86 ധാന്യാകാദി 23
87 മാഷദാർവ്വാദി ,,
88 വൃക്ഷരാഹ്വാദി ,,

### തൃഷ്ണയ്ക്ക്

89 ശാരിബാദി 23
90 ധാന്യാകകൃഷ്ണാദി 24

### മററുപാനയോഗങ്ങൾ

### മദാത്യയത്തിന്

91 മൃദ്വീകാദി 24
92 ത്വങ്നാഗപുഷ്പാദി 25
93 മഹൗഷധാദി ,,

### അശ്ശസ്സിന്

94 ദുസ്പർശകാദി 24
95 ചിരവില്വാദി ,,
96 മൂവിലാദി കഞ്ഞിക്കഷായം ,,
97 അശോഘ്നവർഗ്ഗം 26

### രക്താശ്ശസ്സിന്

98 ചന്ദനാദി 26
99 ഉശീരാദി ,,
100 പത്മകിഞ്ജൽക്കാദി ,,

### ഉദാവത്തത്തിന്

101 കലത്ഥാദി 27

### അതിസാരത്തിന്

102 ദേവദാർവ്വാദി 27
103 മുസ്താകരഞ്ജാദി ,,
104 ശാർങ്ങ്ഗേഷ്ട്യാദിമോക്ഷത്തി ,,
105 സാനന്താദി (ഗണം) 28
106 സുരദാർവ്വാദി ,,
107 വില്വാംബുദാദി ,,
108 ധാന്യവാളകാദി ,,

### ഗ്രഹണിക്ക്

109 പൂതീകവില്വാദി 29
110 പത്ഥ്യാവ്യോഷാദി ,,
111 നാഗരപിപ്പല്യാദി ,,
112 ധാന്യവില്വാദി ,,

### വിഷൂചികയ്ക്ക്

113 വില്വാജമോദാദി 30
114 ആമകേരീക്കിലാദി ,,

### മൂത്രകൃഛ്റത്തിന്

115 ദശമൂലബലാമൂലാദി 30
116 വരീകഷായം ,,
117 വ്യാഘ്രീഗോക്ഷുരാദി ,,
118 പത്ഥ്യാഗോക്ഷുരാദി 31
119 വരീവിദാര്യാദി ,,
120 ബൃഹത്യാദി ,,
121 വരിനെല്ലുതിപ്പല്യാദി ,,
122 കല്ലൂർവഞ്ച്യാദി ,,
123 ഹരീതക്യാദി 32

### പ്രമേഹത്തിന്

124 ആകുല്യബ്ബ്വാദി 32
125 കതകഖദിരാദി ,,
126 നിശാകതകാദി 33
127 ദാർവ്വീകാപിത്ഥനിര്യാസാദി ,,
128 തെച്ചിവേരാദികഷായക്കഞ്ഞി ,,
129 വിഡംഗരജന്യാദി ,,
130 പലാശപുഷ്പകഷായം ,,

### വിദ്രധിക്ക്

131 വ്യാഘ്രീവരണാദി 34
132 മുസ്താചന്ദനാദി ,,
133 വരണാദി ,,
134 നിംബാദി ,,
135 ദശമൂല്യാദി 35

### വൃദ്ധിക്ക്

136 ലശുനാദി 35
137 ഉള്ളിവെട്ടുകാദി ,,

138 ലശുനൈരണ്ഡാദി 35
139 മുളയിലാദി 36
140 രാസ്നായഷ്ട്യാദി ,,

ഗുന്മത്തിന്

141 ദശമൂലവിശാദി 36
142 സപ്തസാരം ,,
143 വിഴാൽചിത്രമൂലാദി 37
144 കണ്ണാശതാഹ്വാദി ,,
145 ചിത്രകഗ്രന്ഥികാദി ,,

ശൂലയ്ക്ക്

146 മുളയിലാദി 37
147 വിഴാലിൻവേരാദി ,,
148 നിർഗ്ഗുണ്ഡ്യേരണ്ഡാദി 38
149 പത്ഥ്യാപൂതികാദി ,,
150 പലാശതഗാദി ,,
151 ഏരണ്ഡവില്വാദി ,,
152 പ്ലാശിൻതാലാദി 39
153 പാച്ചോററിക്രവളാദി ,,

മഹോദരത്തിന്

154 ദശമൂലപഞ്ചകോലാദി 39
155 നികുംഭകുംഭാദി ,,
156 തമിഴാമാദി 40

പാണ്ഡുവിന്

157 പുനർന്നവാനിംബാദി 40
158 വാശാഗുളൂച്യാദി ,,
159 പവ്വികാദ്രകാദി ,,
160 വ്യോഷാദി 41

കാമിലയ്ക്ക്

161 വാശാഗുളൂചിയഷ്ട്യാദി 41
162 നിംബതഗാദി ,,
163 യഷ്ടീവാശാദി ,,
164 താവതാവലാദി മുക്കടി 42

ശോഫത്തിന്

165 പത്ഥ്യാപുനർന്നവാദി 42
166 ചുക്കചുണ്ടാദി ,,
167 പനവിരലാദിഭസ്മക്കഞ്ഞി ,,
168 ആവിത്തോലാദിഭസ്മക്കഞ്ഞി 43
169 ഗോക്ഷുരാദ്രകാദി ,,
170 പത്ഥ്യാപുനർന്നവാദി ,,

വിസർപ്പത്തിന്

171 പടോലദാർവ്യാദി 43
172 മുസ്താരിഷ്ടാദി 44
173 കുളകാദി ,,
174 നന്നാറിയാദി ,,
175 ചുണ്ടതഴുതാമാദി ,,

മസൂരിക്ക്

176 ജീവന്ത്യാദി 45
177 ശുണ്ഠീബലാദി ,,
178 ധാത്രീചന്ദനാദി ,,
179 ദ്രാക്ഷാകാശ്മര്യ്യാദി 46
180 പഞ്ചമൂലാദി ,,

വിസ്ഫോടത്തിന്

181 ചന്ദനപർപ്പടകാദി 46
182 നിംബാമൃതാബ്ദാദി ,,
183 അമൃതാരജന്യാദി ,,
184 ആരഗ്വധാമൃതാദി 47

കുഷ്ഠത്തിന്

185 പടോലാദി (വജ്റക) 47
186 ഖദിരാരിഷ്ടാദി ,,
187 കാകോദുംബരികാദി ,,
188 ഖദിരത്രിഫലാദി ,,
189 ശുണ്ഠ്യാദി 48

പറങ്കിപ്പുണ്ണിന്

190 പാവുകഷായം 48
191 ഗുളൂചീത്രിഫലാദി 49

ക്രിമിക്ക്

192 നിർഗ്ഗുണ്ഡ്യഗ്ന്യാദി 49
193 വിഴാലിൻവേരാദി ,,
194 വിളംഗകൃഷ്ണാദി 50
195 വിളംഗനിർഗ്ഗുണ്ഡ്യാദി ,,
196 മുസ്താഖുകർണ്ണ്യാദി ,,
197 ഖദിരാദി ,,

വാതത്തിന്

198 അഷ്ടവർഗ്ഗം 51
199 ധനദനയനാദി ,,
200 പ്രസാരിണ്യാദി ,,
201 രസോനാദി ,,
202 സഹചരാദി 52
203 ഗന്ധർവ്വഹസ്താദി ,,
204 ശുണ്ഠ്യാദി ,,
205 രാസ്നാദി ,,
206 പഞ്ചമൂലാദി 53
207 മഹാരാസ്നാദി (൧) ,,
208 മഹാരാസ്നാദി (൨) 54
209 ശതാവര്യ്യാദി (൩) ,,
210 മഹാബലാദി 55

വാതരക്തത്തിന്

211 ശതാവരീച്ഛിന്നരുഹാദി 55
212 രാസ്നൈരണ്ഡാദി 56
213 വര്യ്യാദി ,,
214 ലഘുപഞ്ചമൂലാദി ,,

215 മഞ്ജിഷ്ഠാദി (ഫ) 56
216 മഞ്ജിഷ്ഠാദി (വ) 57
217 നവകാർഷികം ,,
218 വാശാഗുളൂച്യാദി ,,

സ്ഥൗല്യത്തിന്

219 വരാസനാദി 58
220 മുദ്ഗാദികഞ്ഞിക്കഷായം ,,
221 കൃമിഘ്നാദി ,,

മലശോധനയ്ക്ക്

222 കടുകാമലകാദി 58
223 പടോലമൂലാദി ,,
224 ആർത്തവശോധനത്തിന് 59

ഗർഭിണിക്ക്

225 ത്രിഫലാദി 59
226 ത്രിബലാദി ,,

യോനിശൂലയ്ക്ക്

227 രാസ്നാദാർവ്വാദി 60
228 നയോപായി ,,
229 നാഡീക്വാഥം ,,
230 ത്രായന്ത്യാദിക്വാഥം ,,
231 ധാന്യാമ്ലം (വെയ്പുകാടി) 61

## തൈലയോഗങ്ങൾ

1 ധാന്വന്തരം 62
2 ശുദ്ധബലാ (ഫ) 63
3 ശുദ്ധബലാ (വ) ,,
4 ക്ഷീരബലാ ,,
5 പ്രഭഞ്ജനവിമർദ്ദനം 64
6 ചിഞ്ചാദി (ഫ) 65
7 കേതക്യാദി ,,
8 ചിഞ്ചാദി (വ) ,,
9 പരിണതകേരിക്ഷീരാദി ,,
10 ദേവദാരുബലാദി 66
11 കാർപ്പാസാസ്ഥ്യാദി ,,
12 കൊട്ടംചുക്കാദി ,,
13 ബലാശ്വഗന്ധലാക്ഷാദി ,,
14 ബലാഗുളൂച്യാദി (ഫ) 67
15 ബലാഗുളൂച്യാദി (വ) 68
16 ത്രിമിശ്രകം ,,
17 ചന്ദനാദി (ഫ) ,,
18 ആരനാളാദി ,,
19 പിണ്ഡതൈലം (ഫ) 69
20 പിണ്ഡതൈലം (വ) ,,
21 ലാക്ഷാദി (ഫ) ,,
22 ലാക്ഷാദി (വ) ,,
23 ഭൃംഗാമലകാദി 70
24 തേകരാജാദി 71
25 പഞ്ചവല്ക്കാദി 71
26 നാൽപാമരാദി ,,
27 കച്ചോരാദി ,,
28 ഗുൽഗുല്വാദി 72
29 ഏലാദി ,,
30 നിശോശീരാദി 73
31 പുല്ലാന്യാദി ,,
32 ദിനേശവല്ല്യാദി 74
33 കരംബാദി ,,
34 ഞൊങ്ങണാദി ,,
35 വചാദി ,,
36 ധുർദ്ധൂരാദി 75
37 ജീമൂതഭൃംഗാദി ,,
38 നീലീഭൃംഗാദി ,,
39 അങ്കോലാദി ,,
40 നീലീനിർഗ്ഗുണ്ഡ്യാദി 76
41 നീലീനിശാദി ,,
42 വചാലശുനാദി ,,
43 തുംഗദ്രുമാദി ,,
44 ത്രിഫലാദി ,,
45 അസനവില്വാദി 77
46 വില്വാമ്പാച്ചോറ്റ്യാദി ,,
47 വില്വകാരസ്കരാദി ,,
(അഷ്ടപത്രാദി) 78
ആരകാലാദി ,,
48 കച്ചോരാന്യാദി ,,
49 ദാർവ്യാദി ,,
50 മഞ്ജിഷ്ഠാദി ,,
51 ലാക്ഷാദി (ന്ര) 79
52 അമൃതാദി (ഫ) ,,
53 അമൃതോത്തരം 80
(ഗുളൂച്യാദി) (വ) ,,
54 ബലാഹഠാദി ,,
55 മാഷാദി ,,
56 ഭൃംഗാമലകാദി ,,
57 ബലാധാത്ര്യാദി ,,
58 ചന്ദനാദി (വ) 82
59 അരിമേദാദി ,,
60 ജാതീമഞ്ഞളാദി 83
61 പുംഖാദി 84
62 അജ്ഝടാദി ,,
63 നിർഗ്ഗുണ്ഡീരജന്യാദി ,,
64 തുളസീസ്വരസാദി ,,
65 തിന്ത്രിണീസ്വരസാദി ,,
66 ദൂർവ്വാദി 85
67 അഷ്ടപല്ലവതൈലം ,,
68 വാതാരിനിതൈലം ,,
69 വ്രണഭൈരവതൈലം 86

70 വിജയഭൈരവതൈലം 87
71 പൂവൻകുറുന്തലാദി
ആവണക്കെണ്ണ 88
72 ശ്വാസാരിതൈലം 89
73 നാഗരാദിതൈലം 90
74 അണുതൈലം ,,
75 ബലാതൈലം 91
76 പഞ്ചസ്നേഹം 92
77 പ്രസാരണീതൈലം ,,
78 വ്രണരോപണതൈലം 93
79 കഞ്ഞിക്കൂക്കിലാദിവെളിച്ചെണ്ണ
(സന്നിക്ക്) ,,
80 അമൃതാദി എണ്ണ (൩) ,,

## ഘൃതയോഗങ്ങൾ

1 ഗുൽഗുലുതിക്തകം 94
2 തിക്തകം 95
3 മഹാതിക്തകം ,,
4 സുകുമാരം 96
5 ഇന്ദുകാന്തം 97
6 ഇക്ഷുദൂർവാദി ,,
7 ധാത്ര്യാദി ,,
8 വരാഹ്യാദി (൧) 98
9 വരാഹ്യാദി (൨) ,,
10 വൃഷഘൃതം (൧) 99
11 വൃഷഘൃതം (൨) ,,
12 നിർഗ്ഗുണ്ഡീഘൃതം ,,
13 ദശാംഗം (ചിരവില്വാദി) 100
14 ശശവാശാദി ,,
15 കാകമാച്യാദി ,,
16 ലശുനാദി ,,
17 ഹ്രീബേരാദി 101
18 ദാർവീബലാദി ,,
19 പാഠാകരഞ്ജാദി (൧) 102
20 പാഠാകരഞ്ജാദി (൨) 103
21 വസ്ത്യാമയാന്തകം ,,
22 ത്രൈകണ്ടകം 104
23 ശതാവര്യ്യാദി 105
കാകോള്യാദിഗണം ,,
24 ആകുല്യാദി ,,
25 ധാന്വന്തരം 106
26 പർപ്പണാദി ,,
27 വരണാദി 107
28 പുനർന്നവാദി ,,
29 ശൂലാരികം 108
30 ദശസ്വരസഘൃതം ,,
31 ആർദ്രകഘൃതം (൧) ,,
32 ആർദ്രകഘൃതം (൨) 109
33 കല്യാണകഘൃതം 109
34 മഹാകല്യാണകഘൃതം ,,
35 കൂശ്മാണ്ഡകഘൃതം 110
36 മഹാകൂശ്മാണ്ഡകഘൃതം ,,
37 പടോലാദിഘൃതം 111
38 ജീവന്ത്യാദി 112
39 ഗ്രഹണ്യന്തകം ,,
40 ബ്രഹ്മീഘൃതം (൧) 113
41 ബ്രഹ്മീഘൃതം (൨) ,,
42 ബ്രഹ്മീഘൃതം (൩) ,,
43 അഷ്ടാംഗഘൃതം 114
44 സാരസ്വതഘൃതം (൧) ,,
45 സാരസ്വതഘൃതം (൨) ,,
46 സമംഗാദി 115
47 മഹാപൈശാചകം ,,
48 മഹത്പഞ്ചഗവ്യം (൧) ,,
പഞ്ചഗവ്യങ്ങളുടെഅളവ് 116
49 പഞ്ചഗവ്യഘൃതം (൨) ,,
50 സർവ്വാമയാന്തകം 117
51 മോദകത്വഗാദി 118
52 അമൃതപ്രാശഘൃതം 119
53 ശ്വദംഷ്ട്രാദി 120
54 മധുകാദി ,,
55 നാഗബലം ,,
56 മാംസസർപ്പിസ് 121
57 ഗോപാത്മജാതി ,,
58 ത്രിഫലാദി 122
59 വിരേചനഘൃതം ,,
60 നാളികേരഘൃതം ,,
61 നൊങ്ങണാദി
(സുഖപ്രസവത്തിന്) 123
62 തെങ്ങിൻപൂക്കുലാദി ,,
63 പുങ്കിൻതോലാദി ,,
64 അഗ്നികന്ദാദി ,,
65 ചിത്രകാദി 124
66 അശ്വഗന്ധാദി 125
67 കാരസ്കരഘൃതം ,,
68 ആമ്രഗന്ധാദി 126
69 കാട്ടുചേനഘൃതം ,,
70 ഞെരിഞ്ഞിൽക്കുവളാദി ,,
71 അഷ്ടമംഗലഘൃതം ,,
72 ജാത്യാദിഘൃതം 127
73 മയൂരഘൃതം ,,
74 മഹാമായൂരഘൃതം ,,
75 ആർദ്രകാദി 128
76 ദദ്രികാദി (ക്ഷതത്തിന്) ,,
77 ഗോപ്യാദി 129
78 പണൽപാതിര്യാദി
(അളക്ക്വിഷത്തിന്) ,,

79 അജമാംസഘൃതം 129
80 മൃദ്വീകാദിഘൃതം 130


## ചൂർണ്ണയോഗങ്ങൾ


1 യവാന്യാദി 130
2 താലീസപത്രാദി 131
3 മഗധജാദി ,,
4 കാർപ്പാസാസ്ഥ്യാദി ,,
5 ഏലാദി (ച) ,,
6 ജാതീലവംഗാദി 132
7 കടുക്കാദി ,,
8 ഏലാദി (വ) ,,
9 കർപ്പൂരാദി (ച) ,,
10 ശുകാദി 133
11 ചുക്കിലിരട്ട്യാദി ,,
12 തേകരാജരസചൂർണ്ണം ,,
13 ജീവന്ത്യാദി ,,
14 ത്രികടുത്രിഫലാദി ,,
(സപ്തവിംശതിഗുൽഗുലു) 134
15 നാഗപ്പൂവാദി ,,
16 നാല്പാമരാദി ,,
17 വടശൃംഗാദി 135
സരസിജമകരന്ദാദി ,,
18 വിശ്വാലാദി ,,
19 അമൃതാപിപ്പല്യാദി ,,
20 പുഷ്യാനുഗം 136
(പാഠാജംബ്വാദി) ,,
21 ഹുതഭുഗാദി ,,
22 ഇന്തുപ്പുകാണം ,,
23 വൈശ്വാനരചൂർണ്ണം 137
24 സൂരണാദി ,,
25 ദന്തീത്രിവൃതാദി ,,
26 വിശ്വാജമോജാദി ,,
27 ത്രികടുകാദി (ചൂർണ്ണരാജൻ) 138
28 കായംപുരന്ദരാദി ,,
29 മഹാവഹ്നിവജ്രം ,,
30 കൂശ്മാണ്ഡാലാബുബീജാദി 139
31 ആകുലീകതകാദി ,,
32 വിളംഗരാസ്നാദി ,,
33 ത്രിലവണപഞ്ചഗന്ധാദി 140
34 അഷ്ടചൂർണ്ണം ,,
35 അഭ്രകഗന്ധകാദി 141
36 ഹിംഗുവചാദി ,,
37 ഹിംഗുത്വഗാദി ,,
38 അയോരജോനാഗരാദി 142
39 നാരാചകചൂർണ്ണം ,,
40 പിപ്പല്യാദി 143
41 സ്നൂഹീപിപ്പലീകം 143
42 അർക്കപത്രാദിഭസ്മം ,,
43 കേതകീദലഭസ്മം 144
44 സിന്ധൂത്ഥജീരകാദി ,,
45 പത്ഥ്യാപുനർനവാദി ,,
46 വ്യോഷാഗ്ന്യാദി (നവായസം) ,,
47 കയ്യോന്ന്യാദി ,,
48 ഞാറമൂലാദി 145
49 വാരാഹ്യാദി ,,
50 നെല്ലിക്കാദി ,,
51 കൃഷ്ണാഗ്ന്യാദി ,,
52 ഇന്ദ്രാശനി 146
53 അയസ്കാന്താദി ,,
54 യോഗരാജചൂർണ്ണം ,,
55 സാരസ്വതം 147
56 അവിപത്തി ,,
57 മാഷാശ്വഗന്ധാദി ,,
58 ഹുതാശനചൂർണ്ണം 148
59 ഗുൽഗുലുപഞ്ചപലം ചൂർണ്ണം ,,
60 രാസ്നാദിചൂർണ്ണം ,,
61 കച്ചൂരാദി (ച) വലിയത് 149
62 കച്ചൂരാദി (വ) ,,
63 നാസികാചൂർണ്ണം ,,
64 സുദർശനചൂർണ്ണം 150
65 അശ്വഗന്ധാദിചൂർണ്ണം 151
66 കപിത്ഥാഷ്ടകചൂർണ്ണം ,,
67 അഗ്നിമുഖചൂർണ്ണം 152
68 ദാഡിമാഷ്ടകം ,,
69 കർപ്പൂരാദി (വ) വലിയത് 153
70 മോദകാദിചൂർണ്ണം ,,
71 ശൂലാരിചൂർണ്ണം 154
72 ബാലശൂലാരിചൂർണ്ണം 155
73 കോഴിത്തളം ,,
74 ത്രിഫലാദിതളം ,,
75 നാരസിംഹചൂർണ്ണം 156
76 സാരസ്വതചൂർണ്ണം (വ)
വലിയത് 157


## ഭസ്മക്ഷാരാദിയോഗങ്ങൾ


77 ശൂലഹരചൂർണ്ണം 158
78 ഗന്ധകചൂർണ്ണം 159
79 പലാശക്ഷാരം ,,
80 കർക്കടലവണം 160
81 കല്യാണക്ഷാരം ,,
82 സ്വയംഭസ്മം 161
83 മഹാവൃക്ഷലവണം ,,
84 വിളംഗാദിക്ഷാരം ,,
85 താംബൂലഭസ്മം 162
86 വൈശ്വാനരഭസ്മം ,,

87 സ്വധാംകാണ്ഡാദിക്ഷാരം (പ്ര) 162
88 ഭൂനിംബാദിക്ഷാരം ,,
89 ഹരിദ്രാദിക്ഷാരം ,,
90 സ്വധാംകാണ്ഡാദിക്ഷാരം (ദ്വി) 163


## അരിഷ്ടയോഗങ്ങൾ


1 ദശമൂലാരിഷ്ടം 163
2 അമൃതാരിഷ്ടം 166
3 അശോകാരിഷ്ടം ,,
4 ദ്രാക്ഷാരിഷ്ടം 167
5 ജീരകാരിഷ്ടം ,,
6 അഭയാരിഷ്ടം 168
7 കുടജാരിഷ്ടം ,,
8 ഖദിരാരിഷ്ടം 169
9 മുസ്താരിഷ്ടം ,,
10 ദന്ത്യരിഷ്ടം 170
11 ദുരാലഭാരിഷ്ടം ,,
12 പർപ്പടാദ്യരിഷ്ടം 171
13 ബലാരിഷ്ടം ,,
14 ദേവദാർവ്വരിഷ്ടം 172
15 ധാത്ര്യരിഷ്ടം 173


## ആസവയോഗങ്ങൾ


16 പിപ്പല്യാസവം 173
17 പുനന്നവാസവം 174
18 ഉശീരാസവം ,,
19 ലോഹാസവം 175
20 അരവിന്ദാസവം 176
21 പത്രാംഗാസവം ,,
22 കുമാര്യാസവം 177
23 ഭൃംഗരാജാസവം 178
24 കർപ്പൂരാസവം ,,
25 രസാളി 179


## ലേഹയോഗങ്ങൾ


1 വില്വാദിലേഹം 179
2 കൂശ്മാണ്ഡകരസായനം പ്ര 180
3 കൂശ്മാണ്ഡകരസായനം ദ്വി ,,
4 മാണിഭദ്രഗുളം 181
5 ശതാവരീഗുളം പ്ര 182
6 ശതാവരീഗുളം ദ്വി ,,
7 ശതാവരീഗുളം തൃ 183
8 എള്ളാംതിപ്പല്യാദിലേഹം 134
9 ചിഞ്ചാദിലേഹം ,,
10 അശ്വഗന്ധാദിലേഹം 185
11 ഇക്ഷുരാദിലേഹം ,,
12 മധുസ്നുഹീരസായനം ,,
13 പുളിംകുഴമ്പ് 1 186
14 പുളിംകുഴമ്പ് ദ്വി (വ്യോഷാദി) 187
15 അഗസ്ത്യരസായനം ,,
16 ദന്തീഹരീതകി 188
17 കുടജാവലേഹം പ്ര 189
18 കുടജഫാണിതം (ദ്വി) ,,
19 കൌടജാദിഗുളം (തൃ) 190
20 ബാഹുശാലഗുഡം (പ്ര) 191
ബാഹുശാലഗുഡം (ദ്വി) 192
21 ച്യവനപ്രാശം 193
22 ബൃഹദ്വാശാവലേഹം 194
23 ഗന്ധകരസായനം 195
24 മദനകാമേശ്വരീലേഹം ,,
(ചാതുർജ്ജാതരസായനം) ,,
25 ഭാർങ്ഗ്യാദിലേഹം 197
26 പുനന്നവാദിലേഹം 198
27 ദ്രാക്ഷാദിലേഹം ,,
28 ജീരകാദിലേഹം (മുട്ടക്കുഴമ്പ്) ,,
29 വ്യാഘ്ര്യാദിലേഹം 199
30 ദശമൂലാദിലേഹം (പ്ര) ,,
31 ദശമൂലാദിലേഹം (ദ്വി) 200
32 ചിത്രകഗുളം ,,
33 ഗുളാർദ്രകം (ഇഞ്ചിക്കുഴമ്പ്) 201
34 മാതുളരസായനം (മാതുളക്കുഴമ്പ്) ,,
35 ഗണ്ഡീരരസായനവും അരിഷ്ടവും 203
36 കോഴിക്കുഴമ്പ് 204
37 പുഷ്ടാംഗലേഹം ,,
38 ത്രിവൃത് കുഴമ്പ് 205
39 ശാർങ്ഗേഷ്ഠാദിരസായനം ,,
40 മധുസ്നുഹീരസായനം (ദ്വി) വലിയത് 206


## വടകാദിയോഗങ്ങൾ


1 കൈശോരഗുൽഗുലു 207
2 അമൃതാഗുൽഗുലു 208
3 യോഗരാജഗുൽഗുലു 209
4 മണ്ഡൂരവടകം 210
5 കാങ്കായനവടിക ,,
6 ലവംഗാദ്യാമോദകം 211
7 ചൂർണ്ണസാരം (വേപ്പിലക്കട്ടി) ,,
8 അർബ്ബുദത്തിനു ലേപം 212
9 കാസത്തിനു തിരി ,,
10 കാൽവിള്ളുന്നതിനു കുഴമ്പ്
11 കാത്തുവള്ളി തടിക്കാൻ 213
12 കുഴിനഖത്തിനു കുഴമ്പ് ,,
13 പുണ്ണിനു കുഴമ്പ് ,,

14 അശ്മരിക്കു ലേപം 213
15 അയവൃകുഴമ്പ് ,,
16 മർമ്മക്ഷോഭങ്ങൾക്കു കുഴമ്പ് 214

## ഗുളികായോഗങ്ങൾ

1 നീലീമൂലാദിഗുളിക 214
2 ചുക്കുംതിപ്പല്യാദിഗുളിക ,,
3 ഉദചീകാദിഗുളിക 215
4 ജ്വരാങ്കുശം (പ്ര) ,,
5 രാമബാണം ,,
6 സൂര്യ്യപ്രഭാ 216
7 മുക്കാമുക്കട്ടവാദി ,,
8 കസ്തൂര്യ്യാദി (വായു ഗുളിക 217
9 കിയ്യാത്തുജീരകാദിഗുളിക ,,
10 സേതുബന്ധംഗുളിക 218
11 പച്ചയണ്ടിയാദിഗുളിക ,,
12 ജാതിക്കാദിഗുളിക 219
13 ലോഹശുദ്ധാദിഗുളിക ,,
14 കിട്ടാദിഗുളിക ,,
15 നീത്രുയ്യാദിഗുളിക 220
16 വില്വാദിഗുളിക ,,

## സന്നിപാതത്തിനും മററു രോഗങ്ങൾക്കുമുള്ള ഗുളികകൾ

17 രാമചണ്ഡേശ്വരരസം 221
18 ആനന്ദഭൈരവഗുളിക ,,
(പൊൻകാരാദി) ,,
19 രാമബാണംഗുളിക (ദ്വി) ,,
നവജ്വരവിനാശിനി ,,
20 സന്നിപാതാന്തകം ഗുളിക
(ത്രിഫലാദി) 222
21 ചായില്യാദിഗുളിക ,,
22 ഭൂതഭൈരവരസം ,,
23 താമ്രഭൈരവഗുളിക ,,
24 രസാദിഗുളിക 223
25 ജ്വരാങ്കുശം (ദ്വി) ,,
26 മഹാജ്വരാങ്കുശം (തൃ) 224
27 രാമബാണം (തൃ) ,,
28 രാമബാണം (ച) ,,
29 രാമബാണം (പ) 225
30 ശീതനാഗാങ്കുശം ,,
31 ശീതജ്വരഗജസിംഹം ,,
32 ശീതമാതംഗസിംഹം ,,
33 സർവ്വജ്വരഹരമാത്ര 226
34 താപജ്വരമാത്ര ,,
35 സൂചീമുഖരസം ,,
36 സർവ്വരോഗകുലാന്തകം 227
37 രോഗത്രയാരിരസം ,,
38 ആനന്ദരസം പ്ര 228
ഡോളായന്ത്രം ,,
39 ചണ്ഡഭാസ്കരരസം ,,
40 നീലകണ്ഠരസം ,,
41 ഗഗനേശ്വരരസം 229
42 ജാതിലിംഗാദിഗുളിക ,,
43 ശൂലകുഠാരം 230
44 ഗുന്മകുലാന്തകം ,,
45 ശംഖപാണിരസം 231
46 ആനന്ദരസം (ദ്വി) ,,
47 കനകസുന്ദരം 232
48 ത്രിഗുണരസം ,,
49 രാജവിരേചനഗുളിക (പ്ര) 233
50 വിരേചനഗുളിക ദ്വി) ,,
51 മരിചാദി വിരേചന (തൃ) ,,
52 ആന്ത്രകുഠാരംഗുളിക 234
53 മർമ്മഗുളിക ,,
54 ശിരസ്തോദഗുളിക 235
55 അഷ്ടാക്ഷരിഗുളിക 236
56 ധാന്വന്തരംഗുളിക ,,
57 അഗ്നികുമാരീരസം 237
58 സൂതികാതങ്കനാശിനിഗുളിക(പ്ര),,
59 സൂതികാമയനാശിനി
ഗുളിക (ദ്വി) 238
60 ബദ്ധമൂത്രാന്തകരസം ,,
61 ശ്ലീപദാന്തകഗുളിക ,,
62 ആമവാതാരിരസം 239
63 ദശാംഗഗുളിക (വിഷത്തിനു) ,,
64 കോടാശാരിഗുളിക ,,
65 കണ്ഠശുദ്ധിഗുളിക 240
66 മൃതസഞ്ജീവനിഗുളിക ,,
67 വെട്ടുമാറൻഗുളിക 241
68 മാനസമിത്രവടകം ,,
69 വെങ്കാരാദിഗുളിക 242
70 വായുഗുളിക 243

## സന്നിപാതനിദാനം

1 സന്ധികസന്നിയുടെലക്ഷണം 243
2 അന്തകസന്നിയുടെലക്ഷണം 244
3 രുഗ്ദാഹസന്നിലക്ഷണം ,,
4 ചിത്തവിഭ്രമസന്നിലക്ഷണം ,,
5 ശീതാംഗസന്നിലക്ഷണം ,,
6 തന്ദ്രികസന്നിലക്ഷണം ,,
7 കണ്ഠകുബ്ജകസന്നി
ലക്ഷണം 245
8 കർണ്ണികസന്നിയുടെലക്ഷണം ,,
9 ഭഗ്നനേത്രകസന്നിലക്ഷണം ,,
10 രക്തഷ്ഠീവകസന്നിലക്ഷണം ,,
11 പ്രലാപസന്നിയുടെലക്ഷണം ,,

12 ജിഹ്വകസന്നിലക്ഷണം 246
13 അഭിന്ന്യാസസന്നിലക്ഷണം ,,
സന്നികളുടെ-
സാദ്ധ്യാസാദ്ധ്യങ്ങൾ ,,

## സന്നിപാതചികിത്സ

കഷായയോഗങ്ങൾ 1-9 വരെ 247
,, 10-12 വരെ 248
നസ്യാദിപ്രയോഗങ്ങൾ ,,
15-21 വരെ 249
ഔഷധങ്ങളുടെ മാത്രാകല്പന ,,
ഔഷധങ്ങൾ 22-25 വരെ 250
26 ത്രികടുകാദി എരിതൈലം ,,
27 ലോഹിതാഗന്ധാദിതൈലം ,,
29 മുട്ടത്തൈലം 251
30 പൂവൻകുറുന്തലാദിതൈലം ,,
31 ചെന്നിനായകാദി തിരി ,,
32 വേനപ്പച്ചാദിതൈലം ,,
33 ലേപനത്തിന്ന മരുന്ന് 252
34-35 സാദ്ധ്യാസാദ്ധ്യപരീക്ഷ ,,
36 തൈലയോഗം 253
37 തൈലയോഗം ,,
38 പ്രാമേ തേയ്ക്കാൻ ,,
39 ധൂപത്തിന്ന് 254
40 പൊൻകാരാദിചൂർണ്ണം ,,
41 കുളിപ്പാൻ വെള്ളം ,,
42 പാമേ കുഴമ്പിന്ന് ,,
43 ധന്വന്തരംമാറും ഔഷധങ്ങൾ 255
44-49 ,, ,, ,,
50-60 ഔഷധങ്ങൾ 256
61-63 തൈലാദിയോഗങ്ങൾ 257
64 ടി 258
കഷായയോഗങ്ങൾ ,,
65 പാടലീചിത്രാദികഷായം ,,
66 കടുവൃക്ഷാദി ,,
67 നിർഗ്ഗുണ്ഡ്യാദി ,,
68 വില്വാദി ,,
69 കടുവൃക്ഷാദി ,,
70 വഹ്ന്യാദി 259
71 ത്രൈകണ്ടമൂലാദി ,,
72 ഫലത്രയാദി ,
73 വ്യാഘ്ര്യാദി ,,
74 മുസ്താദി ,,
75 മരിചാദി 260
76 പർപ്പടാദി ,,
77 രാസ്നാദി ,,
78 സിംഹ്യാദി ,,
79 ത്രായന്ത്യാദി ,,
80 ശൃംഗ്യാദി 261
81 സന്നിപാതത്തിന്റെ
അവധികൾ 261
82 സാദ്ധ്യാസാദ്ധ്യങ്ങൾ 262

## ഊർദ്ധ്വാംഗരോഗചികിത്സ

1 നേത്രരോഗനിദാനം 262
2 വർത്മരോഗങ്ങൾ ,,
3 സന്ധിരോഗനിദാനം 264
4 സിതരോഗവിജ്ഞാനം 265
5 അസിതരോഗവിജ്ഞാനം 266
6 ദൃഷ്ടിരോഗവിജ്ഞാനം 267
7 സർവ്വാക്ഷിരോഗവിജ്ഞാനം 269

## നേത്രരോഗചികിത്സ 271

8 ഔഷധയോഗങ്ങൾ 12 271
ടി 3-5 വരെ 272
9 മൃദ്വീകാദികഷായം 273
10 കണ്ണിൽ ഒഴിക്കാൻ ,,
11 കർപ്പൂരാദി കുഴമ്പ് ,,
12 ന്യഗ്രോധാദിഗണം 274
13 ഇക്ഷുമൂലാദി പുറയ്ക്കട ,,
14 മുക്കാദി പുറമ്പട ,,
15 ഗുളിക ,,

## സന്ധിരോഗചികിത്സ 275

16 രസാഞ്ജനാദി ,,

## സിതരോഗചികിത്സ 275

17 19 വ. ഔഷധയോഗങ്ങൾ 275
20 ജാതീമുകുളാദിവർത്തി 277
21 സ്ഫടികാദിഗുളിക ,,
22 ഗോദന്താദി (പ്ര) ഗുളിക ,,
23 കർപ്പൂരാദിഗുളിക ,,
24 സിതാമനശ്ശിലാദിഗുളിക 278
25 28 വരെ അർമ്മത്തിന്നഔഷധം ,,
29 31 വരെ ടിക്ക ഔഷധം 279
32 കർപ്പൂരസ്ഫടികാദിരസക്രിയ 280
33 ഗോദന്താദി (വ) ,,
34 തുത്ഥാഞ്ജനം ,,
35 ജാതീമുകുളാദിഗുളിക 280
36 ദന്തവർത്തി ,,
37 തമാലപത്രാദി 281
38 രത്നാദിഗുളിക ചെറുത് ,,
39 മഹാനീലഗുളിക 281
40-42 ശംഖകോലാസ്ഥ്യാദി
യോഗങ്ങൾ ,,
43 ഗോദശനാദിവർത്തി 282
44 പുണ്ഡരീകയഷ്ട്യാദിവർത്തി ,,
45 ഘനനാദശിഖാദിഘൃതം ,,
46 തടാകത്തുകതിസാരാദിഘൃതം ,,
47-48 ശുഭഭേഷജങ്ങൾ ,,

49-50 ശുഭഭേഷജങ്ങൾ 283
51 താമ്രാദിഗുളിക ,,
52-53 ഇളനീർക്കുഴമ്പ് ,,
54-56 വരെ യോഗങ്ങൾ 284
57 ദ്രാക്ഷാചന്ദനാദിഘൃതം ,,
58 ത്രിഫലാദിഘൃതം ,,
59 മഹാത്രൈഫലഘൃതം 285
60 സേവിക്കാൻമരുന്ന് ,,
61 ഭാസ്കരചൂർണ്ണം ,,
62 ടി ,,
63 67 സിദ്ധപ്രയോഗങ്ങൾ 286
68 അപ്രതിസാരാഞ്ജനം 287
69 അക്ഷബീജാദിഗുളിക ,,
70 ഷൺമാക്ഷികം ,,
71 വിമലവർത്തി ,,
72 ചൂർണ്ണാഞ്ജനം ,,
73 നസ്യത്തിന്ന ഔഷധം 288
74 ജീവന്ത്യാദിതൈലം ,,
75 സിതൈരണ്ഡാദിതൈലം ,,
76 ശതാഹ്വാദിഘൃതം ,,
77-78 ഘൃതതൈലങ്ങൾ ,,
79 കൃഷ്ണാദിഗുളിക 289
80 ദ്രാക്ഷാദിഗുളിക ,,
81 മുഖലേപനം ,,
82 നതനീലോല്പലാദിതൈലം ,,
83 ഗുളാദ്യഞ്ജനം ,,
84 നിശാന്ധ്യത്തിന്ന് അഞ്ജനം 290
85 കരഞ്ജാദിഗുളിക ,,
86-87 കൗന്ത്യാദിവർത്തികൾ ,,
88 സുനേത്രീഗുളിക ,,
89 ശിലാസൈന്ധവാദിരസക്രിയ 291
90 ദ്രവവർത്തി ,,
കാചവധം മുതലായവ 292

## സർവ്വാക്ഷിരോഗചികിത്സ 294

91-94 സിദ്ധപ്രയോഗങ്ങൾ ,,
95-101 ടി 295
102-105 ടി 296
106 പാശുപതവർത്തി ,,

## പില്ലാദിരോഗചികിത്സ 297

107-113 സിദ്ധയോഗങ്ങൾ ,,
114-116 ടി 298
117 നവാംഗീഗുളിക ,,
118-120 സിദ്ധയോഗങ്ങൾ ,,
121-122 സിദ്ധയോഗങ്ങൾ 299
നേത്രഹിതങ്ങളായ പഥ്യാന്നപാനാദികൾ ,,

## കർണ്ണരോഗനിദാനം 300

## കർണ്ണരോഗചികിത്സ 301

വിശേഷിച്ചു മനസ്സിലാക്കേണ്ടവ ,,
1-9 വരെ യോഗങ്ങൾ 302
10-15 ടി ടി 303
ചെവിയിൽ കീടങ്ങൾ കടന്നാൽ ,,
17-21 യോഗങ്ങൾ 304
22 സുരസാദിഗണം ,,

## നാസികാരോഗനിദാനം 305

## നാസികാരോഗചികിത്സ 306

23-26 യോഗങ്ങൾ 307
27 വ്യോഷാദിവടകം 308
28 ധവതഗാദിതൈലം ,,
29 വ്യോഷോരുപൂഗാദിവർത്തി ,,
30 ശുണ്ഠ്യാദിതൈലം ,,
31 ശിഗ്രുസിംഹ്യാദിതൈലം ,,
32 നികുംഭകുംഭാദിവർത്തി 309

## ഓഷ്ഠരോഗനിദാനം 309

## ഓഷ്ഠരോഗചികിത്സ 310

33-34 യോഗങ്ങൾ ,,
35-40 വരെ യോഗങ്ങൾ 311
കവിളവാപ്പുനിദാനം ,,
കവിളവാപ്പുചികിത്സ ,,
41 ടി 312
ദന്തരോഗനിദാനം ,,
ജിഹ്വാദിരോഗനിദാനം 313
ദന്തരോഗചികിത്സ 316
42-46 വരെ യോഗങ്ങൾ ,,
47-52 സിദ്ധയോഗങ്ങൾ 317
മുഖരോഗചികിത്സ 318
53-58 വരെ സിദ്ധയോഗങ്ങൾ ,,
59-63 വരെ ടി 319
64-68 ടി 320

## കണ്ഠരോഗചികിത്സ 320

68-76 വരെ യോഗങ്ങൾ 321
77-81 വരെ സിദ്ധയോഗങ്ങൾ 322
82-85 യോഗങ്ങൾ 323
86-90 ,, 324

## ശിരോരോഗനിദാനം 325

ശിരോരോഗചികിത്സ 328

## പലവക ചികിത്സകൾ 330

ഉള്ളംകാൽ ചുട്ടുനീററലിന്ന ,,
ഉറക്കം ഇല്ലാത്തതിന്ന് ,,
അസ്ഥിസ്രാവത്താൽ പഴുപ്പു പോകുന്നതിന്ന് ,,
അസൃഗ്ദരത്തിന്ന് ,,
മൂത്രകൃച്ഛ്റത്തിന്ന് ,,

തീപ്പുണ്ണിന്ന് 330
തീപ്പൊള്ളിയാൽ ,,
രക്താതിസാരത്തിന്ന് ,,
മുറിവിന്ന് 331
പല്ലുറയ്ക്കാൻ എണ്ണ ,,
കട്ടുക്കാവെണ്ണ ,,
വായിൽ പുണ്ണിന്ന് ,,
ഇടിത്തീതട്ടിയാൽ ,,
കാലിൽ മുള്ളുകൊണ്ടാൽ ,,
കണ്ണിൽ ചുമപ്പുംവീക്കവുംവന്നാൽ 332
കാതുമുറിച്ചാൽ സന്ധിപ്പാൻ ,,
കാതിൻവള്ളി ചൊറിഞ്ഞു
വീങ്ങിപ്പൊളിയുന്നതിന്ന് ,,
കക്ഷത്തിൽ കുരുവിന്ന് ,,
പീനസത്തിന്ന് ,,


### പ്രത്യൗഷധങ്ങൾ


കാഞ്ഞിരക്കുരു തിന്നാൽ 332
നഞ്ചിൻകായ് തിന്നാൽ ,,
മരോട്ടിക്കുരു തിന്നാൽ ,,
ഉമ്മത്തിൻകായ് തിന്നാൽ ,,
മേന്തോന്നിക്കിഴങ്ങു തിന്നാൽ ,,
വിഷക്കുമിൾ തിന്നാൽ ,,
അവിയന്റെ ലഹരിക്ക് 333
വത്സനാഭിവിഷത്തിന്ന് ,,
പാഷാണവിഷത്തിന്ന് ,,
വിഷമുള്ളുകൊണ്ടാൽ ,,
വിഷക്കല്ലുചവിട്ടിയാൽ ,,
ചേർമരത്തിൻ വിഷത്തിന്ന് ,,
നായ്ക്കുരണകൊണ്ടുള്ള ചൊറിക്ക് ,,
ചേക്കുരുവിൻവികാരത്തിന്ന് ,,
കഞ്ചാവിൻലഹരിക്ക് ,,
കൊട്ടുവേലിക്കിഴങ്ങിന്ന് ,,


### അജീർണ്ണങ്ങൾക്ക്


പയററിന്ന് 333
വാഴപ്പഴത്തിന്ന് ,,
ചക്കയ്ക്കു ,,
മാങ്ങയ്ക്കു ,,
പാലിന്ന് ,,
നെയ് മുതലായവയ്ക്കു ,,


### ജംഗമവിഷചികിത്സ


മൂർഖവിഷത്തിന്ന് 333
മണ്ഡലിവിഷത്തിന്ന് ,,
രാജിലവിഷത്തിന്ന് ,,
വിഷവീക്കങ്ങൾക്കലേപം 334
ചുട്ടുനീററലിന്ന് ,,
നീർക്കോലിവിഷത്തിന്ന് 334
ചേരവിഷത്തിന്ന് ,,
ചുരുട്ടവിഷത്തിന്ന ,,
ചിലന്തിവിഷത്തിന്ന ,,
പല്ലിവിഷത്തിന്ന ,,
തേൾവിഷത്തിന്ന ,,
പട്ടികടിച്ചവ്രണം
ഉണങ്ങാതിരുന്നാൽ ,,
മനുഷ്യവിഷത്തിന്ന ,,
കടന്നൽ കുത്തിയാൽ ,,
വണ്ടുകുത്തിയാൽ ,,
കടന്നൽകൂട്ട് എടുക്കാൻ ,,
പഴുതാരകടിച്ചാൽ 335
കൈവിഷത്തിന്ന ,,


### മാനവിധി


അളവുകളും തൂക്കങ്ങളും ,,
ഔഷധപാകവിധി 336
ക്വാഥവിധി ,,
സ്നേഹപാകവിധി ,,
ടി മതാന്തരം 337
ലേഹാദിപാകങ്ങൾ ,,


### ശുദ്ധികൾ


രസശുദ്ധി 338
ഗന്ധകശുദ്ധി 339
ചായില്യശുദ്ധി ,,
പാഷാണശുദ്ധി ,,
രസകർപ്പൂരശുദ്ധി ,,
മനയോലശുദ്ധി ,,
അരിതാരശുദ്ധി 340
അയസ്കാന്തശുദ്ധി ,,
തുരിശുശുദ്ധി ,,
തുത്തുശുദ്ധി ,,
വത്സനാഭിശുദ്ധി ,,
അഭ്രകശുദ്ധി ,,
നീർവാളശുദ്ധി 341
ഉമ്മത്തിൻകുരുശുദ്ധി ,,
ചേക്കുരുശുദ്ധി ,,
ഇരുമ്പുശുദ്ധി ,,
വെള്ളത്തീയശുദ്ധി ,,
നാകശുദ്ധി ,,
കരുത്തീയശുദ്ധി ,,
ചെമ്പുശുദ്ധി 342
സ്വർണ്ണശുദ്ധി ,,
വെള്ളിശുദ്ധി ,,
കാഞ്ഞിരക്കുരുശുദ്ധി ,,
ഗുൽഗുലുശുദ്ധി ,,

# ധാരാകല്പം


| | |
|---|---|
| മംഗളാചരണം | 343 |
| ധാരകൊണ്ടുള്ള ഗുണങ്ങൾ | ,, |
| ധാരപ്പാത്തി ഉണ്ടാക്കുന്നതിനു കൊള്ളാവുന്ന വൃക്ഷങ്ങൾ | 344 |
| ധാരപ്പാത്തിയുടെ കണക്ക് | ,, |
| ധാരാകാലവുംമററും | 345 |
| ധാരയ്ക്കുപയോഗിക്കേണ്ട പാത്രങ്ങൾ | 346 |
| പരിചാരകന്മാരും ധാരയുടെക്രമവും | ,, |
| മൂർദ്ധതൈലാദിഗുണങ്ങൾ | 348 |
| ശിരോവസ്തിവിധി | ,, |
| തക്രധാരാവിധി | 349 |
| തക്രധാരയ്ക്കുള്ള പാത്രങ്ങൾ | 350 |
| ധാരയ്ക്കുശേഷമുള്ള ചര്യ്യകൾ | 350 |
| തക്രധാരാഗുണങ്ങൾ | 351 |
| പിഴിഞ്ഞുവീഴ്ത്ത് | 352 |
| ധാരയുടെ മാത്ര | 354 |
| അതിയോഗലക്ഷണവും തൽപരിഹാരങ്ങളും | 355 |
| ദ്രവോപയോഗവിധി | 356 |
| കാലവിധി | 357 |
| അനന്തരകരണീയങ്ങൾ | 358 |
| സ്നേഹവിധിയിലെ പഥ്യനിഷ്ഠ | 359 |
| സ്നേഹവ്യാപച്ചികിത്സാദികൾ | ,, |
| പഥ്യനിയമങ്ങൾ | 360 |

ശ്രീ

ധന്വന്തരയേ നമഃ

# സഹസ്രയോഗം

"വൈദ്യപ്രിയ" എന്ന വ്യാഖ്യാനത്തോടുകൂടിയതു്

## കഷായയോഗങ്ങൾ

### ജ്വരത്തിനു്

#### ൧. ഷഡംഗം കഷായം.

ഘനചന്ദനശുണ്ഠ്യംബുപർപ്പടോശീരസാധിതം
ശീതം തേഭ്യോ ഹിതം തോയം പാചനം തൃട്ജ്വരാപഹം

ശ്രീനീലകണ്ഠഗുരുനാഥകൃപാമൃതേന
ധൗതേ സ്വധർമ്മനിരതേ ഹൃദയേ മദീയേ
ഭാന്തേ ഽകഭന്തുഗ്രഹസംഭജിദിന്ദിരാഢ്യ
ധന്വന്തരീശ ഹരിജാഃ കുലദൈവതം നി.

ആരോഗ്യസംസിദ്ധിഹേതോർ ദുർവ്യാഖ്യാവിഷമൂർച്ഛതഃ
വ്യാഖ്യാം സഹസ്രയോഗസ്യ കുർവേ വൈദ്യപ്രിയാഹ്വയാം.

അർത്ഥം—ഘനം=മുത്തങ്ങാക്കിഴങ്ങു്. ചന്ദനം=വെളുത്തചന്ദനം. ശുണ്ഠീ=ചുക്കു്. അംബു=ഇരുവേലി. പർപ്പടം=പർപ്പടപ്പുല്ലു്. ഉശീരം=രാമച്ചം. സാധിതം=(ഇവകൊണ്ടു്) ഉണ്ടാക്കിയതു്. ശീതം=തണുത്തതു്. തോയം=കഷായംവച്ചെടുത്ത ജലം. പാചനം=ആമപാചനവും ദോഷപാചനവുമായതു്. ഹിതം=അനുയോജിച്ചതു്. തൃട്ജ്വരാപഹം=തണ്ണീർദാഹത്തേയും ജ്വരത്തേയും ശമിപ്പിക്കുന്നതു്.

എല്ലാ മരുന്നും സമം എടുത്തു് ആകെ ൧ പ കഴഞ്ചു ചതച്ചിട്ടു് ഇടങ്ങഴി വെള്ളത്തിൽ കഷായംവച്ചു് രണ്ടു തുടമാക്കി പിഴിഞ്ഞരിച്ചുകൊള്ളുക. ഇങ്ങനെ പ്രായേണ പ്രത്യേകഭേദം പറഞ്ഞിട്ടില്ലാത്ത സ്ഥലങ്ങളിൽ നിയമം.

ഉഷ്ണമേവം ഗുണത്വേഽപി യുഞ്ജ്യാന്നൈകാന്തപിത്തളേ
ഉദ്രിക്തപിത്തേഽഥവാ ദാഹമോഹാതിസാരിണി
വിഷമദ്യോത്ഥിതേ ഗ്രീഷ്മേ ക്ഷതക്ഷീണേഽസ്രപിത്തിനി

തേഭ്യഃ ഹിതം=കേവലമായ പിത്തവർദ്ധനയിലും ദോഷസംസർഗ്ഗത്തിൽ പിത്തം അധികപ്പെട്ടുനിൽക്കുന്ന ജ്വരത്തിലും, കണ്ണുവുകച്ചിൽ സർവ്വാംഗസന്താപം മോഹം അതിസാരം ഇവയോടുകൂടിയ ജ്വരത്തിലും, വിഷബാധ മദ്യപാനം ഇവ നിമിത്തം ഉണ്ടായ ജ്വരത്തിലും, ക്ഷതത്തോടോ ക്ഷയത്തോടോ രക്തപിത്തത്തോടോ ഗ്രീഷ്മ

കാലത്തിലോ ഉണ്ടാകുന്ന ജ്വരത്തിലും കേവലമായ ആവക രോഗങ്ങളിലും ഹിതമാകുന്നു. ഇതുതന്നെ,

ഘനചന്ദനശുണ്ഠ്യംബുപർപ്പടോശീരസാധിതം
തോയമുദ്രികതപിത്തഘ്നം പാചനം തൃട്ജ്വരാപഹം

എന്ന വിധം ഹൃദയപ്രിയയിൽ യോജിപ്പിച്ചിരിക്കുന്നു.

## ഷഡംഗകഷായത്തിൽ മരുന്നുകളുടെ അംശകല്പനകൊണ്ടുള്ള വിധാനഭേദങ്ങളും തൽഗുണങ്ങളും.

മുത്തങ്ങാ ചന്ദനം ചുക്ക രാമച്ചമിരുവേലിയും
പർപ്പടപ്പുല്ലുമികഥം ശീതം ദാഹജ്വരാപഹം
ചന്ദനാധികമിത്തോയം രക്തപിത്തത്തിലുത്തമം
പർപ്പടപ്പുല്ലിതിൽപാരം ചേർപ്പൂ പിത്തജ്വരാപഹം
അതിസാരത്തിൽ മുത്തങ്ങയധികംചേർക്ക നന്നുതാൻ
ദാഹമോഹങ്ങളിൽ കൂട്ടൂ രാമച്ചമിരുവേലിയും
വില്വധാന്യകസംയുക്തഷഡംഗം ഛർദ്ദിനാശനം
ഷഡംഗമൊക്കെയോരോരുകഴഞ്ചായ്പ്പൊൻകുരണ്ടിവേർ
ആറുനിഷ്കമൊടികഥം പ്രമേഹകുലനാശനം
ക്ഷതത്തിന്നു ബലാമൂലമിതുപോൽ ചേർത്തുവച്ചുതാം
കഷായം മീറയും ചേർത്തു കുടിപ്പൂ പരമൗഷധം
വിഷത്തിന്നിതിലങ്കോലമധികംചേർപ്പതുത്തമം.

### ൨. തോയതോയദാദികഷായം.

തോയതോയദഭൂനിംബപാഠാധാന്യമഹൗഷധൈഃ
കൃതഃ കഷായഃ സർവ്വേഷാം ജ്വരാണാം പാചനഃ പരം

തോയം=ഇരുവേലി. തോയദം=മുത്തങ്ങാക്കിഴങ്ങ്. ഭൂനിംബം=പുത്തരിച്ചുണ്ടവേർ. പാഠാ=പാടത്താളിക്കിഴങ്ങ്. ധാന്യം=കൊത്തമല്ലി. മഹൗഷധം=ചുക്ക്. ഇവകൊണ്ടുള്ള കഷായം എല്ലാവിധ ജ്വരങ്ങൾക്കും ദോഷപചനം വരുത്തുന്നതാകുന്നു.

### ൩. പാഠാഗ്നിമന്ഥാദികഷായം.

പാഠാഗ്നിമന്ഥബൃഹതീദ്വയനാഗരാണാം
ഛിന്നോത്ഭവാമഗധമൂലകലിംഗകാനാം
വാശാമൃതാംബുദപടോലമഹൗഷധാനാം
ക്വാഥം പിബേദിഹ മരുൽപ്രഭവേ ജ്വരേ തു.

(൧) പാഠാ=പാടത്താളിക്കിഴങ്ങ്. അഗ്നിമന്ഥം=മുഞ്ഞവേർ. ബൃഹതീദ്വയം=ചെറുവഴുതിനവേർ, വെൺവഴുതിനവേർ ഇവ. നാഗരം=ചുക്ക്. ഛിന്നോത്ഭവം=ചിറ്റമൃത്. മഗധമൂലം=കാട്ടുതിപ്പലിവേർ. കലിംഗകം=കുടകപ്പാലയരി. ഇവകൊണ്ടുള്ള കഷായവും, (൨) വാശാ=ആടലോടകവേർ. അമൃത=ചിറ്റമൃത്. അംബുദം=മുത്തങ്ങ. പടോലം=പടവലം. മഹൗഷധം=ചുക്ക്. ഇവകൊണ്ടുള്ള കഷായവും വാതപ്രധാനമായ ജ്വരത്തെ ശമിപ്പിക്കും.

## ൪. ഗോപാംഗനാദികഷായം.

ഗോപാംഗനാകമലചന്ദനസേവ്യവിശ്വ-
യഷ്ടീജലോല്പലമധൂകശതാവരീഭിഃ
സിദ്ധം സുശീതമനുമാക്ഷികശർക്കരാഢ്യം
പിത്തജ്വരം ജയതി ദാഹതൃഡാഢ്യമംബു

ഗോപാംഗനാ=നറുനീണ്ടിക്കിഴങ്ങ്. കമലം=താമരവളയം. ചന്ദനം=വെള്ളച്ചന്ദനം. സേവ്യം=രാമച്ചം. വിശ്വം=ചുക്ക്. യഷ്ടി=ഇരട്ടിമധുരം. ജലം=ഇരുവേലി. ഉൽപല=ചെങ്ങഴിനീർക്കിഴങ്ങ്. മധൂകം=ഇലിപ്പക്കാതൽ. ശതാവരി=ശതാവരിക്കിഴങ്ങ്. ഇവ സമംചേർത്തുണ്ടാക്കിയ കഷായം തേനും പഞ്ചസാരയും മേമ്പൊടിചേർത്തു സേവിക്ക. ചുട്ടുനീററലും തണ്ണീർദാഹവുമുള്ള പിത്തജ്വരം ശമിക്കും.

## ൫. പത്ഥ്യാകട്ഫലാദികഷായം.

പത്ഥ്യാകട്ഫലനാഗരാംബുദവചാഭൂനിംബധാന്യദ്രുമൈഃ
ഭാർങ്ഗീപർപ്പടകാന്വിതൈഃ ശ്രുതമിതം തോയം സുശീതം പുനഃ
മദ്ധ്വാഢ്യം പരമാണരാമഠയുതം ശ്ലേഷ്മജ്വരം നാശയേത്
കോഷ്ഠാർത്തിശ്വസനാഗ്നിസാദകസനാരുച്യാസ്യശോഷാന്വിതം

പത്ഥ്യാ=കടുക്കാത്തോട്. കട്ഫലം=കുമിഴിൻവേരു്. നാഗരം=ചുക്ക്. അംബുദം=മുത്തങ്ങ. വചാ=വയമ്പ്. ഭൂനിംബം=പുത്തരിച്ചുണ്ടവേർ. ധാന്യം=കൊത്തമല്ലി. ദ്രുമം=ദേവതാരം. ഭാർങ്ഗീ=ചെറുതേക്കിൻവേർ. പർപ്പടം=പർപ്പടകപ്പുല്ല്. ഇവ സമം കഷായംവെച്ചു പിഴിഞ്ഞരിച്ചു തണുത്താൽ തേനും അല്പം കായവും മേമ്പൊടിചേർത്തു സേവിക്ക. കഫജ്വരം, വയററുവേദന, വായുക്ഷോഭം, ദഹനക്കുറവ്, ചുമ, അരുചി, വായ്‌വരൾച്ച ഇവ ശമിക്കും.

## ൬. ദ്രാക്ഷാദികഷായം.

ദ്രാക്ഷാമധൂകമധുക ലോധ്രകാശ്മര്യശാരിബാഃ
മുസ്താമലകഹ്രീബേര പത്മകേസരപത്മകം
മൃണാളചന്ദനോശീര നീലോല്പലപരൂഷകം
ഫാണ്ടോ ഹിമോ വാ ദ്രാക്ഷാദിർജ്ജാതീകുസുമവാസിതഃ
യുക്തോ മധുസിതാലാജൈർജ്ജയത്യനിലപിത്തജം
ജ്വരം മദാത്യയം ഛർദ്ദിം മൂർച്ഛാം ദാഹം ശ്രമം ഭ്രമം
ഊർദ്ധ്വഗം രക്തപിത്തഞ്ച പിപാസാം കാമിലാമപി.

ദ്രാക്ഷാ=മുന്തിരിങ്ങാപ്പഴം. മധൂകം=ഇലിപ്പക്കാതൽ. മധുകം=ഇരട്ടിമധുരം. ലോധ്രം=പാച്ചോററിത്തൊലി. കാശ്മര്യ്യം=കുമിഴിൻവേർ. ശാരിബാ=നറുനീണ്ടിക്കിഴങ്ങ്. മുസ്തം=മുത്തങ്ങാക്കിഴങ്ങ്. ആമലകം=നെല്ലിക്കാത്തോട്. ഹ്രീബേരം=ഇരുവേലി. പത്മകേസരം-താമരയല്ലി. പത്മകം=പതിമുഖം. മൃണാളം=താമരവളയം. ചന്ദനം=വെള്ളച്ചന്ദനം. ഉശീരം=രാമച്ചം. നീലോല്പലം=കരിംകുവളം. പരൂഷകം=ചിററീന്തൽവേരു് ഇവകൊണ്ടുണ്ടാക്കിയ കഷായം. (ഇതു ശീതകഷായമോ ഫാണ്ടമോ ആക്കി സേവിക്ക. എന്നാൽ ഇതും ക്വാഥം (ശൃതം) ആക്കി തണുപ്പിച്ചു തന്നെയാണ സേവിച്ചുവരുന്നതു്. പിച്ചകപ്പൂകൊണ്ടു വാസനപിടിപ്പിച്ചു, തേൻ, പഞ്ചസാര, മലർപ്പൊടി ഇവ മേമ്പൊടിചേർത്തു സേവിച്ചാൽ വാതം പിത്തം ഇവ കൊണ്ടുണ്ടാകുന്ന ജ്വരം, മദാത്യയം എന്ന രോഗം, ഛർദ്ദി, മോഹാലസ്യം, സർവ്വാംഗ

സന്താപം, തളൎച്ച, തലച്ചുററൽ, ഊൎദ്ധ്വഗമായ (മൂക്കിലും വായിലുംകൂടി രക്തംവരുന്ന) രക്തപിത്തം, തണ്ണീർദ്ദാഹം, കാമിലാരോഗം ഇവ ശമിക്കും.

## ൧. നാഗരാദി കഷായം.

**നാഗരാമൃതഹരീതകീഃ ക്രമാന്നാഗഹസ്തനയനാംഘ്രിഭാഗശഃ**
**സാധുസിദ്ധമുദകം സശൎക്കരം നാശയത്യഖിലദോഷജം ജ്വരം**

നാഗരം=ചുക്ക്. അമൃതം=പിററമൃത്. ഹരീതകി=കടുക്കാത്തോട്.

അമൃതാറുകഴഞ്ചാക്കിക്കടുക്കാനാലു നാഗരം
രണ്ടുമാക്കിപ്പചിച്ചുള്ള കഷായം ജ്വരനാശനം (വൈദ്യമഞ്ജരി)

മേൽപറഞ്ഞ കണക്കിനുചേൎത്തു കഷായമുണ്ടാക്കി പഞ്ചസാര മേമ്പൊടിചേൎത്തു സേവിക്കും. എല്ലാ ദോഷങ്ങളും കോപിച്ചുണ്ടായ ജ്വരവും ശമിക്കും. ഇതു ജ്വരാദിയിൽ ദോഷാനുലോമനത്തിനും മലതടസ്സം തീരാനും കൈകണ്ടതാകുന്നു.

## ൨. പത്രംവേണുഭവാദികഷായം.

**പത്രം വേണുഭവം ദളഞ്ച തുളസീജാതം ഹരിക്രാന്തിജം**
**പത്രം വാ സുനിഷണ്ണജം ബദരജംപത്രഞ്ച വാടംദളം**
**പത്രഞ്ചോത്തമകന്യകാഖ്യസുഷവീനാരംഗപത്രം പൃഥക്**
**സൎവ്വം നാഗരപാദികം പ്രഹരതി പ്രാഗ്രൂപശീതജ്വരം**

വേണുഭവം പത്രം=മുളയില. തുളസീജാതംദളം=(കൃഷ്ണ)തുളസിയില. ഹരിക്രാന്തിജം=വിഷ്ണുക്രാന്തി (ഇതു സമൂലം ചേൎക്കയാണു പതിവു്) സുനിഷണ്ണജംപത്രം=നീരാരലില. ബദരജംപത്രം=ലന്തയില. വാടംദളം=പേരാൽതളിര് (മൊട്ട്) ഉത്തമകന്യകാപത്രം=പൂവൻകുറുന്തലില. (വെലിപ്പരുത്തിഎന്നും ഇതിനൎത്ഥമുള്ളതിനാൽ അതിന്റെ ഇലയും ചിലടത്തു എടുത്തുവരുന്നു.) സുഷവീപത്രം=പൊല്ലാന്നിത്തളിർ. നാരംഗകംപത്രം=ചെറുനാരകത്തില. നാഗരപാദികം=നാലിലൊരുഭാഗം ചുക്കുകൂടിയതു്. മുളയില തുടങ്ങിയുള്ള ൯-ം ഓരോ കഴഞ്ചു്, ചുക്കു് ൩ കഴഞ്ചു്. ഇവ ചേൎത്തുണ്ടാക്കുന്ന കഷായം ശീതജ്വരത്തിന്റെ ആരംഭത്തിൽ നന്നു്. വിറപ്പനി മറവു വിഷമജ്വരങ്ങളും ഇവയെ ശമിപ്പിക്കും.

## ൩. ആൽമൊട്ടാദികഷായം.

**ആൽമൊട്ടും ചെറുവൂളവേരുമുടനേ ദേവ്യാസ്തഥാ മൂലവും**
**പാലുംവീഴ്ത്തിയരച്ചുകൊണ്ടതിരവേ കോരിക്കുടിക്കും ന്നാണാം**
**ഓടിപ്പോമഥ പക്വജ്വരത്തിയതിലും പിത്തപ്രധാനം ദ്രുതം**
**ധീമാനാത്തിഷു ദോഷജാസു വിഹിതം കുൎയ്യാത് സമാലോച്യതാം**

പേരാൽമൊട്ടു്, ചെറുവൂളവേർ, പൂവൻകുറുന്തിവേർ ഇവ സമം. (ഓരോകഴഞ്ചുവീതം.) രണ്ടുതുടം പാലിൽ അരച്ചുകലക്കി സേവിക്കും. പാകംവന്ന വിഷമജ്വരങ്ങളും ശമിക്കും. പിത്തപ്രധാനമായ ജ്വരത്തിനും വിശേഷം. വൈദ്യൻ വേണ്ടുംവണ്ണമാലോചിച്ചു ദോഷകോപം മനസ്സിലാക്കി വേണ്ടുന്ന ക്രിയാക്രമം യോജിപ്പിച്ചുകൊള്ളണം.

## ൪. ആവിത്തോലാദികഷായം.

**ആവിൽത്തോൽ മലർ ചുക്കു വിഷ്ണുദയിതാ മുക്കാ കൊടിത്തൂവതൻ**
**വേരും ചാരണയും കരിമ്പുമിവയൊട്ടൊപ്പിച്ചുകൊണ്ടങ്ങനെ**
**നാലൊന്നായ കഷായനീരിലളവേ മോൎക്ക്ഞെതി മൂന്നാം കുടി-**
**ച്ചീടുന്നോൎക്കു പനിപ്പതില്ല ഘനമായുണ്ടാകുമഗ്നേൎബ്ബലം**

ആവിൽത്തൊലി, മലര്, ചുക്ക്, വിഷ്ണുദയിത=വിഷ്ണുക്രാന്തി. ചാരണ=തഴുതാമവേർ. തമിഴാമഭേദം. മുക്കാ=ത്രിഫലത്തോട്. കൊടിത്തൂവവേർ, കരിമ്പ് ഇവ സമം കഷായംവെച്ച് കഷായം നാലൊന്നാക്കി സമം മോരുചേർത്തു അതിൽ കുഞ്ഞിവച്ചു മൂന്നുദിവസം കുടിക്ക. ജ്വരം ശമിക്കും, ജഠരാഗ്നിക്കു ബലം വർദ്ധിക്കും.

## ൧൧. ദാരുനാഗരാദികഷായം

ദാരുനാഗരഭൂനിംബ ധാന്യവാശാ കലിംഗകൈഃ
ഗജാഹ്വാ ദശമൂലാബ്ദൈർ മൃത്യുകല്പം ജ്വരം ജയേത്

ദാരു=ദേവതാരം. നാഗര =ചുക്ക്, ഭൂനിംബം=പുത്തരിച്ചുണ്ടവേർ (കിരിയാത്തു എന്ന് അഭിപ്രായം. ചില വൈദ്യന്മാർ ദേശഭേദം അനുസരിച്ചും സ്വീകരിച്ചുവരുന്നു.) ധാന്യം=കൊത്തമ്പാലരി. വാശാ=ആടലോടകവേർ. (ഇതിന്ന് 'തിക്താ' എന്നു പാഠഭേദവും കടുകുരോഹിണി എന്നർത്ഥവും സ്വീകരിക്കുന്നവരുണ്ട്) കലിംഗകം=കുടകപ്പാലയരി. ഗജാഹ്വാ=അത്തിത്തിപ്പലി. ദശമൂലം=കുമിഴ്, കൂവളം, പാതിരി, പയ്യാഴന്ത (പലകപ്പയ്യാനി), മുഞ്ഞ, ഓരില, മൂവില, ചെറുവഴുതിന, വെൾവഴുതിന ഇവററിൻവേർ, ഞെരിഞ്ഞിൽ ഇവ. അബ്ദം=മുത്തങ്ങാക്കിഴങ്ങ്, ഇവകൊണ്ടുള്ള കഷായം, ഭയങ്കരമായ ജ്വരവും ശമിപ്പിക്കും. ദോഷതാരതമ്യമനുസരിച്ചു സന്നിപാതത്തിലും യോജിക്കാം.

മററുപയുക്തങ്ങളായ കഷായയോഗങ്ങൾകൂടി ചേക്കുന്നു.

## ൧൨. ദശമൂലവൃഷാദികഷായം

ദശമൂലവൃഷാശ്ശുണ്ഠീകഷായോ ജീരകസംയുതഃ
വാതപിത്തശ്ലേഷ്മജ്വരാർത്തിം ക്ഷിപ്രമേവ വ്യപോഹതി

ദശമൂലം=കൂവളവേർ, കുമിഴിൻവേർ, പാതിരിവേർ, പയ്യാഴന്തവേർ, മുഞ്ഞവേർ, ഓരിലവേർ, മൂവിലവേർ വെൾവഴുതിനവേർ, ചെറുവഴുതിനവേർ, ഞെരിഞ്ഞിൽ, ആടലോടകവേര് ചുക്ക് ഇവകൊണ്ടുള്ള കഷായം ജീരകപ്പൊടി മേമ്പൊടിചേർത്തു സേവിച്ചാൽ വാതം പിത്തം കഫം ഇവ കോപിച്ചുണ്ടാകുന്ന ജ്വരങ്ങളെ വേഗത്തിൽ ശമിപ്പിക്കും.

## ൧൩. ഭാർങ്ഗ്യാദികഷായം (൧)

ഭാർങ്ഗ്യബ്ദപർപ്പടകധാന്യയവാഷവിശ്വ-
ഭൂനിംബകുഷ്ഠകണസിംഹ്യമൃതാകഷായഃ
ജീർണ്ണജ്വരം സതതസന്തതകം നിഹന്യാ-
ദന്യേദ്യുഗം സഹതൃതീയ ചതുർത്ഥകാഖ്യാം.

ഭാർങ്ഗീ=ചെറുതേക്കിൻവേര്. അബ്ദം=മുത്തങ്ങ. പപ്പടകം=പർപ്പടകപ്പുല്ല്. ധാന്യം=കൊത്തമ്പാലയരി. യവാഷം=കൊടിത്തൂവവേർ. വിശ്വം=ചുക്ക്. ഭൂനിംബം=പുത്തരിച്ചുണ്ടവേർ. കഷ്ഠം=കൊട്ടം. കണം=തിപ്പലി. സിംഹി=ചെറുവഴുതിനവേർ. അമൃതം=ചിററമൃതു. ഇവകൊണ്ടുണ്ടാക്കിയ കഷായം സതതം സന്തതം മൂന്നാംമുറപ്പനി; നാലാംമുറപ്പനി മുതലായ എല്ലാം വിഷമജ്വരങ്ങളെയും ശമിപ്പിക്കും.

## ൧൪. ദശമൂലദുരാലഭാദികഷായം

ദശമൂലദുരാലഭാഗുളൂചീ-
വൃഷവിശ്വാബ്ദകിരാതപർപ്പടാനാം
വിനിഹന്തി ശൃതം കഷായതോയം
കഫവാതോത്തരസന്നിപാതജ്വരാർത്തിം.

ദശമൂലം ൧൫-ം ൧൬-ം യോഗങ്ങളിൽ പറഞ്ഞു. ദുരാലഭാ=കൊടിത്തൂവവേർ. ഗുളൂചി=ചിററമൃത്ത്. വൃഷം=ആടലോടകവേരു.= വിശ്വം=ചുക്ക്. അബ്ദം=മുത്തങ്ങാക്കിഴങ്ങു. കിരാതം=പുത്തരിച്ചുണ്ടവേർ (കിരിയാത്തു) പർപ്പടം=പർപ്പടകപ്പുല്ല്. ഇവയുടെ കഷായം കഫവാതപ്രധാനമായ സന്നിപാതജ്വരത്തെ ശമിപ്പിക്കും. ഇതിൽ സന്നിനായകവും വെള്ളക്കൊട്ടവുംകൂടി ചേർത്തു കഷായം വയ്ക്കുന്നതു മോഹാലസ്യം കഫകോപം ഇവയുള്ള സന്ദർഭങ്ങളിൽ വൃദ്ധവൈദ്യസമ്മതമാകുന്നു.

## ൧൭. ഛിന്നോത്ഭവാദികഷായം.

ഛിന്നോത്ഭവാ വൃഷകിരാതകപർപ്പടാനാം
ശുണ്ഠ്യാ വലാഹകയവാഷകയോഃ ക്രമേണ
ഏകദ്വയത്രിതയഭാഗകൃതഃ കഷായഃ
സമ്മൂർഛിതജ്വരമപോഹതി സന്നിപാതം.

ഛിന്നോത്ഭവം=ചിററമൃത്ത്. വൃഷം=ആടലോടകവേരു. കിരാതകം=പുത്തരിച്ചുണ്ടവേർ. (ഇതിനു കിരിയാത്തെന്നും, പടച്ചുണ്ടവേർ എന്നും ഉള്ള മതാന്തരങ്ങളും സ്ഥാനതാരതമ്യേന സ്വീകാര്യമാകുന്നു.) പർപ്പടകം=പർപ്പടകപ്പുല്ല്. ഇവ ഓരോ കഴഞ്ചു, ചുക്കു ൨ കഴഞ്ചു. മുത്തങ്ങാക്കിഴങ്ങു; കൊടിത്തൂവവേർ ഇവ ൩ കഴഞ്ചുവീതം ഇങ്ങനെ ഉണ്ടാക്കുന്ന കഷായം മൂർച്ഛയോടുകൂടിയ സന്നിപാതജ്വരത്തെ ശമിപ്പിക്കും.

## ൧൮. അമൃതാദി (പാചനാമൃത)കഷായം

അമൃതോശീരവാശാബ്ദവിശ്വഭൂനിംബവാളകൈഃ
സപർപ്പടകധാന്യാകധന്വയാസൈർവിപാചിതം
പാക്യം ജ്വരേഷു പാതവ്യം 'പാചനാമൃതസംജ്ഞിതം.'

അമൃതം=ചിററമൃത്തു. ഉശീരം=രാമച്ചം. വാശാ=ആടലോടകവേരു. അബ്ദം=മുത്തങ്ങ. വിശ്വം=ചുക്കു. ഭൂനിംബം=പുത്തരിച്ചുണ്ടവേരു. വാളകം=ഇരുവേലി. പർപ്പടം=പർപ്പടകപ്പുല്ല്. ധാന്യാകം=കൊത്തമ്പാലയരി. ധന്വയാസം=കൊടിത്തൂവവേര്. ഈ കഷായം എല്ലാ ജ്വരങ്ങൾക്കും ദോഷപാകത്തെയും ആമപചനത്തെയും ഉണ്ടാക്കും.

## ൧൯. രാസ്നാശുണ്ഠ്യാദികഷായം

രാസ്നാ ശുണ്ഠീ ഗുളൂചീ സഹചരജലദാഭീരു പഥ്യാ ശതാഹ്വാ-
സ്തിക്താ കച്ചൂരവാശാനിലരിപുസഹിതൈഃ പഞ്ചമൂലദ്വയേന
ഏഭിർദ്രവ്യൈഃ കഷായസ്ത്വരിതമപഹരേത് പീതമാത്രപ്രഭാവാത്
മന്യാസ്തംഭാന്ത്രവൃദ്ധിജ്വരപിടകകടീസന്ധിസർവ്വാംഗപീഡാഃ

രാസ്നം=ചിററരത്ത. ശുണ്ഠി=ചുക്കു. ഗുളൂചി=ചിററമൃതു. സഹചരം=കരിംകുറിഞ്ഞിവേരു. ജലദം=മുത്തങ്ങ. അഭീരു=ശതാവരിക്കിഴങ്ങു. പഥ്യ=കടുക്കാത്തോടു. ശതാഹ്വാ=ശതകുപ്പ. തിക്താ=കടുകുരോഹിണി. കച്ചൂരം=കച്ചോലം. വാശാ=ആടലോടകവേരു. അനിലരിപു=വാതംകൊല്ലിവേർ. (ഇതിനു വാതംപറത്തി എന്നും (ദേശ്യനാമം) പഞ്ചമൂലദ്വയം=കുമിഴ്, കൂവളം, പാതിരി, പയ്യാഴാന്ത, മുഞ്ഞ ഇവററിൻവേർ (മഹൽപഞ്ചമൂലം) ഓരില, മൂവില, ചെറുവഴുതിന; വെൺവഴുതിന ഇവററിൻവേർ; ഞെരിഞ്ഞിൽ (ഹ്രസ്വപഞ്ചമൂലം) ഇവകൊണ്ടുണ്ടാക്കുന്ന കഷായം സേവിച്ചാൽ മന്യാ (ഗളാടസമീപത്തിൽ ഇതേപേരിലുള്ള സിരകൾ)

സ്തംഭം, ആന്ത്രവൃദ്ധി, വാതപ്രധാനമായും മേൽപറഞ്ഞവയോടു് അനുബന്ധിച്ചുമുള്ള ജ്വരം, പിടക, അരക്കെട്ടിനും സന്ധികൾക്കും സർവാംഗവുമുള്ള വേദനകൾ ഇവ ശമിക്കും.

### ൰൮. ബ്രഹ്മീദ്രാക്ഷാദികഷായം.

ബ്രഹ്മീ ദ്രാക്ഷാ ജലധരവചാഭീരു ശമ്യാകതിക്താ
പത്ഥ്യാ ധാത്രീ കലിതരു ബലാനിംബകോശാതകീഭിഃ
ഭൂനിംബംവ്യോഷവഹ്നീസുരതരുസഹിതം പഞ്ചമൂലദ്വയേന
ക്വാഥം പീതം സകലപവനവ്യാധിരുഗ്ദാഹഹന്ത്രീ.

ബ്രഹ്മി, ദ്രാക്ഷം=മുന്തിരിങ്ങ, ജലധരം=മുത്തങ്ങ. വചം=വയമ്പു്. അഭീരു=ശതാവരിക്കിഴങ്ങു്. ശമ്യാകം=കൊന്നവേർത്തൊലി. തിക്തം=കടുകരോഹിണി. (ഇവിടെ കിരിയാത്തു് എന്നും അഭിപ്രായമുണ്ടു്. ചെറുവഴുതിനവേർ എന്നു സ്വീകരിക്കുന്നവരുമുണ്ടു്.) പത്ഥ്യം=കടുക്കാത്തോടു്. ധാത്രീ=നെല്ലിക്കാത്തോടു് കലിതരു=താന്നിക്കാത്തോടു്. ബലം=കുറുന്തോട്ടിവേർ. നിംബം=വേപ്പിൻതൊലി. കോശാതകി=പുട്ടൽപീരം. ഭൂനിംബം=പുത്തരിച്ചുണ്ടവേർ. വ്യോഷം=ചുക്കു മുളകു തിപ്പലി. വഹ്നി=കൊടുവേലിക്കിഴങ്ങു് (ശുദ്ധി) സുരതരു=ദേവതാരം. പഞ്ചമൂലദ്വയം=മഹൽപഞ്ചമൂലവും ഹ്രസ്വപഞ്ചമൂലവും. (൰൬-ാംയോഗത്തിൽ പറഞ്ഞു.) ഇവ കഷായംവച്ചു സേവിക്ക. എല്ലാ വായുക്കളും രുഗ്ദാഹസന്നിയും (സന്നിപാതത്തിൽ മൂന്നാമത്തതു്) വേദനകളും ജ്വരവും ശമിക്കും.

### ൰൯. ഭൂനിംബാദികഷായം.

ഭൂനിംബനിംബപിപ്പല്യഃ ശഠീ ശുണ്ഠീ ശതാവരീ
ഗുളൂചീ ബൃഹതീ ചേതി ക്വാഥോ ഹന്യാത് കഫജ്വരം.

ഭൂനിംബം=പുത്തരിച്ചുണ്ടവേർ. നിംബം=വേപ്പിൻതൊലി. പിപ്പലി=തിപ്പലി. ശഠി=കച്ചോലം. ശുണ്ഠി=ചുക്കു്. ശതാവരി=ശതാവരിക്കിഴങ്ങു്. ഗുളൂചി=ചിറ്റമൃതു്. ബൃഹതി=ചെറുവഴുതിനവേർ. ഇവകൊണ്ടുണ്ടാക്കുന്ന കഷായം കഫജ്വരത്തെ ശമിപ്പിക്കും.

### ൨൰. വലിയങ്ങാടിക്കഷായം.

ഒന്നുകൊണ്ടും ശമിക്കാത്ത ദീർഘമായ മഹാജ്വരേ
കൊടുക്കേണ്ടും കഷായത്തെപ്പറയാം ഗുരുഭാഷിതം
ചുക്കും തിപ്പലിയും മുസ്താ ത്രിഫലാ മധുകം തഥാ
മായാക്കു് ഗോക്ഷുരം ജാതിത്രയം രോഹിണി മോദകം
ഷട്തണ്ഡുലം നാഗപുഷ്പം തകരം ജീരകദ്വയം
കന്നാരം ചന്ദനംരണ്ടും ഗജതിപ്പലി തോയവും
രാമച്ചം പൂതവൃക്ഷഞ്ച സമുദ്രപ്പച്ച തുവരയും
സഹസ്രവേധിയും കിയ്യാത്താശാലി ശതകുപ്പയും
രാസ്നാ മുന്തിരി മക്ഷിപ്പൂ പുത്തരിച്ചുണ്ട കൂവളം
ത്രികോല്പക്കൊന്നയും നല്ലോരുലുവാ താർക്ഷ്യപച്ചകൾ
പർപ്പടപ്പുല്ലമമൃതും ഇവയൊക്കെയുമൊപ്പമായ്
ഓരോകഴഞ്ചിടിച്ചിട്ടിങ്ങാറിടങ്ങഴിനീരതിൽ
കുറുക്കി നാലിലൊന്നാക്കിപ്പിഴിഞ്ഞിട്ടു കുറേക്കുറേ

ജീരകപ്പൊടിയും ചേൎത്തു സേവിച്ചാൽ ജ്വരമൊക്കെയും
അന്യരോഗങ്ങളുംതീൎന്നു സന്നിയും ശമനംവരും
ഇക്കഷായം മഹാസാരംകൊണ്ടു ജീവനമാൎന്നുവരും

ചുക്ക്, തിപ്പലി, മുസ്തം=മുത്തങ്ങ. ത്രിഫല=ത്രിഫലത്തോട്. മധുകം=എരട്ടിമധുരം. മായാക്ക്=മായയ്ക്കു. ഗോക്ഷുരം=ഞെരിഞ്ഞിൽ. ജാതിത്രയം=ജാതിക്കാ, പത്തിരി, ഗ്രാമ്പൂ. രോഹിണി=കടുകുരോഹിണി. മോദകം=അയമോദകം. ഷട്തണ്ഡുലം=കുടകപ്പാലയരി, കാൎക്കോകിലരി, ചെറുപുന്നയരി, വിഴാലരി, കൊത്തമല്ലി, ഏലത്തരി ഇവ. നാഗപുഷ്പം=നാഗപ്പൂ, തകരം, ജീരകദ്വയം=ജീരകം, കരിംജീരകം, കന്നാരം ചന്ദനം, രക്തചന്ദനം, ഗജതിപ്പലി=അത്തിത്തിപ്പലി. തോയം=ഇരുവേലി, രാമച്ചം, പൂതവൃക്ഷം. സമുദ്രപ്പച്ച, ദുവ=കൊടിത്തൂവവേർ, സഹസ്രവേധി, കിരിയാത്ത്, ആശാളി, ശതകുപ്പ, രാസ്നാ=ചിറ്റരത്ത, മുന്തിരി=മുന്തിരിങ്ങാപ്പഴം, മക്ഷികപ്പൂ, പുത്തരിച്ചുണ്ടവേർ കുവളവേർ, ത്രികോല്പക്കൊന്ന, ഉലുവാ, ഗരുഡപ്പച്ചരണ്ടും, പൎപ്പടകപ്പുല്ല്, അമൃ് ഇവ ഓരോ കഴഞ്ചുവീതം. വെള്ളം ഇടങ്ങഴി ൧൬. കഷായംവച്ച് ഒന്നരഇടങ്ങഴിയാക്കി പിഴിഞ്ഞരിച്ച് തണുക്കാതെ ഉമിത്തീയിട്ടു സൂക്ഷിച്ച് കുറേശ്ശ എടുത്ത് ജീരകപ്പൊടിചേൎത്തു സേവിപ്പിക്ക. സന്നിപാതത്തിനും, കഫാദിഉപദ്രവങ്ങളും, വളരെനാളു നില്ക്കുന്ന ജ്വരങ്ങളും ഇവയ്ക്കും കൈകണ്ട കഷായമാകുന്നു.

## ൨൧. അമൃതാഷ്ടകം കഷായം

അമൃതാരിഷ്ടകടുകാ മുസ്തേന്ദ്രയവനാഗരൈഃ
പടോലചന്ദനാഭ്യാം ച പിപ്പലീചൂൎണ്ണയുക് സ്മൃതം
അമൃതാഷ്ടകമേതച്ച പിത്തശ്ലേഷ്മജ്വരാപഹം
ഛൎദ്ദ്യരോചകഹൃല്ലാസദാഹതൃഷ്ണാനിവാരണം.

അമൃത=ചിറ്റമൃത്. അരിഷ്ടം=വേപ്പിൻതൊലി. കടുകാ=കടുകുരോഹിണി. മുസ്തം=മുത്തങ്ങ. ഇന്ദ്രയവം=കുടകപ്പാലയരി. നാഗരം=ചുക്ക്. പടോലം=കയ്പൻപടവലം, ചന്ദനം=വെളുത്തചന്ദനം ഇവകൊണ്ടുണ്ടാക്കിയ കഷായം, ചെറുതിപ്പലിപ്പൊടി മേമ്പൊടിചേൎത്തു സേവിച്ചാൽ പിത്തജ്വരവും കഫജ്വരവും ശമിക്കും. ഛൎദ്ദി, അരുചി, നെഞ്ചുകലിപ്പ്, ചുട്ടുപ്പിൽ, തണ്ണീർദാഹം ഈ ഉപദ്രവങ്ങളെയും ശമിപ്പിക്കും.

## ൨൨. വ്യാഘ്ര്യാദികഷായം

വ്യാഘ്രീ ശുണ്ഠ്യമൃതാക്വാഥഃ പിപ്പലീചൂൎണ്ണസംയുതഃ
വാതശ്ലേഷ്മജ്വരശ്വാസകാസപീനസശൂലജിത്

വ്യാഘ്രി=ചെറുവഴുതിനവേർ. ശുണ്ഠി=ചുക്ക്. അമൃത്` ഇവകൊണ്ടുള്ള കഷായം പിപ്പലീചൂൎണ്ണസംയുതഃ=തിപ്പലിപ്പൊടി മേമ്പൊടിചേൎത്തു സേവിച്ചാൽ വാതകഫപ്രധാനമായ ജ്വരം, വലിവ്, ചുമ, നീർവീഴ്ച, വേദന ഇവകളെ ശമിപ്പിക്കും.

## ൨൩. പാഠാഗുളൂച്യാദികഷായം.

പാഠാഗുളൂചീഘനപൎപ്പടാംബു
ഭൂനിംബവില്വേന്ദ്രിയവൈഃശൃതാംഭഃ
പേയം ജ്വരാൎത്തൈരതിസാരിഭിശ്ച
യഥാമൃതം സ്വൎഗ്ഗിഭിരാദരേണ.

പാഠാ=പാടക്കിഴങ്ങ്. ഗുളൂചി=ചിറ്റമൃത്. ഘനം=മുത്തങ്ങ. പൎപ്പടം=

പർപ്പടപ്പുല്ല്. അംബു=ഇരുവേലി. ഭൂനിംബം=പുത്തരിച്ചുണ്ടവേർ. വിലാപം=ക്രുവളവേർ. ഇന്ദ്രയവം=കുടകപ്പാലയരി ഇവകൊണ്ടുണ്ടാക്കിയ കഷായം ജ്വരവും അതിസാരവും ശമിപ്പിക്കും.

## ൨൪. പർപ്പടകാബ്ദാദികഷായം.

പർപ്പടകാബ്ദസുരദ്രുമഭാർങ്ഗീ
മാഗധികൗഷധധാന്യയവാഷൈഃ
പാക്യമിദം വിനിഹന്തി നരാണാം
വാതകഫജ്വരജം പരിതാപം.

പർപ്പടകം=പർപ്പടകപ്പുല്ല്. അബ്ദം=മുത്തങ്ങ. സുരദ്രുമം=ദേവതാരം. ഭാർങ്ഗീ=ചെറുതേക്കിൻവേര്. മാഗധിക=ചെറുതിപ്പലി. ഔഷധം=ചുക്ക്. ധാന്യം=കൊത്തമല്ലി. യവാഷം=കൊടിത്തൂവവേർ ഇവകൊണ്ടുള്ള കഷായം വാതപ്രധാനവും കഫപ്രധാനവുമായ ജ്വരത്തെ ശമിപ്പിക്കും.

## ൨൫. കടുകാദികഷായം.

കടുകാ വിജയാ ദ്രാക്ഷാ മുസ്താ പർപ്പടകൗഷധൈഃ
കഷായോ നാശയേത് പീതഃ കഫപിത്തഭവം ജ്വരം.

കടുകം=കടുകരോഹിണി. വിജയ=കടുക്ക. ദ്രാക്ഷാ=മുന്തിരിങ്ങാപ്പഴം. മുസ്ത=മുത്തങ്ങ. പർപ്പടകം=പർപ്പടകപ്പുല്ല്. ഔഷധം=ചുക്ക്. ഇവകൊണ്ടുള്ള കഷായം കഫപിത്തപ്രധാനമായ ജ്വരം ശമിപ്പിക്കും.

## ൨൬ വിഷ്ണുക്രാന്ത്യാദികഷായം.

വിഷ്ണുക്രാന്ത്യമൃതാ മുസ്താ ചന്ദനോശീരശാരിബാഃ
സഹദേവീ കണാസിദ്ധഃ കഷായഃ ശീതികാപഹഃ

വിഷ്ണുക്രാന്തി, അമൃത=ചിററമൃത്. മുസ്ത=മുത്തങ്ങ, ചന്ദനം, ഉശീരം=രാമച്ചം. ശാരിബാ=നറുനീണ്ടിക്കിഴങ്ങ്. സഹദേവി=പൂവൻകുറുന്തൽ. കണാ=തിപ്പലി ഇവ കഷായംവച്ചു സേവിച്ചാൽ ശീതജ്വരം ശമിക്കും.

## ൨൭. ആരണ്യതുളസീമൂലാദികഷായം

ആരണ്യതുളസീമൂലവിഷ്ണുക്രാന്തിമഹൗഷധൈഃ
ക്വാഥോഽയം നിർഹരേച്ഛീഘ്രം ശീതികം വിഷമജ്വരം.

കാട്ടുതുളസിവേർ, വിഷ്ണുക്രാന്തി, ചുക്ക് ഇവ സമം കഷായംവച്ചു സേവിച്ചാൽ വിഷമജ്വരം ശമിക്കും.

## ൨൮. കിരാതാദികഷായം

കിരാതാബ്ദാമൃതോദീച്യബൃഹതീദ്വയ ഗോക്ഷുരൈഃ
സസ്ഥിരാകലശീവിശ്വൈഃ ക്വാഥോ വാതജ്വരാപഹഃ

കിരാതം=കിരിയാത്ത് (പുത്തരിച്ചുണ്ടവേർ എന്നും) അബ്ദം=മുത്തങ്ങാ. അമൃത=ചിററമൃത്. ഉദീച്യം=ഇരുവേലി. ബൃഹതീദ്വയം=ചെറുവഴുതിനവേരും വെൺവഴുതിനവേരും. ഗോക്ഷുരം=ഞെരിഞ്ഞിൽ. സ്ഥിരാ=ഓരിലവേർ. കലശി=മൂവിലവേർ. വിശ്വം=ചുക്ക്. ഇവകൊണ്ടുണ്ടാക്കിയ കഷായം വാതജ്വരം ശമിപ്പിക്കും.

## ൨൯. ദുരാലഭാദികഷായം

ദുരാലഭാപര്‍പ്പടകപ്രിയംഗുഭൂനിംബവാശാകടുരോഹിണീനാം
ക്വാഥം പിബേച്ഛര്‍ക്കരയാവഗാഢം തൃഷ്ണാസ്രപിത്തജ്വരദാഹയുക്തം

ദുരാലഭ=കൊടിത്തൂവവേര്‍. പര്‍പ്പടകം=പര്‍പ്പടകപ്പുല്ല്. പ്രിയംഗു=ഞാഴല്‍പ്പൂ. ഭൂനിംബം=പുത്തരിച്ചുണ്ടവേര്‍. വാശാ=ആടലോടകവേര്‍, കടുകുരോഹിണി ഇവകൊണ്ടുള്ള കഷായം പഞ്ചസാര മേമ്പൊടിചേര്‍ത്തു സേവിക്ക. തണ്ണീര്‍ദാഹം, രക്തപിത്തം, ജ്വരം, സന്താപം ഇവ ശമിക്കും.

## ൩൦. ഭാര്‍ങ്ഗ്യാദികഷായം (൨)

ഭാര്‍ങ്ഗീപര്‍പ്പടവിശ്വവാസകകണാ ഭൂനിംബനിംബാമൃതാ
മുസ്താ ധന്വജഭേഷജൈസ്സു ദശഭിര്‍ഹന്തീഹ സര്‍വ്വജ്വരാന്‍
ജീര്‍ണ്ണാന്‍ ധാതുഗതാംസ്തഥാ ച വിഷമാന്‍ സോപദ്രവാന്‍ദാരുണാന്‍
ക്വാഥോഽയം യതിയുഗ്മവാസരമിതം ദത്തോയമാദ്രക്ഷതി.

ഭാര്‍ങ്ഗി=ചെറുതേക്കിന്‍വേര്‍ പര്‍പ്പടകം=പര്‍പ്പടകപ്പുല്ല്. വിശ്വം=ചുക്ക്. വാശകം=ആടലോടകവേര്‍. കണാ=തിപ്പലി. ഭൂനിംബം=പുത്തരിച്ചുണ്ടവേര്‍. നിംബം=വേപ്പിന്‍തൊലി. അമൃതാ=ചിററമൃത്. മുസ്താ=മുത്തങ്ങ. ധന്വജഭേഷജം=കൊടിത്തൂവവേര്‍. ഇവകൊണ്ടുണ്ടാക്കിയ കഷായം സേവിച്ചാല്‍ ജീര്‍ണ്ണജ്വരം ധാതുവ്യാപ്തമായ ജ്വരം, ഉപദ്രവവ്യാധികളോടുകൂടിയജ്വരം, വിഷമജ്വരം മുതലായവയെ ശമിപ്പിക്കും.

## ൩൧. ബലാകൊടിത്തുവാദികഷായം (സൂതികാജ്വരത്തിന്)

ബലാ കൊടിത്തൂവ സപര്‍പ്പടാബ്ദ-
ധാന്യാകമുദ്ഗം ചെറുപഞ്ചമൂലം
സശൃംഗിവേരം പുലരേ കുടിച്ചാ-
ലീററാംഗനാനാം പനി തീരുമന്നേ.

ബലാ=കുറുന്തോട്ടിവേര്‍, കൊടിത്തൂവവേര്‍, പര്‍പ്പടം=പര്‍പ്പടകപ്പുല്ല്. അബ്ദ=മുത്തങ്ങ. ധാന്യാകം=കൊത്തമല്ലി. മുദ്ഗം=ചെറുപയര്‍. ചെറുപഞ്ചമൂലം=ഓരിലവേര്‍, മൂവിലവേര്‍, ചെറുവഴുതിനവേര്‍, വെള്ളവഴുതിനവേര്‍, ഞെരിഞ്ഞില്‍, ശൃംഗിവേരം=ചുക്ക്. ഇവകൊണ്ടുണ്ടാക്കിയ കഷായം സേവിച്ചാല്‍ പ്രസവിച്ച സ്ത്രീകള്‍ക്കുണ്ടാകുന്ന ജ്വരം ശമിക്കും.

## ൩൨. സഹചരാദികഷായം (ടി)

സഹചരകുലത്ഥപുഷ്കരദാരുനിശായുഗ്മവേതസക്വാഥഃ
പീതഃ സഹിംഗുലവണഃ ശമയതി ശൂലജ്വരൗ തന്വ്യാഃ

സഹചരം=കരിംകുറിഞ്ഞിവേര്‍. കുലത്ഥം=മുതിര. പുഷ്കരം=പുഷ്കരമൂലവേര്‍. ദാരു=ദേവതാരം നിശായുഗ്മം=മഞ്ഞളും മരമഞ്ഞള്‍തൊലിയും. വേതസം=ആററുവഞ്ചിവേര്‍തൊലി. ഇവകൊണ്ടു കഷായംവച്ച് കായവും ഇന്തുപ്പും മേമ്പൊടി ചേര്‍ത്തു സേവിച്ചാല്‍ സൂതികയ്ക്കു (പ്രസവിച്ച സ്ത്രീയ്ക്കു) ഉണ്ടാകുന്ന വയററുവേദന, ജ്വരം ഇവ ശമിക്കും.

## ൩൩. മഹാബലാദികഷായം (വിഷമജ്വരത്തിന്)

മഹാബലാമൂലമഹൗഷധാനാം ക്വാഥോ നിഹന്ത്യാദ്വിഷമജ്വരഞ്ച

ശീതം സകമ്പം പരിദാഹയുക്തം മാരീചകം രാഘവസായകോയഥാ

മഹാബലാമൂലം=ഊരകം(ഊരപ്പൻ)ത്തിൻവേർ. മഹൌഷധം=ചുക്ക്. ഇവകൊണ്ടുള്ള കഷായം വിറയൽ, ശീതം, ചുട്ടുനീററൽ, വിട്ടുവിട്ടുണ്ടാകുന്ന വിഷമജ്വരങ്ങൾ ഇവയെ ശമിപ്പിക്കും. ഇതിൽ കുരുമുളകുംകൂട്ടി കഷായംവയ്ക്കണം എന്ന വിവക്ഷയിലുംകൂടിയാണ് മാരീചകം എന്ന ഭംഗ്യന്തരേണ പറഞ്ഞതു്. കുരുമുളകുംകൂട്ടി ഈ കഷായം അത്യന്തം ഫലദായകമെന്ന അനുഭവമുണ്ടു്.

## ൩൮. അജമോജാദികഷായം (ജ്വരാതിസാരത്തിനു്)

കേവലേനാജമോജേന കഷായോ വിധിനാ ശൃതഃ
ചാതുർത്ഥികം ജ്വരം ഹന്തി രോഹിണ്യാ സമലംകൃതഃ

അജമോജം=അയമോദകം രോഹിണി=കടുകുരോഹിണി. ഇവയിൽ രണ്ടുംകൂടിയോ അയമോദകംമാത്രമോ കഷായംവച്ചു സേവിച്ചാൽ നാലാംമുറപ്പനി ശമിക്കും. ശോധനയ്ക്കുശേഷം അധികം ഫലപ്രദമാകുന്നു.

## ൩൯. അരളാദികഷായം (ജ്വരാതിസാരത്തിനു്)

അരളാദിവിഷാ മുസ്താ ശുണ്ഠീ വില്വം സദാഡിമം
സർവ്വജ്വരഹരോ യോഗഃ സർവ്വാതീസാരനാശനഃ

അരള=പെരുമരത്തൊലി. (ഈ സ്ഥാനത്തു പെരുവലമെന്നു തെക്കൻതിരുവിതാംകൂറിൽ പറയപ്പെടുന്ന മൃദുവായി വട്ടഇലയുള്ള ചെടിയുടെ വേരിലെ തൊലി ചേർത്തതിൽ അത്യന്തം ഫലപ്രദമാണു.) അതിവിഷം=അതിവിടയം. മുസ്താ=മുത്തങ്ങാക്കിഴങ്ങു്. ശുണ്ഠി=ചുക്ക്. വില്വം=കൂവളവേർ. ദാഡിമം=ഉറുമാമ്പഴത്തോടു്. (മാതളപ്പഴത്തിൻതോടു്) (തോടു് എന്നതിനു് ഓടു്, തൊണ്ടു്, എന്നും ദേശ്യപദമുണ്ടു്) ഇവകൊണ്ടുണ്ടാക്കുന്ന കഷായം ജ്വരത്തെയും അതിസാരത്തെയും ശമിപ്പിക്കും.

# രക്തപിത്തത്തിനു്

## ൪൦. ശതാവരീഗോപകന്യാദികഷായം.

ശതാവരീ ഗോപകന്യാ ചന്ദനോശീരവാളകൈഃ
സ തണ്ഡുലീയകദ്രാക്ഷാ സമംഗോല്പലയഷ്ടിഭിഃ
സാധിതഃ സാധയത്യാശു നിരൂഢഃ സസിതാമധുഃ
ഊർദ്ധ്വാധോഗം രക്തപിത്തം ഉഭയായനമേവ ച
തഥാ പ്രദരമുന്മാദം സദാഹം വിഷമജ്വരം

ശതാവരി=ശതാവരിക്കിഴങ്ങു്. ഗോപകന്യാ=നറുനീണ്ടിക്കിഴങ്ങു്. ചന്ദനം. ഉശീരം=രാമച്ചം. വാളകം=ഇരുവേലി. തണ്ഡുലീയം=ചെറുചീരവേരു്. ദ്രാക്ഷാ=മുന്തിരിങ്ങാപ്പഴം. സമംഗാ=പറച്ചുണ്ടവേർ (ഇതു തീണ്ടാനാഴി മുക്കുററിയാണെന്നു അർത്ഥവും സ്വീകരിക്കുന്നുണ്ടു്.) ഉല്പലം=ചെങ്ങഴനീർക്കിഴങ്ങു്. യഷ്ടി=എരട്ടിമധുരം. ഇവകൊണ്ടുണ്ടാക്കിയ കഷായം, പഞ്ചസാരയും തേനും മേമ്പൊടിചേർത്തു സേവിക്കു. മൂക്കിലും വായിലുംകൂടി ഗതിയുള്ളതും കീഴ്പോട്ടു ഗതിയുള്ളതും—മേലും കീഴും ഗതിയുള്ളതുമായ രക്തപിത്തം, രക്തസ്രാവം, (അസൃഗ്ദരം) ഉന്മാദം ചുട്ടുനീററലുള്ള വിഷമജ്വരം ഇവയും ശമിക്കും.

## ൪൧. വടശൃംഗാദികഷായം.

വടശൃംഗാദ്യഥശുഷ്കാഭ്യാം പാക്യഞ്ച പയസസ്തഥാ

വടശ്രുംഗം=പേരാൽമൊട്ട്. ആഢരൂഷം=ആടലോടകവേർ. ഇവകൊണ്ടു കഷായംവച്ച്, പാൽ ചേർത്തു കുറുക്കി മേൽപറഞ്ഞപോലെ സേവിച്ചാൽ രക്തപിത്തവും വിഷമജ്വരവും ശമിക്കും.

## ൩൭. ചന്ദനാദികഷായം

ചന്ദനോശീരജലദലാജമുദ്ഗകണായവൈഃ
ബലാജലേ പര്യുഷിതൈഃ കഷായോ രക്തപിത്തഹാ

ചന്ദനം. ഉശീരം=രാമച്ചം. ജലദം=മുത്തങ്ങാ. ലാജം=മലർ. മുദ്ഗം=ചെറുപയറ് (വറുത്തു പരിപ്പാക്കിയതു് എന്നും വിധാനഭേദമുണ്ട്.) കണാ=തിപ്പലി. യവം=യവധാന്യം. (ഇതു ഗോതമ്പല്ല അതേപേരിൽ അറിയപ്പെടുന്നതും വാങ്ങാൻ കിട്ടുന്നതുമായ യവധാന്യംതന്നെ.) ഇവ പൊടിച്ചു കുറുന്തോട്ടി കഷായത്തിൽ രാത്രിയിൽ ഇട്ടുവച്ച് പിറേറദിവസം രാവിലെ പിഴിഞ്ഞരിച്ച് സേവിക്ക. രക്തപിത്തം ശമിക്കും.

## ഉപയുക്തങ്ങളായ മററു കഷായങ്ങൾ

## ൩൮. ഹ്രീബേരാദികഷായം

ഹ്രീബേരം ധാന്യകം ശുണ്ഠീ ചന്ദനം മധുയഷ്ടികാ
വൃഷോശീരയുതഃ ക്വാഥഃ ശർക്കരാമധുയോജിതഃ
രക്തപിത്തം ജയത്യുഗ്രം തൃഷ്ണാം ദാഹം ജ്വരം തഥാ

ഹ്രീബേരം=ഇരുവേലി. ധാന്യകം=കൊത്തമല്ലി. ശുണ്ഠി=ചുക്ക്. ചന്ദനം, മധുയഷ്ടികാ=ഇരട്ടിമധുരം. വൃഷം=ആടലോടകവേർ ഉശീരം=രാമച്ചം. ഇവ കഷായംവച്ചു പഞ്ചസാരയും തേനും മേമ്പൊടി ചേർത്തു സേവിക്ക. രക്തപിത്തവും തണ്ണീർദാഹവും സർവാംഗമുള്ള ചുട്ടുനീററലും ജ്വരവും ശമിക്കും. (ഭയം-ര-)

## ൪൦. ഉശീരാദികഷായം

ഉശീരം ചന്ദനം പാഠാ ദ്രാക്ഷാ മധുകപിപ്പലീ
സക്ഷൌദ്രം പായയേത് ക്വാഥം രക്തപിത്തം ഹരേത് ധ്രുവം

ഉശീരം=രാമച്ചം, ചന്ദനം. പാഠാ=പാടത്താളിക്കിഴങ്ങ്. ദ്രാക്ഷാ=മുന്തിരിങ്ങാപ്പഴം. മധുകം=എരട്ടിമധുരം പിപ്പലി=തിപ്പലി. ഇവ സമം കഷായംവച്ചു തേൻ മേമ്പൊടിചേർത്തു സേവിക്ക. രക്തപിത്തം ശമിക്കും.

## ൪൧. ദ്രാക്ഷാദികഷായങ്ങൾ

ദ്രാക്ഷയാ ഫലിനീഭിർവാ ബലയാ നാഗരേണ വാ
ശ്വദംഷ്ട്രയാ ശതാവര്യ്യാ രക്തജിത് സാധിതം പയഃ

ദ്രാക്ഷം=മുന്തിരിങ്ങാപ്പഴം. ഫലിനീ=ഞെഴൽപ്പൂ. ബലം=കുറുന്തോട്ടിവേർ. നാഗരം=ചുക്ക്. ശ്വദംഷ്ട്രം=ഞെരിഞ്ഞിൽ (ഇതിനു നായ്ക്കുരണഅരി എന്നും അർത്ഥമുണ്ട്) ശതാവരിക്കിഴങ്ങ് ഇവ ഓരോന്നുംകൊണ്ടോ ഒരുമിച്ചോ കഷായംവച്ചോ മേൽപറഞ്ഞവ ചേർത്തു പാലുകാച്ചി കുറുക്കിയോ സേവിക്ക. രക്തപിത്തം ശമിക്കും.

## ൪൨. ചന്ദനാദി (൨) കഷായം

ചന്ദനേന്ദ്രയവൌ പാഠാ കടുകാ സമധുരാലഭാ
ഗുളൂചീ വാളകം ലോദ്ധ്രം പിപ്പലീക്ഷൌദ്രസംയുതം
കഫാന്വിതം ജയേദ്രക്തം തൃഷ്ണാകാസജ്വരാപഹം

ചന്ദനം, ഇന്ദ്രയവം=കുടകപ്പാലയരി. പാഠാ=പാടത്താളിക്കിഴങ്ങ്. കടുകാ=കടുകുരോഹിണി. ദുരാലഭാ=കൊടിത്തൂവവേര്, ഗുളൂചി=ചിററമൃത്. വാളകം=ഇരുവേലി. ലോധ്രം=പാച്ചോററിവേർതൊലി. പിപ്പലി=ചെറുതിപ്പലി. ഇവ കഷായംവച്ചു (ചൂർണ്ണമാക്കിയും വിധാനമുണ്ട്.) തേൻ മേമ്പൊടിചേർത്തു സേവിക്ക. രക്തപിത്തം ശമിക്കും. തണ്ണീർദാഹം, കാസം, ജ്വരം ഈ ഉപദ്രവങ്ങളേയും ശമിപ്പിക്കും.

### ൪൬. ശതാവര്യാദികഷായം (വ)

ശതാവരീ ബലാ രാസ്നാ കാശ്മര്യം സപരൂഷകം
പായയേദ്രക്തപിത്താർത്തം സദ്യഃ ശൂലഹരം പരം.

ശതാവരിക്കിഴങ്ങ്. ബലാ=കുറുന്തോട്ടിവേർ. രാസ്നം=ചിററരത്ത. കാശ്മര്യം=കുമിഴിൻവേർ. പരൂഷകം=ചിററീന്തൽവേർ. ഇവകൊണ്ടുള്ള കഷായം രക്തപിത്തത്തെയും വേദനയേയും ഉടൻ ശമിപ്പിക്കും.

### ൪൭. രക്തപിത്തഹരഗണം

മാംസീചന്ദനലോധ്രധാതകിവൃഷോശീരാംബുമോചോല്പലൈഃ
സാമ്രാസ്ഥ്യഞ്ജനദാഡിമാംബുദസമംഗൈലാസിതാവത്സകം
പാഠാജംബുമധൂകപങ്കജരജോ നാഗാഹ്വയൈരന്വിതം
തത്സർവ്വം സകലപ്രകാരവിഹിതം പിത്താസ്രഹാരീ ഗണഃ

മാംസീ=മാഞ്ചി. ചന്ദനം. ലോധ്രം=പാച്ചോററിവേർതൊലി. ധാതകി=താതിരിപ്പൂ. വൃഷം=ആടലോടകം. ഉശീരം=രാമച്ചം. മോചം=വാഴപ്പഴം. ഇലവർങ്ങം. ഉല്പലം=ചെങ്ങഴിനീർ. ആമ്രാസ്ഥി=മാങ്ങഅണ്ടി. അഞ്ജനം=അഞ്ജനക്കല്ല്. ദാഡിമം=മാതളങ്ങാത്തൊണ്ട്. (ഉറുമാമ്പഴത്തോട്) അംബുദം=മുത്തങ്ങാ. സമംഗാ=പടർച്ചുണ്ടവേർ. ഏലം=ഏലത്തരി. സിതാ=പഞ്ചസാര. വത്സകം=കുടകപ്പാലയരി. പാഠാ=പാടത്താളിക്കിഴങ്ങ്. ജംബു=ഞാവൽതൊലി. മധൂകം=ഇലിപ്പക്കാതൽ. പങ്കജരജഃ=താമരപ്പൂമ്പൊടി (അല്ലി) നാഗാഹ്വയം=നാഗപ്പൂ. ഇവയെല്ലാം രക്തപിത്തത്തെ ശമിപ്പിക്കുന്ന ഔഷധങ്ങളാകയാൽ ഇവകൊണ്ടു കഷായവും ഘൃതാദികളും ഉണ്ടാക്കി സേവിപ്പിച്ചാൽ രക്തപിത്തം ശമിക്കും.

## അസൃഗ്ദരത്തിന് (രക്തംപോക്കിന്)

### ൪൮. ഖദിരാദികഷായം

ഖദിരശീതബലാസനശാരിബാ
വൃഷജപാംബുദമോദകവല്ലൂലൈഃ
ജയതി സാമലകൈഃ ശൃതമംബു യത്
പ്രദരമാശു സിതാമധുസംയുതം.

ഖദിരം=കരിങ്ങാലിക്കാതൽ. ശീതം=ചന്ദനം. ബലാ=കുറുന്തോട്ടിവേർ. അസനം=വേങ്ങക്കാതൽ. ശാരിബാ=നറുനീണ്ടിക്കിഴങ്ങ്. വൃഷം=ആടലോടകവേർ. ജപാ=ചെമ്പരുത്തിപ്പൂവ്. അംബുദം=മുത്തങ്ങ. മോദകവല്ലൂലം=ഞാറവേർതൊലി. ആമലകം=നെല്ലിക്കാത്തോട് (നെല്ലിത്തൊലിയുമാകാം) ഇവകൊണ്ടുണ്ടാക്കിയ കഷായം പഞ്ചസാരയും തേനും മേമ്പൊടിചേർത്തുസേവിച്ചാൽ പ്രദരം (രക്തസ്രാവം) ശമിക്കും. അസൃഗ്ദരം, പ്രദരം, എന്ന പേരുകളിൽ പറയുന്നതു അധോഗമനം (കീഴ്പോട്ടുഗതി)ഉള്ള രക്തപിത്തംതന്നെയാണ്,

## ൪൩. മുസ്താമൃതാദികഷായം

മുസ്താമൃതാമധുകചന്ദനസേവ്യവിശ്വാ-
മാഷാഗ്നിമന്ഥകണമുദ്ഗകുലത്ഥചിത്രൈഃ
സിദ്ധാംബുമാക്ഷികയുതം പിബതാം വധൂനാം
നശ്യന്ത്യസൃഗ്ദരഗദം സഹസൈവ ലോകേ.

മുസ്തം=മുത്തങ്ങ, അമൃതം=ചിററമൃതു്, മധുകം=അതിമധുരം. ചന്ദനം. സേവ്യം=രാമച്ചം. വിശ്വം=ചുക്കു് മാഷം=ഉഴുന്നു്. അഗ്നിമന്ഥം=മുഞ്ഞവേരു്. കണം=തിപ്പലി. മുദ്ഗം=ചെറുപയറു് കുലത്ഥം=മുതിര. ചിത്രം=ആവണക്കിൻവേർ, ഇവകൊണ്ടുള്ള കഷായം തേൻ മേൻപൊടിചേർത്തു സേവിക്ക. രക്തസ്രാവം ശമിക്കും,

## ൪൬. മുസലീഖദിരാദികഷായം.

മുസലീഖദിരാമലകത്രികണ്ടജംബൂകരീകഷായഃ
സാസ്ഥിസ്രാവം പ്രദരം പ്രമാഷ്ടി മധുമാൻ പ്രഗേ പീതഃ

മുസലി=നിലപ്പനക്കിഴങ്ങു്. ഖദിരം=കരിങ്ങാലിക്കാതൽ, ആമലകം=നെല്ലിക്കാത്തോടു, ത്രികണ്ടകം=ഞെരിഞ്ഞിൽ. ജംബു=ഞാവൽത്തൊലി. വരീ=ശതാവരിക്കിഴങ്ങു. ഇവകൊണ്ടുള്ള കഷായം തേൻചേർത്തു സേവിക്ക. അസ്ഥിസ്രാവവും രക്തസ്രാവവും ശമിയ്ക്കും.

### ഉപയുക്തങ്ങളായ മററു കഷായങ്ങൾ.

## ൪൭. കൌസമുസ്താഭയാദികഷായം

കൌസമുസ്താഭയാദൂർവാ ഗുളൂചീ ശാരിബാ തിലൈഃ
ശൃതം പയഃ പിബേന്നാരീ പ്രദരാമയശാന്തയേ

കൌസമുസ്തം=കുഴിമുത്തങ്ങ. അഭയം= കടുക്കാത്തോടു്. ദൂർവം=കറുകനാമ്പു്. ഗുളൂചി=ചിററമൃതു്. ശാരിബം=നറുനീണ്ടിക്കിഴങ്ങു്, തിലം=എള്ളു്. ഇവകൊണ്ടുണ്ടാക്കിയ കഷായം സേവിച്ചാൽ അസൃഗ്ദരം ശമിക്കും.

## ൪൮. വാശാദികഷായം

വാശാപാമാർഗ്ഗമത്തിത്തോൽ വരീ സേവ്യം ബലാ തഥാ
സിതാജ്യം ബന്ധുജീവാംഘ്രിപാക്യമേഭിരസൃഗ്ദരേ

വാശം=ആടലോടകവേർ. അപാമാർഗ്ഗം=ചെറുകടലാടി. അത്തിത്തൊലി. വരീ=ശതാവരിക്കിഴങ്ങു്. സേവ്യം=രാമച്ചം. ബലം=കുറുന്തോട്ടിവേർ. ബന്ധുജീവാംഘ്രി=ചെമ്പരത്തിവേർ. ഇവകൊണ്ടുണ്ടാക്കിയ കഷായം. സിതാജ്യം=പഞ്ചസാരയും നെയ്യും മേമ്പൊടിചേർത്തു സേവിക്ക; അസൃഗ്ദരം ശമിക്കും.

## ൫൦. പത്ഥ്യാമലകാദികഷായം.

പത്ഥ്യാമലകവിഭീതകം വിശ്വൌഷധദാർവ്വരജനീനാം
സക്ഷൌദ്രലോധ്രചൂർണ്ണഃ കഷായോ ഹന്ത്യേഷ സർവ്വജം പ്രദരം

പത്ഥ്യം=കടുക്കാത്തോടു്. ആമലകം=നെല്ലിക്കാത്തോടു്. വിഭീതകം=താന്നിക്കാത്തോടു്. വിശ്വൌഷധം=ചുക്കു്. ദാർവ്വ=ദേവതാരം. രജനി=വററുമഞ്ഞൾ. ഇവകൊണ്ടുള്ള കഷായം പാച്ചോററിത്തൊലി ഉണക്കിപ്പൊടിച്ചപൊടിയും തേനും മേമ്പൊടിചേർത്തു സേവിക്ക, ത്രിദോഷജമായ അസൃഗ്ദരവും ശമിക്കും.

# ശ്വാസകാസങ്ങൾക്ക്

## ൭൧. ദശമൂലകട്ടുത്രയം കഷായം

**ദശമൂലകട്ടുത്രയൈയഃ കഷായഃ സവൃഷൈഷരേഷസമാക്ഷികഃ പ്രപീതഃ**
**ശ്വസനാനിലകാസപാർശ്വപൃഷ്ഠത്രികമൂർദ്ധാംസരുജാസു സമ്പ്രദിഷ്ടഃ**

ദശമൂലം=കൂവളവേർ, കുമിഴിൻവേർ, പാതിരിവേർ, പയ്യാഴാന്തവേർ, മുഞ്ഞവേർ, ഓരിലവേർ, മൂവിലവേർ, ചെറുവഴുതിനവേർ, വെൺവഴുതിനവേർ, ഞെരിഞ്ഞിൽ (ഇതിൽ ചെറുവഴുതിനയ്ക്കുപകരം കണ്ടകാരിയും ചേർത്തുവരുന്നതു് പതിവാണ്) കട്ടുത്രയം=ചുക്ക് മുളകു ചെറുതിപ്പലി. വൃഷം=ആടലോടകവേർ. ഇവ കൊണ്ടുള്ള കഷായം മാക്ഷികം=ചെറുതേൻ. മേമ്പൊടിചേർത്തു സേവിക്ക. ശ്വാസരോഗം വായുക്ഷോഭം, ചുമ, വാരിഎല്ലുകളിലും നട്ടെല്ലിലും മുതുകിലും ശിരസ്സിലും മററും ഉണ്ടാകുന്ന വേദനകൾ ഇവയേയും ശമിപ്പിക്കും. ജ്വരത്തിലും മേല്പറഞ്ഞ ഉപദ്രവങ്ങൾക്കും നന്നു്.

## ൭൨. ബലാജീരകാദികഷായം

ബലാജീരകവിലാംബുവൃഷവിശ്വസുരദ്രുമൈഃ
ഗുഹേക്ഷുലാജസഹിതൈർന്നിഷ്ക്വാഥഃ ശ്വാസകാസഹാ

ബലം=കുറുന്തോട്ടിവേർ. ജീരകം വില്വം=കൂവളവേർ. അംബ്വം=മുത്തങ്ങ വൃഷം=ആടലോടകവേർ. സുരദ്രുമം=ദേവതാരം. ഗുഹ=മൂവിലവേർ. ഇക്ഷു=കരിമ്പ്. ലാജം=മലർ. ഇവകൊണ്ടുള്ള കഷായം ശ്വാസകാസങ്ങളെ ശമിപ്പിക്കും.

## ൭൩. കാസമർദ്ദകാദികഷായം

കാസമർദ്ദകവത്സാകവൃഷവില്വൈശ്ച തദ്ഗുണഃ

കാസമർദ്ദകം=പൊന്നാന്തകര(പൊന്നാവീരമെന്ന ദേശ്യം,വേർ. വത്സാകം=ചെറുവഴുതിനവേർ. വൃഷം=ആടലോടകവേർ. വില്വം=കൂവളവേർ ഇവകൊണ്ടുള്ള കഷായവും ശ്വാസകാസങ്ങളെ ശമിപ്പിക്കും.

## ൭൪. ഭാർങ്ഗീകണാദികഷായം.

ഭാർങ്ഗീ കണാ കാസഹരീ ഹരിദ്രാ
വാശാമൃതാ നാഗരധാന്യകാനാം
ക്വാഥോ ജയേച്ഛ്വാസമതിപ്രവൃദ്ധം
ക്ഷണേന തീക്ഷ്ണോത്ഥപരാഗമിശ്രഃ

ഭാർങ്ഗി=ചെറുതേക്കിൻവേരു്. കണം=തിപ്പലി. കാസഹരി=പൊന്നാന്തകരവേരു്. ഹരിദ്രം=മഞ്ഞളും മരമഞ്ഞത്തൊലിയും, വാശം=ആടലോടകവേരു്. അമൃതം=ചിററമൃതു്. നാഗരം=ചുക്കു്. ധാന്യകം=കൊത്തമ്പാലരി. തീക്ഷ്ണോത്ഥപരാഗം=ഉരുക്കുഭസ്മം (ഇതിനു കുരുമുളകുപൊടി എന്നും മതാന്തരം സ്വീകരിച്ചു വരുന്നു.) മേല്പറഞ്ഞവ കഷായംവച്ചു് ഉരുക്കുഭസ്മം മേമ്പൊടിചേർത്തു സേവിക്ക. വർദ്ധിച്ച കാസശ്വാസത്തെ (വലിവിനെ) ശമിപ്പിക്കും.

## ൭൫. വിദാര്യാദികഷായം

വിദാരി പഞ്ചാംഗുലവൃശ്ചികാളീ
വൃശ്ചീവദേവാഹ്വയസൂപ്യപർണ്യഃ

കണ്ഡൂകരീ ജീവനഹ്രസ്വസംജ്ഞേ
ദ്വേ പഞ്ചകേ ഗോപസുതാത്രിപാദീ
വിദാര്യാദിരയം ഹൃദ്യോ ബൃംഹണോ വാതപിത്തഹാ
ശോഷഗുന്മാംഗമർദ്ദോദ്ധ്വശ്വാസകാസഹരോ ഗണഃ

വിദാരി=പാൽമുതക്കിൻകിഴങ്ങ്. പഞ്ചാംഗുലം=ആവണക്കിൻവേർ. വൃശ്ചികാളി=തേക്കിടവേർ. വൃശ്ചീവം=തമിഴാമവേര്. ദേവാഹ്വയം=ദേവതാരം. സൂപ്യപർണ്ണികാം=കാട്ടുഴുന്നിൻവേരും കാട്ടുപയററിൻവേരും. കണ്ഡൂകരി=നായ്ക്കുരുണവേര്. ജീവനഹ്രസ്വസംജ്ഞേ ദ്വേപഞ്ചകേ=ജീവനമെന്നും ഹ്രസ്വമെന്നുംപേരുള്ള രണ്ടു പഞ്ചമൂലങ്ങൾ. ജീവനപഞ്ചമൂലം=ശതാവരിക്കിഴങ്ങ്, കോവൽകിഴങ്ങ്, അടപൊതിയൻകിഴങ്ങ്. ജീവകം ഇടവകം (ഇവയ്ക്കു പകരം മുതക്കിൻകിഴങ്ങ്) ഇവ. ഹ്രസ്വപഞ്ചമൂലം=ഓരിലവേർ, മൂവിലവേർ, വെൺവഴുതിനവേർ, ചെറുവഴുതിനവേർ, ഞെരിഞ്ഞിൽ ഇവ. ഗോപസുതം=നറുനീണ്ടിക്കിഴങ്ങ്. ത്രിപാദി=ചെറുപ്പുള്ളടി (നിലംപരണ്ട എന്നു ദേശ്യം) ഈ വിദാര്യാദിഗണത്തിലെ മരുന്നുകൾ ചേൎത്തുണ്ടാക്കിയ കഷായം ഹൃദയപ്രിയമായിട്ടുള്ളതും ശരീരത്തെ തടിപ്പിക്കുന്നതും, വാതത്തേയും പിത്തത്തേയും ശമിപ്പിക്കുന്നതുമാകുന്നു. ക്ഷയരോഗം (മെലിച്ചിൽ) ഗുന്മരോഗം ശരീരം നുറുങ്ങി നോവുക ഉൎദ്ധ്വശ്വാസം ചുമ ഇവയെ ശമിപ്പിക്കും.

## ൫൩. ബലാക്രുവളാദികഷായം

ബലാ ക്രുവളം മുൽഗവും ചുക്കജാജീ
വൃഷാ ലാജവും ചൂതഞെട്ടും കരിമ്പും
സമംകൊണ്ടു രാത്രൌ കുടിക്കും കഷായം
ശമംചെയ്യമാശ്വാസകാസാരുചീനാം.

ബലാ=കുറുന്തോട്ടിവേര്, ക്രുവളവേർ. മുൽഗം=ചെറുപയറ്, ചുക്ക് അജാജി=ജീരകം. വൃഷാ=ആടലോടകവേര്. ലാജം=മലര്, ചൂതഞെട്ട്=മാവിലയുടെ ഞെട്ട്. കരിമ്പു ഇവകൊണ്ടുണ്ടാക്കുന്ന കഷായം കുടിച്ചാൽ ശ്വാസം, കാസം, അരുചി ഇവ ശമിക്കും.

## ൫൪. വിലാധാന്യാദികഷായം

വിലാവം ധാന്യം കുറുന്തോട്ടിയൊടപി മലരും ചീരകം ചുക്കു മുൽഗം
ചൊല്ലേറും ദാരുജീവന്തികളൊടു കൂടി നീർ പഞ്ചസാരാജ്യമിശ്രം
കൊള്ളുന്നതാകിലുള്ളിൽ പെരിയകുരയടങ്ങും വിലക്കം ച മാറും
തള്ളുന്നിക്കിൾക്കുമുണ്ടാമൊഴിവുകഴിവൊരേങ്ങൽക്കുമുണ്ടാമനേന.

വിലാവം=ക്രുവളവേർ. ധാന്യം=കൊത്തമ്പാലയരി. കുറുന്തോട്ടിവേർ, മലര്, ജീരകം, ചുക്ക്. മുൽഗം=ചെറുപയറ്. ദാരു=ദേവതാരം. ജീവന്തി=അടപൊതിയൻകിഴങ്ങ് ഇവകൊണ്ടുള്ള കഷായം പഞ്ചസാരാജ്യമിശ്രം=പഞ്ചസാരയും പശുവിൻനെയ്യും മേമ്പൊടിചേൎത്തു സേവിക്കുക. എന്നാൽ ചുമ, ഇക്കിൾ, ഏങ്ങൽ മുതലായവ ശമിക്കും.

## ൫൫. ചെറുപയറാദികഷായം.

ചെറുപയറമൃതാ ചുക്കൊടു ബൃഹതീപൊന്നാവരേക്ഷുലാജഫലൈഃ
തൽപലമൊത്തകഷായം ചുമശോഷശ്വാസപീനസം ജയതി

ചെറുപയറ, അമൃതു, ചുക്കു, ബൃഹതി=ചെറുവഴുതിനവേരു, പൊന്നാംതകര വേരു, ഇക്ഷു=കരിമ്പ്. ലാജം=മലർ. ഘനം=മുത്തങ്ങ ഇവകൊണ്ടുള്ള കഷായം ചുമ, ക്ഷയം, വലിവ്, പീനസം ഇവയെ ശമിപ്പിക്കും

## ൯൯. പാണൽവേരാദികഷായം

പാണൽവേരൊട്ടു കരിമ്പു ക്രുവളം
ചേണെഴും മലരൊടിഞ്ചിയെന്നിവ
സാരമായൊരു കഷായമൊണ്ടുപോൽ
ജീരകപ്പൊടിയൊടേങ്ങൽ മാറുവാൻ

പാണൽവേരു (പാഞ്ചിവേരിലെ തൊലി) കരിമ്പു ക്രുവളവേർ മലർ ഇഞ്ചി ഇവകൊണ്ടുള്ള കഷായം ജീരകപ്പൊടി മേൻപൊടിചേർത്തു സേവിച്ചാൽ വലിവു ശമിക്കും.

## ൱. രാമച്ചാദികഷായം

രാമച്ചമംബു ചെറുപൂള കുറുന്തുവെട്ടി
ലാജേക്ഷു ചൂത ചുര വെററിലതൻ പ്രവാളം
ഇഞ്ചി പരിപ്പു ഗൃഹജീരകദാരുയുഷം
നന്നേങ്ങലിക്കിൾ കുര പാർശ്വരുജാസു തേനാൽ.

രാമച്ചം, അംബു=ഇരുവേലി, ചെറുപൂളവേർ, കുറുന്തോട്ടിവേർ. ലാജം=മലർ. ഇക്ഷു=കരിമ്പ്. ചൂതം=മാവിൻതളിർ. ചുര=ചുരക്കഴുത്ത്, തളിർവെററില, ഇഞ്ചി, ചെറുപയററിൻപരിപ്പ്. ഗൃഹം=ഓരിലവേർ, ജീരകം. ദാരു=ദേവതാരം. ഇവകൊണ്ടുണ്ടാക്കുന്ന കഷായം കാസശ്വാസങ്ങൾ, ഇക്കിൾ, പാർശ്വവേദന ഇവയ്ക്കു തേൻ മേമ്പൊടിചേർത്തു സേവിക്കുക, ശമിക്കും.

## ൱൧. കരിംകുറിഞ്ഞിയാദികഷായം

കരിംകുറിഞ്ഞി വരണം മുമ്മൂന്നാക കഴഞ്ചിവ
ദേവതാരം കഴഞ്ചാറായ് ക്വാഥഃ പേയോയമേങ്ങലിൽ.

കരിംകുറിഞ്ഞിവേർ, വരണം=നീർമാതളത്തിൻവേർതൊലി ഇവ മൂന്നുകഴഞ്ചുവീതം. ദേവതാരം കഴഞ്ചാറ്. ഇങ്ങനെ കഷായംവച്ചു സേവിച്ചാൽ ഏങ്ങൽ (വലിവു) ശമിക്കും.

## ൱൨. ഓരിലാദികഷായം

ഓരില മൂവില വഴുതിന വാശാവീരാ വരീ ച ജീവന്തി
ഇഞ്ചിയുമെന്നികഷായം നെയ്ജീരകവൽ കുടിക്കിലേങ്ങലറും.

ഓരിലവേർ, മൂവിലവേർ, ചെറുവഴുതിനവേർ. വാശാ=ആടലോടകവേർ. അവീരാ=പൊന്നാംതകരവേർ. വരീ=ശതാവരിക്കിഴങ്ങ്. ജീവന്തി=അടപൊതിയൻകിഴങ്ങ്, ഇഞ്ചി ഇവകൊണ്ടുണ്ടാക്കുന്ന കഷായം, നെയ്യും ജീരകപ്പൊടിയും മേമ്പൊടിചേർത്തു സേവിക്കുക ഏങ്ങൽ ശമിക്കും.

# ഇക്കിളിനു് (എക്കിട്ടത്തിനു്)

## ൩൬. അഗ്നിമന്ഥാദികഷായം

**അഗ്നിമന്ഥബലൈരണ്ഡഭാർങ്ഗീ കുഷ്ഠമഹൌഷധൈഃ**
**പിബേൽ പ്രകഥിതം തോയം ഹിധ്മാരുക്ശ്വാസകാസവാൻ**

അഗ്നിമന്ഥം=മുഞ്ഞവേരു്. ബലം=കുറുന്തോട്ടിവേർ. ഏരണ്ഡം=വെളുത്താവണക്കിൻവേരു. ഭാർങ്ഗി=ചെറുതേക്കിൻവേരു്. കുഷ്ഠം=കൊട്ടം. മഹൌഷധം=ചുക്കു ഇവകൊണ്ടു കഷായംവെച്ചു സേവിക്കുക. ഇക്കിൾ, നെഞ്ചുവേദന, ശ്വാസം ഇവ ശമിക്കും.

## ൩൭. ദശമൂലവിശ്വാദികഷായം

**ദശമൂലവിശ്വാലശുനൈഃ ക്വാഥഞ്ച ക്ഷീരസംയുതം.**

ദശമൂലം=കൂവളവേർ, കുമിഴിൻവേർ, പാതിരിവേർ, പയ്യാഴാന്തവേർ (പലകപ്പയ്യാനി) മുഞ്ഞവേർ, ചെറുവഴുതിനവേർ, വെൺവഴുതിനവേർ, ഓരിലവേർ, മൂവിലവേർ, ഞെരിഞ്ഞിൽ, വിശ്വം=ചുക്കു്. ലശുനം=വെളുള്ളി ഇവകൊണ്ടു കഷായം വെച്ചു പിഴിഞ്ഞരിച്ചു് പാൽ ചേർത്തു കുറുക്കി സേവിക്കുക. ഇക്കിൾ ശമിക്കും.

## ൩൮. ആവീരവചാദികഷായം

**ആവീരവചാ ഭാർങ്ഗീ യഷ്ടീ ഘനപാചിതേന തോയേന**
**പാല്ക്കഞ്ഞി യക്ഷ്മവിഹിതാ ഹിക്കാമചിരേണ ഹന്തി തീവ്രതരാം.**

ആവീരം=പൊന്നാന്തകരവേരു്. (ആവീരക്കരു എന്നും ചിലർ വ്യാഖ്യാനിക്കുന്നു) വചം=വയമ്പു്. ഭാർങ്ഗീ=ചെറുതേക്കിൻവേരു. യഷ്ടി=ഇരട്ടിമധുരം. ഘനം=മുത്തങ്ങാ. ഇവകൊണ്ടുണ്ടാക്കിയ കഷായത്തിൽ ഉണ്ടാക്കിയ പാൽക്കഞ്ഞി രാജയക്ഷ്മാരോഗിക്കുണ്ടായ ഇക്കിൾ ശമിപ്പിക്കും.

## ൩൯. കുലത്ഥാദികഷായം

**കുലത്ഥയവകോലാംബു ദശമൂലബലാജലം**
**പാനാർത്ഥം കല്പയേൽ ശ്വാസഹിക്കാകാസപ്രശാന്തയേ.**

കുലത്ഥം=മുതിര. യവം=യവധാന്യം. കോലം=ലന്തക്കുരു. അംബു=ഇരുവേലി. ദശമൂലം=കൂവളവേർ, കുമിഴിൻവേർ, പയ്യാഴാന്തവേർ, പാതിരിവേർ, മുഞ്ഞവേർ, ഓരിലവേർ, മൂവിലവേർ, ചെറുവഴുതിനവേർ, വെൾവഴുതിനവേർ, ഞെരിഞ്ഞിൽ ബലാ=കുറുന്തോട്ടിവേർ. ഇവകൊണ്ടുണ്ടാക്കിയ കഷായം വലിവു്, ഇക്കിൾ ചുമ ഇവകൾ ശമിപ്പിക്കും.

# രാജയക്ഷ്മാവിനു്

## ൪൦ പുനർന്നവാദികഷായം

**പുനർന്നവാ ബലാ ചവ്യസ്ഥിരാ പിപ്പലി ഗോക്ഷുരൈഃ**
**ജീവന്ത്യാ ച ശൃതം തോയം പുഷ്ടികൃത് ക്ഷയനാശനം.**

പുനർന്നവം=തമിഴാമവേരു്. ബലം=കുറുന്തോട്ടിവേരു. ചവ്യം=കാട്ടുമുളകിൻവേരു്. സ്ഥിരം=ഓരിലവേരു്. പിപ്പലി=തിപ്പലി. ഗോക്ഷുരം=ഞെരിഞ്ഞിൽ. ജീവന്തി=അടപൊതിയൻകിഴങ്ങു്. ഇവകൊണ്ടുണ്ടാക്കുന്ന കഷായം ശരീരപോഷണത്തെ ഉണ്ടാക്കി ക്ഷയത്തിനെ നശിപ്പിക്കും.

## ൯൰൮. അമൃതാദശമൂലാദികഷായം.

അമൃതാദശമൂലദാരുഭാർങ്ഗീ
വൃഷവൃശ്ചീവപയോദധന്വയാസൈഃ
സ ബലൈശ്ചിരവില്വപഞ്ചകോലൈർ-
മധുനാ ഹന്തി നൃപാമയം കഷായഃ.

അമൃത്=ചിററമൃത്. ദശമൂലം=കൂവളത്തിൻവേരു്, കുമിഴിൻവേരു്, പാതിരിവേരു്, പയ്യാഴാന്തവേരു്, മുഞ്ഞവേരു്, ഓരിലവേരു്, മൂവിലവേരു് ചെറുവഴുതിനവേരു്, വെൺവഴുതിനവേരു്, ഞെരിഞ്ഞിൽ. ദാരു=ദേവതാരം. ഭാർങ്ഗീ=ചെറുതേക്കിൻവേരു്. വൃഷം=ആടലോടകവേരു്. വൃശ്ചീവം=തമിഴാമവേരു്. പയോദം=മുത്തങ്ങ. ധന്വയാസം=കൊടിത്തൂവവേരു്. ബലം=കുറന്തോട്ടിവേരു്. ചിരവില്വം=ആവിൽതൊലി. പഞ്ചകോലം=കാട്ടുതിപ്പലിവേരു്, കാട്ടുമുളകിൻവേരു്, കൊടുവേലിക്കിഴങ്ങു്, ചുക്കു്, തിപ്പലി ഇവകൊണ്ടുള്ള കഷായം തേൻചേർത്തു സേവിച്ചാൽ രാജയക്ഷ്മാവു് ശമിക്കും.

## ൯൰൯. ഏലാകണാദികഷായം

ഏലാ കണാ മധുരനാഗരകാബ്ദവാശാ
നിംബാമൃതാംബുദശമൂലശൃതഃ കഷായഃ
ലാക്ഷാ സിതാ മധുകജീരകസമ്പ്രയുക്തോ
യക്ഷ്മാണമാശു വിനിഹന്തി മധുപ്രഗാഢഃ.

ഏലം=ഏലത്തരി. കണം=തിപ്പലി. മധുകം=ഇരട്ടിമധുരം. നാഗരകം=ചുക്കു്. അബ്ദം=മുത്തങ്ങാക്കിഴങ്ങു്. വാശം=ആടലോടകവേരു്. നിംബം=വേപ്പിൻതൊലി. അമൃതാ=ചിററമൃതു്. അംബു=ഇരുവേലി. ദശമൂലം=കൂവളം, കുമിഴു്, പാതിരി, പയ്യാഴാന്ത, മുഞ്ഞ, ഓരില, മൂവില, വെൺവഴുതിന, ചെറുവഴുതിന ഇവയുടെ വേർ. ഞെരിഞ്ഞിൽ ഇവകൊണ്ടുള്ള കഷായം, കോലരക്കിൻപൊടി, പഞ്ചസാര, എരട്ടിമധുരപ്പൊടി, ജീരകപ്പൊടി, തേൻ ഇവ കലത്തി സേവിക്കുക. രാജയക്ഷ്മാവു ശമിക്കും.

## ൱. വില്വാമൃതാദികഷായം

വില്വാമൃതാ പടവലം ചെറുതേക്ക ചോരം
പൊന്നാവരം വഴുതിനാ മുകിൽ ദാരു വിശ്വൈഃ
വാശാ ത്രികണ്ടകയുതൈഃ സുശൃതം കഷായം
സംശോഷയേൽ സപദി ശോഷവികാരമെല്ലാം.

വില്വം=കൂവളവേർ. അമൃതു്, പടവലം, ചെറുതേക്കിൻവേരു്. ചോരം=കച്ചോലം, പൊന്നാവരംവേർ, വഴുതിനവേർ. മുകിൽ=മുത്തങ്ങ. ദാരു=ദേവതാരം. വിശ്വം=ചുക്കു്. വാശം=ആടലോടകവേരു്. ത്രികണ്ടകം=ഞെരിഞ്ഞിൽ. ഇവകൊണ്ടുള്ള കഷായം രാജയക്ഷ്മാവിനെയും ഉപദ്രവവ്യാധികളെയും ശമിപ്പിക്കും. ഈ കഷായം ആട്ടിൻപാൽചേർത്തു കുറുക്കിസേവിച്ചാൽ വളരെ ഫലപ്രദമാകുന്നു.

## ൱൧. ആടലോടാദികഷായം

ആടലോടം കൊടിത്തൂവ പുത്തരിച്ചുണ്ട വഹ്നിയും
കോടാശാരി വയമ്പും നല്ലുഴിഞ്ഞാ ചുക്ക ജീരകം
തിപ്പലീ മധുകം പിന്നെയരിയാറും കടുക്കയും

ഇവകൊണ്ടു കഷായംവച്ചിന്തുപ്പിട്ടു കുടിക്കിലോ
ചുമയും പനിയുംപിന്നെ പഴപ്പും പാൎശ്വപീഡയും
ഇവയെല്ലാം ശമിച്ചീടും കൈകണ്ടെന്നിതു നിൎണ്ണയം.

ആടലോടകവേർ, കൊടിത്തുവവേർ, പുത്തരിച്ചുണ്ടവേർ. വഹ്നി=കൊടുവേലിക്കിഴങ്ങ് കോടാശാരിവേർ, വയമ്പ്, ഉഴിഞ്ഞവേർ, ചുക്ക്, ജീരകം, തിപ്പലി. മധുകം=എരട്ടിമധുരം. അരിവകയാവ്=കുടകപ്പാലയരി, കാർകോകിലരി, ചെറുപ്പുന്നയരി, വിഴാലരിക്കാമ്പ്, കൊത്തമ്പാലരി, ഏലത്തരി. കടുക്കാത്തോട് ഇവ കൊണ്ടുണ്ടാക്കുന്ന കഷായത്തിൽ ഇന്തുപ്പു മേമ്പൊടിചേൎത്തു സേവിക്ക. ചുമ, പനി, നെഞ്ഞുപഴപ്പ്, പാൎശ്വവേദന ഇവ ശമിക്കും.

## സ്വരസാദത്തിന്

### വെ. ശുണ്ഠീരാസ്നാദികഷായം

ശുണ്ഠീരാസ്നാകണാജോംഗ വാശാക്വാഥോഘൃതാന്വിതഃ
സ കണം ദശമൂലം വാ സ്വരഭേദേഽനിലോത്ഥിതേ.

ശുണ്ഠി=ചുക്ക്. രാസ്നാ=ചിററരത്ത. കണാ=തിപ്പലി. ജോംഗം=അകിൽ. വാശാ=ആടലോടകത്തിൻവേര്. ഇവ കൊണ്ടുള്ള കഷായം നെയ്യ് മേമ്പൊടിചേൎത്തു സേവിക്കുക. ദശമൂലകഷായം തിപ്പലിപ്പൊടിചേൎത്തു സേവിക്കുക. ഇവ രണ്ടും വാതജമായ സ്വരസാദം (ഒച്ചയടപ്പ്) ശമിപ്പിക്കും.

### നെ. ത്രിജാതാദികഷായം

ത്രിജാതത്രികടുവ്യാഘ്രീഭാൎങ്ഗീക്വാഥോമധൂൽക്കടഃ
കഫജാരുചിഹൃല്ലാസപ്രസേകസ്വരസാദനുത്.

ത്രിജാതം=ഏലം, ഇലവൎങ്ഗം, പച്ചില. ത്രികടുക്=ചുക്ക് മുളക്, തിപ്പലി. വ്യാഘ്രീ=ചെറുവഴുതിനവേര്. ഭാൎങ്ഗീ=ചെറുതേക്കിൻവേര് ഇവകൊണ്ടുള്ള കഷായം കഫംകൊണ്ടുണ്ടാകുന്ന അരുചി, നെഞ്ഞുകലിപ്പ്, വായിൽ വെള്ളമൂറുക, ഒച്ചയടപ്പ് ഇവ ശമിപ്പിക്കും.

### റെ. ദ്രാക്ഷാകൃഷ്ണാദികഷായം

ദ്രാക്ഷാ കൃഷ്ണാ വൃഷൈരംബു പിത്തജസ്വരസാദനുത്

ദ്രാക്ഷാ=മുന്തിരിങ്ങാപ്പഴം. കൃഷ്ണാ=തിപ്പലി, വൃഷം=ആടലോടകവേര്. അംബു=ഇരുവേലി ഇവകൊണ്ടുള്ള കഷായം പിത്തജമായ സ്വരസാദം ശമിപ്പിക്കും.

## അരുചിക്ക്

### ഒ. ആമ്രപല്ലവാദികഷായം

ആമ്രപല്ലവതദ്വൃന്തവില്വലാജാൎദ്രകേക്ഷുഭിഃ
കേസരൈൎമാതുലുംഗസ്യ യുക്തഃ ക്വാഥോഽരുചിം ഹരേത്

ആമ്രപല്ലവം=മാവിൻതളിർ. തദ്വൃന്തം=മാവിലഞെട്ട്. വില്വം=കൂവളവേർ. ലാജം=മലര്. ആൎദ്രകം=ഇഞ്ചി. മാതുലുംഗസ്യകേസരം=മാതളങ്ങയുടെ (ഉറുമാമ്പഴം) അല്ലി, ഇവകൊണ്ടുള്ള കഷായം അരുചിയെ ശമിപ്പിക്കും.

## ന്നൃ. വരീകരിമ്പാദികഷായം

**വരീ കരിമ്പാമലകം മുതക്കം പിഴിഞ്ഞു ചാർങ്ങേരിയൊടിഞ്ചിക്കൂട്ടി**
**ത്രിപത്രിത്രുവാ കടലാടിതീയും കഷായമാക്ക്രു രുചികേടുമാറും.**

വരീ=ശതാവരിക്കിഴങ്ങ്, കരിമ്പ് ആമലകം=നെല്ലിക്കാത്തോട്, മുതക്കിൻ കിഴങ്ങ്, പുളിയാരൽ, ഇഞ്ചി ഇവററിന്റെ നീരെടുത്തു ഒന്നരത്തുടം സേവിക്കുക. മൂവിലവേർ, കൊടിത്തൂവവേരു, കടലാടിവേര്, കോട്ടുവേലിക്കിഴങ്ങു (ശുദ്ധി) ഇവ കഷായമാക്കി സേവിക്കുക. അരുചി ശമിക്കും. അഥവാ സ്വരസമായിട്ടല്ലാതെ മേൽ പറഞ്ഞവയെല്ലാംതന്നെ കഷായമാക്കി സേവിക്കുകയുമാകാം.

# ഭക്തരോധത്തിന്

## ൈ. വിശ്വാബ്ദാദികഷായം

**വിശ്വാബ്ദലാക്ഷാതിബലാ ബലാ ക്വാഥഃ സമാക്ഷികഃ**
**രാസ്നാകണാചൂർണ്ണയുക്തോ ഭക്തരോധനിരോധകഃ**

വിശ്വം=ചുക്ക്. അബ്ദം=മുത്തങ്ങാ. ലാക്ഷാ=കോലരക്ക്. അതിബലം=ആനക്കുറുന്തോട്ടിവേര് (ഊരപ്പൻ) ബലം=കുറുന്തോട്ടിവേര്. ഇവ കഷായംവച്ചു മാക്ഷികം=ചെറുതേൻ. രാസ്നാകണാചൂർണ്ണം=ചിററരത്തയുടെയും ചെറുതിപ്പലിയുടെയും പൊടി ഇവ മേമ്പൊടിചേർത്തു സേവിക്കുക. ഭക്തരോധം ശമിക്കും.

## ൬ൃ. ബലാശതാവര്യ്യാദികഷായം

**ബലാ ശതാവരീ ദ്രാക്ഷാ വില്വമൂലത്രികണ്ടകൈഃ**
**സ ഡാഡിമൈഃ കൃതം തോയം ഭക്തദ്വേഷനിവാരണം**

ബലം=കുറുന്തോട്ടിവേര്, ശതാവരിക്കിഴങ്ങ്. ദ്രാക്ഷാ=മുന്തിരിങ്ങ, വില്വമൂലം=കൂവളവേർ, ത്രികണ്ടകം=ഞെരിഞ്ഞിൽ. ഡാഡിമം=മാതളക്കായ് (ഉറുമാമ്പഴം) ഇവകൊണ്ടുള്ള കഷായം ഭക്തരോധം ശമിപ്പിക്കും.

## ൻ പഞ്ചപഞ്ചമൂലകഷായം

**പഞ്ചാനാം പഞ്ചമൂലാനാം കഷായേണ ശൃതം പയഃ**
**ആജം മധുസിതായുക്തം ഭക്തരോധനിരോധനം**

പഞ്ചാനാം പഞ്ചമൂലാനാം=അഞ്ചു പഞ്ചമൂലങ്ങളുടെ കഷായത്തിൽ ആട്ടിൻ പാൽചേർത്തു കുറുക്കി പഞ്ചസാരയും തേനും മേമ്പൊടിചേർത്തു സേവിക്കുക. ഭക്തരോധം ശമിക്കും.

### അഞ്ചു പഞ്ചമൂലങ്ങൾ

൧. മഹൽപഞ്ചമൂലം=കൂവളം, കുമ്പിൾ, പാതിരി, പയ്യാഴാന്ത, മുഞ്ഞ ഇവയുടെ വേർ.

൨. ഹ്രസ്വപഞ്ചമൂലം=ഓരില, മൂവില, വെൾവഴുതിന, ചെറുവഴുതിന ഇവയുടെ വേർ, ഞെരിഞ്ഞിൽ.

൩. മധ്യമപഞ്ചമൂലം=കുറുന്തോട്ടിവേര്, തമിഴാമവേര്, ആവണക്കിൻവേര്, കാട്ടുഴുന്നിൻവേര്, കാട്ടുപയററിൻവേര്.

൪. ജീവനപഞ്ചമൂലം=ശതാവരി, കോവൽ അടപൊതിയൻ ഇവയുടെ കിഴങ്ങു, ജീവകവും ഇടവകവും.

൫. തൃണപഞ്ചമൂലം=ദർഭവേര്, ആററുദർഭവേര്, കരിമ്പിൻവേർ, അമവേർ, വരിനെല്ലിൻവേർ.

### ൮൦. പുനർന്നവൈരണ്ഡാദികഷായം

പുനർന്നവൈരണ്ഡബലാ ശുണ്ഠീഗോക്ഷുരസാധിതാ
അജാക്ഷീരാന്വിതാ പേയാ ഭക്തരോധനിരോധിനീ

പുനർന്നവം=തമിഴാമവേര്, ഏരണ്ഡം=വെള്ളാവണക്കിൻവേര്. ബലാ=കുറുന്തോട്ടിവേര്. ശുണ്ഠി=ചുക്ക്. ഗോക്ഷുരം=ഞെരിഞ്ഞിൽ ഇവ കഷായംവെച്ച് അതിൽ ആട്ടിൻപാൽ ചേർത്തു കഞ്ഞിവെച്ചു കുടിച്ചാൽ ഭക്തരോധം ശമിക്കും.

## ഛർദ്ദികൾ

### ൮൧. വില്വാദികഷായം

വില്വധാന്യകബലാമഹൗഷധൈഃ
ലാജമുൽഗസഹിതൈഃ ശൃതം ജലം
ഛർദ്ദിമാശു പിബതസ്സശർക്കരം
ഹന്തി വാതകഫപിത്തജാമപി

വില്വം=കൂവളവേര്. ധാന്യകം=കൊത്തമ്പാലരി. ബലാ=കുറുന്തോട്ടിവേര്. മഹൗഷധം=ചുക്ക്. ലാജം=മലർ. മുൽഗം=ചെറുപയറ്. ഇവകൊണ്ടുള്ള കഷായം പഞ്ചസാരചേർത്തു സേവിച്ചാൽ ത്രിദോഷങ്ങളായ എല്ലാം ഛർദ്ദികളും ശമിക്കും.

### ൮൨. ജംബ്വാമ്രപല്ലവാദികഷായം

ജംബ്വാമ്രപല്ലവാംഭോദവാളോശീരമഹൗഷധൈഃ
നിക്വാഥോ മധുമാൻമാക്ഷു ഹിനസ്തി ഛർദ്ദ്യസൃക്സ്രുതിം

ജംബ്വാമ്രപല്ലവങ്ങൾ=ഞാവൽതളിരും മാവിൻതളിരും. അംഭോദം=മുത്തങ്ങാ. വാളം=ഇരുവേലി ഉശീരം=രാമച്ചം. മഹൗഷധം=ചുക്ക്. ഇവകൊണ്ടുള്ള കഷായം തേൻചേർത്തു സേവിച്ചാൽ ഛർദ്ദിയും അതോടുകൂടിയുള്ള രക്തസ്രവണവും ശമിക്കും.

### ൮൩. മുൽഗാദികഷായം

കഷായോ ഭ്രഷ്ടമുൽഗാനാം സ ലാജമധുശർക്കരഃ
ഛർദ്ദ്യതീസാരദാഹഘ്നോ ജ്വരഘ്നഃ സമ്പ്രകാശിതഃ

ഭ്രഷ്ടമുൽഗം=വറുത്ത ചെറുപയററിൻപരിപ്പ്. ലാജം=മലര്. മധു=തേൻ. ശർക്കര=പഞ്ചസാര. വറുത്ത ചെറുപയർകൊണ്ടു കഷായംവെച്ച് മലർപ്പൊടിയും തേനും പഞ്ചസാരയുംചേർത്തു സേവിച്ചാൽ ഛർദ്ദി, അതിസാരം, ചുട്ടുനീററൽ, ജ്വരം ഇവ ശമിക്കും.

### ൮൪ പർപ്പടകഷായം.

ക്വാഥഃ പർപ്പടജഃ പീതഃ സക്ഷൗദ്രഃ ശിശിരീകൃതഃ
പിത്തഛർദ്ദിം ശിരസ്താപം ചക്ഷുർദ്ദാഹം വ്യപോഹതി.

പർപ്പടകപ്പുല്ലിൻനീര് (പർപ്പടകപ്പുല്ലു കഷായംവെച്ച്) തേൻചേർത്തു സേവിച്ചാൽ പിത്തംകൊണ്ടുണ്ടായ ഛർദ്ദിയും അതുകൊണ്ടുള്ള തലവേദനയും കണ്ണുചുടിച്ചിലും ശമിക്കും.

### ൮൫. വിലപകഷായം.

വിലപാൽ പലം മുതൽ ചതച്ചുരുനാഴിനീരിൽ
പാൽ നാഴി ചേൎത്തു നല മാട്ട കുറുക്കിവെന്തു്
നാഴുരിയാക്കിയരിച്ചഥ ലാജമിട്ടു
വേകിച്ചു ജീരകയുതം വമിഹൃത് കഷായം.

ക്രുവളവേർ പലം ഒന്നു്. ചതച്ചു ഒന്നരയിടങ്ങഴി വെള്ളത്തിൽ കഷായംവച്ചു നാഴിയാക്കി പിഴിഞ്ഞരിച്ചു നാഴി പാൽചേൎത്തു വററിച്ചു നാഴൂരിയാക്കി മലർപ്പൊടിയും ജീരകപ്പൊടിയുംചേൎത്തു സേവിക്കുക. ഛർദ്ദി ശമിക്കും.

## ഹൃദ്രോഗത്തിനു്.

### ൮൬ ധാന്യാകാദികഷായം.

ധാന്യാകശുണ്ഠീ സുരദാരു ചിത്രാ
ബലേക്ഷുവിലൈഃ പരിപാകപമംഭഃ
സസൈന്ധവം ഹൃൽഗദകോഷ്ഠവാത-
ഗുന്മപ്ലിഹാപാൎശ്വരുജാസു ശസ്തം.

ധാന്യാകം=കൊത്തമ്പാലരി. ശുണ്ഠി=ചുക്കു്. സുരദാരു=ദേവതാരം. ചിത്രാ=ആവണക്കിൻവേരു്. ബലം=കുറുന്തോട്ടിവേരു്. ഇക്ഷു=കരിമ്പിൻവേരു്. വിലപം=ക്രുവളവേരു്. ഇവകൊണ്ടുകഷായംവച്ചു സൈന്ധവം=ഇന്തുപ്പു മേമ്പൊടിചേൎത്തു സേവിക്കുക. ഹൃദ്രോഗം, കോഷ്ഠാശ്രിതമായ വാതം, ഗുന്മം, പ്ലീഹ, പാൎശ്വവേദന ഇവ ശമിക്കും.

### ൮൭. മാഷദാൎവ്വാദികഷായം

മാഷദാരുബലാകപാഥഃ സതൈലശ്ച തഥാ ഹിതഃ

മാഷം=ഉഴുന്നു്. ദാരു=ദേവതാരം. ബലാ=കുറുന്തോട്ടിവേരു്. ഇവകൊണ്ടുള്ള കഷായം ഹൃദ്രോഗം ശമിപ്പിക്കും.

### ൮൮. പുഷ്കരാഹ്വാദികഷായം.

പുഷ്കരാഹ്വാഭയാ ശുണ്ഠീ ഷഡ്ധീ രാസ്നാ വചാ കണാ
മാഷദാരുബലാസിദ്ധഃ കപാഥോയം ഹന്തി ഹൃദ്രുജം

പുഷ്കരമൂലം. അഭയം=കടുക്കാത്തോടു്. ശുണ്ഠി=ചുക്കു്. ഷഡ്ധീ=കച്ചോലം. രാസ്നം=ചിററരത്ത. വചം=വയമ്പു്. കണം=തിപ്പലി. മാഷം=ഉഴുന്നു്. ദാരു=ദേവതാരം. ബലം=കുറുന്തോട്ടി. ഈ കഷായം ഹൃദ്രോഗത്തെ ശമിപ്പിക്കും.

## തൃഷ്ണയ്ക്കു്

### ൮൯. ശാരിബാദികഷായം.

ശാരിബോശീരകാശ്മൎയ്യമധൂകശിശിരദ്വയം
യഷ്ടീ പരൂഷകം ഹന്തി ദാഹപിത്താസ്രതൃഡ്ജ്വരാൻ.

ശാരിബാം=നറുനീണ്ടിക്കിഴങ്ങ്. ഉശീരം=രാമച്ചം. കാശ്മര്യം=കുമിഴിൻവേര്. മധൂകം=ഇലിപ്പക്കാതൽ. ശിശിരദ്വയം=ചന്ദനവും രക്തചന്ദനവും. യഷ്ടി=ഇരട്ടിമധുരം പരൂഷകം=ചിററീന്തൻവേര്. ഇവകൊണ്ടുള്ള കഷായം സർവ്വാംഗസന്താപം, രക്തപിത്തം, തണ്ണീർദാഹം, ജ്വരം ഇവയെ ശമിപ്പിക്കും.

### ൯൦. ധാന്യാകകൃഷ്ണാദികഷായം.

ധാന്യാകകൃഷ്ണാ തൃണപഞ്ചമൂലം
ശതാവരി കോലയവാഷകാനാം
സുശീതളം വാര്യ്യനിവാര്യ്യവീര്യ്യം
നിവാരയേൽ പിത്തതൃഷം സിതാഢ്യം.

ധാന്യാകം=കൊത്തമ്പാലരി. കൃഷ്ണം=തിപ്പലി. തൃണപഞ്ചമൂലം=ദർഭവേര്, ആറവുദർഭവേര്, അമവേര്, കരിമ്പിൻവേര്, വരിനെല്ലിൻവേര്, ശതാവരിക്കിഴങ്ങ്. കോലം=ലന്തക്കുരു. യവാഷകം=കൊടിത്തൂവവേര്. ഇവകൊണ്ടു കഷായംവെച്ചു തണുപ്പിച്ചു പഞ്ചസാരചേർത്തു സേവിച്ചാൽ പിത്തംകൊണ്ടുണ്ടായ അത്യുഗ്രമായ വെള്ളദാഹം ശമിക്കും.

### മററു പാനയോഗങ്ങൾ

പിബേജ്ജ്വരോക്തം ദ്രാക്ഷാദിം ശാരിബാദിഗണാംബു ച
വിദാര്യ്യാദി ഗണേനാപി സിദ്ധം തൃഷ്ണാപ്രപീഡിതഃ

ജ്വരചികിത്സയിൽപറഞ്ഞ (൩-ാംയോഗത്തിൽ) ദ്രാക്ഷാദികഷായവും (൮൯-ാംയോഗം) ശാരിബാദിഗണംകൊണ്ടുണ്ടാക്കിയ കഷായവും (൭൭-ാംയോഗം) വിദാര്യ്യാദികഷായവും തൃഷ്ണയെ ശമിപ്പിക്കും.

മാടോട്ടുചുട്ടനലസന്നിഭമായനേരം
ക്ഷിപ്ത്വാ ച നീരിലതു പാതി കുറഞ്ഞവാറേ
ലാജാ സിതാ മധുയുതം കുളിരേ കുടിച്ചാൽ
തീവ്രാപിനാത്തുവരിയങ്ങു വിരഞ്ഞുതീരും.

മാടോടു പഴുപ്പിച്ചു വെള്ളത്തിൽ വീണ്ടും വീണ്ടും ഇടുക. ആ ചൂടുകൊണ്ടു വെള്ളം പകുതി വററിയാൽ എടുത്തരിച്ചു് തണുത്തശേഷം മലർപ്പൊടിയും പഞ്ചസാരയും തേനുംകൂട്ടി സേവിക്ക. ഭയങ്കരമായ നാവുവറാച്ചയും ശമിക്കും.

## മദാത്യയത്തിനു്

### ൯൧. മൃദ്വീകാദികഷായം

മൃദ്വീകാ മധുകമധൂകപിപ്പലീഭിഃ
ഖർജ്ജൂരൈർമലയജശാരിബാബ്ദലാജൈഃ
സോശീരൈഃ ശൃതമഥവാ സുശീതമംഭഃ
തൃൺമൂർച്ഛാ മദമതിവിഭ്രമാൻ നിരസ്യേത്.

മൃദ്വീകം=മുന്തിരിങ്ങാപ്പഴം. മധുകം=ഇരട്ടിമധുരം. മധൂകം=ഇലിപ്പക്കാതൽ പിപ്പലി=തിപ്പലി. ഖർജ്ജൂരം=ഈത്തപ്പഴം. മലയജം=ചന്ദനം. ശാരിബാം=നറുനീണ്ടിക്കിഴങ്ങ്. അബ്ദം=മുത്തങ്ങാ. ലാജം=മലര്. ഉശീരം=രാമച്ചം. ഇവകൊണ്ടുണ്ടാക്കിയ കഷായം തണുത്തിട്ടു സേവിക്കുക. തൃഷ്ണ, മോഹാലസ്യം, മദം, മനോവിഭ്രമം ഇവ ശമിക്കും.

## ൯൨. ത്വങ്നാഗപുഷ്പാദികഷായം

ത്വങ്നാഗപുഷ്പമഗധാ മരിചാജാജിധാന്യകൈഃ
പരുഷകമധൂകൈലാ സുരാഹ്വൈശ്ച സിതാന്വിതൈഃ
സകപിത്ഥരസം ഹൃദ്യം പാനകം ശിശിരോധിതം
മദാത്യയേഷു സർവ്വേഷു പേയം രുച്യഗ്നിദീപനം

ത്വക്=ഇലവർങ്ഗം. നാഗപുഷ്പം=നാഗപ്പൂ മഗധം=തിപ്പലി മരിചം=കുരുമുളക്. അജാജീ=ജീരകം. ധാന്യകം=കൊത്തമ്പാലരി. പരുഷകം=ചിററീന്തൽവേരു്. മധൂകം=ഇലിപ്പക്കാതൽ. ഏല=ഏലത്തരി. സുരാഹ്വം=ദേവതാരം. ഇവകൊണ്ട കഷായംവച്ചു പഞ്ചസാരയും പിളാർമരത്തിൻപഴത്തിൻനീരും കർപ്പൂരവുംചേത്തു സേവിക്കുക. എല്ലാ മദാത്യയങ്ങളും ശമിക്കും. രുചിയും അഗ്നിദീപ്തിയും വരുത്തും.

## ൯൩. മഹൌഷധാദികഷായം

മഹൌഷധാമൃതാദ്രാക്ഷാ പുഷ്കരഗ്രന്ഥികോത്ഭവം
പിബേൽ കണായുതം ക്വാഥം മൂർച്ഛായാഞ്ച മദേഷു ച.

മഹൌഷധം=ചുക്ക് അമൃതം=ചിററമൃതു്. ദ്രാക്ഷാം=മുന്തിരിങ്ങാപ്പഴം. പുഷ്കരം=പുഷ്കരമൂലവേർ. ഗ്രന്ഥികം=കാട്ടുതിപ്പലിവേരു്. ഇവകൊണ്ടുള്ള കഷായം, കണായുതം=ചെറുതിപ്പലിപ്പൊടിചേത്തു സേവിക്കുക. മൂർച്ഛയും മദവും ശമിക്കും.

# അശ്സ്സിന്

## ൯൪. ദുസ്പശ്കാദികഷായം

ദുസ്പശ്കേന വില്വേന യവാന്യാ നാഗരേണ വാ
ഏകൈകേനാപി സംയുക്താ പാഠാ ഹന്ത്യശ്സാം രുജം

(൧) ദുസ്പർശകം=കൊടിത്തുവവേരു്, പാടത്താളിക്കിഴങ്ങു് ഇവകൊണ്ടുള്ള കഷായവും, (൨) വില്വം=കൂവളവേരു്, പാടത്താളിക്കിഴങ്ങു് ഇവകൊണ്ടുള്ള കഷായവും- (൩) യവാനി=ജീരകം, പാടത്താളിക്കിഴങ്ങു് ഇവകൊണ്ടുള്ള കഷായവും, (൪) നാഗരം=ചുക്ക്, പാടത്താളിക്കിഴങ്ങു് ഇവകൊണ്ടുള്ള കഷായവും. മേൽപറഞ്ഞവയിൽ പാടത്താളിക്കിഴങ്ങും മററു നാലു ഔഷധങ്ങളിൽ ഏതെങ്കിലും ഒന്നോ രണ്ടോ മൂന്നോ നാലോ ചേത്തുണ്ടാക്കുന്ന കഷായങ്ങളും അശ്സ്സിനെ ശമിപ്പിക്കും.

## ൯൫. ചിരവില്വാദികഷായം

ചിരവില്വപുനന്നവവഹ്ന്യഭയാ കണനാഗരസൈന്ധവപക്വ-
ഗുദകീലഭഗന്ദരഗുന്മഹരം ജഠരാഗ്നിവിവർദ്ധനമാശു നൃണാം. (ജലം

ചിരവില്വം=ആവിൽത്തൊലി. പുനന്നവം=തമിഴാമവേരു്. വഹ്നി=കൊടുവേലിക്കിഴങ്ങു്. അഭയാ=കടുക്കാ. കണം=തിപ്പലി. നാഗരം=ചുക്ക് ഇവകൊണ്ടുള്ള കഷായം, സൈന്ധവം=ഇന്തുപ്പു് മേമ്പൊടിചേത്തു സേവിക്കുക. അർശസ്സ്, ഭഗന്ദരം, ഗുന്മം മുതലായവയെ ശമിപ്പിക്കും. ജഠരാഗ്നിക്ക് ബലമുണ്ടാക്കുകയും ചെയ്യും.

## ൯൬. മൂവിലാദി കഞ്ഞിക്കഷായം

തക്രം മൂവിലയിട്ടുവെന്തസലിലേ ക്ഷിപ്ത്വാ ച ചാർങ്ങേരി ച-
ക്കല്ലും ചെങ്കടലാടി മഞ്ഞളുമരച്ചാലോഡ്യ വെന്തങ്ങനെ

ലാജൈഃ കല്പിതമായ കഞ്ഞി പകുതിക്കാലേ കുടിച്ചീടിനാ-
ലശോരോഗമിളച്ചുപോം കനമെഴും പോക്കിന്നുമേൽപ്പൊന്നിതു്.

മൂവിലക്കഷായത്തിൽ മോരും പുളിയാരൽനീരും ചേൎത്തു ചുവന്ന കടലാടിവേരും കുറച്ചു മഞ്ഞളും അരച്ചുകലക്കി മലർപ്പൊടിചേൎത്തു കഞ്ഞിവെച്ചു കുടിക്കുക. അൎശസ്സു ശമിക്കും. അതിസാരത്തിനും ഉത്തമമാകുന്നു.

## ൯൭. അശോഘ്നവൎഗ്ഗകഷായം

പാഠാ കാർ പഞ്ചകോലം പിരകൊട്ട തമിഴാമാ കട്ഫലാപമാൎഗ്ഗം
ത്രൂവാവേരുള്ളി കായം മുതിര ഖപുരമക്രുവളം കാളശാകം
ചാർങ്ങേരീ കാളശേയം ഗ്രഹനിശയൊടജാജീ വചാ ദീപ്യയുഗ്മം
ചേനാ തുമ്പാ യവക്ഷാരകപട്ടകുടജാഃ സോയമശോഘ്നവൎഗ്ഗഃ

പാഠാ=പാടത്താളിക്കിഴങ്ങു്. കാർ=മുത്തങ്ങാ. പഞ്ചകോലം=കാട്ടുമുളകിൻവേരു്. കാട്ടുതിപ്പലിവേർ. കൊടുവേലിക്കിഴങ്ങു് (ശുണ്ഠി ചുക്കു്, തിപ്പലി, പിരകിൻകുരു, തമിഴാമവേർ, കട്ഫലാത്തൊട്ട്, അപാമാൎഗ്ഗം=കടലാടിവേർ, ത്രൂവാ=കൊടിത്തൂവവേർ, വെളുത്തുള്ളി, മുതിര. ഖപുരം=കരിങ്ങാലിക്കാതൽ, ക്രുവളത്തിൻവേർ. കാളശാകം=കറിവേപ്പിലഞെട്ട്. ചാർങ്ങേരി=പുളിയാരൽ. കാളശേയം=ഉലുവാ. ഗ്രഹ=ഓരിലവേരു്. നിശ=മഞ്ഞൾ. അജാജീ=അയമോദകം. വചാ=വയമ്പ്. ദീപ്യയുഗ്മം=ജീരകം രണ്ടും, ചേന രണ്ടും. തുമ്പ, കുടകപ്പാല. ഇവയിൽ അന്യോന്യമായവ എടുത്തു ശുഷ്കാൎശസ്സിനും, ആൎദ്രാൎശസ്സിനും കഷായാദികൾ ഉണ്ടാക്കി, കായം, ചവക്കാരം, ഇന്തുപ്പ് ഇവയിൽ ഏതെങ്കിലും ഔചിത്യംപോലെ മേമ്പൊടിചേൎത്തു സേവിക്കുക. എല്ലാ അൎശസ്സുകളും ശമിക്കും.

# രക്താൎശസ്സിനു്

## ൯൮. ചന്ദനാദികഷായം

ചന്ദനകിരാതതിക്തകധന്വയവാഷാഃ സവൽസകാഃ കഥിതഃ
രക്താൎശസാം പ്രശമനാഃ ദാർവീത്വഗുശീരനിംബാശ്ച.

ചന്ദനം, കിരാതതിക്തകം=പുത്തരിച്ചുണ്ടവേർ. ധന്വയവാഷം=കൊടിത്തൂവവേർ. വത്സകം=കുടകപ്പാലയരി. ദാർവീത്വക്=മരമഞ്ഞൾത്തൊലി. ഉശീരം=രാമച്ചം. നിംബം=വേപ്പിൻതൊലി. ഇവകൊണ്ടുണ്ടാക്കുന്ന കഷായം രക്താൎശസ്സിനെ ശമിപ്പിക്കും.

## ൯൯. ഉശീരാദികഷായം.

ഉശീരകിഞ്ജൽക്കമൃണാളശീതശതാവരീവത്സവൃഷാംബുദോത്ഥഃ
രക്താൎശസാം ഹന്തി ബലം കഷായഃ കാളാരിമേദോത്ഥമഭീരുജം വാ

ഉശീരം=രാമച്ചം. കിഞ്ജൽകം=താമരയല്ലി. മൃണാളം=താമരവളയം. ശീതം=ചന്ദനം, ശതാവരിക്കിഴങ്ങു്, വത്സം=കുടകപ്പാലയരി. വൃഷാ=ആടലോടകവേരു്, അംബുദം=മുത്തങ്ങാ. ഇവകൊണ്ടുള്ള കഷായവും, കാളാരിമേദോത്ഥം=കരിവേലപ്പട്ടകൊണ്ടുണ്ടാക്കിയ കഷായവും. അഭീരുജം വാ=ശതാവരിക്കിഴങ്ങുകൊണ്ടുണ്ടാക്കിയ കഷായവും രക്താൎശസ്സിനെ ശമിപ്പിക്കും.

## ൧൦൦. പത്മകിഞ്ജല്ക്കാദികഷായം

ശീതം മോരിൽപ്രപേയം പെരുകുകിലുതരം പത്മകിഞ്ജല്ക്കവാശാ
രക്താപാമാൎഗ്ഗമുസ്താ കുടജതൊലി വരീ കല്പിതം വാ കഷായം.

രക്തംപോക്കു വൎദ്ധിച്ചാൽ ചന്ദനം മോരിലരച്ചു സേവിക്കുക. ശമിക്കും. അല്ലെങ്കിൽ പത്മകിഞ്ജല്കം=താമരയല്ലി. വാശം=ആടലോടകവേർ. രക്താപാമാൎഗ്ഗ=ചുവന്നകടലാടി. മുസ്തം=മുത്തങ്ങാ. കുടകപ്പാലവേർതൊലി. വരീ=ശതാവരിക്കിഴങ്ങു്. ഇവ കഷായംവച്ചു സേവിക്കുക. രക്താർശസ്സ ശമിക്കും.

## ഉദാവൎത്തത്തിനു്

### ൱൧. കുലത്ഥാദികഷായം.

**കുലത്ഥലശുനൈരണ്ഡപാഠാഗ്രന്ഥികനാഗരൈഃ**
**കഷായഃ സ യവക്ഷാരഃ ശൂലോദാവൎത്തനാശനഃ**

കുലത്ഥം=മുതിര. ലശുനം=വെളുത്തുള്ളി. ഏരണ്ഡം=ആവണക്കിൻവേർ. പാഠാ=പാടത്താളിക്കിഴങ്ങു്. ഗ്രന്ഥികം=കാട്ടുതിപ്പലിവേർ. നാഗരം=ചുക്കു്. ഇവ കൊണ്ടുണ്ടാക്കിയ കഷായം. യവക്ഷാരം=ചവക്കാരം മേമ്പൊടിചേൎത്തു സേവിക്കു. വയറവേദനയും ഉദാവൎത്തവും ശമിക്കും.

## അതിസാരത്തിനു്

### ൱൨. ദേവദാൎവ്വാദികഷായം

**ദേവദാരു വചാ മുസ്തൈൎന്നാഗരാതിവിഷാന്വിതൈഃ**
**ആമാതിസാരനാശായ ക്വാഥമേഭിഃ പിബേന്നരഃ**

ദേവദാരു=ദേവതാരം. വചാ=വയമ്പു്. മുസ്തം=മുത്തങ്ങാ. നാഗരം=ചുക്കു്. അതിവിഷ=അതിവിടയം. ഈ കഷായം ആമാതിസാരത്തെ ശമിപ്പിക്കും. ആമം=പാകംവരാതെയുള്ളതു്.

### ൱൩. മുസ്താകരഞ്ജാദികഷായം.

**മുസ്താകരഞ്ജാതിവിഷാഗ്നിവില്വമഹൌഷധഗ്രന്ഥികവത്സകാനാം**
**ക്വാഥോ രുജാഢ്യാമമഥോ നിരാമം പ്രവൃദ്ധശൂലന്ത്വതിസാരമുഗ്രം.**

മുസ്തം=മുത്തങ്ങ. കരഞ്ജം=പുങ്കിൻവേർതൊലി. അതിവിഷ=അതിവിടയം. അഗ്നി=കൊടുവേലിക്കിഴങ്ങു് (ശുദ്ധി, വില്വം=കൂവളവേർ. മഹൌഷധം=ചുക്കു്. ഗ്രന്ഥികം=കാട്ടുതിപ്പലിവേർ. വത്സകം=കുടകപ്പാലയരി. ഇവകൊണ്ടുള്ള കഷായം. ദഹിക്കാതെയോ ദഹിച്ചോ പോകുന്ന വല്യതായ വേദനയോടും കൂടിയതായ അതിസാരത്തെയും ശമിപ്പിക്കും.

### ൱൪. ചാർങ്ങ്ഗേര്യാദി മോർകഞ്ഞി

ചാർഗേരിനീരുമഥ മോരുമളന്നുകൂട്ടി-
ച്ചേൎന്നീട്ടുമാറു മലരിട്ടു ചമച്ച കഞ്ഞി
പാങ്ങായ് കുടിക്കിലതിസാരഗദങ്ങൾതീരും
പൊങ്ങീടുമഗ്നിയുമിരപ്പുമടങ്ങുമന്നേ

ചാർങ്ങ്ഗേരി=പുളിയാരൽ. പുളിയാരൽനീരും മോരും സമംചേൎത്തു് മലർപ്പൊടി ഇട്ടു കഞ്ഞിവച്ചു കുടിക്ക. അതിസാരം ശമിക്കും. അഗ്നിദീപ്തി വരും. വയറിരപ്പും അടങ്ങും.

## ൱൫ സാനന്താദി (ഗണം) കഷായം.

സാനന്താതിവിഷാ കൃമിഘ്നഹുതഭുക് പാഠാ വചാ ധാതകീ
ലോധ്രാംബഷ്ഠവടാംകുരോഭയനിശാ പത്മാ സമംഗാഭയാ
ഏലാമോചരസാജമോജചപലാമൂലാരളുതൃൂഷണാം
വിലപഞ്ചേതി ബഹുപ്രകാരവിഹിതോ കുക്ഷ്യാമയഘ്നോ ഗണഃ

അനന്തം=കൊടിത്തൂവവേർ. അതിവിഷ=അതിവിടയം. കൃമിഘ്നം=വിഴാലരി. ഹുതഭുക്=കൊടുവേലിക്കിഴങ്ങ് പാഠാ=പാടത്താളിക്കിഴങ്ങ്. വചാ=വയമ്പ് ധാതകീ=താതിരിപ്പൂ. ലോധ്രം=പാച്ചോററിത്തൊലി. അംബഷ്ഠം=വെള്ളത്ത അമ്പഴത്തൊലി. വടാംകുരം=പേരാൽമൊട്ട്. (കുരുന്ന്) ഉഭയനിശാ=മഞ്ഞളും മരമഞ്ഞൾത്തൊലിയും പത്മം=ഓരിലത്താമര. സമംഗം=പടർച്ചുണ്ടവേർ. (തീണ്ടാനാഴി എന്നും മതം) അഭയ=കടുക്കാത്തോട്. ഏലം=ഏലത്തരി. മോചരസം=മാവിൻകാ. അജമോജം=അയമോദകം. ചപലാമൂലം=കാട്ടുതിപ്പലിവേർ. അരളു=പെരുമരത്തിൻതൊലി. തൃൂഷണം=ചുക്ക്, മുളക്, തിപ്പലി. വിലപം=കുവളവേർ ഇവകൊണ്ടുണ്ടാക്കുന്ന കഷായം അതിസാരം, ഉദാവൎത്തം മുതലായ എല്ലാം കുക്ഷിരോഗങ്ങളേയും ശമിപ്പിക്കും.

## ൱൬ സുരദാർവാദികഷായം.

സുരദാരുകരഞ്ജവില്വപാഠാ
കണമൂലാതിവിഷൌഷധാംബുദാനാം
സലിലം ലവണോത്തമാവഗാഢം
പിബതാം നശ്യതി വാഹികാ സുഘോരാ.

സുരദാരു=ദേവതാരം. കരഞ്ജം=പുങ്കിൻവേർ വില്വം=കുവളവേർ. പാഠാ=പാടത്താളിക്കിഴങ്ങ്. കണമൂലം=തിപ്പലിവേര്. അതിവിഷ=അതിവിടയം. ഔഷധം=ചുക്ക്. അംബുദം=മുത്തങ്ങ ഇവകൊണ്ടുള്ള കഷായം ഇന്തുപ്പു മേൻപൊടിചേൎത്തു സേവിക്ക. അതിസാരം ശമിക്കും.

## ൱൭ വില്വാംബുദാദികഷായം.

വില്വാംബുദാതിവിഷവത്സകചവ്യകൃഷ്ണാ
നല്ലോരു ചുക്കു കണവേർ ജലമൂവിലാദിഃ
സാമാന്യമൊട്ടു കുടിനീരതുകൊണ്ടു പോക്കു
സാമേ സശൂലരുധിരേ ച കഫാതിസാരേ.

വില്വം=കുവളവേർ. അംബുദം=മുത്തങ്ങ. അതിവിഷ=അതിവിടയം. വത്സകം=കുടകപ്പാലയരി. ചവ്യം=കാട്ടുമുളകിൻവേർ. കൃഷ്ണം=തിപ്പലി, ചുക്ക്. കണവേർ=കാട്ടുതിപ്പലിവേർ. ജലം=ഇരുവേലി. മൂവിലവേർ ഇവകൊണ്ടുണ്ടാക്കുന്ന കഷായം, വേദനയും രക്തവുമുള്ളതും ആമത്തോടുകൂടിയതുമായ കഫാതിസാരം ശമിപ്പിക്കും.

## ൱൮ ധാന്യവാളകാദികഷായം.

ധാന്യവാളകവില്വാബ്ദനാഗരൈഃ സാധിതം ജലം
ആമശൂലഹരം ഗ്രാഹി ദീപനം പാചനം പരം.

ധാന്യം=കൊത്തമ്പാലരി. വാളകം=ഇരുവേലി. വില്വം=കുവളവേർ. അബ്ദം=മുത്തങ്ങ. നാഗരം=ചുക്ക്. ഈ കഷായം ആമശൂലയെ ശമിപ്പിക്കും; മലം തടയും ,ദീപനവും പാചനവും ആകുന്നു.

# ഗ്രഹണിക്ക്

## ൧൦൯. പൂതീകവില്വാദികഷായം.

പൂതീകവില്വചവ്യാഗ്നി കണാമൂലപുനൎന്നവൈഃ
പത്ഥ്യാ ശുണ്ഠീയുതൈഃ കാഥഃ പാതവ്യോ ƒഗ്നിവിവൎദ്ധനഃ

പൂതീകം=ആവിൽതൊലി. വില്വം=കൂവളവേർ ചവ്യം=കാട്ടുമുളകിൻവേർ. അഗ്നി=കൊടുവേലിക്കിഴങ്ങ്. കണാമൂലം=കാട്ടുതിപ്പലിവേർ. പുനൎന്നവം=തമിഴാമവേർ. പത്ഥ്യ=കടുക്ക. ശുണ്ഠീ=ചുക്ക്. ഈ കഷായം ജഠരാഗ്നിയെ വൎദ്ധിപ്പിക്കും.

## ൧൧൦. പത്ഥ്യാവ്യോഷാദികഷായം

പത്ഥ്യാ വ്യോഷപുനൎന്നവാംബുദനിശാ പൂതീകയുഗ്മാജ്ഝടാ
പാഠാ വില്വഘുണപ്രിയാരളുകണാമൂലോഗ്രഗന്ധാഗ്നിഭിഃ
ചവ്യാ ദീപ്യകബാണപുംഖസഹിതൈരേതൈഃ പ്രസിദ്ധം ജലം
പേയം തൽ ബഹുദോഷജഗ്രഹണിഭിദ്വൈദ്യൈയൈവാമൃതം

പത്ഥ്യാ=കടുക്കാത്തോട്. വ്യോഷം=ചുക്ക്, മുളക്, തിപ്പലി, പുനൎന്നവ=തമിഴാമവേര്. അംബുദം=മുത്തങ്ങ. നിശാ=വാട്ടമഞ്ഞൾ. പൂതീകയുഗ്മം=പുങ്കിൻതൊലിയും ആവിത്തൊലിയും അജ്ഝടാ=കീഴാനെല്ലി. പാഠാ=പാടക്കിഴങ്ങ് വില്വം=കൂവളവേർ. ഘുണപ്രിയ=അതിവിടയം. അരളു=പെരുമരത്തിൻവേർതൊലി. കണാമൂലം=കാട്ടുതിപ്പലിവേർ ഉഗ്രഗന്ധ=വയമ്പ്. അഗ്നി=കൊടുവേലിക്കിഴങ്ങ്. ചവ്യം=കാട്ടുമുളകിൻവേർ. ദീപ്യകം=അയമോദകം. ബാണപുംഖം=കൊഴിഞ്ഞിൽവേര്. ഇവകൊണ്ടുണ്ടാക്കുന്ന കഷായം ദോഷം വൎദ്ധിച്ചതും ഉപദ്രവവ്യാധികളുള്ളതുമായ ഗ്രഹണിയെ ശമിപ്പിക്കും.

## ൧൧൧. നാഗരപിപ്പല്യാദികഷായം.

നാഗരം പിപ്പലീമൂലം ദേവദാരു ച ധാന്യകം
വില്വമൂലം കണാ ചൈവ സിദ്ധമേഭിൎജ്ജലം ജയേത്
പടുജീരകചൂൎണ്ണാഢ്യം ഗ്രഹണീമഗ്നിദീപനം.

നാഗരം=ചുക്ക്. പിപ്പലീമൂലം=കാട്ടുതിപ്പലിവേർ. ദേവദാരു=ദേവതാരം ധാന്യകം=കൊത്തമ്പാലരി. വില്വമൂലം=കൂവളവേർ. കണാ=തിപ്പലി. ഇവകൊണ്ടുള്ള കഷായം, ഇന്തുപ്പും ജീരകപ്പൊടിയും മേമ്പൊടിചേൎത്തു സേവിക്കൂ. ഗ്രഹണി ശമിക്കും. അഗ്നിദീപ്തിവരുത്തുകയുംചെയ്യും.

## ൧൧൨. ധാന്യവില്വാദികഷായം.

ധന്യവില്വബലാ ശുണ്ഠീ ശാലിപൎണ്ണീ ശൃതം ജലം
സ്യാദ്വാതഗ്രഹണീദോഷേ സാനാഹോ സപരിഗ്രഹേ.

ധാന്യം=കൊത്തമ്പാലരി. വില്വം=കൂവളവേർ. ബലാ=കുറുന്തോട്ടിവേർ. ശുണ്ഠീ=ചുക്ക്. ശാലിപൎണ്ണീ=മൂവിലവേര്. ഈ കഷായം, വയർവീൎപ്പോടും മലബന്ധത്തോടുംകൂടിയ വാതഗ്രഹണിയെ ശമിപ്പിക്കും.

# വിഷൂചികയ്ക്കു്

## ൧൬൩. വില്വാജമോജാദികഷായം.

വില്വാജമോജഘനനാഗരധാന്യകോഗ്രാ
പൂതീകവാളകശഠീ ദഹനൈഃ ശൃതാംഭഃ
തൃട്ശൂലവാൻ പരിപിബേദഥ വാ വിഷൂച്യാം
കൈഡര്യസിദ്ധസലിലം ശരപുംഖജം വാ

വില്വം=കൂവളവേർ. അജമോജം=അയമോദകം. ഘനം=മുത്തങ്ങ. നാഗരം=ചുക്കു്. ധാന്യകം=കൊത്തമ്പാലയരി. ഉഗ്രം=വയമ്പു്. പൂതീകം=ആവിൽതൊലി വാളകം=ഇരുവേലി. ശഠീ=കച്ചോലം. ദഹനം=കൊടുവേലിക്കിഴങ്ങു്. ഇവകൊണ്ടുണ്ടാക്കിയ കഷായവും, കൈഡര്യസിദ്ധസലിലം=കരിവേപ്പിൻതെട്ടു് (ഇല) കൊണ്ടുണ്ടാക്കിയ കഷായവും, ശരപുംഖജം=കൊഴിഞ്ഞിൽവേർകൊണ്ടുണ്ടാക്കിയ കഷായവും തണ്ണീർദാഹവും വയററിലും മററും വേദനയും ഉരുണ്ടുകയററവും ഉള്ള വിഷൂചികയെ ശമിപ്പിക്കും.

## ൧൬൪. ആമകേരിക്കിലാദികഷായം

ആമകേരീക്കിലുലുവാ വിശ്വവും മലർക്കൂവളം
പിലാവിലഭവാ വൃന്തം വിഷൂച്യാം ക്വാഥമുത്തമം.

പച്ചഇളനീക്കിൽ, ഉലുവാ, വിശ്വം=ചുക്കു്. മലരു്, കൂവളവേർ, പ്ലാവിലഞെട്ടു് ഇവകൊണ്ടു് കഷായംവെച്ചു സേവിയ്ക്കു വിഷൂചി ശമിക്കും.

# മൂത്രകൃച്ഛ്റത്തിന്

## ൧൬൫. ദശമൂലബലാമൂലാദികഷായം.

ദശമൂലം ബലാമൂലം ദ്രാക്ഷാ യഷ്ട്യാഹ്വചന്ദനം
ക്വാഥയിത്വാ പിബേദേതന്മൂത്രകൃച്ഛ്റസ്യ ശാന്തയേ.

ദശമൂലം=കൂവളവേർ, കുമിഴിൻവേരു്, പാതിരിവേരു്, പയ്യാഴാന്തവേർ, മുഞ്ഞവേർ, ഓരിലവേർ, മൂവിലവേർ, ചെറുവഴുതിനവേർ, വെൺവഴുതിനവേർ, ഞെരിഞ്ഞിൽ ബലാമൂലം=കുറുന്തോട്ടിവേർ. ദ്രാക്ഷാ=മുന്തിരിങ്ങാപ്പഴം യഷ്ട്യാഹ്വം=ഇരട്ടിമധുരം ചന്ദനം ഇവ കൊണ്ടുള്ള കഷായം സേവിച്ചാൽ മൂത്രകൃച്ഛ്റം ശമിക്കും.

## ൧൬൬. വരീകഷായം.

വരീസിദ്ധം പിബേത് ക്ഷീരം സസിതം കൃച്ഛ്റശാന്തയേ

വരീ=ശതാവരിക്കിഴങ്ങു് പാൽക്കഷായമാക്കി പഞ്ചസാരചേർത്തു സേവിക്ക മൂത്രകൃച്ഛ്റം ശമിക്കും.

## ൧൬൭. വ്യാഘ്രീഗോക്ഷുരാദികഷായം.

വ്യാഘ്രീഗോക്ഷുരമത്സ്യാക്ഷീ പത്മാപാഷാണഭേദകൈഃ
കപോതവങ്കകതകവരീവസുകവാളകൈഃ
ശൃതക്ഷീരാദ്ധ്വിശിഷ്ടോയം കഷായഃ ശർക്കരാന്വിതഃ
മൂത്രകൃച്ഛ്റാണി സർവാണി രക്തസ്രാവഞ്ച നാശയേത്

വ്യാഘ്രീ=ചെറുവഴുതിനവേർ. ഗോക്ഷുരം=ഞെരിഞ്ഞിൽ. മത്സ്യാക്ഷി=മീനാങ്ങാണി. പത്മാ=ഓരിലത്താമര. പാഷാണഭേദകം=കല്ലൂർവഞ്ചിവേർ. കപോതവങ്കം=അടയ്ക്കാമണിയൻവേർ. കതകം=തേറാമ്പരൽ. വരീ=ശതാവരിക്കിഴങ്ങ്. വസുകം=താർതാവൽവേർ. വാളകം=ഇരുവേലി ഇവ കഷായംവച്ച് പാൽചേർത്തു കാച്ചിക്കുറുക്കി പഞ്ചസാരചേർത്തു സേവിക്ക. മൂത്രകൃച്ഛ്റം ശമിക്കും.

## ൧൧൭. പത്ഥ്യാഗോക്ഷുരാദികഷായം.

**പത്ഥ്യാഗോക്ഷുരശമ്യാകധന്വയാഷാക്ഷിഭേഷജൈഃ**
**ക്വാഥം പിബേത്സരുഗ്ദാഹേ കൃച്ഛ്റേ മധുസിതായുതം.**

പത്ഥ്യാ=കടുക്കാത്തോട്. ഗോക്ഷുരം=ഞെരിഞ്ഞിൽ. ശമ്യാകം=കൊന്നവേർതൊലി. ധന്വയാഷം=കൊടിത്തൂവവേർ. അക്ഷിഭേഷജം=പാഞ്ചോറ്റിത്തൊലി. ഇവകൊണ്ടുള്ള കഷായം പഞ്ചസാരയും തേനുംചേർത്തു സേവിക്ക. മൂത്രകൃച്ഛ്റം ശമിക്കും

## ൧൧൮. വരീവിദാര്യാദികഷായം.

**വരീ വിദാരി ഗോകണ്ട മുസ്താ ഗോപീജലൈസ്തഥാ**

വരീ=ശതാവരിക്കിഴങ്ങ്. വിദാരി=പാൽമുതക്കിൻകിഴങ്ങ്. ഗോകണ്ടകം=ഞെരിഞ്ഞിൽ. മുസ്താ=മുത്തങ്ങ. ഗോപി=നറുനീണ്ടിക്കിഴങ്ങ്. ഈ കഷായവും മൂത്രകൃച്ഛ്റം ശമിപ്പിക്കും.

## ൧൨൦. ബൃഹത്യാദികഷായം

**ബൃഹത്യാദിഗണൈസ്സിദ്ധം ദ്വിഗുണീകൃതഗോക്ഷുരൈഃ**
**തോയം പയോ വാ സപ്പിർവാ മൂത്രകൃച്ഛ്റവികാരജിത്**

ചെറുവഴുതിനവേർ, വെൺവഴുതിനവേർ, ഓരിലവേർ, മൂവിലവേർ ഇവ ഓരോ കഴഞ്ചുവീതം. ഞെരിഞ്ഞിൽ എട്ടുകഴഞ്ച് കഷായംവച്ചു സേവിക്ക. ഇതു പാൽകഷായമായും, നെയ്യുചേർത്തു കാച്ചിയും സേവിക്കാം. അവയും മൂത്രകൃച്ഛ്റശമനങ്ങളാകുന്നു.

## ൧൨൧. വരിനെല്ലു തിപ്പല്യാദികഷായം.

**വരിനെല്ലുതിപ്പലി വസുകമേലവും**
**തൃണപഞ്ചമൂലകതകം ഞെരിഞ്ഞിലും**
**വനമല്ലി യഷ്ടി ചെറുവൂള തൈഃ ശൃതം**
**പുനൽനന്നു കൃച്ഛ്റരിഷു സിതാഘൃതോൽകടം**

വരിനെല്ലിൻവേർ, തിപ്പലി, വസുകം=താർതാവൽവേർ, ഏലത്തരി, തൃണപഞ്ചമൂലം=ദർഭവേർ. ആറുവുദർഭവേർ, കരിമ്പിൻവേർ, അമവേർ, കുശവേർ, ഇവ. കതകം=തേറാമ്പരൽ. ഞെരിഞ്ഞിൽ വനമല്ലി=കാട്ടുമല്ലിവേർ. യഷ്ടി=ഇരട്ടിമധുരം, ചെറുവൂള ഇവകൊണ്ടുണ്ടാക്കിയ പുനൽ=വെള്ളം (കഷായം) സിതാഘൃതോത്കടം=പഞ്ചസാരയും നെയ്യും കലത്തി സേവിക്ക. മൂത്രകൃച്ഛ്റം ശമിക്കും.

## ൧൨൨. കല്ലൂർവഞ്ച്യാദികഷായം.

**കല്ലൂർവഞ്ചിയുമേലവും മഗധജാ യഷ്ടീ കൊടിത്തൂവയും**
**ഗോക്ഷൂരഞ്ച സമം കലൻ്റു ചതിച്ചുണ്ടാം കഷായത്തിന്**
**തേനുംക്രൂടെയതിൽത്തുളിച്ചു പരുകപ്പോം മൂത്രകൃച്ഛ്റാത്തിയും**
**പൊങ്ങും മൂത്രവിദാഹവും രുജയുമെന്നാഹുശ്ചികിത്സാവിദഃ**

കല്ലൂർവഞ്ചി, ഏലത്തരി, മഗധജാ=തിപ്പലി. യഷ്ടീ=എരട്ടിമധുരം, കൊടിത്തൂവവേർ. ഗോക്ഷുരം=ഞെരിഞ്ഞിൽ ഇവ സമംചേർത്തുണ്ടാക്കുന്ന കഷായം തേൻ മേമ്പൊടിചേർത്തു സേവിച്ചാൽ മൂത്രകൃച്ഛ്റവും, മൂത്രച്ചുടിച്ചിലും, വേദനയും ശമിക്കുമെന്നതു അനുഭവമുള്ളതാകുന്നു.

## ൩൨൩. ഹരീതക്യാദികഷായം

ഹരീതകീ ഗോക്ഷുരരാജവൃക്ഷ
പാഷാണഭിദ്ധന്വയവാഷകാനാം
ക്വാഥം പിബേന്മാക്ഷികസമ്പ്രയുക്തം
കൃച്ഛ്റേ സദാഹേ സരുജേ വിബന്ധേ

ഹരീതകി=കടുക്കാത്തോട്. ഗോക്ഷുരം=ഞെരിഞ്ഞിൽ. രാജവൃക്ഷം=കൊന്നവേർതൊലി. പാഷാണഭിത്=കല്ലൂർവഞ്ചി. ധന്വയവാഷകം=കൊടിത്തൂവവേർ. ഈ കഷായം തേൻചേർത്തു സേവിച്ചാൽ ചൂടും വേദനയും മലബന്ധവുംകൂടെയുള്ള മൂത്രകൃച്ഛ്റം ശമിക്കും.

# പ്രമേഹത്തിന്നു്.

## ൩൨൪. ആകുല്യബ്ദാദികഷായം

ആകുല്യബ്ദഫലത്രയദ്വിരജനീജംബ്വഞ്ജനക്ഷീരിജ-
ത്വക് പാഠാ കതകാഗ്നിമന്ഥഖദിരാംബഷ്ഠാസനേന്ദ്രദ്രുമൈഃ
ക്വാഥോ വാരിധികോശകിംശുകസഖൈശ്ശരേഭിഃ കൃതഃ ശീതളഃ
സക്ഷൌദ്രോ∫ദ്രിജതുത്ഥചൂർണ്ണസഹിതഃ സർവ്വപ്രമേഹാപഹഃ

ആകുലി=ആവീരക്കുരു. അബ്ദം=മുത്തങ്ങ. ഫലത്രയം=ത്രിഫലത്തോട്. ദ്വിരജനി=മഞ്ഞളും മരമഞ്ഞളിന്തൊലിയും. ജംബു=ഞാവൽതൊലി. അഞ്ജനത്വക്=നീർമരുതിൻതൊലി. ക്ഷീരിജത്വക്=നാല്പാമരത്തൊലി. പാഠാ=പാടത്താളിക്കിഴങ്ങ്. കതകം=തേററാമ്പരൽ. അഗ്നിമന്ഥം=മുഞ്ഞവേർ. ഖദിരം=കരിങ്ങാലിക്കാതൽ. അംബഷ്ഠം=അമ്പഴത്തൊലി. അസനം=വേങ്ങക്കാതൽ. ഇന്ദ്രദ്രുമം=മരുതിൻവേർതൊലി. (ഇതിന്നു ദേവതാരമെന്നു മതാന്തരം) വാരിധികോശം=കടൽനുര. കിംശുകസഖം=മുരിക്കിൻതൊലി (? ഇവ)കൊണ്ടുണ്ടാക്കിയ കഷായം തണുപ്പിച്ചു സക്ഷൌദ്രഃ=തേനുംകൂട്ടി. അദ്രിജതുത്ഥചൂർണ്ണസഹിതഃ=കന്മദം പൊടിച്ചതും ചേർത്തു സേവിക്ക. എല്ലാ പ്രമേഹങ്ങളും (മൂത്രമൊഴിവു്) ശമിക്കും.

## ൩൨൫. കതകഖദിരാദി കഷായം.

കതകഖദിരധാത്രീവൈരിദാർവീസമംഗാ
വിദുലരജനിപാഠാ ചൂതബീജാഭയാബ്ദൈഃ
പ്രസവരസസനാഥം തോയമേഭിഃ പ്രസിദ്ധം
ഹരതി സകലമേഹാൻ സപ്തരാത്രപ്രയോഗാത്

കതകം=തേററാമ്പരൽ. ഖദിരം=കരിങ്ങാലിക്കാതൽ. ധാത്രീ=നെല്ലിക്കാത്തോട്. വൈരി=ഏകനായക (പൊൻകുരണ്ടി)വേർ. ദാർവീ=മരമഞ്ഞളിന്തൊലി. സമംഗ=പറച്ചുണ്ടവേർ. വിദുലം=ലന്തക്കുരു (ഇതിന്നു കാനാഞ്ചി എന്നു ചിലർ വ്യാഖ്യാനിക്കുന്നു) രജനി=വട്ടമഞ്ഞൾ. പാഠാ=പാടത്താളിക്കിഴങ്ങ്. ചൂതബീജം=മാങ്ങായണ്ടിപ്പരിപ്പ്. അഭയം=കടുക്കാത്തോട്. അബ്ദം=മുത്തങ്ങ. ഇവ കഷായംവച്ചു പ്രസവരസം=തേൻ. മേമ്പൊടിചേർത്തു സേവിക്ക. ഇങ്ങനെ ഏഴുദിവസം പ്രയോഗിച്ചാൽ എല്ലാ പ്രമേഹങ്ങൾക്കും ശമനം വരും.

## ൧൨൬. നിശാകതകാദികഷായം.

നിശാ കതക നെല്ലിക്കാ തെച്ചി പാച്ചോററി ഭദ്രികാ
ഏകനായകരാമച്ചമേഭിഃ ക്വാഥഃ പ്രമേഹഹാ

നിശാ=വറട്ടുമഞ്ഞൾ. കതകം=തേററാമ്പരൽ, നെല്ലിക്കാത്തോട്. തെച്ചി=തെച്ചിവേർത്തൊലി, പച്ചോററിത്തൊലി, ഭദ്രികം=ചെറൂള, ഏകനായകം=പൊൻകുരണ്ടിവേർത്തൊലി, രാമച്ചം ഇവ കഷായംവച്ചു സേവിക്ക. പ്രമേഹം ശമിക്കും.

## ൧൨൭. ദാർവീകാപിത്ഥനിര്യ്യാസാദികഷായം.

ദാർവീകാപിത്ഥനിര്യ്യാസകകതകനിശാകിംശുകത്തോലുശീരം
കാർപ്പാസിബീജയഷ്ടീജലരിപുസിതഗുഞ്ജാംബുജംബ്വത്വഗബ്ദൈഃ
മുക്കാ ചിഞ്ചാഫലത്തോലിതവിയചെറൂളാമ്പൽവിത്തോട്ടുതെച്ചി
പാച്ചോററ്യാ വിരവിൽ പർപ്പടകുളിർസഹിതൈഃ വെന്തനീർ
(മേഹഹാരീ.

ദാർവീ=മരമഞ്ഞൾത്തൊലി. കാപിത്ഥനിര്യ്യാസം=വിളാമ്പശ. കതകം=തേററാമ്പരൽ. നിശാ=വറട്ടുമഞ്ഞൾ. കിംശുകത്തോൽ=മുരിക്കിൻതൊലി. ഉശീരം=രാമച്ചം. കാർപ്പാസീബീജം=പരുത്തിക്കുരു. യഷ്ടി=ഇരട്ടിമധുരം. ജലം=ഇരുവേലി. രിപു=പൊൻകുരണ്ടിവേർത്തൊലി. സിതഗുഞ്ജം=വെൺകുന്നിക്കുരു. അംബുജം=നീർഞാവൽ. ത്വക്=ഇലവർങ്ഗം. അബ്ദം=മുത്തങ്ങാ. മുക്കാ=ത്രിഫലത്തോട്. ചിഞ്ചാഫലത്തോൽ=പുളിങ്കുരുത്തൊലി, ചെറൂള, ആമ്പൽക്കുരു, തെററിവേർ, പാച്ചോററിവേർത്തൊലി. പർപ്പടം=പർപ്പടപ്പുല്ല്. കുളിർ=ചന്ദനം ഇവ കൊണ്ടുണ്ടാക്കിയ കഷായം സേവിച്ചാൽ പ്രമേഹം ശമിക്കും.

## ൧൨൮. തെച്ചിവേരാദി കഷായക്കഞ്ഞി.

തെച്ചിവേർ ചെറൂളാവേർ മൂവിലാംഘ്രി കൊഴപ്പവേർ
താർതാവൽവേർ കരിങ്ങാലി തുവയും മരമഞ്ഞളും
ഇട്ടു വെള്ളംകുറുക്കീട്ടു മുദ്ഗമിട്ടരിയും തഥാ
പ്രമേഹമുള്ളോർക്കിവണ്ണം കഞ്ഞികൊൾകെന്നു സമ്മതം

തെററിവേർത്തൊലി, ചെറൂളവേർ, മൂവിലവേർ, കൊഴപ്പവേർ, താർതാവൽവേർ (നത്തച്ചൂരിവേർ കരിങ്ങാലിക്കാതൽ, കൊടിത്തുവവേർ, മരമഞ്ഞൾത്തൊലി ഇവ കഷായംവച്ചു ചെറുപയർ, അരി ഇവ ഇട്ടു കഞ്ഞിവച്ചു കുടിക്കുക. പ്രമേഹം ശമിക്കും.

## ൧൨൯. വിഡംഗരജന്യാദികഷായം

വിഡംഗരജനീയഷ്ടീ നാഗരാഗോക്ഷുരൈഃ കൃതഃ
കഷായോ മധുനാ ഹന്തി പ്രമേഹാൻ ദുസ്തരാനപി.

വിഡംഗം=വിഴാലരി. രജനി=വറട്ടുമഞ്ഞൾ, യഷ്ടി=ഇരട്ടിമധുരം. നാഗരം=ചുക്ക്. ഗോക്ഷുരം=ഞെരിഞ്ഞിൽ ഈ കഷായം തേൻചേർത്തു സേവിക്ക. വർദ്ധിച്ച പ്രമേഹവും ശമിക്കും.

## ൧൩൦. പലാശപുഷ്പകഷായം

പലാശതരുപുഷ്പാണാം ക്വാഥഃ ശർക്കരയാ യുതഃ
നിഷേവിതഃ പ്രമേഹാണി ഹന്തി നാനാവിധാന്യപി

പ്ലാശിൻപൂകൊണ്ടുള്ള കഷായത്തിൽ ശർക്കര മേമ്പൊടിചേർത്തു സേവിച്ചാൽ പലപ്രകാരത്തിലുള്ള പ്രമേഹരോഗങ്ങളും ശമിക്കും.

## വിദ്രധിക്കു്

### ൧൩൧. വ്യാഘ്രീവരണാദികഷായം.

വ്യാഘ്രീവരണതക്കാരീശിഗ്രു വിശ്വാപുനൎന്നവാഃ
ക്വാഥയിത്വാ പിബേത്തോയം വിദ്രധാവന്തരാശ്രയേ

വ്യാഘ്രി=ചെറുവഴുതിനവേർ. വരണം=നീർമാതളവേർത്തൊലി. തക്കാരി=മുഞ്ഞവേരു്. ശിഗ്രു=മുരിങ്ങവേർത്തൊലി. വിശ്വാ=ചുക്കു്. പുനൎന്നവാ=തമിഴാമവേരു് ഈ കഷായം അന്തർവിദ്രധിയെ ശമിപ്പിക്കും.

### ൧൩൨. മുസ്താചന്ദനാദികഷായം.

മുസ്താചന്ദനദാൎവ്വീത്വക്ഭൂനിംബോശീരവത്സകൈഃ
സക്ഷൌദ്രഃ ശമയേത് ക്വാഥസ്തഥാ പൂയവിശോധനഃ

മുസ്താം=മുത്തങ്ങ, ചന്ദനം. ദാൎവ്വീത്വക്=മരമഞ്ഞൾത്തൊലി. ഭൂനിംബം=പുത്തരിച്ചുണ്ടവേർ. ഉശീരം=രാമച്ചം. വത്സകം=കുടകപ്പാലയരി. ഇവകൊണ്ടുണ്ടാക്കുന്ന കഷായം തേൻ മേമ്പൊടിചേർത്തു സേവിക്ക. വ്രണം പഴുപ്പുപോയി ശുദ്ധിവരികയും വരളുകയും ചെയ്യും.

### ൧൩൩. വരണാദികഷായം.

വരണസൈൎയ്യകയുഗശതാവരീദഹനമോരടവില്വവിഷാണികാഃ
ദ്വിബൃഹതീ ദ്വികരഞ്ജജയാദ്വയം ബഹളപല്ലവദർഭരുജാകരാഃ
വരണാദി കഫം മേദോ മന്ദാഗ്നിത്വന്നിയച്ഛതി
ആഢ്യവാതം ശിരഃശൂലം ഗുല്മഞ്ചാന്തസ്സവിദ്രധിം.

വരണം=നീർമാതളത്തിൻവേർ. സൈൎയ്യകയുഗ്മം=കരിംകുറിഞ്ഞിവേരും വെള്ളക്കുറിഞ്ഞിവേരും. ശതാവരി=ശതാവരിക്കിഴങ്ങു്. ദഹനം=കൊടുവേലിക്കിഴങ്ങു്. മോരടം=പെരുംകുരുമ്പവേരു്. വില്വം=കൂവളവേർ. വിഷാണികാ=ആട്ടുകൊട്ടപ്പാലവേരു്. ദ്വിബൃഹതീ=ചെറുവഴുതിനവേരും വെൺവഴുതിനവേരും. ദ്വികരഞ്ജം=പുങ്കിൻതൊലിയും ആവിൽതൊലിയും. ജയാദ്വയം=മുഞ്ഞവേരും കടുക്കാത്തോടും. ബഹളപല്ലവം=മുരിങ്ങത്തളിർ. ദർഭ=ദർഭവേരു്. രുജാകരം=ചേർക്കുരു ഇവകൊണ്ടുണ്ടാക്കുന്ന കഷായം കഫം, മേദസ്സ്, അഗ്നിമാന്ദ്യം, ആഢ്യവാതം, തലവേദന, ഗുല്മം, അന്തർവിദ്രധി ഇവയെ ശമിപ്പിക്കും. ഗണമാകയാൽ കഷായമല്ലാത്ത വിധാനങ്ങളുമുണ്ടു്.

### ൧൩൪. നിംബാദികഷായം.

നിംബസ്യതോലമൃതു ചുക്കു വറട്ടുമഞ്ഞൾ
വാശാഫലത്രയപടോലനിദിഗ്ദ്ധികാനാം
ക്വാഥം സമാക്ഷികപുരം പുലരേ കുടിച്ചാൽ
ദേഹേ കുരുത്ത കുരു വേരറുമാറുനാളിൽ

നിംബസ്യതോൽ=വേപ്പിൻതൊലി. അമൃതു്=ചിററമൃതു്. ചുക്കു്, വറട്ടുമഞ്ഞൾ വാശാ=ആടലോടകവേരു്. ഫലത്രയം=ത്രിഫലത്തോടു്. പടോലം, നിദിഗ്ദ്ധികാ=ചെറുവഴുതിനവേരു്. ഇവ കഷായംവച്ചു തേനും ഗുല്ഗുലുവും മേമ്പൊടിചേർത്തു

സേവിക്ക. കരുക്കൾ ഉണ്ണങ്ങാൻ നന്ന്. (ഗുൽഗുലു, പച്ചമഞ്ഞൾ വേപ്പില ഇവ റ്റിൻനീരിൽ പുഴുങ്ങി കരടുകളഞ്ഞു നെയ്യിൽ വറുത്തരച്ചു മേമ്പൊടി ചേൎത്തു കൊൾക) പത്ഥ്യം വേണം.

## ൧൩൧. ദശമൂല്യാദികഷായം.

**ദശമൂലീഛിന്നരുഹാപത്ഥ്യാദാരുപുനൎന്നവാഃ**
**ജ്വരവിദ്രധിശോകേഷു ശിഗ്രുവിശ്വയുതോ ഹിതഃ**

ദശമൂലി=കൂവളവേർ, കുമിഴിൻവേർ, പാതിരിവേർ, പയ്യാഴാന്തവേർ മുഞ്ഞവേർ ഓരിലവേർ മൂവിലവേർ, ചെറുവഴുതിനവേർ, വെൾവഴുതിനവേർ ഞെരിഞ്ഞിൽ. ഛിന്നരുഹം=ചിററമൃത്. പത്ഥ്യം=കടുക്കാത്തോട്. ദാരു=ദേവതാരം. പുനൎന്നവ=തമിഴാമവേര്. ശിഗ്രു=മുരിങ്ങവേർത്തൊലി. വിശ്വം=ചുക്ക്. ഇവകൊണ്ടുള്ള കഷായം ജ്വരത്തോടുകൂടിയ വിദ്രധിക്കു നന്ന്.

# വൃദ്ധിക്ക്.

## ൧൩൨. ലശുനാദികഷായം.

**ലശുനബർബരശക്രലതാഭയാഹപുഷയക്ഷദ്രുഗഗ്നികണൗഷധൈഃ**
**സഹപുനൎന്നവമോരടശിഗ്രുഭിർജ്ജയതി വൃദ്ധ്യുദരാണി ശ്രുതം ജലം.**

ലശുനം=വെള്ളുള്ളി ബർബരം=ചെറുതേക്കിൻവേർ: ശക്രലത=ഉഴിഞ്ഞവേർ അഭയം=കടുക്കാത്തോട്. ഹപുഷാ=അടയ്ക്കാമണിയൻവേര് യക്ഷദ്രുക്=കഴഞ്ചി (ഞ്ചി) വേര (ഇതിൻെറ കുരുവും ചേൎക്കാം.) അഗ്നി=കൊടുവേലിക്കിഴങ്ങ്. കണം=തിപ്പലി ഔഷധം=ചുക്ക പുനൎന്നവം=തമിഴാമവേര് മോരടം=പെരുംകുരുമ്പവേര ശിഗ്രു=മുരിങ്ങവേർതൊലി ഇവകൊണ്ടുണ്ടാക്കിയ കഷായം വൃദ്ധിയെയും മഹോദരത്തെയും ശമിപ്പിക്കും.

## ൧൩൩. ഉള്ളിവെട്ടടുകാദികഷായം.

ഉള്ളി വെട്ടടുക ചുക്കുഴിഞ്ഞവേ-
രാവണക്കിനുടെവേർ കഷായമായ്
സാവണക്കുരുവിനെണ്ണ സൈന്ധവം
നീർകുടിക്കിൽ വൃഷണം ചുരുങ്ങുപോം.

ഉള്ളി=വെളുത്തുള്ളി (തൊലികളഞ്ഞു) വെട്ടടുക്=കഴട്ടിവേർ (ഇതിന കഴട്ടിക്കുരുവും ചിലർ ചേൎത്തുവരാറുണ്ട്. വൃദ്ധിഹരമാകയാൽ അതു ഫലപ്രദവുമാകുന്നുണ്ട്. എന്നാൽ വെട്ടടുക എന്ന പേരിൽത്തന്നെ ഒരു മരുന്നുണ്ടെന്നും, ആയതുതന്നെ കിട്ടുന്നതാണെന്നും മനസ്സിലാക്കണം. ഇതിന ചിലർ കളിപ്പാക്കും ചേൎത്തു കഷായം വയ്ക്കുന്നുണ്ട്.) ചുക്ക, ഉഴിഞ്ഞവേര, ആവണക്കിൻവേര് ഇവകൊണ്ടു കഷായംവച്ചു ആവണക്കെണ്ണയും ഇന്തുപ്പും മേമ്പൊടി ചേൎത്തു സേവിക്ക. വൃദ്ധി ശമിക്കും.

## ൧൩൪. ലശുനൈരണ്ഡാദികഷായം.

**ലശുനൈരണ്ഡയക്ഷാക്ഷീവർഷാഭ്രൂഹപുഷൗഷധൈഃ**
**ക്വഥിതം ഹിംഗുമദ്വൃദ്ധിഗുന്മാനാഹോദരാപഹം**

ലശുന=വെള്ളുള്ളി. ഏരണ്ഡം=വെള്ളത്താവണക്കിൻവേര്. യക്ഷാക്ഷി=കഴഞ്ചി(ട്ടി) വേർ വർഷാഭ്രു=തമിഴാമവേര്. ഹപുഷാ=അടയ്ക്കാമണിയൻവേര്

ഔഷധം=ചുക്ക ഇവ കഷായംവച്ചു കായം പൊരിച്ചു മേമ്പൊടി ചേൎത്തു സേവിക്കം. വൃദ്ധിരോഗം ഗുന്മം വയറുവീൎപ്പ് മഹോദരം ഇവ ശമിക്കും.

## ൱൩൯. മുളയിലാദികഷായം.

മുളയില ചീരകയുഗളീ വളർഖരമഞ്ജയ്യുഴിഞ്ഞ ചുക്കിൻനീർ
ഇളകുമൊരാന്ത്രവൃദ്ധയിൽ ഖളമപി ഖപുരാൽ പനന്നവാച്ചു ഹിതം

മുളനാമ്പ് ജീരകം കരിംജീരകം കുപ്പമഞ്ഞളില ഉഴിഞ്ഞവേർ ചുക്ക് ഇവകൊണ്ടുള്ള കഷായവും കരിഞ്ഞാലിക്കാതൽ തമിഴാമവേരു് ഇവകൊണ്ടുള്ള മുക്കടിയും ആന്ത്രവൃദ്ധികൊണ്ടുള്ള വേദനയ്ക്കു ശമനമുണ്ടാക്കുന്നതാണു്.

## ൱൪൦. രാസ്നായഷ്ട്യാദികഷായം.

രാസ്നായഷ്ട്യമൃതൈരണ്ഡബലാഗോക്ഷുരസാധിതാ
കഷായോ ƒന്ത്രവൃദ്ധിം ഹന്ത്യാശ്രുരുബുതൈലേന മിശ്രിതഃ

രാസ്നാം=ചിററരത്ത യഷ്ടി=ഇരട്ടിമധുരം അമൃത=ചിററമൃതു് ഏരണ്ഡം=ആവണക്കിൻവേരു് ബലാ=കുറന്തോട്ടിവേരു്. ഗോക്ഷുരം=ഞെരിഞ്ഞിൽ ഇവകൊണ്ടുള്ള കഷായം ഉരുബുതൈലം=ആവണക്കെണ്ണ മേമ്പൊടിചേൎത്തു സേവിക്കം. ആന്ത്രവൃദ്ധി ശമിക്കും.

# ഗുന്മത്തിനു്

## ൱൪൧. ദശമൂലവിശ്വാദികഷായം.

ദശമൂലവിശ്വദാരുകഥിതം ഗുന്മജിജ്ജലം
ചിത്രകഗ്രന്ഥികൈരണ്ഡശുണ്ഠികഷായശ്ച തദ്ഗുണഃ

ദശമൂലം=കൂവളവേർ, കുമിഴിൻവേർ, പാതിരിവേർ, പയ്യാഴാന്തവേർ, മുഞ്ഞവേർ, ഓരിലവേർ, മൂവിലവേർ, ചെറുവഴുതിനവേരു്, വെൺവഴുതിനവേരു്, ഞെരിഞ്ഞിൽ. വിശ്വം=ചുക്ക് ദാരു=ദേവതാരം ഇവകൊണ്ടുണ്ടാക്കുന്ന കഷായവും, ചിത്രകം=കൊടുവേലിക്കിഴങ്ങു്. ഗ്രന്ഥികം=കാട്ടുതിപ്പലിവേരു്. ഏരണ്ഡം=ആവണക്കിൻവേരു. ശുണ്ഠി=ചുക്ക്. ഇവകൊണ്ടുള്ള കഷായവും ഗുന്മത്തെ ശമിപ്പിക്കും.

## ൱൪൨. സപ്തസാരം കഷായം

വർഷാഭ്രവില്വഖല്വാരുബുസഹചരശുണ്ഠ്യഗ്നിമന്ഥൈഃകഷായഃ
പാതവ്യാ സപ്തസാരോ ഗുളകണപടുഹിംഗ്വാജ്യയുക്തോ യഥാർഹം
വിട്ബന്ധം വഹ്നിമാന്ദ്യം രുജമതിമഹതീം യോനിഹൃത്കുക്ഷിപൃഷ്ഠ
ശ്രോണീദേശേഷുസദ്യശ്ശമയതി ജഠരാഷ്ഠീലഗുന്മപ്ലീഹാംശ്ച

വർഷാഭ്രു=തമിഴാമവേരു. വില്വം=കൂവളവേർ. ഖല്വം=പഴമുതിര. ഉരുബു=ആവണക്കിൻവേർ. സഹചരം=കരിംകുറിഞ്ഞിവേരു്. ശുണ്ഠി=ചുക്ക. അഗ്നിമന്ഥം=മുഞ്ഞവേരു. ഇവകൊണ്ടുള്ള കഷായത്തിനു സപ്തസാരം എന്നു പേർ. ഗുളകണപടുഹിംഗ്വാജ്യയുക്തഃ യഥാർഹം=ഔചിത്യംപോലെ ശർക്കര, തിപ്പലിപ്പൊടി, ഇന്തുപ്പു, കായം, നെയ്യ് ഇവ മേമ്പൊടിചേൎത്തു സേവിക്കം. മലബന്ധം, അഗ്നിമാന്ദ്യം, യോനിശ്ശൂല; ഹൃദയം, വയറു്, മുതുകു്, അരക്കെട്ടു ഈ സ്ഥാനങ്ങളിലുണ്ടാകുന്ന വേദന, മഹോദരം, അഷ്ഠീല, ഗുന്മം, പ്ലീഹാവു ഇവയെല്ലാം ശമിക്കും.

### ൫൯. വിഴാൽചിത്രമൂലാദികഷായം.

വിഴാൽചിത്രയോൎമ്മൂലവും ചുക്കുമെള്ളും
പലാശത്വചാ പാരിഭദ്രസ്യതോലും
തകൎത്തിട്ടു വെന്തുപ്പു കായം കലൎത്തി-
ക്കുടിച്ചാലടങ്ങാത്ത ഗുന്മങ്ങളുണ്ടോ.

വിഴാൽവേരു്, ചിത്രമൂലം=ആവണക്കിൻവേർ. ചുക്കു്, എള്ളു്, പ്ലാശിൻതൊലി, പാരിഭദ്രം=മുരിങ്ങവേർതൊലി (മുരിക്കു് എന്നു ഇതിനൎത്ഥവും ആവിധം സ്വീകാൎയ്യതയും ഉണ്ടു്) ഇവ കഷായംവച്ചു ഇന്തുപ്പും കായവും മേമ്പൊടിചേൎത്തു സേവിക്ക. എല്ലാം ഗുന്മങ്ങളും ശമിക്കും.

### ൬൦. കണാശതാഹ്വാദികഷായം.

കണാശതാഹ്വാദ്വികരഞ്ജദാരു-
ഭാൎങ്ഗീകുലത്ഥൈഃ സതിലൈൎവ്വിപക്വം
തഥാ രസോനേന ച സിദ്ധമംഭഃ
സഹിംഗുകല്ക്കം ഹിതമസ്രഗുന്മേ.

കണാ=തിപ്പലി. ശതാഹ്വാ=ശതകുപ്പ. ദ്വികരഞ്ജം=പുങ്കിൽതൊലിയും ആവിൽതൊലിയും. ദാരു=ദേവതാരം. ഭാൎങ്ഗി=ചെറുതേക്കിൻവേർ. കുലത്ഥം=പഴമുതിര. തിലം=എള്ളു്. രസോനം=വെള്ളുള്ളി. ഇവകൊണ്ടുള്ള കഷായം കായം പൊരിച്ചുചേൎത്തു് സേവിക്ക. രക്തഗുന്മം ശമിക്കും.

### ൬൧. ചിത്രകഗ്രന്ഥികാദികഷായം.

ചിത്രകഗ്രന്ഥികൈരണ്ഡശുണ്ഠീക്വാഥഃ പരം ഹിതഃ
ശൂലാനാഹവിബന്ധേഷു സഹിംഗുവിഡസൈന്ധവഃ

ചിത്രകം=കൊടുവേലിക്കിഴങ്ങു്. ഗ്രന്ഥികം=കാട്ടുതിപ്പലിവേർ. ഏരണ്ഡം=ആവണക്കിൻവേർ ശുണ്ഠി=ചുക്കു് ഇവ കഷായംവച്ചു സേവിക്ക. വയററുവേദന, വയറുവീൎപ്പു് മലബന്ധം ഇവ ശമിക്കും. കായം, വിളയുപ്പു്, ഇന്തുപ്പു് ഇവ മേമ്പൊടി ചേൎക്കണം.

## ശൂലയ്ക്കു്

### ൬൨. മുളയിലാദികഷായം.

മുളയിലചുക്കുകുലത്ഥൈഃ കൊട്ടത്തേങ്ങാ∫ജമോജവൃശ്ചീവൈഃ
കൊടിയൊരു ശൂലവിനാശനമിന്തുപ്പും കായമിട്ടു പാക്യമിദം

മുളയില (മുളനാമ്പു്) ചുക്കു്, കുലത്ഥം=മുതിര കൊട്ടത്തേങ്ങ, അജമോജം=അയമോദകം. വൃശ്ചീവം=തമിഴാമവേരു്. ഇവ കഷായംവച്ചു ഇന്തുപ്പും കായവും മേമ്പൊടിചേൎത്തു സേവിക്ക. ശൂല (വേദനകൾ) ശമിക്കും.

### ൬൩. വഴാലിൻവേരാദികഷായം.

വഴാലിൻവേർ കടലാടി ഭൂസുരമരം ചുക്കുള്ളി കോൽ കൂവളം
മുഞ്ഞാ മൂവിലയാവണക്കു് പുടയാവെള്ളും തഥാ മോടകം
ഒക്കെക്കൂട്ടി നെറുത്തുകൊണ്ടെതിരവേ കായം കണാ സൈന്ധവം
ക്ഷാരംമേമ്പൊടിയിട്ടു പീതമുപദേശംപോലിദം ശൂലിനാം.

വിഴാൽവേരു്, കടലാടിവേരു്, ഭൂസുരമരം=ദേവതാരം (പ്ലാശിൻതൊലിയെന്നു മതാന്തരം) ചുക്കു്, വെളുത്തുള്ളി, കോലം=മുതിര. കൂവളവേർ, മുഞ്ഞവേർ, മൂവിലവേർ, ആവണക്കിൻവേരു്, പുടയാവു്=എലിത്തടി, എള്ളു്, മോടകം=ആനമോടകം ഇവ കഷായംവെച്ചു് സേവിക്ക. കായം. കണാ=തിപ്പലി. സൈന്ധവം=ഇന്തുപ്പു് ക്ഷാരം=ചവക്കാരം. ഇവ മേമ്പൊടിചേൎത്തു സേവിക്ക; ശൂല ശമിക്കും.

## ൫൪൭. നിൎഗ്ഗുണ്ഡ്യേരണ്ഡാദികഷായം

നിൎഗ്ഗുണ്ഡ്യേരണ്ഡകോരണ്ഡഗോക്ഷുരദ്വിപുനൎന്നവൈഃ
പഞ്ചകോലാഭയാശിഗ്രുകുലത്ഥൈശ്ച ശൃതം ജലം
സക്ഷാരഹിംഗുലവണം സൎവ്വശൂലവിനാശനം

നിൎഗ്ഗുണ്ഡി=കരിനൊച്ചിവേരു്. ഏരണ്ഡം=ആവണക്കിൻവേരു്. കോരണ്ഡം=കരിംകുറിഞ്ഞിവേരു്. ഗോക്ഷുരം=ഞെരിഞ്ഞിൽ. ദ്വിപുനൎന്നവം=തമിഴാമരണ്ടും. പഞ്ചകോലം=കാട്ടുമുളകിൻവേരു്, കാട്ടുതിപ്പലിവേരു്, കൊടുവേലിക്കിഴങ്ങു്, ചുക്കു്, തിപ്പലി. അഭയം=കടുക്കാത്തോടു്. ശിഗ്രു=മുരിങ്ങവേർതൊലി. കുലത്ഥം=മുതിര. ഇവ കഷായംവെച്ചു്, സക്ഷാരഹിംഗുലവണം=ചവക്കാരവും കായവും ഇന്തുപ്പും മേമ്പൊടിചേൎത്തു സേവിക്ക. എല്ലാം ശൂലകളും ശമിക്കും.

## ൫൪൮. പത്ഥ്യാപൂതീകാദികഷായം.

പത്ഥ്യാപൂതീകശുണ്ഠീദഹനകണകണാമൂലചവ്യാജഗന്ധാ-
വൎഷാഭ്രൂവില്വഖല്വോരുബുസഹചരശിഗ്രൂഷണാനാം കഷായഃ
സക്ഷാരോ ഹിംഗുമിശ്രഃ ക്ഷപയതി ഗുദജപ്ലീഹഗുന്മാഗ്നിമാന്ദ്യാ-
ദ്യഷ്ഠീലാനാഹവാതപ്രഭവകഫഭവം ശൂലജാലോദരഞ്ച.

പത്ഥ്യം=കടുക്കാത്തോടു്. പൂതീകം=ആവിൽതൊലി. ശുണ്ഠീ=ചുക്കു്. ദഹനം=കൊടുവേലിക്കിഴങ്ങു്. കണാ=തിപ്പലി. കണാമൂലം=കാട്ടുതിപ്പലിവേർ. ചവ്യം=കാട്ടുമുളകിൻവേർ. അജഗന്ധാ=ആട്ടുകൊട്ടപ്പാല. (ആടുനാറിവേള) വൎഷാഭു=തമിഴാമവേരു്. വില്വം=കൂവളവേർ. ഖല്വം=പഴമുതിര. ഉരുബു=ആവണക്കിൻവേർ. സഹചരം=കരിംകുറിഞ്ഞിവേർ. ശിഗ്രു=മുരിങ്ങവേർതൊലി. ഊഷണം=കുരുമുളകു്. ഇവകൊണ്ടുള്ള കഷായം, ക്ഷാരം=ചവക്കാരം. ഹിംഗു=കായം. ഇവ മേമ്പൊടിചേൎത്തു സേവിക്ക. അൎശസ്സു്, പ്ലീഹാവു്, ഗുന്മം, അഗ്നിമാന്ദ്യം, അഷ്ഠീല, ആനാഹം, വാതശൂല, കഫശൂല, മഹോദരം ഇവയെ ശമിപ്പിക്കും.

## ൫൪൯. പലാശത്വഗാദികഷായം.

ത്വചാ പലാശവൃക്ഷസ്യ കഷായോ വിധിനാ ശൃതഃ
സനാളികേരജക്ഷീരഃ സദ്യഃ ശൂലമപോഹതി.

പലാശവൃക്ഷത്വക്=പ്ലാശിൻതൊലി കഷായംവെച്ചു തേങ്ങാപ്പാൽചേൎത്തു സേവിക്ക. ഉടൻ വേദനകൾ ശമിക്കും.

## ൫൫൦. ഏരണ്ഡവില്വാദികഷായം.

ഏരണ്ഡവില്വബൃഹതീദ്വയമാതുലുംഗ-
പാഷാണഭിത്ത്രികടുമൂലകൃതഃ കഷായഃ
സക്ഷാരഹിംഗുലവണോരുബുതൈലമിശ്രഃ
ശ്രോണ്യംസപൃഷ്ഠഹൃദയസ്തനരുക്ഷു പേയഃ

ഏരണ്ഡം=ആവണക്കിൻവേർ. വില്വം=കൂവളവേർ. ബൃഹതീദ്വയം=ചെറുവഴുതിനവേരും വെൺവഴുതിനവേരും. മാതുളുംഗം=മാതളക്കാ (ഉറുമാമ്പഴം) ത്തോട്. പാഷാണഭിത്ത്=കല്ലൂർവഞ്ചി. ത്രികടുക്=ചുക്ക്, മുളക്, തിപ്പലി. മൂലം=മുള്ളങ്കിക്കിഴങ്ങ്. ഇവ കഷായംവച്ച്, സക്ഷാരഹിംഗുലവണാമ്ലതൈലമിശ്രഃ=ചവക്കാരം, കായം, ഇന്തുപ്പ്, ആവണക്കെണ്ണ ഇവ മേമ്പൊടിചേർത്തു സേവിക്ക. അരക്കെട്ട്, തോൾ, മുതുക്, ഹൃദയം, സ്തനം ഈ സ്ഥാനങ്ങളിലുള്ള വേദനകൾ ശമിക്കും. ഈ കഷായം വാതഘ്നമാണ്.

## ൱൭൨. പ്ലാശിൻതോലാദികഷായം

അറുനാലിനൊടു രണ്ടുമിക്രമാൽ
പ്ലാശുതോലൊടു പുനർന്നവൌഷധാൽ
ക്രുറുകൊണ്ടു കുടിനീർ കുടിക്കിൽ നോ-
വാശു പോം പടുവുമിട്ടു ഗുന്മിനാം.

പ്ലാശിൻതോൽ കഴഞ്ച് ൬. പുനർന്നവം=തമിഴാമവേർ കഴഞ്ച് ൪. ഔഷധം=ചുക്ക്. കഴഞ്ച് ൨. ഇവ കഷായംവച്ച്, ഇന്തുപ്പ മേമ്പൊടിചേർത്തു സേവിക്ക. ഗുന്മജമായ വേദനകൾ ശമിക്കും.

## ൱൭൩. പാച്ചോററിക്രുവളാദികഷായം.

പാച്ചോററി ക്രുവളം യഷ്ടി ചെറുതേക്കെള്ളു തൈഃ ശൃതം
നീർ കുടിക്കിൽ മൃഗാക്ഷീണാം വയററിൽകുത്തുപോയിടും

പാച്ചോററിവേർ, കൂവളവേർ, ഇരട്ടിമധുരം, ചെറുതേക്കിൻവേർ, എള്ള് ഇവ കഷായംവച്ച് സേവിക്ക. സ്ത്രീകൾക്കു ഗുന്മജമായ വേദന ശമിക്കും.

# മഹോദരത്തിനു്

## ൱൭൪. ദശമൂലപഞ്ചകോലാദികഷായം.

ദശമൂലപഞ്ചകോലത്രിഫലാദന്തീത്രിവൃത്സിദ്ധം
തോയമശേഷം ക്ഷപയേത് ജഠരാണ്യപി ജാതപാഥാംസി

ദശമൂലം=കൂവളവേർ, കുമ്പിളിൻവേർ, പാതിരിവേർ, പയ്യാഴാന്തവേർ, മുഞ്ഞവേർ, ഓരിലവേർ, മൂവിലവേർ, ചെറുവഴുതിനവേർ, വെൺവഴുതിനവേർ, ഞെരിഞ്ഞിൽ. പഞ്ചകോലം=കാട്ടുമുളകിൻവേർ, കാട്ടുതിപ്പലിവേർ, കൊടുവേലിക്കിഴങ്ങ്, തിപ്പലി, ചുക്ക്. ത്രിഫലാ=ത്രിഫലത്തോട്. ദന്തി=നാഗദന്തിവേർ. ത്രിവൃത്=ശിവത, ഇവകൊണ്ടുള്ള കഷായം മഹോദരത്തെ ഉദകോദരം ആയ അവസ്ഥയിലും ശമിപ്പിക്കും.

## ൱൭൫. നികുംഭകുംഭാദികഷായം.

നികുംഭകുംഭത്രിഫലാഗവാക്ഷീ-
സ്നുക്തിലപകൈഃ കല്പിതമംബുപീതം
സഹേമദുഗ്ദ്ധം സകണം വിരേകാൽ
ജയത്യുദാവൎത്തമഹോദരാണി

നികുംഭം=നാഗദന്തിവേർ. കുംഭം=ത്രികോല്പക്കൊന്ന. ത്രിഫല=ത്രിഫലത്തോട്. ഗവാക്ഷീ=കാട്ടുവെള്ളരിവേർ (നീലശംഖുപുഷ്പവേർ എന്നു മതാന്തരം) സ്നുക്=കള്ളിവേർ. തിലപകം=കുമ്മട്ടി ഹേമദുഗ്ദ്ധം=എരുമക്കള്ളിവേർ. കണം=

തിപ്പലി ഇവകൊണ്ടുണ്ടാക്കുന്ന കഷായം സേവിച്ചാൽ മലശോധനവരുത്തി മഹോദരവും ഉദാവത്തവും ശമിപ്പിക്കും.

### ൱൬൬. തമിഴാമാദികഷായം

തമിഴാമ കടുക്ക കൊന്നതൻതോൽ
ചിരവില്വത്തളിർ ചുക്ക ചുണ്ടവേരും
ഇവകൊണ്ടിയല്വം കഷായപാനാൽ
വിടകൊണ്ടീടുമുടൻ മഹോദരത്തീ.

തമിഴാമവേര്, കടുക്കാത്തോട്, കൊന്നവേർതൊലി, ആവിൽത്തളിർ, ചുക്ക്, ചുണ്ടവേർ ഇവ കഷായംവെച്ചു സേവിച്ചുശീലിച്ചാൽ മഹോദരം ശമിക്കും.

## പാണ്ഡുവിന്

### ൱൬൭. പുനൎന്നവാനിംബാദികഷായം.

പുനൎന്നവാനിംബപടോലശുണ്ഠീ-
തിക്താമൃതാദാർവ്യഭയാകഷായഃ
സർവാംഗശോഫജ്വരകാസശൂല-
ശ്വാസാന്വിതം പാണ്ഡുഗദം നിഹന്തി.

പുനൎന്നവം=തമിഴാമവേർ നിംബം=വേപ്പിൻതൊലി പടോലം ശുണ്ഠീ=ചുക്ക് തിക്ത=പുത്തരിച്ചുണ്ടവേർ (കിരിയാത്ത് ഇതിനുപകരം സ്വീകരിക്കാം) അമൃത് ദാർവ്വീ=മരമഞ്ഞൾത്തൊലി അഭയം=കടുക്കാത്തോട് ഈ കഷായം സർവാംഗങ്ങളിലുമുള്ള നീർക്കെട്ട്, ജ്വരം, ചുമ, വേദനകൾ, വലിവ് ഇവയോടുകൂടിയ പാണ്ഡുരോഗത്തെ ശമിപ്പിക്കും.

### ൱൬൮. വാശാഗുളൂച്യാദികഷായം

വാശാഗുളൂചീത്രിഫലാ കടുീഭൂനിംബനിംബജഃ
ക്വാഥഃ ക്ഷൗദ്രയുതോ ഹന്തി പാണ്ഡുപിത്താസ്രകാമിലാഃ

വാശം=ആടലോടകവേർ ഗുളൂചി=ചിററമൃത് ത്രിഫല=ത്രിഫലത്തോട് കടുീ=പലകപ്പയ്യാനി (ഏലത്തരി എന്നു മതാന്തരം) ഭൂനിംബം=പുത്തരിച്ചുണ്ടവേർ നിംബം=വേപ്പിൻതൊലി ഇവകൊണ്ടുണ്ടാക്കുന്ന കഷായം തേൻചേർത്തു സേവിക്ക. പാണ്ഡു, രക്തപിത്തം, കാമില ഇവ ശമിക്കും.

### ൱൬൯. പർപ്പികാദ്രകാദികഷായം

പിത്തപാണ്ഡുവിനു പർപ്പികാർദ്രകം മുത്തിളോടപി കരിന്തകാളിയും
ഇത്ഥമുള്ള ഖളമേവ കണ്ടുകൊൾകസ്തുജായോളിതിലതോപി വാ ഖളം

പർപ്പികം=വയമ്പ്. ആർദ്രകം=ഇഞ്ചി. മുത്തിൾ=വെളുത്തകുടങ്ങൽ. കരിന്തകാളി=കരിംകുടങ്ങൽ. ഇവ മോരിൽ മുക്കുടിയാക്കി സേവിക്ക. ഇരുമ്പുഭസ്മം, കയ്യോന്നി, എള്ള് ഇവ മേൽപ്രകാരം മുക്കുടിയാക്കി സേവിക്കയുമാം. പിത്തപാണ്ഡു ശമിക്കും.

## ൭൩. വ്യോഷാദികഷായം

വ്യോഷാജമോജതമിഴാമകരിമ്പിരുമ്പു്
പത്ഥ്യാബലാ പുളിഞരമ്പു പുരാണകിട്ടം
ജംബീരപാഠാനിശവഞ്ജുലതാത്രിപാദി
തച്ചിട്ട തക്രമുഷിതം വിനിഹന്തി പാണ്ഡും

വ്യോഷം=ചുക്കു് മുളകു് തിപ്പലി. അജമോദം=അയമോദകം. തമിഴാമവേർ കരിമ്പു്, തുരുമ്പുപിടിച്ച ഇരുമ്പു്, പത്ഥ്യം=കടുക്ക. പുളിയിലഞരമ്പു്, ചെറുനാരങ്ങ, നിശ=മഞ്ഞൾ. വഞ്ജുലതാ=ചങ്ങലംപരണ്ട. ത്രിപാദി=നിലംപരണ്ട (ചെറുപ്പുള്ളടി) ഇവ ചതച്ച മോരിലിട്ടുവച്ചു്, ഒരുദിവസം കഴിഞ്ഞശേഷം പുരാണകിട്ടഭസ്മം ചേർത്തു കുറേശ്ശെ സേവിക്ക. പാണ്ഡു വളരെ വേഗത്തിൽ ശമിക്കും. കരിമ്പിരുമ്പാദികഷായം ഇതിലെ മരുന്നുകൾ ക്വാഥമാക്കുന്നതാണു്. അതിലും പുരാണകിട്ടഭസ്മം (മണ്ഡൂരഭസ്മം) ചേർത്തു സേവിക്കാം. പ്രായേണ കരിമ്പിരുമ്പാദി വലുതും ചെറുതും താരതമ്യപ്പെടുത്തുമ്പോൾ ഗ്രന്ഥഭേദം അനുസരിച്ചും പാരമ്പര്യമനുസരിച്ചും വിധാനഭേദങ്ങളും ഉണ്ടു്.

# കാമില യ്ക്കു്

## ൭൪. വാശാഗുളൂചിയഷ്ട്യാദികഷായം

വാശാഗുളൂചിയഷ്ട്യാഹ്വാകതകാമൃതവാളകൈഃ
സനിംബൈഃ കാമിലാം ഹന്യാത് ക്വാഥഃ ക്ഷൌദ്രാജ്യസംയുതഃ

വാശാ=ആടലോടകവേരു്. ഗുളൂചി=ചിററമൃതു് യഷ്ട്യാഹ്വം=ഇരട്ടിമധുരം. കതകം=തേററാമ്പരൽ. വാളകം=ഇരുവേലി. നിംബം=വേപ്പിൻതൊലി. ഇവ കഷായംവച്ചു തേനും നെയ്യും മേമ്പൊടിചേർത്തു സേവിക്ക. കാമില ശമിക്കും.

## ൭൫. നിംബത്വഗാദികഷായം

നിംബത്വക്ത്രിഫലാപടോലരജനീവാശാമൃതാശാരിബാ
ശ്യാമാതാമലകീപലംകഷബലാനീലീസ്ഥിരായഷ്ടിഭിഃ
സിദ്ധോ മാക്ഷികപിപ്പലീഗിരിജതുപ്രക്ഷേപണാത്സംസ്കൃതഃ
ക്വാഥഃ കുംഭഹലീമകം പ്രശമയേത് ഭിന്നന്ദിനൈഃ പഞ്ചഷൈഃ

നിംബത്വക്=വേപ്പിൻതൊലി. ത്രിഫല=ത്രിഫലത്തോടു്. പടവലം, രജനി=വറട്ടുമഞ്ഞൾ. വാശാ=ആടലോടകവേർ അമൃത=ചിററമൃതു് ശാരിബാ=നറുനീണ്ടിക്കിഴങ്ങു്. ശ്യാമ=ത്രികോൽപ്പക്കൊന്ന. പലംകഷ=കുമിഴിൻവേർ ബലാ=കുറുന്തോട്ടിവേർ. നീലീ=അമരിവേർ സ്ഥിരാ=ഓരിലവേർ യഷ്ടി=ഇരട്ടിമധുരം ഇവകൊണ്ടുണ്ടാക്കുന്ന കഷായം മാക്ഷികപിപ്പലീഗിരിജതുപ്രക്ഷേപണാത്=ചെറുതേൻ, തിപ്പലിപ്പൊടി, കന്മദം ഇവ പ്രക്ഷേപണം (മേമ്പൊടി)ആക്കി ചേർത്തുസേവിക്ക; കുംഭകാമില ശമിക്കും.

## ൭൬. യഷ്ടീവാശാദികഷായം

യഷ്ടീവാശാമൃതാവാളകകതകഫലൈരിക്ഷുഗോക്ഷുരയുക്തൈ-
രെട്ടൊന്നാക്കും കഷായം പുലരി പിബതു തത് കാമിലാകാലനെന്നു

യഷ്ടി=ഇരട്ടിമധുരം വാശാ=ആടലോടകവേരു് അമൃത=ചിററമൃതു് വാളകം=ഇരുവേലി കതകം=തേററാമ്പരൽ ഫലം=പച്ചനെല്ലിക്ക ഇക്ഷു=കരിമ്പു്

ഗോക്ഷുരം=ഞെരിഞ്ഞിൽ ഇവ കഷായംവച്ച് എട്ടിലൊന്നാക്കി പിഴിഞ്ഞരിച്ച് അതിരാവിലെ സേവിക്ക. കാമില ശമിക്കും.

### ൧൱൪. താരുതാവലാദി മുക്കുടി

താരുതാവല്യു നിലംപരണ്ടയും കീഴ്ഫലാമലകമുത്തിം തൈഃ സമം
മോരിൽമുക്കുടിഃപകൽക്കുടിക്ക പാൽക്കൂട്ടി രാത്രിയിലുമുൺക കാമിലീ

താർതാവൽവേർ, നിലംപരണ്ട=ചെറുപ്പുള്ളടി. കീഴ്ഫലാമലകം=കീഴാനെല്ലി. ആമലകം=പച്ചനെല്ലിക്ക. മുത്തിം=കുടങ്ങൽ ഇവ സമം മോരിൽ അരച്ചു കലക്കി മുക്കുടി (ഖളം) ആക്കി പകൽ സേവിക്ക. കാമില ശമിക്കും. കാമിലാരോഗി രാത്രി പാൽക്കൂട്ടി ഉണ്ണുകയുംചെയ്ക.

## ശോഫത്തിന്

### ൧൱൫. പത്ഥ്യാപുനർന്നവാദികഷായം

പത്ഥ്യാപുനർന്നവനിശാകണമൂലവഹ്നി-
ചിത്രാബ്ദജീരകസുരദ്രുമമാഗധീനാം
കഷായം പിബേത് ശ്വയഥു ബന്ധധരാത്തജീവോ-
പ്യുത്തിഷ്ഠതേ ശിവസമാശ്രിതബാലതുല്യഃ

പത്ഥ്യാ=കടുക്കാത്തോട്. പുനർന്നവം=തമിഴാമവേര്. നിശാ=വാട്ടുമഞ്ഞൾ കണാമൂലം=കാട്ടുതിപ്പലിവേർ. വഹ്നി=കൊടുവേലിക്കിഴങ്ങ്. ചിത്രം=ആവണക്കിൻവേർ. അബ്ദം=മുത്തങ്ങ, ജീരകം. സുരദ്രുമം=ദേവതാരം. മാഗധി=ചെറുതിപ്പലി. ഈ കഷായം ശോഫം (നീരുംവിളർച്ചയും മററുമുള്ള രോഗം) ശമിപ്പിക്കും.

### ൧൱൬. ചുക്കുചുണ്ടാദികഷായം

ചുക്കു ചുണ്ട കടലാടി സത്തുവാ നാലുമായറുകഴഞ്ചിവകൊണ്ട്
അശ്വിലപതഴുതാമകഷായം ഹന്തി ശോഫമപി സംഗവും വിശഃ

ചുക്ക്, ചുണ്ട=പുത്തരിച്ചുണ്ടവേർ, കടലാടിവേർ, കൊടിത്തൂവവേര് ഇവ ഒന്നരക്കഴഞ്ചുവീതം. അശ്വിലപതമിഴാമ=കൂവളവേരും തമിഴാമവേരുംകൂടി നാകഴഞ്ചു്. ഈ കഷായം ശോഫത്തെയും മലബന്ധത്തെയും ശമിപ്പിക്കും. വില്വശബ്ദത്തിന്റെ പലം എന്നർത്ഥമുള്ളതിനാലും അശ്വിലപത്തിന് അരപ്പലം തമിഴാമവേർമാത്രം ചേക്കണമെന്നു ചില വ്യാഖ്യാതാക്കന്മാരും, ചില വൈദ്യന്മാരും പ്രയോക്താക്കളായിട്ടുണ്ട്. ഔചിത്യമനുസരിച്ച്, ആവിധത്തിലല്ല വേറെയും മാററങ്ങൾ രോഗാവസ്ഥാനുസാരം ഈ യോഗത്തിലും മററു യോഗങ്ങളിലും ചെയ്യുമാറുള്ളതുകൊണ്ടും, ഫലപ്രാപ്തിയെപ്പററി വാദിക്കാൻ തരമില്ലെങ്കിലും കൂവളവേർകൂടിത്തന്നെയാണു ശരിപക്ഷം സ്വീകരിച്ചുവരുന്നത്.

### ൧൱൭ പനവിരലാദി ഭസ്മക്കഞ്ഞി

പനവിരൽ കടലാടി ചുള്ളി രംഭാ
ഭസിതസമേന ജലേന പാലിനാലും
അഴകിയലിന കഞ്ഞി ഹന്തി ശോഫം
ഹരിഹരയോരിവ കന്മഷം പ്രസാദഃ

പനവിരൽ=പനവാഴയ്ക്കു (പനംപൂവ്. ചില ദേശങ്ങളിൽ പനവിരൽ എന്നു തന്നെ പേരുപറയും) കടലാടി സമൂലം, വയൽചുള്ളി. രംഭാ=കദളിവാഴമാണം ഇവ വരുത്തു ഭസ്മമാക്കി കലക്കി അരിച്ച വെള്ളമെടുത്തു സമം പാൽ ചേൎത്തു കഞ്ഞിവെച്ചു കുടിക്ക. വിഷ്ണുവിൻെറയും ശിവൻെറയും പ്രസാദം പാപങ്ങളെ എന്നപോലെ ശോഫത്തെ നശിപ്പിക്കും.

### ഫന്നവ്യ. ആവിത്തോലാദി ഭസ്മക്കഞ്ഞി

**ആവിത്തോൽ കടലാടി ദന്തി തപനം ചിത്രാ വയൽച്ചുള്ളിയും**
**ശമ്യാകത്തൊലി കള്ളിവേർ പനവിരൽ സ്നുഹ്യഗ്രവും രംഭയും**
**എരുതൽ ഭസ്മജലേ യവാഗുവിഹിതാ പാലോടുമോരോടുതാൻ**
**ക്രുട്ടീട്ടാശ്രു നിഹന്തി ശോഫമഖിലം ഗുന്മോദരാദീനപി**

ആവിൽതൊലി, കടലാടി സമൂലം, ദന്തി=നാഗദന്തിവേർ. തപനം=എരുക്കിൻവേർ (സമൂലവുമാം) ചിത്രം=ആവണക്കിൻവേർ, വയൽചുള്ളി. ശമ്യാകത്തൊലി=കൊന്നത്തൊലി. കള്ളിവേർ=കമ്പിപ്പാലവേരു്. പനവിരൽ=പനവാഴയ്ക്കു. സ്നുഹ്യഗ്രം=കള്ളിക്കഴുത്തു്. രംഭ=കദളിവാഴമാണം. ഈ മരുന്നുകൾ വരുത്തു ഭസ്മമാക്കി വെള്ളത്തിൽ കലക്കി തെളിച്ച് ഊററിയെടുത്തു അതോടുകൂടി മോരോ പാലോ ചേൎത്തു കഞ്ഞിവെച്ചു കുടിച്ചാൽ എല്ലാ ശോഫങ്ങളും ഗുന്മരോഗവും മഹോദരം മുതലായവയും ശമിക്കും.

### ഫന്നൻ. ഗോക്ഷുരാദ്രകാദി കഷായം

**ഗോക്ഷുരാദ്രകവൎഷാഭ്രുപത്ഥ്യാദാരുമഹൌഷധൈഃ**
**സരസോനേക്ഷുരൈഃ സിദ്ധം തോയം ശോഫാപഹം പരം**

ഗോക്ഷുരം=ഞെരിഞ്ഞിൽ ആൎദ്രകം=ഇഞ്ചി. വൎഷാഭൂ=തമിഴാമവേരു്. പത്ഥ്യം=കടുക്കാത്തോടു്. ദാരു=ദേവതാരം. മഹൌഷധം=ചുക്കു്. രസോനം=വെള്ളുള്ളി ഇക്ഷുരം=വയൽചുള്ളി ഇവകൊണ്ടുള്ള കഷായം ശോഫത്തെ ശമിപ്പിക്കും.

### ഫ൦. പത്ഥ്യാപുനൎന്നവാദികഷായം

**പത്ഥ്യാ പുനൎന്നവ കണാ കണവേർ പകന്നാ**
**ചുക്കംബുജീരകസുരദ്രു ചുരയ്ക്കതണ്ടാൽ**
**വയ്ക്കും കഷായമിതു വീക്കമെറെക്കെടുക്കും**
**തത്രാദ്ധ്വിലാപമിരവോടു പിബേതു് കഷായം.**

പത്ഥ്യം=കടുക്കാത്തോടു്. പുനൎന്നവ=തമിഴാമവേർ കണാ=തിപ്പലി. കണവേർ=കാട്ടുതിപ്പലിവേർ. പകന്നാ=ത്രികോല്പക്കൊന്ന ചുക്കു്, അംബു=ഇരുവേലി ജീരകം, സുരദ്രു=ദേവതാരം. ചുരത്തണ്ടു് ഇവകൊണ്ടുള്ള കഷായം സേവിക്ക. ശോഫം ശമിക്കും. ഈ കഷായം പകലും, രാത്രി ഫന്നന്ന-ാംയോഗം (ചുക്കചുണ്ടാദി) കഷായവും സേവിക്ക.

## വിസൎപ്പത്തിനു്

### ഫൈ. പടോലദാൎവ്യാദികഷായം

**പടോലദാൎവീപിചുമന്ദതിക്താ-**
**ത്രായന്തികായഷ്ടിവൃഷാംബുയുക്തം**
**ജലം വിസൎപ്പം വിനിഹന്തി ധാത്രീ-**
**പടോലമുസ്തൈശ്ച ശൃതാംബു തദ്വത്**

പടോലം=പടവലം. ദാർവീ=മരമഞ്ഞൾത്തൊലി. പിചുമന്ദം=വേപ്പിൻതൊലി തിക്താ=പുത്തരിച്ചുണ്ടവേർ. ത്രായന്തികാ=ബ്രഹ്മി. യഷ്ടി=ഇരട്ടിമധുരം. വൃഷം=ആടലോടകവേർ. അംബു=ഇരുവേലി ഇവകൊണ്ടുണ്ടാക്കുന്ന കഷായവും, ധാത്രി=നെല്ലിക്കാത്തോട്, പടവലം, മുസ്ത=മുത്തങ്ങ ഇവകൊണ്ടുള്ള കഷായവും വിസർപ്പത്തെ ശമിപ്പിക്കും.

## ൧൫. മുസ്താരിഷ്ടാദികഷായം.

മുസ്താരിഷ്ടപടോലദാരുരജനീദ്രാക്ഷാബലാനാഗരൈഃ
ത്രായന്ത്യുല്പലധന്വയാഷധനികാഭൂനിംബസേവ്യാംബുഭിഃ
ശ്രേഷ്ഠാനിംബകുലകൈശ്ച സകണൈസ്സിദ്ധാഃകഷായാ മരുത്
പിത്തശ്ലേഷ്മവിസർപ്പദർപ്പശമനാഃ പ്രോക്താസ്ത്രയാസ്തേ ക്രമാത്.

(൧) മുസ്ത=മുത്തങ്ങ. അരിഷ്ടം=വേപ്പിൻതൊലി, പടവലം. ദാരു=ദേവതാരം. രജനി=വറട്ടുമഞ്ഞൾ ദ്രാക്ഷാ=മുന്തിരിങ്ങാപ്പഴം ബലാ=കുറുന്തോട്ടിവേർ. നാഗരം=ചുക്ക് ഇവകൊണ്ടുള്ള കഷായവും. (൨) ത്രായന്തി=ബ്രഹ്മി. ഉല്പലം=ചെങ്ങഴിനീർക്കിഴങ്ങ് (കരിംകൂവളം) ധന്വയാഷം=കൊടുത്തൂവവേരു്. ധനികാ=കൊത്തമ്പാലരി. ഭൂ[illegible]ബം=പുത്തരിച്ചുണ്ടവേർ സേവ്യം=രാമച്ചം അംബു=ഇരുവേലി ഇവ[illegible]കൊണ്ടുള്ള [illegible]ഷായവും. (൩) ശ്രേഷ്ഠാ=ത്രിഫലത്തോട്. നിംബം=വേപ്പിൻതൊലി കുലകം=പടവലം കണ=തിപ്പലി ഇവ കൊണ്ടുള്ള കഷായവും വിസർപ്പത്തെ ശമിപ്പിക്കും. ഇതിൽ ൧-ാം കഷായം വാതവിസർപ്പത്തിനും, ൨ പിത്തവിസർപ്പത്തിനും, ൩ കഫജമായ വിസർപ്പത്തിനും നന്നു്.

## ൧൬. കുളകാദികഷായം (ഗണം)

കുളകവൃഷകിരാതാരിഷ്ടതിക്താക്ഷപഥ്യാ-
മലകമലയജാനാം കൗശികാഢ്യഃ കഷായഃ
സകലഗദസമൂഹം ഹന്തി വീസർപ്പമുഗ്രം
ജ്വരവമിവിഷദാഹഭ്രാന്തിതൃഷ്ണാരുജാദിഃ

'സകലഗദസമുത്ഥം' എന്നും, 'ശ്വയഥുദവഥുദാഹഭ്രാന്തി' എന്നും പാഠാന്തരങ്ങൾ.

കുളകം=പടവലത്തണ്ടു്. വൃഷം=ആടലോടകവേർ കിരാതം=പുത്തരിച്ചുണ്ടവേർ (കിരിയാത്തു് എന്നും പക്ഷം) അരിഷ്ടം=വേപ്പിൻതൊലി. തിക്താ=കടുകരോഹിണി. അക്ഷം=താന്നിക്കാത്തോട് പഥ്യാ=കടുക്കാത്തോട്. ആമലകം=നെല്ലിക്കാത്തോട്. മലയജം=ചന്ദനം ഇവ കഷായംവെച്ച് ഗുൽഗുലു, (൧൩൪-ാംയോഗത്തിൽ പറഞ്ഞതുപോലെ) മേമ്പൊടിചേർത്തു സേവിക്കൂ. വിസർപ്പം ശമിക്കും. വിസർപ്പവും അനുബന്ധിയായ ജ്വരം, ഛർദ്ദി, ചുട്ടുനീററൽ, ഭ്രമം, തണ്ണീർദാഹം മുതലായവയും ശമിക്കും.

## ൧൭. നന്നാറിയാദി കഷായം

നന്നാറി കളിരുശീരീയഷ്ടീമധുകോംബുജസ്യ കിഞ്ജല്കം
മഞ്ചട്ടി മഞ്ഞൾ പഥ്യാസ്തേമീ വീസർപ്പശാന്തയേ ശസ്താഃ

നന്നാറി=നറുനീണ്ടിക്കിഴങ്ങു കളിർ=ചന്ദനം. ഉശീരി=രാമച്ചം. യഷ്ടീമധുകം=ഇരട്ടിമധുരം. അംബുജകിഞ്ജല്കം=താമരയല്ലി. മഞ്ചട്ടി=മഞ്ചട്ടിപ്പൊടി മഞ്ഞൾ=വറട്ടുമഞ്ഞൾ. പഥ്യാ=കടുക്കാത്തോട് ഇവ കഷായംവച്ചു സേവിച്ചാൽ വിസർപ്പങ്ങൾ ശമിക്കും.

### ൱൭. ചുണ്ടതഴുതാമാദികഞ്ഞിക്കഷായം

ചുണ്ടതമിഴാമശ്ശുണ്ഠീദുരാലഭാപാചിതേന തോയേന
സിദ്ധാ കഞ്ഞിരത്തെളിരപി വീക്കത്തെയൊക്കെ വെല്ലുമക്ഷണമേ

പുത്തരിച്ചുണ്ടവേർ, തമിഴാമവേർ, ശുണ്ഠീ=ചുക്ക്. ദുരാലഭാ=കൊടിത്തൂവവേർ ഇവകൊണ്ടുണ്ടാക്കിയ കഷായത്തിൽ കഞ്ഞിവെച്ചുകുടിച്ചാൽ വീക്കവും വിസർപ്പവും ശമിക്കും.

## മസൂരിക്ക്

### ൱൮. ജീവന്ത്യാദികഷായം

ജീവന്തീഹ്രീബേരികാത്രിഫലികാവാശാമൃതാശാരിബാ-
ശുണ്ഠീയഷ്ടിപയോദചന്ദനപടോലോശീരനിംബൈഃ ശൃതഃ
നിഃകപാഥോഽഷ്ടമശേഷിതോ മധുഗുളപ്രക്ഷേപണാത്സംസ്കൃതഃ
പീതശ്ചേത് ജ്വരിതേന തസ്യ പിടകോല്പത്തേഃ പ്രസംഗഃ കുതഃ

ജീവന്തി=അടപൊതിയൻകിഴങ്ങ്. ഹ്രീബേരികം=ഇരുവേലി; ത്രിഫലികം=ത്രിഫലത്തോട്. വാശം=ആടലോടകവേർ. അമൃത=ചിററമൃത്. ശാരിബാ=നറുനീണ്ടിക്കിഴങ്ങ് ശുണ്ഠി=ചുക്ക്. യഷ്ടി=എരട്ടിമധുരം. പയോദം=മുത്തങ്ങ. ചന്ദനം, പടവലം, ഉശീരം=രാമച്ചം. നിംബം=വേപ്പിൻതൊലി. ഇവകൊണ്ടു കഷായംവെച്ച് എട്ടിലൊന്നാക്കി പിഴിഞ്ഞരിച്ചു തേൻ, ശക്കര (പഞ്ചസാര) ഇവമേമ്പൊടിചേത്തു സേവിക്ക. മസൂരി ഉത്ഭവിക്കയില്ല. ആരംഭത്തിൽ പനിവരുമ്പോൾസേവിക്ക; ശമിക്കും. ഈ കഷായം വിദ്രധിമുതലായവയെയും പഴുക്കാൻ ആരംഭിക്കുമ്പോഴുണ്ടാകുന്ന ജ്വരത്തെയും ശമിപ്പിക്കും. പിടകകൾ പഴുക്കാതിരിക്കാനും തജ്ജന്യങ്ങളായ പീഡകൾ ശമിക്കുന്നതിനുംകൂടി ഈ കഷായം ഫലപ്രദമാകുന്നു.

### ൱൯ ശുണ്ഠീബലാദികഷായം.

ശുണ്ഠീബലാനിംബപടോലകുഷ്ഠൈഃ
സധാന്യകൈഃ സാമലകൈഃ സമുസ്തൈഃ
ശൃതഃ കഷായോ വിനിഹന്തി പാനാ-
ന്മസൂരികാമഷ്ടവിധാം മധൂഢഃ

ശുണ്ഠീ=ചുക്ക്. ബലാ=കുറുന്തോട്ടിവേർ, നിംബം=വേപ്പിൻതൊലി, പടവലം കുഷ്ഠം=വെള്ളക്കൊട്ടം. ധാന്യകം=കൊത്തമ്പാലരി. ആമലകം=നെല്ലിക്കാത്തോട്, മുസ്ത=മുത്തങ്ങാക്കിഴങ്ങ് ഇവകൊണ്ടുണ്ടാക്കുന്ന കഷായം, എട്ടുവിധമായ മസൂരികളേയും ശമിപ്പിക്കും. തേൻ മേമ്പൊടിചേത്തു സേവിക്ക.

### ൱൰. ധാത്രീചന്ദനാദികഷായം (പാനയോഗം)

ധാത്രീചന്ദനമൂർവ്വാരുബീജം ഗുഞ്ജാഫലം സിതം
പിബേത്തണ്ഡുലതോയേന നോത്ഭവന്തി മസൂരികാഃ

ധാത്രി=നെല്ലിക്കാത്തോട്, ചന്ദനം, ഊർവ്വാരുബീജം=വെള്ളരിക്കുരു. സിതംഗുഞ്ജാഫലം=വെളുത്ത കുന്നിക്കുരു. ഇവ കാടിയിൽ അരച്ചു സേവിക്ക. (മുക്കാൽ കഴഞ്ചുവീതം, കാടി ഒന്നരത്തുടം) മസൂരി ഉത്ഭവിക്കയില്ല.

## ൱൯. ദ്രാക്ഷാകാശ്മൎയ്യാദികഷായം

ദ്രാക്ഷാകാശ്മൎയ്യഖൎജ്ജൂരപടോലാരിഷ്ടവാശകൈഃ
ലാജാമലകദുസ്സൎശൈഃ ക്വഥിതം ശൎക്കരാന്വിതം
മസൂരികാം പിത്തകൃതാം രക്തജാഞ്ച വിനാശയേത്.

ദ്രാക്ഷാ=മുന്തിരിങ്ങാപ്പഴം. കാശ്മൎയ്യം=കുമിഴിൻവേരു്. ഖൎജ്ജൂരം=ചിററീന്തൽവേരു്. പടവലം, അരിഷ്ടം=വേപ്പിൻതൊലി വാശകം=ആടലോടകവേരു്. ലാജം=മലരു്. ആമലകം=നെല്ലിക്കാത്തോടു് ദുസ്സൎശം=കൊടുത്തൂവവേരു്. ഇവകൊണ്ടുള്ള കഷായം പഞ്ചസാരചേൎത്തു സേവിക്കുക. പിത്തകോപംകൊണ്ടും രക്തകോപംകൊണ്ടുമുണ്ടാകുന്ന മസൂരിക ശമിക്കും.

## ൱൰. പഞ്ചമൂലാദികഷായം.

ദ്വേപഞ്ചമൂലേ രാസ്നാ ച ധാത്ര്യുശീരം ദുരാലഭാ
സാമൃതം ധാന്യകാ മുസ്തം ജയേദ്വാതമസൂരികാം.

ദ്വേപഞ്ചമൂലേ=രണ്ടു പഞ്ചമൂലങ്ങളും. കൂവളം, കുമിഴു്, പാതിരി, പയ്യാഴാന്ത, മുഞ്ഞ, ഓരില, മൂവില, ചെറുവഴുതിന, വെളുവഴുതിന ഇവയുടെ വേർ, ഞെരിഞ്ഞിൽ. രാസ്നം=ചിററരത്ത. ധാത്രീ=നെല്ലിക്കാത്തോടു്. ഉശീരം=രാമച്ചം ദുരാലഭാ=കൊടിത്തൂവവേരു്. അമൃത=ചിററമൃതു്. ധാന്യകം=കൊത്തമ്പാലരി മുസ്തം=മുത്തങ്ങ ഇവകൊണ്ടുണ്ടാക്കിയ കഷായം വാതമസൂരികയെ നശിപ്പിക്കും.

# വിസ്ഫോടത്തിനു്

## ൱൰൧. ചന്ദനപൎപ്പടകാദികഷായം.

ചന്ദനപൎപ്പടകാമൃതവല്ലീസേവ്യജലാംബുദധാന്യകസിദ്ധം
പുഷ്കരമുഗ്രവിദാഹവിമിശ്രം സ്ഫോടമശേഷമപോഹതി സദ്യഃ

ചന്ദനം, പൎപ്പടകപ്പുല്ലു്. അമൃതവല്ലി=ചിററമൃതു്. സേവ്യം=രാമച്ചം. ജലം=ഇരുവേലി. അംബുദം=മുത്തങ്ങ. ധാന്യകം=കൊത്തമ്പാലരി. ഇവകൊണ്ടുണ്ടാക്കിയ പുഷ്കരം=കഷായജലം ഉഗ്രമ്പുഴുക്കോടുകൂടിയ(വിദാഹം) വിസ്ഫോടത്തെ ശമിപ്പിക്കും.

## ൱൰൨, നിംബാമൃതാബ്ദാദികഷായം.

നിംബാമൃതാബ്ദധാന്യാകയാഷഭൂനിംബപൎപ്പടൈഃ
വാശാവരാപടോലൈശ്ച ക്വാഥഃ സ്ഫോടഹരഃ പരം

നിംബം=വേപ്പിൻതൊലി. അമൃതം=ചിററമൃതു്. അബ്ദം=മുത്തങ്ങ. ധാന്യകം=കൊത്തമ്പാലരി. യാഷം=കൊടിത്തൂവവേരു്. ഭൂനിംബം=പുത്തരിച്ചുണ്ടവേരു്. പൎപ്പടം=പൎപ്പടകപ്പുല്ലു്. വാശം=ആടലോടകവേരു്. വരം=ത്രിഫലത്തോടു്. പടോലം ഇവകൊണ്ടുള്ള കഷായം സ്ഫോടങ്ങളെ ശമിപ്പിക്കും. ൱൯-ം ൱൰-ം യോഗങ്ങളും വിസ്ഫോടത്തിനും നന്നു്.

## ൱൰൩. അമൃതാരജന്യാദികഷായം.

അമൃതാരജനീനിംബയാഷരോഗഘ്നതോയദൈഃ
പത്ഥ്യാധാത്രീവൃഷൈഃ ക്വാഥഃ ശീതപിത്തനിബൎഹണഃ

അമൃതം=ചിററമൃത്. രജനി=വട്ടമഞ്ഞൾ. നിംബം=വേപ്പിൻതൊലി. യാഷം=കൊടിത്തൂവവേര്. രോഗഘ്നം=വെള്ളക്കോട്ടം. തോയദം=മുത്തങ്ങ. പത്ഥ്യം=കടുക്കാത്തോട്. ധാത്രീ=നെല്ലിക്കാത്തോട്. വൃഷം=ആടലോടകവേര് ഇവകൊണ്ടുള്ള കഷായം ശീതപിത്തത്തെ ശമിപ്പിക്കും. (മണ്ഡലാകൃതി ചുവന്ന് മുഴവായി ചൊറിച്ചിലോടുകൂടി ദേഹത്തിൽ തിണലടിക്കുന്നതിനെ ശീതപിത്തമെന്നു പറയുന്നു.)

## ൱൯൰൪. ആരഗ്വധാമൃതാദികഷായം.

ആരഗ്വധാമൃതാപത്ഥ്യാഖദിരൈഃ കം പ്രസാധിതം
ത്വഗ്വികാരാമ്ലപിത്താർത്തൈഃ പേയം ഭേവൈദ്യധാമൃതം

ആരഗ്വധം=കൊന്നവേർതൊലി,ചിററമൃത് പത്ഥ്യാ=കടുക്കാത്തോട് ഖദിരം=കരിങ്ങാലിക്കാതൽ ഇവ കഷായംവച്ചു സേവിച്ചാൽ ത്വഗ്രോഗങ്ങളും അമ്ലപിത്തവും ശമിക്കും. ഇതിൽ അമൃതുമാത്രം ൩-കഴഞ്ചും മററുള്ളവമൂന്നുംകൂടി ൩-കഴഞ്ചുചേത്തും കഷായമാക്കുന്നതു വൃദ്ധവൈദ്യസമ്പ്രദായമാകുന്നു.

# കുഷ്ഠത്തിനു്

## ൱൯൰൫. പടോലാദി(വജ്രക)കഷായം.

പടോലത്രിഫലാരിഷ്ടഗുളൂചീധാവനീവൃഷൈഃ
സകരഞ്ജൈഃ കഷായോയം കുഷ്ഠജിദ്വജ്രകം സ്മൃതം

പടവലം; ത്രിഫലത്തോട് അരിഷ്ടം=വേപ്പിൻതൊലി ഗുളൂചി=ചിററമൃത് ധാവനീ=ചെറുവഴുതിനവേരു, വൃഷം=ആടലോടകവേരു കരഞ്ജം=പുങ്കിൻവേർതൊലി ഇവകൊണ്ടുള്ള കഷായം കുഷ്ഠത്തെ ശമിപ്പിക്കും.

## ൱൯൰൬. ഖദിരാരിഷ്ടാദികഷായം.

ഖദിരാരിഷ്ടഗുളൂചിപടോലദാർവീദുരാലഭാക്വാഥഃ
കുഷ്ഠാനാം വിനിഹന്താ ദൈതേയാനാം നൃസിംഹ ഇവ

ഖദിരം=കരിങ്ങാലിക്കാതൽ അരിഷ്ടം=വേപ്പിൻതൊലി. ഗുളൂചി=ചിററമൃതു പടോലം, ദാർവീ=മരമഞ്ഞൾത്തൊലി ദുരാലഭ=കൊടിത്തൂവവേരു ഇവകൊണ്ടുള്ള കഷായം കുഷ്ഠത്തെ ശമിപ്പിക്കും.

## ൱൯൰൭. കാകോദുംബരികാദികഷായം.

കാകോദുംബരികാവേല്ലചന്ദ്രലേഖാശൃതം ജലം
പീതം പ്രധാവയേത് ശ്വിത്രം കുഷ്ഠമൗദുംബരം തഥാ.

കാകോദുംബരിക=പേയത്തിത്തൊലി വേല്ലം=വിഴാലരിക്കാമ്പ്. ചന്ദ്രലേഖാ=കാർകോകിലരി ഇവകൊണ്ടുള്ള കഷായം ശ്വിത്രത്തെയും ഔദുംബരംഎന്ന കുഷ്ഠത്തെയും ശമിപ്പിക്കും.

## ൱൯൰൮. ഖദിരത്രിഫലാദികഷായം.

ഖദിരത്രിഫലാനിംബപടോലാമൃതവാശകൈഃ
അഷ്ടകോയം ജയേത് കുഷ്ഠകണ്ഡൂവിസ്ഫോടകാനപി.

ഖദിരം=കരിങ്ങാലിക്കാതൽ, ത്രിഫലത്തോട നിംബം=വേപ്പിൻതൊലി, പടോലം അമൃതം=അമൃത വംശക=ആടലോടകത്തിൻവേര ഇവകൊണ്ടുള്ള കഷായം കുഷ്ഠം, ചൊറിച്ചിൽ, വിസ്ഫോടം ഇവയെ ശമിപ്പിക്കും.

## ൱൮൯. ശുണ്ഠ്യാദികഷായം

ശുണ്ഠീനിംബകിരാതതിക്തകകണാ പാഠാഹരിദ്രാദ്വയം
ത്രായന്തീ ത്രിഫലാമൃതാബ്ജകടുകാവാശാവചാവാകുചീ
മഞ്ജിഷ്ഠാതിവിഷാദുരാലഭമഹാനിംബാഗ്നി ഷഡ്ഗ്രന്ഥികാ
വ്യാധിഘ്നേല്ലാഗജചിർഭടാസകുടജാഭാർങ്ഗി സമുസ്തായവാഃ
മൂർവാ ചൈവ പടോലപത്രസഹിതാ രക്തം തഥാ ചന്ദനം
ശ്യാമാപർപ്പടശാരിബാക്രമിഹരാഗായത്രികാസംയുതഃ
ഗോമൂത്രേണമഹാകഷായമരുണോൽഭ്രതം പിബേദ്യഃ പുമാൻ
തസ്യാഷ്ടാദശ യാന്തിനാശമചിരാൽ കുഷ്ഠാനി ദുഷ്ടാന്യപി.

ശുണ്ഠി=ചുക്ക് നിംബം=വേപ്പിൻതൊലി കിരാതതിക്തകം=പുത്തരിച്ചുണ്ടവേരു് കണം=തിപ്പലി പാഠം=പാടക്കിഴങ്ങു് ഹരിദ്രാദ്വയം=മഞ്ഞളും മരമഞ്ഞൾത്തൊലിയും ത്രായന്തി=ബ്രഹ്മി ത്രിഫലത്തോടു് ചിററമൃതു് അബ്ജം=താമരയല്ലി (നീർകടമ്പിൻവേർ എന്നും) കടുകാ=കടുകരോഹിണി വാശം=ആടലോടകവേരു വചാ=വയമ്പു്, വാകുചീ=കാർകോകിലരി മഞ്ജിഷ്ഠാ=മഞ്ചട്ടിപ്പൊടി അതിവിഷം=അതിവിടയം ദുരാലഭാ=കൊടിത്തൂവവേര മഹാനിംബം=ആര്യവേപ്പിൻതൊലി ഷഡ്ഗ്രന്ഥി=കാട്ടുതിപ്പലിവേരു (കച്ചോലം എന്നും) വ്യാധിഘ്നം=കൊന്നവേർതൊലി (കൊട്ടം എന്നും) ഗജചിർഭടാ=കാട്ടുവെള്ളരിവേർ കുടജം=കുടകപ്പാലയരി ഭാർങ്ഗി=ചെറുതേക്കിൻവേരു മുസ്തം=മുത്തങ്ങാ യവം=യവധാന്യം മൂർവാ=പെരുംകുരുമ്പവേരു, പടവലം പത്രം=പച്ചില രക്തചന്ദനം ശ്യാമാ=ത്രികോല്പക്കൊന്ന പർപ്പടം=പർപ്പടകപ്പുല്ല ശാരിബാ=നറുനീണ്ടിക്കിഴങ്ങ കൃമിഹരം=വിഴാലരിക്കാമ്പു ഗായത്രി=കരിങ്ങാലിക്കാതൽ ഇവ ഗോമൂത്രത്തിൽ പചിച്ചുണ്ടാക്കുന്ന കഷായം ദുഷ്ടങ്ങളായ പതിനെട്ടു തരം കുഷ്ഠങ്ങളെയും ശമിപ്പിക്കും.

# പറങ്കിപ്പുണ്ണിനു്

## ൱൯൦. പാവുകഷായം (ചുക്കാംതിപ്പല്യാദി.)

ചുക്കാംതിപ്പലിയോടുനല്ലമുളകും മുക്കാകരിഞ്ചീരകം
ചൊൽക്കൊണ്ടോരുവറട്ടുമഞ്ഞളുലുവാ നൽപാവുമെന്നിങ്ങനെ
ഒക്കെക്കൊണ്ടു കഷായമാക്കിനിയതം സേവിക്കിലന്നേകെടും
മുഷ്കുംകാട്ടിഞെളിഞ്ഞുവന്നൊരുപറങ്കിക്കമ്മെന്നെൻതോഴരെ.

ചുക്കു്, തിപ്പലി, കുരുമുളകു്, മുക്കാ=ത്രിഫലത്തോടു്. കരിംജീരകം, വറട്ടുമഞ്ഞൾ, ഉലുവാ, ചീനപ്പാവു് ഇവകൊണ്ടുള്ള കഷായം തേൻ മേമ്പൊടിചേർത്തു സേവിച്ചാൽ പറങ്കിപ്പുണ്ണു് ശമിക്കും. ഇതിൽ പാവു് ന്റ കഴഞ്ചും മററുള്ളവ ന്റ കഴഞ്ചും ചേർത്തു കഷായം വയ്ക്കുന്നതും നല്ലതാകുന്നു.

വേപ്പിൻതോലാൽ കഷായം പിബതു പിബതു വാ
 പാവുകൊണ്ടേ കഷായം
മേൽപൊങ്ങും പാഴ്പറങ്കിവ്രണപരിഹൃതയേ
 പാവുതന്നീപ്പുകാ സ്യാത്
ഓപ്പേന്മാറവും കരിങ്ങാല്യുദിതമൊരു കഷാ-
 യം കുടിപ്പാനതേക്കാ-
ളോപ്പേൻ പത്ഥ്യാകഷായം പരുകുവതിനു
 ദുഷ്ടവ്രണവേല്ലാ ഗണോയം.

൧. വേപ്പിൻതൊലിമാത്രം കഷായംവച്ചു സേവിക്കുക. ൨. ചീനപ്പാവുമാത്രം കഷായംവച്ച് സേവിക്കുക. അതിൻെറ ആവി ഏൽക്കുക. ൩. കരിങ്ങാലിക്കാതൽ കഷായംവച്ചു സേവിക്കുക. ൪. കടുക്കാത്തോടു കഷായംവച്ചു സേവിക്കുക. ഇതെല്ലാം ദുഷ്ടവ്രണങ്ങളെ ശമിപ്പിക്കുന്ന ഔഷധങ്ങളാകുന്നു.

## ൧൯൧. ഗുളൂചീത്രിഫലാദി കഷായം.

ഗുളൂചീത്രിഫലാദാർവീകഷായ ഉഷ്ണൈശ്ച വാരിഭിഃ
ത്വഗ്ദോഷവ്രണശോഫഘ്നഃ പീതോ മാസം സഗുൽഗുലു

ഗുളൂചി=ചിററമൃതു്, ത്രിഫലത്തോടു്. ദാർവീ=മരമഞ്ഞൾത്തൊലി ഇവകൊണ്ടു കഷായംവച്ചു ഗുൽഗുലു ൧൯൮-ാംയോഗത്തിൽ പറയുന്നതുപോലെ മേമ്പൊടിചേർത്തു സേവിക്കുക. ത്വഗ്ദോഷങ്ങൾ, ദുഷ്ടവ്രണങ്ങൾ, ശോഫം ഇവ ശമിക്കും.

## ക്രിമിക്കു്

## ൧൯൨. നിർഗ്ഗുണ്ഡ്യഗ്ന്യാദികഷായം

നിർഗ്ഗുണ്ഡ്യഗ്നിവിളംഗദാരുരജനീമുസ്താഖുകർണ്ണീക്ഷപൈഃ
ഭാർങ്ഗീവ്യോഷപലാശശിഗ്രുചവികാപത്ഥ്യാരസോനാന്വിതൈഃ
ക്വാഥഃ ശിഗ്രുവിഡംഗഹിംഗു പടുമാൻ കീടാംശ്ച വിദ്ധ്വംസയേത്
ദണ്ഡോऽഥവ്സമസ്തമന്ത്രകൃതസംസ്കാരോ യഥൈവാऽസുരാൻ.

നിർഗ്ഗുണ്ഡി=കരിനൊച്ചിവേർ അഗ്നി=കൊടുവേലിക്കിഴങ്ങു് വിഡംഗം=വിഴാലരിക്കാമ്പു് ദാരു=ദേവതാരം രജനി=വാറ്റുമഞ്ഞൾ മുസ്ത=മുത്തങ്ങ ആഖുകർണ്ണീ=എലിച്ചെവി ക്ഷവം=കരിന്തുമ്പവേർ ഭാർങ്ഗീ=ചെറുതേക്കിൻവേർ വ്യോഷം=ചുക്കു്, മുളകു്, തിപ്പലി. പലാശം=പ്ലാശിൻതൊലി ശിഗ്രു=മുരിങ്ങവേർതൊലി ചവികം=കാട്ടുമുളകിൻവേർ പത്ഥ്യാ=കടുക്കാത്തോടു രസോന=വെളുത്തുള്ളി ഇവകൊണ്ടുണ്ടാക്കുന്ന കഷായം മുരിങ്ങക്കുരു വിഴാലരിക്കാമ്പു കായം ഇന്തുപ്പു ഇവ മേമ്പൊടിചേർത്തു സേവിച്ചാൽ ക്രിമിയെ ശമിപ്പിക്കും. പക്വാശയത്തിൽ മലം ദുഷിച്ചുണ്ടാകുന്നതാണു മിക്കവാറുമുള്ള ക്രിമിപീഡകൾ. പന്നിമാംസവുംമററും ഉപയോഗിക്കുന്നവർക്കാണു ഇതു അധികമായി കാണപ്പെടുന്നതു്.

## ൧൯൩. വിഴാലിൻവേരാദികഷായം.

വിഴാലിൻവേർകണമൂലശിഗ്രുതുളസീബ്രഹ്മദ്രുമാംശാഃ സമാ-
സ്തത്തുല്യം ചെറുകൈതവേരപിയുതേ സിദ്ധേ ജലേ സാധിതാ
ത്തേങ്ങാപ്പാലപി കാടിയും ക്വഥിതവും സിദ്ധാർത്ഥഹിംഗ്വാദിഭിഃ
സിദ്ധാ കഞ്ഞിരിയം ജയേത് ക്രിമിഗണാൻ തന്മൂലരോഗാനപി.

വിഴാലിൻവേർ, കണമൂലം=കാട്ടുതിപ്പലിവേർ. ശിഗ്രു=മുരിങ്ങവേർത്തൊലി. തുളസിവേർ. ബ്രഹ്മദ്രുമം=പ്ലാശിൻതൊലി ഇവ ൧-ം സമം. ഇവയെല്ലാം കൂട്ടുന്നിടത്തോളം ചെറുകൈതവേരും ചേർത്തു കഷായംവെച്ച് (ഇതിൽ ബ്രഹ്മദ്രുവാംശാസമം: എന്നു ചിലർ പഠിക്കുന്നു. അവിടെ ആടലോടകവേർകൂടി ചേർക്കുന്നുണ്ട്) അരിച്ച് തേങ്ങാപ്പാൽ, കാടിവെള്ളം ഇവകൂടി ചേർത്തു കുടുക്ക്, കായം മുതലായ കൃമിഘ്നൗഷധങ്ങൾ ഔചിത്യംപോലെ ചേർത്തുണ്ടാക്കുന്ന കഞ്ഞി കൃമിരോഗത്തേയും തജ്ജന്യങ്ങളായ മററുപദ്രവങ്ങളേയും ശമിപ്പിക്കും.

## ൧൯൪. വിളംഗകൃഷ്ണാദികഷായം

വിളംഗകൃഷ്ണാമരിചനിർഗ്ഗുണ്ഡീമൂലശിഗ്രുഭിഃ
ഭാർങ്ഗീവിശ്വാഖുകർണ്ണ്യബ്ദൈഃ ക്വാഥഃ കൃമിഹരഃ പരം.

വിളംഗം=വിഴാലരി. കൃഷ്ണം=തിപ്പലി. മരിചം=കുരുമുളക്. നിർഗ്ഗുണ്ഡീമൂലം=കരിനൊച്ചിവേർ. ശിഗ്രു=മുരിങ്ങവേർത്തൊലി. ഭാർങ്ഗി=ചെറുതേക്കിൻവേർ. വിശ്വം=ചുക്ക്. ആഖുകർണ്ണി=എലിച്ചെവി. അബ്ദം=മുത്തങ്ങ ഇവകൊണ്ടുണ്ടാക്കിയ കഷായം കൃമിയെ നശിപ്പിക്കും.

## ൧൯൫. വിളംഗനിർഗ്ഗുണ്ഡ്യാദികഷായം

വിളംഗനിർഗ്ഗുണ്ഡ്യഭയാഖുകർണ്ണീ-
രസോനസൗഭഞ്ജനനാഗരാബ്ദൈഃ
പക്വാംബു ഹിംഗ്വൂഷണചൂർണ്ണമിശ്രം
കൃമിം നിഹന്യാത് ത്രിദിനപ്രയോഗാത്

വിളംഗം=വിഴാലരി. നിർഗ്ഗുണ്ഡീ=കരിനൊച്ചിവേർ. അഭയ=കടുക്കാത്തോട്. ആഖുകർണ്ണീ=എലിച്ചെവി രസോനം=വെള്ളുള്ളി. സൗഭഞ്ജനം=മുരിങ്ങക്കുരു (വേരിലെ തൊലിയുമാം) നാഗരം=ചുക്ക്. അബ്ദം=മുത്തങ്ങ ഇവ കഷായം വെച്ചു കായവും കുരുമുളകുപൊടിയും മേമ്പൊടിചേർത്തു മൂന്നുദിവസം സേവിക്ക. കൃമികൾ നശിക്കും.

## ൧൯൬. മുസ്താഖുകർണ്ണ്യാദികഷായം

മുസ്താഖുകർണ്ണീഫലദാരുശിഗ്രു-
ക്വാഥഃ സകൃഷ്ണാകൃമിശത്രുകല്കഃ
മാർഗ്ഗദ്വയേനാപി ചിരപ്രവൃത്താൻ
കൃമീൻ നിഹന്തി ക്രിമിജാംശ്ച രോഗാൻ

മുസ്തം=മുത്തങ്ങ. ആഖുകർണ്ണീ=എലിച്ചെവിയൻ. ഫലം=മലംകാരയ്ക്ക. ദാരു=ദേവതാരം. ശിഗ്രു=മുരിങ്ങവേർതൊലി ഇവ കഷായംവച്ചു തിപ്പലിപ്പൊടിയും കൃമിശത്രു പൊടിച്ചതും മേമ്പൊടിചേർത്തു സേവിക്ക. കൃമികൾ (വിരകൾ) ഛർദ്ദിക്കുന്നതും മലത്തിൽകൂടി പോകുന്നതും ശമിക്കും. കുട്ടികളുടെ ശൂലരോഗം കൃമി വർദ്ധിച്ചിട്ടു ചിലപ്പോൾ ഉണ്ടായിക്കാണുന്നു. ആ സ്ഥാനങ്ങളിലും ഇതു ഫലപ്രദം. ഫലം=ത്രിഫലത്തോടെന്നും മതാന്തരം.

## ൧൯൭. ഖദിരാദികഷായം

ഖദിരഃ കുടജഃ പിചുമന്ദവചാ-
ത്രികടുത്രിഫലാത്രിവൃതാസഹിതം
പശുമൂത്രയുതം പിബ സപ്തദിനം
കൃമികോടിശതാന്യപി ഹന്ത്യചിരാത്.

ഖദിരം=കരിങ്ങാലിക്കാതൽ. കുടജം=കുടകപ്പാലവേർത്തൊലി. പിചുമന്ദം=വേപ്പിൻതൊലി. വചാ=വയമ്പ്. ത്രികടു=ചുക്ക്, മുളക്, തിപ്പലി. ത്രിഫലത്തോട്. ത്രിവൃതം=ത്രികോല്പക്കൊന്ന ഈ മരുന്നുകൾ ഗോമൂത്രത്തിൽ കഷായംവച്ച് ഏഴുദിവസം സേവിക്ക. (അരച്ചുകലക്കി സേവിക്ക) എത്ര വർദ്ധിച്ച കൃമികളുംനശിക്കും.

# വാതത്തിന്.

## ൯൮. അഷ്ടവർഗ്ഗം കഷായം

ബലാസഹചരൈരണ്ഡശുണ്ഠീരാസ്നാസുരദ്രുമൈഃ
സസിന്ദുവാരലശുനൈരഷ്ടവർഗ്ഗോനിലാപഹഃ

ബലാ=കുറുന്തോട്ടിവേർ. സഹചരം=കരിംകുറുഞ്ഞിവേർ. ഏരണ്ഡം=ആവണക്കിൻവേർ. ശുണ്ഠീ=ചുക്ക്. രാസ്നം=ചിററരത്ത. സുരദ്രുമം=ദേവതാരം. സിന്ദുവാരം=കരിനൊച്ചിവേർ. ലശുനം=വെളുത്തുള്ളി. ഇവ എട്ടും കൂടുന്നതിന് അഷ്ടവർഗ്ഗമെന്നു പേർ. കഷായംവച്ചു സേവിച്ചാൽ എല്ലാം വാതങ്ങളും ശമിക്കും.

## ൯൯. ധനദനയനാദികഷായം

ധനദനയനശുണ്ഠീശിഗ്രുരാസ്നോഗ്രഗന്ധാ-
വരണലശുനകൃഷ്ണാചിത്രകൈരണ്ഡകൈശ്ച
സുരതരുഘനപഥ്യാബർബരൈഃ സംഭൃതാംഭഃ
ശമയതി പരിപീതം സാർദ്ദിതാക്ഷേപവാതാൻ.

ധനദനയനം=കഴഞ്ചിവേര്. ശുണ്ഠീ=ചുക്ക്. ശിഗ്രു=മുരിങ്ങവേർത്തൊലി. രാസ്നം=ചിററരത്ത ഉഗ്രഗന്ധാ=വയമ്പ് വരണം=നീർമാതളത്തിൻ(വേർ)തൊലി. ലശുനം=വെള്ളുള്ളി. കൃഷ്ണാ=തിപ്പലി. ചിത്രകം=കൊടുവേലിക്കിഴങ്ങ്. ഏരണ്ഡകം=ആവണക്കിൻവേർ. സുരതരു=ദേവതാരം. ഘനം=മുത്തങ്ങ. പഥ്യാ=കടുക്കാത്തോട്. ബർബ്ബരം=പെരുന്തക്കിൻവേർ. ഇവ കഷായംവച്ചു സേവിച്ചാൽ അർദ്ദിതം, ആക്ഷേപം ഈ വാതവ്യാധികളെയും ശമിപ്പിക്കും.

## ൧൦൦. പ്രസാരിണ്യാദികഷായം.

പ്രസാരിണീമാഷബലാരസോന-
രാസ്നൗഷധൈഃ പ്രക്വഥിതം തദംഭഃ
പിബന്തി യേ ക്ഷീരഭുജോ ജയന്തി
മരുദ്വികാരാനപബാഹുകഞ്ച.

പ്രസാരിണി (തലനീലി)വേർ. മാഷം=ഉഴുന്ന്. ബലം=കുറുന്തോട്ടിവേർ. രസോനം=വെള്ളുള്ളി. രാസ്നാ=ചിററരത്ത. ഔഷധം=ചുക്ക്, ഈ കഷായം പാൽ ചേർത്തു കുറുക്കി സേവിക്ക. (ക്ഷീരഭുജഃ എന്നതിന് ഇതു സേവിക്കുന്ന കാലത്തു പാൽകൂട്ടി ഉണ്ണുക എന്നു ഗ്രഹിച്ചാലും മതി.) അപബാഹുകം എന്ന വാതവ്യാധിയും ഭ്രംസാദികളായ വാതികവികാരങ്ങളും ശമിക്കും.

## ൧൦൧. രസോനാദികഷായം

രസോനാകാരവീകൃഷ്ണാസ്ഥിരാഭിഃ സാധിതം ജലം
പീതമുന്മാർഗ്ഗഗം വാതമനുലോമയതി ക്ഷണാത്.

രസോനം=വെള്ളുള്ളി. കാരവി=കരിംജീരകം. കൃഷ്ണാ=തിപ്പലി. സ്ഥിര=ഓരിലവേർ. ഈ കഷായം സേവിച്ചാൽ ഉന്മാർഗ്ഗഗമായ വാതം ശമിക്കും. (സ്വസ്ഥാന

ത്തെവിട്ട് അന്യദോഷത്തിന്റെ സ്ഥാനത്തുപോയി കോപിക്കുന്നതും അനുലോമത ഇല്ലാത്തതുമാണ് ഉന്മാർഗ്ഗം)

## ൨൦൨. സഹചരാദികഷായം

സഹചരം സുരദാരുസനാഗരം
ക്വഥിതമംഭസി തൈലവിമിശ്രിതം
പവനപീഡിതദേഹഗതിഃ പിബേത്
ദ്രുതവിളംബിതഗോഭവതീച്ഛയാ

സഹചരം=കരിംകുറിഞ്ഞിവേര്. സുരദാരു=ദേവതാരം. നാഗരം=ചുക്ക്. ഈ കഷായം എണ്ണ മേമ്പൊടിചേർത്തു സേവിച്ചാൽ എല്ലാവാതങ്ങളും ശമിക്കും. ഈ കഷായം വാതരോഗികൾക്ക ശീലിക്കുന്നതിനും നന്ന്. ഇതിൽ കരിംകുറിഞ്ഞിവേര് ൩-ം ദേവതാരം ൨-ം ചുക്ക് ൧-ം കഴഞ്ചുകൾവീതവും ചേർത്തു കഷായം വയ്ക്കുന്നതു വൃദ്ധവൈദ്യസമ്മതമാകുന്നു. ഇതിൽ ൩ കഴഞ്ചു കുറുന്തോട്ടിവേര്, കരിംകുറിവേരു കഴഞ്ചു ൩, ദേവതാരം കഴഞ്ചു ൨, ചുക്ക് കഴഞ്ച് ൧. ഇടങ്ങഴിവെള്ളത്തിൽ കഷായംവെച്ചു രണ്ടുതുടമാക്കി പിഴിഞ്ഞരിച്ചു പാൽകഷായമാക്കി പഞ്ചസാരചേർത്തും സേവിപ്പിക്കമാറുണ്ട്. ഇവ രണ്ടും വൃദ്ധവൈദ്യസമ്പ്രദായമാകുന്നു.

## ൨൦൩. ഗന്ധർവ്വഹസ്താദികഷായം

ഗന്ധർവ്വഹസ്തചിരവില്വഹുതാശവിശ്വ-
പത്ഥ്യാപുനർന്നവയവാഷകഭൂമിതാലൈഃ
ക്വാഥഃ സസൈന്ധവഗുളം പവനസ്യ ശാന്ത്യൈ
വഹ്നേർബ്ബലായ രുചയേ മലശോധനായ

ഗന്ധർവ്വഹസ്തം=വെളുത്താവണക്കിൻവേര് ചിരവില്വം=ആവിലിൻകുരുന്ന് ഹുതാശം=കൊടുവേലിക്കിഴങ്ങ് വിശ്വം=ചുക്ക് പത്ഥ്യാ=കടുക്കാത്തോട് പുനർന്നവം=തമിഴാമവേര്. യവാഷം=കൊടിത്തൂവവേര് ഭൂമിതാലം=നിലപ്പനക്കിഴങ്ങ്. ഇവകൊണ്ടുണ്ടാക്കിയ കഷായം ഇന്തുപ്പ്, ശർക്കര ഇവ മേമ്പൊടിചേർത്തു സേവിക്ക വാതത്തെ ശമിപ്പിക്കും, അഗ്നിദീപ്തിയും മലശോധനയും ഉണ്ടാക്കും.

## ൨൦൪. ശുണ്ഠ്യാദികഷായം

ശുണ്ഠീബലാദ്വയക്വാഥഃ സപ്തവാതനിബർഹണഃ.

ശുണ്ഠീ=ചുക്ക ബലാദ്വയം=കുറുന്തോട്ടിവേരും ആനക്കുറുന്തോട്ടിയും കഷായംവച്ചു സേവിച്ചാൽ ഏഴു പ്രകാരത്തിലുള്ള വാതരോഗങ്ങൾ ശമിക്കും.

## ൨൦൫. രാസ്നാദികഷായം

രാസ്നാതാമലകീവൃഷാഗരുശഠീചിത്രാബ്ദചവ്യാശ്മഭി-
ദ്ധാത്രീഭാർങ്ഗിപടോലപുഷ്കരനിശാസൈരീയവിശ്വാഗ്നിഭിഃ
നിഷ്ക്വാഥോ ദശമൂലദാരുസഹിതഃ പീതഃ കടുഷ്ണോ നൃണാം[ത്തരം
ഹന്യാത് സൈന്ധവഖണ്ഡശുണ്ഠിസഹിതോ വാതം ത്രിദോഷോ

രാസ്നാ=ചിററരത്ത താമലകി=കീഴാർനെല്ലിവേർ, വൃഷം=ആടലോടകവേർ അഗരു=അകിൽ ശഠീ=കച്ചോലം ചിത്ര=ആവണക്കിൻവേരു അബ്ദം=മുത്തങ്ങ ചവ്യം=കാട്ടുമുളകിൻവേരു അശ്മഭിത്ത്=കല്ലൂർവഞ്ചി ധാത്രീ=നെല്ലിക്കാത്തോട ഭാർങ്ങ്ഗീ=ചെറുതേക്കിൻവേർ പടവലം പുഷ്കരം=പുഷ്കരമൂലം നിശാ=വറട്ടമ

ഞാൾ സൈരീയം=കരിംകുറിഞ്ഞിവേര് വിശ്വം=ചുക്ക അഗ്നി=കൊടുവേലിക്കിഴങ്ങ് ദശമൂലം ദാരു=ദേവതാരം ഇവകൊണ്ടുണ്ടാക്കുന്ന കഷായം, സൈന്ധവഖണ്ഡശൌണ്ഡിസഹിതഃ=ഇന്തുപ്പ്, കൽക്കണ്ട്, ചെറുതിപ്പലിപ്പൊടി ഇവ ചേർത്തുസേവിച്ചാൽ മററു ദോഷങ്ങളുടേയും സംസർഗ്ഗത്തോടുകൂടിയ വാതരോഗം ശമിക്കും. ത്രിദോഷകോപത്തിനും നന്ന്.

## ൨൦൬. പഞ്ചമൂലാദികഷായം

പഞ്ചമൂലശൃതം ക്ഷീരം വാതനാശനമുത്തമം.

പഞ്ചമൂലം=കൂവളവേർ, കുമിഴിൻവേർ, പയ്യാഴന്തവേർ, പാതിരിവേർ, മുഞ്ഞവേർ ഇവകൊണ്ടുണ്ടാക്കിയ കഷായം പാൽചേർത്തു കുറുക്കി സേവിച്ചാൽ വാതശമനമാകുന്നു. ഇതുപോലെ ചെറുപഞ്ചമൂലവും പാൽകഷായമാക്കി ഉപയോഗിക്കാവുന്നതാണ്.

## ൨൦൭ മഹാരാസ്നാദികഷായം (ഫ)

രാസ്നാ ദ്വിഗുണഭാഗാ സ്യാദേകഭാഗാസ്തഥാപരേ
ധന്വയാഷബലൈരണ്ഡദേവദാരുശഠീവചാ

വാശകോ നാഗരം പത്ഥ്യാ ചവ്യാമുസ്താപുനർന്നവാ
ഗുളൂചി വൃദ്ധദാരുശ്ച ശതപുഷ്പാ ച ഗോക്ഷുരഃ

അശ്വഗന്ധാ പ്രതിവിഷാ കൃതമാലശ്ശതാവരീ
കൃഷ്ണാ സഹചരശ്ചൈവ ധാന്യകം ബൃഹതീദ്വയം

ഏഭിഃ കൃതം പിബേൽ ക്വാഥം ശുണ്ഠീചൂർണ്ണേന സംയുതം
കൃഷ്ണാചൂർണ്ണേന വാ യോഗരാജഗുൽഗുലുനാഥവാ

അജമോദാദിനാ ചാപി തൈലേനൈരണ്ഡജേന വാ
സർവ്വാംഗകമ്പേ കുബ്ജത്വേ പക്ഷാഘാതേ ഽപബാഹുകേ

ഗൃധ്രസ്യാമാമവാതേ ച ശ്ലീപദേ ചാപതാനകേ
ആന്ത്രവൃദ്ധൌ തഥാധ്മാനേ ജംഘാജാനുഗദേ ഽർദ്ദിതേ

ശുക്ലാമയേ മേഢ്രരോഗേ വന്ധ്യായോന്യാമയേഷു ച
മഹാരാസ്നാദിരാഖ്യാതോ ബൃംഹണോ ഗർഭധാരണേ.

രാസ്നം ദ്വിഗുണഭാഗം=ചിററരത്തരണ്ടുഭാഗം (ഇരട്ടി) അപരേ തഥാ ഏകഭാഗാഃ=മററുള്ള മരുന്നുകൾ ഓരോഭാഗം. ധന്വയാഷം=കൊടിത്തൂവവേര് ബലാ=കുറുന്തോട്ടിവേര്. ഏരണ്ഡം=വെള്ളാവണക്കിൻവേർ ദേവദാരു=ദേവതാരം ശഠീ=കച്ചോലം വചാ=വയമ്പ് വാശകം=ആടലോടകവേര് മുസ്താ=മുത്തങ്ങാ പുനർന്നവ=തമിഴാമവേര് ഗുളൂചി=ചിററമൃത് വൃദ്ധദാരു=കൊന്ന ശതപുഷ്പാ=ശതകുപ്പ ഗോക്ഷുരം=ഞെരിഞ്ഞിൽ അശ്വഗന്ധാ=അമുക്കുരം പ്രതിവിഷാ=അതിവിടയം കൃതമാലം=കൊന്നവേർതൊലി ശതാവരിക്കിഴങ്ങ് കൃഷ്ണാ=തിപ്പലി സഹചരം=കരിംകുറിഞ്ഞിവേര് ധാന്യകം=കൊത്തമ്പാലരി ബൃഹതീദ്വയം=ചെറുവഴുതിനവേരും വെളാവഴുതിനവേരും ഇവകൊണ്ടുണ്ടാക്കിയ കഷായം ചുക്കപൊടിയോ തിപ്പലിപ്പൊടിയോ ചേർത്തും അല്ലെങ്കിൽ യോഗരാജഗുൽഗുലുവോ അയമോദകപ്പൊടിയോ ആവണക്കെണ്ണയോ ചേർത്തും സേവിക്കുക. സർവ്വാംഗകമ്പം, പക്ഷാഘാതം, അപബാഹുകം, ഗൃധ്രസി, അപതാനകം മുതലായ വാതരോഗങ്ങളെയും ശമിപ്പിക്കും. വെരിക്കാലിനും, ആന്ത്രവൃദ്ധിക്കും, ശുക്ലരോഗങ്ങൾക്കും, ലിംഗരോഗങ്ങൾക്കും, യോനിരോഗങ്ങൾക്കും വന്ധ്യതാശമനത്തിനും മററും ഈ കഷായം പ്രശസ്തമാകുന്നു.

### ൨൦൭. മഹാരാസ്നാദികഷായം (൨)

രാസ്നൈരണ്ഡാമൃതോഗ്രാസഹചരചവികാരാമസേനാബ്ദഭാർങ്ഗീ-
ദീപ്യാനന്തായവാനീവൃകിമുരകൃമിജിച്ഛൃംഗിശുണ്ഠീബലാഭിഃ
മൂർവ്വാതിക്താസമംഗാതിവിഷശഠീവരാപിപ്പലീയാവശൂകൈഃ
രക്തശ്രീഖണ്ഡകാരഗ്വധകടുകഫലൈർവ്വത്സവൃശ്ചീവയുക്തൈഃ

സർവ്വൈരേതൈർദശാംഘ്രിപ്രയുതസമലവൈഃ
സാധിതോഽഷ്ടാവശേഷഃ
ക്വാഥോ രാസ്നാദിരാഢ്യ മഹദുപപദവാൻ
കൗശികാക്തോ നിഹന്തി
സർവ്വാംഗൈകാംഗവാതാൻ ശ്വാസനകസനഹൃൽ-
ശോഫശൈത്യാദിതന്ദ്രാ
തൂനീപ്രതൂനീഗളഗദനിഖിലാംഗ-
ഗവ്യഥാകമ്പഖല്ലീഃ

വിശ്വാചീഗ്ലീപദാമാനിലനിഖിലമഹാസൂതികാരോഗസുപ്തീ-
ജിഹ്വാസ്തംഭാപതാനം സ്ഫുടനവിമഥനക്ലീബതാക്ഷേപ-
കുബ്ജം
ശോഫാടോപാപതന്ത്രാർദ്ദിതഖുഡഹനുരുക്ഗൃദ്ധ്രസീപാദശൂലം
വായുശ്ലേഷ്മോത്ഥരോഗാനപി ഗിരിതനയാവല്ലഭേനോപദിഷ്ടഃ

രാസ്നം=ചിററരത്ത. ഏരണ്ഡം=വെള്ളാവണക്കിൻവേര്, ചിററമൃത്. ഉഗ്രം=വയമ്പ്. സഹചരം=കരിങ്കുറിഞ്ഞിവേര്. ചവികം=കാട്ടുമുളകിൻവേര് രാമസേന=ചെറുകമിഴിൻവേര്. അബ്ദം=മുത്തങ്ങ. ഭാർങ്ഗീ=ചെറുതേക്കിൻവേര് ദീപ്യം=അയമോദകം. അനന്തം=കൊടുത്തൂവവേര്. യവാനീ=ജീരകം. വൃകി=പാടക്കിഴങ്ങ്. മുരം=കമിഞ്ചാൻ. കൃമിജിത്=വിഴാലരി. ശൃംഗി=കർക്കടകശൃംഗി. ശുണ്ഠീ=ചുക്ക്. ബലം=കുറുന്തോട്ടിവേര്. മൂർവ്വാ=പെരുംകുരുമ്പവേര്. തിക്താ=പൂത്തരിച്ചുണ്ടവേര്. സമംഗാ=പാറച്ചുണ്ടവേര്. അതിവിഷ=അതിവിടയം. ശഠീ=കച്ചോലം. വരാ=ത്രിഫലത്തോട്. പിപ്പലി=തിപ്പലി. യാവശൂകം=ചവൽക്കാരം. രക്തശ്രീഖണ്ഡകം=രക്തചന്ദനം ആരഗ്വധം=കൊന്നവേർതൊലി. കടുകഫലം=തക്കോലം. വത്സം=കുടകപ്പാലയരി. വൃശ്ചീവം=തമിഴാമവേര്. ഇവ കഷായംവെച്ചു എട്ടിൽ ഒന്നാക്കി പിഴിഞ്ഞരിച്ചു ഗുൽഗുലു മേമ്പൊടിചേർത്തു സേവിക്കുക. സർവ്വാംഗവാതം, ഏകാംഗവാതം, കാസശ്വാസങ്ങൾ, ഹൃദ്രോഗം, ശൈത്യം മുതലായവ, വേദനകൾ, തൂനി, പ്രതിതൂനി, ഗളരോഗങ്ങൾ, അംഗങ്ങളിലുള്ള വേദന, വിറയൽ, ഖല്ലി, വിശ്വാചീ, ജിഹ്വാസ്തംഭം, അപതാനകം, ആമവാതം മുതലായ വാതവ്യാധികൾ, പെരിക്കാല്, നാനാപ്രകാരത്തിലുള്ള സൂതികാരോഗങ്ങൾ ഇവ ശമിക്കും. വാതം, കഫം ഇവ കോപിച്ചുണ്ടാകുന്ന മററു രോഗങ്ങളെയും ശമിപ്പിക്കും.

### ൨൦൮. ശതാവര്യാദികഷായം

ശതാവരീ നല്ല കടുക്ക മുസ്താ
കച്ചൂരി രോഹിണ്യപി ദേവദാരു

അരത്ത ഏരണ്ഡ ബലാ കുറിഞ്ഞി
ശതാഹ്വാകുപ്പാ തമിഴാമ ചുണ്ട
മൂലങ്ങൾപത്തും വൃഷമെന്നിതെല്ലാ-
മോരോകഴഞ്ചായ് കഥിതം നിധായ
പകുത്തു രണ്ടായൊരു ക്രുററിൽ മുന്ന-
മേരണ്ഡജംസൈന്ധവമിട്ടുകൊൾക.
മറേറതു പിന്നെസ്സിതയാ യവാന്യാ
പ്രഭാതസന്ധ്യാസമയേപി പാനാത്
അകന്നുപോമെമ്പതുജാതി വാതം
ഷഡംഗപാനാൽ ജ്വരമെന്നപോലെ.

ശതാവരിക്കിഴങ്ങ്, കടുക്കാത്തോട്. മുസ്തം=മുത്തങ്ങാക്കിഴങ്ങ്, കച്ചൂരി=കച്ചോലം. രോഹിണി=കടുകരോഹിണി. ദേവദാരു=ദേവതാരം. ചിററരത്ത, ഏരണ്ഡം=ആവണക്കിൻവേരു്. ബലാ=കുറുന്തോട്ടിവേരു്. കുറിഞ്ഞി=കരിംകുറിഞ്ഞിവേരു്. ശതാഹ്വ=ശതകുപ്പ, തമിഴാമവേരു്, പുത്തരിച്ചുണ്ടവേരു്. ദശമൂലം, വൃഷം=ആടലോടകവേരു് ഇവ ഓരോ കഴഞ്ചുവീതം, വെള്ളം ഇടങ്ങഴി 2 കഷായംവച്ചു നാഴിയാക്കി പിഴിഞ്ഞരിച്ചു രാവിലെ രണ്ടു തുടം കുറുക്കി വററിച്ചു ഒരുതുടമാക്കി ആവണക്കെണ്ണയും ഇന്തുപ്പും മേമ്പൊടിചേർത്തു വൈകുന്നേരം ആഹാരശേഷം രണ്ടുതുടം കഷായം വററിച്ചു ഒരുതുടമാക്കി ജീരകപ്പൊടിയും പഞ്ചസാരയും മേമ്പൊടിചേർത്തു സേവിക്ക. എല്ലാത്തരം വാതരോഗങ്ങളും ശമിക്കും.

## ൨൫. മഹാബലാദികഷായം

മഹാബലാമൂലമഹൌഷധാഭ്യാം
ക്വാഥം പിബേന്മിശ്രിതപിപ്പലീകം
ശീതം സകമ്പം പരിദാഹയുക്തം
വിനാശയേദ്‌ദ്വിത്രിദിനപ്രയുക്തഃ

മഹാബലാമൂലം=ആനക്കുറുന്തോട്ടി (ഊരകത്തിൻ) വേരു്. മഹൌഷധം=ചുക്ക്. ഇവ കഷായംവച്ചു പെരുതിപ്പലിപ്പൊടി ചേർത്തു സേവിക്കുക. കിടുങ്ങലും വിറയലും സർവാംഗസന്താപവും ശമിക്കും.

# വാതരക്തത്തിനു്.

## ൨൬. ശതാവരീഛിന്നരുഹാദികഷായം

ശതാവരീഛിന്നരുഹാമലത്വക്
ബലേക്ഷുകാണ്ഡേക്ഷുരസംഭൃതാംഭഃ
കല്കേന യഷ്ടീമധുകസ്യ മിശ്രം
ദ്രുണോതി വാതാസ്രമഥാസ്രപിത്താ.

ശതാവരിക്കിഴങ്ങ്, ഛിന്നരുഹം=ചിററമൃതു്. ആമലത്വക്ക്=നെല്ലിക്കാത്തോട്. ബലം=കുറുന്തോട്ടിവേരു്. ഇക്ഷു=കരിമ്പിൻവേരു്. ഇക്ഷുരം=വയൽച്ചുള്ളി ഇവ കഷായംവച്ചു ഇരട്ടിമധുരപ്പൊടിചേർത്തു സേവിക്കുക. വാതരക്തവും പിത്തരക്തവും ശമിക്കും.

## ൨൧൨. രാസ്നൈരണ്ഡാദികഷായം

രാസ്നൈരണ്ഡബലാസഹാചരവരീദുസ്പർശവാശാമൃതാ
ദേവാഹ്വാതിവിഷാഘനേക്ഷുരശഠീവിശ്വൈഃ കഷായഃ ശൃതഃ
സർപ്പിസ്തൈലവിമിശ്രിതഃ പ്രശമയേദ്വായും സശൂലം തഥാ
ജംഘോരുത്രികപൃഷ്ഠപാർശ്വഹനുഗം ശോഫഞ്ച വാതാസൃജം

രാസ്നം=ചിററരത്ത. ഏരണ്ഡം=ആവണക്കിൻവേരു്. ബലം=കുറുന്തോട്ടിവേരു്. സഹാചരം=കരിംകുറിഞ്ഞിവേരു്. വരീ=ശതാവരിക്കിഴങ്ങു്. ദുസ്പർശം=കൊടിത്തൂവവേരു്. വാശം=ആടലോടകവേരു്. അമൃതം=ചിററമൃതു്. ദേവാഹ്വം=ദേവതാരം. അതിവിഷം=അതിവിടയം, ഘനം=മുത്തങ്ങ ഇക്ഷുരം=വയൽച്ചുള്ളിവേർ. ശഠീ=കച്ചോലം. വിശ്വം=ചുക്കു്. ഇവ കഷായംവച്ചു സർപ്പിസ്തൈലവിമിശ്രിതഃ=നെയ്യും എണ്ണയും മേമ്പൊടിചേർത്തു സേവിക്കുക. വേദനയോടുകൂടിയ വാതവികാരങ്ങളും നീരോടുകൂടിയുണ്ടാകുന്ന രക്തവാതം മുതലായവയും ശമിക്കും.

## ൨൧൩. വര്യാദികഷായം

വരീച്ഛിന്നരുഹാക്വാഥോ വാതശോണിതനാശനഃ

വരീ=ശതാവരിക്കിഴങ്ങു്. ഛിന്നരുഹാ=ചിററമൃതു്. ഇവ കഷായംവച്ചു സേവിച്ചാൽ വാതരക്തം ശമിക്കും.

## ൨൧൪. ലഘുപഞ്ചമൂലകഷായം

ലഘുനാ പഞ്ചമൂലേന ശൃതം ക്ഷീരം തഥാ ഹിതം.

ലഘുപഞ്ചമൂലം=ഓരില, മൂവില, ചെറുവഴുതിന വെളുവഴുതിന ഇവററിൻവേർ, ഞെരിഞ്ഞിൽ ഇവ കഷായംവച്ചു പാൽ ചേർത്തു സേവിച്ചാൽ വാതരക്തം ശമിക്കും.

## ൨൧൫. മഞ്ജിഷ്ഠാദികഷായം (൧)

മഞ്ജിഷ്ഠാമുസ്തകുടജഗുളൂചീകുഷ്ഠനാഗരൈഃ
ഭാർങ്ഗീക്ഷുദ്രാവചാനിംബാനിശാദ്വയഫലത്രികൈഃ
പടോലകടുകാമൂർവാവിഡംഗാസനചിത്രകൈഃ
ശതാവരീത്രായമാണാകൃഷ്ണേന്ദ്രയവവാശകൈഃ
ഭൃംഗരാജമഹാദാരുപാഠാഖദിരചന്ദനൈഃ
ത്രിവൃദ്വരണകൈരാതബാകുചീകൃതമാലകൈഃ
ശാഖോടകമഹാനിംബകരഞ്ജാതിവിഷാജലൈഃ
ഇന്ദ്രവാരുണികാനന്തശാരിബാപർപ്പടൈഃ സമൈഃ
ഏഭിഃ കൃതം പിബേൽ ക്വാഥം കണാഗുൽഗുലുസംയുതം
അഷ്ടാദശസു കുഷ്ഠേഷു വാതരക്താർദ്ദിതേ തഥാ
ഉപദംശേ ശ്ലീപദേ ച പ്രസുപ്തൗ പക്ഷാഘാതകേ
മേദോദോഷേ നേത്രരോഗേ മഞ്ജിഷ്ഠാദിഃ പ്രശസ്യതേ

മഞ്ജിഷ്ഠം=മഞ്ചട്ടി മുസ്തം=മുത്തങ്ങ കുടജം=കുടകപ്പാലയരി ഗുളൂചി=ചിററമൃതു്, കുഷ്ഠം=വെള്ളക്കൊട്ടം നാഗരം=ചുക്കു് ഭാർങ്ഗീ=ചെറുതേക്കിൻവേരു് ക്ഷുദ്രം=കണ്ടകാരിച്ചുണ്ടവേരു് വചം=വയമ്പു് നിംബം=വേപ്പിൻതൊലി

നിശാദ്വയം=മഞ്ഞളും മരമഞ്ഞൾത്തൊലിയും. ഫലത്രികം=ത്രിഫലത്തോട്, പടവലം കടുകം=കടുകരോഹിണി മൂർവ്വാ=പെരുംകുരുമ്പവേര് വിഡംഗം=വിഴാലരി അസനം=വേങ്ങക്കാതൽ ചിത്രകം=കൊടുവേലിക്കിഴങ്ങ് ത്രായമാണ=ബ്രഹ്മി കൃഷ്ണാ=തിപ്പലി ഇന്ദ്രയവം=കുടകപ്പാലയരി വാശകം=ആടലോടകവേര് ഭൃംഗരാജം=കയ്യോന്നി മഹാദാരു=പെരുമരത്തിൻതൊലി പാഠാ=പാടത്താളിക്കിഴങ്ങ്. ഖദിരം=കരിങ്ങാലിക്കാതൽ, ചന്ദനം ത്രിവൃത്ത്=ത്രികൊല്പക്കൊന്ന വരണം=നീർമാതളത്തിൻതൊലി കൈരാതം=പുത്തരിച്ചുണ്ടവേര് ബാകുചീ=കാർകോകിലരി കൃതമാലകം=കൊന്നവേർതൊലി ശഖോടകം=മുതക്കിൻവേർതൊലി മഹാനിംബം=ആര്യവേപ്പിൻതൊലി കരഞ്ജം=പുങ്കിൻവേർതൊലി അതിവിഷാ=അതിവിടയം ജലം=ഇരുവേലി ഇന്ദ്രവാരുണിക=കാട്ടുവെള്ളരിവേര് അനന്താ=കൊടിത്തുവവേര് ശാരിബാ=നന്നാറിക്കിഴങ്ങ് (നറുനീണ്ടി) പർപ്പടം=പർപ്പടപ്പുല്ല് ഇവ സമം കഷായംവച്ചു തിപ്പലിപ്പൊടിയും ഗുൽഗുലുവും മേമ്പൊടിചേർത്തു സേവിക്ക. പതിനെട്ടുവിധകുഷ്ഠങ്ങളും വാതരക്തവും പക്ഷാഘാതവുംശമിക്കും. ഉപദംശം എന്നു പേരുള്ള ലിംഗരോഗവും പെരുക്കാലും, കാൽതരിപ്പും ഭ്രമേദസ്സും നേത്രരോഗങ്ങളും ശമിക്കും.

## ൨൱൮. മഞ്ജിഷ്ഠാദികഷായം

മഞ്ജിഷ്ഠാ ത്രിഫലാ തിക്താ വചാ ദാരു നിശാമൃതാ
നിംബശ്ചൈഷാം കൃതഃ ക്വാഥോ വാതരക്തവിനാശനഃ
പാമാകപാലികാകുഷ്ഠരക്തമണ്ഡലജിന്മതഃ

മഞ്ജിഷ്ഠാ=മഞ്ചട്ടി ത്രിഫലത്തോട് തിക്താ=പുത്തരിച്ചുണ്ടവേര് വചാ=വയമ്പ് ദാരു=ദേവതാരം നിശാ=വറട്ടുമഞ്ഞൾ അമൃതാ=ചിററമൃത് നിംബം=വേപ്പിൻതൊലി ഈ കഷായം സേവിച്ചാൽ വാതരക്തവും രക്തമണ്ഡല (ശീതപിത്ത)വും പാമാകപാലകുഷ്ഠവും ത്വഗ്രോഗങ്ങളും ശമിക്കും.

## ൨൱൯. (നവകാഷികം) ദാർവീഗുളൂച്യാദികഷായം

ദാർവീഗുളൂചീകടുകോഗ്രഗന്ധാ
മഞ്ജിഷ്ഠനിംബത്രിഫലാകഷായഃ
വാതാസ്രമുച്ചൈർന്നവകാർഷികാഖ്യോ
ജയേച്ച കുഷ്ഠാനഖിലാൻ നരാണാം.

ദാർവീ=മരമഞ്ഞൾത്തൊലി ഗുളൂചീ=ചിററമൃത് കടുകം=കടുകരോഹിണി. ഉഗ്രഗന്ധാ=വയമ്പ് മഞ്ജിഷ്ഠാ=മഞ്ചട്ടി നിംബം=വേപ്പിൻതൊലി ത്രിഫലത്തോട് ഈ കഷായം വാതരക്തം, കുഷ്ഠങ്ങൾ ഇവയെ ശമിപ്പിക്കും.

## ൨൱൰. വാശാഗുളൂച്യാദികഷായം

വാശാഗുളൂചീചതുരംഗുലാനാ-
മേരണ്ഡതൈലേന പിബേൽ കഷായം
ക്രമേണ സർവ്വാംഗജമപ്യശേഷം
ജയേദസൃഗ്വാതഭവം വികാരം.

വാശാ=ആടലോടകവേര്. ഗുളൂചി=ചിററമൃത്. ചതുരംഗുലം=കൊന്നവേർതൊലി ഇവ കഷായംവച്ചു ആവണക്കെണ്ണ ചേർത്തു സേവിക്കുക. രക്തവാതം നിമിത്തം സർവ്വാംഗമുണ്ടാകുന്ന ചുട്ടുനീററൽ മുതലായവ ശമിക്കും.

## സ്ഥൗല്യത്തിന്

### ൨൮൯. വരാസനാദികഷായം

വരാസനാഗ്ന്യയഃപത്രനിശാകഷായോ മധുപ്ലുതഃ
ഛിരഭഃ സ്ഥൂലദേഹോപി പിബൻ മാസാത് കൃശോ ഭവേത്.

വരം=ത്രിഫലത്തോട്. അസനം=വേങ്ങക്കാതൽ. അഗ്നി=കൊടുവേലിക്കിഴങ്ങ്. അയഃപത്രം=ഇരുമ്പുതകിട്. നിശാ=വറട്ടുമഞ്ഞൾ ഇവ കഷായംവച്ചു തേൻ മേമ്പൊടിചേർത്തു സേവിക്കുക. സ്ഥൗല്യം ശമിക്കും.

### ൨൯൦. മുൽഗാദി കഞ്ഞിക്കഷായം.

മുദ്ഗലാജാനപിതാം പേയാം ഖദിരഃകഷായജാം പിബേത്
അതിസ്ഥൗല്യപ്രമേഹാദിരോഗസ്യ വിനിവൃത്തയേ.

കരിങ്ങാലിക്കഷായത്തിൽ ചെറുപയററിൻപരിപ്പും മലർപ്പൊടിയും ചേർത്തു കഞ്ഞിവച്ചു കുടിക്കുക. അതിസ്ഥൗല്യത മൂത്രമൊഴിവു മുതലായ രോഗങ്ങളും ശമിക്കും.

### ൨൯൧. കൃമിഘ്നാദികഷായം.

കൃമിഘ്നത്രിഫലാജാജികടപിവ്യോഷാമൃതൈഃ കൃതഃ
കഷായോ ഽതിസ്ഥൗല്യദോഷഘ്നോ മധുഗുൽഗുലുസംയുതഃ

കൃമിഘ്നം=വിഴാലരിക്കാമ്പു്, ത്രിഫലത്തോട്. അജാജി=ജീരകം. കടപീ=ഏലത്തരി. വ്യോഷം=ചുക്ക്, മുളക്, തിപ്പലി. അമൃത്=ചിററമൃത്. ഇവകൊണ്ടുള്ള കഷായം തേനും ഗുൽഗുലുവും മേമ്പൊടിചേർത്തു സേവിച്ചാൽ സ്ഥൗല്യദോഷം ശമിക്കും.

## മലശോധനയ്ക്കു്

### ൨൯൨. കടുകാമലകാദികഷായം.

കടുകാമലകഗുളൂചീശുണ്ഠീശമ്യാകപല്ലവൈഃ സശിവൈഃ
സിദ്ധം തോയം സഗുളം പീതം മലശോധനം കുരുതേ.

കടുകം=കടുകരോഹിണി. ആമലകം=നെല്ലിക്കാത്തോട്. ഗുളൂചി=ചിററമൃത്. ശുണ്ഠീ=ചുക്ക്. ശമ്യാകപല്ലവം=കൊന്നക്കുരുന്നു്. ശിവാ=കടുക്കാത്തോട് ഇവകൊണ്ടുള്ള കഷായം ശർക്കര മേമ്പൊടിചേർത്തു സേവിക്ക. മലശോധന ഉണ്ടാകും.

### ൨൯൩. പടോലമൂലാദികഷായം.

പടോലമൂലകൈരണ്ഡദന്തിശ്രേഷ്ഠേക്ഷുകുംഭകൈഃ
ശുണ്ഠീഗുളൂചീയുക്തൈശ്ച പൂതീശമ്യാകപല്ലവൈഃ
സസിന്ധൂത്ഥഗുളം പാക്യം വിരേകാർത്ഥം പ്രശസ്യതേ.

പടോലമൂലം=പടോലത്തിൻവേർ എരണ്ഡം=ആവണക്കിൻവേർ. ദന്തീ=നാഗദന്തിവേർ. ശ്രേഷ്ഠ=ത്രിഫലത്തോട്. ഇക്ഷു=കരിമ്പു്. കുംഭകം=ത്രികോല്പക്കൊന്ന. ശുണ്ഠീ=ചുക്ക്. ഗുളൂചി=ചിററമൃത് പൂതീ=ആവിൽക്കുരുന്നു്. ശമ്യാകപല്ലവം=കൊന്നത്തളിരു്. ഇവകൊണ്ടുള്ള കഷായം സസിന്ധൂത്ഥഗുളം=ഇന്തുപ്പും ശർക്കരയും മേമ്പൊടിചേർത്തു സേവിക്കുക. മലശോധന ഉണ്ടാകും.

### ൨൨൮. ആൎത്തവശോധനത്തിന്ന കഷായം.

രക്തംതീണ്ടായിരിക്കുമ്പൊഴുതിലഴകിൽ വീ-
ഴാസ്സിലേണേക്ഷണാനാം
നിത്യം നിത്യം പ്രഭാതേ പരുകുവൊരു പിലാ-
ശിൻതൊലീഭിഃ കഷായം
സത്യം നന്നേമുരിക്കിൻതൊലി കൃതഭസിതം
മേൻപൊടിം ചേൎത്തു കാരെ-
ള്ളുത്ഥം ക്വാഥം കുടിപ്പു പിണർപുളിമുതൽതൻ
വല്ക്കലം ചാപി പാക്യം

൧. ഒരുപലം പിലാശിൻ (ചമത) തൊലി കഷായംവച്ചു നിത്യവും രാവിലെ സേവിക്കുക. ഋതുരക്തത്തടസ്സം ശമിക്കും. ൨. കാരെള്ളു് കഷായംവച്ചു മുരിക്കിൻതൊലി ഭസ്മമാക്കി മേമ്പൊടിചേൎത്തു സേവിക്കുക. ൩. പിണറിൻതൊലി കഷായംവച്ചു സേവിക്കുക. സ്ത്രീകൾക്കു ആൎത്തവരക്തത്തടസ്സം ശമിച്ചു രജസ്സ് ശുദ്ധിയാകും.

## ഗൎഭിണിക്കു്.

### ൨൨൯. ത്രിഫലാദികഷായം.

ത്രിഫലായഷ്ടികാക്വാഥം നെയ്യുമായ് പരുകീടുക
അധികം നോവുകൂടാതെ സൂതേ പുത്രം ക്ഷണാദബധൂഃ

ത്രിഫലത്തോടു്, യഷ്ടികാ=എരട്ടിമധുരം ഇവ കഷായംവച്ചു നെയ് മേമ്പൊടിചേൎത്തു സേവിക്കുക. ഗൎഭിണി വേദനകൂടാതെ സുഖമായി പ്രസവിക്കും.

### ൨൩൦. ബലാദികഷായങ്ങൾ.

പുഷ്പേ ശൂലേ ച ഗൎഭേ ബലയടപൊതിയൻ
ഗോപിസേവ്യോല്പലാനീർ
നല്പാൽ കൂട്ടിക്കഷായം പരുകുവിതു സിതാം
ചേൎത്തു പാൽവെണ്ണ തിങ്കെ
കൊള്ളൂ പോക്കിങ്കൽ മുസ്താശ്രുതജലമഥവാ
പാഠ തുവാ ഗുഹാവേർ
വിലബാംഭോദാംബു ചുക്കെന്നിതു കുറുകിനന്ൎ
താൻ കുറുന്തോട്ടികൂട്ടി

ഗൎഭിണിക്കു് വയററിൽ വേദനയോ രക്തപ്പോക്കോ ഉണ്ടായാൽ കുറുന്തോട്ടിവേരു് അടപൊതിയൻകിഴങ്ങു്, നറുനീണ്ടിക്കിഴങ്ങു്, രാമച്ചം ചെങ്ങഴുനീർക്കിഴങ്ങു ഇരുവേലി ഇവ കഷായംവെച്ചു പാൽചേൎത്തു കുറുക്കി പഞ്ചസാരചേൎത്തു സേവിക്കുക. പാലിൽനിന്നെടുക്കുന്ന വെണ്ണ സേവിക്കുക.

അതിസാരം ഉണ്ടായാൽ മുത്തങ്ങാക്കിഴങ്ങിൻകഷായം സേവിക്കുക. പാടത്താളിക്കിഴങ്ങു്, കൊടിത്തൂവവേരു്, കൂവളവേർ, മുത്തങ്ങ, ഇരുവേലി, ചുക്കു്, കുറുന്തോട്ടിവേർ ഇവ കഷായംവച്ചു് സേവിക്കുക, ശമിക്കും.

# യോനിശൂലയ്ക്കു്.

## ൨൨൭. രാസ്നാദാർവ്വാദികഷായം.

രാസ്നാദാരുബലാദർഭമുസ്തോശീരപുനൎന്നവൈഃ
കഷായം സേവയേൽ ക്ഷൌദ്രശക്കരം യോനിശൂലിനീ.

രാസ്നം=ചിററരത്ത ദാരു=ദേവതാരം ബലാ=കുറുന്തോട്ടിവേർ ദർഭവേർ മുസ്ത=മുത്തങ്ങാക്കിഴങ്ങു് ഉശിരം=രാമച്ചം പുനൎന്നവ=തമിഴാമവേരു് ഇവ കഷായംവച്ചു് തേനും പഞ്ചസാരയും മേമ്പൊടിചേൎത്തു സേവിക്കുക. യോനിശൂല ശമിക്കും.

## ൨൨൮. നയോപായകഷായം

ബലായാദശഭിർഭാഗൈർദ്വാഭ്യാം ജീരകവിശ്വയോഃ
സിദ്ധഃ ക്വാഥോ നയോപായഃ ശ്വാസഹിധ്മാഹരഃ പരം

കുറുന്തോട്ടികഴഞ്ചു ൧൦ ജീരകം ചുക്കു് ഇവ ഓരോ കഴഞ്ചുവീതം, ഇടങ്ങഴി വെള്ളത്തിൽ കഷായംവെച്ചു സേവിക്കുക. ശ്വാസവും ഇക്കിളും ശമിക്കും.

## ൨൨൯. നാഡീക്വാഥം.

ദശമൂലം ബലാമൂലം ത്രിഫലാ കിരിയാത്തയും
യവാഷം മരിചം രാസ്നാ ഷഡംഗം ജീരകത്രയം
അജാജ്യാററരിയും യഷ്ടി ഉലുവാ ച സുരദ്രുമം
മുദ്ഗം പഞ്ചാംഗുലം മഞ്ഞൾ ആശാളീ മരമഞ്ഞളും
കതകം നിംബചൎമ്മം ച സമഭാഗാനി കാരയേത്
രജ്യതേ വികലാൻ നാഡീൻ സൎവ്വനാഡീഹരാൻ ഗദാൻ
നാഡീക്വാഥം നിഹന്ത്യേതദ്വൃദ്ധവൈദ്യാഭിസമ്മതം

ദശമൂലം, കുറുന്തോട്ടിവേരു്, ത്രിഫലത്തോടു്, കിരിയാത്തു്, കൊടിത്തൂവവേരു്, കുരുമുളകു്, ചിററരത്ത, ഷഡംഗം=മുത്തങ്ങ, ചന്ദനം, ചുക്കു്, ഇരുവേലി, പർപ്പടകപ്പുല്ലു്, രാമച്ചം. ജീരകം, കരിംജീരകം, പെരുംജീരകം, അയമോദകം, കുടകപ്പാലയരി, കാർകോകിലരി, ചെറുപ്പുന്നയരി, വിഴാലരി, കൊത്തമ്പാലയരി, ഏലത്തരി, എരട്ടിമധുരം, ഉലുവാ, ദേവതാരം, ചെറുപയറു്, ആവണക്കിൻവേരു്, വറട്ടുമഞ്ഞൾ, ആശാളി, മരമഞ്ഞൾത്തൊലി, തേററാമ്പരൽ, വേപ്പിൻതൊലി ഇവ സമം കഷായംവെച്ചു ഔചിത്യംപോലെ മീറ, കന്മദം മുതലായവ മേമ്പൊടിചേൎത്തു സേവിക്ക. നാഡിപ്പിഴകൾ തീരും.

## ൨൩൦. ത്രായന്ത്യാദിക്വാഥം.

ത്രായന്തീത്രിഫലാനിംബകടുകാമധുകം സമം
ത്രിവൃത്പടോലമൂലാഭ്യാം ചതുരോംശാഃ പൃഥക് തഥാ
മസൂരാന്നിസ്തുഷാദഷ്ടൌ തൽക്വാഥഃ സഘൃതോ ജയേത്
വിദ്രധിഗുന്മവീസൎപ്പദാഹമോഹമദജ്വരാൻ
തൃൺമൂർച്ഛാഛർദ്ദിഹൃദ്രോഗപിത്താസൃക്കുഷ്ഠകാമിലാഃ

ബ്രഹ്മി, ത്രിഫലത്തോടു, വേപ്പിൻതൊലി, കടുകുരോഹിണി, ഇരട്ടിമധുരം ഇവ അരക്കഴഞ്ചുവീതം ത്രികോല്പക്കൊന്ന പടവലവേർ ഇവ ൨ കഴഞ്ചുവീതം

ചണംപയർതൊലി പോക്കി കഴഞ്ച് നാല് ഈ കഷായം നെയ് മേമ്പൊടിചേർത്തു സേവിക്ക. വിദ്രധി ഗുന്മം വിസർപ്പം പുകച്ചിൽ മോഹം മദം ജ്വരം തണ്ണീർദാഹം മോഹാലസ്യം ഛർദ്ദി ഹൃദ്രോഗം രക്തപിത്തം കാമില കുഷ്ഠം ഇവ ശമിപ്പിക്കും. കഷായം നാലിലൊന്നാക്കിയാൽമതി. കഷായം വളിക്കരുതു്. മേൽപറഞ്ഞവയിൽ ഒന്നിന്റെ ഉപദ്രവവ്യാധികളായി മാറുന്ന രോഗങ്ങളുടെ ബന്ധത്തിലും ഇതു് ഏററവും ഫലപ്രദവും അത്ഭുതശക്തിയുള്ളതുമായി അനുഭവപ്പെട്ട മരുന്നുകളിൽ ഒന്നാണ്. ചികിത്സാപരമായ അഭിപ്രായങ്ങൾ ഗുരുശിഷ്യപരമ്പരാവിഗുണരും യുക്തിനാമപ്രലാപികളുമായ വൈദ്യമാനികളിൽനിന്നുണ്ടായിട്ടുള്ളതും ഇതിന്നപ്രസ്തുതമാകയാൽ വിവരിക്കുന്നില്ല.

## ധാന്യാമ്ലം (വെപ്പുകാടി)

അശീതിവാതരോഗേഷു ധാന്യാമ്ലം സുനിവേശയേത്
ശുഭേ മുഹൂർത്തേ നക്ഷത്രേ സുഗ്രഹേ കലശം ന്യസേത്
തസ്മിന്നേതാംശ്ച സംഭാരാൻ നിക്ഷിപേന്മതിമാൻ ഭിഷക്
തണ്ഡുലസ്യ ദശപ്രസ്ഥം പൃഥുകസ്യ തഥൈവ ച
കുലത്ഥസ്യ തഥാ ലാജാച്ചത്വാരിംശന്ന്യസേത് പുനഃ
ആഢകം കംഗുബീജാനാം കോദ്രവസ്യ ച തണ്ഡുലാത്
ചതുഷ്പ്രസ്ഥം ക്ഷിപേത് പശ്ചാത് ദ്വിപ്രസ്ഥം നാഗരസ്യ തു
കാംസം ദന്തശഠാലൂനാം ദീപ്യകം കുഡുബാഷ്ടകം
ഉഷ്ണോദകസ്യ ദ്വിപ്രസ്ഥശതം ക്ഷിപ്ത്വാ തിരോദധേത്
തസ്യ തദ്വദനം ബദ്ധ്വാ പരിതോഽഗ്നിം പ്രവർത്തയേത്
ആസപ്തദിവസാദേവമഷ്ടമേ ദിവസേ പുനഃ
ധാന്യാമ്ലമസ്മാദാകൃഷ്യ പുനരുഷ്ണോദകം ക്ഷിപേത്
ആതുരഃ സ്നിഗ്ദ്ധസർവാംഗസ്തദാ തത്രാവഗാഹയേത്
മാത്രാണാം ഷട്സഹസ്രാണി പരമഃ കാല ഉച്യതേ.

ശുഭം=ശ്രേഷ്ഠമായതു് മുഹൂർത്തം=സമയം സുഗ്രഹേ=മുഹൂർത്തരാശിയിൽ ശുഭഗ്രഹങ്ങൾ നില്ക്കുമ്പോൾ ശുചിയായ ഗൃഹത്തിൽ എന്നർത്ഥാൽ വേറെ സിദ്ധിക്കുമെന്നല്ലാതെ ആ വിധം അർത്ഥം സിദ്ധിക്കാൻ സുഗൃഹേ എന്നാണെങ്കിലേ പാടുള്ളൂ. കലശം=പാത്രം (കുടം) സംഭാരങ്ങൾ=ഉപകരണങ്ങൾ തണ്ഡുലം=ഉണക്കലരി ദശപ്രസ്ഥം=പത്തിടങ്ങഴി പൃഥുകം=അവൽ കുലത്ഥം=മുതിര ലാജം=മലര് ചത്വാരിംശത്=നാല്പതു് ആഢകം=നാലിടങ്ങഴി കംഗുബീജം=തിനയരി കോദ്രവം=വരക് പ്രസ്ഥം=ഇടങ്ങഴി നാഗരം=ചുക്ക് കാംസം=നാലിടങ്ങഴി ദന്തശഠാലു=ചെറുനാരങ്ങ ദീപ്യകം=അയമോദകം കുഡുബാഷ്ടകം= ൨ ഇടങ്ങഴി ദ്വിശതം=ഇരുനൂറ് തദ്വദനം=അതിന്റെ വായ് അവഗാഹനംചെയ്ക=ഇറങ്ങിമുങ്ങിയിരിക്ക. സ്നിഗ്ദ്ധസർവാംഗൻ=സർവാംഗം തൈലം പുരട്ടിയവൻ. ഷട്സഹസ്രം=ആറായിരം.

ഒരു നല്ല നാളിനു ശുഭഗ്രഹോദയമുള്ള നല്ല മുഹൂർത്തം നിശ്ചയിച്ചു്, ആ സമയം ശുദ്ധമായ സ്ഥാനത്തിൽ ഒരു മൺപാത്രംവച്ചു അതിൽ ബുദ്ധിമാനായ വൈദ്യൻ താഴെപ്പറയുന്നവ നിക്ഷേപിക്കണം. ഉണക്കലരി, അവൽ, മുതിര ഇവ പത്തിടങ്ങഴി വീതം; മലരു നാല്പതിടങ്ങഴിയും, തിനയരിയും വരകിന്റെ അരിയും നാലിടങ്ങഴിവീതവും ചുക്കുപൊടി രണ്ടിടങ്ങഴിയും ചെറുനാരങ്ങാനുറുക്കു നാലിടങ്ങഴിയും അയമോദകം രണ്ടിടങ്ങഴിയും മാത്രം. അനന്തരം ഇരുനൂറിടങ്ങഴി ചൂടുവെ

ള്ളവും ഒഴിച്ച് ആ പാത്രത്തിന്റെ വായ് നല്ലവണ്ണം മൂടിക്കെട്ടി അതിനുചുററും തീയിടുക (ഉമിത്തീയ് ഇടുന്നതു സാധാരണയാണ്.) എല്ലാദിവസവും തീകത്തിക്കൊണ്ടിരിക്കണം. നല്ലപോലെ ചൂടാകണമെന്നല്ലാതെ, തീ അധികമാകരുത്. ഇപ്രകാരം ഏഴുദിവസം കഴിഞ്ഞശേഷം എട്ടാംദിവസംമുതൽ ഇതിൽനിന്നും ആവശ്യമുള്ള ധാന്യാമ്ലം എടുത്തുകൊണ്ടു പകരം ചൂടുവെള്ളം ഒഴിക്കുക. ഇതിലെ തീ അണയാതെയും അമ്ലമാകാതെയും കഷായം സൂക്ഷിക്കണമെന്നതു സമ്പ്രദായസിദ്ധമാകുന്നു. ഈ ധാന്യാമ്ലം എടുത്തു ഒരുപാത്രത്തിൽ പകൻ (രോഗിക്കു സൗകര്യമായിഇരിക്കാവുന്ന തോണിയോ മററോ ആകുന്നതു നന്ന്) രോഗിയെ സർവാംഗം എണ്ണ തേച്ചിച്ചു അതിൽ ഇരുത്തുക. അങ്ങനെ ഇരിക്കുന്നതിന്റെ പരമാവധി ൩൦൦൦ മാത്രയാകുന്നു. ഈ ധാന്യാമ്ലം, വാതോപദ്രവമുള്ള അവയവങ്ങളിൽ ധാരചെയ്യാനും, മരുന്നുകൾക്കു യോജിപ്പിക്കാനും ഉപയോഗിക്കാവുന്നതാണ്. ഈ ക്രിയ സ്വേദനവുംകൂടിയാകുന്നു.

---

# തൈലയോഗങ്ങൾ.

---

## ൧. ധാന്വന്തരം

ബലാമൂലകഷായസ്യ ഭാഗാഃ ഷട്പയസസ്തഥാ
യവകോലകുലത്ഥാനാം ദശമൂലസ്യ ചൈകതഃ
നിഷ്കാഥഭാഗോ ഭാഗശ്ച തൈലസ്യ ച ചതുർദ്ദശ
ദ്വിമേദാദാരുമഞ്ജിഷ്ഠാകാകോളീദ്വയചന്ദനൈഃ
ശാരിബാകുഷ്ഠതഗരജീവകർഷഭസൈന്ധവൈഃ
കാളാനുസാരീശൈലേയവചാഗുരുപുനർന്നവൈഃ
അശ്വഗന്ധാവരിക്ഷീരശുക്ലായഷ്ടീവരാരസൈഃ
ശതാഹ്വാസൂപ്യമ്പൈണ്ണ്യേലാത്വക്പത്രൈഃ സൂക്ഷ്മകല്കിതൈഃ
പക്വം മൃദ്വഗ്നിനാ തൈലം സർവ്വവാതവികാരജിത്
സൂതികാബാലമർമ്മാസ്ഥിഹതക്ഷീണേഷു പൂജിതം
ജ്വരഗുന്മഗ്രഹോന്മാദമൂത്രാഘാതാന്ത്രവൃദ്ധിജിത്
ധന്വന്തരേരഭിമതം യോനിരോഗക്ഷയാപഹം.

ബലാമൂലകഷായം=കുറുന്തോട്ടിവേര് പലം ൪൮. പഞ്ഞിപോലെ ചതച്ച് ൪൮ ഇടങ്ങഴി വെള്ളത്തിൽ കഷായംവച്ചു നാലിലൊന്ന് (൱ ഇടങ്ങഴി) ആക്കണം. പയസ്സ്=പാൽ ഭാഗം ൱ ഇടങ്ങഴി, ൩. യവം=യവധാന്യം, കോലം=ലന്തക്കുരു. കുലത്ഥം=മുതിര, ദശമൂലം ഇവയെല്ലാംകൂടി പലം ൪൮. നല്ലപോലെ ചതച്ചിട്ടു ൪൮ ഇടങ്ങഴിവെള്ളത്തിൽ കഷായംവച്ചു ഇടങ്ങഴിയാക്കി പിഴിഞ്ഞരിക്കുക. എണ്ണ ഇടങ്ങഴി ൧. പലത്തിനു ഇരുനാഴിവെള്ളംവീതം എന്ന വാഗ്ഭടമതപ്രകാരം ഇങ്ങനെ തന്നെയാണു വേണ്ടതു്. (ഇതിൽ പകുതിഅളവിനു മരുന്നുകൾചേർത്തു കാച്ചുന്നതു ശരിയല്ല.) ദ്വിമേദാ=മേദയും മഹാമേദയും. (മേദാഭാവേ ചാശ്വഗന്ധാ മഹാമേദേ തു ശാരിബാ എന്ന പ്രമാണപ്രകാരം അമുക്കുരവും നറുനീണ്ടിക്കിഴങ്ങുമോ ശതാവരിക്കിഴങ്ങ് ഇരട്ടിയോ പകരംചേർക്കാം.) ദാരു=ദേവതാരം. മഞ്ജിഷ്ഠം=മഞ്ചട്ടി. കാകോളിദ്വയം=കാർകോളിയും ക്ഷീരകാർകോളിയും. (കാകോളീയുഗളാഭാവേ നിക്ഷിപേച്ച ശതാ

വരിം എന്ന പ്രമാണപ്രകാരം ശതാവരിക്കിഴങ്ങ് ഇരട്ടിയോ അമുക്കുരം ഇരട്ടിയോ പകരം ചേൎക്കാം) ചന്ദനം. ശാരിബാ=നറുനീണ്ടിക്കിഴങ്ങ്. കുഷ്ഠം=കൊട്ടം. തഗരം=തകരം. ജീവകർഷഭങ്ങൾ=ജീവകവും ഇടവകവും. (ഇവയ്ക്കുപകരം പാൽമുതക്കിൻകിഴങ്ങ് ഇരട്ടിചേൎക്കാം) സൈന്ധവം=ഇന്തുപ്പ്. കാളാനുസാരി=ഉലുവാ. ശൈലേയം=കന്മദം, വചാ=വയമ്പ്. അഗരു=അകിൽ. പുനൎന്നവ=തമിഴാമവേർ. അശ്വഗന്ധ=അമുക്കുരം. വരീ=ശതാവരിക്കിഴങ്ങ്. ക്ഷീരശുക്ലാ=പാൽമുതക്കിൻകിഴങ്ങ്. യഷ്ടി=എരട്ടിമധുരം. വരാ=ത്രിഫലത്തോട്. രസം=നറുംപശ (ഇവിടെ മീറ ചേൎക്കുന്നതും കൊള്ളാം) ശതാഹ്വ=ശതകുപ്പ. സൂൎയ്യപൎണ്ണികൾ=കാട്ടുഴുന്നിൻവേരും കാട്ടുപയറിൻവേരും ഏല=ഏലത്തരി. ത്വക്ക്=ഇലവൎങ്ഗം. പത്രം=പച്ചില ഇവ കല്ക്കമാക്കി നല്ലപോലെ അരച്ചുചേൎക്കണം മൃദ്വഗ്നികൊണ്ടു പാകമാക്കി അരിച്ചെടുക്കുക. ഈ തൈലം എല്ലാ വാതരോഗങ്ങൾക്കും നന്ന്. പ്രസവിച്ച സ്ത്രീകൾക്കും കുട്ടികൾക്കും മൎമ്മങ്ങളിലോ അസ്ഥികളിലോ അഭിഘാതം ഏററിട്ടുള്ളവൎക്കും ക്ഷീണന്മാൎക്കും പ്രശസ്തമാകുന്നു. ജ്വരം ഗുന്മം ഗ്രഹപീഡ ഉന്മാദം മൂത്രാഘാതം ആന്ത്രവൃദ്ധി യോനിരോഗം ഇവയ്ക്കും ശമനം വരുത്തും. ഈ തൈലം ധന്വന്തരി ഭഗവാന്റെ പ്രത്യേകം ഇഷ്ടമാകയാൽ ധാന്വന്തരം എന്നു പേരുണ്ടായി. ഇതു ദേഹത്തു തേയ്ക്കാനും സേവിയ്ക്കാനും വസ്തിക്കും കൊള്ളാം. ഇതിനെ ത്രിവൃത്സ്നേഹമാക്കിയും മററും ഉപയോഗപ്പെടുത്തേണ്ടതിനെപ്പററിയുള്ള വിശേഷങ്ങൾ അറിയേണ്ടവർ സൂത്രത്തിലെ ധാന്വന്തരംകൂടി നോക്കുക.

## ൨. ശുദ്ധബല (൧)

ബലാമൂലാൽ പലശതം ഘട്ടയിത്വാ ജലേ പചേത്
ചതുൎഭാഗാവശിഷ്ടേഽസ്മിൻ കല്ക്കിതാൻ ദശഭിഃ പലൈഃ
തൈലാഢകം വിപക്തവ്യം ദ്വിഗുണക്ഷീരസംയുതം
ഏതച്ഛുദ്ധബലാതൈലം വാതരോഗവിനാശനം.

ബലാമൂലം=കുറുന്തോട്ടിവേർ. പലശതം=നൂറുപലം ചതച്ച് ൫൦ ഇടങ്ങഴി വെള്ളത്തിൽ കഷായംവച്ച് ചതുർഭാഗാവശിഷ്ടം=നാലിലൊരുഭാഗം ശേഷിച്ചതു്. (പന്ത്രണ്ടര ഇടങ്ങഴി) ആക്കി കല്ക്കത്തിനു പത്തുപലം പച്ചക്കുറുന്തോട്ടിവേരും അരച്ചുചേൎത്ത്, തൈലാഢകം=നാലിടങ്ങഴി എണ്ണ ദ്വിഗുണക്ഷീരസംയുതം=രണ്ടിരട്ടി പാലും (എട്ടിടങ്ങഴി) ചേൎത്തു കാച്ചിയരിച്ചാൽ ശുദ്ധബലാതൈലമായി. ഇതു വാതരോഗത്തെ ശമിപ്പിക്കുന്നതാകുന്നു.

## ൩. ശുദ്ധബലാ (൨)

ബലാമൂലകഷായസ്യ ഭാഗാഃ ഷട്പയസസ്തഥാ
തൈലപ്രസ്ഥം ബലാമൂലകല്ക്കസിദ്ധം സമീരനുത്

ബലാമൂലകഷായം=കുറുന്തോട്ടിവേർകഷായം. ഷട്ഭാഗം=ആറുഭാഗം (൬ ഇടങ്ങഴി) തൈലപ്രസ്ഥം=ഒരിടങ്ങഴി എണ്ണ. ബലാമൂലകല്ക്കസിദ്ധം=കുറുന്തോട്ടിവേർ കല്ക്കം. (൪ പലം) പയസ്സ്=പശുവിൻപാൽ. ഷട്ഭാഗാഃ=ആറുഭാഗം (൬ ഇടങ്ങഴി) കാച്ചിയരിക്ക. സമീരനുത്=വാതരോഗത്തെ ശമിപ്പിക്കുന്നതാകുന്നു. ഈ തൈലങ്ങൾ സേവിക്കാനും പുറത്തേയ്ക്കും ഉപയോഗിക്കാം. ഇവയ്ക്കുതന്നെ ആവൎത്തനയോടുകൂടി അനേകവിധാനങ്ങൾ ഗ്രന്ഥാന്തരങ്ങളിൽ പറഞ്ഞിട്ടുണ്ടു്.

## ൪. ക്ഷീരബല

ബലാമൂലാത് പഞ്ചപലം ക്ഷീരപിഷ്ടം ച യോജയേത്
ക്ഷീരേ ചതുൎഗ്ഗുണേ തൈലപ്രസ്ഥം മൃദ്വഗ്നിനാ പചേത്

പാനേ വസ്തൗ തഥാഭ്യംഗേ നസ്യകർമ്മണി ശസ്യതേ
ഏതത് ക്ഷീരബലാതൈലം വാതാശീതിവിനാശനം.

ബലാമൂലം=കുറുന്തോട്ടിവേർ. പഞ്ചപലം=അഞ്ചുപലം. ക്ഷീരപിഷ്ടം=പാലിൽ അരച്ച (കൽക്കമാക്കിച്ചേർത്തു) തൈലപ്രസ്ഥം=ഒരിടങ്ങഴിയെണ്ണ. ചതുർഗ്ഗുണേ ക്ഷീരേ=നാലിരട്ടി (നാലിടങ്ങഴി) പാലുചേർത്തു മൃദ്വഗ്നിനാ=കുറേശ്ശ തീയെരിച്ചുകാച്ചി പാകത്തിനരിക്കുക. ഇതിനു ക്ഷീരബലാതൈലമെന്നു പേർ. സേവിക്കാനും വസ്തിവയ്ക്കാനും തേയ്ക്കാനും നസ്യത്തിനും ഹിതമാകുന്നു. എല്ലാ വാതവ്യാധികളെയും ശമിപ്പിക്കുന്നതുമാകുന്നു.

## ൭. പ്രഭഞ്ജനവിമർദ്ദനം

ബലാശതാവരീശിഗ്രുവരണാർക്കകരഞ്ജകാഃ
ഏരണ്ഡശ്ചാപി കോരണ്ഡോ വാജിഗന്ധാപ്രസാരിണീ
പഞ്ചമൂലം വരിഷ്ഠം ച തൈസ്സമൈഃ കഥിതേ ജലേ
പാദാവശേഷിതേ ദദ്യാത് തൈലസ്യാർദ്ധാഢകം ഭിഷക്
ക്ഷീരം തദ്‌ദ്വിഗുണം ദദ്യാത് തത്സമേ ദധികാഞ്ചികേ
തഗരാമരകാഷ്ഠൈലാശുണ്ഠീസർഷപചോരകാഃ
ശതാഹ്വാകുഷ്ഠസിന്ധൂത്ഥരാസ്നാകാളാനുസാരികാഃ
വചാ സചിത്രകം മാംസീ സരളം കടുരോഹിണീ
പ്രത്യേകം കാർഷികാൻ ഭാഗാൻ പ്രതിവാപായ പണ്ഡിതഃ
തത്സംഭാരേണ മൃദ്വഗ്നിസിദ്ധം തിലജമാദരാത്
പാനാഭ്യഞ്ജനനസ്യേഷു വിധേയം വസ്തികർമ്മണി
അശീതിവാതജാൻ രോഗാൻ ഹന്യാദാശു സുദാരുണാൻ
വാതഗുന്മാർത്തിതം വൃദ്ധിമാന്ത്രജം വാതവിദ്രധിം
മൂഢഗർഭം തഥാ ശൂലാൻ വിവിധാംശ്ച വിനാശയേത്
ഏതത്തൈലം മഹാവീര്യമാത്രേയപ്രമുഖൈഃ പുരാ
നിർമ്മിതം നാമതശ്ചാപി "പ്രഭഞ്ജനവിമർദ്ദനം"

ബലാ=കുറുന്തോട്ടിവേരു്, ശതാവരിക്കിഴങ്ങു്. ശിഗ്രു=മുരിങ്ങവേർതൊലി. വരണം=നീർമാതളത്തിൻ (വേർ) തൊലി അർക്കം=എരുക്കിൻവേരു്. കരഞ്ജകം=പുങ്കിൻവേർതൊലി. ഏരണ്ഡം=ആവണക്കിൻവേരു്. കോരണ്ഡം=കൊടിയാവണക്കിൻവേർ. (കരിംകുറിഞ്ഞിയെന്നും അഭിപ്രായമുണ്ടു്.) വാജിഗന്ധ=അമുക്കുരം. പ്രസാരിണിവേരു്. വരിഷ്ഠംപഞ്ചമൂലം=വലിയ പഞ്ചമൂലം=കൂവളം കുമിഴ് പാതിരി പയ്യാഴാന്ത മുഞ്ഞ ഇവററിൻവേർ. ഇവ എല്ലാംകൂടി മുപ്പത്തിരണ്ടുപലം. ൩൨ ഇടങ്ങഴി വെള്ളത്തിൽ കഷായംവച്ചു എട്ടിടങ്ങഴിയാക്കി പിഴിഞ്ഞരിച്ചു രണ്ടിടങ്ങഴി എണ്ണയും, ക്ഷീരം=പാൽ. തദ്‌ദ്വിഗുണം=അതിന്നിരട്ടി. (൪ ഇടങ്ങഴി) ദധി=തൈർ, കാഞ്ചികം=കാടി. ഇവ ൨ ഇടങ്ങഴിവീതം ചേർക്കുക. തഗരം=തകരം. അമരകാഷ്ഠം=ദേവതാരം. ഏല=ഏലത്തരി. ശുണ്ഠീ=ചുക്കു്. സർഷപം=കടുകു്. ചോരകം=കച്ചോലം. ശതാഹ്വാ=ശതകുപ്പ. കുഷ്ഠം=കൊട്ടം സിന്ധൂത്ഥം=ഇന്തുപ്പു്. രാസ്നാ=ചിററരത്ത. കാളാനുസാരികാ=ഉലുവാ. വചാ=വയമ്പു്. ചിത്രകം=കൊടുവേലിക്കിഴങ്ങു്. മാംസി=മാഞ്ചി. സരളം=ചരളം. കടുരോഹിണി=കടുക

രോഹിണി ഇവ ഓരോന്നും കാർഷികഭാഗം=മൂന്നുകഴഞ്ചുവീതം. പ്രതിവാപം=കല്ക്കംചേൎത്തു ചെറിയ തീയിട്ടു പാകപ്പെടുത്തി അരിക്കുക. ഈ തൈലം സേവിക്കാനും തേയ്ക്കാനും നസ്യത്തിനും വസ്തിവയ്ക്കാനും കൊള്ളാം. എൺപതുപ്രകാരമുള്ള വാതരോഗങ്ങളെയും, വാതഗുന്മത്തെയും ആന്ത്രവൃദ്ധിയേയും വാതവിദ്രധിയേയും മൂഢഗർഭത്തെയും, പലപ്രകാരത്തിലുള്ള വേദനകളെയും ശമിപ്പിക്കും. മഹാവീൎയ്യമായ ഈ പ്രഭഞ്ജനവിമർദ്ദനതൈലം ആത്രേയാദികൾ നിൎമ്മിച്ചതാകുന്നു.

## ൬. ചിഞ്ചാദി (൧)

ചിഞ്ചാമണ്ഡകസാരണീവരണകസ്നുക്ഭാനുഗണ്ഡീരികാ
ജംബീരീശതപത്രഗൃഞ്ജനരസേ ദധ്യമ്ലശുക്താന്വിതേ
സിദ്ധാൎത്ഥാമരദാരുശിഗ്രുലവണൈൎവിശ്വാന്വിതൈഃ കല്ക്കിതൈ-
സ്തൈലം സിദ്ധമശീതിവാതവികൃതിം ചിഞ്ചാദി ശീഘ്രം ഹരേത്

ചിഞ്ചാ=പുളിയില. ആമണ്ഡകം=ആവണക്കില. സാരണി=പ്രസാരണി. (സമൂലം) വരണകം=നീർമാതളത്തില. സ്നുക്ക=കള്ളിയില. ഭാനു=എരുക്കില. ഗണ്ഡീരിക=ഞൊടിഞൊട്ട (ഞൊട്ടാഞൊടിയൻ) ജംബീരി=ചെറുനാരകത്തില. ശതപത്രം=മുരുക്കില. (മുരിങ്ങയില എന്നു പക്ഷം) ഗൃഞ്ജനം=വെള്ളുള്ളി. (പുനൎമ്മുരിങ്ങ എന്നു പക്ഷം) ഇവ ഇടിച്ചുപിഴിഞ്ഞ നീരിൽ ദധി=തൈർ. അമ്ലശുക്തം=ചുത്തപ്പുളി. (ധാന്യാമ്ലവിധാനം നോക്കുക) ഇവ കൂട്ടിച്ചേൎത്തു, സിദ്ധാൎത്ഥം=കടുക്. അമരദാരു=ദേവതാരം. ശിഗ്രു=മുരിങ്ങവേർതൊലി. ലവണം=ഇന്തുപ്പ്. വിശ്വം=ചുക്ക് ഇവ കൽക്കമാക്കി, കാച്ചി അരിക്കുന്ന ഈ ചിഞ്ചാദിതൈലം എണ്പതുവാതത്തേയും ശമിപ്പിക്കുന്നതാകുന്നു.

## ൭. കേതക്യാദി

കേതികമൂലബലാതിബലാനാം യദ്ബഹളേനരസേന വിപക്വം
തൈലമനല്പതുഷോദകയുക്തം മാരുതമസ്ഥിഗതം വിനിഹന്തി.

കേതകിമൂലം=പൂക്കൈതവേര്. ബലം=കുറുന്തോട്ടിവേര്. അതിബലം=ആനക്കുറുന്തോട്ടി (ഊരകത്തിൻ വേർ. ഇവയുടെ കഷായവും കാടിവെള്ളവും കൂട്ടി കാച്ചുന്ന തൈലം അസ്ഥിഗതമായ വാതരോഗത്തെ ശമിപ്പിക്കും. ഇതിനു കല്ക്കം മേല്പറഞ്ഞ വേരുകളോ, ഏലാദിയോ ഔചിത്യംപോലെ യോജിപ്പിക്കണം.

## ൮. ചിഞ്ചാദി (൨)

ചിഞ്ചായാഃ പത്രപാക്യേ തു ശിഗ്രുസൎജ്ജാൎജ്ജകൈഃ പചേത്
പഞ്ചഭിൎല്ലവണൈൎയ്യുക്തം തൈലം സൎവ്വാംഗവാതനുത്.

പുളിയില കഷായംവച്ച്, അതിൽ എണ്ണചേൎത്തു ശിഗ്രു=മുരിങ്ങവേർതൊലി. സൎജ്ജം=ചെഞ്ചല്യം. ആൎജ്ജകം=മണിക്കുഞ്ജകം. പഞ്ചലവണം=ഇന്തുപ്പ്, വിളയുപ്പ്, കല്ലുപ്പ്, കാരുപ്പ്, വെടിയുപ്പ് ഇവ കല്ക്കംചേൎത്തു കാച്ചിഅരിച്ച തേയ്ക്കുക; സൎവ്വാംഗവാതത്തെ ശമിപ്പിക്കും.

## ൯. പരിണതകേരിക്ഷീരാദി

പരിണതകേരിക്ഷീരേ ജംബീരഫലോദകേന തുലിതേന
ക്ഷണദാസുരധൂമശൃതം തൈലം ഹ്യപബാഹുകം ജയതി.

പരിണതകേരിക്ഷീരേ=വറട്ടുതേങ്ങാപ്പാലിൽ ജംബീരഫലോദകം=ചെറുനാരങ്ങാനീർ സമംചേൎത്തു് ക്ഷണദാ=വറട്ടുമഞ്ഞൾ. സുരധൂമം=ചെഞ്ചല്യം. ഇവ കല്ക്കംചേൎത്തു കാച്ചുന്ന തൈലം അപബാഹുകം എന്ന വാതവ്യാധിയെ ശമിപ്പിക്കും.

## ൫൦. ദേവദാരുബലാദി

ദേവദാരുബലാരാസ്നാമാംസീസർഷപനാഗരൈഃ
ബലാകർഷാംശസംസിദ്ധം തൈലം സർവാംഗവാതജിത്.

ദേവദാരു=ദേവതാരം. ബലം=കുറുന്തോട്ടിവേർ. രാസ്നം=ചിററരത്ത. മാംസി=മാഞ്ചി. സർഷപം=കടുക്. നാഗരം=ചുക്ക്. ഇവ കഷായംവച്ച ബലാകർഷാംശം=കുറുന്തോട്ടിവേർ ന കഴഞ്ചുപ്രകാരംചേർത്തു കാച്ചിയ തൈലം സർവാംഗവാതം ശമിപ്പിക്കും.

## ൫൧. കാർപ്പാസാസ്ഥ്യാദി

കാർപ്പാസാസ്ഥിബലാമാഷകുലത്ഥൈഃ കഥിതേ ജലേ
ദേവദാരുബലാരാസ്നാകുഷ്ഠസർഷപനാഗരൈഃ
ശതാഹ്വാപിപ്പലീമൂലചവ്യശിഗ്രുപുനർന്നവൈഃ
കല്ക്കിതം തൈലമാജേന ക്ഷീരേണ സഹിതം പചേത്
തൽപാനനാവനാഭ്യംഗയോഗാത് സർവാനിലാപഹം
വിശേഷാദപബാഹുഞ്ച പക്ഷാഘാതാർദ്ദിതം ഹരേത്.

കാർപ്പാസാസ്ഥി=പരുത്തിക്കുരു. ബലം=കുറുന്തോട്ടിവേർ. മാഷം=ഉഴുന്ന്. കുലത്ഥം=മുതിര. ഇവകൊണ്ടുള്ള കഷായത്തിൽ ദേവദാരു=ദേവതാരം. ബലം=കുറുന്തോട്ടിവേർ. രാസ്നം=ചിററരത്ത. കുഷ്ഠം=വെള്ളക്കൊട്ടം. സർഷപം=കടുക്. നാഗരം=ചുക്ക് ശതാഹ്വം=ശതകുപ്പ. പിപ്പലീമൂലം=കാട്ടുതിപ്പലിവേർ. ചവ്യം=കാട്ടുമുളകിൻവേർ. ശിഗ്രു=മുരിങ്ങവേർതൊലി. പുനർന്നവ=തമിഴാമവേര്. ഇവ കല്ക്കമാക്കി അരച്ചുചേർത്തു എണ്ണയും, ആജംക്ഷീരം=ആട്ടിൻപാലുംകൂട്ടി കാച്ചിഅരിക്കുക. ഈ തൈലം തേക്കുകയും, നസ്യംചെയ്കയും, സേവിക്കയും ചെയ്താൽ എല്ലാ വാതവ്യാധികളെയും ശമിപ്പിക്കും. വിശേഷിച്ച്, അപബാഹുകം പക്ഷാഘാതം, അർദ്ദിതം ഈ വ്യാധികൾ ശമിക്കും.

## ൫൨. കൊട്ടംചുക്കാദി.

കൊട്ടം ചുക്ക വയമ്പു ശിഗ്രു ലശുനം കാത്തോട്ടി ദേവദ്രുമം
സിദ്ധാർത്ഥം സുവഹാമരച്ച തിലജം ദധ്നാ ച ചിഞ്ചാരസേ
തൊട്ടാലൊട്ടു മുടക്കതീരുമതില്പം വാതംതൊടാതേ കെടും
ചിന്തിപ്പാനരുതെന്നു കേളിതുമണേമന്ത്രൗഷധാനാം ബലം.

വെള്ളക്കൊട്ടം, ചുക്ക്, വയമ്പ്, ശിഗ്രു=മുരിങ്ങവേർതൊലി. ലശുനം=വെള്ളുള്ളി. കാത്തോട്ടിവേർ. ദേവദ്രുമം=ദേവതാരം. സിദ്ധാർത്ഥം=കടുക്. സുവഹാ=ചിററരത്ത. ഇവ അരച്ച കല്ക്കമാക്കി ചിഞ്ചാരസേ=പുളിയിലനീരിൽ. ദധ്നം=തൈരുകൂട്ടി തൈലം കാച്ചി തേക്കുക. വാതരോഗം ശമിക്കും.

## ൫൩. ബലാശതാവര്യാദി

ബലാശതാവരീലാക്ഷാണാം കഷായേ പാദാവശേഷിതേ
തൈലപ്രസ്ഥം പചേദ്ധീമാൻ ദധിമസ്തുചതുർഗ്ഗുണേ
രാസ്നാചന്ദനമഞ്ജിഷ്ഠാദൂർവാമധുകചോരകൈഃ
ശാരിബോശീരജലദകുഷ്ഠാഗരുസുരദ്രുമൈഃ

ഹരിദ്രാകുമുദാകൗന്തീശതാഹ്വാപത്മകേസരൈഃ
കല്ക്കൈരേഭിഃ സുസംയുക്തൈഃ കാർഷികൈശ്ച സുപേഷിതൈഃ
ശനൈർമ്മൃദ്വഗ്നിനാ പക്ത്വാ ഗാളയേദ് ഭാജനേ ശുഭേ
പ്രശസ്തേ തിഥിനക്ഷത്രേ തത്തൈലം ശീലയേന്നരഃ
തേന സർവ്വജ്വരോന്മാദക്ഷയകാസാദയോ ഗദാഃ
നശ്യന്തി വിവിധാശ്ചൈവ വാതരോഗാ ന സംശയഃ
അശ്വിഭ്യാം നിർമ്മിതം തൈലമേതത് പുഷ്ടികരം പരം.

ബലാ=കുറുന്തോട്ടിവേർ. അശ്വഗന്ധാ=അമുക്കുരം. ലാക്ഷ=കോലരക്ക്. ഇവയുടെ ക്വാഥം=കഷായം. പാദാവശേഷിതം=നാലിലൊന്നാക്കി എടുത്തതു്. (എന്നാൽ കോലരക്കുമാത്രം കഷായത്തിനു പറയുമ്പോൾ പ്രത്യേകം കുറെ വെള്ളം ഒഴിച്ചു വററിച്ചു്, ഊററി എടുത്തശേഷം വീണ്ടും വെള്ളം ഒഴിച്ചു കുറേ വററിച്ചു് എടുക്ക. ഇങ്ങനെ വച്ചൂററി എടുക്കുന്നതു നല്ലതാണു്.) ദധിമസ്തു=തെർവെള്ളം. ചതുർഗ്ഗുണം=നാലിരട്ടി. തൈലപ്രസ്ഥം=ഒരിടങ്ങഴി എള്ളെണ്ണ. രാസ്നം=ചിററരത്ത. ചന്ദനം. മഞ്ജിഷ്ഠ=മഞ്ചട്ടി. മൂർവ്വ=പെരുങ്കുരുമ്പ. മധുകം=എരട്ടിമധുരം. ചോരകം=കച്ചോലം. ശാരിബ=നറുനീണ്ടിക്കിഴങ്ങു്. ഉശീരം=രാമച്ചം. ജലദം=മുത്തങ്ങ. കുഷ്ഠം=കൊട്ടം. അഗരു=അകിൽ. സുരദ്രുമം=ദേവതാരം. ഹരിദ്ര=മഞ്ഞൾ. കുമുദം=ആമ്പൽക്കിഴങ്ങു്. കൌന്തി=അരേണുകം. ശതാഹ്വ=ശതകുപ്പ. പത്മകേസരം=താമരയല്ലി ഇവ ഓരോന്നു് കാർഷികം=മൂന്നുകഴഞ്ചുവീതം. സുപേഷിതം=നല്ലപോലെ അരച്ചുചേർത്തു്, മൃദുവായ അഗ്നികൊണ്ടു പാകംചെയ്തു്, ശുഭമായ പാത്രത്തിൽ ശുഭദിവസം അരിച്ചു്, ഈ തൈലം ഉപയോഗിക്ക. എല്ലാവിധ ജ്വരങ്ങളും, ഉന്മാദം, ക്ഷയം, കാസം, വിവിധങ്ങളായ വാതവ്യാധികൾ ഇവകളും ശമിക്കും. അശ്വിനീദേവന്മാർ നിർമ്മിച്ച ഈ തൈലം പുഷ്ടികരവും ആകുന്നു.

## ൧൮. ബലാഗുളൂച്യാദി (൧)

ബലാഗുളൂചീസുരപാദപാനാം
ക്വാഥേ പചേത്തൈലമിമൈശ്ച കല്ക്കൈഃ
ജടാമയാചന്ദനകന്ദുരുഷ്ക-
നതാശ്വഗന്ധാസരളൈഃ സരാസ്നൈഃ
ഏതത്സദാഹം സരുജം സശോഫം
രക്താനുഗം വാതഗദം നിഹന്തി.

ബലാ=കുറുന്തോട്ടിവേർ. ഗുളൂചി=ചിററമൃതു്. സുരപാദപം=ദേവതാരം. ഇവ കഷായംവച്ചു് ജടാ=ജടാമാഞ്ചി. ആമയം=വെള്ളക്കൊട്ടം. ചന്ദനം. കന്ദുരുഷ്കം=കുന്തിരിക്കം. നതം=തകരം. അശ്വഗന്ധാ=അമുക്കുരം. സരളം=ചരളം. രാസ്ന=ചിററരത്ത. ഇവ കല്ക്കംചേർത്തു തൈലം കാച്ചി അരിച്ചു തേയ്ക്കുക. ചുട്ടുനീററൽ, വേദന, വീക്കം ഇവയുള്ള രക്തവാതം ശമിക്കും. ഇമൈഃ എന്ന പ്രയോഗം സംസ്കൃതവ്യാകരണപ്രകാരം അശുദ്ധമായിത്തോന്നും. ആർഷപ്രയോഗങ്ങളിൽ സാധുത്വംകാണും പോലെ സമാധാനിക്കാം. എന്നല്ലാതെ, ഏഭിഃ എന്നതിനുപകരം ഈ പ്രയോഗത്തിനു മലയാളികളും ച്യുതസംസ്കാരദോഷം വിധിക്കുന്നതാണ്. ഈ യോഗം മററു പ്രാമാണികന്മാരും ചികിത്സകന്മാരും വ്യത്യാസപ്പെടുത്താതെ ഉദ്ധരിച്ചുകാണുന്നു എന്നും പറയേണ്ടിയിരിക്കുന്നു.

## ൧൫. ബലാഗുളൂച്യാദി (൨)

ബലാഗുളൂച്യോഃ കഷായേന തൈലം ക്ഷീരസമന്വിതം
ചന്ദനോശീരയഷ്ട്യാഹ്വമുസ്താകല്ക്കൈഃ പചേദ്ബുധഃ
സിദ്ധമേതദ്വാതരക്തം രക്തപിത്തം ശിരോരുജം
വാതരക്തകൃതാൻ രോഗാനാശു ഹന്യാത് സുപൂജിതം.

ബലം=കുറുന്തോട്ടിവേർ. ഗുളൂചി=ചിററമൃത്. ഇവ കഷായംവച്ച് അതിൽ എണ്ണയും (എണ്ണയ്ക്കുസമം) പാലുംചേർത്ത് ചന്ദനം. ഉശീരം=രാമച്ചം. യഷ്ട്യാഹ്വം= എരട്ടിമധുര . മുസ്ത=മുത്തങ്ങ. ഇവ കല്ക്കംചേർത്ത് കാച്ചിഅരിക്ക. ഈ തൈലം വാതരക്തത്തേയും, രക്തപിത്തത്തേയും, തലവേദനയേയും, രക്തവാതംനിമിത്തമുണ്ടാകുന്ന മററുരോഗങ്ങളേയും ശമിപ്പിക്കും.

## ൧൬. ത്രിമിശ്രകം

വരീബലാമൃതാകഷായേ തൈലം സിദ്ധം പയസ്സമം
ചന്ദനോശീരകുഷ്ഠാബ്ദകല്ക്കിതം വാതരക്തനുത്.

വരീ=ശതാവരിക്കിഴങ്ങ്. ബലം=കുറുന്തോട്ടിവേര്. അമൃത=ചിററമൃത്. ഇവ കഷായംവച്ച് എണ്ണയും സമം പാലുംചേർത്ത് ചന്ദനം. ഉശീരം=രാമച്ചം. കുഷ്ഠം= വെള്ളക്കൊട്ടം. അബ്ദം=മുത്തങ്ങ. ഇവ കല്ക്കമാക്കി കാച്ചി അരിക്ക. വാതരക്തത്തെ ശമിപ്പിക്കും.

## ൧൭. ചന്ദനാദി (൧)

ചന്ദനം മധുകം കുഷ്ഠമശ്വഗന്ധം സുരദ്രുമം
ഉശീരമുല്പലം മാംസീ പത്രാഗരു നിശാ ബലാ
ഹ്രീബേരം നാഗകുസുമം സ്പൃക്കാ മഞ്ജിഷ്ഠശാരിബാ
തകരം മൃഗനാഭിശ്ച ശതപുഷ്പാ ഹരേണുകം
സൂക്ഷ്മൈലാബ്ദത്വചം ചോരം ബർബ്ബരം തൈഃ സുകല്ക്കിതൈഃ
കേതകീമൂലജകഷായേ സക്ഷീരം തിലജം പചേത്
തദഭ്യംഗാദിഭിസ്തൈലം വാതശോണിതനാശനം.

ചന്ദനം. മധുകം=എരട്ടിമധുരം. കുഷ്ഠം=കൊട്ടം. അശ്വഗന്ധം=അമുക്കുരം. സുരദ്രുമം=ദേവതാരം. ഉശീരം=രാമച്ചം. ഉല്പലം=ചെങ്ങഴിനീർക്കിഴങ്ങ്. മാംസി= മാഞ്ചി. പത്രം=പച്ചില. അഗരു=അകിൽ. നിശ=വാട്ടമഞ്ഞൾ. ബലം=കുറുന്തോട്ടിവേർ. ഹ്രീബേരം=ഇരുവേലി. നാഗകുസുമം=നാഗപ്പൂ. സ്പൃക്ക=നാന്മുഖപ്പുല്ല്. മഞ്ജിഷ്ഠ=മഞ്ചട്ടി. ശാരിബാ=നറുനീണ്ടിക്കിഴങ്ങ്. തകരം. മൃഗനാഭി= ഒവരുകിൻപുഴവ്. ശതപുഷ്പ=ചതകുപ്പ. ഹരേണുകം=അരേണുകം. സൂക്ഷ്മൈലം= ചിററേലം. അബ്ദം=മുത്തങ്ങ. ത്വചം=ഇലവർങ്ഗം. ചോരം=കച്ചോലം. ബർബരം=ചെറുതേക്കിൻവേർ. ഇവ നല്ലപോലെ അരച്ച കല്ക്കമാക്കി പൂക്കൈതവേർ കഷായം നാലിരട്ടി ചേർത്ത് എണ്ണയും പാലും ചേർത്ത് കാച്ചി അരിച്ച തേയ്ക്ക. രക്തവാതം ശമിക്കും. കൂടാതെ നേത്രരോഗങ്ങളും, രക്തപിത്തം മുതലായ അനേകരോഗങ്ങൾക്കും നന്ന്. വെരുകിൻപുഴവ് കല്ക്കത്തിൽ പറഞ്ഞതു പാത്രപാകത്തിനു ചേക്കണം.

## ൧൮ ആരനാളാദി

ആരനാളാഢകേ തൈലം പാദസജ്ജരസേ ശൃതം
പ്രഭൂതേ ഖചിതം തോയേ ജ്വരദാഹാർത്തിനുത് പരം.

ആരനാളം=കാടി. ആഢകം=നാലിടങ്ങഴി. കൂട്ടി ഇടങ്ങഴി എണ്ണയും സജ്ജരസം=കുന്തിരിക്കം. (ചെഞ്ചല്യം) നാല്പപലം കല്ക്കംചേൎത്തു കാച്ചിഅരിച്ചു തേച്ചാൽ ജ്വരം, സൎവ്വാംഗസന്താപം വേദന മുതലായവ ശമിക്കും.

## ൯൯. പിണ്ഡതൈലം (൧)

സമധൂച്ഛിഷ്ടമഞ്ജിഷ്ഠാസസജ്ജരസശാരിബാഃ
പിണ്ഡതൈലം തദഭ്യംഗാദ്വാതരക്തരുജാപഹം.

മധൂച്ഛിഷ്ടം=മെഴുക് (ചേൎത്തുവരുന്നതു പൊന്മെഴുക്) മഞ്ജിഷ്ഠ=മഞ്ചട്ടി. സജ്ജരസം=ചെഞ്ചല്യം. ശാരിബാ=നറുനീണ്ടിക്കിഴങ്ങ്. ഇവ കല്ക്കം. എണ്ണ ചേൎത്തു കാച്ചിഅരിച്ചുതേയ്ക്കുക. വാതരക്തം ശമിക്കും.

## ൱. പിണ്ഡതൈലം (൨)

ശാരിബാസജ്ജമഞ്ജിഷ്ഠായഷ്ടീസിദ്ധൈഃ പയോന്വിതൈഃ
തൈലം പക്ത്വാ പ്രയോക്തവ്യം പിണ്ഡാഖ്യം വാതശോണിതേ.

ശാരിബ=നറുനീണ്ടിക്കിഴങ്ങ്. സൎജ്ജം=ചെഞ്ചല്യം. മഞ്ജിഷ്ഠ=മഞ്ചട്ടി. യഷ്ടി=ഇരട്ടിമധുരം. ഇവ കല്ക്കംചേൎത്തു പയസ്സ്=പാൽകൂട്ടി തൈലം കാച്ചി തേയ്ക്കുക. വാതരക്തം ശമിക്കും. പിണ്ഡതൈലമെന്നുപേർ.

## ൱൧. ലാക്ഷാദി (൧)

ലാക്ഷാരസസമം തൈലം തൈലാന്മസ്തു ചതുൎഗ്ഗുണം
അശ്വഗന്ധാനിശാദാരുകൌന്തീകുഷ്ഠാബ്ദചന്ദനൈഃ
സമൂൎവ്വാരോഹിണീരാസ്നാശതാഹ്വാമധുകൈസ്സമൈഃ
സിദ്ധം ലാക്ഷാദികം നാമ തൈലമഭ്യഞ്ജനാദിനാ
സൎവ്വജ്വരക്ഷയോന്മാദശ്വാസാപസ്മാരപാപ്മജിത്
യക്ഷരാക്ഷസഭൂതഘ്നം ഗൎഭിണീനാഞ്ച ശസ്യതേ.

ലാക്ഷാരസസമം=കോലരക്കിൻകഷായത്തിനു തുല്യം. തൈലം=എണ്ണ. മസ്തു=തൈർവെള്ളം. തൈലാൽചതുൎഗ്ഗുണം=എണ്ണയ്ക്കു നാലിരട്ടി. അശ്വഗന്ധാ=അമുക്കുരം. നിശ=പറട്ടുമഞ്ഞൾ. ദാരു=ദേവതാരം. കൌന്തി=അരേണുകം. കുഷ്ഠം=കൊട്ടം. അബ്ദം=മുത്തങ്ങ. ചന്ദനം മൂൎവ്വാ=പെരുംകുരുമ്പവേർ. രോഹിണി=കടുകുരോഹിണി. രാസ്നം=ചിറാരത്ത. ശതാഹ്വ=ശതകുപ്പ. മധുകം=എരട്ടിമധുരം. ഇവ സമം അരച്ചു കല്ക്കംചേൎത്തു കാച്ചിഅരിച്ചു തേയ്ക്കുക. എല്ലാവിധ ജ്വരങ്ങളും ക്ഷയവും ഉന്മാദവും ശ്വാസ(വലിവു)വും അപസ്മാരവും പാപ്മവും യക്ഷരാക്ഷസഭൂതഗ്രഹപീഡകളും ശമിക്കും, ഗൎഭിണികൾക്കും പ്രശസ്തമാകുന്നു.

## ൱൨. ലാക്ഷാദി (൨)

ലാക്ഷോശീരബലാകാഥജലേ ദധിപ്രസ്ഥമസ്തുകേ
പൃശ്നിപൎണ്ണീ വിഷാദണ്ഡ്വം ദ്വേ ഹരിദ്രേ ശതാവരീ
ജീവകൎഷഭകൌ രാസ്നാ സരളം ദേവദാരു ച
മുസ്താ വിദാരീ മഞ്ജിഷ്ഠാ വാളകാഗരുവത്സകം
കുഷ്ഠലോഹിതയഷ്ടിഞ്ച മധൂകം ദ്വേ ച ശാരിബേ

അനന്താമലകാമൂർവാ മയൂരം ശിശിരദ്വയം
അശ്വഗന്ധാകണാകൈന്ദന്തീ തിക്താശ്യോനാകദീപ്യകം
പാഠാം ഭാർങ്ഗീം ച സമ്പിഷ്യ തൈലപ്രസ്ഥം വിപാചയേത്
തതോ മന്ദാഗ്നിനാ പക്വം തൈലമഭ്യഞ്ജനാദിനാ
ജീർണ്ണജ്വരക്ഷയോന്മാദശ്വാസാപസ്മാരപാപ്മജിത്
ബലപുഷ്ട്യർത്ഥിനാം നൃണാം ഗർഭിണീനാഞ്ച ശസ്യതേ.

ലാക്ഷാ=കോലരക്ക്. ഉശീരം=രാമച്ചം. ബലാ=കുറുന്തോട്ടിവേർ. ഇവയുടെ ക്വാഥജലേ=കഷായവെള്ളത്തിൽ. ദ്വിപ്രസ്ഥമസ്തുകം=രണ്ടിടങ്ങഴി തൈർവെള്ളം കൂട്ടിച്ചേർത്തു പ്രശ്നിപർണ്ണി=മൂവിലവേരു്. വിഷാദ്വന്ദ്വം=വിടയ(കുരുവില്ലാക്കടുക്ക)വും അതിവിടയവും. ദ്വേഹരിദ്രേ=വറട്ടുമഞ്ഞളും മരമഞ്ഞൾത്തൊലിയും. ശതാവരിക്കിഴങ്ങു്. ജീവകർഷഭങ്ങൾ=ജീവകവും ഇടവകവും. (പകരം ശതാവരിക്കിഴങ്ങും മുതക്കിൻകിഴങ്ങും ചേർക്ക) രാസ്ന=ചിററരത്ത സരളം=ചരളം (തമിഴാമഭേദം) ദേവദാരു=ദേവതാരം. മുസ്താ=മുത്തങ്ങ. വിദാരി=പാൽമുതക്കിൻകിഴങ്ങു്. മഞ്ജിഷ്ഠ=മഞ്ചട്ടി. വാളകം=ഇരുവേലി. അഗരു=അകിൽ. വത്സകം=കുടകപ്പാലയരി. കുഷ്ഠം=കൊട്ടം. ലോഹിതം=രക്തചന്ദനം, യഷ്ടി=എരട്ടിമധുരം. മധുകം=ഇലിപ്പക്കാതൽ. രണ്ടു ശാരിബകൾ=നറുനീണ്ടിക്കിഴങ്ങും പാൽവള്ളിക്കിഴങ്ങും. അനന്ത=കൊടിത്തൂവവേർ. ആമലകം=നെല്ലിക്കാത്തോടു്. മൂർവാ=പെരുംകുരുമ്പവേരു്. മയൂരം=കടലാടിവേർ. ശിശിരദ്വയം=ചന്ദനം രക്തചന്ദനം. അശ്വഗന്ധം=അമുക്കരം. കണ=തിപ്പലി കൈന്ദന്തി=അരേണകം. തിക്ത=പൃത്തരിച്ചുണ്ടവേർ. ശ്യോനാകം=ചോനകപ്പുല്ലു്. ദീപ്യകം=അയമോദകം. പാഠാ=പാടത്താളിക്കിഴങ്ങു്. ഭാർങ്ഗി=ചെറുതേക്കിൻവേർ. ഇവ അരച്ചു കൽക്കംചേർത്തു തൈലപ്രസ്ഥം=ഒരിടങ്ങഴി എണ്ണ മന്ദാഗ്നിയിൽ പാകമാക്കി അരിച്ചുതേയ്ക്ക. ജീർണ്ണജ്വരം, ക്ഷയം, ഉന്മാദങ്ങൾ, ശ്വാസം, അപസ്മാരം മുതലായവ ശമിക്കും. ബലവും പുഷ്ടിയും വരുത്തും. ഗർഭിണികൾക്കും ശീലിക്കാൻ നന്നു്.

## ൨൩. ഭൃംഗാളക്കാദി.

ഭൃംഗാളക്കവൃഷവ്യാഘ്രീവൃശ്ചികാളീപുനർന്നവാഃ
സ്ഫൂർജ്ജകം സിന്ദുവാരഞ്ച കപോതാതാമലക്യപി
കുണ്ഡലീകാസമർദ്ദഞ്ച ദ്വാദശൈഷാം രസേ പചേത്
ത്രയോദശാംശതിലജം കല്ക്കൈരേഭിർവിപാചയേത്
പിപ്പല്യഗ്നിവചാവത്സകോലഗ്രന്ഥികതോയദൈഃ
വിശാലാതിവിഷാകൈന്ദന്തീചവ്യത്ര്യൂഷണജീരകൈഃ
ഭാർങ്ഗീമൂർവാമഹാനിംബഫലദീപ്യകസർഷപൈഃ
ഹിംഗുതിക്താവിളംഗൈശ്ച തത്സിദ്ധം തിലജം ജയേത്
കാസം പഞ്ചവിധം ശ്വാസമശേഷം ജയതി ക്ഷണാത്.

ഭൃംഗം=കയ്യോന്നി. അളക്കം=എരുക്കു്. വൃഷം=ആടലോടകവേരു്. വ്യാഘ്രി=ചെറുവഴുതിനവേർ. വൃശ്ചികാളി=തേക്കിടവേർ. പുനർന്നവ=തമിഴാമവേർ. സ്ഫൂർജ്ജകം=പനച്ചിത്തൊലി. സിന്ദുവാരം=കരിനൊച്ചിവേരു്. കപോത=തേററാമ്പൽ. താമലകി=കീഴാനെല്ലി. കുണ്ഡലി=ചിററമൃതു്. കാസമർദ്ദം=പൊന്നാവര ഇവ കഷായംവച്ചു് എണ്ണയും പന്ത്രണ്ടിരട്ടിചേർത്തു പിപ്പലി=തിപ്പലി. അഗ്നി=കൊടുവേലിക്കിഴങ്ങു്. വച=വയമ്പു്. വത്സം=കുടകപ്പാലയരി. കോലം=ലന്തക്കുരു. ഗ്രന്ഥികം=കാട്ടുതിപ്പലിവേർ. തോയദം=മുത്തങ്ങ. വിശാലാ=കാട്ടു

വെള്ളരിവേർ. അതിവിഷ=അതിവിടയം. കൌന്തി=അരേണകം. ചവ്യം=കാട്ടുമുളകിൻവേർ. ത്ര്യൂഷണം=ചുക്ക്, മുളക്, തിപ്പലി. ജീരകം. ഭാർങ്ങീ=ചെറുതേക്കിൻവേർ. മൂർവ=പെരുംകുരുമ്പവേർ. മഹാനിംബഫലം=ആര്യവേപ്പിൻകുരു. ദീപ്യകം=അയമോദകം. സർഷപം=കടുക്. ഹിംഗു=കായം. തിക്ത=പുത്തരിച്ചുണ്ടവേർ. വിഡംഗം=വിഴാലരി ഇവ അരച്ച കൽക്കംചേർത്തു കാച്ചിഅരിച്ച തേയ്ക്കു. എല്ലാംവിധ കാസശ്വാസങ്ങളും ക്ഷയരോഗവും ശമിക്കും.

## ൮൪. തേകരാജാദി.

തേകരാജരസവിംശതിഭാഗേ സിദ്ധതൈലമഭയാപ്രതിവാപഃ
ശ്വാസകാസമപഹന്തി നരാണാം മേഘവൃന്ദമിവ മാരുതവേഗം

തേകരാജരസം=കയ്യോന്നി (കഞ്ഞുണ്ണി) ഇടിച്ചുപിഴിഞ്ഞ നീരു്. വിംശതിഭാഗം=ഇരുപതു് ഇരട്ടി. അഭയാപ്രതിവാപം=കടുക്കാത്തോടു് കൽക്കമാക്കിചേർത്തു്. സിദ്ധതൈലം=പാകമാക്കി അരിച്ച ഈ തൈലം ശ്വാസകാസങ്ങളെ ശമിപ്പിക്കും.

## ൮൫. പഞ്ചവല്ക്കാദിതൈലം.

പഞ്ചാവല്ക്കനിശാഗോപീകഷായേ തിലജം പചേത്
രംഭോദകന്ദമധുകത്വക്സേവ്യാമയചന്ദനൈഃ
രക്തപിത്തോത്തരേ കുഷ്ഠേ വിസർപ്പേ ക്ലേദവത്യപി.

പഞ്ചവൽക്കം=നാല്പാമര (ആലു് അരയാലു് അത്തി ഇത്തി)ത്തൊലി, കല്ലാലിൻതൊലി ഇവ. നിശാ=വറട്ടുമഞ്ഞൾ. ഗോപീ=നറുനീണ്ടിക്കിഴങ്ങു് ഇവ കഷായംവച്ചു തിലജം=എണ്ണ. രംഭോദകന്ദങ്ങൾ=കദളിവാഴമാണവും ആമ്പൽക്കിഴങ്ങു്, താമരക്കിഴങ്ങു്, നൈതൽക്കിഴങ്ങു്, കരിംകൂവളക്കിഴങ്ങു് ഇവയും, മധുകം=ഇരട്ടിമധുരം. ത്വക്=ഇലവർങ്ഗം. സേവ്യം=രാമച്ചം. ആമയം=കൊട്ടം. ചന്ദനം ഇവ കൽക്കമാക്കി കാച്ചിഅരിയ്ക്കു. ഈ തൈലം രക്തപിത്തപ്രധാനങ്ങളായ കുഷ്ഠരോഗങ്ങളെയും വിസർപ്പത്തെയും ശമിപ്പിക്കും.

## ൮൬ നാല്പാമരാദി.

നാല്പാമരംത്രിഫലചന്ദനസേവ്യകുഷ്ഠ-
ചൊവ്വള്ളിചോരമകിലെന്നിവ കല്ക്കമാക്കി
പൈമഞ്ഞൾ പർപ്പടരസേ പരിപക്വമെണ്ണ
തേക്കിൽ കെടും ചൊറി ചിരങ്ങു വിസർപ്പകുഷ്ഠം.

നാല്പാമരത്തൊലി, ത്രിഫലത്തോടു്, ചന്ദനം, സേവ്യം=രാമച്ചം. കുഷ്ഠം=വെള്ളക്കൊട്ടം. ചൊവ്വള്ളി=ചൊവ്വള്ളിക്കൊടി (പൂവത്തു്) ചോരം=കച്ചോലം. അകിൽ ഇവ കൽക്കമാക്കി ചേർത്തു പൈമഞ്ഞൾ=പച്ചമഞ്ഞൾ. പർപ്പടം=പർപ്പടപ്പുല്ലു് ഇവയുടെ നീരുംചേർത്തു കാച്ചിഅരിച്ചു തേയ്ക്കു. ചൊറിചിരങ്ങുവിസർപ്പങ്ങൾ കുഷ്ഠങ്ങൾ ഇവ ശമിക്കും.

## ൮൭. കച്ചോരാദി

കച്ചോരഹേമരജതാരിധനേന്ദ്രവല്ലീ-
സൈരേയകാരലതികാബലഭദ്രഭൃംഗീ
ഇക്ഷ്വാകുക്രൂലരജനീ ഹരിപർണ്ണികാ സ്നുക്
ഘർമ്മാംശുരോഗരിപുരക്ഷതികാപമാർഗ്ഗൈഃ

കീടാരികേതകിസുരസ്യശ്രുഗഗ്നിജിഹ്വാ-
ദ്രോണാപിധാനരസസിദ്ധവിശുദ്ധതൈലം
അക്കാക്കവല്യഗദപഞ്ചമഹീരുഹാണാ-
മക്ഷാഭയാമലകവണ്ണവതീയുഗാനാം
ക്വാഥേ പചേത് ഗദഫലത്രയകാലയാബ്ദ-
മഞ്ജിഷ്ഠയാന്വിതകഷായഗണൈശ്ച പിഷ്ടഃ
പക്വം വിഗള്യശശിജേ സകലേ ച കുഷ്ഠേ
ഹ്യഭ്യജ്യതാം സതി വിശേഷത ഏവ ഭിന്നേ.

കച്ചോരം=കച്ചോലം. ഹേമം=പൊന്നുമ്മത്തു്. രജതാരി=വെള്ളില (പാറത്തോൽ) ധനം=പൊയ്ത്തലച്ചി. ഇന്ദ്രവല്ലി=ഉഴിഞ്ഞവള്ളി. സൈരേയം=കരിങ്കുറിഞ്ഞിയില. കാരവേല്ലിക=കയ്പ(പാവൽ)വള്ളി. ബലാ=കുറുന്തോട്ടിയില. ഭദ്ര=ചെറുപൂള. ഭൃംഗി=കയ്യോന്നി. ഇക്ഷ്വാകു=പേച്ചുര. കുലകം=പടവലം. രജനി=പച്ചമഞ്ഞൾ. ഹരിപർണ്ണിക=കപ്പമഞ്ഞൾഇല. സ്നുക്=കള്ളിയില. ക്ഷീരാംശു=എരുക്കില. രോഗരിപു=കൊന്നയില. രക്ഷതിക=മുറിപ്പുരുത്തിയില. അപമാർഗ്ഗ=ചെറുകടലാടി. കീടാരി=വിഴാലില. കേതകി=പൂക്കൈതമല. സുരസി=തുളസിയില. അശ്രുക്=അശോകത്തില. അഗ്നിജിഹ്വാ=കൊഴുപ്പ. ദ്രോണം=തുമ്പ. അപിധാനം=വേപ്പില. രസസിദ്ധം=ഇവ ഇടിച്ചുപിഴിഞ്ഞതുമായ രസത്തിൽ പാകമാക്കുന്നതു്. വിശുദ്ധതൈലം=നല്ല എള്ളെണ്ണ. അക്കം=എരുക്കിൻവേർത്തൊലി. അക്കവല്ലി=വേമ്പാടത്തൊലി. അഗദം=കൊന്നവേർത്തൊലി. പഞ്ചമഹീരുഹം=നാല്പാമരത്തിന്റെയും കല്ലാലിന്റെയും തൊലികൾ. അക്ഷം=താന്നിക്കാത്തോടു്. അഭയ=കടുക്കാത്തോടു്. ആമലകം=നെല്ലിക്കാത്തോടു്. വണ്ണവതീയുഗങ്ങൾ=വറട്ടുമഞ്ഞളും മരമഞ്ഞൾത്തൊലിയും. ഇവററിൻകഷായത്തിൽ ഗദം=വെള്ളക്കൊട്ടം. ഫലത്രയം=ത്രിഫലത്തോടു്. കാലയം=കുങ്കുമപ്പൂട്ട; അബ്ദം=മുത്തങ്ങാ. മഞ്ജിഷ്ഠ=മഞ്ചട്ടി. ഇവ അരച്ചു കല്ക്കംചേർത്തു കാച്ചി കർപ്പൂരം പാത്രപാകത്തിനു ചേർത്തു അരിച്ചു തൈലം തേച്ചാൽ കുഷ്ഠരോഗങ്ങൾ ശമിക്കും.

## ൫൭. ഗുൽഗുലാദി

ഗുൽഗുലുമരിചവിളംഗൈഃ സർഷപകാസീസസജ്ജരസമുസ്തൈഃ
ശ്രീവേഷ്ടതാലഗന്ധകമനശ്ശിലാകുഷ്ഠകമ്പില്യൈഃ
ഉഭയഹരിദ്രാസഹിതൈശ്ചാക്രികതൈലേന മിശ്രിതൈരേഭിഃ
ദിനകരകരാഭിതപ്തൈഃ കുഷ്ഠം ഗൃഷ്ടഞ്ച നഷ്ടഞ്ച.

ഗുൽഗുലു. മരിചം=കുരുമുളകു്. വിളംഗം=വിഴാലരി. സർഷപം=കടുകു്. കാസീസം=അന്നഭേദി. സജ്ജം=ചെഞ്ചല്യം. രസം=പാരദം. മുസ്തം=മുത്തങ്ങാ. ശ്രീവേഷ്ടം=തിരുവട്ടപ്പശ. താലം=അരിതാരം. ഗന്ധകം=നെല്ലിക്കാഗന്ധകം മനശ്ശില=മനയോല. കുഷ്ഠം=വെള്ളക്കൊട്ടം. കമ്പില്യം=കമ്പിപ്പാലവേർമേൽത്തൊലി. ഉഭയഹരിദ്ര=വറട്ടുമഞ്ഞളും മരമഞ്ഞൾത്തൊലിയും. ഇവയൊക്കെപ്പൊടിച്ചു് (ഇതിൽ രസവും ഗന്ധകവും ഒരുമിച്ചുകൂട്ടി അരയ്ക്കണം) ചാക്രികതൈലം=കണ്ണയെണ്ണയിൽചേർത്തു വെയിലത്തുവച്ചു കുറെദിവസം ചൂടുപിടിപ്പിച്ചു തേയ്ക്കു. കുഷ്ഠരോഗങ്ങൾ ശമിക്കും.

## ൫൮. ഏലാദി

ഏലായുശത്രുരുഷ്കകുഷ്ഠഫലിനീമാംസീജലധ്യാമക-
സ്പൃക്കാചോരകചോചപത്രതഗരസ്ഥൗണേയജാതീരസാഃ

ശുക്തിവ്യാഘ്രനഖോഽമരാഹ്വമഗരുശ്രീവാസകം കുങ്കുമം
ചണ്ഡാഗുൽഗുലുദേവധൂമഖപുരാഃ പുന്നാഗനാഗാഹ്വയം.

ഏലായുഗ്മം=ചിററേലവും പേരേലവും. തുരുഷ്കം=കുന്തിരിക്കം. കുഷ്ഠം=വെള്ളക്കൊട്ടം. ഫലിനി=ഞാഴൽപ്പൂ. മാംസി=മാഞ്ചി ജലം=ഇരുവേലി. ധ്യാമകം=നാന്മുഖപ്പുല്ല്. സ്പൃക്കാ=ചോനകപ്പുല്ല്. ചോരകം=കച്ചോലം. ചോചം=ഇലവർങ്ഗം. പത്രം=പച്ചില. തഗരം=തകരം. സ്ഥൗണേയം=തുണിയാങ്കം. ജാതി=ജാതിക്കാ. രസം=നറുമ്പശ. ശുക്തി=മുത്തുച്ചിപ്പി. വ്യാഘ്രനഖം=പുലിച്ചുവടിവേർ. (ഇതിനു അസുരനഖവും ചേർത്തുവരുന്നുണ്ട്.) അമരാഹ്വം=ദേവതാരം. അഗരു=കാരകിൽ. ശ്രീവാസകം=തിരുവട്ടപ്പശ. കുങ്കുമം=കുങ്കുമപ്പുട്ട. ചണ്ഡം=നറുംചണ്ടക്കിഴങ്ങ്. (കസ്തൂരിമഞ്ഞൾ) ഗുൽഗുലു=ഗുർഗ്ഗിൽ. ദേവധൂമം=നായ്പല്ലിക്കമിഞ്ഞാൻ (സാമ്പ്രാണി). ഖപുരം=കരിഞ്ഞാലിക്കാതൽ. പുന്നാഗം=ചെറുപുന്നപ്പൂ. നാഗാഹ്വയം=നാഗപ്പൂ. ഇവ ഏലാദിഗണം ഔചിത്യംപോലെ കല്ക്കമോ കല്ക്കവും കഷായവുമോ ആക്കി തൈലം കാച്ചി തേച്ചാൽ ത്വക്ദോഷങ്ങൾക്കും നന്ന്. ഗണമാകയാൽ എല്ലാം വിധാനങ്ങൾക്കും ഇതാകാം. ഇതിന്റെ ഗുണങ്ങൾ:—

ഏലാദികോ വാതകഫൗ വിഷഞ്ച വിനിയച്ഛതി
വർണ്ണപ്രസാദനഃ കണ്ഡൂപിടികാകോഠനാശനഃ

ഏലാദിഗണം വാതത്തെയും കഫത്തെയും വിഷത്തെയും ശമിപ്പിക്കുന്നു. നിറത്തിനെ തെളിയിക്കും. ചൊറിച്ചിൽ, പിടകകൾ, വട്ടപ്പുൺ മുതലായ ത്വക്ദോഷങ്ങളെയും ശമിപ്പിക്കും.

## ൩൦. നിശോശീരാദി.

നിശോശീരബലാക്വാഥേ തൈലമേലാദികല്ക്കിതം
സിദ്ധമഭ്യംഗയോഗേന പിടകാമേഹസൂദനം.

നിശാ=വറട്ടുമഞ്ഞൾ. ഉശീരം=രാമച്ചം. ബലാ=കുറുന്തോട്ടിവേർ. ഇവററിൻ കഷായത്തിൽ ൨൯-ാംയോഗത്തിൽ പറഞ്ഞ ഏലാദിഗണം കല്ക്കമാക്കി കാച്ചി അരിച്ചു തേച്ചാൽ പിടക, പ്രമേഹം (മൂത്രമൊഴിവ്) ഈ രോഗങ്ങൾ ശമിക്കും.

## ൩൧. പുല്ലാന്ന്യാദി.

പുല്ലാന്നി പേഴ് പയ്യാനി മുരുക്കു കടലാടിയും
പിച്ചകം വേപ്പിലാ മഞ്ഞൾ പർപ്പടം കരിനൊച്ചിയും
പച്ചിലപ്പെരുമാൾതാനും പൂവ്വാത്തെച്ചി പരണ്ടയും
ഞെട്ടാഞെട്ടങ്ങ താർതാവൽ ചൊല്ലാം പേച്ചുരത്തിനില
ദശപുഷ്പമിവററിൻനീരാദരാൽ കൊൾക കേവലം
നാല്പാമരഞ്ച നന്നാറി ത്രിഫലാ ചന്ദനം പുനഃ
തൈലത്തിൽ നെയ്യുമൂന്നൊന്നായ്വെന്തിട്ടെണ്ണതുളിക്കിലോ
പുണ്ണെല്ലാമൊഴിയും ശീഘ്രമമൃതോപമമുത്തമം.

പുല്ലാന്നിഇല, പേഴിൻതൊലി. പയ്യാനി=പയ്യാഴാന്തത്തൊലി, മുരുക്കില, ചെറുകടലാടി പിച്ചകത്തില, വേപ്പില, പച്ചമഞ്ഞൾ പർപ്പടകപ്പുല്ല്, കരിനൊച്ചിയില, പച്ചിലപ്പെരുമാൾ, പൂക്കാതെററിയില, പരണ്ട=ചങ്ങലംപരണ്ട. ഞെട്ടാഞെട്ടങ്ങ=ഞൊടിഞ്ഞൊട്ട താർതാവൽ, ഇതിനു നത്തച്ചൂരി എന്നു തെക്കൻ ദിക്കുകളിലും കടൽചുരുക്കി എന്നു വടക്കൻഭാഷയിലും പറയും) പേച്ചുരഇല, ദശപുഷ്പം=പൂവൻകുറുന്തൽ, മുയൽച്ചെവി, വിഷ്ണുക്രാന്തി, കറുകപ്പുല്ല്, കയ്യോന്നി, ഉഴിഞ്ഞ, ചുട്ടി

ത്തുതാളി, നിലപ്പന. മുക്കുറ്റി (തീണ്ടാമാഴ്കി) ചെറുപൂള ഇവ ഇടിച്ചുപിഴിഞ്ഞ നീരിൽ നാല്പാമരത്തൊലി. നറുനീണ്ടിക്കിഴങ്ങു്, ത്രിഫലത്തോടു് ചന്ദനം ഇവ കൽക്കംചേൎത്തു കാച്ചി അരിച്ചു പുണ്ണിൽ തൂളിക്ക, ശമിക്കും.

## ൯൨. ദിനേശവല്ല്യാദി.

ദിനേശവല്ലീരജനീദിനേശ-
വ്യാഘാതകക്ഷീരമഹീരുഹാണാം
കഷായേന കല്ക്കേന പചേത തൈലം
തദ്ദോഷശാന്ത്യൈ പരിശീല്യമേതൽ.

ദിനേശവല്ലി=ഭവമ്പാടത്താലി. രജനി=വറട്ടുമഞ്ഞൾ. ദിനേശം=എരുക്കിൻവേർ. വ്യാഘാതകം=കൊന്നത്തൊലി. ക്ഷീരമഹീരുഹങ്ങൾ=നാൽപാമരപ്പട്ട. ഇവ കഷായംവച്ചു് അവതന്നെ കൽക്കംചേൎത്തു കാച്ചിയരിച്ച തേച്ചാൽ തദ്രോഗങ്ങൾ ശമിക്കും,

## ൯൩. കരംഭാദി.

കരംഭശാകോടവരാനിശാനാം
പ്രാചീനമാല്യൂപകചിത്രകാണാം
ദന്തിയുതാനാം കഥിതേ കഷായേ
പ്രാചീനകല്ക്കം തിലജം പചേത
ആഖുപമിത്ഥ്യാസ്വരസൈരുപേതം
സപാദചിത്രാഭവതൈലമേതത്
ശ്ലീപാദനാശായ വദന്തി തൈലം
ഘൃതം തു പിത്തപ്രഭവേ വികാരേ.

കരംഭ=വേലിപ്പരുത്തിഇല (ഉമ്മത്തിൻവേർ എന്നു ചിലർ വ്യാഖ്യാനിക്കുന്നു). ശാകോടം=ചെറുപരുവവേരു്. വര=ത്രിഫലത്തോടു്. നിശ=വറട്ടുമഞ്ഞൾ. പ്രാചീനം=വിളമ്പുളി (പാടത്താളിക്കിഴങ്ങെന്നും മതമുണ്ടു്, ആഖൂപം=മാറാൻചേമ്പു് (ഈഴച്ചേമ്പു്) ചിത്രകം=കൊടുവേലിക്കിഴങ്ങു്. ദന്തി=നാഗദന്തിവേർ ഇവകൊണ്ടുള്ള കഷായത്തിൽ, പിണമ്പുളി കൽക്കമായി അരച്ചുചേൎത്തു മാറാൻചേമ്പും മിത്ഥ്യം=നൊങ്ങണംപുല്ലും ഇടിച്ചുപിഴിഞ്ഞ നീരുംചേൎത്തു പാദചിത്രാഭതൈലം=നാലിലൊരുഭാഗം ആവണക്കെണ്ണയും (മറ്റു മൂന്നുഭാഗം നല്ലെണ്ണയോ ഉരുക്കവെളിച്ചെണ്ണയോ) ചേൎത്തു കാച്ചി തേച്ചാൽ ഈ തൈലം പെരുക്കാലിനെ ശമിപ്പിക്കും. ശ്ലീപദം പിത്തപ്രധാനമായാൽ മേൽപറഞ്ഞപോലെ ഘൃതം കാച്ചി സേവിപ്പിക്ക.

## ൯൪. നൊങ്ങണാദി.

നൊങ്ങണസ്യ രസേ സിദ്ധം പാഠാകൎക്കടകല്ക്കമായ്
എണ്ണ വെന്തു കുടിപ്പിച്ചാലില്ലാതേപോം പെരുമ്പദം.

നൊങ്ങണം=ഞൊങ്ങണൻപുല്ലിൻനീരിൽ, പാഠാ=പാടത്താളിക്കിഴങ്ങു്. കൎക്കടം=ഞണ്ടു്, (കൎക്കടകശൃംഗി എന്നും പക്ഷം) ഇവ കൽക്കം ചേൎത്തു എണ്ണ കാച്ചി സേവിപ്പിക്ക; പെരുക്കാൽ ശമിക്കും.

## ൯൫. വചാദി.

വചാഹരീതകീലാക്ഷാകടുരോഹിണിചന്ദനൈഃ
നിൎഗ്ഗുണ്ഡീസ്വരസേ സിദ്ധം തൈലമാശ്വപചിം ജയേത്.

വചാ=വയമ്പു്. ഹരീതകീ=കടുക്കാത്തോടു്. ലാക്ഷ=കോലരക്കു്. കടുരോഹിണി=കടുകരോഹിണി ചന്ദനം. ഇവ കൽക്കമാക്കി നിൎഗ്ഗുണ്ഡീസ്വരസേ=കരിനൊച്ചിയിലനീരിൽ തൈലം കാച്ചി അരിച്ചു തേയ്ക്ക. അപചിരോഗം ശമിക്കും.

## ൬൬. ധുൎദ്ധൂരാദി.

ധുൎദ്ധൂരപത്രസ്വരസേ തൽബീജൈഃ ശ്ലക്ഷ്ണകല്ക്കിതൈഃ
പക്വം തൈലം നിഹന്ത്യാശു കണ്ഡൂം കേശച്യുതിം നൃണാം

ധുൎദ്ധൂരപത്രസ്വരസം=ഉമ്മത്തിലനീരിൽ തൽബീജം=ഉമ്മത്തിൻകുരു കല്ക്കമാക്കിച്ചേൎത്തു തൈലംകാച്ചി അരിച്ചുതേയ്ക്ക. കണ്ഡൂ=തലചൊറിച്ചിൽ. കേശച്യുതി=തലമുടിപൊഴിയുന്നതു് ഇവ ശമിക്കും.

## ൬൭ ജീമൂതഭൃംഗാദി.

ജീമൂതഭൃംഗകരവീരനിശാൎക്കനീല്യ-
സ്തേഷാം രസേ തിലജമേകരസേന തുല്യം
കാൎപ്പാസമൂലസഹിതം മൃദുവഹ്നിപക്വം
തൈലം സകേശപതനം വിനിഹന്തി കണ്ഡൂം

ജീമൂതം=പേച്ചുരങ്ങല. ഭൃംഗം=കയ്യോന്നി. കരവീരം=അരളി. (കണവീരം, അലരി) നിശ=പച്ചമഞ്ഞൾ. അൎക്കം=എരുക്കില. നീലി=അമരിയില. ഇവററിൻനീരിൽ എണ്ണചേൎത്തു കാൎപ്പാസമൂലം=കുരുപ്പരത്തിവേർ കൽക്കമാക്കി കാച്ചി അരിച്ചു തേയ്ക്ക. തലചൊറിച്ചിൽ മുടികൊഴിയുക ഇവയെ ശമിപ്പിക്കും.

## ൬൮. നീലീഭൃംഗാദി.

നീലീഭൃംഗലതാശതക്രതുലതാധാത്രീഫലാനാം രസേ
ക്ഷീരൈരാജകനാളികേരമഹിഷീധേനൂത്ഭവൈസ്സാധിതം
തൈലം തല്പയസ്സൈവ പിഷ്ടലുളിതൈൎയ്യഷ്ട്യാഹ്വഗുഞ്ജാഞ്ജനൈഃ
കേശാൻ സഞ്ജനയേത്തലേപി കരയോരാസ്താമകേശം ശിരഃ

നീലി=അമരിയില. ഭൃംഗലത=കയ്യോന്നി (കഞ്ഞുണ്ണി) ശതക്രതുലത=ഉഴിഞ്ഞ ധാത്രീഫലം=പച്ചനെല്ലിക്ക. ഇവററിൻനീരിൽ. ആജകം=ആട്ടിൻപാൽ. നാളികേരക്ഷീരം=തേങ്ങാപ്പാൽ. മഹിഷീക്ഷീരം=എരുമപ്പാൽ. ധേനൂത്ഭവം=പശുവിൻപാൽ. ഇവ ചേൎത്തു എണ്ണയുംകൂട്ടി (എണ്ണചേൎത്തു ചെളിപാകത്തിൽ പാലുകൾചേൎത്തു കാച്ചുന്നതു നന്നു്.) യഷ്ട്യാഹ്വം=ഇരട്ടിമധുരം. ഗുഞ്ജാ=കുന്നിവേർ. അഞ്ജനം=അഞ്ജനക്കല്ലു് ഇവ അരച്ചുകലക്കി കാച്ചി അരിച്ചു ഈ തൈലം തേച്ചാൽ തലമുടി വളരും.

## ൬൯. അങ്കോലാദി.

അങ്കോലബീജമരിചകുഷ്ഠൈഃ കല്ക്കീകൃതൈൎഭിഷക്
പചേതു് ബകുളപത്രസ്യ ജംബീരസ്യ രസാഢകേ
തൈലപ്രസ്ഥം ശിരോഭ്യംഗാതു് ശിരഃകുഷ്ഠവിനാശനം

അങ്കോലബീജം=അങ്കോലക്കുരു. മരിചം=കുരുമുളകു്. കുഷ്ഠം=വെള്ളക്കൊട്ടം. ഇവ കല്ക്കമാക്കി ബകുളപത്രം=ഇലഞ്ഞിഇല. ജംബീരപത്രം=നാരകത്തില. ഇവററിൻനീർ നാലിടങ്ങഴികൂട്ടി തൈലപ്രസ്ഥം=എണ്ണ ഇടങ്ങഴി ഒന്നു്. കാച്ചി അരിച്ചു തേയ്ക്ക. തലയിലെ ചൊറി, ചിരങ്ങു മുതലായവ ശമിക്കും.

## ൪൦. നീലീനിർഗ്ഗുണ്ഡ്യാദി.

നീലീനിർഗ്ഗുണ്ഡികാഭൃംഗധുർദ്ധൂരരജനീസ്തഥാ
കോശാതകീ ച ചിഞ്ചാർക്കൌ തേഷാം സാരേ ചതുർഗ്ഗുണേ
ത്രിജാതബാകുചീകുഷ്ഠൈസ്തൈലം സമ്യക്‌വിപാചിതം
സപ്തരാത്രപ്രയോഗേണ കഫാർശോവിനാശനം

നീലി=അമരിഇല. നിർഗ്ഗുണ്ഡികം=കരിനൊച്ചിയില. ഭൃംഗം=കയ്യോന്നി. ധുർദ്ധൂരം=ഉമ്മത്തില. രജനി=പച്ചമഞ്ഞൾ. കോശാതകി=പുട്ടൽപീരം. ചിഞ്ചാ=പുളിയില. അർക്കം=എരുക്കില. ഇവററിൻനീർ എണ്ണയ്ക്കു നാലിരട്ടിചേർത്തു, ത്രിജാതം=ഏലം ഇലവർങ്ഗം പച്ചില. ബാകുചി=കാർകോകിലരി. കുഷ്ഠം=കൊട്ടം ഇവ കല്ക്കമാക്കി തൈലം കാച്ചിഅരിച്ചു ഏഴുദിവസം തേച്ചാൽ കഫാർശസ്സു ശമിക്കും.

## ൪൧. നീലീനിശാദി.

നീലീനിശേംഗുദീക്ഷീരവൽക്കവൈകങ്കതജേ രസേ
തൈലം സജംബീരരസം കപാലവ്യാധിനുത് പരം

നീലി=അമരിഇല നിശ=പച്ചമഞ്ഞൾ ഇംഗുദീവൽക്കം=ഓടൽത്തൊലി. ക്ഷീരവൽക്കം=നാല്പാമരത്തൊലി വൈകങ്കതം=തുമ്പ ഇവററിൻനീരിൽ തൈലം=എണ്ണ സജംബീരരസം=ചെറുനാരങ്ങനീർ കൂട്ടിക്കാച്ചിയതു് കപാലാർശസ്സിനെ ശമിപ്പിക്കും

## ൪൨. വചാലശുനാദി.

വചാലശുനദോഷാഭിർവിലപത്രരസേ ശൃതം
തൈലം ശ്രവണദോഷഘ്നം വിശേഷാത് പൂയനാശനം.

വചാ=വയമ്പു്. ലശുനം=വെളുത്തുള്ളി. ദോഷാ=പാട്ടുമഞ്ഞൾ ഇവ കല്ക്കമാക്കി, വിലപത്രരസം=കൂവളത്തിലനീർ ചേർത്തു കാച്ചുന്ന തൈലം കർണ്ണരോഗത്തെ ശമിപ്പിക്കും. വിശേഷിച്ചും ചെവിയിൽ പഴുപ്പിനെ ഇല്ലാതാക്കും.

## ൪൩. തുംഗദ്രുമാദി.

തുംഗദ്രുമസ്യ തരുണസ്യ ജലേ സുഗന്ധാ-
ലാമജ്ജയഷ്ടിമധുകോല്പലചന്ദനാനാം
കല്ക്കേന ദുഗ്ദ്ധസഹിതേന വിപക്വമേതൽ
തൈലം ശിരോനയനതർപ്പണമർപ്പണേന.

തുംഗദ്രുമസ്യ തരുണസ്യജലം=ഇളന്നീർ (കരിക്കിൻ)വെള്ളം. സുഗന്ധ=നറുംചണ്ണക്കിഴങ്ങു്. ലാമജ്ജകം=രാമച്ചം. യഷ്ടിമധുകം=ഇരട്ടിമധുരം. ഉല്പലം=ചെങ്ങഴിനീർക്കിഴങ്ങു് ചന്ദനം ഇവ കൽക്കംചേർത്തു പാലുംകൂട്ടി കാച്ചിഅരിച്ചു തേയ്ക്കും. ഇതു തലയ്ക്കും കണ്ണിനും നന്നു്.

## ൪൪. ത്രിഫലാദി

ത്രിഫലാമൃതവല്ലീം ച കേതക്യസനകൌ ബലാം
ഏരണ്ഡമിന്ദ്രവല്ലീം ച ജലദ്രോണേ വിപാചയേത്
രസേന തേകരാജസ്യ ഹംസ്യ സ്വരസേന ച
തൈലപ്രസ്ഥം പചേദ്ധീമാൻ ദ്വിഗുണക്ഷീരസംയുതം.

കല്ക്കഞ്ച കുഷ്ഠയഷ്ട്യാഹ്വപത്മകോശീരചന്ദനൈഃ
മുസ്തൈലാപത്രമാംസീ ച ഹയഗന്ധാ ബലാമൃതാ
ശാരിബാമരകാഷ്ഠഞ്ച ലവങ്കനത(നഖ)ചോരകാഃ
ഉല്പലാദ്യഞ്ജനേനീലീശ്ലക്ഷ്ണപിഷ്ടാൻ സമാവപേത്
ശിരോരോഗപ്രതിശ്യായൗ വിശേഷേണ വിനാശയേത്
ഖാലിത്യം ചൈവ പാലിത്യം കേശാനാം ഭഞ്ജനം തഥാ
ത്രിഫലാദ്യമിദം തൈലമൂർദ്ധ്വജത്രുഗദാപഹം.

ത്രിഫലത്തോട്. അമൃതവല്ലി=ചിററമൃത്. കേതകീ=പൂക്കൈതവേര്. അസനകം=വേങ്ങക്കാതൽ. ബലാ=കുറുന്തോട്ടിവേർ. ഏരണ്ഡം=ആവണക്കിൻവേർ ഇന്ദ്രവല്ലി=ഉഴിഞ്ഞ ഇവയെല്ലാംകൂടി പന്ത്രണ്ടു പലമെടുത്ത് ജലദ്രോണേ=പന്ത്രണ്ടിടങ്ങഴിവെള്ളത്തിൽ കഷായംവയ്ക്കും. ഭൃംഗരാജസ്വരസം=കയ്യോന്നിനീർ. ധാത്രീരസം=പച്ചനെല്ലിക്കനീർ ഇവയുംകൂട്ടി. തൈലപ്രസ്ഥം=ഇടങ്ങഴി എണ്ണ. ദ്വിഗുണക്ഷീരം=എണ്ണയുടെ ഇരട്ടി പാൽ ചേർത്ത് കുഷ്ഠം=വെള്ളക്കൊട്ടം. യഷ്ട്യാഹ്വം=ഇരട്ടിമധുരം. പത്മകം=പതിമുകം. ഉശീരം=രാമച്ചം. ചന്ദനം മുസ്ത=മുത്തങ്ങ. ഏലം=ഏലത്തരി. പത്രം=പച്ചില. മാംസീ=ജടാമാഞ്ചി. ഹയഗന്ധ=അമുക്കുരം. ബലാ=കുറുന്തോട്ടിവേർ. അമൃത=ചിററമൃത്. ശാരിബാ=നറുനീണ്ടിക്കിഴങ്ങ്. അമരകാഷ്ഠം=ദേവതാരം ലവംഗം=ഇലവർങ്ഗം. നതം=തകരം. (നഖം=നഖസുരനഖം)ചോരകം=കച്ചോലം. ഉല്പലാദികൾ=ആമ്പൽക്കിഴങ്ങ്, താമരക്കിഴങ്ങ്, നെയ്തൽക്കിഴങ്ങ്, ചെങ്ങഴിനീർക്കിഴങ്ങ്, കരിങ്കൂവളക്കിഴങ്ങ്. അഞ്ജനം=അഞ്ജനക്കല്ല്. നീലി=അമരിവേർ ഇവ കല്ക്കമാക്കി കാച്ചി, അരിച്ചു തേയ്ക്കും. ശിരോരോഗങ്ങൾ— കഷണ്ടി, നര, മുടിമുറിയുക, പീനസം മുതലായവ ശമിക്കും.

## ൪൫. അസനവില്വാദി.

അസനവില്വബലാമൃതപാചിതേ
മധുകനാഗരകത്രിഫലാന്വിതേ
പയസി തൈലമിദം പയസാ പചേത്
നയനകർണ്ണശിരോഹിതമുത്തമം.

അസനം=വേങ്ങക്കാതൽ. വില്വം=കൂവളവേർ. ബലാ=കുറുന്തോട്ടിവേർ അമൃത=ചിററമൃത് ഇവ കഷായംവച്ച മധുകം=ഇരട്ടിമധുരം. നാഗരകം=ചുക്ക് ത്രിഫലത്തോട് ഇവ കല്ക്കമാക്കി പയസ്സ്=പാൽചേർത്തു തൈലം=എണ്ണ കാച്ചി തേയ്ക്കും. നേത്രരോഗങ്ങൾ, കർണ്ണരോഗങ്ങൾ, ശിരോരോഗങ്ങൾ ഇവയ്ക്കു നന്ന്.

## ൪൬. വില്വംപാച്ചോറ്റ്യാദി.

വില്വം പാച്ചോററിഭൃംഗാമൃതകറുകരസേ ചേർത്തു ധാത്രീകഷായം
കൊട്ടം രാമച്ചമേലം പതിമുകതകരം ചന്ദനം ദേവതാരം
കച്ചൂരാമുക്കരഞ്ച ത്വഗപിച മധുകം മാഞ്ചി മഞ്ചട്ടി പത്രം
ഹ്രീബേരം കല്ക്കയിത്വാ വിപചതു സമപാലെണ്ണ സർവ്വാമയഘ്നം.

വില്വം=കൂവളത്തില, പാച്ചോററിഇല. ഭൃംഗം=കയ്യോന്നി, ചിററമൃത്, കറുകപ്പുല്ല് ഇവററിൻനീരിൽ ധാത്രീകഷായം=നെല്ലിക്കാത്തോടിൻകഷായവുംചേർത്തു കൊട്ടം, രാമച്ചം, ഏലത്തരി, പതിമുകം, തകരം, ചന്ദനം, ദേവതാരം, കച്ചൂരം=കച്ചോലം. അമുക്കുരം. ത്വക്ക്=ഇലവർങ്ഗം. മധുകം=ഇരട്ടിമധുരം. ജടാമാഞ്ചി, മഞ്ചട്ടി. പത്രം=പച്ചില. ഹ്രീബേരം=ഇരുവേലി ഇവ അരച്ചു കല്ക്കമാക്കി എണ്ണയും

എണ്ണയ്ക്കു സമം പാലുംചേൎത്തു കാച്ചിഅരിച്ചു തേയ്ക്കു. ശിരസ്സിലുള്ള രോഗങ്ങളും, നേത്രരോഗങ്ങളും, കണ്ണരോഗങ്ങളും മുതലായവ ശമിക്കും.

### ൪൬. വില്വകാരസ്കരാദി (അഷ്ടപത്രാദി)

വില്വകാരസ്കരദളം ഭ്രാമരം ശക്രവല്ലരീ
സാമൃതം നാഗവല്ല്യഗ്രം പടോലാമലകം തഥാ
ആസുത്യ ദ്വിഗുണം ക്ഷീരം തൈലപ്രസ്ഥം വിപാചയേത്
അഷ്ടപത്രമിദം തൈലം ശിരോരോഗവിനാശനം.

വില്വം=കൂവളത്തില കാരസ്കരം=കാഞ്ഞിരത്തില ഭ്രാമരം=കയ്യോന്നി ശക്രവല്ലരി=ഉഴിഞ്ഞ. ചിററമൃതു്. നാഗവല്ല്യഗ്രം=വെററിലവള്ളിയുടെ അഗ്രം (കൊടിത്തൂലി) പടവലവള്ളി. ആമലകം=പച്ചനെല്ലിക്ക ഇവ ഇടിച്ചുപിഴിഞ്ഞ നീരിൽ തൈലം, ഇരട്ടി പാൽചേൎത്തു് കാച്ചിഅരിച്ചുതേയ്ക്കു. ശിരോരോഗങ്ങളും ശമിക്കും. ഇതിന്നു കല്ക്കം ചേക്കണ്ടും. ഇലനീരായതുകൊണ്ടു് അതിൽ ഉണ്ടാകുന്നതു മതിയാകും. എന്നാൽ ഇരട്ടിമധുരം, ഏലാദിഗണം, നെല്ലിക്കാത്തോടു് ഇവയിൽ ഏതെങ്കിലും ഒന്നു് ഔചിത്യമനുസരിച്ചു കല്ക്കം ചേൎത്തുവരാറുണ്ടു്.

### ൪൭. ആരുകാലാദി.

ആരുകാലുമമൃതും കൊഴുപ്പയും ദൂൎവ്വശക്രലതയും പിഴിഞ്ഞതിൽ
വേകമെണ്ണകദളിക്കിഴങ്ങുമായ് നാശയത്യഖിലദോഷകാമിലാം.

ആരുകാലു്=കയ്യോന്നി ചിററമൃതു് കൊഴുപ്പ. ദൂൎവ്വം=കറുകനാമ്പു് ശക്രലത=ഉഴിഞ്ഞ ഇവററിൻനീരിൽ കദളിവാഴക്കിഴങ്ങു് (മാണം) കല്ക്കമാക്കിച്ചേൎത്തു കാച്ചി അരിച്ചു തേയ്ക്കു. എല്ലാവിധ കാമിലരോഗങ്ങൾക്കും, പാണ്ഡുവിന്നും നന്നു്.

### ൪൮. കയ്യോന്ന്യാദി.

കയ്യോന്നി ചിററമൃതു നെല്ലിപിഴിഞ്ഞനീരിൽ
തൈലം പചേത പയസാ മധുകാഞ്ജനാഭ്യാം
കണ്ണിന്നു നന്നു തലനോവിനതീവ നന്നു
പല്ലിന്നു നന്നു തലയും നരയാ നരാണാം.

കയ്യോന്നി, ചിററമൃതു്, പച്ചനെല്ലിക്ക ഇവററിൻനീരിൽ തൈലം=എണ്ണ പയസ്സ്=പാൽചേൎത്തു മധുകം=ഇരട്ടിമധുരം. അഞ്ജനം=അഞ്ജനക്കല്ലു് ഇവ കല്ക്കം ചേൎത്തു കാച്ചിഅരിച്ചു തേയ്ക്കു. നേത്രരോഗങ്ങളും, തലവേദന, ദന്തരോഗങ്ങളും ഇവ ശമിക്കും. തല നരയ്ക്കുകയുമില്ല.

### ൪൯. ദാൎവ്വ്യാദി.

ദാൎവീസപ്തരസയഷ്ട്യാഹ്വഗൃഹധൂമനിശാന്വിതം
തൈലമഭ്യഞ്ജനാത് പക്വം മേഢ്റരോഗം നിവാരയേത്.

ദാൎവീ=മരമഞ്ഞളുംതൊലി കഷായംവെച്ചു അതിൽ യഷ്ട്യാഹ്വം=ഇരട്ടിമധുരം. ഗൃഹധൂമം=പുകയറ (അട്ടക്കരി) നിശ=വറട്ടുമഞ്ഞളും ഇവ കല്ക്കമാക്കി തൈലം കാച്ചി അരിച്ചു തേയ്ക്കു. മേഢ്റ(ലിംഗ)രോഗങ്ങളും ശമിക്കും.

### ൫൦. മഞ്ജിഷ്ഠാദി.

മഞ്ജിഷ്ഠാഞ്ജനശാരിബാബ്ദകടുകാതക്കോലജാതീഫല-
ശ്രീകണ്ഠത്രിഫലാജടാതഗരരുഗ്വ്യഷ്ടീചതുൎജ്ജാതകൈഃ

**സോശീരാഗരുചോരയുഗ്മമൃഗനാഭീന്ദൂല്പലാംഭോവിസൈ-**
**സ്തൈലം നേത്രശിരോർത്തിഹാരി സപയസ്സിദ്ധം കുമാരീരസേ.**

മഞ്ജിഷ്ഠ=മഞ്ചട്ടി. അഞ്ജനം=അഞ്ജനക്കല്ല്. ശാരീബാ=നറുനീണ്ടിക്കിഴങ്ങ്. അബ്ദം=മുത്തങ്ങ. കടുകാ=കടുകരോഹിണി. തക്കോലം=തക്കോലപ്പുട്ടിൽ. ജാതീഫലം=ജാതിക്കാ. ശ്രീകണ്ഠം=കണ്ടിവെണ്ണ (ചന്ദനമെന്നും പക്ഷം) ത്രിഫലത്തോട്. ജടാ=ജടാമാഞ്ചി തഗരം=തകരം ത്വക്=വെള്ളക്കൊട്ടം യഷ്ടി=ഇരട്ടിമധുരം ചതുർജ്ജാതകം=ഏലത്തരി, ഇലവർങ്ഗം, പച്ചില, നാഗപ്പൂ. ഉശീരം=രാമച്ചം അഗരു=അകിൽ ചോരയുഗ്മം=കച്ചോലവും നറുംചണ്ണക്കിഴങ്ങും മൃഗനാഭി=വെരുകിൻ‌ചട്ടം (പുഴുവ്) ഇന്ദു=കർപ്പൂരം ഉല്പലം=ചെങ്ങഴിനീർക്കിഴങ്ങ് അംഭസ്സ്=ഇരുവേലി വിസം=താമരവളയം തൈലം=എണ്ണ പയസ്സ്=പാൽ. കുമാരീരസം=കററാർവാഴനീര് ഇവയും കൂട്ടി മേൽപറഞ്ഞ കല്ക്കവുംചേർത്തു കാച്ചി അരിച്ചു തേയ്ക്ക. നേത്രരോഗത്തെയും ശിരോരോഗങ്ങളെയും ശമിപ്പിക്കും.

## ൭൫. ലാക്ഷാദി (ന)

**ലാക്ഷാമുദ്ഗവുമശ്വഗന്ധമമൃതിൻന്തൂവും തഥാ മാഷവും**
**മാംസീ സ്വർമ്മിതൊപ്പമേലമിലവർങ്ഗം മാഞ്ചി മഞ്ചട്ടിനീർ**
**കുഷ്ഠം കുന്ദുരുദേവദാരു തകരം ചോരം മുരം ചണ്ണയും**
**സ്ഥൗണേയാഗരുശുക്തിനാഗഫലിനീ പുഷ്പങ്ങൾ ജാതീനഖീ**
**സജ്ജംനാമ്മുകചോനകത്തൃണയുഗം ശ്രീവേഷ്ടയും പച്ചയെ-**
**ന്നെല്ലാമങ്ങുപൊടിച്ചുകൊണ്ടു ശിലമേലുന്മഥ്യ യാമാന്തരേ**
**തൂക്കിക്കൊണ്ടുകുഴമ്പിതംഗമഖിലം തേച്ചാൽ നൂണാമാദരാൽ**
**നന്നായിട്ടുതടിക്കുമേതദഖിലം പോക്കും ജ്വരാദ്യം ഗദം.**

ലാക്ഷ=കോലരക്ക് മുദ്ഗം=ചെറുപയറ് അശ്വഗന്ധ=അമുക്കുരം അമൃതിൻന്തൂറ്, മാഷം=ഉഴുന്ന് മാംസി=ജടാമാഞ്ചി. ഏലത്തരി, ഇലവർങ്ഗം, മാഞ്ചി. മഞ്ചട്ടിനീർ=ഇരുവേലി കുഷ്ഠം=കൊട്ടം കുന്ദുരു=കുന്തിരിക്കം ദേവദാരു=ദേവതാരം തകരം, ചോരം=കച്ചോലം മുരം=ചെഞ്ചല്യം (കുമിഞ്ചാൻ) നറുംചണ്ണക്കിഴങ്ങ് സ്ഥൗണേയം=തുണിയാങ്കം അഗരു=അകിൽ ശുക്തി=മുത്തുച്ചിപ്പി, നാഗപ്പൂ, ഫലിനീ=ഞാഴൽപ്പൂ ജാതി=ജാതിക്കാ നഖി=അസുരനഖം സർജ്ജം=ചെഞ്ചല്യം നാമ്മുകപ്പുല്ല്=ചോനകപ്പുല്ല് ശ്രീവേഷ്ട=തിരുവട്ടപ്പശ പച്ച=പച്ചില ഇവ പൊടിച്ച് ഏഴരനാഴിക കല്ലിലിട്ടു മർദ്ദിച്ചു കുഴമ്പാക്കി ദേഹത്തു തേയ്ക്ക. ദേഹം തടിയ്ക്കും. ജ്വരം ശമിക്കും. ഇതു നല്ലെണ്ണകൂട്ടി കോലരക്ക്, ചെറുപയറ്, ഉഴുന്ന്, മാഞ്ചി ഇവ വച്ചുററി രസമെടുത്തുചേർത്ത് അമൃതിൻന്തൂറം മററമരുന്നുകളും കല്ക്കംചേർത്തു കാച്ചി അരിച്ചു തേയ്ക്കുന്നതു ഉത്തമപക്ഷം.

## ൭൬. അമൃതാദി (ഫ)

**അമൃതാക്വാഥസംസിദ്ധം തൈലം ചന്ദനപൂർവ്വകൈഃ**
**ശാരിബോശീരകുഷ്ഠാബ്ദധാത്രീസോല്പലതസ്കരൈഃ**
**കല്ക്കീകൃതൈർന്നിഹന്ത്യാശു വാതരക്തം ശിരോഗദം**
**രക്തപിത്തകൃതാൻ രോഗാനാശു ഹന്യാത് സുപൂജിതം.**

ചിററമൃതു കഷായംവച്ച് അതിൽ തൈലം=എണ്ണ. ചന്ദനം, ശാരിബ=നറുനീണ്ടിക്കിഴങ്ങ്. ഉശീരം=രാമച്ചം കുഷ്ഠം=കൊട്ടം. അബ്ദം=മുത്തങ്ങ. ധാത്രി=നെല്ലിക്കാത്തോട്. ഉല്പലം=ചെങ്ങഴിനീർക്കിഴങ്ങ്. തസ്കരം=കച്ചോലം ഇവ കൽക്ക

മായിച്ചേൎത്തു കാച്ചി അരിച്ചു തേച്ചാൽ വാതരക്തം, ശിരോരോഗങ്ങൾ, രക്തപിത്ത രോഗം മുതലായവ ശമിക്കും.

### ൫൩. അമൃതോത്തരം (ഗുളൂച്യാദി ൨)

ഗുളൂച്യാ വിപചേത് ക്വാഥേ തൈലം ക്ഷീരസമന്വിതം
ചന്ദനോശീരകുഷ്ഠാബ്ദശാരിബാമലകോല്പലൈഃ
കല്കൈരേഭിഃ ശിരോദാഹം പിത്തഗുന്മമപി ജ്വരം
പ്രമേഹം വിനിഹന്ത്യാശു നാമ്നൈതദമൃതോത്തരം.

ഗുളൂചി=ചിററമൃതിൻകഷായത്തിൽ എണ്ണയും സമം പാലുംകൂട്ടി ചന്ദനം ഉശീരം=രാമച്ചം. കുഷ്ഠം=വെള്ളക്കൊട്ടം. അബ്ദം=മുത്തങ്ങാ. ശാരിബ=നറുനീണ്ടിക്കിഴങ്ങ്. ആമലകം=നെല്ലിക്കാത്തോട്. ഉല്പലം=ചെങ്ങഴിനീർക്കിഴങ്ങ്. ഇവ കൽക്കം ചേൎത്തു കാച്ചിയരിച്ചു തേയ്ക്കുക തലവേകച്ചിൽ, പിത്തഗുന്മം, ജ്വരം, മൂത്രമൊഴിവ് ഇവ ശമിക്കും.

### ൫൪. ബലാഹഠാദി

ബലാഹഠാമൃതാമുദ്ഗമാഷക്വാഥേ തിലോത്ഭവം
പക്വം ശിരോരുജം ഹന്തി ചന്ദനാമയയഷ്ടിഭിഃ

ബല=കുറുന്തോട്ടിവേർ, അമൃത് ഇവ കഷായം, മുദ്ഗം=ചെറുപയർ. മാഷം=ഉഴുന്ന്. ഇവ വച്ചൂററി യൂഷമെടുക്കുക. ഇവയിൽ എണ്ണചേൎത്തു ചന്ദനം ആമയം=വെള്ളക്കൊട്ടം, യഷ്ടി=ഇരട്ടിമധുരം. ഇവ കല്ക്കംചേൎത്തു ഹഠാ=പച്ചനെല്ലിക്കാ. ഇതിൻെറ നീരുംകൂട്ടി കാച്ചിഅരിച്ചു തേയ്ക്കു. തലവേദന ശമിക്കും.

### ൫൫. മാഷാദി.

മാഷമുദ്ഗബലാസിദ്ധം തൈലം സൎവ്വശിരോൎത്തിനുത്

മാഷം=ഉഴുന്ന്. മുദ്ഗം=ചെറുപയർ. ഇവ വച്ചൂററി യൂഷമെടുത്തു ബല=കുറുന്തോട്ടിവേർ. കഷായവുംകൂട്ടി എണ്ണചേൎത്തു ൫൪-ാംയോഗത്തിൻെറ കല്ക്കമോ, അല്ലെങ്കിൽ കുറുന്തോട്ടിവേരോ കല്ക്കംകൂട്ടി കാച്ചിഅരിച്ചു തേച്ചാൽ എല്ലാം തലവേദനയും ശമിക്കും.

### ൫൬. ഭൃംഗാമലകാദി.

ഭൃംഗാമലകസ്വരസേ തൈലപ്രസ്ഥം പലഞ്ച മധുകസ്യ
ക്ഷീരാഢകേ വിപക്വം വലാകാമപി കോകിലം കുരുതേ
അന്ധമനന്ധം കുരുതേ ബധിരമബധിരം തഥാ ച ചലദന്തം
ഉപചിതപീനോരസ്കോ ഭവതി നരോ മാസമാത്രേണ.

ഭൃംഗാമലകസ്വരസം=കയ്യോന്നി (കഞ്ഞുണ്ണി) നീരും പച്ചനെല്ലിക്കാനീരും, ഇവ ഇടങ്ങഴി. തൈലപ്രസ്ഥം=ഒരിടങ്ങഴി എണ്ണ മധുകം=ഇരട്ടിമധുരം. ഒരു പലം കല്ക്കമാക്കിച്ചേൎത്തു ക്ഷീരാഢകം=നാലിടങ്ങഴി പാലുംകൂട്ടി കാച്ചിഅരിച്ചു തേയ്ക്കും. സ്വരം തെളിയാനും, നേത്രരോഗങ്ങൾക്കും, ചെവിക്കും പല്ലിനും നന്നു.

### ൫൭. ബലാധാത്ര്യാദി.

ഏകോ ഭാഗോ ബലാധാത്ര്യോൎഗ്ഗുളൂച്യാസ്തു തദൎദ്ധകം
ഉശീരസ്യ തദൎദ്ധം സ്യാത് തദൎദ്ധം ഹ്രീബേരകം
തദൎദ്ധം ചന്ദനം യഷ്ടി പ്രസൂനം ബകുളസ്യ ച

ദ്രോണേ/പാം വിപചേത് സമ്യക് ചതുർഭാഗാവശേഷിതം
അത്ര കല്കം പ്രദാതവ്യം മധുകം ചന്ദനദ്വയം
കുഷ്ഠമുല്പലമബ്ദം ച ശാരിബാ ച ത്രിജാതകം
ജാതീഫലം ച തക്കോലം കർപ്പൂരം ച ശതാവരീ
ജീവകർഷഭകൗ മേദാ മൃദ്വീകാ കുങ്കുമം തഥാ
ലാമജ്ജകഞ്ച ശാലൂകം ചോരകദ്വയപുഷ്കരം
നാഗപുഷ്പം നഖം സ്പൃക്കാ മഞ്ജിഷ്ഠാ കട്ടരോഹിണീ
അഞ്ജനം സരളം ദാരു ചമ്പകം മൃഗനാഭികം
മധൂകപുഷ്പം ശ്യോനാകം ത്രിഫലാ ഫലിനീ മിസീ
മുസ്താ/രു തഥാ മാംസീ തകരം പത്മകേസരം
കഷായസ്യ സമം ക്ഷീരം സമമാമലകം രസം
ദത്വാ തദ്വച്ഛതാവര്യാസ്തൈലപ്രസ്ഥം വിപാചയേത്
ഏതത്തൈലം നിഹന്ത്യാശു പാനാദ്യഞ്ജനനാവനൈഃ
ശിരോനേത്രഗതാൻ രോഗാനന്യാൻ പിത്താനിഃലാത്ഭവാൻ
അംഗദാഹേ ശിരോദാഹേ നേത്രദാഹേ ച ശസ്യതേ
ക്ഷതക്ഷയഹരം വൃഷ്യം രക്തമാംസബലപ്രദം
ഊർദ്ധ്വജത്രുഗതാൻ രോഗാൻ വിശേഷേണ വിനാശയേത്.

ബലം=കുറുന്തോട്ടിവേർ. ധാത്രി=നെല്ലിക്കാത്തോട്. ഇവ ൨-ംകൂടി പലം ൮. ഗുളൂച്ചി=ചിററമൃത് പലം ൪. ഉശീരം=രാമച്ചം പലം ൨. ഹിരുബേരകം=ഇരുവേലി പലം ൧. ചന്ദനം, യഷ്ടി=ഇരട്ടിമധുരം. ബകുളപ്രസൂനം=ഇലഞ്ഞിപ്പൂവ്. ഇവ മൂന്നുംകൂടി പലം ൮. (കുറുന്തോട്ടിവേർ നെല്ലിക്കാത്തോട് ഇവ സമം. അവയിൽ പകുതി ചിററമൃത്. അമൃതിൽ പകുതി രാമച്ചം. രാമച്ചത്തിൽ പകുതി ഇരുവേലി. അതിൽ പകുതി ചന്ദനം. ഇരട്ടിമധുരം, ഇലഞ്ഞിപ്പൂ ഇവ. ഇതാണ ശ്ലോകോക്തമായ കണക്ക്.) ഈ പ്രകാരം എടുത്താണ സാധാരണ കഷായം വയ്ക്കാറുള്ളത്. വെള്ളം ഇടങ്ങഴി ൱. കഷായംവച്ച ൪ ഇടങ്ങഴിയാക്കി പിഴിഞ്ഞരിച്ച്, മധുകം=ഇരട്ടിമധുരം. ചന്ദനദ്വയം=ചന്ദനവും രക്തചന്ദനവും. കുഷ്ഠം=കൊട്ടം. ഉല്പലം=ചെങ്ങഴിനീർക്കിഴങ്ങ്. അബ്ദം=മുത്തങ്ങ. ശാരിബ=നറുനീണ്ടിക്കിഴങ്ങ്. ത്രിജാതകം=ഏലം, ഇലവർങ്ഗം, പച്ചില. ജാതീഫലം=ജാതിക്ക. തക്കോലപ്പുട്ടിൽ, കർപ്പൂരം. ശതാവരിക്കിഴങ്ങ്. ജീവകർഷഭങ്ങൾ=ജീവകവും ഇടവകവും (പ്രകരം പാൽമുതക്കിൻകിഴങ്ങ് ഇരട്ടി) മേദ (പ്രകരം അമുക്കുരം) മൃദ്വീക=മുന്തിരിങ്ങാപ്പഴം കുങ്കുമം=കുങ്കുമപ്പൂട്ട. ലാമജ്ജകം=രാമച്ചം ശാലൂകം=താമരക്കിഴങ്ങ്. ചോരകദ്വയം=കച്ചോലവും നറുചണ്ണക്കിഴങ്ങും. പുഷ്കരം=പുഷ്കരമൂലം. നാഗപുഷ്പം=നാഗപ്പൂ. നഖം=അസുരനഖം. സ്പൃക്കാ=ചോനകപ്പുല്ല്. മഞ്ജിഷ്ഠ=മഞ്ചട്ടി. കട്ടുകരോഹിണി. അഞ്ജനം=അഞ്ജനക്കല്ല്. സരളം=ചരളം (തമിഴാമഭേദം) ദാരു=ദേവതാരം. ചമ്പകം=ചെമ്പകപ്പൂവ്. മൃഗനാഭികം=വെരുവിൻപുഴുവ്. മധൂകപുഷ്പം=ഇലിപ്പപ്പൂവ് ശ്യോനാകം=നാന്മുകപ്പുല്ല്, ത്രിഫലത്തോട്, ഫലിനി=ഞാഴൽപ്പൂവ്. മിസി=ശതകുപ്പ. മുസ്ത=മുത്തങ്ങ. അഗരു=അകിൽ. മാംസി=ജടാമാഞ്ചി, തകരം, പത്മകേസരം=താമരയല്ലി. ഇവ കല്കംചേർത്ത ക്ഷീരം=പാൽ, ഇടങ്ങഴി ൪. ആമലകംരസം=പച്ചനെല്ലിക്കാനീര്, ശതാവരിനീര് ഇവ ഓരോന്നും എണ്ണയ്ക്കു സമം തൈലപ്രസ്ഥം=ഒരിടങ്ങഴി എണ്ണചേർത്ത കാച്ചിഅരിക്ക. സേവിക്കാനും തേയ്ക്കാനും നസ്യംചെയ്യിനും നന്ന്. ശിരോരോഗങ്ങൾ നേത്രരോഗങ്ങൾ, വാതപിത്തജങ്ങളായ മററു രോഗങ്ങൾ, സർവാംഗസന്താപം തലവുകച്ചിൽ കണ്ണുപുക

ച്ചിൽ ഇവയ്ക്കും നല്ലതാകുന്നു. ക്ഷതക്ഷയാദികളെ നശിപ്പിച്ചു രക്തം മാംസം ബലം ഇവയെ പ്രദാനം ചെയ്യുന്നതും, ശുക്ലവൃദ്ധികരവും ആകുന്നു. തൃഡ്ദാഹജങ്ങളായ എല്ലാ രോഗങ്ങളും ശമിക്കും.

## ൭൯. ചന്ദനാദി (൨)

ചന്ദനോദീച്യമധുകധാത്രീയഷ്ട്യാഹ്വശാരിബാഃ
സബലാഃ സലിലദ്രോണേ പൃഥക് ദശപലോന്മിതാഃ
പക്ത്വാ കഷായേ സക്ഷീരേ ക്ഷിപേത് ബ്രഹ്മീവരീരസം
കുമാരീനാളികേരാംബു തൈലമാനം പൃഥക് പൃഥക്
പ്രപൗണ്ഡരീകമഞ്ജിഷ്ഠാ ധാതകീ പത്മകേസരം
കുമുദോല്പലശാലൂകമൃണാളവിസപത്മകം
അനന്താ കുശകാശേക്ഷുക്ഷീരീശൃംഗം സവല്കലം
ഗണഞ്ച ജീവനീയാഖ്യം കാകോലീ ദ്രവ്യാണി പേഷയേത്
പ്രസ്ഥഞ്ച ദത്വാ തൈലസ്യ ശനൈർമൃദ്വഗ്നിനാ പചേത്
ഏതത്തൈലം പ്രശമയേത് ദാഹമൂർച്ഛാശിരോഗ്രഹാൻ
കാമിലാമാഢ്യരോഗഞ്ച രക്തപിത്തഞ്ച നാശയേത്
പ്രദരം ചിത്തവിഭ്രംശം വിസർപ്പം ചിത്തവൈകൃതം
അഭ്യംഗപാനനസ്യാദ്യൈർഹന്തി വജ്രമിവാസുരാൻ

ചന്ദനം, ഉദീച്യം=ഇരുവേലി. മധുകം=ഇരട്ടിമധുരം. (നളദം എന്നു പാഠഭേദം രാമച്ചം എന്നർത്ഥം) ശാരിബ=നറുനീണ്ടിക്കിഴങ്ങ്. ബലം=കുറുന്തോട്ടിവേർ. ഇവ പ്രത്യേകം ൧൦-പലം വീതം, സലിലദ്രോണം=൧൬-ഇടങ്ങഴി വെള്ളത്തിൽ കഷായം വെച്ചു. സക്ഷീരം പാൽകൂടി ചേർത്ത് ബ്രഹ്മീരസം=ബ്രഹ്മിനീർ. വരീരസം=ശതാവരിക്കിഴങ്ങിൻനീർ. കുമാരി=കറ്റാർവാഴനീര്. നാളികേരാംബു=ഇളനീർ (കരിക്കിൻ)വെള്ളം ഇവ. പൃഥക്പൃഥക് തൈലമാനം=വെവ്വേറെ എണ്ണയ്ക്കു സമം ചേർത്ത് പ്രപൗണ്ഡരീകം=പുണ്ഡരീകക്കരിമ്പ്. മഞ്ജിഷ്ഠ=മഞ്ചട്ടി. ധാതകി=താതിരിപ്പൂ. പത്മകേസരം=താമരയല്ലി. കുമുദം=ആമ്പൽക്കിഴങ്ങ്. ഉല്പലം=ചെങ്ങഴിനീർക്കിഴങ്ങ്. ശാലൂകം=താമരക്കിഴങ്ങ്. മൃണാളവിസം=താമരവളയം. പത്മകം=പതിമുകം. അനന്താ=കൊടിത്തൂവച്ചേര്. കുശം=കുശവേർ. കാശം=ആറ്റുദർഭവേർ. ഇക്ഷു=കരിമ്പിൻവേര്. ക്ഷീരീശൃംഗം=നാല്പാമരമൊട്ട്. സവല്കലം=നാല്പാമരത്തിന്റെ തൊലി. ജീവനീയഗണം=അടപൊതിയൻകിഴങ്ങ്. കാകോളി ക്ഷീരകാകോളി (ഇവ രണ്ടിനും പകരം അമുക്കുരം ഇരട്ടി)മേദ (പകരം അമുക്കുരം) മഹാമേദ (നറുനീണ്ടിക്കിഴങ്ങ്) കാട്ടുഴുന്നിൻവേർ, കാട്ടുപയററിൻവേര്, ജീവകം, ഇടവകം (പകരം മുതക്കിൻകിഴങ്ങു ഇരട്ടി) ഇരട്ടിമധുരം ഇവയും ചേർത്ത്, തൈലപ്രസ്ഥം=ഒരിടങ്ങഴി എണ്ണയും ചേർത്തു മൃദ്വഗ്നികൊണ്ടു പാകമാക്കി അരിക്കും. ഇതു കൊണ്ടു, അഭ്യംഗം, പാനം, നസ്യം മുതലായവ ചെയ്താൽ സർവാംഗസന്താപം, മൂർച്ഛ, തലയ്ക്കുപിടിത്തം, കാമില, ആഢ്യവാതം, രക്തപിത്തം, അസൃഗ്ദരം, അപസ്മാരം, ഉന്മാദം മുതലായവ വിസർപ്പം ഇവ ശമിക്കും.

## ൮൰. അരിമേദാദി.

അരിമേദത്വചോ ഗ്രാഹ്യം നവാൽപലശതം ഭവേത്
ന്യഗ്രോധോദുംബരാശ്വത്ഥപ്ലക്ഷവല്കാൽ പൃഥക് തഥാ
ചതുർദ്രോണേ ജലേ പക്ത്വാ ചതുർഭാഗാവശേഷിതേ
തൈലാഢകം പചേത്തത്ര കാർഷികൈഃ കല്കിതൈരിമൈഃ

യഷ്ടീത്രിജാതമഞ്ജിഷ്ഠാഗായത്രീലോധ്രകട്ഫലൈഃ
ക്ഷീരിവൃക്ഷാരിമേദത്വങ്മുസ്താഗുരുഹിമദ്വയൈഃ
കർപ്പൂരജാതീതക്കോലമാംസീധാതകിഗൈരികൈഃ
മൃണാളമിസിവൈദേഹീപത്മകേസരകുങ്കുമൈഃ
ലാക്ഷാസമംഗാബൃഹതീവിലമദ്ധ്യസുരദ്രുമൈഃ
ശൈലേയസരളസ്പൃക്കാപലാശരജനീദ്വയൈഃ
പ്രിയംഗുതേജനീപാഠാശരപുംഖഫലത്രയൈഃ
കാലേയപുഷ്കരജടാവ്യാഘ്രീമദനസംയുതൈഃ
ജാതേ ചിക്കണപാകേ തു പരിസ്രാവ്യ നിധാപയേത്
തന്നസ്യപാനഗണ്ഡൂഷവസ്ത്യഭ്യംഗേഷു യോജയേത്
മുഖജാനാമയാൻ ഹന്തി വിശേഷാദ്ദന്തരോഗജിത്.

നവം അരിമേദത്വക്=പുതിയ കരിവേലപ്പട്ട. പലശതം=നൂറുപലം. ന്യഗ്രോധം=പേരാൽത്തൊലി. ഉദുംബരം=അത്തിത്തൊലി. അശ്വത്ഥം=അരയാലിൻതൊലി. പ്ലക്ഷം=ഇത്തിത്തൊലി. ഇവയെല്ലാംകൂടി പലം ൨൦൦. ചതുർദ്രോണജലം=നൂറ്-ഇടങ്ങഴി വെള്ളത്തിൽ, കഷായംവെയ്ക്ക. ചതുർഭാഗാവശേഷിതം=നാലിലൊന്നാക്കി. തൈലാഢകം=നാലിടങ്ങഴി എണ്ണയുംചേർത്തു. കാർഷികം മുമ്മൂന്നുകഴഞ്ച്. യഷ്ടി=ഇരട്ടിമധുരം, ത്രിജാതം=ഏലം, ഇലവർങ്ഗം, പച്ചില. മഞ്ജിഷ്ഠ=മഞ്ചെട്ടി. ഗായത്രീ=കരിങ്ങാലിക്കാതൽ. ലോധ്രം=പാച്ചോററിത്തൊലി. കട്ഫലം=കുമിഴിൻവേര്. ക്ഷീരിവൃക്ഷം=നാല്പാമരത്തൊലി. അരിമേദത്വക്=കരിവേലപ്പട്ട. മുസ്ത=മുത്തങ്ങ. അഗരു=അകിൽ. ഹിമദ്വയം=ചന്ദനവും രക്തചന്ദനവും കർപ്പൂരം ജാതിക്ക, തക്കോലം, മാംസി=മാഞ്ചി. ധാതകി=താതിരിപ്പൂ. (വാളക എന്നും പാഠം. ഇരുവേലി എന്നർത്ഥം) ഗൈരികം=കാവിമണ്ണ്. മൃണാളം=താമരവളയം മിസി=ശതകുപ്പ. വൈദേഹി=തിപ്പലി. പത്മകേസരം=താമരയല്ലി. കുങ്കുമം=കുങ്കുമപ്പൂട്ട. ലാക്ഷാ=കോലരക്ക്. സമംഗ=പറച്ചുണ്ടവേര്. ബൃഹതി=ചെറുവഴുതിനവേര്. വിലമദ്ധ്യം=പകുതിവിളവായ കൂവളക്കായ് സുരദ്രുമം=ദേവതാരം. ശൈലേയം=കന്മദം സരളം=ചരളം സ്പൃക്ക=ചോനകപ്പുല്ല് പലാശം=പ്ലാശിൻതൊലി. രജനീദ്വയം=വറട്ടുമഞ്ഞളും, മരമഞ്ഞൾതൊലിയും പ്രിയംഗു=ഞാഴൽപ്പൂവ്. തേജനി=ചെറുപ്പുന്നയരി. പാഠാ=നീർമരുതിൻവേരിൻതൊലി. ശരപുംഖം=കൊഴിഞ്ഞിൻവേർ ഫലത്രയം=ത്രിഫലത്തോട്. കാലേയം=ചെഞ്ചല്യം പുഷ്കരജടാ=പുഷ്കരമൂലവേർ. വ്യാഘ്രീ=വെളുത്തവഴുതിനവേർ. മദനം=മലംകാരയ്ക്ക ഇവ കല്ക്കമാക്കി അരച്ചുചേർത്തു കാച്ചി കട്ടത്തമെഴുകുപാകത്തിൽ അരിക്ക. പാനം, കവിൾക്കൊൾക, വസ്തി ഇവയ്ക്കും അഭ്യംഗത്തിനും മൂർദ്ധപാകത്തിലെടുത്തു നസ്യത്തിനും യോജിപ്പിക്ക. മുഖരോഗങ്ങൾക്കും വിശേഷിച്ചു ദന്തരോഗങ്ങൾക്കും നന്ന്.

## ൬൦. ജാതീമഞ്ഞളാദി

ജാതീമഞ്ഞളെരിക്കിഴങ്ങ് തൊഴുകൈ ചമ്മന്തലാനിംബജം
ചാററിൽ കൊട്ടമമച്ചുവള്ളി, കടുകിൻമൂന്നും ഫലാനാം ത്രയം.
ഏലം കല്ക്കിതമെണ്ണവെന്തുവഴിപോൽവായ്ക്കൊൾകിലന്നേകെടും
വായിൽ തോന്നിന നോവു പല്ലുമുടനേ വജ്രപ്രമാണം ഭവേത്

ജാതി=പിച്ചകത്തില. മഞ്ഞൾ=പച്ചമഞ്ഞൾ എരിക്കിഴങ്ങ്=ഇഞ്ചി തൊഴുകൈ=പുല്ലാന്നിഇല (മുക്കാററി എന്നു വ്യാഖ്യാനിക്കുന്നവരും അപ്രകാരം ചേർക്കുന്ന വൈദ്യന്മാരുമുണ്ട്) ചമ്മന്തല=ബ്രഹ്മി, നിംബജം=വേപ്പില, ഇവററിൻനീരിൽ

വെള്ളക്കൊട്ടം. അമർച്ചവള്ളി=അപ്പക്കൊടി. കടുകിൻമൂന്ന്=ചുക്കു മുളകു തിപ്പലി. ഫലാനാംത്രയം=ത്രിഫലത്തോട്. ഏലം=ഏലത്തരി. ഇവ കൽക്കമായി അരച്ചു ചേർത്ത് കാച്ചിയരിച്ചു കവിൾക്കൊള്ളുക. (തലയിൽ തേയ്ക്കുകയുമാകാം) പല്ലുവേദന മുതലായവ ശമിച്ചു പല്ലിനു ഉറപ്പുവരും.

അപ്പ എന്നതു തെക്കൻദിക്കുകളിൽ മുടിയാൻപച്ച എന്നു പറഞ്ഞുവരുന്ന ചെടിയാണ്. അമർച്ചക്കൊടി എന്ന പേരിൽതന്നെ വേറെ ഒരു ചെടിയുണ്ടെന്നും പറയുന്നു. പകരം പൂവത്ത് എന്ന മരുന്നു ചേർത്തുവരുന്നു.

## ൰൧. പുംഖാദി

പുംഖകാംഘ്രേ ഭയാ കല്ക്കസിദ്ധം തൈലം ദ്വിജാർത്തിനുത്

പുംഖകാംഘ്രം=കൊഴിഞ്ഞിൽവേർ കഷായത്തിൽ, അഭയാ=കടുക്കാത്തോട് കൽക്കമാക്കി തൈലം കാച്ചി അരിച്ചു തേയ്ക്കുകയും കവിൾക്കൊള്ളുകയും ചെയ്താൽ പല്ലുകുത്തു ശമിക്കും.

## ൰൨. അജ്ഝടാദി

അജ്ഝടാനിംബനിർഗ്ഗുണ്ഡിസ്വരസേന വിപാചിതം
നിശാകല്ക്കയുതം തൈലമോഷ്ഠരോഗവിനാശനം.

അജ്ഝടാ=കീഴാനെല്ലി നിംബം=വേപ്പില. നിർഗ്ഗുണ്ഡി=കരിനൊച്ചിയില. ഇവററിൻനീരിൽ നിശ=വറട്ടുമഞ്ഞൾ കൽക്കമാക്കി തൈലംകാച്ചി തേയ്ക്കയും പുരട്ടുകയും മററും ചെയ്താൽ ചുണ്ടിന്മേലുള്ള രോഗം ശമിക്കും.

## ൰൩. നിർഗ്ഗുണ്ഡീരജന്യാദി

നിർഗ്ഗുണ്ഡീരജനീവില്വാസ്നുഹ്യള്യർക്കരസേ ശൃതം
രസോനദാരുവില്വാഭ്യാം വിശ്വാഭേഷജകല്ക്കിതം
തൈലം ശ്രവണദോഷഘ്നം വിശേഷാത്പൂയനാശനം

നിർഗ്ഗുണ്ഡീ=കരിനൊച്ചിയില രജനി=പച്ചമഞ്ഞൾ. വില്വം=കൂവളത്തില സ്നുഹീ=കള്ളിയില. അളി=കയ്യോന്നി. അർക്കം=എരുക്കില, ഇവററിൻനീരിൽ രസോനം=വെള്ളുള്ളി. ദാരു=ദേവതാരം. വില്വം=കൂവളവേർ. വിശ്വാഭേഷജം=ചുക്ക്. ഇവ കൽക്കമാക്കി കാച്ചുന്ന തൈലം ശ്രവണദോഷത്തെ (ചെവിയിലുള്ള രോഗങ്ങളെ) ശമിപ്പിക്കും.

## ൰൪. തുളസീസ്വരസാദി

തുളസീസ്വരസേ സിദ്ധം കുന്ദുരുഷ്കസമന്വിതം
പൂതിനാസം ഭൃശം ഹന്യാത്തൈലം ദുഷ്ടജലസ്രുതിം

തുളസീസ്വരസം=തുളസിയില പിഴിഞ്ഞനീര്. അതിൽ കുന്തിരിക്കംകൂട്ടി തൈലം കാച്ചി തേയ്ക്കു, നസ്യംചെയ്ക. മൂക്കിൽനിന്നും ദുർഗ്ഗന്ധത്തോടുകൂടി പഴപ്പു വരുന്നതു ശമിക്കും.

## ൰൫. തിന്ത്രിണീസ്വരസാദി

തിന്ത്രിണീസ്വരസേ തൈലപ്രസ്ഥം സമ്യക് പചേദ് ഭിഷക്
അത്ര കല്ക്കം പ്രവക്ഷ്യാമി സർവ്വം വാതഹരഞ്ച യത്

തിന്ത്രിണീസ്വരസം=പുളിയിലനീര്. ഇതിൽ വാതഹരമായ ഏതെങ്കിലും ഔഷധം (ചിററരത്തയോ ഗുൽഗ്ഗുലുവോ) കല്ക്കംചേർത്തു കാച്ചിയാൽ ചെവിക്കു നന്ന് വാതശമനവുമാകുന്നു.

## ന്ന്യ. ദൂർവ്വാദി.

ദൂർവ്വാസ്വരസകല്ക്കാഭ്യാം സിദ്ധം തൈലം വ്രണേ ഹിതം.

കറുകനാമ്പു് പിഴിഞ്ഞനീരിൽ, അതുതന്നെ കല്ക്കംചേൎത്തു കാച്ചുന്നതൈലം എല്ലാ വ്രണങ്ങൾക്കും ഹിതമാകുന്നു.

## ന്നൈ. അഷ്ടപല്ലവതൈലം

തുളസീഗൃഞ്ജനാഗസ്ത്യനിർഗ്ഗുണ്ഡീബഹളാളിനാം
സിംഹീവരണയോശ്ചാപി പത്രേഭ്യഃ സംഭൃതേ രസേ
സിന്ധൂത്ഥകന്ദുരുഷ്കാഭ്യാം ദത്വാ മസ്തു സമം ശൃതം
പൂതിനാസം ജയേത്തൈലം നാവനാഭ്യഞ്ജനാദിനാ.

തുളസി ഗൃഞ്ജനം=മുരിങ്ങ. അഗസ്ത്യം=അകത്തി. നിർഗ്ഗുണ്ഡി=കരിനൊച്ചി ബഹളം=പുനർമ്മുരിങ്ങ. അളി=കയ്യോന്നി. സിംഹി=ചെറുവഴുതിന. വരണം=നീർമാതളം. മേൽപറഞ്ഞവയുടെ ഇല ഇടിച്ചുപിഴിഞ്ഞ ചാററിൽ ഇന്തുപ്പും കുന്തിരിക്കവും കല്ക്കമാക്കി സമം തൈർവെള്ളവുംചേൎത്തു കാച്ചിയരിച്ച തേയ്ക്കുകയും നസ്യംചെയ്യുകയുംചെയ്താൽ പൂതിനാസം എന്ന നാസാരോഗം ശമിക്കും.

## ന്നവ്യ. വാതാശനിതൈലം

ശതാവൎയ്യാസ്തുലാമേകാം ജലദ്രോണേ വിശോധിതാം
ആമർദ്ദ്യ നിഹിതാം കൃത്വാ പക്ത്വാ പാദാവശേഷിതേ
തത്ര കല്ക്കീകൃതൈഃ കുഷ്ഠശതാഹ്വാദാരുചന്ദനൈഃ
മാംസീശൈലേയകദ്രാക്ഷാജീവകൎഷഭകൈരപി
വരണോഗ്രാബലാമൂലതഗരൈരെലാവിഡംഗകൈഃ
പൂതീകനക്തമാലാംശുമതീമൂലൈശ്ച കാൎഷികൈഃ
പ്രസ്ഥം തൈലസ്യ സംപക്വം ദത്വാ ക്ഷീരം ചതുർഗ്ഗുണം
ശ്വാസേ കാസേ ച ബാധിൎയ്യേ പംഗുഖഞ്ജകയോരപി
ജിഹ്വാസ്തംഭേ ജരായാഞ്ച ഷണ്ഡതേ വപുഷഃ ക്ഷയേ
അസ്ഥിഭംഗേ ച പക്വാസ്ഥിരുജിവിസ്ഫോടകേഷു ച
വിസൎപ്പേഽപി ച വൃദ്ധൌ ച ശൎക്കരായാം ച കൃച്ഛ്റകേ
വാതകുണ്ഡലികായാഞ്ച പ്രമേഹേ മാരുതാത്തിഷു
സൎവ്വാസു ച പ്രയുഞ്ജീത താംസ്താൻ വ്യാധീൻ നിയച്ഛതി
ഏതദ്വാതാശനിന്നാമ വാതേന ന നിഹന്യതേ.

കുഷ്ഠം=കൊട്ടം. ശതാഹ്വ=ശതകുപ്പ. ദാരു=ദേവതാരം. മാംസി=മാഞ്ചി. ശൈലേയം=കന്മദം. ദ്രാക്ഷ=മുന്തിരിങ്ങ. ജീവകൎഷഭങ്ങൾ=ജീവകവും ഇടവകവും വരണം=നീർമാതളത്തിൻവേർ തൊലി. ഉഗ്ര=വയമ്പു്. ബലാമൂലം=കുറുന്തോട്ടിവേരു്. തഗരം=തകരം. ഏല=ഏലത്തരി. വിഡംഗം=വിഴാലരി. പൂതീകം=ആവിൽത്തൊലി. നക്തമാലം=പുങ്കിൻതൊലി. അംശുമതി=ഓരിലവേർ.

ശതാവരിക്കിഴങ്ങു് പലം ൱-കഴുകി ഇടിച്ച ൱൰-ഇടങ്ങഴി വെള്ളത്തിൽ കഷായംവച്ചു് ൰-ഇടങ്ങഴിയാക്കി പിഴിഞ്ഞരിച്ചുകല്ക്കത്തിനു് വെള്ളക്കൊട്ടം, ശതകുപ്പ ദേവതാരം, ചന്ദനം, മാഞ്ചി, കന്മദം, മുന്തിരിങ്ങ, ജീവകം ഇടവകം പ്രകരം മുത

ക്കിൻകിഴങ്ങ് ഇരട്ടി) നീർമാതളവേർത്തൊലി, വയമ്പ്, കുറുന്തോട്ടിവേര്, തകരം, ഏലത്തരി, വിഴാലരി, ആവിത്തൊലി, പുങ്കിൻവേർത്തൊലി, ഓരിലവേര് ഇവ ൨-കഴഞ്ചുവീതം അരച്ചുചേർത്തു ഇടങ്ങഴി എണ്ണയും നാലിടങ്ങഴി പാലുംചേർത്തു കാച്ചിയരിച്ചു തേയ്ക്കുക. ശ്വാസം, കാസം, ചെവികേൾക്കാൻവയ്യായ്ക, എല്ലാവിധ വാതവ്യാധികൾ, ജ്വരം, ഷണ്ഡത, അസ്ഥിഭംഗം, സന്ധിവേദന മുതലായവ ശമിക്കും. വൃദ്ധി, മൂത്രകൃച്ഛ്റം, പ്രമേഹം മുതലായവയ്ക്കും നന്ന്. സേവിക്കാനും മററും ഉപയോഗപ്പെടുത്താം.

## ന്യൻ. വ്രണഭൈരവതൈലം

വിഷഹിംഗുളമഞ്ജിഷ്ഠാഹരിതാലമനശ്ശിലാഃ
ഘനസാരത്രയിതുത്ഥദ്വയഗന്ധകനാകുലീ
ശ്രീവേഷ്ടസർജ്ജനിര്യ്യാസഗൗരീയഷ്ട്യാഹ്വഗോപികാഃ
നവസാരവരാദാരുകന്ദുരുഷ്കനിശാദ്വയൈഃ
ചിഞ്ചാഫലാസ്ഥിസ്ഥൗണേയമേഷവിട്പാജപാത്വചഃ
ശാകനിംബകപിത്ഥാമ്രനിര്യ്യാസകുഷ്ഠളീരപി
ക്ഷീരേണ വടവൃക്ഷസ്യ ശാല്മലീത്വഗ്രസേന വാ
പ്രത്യഗ്രകേരമദ്ധ്യേന കുക്കുടാണ്ഡദ്രവേണ വാ
പിഷ്ട്വാ സമ്യഗ് സമാലിപ്യ വാസഖണ്ഡേ തനീയസി
ദ്രാഘിഷ്ഠേ തേന സംവേഷ്ട്യ ശലാകാം ലോഹനിർമ്മിതാം
ശോഷയിത്വാ പുരാണാജ്യസിക്താം താം ദീപയേത് പുനഃ
ഏകത്ര തിലകേരോത്ഥസ്നേഹൈഃ കൃത്വാ സമാംശകൈഃ
ദീപ്യമാനാം ശലാകാം താം തസ്യോപരി ച ധാരയൻ
അവാഗഗ്രാം മുഹുസ്സിഞ്ചൻ താഭ്യാമന്യത്ര പാതയേത്
ശലാകാഗ്രഗതാൻ സ്നേഹബിന്ദൂനാസ്നേഹസംക്ഷയാത്
ദീപ്യമാനശലാകാഗ്രാത് പാത്രേ പതിതമാദരാത്
ആദായ തൈലം സൽപാത്രേ നിഷിച്യ പരിപാലയേത്
സമ്പ്രാപ്തേ വാസരേ തേന ലേപനം വിദധീത ച
വ്രണഭൈരവനാമേദം തൈലം മർത്ത്യേന ദുർല്ലഭം
അസിതേന പുരാ ദൃഷ്ട്വാ വ്രണാർത്തം വീക്ഷ്യ ബാലകം
യമിനാ സൽകൃതേനോക്തം ഗൃഹസ്ഥായാഗ്നിശർമ്മണേ
സർവ്വവ്രണഹരം സദ്യഃ കിഞ്ചേദം സന്നിപാതജിത്
അസാദ്ധ്യേഷ്വപി സിദ്ധ്യേച്ച വിസർപ്പാദിഷു ച ധ്രുവം
സർവ്വേഷു വാതരോഗേഷു വാതാസ്രേ ചാപരാജിതം
ഉന്മാദേ ചാപ്യപസ്മാരേ ലേപനസ്യാദികർമ്മഭിഃ
ഭേളേന തപസാ തൈലമേതല്ലബ്ധമനിന്ദിതം
തന്മുഖാത് കേചനാവിന്ദന്നന്യേ കേചിത് തദാഗമാത്.

വിഷം=വത്സനാഭി. ഹിംഗുളം=ചായില്യം. മഞ്ജിഷ്ഠ=മഞ്ചട്ടി. ഹരിതാലം=അരിതാരം. മനശ്ശില=മനയോല. ഘനസാരത്രയി=ചൂടൻകർപ്പൂരവും പച്ചക്കർപ്പൂരവും രസകർപ്പൂരവും. തുത്ഥദ്വയം=തുത്തും തുരിശും. നാകുലി=ചിററരത്ത. ശ്രീവേഷ്ടം=തിരുവട്ടപ്പശ. സർജ്ജം=ചെഞ്ചല്യം. നിര്യ്യാസം=നിര്യ്യാസപ്പാൽ ഗൗരീ=

ഗൌരീപാഷാണം. യഷ്ടി=എരട്ടിമധുരം. ഗോപികം=നറുനീണ്ടിക്കിഴങ്ങ്. വരം=ത്രിഫലാത്തോട്. ദാരു=ദേവതാരം കുന്ദുരുഷ്കം=കുന്തിരിക്കം. നിശാദ്വയം=വാട്ടമഞ്ഞളും മരമഞ്ഞൾതൊലിയും. ചിഞ്ചാഫലാസ്ഥി=പുളിംകുരു. സ്ഥൗണേയം=തൂണിയാങ്കം. മേഷവിഷ്ഠ=ആട്ടിൻപുഴക്ക. ജപാതക്ക്=ചെമ്പരുത്തിവേർതൊലി. ശാകനിംബകപിത്ഥാമ്രനിര്യാസം=തേക്കിൻെറയും വേപ്പിൻെറയും വിളാർമരത്തിൻെറയും മാവിൻെറയും കറ. കുഹലി=തെങ്ങിൻപൂക്കല. വടവൃക്ഷം=ആൽമരം ശാല്മലീതരുഗ്രസം=ഇലവിൻതൊലിനീര്. കേരമദ്യം=തെങ്ങിൻകള്ള്. കുക്കുടാണ്ഡം=കോഴിമുട്ട. വാസഖണ്ഡം=വസ്ത്രക്കഷണം. ശലാക=കമ്പി. ലോഹം=ഇരുമ്പ്. പുരാണാജ്യം=പഴയനെയ്യ്. തിലകേരോത്ഥസ്നേഹങ്ങൾ=എള്ളെണ്ണയും വെളിച്ചെണ്ണയും.

വത്സനാഭി, ചായില്യം, മഞ്ചട്ടി, അരിതാരം, മനയോല, കർപ്പൂരം, പച്ചക്കർപ്പൂരം, രസകർപ്പൂരം, തുത്ത്, തുരിശ്, ഗന്ധകം, ചിററരത്ത, തിരുവട്ടപ്പശ, ചെഞ്ചല്യം, ഗൌരീപാഷാണം, എരട്ടിമധുരം, നറുനീണ്ടിക്കിഴങ്ങ്, നവസാരം, ത്രിഫലാത്തോട്, ദേവതാരം, കുന്തിരിക്കം, വാട്ടമഞ്ഞൾ. മരമഞ്ഞൾത്തൊലി, പുളിംകുരു, തൂണിയാങ്കം, ആട്ടിൻപുഴക്ക, ചെമ്പരുത്തിവേർതൊലി, തേക്കിൻകറ, വേപ്പിൻകറ, വിളാർമരത്തിൻകറ, മാവിൻകറ, തെങ്ങിൻപൂക്കലയരി ഇവ സമം ആലിൻെറ കറയിലോ ഇലവിൻവേരിൻനീരിലോ പുത്തൻതെങ്ങിൻകള്ളിലോ കോഴിമുട്ടയുടെ ദ്രവത്തിലോ നല്ലപോലെ അരച്ചു നേർത്ത തുണിക്കഷണം നീളത്തിലെടുത്ത് അതിൽതേച്ചുണക്കി ഇരുമ്പുകമ്പിയിൽ ചുററി പഴയ നെയ്യിൽ നനച്ചുകത്തിക്ക. സമാംശം എള്ളെണ്ണയും വെളിച്ചെണ്ണയും ഒരു പാത്രത്തിലെടുത്ത് അതിൽ കാണിച്ച തൈലം കോരിഒഴിച്ച് എരിക്കുമ്പോൾ പന്തത്തിൽനിന്നും എരിഞ്ഞുവീഴുന്ന തൈലത്തിനെ മറെറാരുപാത്രത്തിൽ വീഴ്ത്തി— ഇങ്ങനെ സംഗ്രഹിച്ചെടുത്തു സൂക്ഷിക്ക. കുറച്ചുദിവസം കഴിഞ്ഞശേഷം ആ തൈലമെടുത്തു ലേപനം മുതലായവ ചെയ്ക. ഇതു ദുഷ്ടവ്രണങ്ങൾ ശമിക്കാൻ വിശിഷ്ടമായ ഒന്നാകുന്നു. ഏതു വ്രണത്തിനും സന്നിപാതത്തിനും നന്ന്. അസാദ്ധ്യമായാൽപോലും വിസർപ്പം മുതലായവ ഇവകൊണ്ടു ശമിക്കും. വാതവ്യാധികൾ, രക്തവാതം, ഉന്മാദം, അപസ്മാരം മുതലായവയ്ക്കും ലേപം, നസ്യം, പാനം മുതലായവയ്ക്കും ഉത്തമമാകുന്നു.

## ൧൦. വിജയഭൈരവതൈലം.

സൂതം ഗന്ധകനാഭി ചായിലിയവും പഥ്യാ കടുത്ര്യൂഷണം
ഭൃനാഗം മിശിർമുട്ട ശൃംഗഗണമങ്ങൊപ്പിച്ചു ദേവദ്രുമേ
വസ്ത്രം ചുററിയെരിച്ചെടുക്ക ശരിയായ്‌വേപ്പെണ്ണതന്നൽമായ്
കൂട്ടിച്ചേർക്കുക കുക്കുടാണ്ഡതിലജം തേച്ചാലിളയ്ക്കും ഗദം
വാതം സന്നിയശേഷവും ജ്വരഗണം സർവാംഗനീർവീഴ്ചയും
തീർന്നീടാനെതിരററഭേഷജമിതാണേ വിജയഭൈരവം.

സൂതം=രസം. നാഭി=വത്സനാഭി. പഥ്യാ=കടുക്കാത്തോട് ത്ര്യൂഷണം=ചുക്ക്, മുളക്, തിപ്പലി. ഭൃനാഗം=കഴിയിര. ശൃംഗഗണം=കന്നിൻകൊമ്പ്, കലംകൊമ്പ്, ആട്ടിൻകൊമ്പ്, മാട്ടിൻകൊമ്പ്, വരയാട്ടിൻകൊമ്പ്, ആനക്കൊമ്പ്, ദേവദ്രുമം=ദേവതാരം.

രസം, ഗന്ധകം, വത്സനാഭി, ചായില്യം, കടുക്കാത്തോട്, കടുക്, ചുക്ക്, മുളക്, തിപ്പലി, കഴിയിര, മിശിറിൻമുട്ട, കന്നിൻകൊമ്പ്, കലംകൊമ്പ്, ആട്ടിൻകൊമ്പ്, വരയാട്ടിൻകൊമ്പ്, മാട്ടിൻകൊമ്പ്, ആനക്കൊമ്പ് ഇവ അരച്ചു തുണിയിൽതേച്ചു ദേവതാരക്കമ്പിൽ കമ്പിയുംചേർത്തു പന്തംചുററി ഇടങ്ങഴി വേപ്പെണ്ണ ഒഴിച്ച ക്രമത്തിൽ വ്രണഭൈരവതൈലംപോലെ എരിച്ചു നാഴിയാക്കി എടുക്കുക. ഇതിൽ ഉരിയ മുട്ടത്തൈലംകൂടി ചേർത്തു പുരട്ടുക. വ്രണഭൈരവതൈലംപോലെ

കട്ടംപത്ഥ്യമായി കറഞ്ഞമാത്രയിൽ സേവിക്കയും ചെയ്യാം. എന്നാൽ വാതവ്യാധികൾ, സന്നികൾ, ജ്വരം മുതലായവ ശമിക്കം.

## ൫. പൂവൻകുരുന്തലാദി ആവണക്കെണ്ണ

പൂവൻകുരുന്തിൽ പഴമ്പാശി ഞാറയും
വെററില ചിത്തിരപ്പാല ഞവരയും
കയ്യോന്നിയോടുഴിഞ്ഞാ വൃഷപത്രവും
വിഷ്ണുപത്നി കടുപത്രം പനച്ചിയും
മാന്തളിരോടു കുടങ്ങൽ കരിന്താളി
ബ്രഹ്മി വകക്കർദ്ധാവിലപമെടുത്തുടൻ
കൈയെയിടിച്ചു പിഴിഞ്ഞ നീരിന്നതി-
ന്നൊപ്പം തുളസിയീരുള്ളിന്റും തഥാ
ഉരുവിൻതൈലമിരുന്നാഴി ചേർത്തിട്ടു
ചേരുവാൻ കൽക്കം നറുനീണ്ടി മുസ്തയും
പാഠാ കുടകതൻവേർ പപ്പടത്തൃണം
മാതളപ്പിഞ്ചുമീരണ്ടുകഴഞ്ചഥ
ദാരു മധുകവും ജീരകനിംബവും
ജാതിത്രയം കുറാശാണി വിടയവും
അശോകമരത്ത പാറങ്കി കായം കടു-
നിവേശിയും ഗരുഡപ്പച്ച രണ്ടുമായ്
ഓരോന്നരക്കഴഞ്ചായ് ചേർത്തു വെന്തിട്ടു
വാങ്ങിയരിച്ചൊരു ഞാറപത്രത്തോളം
രണ്ടുനേരം സേവചെയ്യാലതിൻഫലം
മുട്ടും ജ്വരവും കണയും മയക്കവും
വിട്ടുപോം മൂത്രമലവുമുറച്ചിടാ
ദുഷ്ടഫലങ്ങളും ചൊല്ലിടാമിന്നിയും
ഉള്ളിനകത്തുള്ളുളമാന്തമാറിയും
ഉള്ളകം പൂപ്പു നീരുള്ളിൽ പിടിച്ചതും
കള്ളമല്ലിത്തൈലമുള്ളിൽ കടക്കിലോ
തള്ളും ജ്വരമരുപത്തിനാലുമെല്ലാം.

വിഷ്ണുപത്നി=വിഷ്ണുക്രാന്തി. കടുപത്രം=കേട്ടകിൻെറ ഇല. അർദ്ധവിലപം=അരപ്പലം. ഉരുവിൻതൈലം=ആവണക്കെണ്ണ. കുടകതൻവേർ=കുടകപ്പാലവേര്. ദാരു=ദേവതാരം. മധുകം=ഇരട്ടിമധുരം. നിംബം=വേപ്പിൻതൊലി. ജാതിത്രയം=ജാതിക്കാ, പത്തിരി, ഗ്രാമ്പൂ. വിടയം=അതിവിടയം. അശോകം=അമുക്കരം. കായം=സോമനാദികായം. കടു=കടുകരോഹിണി.

പൂവൻകുരുന്തിൽ, പഴമ്പാശി, ഞാറയില, കയ്യോന്നി, ഉഴിഞ്ഞ, ആടലോടകത്തില, വെററില, ചിത്രപ്പാല, ഞവര, (പനിക്കൂർക്ക) വിഷ്ണുക്രാന്തി, കടുകില, പനച്ചിയില മാന്തളിര്, വെള്ളക്കുടങ്ങൽ (മുത്തിൾ) കരിന്താളി, ബ്രഹ്മി ഇവ അരപ്പലംവീതം, കൃഷ്ണതുളസിയില, ചുവന്നുള്ളി ഇവ നാലുപലംവീതം ഇടിച്ചുപിഴി

ത്ത നീരിൽ ഇരുന്നാഴി ആവണക്കെണ്ണയും കൽക്കത്തിന്—നറുനീണ്ടിക്കിഴങ്ങ്, മുത്തങ്ങ, പാടത്താളിക്കിഴങ്ങ്, കുടകപ്പാലവേർത്തൊലി, പർപ്പടകപ്പുല്ല്, മന്തളങ്ങ, ഇളയകായ് (താളിമാതളപ്പിഞ്ച്) ഇവ രണ്ടുകഴഞ്ചുവീതം. ദേവതാരം, എരട്ടിമധുരം, ജീരകം, വേപ്പിൻതൊലി, ജന്തിക്കാ, പത്തിരി, ഗ്രാമ്പൂ, ക്രോശാണി, അതിവിടയം, അമുക്കുരം, ചിററരത്ത, പാറക്കി, കായം, കടുകരോഹിണി, നിവേശി, ഗരുഡപ്പച്ച രണ്ടും ഇവ ഖ്കഴഞ്ചുവീതം അരച്ചുചേർത്തു അരക്കപാകത്തിലരിച്ച അരക്കൺസുവീതം കാലത്തും വൈകിട്ടും സേവിക്ക. ശ്വാസംമുട്ട്, ജ്വരം, കണ, മയക്കം ഇവ ശമിക്കും. മലവും മൂത്രവും തടസ്സമില്ലാതെ പോകും. വയററിൽ പുണ്ണ്, പൂപ്പ് മുതലായ ഉപദ്രവങ്ങളും ശമിക്കും.

## ൫. ശ്വാസാരിതൈലം

കയ്യോന്നി മോടകപുനന്നവമാവിപത്രം
ശമ്യാകപുംകുഭവവേണഭവം ദിനേശം
നെയ് വള്ളി ഉപ്പുദളമാർദ്രകമെന്നിതെല്ലാം
ഒന്നിച്ചിടിച്ച രസവും ജലനാളികേരേ
ഏരണ്ഡതൈലമഥ കേരകക്ഷീരവും ചേ-
ർത്തൊന്നിക്ക രോഹിണികടുത്രയഷഡ്വരി ച
പാറംകി കായകിരിയാത്തു യവാനിയുഗ്മം
മായക്കവാൽമരിചമൊപ്പമതായ് രസോനം
പാകത്തിൽവെന്തു പരിചോടിതു സേവചെയ്താൽ
വേഗത്തിലാകശമിതം പരിശ്രുലശോഫം
ശ്വാസങ്ങളേങ്ങലഖിലം ജ്വരമെന്നിതെല്ലാം
മാറുംക്ഷണേന ജലവും മലവും ക്രമേണ.

മോടകം=ആനമോടകം ആവിപത്രം=ആവിലിത്തില. ശമ്യാകം=കൊന്ന ഇല. പുംകുദളം=പുങ്കിൻ(ഉങ്ങിൻ) ഇല. വേണദവം=മുളയില. ദിനേശം=എരുക്കില. നെയ്വള്ളി, ഒരുതരം വീതികുറഞ്ഞു നീളമുള്ള ഇലയുള്ളതാകുന്നു. ഉപ്പുദളം=ഉപ്പുതെളി. എന്ന ചെടി വള്ളിപോലെ പടരുന്ന ചെറു ചെടിയാണ്. ആർദ്രകം=ഇഞ്ചി. ജലനാളികേരം=കരിക്കിൻവെള്ളം കേരകക്ഷീരം=തേങ്ങാപ്പാൽ. രോഹിണി. കടുത്രയം=ചുക്കുമുളക തിപ്പലി, ഷഡ്വരി=കുടകപ്പാല, കാർകോകിൽ, ചെറുപ്പുന്ന, വിഴാൽ, കൊത്തമ്പാലേ, ഏലം, ഇവററിന്നരി. യവാനിയുഗ്മം=ജീരകം രണ്ടും. രസോനം=വെള്ളുള്ളി.

പ്രായേണ മലയാളയോഗങ്ങളിൽ ഭാഷാദോഷം കുറവല്ലെന്നിരുന്നാലും അവയിലെ കാര്യഭാഗങ്ങൾ വിലയുള്ളതായിക്കാണാം. ശാസ്ത്രവിഷയങ്ങളിൽ പരിശ്രമിക്കുന്നവർ ഭാഷാജ്ഞാനം തികഞ്ഞവരായും രചനാപാടുക്കളായും ഇരിക്കുന്നതു് സർവ്വസാധാരണമല്ല. പ്രയോഗവിഷയത്തിൽ നിപുണന്മാരായ അത്തരക്കാരുടെ, വിലക്ഷണങ്ങളായി തോന്നാവുന്ന ശ്ലോകങ്ങളുടെ കാര്യഭാഗം വിലയുള്ളതായിത്തന്നെ കാണുന്നതുകൊണ്ടും അതേരൂപത്തിൽ ആവക വൃത്തനിബന്ധനകൾക്ക് പുരാതനകാലംമുതൽ സ്ഥിരപ്രതിഷ്ഠ ലഭിച്ചിട്ടുള്ളതിനാലും വലിയ തിരുത്തുകൾ ചെയ്തിട്ടില്ല.

കയ്യോന്നി, ആനമോടകം, തമിഴാമയില, ആവിലില, കൊന്നയില, പുങ്കില, മുളയില, എരുക്കില, നെയ്വള്ളി, ഉപ്പുതെളി ഇഞ്ചി ഇവ കരിക്കിൻവെള്ളത്തിൽ ഇടിച്ചുപിഴിഞ്ഞു് ആവണക്കെണ്ണയും സമം തേങ്ങാപ്പാലുംചേർത്തു കടുകരോഹിണി, ചുക്ക്, മുളക്, തിപ്പലി, അരിവകയാറ്, പാറക്കി, സോമനാദികായം, കിരിയാത്ത്, ജീരകം രണ്ടും, മായാക്ക, വാൽമുളക്, വെള്ളുള്ളി ഇവ കല്ക്കംചേർത്തു കാച്ചിയ

രിച്ചു സേവിക്ക. ശൂല, ശോഫം, കാസശ്വാസങ്ങൾ, ജ്വരം മുതലായവയും ശമിക്കും. മലവും മൂത്രവും തടയാതെ പോകയുംചെയ്യും.

## ൬൯. നാഗരാദിതൈലം.

നാഗരസ്യ തുലേ ദ്വേ സ്തഃ സ്യാത്തുലാ ചിത്രകസ്യ തു
ദേവദാരു തദർദ്ധം സ്യാത്തദർദ്ധം ദ്വികരഞ്ജകം
മുസ്താരിമേദത്രിഫലാപ്ലത്രീദന്ത്യർക്കഗുൽഗുലു
തദർദ്ധമിതി സംഗൃഹ്യ ദ്വിദ്രോണേ സലിലേ പചേത്
തൈലാഢകം വിപക്തവ്യം കാർഷികൈഃ കല്ക്കിതൈരിമൈഃ
ശഠീപുഷ്കരശാർങ്ഗേഷ്ടാഹപുഷാപിപ്പലീത്രയം
ഭാർങ്ഗീ രാസ്നാ മധൂച്ഛിഷ്ടം നിശാദ്വയവചാംബുദം
ചാതുർജ്ജാതം ച മഞ്ജിഷ്ഠാ ചന്ദനാഗരുപത്മകൈഃ
മാംസീലോദ്ധ്രാ വരാകുഷ്ഠൈർദ്വിഗുണക്ഷീരസംയുതം
തൽപക്വം വിനിഹന്ത്യാശു മുഖജാൻ സകലാമയാൻ
പാനാഭ്യഞ്ജനഗണ്ഡൂഷനസ്യോന്മർദ്ദനവസ്തിഭിഃ

നാഗരം=ചുക്ക് തുലാം ൨. ചിത്രകം=കൊടുവേലിക്കിഴങ്ങ് തുലാം ൧. ദേവതാരം പലം ൫൦. ദ്വികരഞ്ജകം=പുങ്കിൻതൊലിയും, ആവിൽതൊലിയും പലം ൨൫. മുസ്ത=മുത്തങ്ങ. അരിമേദം=കരുവേലത്തൊലി, ത്രിഫലത്തോട്. ഛത്രീ=കടഞ്ഞഴക്. ദന്തി=നാഗദന്തിവേര്. അർക്കം=എരുക്കിൻവേര്. ഗുൽഗുലു ഇവ എല്ലാംകൂടി പലം പന്ത്രണ്ടര. മേൽപറഞ്ഞ മരുന്നുകൾ എല്ലാംകൂടി ൬൪ ഇടങ്ങഴി വെള്ളത്തിൽ കഷായംവച്ച് നാലിലൊന്നാക്കി പിഴിഞ്ഞരിച്ചു തൈലാഢകം=നാലിടങ്ങഴി എണ്ണ കാച്ചുക. കല്ക്കത്തിന്—ശഠി=കച്ചോലം. പുഷ്കരം=പുഷ്കരമൂലത്തിൻവേര്. ശാർങ്ഗേഷ്ട=കരച്ചുലി. ഹപുഷ=അടയ്ക്കാമണിയൻവേര്. പിപ്പലീത്രയം=അത്തിത്തിപ്പലി, ചെറുതിപ്പലി, കാട്ടുതിപ്പലിവേര് ഇവ. ഭാർങ്ഗി=ചെറുതേക്കിൻവേര്. രാസ്ന=ചിറ്റരത്ത. മധൂച്ഛിഷ്ടം=മെഴുക്. നിശാദ്വയം=മഞ്ഞളും മരമഞ്ഞൾതൊലിയും. വചാ=വയമ്പ്. അംബുദം=മുത്തങ്ങ. ചാതുർജ്ജാതം=ഏലം, ഇലവർങ്ഗം, പച്ചില, നാഗപ്പൂവ്. മഞ്ജിഷ്ഠ=മഞ്ചട്ടി, ചന്ദനം. അഗരു=അകിൽ. പത്മകം=പതിമുകം. മാംസി=മാഞ്ചി. ലോദ്ധ്രം=പാച്ചോററിത്തൊലി. വര=ത്രിഫലത്തോട്. കുഷ്ഠം=കൊട്ടം. ഇവ മൂന്നുകഴഞ്ചുവീതം അരച്ചുകലക്കി എട്ടിടങ്ങഴിപ്പാലുംചേർത്തു കാച്ചിയരിക്ക. ഇതു സേവിക്കയും തേച്ചുകുളിക്കയും കവിൾക്കൊള്ളുകയും മററും ചെയ്താൽ സകല മുഖരോഗങ്ങളും ശമിക്കും.

## ൭൦. അണുതൈലം.

ജീവന്തീജലദേവതാരജലദത്വക്സേവ്യഗോപീഹിമം
ദാർവീത്വങ്മധുകപ്ലവാഗരുവരീപുണ്ഡ്രാഹ്വവില്വോൽപലം
ധാവന്യൗ സുരഭിഃ സ്ഥിരേ കൃമിഹരം കുഷ്ഠം ത്രുടിം രേണുകാം
കിഞ്ജല്കംകമലാത്ബലാം ശതഗുണേ ദിവ്യേംഭസി ക്വാഥയേത്

തൈലാദ്രസം ദശഗുണം പരിശിഷ്യ തേന
തൈലം പചേത സലിലേന ദശൈവ വാരാൻ
പാത്രേ ക്ഷിപേച്ച ദശമേ സമമാജദുഗ്ദ്ധം
നസ്യം മഹാഗുണമുശന്ത്യണുതൈലമേതത്.

ജീവന്തി=അടപൊതിയൻകിഴങ്ങ്. ജലം=ഇരുവേലി. ദേവദാരു=ദേവതാരം. ജലദം=മുത്തങ്ങ ത്വക്=ഇലവർങ്ഗം സേവ്യം=രാമച്ചം ഗോപി=നറുനീണ്ടിക്കിഴങ്ങ്. ഹിമം=ചന്ദനം, ദാർവീത്വക്=മരമഞ്ഞൾതൊലി. മധുകം=എരട്ടിമധുരം. പ്ലവം=കഴിമുത്തങ്ങ. അഗരു=അകിൽ. വരീ=ശതാവരിക്കിഴങ്ങ്, പുണ്ഡ്റാഹ്വം=പുണ്ഡരീകക്കരിമ്പ്. വില്വം=കൂവളവേര്. ഉല്പലം=ചെങ്ങഴിനീർക്കിഴങ്ങ്. ധാവനികൾ=കണ്ടകാരിയും ചെറുവഴുതിനവേരും. സുരഭി=ചീററിന്തൽവേര്. സ്ഥിരകൾ=ഓരിലവേരും മൂവിലവേരും. കൃമിഹരം=വിഴാലരി. കുഷ്ഠം=വെള്ളക്കൊട്ടം. ത്രുടി=ഏലത്തരി. രേണുകം=അരേണുകം. കമലാത്കിഞ്ജൽക്കം=താമരയല്ലി. ബലം=കുറുന്തോട്ടിവേർ ഇവ ന്റാറിരട്ടി ദിവ്യജലത്തിൽ (മഴപെയ്യുമ്പോൾ താഴെ വീഴാതെ എടുത്ത ജലം) കഷായംവച്ചു പത്തിലൊരു ഭാഗം ശേഷിപ്പിച്ച്, അതിൽ ഒരു ഭാഗത്തിനു തുല്യം എണ്ണയുംചേർത്തു കാച്ചിയരിക്ക. ഇങ്ങനെ പത്തുഭാഗവും പത്തു ആവർത്തനയാക്കി അരിക്ക. ഒടുവിലത്തെ പാകത്തിന് എണ്ണയ്ക്കുസമം ആട്ടിൻപാൽക്കൂടി ചേർത്തു കാച്ചിയരിച്ചുകൊൾക. മന്ദപാകം. എല്ലാ ശിരോരോഗങ്ങൾക്കും അല്ലാതെയും നസ്യത്തിനു ശീലിക്കാൻ നല്ലതാകുന്നു.

## ൭൦. ബലാതൈലം.

ബലാ ശതം ഛിന്നരുഹാപാദം രാസ്നാഷ്ടഭാഗികം
ജലാഢകശതേ പക്ത്വാ ശതഭാഗസ്ഥിതേ രസേ
ദധിമസ്ത്വിക്ഷുനിര്യ്യാസശുക്തൈഃ തൈലാഢകം പചേത്
സമൈഃ സാജപയോർദ്ധാംശം കല്ക്കൈരേഭിഃ പലോന്മിതൈഃ
ശഠീസരളദാർവ്വേലാമഞ്ജിഷ്ഠാഗരുചന്ദനൈഃ
പത്മകാതിബലാമുസ്താസൂർപ്പപർണ്ണീഹരേണുഭിഃ
യഷ്ട്യാഹ്വസുരസവ്യാഘ്രനഖർഷഭകജീവകൈഃ
പലാശരസകസ്തൂരീനളികാജാതികോശകൈഃ
സ്പൃക്കാകുങ്കുമശൈലേയജാതീകടുഫലാദിഭിഃ
ത്വക്കുന്ദുരുഷ്കകർപ്പൂരതുംബുരുശ്രീനിവാസകൈഃ
ലവംഗനഖതക്കോലകുഷ്ഠമാംസീപ്രിയംഗുഭിഃ
സ്ഥൗണേയതകരധ്യാമവചാമദനകപ്ലവൈഃ
സനാഗകേസരൈഃ സിദ്ധ്യേ ദദ്യാച്ചാത്രാവതാരിതേ
പത്രകല്കം തതഃപൂർവം വിധിനാ തത്പ്രയോജിതം
കാസശ്വാസജ്വരഛർദ്ദിമൂർശ്ചാഗുന്മക്ഷതക്ഷയം
പ്ലീഹശോഷമപസ്മാരമലക്ഷ്മീം ച പ്രണാശയേത്
ബലാതൈലമിദം ശ്രേഷ്ഠം വാതവ്യാധിവിനാശനം

ബലം=കുറുന്തോട്ടിവേർ പലം ൫൦൦, ഛിന്നരുഹ=ചിററമൃത്ത് പലം ൨൫ രാസ്നാ=ചിററരത്ത പലം പന്ത്രണ്ടര ഇവ എല്ലാംകൂടി ജലാഢകശതം=൪൦൦ ഇടങ്ങഴി വെള്ളത്തിൽ കഷായംവച്ച് ൪ ഇടങ്ങഴിയാക്കി (൫൦൦ ഇടങ്ങഴിയാക്കണമെന്നു ചിലർ) പിഴിഞ്ഞരിക്ക. തൈലാഢകം=നാലിടങ്ങഴി എണ്ണ ദധിമസ്തു=തൈർവെള്ളം ഇക്ഷുനിര്യ്യാസം=കരിമ്പിൻനീര്. ശുക്തം=ചുത്താപ്പുളി (ധാന്യമ്ലം ഇവ ൪ ഇടങ്ങഴിവീതം ചേർത്തു സാജപയോർദ്ധാംശം=ആട്ടിൻപാൽ എണ്ണയുടെ പകുതി (൨ ഇടങ്ങഴി) ശഠി=കച്ചോലം. സരളം=ചാരളം. ദാർവി=മരമഞ്ഞൾതൊലി ഏലം=ഏലത്തരി. മഞ്ജിഷ്ഠ=മഞ്ചട്ടി. അഗരു=അകിൽ, ചന്ദനം. പത്മകം=പതിമുകം. അതിബല=ആനക്കുറുന്തോട്ടിവേര്. മുസ്തം=മുത്തങ്ങ സൂർപ്പപർണ്ണികൾ=കാട്ടുഴുന്നി

ൻവേരും കാട്ടുപയറിൻവേരും. ഹരേണു=അരേണുകം. യഷ്ട്യാഹ്വം=എരട്ടിമധുരം സുരസ=തുളസിവേരു്. വ്യാഘ്രനഖം=പുലിച്ചുവടിവേരു്. ഋഷഭകജീവകങ്ങൾ=ഇടവകവും ജീവകവും (പകരം പാൽമുതക്കിൻകിഴങ്ങിരട്ടി) പലാശരസം=പ്ലാശിൻകറ. കസ്തൂരി. നളികം=വേഴംപുല്ല് (രാമച്ചമെന്നും ചിലർ) ജാതികോശകങ്ങൾ=ജാതിക്കയും പത്തിരിയും. സ്പൃക്കാ=പോനകപ്പുല്ല്. കുങ്കുമം=കുങ്കുമപ്പൂ. ശൈലേയം=കന്മദം. ജാതി=പിച്ചകപ്പൂ. കടുഫലം=കടുകരോഹിണി. അംബു=ഇരുവേലി ത്വക്=ഇലവർങ്ഗം. കുന്ദുരുഷ്കം=കുന്തിരിക്കം, കർപ്പൂരം. തുമ്പുരു=തുമ്പൂണലരി. ശ്രീനിവാസം=തിരുവട്ടപ്പശ. ലവംഗം=ഗ്രാമ്പൂ. നഖം=അസുരനഖം. തക്കോലം=തക്കോലപ്പുട്ടിൽ. കുഷ്ഠം=കൊട്ടം. മാംസി=മാഞ്ചി. പ്രിയംഗു=ഞാഴൽപ്പൂ. സ്ഥൗണേയകം=ളുണിയാങ്കം. തകരം. ധ്യാമം=നാന്മുകപ്പുല്ല്. വച=വയമ്പു്, മദനകം=മലംകാരയ്ക്ക. പ്ലവം=കുഴിമുത്തങ്ങ. നാഗകേസരം=നാഗപ്പൂവു്. ഇവ ഓരോപലം വീതം അരച്ചുകലക്കി കാച്ചി അരിച്ചു പാത്രപാകത്തിന് പച്ചിലയും മേൽപാഞ്ഞതിലുള്ള കസ്തൂരിയും കർപ്പൂരവുംകൂടി ചേൎത്തു് കാച്ചി അരിച്ചു സേവിപ്പിക്കയും തേയ്ക്കുകയും ചെയ്ക. കാസം, ശ്വാസം, ജ്വരം, ഛർദ്ദി, മൂർഛ, ഗുന്മം, ക്ഷതക്ഷയം, പ്ലീഹ, ശോഷം, അപസ്മാരം, അലക്ഷ്മി ഇവ ശമിക്കും. ഇതു് വാതവ്യാധി ശമിക്കുന്നതിന് വിശേഷപ്പെട്ടതാകുന്നു.

## ൯൯. പഞ്ചസ്നേഹം.

ദശമൂലബലാമാഷകാൎപ്പാസാസ്ഥികുലത്ഥകം
പ്രസ്ഥം പ്രസ്ഥം പൃഥക്ക്ഷുണ്ണം ജലദ്രോണദ്വയേ പചേത്
ധാന്യാമ്ലം ശുക്തസംയുക്തം പാദശേഷേണ തേന തു
വാരാഹീതിലജൈരണ്ഡനാളികേരജതക്രജൈഃ
പൃഥക് പൃഥക് ത്രികുഡുബം സ്നേഹസ്യ ദ്വിഗുണം പയഃ
കല്കൈരേഭിൎവിപക്തവ്യം രാസ്നാസൈന്ധവദാരുകം
കാൎപ്പാസാസ്ഥികുലത്ഥാഗ്നിഗണ്ഡീരഞ്ച സുപേഷിതൈഃ
ജയേദ്വാതരുജാസ്തംഭദീൎഘഭഗ്നരുജന്തഥാ
ബാഹുശോഷാപബാഹുഞ്ച ബാഹുസ്തംഭമഥാപി വാ
കരോതി ബാഹുവൃദ്ധിഞ്ച വാതരോഗന്നിഹന്തി ച
പഞ്ചസ്നേഹമിദം പ്രോക്തം ബ്രഹ്മണാ നിൎമ്മിതം പുരാ.

ദശമൂലം, ബല=കുറുന്തോട്ടിവേരു. മാഷം=ഉഴുന്നു്, കാൎപ്പാസാസ്ഥി=പരുത്തിക്കുരു കുലത്ഥകം=പഴമുതിര. ഇവ ൬൪-പലം വീതം വെവ്വേറെ ചതച്ചു ജലദ്രോണദ്വയേ നവ ഇടങ്ങഴി വെള്ളത്തിൽ കഷായംവച്ചു നാലിലൊന്നാക്കി പിഴിഞ്ഞരിക്ക. ധാന്യാമ്ലം=പുത്തപ്പുളി. വാരാഹി=പന്നിനെയ്യു്. തിലജം=എണ്ണ. ഏരണ്ഡം=ആവണക്കെണ്ണ. നാളികേരജം=വെളിച്ചെണ്ണ. തക്രജം=പശുവിൻനെയ്യു്. ഇവ മൂന്നു നാഴിവീതം ചേൎത്തു പയഃ=പാൽ സ്നേഹസ്യദ്വിഗുണം=സ്നേഹദ്രവ്യങ്ങൾ കൂട്ടുന്നതിന്റെ ഇരട്ടി (ഏഴര ഇടങ്ങഴി ചേൎത്തു) രാസ്നം=ചിററരത്ത. സൈന്ധവം=ഇന്തുപ്പു്. ദാരുകം=ദേവതാരം. കാൎപ്പാസാസ്ഥി=പരുത്തിക്കുരു. കുലത്ഥം=മുതിര. അഗ്നി=കൊടുവേലിക്കിഴങ്ങു്, ഗണ്ഡീരം=കള്ളിത്തല. ഇവ കൽക്കമായി അരച്ചുകലക്കി കാച്ചിഅരിക്ക. എല്ലാ വാതരോഗങ്ങളെയും വേദന, സ്തംഭനം, ഒടിവു്, മെലിവു് ഇവയോടുകൂടിയ വാതവ്യാധികളെയും അപബാഹുകം മുതലായവയെയും ശമിപ്പിക്കും.

## ൱. പ്രസാരിണീതൈലം.

പ്രസാരിണീതുലാക്വാഥേ തൈലപ്രസ്ഥം പയഃസമം

ദ്വിമേദാമിസിമഞ്ജിഷ്ഠാകുഷ്ഠരാസ്നാകുചന്ദനൈഃ
ജീവകഷ്ഭകാകോളീയുഗളാമരദാരുഭിഃ
കല്കൈർവിപാചയേത് സർവമാരുതാമയനാശനം.

തൈലപ്രസ്ഥം=ഇടങ്ങഴി എണ്ണ, പയസ്സ്=പാൽ. ദ്വിമേദ=മേദയും മഹാമേദയും. (പകരം ശതാവരിക്കിഴങ്ങ് ഇരട്ടി) മിസി=പതകുപ്പ മഞ്ജിഷ്ഠ=മഞ്ചട്ടി കുഷ്ഠം=വെള്ളക്കൊട്ടം. രാസ്നം=ചിററരത്ത, കുചന്ദനം=രക്തചന്ദനം, ജീവകർഷഭം=ജീവകവും ഇടവകവും. കാകോളീയുഗം=കാകോളിയും ക്ഷീരകാകോളിയും അമരദാരു=ദേവതാരം. ഇവ കൽക്കമാക്കി ഒരു തുലാം പ്രസാരണിക്കഷായംവച്ച് എടുത്തു ഇടങ്ങഴി എണ്ണയും ഇടങ്ങഴി പാലുംചേർത്തു് കാച്ചി അരിച്ചു തേയ്ക്കുക. സേവിക്കുക. എല്ലാ വാതവ്യാധികളും ശമിക്കും.

## വ്വ. വ്രണരോപണതൈലം

മഹാവൃക്ഷാർക്കജേ ദുഗ്ദ്ധേ മധൂച്ഛിഷ്ടേന സാധിതം
തൈലം സകൃത്പ്രയോഗേണ ദുഷ്ടവ്രണവിരോപണം.

മഹാവൃക്ഷാർക്കജദുഗ്ദ്ധങ്ങൾ=കള്ളിപ്പാലും എരുക്കിൻപാലും ചേർത്തു. മധൂച്ഛിഷ്ടം=മെഴുക്. കൽക്കമാക്കി കാച്ചുന്ന തൈലം ഏതു ദുഷ്ടവ്രണത്തെയും ശമിപ്പിക്കും.

## ൻ. കഞ്ഞിക്കുരുക്കിലാദി വെളിച്ചെണ്ണ (സന്നിക്ക്)

കഞ്ഞിക്കുരുക്കിലുമാടലോടമമരീസപ്തച്ഛദം പുഷ്കരി-
ണ്യശ്വത്ഥം കരിനൊച്ചിയും ചെറുപനച്ചീന്ദ്രാണി ഭൃനിംബവും
ചീനച്ചേമ്പനമുമ്പിലാനയടിയൻ ക്രമുള്ളു താംബൂലവും
കുത്തിക്കൊണ്ടു പിഴിഞ്ഞ വാരിണിയവാന്യേലാംബുദത്ര്യൂഷണം
തൈലം കേരഭവന്തു സന്ധിഷു വിലിപ്യാപായയേദ്വാ ദ്രുതം
സന്നീനാം നികരം ത്രയോദശവിധം നാശം പ്രയാന്തി ധ്രുവം.

കഞ്ഞിക്കുരുക്കിലില, ആടലോടകത്തില, അമരിയില, ഏഴിലമ്പാലത്തൊലി. താമരവളയം (പച്ച) അരയാൽതൊലി, കരിനൊച്ചിയില, ചെറുപനച്ചിഇല, ഉഴിഞ്ഞ, പുത്തരിച്ചുണ്ടയില, ചീനച്ചേമ്പില, ആനച്ചുവടി, ക്രമുള്ളില, വെററില ഇവ പിഴിഞ്ഞ, നീരിൽ ജീരകം, ഏലത്തരി, മുത്തങ്ങ, ചുക്ക്, മുളക് തിപ്പലി ഇവ കല്കംചേർത്തു വെളിച്ചെണ്ണ കാച്ചിയരിച്ചു സന്ധികളിൽ തേയ്ക്കയും സേവിക്കയും ചെയ്ക. എല്ലാവിധം സന്നികളും ശമിക്കും.

## വ്ഠ. അമൃതാദി എണ്ണ (ന്മ)

അമൃതാവൃഷനിർഗ്ഗുണ്ഡീദ്വിരേഫഗിരിമല്ലിനീ
ഐലേയകഞ്ച വേത്രാഗ്രം സംക്ഷുദ്യ പരിപീഡയേത്
തദ്രസേ/ഥ ജടാകുഷ്ഠശാരിബാദാരുചന്ദനൈഃ
അഭയാരോഹിണീലാക്ഷായഷ്ടീസർജ്ജരസാന്വിതൈഃ
കല്കിതൈർന്നാളികേരസ്യ സ്നേഹസ്തിലജ ഏവ വാ
വിപക്വഃ സർവകാസഘ്നഃ ശ്വാസാനാഞ്ച നിബർഹണഃ

അമൃത=ചിററമൃതു്, വൃഷം=ആടലോടകത്തില. നിർഗ്ഗുണ്ഡി=കരിനൊച്ചിഇല ദ്വിരേഫം=കയ്യോന്നി. ഗിരിമല്ലിനി=ശംഖുപുഷ്പവള്ളി. ഐലേയം=മുക്കാപ്പീരം.

വേത്രാഗ്രം=ചൂരൽക്കഴുത്ത്. ഇവ സമം ഇടിച്ചുപിഴിഞ്ഞ നീരിൽ ജടാ=ജടാമാഞ്ചി. കുഷ്ഠം=വെള്ളക്കൊട്ടം. ശാരിബ=നറുനീണ്ടിക്കിഴങ്ങ്. ദാരു=ദേവതാരം. ചന്ദനം. അഭയം=കടുക്കാത്തോട്. രോഹിണി=കടുകുരോഹിണി. ലാക്ഷ=കോലരക്ക്. യഷ്ടി=ഇരട്ടിമധുരം. സർജ്ജരസം=ചെഞ്ചല്യം. ഇവ കൽക്കം ചേർത്തു എണ്ണയും വെളിച്ചെണ്ണയും ചേർത്തു കാച്ചി അരിച്ചു തേയ്ക്കൂ. എല്ലാ കാസങ്ങളും ശ്വാസങ്ങളും ശമിക്കും.

---

# ഘൃതയോഗങ്ങൾ

---

## ൫. ഗുൽഗുലുതിക്തകം

നിംബാമൃതാവൃഷപടോലനിദിഗ്ദ്ധികാനാം
ഭാഗാൻ പൃഥക് ദശപലാൻ വിപചേദ് ഘടേഽപാം
അഷ്ടാംശശേഷിതരസേന പുനശ്ച തേന
പ്രസ്ഥം ഘൃതസ്യ വിപചേത് പിചുഭാഗകല്കൈഃ
പാഠാവിഡംഗസുരദാരുഗജോപകുല്യാ-
ദ്വിക്ഷാരനാഗരനിശാമിസിചവ്യകുഷ്ഠൈഃ
തേജോവതീമരിചവത്സകദീപ്യകാഗ്നി-
രോഹിണ്യരുഷ്കരവചാകണമൂലയുക്തൈഃ
മഞ്ജിഷ്ഠയാതിവിഷയാ വിഷയാ യവാന്യാ
സംശുദ്ധഗുൽഗുലുപലൈരപി പഞ്ചസംഖ്യൈഃ
തത്സേവിതം വിധമതി പ്രബലം സമീരം
സന്ധ്യസ്ഥിമജ്ജഗതമപ്യഥ കുഷ്ഠമീദൃക്
നാഡീവ്രണാർബുദഭഗന്ദരഗണ്ഡമാലാ-
ജത്രൂർദ്ധ്വസർവഗദഗുല്മഗുദോത്ഥമേഹാൻ
യക്ഷ്മാരുചിശ്വാസനപീനസകാസശോഫ-
ഹൃത്പാണ്ഡുരോഗമദവിദ്രധിവാതരക്തം.

നിംബം=വേപ്പിൻതൊലി. അമൃത=ചിററമൃത്. (തൊലിയും നാരും കളഞ്ഞ്) വൃഷം=ആടലോടകവേർ പടവലം. നിദിഗ്ദ്ധിക=ചെറുവഴുതിനവേർ, ഇവ ൧൦-പലംവീതം. ൧൬-ഇടങ്ങഴി വെള്ളത്തിൽ കഷായംവെച്ച് ൨-ഇടങ്ങഴിയാക്കി പിഴിഞ്ഞരിച്ച് ഘൃതസ്യപ്രസ്ഥം=ഒരിടങ്ങഴിനെയ്യുംചേർത്തു, പാഠാ=പാടക്കിഴങ്ങ്. വിഡംഗം=വിഴാലരി, സുരദാരു=ദേവതാരം, ഗജോപകുല്യാ=അത്തിത്തിപ്പലി. ദ്വിക്ഷാരം=ചവക്ഷാരം, തുവർച്ചിലക്ഷാരം. നാഗരം=ചുക്ക്. നിശ=വറട്ടുമഞ്ഞൾ. മിസി=ശതകുപ്പ. ചവ്യം=കാട്ടുമുളകിൻവേര്. കുഷ്ഠം=വെള്ളക്കൊട്ടം തേജോവതി=ചെറുപ്പുന്നയരി. മരിചം=കുരുമുളക്, വത്സകം=കുടകപ്പാലയരി. ദീപ്യകം=അയമോദകം. അഗ്നി=കൊടുവേലിക്കിഴങ്ങ്. രോഹിണി=കടുകുരോഹിണി. അരുഷ്കരം=ചേർക്കുരു. വച=വയമ്പ്. കണമൂലം=കാട്ടുതിപ്പലിവേര്. യുക്ത=ചിററരത്ത. മഞ്ജിഷ്ഠ=മഞ്ചട്ടി. അതിവിഷ=അതിവിടയം (കുരുവില്ലാക്കടുക്ക) ഇവിടെ

വര=ത്രിഫലത്തോട് ചേക്ക എന്ന ചക്രദത്താദിമതം. യവാനി=ജീരകം. ഇവ പിച്ചുഭാഗം=൩-കഴഞ്ചുവീതം കൽക്കമായി അരച്ചുചേർത്തു ശുദ്ധിചെയ്ത ഗുൽഗുലു (മഞ്ഞൾനീരിലും വേപ്പിലനീരിലും പുഴുങ്ങി നെയ്യിൽ വറുത്തരച്ച്) ൫-പലം കൽക്കമായ് ചേർത്തു കാച്ചിയരിച്ചു സേവിക്ക. ബലമേറിയ വാതരോഗങ്ങളും കുഷ്ഠം, നാഡീവ്രണം, അർബ്ബുദം, ഗണ്ഡമാല കഴുത്തിന്മേലുണ്ടാകുന്ന രോഗങ്ങളും, ഗുന്മം, അർശസ് മേഹം, വിദ്രധി, വാതരക്തം മുതലായ മറ്റനേകരോഗങ്ങളും ശമിക്കും.

## ൨. തിക്തകം.

പടോലനിംബകടുകാദാർവീപാഠാദുരാലഭാഃ
പർപ്പടം ത്രായമാണാഞ്ച പലാംശം പാചയേദപാം
ദ്വ്യാഢകേഽഷ്ടാംശശേഷേണ തേന കർഷോന്മിതൈസ്ഥാ
ത്രായന്തീമുസ്തഭൂനിംബകലിംഗകണചന്ദനൈഃ
സർപ്പിഷോ ദ്വാദശപലം പചേത്തത്തിക്തകം ജയേത്
പിത്തകുഷ്ഠപരീസർപ്പപിടകാദാഹതൃഡ്ഭ്രമാൻ
കണ്ഡൂം പാണ്ഡ്വാമയം ഗണ്ഡദുഷ്ടനാഡീവ്രണാപചീഃ
വിസ്ഫോടവിദ്രധീഗുന്മശോഫോന്മാദമദാനപി
ഹൃദ്രോഗതിമിരവ്യംഗഗ്രഹണീശ്വിത്രകാമിലാഃ
ഭഗന്ദരമപസ്മാരമുദരം പ്രദരം ഗരം
അർശോഽസ്രപിത്തമന്യാംശ്ച സുകൃച്ഛ്റാൻ പിത്തജാൻ ഗദാൻ.

പടവലം. നിംബം=വേപ്പിൻതൊലി. കടുക=കടുകുരോഹിണി ദാർവീ=മരമഞ്ഞൾതൊലി. പാഠ=പാടത്താളിക്കിഴങ്ങ്. ദുരാലഭ=കൊടിത്തൂവവേർ പർപ്പടം=പർപ്പടകപ്പുല്ല്. ത്രായമാണ=ബ്രഹ്മി. ഇവ ഓരോ പലംവീതം എട്ടിടങ്ങഴിവെള്ളത്തിൽ കഷായംവെച്ചു എട്ടിലൊന്നാക്കി പിഴിഞ്ഞരിച്ചു കർഷോന്മിതം=മുമ്മൂന്നുകഴഞ്ച്. ത്രായന്തി=ബ്രഹ്മി. മുസ്ത=മുത്തങ്ങാ. ഭൂനിംബം=വ്യത്തരിച്ചുണ്ടവേർ. കലിംഗം=കുടകപ്പാലയരി. കണ=തിപ്പലി ചന്ദനം. നെയ്പലം ൧൨. (മൂന്നാഴി) ചേർത്തു കാച്ചിയരിച്ചു സേവിക്ക. പിത്തകുഷ്ഠങ്ങൾ, പിടകകൾ, വിസർപ്പം, നാഡീവ്രണം, അപചി, വിദ്രധി, ഗുന്മം, ശോഫം, ഉന്മാദം, ഹൃദ്രോഗം, തിമിരം, ഗ്രഹണി, കാമില, അപസ്മാരം, മഹോദരം, രക്തസ്രാവം, വിഷോപദ്രവങ്ങൾ, അർശസ്സ്, രക്തപിത്തം, മറ്റു പിത്തപ്രധാനങ്ങളായ രോഗങ്ങളുംമറ്റും ശമിക്കും.

## ൩. മഹാതിക്തകം.

സപ്തച്ഛദം പർപ്പടകം ശമ്യാകകടുകാവചാഃ
ത്രിഫലാ പത്മകം പാഠാ രജന്യൗ ശാരിബേ കണേ
നിംബചന്ദനയഷ്ട്യാഹ്വവിശാലേന്ദ്രയവാമൃതാഃ
കിരാതതിക്തകം സേവ്യം വൃഷോ മൂർവാ ശതാവരീ
പടോലാതിവിഷാ മുസ്താ ത്രായന്തീ ധന്വയാഷകം
തൈർജ്ജലേഽഷ്ടഗുണേ സർപ്പിർദ്വിഗുണാമലകീരസം
സിദ്ധം തിക്താന്മഹാതിക്തം ഗുണൈരഭ്യധികം മതം.

സപ്തച്ഛദം=എഴിലംപാലവേർതൊലി. പർപ്പടകപ്പുല്ല്. ശമ്യാകം=കൊന്നവേർതൊലി. കടുക=കടുകുരോഹിണി. വച=വയമ്പ്. ത്രിഫലത്തോട്. പത്മകം=പതിമുകം. പാഠ=പാടക്കിഴങ്ങ്. രജന്യൗ=വറട്ടുമഞ്ഞളും മരമഞ്ഞൾതൊലിയും

ശാരിബകം=നറുനീണ്ടിക്കിഴങ്ങും പാൽവള്ളിക്കിഴങ്ങും. കണകം=ചെറുതിപ്പലിയും അത്തിത്തിപ്പലിയും. നിംബം=വേപ്പിൻതൊലി ചന്ദനം. യഷ്ട്യാഹ്വം=ഇരട്ടിമധുരം. വിശാല=കാട്ടുവെള്ളരിവേർ. ഇന്ദ്രയവം=കടകപ്പാലയരി, ചിററമൃത്. കിരാതതിക്തകം=പുത്തരിച്ചുണ്ടവേർ. സേവ്യം=രാമച്ചം. വൃഷം=ആടലോടകവേർ. മൂർവ്വ=പെരുങ്കുരുമ്പവേര്. ശതാവരിക്കിഴങ്ങ്. പടവലം, അതിവിഷ=അതിവിടയം മുസ്തം=മുത്തങ്ങ. ത്രായന്തി=ബ്രഹ്മി. ധന്വയാസകം=കൊടുത്തൂവവേർ എട്ടിരട്ടിവെള്ളത്തിൽ ഇവ കൽക്കമായിചേർത്തും നെയ്യും, നെയ്യിരട്ടി പച്ചനെല്ലിക്കാനീരും ചേർത്തു കാച്ചി അരിച്ചു സേവിക്ക. തിക്തക (൨-ാംയോഗം) ത്തിനു പറഞ്ഞ ഗുണങ്ങൾതന്നെ അതിനേക്കാളുമധികം ഇതിനുണ്ട്. മേൽപറഞ്ഞ ഫലശ്രുതിതന്നെ ഇവിടെയും യോജിപ്പിക്ക. എന്നാൽ മേൽപറഞ്ഞ രോഗങ്ങളുടെ സമ്മിശ്രതയിലും ചില സന്ദർഭങ്ങളിലും ഉപയോഗപ്പെടുത്തേണ്ടതാണ്.

## ൪. സുകുമാരം.

പചേത് പുനർന്നവതുലാം തഥാ ദശപലാഃ പൃഥക്
ദശമൂലപയസ്യാശ്വഗന്ധൈരണ്ഡശതാവരീഃ
ദ്വിദർഭശരകാശേക്ഷുമൂലപോതഗലാന്വിതാഃ
വഹേഽപാമഷ്ടഭാഗസ്ഥേ തത്ര ത്രിംശത് പലം ഗുളാത്
പ്രസ്ഥമേരണ്ഡതൈലസ്യ ദ്വൗ ഘൃതാത് പയസസ്തഥാ
ആവപേത് ദ്വിപലാംശഞ്ച കൃഷ്ണാതന്മൂലസൈന്ധവം
യഷ്ടീമധൂകമൃദ്വീകായവാനീനാഗരാണി ച
തത്സിദ്ധം സുകുമാരാഖ്യം സുകുമാരം രസായനം
വാതാതപാധ്വഭാഷ്യസ്ത്രീപരിഹാര്യേഷ്വയന്ത്രണം
പ്രയോജ്യം സുകുമാരാണാമീശ്വരാണാം സുഖാത്മനാം
നൃണാം സ്ത്രീവൃന്ദഭർത്തൄണാമലക്ഷ്മീകലിനാശനം
സർവ്വകാലോപയോഗേന കാന്തിലാവണ്യപുഷ്ടിദം
വർദ്ധ്മവിദ്രധിഗുന്മാർശോയോനിശൂലാനിലാർത്തിഷു
ശോഫോദരഖുഡപ്ലീഹവിഡ്വിബന്ധേഷു ചോത്തമം.

പുനർന്നവതുലാം=൧൦൦ പലം തമിഴാമവേര്. ദശമൂലം. പയസ്യ=അടപൊതിയൻകിഴങ്ങ്, അശ്വഗന്ധം=അമുക്കുരം. ഏരണ്ഡം=ആവണക്കിൻവേർ, ശതാവരിക്കിഴങ്ങ്, ദ്വിദർഭം=ദർഭവേരും ആറുദർഭവേരും. ശരം=അമവേർ. കാശം=കുശവേർ. ഇക്ഷുമൂലം=കരിമ്പിൻവേർ. പോതഗളം=അടയ്ക്കാമണിയൻവേർ ഇവ പൃഥക് ദശപലാഃ=വേറേവേറേ ൧൦ പലംവീതം. വഹം=അറുപത്തിനാലിടങ്ങഴി വെള്ളത്തിൽ കഷായംവച്ച് എട്ടിലൊന്നാക്കി പിഴിഞ്ഞരിച്ച്, ത്രിംശത്പലം=മുപ്പതുപലം. ഗുളം=ശർക്കരയും. ഏരണ്ഡതൈലം=ആവണക്കെണ്ണ ഇടങ്ങഴി ൧. നെയ്യ് ഇടങ്ങഴി ൨. പയസ്സ്=പാൽ ഇടങ്ങഴി ൨. കൃഷ്ണ=തിപ്പലി. തന്മൂലം=കാട്ടുതിപ്പലിവേർ. സൈന്ധവം=ഇന്തുപ്പ്. യഷ്ടി=എരട്ടിമധുരം. മധൂകം=ഇലിപ്പക്കാതൽ. മൃദ്വീക=മുന്തിരിങ്ങാപ്പഴം. യവാനി=ജീരകം. നാഗരം=ചുക്ക്. ദ്വിപലാംശം=ഇവ ഓരോന്നും ൨-പലംവീതം കൽക്കംചേർത്തു കാച്ചിഅരിച്ചു സേവിക്ക. ഇതിനു സുകുമാരരസായനം എന്നു പേർ. മററു രസായനങ്ങൾക്കുള്ളതുപോലെ കാറേറൽക്ക, വെയിലേല്ക്കുക, വഴിനടക്കുക മുതലായവ പരിഹരിക്കാതെ സേവിക്കാം. സുകുമാരശരീരികളിലും സുഖശീലന്മാരിലും, വളരെ സ്ത്രീകളുടെ ഭർത്താവായിരിക്കുന്നവരിലും ഇതു ഹിതമാകുന്നു. അലക്ഷ്മി, കലി ഇവയെപ്പോക്കും. ദീർഘകാലോപയോഗംകൊണ്ട് കാന്തി, സൗഭാഗ്യം, പുഷ്ടി ഇവ

ഉണ്ടാക്കും. ആന്ത്രവൃദ്ധി, വിദ്രധികൾ, ഗുന്മം, അർശസ്സ്, യോനിരോഗങ്ങൾ വാതവ്യാധികൾ, ശോഫം, മഹോദരം, പ്ലീഹരോഗം, മലബന്ധം ഇവയും ശമിപ്പിക്കും.

### ൫. ഇന്ദുകാന്തം.

പൂതീകദാരുദശമൂലകഷായസിദ്ധം
സക്ഷീരഷട്പലയുതം ഘൃതമിന്ദുകാന്തം
വാതാമയക്ഷയമഹോദരഗുന്മശൂല-
നിമ്നോന്നതജ്വരഹരം ബലവർദ്ധനഞ്ച.

പൂതീകം=ആവിൽത്തൊലി. ദാരു=ദേവതാരം. ദശമൂലം. ഇവ കഷായംവച്ച് അതിൽ ഷട്പലം=കാട്ടുമുളകിൻവേർ, കാട്ടുതിപ്പലിവേർ, ചുക്ക്. തിപ്പലി, കൊടുവേലിക്കിഴങ്ങ് (ശുദ്ധി) ഇന്തുപ്പ് ഇവ കല്ക്കംചേർത്തു പാലും നെയ്യും ചേർത്തു കാച്ചി അരിച്ചു സേവിക്ക. വാതരോഗങ്ങൾ, ക്ഷയം, മഹോദരം, ഗുന്മം, ശൂല, വിഷമജ്വരം ഇവയെ ശമിപ്പിക്കും. ബലം വർദ്ധിപ്പിക്കുകയും ചെയ്യും.

### ൬. ഇക്ഷുദൂർവ്വാദി.

ഇക്ഷുദൂർവ്വാമൃതാധാത്രിശ്വദംഷ്ട്രാസ്വസ്തികോത്ഭവേ
സ്വരസേ നാളികേരാംബുപയോയുക്തൈസ്സകല്ക്കിതൈഃ
ചതുർജ്ജാതപയോവൃക്ഷമുകുളാംബുപയോധരൈഃ
ശാരിബോശീരയഷ്ട്യാഹ്വസിതോപലഹിമാമയൈഃ
സിദ്ധം ഘൃതം നവം സമ്യഗ്രക്തപിത്തഹരംപരം.

ഇക്ഷു=കരിമ്പ്. ദൂർവ്വാ=കറുകനാമ്പ്, ചിറ്റമൃത്. ധാത്രി=പച്ചനെല്ലിക്ക. ശ്വദംഷ്ട്ര=നായ്ക്കുരുണവേർ (കുരുവുമാകാം) സ്വസ്തികം=നീരാരൽ ഇവയുടെ നീരിൽ നാളികേരാംബു=ഇളനീർവെള്ളം. പയസ്സ്=പാല്. ഇവ ചേർത്തു ചതുർജ്ജാതം=ഏലം, ഇലവർങ്ഗം, പച്ചില, നാഗപ്പൂവ്. പയോവൃക്ഷമുകുളം=നാൽപ്പാമരമൊട്ട്. അംബു=ഇരുവേലി, പയോധരം=മുത്തങ്ങ, ശാരിബ=നറുനീണ്ടിക്കിഴങ്ങ്. ഉശീരം=രാമച്ചം. യഷ്ട്യാഹ്വം=എരട്ടിമധുരം. സിതോപലം=കല്ക്കണ്ട്, ഹിമം=ചന്ദനം. ആമയം=വെള്ളക്കൊട്ടം ഇവ കല്ക്കം. നെയ് ചേർത്തു കാച്ചിഅരിച്ചു സേവിക്ക. രക്തപിത്തം ശമിക്കും.

### ൭. ധാത്ര്യാദി.

ധാത്രീവിദാരീക്ഷുശതാവരീണാം
കൂശ്മാണ്ഡകാനാം ച രസേഷു സർപ്പിഃ
ക്ഷീരേണ സാർദ്ധം വിപചേത്സ്വപിഷ്ടൈ-
ർമ്മൃദ്വീകയഷ്ട്യാഹ്വയചന്ദനൈശ്ച
ഏതത്സുസിദ്ധം സിതയാ വിമിശ്രം
നിവാരയേച്ഛീഘ്രമസൃഗ്ദരം ഹി
പാണ്ഡ്വാമയേ പിത്തകൃതേ ഹിതം സ്യാത്
പൈത്തേ ച ഗുന്മേഽസ്ഥിവിനിസ്സൃതേ ച.
വന്ധ്യാ ച പീത്വാ ലഭതേ ച ശർമ്മ
ശീഘ്രം നിഹന്ത്യാദപി രക്തപിത്തം

അന്യാംശ്ച പിത്തപ്രഭവാൻ വികാരാൻ
മൂർച്ഛാമദോന്മാദമദാത്യയാദീൻ.

ധാത്രി=പച്ചനെല്ലിക്ക, വിദാരീ=പാൽമുതക്കിൻകിഴങ്ങ്. ഇക്ഷു=കരിമ്പ്. ശതാവരിക്കിഴങ്ങ് കൂശ്മാണ്ഡകം=കുമ്പളങ്ങാ. ഇവയുടെ നീരിൽ പാലുംചേർത്തു സപ്പിഃ=നെയ്യ്. മൃദ്വീക=മുന്തിരിങ്ങ, യഷ്ട്യാഹ്വയം=ഇരട്ടിമധുരം, ചന്ദനം, ഇവ നല്ലപോലെ അരച്ച കല്ക്കംചേർത്തു് കാച്ചിഅരിച്ച പഞ്ചസാര ചേർത്തു കടഞ്ഞു സേവിക്ക. അസൃഗ്ദരം, പാണ്ഡുരോഗം, അസ്ഥിസ്രാവം ഇവ ശമിക്കും. ഗർഭോല്പാദനകരമാകുന്നു. രക്തപിത്തം, മൂർച്ഛ, മദം, ഉന്മാദം, മദാത്യയം മുതലായവയും ശമിക്കും.

## ൯. വാരാഹ്യാദി. (൧)

വാരാഹ്യാഃകന്ദതോയേ ഘൃതമമൃതസമം സേവ്യമാനം വിപക്വം
നാരീജഹ്യാത്സുഘോരം ഹുതവഹസദൃശം വ്യാധിമസ്ഥിസ്രുതഭവം വാ
ദ്രാക്ഷാമാഷാശ്വഗന്ധാകദളിഫലയുതാ ശക്കരാപാംസുമിശ്രം
ഭേവേന സ്വഗ്ദർത്രാ വിഹിതമനുപമം സ്വഗ്സീമന്തിനീനാം.

വാരാഹീകന്ദം=നിലപ്പനക്കിഴങ്ങ്, കഷായംവച്ചു, അതിൽ നെയ് ചേർത്തു് ദ്രാക്ഷാ=മുന്തിരിങ്ങാപ്പഴം. മാഷം=ഉഴുന്നു്. അശ്വഗന്ധം=അമുക്കരം. കദളിഫലം=കദളിപ്പഴം, ഇവ കല്ക്കംചേർത്തു കാച്ചിഅരിച്ചു പഞ്ചസാരയും ക്രുവപ്പൊടിയും ചേർത്തു കടഞ്ഞു സേവിക്ക. സ്ത്രീകൾക്കുണ്ടാകുന്ന അസ്ഥിസ്രാവം, രക്തസ്രാവം ഇവ ശമിക്കും. ശക്കരാവംശി എന്നും പാഠം.

## ൱. വാരാഹ്യാദി. (൨)

വാരാഹീകന്ദഖദിരജംബൂമോദകവല്ക്കലാത്
തുലാം പചേത സബലാത് ക്ഷുണ്ണാൽ കുംഭേഽംഭസഃ പുനഃ
പാദശിഷ്ടേ കഷായേഽസ്മിൻ ഘൃതപ്രസ്ഥം വിപാചയേത്
സുനിഷണ്ണശതാവര്യോസ്തോയം ക്ഷീരം ച നിക്ഷിപേൽ
കപിത്ഥഫലിനീധാന്യധന്വയാഷകശേരുകം
പാഠാഫലത്രയാമ്രാസ്ഥിശിലോത്ഭേദം രസാഞ്ജനം
ഖർജ്ജൂരം കട്ഫലം ശുണ്ഠീ മൃദ്വീകാ രക്തചന്ദനം
അംബഷ്ഠകാ മോചരസം സമംഗാ പത്മകേസരം
കടംഗവത്സകാനന്താ ധാതകീ മധുകാഞ്ജനം
ഡാഡിമാതിവിഷാ മുസ്താ ലോധ്രംവില്വം സഗൈരികം
പിപ്പലീമശ്വഗന്ധാഞ്ച ശാരിബോശീരപുണ്ഡ്രകൈഃ
തത്സിദ്ധം സിതയോപേതം മധുമാത്രാസമന്വിതം
സർപ്പിർജ്ജയേദ്യോനിരോഗം പാനവസ്ത്യാദിയോജിതം.

വാരാഹീകന്ദം=നിലപ്പനക്കിഴങ്ങ്. ഖദിരം=കരിങ്ങാലിക്കാതൽ. ജംബു=ഞാവൽത്തൊലി. മോദകവല്ക്കലം=ഞാറത്തൊലി. (കരിംകാരത്തൊലി എന്നു മതാന്തരം) ബല=കുറുന്തോട്ടിവേരു്. ഇവ ൨൦ പലംവീതം ൧൬ ഇടങ്ങഴിവെള്ളത്തിൽ കഷായംവച്ചു നാലിടങ്ങഴിയാക്കി ഘൃതപ്രസ്ഥം=നെയ്യ് ഇടങ്ങഴി ൧. സുനിഷണ്ണം=നീരാരൽനീരു്, ശതാവരിക്കിഴങ്ങിൻനീരു്, പാൽ ഇവ ഇടങ്ങഴിവീതം. കപിത്ഥം=വിളാമ്പഴം. ഫലിനി=ഞാഴൽപ്പൂ. ധാന്യം=കൊത്തമ്പാലരി. ധന്വയാഷം=കൊടുത്തൂവവേർ. കശേരുകം=കുഴിമുത്തങ്ങ. പാഠ=പാട

ക്കിഴങ്ങ്. ഫലത്രയം=ത്രിഫലത്തോട്. ആമ്രാസ്ഥി=മാങ്ങയണ്ടി (പരിപ്പ്) ശിലോത്ഭേദം=കല്ലൂർവഞ്ചി. രസാഞ്ജനം=അഞ്ജനക്കല്ല്. (മരമഞ്ഞൾകഷായത്തിൽ ചേർത്തു കുറുക്കിയതു്) ഖർജ്ജൂരം=ഈന്തപ്പഴം. കട്ഫലം=കുമിഴിൻവേരു്, ശുണ്ഠി=ചുക്ക്. മൃദ്വീക=മുന്തിരിങ്ങാപ്പഴം, രക്തചന്ദനം. അംബഷ്ഠ=അമ്പഴത്തിൻവേർതൊലി. മോചം=കദളിപ്പഴം. രസം=നറുമ്പശ. (മോചരസം=ഇലവിൻപശ) സമംഗ=പറച്ചുണ്ടവേർ. പത്മകേസരം=താമരയല്ലി. കടംഗം=പലകപ്പയ്യാനിവേർ. വത്സകം=കുടകപ്പാലയരി. അനന്ത=കട്ടക്കാരത്തോട്. (കറുകപ്പുല്ല് എന്നു മതാന്തരം) ധാതകി=താതിരിപ്പൂ. മധൂകം=എരട്ടിമധുരം. അഞ്ജനം=അഞ്ജനക്കല്ല്. ഡാഡിമം=താളിമാതളം (മാതളക്കായ്.) അതിവിഷ=അതിവിടയം. മുസ്ത=മുത്തങ്ങ. ലോധ്രം=പാച്ചോററിത്തൊലി. ഗൈരികം=കാവിമണ്ണ്. പിപ്പലി=തിപ്പലി. അശ്വഗന്ധം=അമുക്കുരം. ശാരിബ=നറുനീണ്ടിക്കിഴങ്ങ്. ഉശീരം=രാമച്ചം. പുണ്ഡ്രകം=പുണ്ഡരീകക്കരിമ്പ്. ഇവ കൽക്കം ചേർത്തു കാച്ചി അരിച്ചു ചൂടാറിയാൽ പഞ്ചസാരയും തേനും ചേർത്തു കടഞ്ഞു സേവിക്ക. ഈ നെയ്യ് സേവിച്ചാൽ യോനിരോഗം ശമിക്കും. വസ്തിവയ്ക്കുക മുതലായതിനും ആകാം.

## ൧൦. വൃഷഘൃതം (൧)

സമൂലപത്രാംകുരപല്ലവസ്യ
വൃഷസ്യ സിദ്ധം സ്വരസേ രസേ വാ
തത്പുഷ്പകല്ക്കം ഘൃതമാശു ഹന്യാത്
സമാക്ഷികം ശ്വാസമശേഷകാസം.

വൃഷം=ആടലോടകം. സമൂലപത്രാങ്കുരപല്ലവം=വേരും ഇലയും മൊട്ടും തളിരും കൂടിയതു്. സ്വരസം=ഇടിച്ചുപിഴിഞ്ഞനീരു്. രസം=കഷായം. ഇവ ഏതിലെങ്കിലും ഒന്നിൽ നെയ്യ് ചേർത്തു ആടലോടകത്തിൻപൂവ് കല്ക്കമായി അരച്ചു ചേർത്തു കാച്ചിയരിച്ചു തേൻ ചേർത്ത് കടഞ്ഞു സേവിക്ക. കാസശ്വാസങ്ങൾ ശമിക്കും.

## ൧൧. വൃഷഘൃതം (൨)

സമൂലമസ്തകം ക്ഷുണ്ണം വൃഷമഷ്ടഗുണേഽംഭസി
പക്ത്വാഷ്ടാംശാവശേഷേണ ഘൃതം തേന വിപാചയേത്
തൽപുഷ്പകല്ക്കം തച്ഛീതം സക്ഷൗദ്രം പിത്തശോണിതം.
പിത്തഗുന്മജ്വരശ്വാസകാസഹൃദ്രോഗകാമിലാം
തിമിരഭ്രമവീസർപ്പസ്വരസാദാംശ്ച നാശയേത്.

ആടലോടകം സമൂലം (വേരും തണ്ടും ഇലയും)ഇടിച്ച്, എട്ടിരട്ടി വെള്ളത്തിൽ കഷായംവച്ച്, എട്ടിലൊന്നാക്കി പിഴിഞ്ഞു നെയ്യും അതിന്റെ പൂവ് കൽക്കവും ചേർത്തു കാച്ചിയരിച്ചു സേവിക്ക. പാൽ ചേർത്തും കാച്ചാറുണ്ട്. തേൻ മേമ്പൊടി ചേർത്തു സേവിക്ക. രക്തപിത്തം, പിത്തഗുന്മം, ജ്വരം, ശ്വാസം, കാസം, ഹൃദ്രോഗം, കാമില, തിമിരം, ഭ്രമം, വിസർപ്പം, സ്വരസാദം ഇവ ശമിക്കും.

## ൧൨. നിർഗ്ഗുണ്ഡീഘൃതം

നിർഗ്ഗുണ്ഡീപത്രനിര്യ്യാസേ സാധിതം കാസജിദ്ഘൃതം

നിർഗ്ഗുണ്ഡീപത്രം=കരിനൊച്ചിഇലനീരിൽ, നെയ്യും അതിൻവേരു് കല്ക്കവും ചേർത്തു കാച്ചിഅരിച്ചു സേവിക്ക; കാസം ശമിക്കും.

## ൧൩. ദശാംഗം (ചിരവില്വാദി)

ചിരവില്വവിളംഗവഹ്നിഹിംസ്രാ-
ത്രിഫലാവ്യോഷസമന്വിതേ കഷായേ
അമൃതാവൃഷകരിണ്ടകാരികാനാം
വിപചേത്സർപ്പിരനുത്തമം ദശാംഗം
ക്ഷയഗുന്മാരുചിശൂലകാസഹിക്കാ-
ഗുദജാനാഞ്ച വിനാശനം പ്രധാനം.

ചിരവില്വം=ആവിൽകുരുന്നു്. വിളംഗം=വിഴാലരി. വഹ്നി=കൊടുവേലിക്കിഴങ്ങു്. ഹിംസ്രാ=മാഞ്ചി. ത്രിഫലത്തോടു്. വ്യോഷം=ചുക്കു്, മുളകു്, തിപ്പലി. അമൃതം=ചിററമൃതു്. വൃഷം=ആടലോടകവേരു്. കണ്ടകാരികം=കണ്ടകാരിച്ചുണ്ട. ഇവ കഷായംവച്ചു് അവതന്നെ കല്ക്കംചേൎത്തു നെയ്യു് കാച്ചി അരിച്ചു് സേവിക്ക. ക്ഷയം, ഗുന്മം, അരുചി, ശൂല, കാസം, ഇക്കിൾ (എക്കിട്ടം) അർശസ്സ് ഇവ ശമിക്കും.

## ൧൪. ശശവാശാദി.

ശശവാശാരസക്ഷീരേ പൃഥഗാഢകസംയുതേ
ദാരുവേല്ലാശ്വഗന്ധാബ്ദഹരിദ്രാജീവകർഷഭൈഃ
മധൂലികാകണാരാസ്നാശൃംഗീഭാർങ്ഗീസഗോസ്തനാഃ
കാകോളീക്ഷീരകാകോളീ നാഗരം മധുകം സിതാ
പൃശ്നിപർണ്ണീമാഷപർണ്ണീ പിഷ്ടൈഃ പ്രസ്ഥം ഘൃതാൽ പചേൽ
ഘൃതം തച്ഛശവാശാഖ്യം ക്ഷയകാസജ്വരാപഹം.

ശശം=മുയൽമാംസം. വാശാ=ആടലോടകവേർ. മുയൽമാംസം പലം ൧൩. വൃ ഇടങ്ങഴി വെള്ളത്തിൽ കഷായംവച്ചു് ൪ ഇടങ്ങഴിയാക്കി പിഴിഞ്ഞരിക്ക. ആടലോടകവേരു് പലം ൧൩. ൧൩ ഇടങ്ങഴി വെള്ളത്തിൽ കഷായംവച്ചു് ൪ ഇടങ്ങഴിയാക്കി പിഴിഞ്ഞരിക്ക, പാൽ ഇടങ്ങഴി ൪. ദാരു=ദേവതാരം. വേല്ലം=വിഴാലരി. അശ്വഗന്ധാ=അമുക്കരം. അബ്ദം=മുത്തങ്ങ. ഹരിദ്രാ=വാട്ടുമഞ്ഞൾ, ജീവകം, ഇടവകം (പകരം മുതക്കിൻകിഴങ്ങു് ഇരട്ടി) മധൂലികാ=കുരുച്ചപ്പുലി. കണാ=തിപ്പലി. രാസ്നം=ചിററരത്ത. ശൃംഗി=കർക്കടകശൃംഗി. ഭാർങ്ഗി=ചെറുതേക്കിൻവേരു് ഗോസ്തനം=മുന്തിരിങ്ങ. കാകോളി ക്ഷീരകാകോളി. (ഇവയ്ക്കുപകരം അമുക്കരം ഇരട്ടി നാഗരം=ചുക്കു് മധുകം=ഇരട്ടിമധുരം, സിത=പഞ്ചസാര, പൃശ്നിപർണ്ണി=മൂവിലവേർ. മാഷപർണ്ണി=കാട്ടുഴുന്നിൻവേരു്. ക്ഷയം, കാസം, ജ്വരം ഇവ ശമിക്കും.

## ൧൫. കാകമാച്യാദി

കാകമാചീദലരസേ യഷ്ടീകല്ക്കം പ്രസാധിതം
തൈലം ഘൃതം വാ പാനേന സ്വരസാദഹരം പരം.

കാകമാചീദലരസം=കരിന്താളി ഇടിച്ചുപിഴിഞ്ഞ നീരു്. യഷ്ടീകല്ക്കം=അതിമധുരം കല്ക്കംചേൎത്തു നെയ്യോ എണ്ണയോ കാച്ചി അരിച്ചു സേവിക്ക. സ്വരസാദം ശമിക്കും.

## ൧൬. ലശുനാദി.

തുലാംലശുനകന്ദാനാം ദശമൂലം ഹരീതകീം
ദാരുപൂതീകദസ്പർശപാഠേന്ദ്രയവഗ്രന്ഥികാൻ

കപോതപങ്കേന്ദ്രവല്ലീവനസൂരണകന്ദകം
ദശസംഖ്യപലാന്നേതാൻ നിഷ്ക്വാഥ്യ ച ഘൃതാഢകം
വിപാചയേത് സുപിഷ്ടൈസ്തു കല്കൈരർദ്ധപലോന്മിതൈഃ
പഞ്ചകോലകവില്വൈലാജാജീകാജാജിസൈന്ധവൈഃ
പാഠാഹിംഗ്വാത്മഗുപ്താഭിസ്ത്രിഫലാമധുകേക്ഷുഭിഃ
ചതുർഗ്ഗുണേന തക്രേണ ക്ഷീരേണ ദ്വിഗുണേന ച
നിശാവൈകുണ്ഠചാർങ്ങ്ഗേരീസാരസേന ഭിഷഗ്വരഃ
തത്പീതമാത്രം ദുർന്നാമഗുന്മശൂലഹരം പരം.

ലശുനം=വെള്ളുള്ളി പലം ൧൦൦. ദശമൂലം=കൂവളം, കുമിഴ്, പാതിരി, പയ്യാഴാന്ത, മുഞ്ഞ, ഓരില, മൂവില, ചെറുവഴുതിന, വെൺവഴുതിന ഇവാറിൻവേർ. ഞെരിഞ്ഞിൽ, ഹരീതകി=കടുക്കാത്തോട്. ദാരു=ദേവതാരം. പൂതീകം=ആവിൽതൊലി. ദ്രുസ്സശ്=കൊടിത്തൂവവേർ. പാഠ=പാടക്കിഴങ്ങ്. ഇന്ദ്രയവം=കുടകപ്പാലയരി. ഗ്രന്ഥികം=കാട്ടുതിപ്പലിവേര്. കപോതപങ്കം=അടയ്ക്കാമണിയൻവേർ. ഇന്ദ്രവല്ലി=ഉഴിഞ്ഞ. വനസൂരണകന്ദകം=കാട്ടുചേന. ഇവ ദശസംഖ്യപലം=൧൦ പലം വീതം കഷായംവച്ച്, ഘൃതാഢകം=നാലിടങ്ങഴിനെയ്യ്ചേർത്തു സുപിഷ്ടം=നല്ലപോലെ അരച്ചതു്. അർദ്ധപലോന്മിതങ്ങൾ=അരപ്പലംവീതം ഉള്ളവ. പഞ്ചകോലം=കാട്ടുമുളകിൻവേർ, കാട്ടുതിപ്പലിവേർ, ചുക്ക്, തിപ്പലി, കൊടുവേലിക്കിഴങ്ങ്, വില്വം=കൂവളവേർ. ഏല=ഏലത്തരി, ജീരകം. അജാജി=അയമോദകം. സൈന്ധവം=ഇന്തുപ്പ്. പാഠ=പാടക്കിഴങ്ങ്. ഹിംഗു=കായം. ആത്മഗുപ്ത=നായ്ക്കുരുണവേര് ത്രിഫലത്തോട്. മധുകം=എരട്ടിമധുരം. ഇക്ഷു=കരിമ്പ്. ഇവ കല്ക്കംചേർത്തു നെയ്ക്ക് നാലിരട്ടിമോരും രണ്ടിരട്ടി പാലും യഥാകാലം നിശാവൈകുണ്ഠചാർങ്ങ്ഗേരീസാരസം=പച്ചമഞ്ഞൾ, തുമ്പ, പുളിയാരൽ ഇവാറിൻനീരുംചേർത്തു കാച്ചിഅരിച്ചു സേവിക്കം. അർശസ്സ്, ഗുന്മശൂലകൾ ഇവ ശമിക്കും.

## ൧൭. ഹ്രീബേരാദി.

ഹ്രീബേരം കനൽ തുവ കൂവളമതും പാച്ചോററിയും ചന്ദനം
പാഠാ സാതിവിഷാ സുരാംഹ്രിപജടാ മുസ്താ പടർച്ചുണ്ടയും
ചുക്കം താതിരിയാവശുകമിതിതൈശ്ചാർങ്ങ്ഗേരിനീരിൽ പചേത്
സപ്പിസ്തത്പ്രപിബേത് ഗുദാംകുരഗുദഭ്രംശാദികാൻ നാശയേത്

ഹ്രീബേരം=ഇരുവേലി. കനൽ=കൊടുവേലിക്കിഴങ്ങ്. തുവ=കൊടുത്തൂവവേർ കൂവളവേർ, പാച്ചോററിവേർതൊലി, ചന്ദനം, പാടക്കിഴങ്ങ്, അതിവിഷ=അതിവിടയം. സുരാംഹ്രിപം=ദേവതാരം. ജട=ജടാമാഞ്ചി. മുസ്ത=മുത്തങ്ങ. പറച്ചുണ്ടവേർ, ചുക്ക്, താതിരിപ്പൂ. യാവശുകം=ചവക്കാരം ഇവ കല്ക്കമാക്കി, ചാർങ്ങ്ഗേരിനീരിൽ=പുളിയാരൽനീരിൽ. സപ്പിസ്സ്=നെയ്യ്. കാച്ചിയരിച്ചു സേവിക്ക. അർശസ്സ്, ഗുദഭ്രംശം മുതലായവ നശിക്കും.

## ൧൮. ദ്രാവീബലാദി.

ദ്രാവീബലാ ഗോക്ഷുര പൃശ്നിപർണ്ണീ
മായൂരികാ കൗടചവല്കലഞ്ച
ക്ഷീരിപ്രവാളഞ്ച തഥാ കറില്ല-
മല്കംക്വാഥ്യ തോയേഽഷ്ടമശേഷിതേഽസ്മിൻ

ഘൃതം പചേത് ക്ഷീരയുതം സുപിഷ്ടൈഃ
കല്ക്കൈരിമൈശ്ചന്ദനദീപ്യകുഷ്ഠൈഃ
അഭീരുയഷ്ടീജലപഞ്ചകോലൈഃ
ശ്യാമാസ്ഥിരാശ്രീഫലദാരുവിശ്വൈഃ
കാശ്മര്യതിക്താഞ്ജനതോയദൈശ്ച
വ്യാഘ്രീപയസ്യാതിവിഷാലവംഗൈഃ
ചാങ്ഗേരികായാശ്ച രസേന മിശ്രം
ത്രായന്തികായാശ്ച സുസിദ്ധമേതത്
നിഷേവ്യമാണം വിധിവദ്വിഹന്യാത്
ഗുദാങ്കുരാൻ രക്തഭവാൻ ക്ഷണേന.

ദാർവീ=മരമഞ്ഞൾതൊലി. ബല=കുറുന്തോട്ടിവേർ. ഗോക്ഷുരം=ഞെരിഞ്ഞിൽ പൃശ്നിപർണ്ണീ=മൂവിലവേർ മസൂരിക=വലിയകടലാടിവേർ. കൌടജവല്ക്കലം=കുടകപ്പാലവേർതൊലി. ക്ഷീരിപ്രവാളം=നാല്പാമരത്തിൻകുരുന്നു്. കറില്ലം=തമിഴാമവേരു്. ഇവ കഷായംവച്ചു എട്ടിലൊന്നാക്കി ചന്ദനം, ദീപ്യം=അയമോദകം. കുഷ്ഠം=വെള്ളക്കൊട്ടം. അഭീരു=ശതാവരിക്കിഴങ്ങു്. യഷ്ടി=ഇരട്ടിമധുരം. ജലം=ഇരുവേലി. പഞ്ചകോലം=കാട്ടുതിപ്പലിവേർ. കാട്ടുമുളകിൻവേർ, ചുക്കു്, തിപ്പലി, കൊടുവേലിക്കിഴങ്ങു്, ശ്യാമ=ത്രികോൽപ്പക്കൊന്ന. സ്ഥിരം=ഓരിലവേർ. ശ്രീഫലം=കൂവളവേർ. ദാരു=ദേവതാരം. വിശ്വം=ചുക്കു്. കാശ്മര്യം=കുമിഴിൻവേരു്. തിക്ത=പുത്തരിച്ചുണ്ടവേരു്. അഞ്ജനം=അഞ്ജനക്കല്ലു്. തോയദം=മുത്തങ്ങ. വ്യാഘ്രീ=ചെറുവഴുതിനവേർ. പയസ്യ=അടപൊതിയൻകിഴങ്ങു്. അതിവിഷ=അതിവിടയം. ലവംഗം=ഗ്രാമ്പൂ ഇവ കല്ക്കംചേർത്തു നെയ്യും പാലും ചാങ്ങേരികാരസം=പുളിയാരൽനീരു്. ത്രായന്തിക=ബ്രഹ്മിനീർ ഇവ ചേർത്തു കാച്ചി അരിച്ചു സേവിക്ക. അർശ്ശസ്സും രക്താർശ്ശസ്സും ശമിക്കും.

## ൧൯. പാഠാകരഞ്ജാദി.

പാഠാകരഞ്ജയുഗ്മാഗ്നിശരപുംഖൌഷധാംബുജം
ചിഞ്ചാമൂലപ്രവാളസ്യ കൌടജസ്യ ച വല്ക്കലം
കൃഷ്ണാമൂലം യവാഷഞ്ച ക്വാഥയിത്വാ തു തദ്രസേ
ഘൃതമാർദ്രകചാങ്ഗേരീരസതക്രപയോന്വിതം
സിദ്ധം കല്കൈരിമൈർയ്യഷ്ടിഭാർങ്ഗീകട്വംഗവത്സകൈഃ
ഹിംഗുപ്രതിവിഷാവ്യോഷബലാവില്വസുരദ്രുമൈഃ
ഏലാലവംഗമൃദ്വീകാദീപ്യസിന്ധൂത്ഥജീരകൈഃ
കോലചന്ദനധാന്യൈശ്ച സർവ്വാർശീസാരനാശനം.

പാഠ=പാടക്കിഴങ്ങു്. കരഞ്ജയുഗ്മം=പുങ്കിൻ(ഉങ്ങിൻ വേർതൊലിയും, ആവിൽതൊലിയും. അഗ്നി=കൊടുവേലിക്കിഴങ്ങു്. ശരപുംഖം=കൊഴിഞ്ഞിൽവേർ. ഔഷധം=ചുക്കു്. അംബുദം=മുത്തങ്ങ. ചിഞ്ചാമൂലപ്രവാളം=പുളിവേർമേൽതൊലി. കൌടജവല്ക്കലം=കുടകപ്പാലവേർമേൽതൊലി. കൃഷ്ണാമൂലം=കാട്ടുതിപ്പലിവേരു്. യവാഷം=കൊടിത്തൂവവേർ. ഇവ കഷായംവയ്ക്കണം. ചാങ്ഗേരീരസം=പുളിയാരൽനീരു്. തക്രം=മോരു്. ആർദ്രകം=ഇഞ്ചിനീർ, പാൽ ഇവയുംചേർത്തു, ഭാർങ്ഗി=ചെറുതേക്കിൻവേർ കട്വംഗം=പയ്യാഴാന്തവേർ. (പെരുമരത്തിൻതൊലി എന്നു മതാന്തരം) വത്സകം=കുടകപ്പാലയരി. ഹിംഗു=കായം. പ്രതിവിഷ=അതിവിടയം. വ്യോഷം=ചുക്കു്, മുളകു്, തിപ്പലി. ബല=കുറുന്തോട്ടിവേർ. വില്വം=കൂവളവേർ. (ഇളയകൂവള

ക്കായും ചേർക്കാറുണ്ട്) സുരദ്രുമം=ദേവതാരം. ഏല=ഏലത്തരി. ലവംഗം=ഗ്രാംപൂ മൃദ്വീകം=മുന്തിരിങ്ങാപ്പഴം. ദീപ്യം=അയമോദകം. സിന്ധൂത്ഥം=ഇന്തുപ്പ്. ജീരകം. കോലം=ലന്തക്കുരു, ചന്ദനം. ധാന്യം=കൊത്തമ്പാലരി. ഇവ കൽക്കംചേൎത്തു കാച്ചി അരിച്ചു സേവിക്ക. അതിസാരം ശമിക്കും.

## ൨൰. പാഠാകരഞ്ജാദി (൨)

**പാഠാചവ്യകരഞ്ജയുഗ്മശരപുംഖാഗ്ന്യബ്ദശുണ്ഠീരസൈഃ**
**സിദ്ധം സൈന്ധവപഞ്ചകോലകവിഷാദ്വിക്ഷാരഹിംഗ്വാദിഭിഃ**
**സാജാജീദ്വയദീപ്യകൈഃ ഘൃതമജാദധ്നാരസേനാൎദ്രകാ-**
**ച്ഛാൎങ്ഗേൎയ്യാശ്ച രസേന വഹ്നിജനനം ഗുല്മഗ്രഹണ്യന്തകം.**

പാഠാ=പാടക്കിഴങ്ങ്. ചവ്യം=കാട്ടുമുളകിൻവേർ. കരഞ്ജയുഗ്മം=പുങ്കിൽതൊലിയും ആവിൽതൊലിയും. ശരപുംഖം=കൊഴിഞ്ഞിൽവേർ. അഗ്നി=കൊടുവേലിക്കിഴങ്ങ് (ശുദ്ധി) അബ്ദം=മുത്തങ്ങ. ശുണ്ഠി=ചുക്ക്. ഇവ കഷായംവച്ചു അതിൽ, സൈന്ധവം=ഇന്തുപ്പ്. പഞ്ചകോലം=കാട്ടുമുളകിൻവേർ, കാട്ടുതിപ്പലിവേർ, ചുക്ക്, തിപ്പലി, കൊടുവേലിക്കിഴങ്ങ്. വിഷാ=അതിവിടയം. ദ്വിക്ഷാരം=ചവൎക്കാരവും തുവൎച്ചിലക്കാരവും. ഹിംഗ്വാദികൾ=കായം മുതലായവ, (ഏലത്തരിയും ഇലവൎങ്ഗവും മററു ദീപനൌഷധങ്ങളും ഔചിത്യംപോലെ) അജാജീദ്വയം=ആശാളിയും ജീരകവും. ദീപ്യകം=അയമോദകം. ഇവ കല്ക്കംചേൎത്തു നെയ്യും, അജാദധി=ആട്ടിൻതൈരു, ആൎദ്രകരസം=ഇഞ്ചിനീർ. ചാൎങ്ഗേരീരസം=പുളിയാരൽനീരു് ഇവചേൎത്തു കാച്ചിയരിച്ചു സേവിക്ക. അഗ്നിദീപ്തിഉണ്ടാകും. ഗുല്മവും ഗ്രഹണിയും ശമിക്കും.

## ൨൰൧. വസ്ത്യാമയാന്തകം.

**ദാവീമധൂകമത്സ്യാക്ഷീപത്മാപാഷാണഭേദകൈഃ**
**ബൃഹത്യംശുമതീദ്വന്ദ്വശാരിബേക്ഷുകശേരുകൈഃ**
**കപോതപംകേക്ഷുരകം വസുകം ശിഗ്രുവാളകം**
**വാരാഹീ വരണം ദ്രാക്ഷാ ഭദ്രാ യഷ്ടീ പലംകഷാ**
**പൃഥക് ത്രിഫലികം ക്ഷുണ്ണം സൎവ്വതുല്യം തു ഗോക്ഷുരം**
**ദ്രോണേഽപാം വിപചേത്തത്ര പാദശിഷ്ടേ പരിസ്രുതേ**
**പ്രക്ഷിപ്യ സൎപ്പിഷഃ പ്രസ്ഥം ദത്വാ ക്ഷീരം വരീരസം**
**ധാത്രീബിംബരസഞ്ചാപി നാളികേരോദകം തഥാ**
**കൂശ്മാണ്ഡോൎവാരുകജലം സ്നേഹദ്വിഗുണിതം പൃഥക്**
**ദ്രവൈസ്സൎപ്പിഷ്ഷൈഃ സംയുക്തമേതന്മൃദ്വഗ്നിനാ പചേത്**
**പത്രുഷകോല്പലതുടിമധൂകഹിമദാരുഭിഃ**
**ത്രിഫലാപിപ്പലീകൎന്തീശൃഗിവേരൈഃ സസൈന്ധവൈഃ**
**ഹസ്തിപിപ്പല്യപാമാൎഗ്ഗമഞ്ജിഷ്ഠാപത്മകേസരൈഃ**
**മുസ്താകുസ്തുംബരീലോധ്രഫയഗന്ധാപുനൎന്നവൈഃ**
**സപ്രയംഗുവ്യേക്ഷുരഫലൈൎവൃദ്ധിപത്രകശൃംഗിഭിഃ**
**ശിലാജതുദ്വഭാഗൈൎസ്സൈസ്സിദ്ധം തത്സേവിതം ഘൃതം**
**മൂത്രകൃച്ഛ്രാണി സൎവ്വാണി ശൎക്കരാമശ്മരീമപി**
**പാനവസ്ത്യാദിഭിൎയ്യുക്തോ നാശയേന്നാത്ര സംശയഃ**

വാതപിത്തസമുല്പന്നാൻ സർവ്വാൻ വസ്തിഗതാൻ ഗദാൻ
പ്രമേഹേണ സഹക്ഷിപ്രമപാവർത്തയതേ ധ്രുവം
വസ്ത്യാമയാന്തകമിദം ദേവദേവേന ഭാഷിതം

ദാർവ്വീ=മരമഞ്ഞൾത്തൊലി. മധൂകം=ഇലിപ്പക്കാതൽ. മത്സ്യാക്ഷി=മീനാങ്ങാണി. പത്മം=ഓരിലത്താമര. പാഷാണഭേദകം=കല്ലൂർവഞ്ചി. ബൃഹതീദ്വന്ദ്വം=ചെറുവഴുതിനവേരും വെൺവഴുതിനവേരും. അംശുമതീദ്വന്ദ്വം=ഓരിലവേരും മൂവിലവേരും. ശാരിബ=നറുനീണ്ടിക്കിഴങ്ങ്. ഇക്ഷു=കരിമ്പ്. കശേരുകം=കുഴിമുത്തങ്ങ. കപോതവങ്കം=അടയ്ക്കാമണിയൻവേർ. ഇക്ഷുരകം=വയൽച്ചുള്ളിവേര്. വസുകം=താർതാവൽവേര്. ശിഗ്രു=മുരിങ്ങവേർ. വാളകം=ഇരുവേലി. വാരാഹീ=നിലപ്പനക്കിഴങ്ങ്. വരണം=നീർമാതളത്തൊലി. ദ്രാക്ഷം=മുന്തിരിങ്ങ. ഭദ്ര=ചെറുപൂളവേർ യഷ്ടി=എരട്ടിമധുരം, പലങ്കഷ=കുമിഴിൻവേര് ഇവ പൃഥക് ത്രിപലികം=മൂന്നുപലംവീതം. ഇവയെല്ലാംകൂടിയെടത്തോളം ഗോക്ഷുരം=ഞെരിഞ്ഞിൽ. ദ്രോണം=പതിനാറിടങ്ങഴിവെള്ളത്തിൽ കഷായംവെച്ച്, പാദശിഷ്ടം=നാലിലൊന്നാക്കി പിഴിഞ്ഞരിച്ച്, സർപ്പിഷപ്രസ്ഥം=ഇടങ്ങഴി നയ്യ്. ക്ഷീരം=പാൽ. വരീരസം=ശതാവരിക്കിഴങ്ങിൻനീര്. ധാത്രീരസം=പച്ചനെല്ലിക്കാനീര്. ബിംബി=കോവൽക്കിഴങ്ങ് ഇടിച്ചുപിഴിഞ്ഞ നീര്. നാളികേരോദകം=ഇളനീർവെള്ളം. കൂശ്മാണ്ഡാർവ്വാരുജജലം=കുമ്പളങ്ങയും വെള്ളരിക്കയും പിഴിഞ്ഞ നീര്. ഇവ ഓരോന്നും നെയ്യ് ഇരട്ടി ചേർത്തുകൊൾക. പത്രൂഷകം=ചിററീന്തൽവേര്. ഉല്പലം=ചെങ്ങഴിനീക്കിഴങ്ങ് ത്രുടി=ഏലത്തരി. മധൂകം=ഇലിപ്പക്കാതൽ. ഹിമം=ചന്ദനം. ദാരു=ദേവതാരം ത്രിഫലത്തോട്. പിപ്പലി=ചെറുതിപ്പലി. കൗന്തി=അരേണുകം. ശൃംഗിവേരം=ചുക്ക്. സൈന്ധവം=ഇന്തുപ്പ്. ഹസ്തിപിപ്പലി=അത്തിത്തിപ്പലി. അപാമാർഗ്ഗം=കടലാടിവേർ. മഞ്ജിഷ്ഠം=മഞ്ചട്ടി. പത്മകേസരം=താമരയല്ലി. മുസ്ത=മുത്തങ്ങ. കുസ്തുംബരി=തുമ്പൂണലരി. ലോധ്രം=പാച്ചോററിത്തൊലി. ഹയഗന്ധ=അമുക്കുരം. പുനന്നവ=തമിഴാമവേര്. സ്വയംഗുപ്ത=നായ്ക്കുരുണവേര്. ഇക്ഷുരഫലം=വയൽച്ചുള്ളിയരി. വാശിപത്രം=ചെറിയ കാട്ടുമുതിരയില. ശൃംഗി=കർക്കടകശൃംഗി. ശിലാജതുഖണ്ഡം=പകുതി കന്മദം, ഇവ കൽക്കംചേർത്തു കാച്ചി അരിച്ചു സേവിക്ക. മൂത്രകൃച്ഛ്റം ശമിക്കും. സേവിക്കാനും വസ്തിമുതലായവയ്ക്കും നന്ന്. മൂത്രാശയംസംബന്ധിച്ച എല്ലാരോഗങ്ങളേയും ശമിപ്പിക്കും.

## ൨൨. ത്രൈകണ്ടകം

കഥാഥേ ത്രൈകണ്ടകൈലാഗിരിജതുസശിലാ-
ഭേദയഷ്ടീവരീണാം
ദർഭ്രാക്ഷാംബുശൌണ്ഡീവസുകവസിരകാ-
ശേക്ഷുമത്സ്യാക്ഷികാണാം
കല്കൈസ്സിദ്ധംസദുഗ്ദ്ധം ഹരതി ഘൃതമിദം
സേവിതം മൂത്രദോഷാൻ
മേഹാൻ കൃച്ഛ്റാണി സർവ്വാണ്യനിലമപി തഥാ
ശർക്കരാമശ്മരീഞ്ച.

ത്രൈകണ്ടകം=ഞെരിഞ്ഞിൽ. ഏല=ഏലത്തരി. ഗിരിജതു=കന്മദം ശിലാഭേദി=കല്ലൂർവഞ്ചി. യഷ്ടി=എരട്ടിമധുരം. വരി=ശതാവരിക്കിഴങ്ങ്. ഇവററിൻ കഷായത്തിൽ, ദർഭ=ദർഭവേർ. ദ്രാക്ഷ=മുന്തിരിങ്ങ. അംബു=ഇരുവേലി. ശൌണ്ഡി=ചെറുതിപ്പലി. വസുകം=താർതാവൽവേർ. വസിരകം=അത്തിത്തിപ്പലി. കാശം=കുശവേർ. ഇക്ഷു=കരിമ്പ്. മത്സ്യാക്ഷി=മീനാങ്ങാണി. ഇവ കല്ക്കംചേർത്തു ദുഗ്ദ്ധം=പാൽകൂട്ടി. ഘൃതം=നെയ്യ്. കാച്ചിയരിച്ചു സേവിക്ക മൂത്രദോഷം, മേഹം കൃച്ഛ്റം, വാതവികാരങ്ങൾ മുതലായവ ശമിക്കും.

## ൮൩. ശതാവര്യാദി.

ശതാവര്യാഃ ശ്വദംഷ്ട്രായാസ്സ്വരസസ്യാഢകം പൃഥക്
ഘൃതപ്രസ്ഥദ്വയം ക്ഷീരേ ദ്വിഗുണേ വിപചേദ്ഭിഷക്
വിദാരീചന്ദനത്വക്കാമൃദ്വീകാമധുയഷ്ടിഭിഃ
കശേരുകോർവ്വാരുബീജത്രുട്യദ്രിജകണോൽപ്പലൈഃ
പത്മാപത്തൂരമുസ്തൈശ്ച കാകോല്യാദിഗണേന ച
സിദ്ധേ സുശീതളേ തസ്മിൻ ഘൃതാർദ്ധം മധുനിക്ഷിപേത്
മധ്വർദ്ധം ശർക്കരാചൂർണ്ണം ക്ഷിപ്ത്വോന്മഥ്യ നിധാപയേത്
നിഹന്തി മൂത്രകൃച്ഛ്റാണി മൂത്രദോഷാംശ്ച ശർക്കരാം.

ശതാവരിക്കിഴങ്ങിൻനീർ ഇടങ്ങഴി ൪. ശ്വദംഷ്ട്ര=ഞെരിഞ്ഞിൽ. (നായ്ക്കുരുണ വേർ എന്നും പക്ഷം) ൩൨ പലം. ൧൨൮ ഇടങ്ങഴിവെള്ളത്തിൽ കഷായംവച്ചു ൪ ഇടങ്ങഴിയാക്കി അവയിൽ ഘൃതപ്രസ്ഥദ്വയം=രണ്ടിടങ്ങഴിനെയ്യ് ചേൎത്ത് നാലിടങ്ങഴിപാലും ഒഴിച്ച്. വിദാരി=പാൽമുതക്കിൻകിഴങ്ങ്, ചന്ദനം, ത്വക=ക്രുവന്തുവ്. മൃദ്വീക=മുന്തിരിങ്ങ. മധുയഷ്ടി=എരട്ടിമധുരം, കശേരുകം=കുഴിമുത്തങ്ങ. ഉൎവ്വാരുബീജം=വെള്ളരിക്കാക്കുരു. ത്രുടി=ഏലത്തരി അദ്രിജം=കാവിമണ്ണ്. (കന്മദം എന്നൎത്ഥമുള്ളതു സ്വീകാൎയ്യമാണ്) കണ=തിപ്പലി. ഉൽപ്പലം=ചെങ്ങഴിനീർകിഴങ്ങ്. പത്മ=ഓരില താമര. പത്തൂര=മീനങ്ങാണി മുസ്ത=മുത്തങ്ങ കല്ക്കംചേൎത്തു കാച്ചിഅരിച്ചു തണുത്താൽ ഇടങ്ങഴി തേനും ഇരുനാഴി പഞ്ചസാരയുംചേൎത്തു കടഞ്ഞു സേവിച്ചാൽ മൂത്രകൃച്ഛ്റങ്ങൾ, മൂത്രദോഷങ്ങൾ, ശക്കരാശ്മരി ഇവ ശമിക്കും.

### കാകോല്യാദിഗണം.

കാകോളീക്ഷീരകാകോളീ ജീവകർഷഭകമുദ്ഗപൎണ്ണീ
മാഷപൎണ്ണീ മേദാ മഹാമേദാ ഛിന്നരുഹാ കൎക്കടകശൃംഗീ
ത്വഗാക്ഷീരീ പത്മകപ്രപൌണ്ഡരീകൎദ്ധിവൃദ്ധി
മൃദ്വീകാ ജീവന്ത്യോമധുകം ചേതി
കാകോല്യാദിരയം പിത്തശോണിതാനിലനാശനഃ
ജീവനോ ബൃംഹണോ വൃഷ്യഃ സ്തന്യശ്ലേഷ്മകരസ്തഥാ.

കാകോളി, ക്ഷീരകാകോളി, ജീവകം, ഇടവകം, മുദ്ഗപൎണ്ണീ=കാട്ടുപയററിൻ വേരു്. മാഷപൎണ്ണീ=കാട്ടുഴുന്നിൻവേർ, മേദ, മഹാമേദ. ഛിന്നരുഹ=ചിററമൃതു്, കൎക്കടകശൃംഗി. ത്വഗാക്ഷീരി=ക്രുവന്തുവ്. പത്മകം=പതിമുകം. പ്രപൌണ്ഡരീകം=പുണ്ഡരീകക്കരിമ്പ്. ഋദ്ധി=ചെറിയ കാട്ടുമുതിര. വൃദ്ധി=വലിയ കാട്ടുമുതിര. മൃദ്വീകം=മുന്തിരിങ്ങാപ്പഴം. ജീവന്തി=അടപൊതിയൻകിഴങ്ങ്. മധുകം=എരട്ടിമധുരം. ഇവയ്ക്കു കാകോല്യാദിഗണം എന്നു പേർ. ഇതു പിത്തരക്തത്തെയും വാതത്തെയും ശമിപ്പിക്കും. ജീവനവും ബൃംഹണവും (തടിപ്പിക്കുന്നതു്) വീൎയ്യബലത്തെ ഉണ്ടാക്കുന്നതും മുലപ്പാലിനെ വൎദ്ധിപ്പിക്കുന്നതും കഫത്തെ ഉണ്ടാക്കുന്നതുമാകുന്നു.

## ൮൪. ആകുല്യാദി.

ആകുലീബീജകതകപാരന്തിമൂലരാത്രിഭിഃ
മേഹാരിമൂലാമലകഭദ്രകിംശുകവല്ക്കലൈഃ
വൃശ്ചീവാംശുമതീദ്വന്ദ്വഗോക്ഷുരൈഃ കഥിതേ ജലേ

സിദ്ധംസദ്ഗന്ധാന്തു ഘൃതം ശതാവര്യാജ്യകല്ക്കവത്
ശർക്കരാസഹിതഞ്ചൈതത് സേവനാന്മേഹനാശനം

ആകുലീബീജം=ആവീരക്കുരു. കതകം=തേറാമ്പരൽ. പാരന്തീമൂലം=തെററി (തെച്ചി) വേർ. രാത്രി=മഞ്ഞൾ. മഹാരിമൂലം=ഏകനായക (പൊൻകുരണ്ടി) വേർ. ആമലകം=നെല്ലിക്കാത്തോടു്. ഭദ്ര=ചെറുവൂളവേർ കിംശുകവല്കലം=മുരുക്കിൻതൊലി. വൃശ്ചീവം=തമിഴാമവേരു്. അംശുമതീദ്വന്ദ്വം=ഓരിലവേർ, മൂവിലവേർ, ഗോക്ഷുരം=ഞെരിഞ്ഞിൽ ഇവ കഷായംവച്ചു് അതിൽ നെയ് ചേർത്തു ശതാവരീഘൃത (൨൬-ാംയോഗ)കല്ക്കത്തിന്റെ മരുന്നുകൾ കൽക്കമായി കാച്ചിയരിച്ചു പഞ്ചസാരചേർത്തു കടഞ്ഞു സേവിക്ക. പ്രമേഹം (മൂത്രമൊഴിവു്) മുതലായ വസ്ത്യാശ്രയരോഗങ്ങൾ ശമിക്കും.

### ൨൭. ധാന്വന്തരം.

ദശമൂലശഠീദന്തീ സുരാഹ്വാദിപുനർന്നവം
മൂലം സ്നുഹ്യർക്കയോഃ പത്ഥ്യാ ഭൃകദംബമരുഷ്കരം
കരഞ്ജവരണാമൂലം പിപ്പല്യാഃ പൗഷ്കരഞ്ച യത്
പൃഥഗ്ദശപലം പ്രസ്ഥാന്യവകോലകുലത്ഥതഃ
ത്രിംശാഷ്ടഗുണിതേ തോയേ വിപചേത് പാദവർത്തിനാ
തേന ദ്വിപിപ്പലീചവ്യവചാനിചുളരോഹിഷൈഃ
ത്രിവൃദ്വിളംഗകാമ്പില്യഭാർങ്ഗീവിശ്വൈശ്ച സാധയേത്
ഘൃതാത് പ്രസ്ഥം ജയേത് സർവ്വാംസ്തന്മേഹാൻ പിടകാചി-
പാണ്ഡുവിദ്രധിഗുന്മാർശ്ശഃ ശോഷശോഫഗരോദരം (ത്താൻ
ശ്വാസം കാസം വമിം വൃദ്ധിം പ്ലീഹാനം വാതശോണിതം
കുഷ്ഠോന്മാദാവപസ്മാരം ധാന്വന്തരമിദം ഘൃതം

ദശമൂലം, ശഠി-കച്ചോലം. ദന്തി=നാഗദന്തിവേർ. സുരാഹ്വം=ദേവതാരം. ദ്വിപുനർന്നവം=തമിഴാമ രണ്ടിന്റെയും വേർ. സ്നുഹി=കള്ളിവേർ. അർക്കം=എരുക്കിൻവേരു്. പത്ഥ്യ=കടുക്കാത്തോടു്. ഭൃകദംബം=നിലക്കടമ്പിൻവേരു്, (കുഞ്ഞിരിക്കവേർ എന്നും പക്ഷം) അരുഷ്കരം=ചേക്കുരു. കരഞ്ജം=പുങ്കിൻവേർതൊലി. വരണമൂലം=നീർമാതളവേർ പിപ്പലീമൂലം=കാട്ടുതിപ്പലിവേരു്. പൗഷ്കരം=പുഷ്കരമൂലം. ഇവ ഓരോന്നും പത്തുപലംവീതം. യവം=യവധാന്യം. കോലം=ലന്തക്കുരു. കുലത്ഥം=വഴമുതിര ഇവ ഇടങ്ങഴി ൧ വീതം. ഇവ ൨൪ ഇടങ്ങഴി വെള്ളത്തിൽ കഷായംവച്ചു നാലിലൊന്നാക്കി പിഴിഞ്ഞരിച്ചു് അതിൽ, ദ്വിപിപ്പലി=അത്തിത്തിപ്പലിയും ചെറുതിപ്പലിയും. ചവ്യം=കാട്ടുമുളകിൻവേരു്, വചാ=വയമ്പു്. നിചുളം=ആററുവഞ്ഞിവേർ. (കാനാഞ്ചി എന്നും ചിലർ പറയും.) രോഹിഷം=പെരുന്നുമ്പ. ത്രിവൃത്=ത്രികോല്പക്കൊന്ന. വിളംഗം=വിഴാലരി. കാമ്പില്യം=കമ്പിപ്പാലവേരു്. ഭാർങ്ഗി=ചെറുതേക്കിൻവേരു് ഇവ കല്ക്കം. ഒരിടങ്ങഴി നെയ്യുചേർത്തു കാച്ചിയരിച്ചു സേവിക്ക. യവവും വഴമുതിരയും ലന്തക്കുരുവും വച്ചൂററി രസമെടുത്താണ് ചേർക്കേണ്ടതു്. പ്രമേഹപിടകകൾ, പാണ്ഡു, വിദ്രധി, ഗുന്മം, അർശ്ശസ്സ്, ക്ഷയം, ശോഫം, കൈവിഷം, മഹോദരം, ശ്വാസകാസങ്ങൾ, ഛർദ്ദി, വൃദ്ധി, പ്ലീഹാവു്, വാതരക്തം, കുഷ്ഠം, ഉന്മാദം, അപസ്മാരം ഇവ ശമിക്കും.

### ൨൮. പപ്പണാദി.

പപ്പണരസോനമുണ്ഡാശക്രലതായക്ഷുദ്രക്സ്വരസേ
കൃഷ്ണാദ്വിജീരകൈശ്ച ചിത്രാതൈലേന ചാന്വിതം സർപ്പിഃ
സിദ്ധം വൃദ്ധിഹരഞ്ചോദ്ദിഷ്ടം സപദി പ്രലേപപാനാഭ്യാം

പർപ്പടകം=പാവട്ടക്കരുന്നു (വേർ) രസോനം=വെള്ളുള്ളി. മുണ്ഡ=കടങ്ങൽ (മുത്തിൾ) ശക്രലതാ=ഉഴിഞ്ഞ. യക്ഷദ്രുക്=കഴഞ്ചി (ട്ടി)ക്കുരുന്നു. ഇവററിൻചാററിൽ (കഷായത്തിൽ) കൃഷ്ണ=ചെറുതിപ്പലി. ദ്വിജീരകം=ജീരകവും കരിംജീരകവും. കൽക്കംചേൎത്തു ചിത്രാതൈലം=ആവണക്കെണ്ണയും ഔചിത്യംപോലെ ഒരു അംശംകൂട്ടി നെയ്യ് കാച്ചിയരിച്ചു സേവിച്ചാലും ലേപനംചെയ്താലും വൃദ്ധിരോഗം ശമിക്കും.

## ൮൧. വരണാദി.

വരണചിത്രബലേന്ദ്രലതാഭയാ
ഹപുഷയക്ഷദ്രുഗഗ്നികണൗഷധൈഃ
സഹകുലത്ഥരസോനസുരദ്രുമൈഃ
പരിശ്രുതേ സലിലേ ത്രികണോഷണൈഃ
ലവണജീരകഹിംഗുബലാജടാ-
മരിചചവ്യസുരദ്രുമദീപ്യകൈഃ
ഘൃതമഥോരുബുതൈലസമന്വിതം
സകലവൃദ്ധ്യുദരാമയഗുന്മനുത്.

വരണം=നീർമാതളത്തിൻതൊലി. ചിത്ര=ആവണക്കിൻവേർ. ബല=കുറുന്തോട്ടിവേർ. ഇന്ദ്രലത=ഉഴിഞ്ഞ. അഭയ=കടുക്കാത്തോട്. ഹപുഷ=അടയ്ക്കാമണിയൻവേരു്. യക്ഷദ്രുക്=കഴഞ്ചിവേർ. അഗ്നി=കൊടുവേലിക്കിഴങ്ങ്. കണ=തിപ്പലി. ഔഷധം=ചുക്ക്. കുലത്ഥം=മുതിര. രസോനം=വെള്ളുള്ളി. സുരദ്രുമം=ദേവതാരം. ഇവററിൻ കഷായത്തിൽ ത്രികണ=തിപ്പലി, ചെറുതിപ്പലി, കാട്ടുതിപ്പലിവേരു്. ഊഷണം=വാൽമുളക്. ലവണം=ഇന്തുപ്പ്. ജീരകം. ഹിംഗു=കായം. ബലാ=കുറുന്തോട്ടിവേർ. ജടാ=ജടാമാഞ്ചി. മരിചം=കുരുമുളക്. ചവ്യം=കാട്ടുമുളകിൻവേരു്. സുരദ്രുമം=ദേവതാരം. ദീപ്യകം=അയമോദകം. ഇവ കൽക്കംചേൎത്തു ഊരുബുതൈലം=ആവണക്കെണ്ണയും നെയ്യുംചേൎത്തു കാച്ചിയരിച്ചു സേവിക്ക. എല്ലാമാതിരി വൃദ്ധിരോഗങ്ങളും ഗുന്മവും മററും ശമിക്കും.

## ൮൨. പുനൎന്നവാദി

പുനൎന്നവസ്യാൎദ്ധതുലാം തുലാം സ്ഫോട്യാഭുജംഗമാത്
ദശമൂലസ്യ പഞ്ചാശത് പലാനി ലശുനസ്യ ച
താവന്തിതോയേനിഷ്ക്വാഥ്യ തേനപ്രസ്ഥംഘൃതാത്പചേത്
ഏരണ്ഡതൈലയുക്തം വാ കൃഷ്ണാതന്മൂലസൈന്ധവൈഃ
യഷ്ടീമധൂകമൃദ്വീകായവാനിവിശ്വഭേഷജൈഃ
ഏതൈൎഹിംഗ്വാദിനാവാപി പ്രതിവാപം വിനിക്ഷിപേത്
സദ്ഗുശദ്ധം സാധിതം തത്തു ശൂലഗുന്മോദരാപഹം.

പുനൎന്നവ=തമിഴാമവേർ. അൎദ്ധതുലാം=൫൦ പലം. സ്ഫോട്യാംഭുജംഗമം=പുടയാവു് (എലിത്തടി) തുലാം ൧ (൧൦൦ പലം.) ദശമൂലം ലശുനം=വെള്ളുള്ളി ൫൦ പലം വീതം. കഷായംവച്ചു് ഇടങ്ങഴി പശുവിൻനെയ്യും ചേൎത്തു്, കൃഷ്ണ=തിപ്പലി. തന്മൂലം=കാട്ടുതിപ്പലിവേർ. സൈന്ധവം=ഇന്തുപ്പ്. യഷ്ടി=എരട്ടിമധുരം. മധൂകം=ഇലിപ്പക്കാതൽ. മൃദ്വീക=മുന്തിരിങ്ങാപ്പഴം. യവാനി=ജീരകം. വിശ്വഭേഷജം=ചുക്ക്. ഇവ കൽക്കമാക്കി പാലുംചേൎത്തു കാച്ചിയരിച്ചു സേവിക്ക. ആവണക്കെണ്ണ കൂടി കൂട്ടിയും, ഹിംഗുവചാദിചൂൎണ്ണം കൽക്കമായി ചേൎത്തും കാച്ചി സേവിക്കാവുന്നതാണ്. ശൂല, ഗുന്മം, മഹോദരം ഇവ ശമിക്കും.

## ൨൯. ശൂലാരികം.

സ്ഫോട്യാഭുജംഗമാദായ സ്വരസം യന്ത്രപീഡിതം
ചതുർഗ്ഗുണേ രസേ തസ്മിൻ ഘൃതപ്രസ്ഥം വിപാചയേത്
ദ്വിപഞ്ചമൂലസ്യരസം പ്രസ്ഥം പ്രസ്ഥാ പ്രദാപയേത്
അത്ര കല്കാനിമാൻ ദദ്യാത് കാർഷികാണി ഭിഷഗ്വരഃ
പഞ്ചഭിർല്ലവണൈര്യുക്തം ത്രികടുത്രിഫലാന്വിതം
കാരവീകടുരോഹിണ്യൌ മാതുലുംഗഫലം തഥാ
ദ്വിക്ഷാരഹിംഗുലവണമേലാചവ്യാജമോജകം
മൃദ്വീകാം കാകജിഹ്വാഞ്ച ദേവദാരു കറില്ലകം
വജ്രകം ശൂർപ്പമൂലഞ്ച വിഷമുഷ്ടേശ്ച പത്രകം
ഏതത് ശൂലാരികം നാമ ഘൃതമാത്രേയനിർമ്മിതം.

സ്ഫോട്യാഭുജംഗമം=പുടയാവു് (ഏലിത്തടി) ദ്വിപഞ്ചമൂലം=ദശമൂലം (൨൮-ാംയോഗം നോക്കുക) പുടയാവിൻനീരു പിഴിഞ്ഞതു ൪ ഇടങ്ങഴി, ദശമൂലകഷായം ൨ ഇടങ്ങഴി ചേർത്തു, ഒരിടങ്ങഴി നെയ്യുംചേർത്തു, പഞ്ചലവണം=ഇന്തുപ്പു്. കല്ലുപ്പു്, വെടിയുപ്പു്, വിളയുപ്പു്, കാരുപ്പു് ഇവ. ത്രികടു=ചുക്കു്, മുളകു്, തിപ്പലി, ത്രിഫലത്തോടു, കാരവി=കരിംജീരകം, കടുകുരോഹിണി. മാതുലുംഗഫലം=താളിമാതളക്കാ (ഉറുമാമ്പഴം) ദ്വിക്ഷാരം=ചവക്കാരവും തുവർച്ചിലക്കാരവും. ഹിംഗു=കായം, ലവണം=ഇന്തുപ്പു്. ഏല=ഏലത്തരി. ചവ്യം=കാട്ടുമുളകിൻവേർ. അജമോജകം=അയമോദകം. മൃദ്വീക=മുന്തിരിങ്ങ. കാകജിഹ്വാ=കാക്കത്തൊണ്ടിവേർ. (കറച്ചുലി എന്നും) ദേവദാരു=ദേവതാരം. കറില്ലകം=തമിഴാമവേർ വജ്റകം=ചതുരക്കള്ളിവേർ. ശൂർപ്പമൂലം=വലിയ കടലാടിവേരു്. വിഷമുഷ്ടിപത്രം=കാട്ടപ്പയില. ഇവ കൽക്കംചേർത്തു കാച്ചിയരിച്ചു സേവിക്ക. ശൂല ശമിക്കും.

## ൩൦. ദശസ്വരസഘൃതം.

ശതാവരീ മുത്തിൾ കരിന്തകാളി
മുതക്ക നക്താദ്രകവജ്രവല്ലീ
ത്രിപാദിക്രുശ്മാണ്ഡകരിമ്പിവററിൻ
ചാററിൽ ഘൃതം ക്ഷീരയുതം പചേത.
കല്യാണകാജ്യപ്രതിവാതയുക്തം
സിദ്ധം പരം കാമിലപാണ്ഡുഹാരി.

ശതാവരിക്കിഴങ്ങു്. മുത്തിൾ=കുടങ്ങൽ, കരിംകുടങ്ങൽ, പാൽമുതക്കിൻകിഴങ്ങു്. നക്തം=പച്ചമഞ്ഞൾ. ആദ്രകം=ഇഞ്ചി. വജ്റവല്ലി=ഉഴിഞ്ഞ. ത്രിപാദി=ചെറപ്പുള്ളടി. ക്രുശ്മാണ്ഡം=നെയ്ക്കുമ്പളങ്ങ. കരിമ്പു് ഇവ ഇടിച്ചുപിഴിഞ്ഞ നീരു് നെയ്യു നാലിരട്ടിയും നെയ്യു സമം പാലുംചേർത്തു ൩൩-ാം യോഗത്തിൽ പറയുന്ന കല്കങ്ങൾ ഇതിലും കല്കമാക്കി നെയ്യു് കാച്ചിഅരിച്ചു സേവിച്ചാൽ പാണ്ഡുവും കാമിലയും ശമിക്കും.

## ൩൧. ആദ്രകഘൃതം (൧)

തഥാദ്രകസ്യ സ്വരസേ വിപാകാം
തൽകല്കമാജ്യം സ്വായശ്ച തദ്വത്.

ഇഞ്ചിനീർ, പാൽ, നെയ്യു് ഇവ ചേർത്തു ൩൩-ാം യോഗംപോലെ കല്കംചേർത്തു കാച്ചിയരിച്ചു സേവിക്ക. കാമിലയും പാണ്ഡുവും ശമിക്കും.

## ൩൨. ആർദ്രകഘൃതം (൨)

ഇഞ്ചി മഞ്ഞളിവ നീർപിഴിഞ്ഞുടൻ
പാലുകൂട്ടിയതിൽ നെയ്യ് പുനഃ പചേത്
കുംഭികുംഭകനികുംഭപാചിതം
കുംഭകാമിലയിലേകമൌഷധം

ഇഞ്ചിനീർ, പച്ചമഞ്ഞൾനീർ, പാൽ, നെയ്യ്. ഇവ കൂട്ടി കുംഭി=ആറ്റാനക്കിൻവേർ, കുംഭകം=ത്രികോല്പക്കൊന്ന. നികുംഭം=നാഗദന്തിവേർ കല്ക്കം. കാച്ചിയരിച്ചു സേവിച്ചാൽ കാമില ശമിക്കും.

## ൩൩. കല്യാണഘൃതം

വരാവിശാലാഭദ്രൈലാദേവദാർവേലവാലുകൈഃ
ദ്വിശാരിബാദ്വിരജനീദ്വിസ്ഥിരാഫലിനീനതൈഃ
വേല്ലതാലീസപത്രൈലാമാലതീ മുകുളോല്പലൈഃ
ബൃഹതീകുഷ്ഠമഞ്ജിഷ്ഠാനാഗകേസരദാഡിമൈഃ
സദന്തീപത്മകഹിമൈഃ കർഷാംശൈഃ സർപ്പിഷഃ പചേത്
പ്രസ്ഥം ഭൂതഗ്രഹോന്മാദശ്വാസാപസ്മാരപാപ്മജിത്
പാണ്ഡൗ കുഷ്ഠേ വിഷേ ശോഷേ മേഹേ മോഹേ ജ്വരേ ഗരേ
അരേതസ്യല്പരജസി ദൈവോപഹതചേതസി
അമേധസി സ്ഖലദ്വാചി സ്മൃതികാമേഽല്പപാവകേ
ബല്യം മംഗല്യമായുഷ്യം കാന്തിസൗഭാഗ്യപുഷ്ടിദം
കല്യാണകമിദം സർപ്പിഃ ശ്രേഷ്ഠം പുംസവനേഷു ച.

വര=ത്രിഫലത്തോട്. വിശാല=കാട്ടുവെള്ളരി. ഭദ്രൈലം=ചിറ്റേലത്തരി. ദേവദാരു=ദേവതാരം, ഏലവാലുകം. ദ്വിശാരിബ=നറുനീണ്ടിക്കിഴങ്ങും പാൽവള്ളിക്കിഴങ്ങും. ദ്വിരജനി=മഞ്ഞളും മരമഞ്ഞൾത്തൊലിയും. ദ്വിസ്ഥിര=ഓരിലവേരും മൂവിലവേരും. ഫലിനി=ഞാഴൽപ്പൂവ്. നതം=തകരം. വേല്ലം=വിഴാലരിക്കാമ്പ്. താലീസപത്രം, ഏലത്തരി, മാലതീമുകുളം=പിച്ചകമൊട്ട്. ഉല്പലം=ചെങ്ങഴിനീർകിഴങ്ങ്. ബൃഹതി=ചെറുവഴുതിനവേര്. കുഷ്ഠം=കൊട്ടം. മഞ്ജിഷ്ഠ=മഞ്ചട്ടി. നാഗകേസരം=നാഗപ്പൂ. ഡാഡിമം=മാതള (താളിമാതള)ക്കായ് ദന്തി=നാഗദന്തിവേർ. പത്മകം=പതിമുകം. ഹിമം=ചന്ദനം. കർഷാംശം=മൂന്നു കഴഞ്ചുവീതം. സർപ്പിഷഃപ്രസ്ഥം=മുന്നിടങ്ങഴിനെയ്യ്. ചേർത്തു കാച്ചി അരിച്ചുസേവിക്കും. ഭൂതഗ്രഹപീഡ, ഉന്മാദം, ശ്വാസരോഗം, അപസ്മാരം, പാപം ഇവ ശമിക്കും. പാണ്ഡു, കുഷ്ഠം, വീക്കം, ക്ഷയം, പ്രമേഹം, ജ്വരം മുതലായവയ്ക്കും നന്ന്. ക്ഷീണശുക്ലന്മാരായവർക്കും, അല്പരജസ്സായസ്ത്രീക്കും, മാനസികരോഗങ്ങൾക്കും വാക്കിന്നു തെളിവുണ്ടാകാനും, ഓർമ്മയും അഗ്നിദീപ്തിയും വർദ്ധിക്കാനും ഇതു് ഉത്തമമാകുന്നു. ബലകരവും മംഗല്യപ്രദവും ആയുസ്സ്, കാന്തി, സൌഭാഗ്യം, പുഷ്ടി ഇവയെ ഉണ്ടാക്കുന്നതുമാണ്. ഗർഭോല്പാദകരമാകുന്നു.

## ൩൪. മഹാകല്യാണകഘൃതം.

ഏഭ്യോ ദ്വിശാരിബാദീനി ജലേ പക്ത്വൈകവിംശതിം
രസേ തസ്മിൻ പചേത് സർപ്പിർഗൃഷ്ടിക്ഷീരചതുർഗ്ഗുണം
വീരർദ്ധിമേദാ കാകോളീ കപികച്ഛുവിഷാണിഭിഃ

സൂപ്യപർണ്ണീയുതൈരേതന്മഹാകല്യാണകം സ്മൃതം
ബൃംഹണം സന്നിപാതഘ്നം പൂർവ്വസ്മാദധികം ഗുണൈഃ

മേൽപറഞ്ഞ ൩൩-ാംയോഗത്തിൽ ദ്വിശാരിബ തുടങ്ങിയുള്ള ൨൧ മരുന്നുകൾ കഷായംവച്ച് അതിൽ ഗൃഷ്ടിക്ഷീരം=ഒന്നു പെററപശുവിൻപാലും ചേൎത്തു നെയ്യ് കാച്ചുക. കല്ക്കം— വീര=കോവൽക്കിഴങ്ങ്. ഋദ്ധി=ചെറിയ കാട്ടുമുതിര (എന്നാൽ ഋദ്ധി ഇതല്ലെന്നും കിട്ടുന്നില്ലെന്നും പകരം നിലപ്പനക്കിഴങ്ങു ചേൎക്കണമെന്നും മതാന്തരം) മേദ മഹാമേദ (ഇവയ്ക്കു പകരം ശതാവരിക്കിഴങ്ങ് ഇരട്ടി) കാകോലി ക്ഷീരകാകോലി (ഇവയ്ക്കു് അമുക്കുരം ഇരട്ടി) കപികച്ഛു=നായ്ക്കുരുണവേർ വിഷാണി=ആട്ടുകൊട്ടപ്പാല. സൂപ്യപൎണ്ണികൾ=കാട്ടുഴുന്നിൻവേരും കാട്ടുപയററിൻവേരും. കാച്ചി അരിച്ചു സേവിക്ക. ൩൩-ാംയോഗത്തിൽ പറഞ്ഞ ഗുണങ്ങൾക്കുപുറമേ ഇതു ത്രിദോഷഹരവും പോഷിപ്പിക്കുന്നതുമാകുന്നു.

## ൩൪. കൂശ്മാണ്ഡകഘൃതം

കൂശ്മാണ്ഡകം സമാദായ ജലദ്രോണേ വിപാചയേത്
ചതുൎഭാഗാവശിഷ്ടേ തു കല്ക്കദ്രവ്യാണി പേഷയേത്
ജീവന്തീം മുദ്ഗപൎണ്ണീം ച മുസ്താം പൎപ്പടകം തഥാ
രാസ്നാം ശുണ്ഠീം ച ഭാൎങ്ഗീം ച പിപ്പലീം മധുയഷ്ടികാം
സൈന്ധവം പിപ്പലീമൂലം ചിത്രകം ഹസ്തിപിപ്പലീം
പൃഥഗൎദ്ധപലാന്യേതാന്യതഃ സൎപ്പിശ്ചതുൎഗ്ഗുണേ
ക്ഷീരേ ചേക്ഷുരസേ തദ്വച്ചൂൎണ്ണൈൎമൃദ്വഗ്നിനാ പചേത്
ഏതത്സൎപ്പിഃ പീയമാനം സൎവ്വക്ഷയവിനാശനം
വിശേഷാത് പിത്തജം ശോഷം ഗുന്മം സ വിഷമജ്വരം
ഹന്തി കൂശ്മാണ്ഡകഘൃതമേതദ്വൎണ്ണ്യം ബലപ്രദം.

പഴയ കുമ്പളങ്ങ (൧൦൦ പലം) ൧൬ ഇടങ്ങഴി വെള്ളത്തിൽ കഷായംവച്ചു നാലിലൊരുഭാഗം ആക്കി പിഴിഞ്ഞരിച്ചു ജീവന്തി=അടപൊതിയൻകിഴങ്ങ്. മുദ്ഗപൎണ്ണീ=കാട്ടുപയററിൻവേർ. മുസ്ത=മുത്തങ്ങ. പൎപ്പടകം=പൎപ്പടകപ്പുല്ല്. രാസ്ന=ചിററരത്ത. ശുണ്ഠി=ചുക്ക്. ഭാൎങ്ഗി=ചെറുതേക്കിൻവേർ. പിപ്പലി=തിപ്പലി. മധുയഷ്ടിക=ഇരട്ടിമധുരം. സൈന്ധവം=ഇന്തുപ്പ്. പിപ്പലീമൂലം=കാട്ടുതിപ്പലിവേർ. ചിത്രകം=കൊടുവേലിക്കിഴങ്ങ്. ഹസ്തിപിപ്പലി=അത്തിത്തിപ്പലി. ഇവ അരപ്പലം വീതം, നെയ്യ് ഇടങ്ങഴി ൧, പാൽ, കരിമ്പിൻനീർ ഇവ ൪ ഇടങ്ങഴിവീതം, മൃദ്വഗ്നിയിൽ പചിച്ച് അരിച്ചു സേവിക്ക. എല്ലാമാതിരി ക്ഷയരോഗങ്ങളും ഗുന്മവും വിഷമജ്വരവും ശമിപ്പിക്കും. വൎണ്ണത്തെ തെളിയിക്കുന്നതും ബലപ്രദവുമാകുന്നു.

## ൩൫. മഹാകൂശ്മാണ്ഡകഘൃതം

കൂശ്മാണ്ഡകവിദാരീക്ഷു വാശാ ധാത്രീ ശതാവരീ
രംഭാ ശ്വദംഷ്ട്രാ ജീവന്തീ വാജിഗന്ധാ മഹാബലാ
ശാരിബാ ജലമേതേഷാം പ്രസ്ഥം പ്രസ്ഥം പൃഥക് പൃഥക്
നാളീകേരോദകപ്രസ്ഥം ദ്വിപ്രസ്ഥം ഗോഘൃതസ്യ ച
അജാനാം ച പയഃപ്രസ്ഥം കല്ക്കദ്രവ്യാണി പേഷയേത്
ദ്രാക്ഷാധാഡിമഖൎജ്ജൂരധാന്യജീരകചന്ദനം
യഷ്ടീ ത്രിജാതകം മുസ്താപഞ്ചകോലലവംഗകം

വിളംഗമപി തക്കോലം പത്മകോശീരവാലുകം
രജനീ ത്രിഫലാ കുഷ്ഠം ശാരിബാ നാഗകേസരം
കൗന്തീ യവാനീ വാശാഖ്യം മരിചം കൃഷ്ണജീരകം
ഏതാനി സമഭാഗാനി കല്ക്കീകൃത്യ വിപാചയേത്
നവവസ്ത്രേണ ബദ്ധേന വിപചേദ് ഭിഷഗുത്തമഃ
ക്ഷൗദ്രപ്രസ്ഥം വിനിക്ഷിപ്യ ദിനപൂർവ്വം ഘൃതം പിബേത്
ജ്വരകാസക്ഷയശ്വാസവാതരക്തവിഷാൽത്തിജിത്
രക്തഗുന്മം പിത്തരക്തമസ്ഥിസ്രാവഞ്ച ശോണിതം
മൂത്രകൃച്ഛ്റാശ്മരീപാണ്ഡുകാമിലാമേഹനാശനം
അന്യാംശ്ച പിത്തജാൻ രോഗാൻ വാതജാനപി നാശയേത്
മംഗല്യം പൂജിതം ശ്രേഷ്ഠം ബലധാതുവിവർദ്ധനം
നരാണാം വീര്യവൃദ്ധിഞ്ച തഥാ സ്ത്രീണാം തതോധികം
വന്ധ്യാനാം ലഭതേ ഗർഭം ഗർഭിണീനാഞ്ച ശസ്യതേ
മഹാകൂശ്മാണ്ഡകാ സർപ്പിരശ്വിഭ്യാം നിർമ്മിതം പുരാ.

കൂശ്മാണ്ഡകം=പഴയ കുമ്പളങ്ങ. വിദാരി=പാൽമുതക്കിൻകിഴങ്ങ്. ഇക്ഷു=കരിമ്പ്. വാശാ=ആടലോടകവേർ. ധാത്രി=പച്ചനെല്ലിക്ക, ശതാവരിക്കിഴങ്ങ്. രംഭ=കദളിവാഴമാണം. ശ്വദംഷ്ട്ര=നായ്ക്കുരുണവേർ ജീവന്തി=അടപൊതിയൻകിഴങ്ങ്. വാജിഗന്ധ=അമുക്കുരം. മഹാബല=വൻകുറുന്തോട്ടിവേർ. ശാരിബാ=നറുനീണ്ടിക്കിഴങ്ങ്. ഒടുവിൽ പറഞ്ഞ അഞ്ചും ആടലോടകവേരും കഷായംവച്ചും, മററുള്ളവ ഇടിച്ചുപിഴിഞ്ഞോ അല്ലെങ്കിൽ കഷായംവച്ചോതന്നെ ചേക്കാം. നാളികേരോദകപ്രസ്ഥം=ഒരിടങ്ങഴി കരിക്കിൻവെള്ളം. ഗോഘൃതംദ്വിപ്രസ്ഥം=രണ്ടിടങ്ങഴി പശുവിൻനെയ്യ്. അജാപയസ്സ്=ആട്ടിൻപാൽ ഇടങ്ങഴി ൧. കൽക്കത്തിന്—ദ്രാക്ഷാ=മുന്തിരിങ്ങാപ്പഴം. ദാഡിമം=മാതളങ്ങ (ഉറുമാമ്പഴം) ഖർജ്ജൂരം=ഈന്തപ്പഴം. ധാന്യം=കൊത്തമ്പാലരി, ജീരകം, ചന്ദനം. യഷ്ടി=ഇരട്ടിമധുരം. ത്രിജാതകം=ഏലം, ഇലവർങ്ഗം, പച്ചില. മുസ്ത=മുത്തങ്ങ. പഞ്ചകോലം=കാട്ടുമുളകിൻവേർ, കാട്ടുതിപ്പലിവേർ, തിപ്പലി, ചുക്ക്, കൊടുവേലിക്കിഴങ്ങ് ഇവ. ലവംഗം=ഗ്രാമ്പൂ. (കരയാമ്പൂ) വിളംഗം=വിഴാലരിക്കാമ്പ്. തക്കോലം=തക്കോലപ്പുട്ടിൽ. പത്മകം=പതിമുതകം ഉശീരം=രാമച്ചം. വാലുകം=ഏലാവാലുകം. രജനി=വറട്ടുമഞ്ഞൾ. ത്രിഫലത്തോട്. കുഷ്ഠം=വെള്ളക്കൊട്ടം. ശാരിബാ=നറുനീണ്ടിക്കിഴങ്ങ്. നാഗകേസരം=നാഗപ്പൂവ്. കൌന്തി=അരേണുകം. യവാനി=അയമോദകം. വാശ=ആടലോടകംവേര്. മരിചം=കുരുമുളക്. കൃഷ്ണജീരകം=കരിംജീരകം. അരച്ചു കലക്കി നെയ്യുംചേർത്തു കാച്ചിഅരിച്ച് ഇടങ്ങഴി തേൻചേർത്തു കടഞ്ഞ് ദിനപൂർവ്വം=രാവിലെ സേവിക്ക. ജ്വരം, കാസം, ക്ഷയം, ശ്വാസം, വാതരക്തം, വിഷം ഇവ ശമിക്കും. രക്തഗുന്മം, രക്തപിത്തം അസ്ഥിസ്രാവം, അസൃഗ്ദരം, മൂത്രകൃച്ഛ്റം അശ്മരി, കാമില, പ്രമേഹം, വാതപിത്തജങ്ങളായ മററു രോഗങ്ങൾ ഇവ ശമിക്കും.

### ൩൭. പടോലാദിഘൃതം

പടോലനിംബകടുകാ ദാർവ്വീസേവ്യവരാവൃഷം
സധന്വയാഷത്രായന്തിപർപ്പടാഃ പാലികാഃ പൃഥക്
പ്രസ്ഥമാമലകാനാഞ്ച ക്വാഥയേദർമ്മണേഽംഭസി
തദാഢകേഽർദ്ധപാലികൈഃ പിഷ്ടൈഃ പ്രസ്ഥം ഘൃതാത്പചേൽ
മുസ്താ ഭൂനിംബയഷ്ട്യാഹ്വകുടജോദീച്യചന്ദനൈഃ

സപിപ്പലീകൈസ്സൽ സപ്പിർഘ്രാണകണ്ണാക്ഷിരോഗജിത്
വിദ്രധീജ്വരദുഷ്ടാരുവിസപ്പാപചികുഷ്ഠനുത്
വിശേഷാച്ഛുക്ലതിമിരനക്താന്ധ്യോഷ്ണാമ്ലദാഹഹൃത്

പടവലം, നിംബം=വേപ്പിൻതൊലി. കടുക=കടുകരോഹിണി. ദാവീ=മരമഞ്ഞൾതൊലി. സേവ്യം=രാമച്ചം. വരാ=ത്രിഫലത്തോട്. വൃഷം=ആടലോടകവേരു്. ധന്വയാഷം=കൊടിത്തുവവേർ. ത്രായന്തി=ബ്രഹ്മി. പർപ്പടം=പർപ്പടകപ്പുല്ലു്. ഇവ ഓരോ പലംവീതം പല്ലനെല്ലിക്ക ഇടങ്ങഴി ൧. ഇവ അമ്മണേഅംഭസി=൧൬ ഇടങ്ങഴി വെള്ളത്തിൽ കഷായംവച്ചു നാലിലൊന്നാക്കി പിഴിഞ്ഞരിച്ചു് ഇടങ്ങഴി നെയ്യുംചേത്തു മുസ്തം=മുത്തങ്ങ. ഭൂനിംബ=പുത്തരിച്ചുണ്ടവേർ. യഷ്ട്യാഹ്വം=എരട്ടിമധുരം. കുടജം=കുടകപ്പാലയരി. ഉദീച്യം=ഇരുവേലി (ഇതിന്ന അയമോദകമെന്നും അത്ഥം പറഞ്ഞുകാണുന്നു.) ഉശീരം എന്ന പാഠപ്രകാരം രാമച്ചം എന്നത്ഥം. ചന്ദനം, ചെറുതിപ്പലി ഇവ അരപ്പലംവീതം അരച്ചുകലക്കി കാച്ചിഅരിച്ചു സേവിക്ക. നാസാരോഗങ്ങൾ, കണ്ണുരോഗങ്ങൾ, നേത്രരോഗങ്ങൾ ഇവ ശമിക്കും. വിദ്രധി, ജ്വരം, ദുഷ്ടവ്രണം, വിസപ്പം, അപചി കുഷ്ഠം ഇവയെ ശമിപ്പിക്കും. നക്താന്ധ്യം=മാലക്കണ്ണു്, തിമിരം മുതലായ രോഗങ്ങളെയും ശമിപ്പിക്കും.

### ൩൮. ജീവന്ത്യാദി

തുലാം പചേത് ജീവന്ത്യാ ദ്രോണേഽപാം പാദശേഷിതേ
തൽകഷായേ ദ്വിഗുണക്ഷീരം ഘൃതപ്രസ്ഥം വിപാചയേത്
പ്രപൗണ്ഡരീകകാകോളീപിപ്പലീലോദ്ധ്രസൈന്ധവൈഃ
ശതാഹ്വാമധുകദ്രാക്ഷാസിതാദാരുഫലത്രയൈഃ
കാർഷികൈർന്നിശി തത് പീതം തിമിരാപഹരം പരം.

ജീവന്തി=അടപൊതിയൻകിഴങ്ങു് പലം ൧൦൦. ൧൬ ഇടങ്ങഴി വെള്ളത്തിൽ കഷായംവെച്ചു നാലിടങ്ങഴിയാക്കി പിഴിഞ്ഞരിച്ചു് ഇടങ്ങഴി നെയ്യും രണ്ടിടങ്ങഴി പാലുംചേത്തു, പ്രപൌണ്ഡരീകം=പുണ്ഡരീകക്കുറിമ്പു്, കാകോളി (പകരം അമുക്കുരം) പിപ്പലി=ചെറുതിപ്പലി. ലോദ്ധ്രം=പാച്ചോററിത്തൊലി. സൈന്ധവം=ഇന്തുപ്പു് ശതാഹ്വാ=ശതകുപ്പ. മധുകം=ഇരട്ടിമധുരം. ദ്രാക്ഷ=മുന്തിരിങ്ങാപ്പഴം. സിത=പഞ്ചസാര. ദാരു=ദേവതാരം. ഫലത്രയം=ത്രിഫലത്തോടു് ഇവ മൂന്നുകഴഞ്ചുവീതം അരച്ചുചേത്തു കാച്ചി അരിച്ചു രാത്രി സേവിക്ക. തിമിരരോഗം ശമിക്കും.

### ൩൯. ഗ്രഹണ്യന്തകം

പാഠാചവ്യകരഞ്ജയുഗ്മശരപുംഖാഗ്ന്യബ്ദശുണ്ഠീരസേ
സിദ്ധം സൈന്ധവപഞ്ചകോലകവിഷാദ്വിക്ഷാരഹിംഗ്വംബുഭിഃ
സാജാജീദ്വയദീപ്യകൈർഘൃതമജാദധ്നാരസേനാദ്രകാ-
ച്ചാർങ്ഗേര്യ്യാശ്ച രസേന വഹ്നിജനനം ഗുന്മഗ്രഹണ്യന്തകം.

പാഠാ=പാടക്കിഴങ്ങു്. ചവ്യം=കാട്ടുമുളകിൻവേർ. കരഞ്ജയുഗ്മം=പുങ്കിൻവേർതൊലി, ആവിൽതൊലി. ശരപുംഖം=കൊഴിഞ്ഞിൽവേർ. അഗ്നി=കൊടുവേലിക്കിഴങ്ങു്. അബ്ദം=മുത്തങ്ങ. ശുണ്ഠി=ചുക്കു്. ഇവററിൻകഷായത്തിൽ സൈന്ധവം=ഇന്തുപ്പു്. പഞ്ചകോലം=കാട്ടുമുളകിൻവേർ, കാട്ടുതിപ്പലിവേര്, ചുക്കു്, തിപ്പലി. കൊടുവേലിക്കിഴങ്ങു്. ദ്വിക്ഷാരം=ചവക്കാരവും തുവച്ചിലക്കാരവും ഹിംഗു=കായം. അംബു=ഇരുവേലി. അജാജീദ്വയം=ജീരകവും കരിംജീരകവും. ദീപ്യകം=അയമോദകം. ഇവ കൽക്കംചേത്തു നെയ്യും ആട്ടിൻതൈരും, ഇഞ്ചിനീരും, പുളി

യാൽനീരും ചേൎത്തു് കാച്ചിയരിച്ചു സേവിക്ക. അഗ്നിദീപ്തിയുണ്ടാകും. ഗുന്മവും ഗ്രഹണിയും ശമിക്കും.

## ൪൦ ബ്രഹ്മീഘൃതം (൧)

ബ്രഹ്മീസിദ്ധാൎത്ഥകവചാശാരിബാകുഷ്ഠസൈന്ധവൈഃ
സകണൈസ്സാധിതം പീതം വാങ്മേധാസ്മൃതികൃദ് ഘൃതം.

ബ്രഹ്മി. സിദ്ധാൎത്ഥകം=കടുക്. വചാ=വയമ്പു. ശാരിബാ=നറുനീണ്ടിക്കിഴങ്ങ്. കുഷ്ഠം=വെള്ളക്കൊട്ടം. സൈന്ധവം=ഇന്തുപ്പ്. കണ=തിപ്പലി. ഇവ കല്ക്കം ചേൎത്തു നെയ്യ് കാച്ചിയരിച്ചു സേവിക്ക. വാക്കിന്റെ തെളിവും ധാരണശക്തിയും ഓൎമ്മയും വൎദ്ധിക്കും

## ൪൧. ബ്രഹ്മീഘൃതം (൨)

ദ്വിപ്രസ്ഥേ സ്വരസാത് ബ്രഹ്മ്യാഃ ഘൃതപ്രസ്ഥഞ്ച സാധിതം
വ്യോഷശ്യാമാ ത്രിവൃത്ദന്തീ ശംഖപുഷ്പൈനൃപദ്രുമൈഃ
സസപ്തലാകൃമിഹരൈഃ കല്ക്കിതൈരക്ഷസമ്മിതൈഃ
പലവൃദ്ധ്യാ പ്രയുഞ്ജീത പരാ മാത്രാ ചതുഷ്പലം
ഉന്മാദകുഷ്ഠാപസ്മാരഹരം വന്ധ്യാസുതപ്രദം
വാക്‌സ്വരസ്മൃതിമേധാകൃദ്ധന്യം ബ്രഹ്മീഘൃതം സ്മൃതം

ബ്രഹ്മിനീർ ഇടങ്ങഴി ൨. നെയ്യ് ഇടങ്ങഴി ൧. വ്യോഷം=ചുക്ക്, മുളക്, തിപ്പലി. ശ്യാമ=ത്രികോല്പക്കൊന്ന. ത്രിവൃത്=ശിവത. ദന്തി=നാഗദന്തിവേർ. ശംഖപുഷ്പവേർ. നൃപദ്രുമം=കൊന്നവേർതൊലി, സപ്തല=ഏഴിലമ്പാലവേർതൊലി. കൃമിഹരം=വിഴാലരിക്കാമ്പ്. ഇവ ൩ കഴഞ്ചുവീതം ചേൎത്തു കാച്ചിയരിച്ചു സേവിക്ക. ഉന്മാദം, കുഷ്ഠം, അപസ്മാരം ഇവയെ ശമിപ്പിക്കും. ഗൎഭകരവും, വാക്കിന്റെ തെളിവും, ഓൎമ്മശക്തിയും, ധാരണാശക്തിയും ഉണ്ടാക്കുന്നതുമാകുന്നു.

## ൪൨. ബ്രഹ്മീഘൃതം (൩)

സമൂലപത്രമുദ്ധൃത്യ ബ്രഹ്മീം പ്രക്ഷാള്യ വാരിണാ
ഉലൂഖലേ തു സംക്ഷുദ്യ രസം സാധുനിപീഡയേത്
ചതുൎഗ്ഗുണരസേ തസ്മിൻ ഘൃതപ്രസ്ഥം വിപാചയേത്
ഹരിദ്രാമലകീ ചൈവ ത്രിവൃതാ ച ഹരീതകി
ഏതേഷാം പാലികാ ഭാഗാഃ സ്മൃതശേഷാസ്തു കാൎഷികാഃ
പിപ്പല്യോഥ വിഡംഗാനി സൈന്ധവം ശൎക്കരാ വചാ
ഏതത് പ്രാശിതമാത്രേണ വാഗ്വിശുദ്ധിസ്തു ജായതേ
ഏതത് ബ്രഹ്മീഘൃതം ധന്യം സരസ്വത്യാ വിനിൎമ്മിതം.

ബ്രഹ്മി സമൂലം കഴുകി ഇടിച്ചുപിഴിഞ്ഞനീരു് ഇടങ്ങഴി ൪. നെയ്യ് ഇടങ്ങഴി ൧. ഹരിദ്ര=വറട്ടുമഞ്ഞൾ. ആമലകം=നെല്ലിക്കാത്തോട്. ത്രിവൃത=ത്രികോല്പക്കൊന്ന. ഹരീതകി=കടുക്കാത്തോട്. ഇവ പലം ൧ വീതം. പിപ്പല്യഃ=തിപ്പലി, ചെറുതിപ്പലി, കാട്ടുതിപ്പലിവേർ ഇവ. വിഡംഗം=വിഴാലരി. സൈന്ധവം=ഇന്തുപ്പ്. ശൎക്കര=പഞ്ചസാര. വചാ=വയമ്പ്. ഇവ ൩ കഴഞ്ചുവീതം അരച്ചുചേൎത്തു കാച്ചിയരിച്ചു സേവിക്ക. വാക്കിന്റെ ശുദ്ധിവരും.

## ൪൬. അഷ്ടാംഗഘൃതം.

വചേന്ദുലേഖാ മണ്ഡൂകീ ശംഖപുഷ്പാ ശതാവരീ
ബ്രഹ്മസോമാമൃതാ ബ്രഹ്മീ കല്ക്കീകൃത്യ പലാംശികാഃ
അഷ്ടാംഗം വിപചേത്സർപ്പിഃ പ്രസ്ഥം ക്ഷീരചതുർഗ്ഗുണം
തൽപീതം ധന്യമായുഷ്യം വാങ്മേധാസ്മൃതിബുദ്ധികൃത്

വചാ=വയമ്പ്. ഇന്ദുലേഖ=കടലാടി. മണ്ഡൂകി=കുടങ്ങൽ. ശംഖപുഷ്പി=ശംഖുപുഷ്പവേര്. ശതാവരിക്കിഴങ്ങ്. ബ്രഹ്മസോമ=സോമലത. അമൃത=ചിററമൃത്. ബ്രഹ്മി ഇവ ഓരോ പലംവീതം കല്ക്കമാക്കി ഇടങ്ങഴി നെയ്യും നാലിടങ്ങഴി പാലുംചേൎത്തു കാച്ചിയരിച്ചു സേവിക്ക. ആയുസ്സ്, ഓൎമ്മ, ബുദ്ധി, വാക്ക് ഇവ വൎദ്ധിക്കും.

## ൪൭. സാരസ്വതഘൃതം (൧)

ത്രിഫലാ ലക്ഷ്മണാനന്താ സമംഗാ ശാരിബാ വചാ
ബ്രഹ്മീ പാഠാ ദ്വിബൃഹതീ ദ്വിസ്ഥിരാ ദ്വിപുനൎന്നവാ
സഹദേവീ രവേർവ്വല്ലീ പയസ്യാ ഗിരിമല്ലികാ
തോയകുംഭേ പചേദേതത് പലാംശം പാദശേഷിതം
തേന കൌന്തീവചാകുഷ്ഠകൃഷ്ണാസൈന്ധവസർഷപൈഃ
നീരുക്സത്രുപവത്സായാസ്സംയുക്തം പയസാ ച ഗോഃ
പുഷ്യയോഗേ ഘൃതപ്രസ്ഥം സഹേമശകലം ശ്രൃതം
പാനാഭ്യഞ്ജനഭോജ്യേഷു സ്മൃതി മേധാകരം പരം
രക്ഷോഘ്നഞ്ച വിഷഘ്നഞ്ച സാരസ്വതമിദം ഘൃതം.

ത്രിഫലത്തോട്. ലക്ഷണ=തിരുതാളി. അനന്ത=കൊടിത്തൂവവേര്. സമംഗ=പാച്ചൊററിവേര്. ശാരിബ=നറുനീണ്ടിക്കിഴങ്ങ്. വച=വയമ്പ്. ബ്രഹ്മി=പാടക്കിഴങ്ങ്. ദ്വിബൃഹതി=ചെറുവഴുതിനവേരും വെൺവഴുതിനവേരും. ദ്വിസ്ഥിര=ഓരിലവേരും മൂവിലവേരും. ദ്വിപുനൎന്നവ=തമിഴാമ രണ്ടും. സഹദേവി=പൂവൻകുറുന്തൽ. രവിവല്ലി=വേനാടത്തൊലി. (എരുക്കിൻവേർ എന്നും പക്ഷം) പയസ്യ=അടപൊതിയൻകിഴങ്ങ്. ഗിരിമല്ലിക=കുടകപ്പാലവേർതൊലി ഇവ പലം ൧ വീതം. ൧ന ഇടങ്ങഴി വെള്ളത്തിൽ കഷായംവച്ചു നാലിലൊന്നാക്കി, കൌന്തി=അരേണുകം. വച=വയമ്പ്. കുഷ്ഠം=വെള്ളക്കൊട്ടം കൃഷ്ണ=തിപ്പലി. സൈന്ധവം=ഇന്തുപ്പ്. സർഷപം=കടുക്. ഇവ കല്ക്കംചേൎത്തു രോഗമില്ലാത്തതും തുല്യനിറമുള്ള കുട്ടിയോടുകൂടിയതുമായ പശുവിൻെറ പാലും ചേൎത്തു ഇടങ്ങഴി നെയ്യ്ചേൎത്തു കാച്ചിയരിച്ചു സ്വൎണ്ണവും അരച്ചുചേൎത്തു സേവിക്ക. ആഹാരത്തിൽ കൂട്ടിയും തേയ്ക്കാനും ഉപയോഗിക്കാം. ബുദ്ധി വൎദ്ധിക്കും; രക്ഷോബാധയ്ക്കും വിഷത്തിനും നന്ന്.

## ൪൮. സാരസ്വതഘൃതം (൨)

അജാക്ഷീരേഽഭയാവ്യോഷപാഠോഗ്രാശിഗ്രുസൈന്ധവൈഃ
സിദ്ധം സാരസ്വതം സൎപ്പിർവാങ്മേധാസ്മൃതിവഹ്നികൃത്.

അഭയ=കടുക്കാത്തോട്. വ്യോഷം=ചുക്ക്, മുളക്, തിപ്പലി. പാഠ=പാടക്കിഴങ്ങ്. ഉഗ്ര=വയമ്പ്. ശിഗ്രു=മുരിങ്ങവേർതൊലി. സൈന്ധവം=ഇന്തുപ്പ്, ഇവകല്ക്കം ചേൎത്തു ആട്ടിൻപാല് നെയ്യ് ഇവ കൂട്ടി കാച്ചിയരിച്ചു സേവിക്ക. വാക്കിനും ധാരണയ്ക്കും ഓൎമ്മയ്ക്കും അഗ്നിദീപ്തിക്കും നന്ന്.

## ൪൫. സമംഗാദി.

സമംഗാധാതകീലോദ്ധ്റ കടന്നടബലാദ്വയൈഃ
മഹാസഹാ ക്ഷുദ്രസഹാ മുദ്ഗവില്വശലാടുഭിഃ
സകാർപ്പാസീഫലൈസ്തോയേ സാധിതൈസ്സാധിതം ഘൃതം
ക്ഷീരമസ്തുയുതം ഹന്തി ശീഘ്രം ദന്തോത്ഭവോത്ഭവാൻ
വിവിധാനാമയാനേതദ്വൃദ്ധകാശ്യപനിർമ്മിതം.

സമംഗ=പടച്ചുണ്ട. ധാതകി=താതിരിപ്പൂവു്. ലോദ്ധ്റം=പാച്ചോററിത്തൊലി കടന്നട=പലകപ്പയ്യാനിവേർ. ബലാദ്വയം=കുറുന്തോട്ടിവേരും ആനക്കുറുന്തോട്ടിവേരും. മഹാസഹ=മൂവിലവേർ. ക്ഷുദ്രസഹ=ഓരിലവേർ. മുദ്ഗം=ചെറുപയർ. വില്വശലാടു=ഇളയകൂവളക്കായു്. കാർപ്പാസീഫലം=കുരുപ്പരുത്തിക്കായു്. ഇവകഷായംവെച്ചു നെയ്യും പാലും, തൈർവെള്ളവും കൂട്ടി കാച്ചിയരിച്ചു സേവിക്ക. കുട്ടികൾക്കു ആദ്യമായി പല്ലുമുളയ്ക്കുന്ന കാലത്തുണ്ടാകുന്ന രോഗോപദ്രവങ്ങൾ ശമിക്കും.

## ൪൬. മഹാപൈശാചകം ഘൃതം.

ജടിലാ പൂതനാ കേശീ ചാരടീ മർക്കടീ വചാ
ത്രായമാണാ ജയാവീരാ ചോരകഃ കടുരോഹിണീ
കായസ്ഥാ സൂകരീ ഛത്രമതിച്ഛത്രം പലംകഷാ
മഹാപുരുഷദന്താ ച വയസ്ഥാ നാകുലീദ്വയം
കടംഭരാ വൃശ്ചികാളീ ശാലിപർണ്ണീ ച തൈർഘൃതം
സിദ്ധം ചാതുർത്ഥികേ ന്മാദഗ്രഹാപസ്മാരനാശനം
മഹാപൈശാചകന്നാമ ഘൃതമേതദ്യഥാമൃതം
ബുദ്ധിമേധാസ്മൃതികരം ബാലാനാഞ്ചാംഗവർദ്ധനം.

ജടില=ജടാമാഞ്ചി. പൂതന=കടുക്കാത്തോടു്. കേശി=മാഞ്ചി. ചാരടീ=ഓരിലത്താമര. മർക്കടി=നായ്ക്കുരുണവേർ. വച=വയമ്പു്, ത്രായമാണ=ബ്രഹ്മി. അജയ=മുഞ്ഞവേരു്. വീര=അകിൽ. (കോവൽക്കിഴങ്ങു് എന്നും പക്ഷം, ചോരകം=കച്ചോലം കടുകരോഹണി, കായസ്ഥ=കാക്കോളി (പക്ഷാന്തരം അമുക്കരം) സൂകരി=നിലപ്പനക്കിഴങ്ങു .(പന്നിക്കിഴങ്ങു് എന്നും) ഛത്രം=കയ്യോന്നിത്തമ്പാല, അതിച്ഛത്രം=ശതകുപ്പ. പലംകഷ=കുമിഴിൻവേരു്. (കോലരക്കു് എന്നും മതാന്തരം) മഹ പുരുഷദന്ത=ശതാവരിക്കിഴങ്ങു . വയസ്ഥാ=നെല്ലിക്കാത്തോടു് നാകുലീദ്വയം=അരത്തയും ചിററരത്തയും ഓരില മൂവില എന്നും അഭിപ്രായം. കടംഭര=നറുനീണ്ടിക്കിഴങ്ങും പാൽവള്ളിക്കിഴങ്ങും. വൃശ്ചികാളി=തേക്കിടവേർ. ശാലിപർണ്ണി=ഞവരനെല്ലിൻവേർ. ഇവ കൽക്കമാക്കി കാച്ചിയരിച്ചു സേവിച്ചാൽ, നാലാംമുറപ്പനി, ഉന്മാദം,ഗ്രഹപീഡകൾ ഇവ ശമിക്കും. ബുദ്ധിയും ഓർമ്മയും വർദ്ധിക്കും. ബാലന്മാർക്കു്, ദേഹപുഷ്ടി വരുത്തുകയും ചെയ്യും.

## ൪൭. മഹത്പഞ്ചഗവ്യഘൃതം (൧)

ദ്വിപഞ്ചമൂലത്രിഫലാ ദ്വിനിശാ കുടജത്വചഃ
സപ്തപർണ്ണമപാമാർഗ്ഗം നീലിനീം കടുരോഹിണീം
ശമ്യാകപുഷ്കരജടാ ഫൽഗുമൂലദുരാലഭാഃ
ദ്വിപലാഃ സലിലദ്രോണേ പക്ത്വാ പാദാവശേഷിതേ

ഭാർങ്ഗീ പാഠാഢകീകുംഭനികുംഭവ്യോഷരോഹിഷൈഃ
മൂവ്വാ ഭൂതീകഭൂനിംബശ്രേയസീ ശാരിബാദ്വയൈഃ
മദയന്ത്യഗ്നിനിചുളൈരക്ഷാംശൈഃ സർപ്പിഷഃ പചേത്
പ്രസ്ഥം തദ്വദ്ദ്രവൈഃ പൂർവൈഃ പഞ്ചഗവ്യമിദം മഹത്
ജ്വരാപസ്മാരജഠരഭഗന്ദരഹരം പരം
ശോഫാർശഃകാമിലാപാണ്ഡുഗുന്മകാസഗ്രഹാപഹാ

ദ്വിപഞ്ചമൂലം=കൂവളം, കുമിഴ്, പാതിരി, പയ്യാഴാന്ത, മുഞ്ഞ, ഓരില, മൂവില, ചെറുവഴുതിന, വെൺവഴുതിന ഇവററിൻവേർ, ഞെരിഞ്ഞിൽ. ത്രിഫലത്തോട്, ദ്വിനിശ=മഞ്ഞളും മരമഞ്ഞൾത്തൊലിയും. കുടജത്വക്=കുടകപ്പാലവേരിലെത്തൊലി. സപ്തപർണ്ണം=ഏഴിലംപാലവേർത്തൊലി. അപാമാർഗ്ഗം=കടലാടിവേർ, നീലിനി=വട്ടപ്പൂന്താളി, കടുകുരോഹിണി, ശമ്യാകം=കൊന്നവേർത്തൊലി, പുഷ്കരം=പുഷ്കരമൂലവേർ, ജടാ=ജടാമാഞ്ചി, ഫൽഗുമൂലം=കാട്ടത്തിവേർ, ദുരാലഭ=കൊടിത്തൂവവേർ. ഇവ ൨ പലംവീതം ൧൬ ഇടങ്ങഴിവെള്ളത്തിൽ കഷായംവച്ചു നാലൊന്നാക്കി പിഴിഞ്ഞരിച്ച്, ഭാർങ്ഗീ=ചെറുതേക്കിൻവേർ, പാഠാ=പാടക്കിഴങ്ങ്, ആഢകീ=തുവരപരിപ്പ്, കുംഭം=ത്രികോല്പക്കൊന്ന, നികുംഭം=നാഗദന്തിവേർ, വ്യോഷം=ചുക്ക മുളക തിപ്പലി, രോഹിഷം=അടക്കാമണിയൻവേർ, മൂർവ്വം=പെരുങ്കുരുമ്പവേർ, ഭൂതീകം=പൂതിയുണത്തി പൂതവൃക്ഷം; ഭൂനിംബം=പുത്തരിച്ചുണ്ടവേർ, ശ്രേയസി=അത്തിത്തിപ്പലി, ശാരിബാദ്വയം=നറുനീണ്ടി, പാൽവള്ളി ഇവററിൻ കിഴങ്ങുകൾ മദയന്തീ=താതിരിപ്പൂ, കഞ്ചാവ് എന്നും അർത്ഥമുണ്ട്.) അഗ്നി=കൊടുവേലിക്കിഴങ്ങ്, നിചുളം=നീർക്കടമ്പിൻവേർ, പൂർവ്വദ്രവങ്ങൾ=ചാണകനീർ, പാൽ, തൈര്, ഗോമൂത്രം ഇവ. സർപ്പിസ്=നെയ് ഇടങ്ങഴി ൧-ചേർത്തു കാച്ചി അരിച്ചു സേവിക്ക. ജ്വരം, അപസ്മാരം, മഹോദരം, ഭഗന്ദരം, ശോഫം, അർശസ്സ്, കാമില, പാണ്ഡു, ഗുന്മം, കാസം, ഗ്രഹപീഡകൾ ഇവ ശമിക്കും.

### പഞ്ചഗവ്യങ്ങളുടെ അളവ്.

ഗോമയാദ്ദ്വിഗുണം മൂത്രം മൂത്രാദഷ്ടഗുണം പയഃ
ദധി പഞ്ചഗുണം പ്രോക്തം സർപ്പിഃ സ്യാത്തു ചതുർഗ്ഗുണം

ചാണകനീർ ഭാഗം ൧, ഗോമൂത്രം ഭാഗം ൨, പാൽ ഭാഗം ൧൬, തൈര് ഭാഗം ൧൦, നെയ് ഭാഗം ൮. ഇങ്ങനെ ഭാഗം കണക്കാക്കി നെയ് മുതലായവ യോജിപ്പിക്ക

### ൪൯. പഞ്ചഗവ്യഘൃതം (൨)

മുസ്തൈലാഗ്നിവിളംഗയഷ്ടിരജനീമഞ്ജിഷ്ഠപാഠാവചാ
ശൗണ്ഡീരോഹിണികാഫലത്രയവൃഷാ മൃദ്വീകദാർവീയുതൈഃ
ഗവ്യേഷു പ്രതിസാധിതം ഘൃതമിദം കാന്തിപ്രദം പുഷ്ടിദം
പുത്രായുഷ്യകരം മഹാഗ്രഹഹരം ഭൂതാമയഘ്നം പരം

മുസ്തം=മുത്തങ്ങ, ഏല=ഏലത്തരി, അഗ്നി=കൊടുവേലിക്കിഴങ്ങ്, വിളംഗം=വിഴാലരിക്കാമ്പ്, യഷ്ടി=എരട്ടിമധുരം, രജനി=വറട്ടുമഞ്ഞൾ, മഞ്ജിഷ്ഠ=മഞ്ചട്ടി, പാഠാ=പാടത്താളിക്കിഴങ്ങ്, വചാ=വയമ്പ്, ശൗണ്ഡി=അത്തിത്തിപ്പലി. രോഹിണി=കടുകുരോഹിണി, ഫലത്രയം=ത്രിഫലത്തോട്, വൃഷാ=ആടലോടകവേര്, മൃദ്വീക=മുന്തിരിങ്ങാപ്പഴം, ദാർവി=മരമഞ്ഞൾത്തൊലി ഇവ കൽക്കം, നെയ് മുതലായ പഞ്ചഗവ്യങ്ങൾ ൪൮-ാം യോഗത്തിൻപ്രകാരം യോജിപ്പിച്ചു കാച്ചിയരിച്ചു സേവിക്ക. ഭൂതഗ്രഹപീഡകൾ ശമിക്കും; കാന്തി പുഷ്ടി ആയുസ്സ് മുതലായവയുണ്ടാകും.

## ൩൦. സർവ്വാമയാന്തകം.

ബലാമൂലശതം ഗ്രാഹ്യം ശതമൂലീശതം തഥാ
ശതാവര്യാ ഗുളൂച്യാശ്ച ദ്രാക്ഷാ മധുകദാരു ച
മാഷാശ്വഗന്ധാശ്ചൈരണ്ഡം കുലത്ഥം ബദരാ യവാഃ
ഭൂപീലു വൈജയന്തീ ച മധുശിഗ്രു പുനൎന്നവാഃ
വരണം സിന്ദുവാരഞ്ച സോമഞ്ചാക്പ്രസാരണീ
ഹിംസ്രാകുലത്ഥവഹ്നിഞ്ച ഹപുഷാ ച ത്രിവൃദ്ദ്വചാ
സൈരികഞ്ച മഹാവൃക്ഷോ മോരടാൎജ്ജുനമേവ ച
രാസ്നാ കാൎപ്പാസബീജഞ്ച ഭദ്രാ ദാരു മഹാബലാ
കരഞ്ജദ്വയകൈരണ്ഡാശ്ശുണ്ഠീ ച തൃണപഞ്ചകം
ഏഷാം പൃഥക് പഞ്ചപലം ജലേ ഖാരിചതുഷ്ടയേ
അഷ്ടഭാഗാവശിഷ്ടേ തു ഘൃതപ്രസ്ഥഞ്ച യോജയേത്
തിലതൈലം ചതുഃപ്രസ്ഥം പ്രസ്ഥഃമൈരണ്ഡസംഭവം
ദേവദാരുവചാകുഷ്ഠസരളം ചന്ദനം തഥാ
മാംസീ രാസ്നാ ശതാഹ്വാ ച ശൈലേയാഗരുചോരകം
കാകോളീ ക്ഷീരകാകോളീ ജീവകർഷഭകാവുഭൌ
മേദാ ചൈവ മഹാമേദാ പത്മകം രക്തചന്ദനം
മധുകോശീരമഞ്ജിഷ്ഠാഃ കൌന്തീ വ്യാഘ്രനഖം തഥാ
ത്രിഗന്ധാ നാഗപുഷ്പഞ്ച തഗരം പത്മകം തഥാ
തുരംഗഗന്ധാ മഞ്ജിഷ്ഠാ ഹിംഗു സൌഭഞ്ജനം തഥാ
കുഷ്ഠം മധുകലോദ്ധ്രഞ്ച വിളംഗം സൎജ്ജഗുൽഗുലു
ഏഷാം നിഷ്കംപൃഥക്പിഷ്ട്വാ ശനൈർമൃദ്വഗ്നിനാപചേത്
ക്വഥാപരിസ്രുതം സമ്യക് സ്വനഗുപ്തം നിധാപയേത്
നസ്യേ പാനേ തഥാഭ്യംഗേ വസ്തൗവേതത്തു പൂജിതം
ആഢ്യവാതേ ശിരഃകമ്പേ ഖല്ലായേ ഖഞ്ജസപ്തകേ
മന്യാസ്തംഭേ ഹനുസ്തംഭേ ഗ്രീവാസ്തംഭേ ച ജിഹ്വകേ
ആക്ഷേപകേ ശിരോരോഗേ പക്ഷാഘാതേഽൎദ്ദിതേ തഥാ
ഊരുസ്തംഭേ കരസ്തംഭേ തഥാ ശ്വാസബലാസകേ
യോനിശ്ശൂലേ വസ്തിശ്ശൂലേ ഏഷ്ശൂലേ ച തഥൈവ ച
കുക്ഷിശ്ശൂലേ പാൎശ്വശൂലേ കണ്ഠശൂലേ വിശേഷതഃ
വിംശതിം ശ്ലേഷ്മരോഗേഷു അശീതിം വാതരോഗകേ
ചത്വാരിംശച്ച പിത്തേഷു സർവ്വരോഗാൻ ജയേദിദം
സൎവ്വേജ്വരക്ഷയോന്മാദശ്വാസാപസ്മാരപാപ്മജിത്
സർവ്വാമയാന്തകം നാമ സിംഹഃ ക്ഷുദ്രമൃഗാനിവ

ബലാമൂലം=കുറുന്തോട്ടിവേർ പലം ൧൦൦ ദശമൂലം=കൂവളം, കുമ്പിൾ, പാതിരി, പയ്യാഴാന്ത, മുഞ്ഞ, ഓരില, മൂവില, ചെറുവഴുതിന, വെൺവഴുതിന ഇവററിൻ വേർ, ഞെരിഞ്ഞിൽ ഇവ ൧൦ പലംവീതം. ശതാവരിക്കിഴങ്ങ്, ഗുളൂചി=ചിററ

രള്ള്. ദ്രാക്ഷാ=മുന്തിരിങ്ങാപ്പഴം. മധുകം=ഇരട്ടിമധുരം. ദാരു=ദേവതാരം. മാഷം=ഉഴുന്ന്. അശ്വഗന്ധം=അമുക്കുരം. ഏരണ്ഡം=ആവണക്കിൻവേർ. കുലത്ഥം=പഴമുതിര ബദരം=ലന്തക്കുരു. യവം=യവധാന്യം. ഭൂപീലു=നിലനാരകം. വൈജയന്തി=മുഞ്ഞവേർ. മധുശിഗ്രു=പുനർമ്മുരിങ്ങവേർ. പുനൎന്നവ=തമിഴാമവേർ. വരണം=നീർമാതളത്തൊലി, സിന്ദുവാരം=കരിനൊച്ചിവേർ. സോമം=സോമലത. അൎക്കം=എരുക്കിൻവേർ. പ്രസാരണിവേർ. ഹിംസ്രം=മാഞ്ചി. കലത്ഥം=മുതിര. വഹ്നി=കൊടുവേലിക്കിഴങ്ങ്. ഹവുഷാ=അടയ്ക്കാമണിയൻവേർ. ത്രിവൃത്ത്=ത്രികോൽപക്കൊന്ന. വച=വയമ്പ്. സൈരീയകം=കരിംകുറിഞ്ഞിവേര്. മഹാവൃക്ഷം=കൊന്നവേർത്തൊലി. മോരട=പെരുംകുരുമ്പവേര്. അൎജ്ജുനം=നീർമരുതിൻവേർത്തൊലി. രാസ്ന=ചിററരത്ത. കാർപ്പാസബീജം=പരുത്തിക്കുരു. ഭദ്രദാരു=മരമഞ്ഞൾത്തൊലി. മഹാബല=ആനക്കുറുന്തോട്ടിവേർ. കരഞ്ജദ്വയം=പുങ്കിൻതൊലിയും ആവിൽതൊലിയും. ഏരണ്ഡം=ആവണക്കിൻവേർ. ശുണ്ഠി=ചുക്ക്. തൃണപഞ്ചകം=അമവേർ, വരിനെല്ലിൻവേർ, കരിമ്പിൻവേർ, ദർഭവേർ, ആറുദർഭവേർ ഇവ ഓരോന്നും ൧ പലംവീതം. ഖാരിചതുഷ്ടയജലേ=വറ്റ ഇടങ്ങഴി വെള്ളത്തിൽ കഷായംവച്ച നാല ഇടങ്ങഴിയാക്കി പിഴിഞ്ഞരിച്ചു ഇടങ്ങഴി പശുവിൻനെയ്യും നാലിടങ്ങഴി നല്ലെണ്ണയും ഇടങ്ങഴി ആണവക്കെണ്ണയും ചേർത്തു ദേവദാരു=ദേവതാരം. വചാ=വയമ്പ്. കുഷ്ഠം=വെള്ളക്കൊട്ടം. ചരളം, ചന്ദനം, മാഞ്ചി. രാസ്നം=ചിററരത്ത. ശതാഹ്വ=ശതകുപ്പ. ശൈലേയം=കന്മദം. അഗരു=അകിൽ. ചോരകം=കഴച്ചാലം. കാകോളി ക്ഷീരകാകോളി (അമുക്കുരം ഇരട്ടി പകരം) ജീവകം ഇടവകം (പകരം പാൽമുതക്കിൻകിഴങ്ങു ഇരട്ടി) മേദ മഹാമേദ (ശതാവരിക്കിഴങ്ങു ഇരട്ടി പകരം) പത്മംഗം=ചപ്പങ്ങം. രക്തചന്ദനം. മധുകം=ഇരട്ടിമധുരം. ഉശീരം=രാമച്ചം. മഞ്ജിഷ്ഠ=മഞ്ചട്ടി. കൈരന്തി=അരേണുകം. വ്യാഘ്രനഖം=പുലിച്ചുവടിവേര്. ത്രിഗന്ധം=ഏലം ഇലവർങ്ഗം പച്ചില. നാഗപുഷ്പം=നാഗപ്പൂവ് തകരം. പത്മകം=പതിമുകം. തുരംഗഗന്ധ=അമുക്കുരം. മഞ്ജിഷ്ഠ=മഞ്ചട്ടി. ഹിംഗു=കായം. സൌഭാഞ്ജനം=മുരിങ്ങവേർത്തൊലി, കുഷ്ഠം=വെള്ളക്കൊട്ടം. മധുകം=ഇരട്ടിമധുരം. ലോദ്ധ്രം=പാച്ചോററിത്തൊലി. വിഡംഗം=വിഴാലരിക്കാമ്പ്. സർജ്ജം=ചെഞ്ചല്യം. ഗുൽഗുലു ഇവ. നിഷ്കം=ഒരുകഴഞ്ചുവീതം അരച്ചുചേർത്തു മൃദ്വഗ്നിയിൽ പാകംചെയ്തു നല്ലപോലെ അരിച്ചു തൊട്ടുരിയാടാതെ നസ്യം, പാനം, അഭ്യംഗം, വസ്തി ഇവയ്ക്കു അനുസരിച്ച പാകത്തിൽ എടുത്തു ഉപയോഗപ്പെടുത്തിയാൽ ആഢ്യവാതം തുടങ്ങി ശ്ലോകത്തിൽ പറയുന്ന വാതവ്യാധികളും, പിത്തജങ്ങളായ രോഗങ്ങളും, കഫപ്രധാനമായ രോഗങ്ങളും ഇവ ശമിക്കും.

## ൭൧. മോദകത്വഗാദി

മോദകത്വക് ബലാ ടൂകാ താലനിൎഗ്ഗുണ്ഡികാ ജപ
വിപചേത് പാദശിഷ്ടേന തേന പ്രസ്ഥം ഘൃതാത് പചേത്
കഹല്യാശ്ച ജപാപുഷ്പാദ്രവേണ പയസായുതാ
അശ്വഗന്ധാ വരീകൃഷ്ണാ മൃദ്വീകാ യഷ്ടിചന്ദനൈഃ
സിതാതുട്യദ്രിജയുതൈഃ കല്ക്കൈരേതൈശ്ച സാധിതം
അസൃഗ്ദരം നിഹന്യാത്തദസ്ഥിസ്രാവഞ്ച ദാരുണം.

മോദകത്വക്=കരിങ്കാരത്തൊലി. (ഇതിനു ഞാറത്തൊലി എന്നുള്ള അൎത്ഥം സ്വീകാര്യവും അനുഭവവുമാകുന്നു.) ബല=കുറുന്തോട്ടിവേർ. ടൂകാ=പലകപയ്യാനിവേർ. (താർതാവൽവേർ എന്നർത്ഥവും സ്വീകാര്യതയുണ്ട്. കാട്ടുപിച്ചിവേരും അസ്ഥിസ്രാവാദികൾക്കു കൈകണ്ടതാണ്. ആ മാതിരിയിലും പഴയ ഗ്രന്ഥങ്ങളിൽ വ്യാഖ്യാനിച്ചിട്ടുള്ളതിനാലും ദേശഭേദമനുസരിച്ചും പാരമ്പര്യഭേദത്താലും സ്വീകാര്യതയും ഫലവും ഓരോന്നിനുമുള്ളതാകുന്നു.) ജപാ=ചെമ്പരുത്തിവേർ. താലം=കു

രിഞ്ചനവേർ. നിർഗ്ഗുണ്ഡിക=കരിനൊച്ചിവേർ. ഇവ ൩-പലംവീതം. ൧൬ ഇടങ്ങഴി വെള്ളത്തിൽ കഷായംവച്ചു ൪ ഇടങ്ങഴിയാക്കി അരിച്ചു ഇടങ്ങഴി നെയ്യും കദളി=തെങ്ങിൻപൂക്കുല. ജപാപുഷ്പം=ചെമ്പരുത്തിപ്പൂവ്. ഇവററിൻനീരും പാലും നെയ്യു സമം. അശ്വഗന്ധ=അമുക്കുരം ത്വക=കറുവാപ്പട്ട. കൃഷ്ണ=തിപ്പലി. മൃദ്വീക=മുന്തിരിങ്ങാപ്പഴം. യഷ്ടി=എരട്ടിമധുരം, ചന്ദനം, സിത=പഞ്ചസാര. ത്രുടി=ഏലത്തരി. അദ്രിജം=കാവിമണ്ണ് കന്മദവും ആകാം.) ഇവ കല്ക്കംചേർത്തു കാച്ചിയരിച്ചു സേവിക്ക. രക്തസ്രാവവും അസ്ഥിസ്രാവവും ശമിക്കും.

## ൬൨. അമൃതപ്രാശഘൃതം

ജീവനീയോ ഗണഃ ശ്രുണ്ഠീ വരീ വീരാ പുനൎന്നവാ
ബലാ ഭാർങ്ഗീ സ്വഗുപ്തർദ്ധിഷഡ്ഢീതാമലകീകണാഃ
ശൃംഗാടകം പയസ്യാ ച പഞ്ചമൂലം ച യല്ലഘു
ദ്രാക്ഷാ/ക്ഷോളാദി ച ഫലം മധുരസ്നിഗ്ദ്ധബൃംഹണം
തൈഃ പചേത് സൎപ്പിഷഃ പ്രസ്ഥം കൎഷാംശൈഃ ശ്ലക്ഷ്ണ-
ക്ഷീരധാത്രീ വിദാരീക്ഷുച്ഛാഗമാംസരസാന്വിതം(കല്ക്കിതൈഃ
പ്രസ്ഥാൎദ്ധം മധുനഃ ശീതേ ശൎക്കരാൎദ്ധതുലാരജഃ
പലാൎദ്ധകഞ്ച മരിചത്വഗേലാപത്രകേസരം
പ്രക്ഷിപ്യ ചൂൎണ്ണിതം തസ്മാദ് ലിഹ്യാന്മാത്രാം യഥാബലം
അമൃതപ്രാശമിത്യേതന്നരാണാമമൃതം ഘൃതം
സുധാമൃതരസം പ്രാശ്യം ക്ഷീരമാംസരസാശിനാ
നഷ്ടശുക്രക്ഷതക്ഷീണദുൎബ്ബലവ്യാധികൎശിതാൻ
സ്ത്രീപ്രസക്താൻ കൃശാൻ വൎണ്ണസ്വരഹീനാംശ്ച ബൃംഹയേത്
കാസഹിധ്മാജ്വരശ്വാസദാഹതൃഷ്ണാസ്രപിത്തനുത്
പുത്രദം ഛൎദ്ദിമൂൎച്ഛാഹൃദ്യോനിമൂത്രാമയാപഹം

ജീവനീയഗണം=അടപൊതിയൻകിഴങ്ങ്. കാകോളി ക്ഷീരകാകോളി (അമുക്കുരം ഇരട്ടി പകരം മേദ മഹാമേദ (ഇരട്ടി ശതാവരിക്കിഴങ്ങു പകരം) കാട്ടുഴുന്നിൻവേർ, കാട്ടുപയററിൻവേർ, ജീവകം ഇടവകം (ഇരട്ടി പാൽമുതക്കിൻകിഴങ്ങുപകരം) ഇരട്ടിമധുരം, ശുണ്ഠി=ചുക്ക്. വരീ=ശതാവരിക്കിഴങ്ങ്. വീര=കോവൽക്കിഴങ്ങ്. പുനൎന്നവ=തമിഴാമവേര്. ബല=കുറുന്തോട്ടവേർ. ഭാർങ്ങി=ചെറുതേക്കിൻവേർ. സ്വഗുപ്ത=നായ്ക്കുരുണവേർ. ഋദ്ധി=ചെറിയ കാട്ടുമുതിര. ഷഡ്ഢി=കച്ചോലം. താമലകി=കീഴാനെല്ലിവേർ. കണ=തിപ്പലി. ശൃംഗാടകം=വൽവട്ടക്കിഴങ്ങ്. പയസ്യ=അടപൊതിയൻകിഴങ്ങ് ലഘുപഞ്ചമൂലം=ഓരിലവേർ, മൂവിലവേർ, ചെറുവഴുതിനവേർ, വെൺവഴുതിനവേർ. ഞെരിഞ്ഞിൽ. ദ്രാക്ഷ=മുന്തിരിങ്ങ, തേങ്ങ, മലയുകപ്പഴം, ഈന്തപ്പഴം മുതലായ മധുരസ്നിഗ്ദ്ധബൃംഹണഫലങ്ങൾ. ഇവ ൧൨ കഴഞ്ചുവീതം നല്ലപോലെ അരച്ചു കല്ക്കംചേർത്തു (ഇവ കഷായംവെച്ചും പാകംചെയ്യാറുണ്ട്.) നെയ്യ് ഇടങ്ങഴി ൧൬ പാൽ, പച്ചനെല്ലിക്കാനീര്, പഞ്ചമുതക്കൻനീര്, ആട്ടിൻമാംസരസം ഇവ ഇടങ്ങഴിവീതം ചേർത്തു കാച്ചിയരിച്ചു തണുത്താൽ ഇരുനാഴി തേനും ൫൦ പലം പഞ്ചസാരയും, കുരുമുളക്, ഇലവർങ്ങം, ഏലത്തരി, പച്ചില, നാഗപ്പൂ ഇവ അര പലംവീതം നല്ലപോലെ ചൂൎണ്ണിച്ചു അതും നെയ്യിൽചേർത്തു കടഞ്ഞുസേവിക്ക. ഇതിന്നു അമൃതപ്രാശമെന്നുപേർ. സേവിക്കുന്നകാലം പാലും സൂപ്പും ഉപയോഗിക്കണം. ക്ഷീണശുക്ലന്മാരെയും, ഉരക്ഷതം ഉള്ളവരേയും ബലഹീനന്മാരെയും മററു രോഗങ്ങളാൽ ചടച്ചവരേയും മൈഥുനംനിമിത്തം ക്ഷീണിച്ചവരേയുംമററും പോഷി

പ്പിക്കും. കാസം, ഇക്കിൾ, ജ്വരം, വലിവ്, സർവ്വാംഗസന്താപം, രക്തപിത്തം മുതലായ രോഗങ്ങൾ, ഛർദ്ദി, മൂർഛ, ഹൃദ്രോഗം യോനിരോഗം മൂത്രാശയബന്ധിയായ രോഗങ്ങൾ ഇവയേയും ശമിപ്പിക്കും. പുത്രോല്പാദനപ്രദവുമാകുന്നു.

### ൯൩. ശ്വദംഷ്ട്രാദിഘൃതം

ശ്വദംഷ്ട്രോശീരമഞ്ജിഷ്ഠാ ബലാ കാശ്മര്യ്യകർത്തൃണം
ദർഭമൂലം പൃഥക്പർണ്ണീം പലാശർഷഭകൌ സ്ഥിരാ
പാലികാനി പചേത്തേഷാം രസേ ക്ഷീരചതുർഗ്ഗുണേ
കല്ക്കൈഃ സ്വഗുപ്താജീവന്തീമേദർഷഭകജീവകൈഃ
ശതാവര്യൃദ്ധിമൃദ്വീകാശർക്കരാശ്രാവണീവിസൈഃ
പ്രസ്ഥഃ സിദ്ധോ ഘൃതാദ്വാതപിത്തഹൃദ്രോഗശൂലനുത്
മൂത്രകൃച്ഛ്രപ്രമേഹാർശഃകാസശോഷജ്വരാപഹഃ
ധന്വസ്ത്രീമദ്യഭാരാദ്ധ്വഖിന്നാനാം ബലമാംസദഃ

ശ്വദംഷ്ട്ര=ഞെരിഞ്ഞിൽ. ഉശീരം=രാമച്ചം. മഞ്ജിഷ്ഠ=മഞ്ചട്ടി. ബല=കുറുന്തോട്ടിവേര്. കാശ്മര്യ്യം=കുമിഴിൻവേർ. കർത്തൃണം=കർത്തൃണപ്പുല്ല്. ദർഭമൂലം=ദർഭവേർ. പൃഥക പർണ്ണി=മൂവിലവേര്. പലാശം=പ്ലാശിൻതൊലി. ഇടവകം (പകരം പാൽമുതക്കിൻകിഴങ്ങ്) സ്ഥിര=ഓരിലവേർ ഇവ ഒരു പലംവീതം ൧൬ ഇടങ്ങഴി വെള്ളത്തിൽ കഷായംവച്ച നാലിലൊന്നാക്കി അതിൽ രണ്ടേമുക്കാൽ നാഴി പാലും ഇടങ്ങഴി നെയ്യുംചേർത്തു സ്വഗുപ്ത=നായ്ക്കുരുണവേർ. ജീവന്തി=അടപൊതിയൻകിഴങ്ങ്. മേദ (പകരം ശതാവരിക്കിഴങ്ങ്) ജീവകം ഇടവകം. (പകരം പാൽമുതക്കിൻകിഴങ്ങിരട്ടി) ശതാവരിക്കിഴങ്ങ്. ഋദ്ധി=ചെറിയ കാട്ടുമുതിര. മൃദ്വീകം=മുന്തിരിങ്ങാപ്പഴം, പഞ്ചസാര, ശ്രാവണികൾ രണ്ടും. വിസം=താമരവളയം ഇവ കൽക്കംചേർത്തു കാച്ചിയരിച്ചു സേവിക്ക. വാതം, പിത്തം, ഹൃദ്രോഗം, ശൂല ഇവയും മൂത്രകൃച്ഛ്രം, മൂത്രമൊഴിവ്, അർശസ്, കാസം ക്ഷയം, ജ്വരം ഇവയേയും ശമിപ്പിക്കും. ആയാസം സ്ത്രീസേവ, മദ്യപാനം, വഴിനടത്ത ഇവ കൊണ്ടു ക്ഷീണിച്ചവൎക്കും ബലവും പുഷ്ടിയും വരുത്തുന്നതാകുന്നു.

### ൯൪. മധുകാദിഘൃതം

മധുകാഷ്ടപലദ്രാക്ഷാപ്രസ്ഥകാഥേ പചേദ് ഘൃതം
പിപ്പല്യഷ്ടപലൈഃ കല്കൈഃ പ്രസ്ഥം സിദ്ധേ ച ശീതളേ
പൃഥഗഷ്ടപലം ക്ഷൌദ്രശർക്കരാഭ്യാം വിമിശ്രയേത്
സമസക്തു ക്ഷതക്ഷീണരക്തഗുന്മേഷു തദ്ധിതം

മധുകം=ഇരട്ടിമധുരം. അഷ്ടപലം പലം ൮. ദ്രാക്ഷാപ്രസ്ഥം=മുന്തിരിങ്ങാപ്പഴം പലം ൧൬. ൧൪ ഇടങ്ങഴി വെള്ളത്തിൽ കഷായംവച്ചു നാലിലൊന്നാക്കി ഇടങ്ങഴി പശുവിൻനെയ്യും ചേർത്തു കാച്ചിയരിച്ചു തണുത്താൽ ഇരുനാഴി തേനും ൮ പലം പഞ്ചസാരയുംചേർത്തു കടഞ്ഞു, സമസക്തു=സമം മലർപ്പൊടിയുംചേർത്തു സേവിക്ക. ഉരഃക്ഷതത്തിനും ക്ഷീണിച്ചവനും രക്തഗുന്മത്തിനും ഇതു ഹിതമാകുന്നു.

### ൯൫. നാഗബലാഘൃതം

പാദശേഷം ജലദ്രോണേ പചേന്നാഗബലാ തുലാം
തേന ക്വാഥേന തുല്യാംശം ഘൃതം ക്ഷീരഞ്ച സാധയേത്
പലാർദ്ധകൈശ്ചാതിബലാബലായഷ്ടീപുനർന്നവൈഃ

പ്രപുണ്ഡരീകകാശ്മര്യ്യപ്രിയാളകപികച്ഛുഭിഃ
അശ്വഗന്ധാസിതാഭീരുമേദായുഗ്മത്രികണ്ടകൈഃ
കാകോളി ക്ഷീരകാകോളി ക്ഷീരശുക്ലാദ്വിജീരകൈഃ
മൃണാളവിസഖർജ്ജൂരശൃംഗാടകകശേരുകൈഃ
ഏതന്നാഗബലാസർപ്പിഃ രക്തപിത്തക്ഷതക്ഷയാൻ
ജയേത്തൃഡ്ഭ്രമദാഹാംശ്ച ബലപുഷ്ടികരം പരം
വർണ്ണ്യമോജസ്യമായുഷ്യം വലിപലിതനാശനം
ഉപയുജ്യ ച ഷണ്മാസാൻ വൃദ്ധോപി തരുണായതേ

നാഗബല=ആനക്കുറുന്തോട്ടി ഉൗരകം) പലം ൧൦൦. പതിനാറിടങ്ങഴി വെള്ളത്തിൽ കഷായംവച്ചു നാലിടങ്ങഴിയാക്കി പിഴിഞ്ഞരിച്ചു (അതിൽ നാലിടങ്ങഴിവീതം നെയ്യും പാലുംചേർത്തു)അതിബല=ആനക്കുറുന്തോട്ടിവേർ.ബല=കുറുന്തോട്ടിവേർ യഷ്ടി=ഇരട്ടിമധുരം. പുനൎന്നവം=തമിഴാമവേരു്. പ്രപുണ്ഡരീകം=പുണ്ഡരീകക്കരിയിൻവേരു്. കാശ്മര്യ്യം=കുമിഴിൻവേരു്. പ്രിയാളം=മുറാമരത്തിൻവേർതൊലി. കപികച്ഛു=നായ്ക്കുരുണവേരു്. അശ്വഗന്ധ=അമുക്കുരം.സിത=പഞ്ചസാര. അഭീരു=ശതാവരിക്കിഴങ്ങു്. മേദായുഗ്മം=മേദ, മഹാമേദ (പകരം ശതാവരിക്കിഴങ്ങു ഇരട്ടി) ത്രികണ്ടകം=ഞെരിഞ്ഞിൽ. കാകോളി ക്ഷീരകാകോളി (പകരം അമുക്കുരം ഇരട്ടി) ക്ഷീരശുക്ല=പാൽമുതക്കിൻകിഴങ്ങു. വിസം=താമരവളയം. ഖർജ്ജൂരം=ഈന്തപ്പഴം. ശൃംഗാടകം=വൽവട്ടക്കിഴങ്ങു്. കശേരുകം=കുഴിമുത്തങ്ങ ഇവ അരപ്പലംവീതം അരച്ചു കൽക്കംചേർത്തു കാച്ചിയരിച്ചു സേവിക്ക. രക്തപിത്തം, ഉരഃക്ഷതം, ക്ഷയം, തണ്ണീർദാഹം, തലച്ചുററൽ ഇവയെ ശമിപ്പിക്കും. ബലം, പുഷ്ടി, നിറം, ഓജസ്സ്, ആയുസ്സ് ഇവയുണ്ടാകും. ശരിയായി ൬ മാസം സേവിച്ചാൽ വൃദ്ധനായാലും താരുണ്യവാനായി ഭവിക്കും.

## ൬൩. മാംസസർപ്പിസ്സ്

സാധാരണാമിഷതുലാം തോയദ്രോണദ്വയേ പചേത്
തേനാഷ്ടഭാഗശേഷേണ ജീവനീയൈഃ പലോന്മിതൈഃ
സാധയേത് സർപ്പിഷഃ പ്രസ്ഥം വാതപിത്താമയാപഹം
മാംസസർപ്പിരിദം പീതം യുക്തം മാംസരസേന വാ
കാസശ്വാസസ്വരഭ്രംശശോഷഹൃത്പാർശ്വശൂലജിത്

സാധാരണ മാംസം (ആട്ടുമാംസം മുതലായതു) ൧൦൦ പലം. ൩൨ ഇടങ്ങഴിവെള്ളത്തിൽ കഷായംവച്ചു ൪ ഇടങ്ങഴിയാക്കി പിഴിഞ്ഞരിച്ചു ജീവനീയഗണം=അടപൊതിയൻകിഴങ്ങു്. കാകോളികൾ (അമുക്കുരം ഇരട്ടി പകരം മേദ മഹാമേദ ശതാവരിക്കിഴങ്ങു ഇരട്ടി പകരം) കാട്ടുഴുന്നിൻവേർ, കാട്ടുപയററിൻവേർ, ജീവകം ഇടവകം (പകരം മുതക്കിൻകിഴങ്ങിരട്ടി) ഇരട്ടിമധുരം ഇവ പലം ൧ വീതം അരച്ചു കൽക്കംചേർത്തു ഇടങ്ങഴി നെയ്യു കാച്ചിയരിച്ചു സേവിക്ക. വാതപിത്തങ്ങളുളായ രോഗങ്ങളേയും, കാസം, ശ്വാസം, സ്വരഭ്രംശം, ക്ഷയം, ഹൃദയം പാർശ്വഭാഗങ്ങൾ ഈ ഭാഗങ്ങളിലെ വേദന ഇവയേയും ശമിപ്പിക്കും.

## ൬൪. ഗോപാത്മജാദിഘൃതം

ഗോപാത്മജാകമലചന്ദനനേവ്യകുഷ്ഠ-
ക്ഷീരിദ്രുമാംകുരവിസോല്പലകന്ദമിശ്രം

ദൂർവ്വാരസേ ജയതി സാധിതമാജ്യമാശു
ക്ഷീരേണ സാർദ്ധമിഹ സർവ്വവിസർപ്പമുഗ്രം

ഗോപാത്മജാ=നറുനീണ്ടിക്കിഴങ്ങ്. കമലം=താമരവളയം, ചന്ദനം, സേവ്യം=രാമച്ചം. കുഷ്ഠം=വെള്ളക്കൊട്ടം. ക്ഷീരിദ്രുമാംകുരം=നാല്പാമരമൊട്ട്. വിസം=താമരയല്ലി. ഉല്പലകന്ദം=ചെങ്ങഴിനീർക്കിഴങ്ങു ഇവ കല്ക്കംചേർത്തു നെയ്യും ഇരട്ടി പശുവിൻപാലും നാലിരട്ടി കറുകപ്പുല്ലിൻനീരും ചേർത്തു കാച്ചിയരിച്ചു സേവിക്ക. എല്ലാ വിസർപ്പങ്ങളും പത്മകണ്ടകം താമരമുള്ള) മുതലായവയും ശമിക്കും.

## ൭൭. ത്രിഫലാദിഘൃതം

ത്രിഫലാഷ്ടപലം കഷായ്യം പാദശേഷം ജലാഢകേ
തേന തുല്യപയസ്സേനത്രിഫലാപലകല്ക്കവാൻ
അർദ്ധപ്രസ്ഥോ ഘൃതാത്സിദ്ധഃ സിതയാ മാക്ഷികേണ വാ
യുക്തം പിബേത്തത്തിമിരീ തദ്യുക്തം വാ വരാരസം

ത്രിഫലാഷ്ടപലം=ത്രിഫലത്തോട് പലം ൮. നാഴിടങ്ങഴി വെള്ളത്തിൽ കഷായംവച്ചു ഇടങ്ങഴിയാക്കി ഇടങ്ങഴി പാലും ഇരുനാഴി നെയ്യുംചേർത്തു ഒരുപലം ത്രിഫലത്തോടും കൽക്കംചേർത്തു കാച്ചിയരിച്ചു തേനും പഞ്ചസാരയുംകൂട്ടി കടഞ്ഞു ത്രിഫലക്കഷായത്തിലോ, തനിയേയോ സേവിക്ക. തിമിരരോഗം ശമിക്കും.

## ൭൮. വിരേചനഘൃതം

കഷായേന കല്ക്കേന വിരേചനാനാം
സർപ്പിശ്ശൃതം സ്നുക്പയസാ സമേതം
വിരേകയോഗാത് സകലോദരാണി
പ്രണാശയേത് ജ്യോതിരിവാന്ധകാരം
നികുംഭകുംഭത്രിഫലാഗവാക്ഷീ-
സ്നുക്ശംഖിനീനീലിനിതില്വകാനി
ശമ്യാകകമ്പില്ലകഹേമദുഗ്ദ്ധാ
ദുഗ്ദ്ധഞ്ച മൂത്രഞ്ച വിരേചനാനി

വിരേചനങ്ങളായ നികുംഭാദിഗണത്തിലെ—നികുംഭം=നാഗദന്തിവേർ. കുംഭം=ത്രികോല്പക്കൊന്ന, ത്രിഫലത്തോട്, ഗവാക്ഷീ=കാട്ടുവെള്ളരി. സ്നുക്=കള്ളി. ശംഖിനി=ശംഖുപുഷ്പവേർ. നീലിനി=വട്ടപ്പൂന്താളി. തില്വകം=കമ്പട്ടി. ശമ്യാകം=കൊന്നവേർത്തൊലി. കമ്പില്ലകം=കമ്പിപ്പാലത്തൊലി. ഹേമദുഗ്ദ്ധാ=എരുമക്കള്ളി. ഇവ കഷായംവച്ചു ഇവതന്നെ കല്ക്കംചേർത്തു പാലും ഗോമൂത്രവും കള്ളിപ്പാലും നെയ്യുംചേർത്തു കാച്ചി അരിച്ചു സേവിച്ചാൽ മലശോധന വന്നു മഹോദരം മുതലായ രോഗങ്ങളും ശമിക്കും.

## ൭൯ നാളികേരഘൃതം

കേരീസ്നുക്പയസാ യുക്തം സക്ഷീരം സാധിതം ഘൃതം
ത്രായന്തീസ്വരസേ സമ്യഗ്ശോഫഗുന്മോദരാപഹം

ത്രായന്തീസ്വരസേ=ബ്രഹ്മിനീരിൽ. കേരീസ്നുക്പയസ്സ്=തേങ്ങാപ്പാലും കള്ളിപ്പാലും സക്ഷീരം=പശുവിൻപാലുംകൂട്ടി നെയ്കാച്ചിയരിച്ചു സേവിച്ചാൽ
ക്കം, ഗുന്മം, മഹോദരം ഇവ ശമിക്കും.

## ൩൪൫. നൊങ്ങണാദിഘൃതം (സുഖപ്രസവത്തിന്ന്)

നൊങ്ങണംപുല്ലുഴിഞ്ഞാക്രമുകപൊഴിലിളന്തെങ്ങുവേരജ്ഝടാഖ്യാ
ലക്ഷ്മീതാളീ ബലോപോദകയുമിവയിളന്തോലമീഷാം രസേഷു
കൊത്തമ്പാലിവരായവാനിമധുകം സിന്ധൂത്ഭവം മഞ്ഞളും
കൽക്കീകൃത്യ പചേത സപ്പിരധുനാ ഗർഭേ സുഖം ജായതേ

നൊങ്ങണംപുല്ല്, ഉഴിഞ്ഞ, കവുങ്ങിൻെറയും തെങ്ങിൻെറയും ഇളയവേർ, അജ്ഝട=കീഴാനെല്ലി. ലക്ഷ്മീതാളി=തിരുതാളി. ബല=കുറുന്തോട്ടിയില. ഉപോദക=വശളച്ചീര. ഇവററിൻനീരിൽ നെയ്യും കൊത്തമ്പാലയരി, വര=ത്രിഫലത്തോട്. യവാനി=ജീരകം. മധുകം=ഇരട്ടിമധുരം. സിന്ധൂത്ഭവം=ഇന്തുപ്പ്. മഞ്ഞൾ ഇവ കൽക്കമാക്കിച്ചേത്തു കാച്ചിയരിച്ചു സേവിക്ക. തടസ്സംകൂടാതെ സുഖമായി ഗർഭിണി പ്രസവിക്കും. ഗർഭം മുററി വളരാൻ നന്ന്. ആഹാരംപോലെ ഗണിക്കണം.

## ൩൪൬. തെങ്ങിൻപൂക്കുലാദിഘൃതം

തെങ്ങിൻപൂക്കുലമോദകത്തൊലിവൃഷംവെണ്ചെമ്പരുത്തിക്കുവേ-
രത്തിത്തോലമൃതും വരീ മധുകവും നിഷ്കഷായ്യ നെയ് പാലുമായ്
നാല്പാമുന്തിരിവേധിചന്ദനമുഴന്നേലാഗ്നിയും കന്മദം
കന്നാരത്തൊട്ടു യഷ്ടിമുദ്ഗമിതി നെയ് സേവിക്ക രക്തസ്രുതൌ.

തെങ്ങിൻപൂക്കുല, ഞാറത്തൊലി, ആടലോടകംവേരു്, വെൺചെമ്പരുത്തിവേരു്, അത്തിത്തൊലി, ചിററമൃതു്, ശതാവരിക്കിഴങ്ങു്, ഇരട്ടിമധുരം ഇവ കഷായംവച്ചു് അതിൽ നെയ്യും സമം പാലുംചേത്തു നാല്പാമരമൊട്ടു്, മുന്തിരിങ്ങാപ്പഴം, സഹസ്രവേധി, ചന്ദനം, ഉഴുന്നു്, ഏലത്തരി, കൊട്ടുവേലിക്കിഴങ്ങു് (ശുദ്ധി,) കന്മദം, കന്നാരം, അതിമധുരം, ചെറുപയറു് ഇവ കൽക്കംചേത്തു കാച്ചിയരിച്ചു സേവിക്ക. രക്തസ്രാവം (അസൃഗ്ദരം) തീർച്ചയായും ശമിക്കും. രക്തപിത്തവികാരങ്ങൾക്കും അസ്ഥിസ്രാവത്തിനും നന്നു്.

## ൩൪൭. പുങ്കിൻതോലാദിഘൃതം.

പുങ്കിൻെറതൊലിയും നല്ല പുളിയാരിലയൊപ്പമായ്
ചതച്ചിട്ടു പിഴിഞ്ഞുള്ള നീരു നാഴി എടുത്തതിൽ
നാഴി നെയ്യും കലത്തിട്ടു ജാതിക്കാ ജാതിപത്തിരി
വിടയം മോദകം നല്ല കരുപ്പും ഭൂഗന്ധവും തഥാ
കലിംഗകവുമിച്ചൊന്ന കല്ക്കം ചേത്തതു കാച്ചിയാൽ
നത്തയ്ക്കാമാംസവുംചേത്തു പാകമാക്കിയരിച്ചഥ
സേവിച്ചാലതിസാരങ്ങൾ രക്തശീതക്കടുപ്പുകൾ
ഗ്രഹണീരോഗവുംതീരും മൂലരോഗവുമപ്പൊഴേ.

പുങ്കിൻതൊലി, പുളിയാരില ഇവററിൻനീർ നാഴിവീതം. നെയ്യ് നാഴി ഫം ജാതിക്കാ, ജാതിപത്തിരി, അതിവിടയം, അയമോദകം, കരുപ്പ്, ഗ്രന്ഥ്യ, കുടകപ്പാലയരി, നത്തയ്ക്കാമാംസം ഇവചേത്തു കാച്ചിയരിച്ചു സേവിക്ക. ഗ്രഹണി, അതിസാരം, അർശസ്സ് മുതലായവ ശമിക്കും.

## ൩൪൮. അഗ്നികന്ദാദിഘൃതം

കട്ടപ്പാരം വദ്ധിച്ചു മൂലം തള്ളിപ്പുറപ്പെടിൽ
അഗ്നികന്ദം ഗോപകന്യാ വനസൂരണകന്ദവും

പലമീരണ്ടിടിച്ചിട്ട നാലൊന്നായകഷായകേ
മാഹിഷം ഘൃതവും വെന്ത വെളിച്ചെണ്ണയുമൊപ്പമായ്
ഇരുന്നാഴൂരി ചേത്തിട്ട മുക്കാൽ പാലുമൊഴിച്ചതിൽ
തുഷോദകവുമവ്വണ്ണം മുക്കാലതിലൊഴിച്ചഥ
കല്ക്കത്തിന്നെഷ്ടിമധുകം ദേവതാരം തുവച്ചില
അ◌ിയാറും ചവക്കാരം തുരിശ്ശും കൃഷ്ണജീരകം
മോദകം മാഗധീ ഭാർങ്ങ്ഗീ മുക്കാലിതു കഴഞ്ചിവ
കാട്ടചേനയുണക്കീട്ട കൊട്ടവേലിക്കിഴങ്ങുമായ്
മാറാൻകിഴങ്ങുമവ്വണ്ണം നിഷ്കമൊന്നരയൊന്നര
പൊടിച്ചിട്ട പചിക്കേണം നത്തക്കായമ്പതിട്ടതിൽ
പാകമാക്കു പതിന്നാങ്കിന്നരിപ്പൂ കൃഷ്ണവാവിനു്
ധാന്വന്തരം ജപിച്ചിട്ട കൊട്ടപ്പൂ നല്ല രാശിയിൽ
മൂലരോഗമതപ്പോഴെയുള്ളിൽവാങ്ങിയിളച്ചിട്ടം
മൂലം തള്ളുന്നതിന്നെല്ലാമശ്സ്സിൻെറ ചികിത്സകൾ.

അഗ്നികന്ദം=കൊട്ടവേലിക്കിഴങ്ങു് (ശുദ്ധി) ഗോപകന്യ=നറുനീണ്ടിക്കിഴങ്ങു്. ഖനസൂരണകന്ദം=കാട്ടുചേന ഇവ വ പലംവീതം ൩ ഇടങ്ങഴി വെള്ളത്തിൽ കഷായംവച്ചു എരുമനെയ്യു, ഉരുക്കുവെളിച്ചെണ്ണയും കൂടി ൩ തൂടം ചേത്തു മൂന്നാഴി പാലും കാടിവെള്ളവും ചേത്തു് കല്കം—എരട്ടിമധുരം, ദേവതാരം, തുവച്ചിലക്കാരം, കടകപ്പാലയരി, കാർകോകിലരി, ചെറുപ്പുന്നയരി, വിഴാലരി, കൊത്തമ്പാലരി, ഏലത്തരി ഇവയും, ചവക്കാരം, തുരിശു്, കരിംജീരകം, അയമോദകം, തിപ്പലി. ചെറുതേക്കിൻവേർ ഇവ മുക്കാൽ കഴഞ്ചുവീതവും കാട്ടുചേന, കൊട്ടവേലിക്കിഴങ്ങു, മാറാൻചേമ്പിൻകിഴങ്ങു ഇവ ഉണക്കിപ്പൊടിച്ചതു് ഒന്നര കഴഞ്ചുവീതവും പൊടിച്ചു ചേത്തു് അമ്പതു നത്തയ്ക്കാ (ഞവഞ്ഞി)മാംസവും ഇട്ട കറുത്തപക്ഷത്തിൽ ചതുർദ്ദശിക്കു പാകമാക്കി കറുത്തവാവിനു അരിക്കുക. നല്ലമുഹൂർത്തത്തിൽ ഈ ഘൃതം ധന്വന്തരീമന്ത്രം ജപിച്ചു സേവിച്ചാൽ അശ്സ്സും ഗുദഭ്രംശവും മാറും ശമിക്കും.

## ൩൭. ചിത്രകാദിഘൃതം

ചിത്രഗ്രന്ഥികപൂതീകപുനന്നവമഹൌഷധാത്
തുലാം പചേത് ജലദ്രോണേ ചതുർഭാഗാവശേഷിതേ
തൽകഷായേ ഘൃതപ്രസ്ഥം ഷട്പലം വിപചേദ്ഭിഷക്
ക്ഷീരദ്വിഗുണിതം സിദ്ധം ഗ്രഹണീദീപനം പരം
ഗുന്മഹൃദ്രോഗശൂലാശ്ശഃശോഫജീൎണ്ണോദരാപഹം.

ചിത്രകം=കൊട്ടവേലിക്കിഴങ്ങു്. ഗ്രന്ഥികം=കാട്ടുതിപ്പലിവേരു്. പൂതീകം=ആവിൽതൊലി. പുനന്നവ=തിമിഴാമവേരു്. മഹൌഷധം=ചുക്കു് ഇവ ൨൦ പലംവീതം ൩൨ ഇടങ്ങഴി വെള്ളത്തിൽ കഷായംവച്ചു നാലിലൊന്നാക്കി പിഴിഞ്ഞരിച്ചു് ഇടങ്ങഴിനെയ്യും രണ്ടിടങ്ങഴിപ്പാലും, ഷട്പലം=കാട്ടുമുളകിൻവേർ, കാട്ടുതിപ്പലിവേർ, തിപ്പലി, ചുക്കു്, കൊട്ടവേലിക്കിഴങ്ങു്, ഇന്തുപ്പു് ഇവകൽക്കം ചേത്തു കാച്ചിയരിച്ചു സേവിക്കുക. ഗ്രഹണി ശമിക്കും. ഗുന്മം, ഹൃദ്രോഗം, അശ്സ്സു്, ശൂല മുതലായവയും ജീർണ്ണജ്വരവും ശമിക്കും.

## ൬൨. അശ്വഗന്ധാദിഘൃതം.

അശ്വഗന്ധം പലശതം ബലാ ഗോക്ഷുരകസ്യ ച
പുനൎന്നവസ്യ ച പൃഥക് പലാനി ദശ കല്പയേത്
ശതാവരീ നാഗബലാ ഗുളൂചീ യവമാഷയോഃ
യഷ്ട്യാഃ പഞ്ചപലാന്യേവ പൃഥഗേഷാം സമാഹരേത്
ഷട്ത്രിംശന്മാനിതേ തോയേ ഷഡംശപരിശേഷിതേ
പചേദ്വിമാനികം സൎപ്പിഃ പയസാ ദ്വിഗുണേന ച
പിഷ്ടാനി കാൎഷികാണ്യേവ ദദ്യാത് സംഘട്ടയേത് പുനഃ
ത്രിജാതകം ത്രികടുകം രാസ്നായാ മധുകസ്യ ച
സമം ഗോശീരകക്ഷീരശുക്ലാഹ്വാമജമോജയോഃ
ജീരകസ്യ ച മൃദ്വീകാമഞ്ജിഷ്ഠോശീരസൈന്ധവൈഃ
ഏവം ചൈവ സമാവാപ്യ ശനൈൎമ്മൃദ്വഗ്നിനാ പചേത്
ശൃതേ ഗുളേന വൈമൎദ്ദ്യ ഘൃതം ധാന്യേ നിധാപയേത്
ഏതദ് ഘൃതം മഹാവീൎയ്യം നരാണാമമൃതോപമം
ഏകാദശാനി രൂപാണി ക്ഷയം ചൈവ വ്യപോഹതി
വാതശോണിതമാനാഹം സുപ്തവാതഞ്ച ശ്ലീപദം
ശിരോഘോഷം വാതശൂലദുന്നാമാനാഞ്ച നാശനം
ഊരുസ്തംഭേ ശിരോരോഗേ രക്തപിത്തേ ഹലീമകേ
പുരാണജ്വരദാഹേ ച സൎപ്പിരേതദനുത്തമം.
ഖലിതം പലിതഞ്ചൈവ തഥാ വന്ധ്യാവഭേദകം
അശ്വഗന്ധാദികം സൎപ്പിഃ കൃശബൃംഹണമുത്തമം.

അശ്വഗന്ധം=അമുക്കുരം തുലാം ൧. ബലം=കുറുന്തോട്ടിവേർ. ഗോക്ഷുരകം=ഞെരിഞ്ഞിൽ. പുനൎന്നവം=തമിഴാമവേരു്. ഇവ പലം പത്തുവീതം. ശതാവരി കിഴങ്ങു്, നാഗബല=ആനക്കുറുന്തോട്ടിവേർ. ഗുളൂചി=ചിററമൃതു്. യവം=യവധാന്യം. മാഷം=ഉഴുന്നു്. യഷ്ടി=ഇരട്ടിമധുരം ഇവ ൫ പലംവീതം ൩൬ ഇടങ്ങഴി വെള്ളത്തിൽ കഷായംവെച്ചു് ൬ ഇടങ്ങഴിയാക്കി, രണ്ടിടങ്ങഴി നെയ്യും അതിന്റെ നാലിടങ്ങഴി പാലുംചേൎത്തു് ത്രിജാതകം=ഏലം, ഇലവൎങ്ഗം, പച്ചില. ത്രികടുകു്=ചുക്കു്, മുളകു്, തിപ്പലി. രാസ്നം=ചിററരത്ത. മധുകം=ഇരട്ടിമധുരം. സമംഗ=പടൎച്ചുണ്ടവേരു്. ഉശീരം=രാമച്ചം. ക്ഷീരശുക്ല=പാൽമുതുക്കിൻകിഴങ്ങു്. അജമോജം=അയമോദകം. ജീരകം. മൃദ്വീക=മുന്തിരിങ്ങാപ്പഴം. മഞ്ജിഷ്ഠ=മഞ്ചട്ടി. ഉശീരം=രാമച്ചം. സൈന്ധവം=ഇന്തുപ്പു് ഇവ മൂന്നു കഴഞ്ചുവീതം അരച്ചു കല്കംചേൎത്തു മൃദ്വഗ്നിയിൽ പാകമാക്കി അരിച്ചു ശൎക്കരചേൎത്തു കടഞ്ഞു നെല്ലിൽ കുഴിച്ചുവെയ്ക്കണം. ഇതു സേവിച്ചാൽ ക്ഷയവും അതിന്റെ ൧൧ ഉപദ്രവങ്ങളും രക്തവാതവും, പെരിക്കാലും, വാതരോഗങ്ങളും, വേദനയും അശസ്സുകളും, രക്തപിത്തവും, ശിരോരോഗവും, കാമലയും, പുരാണജ്വരവും മററും ശമിക്കും. ഗൎഭപ്രദമാകുന്നു. കൃശന്മാരെ പോഷിപ്പിക്കും.

## ൬൩. കാരസ്കരഘൃതം.

നീലംകോലുംകരിമ്പുംബലമുരട്ടുമിടിച്ചക്കഷായോദകേ നൽ–
തേനോലുംദ്രാക്ഷയഷ്ടീകദളിഫലയുതംകാശ്മമിട്ടാശയോടെ

പാലുംവീഴ്ത്തിട്ടിരട്ടിപ്പടിവിരചിതമാംനെയ്‌വെതുമ്പിക്കുടിച്ചാൽ
കാലിന്മുട്ടാദിസന്ധ്യാശ്രിതമരിയമരുഛ്ശോണിതം നാശയന്തി.

നീലക്കരിമ്പ് (നീളംകോലം എന്നു പാഠാന്തരം) ബലമൂരട്ട്=കുറുന്തോട്ടിവേർ ഇവ ഇടിച്ചു കഷായംവച്ച് നെയ്യു നാലിരട്ടിചേർത്ത്, ദ്രാക്ഷ=മുന്തിരിങ്ങാപ്പഴം. യഷ്ടി=ഇരട്ടിമധുരം കദളീഫലം=കദളിപ്പഴം അരിഞ്ഞത് കാഞ്ജ്=കാഞ്ഞിരക്കുരു (നാഴി നെയ്യ് വ്യ എണ്ണം നാളം കളഞ്ഞ് കാടി മോരു് ഇവയിൽ ശുദ്ധി ചെയ്തു ചെറുതായി നുറുക്കണം) മാറുള്ളവ അരച്ചുംചേർത്തു കാച്ചി അരിച്ചു സേവിക്ക. നെയ്യിരട്ടി പാൽചേർത്തു കാച്ചി അരിക്ക. രക്തവാതം ശമിക്കും; വേദന, ചുട്ടുനീററൽ, വീക്കം ഇവയ്ക്കും നന്നു്.

## ൬൮ ആമ്രഗന്ധാദിഘൃതം

ആമ്രഗന്ധാർദ്രകരസേ ദധ്നാ സിദ്ധം ഘൃതം ഹിതം
അരുചാവതിസാരേ ച ജീരകാദ്രകകല്ക്കിതം.

ആമ്രഗന്ധ=മാങ്ങാനാറി. ആർദ്രകം=ഇഞ്ചി. ഇവററിൻനീരും, തൈരും, നെയ്യും ചേർത്തു ജീരകവും ഇഞ്ചിയും കൽക്കംചേർത്തു കാച്ചി അരിച്ചു സേവിക്ക. അരുചി, അതിസാരം മുതലായവ ശമിക്കും.

## ൬൯ കാട്ടുചേനഘൃതം

കാട്ടുചേനക്കഷായത്തിൽ പഞ്ചകോലകകല്ക്കിതം
കൂട്ടി മോർകാച്ചിവെച്ചു നെയ്‌ പഞ്ചതാകരമശ്സാം.

കാട്ടുചേന കഷായംവച്ച് അതിൽ പഞ്ചകോലം=കാട്ടുതിപ്പലിവേർ, കാട്ടുമുളകിൻവേർ, ചക്ക്. തിപ്പലി, കൊടുവേലിക്കിഴങ്ങ് ഇവ കൽക്കം. നെയ്യിരട്ടിമോരും ചേർത്തു കാച്ചിഅരിച്ചു സേവിക്ക. അർസ്സ് ശമിക്കും.

## ൭൦ ഞെരിഞ്ഞിൽക്കുവളാദിഘൃതം

ഞെരിഞ്ഞിൽക്കുവളത്തിൻവേർ മലർ ദീപ്യൈഃ ശൃതേ ജലേ
ഘൃതം മഗധജാദ്യേന കല്ക്കിതം വായുകോപഹൃത്.

ഞെരിഞ്ഞിൽ, കുവളത്തിൻവേർ, മലരു്, ദീപ്യകം=ജീവകം ഇവററിൻകഷായത്തിൽ ചെറുതിപ്പലി മുതലായവ കൽക്കംകൂട്ടി കാച്ചി അരിച്ചു സേവിക്ക. വായുക്ഷോഭം ശമിക്കും.

## ൭൧ അഷ്ടമംഗലഘൃതം

പടോലം ശാരിബാ മുസ്താ മധുകം കടുരോഹിണീ
ഉശീരം ചന്ദനം ചൈവ പിപ്പലീ തൈശ ശൃതം ഘൃതം
അഷ്ടമംഗലകം നാമ ഘൃതമാത്രേയപൂജിതം
സർവ്വജ്വരഹരഞ്ചൈവ രക്ഷോഘ്നം പുഷ്ടിവർദ്ധനം.

പടവലം, ശാരിബ=നറുനീണ്ടിക്കിഴങ്ങ്. മുസ്ത=മുത്തങ്ങ. മധുകം=ഇരട്ടിമധുരം. കടുകുരോഹിണി. ഉശീരം=രാമച്ചം, ചന്ദനം, തിപ്പലി ഇവ കഷായംവച്ച് അതിൽ നെയ്യും അവതന്നെ കൽക്കവുംചേർത്തു കാച്ചി അരിച്ചു സേവിക്ക. ജ്വരങ്ങൾ വിഷമജ്വരം ഇവ ശമിക്കും. പോഷണമാണ; ഭൂതഗ്രഹപീഡയ്ക്കും നന്നു്.

## റെ. ജാത്യാദിഘൃതം

ജാതീകിംശുകപപ്പടാഖ്യസുഷവീമായൂരികാഭദ്രികാ
നിർഗ്ഗുണ്ഡീമൃദുകഞ്ചികാകടുകികാദൂർവ്വാനിശാനാം രസേ
സർപ്പിസ്സിദ്ധമനേന സൂക്ഷ്മവദനാ മർമ്മാശ്രിതാ സ്രാവിണോ
ഗംഭീരാസ്സരുജോ വ്രണാസ്സഗതികാ ശുദ്ധ്യന്തി രോഹന്തി ച.

ജാതി=പിച്ചകത്തില. കിംശുകം=മുരുക്കില(തളിര്) പർപ്പടാഖ്യം=പർപ്പടകപ്പുല്ല്. സുഷവീ=പുല്ലാന്നിത്തളിർ, മായൂരിക=ചെറുകടലാടി, ഭദ്രിക=ചെറുവഴുതിന, നിർഗ്ഗുണ്ഡീ=കരിനൊച്ചിയില, മൃദുകഞ്ചിക=ഞൊടിഞെട്ട, കടുകില=ചുരയില. ദൂർവ്വം=കറുകപ്പുല്ല്, നിശ=പച്ചമഞ്ഞൾ ഇവററിൻനീരിൽ (ഇതിനു കൽക്കം പറഞ്ഞിട്ടില്ലെങ്കിലും ഇരട്ടിമധുരം കൽക്കംചേർത്തുവരുന്നതു പരമ്പരാഗതവും ഫലപ്രദവും ആകുന്നു എന്നറിക) കാച്ചിയരിച്ച വ്രണത്തിൽ ധാരകോരുക. ശുദ്ധിവന്നു ഏതുതരം കരവ്രണവും ഉണങ്ങും.

## ന്മ. മയൂരഘൃതം

മയൂരം പക്ഷപിത്താന്ത്രപാദവിട്തുണ്ഡവർജ്ജിതം
ദശമൂലബലാരാസ്നാമധുകൈസ്ത്രിഫലൈര്യുതം
ജലേ പക്ത്വാ ഘൃതപ്രസ്ഥം തസ്മിൻ ക്ഷീരസമം പചേത്
കല്ക്കിതൈർമ്മധുരദ്രവ്യൈഃ സർവ്വജത്രൂർദ്ധ്വരോഗജിത്
തദഭ്യാസീകൃതം പാനവസ്ത്യഭ്യംജനനാവനൈഃ

മയൂരം=മയിലിനെ കൊന്നു ചിറക്, പിത്താശയം, കുടൽ, കാൽ, മലം, ചുണ്ട് ഇവ കളഞ്ഞു നുറുക്കി കഷായംവെയ്ക്ക ദശമൂലം, ബലം=കുറുന്തോട്ടിവേർ. രാസ്നം=ചിററരത്ത, മധുകം=ഇരട്ടിമധുരം, ത്രിഫലത്തോട് ഇവ കഷായംവച്ച് പിഴിഞ്ഞരിച്ചു നെയ്യും സമം പാലുംചേർത്ത്, മധുരദ്രവ്യങ്ങൾ=ശതാവരി, കോവൽ. അടപെതിയൻ, പാൽമുതക്ക് ഇവററിൻകിഴങ്ങ്, ഇലിപ്പക്കാതൽ, ഈന്തപ്പഴം, ഇരട്ടിമധുരം, കാട്ടുഴുന്ന്, കാട്ടുപയറ്, കുറുന്തോട്ടി രണ്ടും, കുമിഴ്, ഓരില, മൂവില ഇവററിൻവേർ മുതലായവ കൽക്കംചേർത്തു കാച്ചിയരിച്ചു സേവിക്ക. കഴുത്തിനു മേലുണ്ടാകുന്ന എല്ലാ രോഗങ്ങളും ശമിക്കും.

## ർ. മഹാമായൂരഘൃതം

ഏതേനൈവ കഷായേണ ഘൃതപ്രസ്ഥം വിപാചയേത്
ചതുർഗ്ഗുണേന പയസാ കല്ക്കൈരേഭിശ്ച കാർഷികൈഃ
ജീവന്തീത്രിഫലാമേദാമൃദ്വീകാർദ്ധിപരൂഷകൈഃ
സമംഗാചവികാഭാർങ്ഗീകാശ്മരീകക്കടാഹ്വയൈഃ
ആത്മഗുപ്താമഹാമേദാതാലഖർജ്ജൂരമുസ്തകൈഃ
മൃണാളവിസഖർജ്ജൂരയഷ്ടീമധുകജീവകൈഃ
ശതാവരീവിദാരീക്ഷുബൃഹതീശാരിബായുഗൈഃ
ദൂർവ്വാശൃംഗാടകശ്രൃംഗാടകകശേരുകൈഃ
രാസ്നാസ്ഥിരാതാമലകീസൂക്ഷ്മൈലാശഠിപൗഷ്കരൈഃ
പുനർന്നവാതവക്ഷീരീകാകോളീധന്വയാസകൈഃ
മധൂകാക്ഷോടവാതാമമുഞ്ജാതാഭിഷുകൈരപി

മഹാമായൂരമിത്യേതന്മയൂരാദധികം ഗുണൈഃ
ധാതവിന്ദ്രിയസ്വരഭ്രംശശ്വാസകാസാർദ്ദിതാപഹം
യോന്യസൃക്ശുക്ലദോഷേഷു ശസ്തം വന്ധ്യാസുതപ്രദം
ആഖുഭിഃ കുക്കുടൈർഹംസൈഃ ശശൈശ്ചേതി പ്രകല്പയേത്.

൮൯-ാംയോഗത്തിൽ പറഞ്ഞവ കഷായംവച്ച് അതിൽ ഇടങ്ങഴി നെയ്യും നാലിടങ്ങഴി പാലും ജീവന്തി=അടപൊതിയൻകിഴങ്ങ്, ത്രിഫലത്തോട്, മേദ (പകരം അമുക്കുരം) മൃദ്വീക=മുന്തിരിങ്ങ, പരൂഷകം=ചിററീന്തൽവേര്, സമംഗ=പടച്ചുണ്ടവേര്, ചവിക=കാട്ടുതിപ്പലിവേര്, ഭാർങ്ഗീ=ചെറുതേക്കിൻവേര്, കാശ്മരീ=കുമിഴിൻവേർ, കർക്കടാഹ്വയം=കർക്കടശൃംഗി, ആത്മഗുപ്ത=നായ്ക്കുരണവേര്, മഹാമേദ (നറുനീണ്ടിക്കിഴങ്ങ് പകരം) താലം=പനമ്പഴം, ഖർജ്ജൂരം=ഈന്തപ്പഴം, മുസ്തകം=മുത്തങ്ങ, മൃണാളം=താമരയല്ലി വിസം=താമരവളയം, യഷ്ടീമധുകം=ഇരട്ടിമധുരം, ജീവകം (പകരം പാൽമുതക്കിൻകിഴങ്ങ്) ശതാവരിക്കിഴങ്ങ്, പാൽമുതക്കിൻകിഴങ്ങ്, ഇക്ഷു=കരിമ്പ്, ബൃഹതികാ=ചെറുവഴുതിനവേരും വെൺവഴുതിനവേരും, ശാരിബായുഗം=നറുനീണ്ടിക്കിഴങ്ങും പാൽവള്ളിക്കിഴങ്ങും, ദൂർവ്വ=കറുകപ്പുല്ല്, ശ്വദംഷ്ട്ര=ഞെരിഞ്ഞിൽ, ഋഷഭകം=ഇടവകം, ശൃംഗാടകം=വൽവട്ടക്കിഴങ്ങ്, കശേരുകം=കഴിമുത്തങ്ങ, രാസ്നാ=ചിററരത്ത, സ്ഥിര=ഓരിലത്താമര, താമലകീ=കീഴാനെല്ലി, സൂക്ഷ്മൈല=ചിററേലം, ശഠി=കച്ചോലം, പൗഷ്കരം=പുഷ്കരമൂലവേർ, പുനർന്നവ=തമിഴാമവേര്, തവക്ഷീരി=കൂവക്കിഴങ്ങ്, കാകോളി, ധന്വയാഷകം=കൊടിത്തൂവവേര്. മധുകം=ഇലിപ്പക്കാതൽ, അക്ഷോടം=തേങ്ങ. വാതാമം=ബദാംകുരു, മുഞ്ജാതം=മുഞ്ഞകപ്പുല്ല്. ഇവ നല്ലവണ്ണം അരച്ചുവീതം കൽക്കംചേർത്തു കാച്ചിയരിച്ചു സേവിക്ക. മുൻയോഗത്തേക്കാളും ഗുണം ഏറിയതാകുന്നു. ശിരോരോഗാദികളെമാത്രമല്ല യോനിരോഗം, ശുക്ലാർത്തവദോഷങ്ങൾ, ധാതുക്ഷയം, സ്വരഭ്രംശാദികൾ, ശ്വാസം, കാസം, അർദ്ദിതം ഇവയേയും ശമിപ്പിക്കും. വന്ധ്യക്കു പുത്രനുണ്ടാകും, മയിൽ ഇല്ലെങ്കിൽ കുക്കുടം=കരിംപിടക്കോഴി പഴയതു്. ആഖു=എലി; ഹംസം=അരയന്നം. ശശം=മുയൽ. ഇവയിൽ ഒന്നിന്റെ മാംസം ൮൯-ാംയോഗത്തിൽ പറയുംപോലെ കഷായംവച്ചു നെയ്കാച്ചി സേവിക്കുകയുമാം.

## ൯൦. ആർദ്രകാദിഘൃതം

ആർദ്രകവ്യാധിഘാതാർക്കസ്നുഹീത്രായന്തികാരസേ
വ്യോഷത്രിജാതകാംഭോദധാത്രീകുംഭവിളംഗകൈഃ
കല്ക്കിതൈഃ സാധിതം സർപ്പിരുദരാമയനാശനം
പീതമന്നേന യുക്തം വാ പ്രാതഃ സമുപയോജിതം.

ആർദ്രകം=ഇഞ്ചി. വ്യാധിഘാതം=കൊന്നയില. അർക്കം=എരുക്കില. സ്നുഹി=കള്ളിയില. ത്രായന്തി=ബ്രഹ്മി, ഇവററിൻനീരിൽ വ്യോഷം=ചുക്ക്, മുളക്, തിപ്പലി. ത്രിജാതകം=ഏലം, ഇലവർങ്ഗം, പച്ചില, ധാത്രീ=നെല്ലിക്കാത്തോട്, കുംഭം=ത്രികോല്പക്കൊന്ന. വിളംഗം=വിഴാലരി ഇവ കൽക്കംചേർത്തു നെയ്യു കാച്ചിയരിച്ചു സേവിക്ക. ഉദരരോഗങ്ങൾ ശമിക്കും. ആഹാരത്തിൽക്കൂട്ടിയും രാവിലെയും സേവിക്കാവുന്നതാണ്.

## ൯൧. ഭദ്രികാദിഘൃതം (ക്ഷതത്തിന്)

ഭദ്രികാസ്വരസേ സർപ്പിഃ പക്വം ക്ഷീരസമന്വിതം
ജലപ്രസാദനം കല്കം സിതയാ ച വിമിശ്രിതം
സർവ്വമർമ്മക്ഷതോത്ഥാനാം രുജാം പ്രശമനം പരം.

ഭദ്രിക=ചെറുവൂള. ജലപ്രസാദനം=തേററാമ്പരൽ. ചെറുവൂളയുടെ സ്വരസവും പാലും ചേൎത്തു തേററാമ്പരൽ കൽക്കമാക്കി നെയ്യ് കാച്ചിയരിച്ചു പഞ്ചസാര ചേൎത്തു കടഞ്ഞു സേവിക്ക. മൎമ്മാഘാതംകൊണ്ടുള്ള വേദനയും മററും ശമിക്കും.

## ൈ. ഗോപ്യാദിഘൃതം.

നന്നാറിനീക്കിഴങ്ങും മധുകമലയജൌ കുഷ്ഠനല്പാമരാണാം
മൊട്ടും രാമച്ചമെന്നിവക പരിചൊടരച്ചിട്ടു പാലോടു ക്രട്ടി
ദൂൎവാതോയേ വിപകം ഘൃതമിതു സകലാൻ മൎമ്മസംസ്ഥാനജാതാൻ
തീക്ഷ്ണാനുഷ്ണാൻ ഗുരുനപ്യപഹരതി തഥൈവ വ്രണാൻ മേഹജാതാൻ.

നറുനീണ്ടിക്കിഴങ്ങു, ചെങ്ങഴിനീക്കിഴങ്ങ്, എരട്ടിമധുരം, ചന്ദനം, കൊട്ടം, നാല്പാമരമൊട്ട്, രാമച്ചം ഇവ കൽക്കമാക്കി നെയ്യും സമം പാലും നാലിരട്ടി കറുകപ്പുല്ലിൻനീരും ചേൎത്തു കാച്ചിയരിച്ചു സേവിക്ക. മൎമ്മജങ്ങളായ പ്രമേഹവ്രണങ്ങൾ ശമിക്കും. ഇതു ആവക വ്രണങ്ങൾക്കു ധാരചെയ്യാനും ലേപനത്തിനും മററും നന്നു.

## വ്യ. പാണൽപാതിര്യാദിഘൃതം (അളക്ക്വിഷത്തിനു്)

പാണൽപാതിരിപരുത്തിസൎവ്വംപാടമഞ്ഞകരളേകമൂലവും
വാകപഞ്ചകമിരിപ്പക്രുവളം താരുതാവലമരീഫലത്രയം
നല്ലവിൽപൊരിയുശീരവുംതഥാ വച്ചുകൊള്ളുകകഷായമിങ്ങനെ
വ്യാഘ്ര്യപാദികടലാടിനെയ്യുതും ബ്രഹ്മിബിംബിയിലപത്തുപുഷ്പവും
കുത്തിയങ്ങുപിഴിവാൻകഷായനീർതന്നിലെന്നുവിഷഹാരിണാം മതം
താമരക്കുരുകടുത്രയം വയമ്പുള്ളിയെട്ടിമതുരഞ്ച കായവും
ജീരകദ്വയമമുക്കുരഞ്ച തക്കോലപുട്ടിലൊട്ടുമുന്തിരങ്ങയും
ചന്ദനംത്രിഫലകൊട്ടവുംക്രമാതു് കല്ക്കമായഘൃതമങ്ങുസേവയേതു്
സാരമേയവിഷമാശുനാശയേതു് സാരമേതദതിഗോപനീയമാം.

പാണൽ(പാഞ്ചി)വേരു്, പാതിരിവേരു, കുരുപ്പരുത്തിപഞ്ചാംഗം പാടക്കിഴങ്ങു മഞ്ഞൾവേരു ഗരുഡക്കൊടിവേർ നെന്മേനിവാകപഞ്ചാംഗം ഇലിപ്പക്കാതൽ ക്രുവളവേരു് താൎതാവൽവേരു് അമരിവേരു് ത്രിഫലത്തോടു് അവൽപൊരിവേർ രാമച്ചം ഇവകഷായംവെച്ചു പുലിച്ചുവടി കടലാടി നെയ്‌വള്ളി ബ്രഹ്മി തൊണ്ടിയില പത്തു(ദശ)പുഷ്പ =പൂവൻകുറുന്തൽ മുയൽചെവി വിഷ്ണുക്രാന്തി കറുകനാമ്പു് കയ്യോന്നി ഉഴിഞ്ഞ തിരുതാളി നിലപ്പന മുക്കററി ചെറുവൂള ഇവ കഷായവെള്ളത്തിൽ ഇടിച്ചുപിഴിഞ്ഞു് അതിൽ പശുവിൻനെയ്യു കൽക്കത്തിനു താമരക്കുരു ചുക്കു് മുളകു തിപ്പലി വയമ്പു് വെള്ളുള്ളി ഇരട്ടിമധുരം കായം ജീരകം രണ്ടും, അമുക്കുരം തക്കോലം മുന്തിരിങ്ങ ചന്ദനം ത്രിഫലത്തോടു വെള്ളക്കൊട്ടം ഇവ ചേൎത്തു കാച്ചിയരിച്ചു സേവിപ്പിക്ക. പേപ്പട്ടിവിഷം ശമിക്കും. ശോധനാദികൾ ചെയ്തശേഷം ഇതു സേവിപ്പിക്ക. പേക്കുറുക്കൻ മുതലായ ജന്തുക്കളുടേയും വിഷത്തിനും നന്നു്.

## ൻ അജമാംസഘൃതം

ദ്രോണേƒപാം സാധയേദ്രാസ്നാദശമൂലശതാവരീഃ
പലോന്മിതാഃ ദ്വികഡുബം കുലത്ഥം ബദരം യവം

തുലാർദ്ധാജമാംസസ്യ തേന സാർദ്ധം ഘൃതാഢകം
സമക്ഷീരം പലാംശൈശ്ച ജീവനീയൈഃ സമീക്ഷ്യ തത്.
പ്രയുക്തം വാതരോഗേഷു പാനനാവനവസ്തിഭിഃ
പഞ്ചകാസാൻ ശിരഃകമ്പം യോനിവംക്ഷണവേദനാഃ
സർവ്വാംഗൈകാംഗരോഗാംശ്ച സപ്ലീഹോർദ്ധ്വാനിലാൻ ജയേത്.

രാസ്ന=ചിററരത്ത. ദശമൂലം, കലത്ഥം=മുതിര. ബദരം=ലന്തക്കരു. അജമാംസം=വെളിയാട്ടിന്റെ ഇറച്ചി. ചിററരത്ത ദശമൂലം ഓരോന്നും ശതാവരിക്കിഴങ്ങ് ഇവ ഓരോപലം ൧൬ ഇടങ്ങഴി വെള്ളത്തിൽ കഷായംവെച്ചു നാലിടങ്ങഴിയാക്കുക. ആട്ടിൻമാംസം പലം ൫൦. വെന്തു ഊററി രസമെടുക്കുക. മുതിര ലന്തക്കരു യവം ഇവ ഇരുനാഴിവീതം വെച്ചൂററി യൂഷമെടുക്കുക. നെയ്യ് ഇടങ്ങഴി ൪. പാൽ ഇടങ്ങഴി ൪.

ജീവന്തികാകോള്യൌ മേദേ ദ്വേ മുദ്ഗമാഷപർണ്ണ്യൌ ച
ഋഷഭകജീവകമധുകം ചേതി ഗണോ ജീവനീയാഖ്യഃ.

കൽക്കം—അടപൊതിയൻകിഴങ്ങ് കാകോളി ക്ഷീരകാകോളി (പ്രകരം ശതാവരിക്കിഴങ്ങ് ഇരട്ടി) മേദ മഹാമേദ (പ്രകരം അമുക്കുരം ഇരട്ടി) കാട്ടുപയററിൻവേർ കാട്ടുഴുന്നിൻവേർ ജീവകം ഇടവകം (പ്രകരം മുതക്കിൻകിഴങ്ങ് ഇരട്ടി) എരട്ടിമധുരം ഇവ (ജീവനീയഗണം) അരച്ചുചേർത്തു കാച്ചിയരിച്ചുസേവിക്ക. നസ്യത്തിനും വസ്തിക്കും നന്ന്. വാതവ്യാധികൾ ശമിക്കും. അഞ്ചുവിധം കാസങ്ങളും തലവിറയൽ യോനിശൂല വംക്ഷണശൂല പ്ലീഹ ഊർദ്ധ്വവാതം മുതലായവയും ശമിക്കും.

### ൮൦ മൃദ്വീകാദിഘൃതം

മൃദ്വീകാഗോക്ഷുരാനന്താപുനർന്നവശൃതേ ജലേ
മാഷൈലാജീരകൈഃ പക്വം ഘൃതം ശുക്ലസ്യ വർദ്ധനം.

മുന്തിരിങ്ങാപ്പഴം ഞെരിഞ്ഞിൽ കൊടിത്തൂവവേർ തഴുതാമവേർ, ഇവ കഷായംവെച്ചെട്ടത്തു ഉഴുന്ന് ഏലക്കായ് ജീരകം, ഇവ കൽക്കംചേർത്തു നെയ്കാച്ചിയരിച്ചു സേവിക്ക, ആഹാരത്തിൽ കൂട്ടിയുപയോഗിക്ക; ധാതുക്ഷീണത ശമിക്കും. ശുക്ലം വർദ്ധിപ്പിക്കുകയും ചെയ്യും.

---

## ചൂർണ്ണയോഗങ്ങൾ

### ൧. യവാന്യാദി.

യവാനീതിന്ത്രിണീകാമ്ലവേതസൌഷധദാഡിമൈഃ
കൃതാ കോലഞ്ച കർഷാംശം സിതായാശ്ച ചതുഷ്പലം
ധാന്യസൌവർച്ചലാജാജീവരാംഗഞ്ചാർദ്ധകാർഷികം
പിപ്പലീനാം ശതഞ്ചൈകം ദ്വേ ശതേ മരിചസ്യ ച
ചൂർണ്ണമേതത് പരം രുച്യം ഹൃദ്യം ഗ്രാഹി ഹിനസ്തി ച
വിബന്ധകാസഹൃത്പാർശ്വശൂലാർശോഗ്രഹണീഗദാൻ.

യവാനി=ജീരകം. തിന്ത്രിണീകം=കോൽപുളിഞരമ്പ് (വേരിന്മേൽ തൊലിയുമാം) അമ്ലവേതസം=ഞെരിഞ്ഞാൻപുളിക്കിഴങ്ങ്. ഔഷധം=ചുക്ക്. ദാഡിമം=താളിമാതളക്കായുടെ തോട്. കോലം=ലന്തക്കുരു. ഇവ മൂന്നു കഴഞ്ചുവീതം. സിത=പഞ്ചസാര പലം ൪. ധാന്യം=കൊത്തമ്പാലയരി. സൗവച്ചലം=തുവച്ചിലക്കാരം. അജാജി=അയമോദകം (ആജാജിയും ചേക്കാറുണ്ട്) വരാംഗം=ഇലവൎങ്ഗം. ഇവ ഒന്നരക്കഴഞ്ചുവീതം. തിപ്പലി എണ്ണം ൧൦൦. കുരുമുളക് എണ്ണം ൨൦൦. ഇവ ചൂൎണ്ണിച്ചു പഞ്ചസാരചേൎത്തു നേൎമ്മിച്ചു സേവിക്ക. രുചിയെ ഉണ്ടാക്കുന്നതും ഹൃദ്യവും ഗ്രാഹിയുമാകുന്നു. ഗുദസ്രാതോബന്ധം, കാസം, ഹൃദ്രോഗം, പാൎശ്വവേദന, അൎശസ്സ്, ഗ്രഹണി ഇവയെ ശമിപ്പിക്കും.

## ൨. താലീസപത്രാദി

താലീസപത്രം മരിചം നാഗരം പിപ്പലീ ശുഭാഃ
യഥോത്തരം ഭാഗവൃദ്ധാ ത്വഗേലേ ചാൎദ്ധഭാഗികേ
തദ്രൂച്യം ദീപനം ചൂൎണ്ണം കാണാഷ്ടഗുണശൎക്കരം
കാസശ്വാസാരുചിച്ഛൎദ്ദിപ്ലീഹഹൃത്പാൎശ്വശൂലജിത്

താലീസപത്രം ഭാഗം ൧. മരിചം=കുരുമുളക് ഭാഗം ൨. നാഗരം=ചുക്ക് ഭാഗം ൩. പിപ്പലി=തിപ്പലി ഭാഗം ൪. ത്വക്=ഇലവൎങ്ഗം. ഏലം=ഏലത്തരി. ഇവ രണ്ടുംകൂടി മുൻപറഞ്ഞവ എല്ലാം കൂട്ടുന്നതിന്റെ പകുതിഭാഗം. (താലീസപത്രി കഴഞ്ച് ൧ ആയാൽ അവ രണ്ടും രണ്ടരക്കഴഞ്ചുവീതം) കാണാഷ്ടഗുണശൎക്കരം=തിപ്പലിയുടെ എട്ടിരട്ടി പഞ്ചസാര (തിപ്പലി ൪ കഴഞ്ച് എങ്കിൽ പഞ്ചസാര ൩൨ കഴഞ്ച്) ഈ ചൂൎണ്ണം രുചിയും അഗ്നിദീപ്തിയുംവരുത്തും. കാസം, ശ്വാസം, അരുചി, ഛൎദ്ദി, പ്ലീഹ, ഹൃദ്രോഗം, പാൎശ്വവേദന ഇവയ്ക്കു നന്ന്. അംശകല്പനാഭേദംകൊണ്ടു ഈ യോഗം വ്യത്യാസപ്പെട്ടുന്നതിനുപുറമെ ശുഭാഃ എന്നതിനു കൂവനൂറു ഭാഗം ൪ കൂടി ചേൎത്തും ഈ ചൂൎണ്ണം ചിലർ ഉണ്ടാക്കി പ്രയോഗിച്ചുവരുന്നുണ്ട്. കൂവനൂറിന്റെ സ്ഥാനത്തു വംശരോചന (മുളമുത്തു) എന്ന വിധവും മററുചിലർ ഗ്രഹിച്ചുവരുന്നു.

## ൩. മഗധജാദി

മഗധജധാത്രീശുണ്ഠീമധുകാഞ്ജനഗൈരികൈസ്തുല്യൈഃ
തുല്യൈശ്ശൎക്കരലാജൈൎമ്മധുനാ വിലിഹേച്ഛമീ ഹിക്കീ

മഗധജം=തിപ്പലി, ധാത്രീ=നെല്ലിക്കാത്തോട്. ശുണ്ഠി=ചുക്ക്. മധുകം=ഇരട്ടിമധുരം. അഞ്ജനം=അഞ്ജനക്കല്ല്. ഗൈരികം=കാവിമണ്ണ്. ഇവ സമം പൊടിച്ചു അതിനു സമം പഞ്ചസാരയും മലൎപ്പൊടിയും ചേൎത്തു ചൂൎണ്ണിച്ച് തേനിൽ കുഴച്ചു സേവിക്ക. ഛൎദ്ദിയും ഇക്കിളും ശമിക്കും.

## ൪. കാൎപ്പാസാസ്ഥ്യാദി

കാൎപ്പാസാസ്ഥിതുടീകൃഷ്ണാലാജചൂൎണ്ണം സശൎക്കരം
ലേഹയേച്ഛൎദ്ദിനാശായ രഹസ്യമിദമുത്തമം

കാൎപ്പാസാസ്ഥി=പരുത്തിക്കുരുവിൻപരിപ്പ്. തുടി=ഏലത്തരി. കൃഷ്ണ=ചെറുതിപ്പലി. ലാജചൂൎണ്ണം=മലൎപ്പൊടി. ഇവ സമം പഞ്ചസാര ചേൎത്തു സേവിക്ക. ഛൎദ്ദി ശമിക്കും.

## ൫. ഏലാദി (൧)

ഏലാലവംഗഗദകേസരകോലമജ്ജാ-
ലാജപ്രിയംഗുഘനചന്ദനചന്ദ്രസംജ്ഞാഃ

ചൂർണ്ണീകൃതാശ്ച മധുനാ പരിലിഹ്യമാനാഃ
ഛർദ്ദിം നിഹന്തി കഫമാരുതപിത്തജാതാം

ഏല=ഏലത്തരി. ലവംഗം=ഇലവർങ്ങം (ഗ്രാമ്പൂ എന്ന് അർത്ഥം സ്വീകരിക്കുന്നവരുമുണ്ട്. ഗദം=വെള്ളക്കൊട്ടം. (ദല എന്ന പാഠാന്തരത്തിനർത്ഥം പച്ചില എന്നാകുന്നു) കേസരം=നാഗപ്പൂ. കോലമജ്ജാ=ലന്തക്കുരുപ്പരിപ്പ്. ലാജം=മലര്. പ്രിയംഗു=ഞാഴല്പൂ. ഘനം=മുത്തങ്ങ. ചന്ദനം. ചന്ദ്രസംജ്ഞം=കർപ്പൂരം. ഇവ സമം ചൂർണ്ണിച്ചു തേനിൽ കുഴച്ചു സേവിക്ക. ത്രിദോഷജങ്ങളായ ഛർദ്ദികളും ശമിക്കും.

## ൬. ജാതീലവംഗാദി

ജാതീലവംഗതുടിമുക്കടുവെന്നിതെല്ലാം
ചൂർണ്ണീകരിച്ചു ശലലീദസിതേന തുല്യം
തേനിൽകുഴച്ചു ലിഹിതാമചിരേണ ഹിക്കാം
ശ്വാസഞ്ച കാസമപി ഹന്ത്യുദരാമയഞ്ച

ജാതി=ജാതിക്ക. ലവംഗം=ഇലവർങ്ങത്തൊലി. തുടി=ഏലത്തരി. മുക്കടു=ചുക്ക മുളക തിപ്പലി. മുള്ളൻകോലചുട്ട ഭസ്മം ഇവ സമം ചേർത്തു ചൂർണ്ണമാക്കിയത്ത് തേനിൽ കുഴച്ചു സേവിച്ചാൽ ഇക്കിൾ, കാസം, ശ്വാസം, വയറ്റുവേദന മുതലായവ ശമിക്കും.

## ൭. കടുക്കാദി

കടുക്കാ മുളകും ചുക്കും കണ്ടശ്ശർക്കരയും മലർ
പൊടിച്ചു മധുനാജ്യേന നക്കിലിക്കിളൊഴിഞ്ഞുപോം

കടുക്കാത്തോട്, (ഇതിന്നു ചിലർ കടുക=കടുകരോഹിണി എന്ന പാഠവും അർത്ഥവും സ്വീകരിച്ചുകാണുന്നു) മുളക ചുക്ക ഇവ ചൂർണ്ണിച്ചു കൽക്കണ്ടം മലർപ്പൊടിയും ചേർത്തു നേർമ്മിച്ചു തേനും നെയ്യും ചേർത്തു കുഴച്ചു സേവിക്ക. ഇക്കിൾ ശമിക്കും.

## ൮ ഏലാദി (൨)

ഏലാത്വക്‌നാഗകുസുമതീക്ഷ്ണകൃഷ്ണാമഹൌഷധം
ഭാഗവൃദ്ധം ക്രമാച്ചൂർണ്ണം നിഹന്തി സമശർക്കരം
പ്രസേകാരുചിപാർശ്വാർത്തിഛർദ്ദികണ്ഠാമയാപഹം

ഏലത്തരി. ത്വക്=ഇലവർങ്ങം. നാഗകുസുമം=നാഗപ്പൂവ്. തീക്ഷ്ണം=മുളക. കൃഷ്ണ=തിപ്പലി. മഹൌഷധം=ചുക്ക. ഏലം ൧. ഇലവർങ്ങം ൨. നാഗപ്പൂ ൩. മുളക ൪. തിപ്പലി ൫ ചുക്ക ൬. ഇങ്ങനെ ഭാഗങ്ങളാക്കിചേർത്തു നേർമ്മിച്ചു അവയെല്ലാംകൂടിയിടത്തോളം പഞ്ചസാരചേർത്തു സേവിക്ക. വായിൽ വെള്ളംവരിക, അരുചി, പാർശ്വവേദന, ഛർദ്ദി മുതലായവ ശമിക്കും.

## ൯. കർപ്പൂരാദി (൧)

കർപ്പൂരചോചതക്കോലജാതീഫലദലാഃ സമാഃ
ലവംഗനാഗമരിചകൃഷ്ണാശുണ്ഠീവിവർദ്ധിതാഃ
ചൂർണ്ണം സിതാസമം ഹൃദ്യം രോചനം ക്ഷയകാസജിത്

കർപ്പൂരം=പച്ചക്കർപ്പൂരം. ചോചം=ഇലവർങ്ങം. തക്കോലം=തക്കോലപ്പുട്ടിൽ. ജാതീഫലം=ജാതിക്ക. ദലം=പത്തിരി. ഇവയുടെ ഭാഗം ൧. ലവംഗം=ഗ്രാ

ധ്യ ഭാഗം ൨. നാഗം=നാഗപ്പൂവ് ഭാഗം ൩. മരിചം=കുരുമുളക ഭാഗം ൪. കൃഷ്ണം=തിപ്പലി ഭാഗം ൫. ശുണ്ഠി=ചുക്ക ഭാഗം ൬. ഇവ പൊടിച്ച് ശീലവടികൊണ്ട സമം പഞ്ചസാരചേൎത്തു സേവിക്ക. രുചിയുണ്ടാക്കും. ക്ഷയവും കാസവുംമററും ശമിക്കും.

## ൧൦. തുകാദി

തുകാതിന്ത്രിണിലാജൈശ്ച കോലവ്യോഷത്രിജാതകൈഃ
സചന്ദ്രൈൎമ്മോദകം രുച്യം ക്രമാദ്ദ്വിഗുണശൎക്കരം
ഛൎദ്ദ്യസൃക്പിത്തഹൃദ്രോഗക്ഷയകാസജ്വരാപഹം

തുകം=കൂവനൂറ്. തിന്ത്രിണി=പുളിയിലഞരമ്പു. ലാജം=മലര കോലം=ലന്തക്കുരു. വ്യോഷം=ചുക്ക മുളക തിപ്പലി. ത്രിജാതകം=ഏലത്തരി, ഇലവൎങ്ങം, പച്ചില. ചന്ദ്രം=പച്ചക്കൎപ്പൂരം. മരുന്നുകൾ പൊടിച്ചു കൂവനൂറും പച്ചക്കൎപ്പൂരവും ചേൎത്തു നേൎപ്പിച്ച ഇരട്ടി പഞ്ചസാരയുംചേൎത്തു സേവിക്ക. ഛൎദ്ദിയും രക്തപിത്തവും, ഹൃദ്രോഗം, ക്ഷയം, ചുമ, ജ്വരം ഇവയും ശമിക്കും. പഞ്ചസാര പാവുകാച്ചി പൊടിചേൎത്തു വടകമാക്കുകയുമാം.

## ൧൧. ചുക്കിലിരട്ട്യാദി

ചുക്കിലിരട്ടി ഉറച്ചഗുളം തദ്ദ്വിഗുണന്തു വറുത്ത തിലം
കൂട്ടിയുരുട്ടിയൊരെട്ടുദിനം തിങ്കിലവൻ വലിയാ കുരയാ

ചുക്കപൊടി ഭാഗം ൧ ഉണ്ടശ്ശൎക്കര ഭാഗം ൨ വറുത്ത എള്ള ഭാഗം ൪. വിധാനം:—ആദ്യം ഉരലിൽ ചുക്കപൊടിയും പിന്നെ വറുത്ത എള്ളും പിന്നീട നല്ല ഉണ്ടശ്ശൎക്കരയും ചേൎത്തു ആറു നാഴികയിൽ കുറയാതെ ഇടിച്ചു യോജിപ്പിക്ക. ഇതു ശൎക്കര കൂടുതൽചേൎത്തു ലേഹംപോലെയും ഇടിച്ചുണ്ടാക്കാറുണ്ട്. ചുമ, ക്ഷയാദിജന്യമായ വലിയ പാൎശ്വവേദന മുതലായവയ്ക്കും ദഹനത്തിനും പോഷണത്തിനും നന്നു. "ശുണ്ഠ്യാഃ കൎഷം ഗുഡസ്യ ദ്വൌ ധൌതാത് കൃഷ്ണതിലാത് പലം" എന്നു അഷ്ടാംഗഹൃദയത്തിൽ ഗുന്മചികിത്സോക്തമായതാണ ഈ യോഗമെന്നും കറുത്ത തിലം=കാരെള്ളാണ് അല്ലാതെ വറുത്തതല്ല എന്നും മി ഗോവിന്ദൻവൈദ്യൻ ഊഹിക്കുന്നു. എന്നാൽ അതിനും ഈ യോഗത്തിനും മരുന്നുംമററും ഒന്നായാലും പാകഭേദം എള്ളിനു വരുന്നതിനാൽ ഫലഭേദം ഉള്ളതുകൊണ്ടും ഇതു പ്രത്യകം യോഗംതന്നെ എന്നും "വറുത്ത" എന്ന വിധിപ്രകാരം എള്ള വറുത്തുചേൎത്തുണ്ടാക്കുന്നതുതന്നെ പരമ്പരാഗത സമ്പ്രദായവും ഗുരൂപദേശവും എന്നുള്ളതും സിദ്ധമാകുന്നു.

## ൧൨. തേകരാജരസചൂൎണ്ണം

തേകരാജരസപ്രസ്ഥേ കുഡുബം മരിചം പചേത്
അഭയാ പിപ്പലീ ഭാൎങ്ഗീ സൈന്ധവം പുഷ്കരാഹ്വയം
അക്ഷപ്രമാണം സഞ്ചൂൎണ്ണ്യ മിശ്രയിത്വാ മധുപ്ലുതം
തത് ഖാദേത് പ്രാതരുത്ഥായ കാസശ്വാസവിനാശനം

തേകരാജരസപ്രസ്ഥം=ഇടങ്ങഴി കയ്യോന്നിനീരിൽ നാഴി കുരുമുളകിട്ടു വേവിച്ച നീരുവററുമ്പോൾ അഭയം=കടുക്കാത്തോട്. പിപ്പലി=തിപ്പലി. ഭാൎങ്ഗി=ചെറുതേക്കിൻവേരു്. സൈന്ധവം=ഇന്തുപ്പ. പുഷ്കരാഹ്വയം=പുഷ്കരമൂലത്തിൻവേര് ഇവ അക്ഷപ്രമാണം=മൂന്നുകഴഞ്ചുവീതം പൊടിച്ചചേൎത്തു ചൂൎണ്ണമാക്കി തേനിൽ കുഴച്ചു രാവിലെ സേവിക്ക. കാസവും ശ്വാസവും ശമിക്കും.

## ൧൩. ജീവന്ത്യാദി

ജീവന്തീമുസ്തസുരസത്വഗേലാദ്വയപൌഷ്കരം
ചണ്ഡാ താമലകീ ലോഹഭാൎങ്ഗീനാഗരവാളകം

കക്കടാഖ്യശഠീകൃഷ്ണാനാഗകേസരചോരകം
ഉപയുക്തം യഥാകാമം ചൂൎണ്ണം ദ്വിഗുണശക്കരം
പാൎശ്വരുഗ്ജ്വരകാസഘ്നം ഹിധ്മാശ്വാസഹരം പരം

ജീവന്തി=അടപൊതിയൻകിഴങ്ങ്. മുസ്തം=മുത്തങ്ങ. സുരസ=തുളസിവേരു് ത്വക്=ഇലവർങ്ഗം. ഏലാദ്വയം=ചിറ്റേലവും പേരേലവും. പൌഷ്കരം=പുഷ്കരമൂലവേർ. ചണ്ഡാ=നാറ്റചണ്ഡക്കിഴങ്ങ (കസ്തൂരിമഞ്ഞൾ) താമലകി=കീഴാനെല്ലിവേർ. ലോഹം=ഉരുക്കുഭസ്മം. ഭാർങ്ഗീ=ചെറുതേക്കിൻവേരു്. നാഗരം=ചുക്ക. വംളകം=ഇരുവേലി. കക്കടാഖ്യം=കക്കടകശൃംഗി. ശഠീ=കച്ചോലം. കൃഷ്ണ=തിപ്പലി നാഗകേസരം=നാഗപ്പൂവു. ചോരകം=കാട്ടുകച്ചോലം. ഇവ സമം പൊടിച്ചു ഇരട്ടി പഞ്ചാരചേൎത്തു സേവിക്ക. പാൎശ്വവേദന, ജ്വരം, ചുമ, ഇക്കിൾ, ശ്വാസം ഇവ ശമിക്കും.

### ൧൪. ത്രികടുത്രിഫലാദി (സപ്തവിംശതിഗുൽഗുലു)

ത്രികടു ത്രിഫലാ മുസ്താ വിളംഗം ചവ്യചിത്രകം
ത്വക് ഷഡീ പിപ്പലീമൂലം മാക്ഷികം സുരദാരു ച

തുംബുരുഃ പൌഷ്കരംമൂലം പാഠൈലാരജനീദ്വയം
വിളം സൌവച്ചലക്ഷാരം സൈന്ധവം ഹസ്തിപിപ്പലീ

യാവന്ത്യേതാനി ദ്രവ്യാണി താവന്തം ഗുൽഗുലും സമം
കാസശ്വാസം തഥാനാഹമൎശാംസി ച ഭഗന്ദരം

ഗുല്മപ്ലീഹം തഥാ ശോഷമാന്ത്രവൃദ്ധിഞ്ച നാശയേതു്
സപ്തവിംശതികോ ഹ്യേഷ ഗുൽഗുലുഃ കഥിതോ മയാ

ത്രികടു=ചുക്ക മുളക തിപ്പലി. ത്രിഫലത്തോടു മുസ്ത=മുത്തങ്ങ. വിളംഗം=വിഴാലരിക്കാമ്പു്. ചവ്യം=കാട്ടുമുളകിൻവേർ ചിത്രകം=കൊടുവേലിക്കിഴങ്ങ. ത്വക്=ഇലവർങ്ഗം. ഷഡീ=കച്ചോലം. പിപ്പലീമൂലം=കാട്ടുതിപ്പലിവേർ. മാക്ഷികം=മാക്കീരക്കല്ലു്. സുരദാരു=ദേവതാരം. തുംബുരു=തുമ്പൂണലരി. പൌഷ്കരമൂലം=പുഷ്കരമൂലവേർ. പാഠ=പാടക്കിഴങ്ങു. ഏല=ഏലത്തരി. രജനീദ്വയം=വറട്ടുമഞ്ഞളും മരമഞ്ഞൾതൊലിയും. വിളം=വിളയുപ്പ്. സൌവർച്ചലം=തുവച്ചിലക്കാരം. ക്ഷാരം=ചവക്കാരം. സൈന്ധവം=ഇന്തുപ്പ. ഹസ്തിപിപ്പലി=അത്തിത്തിപ്പലി ഇവ സമം. ഇവയെല്ലാം കൂട്ടന്നിടത്തോളം ഗുൽഗുലു (മഞ്ഞൾനീർ വേപ്പിലനീർ ഇവയിൽ പുഴുങ്ങി കരടുകളഞ്ഞു നെയ്യിൽ വറുത്തരച്ചു മേൽപ്പറഞ്ഞവ പൊടിച്ചതിനോടു യോജിപ്പിച്ചു സേവിക്ക. കാസം, ശ്വാസം, ആനാഹം, അൎശസ്സ്, ഭഗന്ദരം, ഗുന്മം, പ്ലീഹ, ക്ഷയം, ആന്ത്രവൃദ്ധി മുതലായവ ശമിക്കും.

### ൧൫. നാകപ്പൂവാദി

നാകപ്പൂ ജീരകവും സിതയും നേർചേൎത്തു പൊടിയാക്കി
തേനിൽകുഴച്ചു ലിഹ്യാതു് തൃഷ്ണാ ശമമേതി ദുസ്സഹാപി നൂണാം

നാഗപ്പൂവു, ജീരകം ഇവ പൊടിച്ചു സമം പഞ്ചസാരചേൎത്തു നേൎമ്മിച്ചു തേനിൽ കുഴച്ചു സേവിക്ക. തൃഷ്ണ (തണ്ണീർദാഹം) ശമിക്കും.

### ൧൬. നാല്പാമരാദി

നാല്പാമരാണാമപി മൊട്ടുണക്കി
നന്നായ്പൊടിച്ചമ്പൊടു നേൎത്തുകൂട്ടി

തേനോട്ടതിന്നാലൊഴിയും പിപാസാ
വിഷ്ണോഃ കഥായാമിവ പാപസംഘഃ

നാല്പാമരമൊട്ട് ഉണക്കിപ്പൊടിച്ചു തേൻചേൎത്തു സേവിക്ക. കൽക്കണ്ടക്കൂട്ടി നേൎമ്മിച്ചും പ്രയോഗിക്കാമെണ്ട്. തണ്ണീർദാഹം ശമിക്കും.

## ൰൬. വടശൃംഗാദി

വടശൃംഗനെല്ലിക്കുവളമലരും പൊടിയാക്കി നല്ലമധുമൂദിതാം
ഗുളികാം നിദധീത മുഖേ കൊട്ടതായൊരുതൃഷ്ണപോയ്ക്കളയും

വടശൃംഗം=ആലിൻമൊട്ട്. നെല്ലിക്കാത്തോട്, കുവളവേർ, മലര് ഇവ പൊടിച്ചു തേനിൽ കുഴച്ചു ഗുളികയാക്കി വായിലിട്ടു അലിച്ചിറക്കുക; തണ്ണീർദാഹം ശമിക്കും.

## ൰൭. സരസിജമകരന്ദാദി

സരസിജമകരന്ദം ചന്ദനം തണ്ഡുലീയം
മധുകമമൃതവല്ലീ ശക്കരാഭീരു താൎക്ഷ്യം
സഹിതമധു തദേതച്ചൂൎണ്ണിതം സുന്ദരീണാം
രുധിരമുപനിരുദ്ധ്യാദ്യോനിമാൎഗ്ഗപ്രവൃത്തം

സരസിജമകരന്ദം=താമരയല്ലി. ചന്ദനം. തണ്ഡുലീയം=ചെറുചീരവേര്. മധുകം=എരട്ടിമധുരം. അമൃതവല്ലി=ചിററമൃതു. ശക്കര=പഞ്ചസാര. അഭീരു=ശതാവരിക്കിഴങ്ങു. താൎക്ഷ്യം=മാക്കീരക്കല്ല്. മരുന്നുകൾ പൊടിച്ചു പഞ്ചസാര ചേൎത്തു നേൎമ്മിച്ചു തേനിൽ കുഴച്ചു സേവിക്ക. സ്ത്രീകൾക്കുണ്ടാകുന്ന അസൃഗ്ദരം=രക്തസ്രാവം ശമിക്കും.

## ൰൮. വിശ്വൈലാദി

വിശ്വൈലാകണമുസലീഗോക്ഷുരവാംശീസിതാരജസ്സുദത്

വിശ്വം=ചുക്കു. ഏലത്തരി. കണ=തിപ്പലി. മുസലീ=നിലപ്പനക്കിഴങ്ങു. ഗോക്ഷുരം=ഞെരിഞ്ഞിൽ. വാംശീ=കുവത്തൂവ്. ഇവ പൊടിപ്പഞ്ചസാരചേൎത്തു നേൎമ്മിച്ചു തേനിൽകുഴച്ചു സേവിക്ക. രക്തസ്രാവം ശമിക്കും.

## ൰൯. അമൃതാപിപ്പല്യാദി

അമൃതാ പിപ്പലീ വാംശീ യഷ്ടീന്ദീവരനാഗരാഃ
തൃണാഖ്യം പഞ്ചമൂലഞ്ച തുടിക്കൂശ്മാണ്ഡശക്കരാഃ
വസുകം ഗോക്ഷുരം മുസ്താ ദാവീ പൎണ്ണീചതുഷ്ടയം
അക്കഭക്താ വരാ യൂഥീ വാരാഹീ ക്ഷീരവൃക്ഷകാഃ
ദ്വാത്രിംശദൗഷധാനാന്തു സൂക്ഷ്മചൂൎണ്ണാനി കാരയേത്
സൎപ്പിൎമ്മധുഭ്യാം തച്ചൂൎണ്ണം ലേഹയേത് സുസമാഹിതഃ
ആത്രേയാനുമതം ശ്രേഷ്ഠം ശുക്ലാസ്ഥിസ്രാവനാശനം.

ചിററമൃതു, പിപ്പലി=തിപ്പലി. വാംശി=കുവത്തൂവ്. യഷ്ടി=എരട്ടിമധുരം. ഇന്ദീവരം=കരിംകൂവളക്കിഴങ്ങ്. നാഗരം=ചുക്കു. തൃണപഞ്ചമൂലം=ദൎഭവേർ. ആറുദൎഭവേർ, കരിമ്പിൻവേർ, അമവേർ, വരിനെല്ലിൻവേർ ഇവ. തുടി=ഏലത്തരി കൂശ്മാണ്ഡം=കുമ്പളങ്ങ. ശക്കര=പഞ്ചസാര. വസുകം=താൎതാവൽവേർ. ഗോക്ഷുരം

ഞെരിഞ്ഞിൽ. മുസ്തം=മുത്തങ്ങ. ദാർവീ=മരമഞ്ഞൾത്തൊലി. പഞ്ചമൂലചതുഷ്ടയം=കാട്ടുഴുന്നിൻവേർ, കാട്ടുപയററിൻവേർ ഓരിലവേർ, മൂവിലവേർ. അക്ഷകേതം=താമരക്കിഴങ്ങ്. വര=ത്രിഫലത്തോട്. സ്ഥിരി=കാട്ടുപിച്ചിവേര്. വാരാഹി=നിലപ്പനക്കിഴങ്ങ്. ക്ഷീരവൃക്ഷകാഃ=നാല്പാമരമൊട്ട് (നാല്പാമരത്തൊലി എന്നും പക്ഷം) ഇവ ഉണക്കി പ്പൊടിച്ച് കൃവന്തരം പഞ്ചസാരയും ചേൎത്തു നേർപ്പിച്ച തേനും നെയ്യുംകൂട്ടി കുഴച്ചു സേവിക്ക. ശുക്ലസ്രാവവും അസ്ഥിസ്രാവവും ശമിക്കും.

## ൨൦. പുഷ്യാനുഗം (പാഠാജംബ്വാദി)

പാഠാജംബ്വാമ്രയോരസ്ഥി ശിലോത്ഭേദം രസാഞ്ജനം
അംബഷ്ഠാ ശല്മലീപിഞ്ഛാ സമംഗാ വത്സകത്വചഃ
ബാഹ്ലീകവില്വാതിവിഷാലോധ്രതോയദഗൈരികാഃ
ശുണ്ഠീമധൂകമൃദ്വീകാരക്തചന്ദനകട്ഫലം
കട്വംഗവത്സകാനന്താധാതകീമധുകാഞ്ജനം
പുഷ്യേ ഗൃഹീത്വാ സഞ്ചൂൎണ്യ സക്ഷൌദ്രം തണ്ഡുലാംബുനാ
പിബേദശ്സ്വതീസാരേ രക്തം യശ്ചോപവേശ്യതേ
ദോഷാഗന്തുകൃതാ യേ ച ബാലാനാം താംശ്ച നാശയേത്
യോനിദോഷം രജോദോഷം ശ്യാവം ശ്വേതാരുണാസിതം
ചൂൎണ്ണം പുഷ്യാനുഗം നാമ ഹിതമാത്രേയപൂജിതം

പാഠ=പാടക്കിഴങ്ങ ജംബു=ഞാവൽക്കുരു (പരിപ്പ്) ആമ്രാസ്ഥി=മാങ്ങയണ്ടിപ്പരിപ്പ്. ശിലോത്ഭേദം=കല്ലൂർവഞ്ചി രസാഞ്ജനം=അഞ്ജനക്കല്ലിന്റെ ഒരിനം. അംബഷ്ഠ=അമ്പഴത്തിൻവേർത്തൊലി ശല്മലീപിഞ്ഛം=ഇലവിൻപശ സമംഗ=പടർച്ചുണ്ടവേര്, വത്സകത്വക്=കുടകപ്പാലവേർത്തൊലി ബാൽഹികം=ചെറുതിപ്പലി വില്വം=കൂവളവേർ അതിവിഷ=അതിവിടയം ലോധ്രം=പാച്ചോററിത്തൊലി തോയദം=മുത്തങ്ങാ ഗൈരികം=കാവമണ്ണ് ശുണ്ഠി=ചുക്ക്, മധൂകം=ഇലിപ്പക്കാതൽ മൃദ്വീക=മുന്തിരിങ്ങാപ്പഴം രക്തചന്ദനം കട്ഫലം=കുമിഴിൻവേര്. കട്വംഗം=പയ്യാഴാന്ത തൊലി (പെരുമരത്തിൻതൊലി എന്നും; വത്സകം=കുടകപ്പാലയരി അനന്ത=കാട്ടുഉഴുവവേർ. (കട്ടക്കാൽത്തൊട്ട എന്നും പക്ഷം) ധാതകി=താതിരിപ്പൂവ. മധുകം=ഇരട്ടിമധുരം അഞ്ജനം=അഞ്ജനക്കല്ല് ഇവ സമം എടുത്തു് പൂയം നാളിൽ പൊടിച്ചു് തേൻകലൎത്തി കാടിവെള്ളത്തിൽ സേവിക്ക. അൎശസ്സ് രക്താതിസാരം മുതലായവ ശമിക്കും. ആൎത്തവദോഷം, യോനിരോഗങ്ങൾ മുതലായവയും ശമിക്കും

## ൨൧. ഹ്രീതഭ്രഗാദി

ഹ്രീതഭ്രഗജമോജസൈന്ധവമാഗധമരിചൈസ്സമാ പത്ഥ്യാ
അമ്ലോദശ്വിൽപീതാ പാണ്ഡ്വശോവഹ്നിമാന്ദ്യശോഫഹരീ

ഹ്രതഭ്രക്=കൊട്ടവേലിക്കിഴങ്ങ് അജമോജം=അയമോദകം സൈന്ധവം=ഇന്തുപ്പ് മാഗധം=ചെറുതിപ്പലി മരിചം=കുരുമുളക് ഇവ സമം ചൂൎണ്ണിച്ച് ഇവയെല്ലാം കൂട്ടുന്നിടത്തോളം കടുക്കാത്തോട് പൊടിച്ചതും ചേൎത്തു അമ്ലോദശ്വിൽ=നല്ല പുളിച്ച മോരിൽ കലക്കി സേവിച്ചാൽ പാണ്ഡു, അൎശസ്സ് അഗ്നിമാന്ദ്യം ഇവ ശമിക്കും.

## ൨൨. ഇന്തുപ്പുകാണം

ഇന്തുപ്പുകാണമയമോദമിരണ്ടുകാണം
നാലേവ തിപ്പലി ഹരീതകിയാറുകാണം

വെന്നീരിൽനന്നു പുളിമോരിലതീവനന്നു്
മന്ദാഗ്നിനാമിതി വദന്തി പുരാണവൈദ്യാഃ.

ഇന്തുപ്പു ഭാഗം ൧. അയമോദകം ഭാഗം ൨. തിപ്പലി ഭാഗം ൪. കടുക്കാത്തോടു ഭാഗം ൩. ഇവ നല്ലപോലെ ചൂൎണ്ണിച്ചു ചൂടുവെള്ളത്തിലോ പുളിച്ച മോരിലോ സേവിക്ക. അഗ്നിമാന്ദ്യം ശമിപ്പാൻ നന്നു്.

## ൨൩. വൈശ്വാനരചൂൎണ്ണം.

ലവണയവാനീദീപ്യകകണനാഗരമുത്തരോത്തരം വൃദ്ധാം
സൎവ്വസമാംശഹരീതകിചൂൎണ്ണോ വൈശ്വാനരഃ സാക്ഷാത്.

ലവണം=ഇന്തുപ്പു ഭാഗം ൧. യവാനി=ജീരകം ഭാഗം ൨. ദീപ്യകം=അയമോദകം ഭാഗം ൩. കണ=തിപ്പലി ഭാഗം ൪. നാഗരം=ചുക്ക ഭാഗം ൫ ഇവയെല്ലാം കൂടിയെടത്തോളം കടുക്കാത്തോടു്. ഇവ നല്ലപോലെ ചൂൎണ്ണിച്ചു സേവിക്ക. അഗ്നിദീപ്തി ഉണ്ടാകും.

## ൨൪. സൂരണാദി.

ചൂൎണ്ണീകൃതാഃ ഷോഡശ സൂരണസ്യ
ഭാഗാസ്തതോൎദ്ധേന തു ചിത്രകസ്യ
മഹൗഷധാദ്ദ്വൌ മരിചസ്യ ചൈകഃ
ഗുളേന ദുന്നാമജയായ പിണ്ഡ്യാ.

സൂരണം=കാട്ടുചേന പൊടിച്ചതു ഭാഗം ൧൬. ചിത്രകം=കൊടുവേലിക്കിഴങ്ങു ഭാഗം ൮. മഹൌഷധം=ചുക്ക ഭാഗം ൨ മരിചം=മുളകുഭാഗം ൧. ഇവ ചൂൎണ്ണിച്ചു ശൎക്കരയിൽ കുഴച്ചു സേവിക്ക. അൎശസ്സ് ശമിക്കും.

## ൨൫. ദന്തീത്രിവൃതാദി.

ദന്തീ ത്രിവൃന്മഹാശ്യാമാ കമ്പില്യഃ കടുകാഭയാ
നീലിനീമഗധാചൂൎണ്ണം ചിത്രതൈലസമന്വിതം
വിരേചനമുദാവൎത്തം മൂഢവാതാനുലോമനം.

ദന്തി=നാഗദന്തിവേർ, ത്രിവൃത്=ത്രികോല്പക്കൊന്ന. മഹാശ്യാമ=നാല്ക്കോല്പക്കൊന്ന കമ്പില്യം=കമ്പിപ്പാലവേർതൊലി കടുകം=കടുകുരോഹിണി. അഭയേ=കടുക്കാത്തോട്. നീലിനി=വട്ടപ്പുന്താളി. മഗധാ=തിപ്പലി. ഇവ പൊടിച്ചു ആവണക്കെണ്ണയിൽ കുഴച്ചു സേവിക്ക. വിരേചനം വരും. ഉദാവൎത്തം ശമിക്കും. വാതവൈഗുണ്യം ഇല്ലാതാകും.

## ൨൬. വിശ്വാജമോജാദി.

വിശ്വാജമോജസിന്ധുത്ഥചിഞ്ചാത്വഗ്ഭിഃ സമാഭയാ
തക്രേണോഷ്ണാംഭസാ വാപി പീതാതീസാരനാശിനീ.

വിശ്വം=ചുക്ക്. അജമോജം=അയമോദകം സിന്ധുത്ഥം=ഇന്തുപ്പ്. ചിഞ്ചാത്വക്=പുളിമരത്തിലെത്തൊലി (പുളിംപൊരിക്ക എന്നും) ഇവയെല്ലാംകൂടിയിടത്തോളം കടുക്കാത്തോടു നല്ലപോലെ പൊടിച്ചു മോരിലോ ചൂടുവെള്ളത്തിലോ സേവിക്ക. അതിസാരം ശമിക്കും.

### ൮൭. ത്രികടുകാദി (ചൂർണ്ണരാജൻ)

ത്രികടുകമജമോജം ചിത്രകോ ഹിംഗു ഭാർങ്ഗീ
വിളമപി സഹചവ്യം സൈന്ധവം യാവശൂകം
അമൃതമിതി ഭിഷഗ്ഭിഃ പൂജിതശ്ചൂർണ്ണരാജഃ
കഫപവനനിഹന്താ ശൂലഹാ ദീപനശ്ച.

ത്രികടുകം=ചുക്ക്, മുളക്, തിപ്പലി. അജമോജം=അയമോദകം. ചിത്രകം=കൊടുവേലിക്കിഴങ്ങ്. ഹിംഗു=കായം. ഭാർങ്ഗീ=ചെറുതേക്കിൻവേർ. വിളം=വിളയുപ്പ്. ചവ്യം=കാട്ടുമുളകിൻവേർ. സൈന്ധവം=ഇന്തുപ്പ്. യാവശൂകം=ചവക്കാരം ഇവയുടെ ചൂർണ്ണം കഫവാതങ്ങളെ ശമിപ്പിക്കും. വേദന പോക്കുകയും ദീപനം വരുത്തുകയും ചെയ്യും.

### ൮൮. കായംപുരന്ദരാദി.

കായംപുരന്ദരയവാതിവിഷാ വയമ്പും
സൗവർച്ചലാഭയരജാംസി സമാനികൊണ്ട്
ഓക്കാനവത്യപി കടിപ്പിതു നോവിലാശു
വെന്നീരിലാമസഹിതേ ഗ്രഹണീഗദേ ച.

കായം, പുരന്ദരയവം=കടകപ്പാലയരി. അതിവിഷ=അതിവിടയം, വയമ്പ്. സൗവർച്ചല=തുവർച്ചിലക്കാരം. അഭയ=കടുക്കാത്തോട് ഇവ സമം പൊടിച്ച ഗ്രഹണിക്കും ഓക്കാനത്തോടുകൂടിയ വയറുവേദനയ്ക്കും ചൂടുവെള്ളത്തിൽ സേവിക്ക. ശമിക്കും.

### ൮൯. മഹാവഹ്നിവജ്രം.

വർഷാഭ്രൂചിരവില്വമുസ്തശരപുംഖാരഗ്വധോഗ്രാശഠീ-
പാഠൈലാഹിംഗുഭാർങ്ഗീസുരതരുഹപുഷാകുഷ്ഠവൃക്ഷാമ്ലധാന്യം
മാദ്രി ദാർവീ നികുംഭക്രിമിരിപുദഹനം ദീപ്യകം ജീരകേ ദ്വേ
ത്വക്പത്രാരുഷ്കരാണി ത്രികടുകരികണാ ഡാഡിമാമ്ലം വരാം ച
ക്ഷാരം ശിഗ്രോഃ പലാശാത് തിലകുതളചയാത് ഗോക്ഷുരാത് (കാളമുഷ്കാത്
ഭ്രഷ്ടം ലോഹസ്യകിട്ടം തദപി പടുജലേ ചൂർണ്ണയിത്വാ ച സർവം
പ്രത്യേകം മാതുളുംഗാർദ്രകജനിതരസേ ഭാവിതം സപ്തകൃത്വ-
സ്തച്ചൂർണ്ണം കുക്ഷിരോഗാനപഹരതി മഹാവഹ്നിവജ്രാഭിധാനം.

വർഷാഭ്രൂ=തമിഴാമവേര്. ചിരവില്വം=ആവിത്തൊലി. മുസ്തം=മുത്തങ്ങ. ശരപുംഖം=കൊഴിഞ്ഞിൽവേര്. ആരഗ്വധം=കൊന്നവേർതൊലി. ഉഗ്ര=വയമ്പ്. ശഠി=കച്ചോലം. പാഠ=പാടക്കിഴങ്ങ്. ഏല=ഏലത്തരി. ഹിംഗു=കായം. ഭാർങ്ഗി=ചെറുതേക്കിൻവേർ. സുരതരു=ദേവതാരം. ഹപുഷ=അടയ്ക്കാമണിയൻവേര്. കുഷ്ഠം=കൊട്ടം. വൃക്ഷാമ്ലം=മരപ്പുളിവേർതൊലി. ധാന്യം=കൊത്തമ്പാലരി. മാദ്രീ=അതിവിടയം. ദാർവീ=മരമഞ്ഞൾത്തൊലി. നികുംഭം=നാഗദന്തിവേർ. ക്രിമിരിപു=വിഴാലരിക്കാമ്പ്. ദഹനം=കൊടുവേലിക്കിഴങ്ങ്. ദീപ്യകം=അയമോദകം. ജീരകേ ദ്വേ=ജീരകവും, കരിംജീരകവും. ത്വക്=ഇലവർങ്ഗം. പത്രം=പച്ചില. അരുഷ്കരം=ചേർക്കുരു. ത്രികടു=ചുക്ക, മുളക, തിപ്പലി. കരികണ=അത്തിത്തിപ്പലി. ഡാഡിമം=താളിമാതളക്കായ്. അമ്ലം=ഞെരിഞ്ഞാമ്പുളിക്കിഴങ്ങ്.

വരാ=ത്രിഫലത്തോട്. ക്ഷാരം=ചവക്കാരം. ശിഗ്രു=മുരിങ്ങവേർതൊലി. പലാശം=പ്ലാശിൻതൊലി (ചമത) തിലകുതലചയം=എള്ളിൻകോച്ചിൽ. ഗോക്ഷുരം=ഞെരിഞ്ഞിൽ. കാളമുഷ്കം=കറുത്ത ചതുരക്കള്ളിവേര്. ഭ്രഷ്ടംലോഹസ്യകിട്ടം=ശുദ്ധിയാക്കിയെടുത്ത പുരാണകിട്ടചൂൎണ്ണം. ഇവ നേരെ ചൂൎണ്ണിച്ച പടുജലേ=ഉപ്പുവെള്ളത്തിലും, മാതുളംഗാദ്രക നിതരസേ=മാളിമാതളപ്പഴത്തിന്റെരസത്തിലും ഇഞ്ചിനീരിലും ഏഴുതവണ ഭാവനചെയ്തു ചൂൎണ്ണിച്ചുസേവിച്ചാൽ വയററിലെ എല്ലാ രോഗങ്ങളും ശമിക്കും.

## ൩൦. കൂശ്മാണ്ഡാവ്വാരുബീജാദി.

കൂശ്മാണ്ഡാവ്വാരുബീജം മഗധജമധുകദ്രാമഢീന്ദീവരീഭി-
ർമ്മത്സ്യണ്ഡീവാംശിവത്സാദനിവസുകമഹീതാലകന്ദോച്ചടാഭിഃ
ചൂൎണ്ണംകൃത്വാ തു മദ്ധ്വാ യുതമവലിഹതാംവസ്തിരോഗാസ്സകൃച്ഛ്രാഃ
നശ്യന്ത്യുഷ്ണാനിലാദ്യാ ഭവതി പുനരഹോ കാ കഥാ മൂത്രകൃച്ഛ്രേ.

കൂശ്മാണ്ഡാവ്വാരുബീജങ്ങൾ=കുമ്പളങ്ങയരിയും വെള്ളരിക്കാക്കുരുവും. മഗധജം=തിപ്പലി. മധുകം=ഇരട്ടിമധുരം. ദ്രാമഢി=ഏലത്തരി ഇന്ദീവര=കരിംകൂവളക്കിഴങ്ങ്. (ശതാവരിക്കിഴങ്ങാണെന്നുള്ള അഭിപ്രായക്കാരുണ്ട്.) മത്സ്യണ്ഡി=മീനങ്ങാണി (മീൻകൂൎണ്ണിശക്കര—കൽക്കണ്ട് ഈവിധം ചേക്കയുമാം വാംശീ=കൂവനൂറ്. വത്സാദനി=ചിററമൃതിൻനൂറ. വസുകം=താർതാവൽവേർ. മഹീതാലകന്ദം=നിലപ്പനക്കിഴങ്ങ്. ഉച്ചട=കരുവിക്കിഴങ്ങ് ഇവ സമം ചൂൎണ്ണിച്ച തേനിൽ കുഴച്ചുസേവിച്ചാൽ വസ്തിരോഗങ്ങൾ, ഉഷ്ണരോഗങ്ങൾ, വാതരോഗം, മൂത്രകൃച്ഛ്രം മുതലായവ ശമിക്കും.

## ൩൧. ആകുലീകതകാദി.

ആകുലീകതകകൈരവഗുഞ്ജാ-
ബീജചൂൎണ്ണസഹിതം പരിശുഷ്കം
ശംഖണസ്യ പിശിതം മധുനാ തത്
സേവിതം ഹരതി മേഹമശേഷം.

ആകുലീ=ആവീരക്കുരുവ്. കതകം=തേററാമ്പരൽ. കൈരവബീജം=ആമ്പലരി. ഗുഞ്ജാബീജം=കുന്നിക്കുരു. ഇവ ഉണക്കിപ്പൊടിച്ച ശംഖണസ്യപിശിതം=നത്തക്കാ (ഞെവഞ്ഞി,മാംസം നെയ്യിൽ വറുത്തുപൊടിച്ചുചേർത്തു തേനിൽ കുഴച്ചുസേവിച്ചാൽ എല്ലാ മേഹങ്ങളും (മൂത്രമൊഴിവ്) ശമിക്കും.

## ൩൨. വിളംഗരാസ്നാദി

വിളംഗരാസ്നാസുരദാരുഭാർങ്ഗീ
വചാപടുക്ഷാരകടുത്രികൈശ്ച
സദീപ്യകൈഃ ചൂൎണ്ണമിദം പ്രലീഢം
നിഹന്തി വൃദ്ധീനഖിലാൻ ക്ഷണേന.

വിളംഗം=വിഴാലരിക്കാമ്പ്. രാസ്നം=ചിററരത്ത. സുരദാരു=ദേവതാരം. ഭാർങ്ഗീ=ചെറുതേക്കിൻവേര്. വചാ=വയമ്പ്. പടു=ഇന്തുപ്പ്. ക്ഷാരം=ചവല്ക്കാരം. കടുത്രികം=ചുക്ക മുളക തിപ്പലി. ദീപ്യകം=അയമോദകം. ഇവകൊണ്ടുണ്ടാക്കിയ ചൂൎണ്ണം ഔചിത്യാനുസാരം ആവണക്കെണ്ണ നെയ്യുമുതലായവയിൽ കുഴച്ചു സേവിച്ചാൽ എല്ലാവിധ വൃദ്ധി (ആന്ത്രവൃദ്ധി)രോഗങ്ങളും ശമിക്കും.

## ൩൩. ത്രിലവണപത്തുഗന്ധാദി.

ത്രിലവണപത്തുഗന്ധം പഞ്ചകോലാജമോജം
മരിചമിസിവിളംഗം ഹിംഗുവൃക്ഷാമ്ലപാഠാഃ
വിബുധതരു വിശാലാ ക്ഷാരയുഗ്മം നികുംഭം
ഗജകണവരകുംഭം ജീരകേ ദ്വേ ശഠീ ച

ജലധരധനികോഗ്രാസ്തുംബുരുഃ കോലഭാങ്ഗീ
ഗദഹപുഷയവാനികാരവീവേതസാമ്ലം
ദ്രുഷദി ॥ കലമൊപ്പം ചൂൎണ്ണിതം ബീജപൂര-
സ്വരസപരിനിപീതം ഭോജനേ വാ പ്രഗേ വാ

പ്ലുതമഹിമജലാദ്യൈസ്സേവിതം ഹന്തി ഗുല്മാൻ
ഹൃദയജഠരപാൎശ്വസ്ഫിക്കടിവസ്തിശൂലാൻ
ഉപലമപി ച ശക്തഃ പക്തുമഗ്നിസ്തതഃ സ്യാത്
ഘൃതമപി പരിപക്വം ഭേഷജൈരേഭിരേവ.

ത്രിലവണം=ഇന്തുപ്പു, വിളയുപ്പു, കല്ലുപ്പു. പത്തുഗന്ധം=ആട്ടനാറിവേള വേർ. പഞ്ചകോലം=കാട്ടുമുളകിൻവേർ, കാട്ടുതിപ്പലിവേർ, ചുക്കു, തിപ്പലി, കൊടുവേലിക്കിഴങ്ങ്. അജമോജം=അയമോദകം. മരിചം=കുരുമുളക്. മിസീ=ശതകുപ്പ. വിളംഗം=വിഴാലരിക്കാമ്പ്. ഹിംഗു=കായം. വൃക്ഷാമ്ലം=പുളിവേരിൻതൊലി. പാഠാ=പാടക്കിഴങ്ങ്. വിബുധതരു=ദേവതാരം. വിശാല=കാട്ടുവെള്ളരിവേര്. ക്ഷാരയുഗ്മം=ചവക്കാരവും തുവച്ചിലക്കാരവും; നികുംഭം=നാഗദന്തിവേർ. ഗജകണ=അത്തിത്തിപ്പലി. വര=ത്രിഫലത്തോട്. കുംഭ=ത്രികോൽപക്കൊന്ന. ജീരകദ്വയം=ജീരകവും കരിംജീരകവും. ശഠി=കച്ചോലം. ജലധരം=മുത്തങ്ങ. ധനികാ=കൊത്തമ്പാലയരി. ഉഗ്രാ=വയമ്പു. തുംബുരു=തുമ്പുണലരി. കോലം=ലന്തക്കുരു. ഭാങ്ഗീ=ചെറുതേക്കിൻവേര്. ഗദം=കൊട്ടം. ഹപുഷ=അടയ്ക്കാമണിയൻവേർ. യവാനി=ജീരകം. (ഇവിടെ അയമോദകമെന്നും അജമോജത്തിൻസ്ഥാനത്തു ആശാളി എന്നും ഗ്രഹിച്ചുവരുന്നതും സമ്പ്രദായമാകുന്നു.) കാരവി=കാർകോകിലരി. (ഇതിനു കരിംജീരകം എന്നൎത്ഥമുണ്ട്. ആ പക്ഷത്തിൽ ജീരകം ൨-ം ഇരട്ടിക്കയും വേണം. വേതസാമ്ലം=ഞെരിഞ്ഞാമ്പുളിക്കിഴങ്ങു ഇവ സമം ചൂൎണ്ണിച്ചു ബീജപൂരസ്വരസം=ചെറുനാരങ്ങാനീരു (മാതളപ്പഴനീരു) ഇവയിലൊന്നിൽ കലക്കി സേവിക്ക. ആയതു ആഹാരകാലത്തിലോ രാവിലെയോ ആകാം. ചൂടുവെള്ളത്തിലും സേവിക്കാം. പാൎശ്വങ്ങൾ അരക്കെട്ടു മുതലായ ഭാഗങ്ങളിലെവേദന, വസ്തിവേദന ഇവ ശമിക്കും. വലുതായ അഗ്നിദീപ്തിയുണ്ടാകും. ഈ മരുന്നുകൾ എല്ലാം നെയ്‌വച്ചു സേവിപ്പാനും നന്നു.

## ൩൪. അഷ്ടചൂൎണ്ണം.

ത്രികടുകമജമോജം സൈന്ധവം ജീരകേ ദ്വേ
സമധരണധൃതാനാമഷ്ടമോ ഹിംഗുഭാഗഃ
പ്രഥമകബളഭോജ്യഃ സൎപ്പിഷാ ചൂൎണ്ണകോഽയം
ജനയതി ജഠരാഗ്നിം വാതഗുന്മം നിഹന്തി.

ത്രികടുകം=ചുക്ക്, മുളകു, തിപ്പലി. അജമോജം=അയമോദകം സൈന്ധവം=ഇന്തുപ്പ് ജീരകദ്വയം=ജീരകം, കരിംജീരകം ഹിംഗു=കായം ഇവ സമം ചൂൎണ്ണമാക്കി നെയ്യിൽ കുഴച്ചു ഊണുകാലത്തു ആദ്യത്തെ ഉരുളയിൽവച്ചു സേവിക്ക. ജഠ

രാഗ്നിക്കു ബലമുണ്ടാകയും വാതഗുന്മം ശമിക്കയും ചെയ്യും. ഈ യോഗത്തിന്— ചുക്ക് ൧, മുളക് ൨, തിപ്പലി ൩, അയമോദകം ൪, ഇന്തുപ്പ് ൫, ജീരകം ൬, കരിംജീരകം ൭, കായം ൮ ഇങ്ങനെ കഴഞ്ചുകൾ യോജിപ്പിച്ചു ചൂർണ്ണമാക്കണമെന്നു അനുഭവപ്രകാരം വൃദ്ധവൈദ്യന്മാൎക്കഭിപ്രായമുണ്ട്. എന്നാൽ ചില ഗ്രന്ഥകാരന്മാർ ഈ ശ്ലോകത്തിന് മേൽപ്രകാരമാണ അൎത്ഥമെന്നു ഗ്രഹിച്ചു വ്യാഖ്യാനിച്ചതു ക്ഷന്തവ്യമല്ല.

## ൩൨. അഭ്രകഗന്ധകാദി.

അഭ്രകഗന്ധകടങ്കണതുത്ഥൈസ്ത്ര്യൂഷണകാന്തയുതൈഃ കൃതചൂർണ്ണം
പാചനരോചനദീപനമേതത് ഗുന്മവികാരമപോഹതി സദ്യഃ

അഭ്രകം (ഇതിൻെറ ഭസ്മം) ഗന്ധകം (നെല്ലിക്കാഗന്ധകം ശുദ്ധിചെയ്തതു്.) ടങ്കണം=പൊൻകാരം. തുത്ഥം=തുരിശ് ഇതു ഭസ്മമാക്കി എടുത്തതു്.) അയസ്കാന്തം (ശുദ്ധിചെയ്തു ഭസ്മമാക്കിയതു്) ത്ര്യൂഷണം=ചുക്ക് മുളക് തിപ്പലി ഇവ ഒരുമിച്ചു ചൂർണ്ണിച്ചു് യോജിച്ച അനുപാനത്തിൽ സേവിച്ചാൽ, ഗുന്മവികാരങ്ങൾക്കു നന്നു്. ജഠരാഗ്നിബലവും രുചിയും വൎദ്ധിക്കും.

## ൩൩. ഹിംഗുവചാദി.

ഹിംഗുവചാവിജയാപശുഗന്ധാദാഡിമദീപ്യകധാന്യകപാഠാഃ
പുഷ്കരമൂലശഠീഹപുഷാഗ്നിക്ഷാരയുഗദ്വിപടുത്രികടൂനി
സാജാജി ചവ്യം സഹതിന്ത്രിണീകം
സവേതസാമ്ലം വിനിഹന്തി ചൂർണ്ണം
ഹൃത്പാൎശ്വപൃഷ്ഠസ്തനകുക്ഷിരോഗ-
ശൂലാഗ്നിവായ്വാമകഫോത്ഭവാനി
കൃച്ഛ്രാൻ ഗുന്മാൻ വാതവിണ്മൂത്രസംഗം
കണ്ഠേബന്ധം ഹൃദ്ഗദം പാണ്ഡുരോഗം
അന്നാശ്രദ്ധാപ്ലീഹദുൎന്നാമഹിധ്മാ-
വൎദ്ധ്മാദ്ധ്മാനശ്വാസകാസാഗ്നിസാദാൻ.

ഹിംഗു=കായം. വചാ=വയമ്പ്. വിജയം=കടുക്കാത്തോട്. (കഞ്ചാവ് എന്നും ഗ്രഹിക്കുമാറുണ്ട്) പശുഗന്ധാ=ആട്ടുകൊട്ടപ്പാലവേർ. ഡാഡിമം=താളിമാതളക്കായ്. ദീപ്യകം=അയമോദകം. ധാന്യകം=കൊത്തമ്പാലയരി. പാഠ=പാടക്കിഴങ്ങ്. പുഷ്കരമൂലം=പുഷ്കരമൂലവേർ. ശഠീ=കച്ചോലം. ഹപുഷ=അടയ്ക്കാമണിയൻവേർ. അഗ്നി=കൊടുവേലിക്കിഴങ്ങ്. ക്ഷാരയുഗം=ചവക്കാരവും തുവച്ചിലക്കാരവും. ദ്വിപടു=ഇന്തുപ്പും വിളയുപ്പും. ത്രികടു=ചുക്ക, മുളക്, തിപ്പലി. അജാജി=അയമോദകം. ചവ്യം=കാട്ടുമുളകിൻവേർ. തിന്ത്രിണീകം=പുളിവേരിൻതൊലി. വേതസാമ്ലം=ഞെരിഞ്ഞാൻപുളിക്കിഴങ്ങ്. ഇവ ചൂർണ്ണമാക്കി സേവിക്ക. നെഞ്ചുവേദന, പാൎശ്വവേദന, മുതുകുവേദന, കുക്ഷിരോഗങ്ങൾ, വായുക്ഷോഭം, ആമം, കഫം ഇവനിമിത്തം ഉണ്ടാകുന്ന വേദനകൾ, മൂത്രകൃച്ഛ്രം, ഗുന്മരോഗങ്ങൾ, മലമൂത്രാദി തടസ്സം, ഹൃദ്രോഗം, പാണ്ഡുരോഗം, ഭക്തദ്വേഷം, അൎശ്ശസ്സ്, ഇക്കിൾ, വൃദ്ധി, ആനാഹം, അഗ്നിമാന്ദ്യം, ശ്വാസകാസങ്ങൾ മുതലായവ ശമിക്കും. വടകമാക്കിയാൽ കൊള്ളാം.

## ൩൪. ഹിംഗുത്വഗാദി

ഹിംഗുത്വഗ്വിശ്വചവ്യാഹ്വയമരിചതുടീകാരവീവഹ്ന്യജാജീ-
കൃഷ്ണാമൂലാജമോജൈസ്സഹകൃതപചുഭിൎമ്മാഗധീചൂർണ്ണമുഷ്ട്യാ

പ്രസ്ഥാർദ്ധം യോ വരിഷ്ഠം ലവണമഥദഹേന്നാളികേരോദരസ്ഥം
ശൂലീഭൂതീകകാദ്യൈഷുജ്ജയതിച ഹവിഷാമാക്ഷികാദ്യേനലീഢം

ഹിംഗു=കായം. ത്വക്=ഇലവർങ്ഗം. വിശ്വം=ചുക്ക്. ചവ്യാഹ്വയം=കാട്ടുമുളകിൻവേര്. മരിചം=കുരുമുളക്. ത്രുടി=ഏലത്തരി. കാരവി=കരിംജീരകം. വഹ്നി=കൊടുവേലിക്കിഴങ്ങ്. അജാജി=ആശാളി. കൃഷ്ണാമൂലം=കാട്ടുതിപ്പലിവേര്. അജമോജം=അയമോദകം. ഇവ ൩ കഴഞ്ചുവീതം. മാഗധീചൂർണ്ണമുഷ്ടി=തിപ്പലിപ്പൊടി പലം ൧. വരിഷ്ഠംലവണം=ഇന്തുപ്പ്. പ്രസ്ഥാർദ്ധം=൨ പലം. ഇവയെല്ലാം പൊടിച്ചു വറട്ടുതേങ്ങയുടെ അകത്തടച്ചു അതിൽ വിറകിട്ടു ചുട്ടെടുത്തു ചിരട്ടകളഞ്ഞു തേങ്ങയോടുകൂടി മരുന്നു പൊടിച്ചു താന്നിക്കാപ്രമാണം ഔചിത്യംപോലെ. ഹവിഷാ=നെയ്യിൽ കുഴച്ചോ, മാക്ഷികാദ്യേന=ചെറുതേനിൽ കുഴച്ചോ സേവിക്ക. ശൂലമുള്ള ശമിക്കും. വടകമാക്കിയാൽ കൊള്ളാം.

## ൩൮ അയോരജോനാഗരാദി

അയോരജോനാഗരവഹ്നിപത്ഥ്യാ-
കലിംഗദന്തിത്രിവൃതാഃ സമാംശാഃ
ചൂർണ്ണാനി ഗോമൂത്രപരിപ്ലുതാനി
ശോഫോദരഘ്നാനി ഭവന്തി സദ്യഃ.

അയോരജസ്സ്=ഉരുക്കുഭസ്മം. നാഗരം=ചുക്ക. വഹ്നി=കൊടുവേലിക്കിഴങ്ങ്. പത്ഥ്യ=കടുക്കാത്തോട്. കലിംഗം=കുടകപ്പാലയരി. ദന്തീ=നാഗദന്തിവേർ. ത്രിവൃത=ത്രികോല്പക്കൊന്ന. ഇവ സമാംശം ചൂർണ്ണിച്ചു വീണ്ടും ഗോമൂത്രത്തിൽ ഭാവന ചെയ്തു എടുത്തു സൂക്ഷിക്ക. ഗോമൂത്രത്തിലോ (ആവണക്കെണ്ണ മുതലായവയിലോ) മർദ്ദിച്ചു സേവിക്ക. ശോഫം, മഹോദരം മുതലായവ ശമിക്കും.

## ൩൯. നാരാചകചൂർണ്ണം

യവാനീ ഹപുഷാ ധാന്യം ശതപുഷ്പോപകുഞ്ചികാ
കാരവീ പിപ്പലീമൂലമജഗന്ധാ ശഠീ വചാ
ചിത്രകോ ജീരകം വ്യോഷം സ്വർണ്ണക്ഷീരീഫലത്രയം
ദ്വൌ ക്ഷാരൌ പൗഷ്കരംമൂലം കുഷ്ഠം ലവണപഞ്ചകം
വിഡംഗം ച സമാംശാനി ദന്ത്യാ ഭാഗത്രയം തഥാ
ത്രിവൃദ്വിശാലേ ദ്വിഗുണേ സാതലാ ച ചതുർഗ്ഗുണാ
ഏഷ നാരാചകോ നാമ ചൂർണ്ണോ രോഗഗണാപഹഃ
നൈനം പ്രാപ്യാതിവർത്തന്തേ രോഗാ വിഷ്ണുമിവാസുരാഃ
തക്രേണോദരിഭിഃ പേയോ ഗുന്മിഭിർബദരാംബുനാ
ആനദ്ധവാതൈസ്സുരയാ വാതരോഗേ പ്രസന്നയാ
ദധിമണ്ഡേന വിട്സംഗേ ദാഡിമാംഭോഭിരർശസൈഃ
പരികർത്തേ ച വൃക്ഷാമ്ലൈരുഷ്ണാംബുഭിരജീർണ്ണകേ
ഭഗന്ദരേ പാണ്ഡുരോഗേ കാസേ ശ്വാസേ ഗളഗ്രഹേ
ഹൃദ്രോഗേ ഗ്രഹണീദോഷേ കുഷ്ഠേ മന്ദാനലേ ജ്വരേ
ദംഷ്ട്രാവിഷേ മൂലവിഷേ സംഗരേ കൃത്രിമേ വിഷേ
യഥാർഹം സ്നിഗ്ദ്ധകോഷ്ഠേന പേയമേതദ്വിരേചനം.

യവാനി=ജീരകം. ഹപുഷാ=അടയ്ക്കാമണിയൻവേര. ധാന്യം=കൊത്തമ്പാലയരി. ശതപുഷ്പ=ശതകുപ്പ. ഉപകുഞ്ചിക=അത്തിത്തിപ്പലി. കാരവി=കരിംജീരകം. പിപ്പലീമൂലം=കാട്ടുതിപ്പലിവേർ. അജഗന്ധ=ആട്ടുകൊട്ടപ്പാല. ശഠി=കച്ചോലം. വച=വയമ്പ്, ജീരകം. ചിത്രകം=കൊടുവേലിക്കിഴങ്ങ്. വ്യോഷം=ചുക്ക, മുളക്, തിപ്പലി. സ്വൎണ്ണക്ഷീരി=പത്തുരക്കള്ളിവേർ. ഫലത്രയം=ത്രിഫലത്തോട്. ക്ഷാരങ്ങൾ ചവക്കാരം, തുവൎച്ചിലക്കാരം. പുഷ്കരമൂലം=പുഷ്കരമൂലവേർ. കുഷ്ഠം=വെള്ളക്കൊട്ടം. ലവണപഞ്ചകം=ഇന്തുപ്പ, വിളയുപ്പ, വെടിയുപ്പ, കല്ലുപ്പ, കാരുപ്പ. വിഡംഗം=വിഴാലരിക്കാമ്പ് ഇവ ഓരോ കഴഞ്ചുവീതം. ദന്തി=നാഗദന്തിവേർ കഴഞ്ചു ൩. ത്രിവൃത്=ത്രികോല്പക്കൊന്ന. വിശാല=കാട്ടുവെള്ളരിവേര ഇവ ൨ കഴഞ്ചുവീതം. സാതല=ബ്രഹ്മി കഴഞ്ചു ൪. ഇങ്ങനെ കൂട്ടി ചൂൎണ്ണിച്ചു സേവിക്ക. അനുപാനങ്ങൾ–മഹോദരത്തിന്ന മോരിലും ഗുന്മരോഗികൾ ലന്തക്കുരുക്കഷായത്തിലും, വാതികവിബന്ധത്തിന്ന സുരാമദ്യത്തിലും, വാതരോഗികൾ തെളിഞ്ഞ മദ്യത്തിലും, മലബന്ധമുള്ളവർ തൈർവെള്ളത്തിലും, അർശസ്സുള്ളവർ താളിമാതളപ്പഴത്തിന്നനീരിലും, ഉരുണ്ടുകയററം മുതലായ വേദനകൾക്ക കോൽപ്പുളിവേരിൻതൊലിക്കഷായത്തിലും, അജീൎണ്ണത്തിന്ന ചൂടുവെള്ളത്തിലും സേവിക്ക. ഭഗന്ദരം, പാണ്ഡു, കണ്ഠമാല, കാസശ്വാസം, ഏൗദ്രാഗം, ഗ്രഹണി, കുഷ്ഠം, അഗ്നിമാന്ദ്യം, ജ്വരം, കൈവിഷം മുതലായ വിഷങ്ങൾ ഇവയ്ക്കു കോഷ്ഠസ്ഥിശുദ്ധത വരുത്തിയശേഷം യഥായോഗ്യം ഇതു സേവിച്ചു വിരേചിക്കാം. മേൽപറഞ്ഞ രോഗങ്ങൾ ശമിക്കും.

## ൪൦. പിപ്പല്യാദി

**പിപ്പലിനാഗരദന്തികൾതുല്യാസ്ത്രൈരഭയാ ദ്വിഗുണോന്മിതഭാഗാഃ**
**അൎദ്ധമിതം വിളമുഷ്ണപയോഭിഃ പീതമപോഹതി കുക്ഷിമഹത്വം**

പിപ്പലി=തിപ്പലി. നാഗരം=ചുക്ക. ദന്തി=നാഗദന്തിവേർ ഇവ സമം. കടുക്കാത്തോട് ഇവയ്ക്കു ഇരട്ടി. വിളം=വിളയുപ്പ. മേൽപറഞ്ഞവയുടെ അൎദ്ധഭാഗം. ചൂൎണ്ണിച്ചു ചൂടുവെള്ളത്തിൽ സേവിക്ക. മഹോദരവും വയർവീപ്പും കുട്ടിയും ശമിക്കും. ഇതിൽ കടുക്ക തിപ്പലിയുടെ ഇരട്ടിയെന്നും വിളയുപ്പ തിപ്പലിയുടെ പകുതി അളവെന്നുമുള്ള അഭിപ്രായങ്ങളും രോഗാനുസാരേണ സ്വീകാൎയ്യമാകാവുന്നതിനാൽ ആ വിധത്തിലും പരമ്പരയായ വിധാനം സ്വീകരിക്കുന്നവരുണ്ട്.

## ൪൧ സ്നുഹീപിപ്പലീകം

**സ്നുഹിക്ഷീരേ സപ്തകൃത്വോഭാവിതം പിപ്പലീരജഃ**
**ഗോമൂത്രേ കോഷ്ണതോയേ വാ പീതം ജഠരനാശനം**

പിപ്പലീരജഃ=തിപ്പലിപ്പൊടി, ഏഴുദിവസം കള്ളിപ്പാലിൽ ഭാവനചെയ്തു എടുത്തു ചൂൎണ്ണിച്ചു ഗോമൂത്രത്തിലോ ചൂടുവെള്ളത്തിലോ സേവിച്ചാൽ മഹോദരം ശമിക്കും. (തീക്ഷ്ണവിരേചനമായ കള്ളിപ്പാൽ വിരേചനം വരുത്തുന്നതുമൂലം മഹോദരം ഗുന്മം മുതലായ രോഗങ്ങളെ ശമിപ്പിക്കുന്നതാണ്.)

## ൪൨. അൎക്കപത്രാദിഭസ്മം.

**അൎക്കപത്രം സലവണമന്തൎദ്ധൂമം വിപാചിതം**
**മസ്തുനാ തത് പിബേത് ക്ഷാരം പ്ലീഹപ്രശമനം പരം.**

അൎക്കപത്രം=എരുക്കില. ലവണം=ഇന്തുപ്പ ഇവ തുല്യ്യകത്തോ അല്ലെങ്കിൽ സ്ഫടികച്ചട്ടിയിലോ ആക്കി കനൽത്തീയിലോ വറളിത്തീയിലോ ഭസ്മമാക്കി തൈർവെള്ളത്തിൽ ഈ ക്ഷാരം സേവിച്ചാൽ പ്ലീഹാവ് ഗുന്മം മുതലായവ ശമിക്കും.

## ൪൩. കേതകീദലഭസ്മം.

കേതകീദലഭസ്മൈവം സഗുളം ഭക്ഷിതം തഥാ

കേതകീദളം=കൈതയോല, ഇപ്രകാരം പുടംവെച്ചു ഭസ്മമാക്കി ശക്കരയിൽ കഴച്ചു സേവിക്ക. പ്ലീഹരോഗം ശമിക്കും.

## ൪൪. സിന്ധൂത്ഥജീരകാദി.

സിന്ധൂത്ഥം ജീരകം ദീപ്യം പിപ്പലീമരിചൗഷധൈഃ
പത്ഥ്യാ ചൈഷാം ക്രമാദ്വൃദ്ധം ചൂൎണ്ണമുഷ്ണോദകപ്ലുതം
തക്രേണാജ്യേന വാ സേവ്യമുദരാണാം പ്രശാന്തയേ

സിന്ധൂത്ഥം=ഇന്തുപ്പ്, ജീരകം, ദീപ്യം=അയമോദകം പിപ്പലി=തിപ്പലി മരിചം=കുരുമുളക് ഔഷധം=ചുക്ക് പത്ഥ്യം=കടുക്കാത്തോട് ഇവയുടെ ചൂൎണ്ണം ചൂടുവെള്ളത്തിലോ, മോരിലോ, നെയ്യിലോ സേവിക്ക. മഹോദരം ശമിക്കും.

## ൪൫. പത്ഥ്യാപുനൎന്നവാദി.

പത്ഥ്യാപുനൎന്നവമഹൗഷധഭൃംഗരാജ-
കക്കന്ധുപത്രതിലദീപ്യബലാനലൈശ്ച
ഏതത്സമം സകലഭാവിതകിട്ടചൂൎണ്ണം
തക്രേ പിബേദഖിലപാണ്ഡുഗദേ രഹസ്യം.

പത്ഥ്യം=കടുക്കാത്തോട് പുനൎന്നവ=തമിഴാമവേര് മഹൌഷധം=ചുക്ക് ഭൃംഗരാജം=കയ്യോന്നിഇല കക്കന്ധുപത്രം=ലന്തയില തിലം=എള്ള് ദീപ്യം=അയമോദകം ബലം=കുറുന്തോട്ടിവേർ അനലം=കാട്ടുവേലിക്കിഴങ്ങ്, ഇവ സമം. പുരാണകിട്ടം ഗോമൂത്രം മുതലായവയിൽ ഭാവനചെയ്തു ശുദ്ധിയാക്കി ചൂൎണ്ണിച്ചോ (ഭസ്മമാക്കിയതോ) മററ എല്ലാ മരുന്നുകളും കൂടിയിടത്തോളം ചേൎത്തു ചൂൎണ്ണമാക്കി മോരിൽ കലക്കി സേവിക്ക. എല്ലാമാതിരി പാണ്ഡുരോഗങ്ങൾക്കും നന്നു.

## ൪൬. വ്യോഷാഗ്ന്യാദി (നവായസം)

വ്യോഷാഗ്നിവേല്ലത്രിഫലാമുസ്തൈസ്തുല്യമയോരജഃ
ചൂൎണ്ണിതം തക്രമദ്ധ്വാജ്യകോഷ്ണതോയോപയോജിതം
കാമിലാപാണ്ഡുഹൃദ്രോഗകുഷ്ഠാൎശോമേഹനാശനം.

വ്യോഷം=ചുക്ക് മുളക് തിപ്പലി അഗ്നി=കാട്ടുവേലിക്കിഴങ്ങ്. വേല്ലം=വിഴാലരിക്കാമ്പു ത്രിഫലത്തോട് മുസ്ത=മുത്തങ്ങ ഇവ ഒരു കഴഞ്ചുവീതം. അയോരജഃ=ഉരുക്കുപൊടി (ഭസ്മം) ൯ കഴഞ്ചു. ഒക്കെക്കൂടി വീണ്ടും ചൂൎണ്ണിച്ചു മോരിലോ തേനിലോ നെയ്യിലോ ചൂടുവെള്ളത്തിലോ കലക്കി സേവിച്ചാൽ കാമില, പാണ്ഡു, ഹൃദ്രോഗം, കുഷ്ഠം, അൎശസ്സ്, പ്രമേഹം ഇവ ശമിക്കും.

## ൪൭. കയ്യോന്ന്യാദി

കയ്യോന്നി നല്ലമുളകഗ്നി പുരാണകിട്ട-
മെല്ലാം ക്രമാച്ചരണശൂന്യതയാ വിചൂൎണ്ണ്യ
നല്ലോരുമോരിലജമോജസനാഗരാഭ്യാം
മൂന്നാലുകുടിക്കിൽ മുരടററിടുമിങ്ങു പാണ്ഡു.

കയ്യോന്നി, കുരുമുളക്, അഗ്നി=കൊടുവേലിക്കിഴങ്ങ്. പുരാണകിട്ടത്തിന്റെ ചൂണ്ണം (മണ്ഡൂരഭസ്മം) കയ്യോന്നി ഭാഗം ൪, മുളക് ഭാഗം ൩, കൊടുവേലിക്കിഴങ്ങ് ഭാഗം ൨, പുരാണകിട്ടം ഭാഗം ൧ ഈ ക്രമത്തിനും, അയമോദകം ഭാഗം ൧൦, നാഗരം=ചുക്ക് ഭാഗം കാൽ, ഈ ക്രമത്തിലും യോജിപ്പിച്ച ചൂണ്ണമാക്കി മോരിൽ കലക്കി സേവിക്ക. പാണ്ഡുരോഗം ശമിക്കും.

## ൪൮. ഞാറമൂലാദി

ഞാറമൂലമരച്ചിട്ട നാരങ്ങാനീരിലഞ്ജസാ
ഇരുമ്പിന്മേൽത്തേച്ചുണക്ക്യ യാവത് കൃഷ്ണത്വമാവ്രജേത്
പിന്നെമോരിൽ ഗുളേവാപി സേവിതം പാണ്ഡുനാശനം

ഞാറുവേരിലെ തൊലി നാരങ്ങാനീരിൽ അരച്ച് ഇരുമ്പിൽ തേച്ച് ഉണക്കുക. പിന്നെ അതെടുത്ത പൊടിച്ച് മോരിലോ ശക്കരയിലോ കലത്തി സേവിക്ക. പാണ്ഡുരോഗം ശമിക്കും.

## ൪൯. വാരാഹ്യാദി

വാരാഹി നല്ലത്തുടി ചിററമൃതിൽഭവിക്കും
ന്ത്വരും കണാ ച മരമഞ്ഞൾ ത്വകാ സിതാ ച
ചൂണ്ണിച്ചുകൊണ്ടിരുകഴഞ്ചു നനച്ച തേനിൽ
നക്കീട്ടുവോക്കരിയകാമില മൂന്നുമില്ല.

വാരാഹി=നിലപ്പനക്കിഴങ്ങ്. ത്തുടി=ഏലത്തരി. ചിററമൃതിൻന്ത്വര്. കണാ=തിപ്പലി. മരമഞ്ഞൾതൊലി. ത്വക=ക്രുവന്ത്വര്. സിത=പഞ്ചസാര. ഇവ സമം ചൂണ്ണമാക്കി രണ്ടുകഴഞ്ചുവീതം തേനിൽ കുഴച്ച സേവിക്ക, കാമിലാരോഗം ശമിക്കും.

## ൫൦. നെല്ലിക്കാദി

നെല്ലിക്കാത്തൊലിചുക്കചിററമൃതിൽനിന്നുണ്ടായന്ത്വരുംപുനഃ
കിട്ടംക്രുവയുമൊന്നൊരോന്നിവപലം ചൂണ്ണം വിധായാദരാൽ
അഞ്ഞാഴിശ്ശ വരാമൃതോത്ഭവരസേ പക്ത്വാ ലിഹേച്ചൂണ്ണിതം
ചൂണ്ണം പിത്തവികാരമാശ്വ ശമയേന്മദ്ധ്വാ ഗുളേനാന്വിതം.

നെല്ലിക്കാത്തോട്, ചുക്ക്, ചിററമൃതിൻന്ത്വര്, പുരാണകിട്ടചൂണ്ണം, ക്രുവന്ത്വര് ഇവ ഓരോ പലം ചൂണ്ണമാക്കി വരാമൃതോത്ഭവരസം=ത്രിഫലത്തോടിൻകഷായവും ചിററമൃതിൻനീരും അഞ്ഞാഴിവീതം എടുത്ത അതിലിട്ട അഗ്നിപാകംകൊണ്ടോ ആതപപാകംകൊണ്ടോ നീരുവററിച്ച ഉണക്കി വീണ്ടും പൊടിച്ച തേനും ശക്കരയും കൂട്ടി സേവിക്ക, പിത്തവികാരങ്ങൾ എല്ലാം ശമിക്കും.

## ൫൧. കൃഷ്ണാഗ്ന്യാദി

കൃഷ്ണാഗ്നിവിശ്വഘനജീരകദേവദാരു-
പത്ഥ്യാപുനന്നവനിശാമരിചാജ്ഝടാനാം
ചൂണ്ണം കവോഷ്ണസലിലൈരവലോഡ്യ പീതം
നാതഃപരം ശ്വയഥുരോഗഹരം നരാണാം.

കൃഷ്ണ=തിപ്പലി. അഗ്നി=കൊടുവേലിക്കിഴങ്ങ്. വിശ്വം=ചുക്ക്, ഘനം=മുത്തങ്ങ. ജീരകം, ദേവതാരം. പത്ഥ്യാ=കടുക്കാത്തോട്. പുനന്നവ=തമിഴാമവേര്

നിശ=വരട്ടുമഞ്ഞൾ. മരിചം=കുരുമുളക്. അജ്ഝടാ=കീഴാനെല്ലിവേര് ഇവ സമം ചൂർണ്ണിച്ചു ചൂടുവെള്ളത്തിൽ കലക്കി സേവിക്ക. ശോഫം ശമിക്കും.

## ൭൨. ഇന്ദ്രാശനി.

ഏകൈകം തിലപിപ്പലീബദരജം ദ്വൌ മാക്ഷികാദായസ-
ച്ചൂർണ്ണാത് ത്രീണിപലാനി ഭേഷജവരം ചത്വാരി തുല്യാസിതാ
സർവൈകം മധുപിഷ്ടമൗഷധമിദം ദുർന്നാമപാണ്ഡൂദര-
പ്ലീഹാനാഹചിരജ്വരാന്നി ച ഹരേദിന്ദ്രാശനിർന്നാമതഃ

തിലം=എള്ള്. പിപ്പലി=തിപ്പലി. ബദരം=ലന്തക്കുരു ഇവ മൂന്നും ഓരോ ഭാഗംവീതം, മാക്കീരക്കല്ല് ഭാഗം ൨, ഉരുക്കുഭസ്മം ഭാഗം ൩, ചുക്ക് ഭാഗം ൪. ഇവ ചൂർണ്ണിച്ചു മേൽപറഞ്ഞവ എല്ലാം കൂടിയിടത്തോളം പഞ്ചസാരയുംചേർത്തു നേർപ്പിച്ചു തേനിൽ കുഴച്ചു സേവിക്ക. അർശസ്സ്, പാണ്ഡു, മഹോദരം, പ്ലീഹാവ്, ആനാഹം, പുരാണജ്വരം മുതലായവ ശമിക്കും.

## ൭൩. അയസ്കാന്താദി.

അയസ്കാന്തമയശ്ചൂർണ്ണമയോമലരജാംസി ച
ഭല്ലാതകവിളംഗാനി തൌവരാണി പലാനി ച
ലാംഗലീ ത്രിഫലാ ചേതി ശ്ലക്ഷ്ണചൂർണ്ണാനി കാരയേത്
ഖദിരാസനദേവദ്രുകഷായൈസ്താനി ഭാവയേത്
ഗവാംമൂത്രേണ ഭൃംഗാനാം സ്വരസേനാഥ ഭാവയേത്
സർപ്പിർമ്മധുഭ്യാം സംലീഢ്വാ ജീർണ്ണേ ക്ഷീരാശനോ ഭവേത്
കുഷ്ഠമഷ്ടാദശവിധമർശാംസി ച വിനാശയേത്.

അയസ്കാന്തം. അയശ്ചൂർണ്ണം=ഉരുക്കുഭസ്മം. അയോമലരജസ്സ്=പുരാണകിട്ടം ചൂർണ്ണിച്ചതു്. ഭല്ലാതകം=ചേർക്കുരു. വിളംഗം=വിഴാലരിക്കാമ്പ് തൌവരാണിഫലാനി=തുവരകവൃക്ഷത്തിന്റെ കായ്കളുടെ പരിപ്പ് എടുക്കണം. (ഇതു മരോട്ടിയാണെന്നു പറയുന്നതു ശരിയല്ല) ലാംഗലി=മേന്തോന്നിക്കിഴങ്ങ് ത്രിഫലത്തോട് ഇവ നല്ലപോലെ ചൂർണ്ണിച്ച് ഖദിരം=കരിങ്ങാലിക്കാതൽ. അസനം=വേങ്ങക്കാതൽ ദേവദ്രു=ദേവതാരം ഇവയുടെ കഷായത്തിൽ ഭാവനചെയ്യണം. അനന്തരം ഗോമൂത്രത്തിലും കയ്യോന്നിനീരിലും ഭാവനചെയ്തു് ഉണക്കിപ്പൊടിച്ചു നെയ്യും തേനും ചേർത്തു മട്ടിച്ചു സേവിക്ക. ദഹിച്ചുകഴിഞ്ഞാൽ പാൽകൂട്ടി ഉണ്ണുക. എല്ലാവിധത്തിലുമുള്ള കുഷ്ഠരോഗങ്ങളും അർശസ്സുകളും ശമിക്കും. ഭാവനചെയ്യുന്നതു ദ്രവത്തിലിട്ടു് ആതപത്തിൽ (വെയിലിൽ) വററിച്ചു് ഉണക്കി വീണ്ടും പറയുന്ന ദ്രവങ്ങളിൽചേർത്തു ഉണക്കി പൊടിക്കുന്നതാകുന്നു.

## ൭൪. യോഗരാജചൂർണ്ണം.

പിപ്പലീപിപ്പലീമൂലചവ്യചിത്രകനാഗരൈഃ
പാഠാവിളംഗേന്ദ്രയവൈർഹിംഗുഭാർങ്ഗീവചാന്വിതൈഃ
സഷപാതിവിഷാജാജീജീരകൈഃ കുഷ്ഠസംയുതൈഃ
ഗജകൃഷ്ണാജമോജാഭ്യാം കടുകാമൂർവമിശ്രിതൈഃ
സമഭാഗാന്വിതൈരേതൈഃ സമഭാഗശ്ച ഗുൽഗുലുഃ
ഏതത്സഞ്ചൂർണ്ണിതം സമ്യഗ് മധുനാ ച പരിപ്ലുതം

യോഗരാജമിദം നാമ്നാ ഭഗന്ദരഹരം പരം
ആശ്ശാംസി വാതഗുന്മം ച പാണ്ഡുരോഗമരോചകം
നിഹന്ത്യാദാശു താൻ സൎവ്വാൻ ദ്വാരാനപ്യസംശയം

പിപ്പലി=തിപ്പലി. പിപ്പലീമൂലം=കാട്ടുതിപ്പലിവേരു്. ചവ്യം=കാട്ടമുളകിൻ വേരു്. ചിത്രകം=കാട്ടുവലിക്കിഴങ്ങു് നാഗരം=ചുക്കു് പാഠാ=പാടത്താളിക്കിഴങ്ങു് വിഡംഗം=വിഴാലരിക്കാമ്പു് ഇന്ദ്രയവം=കുടകപ്പാലയരി ഹിംഗു=കായം ഭാർങ്ഗി=ചെറുതേക്കിൻവേരു്. വച=വയമ്പു്. സർഷപം=കടുക്. അതിവിഷ=അതിവിടയം അജാജി=ആശാളി ജീരകം കുഷ്ഠം=വെള്ളക്കൊട്ടം. ഗജകൃഷ്ണ=അത്തിത്തിപ്പലി. അജമോജം=അയമോദകം കടുക=കടുകരോഹിണി. മൂൎവ്വ=പെരുംകുരുമ്പവേരു് ഇവ ഓരോന്നും സമം. നല്ലപോലെ ചൂൎണ്ണിച്ചു് ഇവ എല്ലാം കൂട്ടുന്നടത്തോളം ഗുൽഗുലു (മഞ്ഞൾ വേപ്പില ഇവററിൻനീരിൽ പുഴുങ്ങി നെയ്യിൽ വറുത്തരച്ചതു) ചേൎത്തു നേൎപ്പിച്ചു തേനിൽ കുഴച്ചു സേവിക്ക. ഭഗന്ദരരോഗം, അർശസ്സ് വാതഗുന്മം, പാണ്ഡു, അരുചി ഇവയെ ശമിപ്പിക്കും.

## ൭൭. സാരസ്വതം.

വിശ്വാജമോജരജനീദ്വയസൈന്ധവോഗ്രാ-
യഷ്ട്യാഹ്വകുഷ്ഠമഗധോത്ഭവജീരകാണാം
ചൂൎണ്ണം പ്രഭാതസമയേ ലിഹതാം സസൎപ്പിർ-
വാഗ്ദേവതാ നിവസതി സ്വയമേവ വക്ത്രേ.

വിശ്വം=ചുക്കു് അജമോജം=അയമോദകം. രജനീദ്വയം=മഞ്ഞളും മരമഞ്ഞളും ഒലിയും. സൈന്ധവം=ഇന്തുപ്പു് ഉഗ്ര=വയമ്പു് യഷ്ട്യാഹ്വം=എരട്ടിമധുരം. കുഷ്ഠം=വെള്ളക്കൊട്ടം മഗധോത്ഭവം=തിപ്പലി, ജീരകം ഇവ സമം ചൂൎണ്ണമാക്കി നെയ്യിൽ കുഴച്ചു രാവിലെ സേവിക്ക; വാക്കിനു തെളിവുണ്ടാകും.

## ൭൮. അവിപത്തി.

വ്യോഷത്രിജാതകാംഭോദകൃമിഘ്നാമലകൈസ്ത്രിവൃത്
സൎവ്വൈഃ സമാ സമസിതാ ക്ഷൗദ്രേണ ഗുളികീകൃതാ
അവിപത്തിരിയം നാമ്നാ പ്രശസ്താ പിത്തരോഗിണാം.

വ്യോഷം=ചുക്കു്, മുളകു്, തിപ്പലി. ത്രിജാതകം=ഏലം, ഇലവർങ്ഗം, പച്ചില. അംഭോദം=മുത്തങ്ങ കൃമിഘ്നം=വിഴാലരിക്കാമ്പു് ആമലകം=നെല്ലിക്കാത്തോടു് ഇവ സമം. ഇതെല്ലാം കൂടിയടത്തോളം ത്രിവൃത്=ത്രികോല്പക്കൊന്ന കൂട്ടി പ്പൊടിച്ചു അവയ്ക്കുസമം പഞ്ചസാരചേൎത്തു തേനിൽകുഴച്ചു സേവിക്ക. പിത്തരോഗികൾക്കു നന്നു് 'പാണ്ഡുരോഗിണാം' എന്നും പാഠമുണ്ടു്. ഇതു വിരേചനയ്ക്കും കാമില മുതലായവയ്ക്കും നന്നു്.

## ൭൯. മാഷാശ്വഗന്ധാദി.

മാഷാശ്വഗന്ധയഷ്ട്യാഹ്വശ്വദംഷ്ട്രാമുദ്ഗബീജകം
പകാരംഭാഫലയുതം ചൂൎണ്ണം ക്ഷീരേ വിപാചിതം
സംശോഷ്യ ചൂൎണ്ണയിത്വാ ച സിതായുക്തം നിഷേവിതം
ധാരോഷ്ണേനാഥവാ യുക്തം വൃഷ്യം പരമമുത്തമം.

മാഷം=ഉഴുന്നു്. അശ്വഗന്ധം=അമുക്കുരം. യഷ്ട്യാഹ്വം=എരട്ടിമധുരം. ശ്വദംഷ്ട്രാബീജം=നായ്ക്കുരണപ്പരിപ്പു്, മുദ്ഗബീജം=ചെറുപയററിൻപരിപ്പു്. പകാരം

രംഫലം=കദളിപ്പഴം ഇവ പാലിൽ പുഴുങ്ങി ഉണക്കിപ്പൊടിച്ചു സമം പഞ്ചസാരചേൎത്തു സേവിക്ക. അല്ലെങ്കിൽ കറന്ന ചൂടാറാത്ത പാലിൽ കലക്കി സേവിക്ക. ശുക്ലവൃദ്ധി (ധാതുപുഷ്ടി) ഉണ്ടാകും.

## ൭൮. ഹുതാശനചൂൎണ്ണം.

മാണിമന്ഥജീരകാജമോജമാഗധൗഷധൈ
ൎവിവൎദ്ധിതൈഃ ക്രമേണ തത്സമം ഹരീതകീരജഃ
പാചനം വിരേചനം പ്രദീപനം പ്രരോചനം
പായുകീലനാശനം ഹുതാശനാഹ്വയന്ത്വ തത്.

മാണിമന്ഥം=ഇന്തുപ്പ്. ജീരകം, അയമോദകം: മാഗധം=തിപ്പലി. ഔഷധം ചുക്ക്. ഇന്തുപ്പ് ൧, ജീരകം ൨, അയമോദകം ൩, തിപ്പലി ൪, ചുക്ക് ൫. ഇങ്ങനെ ഭാഗങ്ങൾ. ഇവയെല്ലാം കൂട്ടുന്നേടത്തോളം ഹരീതകീരജഃ=കടുക്കാത്തോടിൻപൊടി. ഒരുമിച്ചുചേൎത്തു നേൎമ്മിച്ചു സേവിക്ക. അഗ്നിദീപ്തി വരുത്തും, രുചിയുണ്ടാക്കും; വായുവിന്നും ഗുദകീലത്തിന്നും നന്ന്. വിരേചനം വരുത്തുകയും ചെയ്യും.

## ൭൯. ഗുൽഗുലുപഞ്ചപലചൂൎണ്ണം.

ഗുൽഗുലുപഞ്ചപലംപലകാംശാ മാഗധികാത്രിഫലാ ച പൃഥക്-
(സ്യാത്
ത്വക്ത്രുടികൎഷയുതാ മധുലീഢം കുഷ്ഠഭഗന്ദരഗുല്മകൃമിഘ്നം

ഗുൽഗുലു, പച്ചമഞ്ഞൾ, വേപ്പിലനീർ ഇവററിൽ പുഴുങ്ങി ശുദ്ധിയാക്കി നെയ്യിൽ വറുത്തരച്ച പലം ൫. മാഗധിക=തിപ്പലി, ത്രിഫലത്തോട് ഇവ ഒരു പലം വീതം. ത്വക്=ഇലവൎങ്ഗം. ത്രുടി=ഏലത്തരി, ഇവ ൩ കഴഞ്ചുവീതം ഒരുമിച്ചുചേൎത്തു ചൂൎണ്ണിച്ച് തേനിൽകുഴച്ചു സേവിക്ക. കുഷ്ഠം, ഭഗന്ദരം, ഗുന്മം, കൃമിരോഗം ഇവ ശമിക്കും.

## ൮൦. രാസ്നാദിചൂൎണ്ണം

രാസ്നാമൃക്കരദേവദാരു കടുകാ ചെന്നായചെഞ്ചല്യവും
കൊട്ടംനല്ലവയമ്പു ഗൈരികനിശാ യഷ്ടീ ബലാ മുസ്തയും
വ്യോഷംപൂതിസഹസ്രവേധിസജലം സോശീരകംഫേനകം
ശ്രീകണ്ഠാഗരുതിന്ത്രിണീദളസിരാ സഞ്ചൂൎണ്ണ്യസൎവ്വംസമം
വ്യേരണ്ഡോത്ഭവതൈലതോനിറുകയിൽ പൂശീടിനാൽ തീൎന്നുപോ-
മപ്പോഴേകൊട്ടുതായസന്നികൾ ശിരസ്സോടഞ്ചു നീൎവ്വീഴ്ചയും.

രാസ്ന=ചിററരത്ത. അമുക്കുരം, ദേവതാരം, കടുകാ=കടുകരോഹിണി. സന്നിനായകം, ചെഞ്ചല്യം, കൊട്ടം, വയമ്പ്, ഗൈരികം=കാവിമണ്ണ്. നിശ=വറട്ടുമഞ്ഞൾ, യഷ്ടി=ഇരട്ടിമധുരം. ബല=കുറുന്തോട്ടിവേർ. മുസ്ത=മുത്തങ്ങ. വ്യോഷം=ചുക്ക് മുളക് തിപ്പലി. പൂതവൃക്ഷം, സഹസ്രവേധി. ജലം=ഇരുവേലി. ഉശീരം=രാമച്ചം. ഫേനകം=കടൽനുര. ശ്രീകണ്ഠം=കണ്ടിവെണ്ണ (ഇതിന്ന ചന്ദനം എന്നു സ്വീകരിച്ചുവരുന്ന ചിലരുമുണ്ട്.) അഗരു=കാരകിൽ. തിന്ത്രിണീദളസിര=പുളിയിലഞരമ്പ്. ഇവ സമം ചൂൎണ്ണിച്ച് ആവണക്കെണ്ണചേൎത്തു നീരുവത്തു ശിര[illegible]ലിടുക. സന്നി തലവേദന, നീൎവ്വീഴ്ച, ഇവ ശമിക്കും. ഇതിൽ കുറച്ചുകൂടിചേൎത്തും പൊടിയാക്കി തലയിൽ തിരുമ്മാനും തളത്തിന്നും ഉപയോഗിക്കുമാറുണ്ട്.

## ൩൧. കച്ചൂരാദി (൧) വലിയതു്.

കച്ചൂരം ധാത്രി മഞ്ജിഷ്ഠാ യഷ്ടീ ദാരു ഹിമദ്വയം
കന്നാരം കന്മദം വേധി രോഹിണീ കൃഷ്ണജീരകം
രാസ്നാ ച തിന്ത്രിണീസിരാ ശാരിബാ കുങ്കുമം തഥാ
സജ്ജേന്ദുവാരിവാഹം ച കണ്ടിവെണ്ണ ബലാശിഫാ
ലാജം കറുന്തി ജലോശീരമാമയം സന്നിനായകം
കറുപ്പും കാവിയും ജാതീഫലഞ്ച സമഭാഗികം
സ്തന്യേ പിഷ്ട്വാ ലിപേന്മൂർദ്ധ്നി വാതപിത്തശിരോരുജം
ജ്വരം ബുദ്ധിഭ്രമം ഹിദ്ധ്മാം നേത്രരോഗം ച പീനസം
കഫഞ്ച കർണ്ണരോഗഞ്ച സന്നിപാതം നിഹന്തി ച.

കച്ചൂരം=കച്ചോലം. ധാത്രി=നെല്ലിക്കാത്തോടു്. മഞ്ജിഷ്ഠ=മഞ്ചട്ടി. യഷ്ടി=ഇരട്ടിമധുരം. ദാരു=ദേവതാരം. ഹിമദ്വയം=ചന്ദനവും രക്തചന്ദനവും. കന്നാരം, കന്മദം, സഹസ്രവേധി, കടുകുരോഹിണി, കരിംജീരകം. രാസ്നം=ചിററരത്ത. തിന്ത്രിണീസിരം=പുളിയിലഞരമ്പു്, ശാരിബ=നറുനീണ്ടിക്കിഴങ്ങു്. കുങ്കുമപ്പൂട്ട. സജ്ജം=ചെഞ്ചല്യം ഇന്ദു=കർപ്പൂരം. വാരിവാഹം=മുത്തങ്ങ. കണ്ടിവെണ്ണ. ബലാശിഫ=കുറുന്തോട്ടിവേർ. ലാജം=മലരു്. കറുന്തി=അരേണകം. ജലം=ഇരുവേലി. ഉശീരം=രാമച്ചം. ആമയം=കൊട്ടം, സന്നിനായകം, കറുപ്പു്, കാവിമണ്ണു്, ജാതിക്ക ഇവ സമാംശം പൊടിച്ചു് മുലപ്പാലിൽ അരച്ചു് (കന്നാരം, കന്മദം, സഹസ്രവേധി. ചെഞ്ചല്യം, കർപ്പൂരം, കറുപ്പു്, സന്നിനായകം, കാവിമണ്ണു് ഇവ ഒടുവിൽ ചേർത്തരയ്ക്കുക) നിറുകയിൽ തളമിടുക, വാതം, പിത്തം ഇവ വാലുണ്ടാകുന്ന തലവേദന, ജ്വരം, ബുദ്ധിഭ്രമം, ഇക്കിൾ, നേത്രരോഗങ്ങൾ, പീനസം, കഫം, കർണ്ണരോഗങ്ങൾ, സന്നിപാതം ഇവ ശമിക്കും.

## ൩൨. കച്ചൂരാദി (൨)

കച്ചൂരം ധാത്രി ചിഞ്ചാദലസിരകൾബലാലാജസേവ്യാംബുദങ്ങൾ
തുല്യംചേർത്തിട്ടുതേങ്ങാപ്പരിചിനൊടുപിഴിഞ്ഞുള്ളപാലിൽപുഴുങ്ങി
പിഷ്ട്വാസ്തന്യത്തിൽനന്നായ്തടവിയുടനുടൻമൂർദ്ധ്നിനന്നായിടുന്നാൾ
ചൂടോട്ടുംസന്നിപോകും ജ്വരഹരണമഹോ രക്തപിത്തംനിഹന്തി.

കച്ചൂരം=കച്ചോലം. ധാത്രി=നെല്ലിക്കാത്തോടു്. ചിഞ്ചാദലസിര=പുളിയിലഞരമ്പു്. ബല=കുറുന്തോട്ടിവേർ. ലാജം=മലരു്. സേവ്യം=രാമച്ചം. അംബുദം=മുത്തങ്ങ ഇവ തേങ്ങാപ്പാലിൽ പുഴുങ്ങിയരച്ചു മുലപ്പാലുംചേർത്തു നിറുകയിൽ തളംവയ്ക്കുക. സന്നി, ചൂടു്, ജ്വരം, രക്തകോപം മുതലായവ ശമിക്കും.

## ൩൩. നാസികാചൂർണ്ണം.

ധാത്രീജീരകമായൂരപിഞ്ഛകാണ്ഡസമന്വിതം
വരാളജാതീഫലതൽപത്രികാവാളകാനി ച
നളദാമയയഷ്ട്യാഹ്വൌഷധീകന്ദാനി ചാഖിലൈഃ
തുല്യാംശം ചന്ദനം ധൂപപത്രഞ്ചാനേന സമ്മിതം
ആദായ ചൂർണ്ണയേത്താനി ജംബീരഫലവാരിണാ
തച്ചൂർണ്ണംപേഷയിത്വാഥ ഛായായാം ന്യസ്യശോഷയേത്തം

ലാംഗലീഫലതോയേന പശ്ചാത്സഞ്ചൂർണ്ണ്യ പേഷയേത്
ശോഷയേച്ച തഥാ ഭൂയോ ഹിമഗന്ധോദകേന ച
പുനസ്സംചൂർണ്ണ്യ കർപ്പൂരധൂപികാസാരമിശ്രിതേ
യോജയേന്മൃഗരേതശ്ച ഗന്ധാഢ്യം തത്ര കിഞ്ചന
സ ഏഷ നാസികാചൂർണ്ണോ ദുഷ്ടപീനസനാശനഃ
ശിരഃകമ്പേ ച ജാഡ്യേ ച സൂര്യാവർത്തേ ശിരോരുജി
മുഖനാസികദുർഗ്ഗന്ധേ ചൂർണ്ണോഽയമപരാജിതഃ
ജത്രൂർദ്ധ്വസംഭവാൻ സർവ്വാൻ രോഗാംശ്ച വിനിയച്ഛതി.

ധാത്രി=നെല്ലിക്കത്തോട്, ജീരകം. മായൂരപിഞ്ഛകാന്ധം=മയിൽപ്പീലിക്കമ്പ്. വരാളം=ഗ്രാമ്പൂ. ജാതീഫലം=ജാതിക്ക. തൽപത്രി=ജാതിപത്രി. വാളകം=ഇരുവേലി. നളദം=രാമച്ചം. ആമയം=വെള്ളക്കൊട്ടം. യഷ്ട്യാഹ്വം=ഇരട്ടിമധുരം. ഷഡീകന്ദം=കച്ചോലം ഇവ സമം(ഇതിൽ കൂടി ചീനമുളക, മഞ്ഞൾ, മരമഞ്ഞൾത്തൊലി, ഏലം, ഇലവർങ്ഗം, പച്ചില, നാഗപ്പൂ ഇവയും സമാംശം കൂട്ടിയിട്ടും നാസികാചൂർണ്ണമുണ്ട്.) മേല്പറഞ്ഞവ എല്ലാം കൂടിയെടത്തോളം, പുകയിലയുടെയും ചന്ദനത്തിന്റെയും ചൂർണ്ണം കൂട്ടിച്ചേർത്തു ജംബീരഫലം=ചെറുനാരങ്ങാനീരിൽ അരച്ചു നിഴലുണക്കി, കരിക്കിൻവെള്ളത്തിൽ അരച്ചുണക്കി പിന്നീട് പനിനീരും പച്ചക്കർപ്പൂരവും സാമ്പ്രാണിസത്തും വെരുകിൻപുഴുവും ചേർത്തരച്ചു നല്ല പാത്രത്തിൽ സൂക്ഷിക്ക. ഇതു മൂക്കിൽ വലിച്ചാൽ, ദുഷ്ടപീനസം മുതലായ ഊർദ്ധ്വാംഗരോഗങ്ങൾ, തലവേദന, സൂര്യാവർത്തം, വായ്നാററം മുതലായവ ശമിക്കം.

### ൱ർ. സുദർശനചൂർണ്ണം.

ത്രിഫലാ രജനീ മുസ്താ കണ്ടകാരീയുഗം ശഠീ
ത്രികടു ഗ്രന്ഥികം മൂർവ്വാ ഗുളൂചീ ധന്വയാഷകം
കടുകാ പർപ്പടീ മുസ്താ ത്രായമാണാ ച വാളകം
നിംബപുഷ്കരമൂലം ച മധുയഷ്ടീ ച വത്സകം
യവാനീന്ദ്രയവോ ഭാർങ്ഗീ ശിഗ്രുബീജം സുരാഷ്ട്രജം
വചാ ത്വക് പത്മകോശീരം ചന്ദനാതിവിഷാ ബലാ
ശാലിപർണ്ണീ പൃശ്നിപർണ്ണീ വിഡംഗം തഗരം തഥാ
ചിത്രകോ ദേവകാഷ്ഠം ച ചവ്യം പത്രം പടോലജം
ജീവകർഷഭകൌ ചൈവ വിഡംഗം വംശരോചനം
പുണ്ഡരീകം ച കാകോളീ പത്രജം ജാതിപത്രകം
താലീശപത്രഞ്ച തഥാ സമഭാഗാനി ചൂർണ്ണയേത്
സർവ്വചൂർണ്ണസ്യ ചാർദ്ധാംശം കിരാതം നിക്ഷിപേൽ സുധീഃ
ഏതൽ സുദർശനം നാമ ചൂർണ്ണം ദോഷത്രയാപഹം
ജ്വരാംശ്ച നിഖിലാൻ ഹന്യാത് നാത്ര കാര്യാ വിചാരണാ
ശ്വാസം കാസംച പാണ്ഡുംച ഹൃദ്രോഗം ഹന്തി കാമിലാം

ത്രിഫലത്തോട്. രജനി=വറട്ടുമഞ്ഞൾ മുസ്ത=മുത്തങ്ങ. കണ്ടകാരിച്ചുണ്ടവേർ. പടർച്ചുണ്ടവേര്. ശഠി=കച്ചോലം. ത്രികടുക്. ഗ്രന്ഥികം=കാട്ടുതിപ്പലിവേർ. മൂർവ്വ=പെരുംകുരുമ്പവേര്. ഗുളൂചി=ചിററമൃത്. ധന്വയാഷകം=കൊടിത്തൂ

വവേർ. കടുകം=കടുകുരോഹിണി. പർപ്പടീ=പർപ്പടകപ്പുല്ല്. മുസ്താ=കഴിമുത്തങ്ങ. ത്രായമാണം=ബ്രഹ്മി, വാളകം=ഇരുവേലി. നിംബം=വേപ്പിൻതൊലി. പുഷ്കരമൂല വേർ, മധുയഷ്ടി=ഇരട്ടിമധുരം. വത്സകം=കുടകപ്പാലയരി. യവാനീ=ജീരകം. ഇന്ദ്രയവം=കുടകപ്പാലയരി. ഭാർങ്ങീ=ചെറുതേക്കിൻവേരു്. ശിഗ്രുബീജം=മുരിങ്ങക്കുരു. സൗരാഷ്ട്രജം=ചെറുതിപ്പലി. വച=വയമ്പു്. ത്വക്=ഇലവർങ്ങം. പത്മകം=പതിമുകം. ഉശീരം=രാമച്ചം, ചന്ദനം, അതിവിഷ=അതിവിടയം, ബല=കുറുന്തോട്ടിവേരു്. ശാലിപൎണ്ണി=വരിനെല്ലിൻവേർ, പൃശ്നിപൎണ്ണി=മൂവില വേരു്. വിഡംഗം=വിഴാലരിക്കാമ്പു്. തകരം ചിത്രകം=കൊടുവേലിക്കിഴങ്ങു്. ദേവ കാഷ്ഠം=ദേവതാരം. ചവ്യം=കാട്ടുമുളകിൻവേർ. പടോലത്തിൻെറ ഇല, ജീവകം, ഇടവകം, വിഡംഗ=വിഴാലരി (രണ്ടു പ്രാവശ്യം പറഞ്ഞമരുന്നുകൾ ഇരട്ടിക്കണമെന്ന ൎത്ഥം) വംശരോചനം=മുളംകർപ്പൂരം (മുളമഞ്ഞ) പുണ്ഡരീകം=താമരയല്ലി. കാകോളി, പത്രകം=പച്ചില. ജാതിപത്രകം=ജാതിപത്തിരി. താലീസപത്തിരി ഇവ സമം ചൂൎണ്ണിച്ചു് അവയെല്ലാം കൂടുന്നതിൽ പകുതിഭാഗം കിരാതം=പുത്തരിച്ചുണ്ടവേരും കൂട്ടി ചൂൎണ്ണമാക്കുക. കിരാതത്തിനു കിരിയാത്തുചേൎത്തും പ്രയോഗിച്ചുവരുന്നുണ്ടു്.) ഈ സുദർശനചൂൎണ്ണം ത്രിദോഷങ്ങളെ ശമിപ്പിക്കും. എല്ലാമാതിരി ജ്വരങ്ങളെയും ശ്വാസകാസങ്ങൾ, പാണ്ഡു, ഹൃദ്രോഗം, കാമില ഇവയെയും ശമിപ്പിക്കും. വടക മാക്കുന്നതും നന്നു്.

## ൬൭. അശ്വഗന്ധാദിചൂൎണ്ണം

ഭൃംഗം നാഗം തഥൈവം മരിചമഗധജം നാഗരം വാജിഗന്ധം
ഭൃംഗഞ്ചാപ്യേകഭാഗം ദ്വയമപി കുസുമം ത്ര്യമധീ വേദഭാഗം
മാരീചം ചാഷ്ടഭാഗം മഗധജമധുനാ ഷോഡശം ചൈവ ഭാഗം
ദ്വാത്രിംശത്ശൃംഗിവേരം ചതുരധികയുതം വാജിഗന്ധം ച ഷഷ്ടിഃ
ഏതത്തത്സൂക്ഷ്മചൂൎണ്ണം സമസിതമധികം ശ്ലേഷ്മഹാരീ കൃമിഘ്നം
വാതഘ്നംപാണ്ഡുഗുന്മക്ഷയമപി ഗുദജാരോചകാജീൎണ്ണശൂലാൻ
കാസം പാൎശ്വോത്ഥശൂലം ഹൃദയഗളഗദം സൂതികാരോഗമേഹാൻ
ഘ്നന്തി ശ്വാസം ച ഹിക്കാം ജ്വരഹരമുദിതം ഭാഷിതം പൂജ്യ-
(പാദൈഃ

ഭൃംഗം=ഗ്രാമ്പൂ കഴഞ്ചു് ൧. നാഗം=നാഗപ്പൂവു് കഴഞ്ചു് ൨. ഏലത്തരി കഴഞ്ചു് ൪. മരിചം=കുരുമുളകു കഴഞ്ചു് ൮ മഗധജം=തിപ്പലി കഴഞ്ചു് ൧൬. നാഗരം=ചുക്കു് കഴഞ്ചു് ൩൨. വാജിഗന്ധം=അമുക്കുരം കഴഞ്ചു ൬൪. ഇവ ചൂൎണ്ണിച്ചു് മേൽ പറഞ്ഞവ എല്ലാം കൂടുന്നേടത്തോളം പഞ്ചസാരയുംചേൎത്തു സേവിക്ക. കഫരോഗങ്ങൾ, കൃമി ഇവ ശമിക്കും. കൂടാതെ വാതത്തിനും പാണ്ഡുവിനും ഗുന്മത്തിനും ക്ഷയരോഗത്തിനും അർശസ്സിനും അരുചിക്കും അജീൎണ്ണത്തിനും വയറുവേദനയ്ക്കും കാസത്തിനും പാർശ്വവേദനയ്ക്കും ഹൃദ്രോഗത്തിനും കണ്ഠരോഗങ്ങൾക്കും പ്രസവിച്ച സ്ത്രീകൾക്ക മേൽപ്രകാരം ഉണ്ടാകാവുന്ന വികാരങ്ങൾക്കും ശ്വാസത്തിനും ഇക്കിളിനും ജ്വരത്തിനും അവസ്ഥാനുസാരം ഫലപ്രദമായ ഔഷധമാകുന്നു.

## ൬൮. കപിത്ഥാഷ്ടകചൂൎണ്ണം.

യവാനീ പിപ്പലീമൂലചതുൎജ്ജാതകനാഗരൈഃ
മരിചാഗ്നിജലാജാജീധാന്യസൌവ്വർച്ചലൈഃ സമൈഃ
വൃക്ഷാമ്ലധാതകീകൃഷ്ണാവില്വദാഡിമദീപ്യകൈഃ
ത്രിഗുണൈഃ ഷഡ്ഗുണസിതൈഃ കപിത്ഥാഷ്ടഗുണീകൃതൈഃ

ചൂർണ്ണോഽതിസാരഗ്രഹണീക്ഷയഗുല്മഗളാമയാൻ
കാസശ്വാസാഗ്നിസാദാർശഃ പീനസാരോചകാൻ ജയേത്.

യവാനി=ജീരകം, പിപ്പലീമൂലം=കാട്ടുതിപ്പലിവേര്. ചതുർജ്ജാതകം=ഏലം ഇലവർങ്ങം, പച്ചില, നാഗപ്പൂവ്, നാഗരം=ചുക്ക്. മരിചം=കുരുമുളക്. അഗ്നി=കൊടുവേലിക്കിഴങ്ങ്. ചവ്യം=കാട്ടുമുളകു്. അജാജി=അയമോദകം ധാന്യം=കൊത്തമ്പാലയരി സൌവർച്ചലം=തുവർച്ചിലക്കാരം ഇവ സമം, വൃക്ഷാമ്ലം=പുളിവാർത്തൊലി. ധാതകി=താതിരിപ്പൂവ് കൃഷ്ണ=ചെറുതിപ്പലി. വിലാപം=കുവളവേർ ഡാഡിമം=തളിമാതളക്കാരത്തോട് ദീപ്യകം=അയമോദകം ഇവ മൂന്നിരട്ടി. പഞ്ചസാര ആറിരട്ടി. വിളാർമരത്തിൻകായ് എട്ടിരട്ടി. ചേർത്തു തയ്യാറാക്കിയ ചൂർണ്ണം സേവിച്ചാൽ അതിസാരം, ഗ്രഹണി, ക്ഷയം, ഗുന്മം, കണ്ഠരോഗങ്ങൾ, കാസം, ശ്വാസം അഗ്നിമാന്ദ്യം, അർശസ്സ്, പീനസം, അരുചി ഇവ ശമിക്കും.

## ൬൭. അഗ്നിമുഖചൂർണ്ണം.

ഹിംഗുഭാഗോ ഭവേദേകോ വചാ ച ദ്വിഗുണാ മതാ
പിപ്പലീ ത്രിഗുണാ ജ്ഞേയാ ശൃംഗിവേരം ചതുർഗ്ഗുണം
യവാനികാ പഞ്ചഗുണാ ഷട്ഗ്ഗുണാ ച ഹരീതകീ
ചിത്രകം സപ്തഗുണിതം കുഷ്ഠം ചാഷ്ടഗുണം ഭവേത്
ഏതദ്വാതഹരം ചൂർണ്ണം പീതമാത്രം പ്രസന്നയാ
പിബേദ് ദധ്നാ മസ്തുനാ ച സുരയാ കോഷ്ണവാരിണാ
ഉദാവർത്തമജീർണ്ണം ച പ്ലീഹാനമുദരം തഥാ
അശ്മാംസ്യർശാംസി ദീപനം ചൈവ ശൂലഘ്നം ഗുന്മനാശനം
കാസം ശ്വാസം നിഹന്ത്യാശു തഥൈവ ക്ഷയനാശനം
ചൂർണ്ണമഗ്നിമുഖം നാമ ന ക്വചിത് പ്രതിഹന്യതേ.

ഹിംഗു=കായം ഭാഗം ൧. വച=വയമ്പ് ഭാഗം ൨. പിപ്പലി=തിപ്പലി ഭാഗം ൩. ശൃംഗിവേരം=ചുക്ക് ഭാഗം ൪. യവാനിക=ജീരകം ഭാഗം ൫. ഹരീതകീ=കടുക്കാത്തോട് ഭാഗം ൬. ചിത്രകം=കൊടുവേലിക്കിഴങ്ങ് ഭാഗം ൭. കുഷ്ഠം=വെള്ളക്കൊട്ടം ഭാഗം ൮. ഇവ ചൂർണ്ണിച്ച് പ്രസന്ന=തെളിമദ്യം. ദധി=തൈർ. മസ്തു=തൈർവെള്ളം. സുര=മദ്യം. കോഷ്ണവാരി=ചൂടുവെള്ളം. ഇവയിലൊന്നിൽ സേവിക്ക, ഉദാവർത്തം, അജീർണ്ണം പ്ലീഹാവ്, മഹോദരം, അർശസ്സ് ഇവയെ ശമിപ്പിക്കും. ദീപനമാണ്. വേദന പോക്കുന്നതും ഗുന്മം, കാസം, ശ്വാസം, ക്ഷയം ഇവയെ ശമിപ്പിക്കുന്നതുമാകുന്നു.

## ൬൮. ഡാഡിമാഷ്ടകം.

കർഷോന്മിതാ തുഗാക്ഷീരീ ചതുർജ്ജാതം ദ്വികാർഷികം
യവാനീധാന്യകാജാജീഗ്രന്ഥിവ്യോഷം പലാംശകം
പലാനി ഡാഡിമാദഷ്ടൗ സിതായാശ്ചൈകതഃ കൃതഃ
ഗുണൈഃ കപിത്ഥാഷ്ടകവച്ചൂർണ്ണോഽയം ഡാഡിമാഷ്ടകഃ
ഭോജ്യോ വാതാതിസാരോക്തൈര്യഥാവസ്ഥം ഖളാദിഭിഃ

തുഗാക്ഷീരി=കൂവനൂറ് കഴഞ്ച് ൩. ചതുർജ്ജാതം=ഏലം ഇലവർങ്ങം, പച്ചില, നാഗപ്പൂവ് ഇവ ൩ കഴഞ്ച്, യവനി=ജീരകം. ധാന്യകം=കൊത്തമല്ലി.

അജാജി=അയമോദകം. ഗ്രന്ഥി=കാട്ടുതിപ്പലിവേര്. വ്യോഷം=ചുക്ക്, മുളക്, തിപ്പലി ഇവ പലം ൧ വീതം. ഡാഡിമം=താളിമാതളക്കായുടെ തോട് പലം ൨. പഞ്ചസാര പലം ൨, മേല്പറഞ്ഞവ ചൂർണ്ണമാക്കി സേവിച്ചാൽ അതിസാരം, ഗ്രഹണി മുതലായവ ശമിക്കും. അതിസാരത്തിനു പറഞ്ഞിട്ടുള്ള ഖളം (മുക്കുടി കഷായം) മുതലായവയിൽ സേവിക്ക. കപിത്ഥാഷ്ടകത്തിനു (൬൩-ാം യോഗത്തിൽ) പറഞ്ഞിട്ടുള്ള ഗുണങ്ങൾ എല്ലാം ഇതിനുമുണ്ട്.

## ൬൯. കർപ്പൂരാദി (൨) വലിയത്.

കർപ്പൂരം പച്ചപാശി ദാരു മധുകം ജാതീഫലഞ്ചാഞ്ജന-
ക്കല്ലും ചുക്കജാജി ജീരകതുടീ കസ്തൂരിയും ചോരകം
കൃഷ്ണാകുണ്ഡലിലോധ്രപുഷ്പമരിചംചോചംജലംചോത്കടം
അഗ്രഗ്രാഹി കിരാമ്പൂ വാലുമുളകും മുത്തങ്ങ രാമച്ചവും

പാഠാ ചാമയരാസ്നയെന്നിവ സമംകൊണ്ടിട്ടു ചൂർണ്ണിച്ചുടൻ
കൽക്കണ്ടം സിതതേനുമായ്പ്പരുകിനാലന്നാളിലേകേവലം
വായുക്ഷോഭവിലക്കമെക്കിൾവമിയും കാസഞ്ചഹൃദ്രോഗവും
പിത്തം ഗുന്മകഫഞ്ച ശൂലയുമുടൻതീരും തഥാ പാണ്ഡുവും.

കർപ്പൂരം=പച്ചക്കർപ്പൂരം. പച്ചപാശി, ദാരു=ദേവതാരം. മധുകം=എരട്ടിമധുരം. ജാതീഫലം=ജാതിക്കാ. അഞ്ജനക്കല്ല്. ചുക്ക്. അജാജി=അയമോദകം ജീരകം. തുടി=ചിററേലം. കസ്തൂരി. ചോരകം=കുരച്ചാലം. കൃഷ്ണാ=ചെറുതിപ്പലി കുണ്ഡലി=ചിററമൃതിൻതൂവ്. ലോദ്ധ്രപുഷ്പം=പാച്ചോററിപ്പൂവ്. മരിചം=കുരുമുളക്. ചോചം=ഇലവർങ്ങം. ജലം=ഇരുവേലി ഉൽക്കടം=അമവേര്. അഗ്രഗ്രാഹി=അക്രാവ്. കിരാമ്പു=ഗ്രാമ്പൂ. വാൽമുളക്, മുത്തങ്ങ, രാമച്ചം, പാഠാ=പാടക്കിഴങ്ങ്, ആമയം=വെള്ളക്കൊട്ടം രാസ്നം=ചിററരത്ത. ഇവ സമം ചൂർണ്ണമാക്കി കൽക്കണ്ടം പഞ്ചസാരയും ചേർത്തു നേർപ്പിച്ച തേനിൽ കുഴച്ചു സേവിച്ചാൽ വായുക്ഷോഭം, വിലക്കം, ഇക്കിൾ, ഛർദ്ദി, കാസം, ഹൃദ്രോഗം, ഗുന്മം, പിത്തം, ശൂല, പാണ്ഡു മുതലായവ ശമിക്കും.

## ൭൦. മോദകാദിചൂർണ്ണം

മോദകം വിടയം ജാതിത്രയം കഞ്ചാവു ജീരകം
ക്രോശാണിയും കരുപ്പെന്നിച്ചൊന്നതോരോകഴഞ്ചതായ്
യക്ഷാക്ഷിബീജവും മൂന്നുനിഷ്കം കൊൾകതിനോടഥ
ഷട്കഴഞ്ചിഹ ഗോതമ്പും നത്തയ്ക്കാമാംസവും തഥാ
ഒക്കെ നന്നായി വെവ്വേറെയോട്ടചാത്തിപ്പൊടിച്ചതു്
മേളിച്ച തേനിൽസേവിച്ചാലതിസാരം കടുപ്പുകൾ
ശൂലയും ഗ്രഹണീദോഷമിവയെല്ലാം ശമിച്ചുപോം.

മോദകം=അയമോദകം. വിടയം=അതിവിടയം. ജാതിത്രയം=ജാതിക്കാ, പത്തിരി, ഗ്രാമ്പൂ, കഞ്ചാവ്, ജീരകം, ക്രോശാണി, അവിയൻ ഇവ ഓരോകഴഞ്ചു വീതം. യക്ഷാക്ഷിബീജം=കഴഞ്ചിക്കുരുപ്പരിപ്പ് കഴഞ്ച് ൩ ഗോതമ്പു കഴഞ്ചു ൬, നത്തക്കാ (ഞവഞ്ഞി) മാംസം കഴഞ്ചു ൬. ഇവ വെവ്വേറെ വറുത്തുപൊടിച്ചു തേനിൽ കുഴച്ചു സേവിക്ക; അതിസാരം, ഗ്രഹണി, ശൂല മുതലായവ ശമിക്കും.

## ൭൮. ശൂലാരിചൂൎണ്ണം

കട്ത്രയാം വെളുത്തുള്ളി പ്രത്യേകം നിശ നിഷ്കകം
വാളം സാമുദ്രമിന്തുപ്പും പഞ്ചനിഷ്കം പൃഥക് പൃഥക്
കാൎപ്പാസബീജം സിദ്ധാൎത്ഥം കാരെള്ളും കാളശാകവും
പൊടിച്ചൊഴക്കുവീതംകൊൾ തഥാതിവിടയം നിശാ
അക്രാവിരട്ടിമധുരം അജമോജം തുവൎച്ചില
ഹിംഗ്വാദ്യം വിളംഗം ച ജീരകേ ദ്വേ ത്രിജാതകം
കലിംഗകം വാൽമുളകും ചവ്യം താലീസപത്രവും
ചീനക്കാരം യവക്ഷാരം ഉലുവാ കന്ദുരുഷ്കവും
ചിററരത്ത കരിങ്ങാലിത്തൊലി പൊൻകാരമെന്നിവ
കൎഷപ്രമാണം പ്രത്യേകം അഥ ജാതിക്ക പത്രിയും
ഗ്രാമ്പൂവും നിഷ്കമീരണ്ടു സൎവ്വം ചൂൎണ്ണീകരിച്ചിവ
തലയുംതൊലിയും കാലും കുടലുംമലവുംവിനാ
ഘനമാന്നകരിങ്കോഴിതന്നിൽ, വാരിനിറച്ചുടൻ
കൂട്ടിത്തച്ചുമുഴപ്പുള്ള ഘടമദ്ധ്യത്തിൽവച്ചതിൽ
ശുദ്ധതോയാഢകം വീഴ്ത്തി ശരാവംകൊണ്ടടച്ചുടൻ
ശീലമൺചെയ്തുടുപ്പേററി കത്തിപ്പൂ മൃദുപാവകം
വെള്ളം വററിക്കൊഴപ്പാന്ന പാകം, സൂക്ഷിച്ചുവാങ്ങണം
ശീതമായാൽ തുറന്നിട്ടു കൊഴപ്പും കോഴിമാംസവും
എല്ലുനീക്കി മൎദ്ദിച്ചു യോജിപ്പിക്കു യഥോചിതം
ഓട്ടിലിട്ടു വറുത്തിട്ടു പൊടിച്ചക്ഷപ്രമാണമായ്
പ്രാതഃസായഞ്ച സേവിപ്പൂ സ്നേഹാചാരമനുസ്മരൻ
പലേതരം ശൂലയഗ്നിമാന്ദ്യം ഗ്രഹണീഗദം
കുമാരശോഷമരുചിയിവയെല്ലാം തകൎന്നുപോം.

ചുക്കു്, മുളകു്, തിപ്പലി, വെളുത്തുള്ളി ഇവ ൩ കഴഞ്ചുവീതം. വിളയുപ്പു്, കടലുപ്പു്, ഇന്തുപ്പു ഇവ ൫ കഴഞ്ചുവീതം. പരുത്തിക്കുരുപ്പരിപ്പു്, കടുകു്, എള്ളു്, കരിവേപ്പില ഇവയുടെ ചൂൎണ്ണം ഒരു പലംവീതം. അതിവിടയം, മരമഞ്ഞൾ, അക്രാവു്, ഇരട്ടിമധുരം, അയമോദകം, തുവൎച്ചിലക്കാരം. കായം രണ്ടും, വിഴാലരിക്കാമ്പു്, ജീരകം രണ്ടും, ഏലം. ഇലവൎങ്ഗം, പച്ചില, കുടകപ്പാലയരി. വാൽമുളകു്, കാട്ടുമുളകിൻവേരു്, താലീസപത്രി, ചീനക്കാരം, ചവൿക്കാരം ഉലുവ, കുന്തിരിക്കം, ചിററരത്ത, കരിങ്ങാലിത്തൊലി, പൊൻകാരം ഇവ ൧ കഴഞ്ചുവീതം. ജാതിക്കാ, പത്തിരി, ഗ്രാമ്പൂ ഇവ രണ്ടുകഴഞ്ചുവീതം, പൊടിച്ചു്, ഒരു കരിമ്പിടക്കോഴിയെക്കൊന്നു തല തൊലി കാലു കുടലു് മലം ഇവ കളഞ്ഞു വൃത്തിയാക്കി കീറി അതിനകത്തു വാരിനിറച്ചു ചേൎത്തുതച്ചു് ഒരു കലത്തിനകത്തു കുറുകെ കമ്പുവെച്ചു് അതിൽ കെട്ടിത്തൂക്കി നാഴിടങ്ങഴിവെള്ളം കലത്തിലൊഴിച്ചു് ചട്ടിവെച്ചടച്ചു് ശീലമൺചെയ്തു കുറഞ്ഞു തീയെരിച്ചു് വെള്ളമെല്ലാം വററി കൊഴുപ്പു ശേഷിക്കുന്ന പാകത്തിൽ ക്രിയയരുതു്. തിളയ്ക്കുന്ന ശബ്ദംകൊണ്ടും പരിചയംകൊണ്ടും പാകം

അറിയണം, എടുത്തു തണ്ടത്താൽ തുറന്ന അതിനകത്തെ കൊഴുത്തരസവും കോഴിമാംസവും എടുത്തു എല്ലുകളഞ്ഞ് യോജിപ്പിച്ച ഓട്ടിലിട്ട വറുത്തുപൊടിച്ച താന്നിക്കാപ്രമാണം സേവിക്ക. പത്ഥ്യാന്നഷ്ഠാനം ആവശ്യമാണ്. പലതരത്തിലുള്ള ഉദരശൂലകൾ അഗ്നിമാന്ദ്യം ഗ്രഹണി ഇവയും കുട്ടികളുടെ മെലിച്ചിലും ശമിക്കും.

## ൬൨. ബാലശൂലാരിചൂൎണ്ണം.

സഹസ്രവേധി കന്നാരം മായയ്ക്കാ ത്രുടിയും കണാ
യവാനി മധുകം ഭൃംഗം കർപ്പൂരം രക്തചന്ദനം
ഏതദേകൈകനിഷ്കഞ്ച ദ്വിനിഷ്കം താർക്ഷ്യപച്ചയും
ഏതച്ചൂൎണ്ണം നാഭിബീജമിശ്രമാക്കി പ്രയോജയേത്
ക്ഷയകാസങ്ങളും ശ്വാസം കണാഖ്യം കുക്ഷിരോഗവും
ഗുന്മം ഹൃദ്രോഗവും വായിലുണ്ണാക്കും ഛർദ്ദിയുംവിടും.

സഹസ്രവേധി കന്നാരം മായയ്ക്കാം. ത്രുടി=ഏലത്തരി. കണം=ചെരുതിപ്പലി. യവാനി=ജീരകം. മധുകം=എരട്ടിമധുരം. ഭൃംഗം=ഗ്രാമ്പൂ, കർപ്പൂരം, രക്തചന്ദനം ഇവ ഓരോകഴഞ്ചുവീതം. ഗരുഡപ്പച്ച കഴഞ്ച് ൨ ഇവ ചൂൎണ്ണമാക്കി നാഭിബീജമിശ്രം=വെരുകിൻപുഴുവുംകൂടി യോജിപ്പിച്ച സേവിക്ക. ക്ഷയകാസം, വലിവ്, കണ എന്നരോഗം, ഉദരരോഗങ്ങൾ, ഗുന്മം, ഹൃദ്രോഗം, ശൂല, ഛർദ്ദി മുതലായി കുട്ടികളുടെ പല രോഗങ്ങളും ശമിക്കും.

## ൬൩. കോഴിത്തൈലം.

നിര്യാസം കടു സന്നിനായകവചാ കിര്യാത്തു കർപ്പൂരവും
പാറംകീ ത്രുടി പൂതവൃക്ഷമവിയൻ ജാതീഫലം കുങ്കുമം
ശ്രീവട്ടപ്പശ കണ്ടിവെണ്ണയിവയങ്ങൊപ്പം പൊടിച്ചിട്ടു സം-
യോജ്യം കുക്കുടശോണിതേന സമമായേരണ്ഡജംതൈലവും
ഏതദ്ദപ്പ്ണവൃത്തമങ്ങു തളമായ്മൂർദ്ധാവിലിട്ടിടുകിൽ
ചേതോദ്വേഗമൊടാശു സന്നികുലമങ്ങോടിക്കരേറും വനേ.

നിര്യാസപ്പശ, ചുക്ക്, മുളക്, തിപ്പലി, സന്നിനായകം, വയമ്പ്, കിരിയാത്തു്, പാറംകി, ഏലത്തരി, പൂതവൃക്ഷം കരപ്പ്, ജാതിക്കാ, കുങ്കുമപ്പൂട്ട, തിരുവട്ടപ്പശ, കണ്ടിവെണ്ണ ഇവ സമം പൊടിച്ച അതിൽ അവിയനും കർപ്പൂരവും ഒരു മരുന്നിനു തുല്യമായ അളവിൽ ചേർത്തു മർദ്ദിച്ച കോഴിച്ചോരയും ആവണക്കെണ്ണയും ചേർത്തു നീരരത്തു തലയിൽ തളമിടുക. സന്നിയും ശിരോവികാരങ്ങളും ശമിക്കും.

## ൬൪. ത്രിഫലാദിതൈലം.

ത്രിഫലാ ചന്ദനം വ്യോഷം കൊട്ടം രാമച്ചമേലവും
മധുകം ജീരകംരണ്ടും മായാക്കും കൃമിശത്രുവും
തകരം പൂതവൃക്ഷഞ്ച കണ്ടിവെണ്ണയുമഭ്രകം
ജാതിക്കാ ഖദിരം തോയം കലശൃംഗഞ്ച ഗൈരികം
സഹസ്രവേധി വെങ്കാരം കർപ്പൂരം ശതകപ്പയും

വടിലിംകദ്വയം കട്ടിക്കുമിഞ്ചാൻ കായമെന്നിവ
സുവൎണ്ണത്തൃണമാശാളി നിൎയ്യാസപ്പാൽ കിരാതവും
തുല്യംക്രൂട്ടിയരയ്ക്കേണം നെല്ലിക്കാക്കഷായയോരപി
നാലൊന്നു നായകംക്രൂട്ടിപ്പേഷിച്ചിട്ടതു മൂൎദ്ധ്നി
പൊതിഞ്ഞാൽ സന്നിയും പിന്നെ കഫവുംനീരിറക്കവും
ജ്വരവും വീക്കവും തീരും ഗുണമുള്ളോന്നിതേററവും

ത്രിഫലത്തോട് ചന്ദനം ചുക്ക് മുളക് തിപ്പലി കൊട്ടം രാമച്ചം ഏലത്തരി, ഇരട്ടിമധുരം (ഇവിടെ മധുകമല്ല മധൂകം=ഇലിപ്പക്കാതലെന്നും വടി എന്നതു അതിമധുരമെന്നും അഭിപ്രായമുണ്ട്.) ജീരകം കരിംജീരകം മരയ്ക്കു കൃമിശത്രു തകരം പൂതിവൃക്ഷം കണ്ടിവെണ്ണ മുത്തങ്ങ ജാതിക്കാ കരിങ്ങാലിക്കാതൽ ഇരുവേലി കലങ്കൊമ്പ് കാവിമണ്ണ് സഹസ്രവേധി വെങ്കാരം കൎപ്പൂരം ശതകുപ്പ ചായില്യം രണ്ടും നായ്ക്കുപ്പിക്കുമിഞ്ചാൻ കായം സ്വൎണ്ണകപ്പല്ല് ആശാളി നിൎയ്യാസപ്പാൽ കിരിയാത്ത് ഇവ സമം. ഇവയെല്ലാം കൂട്ടുന്നതിന്റെ നാലിലൊരുഭാഗം സന്നിനായകവുംചേൎത്തു നെല്ലിക്കാക്കഷായത്തിൽ അരച്ചു നീരകത്തു തലയിൽ തളമിടുക. സന്നിപാതം, കഫകോപം, നീൎവീഴ്ച, ജ്വരം, ശോഫം മുതലായവ ശമിക്കും.

## ൭. നാരസിംഹചൂൎണ്ണം

ശതാവരീരജഃ പ്രസ്ഥം പ്രസ്ഥം ഗോക്ഷുരകസ്യ ച
വാരാഹ്യാഃ വിംശതിപലം ഗുളൂച്യാഃ പഞ്ചവിംശതിഃ
ഭല്ലാതകാനാം, ദ്വാത്രിംശത് ചിത്രകസ്യ ദശൈവ തു
തിലാനാം ശോധിതാനാഞ്ച പ്രസ്ഥം, ദദ്യാത് സുചൂൎണ്ണിതം
ത്ര്യൂഷണസ്യ പലാന്യഷ്ടൌ ശക്കരായാശ്ച സപ്തതിഃ
മാക്ഷികം ശക്കരാൎദ്ധേന മാക്ഷികാൎദ്ധേന വൈ ഘൃതം
ശതാവരിസമം ദേയം വിദാരീകന്ദജം രജഃ
ഏതദേകീകൃതം ചൂൎണ്ണം സ്നിഗ്ദ്ധഭാണ്ഡേ നിധാപയേത്
പലാൎദ്ധമുപയുഞ്ജീത യഥേഷ്ടഞ്ചാസ്യ ഭോജനം
മാസൈകമുപയോഗേന ജരാം ഹന്തി രുജാമപി
വലീപലിതഖാലിത്യമേഹപാണ്ഡ്വാഢ്യപീനസാൻ
ഹന്ത്യഷ്ടാദശകുഷ്ഠാനി തഥാഷ്ടാവുദരാണി ച
ഭഗന്ദരം മൂത്രകൃച്ഛ്രം ഗൃധ്രസീഞ്ച ഹലീമകം
ക്ഷയം ചൈവ മഹാവ്യാധിം പഞ്ചകാസാൻ സുദാരുണാൻ
അശീതിവാതജാൻ രോഗാൻ ചത്വാരിംശച്ചപൈത്തികാൻ
വിംശതിംശ്ലൈഷ്മികഞ്ചാപി സംസൃഷ്ടാൻസന്നിപാതികാൻ
സൎവാനശോഗദാൻ ഹന്തി വൃക്ഷമിന്ദ്രാശനിൎയ്യഥാ.

ഗോക്ഷുരം=ഞെരിഞ്ഞിൽ വാരാഹി=പന്നിക്കിഴങ്ങ്. ഗുളൂചി=ചിററമൃതു്. ഭല്ലാതകം=ചേക്കുരു. ചിത്രകം=കൊടുവേലിക്കിഴങ്ങ്. ത്ര്യൂഷണം=ചുക്ക്, മുളക്, തിപ്പലി. ശക്കര=പഞ്ചസാര. മാക്ഷികം=തേൻ. ഘൃതം=നെയ്യ്. വിദാരീകന്ദം=

പാൽമുതക്കിൻകിഴങ്ങ്. ശതാവരിക്കിഴങ്ങിൻനീര്, ഞെരിഞ്ഞിൽപൊടി, മുതക്കിൻകിഴങ്ങിൻപൊടി ഇവ ൧൦ പലംവീതം. പന്നിക്കിഴങ്ങിൻപൊടി പലം ൨൦. അമൃതിൻചൂൎണ്ണം പലം ൨൫. ചേക്കുരു ശുദ്ധിയാക്കി ചൂൎണ്ണിച്ചതു പലം ൩൨. കൊടുവേലിക്കിഴങ്ങിൻചൂൎണ്ണം പലം ൧൦. എള്ളു് (തിരഞ്ഞതു്) അരച്ചു പലം ൧൬. ചുക്കു്, മുളകു്, തിപ്പലി ഇവററിൻചൂൎണ്ണം ൨ പലം. പഞ്ചസാര പലം ൫൦. തേൻ പലം ൩൬. (ഒരുപലം=ഉഴക്കു്) നെയ്യ് പലം പതിനെഴര. ഒരുമിച്ചുചേൎത്തു മൎദ്ദിച്ചു നല്ല പാത്രത്തിലാക്കി സൂക്ഷിക്ക. ഇതിൽ ശതാവരിക്കിഴങ്ങു് ഇടിച്ചുപിഴിഞ്ഞു്, കുറുക്കി ചേൎക്കണം. പഞ്ചസാര നന്നെ പൊടിച്ചു് അല്ലെങ്കിൽ, നന്നല്ലം. വാസ്തവത്തിൽ ഈ യോഗത്തിൻെറ ചൂൎണ്ണീകരണം സാഹസമാണെന്നു തോന്നുന്നു. പഞ്ചസാര പാവുകാച്ചി ലേഹംപോലെ പാകപ്പെടുത്തുന്നതു നന്നായിക്കാണുന്നു. മരുന്നുകൾ പൊടിക്കണം, എള്ളു് അരയ്ക്കണം. ഒരുനേരം അരപ്പലംവീതംമാത്രം. ഇച്ഛാപത്ഥ്യം. ഒരുമാസം ഉപയോഗിച്ചാൽ വാൎദ്ധക്യം നശിക്കും. രോഗങ്ങളും ശമിക്കും. പ്രമേഹം, പാണ്ഡു, പീനസം, കുഷ്ഠങ്ങൾ, മഹോദരം, ഭഗന്ദരം, മൂത്രകൃച്ഛ്റം, വാതവ്യാധികൾ, കാമില, ക്ഷയം, കാസങ്ങൾ, പിത്തജങ്ങളായ രോഗങ്ങൾ, കഫജങ്ങളായ രോഗങ്ങൾ ഇവകളും ദോഷസംസൎഗ്ഗം, സന്നിപാതം ഇവയാലുണ്ടാകുന്ന രോഗങ്ങളും അശ്മരോഗങ്ങളും ഇതുകൊണ്ടു ശമിക്കും. ഇതു ധാതുപുഷ്ടിക്കും അതിവിശേഷമാകുന്നു. സത്സന്താനലാഭത്തിനും സുഖത്തിനും പത്ഥ്യാന്വേഷണനിൎബ്ബന്ധമില്ലാതെ സേവിക്കാനും സൗകൎയ്യമുള്ളതാകുന്നു. ഇതുതന്നെ ചിലർ അഗ്നിപാകത്തിൽ രസായനമായിട്ടും ഉണ്ടാക്കി സേവിക്കമാറുണ്ടു്.

## ൬൨. സാരസ്വതചൂൎണ്ണം (൨) വലിയതു്.

വ്യോഷത്രിജാതകാംഭോദകൃമിഘ്നേന്ദുജടാഗ്നിഭിഃ
ജീരകത്രിഫലാദീപ്യമഞ്ജിഷ്ഠാഗരുസൈന്ധവൈഃ
യഷ്ട്യാഹ്വാരോഹിണീകുഷ്ഠവചാംകോലകകുങ്കമൈഃ
ദ്രാക്ഷാംബുശൎക്കരാകാന്താചന്ദനദ്വയദാരുഭിഃ
ജ്യോതിഷ്മതീനിശാദ്വന്ദ്വമയൂരകപികുംഭകൈഃ
പഞ്ചമൂലവൃഷാഘ്രേലാരിമദയന്തീസിതാംബുജൈഃ
ബൃഹതീദ്വയഭൃംഗരാജദേവീഷട്പദവൈരിഭിഃ
ദ്വിശംഖപുഷ്പേന്ദ്രവല്ലീപാഠാപാമാൎഗ്ഗജോംഗകൈഃ
സിതഗുഞ്ജാസ്ഥിരാനന്താഭദ്രായസ്ഥാന്തജാതിഭിഃ
ക്ഷീരിദ്രുമോരുബുക്രാന്തീസിതാക്തലനീളിഭിഃ
സപലാംശൈഃ കൃതം ചൂൎണ്ണം പുനൎബ്രഹ്മീരസാപ്ളുതം
ആതപേ പരിശോഷ്യൈതത് പുനഃസമ്യക്സുചൂൎണ്ണിതം
ബാലാമന്ത്രേണ സഞ്ജപ്യ ലക്ഷദ്വാദശസംയുതം
ബ്രഹ്മീഘൃതേന സംയോജ്യ പിണ്ഡീകൃതാക്ഷമാത്രകം
ആകണ്ഠമഗ്നഃ സലിലേ സ്ഥിത്വാ പ്രാതസ്തു ഭക്ഷയേത്
സ്മൃതിമേധായുരാരോഗ്യകാന്തിസൌഭാഗ്യപുഷ്ടിദം.

വ്യോഷം=ത്രികടുകു്. ത്രിജാതകം=ഏലം, ഇലവൎങ്ഗം, പച്ചില. അംഭോദം=മുത്തങ്ങ. കൃമിഘ്നം=വിഴാലരി. ഇന്ദു=കൎപ്പൂരം. ജടാ=ജടാമാഞ്ചി. അഗ്നി=കൊടുവേലിക്കിഴങ്ങു്; ജീരകം, ത്രിഫലത്തോടു്. ദീപ്യം=അയമോദകം. മഞ്ജിഷ്ഠ=മഞ്ചാ

ട്ടി. അഗരു=അകിൽ. സൈന്ധവം=ഇന്തുപ്പ്. യഷ്ട്യാഹ്വം=എരട്ടിമധുരം. രോഹിണി=കടുകരോഹിണി. കുഷ്ഠം=കൊട്ടം. വയമ്പ്. അങ്കോലവേര്. കുങ്കുമപ്പൂവ്. ദ്രാക്ഷാ=മുന്തിരിങ്ങ. അംബു=ഇരുവേലി. ശക്കര=പഞ്ചസാര. കാന്തം (ശുദ്ധിചെയ്തത്) ചന്ദനം, രക്തചന്ദനം ദാരു=ദേവതാരം. ജ്യോതിഷ്മതി=ചെറുപ്പുന്നയരി. നിശാദ്വന്ദ്വം=മഞ്ഞളും മരമഞ്ഞൾത്തൊലിയും. മയൂരകം=വലിയകടലാടിവേര്. കപി=നായ്ക്കുരുണവേര്. കുംഭകം=ത്രികോല്പക്കൊന്ന. പഞ്ചമൂലം=കൂവളം, കുമിഴ്, പാതിരി, പയ്യാഴാന്ത, മുഞ്ഞ ഇവററിൻവേര്. വൃഷ=ആടലോടകവേര്. അഘോരി=മുള്ളിവേര്. മദയന്തി=കഞ്ചാവ്. (താതിരിപ്പൂവെന്നും ചിലർ) സിതാംബുജം=വെന്താമരക്കിഴങ്ങ്. ബൃഹതീദ്വയം=ചെറുവഴുതിനയുടെയും വെൺവഴുതിനയുടെയും വേർ. ഭൂതാലം=നിലപ്പനക്കിഴങ്ങ്. ദേവി=പൂവൻകുറന്തൽവേർ, (കാട്ടുപാവൽകിഴങ്ങെന്നും അഭിപ്രായം ഷട്പദം=കയ്യോന്നി. ഹൈമതി=പൊൻകുരണ്ടിവേർതൊലി. ദ്വിശംഖപുഷ്പം=വെളുത്തതും നീലവുമായ ശംഖുപുഷ്പത്തിൻവേരുകൾ. ഇന്ദ്രവല്ലി=ഉഴിഞ്ഞവേർ. പാഠാ=പാടക്കിഴങ്ങ്. അപാമാർഗ്ഗം=ചെറുകടലാടി. ജാംഗകം=കറുത്തഅകി . സിതഗുഞ്ജം=വെള്ളക്കുന്നിവേര്. സ്ഥിര=ഓരിലവേര്. അനന്ത=കൊടിത്തൂവവേര്. ഭദ്ര=ചെറുവൂള. അയസ്കാന്തം. ദന്തി=പിച്ചകമൊട്ട്. ക്ഷീരിദ്രുമം=നാല്പാമരത്തൊലി. ഉരുബു=ആവണക്കിൻവേര്. ക്രാന്തി=വിഷ്ണുക്രാന്തി. സിതാർക്കം=വെള്ളെരിക്കിൻവേര്. തലനീലി=പ്രസാരണിവേർ. പലാശം=പ്ലാശിൻതൊലി. ഇവ സമം ചൂർണ്ണമാക്കി പിന്നെ ബ്രഹ്മിനീരൊഴിച്ചു വെയിലത്തുവച്ചുണക്കിപ്പൊടിച്ച്, ബ്രഹ്മിഘൃതത്തിൽ കുഴച്ചു താന്നിക്കാപ്രമാണം ഗുളിക ഉരുട്ടി ലക്ഷത്തിൽപരം ഉരുവ ബാലാമന്ത്രം ജപിച്ച് രാവിലെ കഴുത്തളവു വെള്ളത്തിൽനിന്നു സേവിക്ക. സ്മൃതി, മേധ, ആയുസ്സ്, ആരോഗ്യം, കാന്തി, സൗഭാഗ്യം, പുഷ്ടി ഇവ ഉണ്ടാകും. വിശേഷിച്ചും വാക്കിനു തെളിവുവരികയും ചെയ്യും.

## ഭസ്മക്ഷാരാദിയോഗങ്ങൾ

### ൧. ശൂലഹരചൂർണ്ണം

തുവർച്ചില ചവക്കാരം വ്യോഷദീപ്യകഗന്ധകം
കുഞ്ഞിരിയ്ക്കയുടേവേരും പത്ഥ്യപാശിരസം തഥാ
ജീരകദ്വയസിന്ധുത്ഥമുള്ളിയും കാട്ടുതിപ്പലി
ചവ്യം കായഞ്ച തത്സർവം സമഭാഗേന കല്ക്കിതം
പുടയാവരസം വീഴ്ത്തി ത്രിദിനം സാധു പേഷയേത്
കാട്ടുചേനയുടേമദ്ധ്യം തുരന്നതിൽ വിനിക്ഷിപേത്
തൽകല്ക്കം പിന്നെനന്നായി തൽഖണ്ഡേന വിധായ ച
മൃദാ സമന്താത് സമ്മില്യ ബഹുവാരം പ്രശോഷ്യ ച
ആവലിന്ധനസന്ദീപ്തേ ജ്വലനേ സാധു പാചയേത്
തൊണ്ണൂറുനാഴികാന്തേ ച തത്സമാദായ ബുദ്ധിമാൻ
ശനൈർമ്മണ്ണുകളഞ്ഞിട്ടു സാധു സംചൂർണ്ണ്യ തത് പുനഃ
ഗുളോദകേന ശൂലാർത്തം പായയേന്മാത്രയാ പുനഃ
ഘൃതാന്നം ഭോജയേച്ചാനുസർവ്വശൂലഹരം പരം.

തുവർച്ചിലക്കാരം ചവക്കാരം ത്രികടുക അയമോദകം ഗന്ധകം കുഞ്ഞിരിക്കവേരു പത്ഥ്യപാശിരസം (രസവും ഗന്ധകവും ഒരുമിച്ച് അരച്ചുചേർക്കുക) ജീരകം

കരിംജീരകം ഇന്തുപ്പ് ൨ വെളുള്ളി കാട്ടുതിപ്പലിവേര് കാട്ടുമുളകിൻവേര് ഇവ സമം പൊടിച്ചു പുടയാവിന്റെ നീരൊഴിച്ചു മൂന്നുദിവസം നല്ലപോലെ അരയ്ക്കുക. പിന്നീട് ഒരു കാട്ടുചേന തുരന്ന് അതിനകത്താക്കി തുരന്ന ഭാഗംകൊണ്ടടച്ചു മണ്ണു പൊതിഞ്ഞുണക്കി ആറാലിൻവിറകിട്ടു തെണ്ണൂറുനാഴിക തീയെരിച്ചു എടുത്തു മണ്ണുകളഞ്ഞു പൊടിച്ചു ശർക്കരയിൽ സേവിക്ക. അനന്തരം നെയ്യുകൂട്ടി ആഹാരം കഴിക്ക. എല്ലാ ശൂലകളും ശമിക്കും.

## വ്യ. ഗന്ധകചൂർണ്ണം

കാകമാചീഭൃംഗരസേ സപ്തകൃത്വഃ സുഭാവിതം
ഗന്ധകം സൂതസഹിതമാതപേ ശോഷയേത്പുനഃ
വാകുചീചൂർണ്ണസംയുക്തം മാത്രയാദ്യന്തയന്ത്രിതഃ
ക്ഷീരാന്നാശീ ജയേത് കുഷ്ഠാനഷ്ടാദശവിധാൻ ക്ഷണാത്.

കാകമാചി=കരിന്താളി. ഭൃംഗം=കയ്യോന്നി. സൂതം=രസം. വാകുചി=കാർകോകിലരി. രസം ഗന്ധകം ഇവ സമം ഏഴുതവണ കരിന്താളിനീരിലും കയ്യോന്നിനീരിലും അരച്ചു പിന്നീടും അവയിൽ ഭാവനചെയ്തു സമം കാർകോകിലരിയുടെ ചൂർണ്ണവുംകൂട്ടി സേവിക്ക. കുഷ്ഠം ശമിക്കും.

## ൻ. പലാശക്ഷാരം.

ദ്രവം നിർദ്ദഹ്യ പാലാശം ഭസ്മ ചാദായ ചാഢകം
ജലദ്രോണേ വിപക്തവ്യം ചതുർഭാഗാവശേഷിതം
ഏകവിംശതികൃത്വോഥ വസ്ത്രേ സംഗാളയേത്തതഃ
യാവത് പിച്ഛിലരക്തശ്ച തദൈനമവതാരയേത്
പലം പലാർദ്ധം പ്രസൃതം കുഡുബം ശംഖകം സുധാം
ശുക്തിശംഖശ്ച തത്സർവ്വമഗ്നിവർണ്ണാൻ സമാഹരേത്
ക്ഷാരേണ പിഷ്ട്വാ തത്സർവ്വം ക്ഷാരേ നിർവ്വാപ്യ പായയേത്
ലോഹപാത്രേ യദോത്തിഷ്ഠേത് ബുൽബുദൈർബ്ബാഷ്പസംയുതൈഃ
അവതാര്യ്യ തദാ ശീതം ലോഹപാത്രേ നിധാപയേത്
ധാന്യമദ്ധ്യേ സ്ഥിതം ക്ഷാരം ശുഷ്കമർശസു യോജയേത്

പാലാശം=പ്ലാശിൻതൊലി. ശംഖകം=പിരിശംഖഭസ്മം. സുധാ=കുമ്മായക്കല്ല്. (സാധാരണ സമുദ്രതീരപ്രദേശങ്ങളിൽ കക്കാ നീറവന്ന ചുണ്ണാമ്പ് ധാരാളമുണ്ട്. ഇതു ഔഷധങ്ങൾക്കു നന്നല്ല. പരദേശങ്ങളിലെ ചുണ്ണാമ്പുകല്ലു നീറവന്ന കൽചുണ്ണാമ്പാണ് ഔഷധങ്ങളിൽ ഉപയോഗപ്പെടുത്തേണ്ടതു്.) ശുക്തി=മുത്തുച്ചിപ്പിഭസ്മം. നല്ലപോലെ ചുട്ടെടുത്ത പ്ലാശിൻക്ഷാരം നാലിടങ്ങഴി. ൧൬ ഇടങ്ങഴി വെള്ളത്തിൽ കലക്കി തിളപ്പിച്ചു നാലിടങ്ങഴിയാക്കി ൨൧ പ്രാവശ്യം തുണിയിൽ അരിച്ച് അതിൽ ഒരുപലം പിരിശംഖ് അരപ്പലം ചുണ്ണാമ്പുകല്ല് രണ്ടുപലം മുത്തുച്ചിപ്പി നാലുപലം ശംഖ് ഇവ തീയിലിട്ടു അഗ്നിവർണ്ണമാകുമ്പോൾ എടുത്തു പൊടിച്ചുകൂട്ടി എല്ലാംകൂടി ഇരുമ്പുപാത്രത്തിൽ അടുപ്പത്തുവച്ചു വേവിക്ക. പതവരുമ്പോൾ വാങ്ങി ആറുന്നതുവരെ ആ പാത്രത്തിൽതന്നെവച്ചു തണുത്താൽ ഒരു ഇരുമ്പുപാത്രത്തിലാക്കി നെല്ലിൽ കുഴിച്ചുവയ്ക്കുക. ഈ ക്ഷാരം അർശസ്സിനു വിധിപ്രകാരം പാനാദികൾക്കു യോജിപ്പിക്ക, ശമിക്കും.

### ൮൦ കുക്കുടലവണം.

പഞ്ചകോലശൃതകഷായേ ചതുർഭാഗാവശേഷിതേ
കുക്കുടീം പത്രപിത്താന്ത്രശകൃത്പാദതുണ്ഡവർജ്ജിതാം
പലം ഷോഡശ സംഗൃഹ്യ സാമുദ്രം സമഭാവികം
ആഢ്യാന്തു ദ്വിഗുണക്ഷീരം നാളികേരഫലസ്യ തു
തൈലസ്യ പ്രസൃതം ദദ്യാത് സർപ്പിഷശ്ച തഥാ ഭവേത്
ഹിംഗുത്രികടുകം ചൈവ ജീരകേ ച തഥൈവ ച
ഏതേഷാം കാർഷികാൻ ഭാഗാൻ പ്രതീവാപം വിനിക്ഷിപേത്
കുക്കുടം നാമ ലവണം ഭക്ഷയേത് പ്രാതരുത്ഥിതഃ
തക്രാനുപാനം കർത്തവ്യം വാതഗുന്മമപോഹതി.

പഞ്ചകോലം കഷായംവെച്ചു നാലിലൊന്നാക്കുക. കരിംപിടക്കോഴിയെ കുടലും പിത്തവും മലവും കാലും ചുണ്ടും തൂവലും കളഞ്ഞെടുത്ത മാംസം ൧൬ പലം. കടലുപ്പു് പലം ൧൬. തേങ്ങാപ്പാൽ തുടം ൪. വെളിച്ചെണ്ണ തുടം ൨. നെയ്യ് തുടം ൨. കായം ചുക്ക് തിപ്പലി ജീരകം കരിംജീരകം ഇവ ൩ കഴഞ്ചുവീതം പൊടിച്ചുചേർത്തു് എല്ലാംകൂടി യോജിപ്പിച്ചു ഒരു കുടത്തിലാക്കി ശീലമൺചെയ്തു ൧൦ നാഴിക വേവിച്ചെടുത്ത ഭസ്മം ഓരോ കഴഞ്ചു് വെണ്ണയിൽ സേവിച്ചു മോരു് അനുപാനമാക്കുക. വാതഗുന്മവും മററു ഉദരവ്യാധികളും ശമിക്കും.

### ൮൧ കല്യാണക്ഷാരം.

ത്രികടു ത്രിപടു ശ്രേഷ്ഠാ ദന്ത്യരുഷ്കരചിത്രകം
ജർജ്ജരം സ്നേഹമൂത്രാക്തമന്തർധൂമം വിപാചയേത്
ശരാവസന്ധൗ മൃല്ലിപ്തേ ക്ഷാരഃ കല്യാണകാഹ്വയഃ
സപീതഃ സർപ്പിഷായുക്തേ ഭക്തേ വാ സ്നിഗ്ദ്ധഭോജിനാം
ഉദാവർത്തവിബന്ധാർശോഗുല്മപാണ്ഡൂദരക്രിമീൻ
മൂത്രസംഗാശ്മരീശോഫഹൃദ്രോഗഗ്രഹണീഗദാൻ
മേഹപ്ലീഹരുജാനാഹശ്വാസകാസാംശ്ച നാശയേത്.

ത്രികടു=ചുക്ക് മുളക് തിപ്പലി. ത്രിപടു=ഇന്തുപ്പ് വിളയുപ്പ് തുവർച്ചിലയുപ്പ്. ശ്രേഷ്ഠാ=ത്രിഫലത്തോട്. ദന്തി=നാഗദന്തിവേര്. അരുഷ്കരം=ചേർക്കുരു. ചിത്രകം=കൊടുവേലിക്കിഴങ്ങ്. ജർജ്ജരം=നല്ലപോലെ ഇടിച്ചതു്. സ്നേഹം=തൈലം. ഇവിടെ ആവണക്കെണ്ണയാണ ചേർത്തുവരുന്നതു്. മൂത്രം=ഗോമൂത്രം. മേൽപറഞ്ഞ മരുന്നുകൾ നല്ലപോലെ ഇടിച്ചു ആവണക്കെണ്ണയും ഗോമൂത്രവും കൂട്ടിക്കുഴച്ചു് ഒരു സ്ഫുടച്ചട്ടിയിലാക്കി മററൊരു ചട്ടികൊണ്ടടച്ചു ശീലമൺചെയ്തു, കൊത്തമ്പുകൊണ്ടു് തീയെരിച്ചു പുകപോകാതെ ഭസ്മമാക്കുക. ഇതെടുത്തു നെയ്യിൽ കുഴച്ചുസേവിക്ക. ആഹാരത്തിൽകൂടി നെയ്യും ഭസ്മവുംകൂട്ടി സേവിക്കയുമാം. ഉദാവർത്തരോഗം, ശ്രോതോബന്ധം, അർശസ്സ്, ഗുന്മം, പാണ്ഡു, മഹോദരം, കൃമിരോഗം, മൂത്രത്തടസ്സം. അശ്മരി, ശോഫം, ഹൃദ്രോഗം, ഗ്രഹണീരോഗം, മേഹം, പ്ലീഹാവു്, വയർവീർപ്പു്, ശ്വാസകാസങ്ങൾ ഇവ ശമിക്കും.

## ൮൰൨. സ്വയംഭസ്മം.

ഏകനിഷ്കഞ്ച സൂതഞ്ച ദ്വിനിഷ്കം ഗന്ധകം തഥാ
ആയസഞ്ച ത്രിനിഷ്കഞ്ച കന്യാസ്വരസപേഷിതം
ആതപേ സ്ഥാപിതം സമ്യഗ്ഭസ്മ സഞ്ജായതേ ധ്രുവം
സേവേത തൽഗ്ഗുളയുതം ശൂലവ്യാധിഹരം പരം.

സൂതം=രസം കഴഞ്ചു് ഒന്നു് (മഞ്ഞൾപ്പൊടി, വെററിലനീരു്, പുകയിറ ഇവയിൽ അരച്ചു ശുദ്ധിചെയ്യണം.) ഗന്ധകം കഴഞ്ചു് ൨. ആയസം=ഉരുക്കുപൊടി കഴഞ്ചു് ൩. (ഞാവൽപട്ടനീരിൽ അരച്ചു ശുദ്ധിയാക്കണം.) ഇവ മൂന്നുംകൂടി കന്യാസ്വരസപേഷിതം=കററാർവാഴനീരിൽ അരച്ചതു്. തൊണ്ണൂറു നാഴികനേരം അരച്ചു വെയിലത്തുവച്ചു പാകമാക്കുക. ഇതു ശർക്കരയിൽ കുഴച്ചു സേവിക്ക. ശൂല ശമിക്കും. (ഇതു പുടംവച്ചു ഭസ്മമാക്കുക. ൩ പുടമോ ൭ പുടമോ ആകാം. ഇങ്ങനെയാണു് സംസ്കരിക്കമാറുള്ളതു്.) വ്രണരോഗം വാതരോഗം മുതലായവയ്ക്കും നന്നു്.

## ൮൰൩. മഹാവൃക്ഷലവണം.

മഹാവൃക്ഷാൎക്കബൃഹതീലവണാൻ സന്ദഹേത് ഘടേ
അന്തൎദ്ധൂമം തതഃ കാഷ്ഠൈരാദ്യൈഃ പൂതീകസംഭവൈഃ
പാരിഭദ്രപലാശത്വൿഗ്രന്ഥികാകൃമിശത്രുഭിഃ
സിദ്ധേ കഷായേ തൽക്ഷാരം പരിസ്രാവ്യ പുനഃ പചേത്
മണ്ഡൂരചൂൎണ്ണസഹിതം യദൈതത് സാന്ദ്രതാം ഗതം
ഹിംഗ്വാദി ചൂൎണ്ണം പ്രക്ഷിപ്യ ദൎവ്യാതദവഘട്ടയേത്
അവതാൎയ്യ തതോ വൈദ്യഃ ശൂലാൎത്തായ പ്രയോജയേത്
'മഹാവൃക്ഷ'മിദം നാമ ലവണം ലവണോത്തമം.

മഹാവൃക്ഷം=കള്ളിക്കഴുത്തു അൎക്കം=എരുക്കിൻവേരു് ബൃഹതി=ചെറുവഴുതിനവേർ. ലവണം=ഇന്തുപ്പു് ഇവ സമം ഇടിച്ചു ഒരു കുടത്തിലിട്ടടച്ചു ശീലമൺചെയ്തു പുകപോകാതെ പൂതീകസംഭവകാഷ്ഠം=ആവലിൻവിറകിട്ടു തീയെരിച്ചു ഭസ്മമാക്കുക. പാരിഭദ്രത്വക്=മുരിക്കിൻതൊലി. പലാശത്വക=പ്ലാശിൻതൊലി ഗ്രന്ഥികം=കാട്ടുതിപ്പലിവേർ. കൃമിശത്രു=വിഴാലരി ഇവകൊണ്ടുവച്ച കഷായത്തിൽ കലക്കിഅരിക്കു. മണ്ഡൂരഭസ്മംകൂടെ കൂട്ടിക്കുറുക്കി സാന്ദ്രമാക്കി (പുരാണകിട്ടം പഴുപ്പിച്ചു ഗോമൂത്രത്തിൽ പലതവണ ഇട്ടു പൊടിച്ചു ഗോമൂത്രത്തിലരച്ചു പുടംവച്ചു എടുക്കുക.) ൩൬-ാംയോഗം ഹിംഗ്വാദിചൂൎണ്ണവും ചേൎത്തു ഇളക്കിവാങ്ങി സൂക്ഷിക്ക. ഈ ലവണം എല്ലാ ശൂലകളേയും ശമിപ്പിക്കും.

## ൮൰൪. വിളംഗാദിക്ഷാരം.

വിളംഗം ചിത്രകം സക്തും ത്രിവൃതാം സൈന്ധവം വചാം
ദഗ്ദ്ധ്വാ കപാലേ പയസാ ഗുല്മപ്ലീഹാപഹം പിബേത്.

വിളംഗം=വിഴാലരി ചിത്രകം=കൊടുവേലിക്കിഴങ്ങു് സക്തു=മലർപ്പൊടി ത്രിവൃത്=ശിവത. സൈന്ധവം=ഇന്തുപ്പു്. വച=വയമ്പു് ഇവ ഇടിച്ചു് ഒരു ചട്ടിയിലാക്കി മറെറാരു ചട്ടികൊണ്ടടച്ചു സ്പുടംവച്ചു ഭസ്മമാക്കി ആ ഭസ്മം ചൂടുവെള്ളത്തിൽ കലക്കി സേവിക്ക. ഗുന്മവും പ്ലീഹയും ശമിക്കും.

### വൃ൦. താംബൂലഭസ്മം.

താംബൂലവല്ലീപത്രാണി പയസാഽലിപ്യ ഭാസ്വതഃ
സപ്തകൃത്വോവിശുഷ്കാണി മൃത്പാത്രേ രുദ്ധധൂമകം
ദഗ്ദ്ധ്വാ തദ്ഭസ്മസിന്ധൂത്ഥദീപ്യചൂൎണ്ണസമന്വിതം
അശ്നീയാത് ഗുളസംയുക്തം സൎവ്വശൂലനിവൃത്തയേ.

വെററിലയിൽ എരുക്കിൻപാൽ എഴുതവണ നല്ലവണ്ണംപോലെ വീണ്ടും വീണ്ടും പുരട്ടി ഉണക്കുക. അനന്തരം അതു ചട്ടിയിൽ പുടംവച്ചു ഭസ്മമാക്കി അതിൽ ഇന്തുപ്പും അയമോദകവും പൊടിച്ചുചേൎത്തു ശൎക്കരയിൽ കുഴച്ചു സേവിക്ക. എല്ലാമാതിരി വേദനകളും ശമിക്കും.

### വൃന്ന. വൈശ്വാനരഭസ്മം.

വൈശ്വാനരസ്യ മൂലാനി ശുഷ്കാണി ബദരീരസേ
പിഷ്ട്വാ ദിനത്രയം ഭൂയസ്തൈലേനാഥ തു സൎപ്പിഷാ
തതശ്ച മധുനാ ഭൂയോ ജംബീരസ്വരസേന ച
പുനസ്തൈലേന മൃത്പാത്രേ രുദ്ധധൂമം മുഹുൎദ്ദഹേത്
ഏതദ്വൈശ്വാനരോനാമ ഭസ്മ ഫേലസ്യ സമ്മതം
സഗുളം സൎവ്വശൂലേഷു സേവ്യം പരമമൌഷധം.

വൈശ്വാനരമൂലം=കൊടുവേലിക്കിഴങ്ങ്. ബദരീരസം=ലന്തഇലനീരിൽ മൂന്നുദിവസം അരച്ചു നിഴലുണക്കി പിന്നീടു എണ്ണ, നെയ്, തേൻ നാരങ്ങാനീർ ഇവ ഓരോന്നിലും മൂന്നുദിവസംവീതമരച്ചു പിന്നെയും മൂന്നുദിവസം എണ്ണയിലിട്ടരച്ചു ചട്ടിയിൽവച്ചു അടച്ചു ശീലമൺചെയ്തു ഭസ്മമാക്കുക. ഈ ഭസ്മം ശൎക്കരയിൽകുഴച്ചു സേവിച്ചാൽ എല്ലാമാതിരി ശൂലകളും ശമിക്കും.

### വൃ൨. സുധാകാണ്ഡാദിക്ഷാരം (൧)

സുധാകാണ്ഡം സലവണം ദഗ്ദ്ധ്വാ തൽഭസ്മ പായയേത്
സുഖാംബുനാ സൎവ്വഗുല്മഗ്രഹണ്യൎശോരുജാപഹം.

കള്ളിക്കഴുത്തും സമം ഇന്തുപ്പുംചേൎത്തു സംപുടംവച്ചു ഭസ്മമാക്കി ആ ഭസ്മം ചൂടുവെള്ളത്തിൽ കലക്കി സേവിക്ക. ഗുന്മം, ഗ്രഹണി, അൎശസ്സ്, ശൂല ഇവ ശമിക്കും.

### വൃവൃ. ഭൂനിംബാദിക്ഷാരം.

ഭൂനിംബം രോഹിണീം തിക്താം പടോലം നിംബപൎപ്പടം
ദഗ്ദ്ധ്വാ മാഹിഷമൂത്രേണ പിബേദഗ്നിവിവൎദ്ധനം.

ഭൂനിംബം=പുത്തരിച്ചുണ്ടവേർ. രോഹിണി=കടുകരോഹിണി. തിക്താ=കിരിയാത്തു്. പടോലം=പടവലത്തണ്ടു് നിംബം=വേപ്പിൻതൊലി. പൎപ്പടം=പൎപ്പടകപ്പുല്ലു്. ഇവ എരുമമൂത്രത്തിലരച്ചു് സംപുടംവച്ചു ഭസ്മമാക്കി യോജിച്ച അനുപാനത്തിൽ സേവിക്ക. അഗ്നിദീപ്തി വൎദ്ധിക്കും.

### വൃൻ. ഹരിദ്രാദിക്ഷാരം.

ദ്വേ ഹരിദ്രേ വചാ കുഷ്ഠം ചിത്രകം കടുരോഹിണീ
മുസ്താ ച ഛാഗമൂത്രേണ ദഗ്ദ്ധഃ ക്ഷാരോഽഗ്നിവൎദ്ധനഃ

ദാർവ്വീഹരിദ്രേ=മഞ്ഞളും മരമഞ്ഞൾത്തൊലിയും. വചാ=വയമ്പ്. കുഷ്ഠം=കൊട്ടം. ചിത്രകം=കൊടുവേലിക്കിഴങ്ങ്. കടുകരോഹിണി. മുസ്ത=മുത്തങ്ങ. ഇവ ഛാഗമൂത്രം=ആട്ടിൻമൂത്രത്തിലരച്ച് സ്ഫുടംവച്ച് ഭസ്മമാക്കി സേവിക്ക. അഗ്നി വർദ്ധിക്കും.

### ൪൦. സുധാകാണ്ഡാദിക്ഷാരം (൨)

ചതുഷ്പലം സുധാകാണ്ഡാത് ത്രിഫലം ലവണത്രയാത്
വാർത്താകകുഡുബം ചാർക്കാദഷ്ടൌ ദ്വേ ചിത്രകാത്പലേ
ദഗ്ദ്ധ്വാ രസേന വാർത്താകാത് ഗുളികാ ഭോജനോത്തരാഃ
ഭുക്തം ഭുക്തം പചന്ത്യാശു കാസശ്വാസാർശസാം ഹിതാഃ
വിഷൂചികാപ്രതിശ്യായ ഹൃദ്രോഗശമനാശ്ച താഃ

സുധാകാണ്ഡം=കള്ളിക്കഴുത്ത് പലം ൪. ലവണത്രയം=ഇന്തുപ്പ്, വിളയുപ്പ്, വെടിയുപ്പ് ഇവ ഓരോ പലം. വാർത്താകം=താർതാവലിൻവേർ പലം ൪. അർക്കം=എരുക്കിൻവേർ പലം ൮. ചിത്രകം=കൊടുവേലിക്കിഴങ്ങ് പലം ൨. ഇവ താർതാവലിൻനീരിലരച്ച് സ്ഫുടംവച്ച് ഭസ്മമാക്കി വീണ്ടും താർതാവലിൻനീരിലരച്ച് ഗുളികയാക്കി ആഹാരശേഷം ഓരോ ഗുളിക സേവിക്ക. അന്നം വേഗം ദഹിക്കും. കാസം, ശ്വാസം, അർശസ്സ് ഇവയ്ക്കും നന്ന്. വിഷൂചിക, പീനസം, ഹൃദ്രോഗം മുതലായവയെയും ശമിപ്പിക്കും.

(ക്ഷാരങ്ങൾ എല്ലാം ചൂർണ്ണാപേക്ഷയാ കാലപ്പഴക്കത്തിനു കൊള്ളാവുന്നതാണ്.)

---

## അരിഷ്ടയോഗങ്ങൾ

---

### ൧. ദശമൂലാരിഷ്ടം.

ദശമൂലാനി കുർവീത ഭാഗൈഃ പഞ്ചപലൈഃ പൃഥക്
പഞ്ചവിംശത്പലം കുര്യാത് ചിത്രകം പൌഷ്കരം തഥാ
കുര്യാദ്വിംശത്പലം ലോദ്ധ്രം ഗുളൂചീ തത്സമാ ഭവേത്
പലൈഃ ഷോഡശഭിർദ്ധാത്രി രവിസംഖ്യാ ദുരാലഭാ
ഖദിരോ ബീജസാരശ്ച പത്ഥ്യാ ചേതി പൃഥക് പലൈഃ
അഷ്ടഭിർഗ്ഗുണിതൈഃ കുഷ്ഠമഞ്ജിഷ്ഠാ ദേവദാരു ച
വിഡംഗം മധുകം ഭാർങ്ഗീ കപിത്ഥോ/ക്ഷഃ പുനർന്നവഃ
ചവ്യം മാംസീ പ്രിയംഗുശ്ച ശാരിബാ കൃഷ്ണജീരകം
ത്രിവൃതാരേണുകം രാസ്നാ പിപ്പലീ ക്രമുകഃ ശഠീ
ഹരിദ്രാ ശതപുഷ്പാ ച പത്മകം നാഗകേസരം
മുസ്തമിന്ദ്രയവഃ ശൃംഗീ ജീവകർഷഭകൌ തഥാ
മേദാ ചാന്യാ മഹാമേദാ കാകോള്യാവൃദ്ധിവൃദ്ധികേ

കുര്യാത് പൃഥക് ദ്വിപലികാൻ പചേദഷ്ടഗുണേ ജലേ
ചതുർത്ഥാംശം ശൃതം നീത്വാ മൃദ്ഭാണ്ഡേ സന്നിധാപയേത്
തതഃ ഷഷ്ടിപലാം ദ്രാക്ഷാം പചേന്നീരേ ചതുർഗ്ഗുണേ
ത്രിപാദശേഷം ശീതഞ്ച പൂർവ്വക്വാഥേ ശൃതം ക്ഷിപേത്
ദ്വാത്രിംശത്പലികം ക്ഷൗദ്രം ദദ്യാത് ഗുഡചതുശ്ശതം
ത്രിംശത്പലാനി ധാതക്യാഃ തക്കോലം ജലചന്ദനം
ജാതീഫലം ലവംഗഞ്ച ത്വഗേലാപത്രകേസരം
പിപ്പലീചേതി സഞ്ചൂർണ്ണ്യ ഭാഗൈർദ്വിപലികൈഃ പൃഥക്
ശാണമാത്രഞ്ച കസ്തൂരീം സർവ്വമേകത്ര നിക്ഷിപേത
ഭൂമൗ നിഖനയേത് ഭാണ്ഡം തതോ ജാതരസം പിബേത്
കതകസ്യ ഫലം ക്ഷിപ്ത്വാ രസം നിർമ്മലതാം നയേത്
ഗ്രഹണീമരുചിം ശൂലം ശ്വാസം കാസം ഭഗന്ദരം
വാതവ്യാധിം ക്ഷയം ഛർദ്ദിം പാണ്ഡുരോഗം ച കാമിലാം
കുഷ്ഠാന്യർശാംസി മേഹാംശ്ച മന്ദാഗ്നിമുദരാണി ച
ശർക്കരാമശ്മരീം മൂത്രകൃച്ഛ്രം ധാതുക്ഷയം ജയേത്
കൃശാനാം പുഷ്ടിജനനോ വന്ധ്യാനാം പുത്രദഃ പരം
അരിഷ്ടോ ദശമൂലാഖ്യസ്തേജഃ ശുക്ലബലപ്രദഃ

ദശമൂലം=കൂവളവേർ, കുമിഴിൻവേര്, പാതിരിവേര്, പയ്യാഴാന്ത (പലകപ്പയ്യാണി)വേർ, മുഞ്ഞവേര്, ഓരിലവേര്, മൂവിലവേര്, ചെറുവഴുതിനവേര്, വെൺവഴുതിനവേര്, ഞെരിഞ്ഞിൽ ഇവ. പഞ്ചപലംപൃഥക്=൫ പലംവീതം. ചിത്രകം=കൊടുവേലിക്കിഴങ്ങ്. പൌഷ്കരം=പുഷ്കരമൂലം. (ഈ പേരിൽ ഇപ്പോൾ എടുത്തുവരുന്ന മരുന്നു പുഷ്കരമൂലമല്ലെന്നും ആയതു കിട്ടുകയില്ലെന്നും പകരം പറഞ്ഞിട്ടുള്ള വെള്ളക്കൊട്ടം ചേർക്കുന്നതാണു നല്ലതെന്നു വിദഗ്ദ്ധാഭിപ്രായവും, അപ്രകാരം ചെയ്തുവരുന്നതിൽ ഗുണക്കൂടുതലും കാണുന്നുണ്ട്.) പഞ്ചവിംശതപലം=൨൫ പലം. ലോധ്രം=പാച്ചോറ്റിത്തൊലി. വിംശത്പലം=൨൦ പലം. ഗുഡൂചി=ചിററമൃതു. ധാത്രി=നെല്ലിക്കാത്തോട്. ദുരാലഭ=കൊടിത്തൂവവേർ. രവിസംഖ്യ=൧൨. ഖദിരം=കരിങ്ങാലിക്കാതൽ. ബീജസാരം=വേങ്ങക്കാതൽ. പഥ്യാ=കടുക്കാത്തോട്. കുഷ്ഠം=കൊട്ടം. മഞ്ജിഷ്ഠ=മഞ്ചട്ടി. ദേവദാരു=ദേവതാരം. വിഡംഗം=വിഴാലരി. മധുകം=ഇരട്ടിമധുരം. ഭാർങ്ഗീ=ചെറുതേക്കിൻവേർ. കപിത്ഥം=വിളാർമരക്കായ്. അക്ഷം=താന്നിക്കാത്തോട്. പുനർന്നവം=തമിഴാമവേര്. ചവ്യം=കാട്ടുമുളകിൻവേര്. മാംസി=മാഞ്ചി. പ്രിയംഗു=ഞാഴൽപ്പൂ. ശാരിബ=നറുനീണ്ടിക്കിഴങ്ങ്. കൃഷ്ണജീരകം=കരിംജീരകം. ത്രിവൃതാ=ത്രികോല്പക്കൊന്ന. രേണുകം=അരേണുകം. (അസുരനഖം എന്നു നാമാന്തരം.) രാസ്നം=ചിറ്റരത്ത. പിപ്പലി=തിപ്പലി. ക്രമുകം=അടയ്ക്കാമണിയൻവേര്. ശഠീ=കച്ചോലം. ഹരിദ്രാ=വാട്ടുമഞ്ഞൾ. ശതപുഷ്പ=ശതകുപ്പ. പത്മകം=പതിമുകം. നാഗകേസരം=നാഗപ്പൂവ്. മുസ്തം=മുത്തങ്ങ. ഇന്ദ്രയവം=കുടകപ്പാലയരി. ശൃംഗി=കർക്കടകശൃംഗി. ജീവകർഷഭകങ്ങൾ=ജീവകവും ഇടവകവും (പകരം പാൽമുതക്കിൻകിഴങ്ങ് ഇരട്ടി ചേർക്കുക) മേദാ, മഹാമേദ (ഇവയ്ക്കുപകരം ശതാവരിക്കിഴങ്ങ് ഇരട്ടി ചേർക്കുക.) കാകോളികൾ=കാകോളിയും ക്ഷീരകാകോളിയും. (പകരം അമുക്കുരം ഇരട്ടിചേർക്കുക. ഋദ്ധി=ചെറിയ കാട്ടുമുതിര. വൃദ്ധി=വലിയ കാട്ടുമുതിര. (എന്നാണുപാധ്യവ്യാഖ്യാകാരന്റെ അഭിപ്രായം. ഇതല്ലെന്നും കിട്ടുന്നവയല്ലെന്നും ചിലർക്കഭിപ്രായമുണ്ട്. അവർ ഭാവപ്രകാശകാരന്റെ മതപ്രകാരം പകരം ഇരട്ടി

നിലപ്പനക്കിഴങ്ങുമെന്നും ഉണ്ടാക്കുന്നവരാണ്.) അഷ്ടഗുണം=എട്ടേട്ടി. മൂദ്ഭാണ്ഡം=മൺകുടം ദ്വാത്രിംശത്പലികം=൩൨ പലം. ക്ഷൌദ്രം=ചെറുതേൻ. ഗുഡചതുശ്ശതം=൪൦൦ പലം ശക്കര ധാതകി=താതിരിപ്പൂവ്. തക്കോലം. ജലം=ഇരുവേലി ചന്ദനം. ജാതീഫലം=ജാതിക്ക ലവംഗം=ഗ്രാമ്പൂ. ത്വക=ഇലവർങ്ഗം. ഏലം=ഏലത്തരി. പത്രം=പച്ചില. കേസരം=നാഗപ്പൂവ്. പിപ്പലി=തിപ്പലി. ശാണം=മുക്കാൽകഴഞ്ച കതകം=തേററാമ്പരൽ.

ക്രുവളവേർ, കുമിഴിൻവേർ (എല്ലായിടത്തും ദശമൂലത്തിൽ കുമിഴിൻവേരിനുപകരമാണ് ഏകദേശം തൽഗുണമായ കുമ്പിൾവേര് ചേക്കുന്നത്. കുമിഴ ചേക്കുന്നതാണ് നിവൃത്തിയുള്ളപക്ഷം കൂടുതൽ ഗുണപ്രദം) പാതിരിവേര്, പയ്യാഴാന്തവേര്, മുഞ്ഞവേര്, ഓരിലവേര്, മൂവിലവേര്, ചെറുവഴുതിനവേര്, വെൺവഴുതിനവേര്, ഞെരിഞ്ഞിൽ ഇവ ൧ പലംവീതം, കൊട്ടുവലിക്കിഴങ്ങു പുഷ്കരമൂലവേര് ഇവ ൨൧ പലം വീതം, ചിററമൃത് (തൊലിയും നാരും കളഞ്ഞു) പലം ൨ . പാച്ചോററിത്തൊലി, പലം ൨൦. നെല്ലിക്കാത്തോട്, പലം ൧൬. (പച്ചനെല്ലിക്കാ ൧൬ പലം ചേത്തും ചിലർ ഉണ്ടാക്കുന്നു.) കൊടിത്തൂവവേര് പലം ൧൨ കരിങ്ങാലിക്കാതൽ, വേങ്ങക്കാതൽ, കടുക്കാത്തോട് ഇവ ൮ പലം വീതം. കൊട്ടം, മഞ്ചട്ടി, ദേവതാരം, വിഴാലരി, എരട്ടിമധുരം, ചെറുതേക്കിൻവേര്, വിളാർമരക്കായ (കുരുകളഞ്ഞ മജ്ജ ചേക്കുക) താന്നിക്കാത്തോട്, തമിഴാമവേര്, കാട്ടമുളകിൻവേര്, ജടാമാഞ്ചി, ഞാഴൽപ്പൂവ്, നറുനീണ്ടിക്കിഴങ്ങ്, കരിംജീരകം, ത്രികോല്പക്കൊന്ന, അരേണുകം, ചിററരത്ത, തിപ്പലി, അടയ്ക്കാമണിയൻവേര് (അടയ്ക്കാമരത്തിൻ്റെ(കവുങ്ങിൻ്റെ) വേർ ചേക്കുന്ന ചില മക്കടമുഷ്ടിക്കാരും മലയാളവൈദ്യന്മാരിൽ ഇല്ലാതില്ല കച്ചോലം വട്ടമഞ്ഞൾ (ഇതിനു മരമഞ്ഞൾ എന്നും സ്വീകരിക്കുന്ന വൈദ്യന്മാരെയും വ്യാഖ്യാതാക്കന്മാരെയും വിസ്മരിക്കുന്നില്ല.) ശതകുപ്പ, പതിമുകം, നാഗപ്പൂവ് മുത്തങ്ങ കടകപ്പാലയരി, കക്കടകശൃംഗി, ജീവകം, ഇടവകം, മേദ, മഹാമേദ, കാകോളി, ക്ഷീരകാകോളി, ഋദ്ധി വൃദ്ധി (ഇവയ്ക്കു പകരം മരുന്നുകൾ പദാത്ഥത്തിൽ നോക്കുക) ഈ ൩൧-മരുന്നുകളും ൧ പലംവീതം ൧൬൮ ഇടങ്ങഴി വെള്ളത്തിൽ മേല്പറഞ്ഞ മരുന്നുകൾ ശുചിയായി നുറുക്കിചതച്ചിട്ട കഷായംവച്ച് നാലിലൊന്നാക്കി (മുപ്പത്തിരണ്ടേമുക്കാൽ ഇടങ്ങഴി) പിഴിഞ്ഞരിക്കുക. ൬൦ പലം മുന്തിരിങ്ങാപ്പഴം ൧൬ ഇടങ്ങഴി വെള്ളത്തിൽ കഷായംവച്ച് ൪-ഇടങ്ങഴിയാക്കി പിഴിഞ്ഞരിച്ച മേൽപറഞ്ഞ കഷായത്തിനോടു തണുത്താൽ യോജിപ്പിച്ച് തേൻപലം ൩൨. സാധാരണ നിയമപ്രകാരം ൨-ഇടങ്ങഴി ൪-തുലാം (൪൦൦ പലം ശക്കര കഷായത്തിൽ കലക്കി അരിച്ചശേഷം യോജിപ്പിക്കാം. താതിരിപ്പൂവ് പലം ൨൦. തക്കോലം, ഇരുവേലി, ചന്ദനം, ജാതിക്കാ, ഗ്രാമ്പൂവ്, ഇലവർങ്ഗം, ഏലം, പച്ചില, നാഗപ്പൂവ്, തിപ്പലി ഇവ ൨ പലം വീതം നല്ലപോലെ പൊടിച്ച നെയ്പ്പുരട്ടി മയക്കിയ കുടത്തിലാക്കി മുക്കാൽകഴഞ്ച് കസ്തൂരിയും അരച്ചു യോജിപ്പിച്ച് (ഇതു അരിഷ്ടം പാകമാക്കി എടുത്തരിച്ചശേഷം ചേക്കുന്നതാണ പതിവും സൗകര്യവും) ഭൂമിയിൽ കുഴിച്ചുവയ്ക്കു. എന്നാൽ വീട്ടിനകത്തു കുഴിയുണ്ടാക്കി സ്ഥാപിക്കുകയാണ വേണ്ടതു്. ഈർപ്പമുള്ള സ്ഥലങ്ങളിൽ കുഴിച്ചിടുന്നതായാൽ, പുളിച്ചുപോകുന്നതിനും മററും ഇടയാകും. അനന്തരം ഒരുമാസം കഴിഞ്ഞാൽ അരിച്ചു എടുത്തുകൊള്ളുക. കലക്കമുള്ള അംശം തേററാമ്പരൽ ചതച്ചിട്ടു തെളിച്ചെടുത്തു സൂക്ഷിക്കു. കുപ്പികളിൽ അടയ്ക്കുമ്പോൾ അടപ്പു പൊട്ടിത്തെറിയ്ക്കാവുന്നതാകയാൽ നഷ്ടംവരാത്തവിധം പഴകിയശേഷം കുപ്പി മുതലായ പാത്രങ്ങളിൽആക്കി സൂക്ഷിക്കുന്നതുത്തമം. എന്നാൽ ഭദ്രമായി അടയ്ക്കാതെ സൂക്ഷിച്ചുവെച്ചാൽ ഗുണക്കുറവു വരാവുന്നതാണ്. ഗ്രഹണി, അരുചി, ശൂല, കാസശ്വാസങ്ങൾ, ഭഗന്ദരം, വാതവ്യാധി, ക്ഷയരോഗം, ഛർദ്ദി, പാണ്ഡു, കാമില, കുഷ്ഠം, അർശസ്സ്, പ്രമേഹം, അഗ്നിമാന്ദ്യം, മഹോദരം, അശ്മരി, മൂത്രത്തടസ്സം, ധാതുക്ഷയം മുതലായവ ശമിപ്പിക്കും. കൃശന്മാക്കു പുഷ്ടിയെ ഉണ്ടാക്കുന്നതും, വന്ധ്യകൾക്കു പുത്രോല്പാദനകരവും ഓജസ്സിനേയും ബലത്തേയും പ്രദാനം ചെയ്യുന്നതുമാകുന്നു. പഴകിയ അതിസാരം മുതലായ മററനേകരോഗങ്ങൾക്കും അവസ്ഥാനുസാരം ഉപയോഗപ്പെടുത്താവുന്നതുമാകുന്നു.

## ൨. അമൃതാരിഷ്ടം

അമൃതായാഃ പലശതം ദശമൂലീശതം തഥാ
ചതുർദ്രോണേ ജലേ പക്ത്വാ കുര്യാത് പാദാവശേഷിതേ

ശീതേ തസ്മിൻ രസേ പൂതേ ഗുഡസ്യ ദ്വിതുലാം ക്ഷിപേത്
അജാജീഷോഡശപലം പർപ്പടസ്യ പലദ്വയം

സപ്തപർണ്ണം ത്രികടുകം മുസ്തകം നാഗകേസരം
കടുകാതിവിഷാചേന്ദ്രയവഞ്ച പലസമ്മിതം

ഏകീകൃത്യ ക്ഷിപേത് ഭാണ്ഡേ നിദധ്യാന്മാസമാത്രകം
അമൃതാരിഷ്ട ഇത്യേഷഃ സർവ്വജ്വരകുലാന്തകഃ.

അമൃത=ചിററമൃത്. (അകത്തെ നാരും തൊലിയും കളഞ്ഞു) പലം 100. ദശമൂലം ഓരോന്നും 10-പലംവീതം. 64-ഇടങ്ങഴി വെള്ളത്തിൽ കഷായംവെച്ച് 16-ഇടങ്ങഴിയാക്കി പിഴിഞ്ഞരിച്ചു തണുത്താൽ 2 തുലാം (200-പലം) ശക്കര കലക്കി, അജാജി=ജീരകം പലം 16. പർപ്പടകപ്പുല്ല് പലം 2. സപ്തപർണ്ണം=ഏഴിലംപാലവേർ തൊലി. ത്രികടുകം=ചുക്ക്, മുളക്, തിപ്പലി, മുസ്തകം=മുത്തങ്ങ. നാഗകേസരം=നാഗപ്പൂവ്. കടുകം=കടുകരോഹിണി. അതിവിഷ=അതിവിടയം. ഇന്ദ്രയവം=കുടകപ്പാലയരി ഇവ പലം ഒന്നുവീതം. ഉണക്കിപ്പൊടിച്ചുചേർത്തു 1-ാംയോഗത്തിലെപ്പോലെ പാത്രത്തിലാക്കി ശീലമൺചെയ്തു കുഴിച്ചുവയ്ക്കൂ. ഒരുമാസം കഴിഞ്ഞു എടുത്തു പിഴിഞ്ഞരിച്ചു സൂക്ഷിക്ക. ഇതു സേവിച്ചാൽ എല്ലാമാതിരി ജ്വരങ്ങളും ശമിക്കും. രോഗാവസ്ഥ അനുസരിക്കണം.

## ൩. അശോകാരിഷ്ടം.

അശോകസ്യ തുലാമേകാം ചതുർദ്രോണേ ജലേ പചേത്
പാദശേഷേ രസേ പൂതേ ശീതേ പലശതദ്വയം

ദദ്യാത് ഗുഡസ്യ ധാതക്യാഃ പലഷോഡശികം മതം
അജാജീം മുസ്തകം ശുണ്ഠീം ദാർവ്വ്യുല്പലഫലത്രികം

ആമ്രാസ്ഥിജീരകം വാശാം ചന്ദനഞ്ച വിനിക്ഷിപേത്
ചൂർണ്ണയിത്വാ പലാംശേന തതോ ഭാണ്ഡേ നിധാപയേത്

മാസാദൂർദ്ധ്വഞ്ച പീത്വൈനമസൃഗ്ദരരുജാം ജയേത്
ജ്വരഞ്ച രക്തപിത്താർശോമന്ദാഗ്നിത്വമരോചകം
മോഹശോഫാരുചിഹരസ്ത്വശോകാരിഷ്ടസംജ്ഞകഃ

അശോകത്തിന്റെ തൊലി തുലാം ൧. (പലം ൧൦൦) ൬൪ ഇടങ്ങഴി വെള്ളത്തിൽ കഷായംവെച്ച് ൧൬-ഇടങ്ങഴിയാക്കി പിഴിഞ്ഞരിച്ച് തണുത്താൽ ൨൦൦-പലം ശക്കര അതിൽകലക്കിയരിച്ച് ധാതകി=താതിരിപ്പൂവ് പലം ൧൬. അജാജി=അയമോദകം. മുസ്ത=മുത്തങ്ങ. ശുണ്ഠി=ചുക്ക്. ദാർവ്വി=മരമഞ്ഞൾത്തൊലി. ഉല്പലം=ചെങ്ങഴിനീർക്കിഴങ്ങ്. ഫലത്രികം=ത്രിഫലത്തോട്. ആമ്രാസ്ഥി=മാങ്ങായണ്ടിപ്പരിപ്പ്. വാശാ=ആടലോടകവേര്. ചന്ദനം ഇവ ഒരു പലംവീതവും ഉണക്കിപ്പൊടിച്ചുചേർത്തു പാത്രത്തിലാക്കി ശീലമൺചെയ്തു കുഴിച്ചുവെച്ച് ഒരുമാസം കഴി

ത്തശേഷം എടുത്തരിച്ചു സേവിക്ക. സ്ത്രീകളുടെ രക്തസ്രാവം ശമിക്കും. തന്നിമിത്തമുള്ള വേദനകളും ജ്വരവും രക്തപിത്തവും (അധോഗതമായ രക്തപിത്തമാണ് അസൃഗ്ദരം) അർശസ്സ്, അഗ്നിമാന്ദ്യം, അരുചി, പ്രമേഹം, ശോഫം മുതലായവയും ശമിക്കും.

## ൪. ദ്രാക്ഷാരിഷ്ടം.

ദ്രാക്ഷാ തുലാർദ്ധം ദ്വിദ്രോണേ ജലസ്യ വിപചേൽ സുധീഃ
പാദശേഷേ കഷായേ ച പൂതേ ശീതേ വിനിക്ഷിപേത്
ഗുഡസ്യ ദ്വിതുലാം തത്ര ത്വഗേലാപത്രകേസരം
പ്രിയംഗു മരിചം കൃഷ്ണാ വിഡംഗം ചേതി ചൂർണ്ണയേത്
പൃഥക് പലോന്മിതൈർഭാഗൈർഘൃതഭാണ്ഡേ നിധാപയേത്
സമന്തതോ ഘട്ടയിത്വാ തതോ ജാതരസം പിബേത്
ഉരഃക്ഷതം ക്ഷയം ഹന്തി കാസശ്വാസഗളാമയാൻ
ദ്രാക്ഷാരിഷ്ടാഹ്വയഃ പ്രോക്തോ ബലകൃന്മലശോധനഃ.

ദ്രാക്ഷാ=മുന്തിരിങ്ങപ്പഴം പലം ൫൦. (അരത്തുലാം) ൩൨ ഇടങ്ങഴി വെള്ളത്തിൽ കഷായംവച്ച് ൮ ഇടങ്ങഴിയാക്കി പിഴിഞ്ഞരിച്ചു തണുത്താൽ അതിൽ രണ്ടുതുലാം ശർക്കരകലക്കി അരിച്ചു അതിൽ ത്വക്=ഇലവർങ്ഗം, ഏലത്തരി പത്രം=പച്ചില. കേസരം=നാഗപ്പൂവ്. പ്രിയംഗു=ഞാഴൽപൂ. മരിചം=കുരുമുളക്. കൃഷ്ണ=തിപ്പലി. വിഡംഗം=വിഴാലരിക്കാമ്പ്. ഇവ ഓരോപലം പൊടിച്ചുചേർത്തു നെയ് പുരട്ടി മയക്കിയ പാത്രത്തിലാക്കി കുഴിച്ചുവച്ച് ഒരുമാസം കഴിഞ്ഞ് എടുത്തു തെളിച്ചു സൂക്ഷിക്ക. ഇതു സേവിച്ചാൽ, ഉരഃക്ഷതം, ക്ഷയം, കാസം, ശ്വാസം, കണ്ഠരോഗങ്ങൾ ഇവ ശമിക്കും. ബലം ഉണ്ടാക്കും. മലശോധന വരുത്തും. രക്തപിത്തത്തിനും ഹിതമാണ്.

## ൫ ജീരകാരിഷ്ടം.

ജീരകസ്യ തുലാദ്വന്ദ്വം ചതുർദ്രോണേ ജലേ പചേത്
ദ്രോണശേഷേ ക്ഷിപേത്തത്ര തുലാത്രയമിതം ഗുഡം
ധാതകീം ഷോഡശപലാം ശുണ്ഠീം ച ദ്വിപലോന്മിതാം
ജാതീഫലം മുസ്തകഞ്ച ചതുർജ്ജാതം യവാനികാ
തക്കോലം ദേവപുഷ്പഞ്ച പലമാനേന നിക്ഷിപേത്
മാസം സംസ്ഥാപയേത് ഭാണ്ഡേ മൃത്തികാപരിനിർമ്മിതേ
തതഃ കല്യാൻ വിനിർവൃത്യ പായയേത് കർഷമാത്രയാ
അരിഷ്ടോ ജീരകാദ്യോയം നിഹന്യാത് സൂതികാമയാൻ
ഗ്രഹണീമതിസാരഞ്ച തഥാ വഹ്നേശ്ച വൈകൃതം.

ജീരകം തുലാം ൧. (൧൦൦ പലം) ൬൪ ഇടങ്ങഴി വെള്ളത്തിൽ കഷായംവച്ചു ൧൬ ഇടങ്ങഴിയാക്കി പിഴിഞ്ഞരിച്ചു മൂന്നുതുലാം ശർക്കരയും കലക്കി ധാതകി=താതിരിപ്പൂവു പലം ൧൬. ശുണ്ഠി=ചുക്ക് പലം ൧. ജാതീഫലം=ജാതിക്ക. മുസ്തകം=മുത്തങ്ങ ചതുർജ്ജാതം=ഏലം, ഇലവർങ്ഗം, പച്ചില, നാഗപ്പൂവ്. യവാനിക=അയമോദകം, തക്കോലം. ദേവപുഷ്പം=ഗ്രാമ്പൂ. ഇവ പലം ഒന്നുവീതം പൊടിച്ചുചേർത്തു

നെയ്പുരട്ടി മയങ്ങിയ മൺപാത്രത്തിലാക്കി ശീലമൺചെയ്തു കുഴിച്ചുവച്ച് ഒരുമാസം കഴിഞ്ഞ് എടുത്തു കൽക്കംകളഞ്ഞു ൩-കഴഞ്ചുവീതം (കാൽതുടം) ഓരോനേരം സേവിക്ക. പ്രസവിച്ചശേഷം സ്ത്രീകൾക്കുണ്ടാകാവുന്ന വയറവേദന, അരുചി മുതലായ രോഗങ്ങളെയും ഗ്രഹണി, അതിസാരം, അഗ്നിമാന്ദ്യം മുതലായ രോഗങ്ങളേയും ശമിപ്പിക്കും. ജീരകാദ്യരിഷ്ടമെന്നുപേർ. ൧൬ ഇടങ്ങഴി വെള്ളത്തിൽ കഷായംവച്ചു ൩ ഇടങ്ങഴിയാക്കണമെന്നു ചിലരുടെ അഭിപ്രായം.

## ൮. അഭയാരിഷ്ടം.

അഭയായാസ്തുലാമേകാം മൃദ്വീകാർദ്ധതുലാം തഥാ
വിഡംഗസ്യ ദശപലം മധൂകകുസുമസ്യ ച

ചതുർദ്രോണേ ജലേ പക്ത്വാ ചതുർഭാഗാവശേഷിതേ
ശീതീഭൂതേ രസേ തസ്മിൻ പൂതേ ഗുഡതുലാം ക്ഷിപേത്

ശ്വദംഷ്ട്രാം ത്രിവൃതാം ധാന്യം ധാതകീമിന്ദ്രവാരുണീം
ചവ്യം മധുരികാം ശുണ്ഠീം ദന്തീം മോചരസം തഥാ

പലയുഗ്മമിദം സർവ്വം പാത്രേ മഹതി മൃണ്മയേ
ക്ഷിപ്ത്വാ സംരുധ്യ തത്പാത്രം മാസമാത്രം നിധാപയേത്

തതോജാതരസം ജ്ഞാത്വാ പരിസ്രാവ്യ രസം നയേത്
ബലം കോഷ്ഠം ച വഹ്നിം ച വീക്ഷ്യ മാത്രാം പ്രയോജയേത്

അർശാംസി നാശയേച്ഛീഘ്രം തഥാഷ്ടാവുദരാണി ച
വർച്ചോമൂത്രവിബന്ധഘ്നോ വഹ്നിം സന്ദീപയേത് പരം

അഭയം=കടുക്കാത്തോട് പലം ൧൦൦. മൃദ്വീക=മുന്തിരിങ്ങാപ്പഴം പലം ൫൦. വിഡംഗം=വിഴാലരി പലം ൧൦. മധൂകകുസുമം=ഇലിപ്പപ്പൂവ് പലം ൧൦. ഇവ [illegible] ഇടങ്ങഴി വെള്ളത്തിൽ കഷായംവച്ചു നാലിലൊന്നാക്കി പിഴിഞ്ഞരിച്ചു തണുപ്പിച്ച് ഒരുതുലാം ശക്കര കലക്കി അരിച്ചു ശ്വദംഷ്ട്രം=ഞെരിഞ്ഞിൽ വേര്. ത്രിവൃത്=ശിവതത ധാന്യം=കൊത്തമ്പാലയരി. ധാതകി=താതിരിപ്പൂവ്, ഇന്ദ്രവാരുണി=കാട്ടുവെള്ളരി വേര്. ചവ്യം=കാട്ടുമുളകിൻവേര് മധുരിക=അതിമധുരം. (ശതകുപ്പ എന്നു മതാന്തരം) ശുണ്ഠി=ചുക്ക്. ദന്തി=നാഗദന്തിവേർ. മോചരസം=ഇലവിൻപശ. ഇവ രണ്ടുപലം വീതം പൊടിച്ചുചേർത്തു നെയ്യ് പുരട്ടിയ മൺപാത്രത്തിലാക്കി അടച്ചു ശീലമൺചെയ്തു കുഴിച്ചുവച്ച് ഒരുമാസംകഴിഞ്ഞു എടുത്തു അരിച്ചു സൂക്ഷിക്ക. അഗ്നിദീപ്തി ബലം മുതലായവ പരിഗണിച്ചു മാത്രനിശ്ചയിച്ചു സേവിക്ക. അർശസ്സുകളും മഹോദരവും മലമൂത്രബന്ധവും ശമിപ്പിക്കും. അഗ്നിദീപ്തി വരുത്തും.

## ൯. കുടജാരിഷ്ടം.

തുലാം കുടജമൂലസ്യ മൃദ്വീകാർദ്ധതുലാം തഥാ
മധൂകപുഷ്പകാശ്മര്യഭാഗാൻ ദശപലോന്മിതാൻ (യേത്
ചതുർദ്രോണേഽംഭസഃ പക്ത്വാ ദ്രോണം ചൈവാവശേഷ-
ധാതക്യാ വിംശതിപലം ഗുഡസ്യ ച തുലാം ക്ഷിപേത്
മാസമാത്രം സ്ഥിതോ ഭാണ്ഡേ കുടജാരിഷ്ടസംജ്ഞിതഃ
ജ്വരാൻ പ്രശമയേത്സർവ്വാൻ കുര്യാത് തീക്ഷ്ണം ധനഞ്ജയം
ദുർവ്വാരാം ഗ്രഹണീം ഹന്തി രക്താതീസാരമുദ്ബണം.

കടഭമൂലം=കുടകപ്പാലവേരിലെത്തൊലി തുലാം ൧. മൃദ്വീകം=മുന്തിരിങ്ങപ്പഴം തുലാം അര. (൫൦ പലം മധൂകപുഷ്പം=ഇലിപ്പപ്പൂവ്. കാശ്മര്യം=കുമിഴിൻവേർ. (കുമിഴിൻപഴം എന്നും പക്ഷമുണ്ടു) പലം ൧൦ വീതം. ൬൪ ഇടങ്ങഴിവെള്ളത്തിൽ കഷായംവച്ചു ൧൬ ഇടങ്ങഴിയാക്കി പിഴിഞ്ഞരിച്ച് ഒരുതുലാം ശർക്കര കലക്കി അരിച്ച് ധാതകി=താതിരിപ്പൂവ് ഇരുപതുപലം പൊടിച്ചുചേർത്തു മുൻപോലെ പാത്രത്തിൽ ആക്കി കുഴിച്ചുവച്ചു ഒരുമാസം കഴിഞ്ഞ് എടുത്തു അരിച്ചു സൂക്ഷിച്ചു സേവിക്ക. എല്ലാ ജ്വരങ്ങളെയും ഗ്രഹണിയെയും അത്യുഗ്രമായ രക്താതിസാരത്തെയും ശമിപ്പിക്കും. അഗ്നിദീപ്തി വർദ്ധിപ്പിക്കുകയും ചെയ്യും.

## ൨൭. ഖദിരാരിഷ്ടം.

ഖദിരസ്യ തുലാർദ്ധന്തു ദേവദാരു ച തത്സമം
ബാകുചീ ദ്വാദശപലാ ദാർവീ സ്യാത് പലവിംശതിഃ
ത്രിഫലാ വിംശതിപലാന്യഷ്ടദ്രോണേഽംഭസഃ പചേത്
കഷായേ ദ്രോണശേഷേ ച പൂതേ ശീതേ വിനിക്ഷിപേത്
തുലാദ്വയം മാക്ഷികസ്യ തുലൈകാ ശർക്കരാ മതീ
ധാതക്യാവിംശതിപലം തക്കോലം നാഗകേസരം
ജാതീഫലം ലവംഗൈലാത്വക്പത്രാണി പൃഥക് പൃഥക്
പലോന്മിതാനി കൃഷ്ണായാ ദദ്യാത് പലചതുഷ്ടയം
ഘൃതഭാണ്ഡേ വിനിക്ഷിപ്യ മാസാദൂർദ്ധ്വം പിബേത്തതഃ
മഹാകുഷ്ഠാനി ഹൃദ്രോഗം പാണ്ഡുരോഗാർബുദം തഥാ
ഗുന്മം ഗ്രന്ഥി കൃമീൻ കാസം തഥാപ്ലീഹോദരം ജയേത്
ഏഷ വൈ ഖദിരാരിഷ്ടഃ സർവ്വകുഷ്ഠനിവാരണഃ

ഖദിരം=കരിങ്ങാലിക്കാതൽ പലം ൫൦. ദേവദാരു=ദേവതാരം പലം ൫൦. ബാകുചീ=കാർകോകിലരി പലം ൧൨. ദാർവീ=മരമഞ്ഞൾത്തൊലി പലം ൨൦. ത്രിഫലത്തോടു പലം ൨൦. ഇവ ൧൨൮ ഇടങ്ങഴി വെള്ളത്തിൽ കഷായംവച്ചു ൧൬ ഇടങ്ങഴിയാക്കി പിഴിഞ്ഞരിച്ചു ഒരുതുലാം പഞ്ചസാരകലക്കി രണ്ടുതുലാം തേനും (പന്ത്രണ്ടരഇടങ്ങഴി) ചേർത്തു ധാതകി=താതിരിപ്പൂവ് പലം ൨൦. തക്കോലം നാഗപ്പൂവ്, ജാതിക്ക, ലവംഗം=ഗ്രാമ്പൂവ്. ഏലത്തരി. ത്വക്=ഇലവർങ്ഗം; പത്രം=പച്ചില ഇവ പലം ഒന്നുവീതവും കൃഷ്ണ=തിപ്പലി ൪ പലവും പൊടിച്ചുചേർത്തു പാത്രത്തിലാക്കി മുൻപോലെ കുഴിച്ചുവച്ചു ഒരുമാസം കഴിഞ്ഞു കല്ക്കം കളഞ്ഞു സൂക്ഷിക്ക. ഇതു സേവിച്ചാൽ എല്ലാ കുഷ്ഠങ്ങളും ഹൃദ്രോഗവും പാണ്ഡുവും, അർബ്ബുദം അപചി മുതലായവയും ഗുന്മം, ഗ്രന്ഥി, കൃമി, പ്ലീഹോദരം, കാസം മുതലായവയും ശമിക്കും.

## ൨൮. മുസ്താരിഷ്ടം.

മുസ്താകന്ദാഢകപ്രസ്ഥം വഹ്നേഽപാം സാധുസാധിതേ
ചതുർഭാഗകഷായേസ്മിൻ സിതാമപി തുലാം ക്ഷിപേത്
ജാതീഫലം ജാതിപത്രീം പത്രകം ചിത്രകം തഥാ
അമ്ലാസ്ഥി വൈരിമൂലം ച ലവംഗം ജീരകം വിഷാം
ഡാഡിമേന്ദ്രയവം വിശ്വം കാളശാകസിരാമപി
പ്രത്യേകം പലമാത്രന്തു ചൂർണ്ണീകൃത്യ പ്രദാപയേത്

**കഷായസ്യ സമം ക്ഷൌദ്രമതിസാരം പ്രവാഹികാം**
**ഗ്രഹണീമാമമുന്മം ച മുസ്താരിഷ്ടസ്തു നാശയേത്.**

മുസ്താകന്ദം=മുത്തങ്ങാക്കിഴങ്ങ്. ആഢകപ്രസ്ഥം=നാർ പലം ശുചിയാക്കിയെടുത്തു നാർ ഇടങ്ങഴി വെള്ളത്തിൽ കഷായംവച്ച് ൧൬ ഇടങ്ങഴിയാക്കി പിഴിഞ്ഞരിച്ച് ൧൦൦ പലം പഞ്ചസാരചേർത്ത് ൧൬ ഇടങ്ങഴി തേനംകലർത്തി, ജാതീഫലം=ജാതിക്ക ജാതിപത്തിരി. പത്രകം=പച്ചില ചിത്രകം=കൊടുവേലിക്കിഴങ്ങ്. ആരാസ്ഥി=മാങ്ങയണ്ടിപ്പരിപ്പ്. വെരിമൂലം=പൊൻകുരണ്ടിവേർതാലി. ലവംഗം=ഗ്രാമ്പൂ, ജീരകം. വിഷ=അതിവിടയം. ഡാഡിമം=താളിമാതളക്കായുടെ തോട്. ഇന്ദ്രയവം=കുടകപ്പാലയരി. വിശ്വം=ചുക്ക്. കാളശാകസിര=കരിവേപ്പിലത്തെട്ട് ഇവ ഓരോ പലംവീതം പൊടിച്ചുചേർത്തു മൺകുടത്തിൽ ഒരു മാസം കഴിച്ചുവച്ചു മുൻപോലെ സേവിക്ക. വയറുകടി, ഗ്രഹണി, ആമദോഷം, ഗുന്മം മുതലായവയെ ശമിപ്പിക്കും.

## ൧൦. ദന്ത്യരിഷ്ടം.

**ജലദ്രോണേ പചേദ്ദന്തി ദശമൂലവരാഗ്നികാൻ**
**പാലികാൻ പാദശേഷേ തു ക്ഷിപേത് ഗുഡതുലാം പരം**
**പൂർവ്വവത്സർവ്വമസ്യസ്യാദനുലോമതരസ്ത്വയം**

ദന്തി=നാഗദന്തിവേർ. ദശമൂലം=കൂവളവേർ, കുമിഴിൻവേര്, പാതിരിവേര്, പയ്യാഴാന്തവേര്, മുഞ്ഞവേര്, ഓരിലവേര്, മൂവിലവേര്, ചെറുവഴുതിനവേര്, ഞെരിഞ്ഞിൽ. വരാ=ത്രിഫലത്തോട് (ഓരോന്നും) അഗ്നികം=കൊടുവേലിക്കിഴങ്ങ് ൧൬ ഇടങ്ങഴി വെള്ളത്തിൽ കഷായംവച്ചു ർ ഇടങ്ങഴിയാക്കി പിഴിഞ്ഞരിച്ച് ഒരു തുലാം ശർക്കര കലക്കി ഒരു മാസം കഴിച്ചുവച്ചശേഷം മുൻപോലെ എടുത്തു സേവിക്ക.

**പക്ഷാത്സശീലിതോരിഷ്ടഃ കരോത്യഗ്നിം നിഹന്തി ച**
**ഗുദജഗ്രഹണീപാണ്ഡുകുഷ്ഠോദരഗരജ്വരാൻ**
**ശ്വായഥുപ്ലീഹഹൃദ്രോഗഗുന്മയക്ഷ്മവമീക്രിമീൻ.**

അഭയാരിഷ്ടവും ദന്ത്യരിഷ്ടവും അഗ്നിദീപ്തിയുണ്ടാക്കും. അർശസ്സ് ഗ്രഹണി പാണ്ഡു കുഷ്ഠം മഹോദരം കൈവിഷം ജ്വരം ശോഫം പ്ലീഹാവ് ഹൃദ്രോഗം ഗുന്മം ക്ഷയം ഛർദ്ദി ക്രിമിരോഗം ഇവയെ ശമിപ്പിക്കും. മലത്തടസ്സം തീക്കും.

## ൧൧. ദുരാലഭാരിഷ്ടം.

**പചേ ദുരാലഭാ പ്രസ്ഥം ദ്രോണേഽപാം ദ്വിപലൈഃ സഹ**
**ദന്തീ പാഠാഗ്നിവിജയാവാശാമലകനാഗരൈഃ**

**തസ്മിൻ സിതാശതം ദദ്യാത് പാദസ്ഥേന്യച്ച പൂർവ്വവത്**
**ലിമ്പേത് കുംഭം തു ഫലിനീകൃഷ്ണാചവ്യാജ്യമാക്ഷികൈഃ**

ദുരാലഭാപ്രസ്ഥം=കൊടിത്തൂവവേർ പലം ൧൬. ദന്തി=നാഗദന്തിവേർ. പാഠാ=പാറക്കിഴങ്ങ്. അഗ്നി=കൊടുവേലിക്കിഴങ്ങ്. വിജയ=കടുക്കാത്തോട്. വാശ=ആടലോടകവേര്. ആമലകം=നെല്ലിക്കാത്തോട്. നാഗരം=ചുക്ക് ഇവ ൨ പലം വീതം ൧൬ ഇടങ്ങഴി വെള്ളത്തിൽ കഷായംവച്ചു ൪ ഇടങ്ങഴിയാക്കി നെയ്പുരട്ടി മയക്കിയ കുടത്തിൽ ഫലിനി=ഞാഴൽപൂ. കൃഷ്ണ=തിപ്പലി. ചവ്യം=കാട്ടുമുളകിൻ

വേർ. ഇവ അരച്ചതും, ആജ്യം=നെയ്യ്. മാക്ഷികം=തേൻ ഇവയും നല്ലപോലെ പുരട്ടി മേൽപറഞ്ഞ കഷായത്തിൽ ൧൦൦ പലം പഞ്ചസാരയുംചേർത്ത് അതിലാക്കി അടച്ച് ശീലമൺചെയ്ത കുഴിച്ചുവച്ച് ഒരുമാസംകഴിഞ്ഞു മുൻപോലെ എടുത്തു സേവിക്ക. അർശസ്സ്, ഗ്രഹണി, പാണ്ഡു, കൈവിഷം, ജ്വരം, ശോഫം, ഹൃദ്രോഗം, ക്ഷയം, ഛർദ്ദി മുതലായവ ശമിക്കും.

## ൧൨. പർപ്പടാദ്യരിഷ്ടം.

പർപ്പടസ്യ തുലാമേകാം ചതുർദ്രോണജലേ പചേത്
കഷായേ പാദാവശേഷേ ച ശീതേ പലശതദ്വയം
ദദ്യാത് ഗുഡസ്യ ധാതക്യാഃ പലഷോഡശികാ മതാ
ഗുളൂചീമുസ്തകംദാർവീദാരുവ്യാഘ്രീദുരാലഭാഃ
ചവ്യം ചിത്രകമൂലം ച ത്രികടു കൃമിനാശനഃ
സർവാണ്യേതാനി സഞ്ചൂർണ്ണ്യ പലാംശേന വിനിക്ഷിപേത്
സ്ഥാപയിത്വാ തതോ ഭാണ്ഡേ മാസാദൂർദ്ധ്വം പിബേദമും
പാണ്ഡുഗുന്മോദരാഷ്ഠീലാഃ കാമിലാം ച ഹലീമകം
പ്ലീഹാനം യകൃതം ശോഫം സർവ്വം ച വിഷമജ്വരം
ഏഷോऽരിഷ്ടോ നിഹന്ത്യാശു വൃക്ഷമിന്ദ്രാശനിര്യഥാ

പർപ്പടം=പർപ്പടകപ്പുല്ല് തുലാം ൧ നാഴ ഇടങ്ങഴി വെള്ളത്തിൽ കഷായംവച്ച ൧൬ ഇടങ്ങഴിയാക്കി പിഴിഞ്ഞരിച്ചു തണുത്താൽ ൨൦൦ പലം ശർക്കര കലക്കി അരിച്ച് ധാതകി=താതിരിപ്പൂവ് പലം ൧൬. ഗുളൂചി=ചിററമൃത്. മുസ്തകം=മുത്തങ്ങ. ദാർവീ=മരമഞ്ഞൾത്തൊലി. ദാരു=ദേവതാരം. വ്യാഘ്രി=ചെറുവഴുതിനവേര്. ദുരാലഭ=കൊടിത്തുവവേര്. ചവ്യം=കാട്ടുമുളകിൻവേര്. ചിത്രകമൂലം=കൊടുവേലിക്കിഴങ്ങ്. ത്രികടു=ചുക്ക മുളക തിപ്പലി, കൃമിനാശനം=വിഴാലരി ഇവ ഒരു പലം വീതം പൊടിച്ചു ചേർത്തു നെയ്പുരട്ടി മയങ്ങിയ പാത്രത്തിലാക്കി കുഴിച്ചുവച്ചു ഒരു മാസം കഴിഞ്ഞു എടുത്തു കല്ക്കംകളഞ്ഞു സേവിക്ക. പാണ്ഡു, ഗുന്മം, മഹോദരം അഷ്ഠീല, കാമില, പ്ലീഹോദരം, ശോഫം എല്ലാമാതിരി വിഷമജ്വരങ്ങൾ മുതലായവ ശമിക്കും.

## ൧൩. ബലാരിഷ്ടം.

ബലാശ്വഗന്ധയോർഗ്രാഹ്യം പൃഥക് പലശതം ശുഭം
ചതുർദ്രോണേ ജലേ പക്ത്വാ ദ്രോണമേവാവശേഷയേത്
ശീതേ തസ്മിൻ രസേ പൂതേ ക്ഷിപേത് ഗുഡതുലാത്രയം
ധാതകീം ഷോഡശപലാം പയസ്യാം ദ്വിപലാംശികാം
പഞ്ചാംഗുലപലദ്വന്ദ്വം രാസ്നാമേലാം പ്രസാരിണീം
ദേവപുഷ്പമുശീരഞ്ച ശ്വദംഷ്ട്രാഞ്ച പലാംശികാൻ
മാസം ഭാണ്ഡേ സ്ഥിതസ്ത്വേഷ ബലാരിഷ്ടോ മഹാഫലഃ
ഹന്ത്യുഗ്രാൻ വാതജാൻ രോഗാൻ ബലപുഷ്ട്യഗ്നിവർദ്ധനഃ.

ബലാ=കുറുന്തോട്ടിവേര്. അശ്വഗന്ധം=അമുക്കുരം ഇവ ൧൦൦ പലം വീതം നാൽ ഇടങ്ങഴി വെള്ളത്തിൽ കഷായംവച്ചു ൧൬ ഇടങ്ങഴിയാക്കി പിഴിഞ്ഞരിച്ചു തണുത്താൽ ൩ തുലാം ശർക്കര കലക്കി അരിച്ചു ധാതകി=താതിരിപ്പൂവ് പലം ൧൬.

പയസ്യ=അടപൊതിയൻകിഴങ്ങ്. പഞ്ചാംഗുലം=ആവണക്കിൻവേര്. ഇവ ൨ പലംവീതം. രാസ്നാ=ചിററരത്ത, ഏലത്തരി, പ്രസാരണിവേര്. ദേവപുഷ്പം=ഗ്രാം പൂവ്. ഉശീരം=രാമച്ചം. ശ്വദംഷ്ട്ര=നായ്ക്കുരുണവേര് ഇവ ഓരോ പലംവീതം പൊടിച്ചുചേർത്തു മുൻപോലെ കഴിച്ചുവച്ച് എടുത്തു കിട്ടഭാഗം കളഞ്ഞു സൂക്ഷിക്ക, ബലാരിഷ്ടം എന്നു പേർ. ശരീരബലം, പുഷ്ടി ഇവ ഉണ്ടാക്കും. അഗ്നിദീപ്തിയും വരുത്തും. എല്ലാമാതിരി വാതവ്യാധികളെയും ശമിപ്പിക്കും.

## ൧൪. ദേവദാർവ്വരിഷ്ടം.

ദേവദാരു തുലാർദ്ധഞ്ച വാശായാഃ പലവിംശതിഃ
മഞ്ജിഷ്ഠേന്ദ്രയവാദന്തീ തഗരം രജനീദ്വയം

രാസ്നാ ക്രുമിഘ്നം മുസ്തഞ്ച ശിരീഷം ഖദിരാർജ്ജുനൗ
ഭാഗാൻ ദശപലാൻ ദദ്യാദ്യവാന്യാശ്ചാസനസ്യ ച

ചന്ദനസ്യ ഗുളൂച്യാശ്ച രോഹിണ്യാശ്ചിത്രകസ്യ ച
ഭാഗാനഷ്ടപലാനേതാനഷ്ടദ്രോണേഽംഭസഃ പചേത്

ദ്രോണശേഷേ കഷായേ ച പൂതേ ശീതേ പ്രദാപയേത്
ധാതക്യാഃ ഷോഡശപലം മാക്ഷികസ്യ തുലാത്രയം

വ്യോഷസ്യ ദ്വിപലം ദദ്യാത് ത്രിജാതകചതുഷ്പലം
ചതുഷ്പലം പ്രിയംഗോശ്ച ദ്വിപലം നാഗകേസരം

സർവ്വാണ്യേതാനി സഞ്ചൂർണ്ണ്യ ഘൃതഭാണ്ഡേ നിധാപയേത്
മാസാദൂർദ്ധ്വം പിബേദേതം പ്രമേഹം ഹന്തി ദുസ്തരം

വാതരോഗഗ്രഹണ്യർശോമൂത്രകൃച്ഛ്രാണി നാശയേത്
ദേവദാർവ്വാദികോരിഷ്ടോ കുഷ്ഠദദ്രുവിനാശകഃ.

ദേവതാരു=ദേവദാരം പലം ൫൦ വാശാ=ആടലോടകവേര് പലം ൨൦. മഞ്ജിഷ്ഠ=മഞ്ചട്ടി. ഇന്ദ്രയവം=കുടകപ്പാലയരി. ദന്തി=നാഗദന്തിവേര്. തഗരം=തകരം. രജനീദ്വയം=വറട്ടുമഞ്ഞളും മരമഞ്ഞൾതൊലിയും. രാസ്നാ=ചിററരത്ത. ക്രുമിഘ്നം=വിഴാലരി മുസ്ത=മുത്തങ്ങ, ശിരീഷം=നെന്മേനിവാകവേര്. ഖദിരം=കരിങ്ങാലിക്കാതൽ, അർജ്ജുനം=നീർമരുതിൻവേർതൊലി ഇവ ൧൦ പലംവീതം. യവാനി=ജീരകം. അസനം=വേങ്ങക്കാതൽ. (വത്സകസ്യ എന്നു പാഠവും ആവിധം ൧൦ പലം, ആകെ കുടകപ്പാലയരി ചേർക്കുന്ന നടപ്പും കാണുന്നുണ്ട് ചന്ദനം. ഗുളൂചി=ചിററമൃത്. രോഹിണി=കടുകരോഹിണി. ചിത്രകം=കൊടുവേലിക്കിഴങ്ങ്, ഇവ ൮ പലംവീതം. ൮ ഇടങ്ങഴി വെള്ളത്തിൽ കഷായംവച്ചു ൨ ഇടങ്ങഴിയാക്കി പിഴിഞ്ഞരിച്ചു തണുത്താൽ മാക്ഷികം=തേൻ പലം ൩൦൦ പതിനെട്ടേമുക്കാൽ ഇടങ്ങഴി. ചേർത്തു ധാതകി=താതിരിപ്പൂവു പലം ൧൬. വ്യോഷം=ചുക്കു മുളക് തിപ്പലി പലം ൨. ത്രിജാതകം=ഏലം ഇലവർങ്ങം പച്ചില ഇവ ൪ പലം. പ്രിയംഗു=ഞാഴൽപൂവ് പലം ൪ നാഗകേസരം=നാഗപ്പൂവ് പലം ൨. പൊടിച്ചുചേർത്തു നെയ്പുരട്ടി മയങ്ങിയ പാത്രത്തിലാക്കി മുൻപോലെ ചെയ്തെടുത്തു അരിച്ചു സൂക്ഷിക്കും. ഇതു സേവിച്ചാൽ പ്രമേഹം (മൂത്രമൊഴിവു്) എത്ര ഭയങ്കരമായാലും ശമിക്കും. വാതവ്യാധി, ഗ്രഹണി, അർശസ്സ്, മൂത്രകൃച്ഛ്രം, പുഴുക്കടി, കുഷ്ഠം മുതലായവയും ശമിക്കും.

### ൧൮. ധാത്ര്യരിഷ്ടം.

ധാത്രീഫലസഹസ്രേ ദ്വേ പീഡയിത്വാ രസം ഭിഷക്
ക്ഷൌദ്രാഷ്ടഭാഗം പിപ്പല്യാശ്ചൂർണ്ണാർദ്ധകുഡവാന്വിതം
ശർക്കരാർദ്ധതുലോന്മിശ്രം പക്വം സ്നിഗ്ദ്ധഘടേ സ്ഥിതം
പ്രപിബേത് പാണ്ഡുരോഗാർത്തോ ജീർണ്ണേ ഹിതമിതാശനഃ
കാമിലാപാണ്ഡുഹൃദ്രോഗവാതാസൃഗ്വിഷമജ്വരാൻ
കാസഹിക്കാരുചിശ്വാസാനേഷോഽരിഷ്ടഃ പ്രണാശയേത്.

നെല്ലിക്കാ എണ്ണം ൨൦൦൦ ഇടിച്ചു പിഴിഞ്ഞു് സ്വരസമെടുത്തു് അതിന്റെ എട്ടിലൊരുഭാഗം അളവിനു തേനും ചേർത്തു്, പിപ്പലീചൂർണ്ണം=തിപ്പലിപ്പൊടി പലം ൨, ശർക്കരാ=പഞ്ചസാര പലം ൫൦ ഇവയും ചേർത്തു നെയ്യ പുരട്ടി മയങ്ങിയ പാത്രത്തിലാക്കി കുഴിച്ചുവച്ചു് മുൻപോലെ പാകമായാൽ എടുത്തു കല്ക്കം കളഞ്ഞു സേവിക്കാം. സേവിക്കുന്ന കാലം വിശപ്പായാൽ രോഗാനുസാരമായ അന്നം മിതമായി ഉണ്ടുകൊള്ളണം. കാമില, പാണ്ഡു, ഹൃദ്രോഗം, രക്തവാതം, വിഷമജ്വരം, കാസം, ഇക്കിൾ, അരുചി, വലിവു് ഇവ ശമിക്കും

---

## ആസവയോഗങ്ങൾ

---

### ൧൯. പിപ്പല്യാസവം.

പിപ്പലീ മരിചം ചവ്യം ഹരിദ്രാ ചിത്രകം ഘനഃ
വിഡംഗം ക്രമുകോ ലോദ്ധ്രം പാഠാ ധാത്ര്യേലവാലുകം
ഉശീരം ചന്ദനം കുഷ്ഠം ലവംഗം തഗരം തഥാ
മാംസീ ത്വഗേലാപത്രഞ്ച പ്രിയംഗും നാഗകേസരം
ഏഷാമർദ്ധപലാൻ ഭാഗാൻ സൂക്ഷ്മചൂർണ്ണീകൃതാൻ ശുഭാൻ
ജലദ്രോണദ്വയേ ക്ഷിപ്ത്വാ ദദ്യാത് ഗുഡതുലാത്രയം
പലാനി ദശധാതക്യാ ദ്രാക്ഷാ ഷഷ്ടിപലാ ഭവേത്
ഏതാന്യേകത്ര സംയോജ്യ മൃദ്ഭാണ്ഡേ വിനിക്ഷിപേത്
ജ്ഞാത്വാഗതരസം സർവ്വം പായയേദഗ്ന്യപേക്ഷയാ
ക്ഷയം ഗുല്മോദരം കാർശ്യം ഗ്രഹണീം പാണ്ഡുതാം തഥാ
അർശാംസി നാശയേച്ഛീഘ്രം പിപ്പല്യാദ്യാസവസ്ത്വയം.

പിപ്പലി=തിപ്പലി. മരിചം=കുരുമുളകു് ചവ്യം=കാട്ടുമുളകിൻവേരു് ഹരിദ്രാ=വാട്ടുമഞ്ഞൾ. (മരമഞ്ഞൾത്തൊലി എന്നു് ചിലർ വ്യാഖ്യാനിക്കയും അപ്രകാരം ചിലർ ചേർത്തുവരികയും ചെയ്യുന്നുണ്ടു്) ചിത്രകം=കൊടുവേലിക്കിഴങ്ങു്. ഘനം=മുത്തങ്ങാ. വിഡംഗം=വിഴാലരി ക്രമുകം=അടയ്ക്കാമണിയൻവേരു്. (ഇതിനു പെരുമുത്തങ്ങ എന്നും (കുഴിമുത്തങ്ങ) വ്യാഖ്യാനിച്ചു ചേർത്തുവരുന്നുണ്ടു. എന്നാൽ അടയ്ക്ക (പാക്കു്) ഉണങ്ങിയതുതന്നെ ചേർക്കേണ്ടതാണെന്നു് വിദഗ്ദ്ധന്മാർ അഭിപ്രായപ്പെടുന്നുണ്ടു്) ലോദ്ധ്രം=പാച്ചോറ്റിത്തൊലി. പാഠാ=പാടക്കിഴങ്ങു്. ഏലവാ

ലകം=ഏലാവാലുകം. ഉശീരം=രാമച്ചം. ചന്ദനം. കുഷ്ഠം=കൊട്ടം. ലവംഗം=ഗ്രാമ്പൂ. തഗരം=തകരം. മാംസി=മാഞ്ചി ത്വക്=ഇലവർങ്ങം. ഏലം=ഏലത്തരി. പത്രം=പച്ചില. പ്രിയംഗു=ഞാഴൽപൂ. നാഗകേസരം=നാഗപ്പൂവ്. ഇവ അരപ്പലംവീതം നല്ലപോലെ ഉണക്കിപ്പൊടിച്ച് ൩൨ ഇടങ്ങഴി വെള്ളത്തിൽ (ആസവങ്ങൾക്ക വെള്ളം തിളപ്പിച്ചാറിച്ചു തണുപ്പിച്ചു ചേൎക്കണം,) മൂന്നുതുലാം ശൎക്കരയും കലക്കി, ധാതകി=താതിരിപ്പൂവ് പലം ൧൬, ദ്രാക്ഷാ=മുന്തിരിങ്ങാപ്പഴം പലം ൩൦ ഇവയും മേൽപറഞ്ഞ പൊടികളും ഇട്ടു അരിഷ്ടങ്ങൾ എന്നപോലെ കുഴിച്ചുവച്ചു എടുത്തു അരിച്ചു സേവിക്ക. നെയ്പുരട്ടി മയങ്ങിയ പാത്രത്തിലാക്കി ശീലമൺചെയ്തു ഒരുമാസം കുഴിച്ചുവയ്ക്കണം ക്ഷയം, ഗുന്മം, മഹോദരം, കൃശത, ഗ്രഹണി, പാണ്ഡു, അൎശസ്സ് മുതലായവ ശമിക്കും.

## ൧൦. പുനൎന്നവാസവം.

ത്രികടുത്രിഫലാം ദാവ്വീം ശ്വദംഷ്ട്രം ബൃഹതീദ്വയം
വാശാമേരണ്ഡമൂലഞ്ച കടുകിം ഗജപിപ്പലീം
ശോഫഘ്നീം പിചുമന്ദം ച ഗുളൂചിം ശുഷ്കമൂലകം
ദുരാലഭാം പടോലഞ്ച പലാംശേന വിചൂൎണ്ണയേത്
ധാതകീം ഷോഡശപലാം ദ്രാക്ഷായാഃ പലവിംശതിം
തുലാമാനാം സിതാം ദത്വാ മാക്ഷികാൎദ്ധതുലാം തഥാ
ജലദ്രോണദ്വയേ ക്ഷിപ്ത്വാ മാസം ഭാണ്ഡേ നിധാപയേത്
പുനൎന്നവാസവോ ഹ്യേഷഃ ശോഫോദരവിനാശനഃ
പ്ലീഹാനമമ്ലപിത്തഞ്ച യകൃത്ഗുന്മജ്വരാദികാൻ
കൃഛ്റസാദ്ധ്യാമയാൻ സൎവാൻ നാശയേന്നാത്രസംശയഃ

ത്രികടു=ചുക്ക് മുളക് തിപ്പലി ത്രിഫല=ത്രിഫലത്തോട്. ദാവ്വി=മരമഞ്ഞൾതൊലി ശ്വദംഷ്ട്റ=നായ്ക്കുരുണവേര്. ബൃഹതീദ്വയം=ചെറുവഴുതിനവേരും വെളുവഴുതിനവേരും. വാശാ=ആടലോടകവേര്. ഏരണ്ഡമൂലം=ആവണക്കിൻവേര്. കടുകി=കടുകരോഹിണി. ഗജപിപ്പലി=അത്തിത്തിപ്പലി. ശോഫഘ്നി=തമിഴാമവേര്. പിചുമന്ദം=വേപ്പിൻതൊലി. ഗുളൂചി=ചിററമൃത്. ശുഷ്കമൂലകം=ഉണങ്ങിയ മൂലേരിക്കിഴങ്ങ്. ദുരാലഭാ=കൊടിത്തൂവവേര്. പടവലം ഇവ ഒരു പലംവീതം ധാതകി=താതിരിപ്പൂവ് പലം ൧൬. ദ്രാക്ഷാ=മുന്തിരിങ്ങാപ്പഴം പലം ൨൦. ഇവ പൊടിച്ചു ചേൎത്തു മുൻപോലെ ൧൬ ഇടങ്ങഴി വെള്ളവും ൪൦ പലം (ഒരുപലം=ഉഴക്ക്) തേനും ഒരു തുലാം പഞ്ചസാരയും ചേൎത്തു പാത്രത്തിലാക്കി കുഴിച്ചുവച്ച് ഒരുമാസം കഴിഞ്ഞെടുത്തു കല്ക്കം കളഞ്ഞു സേവിക്ക. ശോഫം, പ്ലീഹോദരം മുതലായ രോഗങ്ങളും അമ്ലപിത്തം ഗുന്മം ജ്വരം മുതലായവയും ശമിക്കും.

## ൧൨. ഉശീരാസവം.

ഉശീരം വാളകം പത്മം കാശ്മൎയ്യം നീലമുല്പലം
പ്രിയംഗും പത്മകം ലോദ്ധ്റം മഞ്ജിഷ്ഠാ ധന്വയാഷകം
പാഠാ കിരാതതിക്തഞ്ച ന്യഗ്രോധോദുംബരം ശഠീ
പൎപ്പടം പുണ്ഡരീകം ച പടോലം കാഞ്ചനാരകം
ജംബുശാല്മലിനിൎയ്യാസം പ്രത്യേകം പലസമ്മിതം
സൎവം സഞ്ചൂൎണ്ണിതം കൃത്വാ ദ്രാക്ഷയാഃപലവിംശതിം

ധാതകീം ഷോഡശപലാം ജലദ്രോണദ്വയേ ക്ഷിപേത്
ശക്കരായാസ്തുലാം ദത്വാ ക്ഷൗദ്രസ്യാൎദ്ധതുലാം തഥാ
മാസം സംസ്ഥാപയേത് ഭാണ്ഡേ മാംസീമരിചധൂപിതേ
ഉശീരാസവ ഇത്യേഷ രക്തപിത്തവിനാശനഃ
പാണ്ഡുകുഷ്ഠപ്രമേഹാൎശഃകൃമിശോഫഹരസ്തഥാ.

ഉശീരം=രാമച്ചം. വാളകം=ഇരുവേലി. പത്മം=താമരയല്ലി. (ഇതിന്ന പുഷ്കരമൂലത്തിൻവേർ എന്നും ഓരിലത്താമരയെന്നും മതാന്തരങ്ങൾ ഉണ്ട്.) കാശ്മൎയ്യം=കുമിഴിൻവേര്. (കുമിഴിൻപഴമെന്നും സ്വീകരിച്ചുവരുന്നവരുണ്ട്.) നീലോല്പലം=കരിംകൂവളക്കിഴങ്ങ്. പ്രിയംഗു=ഞാഴൽപൂ പത്മകം=പതിമുകം. ലോധ്രം=പാച്ചോററിത്തൊലി. മഞ്ജിഷ്ഠ=മഞ്ചട്ടി ധന്വയാസകം=കൊടിത്തൂവവേര് പാറ=പാറക്കിഴങ്ങ്. കിരാതതിക്തകം=പുത്തരിച്ചുണ്ടവേര്. ന്യഗ്രോധം=പേരാൽത്തൊലി. ഉദുംബരം=അത്തിത്തൊലി, ശഠി=കച്ചോലം. പൎപ്പടം=പൎപ്പടകപ്പുല്ല്. പുണ്ഡരീകം=വെൺതാമരക്കിഴങ്ങ്. പടവലം കാഞ്ചനാരകം=പൊന്നാമരപ്പൂവ്. (ഇതിന്ന മലയകത്തിപ്പൂവ് എന്നും അകത്തിത്തൊലി എന്നും, കൊന്നത്തൊലി എന്നുംമററും മതാന്തരങ്ങൾ സ്വീകരിച്ചുവരുന്നുണ്ട.) ജംബു=ഞാവൽത്തൊലി. ശാൽമലിനിൎയ്യാസം=ഇലവിൻപശ. ഇവ ഓരോപലംവീതം. ദ്രാക്ഷ=മുന്തിരിങ്ങാപ്പഴം പലം ൧൫. ധാതകി=താതിരിപ്പൂവ് പലം ൧൬. പൊടിച്ചു ൬൪ ഇടങ്ങഴി വെള്ളത്തിൽ പഞ്ചസാര ഒരു തുലാം. തേൻ പലം ൫൦. നെയ്യ പുരട്ടി മയക്കിയ കുടത്തിൽ മാഞ്ചിയും കുരുമുളകുംകൂടി പുകച്ചുപുകയേല്പിച്ചു അതിൽ മേല്പറഞ്ഞവ ഒഴിച്ചു ശീലമൺചെയ്തു കുഴിച്ചുവച്ചു് ഒരുമാസംകഴിഞ്ഞശേഷം എടുത്തു അരിച്ചുസേവിക്ക. രക്തപിത്തം ശമിക്കും. പാണ്ഡു, കുഷ്ഠം, പ്രമേഹം, അൎശസ്സ്, കൃമി, ശോഫം അസൃഗ്ദരം മുതലായവ ശമിക്കും. ഉന്മാദം മുതലായവയ്ക്കും നന്ന്.

## ൱൯. ലോഹാസവം.

ലോഹചൂൎണ്ണം ത്രികടുകം ത്രിഫലാം ച യവാനികാം
വിഡംഗം മുസ്തകം ചിത്രം ചതുസ്സംഖ്യാപലം പൃഥക്
ധാതകീകുസുമാനാം തു പ്രക്ഷിപേത് പലവിംശതിം
ചൂൎണ്ണീകൃത്യ തത് ക്ഷൗദ്രം ചതുഷ്ഷഷ്ടിപലം ക്ഷിപേത്
ദദ്യാത് ഗുഡതുലാം തത്ര ജലദ്രോണദ്വയം തഥാ
ഘൃതഭാണ്ഡേ വിനിക്ഷിപ്യ നിദദ്ധ്യാന്മാസമാത്രകം
ലോഹാസവമമും മൎത്ത്യഃ പിബേദ്വഹ്നികരം പരം
പാണ്ഡുശ്വയഥുഗുന്മാനി ജഠരാണ്യൎശസാം രുജം
കുഷ്ഠം പ്ലീഹാമയം കണ്ഡൂം കാസം ശ്വാസം ഭഗന്ദരം
അരോചകം ച ഗ്രഹണീം ഹൃദ്രോഗം ച വിനാശയേത്.

ജലദ്രോണദ്വയം=൧൨൮ ഇടങ്ങഴി വെള്ളത്തിൽ. ഗുഡതുലാം=ഒരുതുലാം ശൎക്കരകലക്കി അരിച്ചു ചതുഷ്ഷഷ്ടിപലം=൬൪ പലം (൪ ഇടങ്ങഴി) ക്ഷൌദ്രം=തേൻചേൎത്തു അതിൽ ലോഹചൂൎണ്ണം=ഉരുക്കുഭസ്മം ത്രികടുകം=ചുക്ക്, മുളക് തിപ്പലി, ത്രിഫലത്തോട്. യവാനിക=ജീരകം. വിഡംഗം=വിഴാലരി മുസ്തകം=മുത്തങ്ങ. ചിത്രം=കൊടുവേലിക്കിഴങ്ങ് ഇവ ൪ പലംവീതം. ധാതകീകുസുമം=താതിരിപ്പൂവ് പലം ൨൦ ഇവ പൊടിച്ചുചേൎത്തു നെയ്പുരട്ടി മയക്കിയ കുടത്തിൽ ആക്കി ശീലമൺ

ചെയ്തു ഒരുമാസം കഴിച്ചുവച്ചിരുന്നെടുത്തു് അരിച്ചു സേവിക്ക. അഗ്നിദീപ്തി ഉണ്ടാകും. പാണ്ഡു, ശോഫം, ഗുന്മം, മഹോദരം, അർശസ്സ്, അരുചി, ഗ്രഹണി, ഹൃദ്രോഗം ഇവ ശമിക്കും.

## ൨൰. അരവിന്ദാസവം

അരവിന്ദമുശീരഞ്ച കാശ്മര്യ്യം നീലമുല്പലം
മഞ്ജിഷ്ഠൈലാ ബലാ മാംസീരംബുദം ശാരിബാം ശിവാം

വിഭീതകവചാധാത്രി ശഠീഃ ശ്യാമാം സനീലിനീം
പടോലം പപ്പടം പാഠം മധൂകം മധുകം മുരാം

പലമാനേന സംഗൃഹ്യ ദ്രാക്ഷായാഃ പലവിംശതിം
ധാതകീം ഷോഡശപലാം ജലദ്രോണദ്വയേ പചേത്

ശക്കരായാസ്തുലാം തത്ര തുലാദ്ധം മാക്ഷികസ്യ ച
മാസം സംസ്ഥാപയേത്ഭാണ്ഡേ മൃത്തികാപരിനിമ്മിതേ

ബാലാനാം സവ്വരോഗഘ്നോ ബലപുഷ്ട്യഗ്നിവദ്ധനഃ
അരവിന്ദാസവഃ പ്രോക്ത ആയുഷ്യോ ഗ്രഹദോഷഹൃത്.

അരവിന്ദം=താമരപ്പൂവു്. ഉശീരം=രാമച്ചം. കാശ്മര്യ്യം=കുമിഴിൻപഴം. നീലമുല്പലം=കരിംകൂവളക്കിഴങ്ങു്. മഞ്ജിഷ്ഠ=മഞ്ചട്ടി. ഏലത്തരി. ബലം=കുറുന്തോട്ടിവേരു്. മാംസി=മാഞ്ചി അംബുദം=മുത്തങ്ങ. ശാരിബ=നറുനീണ്ടിക്കിഴങ്ങു്. ശിവ=കടുക്കാത്തോടു്. വിഭീതകം=താന്നിക്കാത്തോടു്. വച=വയമ്പു്. ധാത്രി=നെല്ലിക്കാത്തോടു്. ശഠീ=കച്ചോലം, ശ്യാമ=ത്രികോല്പക്കൊന്ന. നീലിനി=വട്ടപ്പൂന്താളിയരി. പടവലം. പപ്പടപ്പുല്ലു. പാഠം=നീർമരുതിൻവേർതൊലി. മധൂകം=ഇലിപ്പക്കാതൽ. മധുകം=ഇരട്ടിമധുരം. മുരം=കുമിഞ്ചാൻ ഇവ ഒരു പലംവീതം. മുന്തിരിങ്ങാപ്പഴം പലം ൨൰. താതിരിപ്പൂ പലം ൧൬. ഇവയിൽ പൊടിക്കേണ്ടവ പൊടിച്ചും മററുള്ളവ നുറുക്കിയും നാലു ഇടങ്ങഴിവെള്ളത്തിൽ ഒരു തുലാം പഞ്ചസാരയും ൫൦ പലം തേനും കൂട്ടി അതിൽചേർത്തു നെയ്പാത്രത്തിൽ മുൻപോലെയാക്കി കുഴിച്ചുവയ്ക്കു. ഒരുമാസം കഴിഞ്ഞെടുത്തു കല്ക്കം കളഞ്ഞു സേവിക്ക. കുട്ടികൾക്കു എല്ലാ രോഗങ്ങൾക്കും നന്നു്. ബലവും പുഷ്ടിയും അഗ്നിദീപ്തിയും ഉണ്ടാകും. ഗ്രഹദോഷങ്ങളെ ഇല്ലാതാക്കും. ആയുസ്സിനെ ഉണ്ടാക്കും.

## ൨൧. പത്രാംഗാസവം

പത്രാംഗം ഖദിരം വാശാ ശാല്മലീകുസുമം ബലാ
ഭല്ലാതകം ശാരിബേ ദ്വേ ജപാകുസുമമുല്പലം

ആമ്രാസ്ഥി ദാവീ ഭൂനിംബമാഫേനഫലജീരകം
ലോഹം രസാഞ്ജനം വില്വം കേശരാജം ത്വചം തഥാ

കുങ്കുമം ദേവകുസുമം പ്രത്യേകം പലസമ്മിതം
സവ്വം സഞ്ചൂണ്ണിതം കൃത്വാ ദ്രാക്ഷായാഃ പലവിംശതിം

ധാതകീം ഷോഡശപലാം ജലദ്രോണദ്വയേ ക്ഷിപേത്
ശക്കരായാസ്തുലാം ദത്വാ ക്ഷൗദ്രസ്യാദ്ധതുലാം തഥാ

ഏകീകൃത്യ ക്ഷിപേത് പാണ്ഡേ നിദദ്ധ്യാന്മാസമാത്രകം
ഹന്ത്യുഗ്രം പ്രദരം ശ്വേതമരുണം ച സവേദനം
ജ്വരം പാണ്ഡും തഥാ ഗുന്മം മന്ദാഗ്നിത്വമരോചകം.

പത്രാംഗം=രക്തചന്ദനം. ഖദിരം=കരിങ്ങാലിക്കാതൽ. വാസാ=ആടലോടകവേര്: ശാന്മലീകുസുമം=മുള്ളിലവിൻപൂവ. ബലാ=കുറുന്തോട്ടിവേര്. ഭല്ലാതകം=ചേർക്കുരുവ് ശാരിബാദ്വയം=നറുനീണ്ടിക്കിഴങ്ങും പാൽവള്ളിക്കിഴങ്ങും. ജപാകുസുമം=ചെമ്പരത്തിപ്പൂവ്. ഉല്പലം=ചെങ്ങഴിനീർക്കിഴങ്ങ്. ആമ്രാസ്ഥി=മാങ്ങയണ്ടിപ്പരിപ്പ്. ദാർവ്വീ=മരമഞ്ഞൾത്തൊലി. ഭൂനിംബം=പുത്തരിച്ചുണ്ടവേര്. ആഫേനഫലം=സമുദ്രപ്പഴം. ജീരകം. ലോഹം=ഉരുക്കുഭസ്മം രസാഞ്ജനം. വില്വം=കൂവളക്കായ്. കേസരം=കഴ്യാനി. ത്വക്=ഇലവർങ്ങം. കുങ്കുമം=കുങ്കുമപ്പൂവ്. ദേവകുസുമം=ഗ്രാമ്പൂ ഇവ ഓരോ പലംവീതം പൊടിയാക്കണം. ദ്രാക്ഷാ=മുന്തിരിങ്ങാപ്പഴം പലം ൨൦. ധാതകി=താതിരിപ്പൂവ് പലം ൧൬ ഇവയെല്ലാംകൂടി ൩൨ ഇടങ്ങഴി വെള്ളത്തിൽ ഒരുതുലാം പഞ്ചസാര കലക്കി അതിൽ ൫൦ പലം തേനും ചേർത്തു മൺപാല പാത്രത്തിലാക്കി മരുന്നുകൾ അതിലിട്ട് ഒരുമാസം കഴിച്ചു വച്ചു എടുത്തു പിട്ടരോഗംകളഞ്ഞു സേവിക്ക അത്യുഗ്രമായ രക്തസ്രാവം ശമിക്കും. വേദനയോടുകൂടിയ അസൃഗ്ദരം അസ്ഥിസ്രാവം ഇവയും, ജ്വരം, പാണ്ഡു, ഗുന്മം, അഗ്നിമാന്ദ്യം, അരുചി ഇവയും ശമിക്കും.

## ൨൨. കുമാര്യാസവം.

കന്യാരസം തുലാർദ്ധം വൈ തദർദ്ധഗുഡമിശ്രിതം
ചാതുർജ്ജാതലവംഗാനാം സൈന്ധവസ്യ നിശാദ്വയാത്
കൃഷ്ണോഷണകബേരാണാം ധാതകീനാം പലം പലം
പത്ഥ്യാചൂർണ്ണം പലദ്വന്ദ്വം പലം ചാമലകസ്യ തു
ഉഗ്രഗന്ധാ വിഡംഗാനാം ജാതിപത്ര്യാഃ പലം പലം
ഏകീകൃത്യ ഘൃതേ ഭാണ്ഡേ പക്ഷമേകം നിധാപയേത്
പലാർദ്ധം ഭക്ഷയേന്നിത്യം ഗുല്മോദാവർത്തനാശനഃ
ആധ്മാനം പാർശ്വശൂലം ച ജഠരാർത്തിം കഫം ഹരേത്
മന്ദാഗ്നിം ശമയേച്ഛ്വാസം കാസം ഹിക്കാം ക്ഷയം തഥാ
പ്ലീഹാനം യകൃതം ശോഫം നാശയത്യേഷസേവിതഃ

കന്യാരസം=കററാഴിപ്പോളനീര്. (ചെരുതായരിഞ്ഞു നെല്ലുചേർത്തു പിഴിഞ്ഞു എടുക്ക പലം ൫൦. (൩ ഇടങ്ങഴി ഉരിയ) ശർക്കര പലം ൨൫. കലക്കി, ചതുർജ്ജാതം=ഏലം ഇലവർങ്ങം പച്ചില നാഗപ്പൂവ്. ലവംഗം=ഗ്രാമ്പൂവ്. സൈന്ധവം=ഇന്തുപ്പ്. നിശാദ്വയം=വറട്ടുമഞ്ഞളും മരമഞ്ഞൾത്തൊലിയും. കൃഷ്ണാ=തിപ്പലി. ഊഷണം=കുരുമുളക്. കുബേരം=കഴട്ടിക്കുരുപ്പരിപ്പ്. ധാതകി=താതിരിപ്പൂവ്. ഇവ ഓരോ പലംവീതം പത്ഥ്യാചൂർണ്ണം=കടുക്കാത്തോടിൻപൊടി പലം ൨. ആമലകം=നെല്ലിക്കാത്തോടിൻപൊടി പലം ൧. ഉഗ്രഗന്ധാ=വയമ്പ്. വിഡംഗം=വിഴാലരി ജാതിപത്തിരി ഇവ ഒരുപലം വീതം. ഇവയെല്ലാം പൊടിയാക്കി ചേർത്തു നെയ്ക്കുടത്തിൽ ഒഴിച്ചു ശീലമൺചെയ്തു കുഴിച്ചുവച്ചു ഒരു മാസംകഴിഞ്ഞെടുത്തു അരിച്ചു് അരത്തുടംവീതം സേവിക്ക. ഗുല്മം, ഉദാവർത്തം ഇവ ശമിക്കും. വയർവീർപ്പ്, പാർശ്വവേദന, വയററുവേദന, കഫദ്രകോപം ഇവ ശമിക്കും. അഗ്നിമാന്ദ്യം, വലിവ്, കാസം, ഇക്കിളം, ക്ഷയം, യകൃത്, പ്ലീഹോദരങ്ങൾ ശോഫം ഇവയ്ക്കും നന്ന്.

## ൨൩. ഭൃംഗരാജാസവം.

ഭൃംഗരാജരസദ്രോണം ഗുഡസ്യ ദ്വിതുലാം തഥാ
പ്രസ്ഥാർദ്ധം തു ഹരീതക്യാ സ്നിഗ്ദ്ധേ ഭാണ്ഡേ നിധാപയേത്
പക്ഷാദൂർദ്ധ്വം പിബേദേനം മാത്രയാ ച യഥാബലം
ജാതേ ഹ്യസ്മിൻ പുനർദ്ദത്വാ പിപ്പല്യാശ്ച പലദ്വയം
ജാതിഫലം ലവംഗാനി ത്വഗേലാപത്രകേസരം
ധാതുക്ഷയം ജയേത് പീതം കാസം പഞ്ചവിധം തഥാ
കൃശാനാം ച മഹാപുഷ്ടിം കുരുതേ ച മഹാബലം
കാമവൃദ്ധിം കരോത്യേഷ വന്ധ്യാനാം പുത്രദോ ഭവേത്.

ഭൃംഗരാജരസദ്രോണം=൧൬ ഇടങ്ങഴി കയ്യോന്നിച്ചാറ്. അതിൽ ഗുഡസ്യ ദ്വിതുലാം=രണ്ടുതുലാം ശർക്കര കലക്കി. ഹരീതകി=കടുക്കാത്തോടിൻപൊടി പലം ൪. ചേർത്തു നെയ്യ പുരട്ടി മയക്കിയ കുടത്തിൽ ൧൫ ദിവസം കഴിച്ചുവച്ചെടുത്ത് അരിച്ച്, പിപ്പലി=തിപ്പലി പലം ൨. ജാതീഫലം=ജാതിക്കാ. ലവംഗം=ഗ്രാമ്പൂ. ത്വക്=ഇലവർങം, ഏലത്തരി. പത്രം=പച്ചില. കേസരം=നാഗപ്പൂവ് ഇവ ൨ പലംവീതവും പൊടിച്ചുചേർത്തു സൂക്ഷിക്ക. ഇതിന്റെ വിധാനം തിപ്പലിമുതൽ എല്ലാം മരുന്നുകളും കൂടി ൨ പലം ചേർത്തും ഇതിൽ പറയുംപ്രകാരം ചേർത്തും കാണുന്നുണ്ട്. * ഈ ആസവം എല്ലാമാതിരി കാസശ്വാസങ്ങൾക്കും നന്നു. ധാതുക്ഷയത്തെ ഇല്ലാതാക്കും. വൃഷ്യമാണു. കൃശന്മാർക്കു ബലവും പുഷ്ടിയും വരുത്തും. ഗർഭപ്രദവുമാണ്.

## ൨൪. കർപ്പൂരാസവം.

തുലാം പ്രസന്നാം പരിഗൃഹ്യ ശുദ്ധാം
പലാഷ്ടകഞ്ചോഡുപതേഃ ക്ഷിപേച്ച
ഏലാ ച സൂക്ഷ്മാ ഘനശൃംഗിവേര-
യവാനികം വെല്ലജമത്ര സർവ്വം
പലപ്രമാണം പിഹിതേ ച ഭാണ്ഡേ
മാസം നിദധ്യാത് ഭിഷഗത്ര യത്നാത്
വിഷൂചികായാഃ പരമൗഷധം ത-
ന്നിഹന്തി ചാന്യാൻ വിവിധാൻ വികാരാൻ.

പ്രസന്ന=തെളിമദ്യം തുലാം ൧. ഉഡുപതി=കർപ്പൂരം പലം ൪. സൂക്ഷ്മൈലം=ചിററേലത്തരി. ഘനം=മുത്തങ്ങ. ശൃംഗിവേരം=ചുക്ക്. യവാനിക=അയമോദകം. വെല്ലജം=കുരുമുളക്. (വിഴാലരിക്കാമ്പു് എന്നും പക്ഷം. വല്ലിജം എന്ന പദത്തിനാണു കുരുമുളക് എന്നർത്ഥം. ആ വിധവും പാഠം കണ്ടിട്ടുണ്ടെന്നു് വിദഗ്ദ്ധവൈദ്യന്മാർ അഭിപ്രായപ്പെടുന്നു.)

---

* ഞാൻതന്നെ ഇതു രണ്ടും പ്രയോഗിച്ചു അനുഭവം കണ്ടിട്ടുമുണ്ട്. ആദ്യത്തേതിൽ ഗുണം കൂടും. കയ്യോന്നി പിഴിയുന്നതിൽ വെള്ളം ചേർത്തുകൂടാ. രണ്ടാമതു പൊടിചേർത്തും എല്ലാം പൊടികളും ആദ്യംതന്നെ ചേർത്തും പരീക്ഷിച്ചതിൽ രണ്ടാമതു പൊടിചേർത്തു ഒരുമാസംകൂടി കഴിച്ചുവച്ചു എടുക്കുന്നതു കൂടുതൽ ഗുണപ്രദമെന്നു അനുഭവമുണ്ട്.

ഒരു തുലാം തെളിമദ്യം (ചാരായത്തിലാണു ഈ ദേശങ്ങളിൽ പ്രായേണ ചെയ്തുവരുന്നതു്) അതിൽ എട്ടുപലം പച്ചക്കർപ്പൂരവും ഏലക്കായിൽനിന്നെടുത്ത ഏലത്തരിയും മുത്തങ്ങാക്കിഴങ്ങും ചുക്കും അയമോദകവും (ജീരകവും ചിലർ ചേർത്തുവരുന്നു) കുരുമുളകും (വിഴാലരിക്കാമ്പും ചേർത്തു ഉണ്ടാക്കുമാറുണ്ടു്) ഓരോ പലം വീതം ചൂർണ്ണിച്ചുചേർത്തു് ശുദ്ധിയും ബലവും ഉള്ള (കണ്ണാടിപ്പാത്രമോ ഭരണിക്കുപ്പിയോ കൊള്ളാം) പാത്രത്തിലാക്കി ബലമായി അടച്ചു് ശീലമൺചെയ്തു ഒരുമാസം കുഴിച്ചുവച്ചിരുന്ന ശേഷം എടുത്തു അരിച്ചു സൂക്ഷിക്ക. ഇതു വിഷൂചികയ്ക്കു കൈകണ്ട ഔഷധമാകുന്നു. അതിസാരം, ഛർദ്ദി ഇവയ്ക്കും വയറുവേദന, കാസശ്വാസങ്ങൾ മുതലായവയ്ക്കും നന്നു്. അജീർണ്ണവും ശമിപ്പിക്കും. എന്നാൽ മൂത്രത്തടസ്സം മുതലായവ ഉണ്ടാക്കുന്നതും സ്തംഭനവുമാകയാൽ അതു ഉപയോഗത്തിനു യോജിച്ചതല്ല.

## ൨൭. രസാലാ.

അർദ്ധാഢകം സുചിരപര്യുഷിതസ്യ ദധ്നഃ
ഖണ്ഡസ്യ ഷോഡശപലാനി ശശിപ്രഭസ്യ
സർപ്പിഃ പലം മധുപലം മരിചം ദ്വികർഷം
ശുണ്ഠ്യാഃ പലാർദ്ധമപി ചാർദ്ധപലം ചതുർണ്ണാം
ശുക്ലോപലേ ലലനയാ മൃദുപാണിഘൃഷ്ടാ
കർപ്പൂരചൂർണ്ണസുരഭീകൃതഭാണ്ഡസംസ്ഥാ
ഏഷാ വൃകോദരകൃതാ സുരസാ രസാലാ-
യാസ്വാദിതാ ഭഗവതാ മധുസൂദനേന.

സുചിരപര്യുഷിതം ദധി=നല്ലപോലെ പുളിച്ച തൈരു്. അർദ്ധാഢകം=ഇടങ്ങഴി ൨. ഖണ്ഡം=കൽക്കണ്ടം പലം ൧൬. സർപ്പിഃ=നെയ്യു് തുടം ൧. മധു=തേൻ തുടം ൧. മരിചം=കുരുമുളകു് കഴഞ്ചു ൮. ശുണ്ഠി=ചുക്കു് പലം അര ഏലത്തരി, ഇലവർങ്ഗം, പച്ചില, നാഗപ്പൂവു് ഇവ ഒന്നരക്കഴഞ്ചുവീതം നല്ലപോലെ ചൂർണ്ണിക്ക.

ഒരു നല്ല ഭരണിയിൽ ആദ്യമായി അല്പം കർപ്പൂരചൂർണ്ണം ചേർത്തു നെയ്യും തേനും ഒഴിച്ചു അരമണിക്കൂർനേരം കടഞ്ഞു അതിൽ മറ്റുള്ള എല്ലാ പൊടികളും ചേർത്തു നല്ലപോലെ കടഞ്ഞു കൽക്കണ്ടിൻപൊടി ചേർത്തു കടഞ്ഞു അതിൽ നല്ല കട്ടിത്തൈരു പുളിച്ചതു രണ്ടിടങ്ങഴി ഒഴിച്ചു വീണ്ടും അരമണിക്കൂർ കടഞ്ഞു പാത്രം അടച്ചു ശീലമൺചെയ്തു ഏഴുദിവസം അറയിൽ നെല്ലിൽ കുഴിച്ചുവച്ചിരുന്നു എടുത്തു സേവിക്ക. രുചിയും ദഹനവും ഉണ്ടാക്കും. അർശസ്സിനും ഗ്രഹണിക്കും രക്തപിത്തത്തിനും ഉഷ്ണത്തിനും നന്നു്. ഇതു ഭീമസേനൻ നിർമ്മിച്ചതും ശ്രീകൃഷ്ണഭഗവാൻ ആസ്വദിച്ചതുമായ രസാലമാകുന്നു.

# ലേഹയോഗങ്ങൾ

## ൧. വില്വാദിലേഹം

വില്വാത്ത്വാഢകമംഭസോഽർദ്ധകലശേ പക്ത്വാ പാദസ്ഥേ രസേ
സിദ്ധം ജീർണ്ണഗുളസ്യ ഷോഡശപലം ചൂർണ്ണീകൃതൈഃ സർവ്വതഃ

**കഷായൈശ്ശൎഘനധാന്യജീരകത്രുടീത്വക്കേസരത്ര്യൂഷണൈൎല്ലീഢഃ ഛൎദ്ദിരരോചകാഗ്നിമന്ദനശ്വാസപ്രസേകാപഹഃ**

വിലാമം=ക്രുവാളത്തിൻവേര്‌ പലം നാല എട്ടിടങ്ങഴിവെള്ളത്തിൽ കഷായം വച്ചു രണ്ടിടങ്ങഴിയാക്കി പിഴിഞ്ഞരിച്ചു അതിൽ പതിനാറുപലം പഴയ ശക്കര കലക്കി അരിച്ചു, ഘനം=മുത്തങ്ങാ. ധാന്യം=കൊത്തമല്ലി. ജീരകം, ത്രുടീ=ഏലത്തരി ത്വക്ക്=ഇലവൎങ്ങം. കേസരം=നാഗപ്പൂവ്. ത്ര്യൂഷണം=ചുക്ക്, മുളക്, തിപ്പലി ഇവ മൂന്നു കഴഞ്ചുവീതം നല്ലപോലെ ചൂൎണ്ണിച്ചു ലേഹപാകത്തിൽ യോജിപ്പിച്ചു സേവിക്ക. ഛൎദ്ദി, അരുചി, അഗ്നിമാന്ദ്യം, ശ്വാസം, വായിൽകൂടി വെള്ളം വരിക ഇവ ശമിക്കും. ക്രുവാളവേർ പച്ചതന്നെ ചേൎക്കുന്നതു ഉത്തമം.

## ൨. കൂശ്മാണ്ഡകരസായനം (൧)

കൂശ്മാണ്ഡകസ്യ ജീൎണ്ണസ്യ രസമാഢകമാഹരേത്
ഗുളാഢകന്തു സംസൃജ്യ തതഃ പാകായ സംശ്രയേത്
കൂശ്മാണ്ഡകം പുനഃ ഛിന്നം സ്വിന്നം ശുഷ്കാജ്യഭൎജ്ജിതം
ചൂൎണ്ണയിത്വാ ച തൽപ്രസ്ഥം സമാവാപ്യ വിപാചയേത്
ലേഹീഭൂതേ തതസ്തസ്മിൻ ചൂൎണ്ണാനീമാനിദാപയേത്
ഏലാലവംഗമരിചമജാജീവിശ്വഭേഷജം
തമാലപത്രം പിപ്പല്യഃ പ്രത്യേകം പലസമ്മിതാൻ
ഘൃതസ്യ കുഡുബം ചാത്ര ശക്കരായാഃ പലാഷ്ടകം
ഘൃതഭാണ്ഡസ്ഥിതം ഖാദേദ്യഥാഗ്നിബലമാതുരഃ
ഏകാദശവിധം ശുഷ്കം ക്ഷയമാശു വ്യപോഹതി
അസൃഗ്ദരം രക്തപിത്തം കാസം ശ്വാസമരോചകം
ഗുദജഞ്ച നിഹന്ത്യാശു രസായനമനുത്തമം.

ജീൎണ്ണം=പഴകിയതു്. കൂശ്മാണ്ഡകം=നെയ്ക്കുമ്പളങ്ങാ. ആഢകം=നാലിടങ്ങഴി ഗുളം=ശക്കര. ഛിന്നം=നുറുക്കിയതു്. സ്വിന്നം=വാട്ടിയതു്. ശുഷ്കാജ്യഭൎജ്ജിതം=നെയ്യിൽ വറട്ടി മൂപ്പിച്ചതു്. ഏലം=ഏലത്തരി. ലവംഗം=ഇലവൎങ്ങം. മരിചം=കുരുമുളക്. അജാജി=ആശാളി. വിശ്വഭേഷജം=ചുക്ക്. തമാലപത്രം=പച്ചില. പിപ്പല്യഃ=തിപ്പലിയും ചെറുതിപ്പലിയും. ഇവ പലസമ്മിതം=ഓരോ പലംവീതം. ശക്കര=പഞ്ചസാര. ഘൃതഭാണ്ഡം=നെയ്ക്കുടം അനുത്തമം=അസ്മാദുത്തമം ന വിദ്യത ഇതി അനുത്തമം (അത്യുത്തമം)

പഴയ നെയ്ക്കുമ്പളങ്ങയുടെ നീരു് ഇടങ്ങഴി ൪. പഴയ ശക്കര പലം ൩൨. കലക്കി അരിച്ചു കട്ടപ്പിലാക്കി, കുമ്പളങ്ങാ പിഴിഞ്ഞ കൊത്തു അരിഞ്ഞുവാട്ടി നെയ്യ്ചേത്തു വറട്ടി അരച്ചു അതുംകൂടി ചേത്തു ലേഹപാകമായാൽ ഏലത്തരി, ഇലവൎങ്ങം, മുളകു്, ആശാളി, ചുക്ക, പച്ചില, തിപ്പലി ഇവ ഓരോ പലംവീതം ചൂൎണ്ണിച്ചതും, എട്ടുപലം പഞ്ചസാരയും നാഴി പശുവിൻനെയ്യുംചേത്തു പാകമാക്കി നെയ്പാത്രത്തിൽ സൂക്ഷിച്ചുവച്ചിരുന്നു; ദഹനശക്തി അനുസരിച്ചു മാത്രയിൽ സേവിക്ക. രാജയക്ഷ്മാവും അതിന്റെ ഉപദ്രവങ്ങളും അസൃഗ്ദരം, രക്തപിത്തം, കാസശ്വാസങ്ങളും, അരുചി, അൎശസ്സ് ഇവയും ശമിക്കും.

## ൩. കൂശ്മാണ്ഡകരസായനം (൨)

വീതത്വഗസ്ഥികൂശ്മാണ്ഡതുലാം സ്വിന്നാം പുനഃ പചേത്
ഘട്ടയൻ സൎപ്പിഷഃപ്രസ്ഥേ ക്ഷൌദ്രവൎണ്ണേത്ര ച ക്ഷിപേത്

ഖണ്ഡാശതം കണാശുണ്ഠ്യോർദ്വിപലം ജീരകാദപി
ത്രിജാതധാന്യമരിചം പൃഥഗർദ്ധപലാംശകം
അവതാരിതശീതേ ച ക്ഷൗദ്രം ദദ്യാത് ഘൃതാർദ്ധകം
ഖജേനോന്മഥ്യ ച സ്ഥാപ്യം തന്നിഹന്ത്യുപയോജിതം
കാസഹിധ്മാജ്വരശ്വാസരക്തപിത്തക്ഷതക്ഷയാൻ
ഉരഃസന്ധാനജനനം മേധാസ്മൃതിബലപ്രദം
അശ്വിഭ്യാം വിഹിതം ഹൃദ്യം കൂശ്മാണ്ഡകരസായനം.

വീതത്വഗസ്ഥികൂശ്മാണ്ഡതുലാം=തോട്ടും കുരുവും കളഞ്ഞ കുമ്പളങ്ങാക്കഷണം തുലാം ൧൦൦. സ്വിന്നം=വാട്ടിയതു്. ഘട്ടയൻ=ഇളക്കിച്ചേൎത്തു്. സൎപ്പിസ്സു്=നെയ്യു്. പ്രസ്ഥം=ഇടങ്ങഴി. ക്ഷൗദ്രവൎണ്ണം=തേനിന്റെ നിറം. ഖണ്ഡം=കല്ക്കണ്ടം. ശതം=൧൦൦. കണാ=തിപ്പലി. ശുണ്ഠി=ചുക്കു്. ജീരകം, ത്രിജാതം=ഏലത്തരി ഇലവൎങ്ഗം, പച്ചില. ധാന്യം=കൊത്തമ്പാലയരി. മരിചം=കുരുമുളകു്. പൃഥഗൎദ്ധപലാംശകം=അരപ്പലംവീതം. അവതാരിതശീതം=വാങ്ങിവച്ചു ആറിയതു്. ക്ഷൗദ്രം=തേൻ. ഘൃതാൎദ്ധം=നെയ്യിൽ പകുതി. ഖജം=മത്തു്. ഉന്മഥ്യ=കടഞ്ഞിട്ടു്.

പഴയ നെയ്കുമ്പളങ്ങാ തോട്ടും കുരുവും കളഞ്ഞു ചിരവയിൽ തിരുകിയോ ചെറുതായി നുറുക്കിയോ ൧൦൦ പലം വാട്ടിപ്പിഴിഞ്ഞു ചാറു വേറെ വച്ചിട്ടു് അതിന്റെ തൊണ്ടു (=കൊത്തു) വീണ്ടും പാത്രത്തിലിട്ടു ഇടങ്ങഴി നെയ്യുംചേൎത്തു നല്ലപോലെ ഇളക്കി വാട്ടി തേനിന്റെ നിറമായി മൂത്താൽ എടുത്തു അരച്ചുവെയ്ക്കുക. ആദ്യം എടുത്തുവച്ച കുമ്പളങ്ങാനീരിൽ ൧൦൦ പലം കല്ക്കണ്ടുചേൎത്തു ലേഹപാകത്തിലായാൽ അരച്ചുവച്ച കുമ്പളങ്ങായും തിപ്പലി, ചുക്കു്, ജീരകം ഇവ രണ്ടുപലം വീതവും ഏലം, ഇലവൎങ്ഗം, പച്ചില, കൊത്തമ്പാലയരി, കുരുമുളകു് ഇവ അരപ്പലം വീതവും പൊടിച്ചതും, വറുത്ത നെയ്യു ബാക്കിയുണ്ടായാൽ അതും ചേൎത്തു പാകമായാൽ ഇറക്കിവച്ചു തണുത്തശേഷം ഇരുന്നാഴി തേനുംചേൎത്തു ഇളക്കി സൂക്ഷിക്ക. ഇതു സേവിച്ചാൽ കാസം, ഇക്കിൾ, ജ്വരം, വലിവ, രക്തപിത്തം, ഉരഃക്ഷതം, ക്ഷയം ഇവയെ ശമിപ്പിക്കും. നെഞ്ചിനു ബലം വരുത്തും. ധാരണാശക്തിയും ഓൎമ്മബലവും ഉണ്ടാക്കും. ഈമാതിരി ഉണ്ടാക്കിയതിനു ഫലപ്രദമായിട്ടുതന്നെയാണു അനുഭവം. എന്നാൽ വാട്ടിപ്പിഴിഞ്ഞു നീരു കളയുന്നതിനു വിചികിത്സാഫലമെന്നല്ലാതെ പരിഗണിക്കേണ്ടതില്ല.

## ൪. മാണിഭദ്രഗുളം.

വിളംഗസാരാമലകാഭയാനാം
പലം പലം ത്രീണി പലാനി കുംഭാത്
ഗുളസ്യ ച ദ്വാദശഭാഗമേഷ
ജിതാത്മനാ ഹന്ത്യുപയുജ്യമാനഃ
കുഷ്ഠശ്വിത്രശ്വാസകാസോദരാർശോ-
മേഹപ്ലീഹഗ്രന്ഥിരുക് ജന്തുഗുന്മാൻ
സിദ്ധം യോഗം പ്രാഹ യക്ഷോ മുമുക്ഷോ-
ർഭിക്ഷോ പ്രാണാൻ മാണിഭദ്രഃ കിലേമം.

വിളംഗസാരം=വിഴാലരിക്കാമ്പു്. ആമലകം=നെല്ലിക്കാത്തോടു്. അഭയ=കടുക്കാത്തോടു് ഇവ ഓരോ പലംവീതം. കുംഭം=ത്രികോല്പക്കൊന്ന പലം ൩. ഗുളം=ശൎക്കര ദ്വാദശപലം=പന്ത്രണ്ടുപലം. മരുന്നുകൾ പൊടിച്ചു ശീലപ്പൊടികൊണ്ടു ശൎക്കരയും ചേൎത്തു ഉരലിലിട്ടു അഞ്ചുനാഴികയിൽ കുറയാതെ ഇടിച്ചു പാകമാക്കി

എടുക്ക. ഈ ലേഹം ജിതേന്ദ്രിയനായി ഒരുമാസം സേവിച്ചാൽ കുഷ്ഠം, ശ്വാസം, കാസം, ശോഷം, മഹോദരം, അർശസ്സ്, പ്രമേഹം, പ്ലീഹ, ഗ്രന്ഥി, കൃമിരോഗം, ഗുന്മം ഇവ ശമിക്കും. മേൽപറഞ്ഞ രോഗങ്ങൾനിമിത്തം ഒരു സന്യാസി മരിക്കാൻ തുനിഞ്ഞപ്പോൾ മാണിഭദ്രൻ എന്ന പേരുള്ള യക്ഷൻ ഈ ഔഷധം അദ്ദേഹത്തിന്ന ഉപദേശിച്ചതാകയാൽ മാണിഭദ്രം എന്ന പേരുവന്നുവേന്നു. ഇതു ചിലർ അഗ്നിപാകമാക്കി തയ്യാറാക്കുന്നതിന്ന ഗുണഭേദം കാണുന്നതിനാൽ ഈമാതിരിയാണ് വൃദ്ധവൈദ്യന്മാർ സ്വീകരിച്ചിട്ടുള്ളതു്.

## ൮. ശതാവരീഗുളം (൧)

ശതാവര്യാസ്സു മൂലാനാമാഢകം സ്വരസം ഭവേത്
താവദിക്ഷുരസഞ്ചൈവ ഘൃതപ്രസ്ഥം പ്രയോജയേത്
ഭേഷജാന്യാവപേത്തത്ര മധുകോശീരചന്ദനം
മധൂകപുഷ്പം ശ്യോനാകം ത്രിജാതം ജീരകം തഥാ
കസ്തുംബുരുണി കൃഷ്ണാ ച ധാത്രീകുഷ്ഠഞ്ച പത്മകം
ഏതാന്യർദ്ധപലാന്യേവ ദത്വാ മൃദ്വഗ്നിനാ പചേത്
യാവദ്ദർവ്വിവിലേപഃ സ്യാത്തദൈനമവതാരയേത്
പ്രാതരുത്ഥായലേഹ്യോ ƒയംപശ്ചാത് ക്ഷീരേണഭോജയേത്
സർവ്വകൃച്ഛ്രേഷു മേഹേഷു രക്തപിത്തേ ഹലീമകേ.

ശതാവരിക്കിഴങ്ങിൻനീരു ഇടങ്ങഴി ൪. ഇക്ഷുരസം=കരിമ്പിൻനീരു ഇടങ്ങഴി ൪. ഘൃതപ്രസ്ഥം=നെയ്യ് ഇടങ്ങഴി ൧. ഒരുമിച്ചുചേർത്തു ലേഹപാകമാക്കി മധുകം=ഇരട്ടിമധുരം. ഉശീരം=രാമച്ചം ചന്ദനം. മധൂകപുഷ്പം=ഇലിപ്പപ്പൂവ്. ശ്യോനാകം=പലകപ്പയ്യാനി. ത്രിജാതം=ഏലത്തരി, ഇലവർങ്ങം, പച്ചില. ജീരകം, കസ്തുംബുരു=തുമ്പുണലരി. കൃഷ്ണ=തിപ്പലി. ധാത്രി=നെല്ലിക്കാത്തോടു്. കുഷ്ഠം=വെള്ളക്കൊട്ടം. പത്മകം=പതിമുകം ഇവ അരപ്പലംവീതം നേരെക്ക പൊടിച്ചതുചേർത്തിളക്കി ലേഹമാക്കി മന്ദാഗ്നിയിൽ പാകംചെയ്ക. ചട്ടുകത്തിൽ പററിത്തുടങ്ങുമ്പോൾ പാകമാകും. ഇതു പരിചയംകൊണ്ടറിയണം. ഈ ലേഹം രാവിലെ ഉപയോഗിക്കയും പാൽ അന്നപാനമായി സേവിക്കയും ചെയ്താൽ എല്ലാമാതിരി മൂത്രകൃച്ഛ്റങ്ങളും പ്രമേഹവും രക്തപിത്തവും കാമിലയും ശമിക്കും.

## ൯ ശതാവരീഗുളം (൨)

ശതാവരീരസപ്രസ്ഥം തന്നിലെട്ടുപലം സിതാ
കലക്കി നാഴിനെയ് വീഴ്ത്തി പക്ത്വാ ദർവ്വീപ്രലേപഗേ
ചുക്കുതിപ്പലി യഷ്ട്യാഹ്വാമേലത്തരി ഞെരിഞ്ഞിലും
കഷായക്കൽ ഭൂമിതാലകന്ദം താർതാവൽവേരപി
പാഠാ വിദാരി നന്നാറി പാല്വവള്ളിക്കിഴങ്ങുകൾ
കിഴകാനെല്ലിതൻവേരും മുമ്മൂന്നാക കഴഞ്ചിവ
പൊടിച്ചുതന്നിലിട്ടിട്ടു സീതാമപി പലദ്വയം
നാഴിക്കുറുവയുമായ് ക്ഷിപ്ത്വാ വാങ്ങിനന്നായിളക്കിയാൽ
പിന്നെ മൃദ്ഭാജനേ ചേർത്തു ലേഹം പ്രാതരിദം ലിഹേത്
സർവ്വമൂർച്ഛാസു മേഹേഷു രക്തപിത്തേ ഹലീമകേ

**കാമിലായാഞ്ച നന്നേററം വയററിൽക്കുത്തിനും തഥാ**
**ശതാവരിഗുളം നാമ്നാ സവ്സ്രാവേഷു പൂജിതം**

ഇടങ്ങഴി ശതാവരിക്കിഴങ്ങിൻനീരിൽ എട്ടുപലം പഞ്ചസാരചേർത്തു നാഴിനെയ്യുംവീഴ്ത്തി തീയെരിച്ചു പാകമാകുമ്പോൾ ചുക്ക്, തിപ്പലി, യഷ്ട്യാഹ്വം=എരട്ടിമധുരം. ഏലത്തരി, ഞെരിഞ്ഞിൽ, കഷായക്കൽ=കാവിമണ്ണ്. (അഞ്ജനക്കല്ലെന്നു ചിലൎക്കു പക്ഷമുണ്ട്.) ഭൂമിതാലകന്ദം=നിലപ്പനക്കിഴങ്ങ്. താർതാവൽവേര്, പാഠ=പാടക്കിഴങ്ങ്. വിദാരി=പാൽമുതക്കിൻകിഴങ്ങ്. നറുനീണ്ടിക്കിഴങ്ങ്. പാൽവള്ളിക്കിഴങ്ങ്, കീഴാനെല്ലിവേർ ഇവ ന കഴഞ്ചുവീതം. ഇതിൽ പച്ചമരുന്നുകൾ അരച്ചുണക്കി പൊടിച്ചു ചേർക്കുക. പച്ചയ്ക്കരച്ചു ചേർത്താൽ ലേഹം പൂത്തുപോകും. മേല്പറഞ്ഞ മരുന്നുകളുടെ പൊടിയും വ പലം പഞ്ചസാരയും നാഴി ക്രവന്തവും വിതറി ഇളക്കി പാകമായാൽ വാങ്ങി മൺപാത്രത്തിൽ സൂക്ഷിച്ചു രാവിലെ സേവിക്കുക, മദമൂർച്ഛകൾ പ്രമേഹം രക്തപിത്തം കാമില വയറുവേദന രക്തസ്രാവം അസ്ഥിസ്രാവം മുതലായവ ശമിക്കും.

## ൭. ശതാവരിഗുളം (ന)

**ഗുളാഢകേന സംസൃജ്യ ശതാവര്യ്യാരസാഢകം**
**ഘൃതപ്രസ്ഥം സമാവാപ്യ ശനൈർമൃദ്വഗ്നിനാ പചേത്**

**വിശാലാമുസലീപാഠാശ്വദംഷ്ട്രാശാരിബാദ്വയൈഃ**
**വസ്വജഡാ വിദാരീഭിർമാഗധീമധുകാദ്രിജൈഃ**

**അക്ഷാംശൈശ്ചൂർണ്ണിതൈസ്സമൃഗ് ലേഹേ സിദ്ധേऽവതാരിതേ**
**കുഡുബഞ്ച തുഗാക്ഷീര്യ്യാശ്ശർക്കരായാശ്ചതുഷ്പലം**

**തല്ലേഹം സ്വനുഗുപ്തന്തു സപ്തരാത്രം നിധാപയേത്**
**പ്രലിഹ്യാത് പ്രാതരുത്ഥായ യഥാഗ്നിബലമാതുരഃ**

**വിംശതിം മൂത്രകൃച്ഛ്രാണാം പ്രമേഹാണാഞ്ച വിംശതിം**
**വാതപിത്തമസൃക്പിത്തം മൂഢവാതം ഹലീമകം**

**ക്ഷതം ക്ഷയം പാദദാഹം കാമിലാമുദ്ധതാമപി**
**യോനിദോഷം രജോദോഷമസ്ഥിസ്രാവമസൃഗ്ദരം**

**വാതപിത്തകൃതാൻ രോഗാൻ അന്യാനപി ച നാശയേത്**
**ശതാവരീഗുളാഖ്യന്തു രസായനമനുത്തമം.**

ഗുളാഢകം=ശക്കര പലം നൂർ. ശതാവര്യ്യാരസാഢകം=ശതാവരിക്കിഴങ്ങിൻനീരു ഇടങ്ങഴി ർ. ഘൃതപ്രസ്ഥം=നെയ്യ് ഇടങ്ങഴി ൧. ഇവ ഒരുമിച്ചുചേർത്തു മന്ദാഗ്നിയിൽ പാകമാക്കി ലേഹപാകമായാൽ വിശാലം=ചുക്ക് ഏലം=ഏലത്തരി. മുസലി=നിലപ്പനക്കിഴങ്ങ്. പാഠാ=പാടക്കിഴങ്ങ്. ശ്വദംഷ്ട്ര=ഞെരിഞ്ഞിൽ. ശാരിബാദ്വയം=നറുനീണ്ടിക്കിഴങ്ങും പാൽവള്ളിക്കിഴങ്ങും വസു=താർതാവൽവേര്, അജ്ഝടാ=കീഴാനെല്ലിവേര്. വിദാരി=പാൽമുതക്കിൻകിഴങ്ങ്. മാഗധി=തിപ്പലി മധുകം=ഇരട്ടിമധുരം. അദ്രിജം=കന്മദം. ഇവ ന കഴഞ്ചുവീതം നേർക്കുപ്പൊടിച്ചതും നാഴി ക്രവന്തവും നാലുപലം പഞ്ചസാരയും ചേർത്തിളക്കി പാകമാക്കി ഇറക്കി ഒരു പാത്രത്തിലാക്കി അടച്ചുകെട്ടി ഏഴുദിവസം നെല്ലിൽ കുഴിച്ചുവയ്ക്കുക. അനന്തരം എടുത്തു രാവിലെ അഗ്നിബലം അനുസരിച്ചുള്ള മാത്രയിൽ സേവിക്കുക. ഇരുപതുപ്രകാരമുള്ള മൂത്രകൃച്ഛ്രങ്ങളും ഇരുപതുവിധമുള്ള പ്രമേഹങ്ങളും വാതരോഗവും പിത്തവും രക്തപിത്തവും ഉരഃക്ഷതവും ക്ഷയരോഗവും പാദദാഹവും വർദ്ധിച്ച കാമി

ലയും യോനിരോഗങ്ങളും ആർത്തവദോഷങ്ങളും അസ്ഥിസ്രാവവും രക്തസ്രാവവും മററുള്ള അനേകരോഗങ്ങളും ശമിക്കും.

## വ്യ. എള്ളുംതിപ്പല്യാദിലേഹം.

എള്ളുംതിപ്പലിയും പലംപലമുഭേ വെവ്വേറെ ലന്തപ്പഴം
ലോഹം മുപ്പലമാകെനാല്പലമിദം ശുണ്ഠീ തഥാ മാക്ഷികം
യുഗ്മംകൊൾക പലസ്യ പന്തിരുപലം ഖണ്ഡം മധുദ്രാവിതം
പ്രാതർഭക്ഷിരമാശു ഹന്തി ഗുദജപ്ലീഹാദിപാണ്ഡ്വാമയാൻ.

എള്ള്, ലന്തപ്പഴം ഇവ പലം ൧ വീതം അരയ്ക്കണം. തിപ്പലി പലം ൧. ചുക്ക പലം ൪. ഇവ നേരിക്കെ പൊടിച്ചുവയ്ക്കൂ. ഇരുമ്പുഭസ്മം പലം ൩. ൧൨ പലം കല്ക്കണ്ട് ൩ ഇടങ്ങഴി വെള്ളത്തിലിട്ട അടുപ്പിൽവച്ചു ഇളക്കി പാകമാകുമ്പോൾ അതിൽ മേല്പറഞ്ഞവ യഥാപാകം യോജിപ്പിച്ചു ലേഹമാക്കി വാങ്ങി ആറിയാൽ നാഴി തേനും ചേർത്തിളക്കി എടുത്തു സൂക്ഷിച്ചു രാവിലെ സേവിക്ക. അർശസ്സ്, പ്ലീഹോദരം, പാണ്ഡുരോഗം മുതലായവ ശമിക്കും. ഇതിന്റെ അളവിനും വിധാനത്തിനും കല്പിക്കുന്ന ഭേദങ്ങൾ വിസ്തരഭയത്താൽ ഇവിടെ ചേർക്കുന്നില്ല.

## ൻ. ചിഞ്ചാദിലേഹം

പ്രകുഞ്ചോ ജീർണ്ണചിഞ്ചായാഃ പഞ്ചജീർണ്ണഗുളസ്യ ച
ദശ ലോഹസ്യ കിട്ടസ്യ ദ്വൌ ദ്വൌ വിലാവിളംഗയോഃ
ചിത്രനാഷണത്ര്യൂഷണാനാം ശ്രേഷ്ഠാ ജീരകയുഗ്മയോഃ
ത്രിജാതയഷ്ടീരാസ്നാനാം ജാതീഫലദളസ്യ ച
ഏതേഷാം പൃഥഗർദ്ധാംശം യോജയേന്മതിമാൻ ഭിഷക്
ഏതത് ചിഞ്ചാദികം നാമ ലേഹം മാക്ഷികസേവിതം
തക്രേണ വാ രുചികരം ദീപനം പാണ്ഡുനാശനം
ത്വഗാദിഷു ച പീതത്വം ദാഹതൃഷ്ണോഷ്ണകാമിലാഃ
അല്പകം ശ്വാസവൈഗന്ധ്യം ഘോരാനന്യാംശ്ച വായുജാൻ
ദശരാത്രാദതിക്രാന്തം ജ്വരഞ്ചാശു നിവർത്തയേത്.

ജീർണ്ണചിഞ്ചാ=ഇതിന്ന പഴയ കുടമ്പുളിയെന്ന ഭാഷ. ഇതു തെക്കൻദിക്കുകളിൽ പിണമ്പുളി എന്ന പറയുന്ന സാധനമാണ്. ജീർണ്ണഗുളം=പഴയശർക്കര. ലോഹം= ഇരുമ്പുഭസ്മം. കിട്ടം=മണ്ഡൂര(പുരാണകിട്ട)ഭസ്മം വിലാപം=ക്രുവളുവേര്. വിഡംഗം= വിഴാലരി. ചിത്രനാഷണം=വാൽമുളക്. ത്ര്യൂഷണം=ചുക്ക് മുളക് തിപ്പലി. ശ്രേഷ്ഠ= ത്രിഫലത്തോട്. ജീരകയുഗ്മം=ജീരകവും കരിഞ്ജീരകവും. ത്രിജാതം=ഏലം ഇലവർങ്ഗം പച്ചില. യഷ്ടി=ഇരട്ടിമധുരം. രാസ്ന=ചിററത്ത. ജാതീഫലം=ജാതിക്കാ. ദളം= ജാതിപത്രി. മാക്ഷികം=തേൻ. തക്രം=മോര്. പ്രകുഞ്ചം=പലം.

പഴകിയ പിണംപുളി അഞ്ചുപലം കഷായംവച്ച് രസമെടുത്തു അതിൽ പത്തു പലം പഴയശർക്കര കലക്കി ലേഹപാകമായാൽ ക്രുവളുവേര്, വിഴാലരിക്കാമ്പ്, വാൽമുളക്, ത്രികടുക്, ത്രിഫലത്തോട്, ജീരകം, കരിംജീരകം, ഏലം, ഇലവർങ്ഗം പച്ചില, എരട്ടിമധുരം, ചിററരത്ത, ജാതിക്ക, പത്തിരി ഇവ അരപ്പലംവീതം നേരിക്കെപ്പൊടിച്ചതു ചേർത്തിളക്കി ലേഹമാക്കി സൂക്ഷിക്ക. ഈ ലേഹം തേനിൽ കുഴച്ചോ മോരിൽകലക്കിയോ സേവിക്ക. രുചിയും അഗ്നിദീപ്തിയും ഉണ്ടാകും. പാണ്ഡുരോഗവും, സന്താപം, തണ്ണീർദാഹം, കാമില, പുളിച്ചുതേട്ടൽ, ശ്വാസദുർഗ്ഗന്ധം, അർശസ്സ് ഇവയും ശമിക്കും. പഴകിയ ജ്വരത്തിന്നും നന്ന്. "ജ്വരാഗ്നിമതിക്രാന്തം" എന്നും പാഠാന്തരം.

## ൧൦. അശ്വഗന്ധാദിലേഹം.

**അശ്വഗന്ധം തിലം മാഷം ഗുളം മാഗധിസപ്പിഷാ**
**അൎദ്ധമാസപ്രയോഗേണ കുഞ്ജരേണ സമം ബലം.**

അശ്വഗന്ധം=അമുക്കുരം. തിലം=എള്ള്. മാഷം=ഉഴുന്നു്. ഗുളം=ശക്കര. മാഗധി=തിപ്പലി.

ശക്കര പാവുകാച്ചി അതിൽ മേൽപറഞ്ഞ മരുന്നുകൾ പൊടിച്ചും എള്ള് അരച്ചുംചേൎത്തു് ഔചിത്യംപോലെ നെയ്യുംചേൎത്തു ലേഹമാക്കി സേവിക്ക. ൧൫ ദിവസം സേവിച്ചാൽ ഗജത്തിനൊത്ത ബലമുണ്ടാകുമെന്നു ഫലശ്രുതി. പലക്കും ശാസ്ത്രാൎത്ഥം ഗ്രഹിക്കുന്നകാൎയ്യത്തിൽ തെറ്റുപറ്റുന്നുണ്ടു്. എല്ലാം ശാസ്ത്രങ്ങളിലുമെന്നപോലെ വൈദ്യത്തിലും അൎത്ഥവാദം സ്വീകരിക്കമാറുണ്ടു. ശിവനാമം ഒരിക്കൽ ഉച്ചരിച്ചാൽ തന്നെ സകലപാപങ്ങളും ശമിക്കും എന്നു പറഞ്ഞാൽ ആയതു് ഒരിക്കലേ ജപിക്കാവു എന്നും പിന്നീടു് ജപിക്കേണ്ട ആവശ്യമില്ലെന്നുമല്ല ഗ്രഹിക്കേണ്ടതു്. ശിവനാമം ഏററവും പാപഹരമാണു്. അതു് ജപിക്കേണ്ടതാണെന്ന വിവക്ഷിതമുള്ളു. അതുപോലെ ഔഷധഫലശ്രുതിയലെയും അൎത്ഥവാദം സമരസപ്പെടുത്തി ഗ്രഹിക്കാതെ അവിശ്വസിക്കാനും വാദപ്രതിവാദത്തിനും പുറപ്പെടുന്നതു് ഔചിത്യമല്ല.

## ൧൧. ഇക്ഷുരാദിലേഹം.

**ഇക്ഷുരഗോക്ഷുരമക്കടിബീജം മുസലിശതാവരിമാഷതിലഞ്ച**
**ഗോഘൃതശക്കരമധുസംയുക്തം നാരീജനഗജകേസരിയോഗം.**

ഇക്ഷുരം=വയൽചുള്ളിഅരി. ഗോക്ഷുരം=ഞെരിഞ്ഞിൽ. മക്കടിബീജം=നായ്ക്കുരുണയരി. മുസലി=നിലപ്പനക്കിഴങ്ങു്. മാഷം=ഉഴുന്നു്. തിലം=എള്ള്. ഗോഘൃതം=പശുവിൻനെയ്യ്. ശക്കര=പഞ്ചസാര. മധു=തേൻ.

ശതാവരിക്കിഴങ്ങിൻനീരിൽ പഞ്ചസാരചേൎത്തു ലേഹപാകമായാൽ മേൽപറഞ്ഞവ പൊടിച്ചും എള്ളരച്ചുംചേൎത്തു ലേഹമാക്കി നെയ്യും യോജിപ്പിച്ചു് ആറിയാൽ തേനും ചേൎത്തിളക്കി സേവിക്ക. ശുക്ലവൃദ്ധിയുണ്ടാകും. ധാതുപോഷണവുമാകുന്നു

## ൧൨. മധുസ്നുഹീരസായനം.

**ദ്വികണ്ഡലീഫലത്രയം കടുത്രയം ത്രിജാതകം**
**യവാനി സൈന്ധവാന്വിതം വിളംഗസാരരാസ്നകം**
**സഭാർങ്ഗിചവ്യഗ്രന്ഥികം ച ധാന്യയുഗ്മജീരകം**
**സമാംസികുഷ്ഠചിത്രകം ച ശാരിബാവരാഹികം**
**അശ്വഗന്ധസംയുതം പൃഥക് ച കർഷചൂൎണ്ണിതം**
**മധുസ്നുഹി തു തത്സമം സശക്കരം സമാംശകം**
**സഗോഘൃതം സമാക്ഷികം സുപാകപാകം രസായനം**
**പ്രഭാതകാലസേവിതം സുദീപനം രുചിപ്രദം**
**വാതപിത്തരുക്ഷജഞ്ച ശ്ലേഷ്മകം ക്ഷയഘ്നകം**
**പ്രമേഹഹാരി ഗുന്മശൂലകണ്ഡുജം നൃണാം പരം**
**സവ്വധാതുവദ്ധനം ബലപ്രദം സുഖപ്രദം**
**പൂജ്യപാദഭാഷിതം മധുസ്നുഹീരസായനം.**

ദ്വികണ്ടകി=ചെറുവഴുതിനയും തമിഴാമവേരും. ഫലത്രയം=നെല്ലിക്കാത്തോടും താന്നിക്കാത്തോടും കടുക്കാത്തോടും. കടുത്രയം=ചുക്കു മുളകു തിപ്പലി. ത്രിജാതകം=ഏലം, ഇലവർങ്ങം, പച്ചില. യവാനി=ജീരകം. സൈന്ധവം=ഇന്തുപ്പ്. വിഴംഗസാരം=വിഴാലരിക്കാമ്പു. രാസ്നം=ചിററരത്ത. ഭാർങ്ങി=ചെറുതേക്കിൻവേരു്. ചവ്യം=കാട്ടുമുളകിൻവേരു്. ഗ്രന്ഥികം=കാട്ടുതിപ്പലിവേരു. ധാന്യം=കൊത്തമ്പാലയരി. യുഗ്മജീരകം=പെരുംജീരകവും കരിംജീരകവും. മാംസി=മാഞ്ചി. കുഷ്ഠം=വെളുത്തകൊട്ടം. ചിത്രകം=കൊടുവേലിക്കിഴങ്ങു്. ശാരിബം=നറുനീണ്ടിക്കിഴങ്ങ്. വരാഹികം=നിലപ്പനക്കിഴങ്ങു്. അശ്വഗന്ധം=അമുക്കുരം ഇവ ൩ കഴഞ്ചുവീതം. മധുസ്നുഹി=ചീനപ്പാവു. ഇവയെല്ലാം കൂട്ടുന്നെടത്തോളം (ആറേമുക്കാൽ പലം) പഞ്ചസാര ചീനപ്പാവിനുസമം.

പഞ്ചസാര പാവുകാച്ചി ലേഹപാകമായാൽ മേൽപറഞ്ഞവയിൽ അരച്ചുണക്കേണ്ടവ അരച്ചുണക്കിയും മററുള്ളവ ഉണക്കിയും പൊടിച്ചതു യോജിപ്പിച്ചു പശുവിൻനെയ്യും (ഔചിത്യംപോലെ, ആറിയാൽ തേനുംചേൎത്തു രസായനമാക്കി സൂക്ഷിക്ക. അഗ്നിപാകമല്ലാതെ ചേൎത്തു മൎദ്ദിച്ചുമാകാം. ഇതു് രാവിലെ സേവിച്ചാൽ രുചിയും അഗ്നിദീപ്തിയും ഉണ്ടാക്കും. വാതരോഗങ്ങൾ, പിത്തം, കഫം ഇവയേയും ക്ഷയത്തേയും പ്രമേഹത്തെയും ഗുന്മത്തെയും ശൂലയെയും കണ്ണുരോഗത്തെയും ശമിപ്പിക്കും. ധാതുവൃദ്ധിയെ ഉണ്ടാക്കും. ബലവും സുഖവും ഉണ്ടാക്കും. മധുസ്നുഹീരസായനമെന്നു പേർ. ഇതിൽ ഇരട്ടിമധുരം മുതലായവയുടെ കഷായംചേൎത്തും കദളീരസായനമെന്നപേരിൽ അല്പം മരുന്നു വ്യത്യാസത്തോടുകൂടിയും "കാട്ടിലെത്തിപ്പലി മൂലവും മോചവും കാട്ടുമുളകിൻെറ വേരും നിലപ്പന ഇത്യാദിയായി കുറേ വ്യത്യാസത്തോടുകൂടിയും പലവിധം മധുസ്നുഹീരസായനങ്ങൾ ഉണ്ടു്.

## ൧൩. പുളിംകുഴമ്പ്. (൧)

**ചുക്കുംതിപ്പലിയും പുരാണമുളകും കായം കരിംജീരകം**
**സിദ്ധാൎത്ഥം കൊടുവേലി കാട്ടുമുളകും ദീപ്യം തഥാ ജീരകം**
**കാട്ടിൽതിപ്പലിയും സുചൂൎണ്ണിതമിദം നേൎത്തുപ്പുനീരാൽതരാം**
**ചിററുള്ളിപതിനാറുകൊൾകിതുപലം സേൎത്തുപ്പു വിലാപം തഥാ**
**കൂക്കിൻനീർപുളിയോടുമോരൊടുസമം മുന്നാഴിയും നാഴിയും**
**മുന്നംചൊന്നവയും കലക്കിയതിനെ പാത്രേ പുനഃ പാചയേത്**
**ദൎവ്വീലേപനതാം ഗതം പുലരിയേ കൎഷപ്രമാണം ലിഹേത്**
**ഗുന്മാനഷ്ടവിധാൻ നിഹന്തി സകലാൻ ശൂലാന്ത്രപാണ്ഡ്വാമയാൻ**

ചുക്കു്, തിപ്പലി, പഴയ കുരുമുളകു് കായം, കരിംജീരകം, സിദ്ധാൎത്ഥം=കടുകു്, കൊടുവേലിക്കിഴങ്ങു്, കാട്ടുമുളകിൻവേരു്, ദീപ്യം=അയമോദകം, ജീരകം, കാട്ടുതിപ്പലിവേരു് ഇവ ചൂൎണ്ണമാക്കുക. കൂക്കിൻനീരു=കൂക്കയിലനീരു ഒരിടങ്ങഴി (ഇതു ചീവക്കിഴങ്ങുചെടിയുടെ ഇല എന്നു സ്വീകരിച്ചുവരുന്നതു ശരിയല്ല. ഞവര ഇല എന്നു പേരുള്ളതും, ചീവയോടു ആകൃതിസാമ്യമുള്ളതുമായ പനിക്കൂൎക്കയുടെ നീരു ചേൎത്തുവരുന്നുണ്ടു്. ചീവക്കിഴങ്ങിനു കൂത്തിക്കൂക്കയെന്നും വടക്കൻനാടുകളിൽ പറയാറുണ്ടു്) ഇന്തുപ്പു അരപ്പലം. വെള്ളത്തിൽ കലക്കി ചിററുള്ളി=വെളുള്ളി (ചുവന്നുള്ളിതന്നെയെന്നും അഭിപ്രായമുണ്ടു) പുഴുങ്ങി അരച്ചതും, പിണ്ണംപുളി കഷായംവച്ചു എടുത്തതും അരച്ചും ചിലർ യോജിപ്പിച്ചുവരുമാറുണ്ടു) മോരു ഇടങ്ങഴി ൧. ഇവ ഒരുമിച്ചുചേൎത്തു മേൽപറഞ്ഞ പൊടികളും യോജിപ്പിച്ചു ചട്ടുകത്തിൽ പററുന്ന പാകത്തിൽ എടുത്തു സൂക്ഷിച്ചു രാവിലെ സേവിക്ക. ഒരുനേരം ൩ കഴഞ്ചു മാത്ര. എല്ലാമാതിരി ഗുന്മങ്ങളും ശൂലയും ആന്ത്രവൃദ്ധിയും പാണ്ഡുരോഗവും ശമിക്കും.

### ൱൪. പുളിംകുഴമ്പ് (൨) [വ്യോഷാദി]

വ്യോഷവും ജീരകം കായമഗ്നിയും കാട്ടുതിപ്പലി
കൃഷ്ണജീരകമിന്തുപ്പുമയമോദകമെന്നിവ
മുമ്മൂന്നീതു കഴഞ്ചാക്കിപ്പൊടിചെയ്തതു വയ്ക്കണം
ഉള്ളി മൂന്നുപലംനന്നായ് പുഴുങ്ങിട്ടരയ്ക്കണം
സൈന്ധവം രണ്ടുപലവും പൊടിചെയ്തതു കാടിയും
കൂട്ടിത്തന്നിലതൻനീരുമൊരിടങ്ങഴികൂട്ടുക
പുളിന്തൊണ്ടതു നാനാഴി വെന്തനീരുമെടുക്കണം
പൊടിയൊക്കെയുമൊന്നാക്കിട്ടതിലങ്ങുകലക്കണം
അരച്ച ഉള്ളികൂട്ടിട്ടു ആവണക്കെണ്ണ നാഴിയും
കൂട്ടിക്കൊണ്ടുകുറുക്കീട്ടുമൺകലത്തിലുവേവൊളം
ഇളക്കിടുകയും വേണം പാകം കണ്ടതു വാങ്ങുക
അത്തിക്കായയൊടൊപ്പിച്ചു പ്രാതഃ സേവിച്ചുകൊള്ളുക
ഗുന്മമൊക്കെശ്ശമിച്ചീടും ആന്ത്രശൂലകളും തഥാ
മുളുക്കടച്ചിൽ മാറീടും നാമം പുളികുഴമ്പിതു.

വ്യോഷം=ചുക്ക്. മുളക്, തിപ്പലി. അഗ്നി=കൊടുവേലിക്കിഴങ്ങ്. ജീരകം, കായം, കാട്ടുതിപ്പലിവേർ, കരിംജീരകം, ഇന്തുപ്പ്, അയമോദകം ഇവ ചൂർണ്ണമാക്കി യോജിപ്പിക്ക. ശേഷം സ്പഷ്ടം.

### ൱൫ അഗസ്ത്യരസായനം

ദശമൂലം സ്വയംഗുപ്താം ശംഖപുഷ്പീം ശഠീം ബലാം
ഹസ്തിപിപ്പല്യപാമാർഗ്ഗപിപ്പലീമൂലചിത്രകാൻ
ഭാർങ്ഗീം പുഷ്കരമൂലഞ്ച ദ്വിപലാംശാൻ യവാഢകം
ഹരീതകീശതഞ്ചൈകം ജലപഞ്ചാഢകേ പചേത്
യവസ്വേദേ കഷായം തം പൂതം തച്ചാഭയാ ശതം
പചേത് ഗുളതുലാം ദത്വാ കുഡുബഞ്ച പൃഥഗ്ഘൃതാത്
തൈലാത്സപിപ്പലീചൂർണ്ണാത് സിദ്ധേ ശീതേ ച മാക്ഷികാത്
ലേഹാദ്ദ്വേ ചാഭയേ നിത്യമതഃ ഖാദേദ്രസായനാത്
തദ്വലീപലിതം ഹന്യാദ്വർണ്ണായുർബലവർദ്ധനം
പഞ്ചകാസാൻ ക്ഷയം ശ്വാസം സഹിദ്ധ്മം വിഷമജ്വരം
ഗുന്മമേഹഗ്രഹണ്യർശോഹൃദ്രോഗാരുചിപീനസാൻ
അഗസ്ത്യവിഹിതം ധന്യമിദം ശ്രേഷ്ഠം രസായനം.

ദശമൂലം. സ്വയംഗുപ്ത=നായ്ക്കുരുണവേരു്. ശംഖപുഷ്പീ=ശംഖുപുഷ്പവേരു്. ശഠീ=കച്ചോലം. ബല=കുറുന്തോട്ടിവേരു്. ഹസ്തിപിപ്പലി=അത്തിത്തിപ്പലി. അപാമാർഗ്ഗം=ചെറിയ കടലാടിവേരു്. പിപ്പലീമൂലം=കാട്ടുതിപ്പലിവേരു്. ചിത്രകം=കൊടുവേലിക്കിഴങ്ങ്. ഭാർങ്ഗി=ചെറുതേക്കിൻവേരു്. പുഷ്കരമൂലം=പുഷ്കരമൂലത്തിൽ

വേരു് ഇവ ൨ പലംവീതം. യവാഡ്ഢകം=യവം ഇടങ്ങഴി ൪. (൧൪ പലം) ഹരീതകീശതം=കടുക്കാ എണ്ണം ൧൦൦. ഇവ എല്ലാംകൂടി പഞ്ചാഢകം=൨൦ ഇടങ്ങഴി വെള്ളത്തിൽ കഷായംവച്ചു യവം വെന്തു തുടങ്ങുമ്പോൾ വാങ്ങി പിഴിഞ്ഞരിച്ചു കടുക്കാ ൧൦൦-ം അതിലിട്ടു ഗുളതുലാം=ഒരുതുലാം ശൎക്കര അതിൽ കലക്കി പശുവിൻനെയ്യും നല്ലെണ്ണയും തിപ്പലിപ്പൊടിയും നാഴിവീതം യഥാകാലം അതിൽ യോജിപ്പിച്ചു ലേഹമാക്കി ആറിയശേഷം നാഴിത്തേനും യോജിപ്പിച്ചു സൂക്ഷിക്ക. അതിൽനിന്നും ദിവസംതോറും ൨ കടുക്കയും കുറെ ലേഹവും എടുത്തു സേവിച്ചുകൊൾക. നിറം തെളിയും. ബലവും ആയുസ്സും ഏറുകയും ചെയ്യും. എല്ലാമാതിര കാസങ്ങളും ശ്വാസവും ക്ഷയരോഗവും ഇക്കിളും വിഷമജ്വരവും, ഗുന്മം, പ്രമേഹം, ഗ്രഹണി, അൎശസ്സ്, ഹൃദ്രോഗം, അരുചി, പീനസം ഇവയും ശമിക്കും. വാൎദ്ധക്യത്താലുള്ള ചുളിവും നരയും ശമിക്കും.

ഔഷധപാകത്തിൽ പലത്തിനു ഇടങ്ങഴിയോ ഇരുനാഴിവീതമോ വെള്ളം ചേൎക്കാനെന്നും, നാലിലൊന്നെങ്കിലും വററിക്കാനെന്നും കുറിക്കോൽകണ്ടു ചേൎത്തു പല മരുന്നുകളും ചേൎത്തു പാകംചെയ്യുന്നതിനു വിധിച്ചിട്ടുണ്ടു്. എന്നാൽ ചില വൈദ്യന്മാർ ആ വിധിയുടെ അൎത്ഥം ആലോചിക്കാതെ പലത്തിനു സാധാരണ അളവിൻപ്രകാരം വെള്ളംചേൎത്തു പാകപ്പെടുത്തിവരികയും ചെയ്യുന്നു. ഗുൽഗ്ഗുലുതിക്തകം, സുകുമാരം മുതലായവയിലെ ഔഷധത്തിന്റെ അളവു് കൂടുതലും സ്നേഹഭാഗം കുറവുമാകയാൽ നെയ്യു് സുകുമാരത്തിനു ആവണക്കെണ്ണയും ഇരട്ടി ചേൎത്തുണ്ടാക്കുന്ന വ്യാപാരികളായ വൈദ്യശാലക്കാരുമുണ്ടു്. എന്നാൽ തെക്കൻനാടുകളിൽ വേണ്ടുംവണ്ണം ശാസ്ത്രാഭ്യാസമോ പാരമ്പൎയ്യമോ ലഭിക്കാതെ കോഴിമുട്ട ഉടയ്ക്കുവാൻ കുറുന്തടി എടുക്കുമ്പോലെ ഏതു രോഗത്തിനും വലിയ യോഗമെടുത്തു ഫലിപ്പിക്കുന്ന സമ്പ്രദായക്കാൎക്കു ഇതിന്റെ ഗുരുലഘുത്വം അറിയാൻ കഴിയാത്തതിൽ അത്ഭുതമില്ല. സാമാന്യവിധി അറിയാത്ത ആചാൎയ്യന്മാരല്ല ചില യോഗങ്ങൾക്കു പ്രത്യേക കണക്കിൽ ഔഷധവും വിധാനങ്ങളും യോജിപ്പിച്ചിട്ടുള്ളതു്. പറയുന്നവിധമുള്ള ദ്രവത്തിൽ കഷായംവച്ചെടുത്താൽ എത്രത്തോളം സാരാംശം മരുന്നുകളിൽനിന്നും ലഭിക്കുമോ, ആ അംശം മാത്രമെ പ്രസ്തുതയോഗത്തിനാവശ്യമുള്ളു. ഔഷധോപയുക്തമായ ഗുണഭാഗശേഷം കഷായത്തിൽനിന്നെടുക്കുന്ന കിട്ടഭാഗത്തിനില്ലെന്നു വാദമില്ല. ആമാതിരി നഷ്ടവിചാരമുള്ളവർ അതു വീണ്ടും കഷായംവച്ചെടുത്തു തൽഗുണാനുസാരമായ ഏതെങ്കിലും പാനകങ്ങൾക്കോ ലേഹങ്ങൾക്കോ എണ്ണകൾക്കോ യോജിപ്പിച്ചു ലാഭം ദീക്ഷിക്കുന്നതും ആശ്വാസമായിരിക്കും. അഗസ്ത്യരസായനത്തിന്റെ കഷായത്തിനും ഈമാതിരി സമാധാനപ്പെടുന്നതാണു് യഥാൎത്ഥവൈദ്യധൎമ്മം.

## ൧൩൭. ദന്തീഹരീതകി

ദ്രോണേംഭസാം പചേദ്ദന്ത്യാഃ പലാനാം പഞ്ചവിംശതിഃ
ചിത്രകസ്യ തഥാ പത്ഥ്യാസ്താവതീസ്തദ്രസേ സ്രുതേ
ദ്വിപ്രസ്ഥേ സാഭയേ പൂതേ ക്ഷിപേദ്ദന്തീസമം ഗുളം
തൈലാൻ പലാനി ചത്വാരി ത്രിവൃതായാശ്ച ചൂൎണ്ണതഃ
കണാത്കൎഷൗ തഥാ ശുണ്ഠ്യാഃ സിദ്ധേ ലേഹേ തു ശീതളേ
മധുതൈലസമം ദദ്യാച്ചതുൎജ്ജാതം ചതുൎത്ഥകം
തതോഹരീതകീമേകാം സാവലേഹാം പ്രദാപയേത്
സുഖം വിരിച്യതേ സ്നിഗ്ദ്ധോ ദോഷപ്രസ്ഥമനാമയഃ
ഗുന്മശ്വയഥ്വൎശ്ശോപാണ്ഡുരോഗാന്നാമശോഫാനാഹഗരോദരം
കുഷ്ഠോത്ക്ലേശാരുചിപ്ലീഹഗ്രഹണീവിഷമജ്വരാൻ

ഘ്നന്തി ദന്തീഹരീതക്യഃ പാണ്ഡുതാഞ്ച സകാമിലാം

ദന്തി=നാഗദന്തിവേർ. ചിത്രകം=കൊടുവേലിക്കിഴങ്ങ്. പഥ്യ=മൂത്തവൻകടുക്ക. ഇവ ൨൫ പലം വീതം. ദ്രോണം=പതിനാറിടങ്ങഴി വെള്ളത്തിൽ കഷായം വച്ചു രണ്ടിടങ്ങഴിയാക്കി പിഴിഞ്ഞരിച്ചു കടുക്കാ വേറെ എടുത്തു കഷായത്തിലിട്ടു ൨൫ പലം ശർക്കര ചേർത്തു തീയെരിച്ചു ലേഹപാകമായാൽ നാഴി നല്ലെണ്ണയും നാലു പലം ത്രിവൃത=ത്രികോല്പക്കൊന്നയുടെ ചൂർണ്ണവും കണാ=തിപ്പലി. ശുണ്ഠി=ചുക്ക്. ഇവ മുമ്മൂന്നു കഴഞ്ചുവീതവും പൊടിച്ചതു ചേർത്തു ഇളക്കി വാങ്ങി ആറിയാൽ നാഴി തേനും ചതുർജ്ജാതം=ഏലത്തരി, ഇലവംഗം, പച്ചില, നാഗപ്പൂവ് ഇവ ഓരോ പലംവീതവും (നാലുംകൂടി ഒരുപലമെന്നും അഭിപ്രായം) ചൂർണ്ണിച്ചതും ചേർത്തിളക്കി പാത്രത്തിലാക്കി സൂക്ഷിക്ക. ഇതിൽനിന്നും ഒരു കടുക്കയും കുറെ ലേഹവും (മാത്ര യോജിപ്പിച്ചു) സേവിക്ക സുഖമായ വിരേചനം ഉണ്ടായി ദോഷശോധന വരും. ഗുന്മം, ഹൃദ്രോഗം, അർശസ്സ്, ശോഫം, വയർവീപ്പ്, ഗരം, മഹോദരം, കുഷ്ഠം, അരുചി, ഗ്രഹണി, വിഷമജ്വരം, കാമില മുതലായവ ശമിക്കും.

## ൧൭. കുടജാവലേഹം (൧)

തുലാം ദിവ്യേഽംഭസി പചേദാർദ്രായാഃ കുടജത്വചഃ
നീരസായാം ത്വചി ക്വാഥേ പൂതേ സൂക്ഷ്മരജീകൃതാൻ
സമംഗാഫലിനീമോചരസാൻ മുഷ്ട്യംശകാൻ സമാൻ
തൈശ്ച ശക്രയവാൻ ദദ്യാത്തതോ ദർവീപ്രലേപനം
പക്ത്വാ ച ലേഹം ലീഢ്വാ ച തം യഥാഗ്നിബലം പിബേത്
പേയാം മണ്ഡം പയഃഛാഗം ഗവ്യം വാ ഛാഗദുഗ്ദ്ധഭുക്
ലേഹോയം ശമയത്യാശു രക്താതീസാരപായുജാൻ
ബലവദ്രക്തപിത്തഞ്ച സ്രവദൂർദ്ധ്വമധോപി വാ

ദിവ്യാംഭസ്സ=മഴവെള്ളം (നിലത്തുവീഴാതെ പാത്രത്തിലാക്കി എടുത്തുവക്കണം) ആർദ്രാ=ഉണങ്ങാത്തതു് (പച്ച) കുടജത്വക്ക്=കുടകപ്പാലവേരിന്മേൽ തൊലി പലം ൧൦൦ മേല്പറഞ്ഞവിധം എടുത്ത മഴവെള്ളത്തിൽ കഷായംവച്ചു ഊററി സാരം എടുത്തുകൊള്ളുക. അതിൽ സൂക്ഷ്മരജീകൃതം=നേർക്കെപൊടിച്ചതു്. സമംഗാ=പടർച്ചുണ്ടവേരു്. ഫലിനീ=ഞാഴൽപ്പൂ. മോചരസം=ഇലവിൻപശ ഇവ ഓരോ പലംവീതം. ശക്രയവം=കുടകപ്പാലയരി പലം ൩. ഇവ നല്ലപോലെ പൊടിച്ചു ചേർത്തിളക്കി ചട്ടുകത്തിൽ പററുന്ന പാകത്തിലെടുത്തു ഈ ലേഹം അഗ്നിബലത്തിനനുസരിച്ചു സേവിക്ക. അനുപാനമായി പേയ=കഞ്ഞി. മണ്ഡം=കഞ്ഞിത്തെളി. ഛാഗംപയഃ=ആട്ടിൻപാൽ. ഗവ്യംപയഃ=പശുവിൻപാൽ. ഇവയിലൊന്നു സേവിക്ക. ആട്ടിൻപാൽചേർത്തു ആഹാരം കഴിക്ക. എന്നാൽ രക്താതിസാരം, അർശസ്സ്, ഊർദ്ധ്വഗമോ അധോഗമോ ആയ രക്തപിത്തം മുതലായവ ശമിക്കും.

## ൧൮. കുടജഫാണിതം (൨)

പലാനി ദശബീജാനാം കുടജസ്യാഷ്ടഭിസ്ത്വചഃ
പലൈഃ ഷഡ്ഭിശ്ച മൂലസ്യ ചതുർഭിഃ കുസുമസ്യ ച
ദ്വാഭ്യാം പലാഭ്യാം പത്രസ്യ സഹിതാനി ചതുഷ്ടയേ
ജലാഢകാനാം സംക്ഷുദ്യ നിക്ഷിപ്യാഗ്നാവധിശ്രയേത്
പാദശേഷേ കഷായേഽസ്മിൻ പൂതേ വസ്ത്രാവഗാളനാത്
പലാനി ഷോഡശക്ഷിപ്ത്വാ പുരാണസ്യ ഗുളസ്യ തു

വിപച്യമാനേ സാന്ദ്രത്വം പ്രാപ്തേ വ്യോഷാബ്ദധാന്യകൈഃ
ജംബൂപല്ലവചൂതാസ്ഥിദാഡിമത്വഗ്വചാഭയാഃ
പാഠാജാതീഫലാജാജിഹിംഗുളാതിവിഷാഗ്രഹാഃ
തിക്താശല്മലിനിര്യ്യാസനാഗഫേനയുജോƒപി ച
പൃഥക് കർഷമിതാസ്സമ്യഗ് ചൂർണ്ണീകൃത്യാത്ര തദ്രജഃ
അവകീര്യ്യാവലോഡ്യാനുസംയോജ്യാഥാവതാരയേത്
ദദ്യാച്ച ശീതേ ക്ഷൌദ്രസ്യ പ്രസ്ഥമസ്മിൻ സുഭാജനേ
ആധായ സമ്യഗ്രക്ഷേച്ച യഥാകാലം സുശീലിതഃ
ഫാണിതഃ കൌടചഃ ഫേളമുനിനാ വിഹിതോശ്സാം
സർവ്വേഷാം ശമനായാലം ബാലേഷ്വപ്യനിവാരിതഃ

കുടജബീജം=കുടകപ്പാലയരി പലം ൧൦. കുടജത്വക്=കുടകപ്പാലത്തൊലി പലം ൧൦. മൂലം=വേരിലെ തൊലി പലം ൧൦ കുസുമം=കുടകപ്പാലപ്പൂവ് പലം ൧൦. കുടകപ്പാലത്തളിര പലം ൧൦. ഇവ ൧൬ ഇടങ്ങഴി വെള്ളത്തിൽ കഷായംവച്ചു നാലിടങ്ങഴിയാക്കി പിഴിഞ്ഞരിച്ചു ൧൬ പലം പഴയ ശർക്കര കലക്കി ലേഹപാകമായാൽ—വ്യോഷം=ചുക്ക, മുളക, തിപ്പലി. അബ്ദം=മുത്തങ്ങ ധാന്യകം=കൊത്തമ്പാലയരി. ജംബുപല്ലവം=ഞാവൽത്തളിര (ഇതു അരച്ചുചേർക്കുക). ചൂതാസ്ഥി=മാങ്ങയണ്ടിപ്പരിപ്പ. ദാഡിമത്വക=താളിമാതളപ്പഴത്തിന്റെ തോട്. വചാ=വയമ്പ്. അഭയ=കടുക്കാത്തോട . പാഠാ=പാടത്താളിക്കിഴങ്ങ്. ജാതീഫലം=ജാതിക്ക. അജാജി=ജീരകം. ഹിംഗുളം=ചായില്യം അതിവിഷ=അതിവിടയം ഗ്രഹ=മൂവിലവേര്. തിക്താ=പുത്തരിച്ചുണ്ടവേര, ശാല്മലിനിര്യ്യാസം=ഇലവിൻപശ. നാഗഫേനം=അവിന്റെ. ഇവ ൩ കഴഞ്ചുവീതം നല്ലപോലെ പൊടിച്ചു വിതറി ഇളക്കിച്ചേർത്തു വാങ്ങി തണുത്താൽ ക്ഷൌദ്രം=ചെറുതേൻ ഇടങ്ങഴി ൧. ചേർത്തിളക്കി നല്ല പാത്രത്തിലാക്കി സൂക്ഷിക്ക. ഇതു സേവിച്ചാൽ എല്ലാമാതിരി അർശസ്സുകളും (ആദ്രാർശസ്സ്) ശമിക്കും. അതിസാരം, ഗ്രഹണി മുതലായവയ്ക്കും രക്താതിസാരത്തിനും ഇതു കൈകണ്ടതാണ്. കുട്ടികൾക്കും കുറഞ്ഞ അളവിൽ കൊടുക്കാവുന്നതാണ്.

## ൧൯. കൌടചാദിഗുളം (൩)

കൌടചത്രിഫലാനിംബപടോലഘനനാഗരൈഃ
ഭാവിതാനി ദശാഹാനി രസൈർദ്വിത്രിഗുണാനി വാ
ശിലാജതു പലാന്യഷ്ടൌ താവതീസ്സിതശർക്കരാ
ത്വക്ക്ഷീരിപിപ്പലീധാത്രീകർക്കടാഖ്യാ പലോന്മിതാ
നിദിഗ്ദ്ധ്യാഃ ഫലമൂലാഭ്യാം പലം യുക്ത്യാ ത്രിജാതകം
മധുത്രിപലസംയുക്തം കൃത്വാക്ഷസമാൻ ഗുളാൻ
ദാഡിമാംബുപയഃപക്ഷീരസതോയസുരാസവാൻ
താൻ ഭക്ഷയിത്വാനുപിബേന്നിരന്നോ ഭക്ത ഏവ വാ
പാണ്ഡുകുഷ്ഠജ്വരപ്ലീഹതമകാർശോഭഗന്ദരം
പൂതീഹൃത്ശുക്ലമൂത്രാഗ്നിദോഷശോഷഗരോദരം

കാസാസൃഗ്ദരപിത്താസൃക്ശോഫഗുന്മഗളാമയാൻ
തേസവഥ്മഭ്രമാൻ ഹന്യുഃ സർവദോഷഹരാഃ ശിവാഃ

കൌടജം=കുടകപ്പാലയരി. ത്രിഫല=ത്രിഫലത്തോട്. നിംബം=വേപ്പിൻതൊലി. പടോലം, ഘനം=മുത്തങ്ങ. നാഗരം=ചുക്ക്. ഇവകൊണ്ടുണ്ടാക്കിയ കഷായത്തിൽ വെയിലുള്ള പത്തുദിവസം ഭാവനചെയ്തെടുത്ത കന്മദം പലം ൮. (രാത്രി കഷായത്തിലിട്ടുവച്ചും പകൽ ഉണക്കിയും, കഷായവെള്ളം അതിൽ പിടിപ്പിച്ച് ഗുണവിശേഷം ഉണ്ടാക്കുന്നതിനെ ഭാവനചെയ്ക എന്നു പറയുന്നു. ചുവന്നതരവും വെളുത്തതരവും കൽപാൽ ഈ മാതിരി ഭാവനചെയ്തു ചേർത്തതിലും വളരെ ഗുണം കണ്ടിരിക്കുന്നു.) സിതശർക്കര=നല്ല വെള്ളപ്പഞ്ചസാര പലം ൮. തുക്ക്ക്ഷീരി=കൂവനൂറ്. പിപ്പലി=ചെറുതിപ്പലി. ധാത്രി=നെല്ലിക്കാത്തോട്. കർക്കടശൃംഗി=കർക്കടശൃംഗി. ഇവ ഓരോപലംവീതം. നിദിഗ്ധി=കണ്ടകാരിച്ചുണ്ട. ഇതിന്റെ വേരും കായുംകൂടി പലം ൨. ത്രിജാതകം=ഏലം ഇലവർങ്ഗം പച്ചില ഇവ ഒരുപലംവീതം: (ഇതിന്റെ അളവ് ഔചിത്യംപോലെ മാററുകയുമാം) മധു=തേൻ തുടം ൩. (൩ പലം) മരുന്നുകൾ നേർക്കെ പൊടിച്ച് തേനും ശർക്കരയുംചേർത്തു മർദ്ദിച്ച് മൂന്നുകഴഞ്ചുവീതം ഓരോ നേരം സേവിക്ക. ഡാഡിമാംബു=താളിമാതളപ്പഴനീര്. പയഃ=പാൽ പക്ഷിരസം=പക്ഷിമാംസരസം. തോയം=ദിവ്യജലം. സുരാമദ്യം=ആസവങ്ങൾ ഇവ മരുന്നു സേവിച്ചശേഷം ഉപയോഗിക്ക. അന്നസമ്പർക്കംകൂടാതെ സേവിക്കയുമാം. പാണ്ഡു, കുഷ്ഠം, ജ്വരം, പ്ലീഹോദരം, അർശസ്സ്, ഭഗന്ദരം, ദേഹദുർഗ്ഗന്ധം, ഹൃദ്രോഗം, ശുക്ലദോഷം, പ്രമേഹം, അഗ്നിവൈഷമ്യം, ക്ഷയം, കൈവിഷം, മഹോദരം, കാസം, രക്തസ്രാവം, രക്തപിത്തം, ശോഫം, ഗുന്മം, കണ്ഠരോഗങ്ങൾ, വൃദ്ധി ഇവയെ ശമിപ്പിക്കും. സർവദോഷഹരമാകുന്നു.

## ൧൦. ബാഹുശാലഗുഡം (൨)

ത്രിവൃത്തേജോവതീദന്തീശ്വദംഷ്ട്രാചിത്രകം ശഠി
ഗവാക്ഷീമുസ്തവിശ്വാഹ്വവിഡംഗാനി ഹരീതകീ
പലോന്മിതാനി ചൈതാനി പലാന്യഷ്ടാന്യതുഷ്കരാത്
ഷട്പലം വൃദ്ധദാരസ്യ സൂരണസ്യ ച ഷോഡശ
ജലദ്രോണദ്വയേ ക്വാഥ്യം ചതുർഭാഗാവശേഷിതം
പൂതന്തു തം രസം ഭൂയഃ ക്വാഥേഭ്യഃ ത്രിഗുണോ ഗുഡഃ
ലേഹം പചേത്തു തം താവത് യാവദ്ദർവീപ്രലേപനം
അവതാര്യ തതഃ പശ്ചാത് ചൂർണ്ണാനീമാനി ദാപയേത്
ത്രിവൃത്തേജോവതീദന്തീചിത്രകാൻ ദ്വിപലാംശകാൻ
ഏലാത്വങ്മരിചഞ്ചാപി ഗജാഹ്വാഞ്ചാപി ഷട്പലാം
ദ്വാത്രിംശത്പലമേവാത്ര ചൂർണ്ണം ദത്വാ നിധാപയേത്
തതോ മാത്രാം പ്രയുഞ്ജീത ജീർണ്ണേ ക്ഷീരരസാശനഃ
പഞ്ചഗുന്മാൻ പ്രമേഹാംശ്ച പാണ്ഡുരോഗം ഹലീമകം
ജയേദർശാംസി സർവാണി തഥാ സർവോദരാണി ച
ദീപയേത് ഗ്രഹണീം മന്ദാം യക്ഷ്മാണമപകർഷതി
പീനസേ ച പ്രതിശ്യായേ/പ്യാഢ്യവാതേ തഥൈവ ച

അയം സർവ്വഗദേഷ്വേവ കല്യാണോ ലേഹ ഉത്തമഃ
ദന്താമാരിരയം ചാസ്ത്ര ദൃഷ്ടോ വാരസഹസ്രശഃ
ഭവന്ത്യേനം പ്രയുഞ്ജാനഃ ശതവർഷം നിരാമയഃ
ആയുഷോ ദൈർഘ്യജനനോ വലീപലിതനാശനഃ
രസായനവരശ്ചൈവ മേധാജനക ഉത്തമഃ
ഗുഡശ്രീബാഹുശാലോഽയം ദന്താമാരിഃ പ്രകീർത്തിതഃ

ത്രിവൃത്ത്=ത്രികോല്പക്കൊന്ന. തേജോവതി=ചെറുപ്പുന്നയരി. ദന്തി=നാഗദന്തിവേര്. ശ്വദംഷ്ട്ര=നായ്ക്കുരുണവേര്, ചിത്രകം=കൊടുവേലിക്കിഴങ്ങ്. ശഠി=കച്ചോലം. ഗവാക്ഷി=കാട്ടുവെള്ളരിവേര്. മുസ്തം=മുത്തങ്ങ. വിശ്വാഹ്വ=ചുക്ക്. വിഡംഗം=വിഴാലരി. ഹരീതകി=കടുക്കാത്തോട് ഇവ ഒരു പലം വീതം. ഭല്ലാതകം=ചേർക്കുരു പലം ൮. വൃദ്ധദാരം=മറിക്കുന്നിവേരു പലം ൩ (ഔഷധിനിഘണ്ടുകാരന്മാർ അല്ലാത്തവരും മറിക്കുന്നി എന്നുതന്നെ അർത്ഥം പറയുന്ന സ്ഥിതിക്കു ദേശ്യനാമഭേദത്തോടുകൂടിയതായാലും അതേപേരിൽ ഉള്ള മരുന്നു അന്വേഷിച്ചു പരസ്പരം വൈദ്യന്മാർതന്നെ അഭിപ്രായം അറിയുന്നതായാൽ മററു മരുന്നുകളെപ്പോലെ ഇതും അറിയാൻ കഴിയും. ചെറിയ ആടലോടകം കിട്ടാതെ വന്നാൽ ഏതാണ്ട് തദ്ഗുണമായ വലിയ ആടലോടകം ചേർക്കാമെന്നപോലെ ഈഷൽഗുണഭിന്നമായ കുന്നിവേരും ചേർത്തുണ്ടാക്കിവരുന്നതു് അയുക്തികമാണെന്നു തോന്നുന്നില്ല. കൊന്നത്തൊലി ചേർക്കുന്നതിലും അപാകമൊന്നും വരാനില്ലെന്നു തോന്നുന്നു.) സൂരണം=കാട്ടുചേന പലം ൨൮. ജലദ്രോണദ്വയം=൩൨ ഇടങ്ങഴി വെള്ളത്തിൽ കഷായംവച്ചു ൮ ഇടങ്ങഴിയാക്കി പിഴിഞ്ഞരിച്ചു കഷായത്തിന്റെ മൂന്നിരട്ടി ൩൮ പലം ശർക്കര ചേർത്തു കുറുക്കി ലേഹപാകമായാൽ ഇറക്കിവയ്ക്കുക.

### പൊടിച്ചു തൂവാൻ

ത്രിവൃത്=ത്രികോല്പക്കൊന്ന. തേജോവതി=ചെറുപ്പുന്നയരി. ദന്തി=നാഗദന്തിവേർ. ചിത്രകം=കൊടുവേലിക്കിഴങ്ങ്. ഇവ ൮ പലംവീതം. ഏലം=ഏലത്തരി. ത്വക്=ഇലവർങ്ഗം. മരിചം=കുരുമുളക്. ഗജാഹ്വ=അത്തിത്തിപ്പലി. ഇവ ൩ പലംവീതം. മേല്പറഞ്ഞവ ൩൮ പലവും പൊടിച്ചുചേർത്തു ഇളക്കി എടുത്തു സൂക്ഷിച്ചു മാത്ര നിശ്ചയിച്ചു സേവിക്ക. ദഹിച്ചുകഴിഞ്ഞാൽ പാലും മാംസവും കൂട്ടി ആഹാരം കഴിക്ക. അഞ്ചുപ്രകാരമുള്ള ഗുന്മരോഗങ്ങളും, പ്രമേഹവും, പാണ്ഡുവും, കാമിലയും, എല്ലാമാതിരി അർശസ്സുകളും, മഹോദരവും ശമിപ്പിക്കും. ഗ്രഹണീദോഷം തീർത്തു് അഗ്നിദീപ്തി വരുത്തും. ക്ഷയം, പീനസം, ആഢ്യവാതം മുതലായവയ്ക്കും നന്നു്. അനേകനുഭവങ്ങൾ ഫലപ്രദമായി കണ്ടിട്ടുള്ള ഒരു വിശിഷ്ടയോഗമാണിതു്. അർശസ്സിനു വളരെ പററിയതാണു്. ദീർഘായുസ്സുണ്ടാകും ബുദ്ധിക്കും യൗവനം നിലനില്ക്കുന്നും കൊള്ളാം.

### ബാഹുശാലഗുളം (യോഗരത്നാകരം)

കാട്ടുവെള്ളരിവേർ, മുത്തങ്ങ, ചുക്ക്, നാഗദന്തിവേർ, കടുക്കാത്തോട്, ത്രികോല്പക്കൊന്ന, കച്ചോലം, വിഴാലരി, ഞെരിഞ്ഞിൽ, കൊടുവേലിക്കിഴങ്ങ്, ചെറുപ്പുന്നയരി ഇവ അരപ്പലംവീതം. കാട്ടുചേന പലം ൮. വൃദ്ധദാരം=മറിക്കുന്നിപലം ർ. ചേർക്കുരു പലം ർ. ൧൬ ഇടങ്ങഴി വെള്ളത്തിൽ കഷായംവച്ചു് നാലിലൊന്നു ശേഷിപ്പിച്ചു അരിച്ചു മൂന്നിരട്ടി ൨൱൮ പലം) ശർക്കരചേർത്തു കൊടുവേലിക്കിഴങ്ങ്, ശിവത, നാഗദന്തിവേര്, ചെറുപ്പുന്നയരി ഇവ പലം ൨ വീതവും, ചുക്ക മുളക് തിപ്പലി ഏലം, വാൽമുളക്, ഇലവർങ്ഗം ഇവ ൩ പലംവീതവും പൊടിച്ചുചേർത്തു ലേഹപാകപ്രകാരം പാകപ്പെടുത്തി ആറിയാൽ ഇടങ്ങഴി തേനും ചേർത്തു സേവിക്ക. ഇപ്രകാരമാണ് അതിന്റെ ഫലശ്രുതി താഴെ ചേർക്കുന്നു. അതുകൊണ്ട്, പ്രയോഗിക്കേണ്ട സ്ഥാനതാരതമ്യവും ഗ്രഹിക്കാം.

ജയേദർശാംസി സർവ്വാണി ഗുന്മവാതോദരം തഥാ
ആമവാതം പ്രതിശ്യായം ഗ്രഹണീക്ഷയപീനസാൻ
ഹലീമകം പാണ്ഡുരോഗം പ്രമേഹേ ച രസായനം.

## ൨൧. ച്യവനപ്രാശം

വില്വാഗ്നിമന്ഥശ്യോനാകകാശ്മര്യ്യഃ പാടലാ ബലാ
പർണ്യശ്ചതസ്രഃ പിപ്പല്യഃ ശ്വദംഷ്ട്രാ ബൃഹതീദ്വയം
ശൃംഗീതാമലകീദ്രാക്ഷാ ജീവന്തീ പുഷ്കരാഗരുഃ
അഭയാ ചാമൃതാ ഋദ്ധി ജീവകർഷഭകൌ ശഠീ
മുസ്താ പുനർന്നവാ മേദാ സൂക്ഷ്മൈലോല്പലചന്ദനേ
വിദാരീവൃഷമൂലാനി കാകോളീകാകനാസികാ
ഏഷാം പലോന്മിതാൻ ഭാഗാൻ ശതാന്യാമലകസ്യ ച
പഞ്ചദദ്യാത്തദൈകദ്ധ്യം ജലദ്രോണേ വിപാചയേത്
ജ്ഞാത്വാ ഗതരസാന്യേതാന്യൌഷധാന്യഥ തം രസം
തച്ചാമലകമുദ്ധൃത്യ നിഷ്കുലം തൈലസർപ്പിഷോഃ
പലദ്വാദശകേ ഭൃഷ്ട്വാ ദത്വാ ചാർദ്ധതുലാം ഭിഷക്
മത്സ്യണ്ഡികായാഃ പൂതായാഃ ലേഹവത്സാധു സാധയേത്
ഷട്പലം മധുനശ്ചാത്ര സിദ്ധശീതേ പ്രദാപയേത്
ചതുഷ്പലം തുഗാക്ഷീര്യ്യാഃ പിപ്പല്യാഃ ദ്വിപലം തഥാ
പലമേകം വിദദ്ധ്യാച്ച ത്വഗേലാപത്രകേസരം
ഇത്യയം ച്യവനപ്രാശഃ പരമുക്തോ രസായനഃ
കാസശ്വാസഹരശ്ചൈവ വിശേഷേണോപദിശ്യതേ
ക്ഷീണക്ഷതാനാം വൃദ്ധാനാം ബാലാനാം ചാംഗവർദ്ധനഃ
സ്വരക്ഷയമുരോരോഗം ഹൃദ്രോഗം വാതശോണിതം
പിപാസാം മൂത്രശുക്രസ്ഥാൻ ദോഷാംശ്ചൈവാപകർഷതി.

മേധാം സ്മൃതിം കാന്തിമനാമയത്വ-
മായുഃപ്രകർഷം ബലമിന്ദ്രിയാണാം
സ്ത്രീഷു പ്രഹർഷം പരമഗ്നിവൃദ്ധിം
ബലപ്രസാദം പവനാനുലോമം
രസായനസ്യാസ്യ നരഃപ്രയോഗാത്
ലഭേത ജീർണ്ണോഽപി കുടീപ്രവേശാത്
ജരാകൃതം പൂർവ്വമപാസ്യ രൂപം
ബിഭർത്തി രൂപം നവയൌവനസ്യ

വില്വം=കൂവളവേര്. അഗ്നിമന്ഥം=മുഞ്ഞവേര്. ശ്യോനാകം=പയ്യാഴാന്തവേര്. കാശ്മര്യ്യം=കുമിഴിൻവേര്. പാടലാ=പാതിരിവേര്. ബലാ=കുറുന്തോട്ടിവേര്. പർണ്ണികാഃ=ഓരില, മൂവില, കാട്ടുഴുന്ന്, കാട്ടുപയറ് ഇവററിൻ വേരുകൾ

പിപ്പല്യഃ=കാട്ടുതിപ്പലിവേർ, ചെറുതിപ്പലി, വൻതിപ്പലി. ശ്വദംഷ്ട്രാ=നായ്ക്കുരണവേര്. ബൃഹതീദ്വയം=ചെറുവഴുതിനവേരും വെൺവഴുതിനവേരും. ശൃംഗി=കർക്കടകശൃംഗി, താമലകി=കീഴാനെല്ലിവേര്. ദ്രാക്ഷാ=മുന്തിരിങ്ങ. ജീവന്തി=അടപെതിയൻകിഴങ്ങ്. പുഷ്കരം=പുഷ്കരമൂലത്തിൻവേര്. അഗരു=അകിൽ. അഭയ=കടുക്കാത്തോട്. അമൃതാ=ചിററമൃത്. ഋദ്ധി=കാട്ടുമുതിരവേര്. ജീവകർഷഭകങ്ങൾ=ജീവകവും ഇടവകവും (പകരം മുതക്കിൻകിഴങ്ങിരട്ടി) ശഠി=കച്ചോലം. മുസ്തം=മുത്തങ്ങ. പുനർന്നവ=തമിഴാമവേര്. (പകരം ശതാവരിക്കിഴങ്ങ്) സൂക്ഷ്മൈല=ചിററേലം. ഉൽപലം=ചെങ്ങഴിനീർക്കിഴങ്ങ്. ചന്ദനം, വിദാരി=മുതക്കിൻകിഴങ്ങ്. വൃഷമൂലം=ആടലോടകവേര് (മൂലം=മൂലേരിക്കിഴങ്ങ് എന്നും പക്ഷം) കാകോളി (പകരം അമുക്കുരം) കാകനാസിക=കാക്കത്തൊണ്ടിവേര് ഇവ പലം ൧ വീതം. ആമലകം=പച്ചനെല്ലിക്കാ എണ്ണം ൫൦൦ എല്ലാംകൂടി ൧൬ ഇടങ്ങഴി വെള്ളത്തിൽ കഷായംവച്ചു നെല്ലിക്ക വേറെ എടുത്തു പിഴിഞ്ഞരിക്ക. നെല്ലിക്ക കുരുവു കളഞ്ഞു, എണ്ണ, നെയ് ഇവ ൬ തൂക്കം വീതം ഒരു പാത്രത്തിലാഴിച്ചു അതിലിട്ടു വറട്ടി ചുവന്നാൽ എടുത്തരച്ചുവയ്ക്കു. കഷായത്തിൽ, മത്സ്യണ്ഡികാ=മീൻകണ്ണിശക്കര (കല്ക്കണ്ടം ചേർക്കുന്നതു നന്ന്) കലക്കി നെല്ലിക്ക അരച്ചതും ചേർത്തു പാകമാക്കിയാൽ, പൊടിച്ചുചേർക്കാൻ:— തുഗാക്ഷീരി=കൂവനൂറ് പലം ൪. തിപ്പലിപ്പൊടി പലം ൨. ത്വക്=ഇലവർങ്ങം, ഏലത്തരി, പത്രം=പച്ചില. കേസരം=നാഗപ്പൂ ഇവ ൩ കഴഞ്ചുവീതവും പൊടിച്ചതും ചേർത്തിളക്കി വാങ്ങി ആറിയാൽ ൬ പലം (നാഴൂരി) തേനും ചേർത്തിളക്കി സൂക്ഷിക്ക. ഇതു സേവിച്ചാൽ കാസശ്വാസങ്ങൾ ശമിക്കും. ക്ഷീണിച്ചവർക്കും ഉരഃക്ഷതമുള്ളവർക്കും ബാലന്മാർക്കും വൃദ്ധന്മാർക്കും നന്ന്. സ്വരഭംഗം, ഹൃദ്രോഗം രക്തവാതം, തണ്ണീർദാഹം, പ്രമേഹം, ശുക്ലദോഷം ഇവയെയും ശമിപ്പിക്കും. അഗ്നിബലത്തിന് യോജിച്ച മാത്ര. മേധ, കാന്തി, ഇന്ദ്രിയബലം, ധാതുവൃദ്ധി, അഗ്നിദീപ്തി, ഓജസ്സ്, വാതാനുലോമത ഇവ ഉണ്ടാക്കും. നല്ല പഥ്യാനുഷ്ഠാനത്തിൽ സേവിച്ചാൽ വൃദ്ധനും യൗവനം ആവിർഭവിക്കും.

## ൨൨. ബൃഹദ്വാശാവലേഹം

ശതം സംഗൃഹ്യ വാശായാസ്തോയദ്രോണേ വിപാചയേത്
ചതുർഭാഗാവശേഷേഽസ്മിൻ ശർക്കരായാഃ പലം ശതം
ത്രികടുസ്ത്രിസുഗന്ധിശ്ച കട്ഫലം മുസ്തകം ശഠം
ജീരകം പിപ്പലീമൂലം രോചനീ ചവികാ ശുഭാ
കടുകാശ്രേയസീ ചൈവ താലീസം സധനീയകം
കാർഷികം പൃഥഗേതേഷാം ക്ഷിപേന്മധുപലാഷ്ടകം
തദ്യഥാഗ്നിബലം ലിഹ്യാത് ശൃതശീതാംബുപാനതഃ
നിഹന്തി രാജയക്ഷ്മാണം രക്തപിത്തം ക്ഷതം ക്ഷയം
വാതികം പൈത്തികം ചൈവ ശ്വാസം ചൈവാരുചിം ജ്വരം
അശ്വിഭ്യാം നിർമ്മിതോഹ്യേഷ ബൃഹദ്വാശാവലേഹകഃ

വാശാ=ആടലോടകവേര് പലം ൧൦൦. തോയദ്രോണേ=൧൬ ഇടങ്ങഴി വെള്ളത്തിൽ കഷായംവച്ചു നാലിലൊന്നു ശേഷിപ്പിച്ചു പിഴിഞ്ഞരിച്ചു പഞ്ചസാര പലം ൧൦൦. കലക്കി തീയെരിച്ചുഇളക്കി ലേഹപാകമായാൽ പൊടിച്ചുചേർക്കാൻ:-ത്രികടു=ചുക്ക്, മുളക, തിപ്പലി. ത്രിസുഗന്ധി=ഏലം, ഇലവർങ്ങം, പച്ചില, കട്ഫലം=കുമിഴിൻവേര് (കുമിഴിൻപഴമെന്നും പക്ഷം) മുസ്തം=മുത്തങ്ങ. ശഠം=വെള്ളക്കൊട്ടം, ജീരകം. പിപ്പലീമൂലം=കാട്ടുതിപ്പലിവേര്. രോചനീ=നെല്ലിക്കാത്തോട്

ചവികം=കാട്ടുമുളകിൻവേരു്. ശൂഠ=ക്രുവന്തവ്. കടുകം=കടുകരോഹിണി. ശ്രേയസി=അത്തിത്തിപ്പലി. താലീസം=താലീസപത്തിരി. ധനീയകം=കൊത്തമ്പാലയരി ഇവ ന-കഴഞ്ചുവീതം പൊടിച്ചതു ചേർത്തിളക്കി ആറിയാൽ ൮-പലം (൨-നാഴി) തേനും ചേർത്തു സേവിക്ക. മാത്ര അഗ്നിബലം അനുസരിച്ചു്, തിളപ്പിച്ചാറിയ വെള്ളം അനുപാനം. രാജയക്ഷ്മാവു് രക്തപിത്തം വാതപിത്തജമായ ശ്വാസം അരുചി ജ്വരം മുതലായവ ശമിക്കും

## വന. ഗന്ധകരസായനം.

ഷട്പലം ഗന്ധകം ചൂർണ്ണം ത്രിഫലം ചിത്രതണ്ഡുലം
ശുണ്ഠീമരിചവൈദേഹീ ഷണ്ണിഷ്കന്തു പൃഥക് പൃഥക്
ത്രിസുഗന്ധാ വരാ രാസ്നാ ബാകുചീഭൃംഗരാജകം
ചതുർന്നിഷ്കഞ്ച പ്രത്യേകം ലോഹഭസ്മം സമം തഥാ
തത്സർവ്വം ചൂർണ്ണിതം കൃത്വാ ഘൃതേ മധുന്ദ്രളാനചിതം
അക്ഷപ്രമാണം തത് ഭക്ത്വാ ലവണാമ്ലാദി വർജ്ജയേത്
ക്ഷീരയുക്താശനം പത്ഥ്യം സേവയേദേകമണ്ഡലം
ദീർഘായുശ്ച ബലീ ചൈവ ദിവ്യദൃഷ്ടിർഭവേന്നരഃ
ദിവ്യദേഹി ച യോഗീ ച സ്ഥിരതാഞ്ച പ്രജായതേ
കുഷ്ഠമഷ്ടാദശം ഹന്തി ഗുന്മം പഞ്ചവിധം തഥാ
അർശാംസി പാണ്ഡുരോഗഞ്ച ഗന്ധകാദിരസായനം.

ഗന്ധകം പലം ൬. (നെയ്യിൽ ഉരുക്കി പാലിൽ ഒഴിച്ചു വിധിപ്രകാരം ശുദ്ധിയാക്കി എടുത്തു ചൂർണ്ണമാക്കുക.) ചിത്രതണ്ഡുലം=ആവണക്കരി പലം ന. (തോടുകളഞ്ഞു് അരച്ചു ഭയാളിപ്പിക്ക) ശുണ്ഠി=ചുക്കു്. മരിചം=കുരുമുളകു്. വൈദേഹി=ചെറുതിപ്പലി ഇവ ൬ കഴഞ്ചുവീതം. ത്രിസുഗന്ധ=ഏലം, ഈ വർങ്ങം, പച്ചില. വരം=ത്രിഫലത്തോടു്. രാസ്നം=ചിററരത്ത ബാകുചി=കാർകോകിലരി. ഭൃംഗരാജകം=കയ്യോന്നി ഇവ ഓരോന്നും ൪-കഴഞ്ചുവീതവും ഉണക്കിപ്പൊടിക്ക. ലോഹഭസ്മം കഴഞ്ചു് ൪ ഇവ ഒരുമിച്ചുചേർത്തു് ശക്കരയും തേനും നെയ്യുംകൂട്ടി മട്ടിച്ചു അഗ്നിപാകത്തിലേ ലേഹമാക്കി ന-കഴഞ്ചുവീതം (താന്നിക്കാപ്രമാണം) രണ്ടുനേരവും സേവിക്ക. സേവാകാലത്തു് ഉപ്പും പുളിയും വർജ്ജിക്കണം പാൽകൂട്ടി ഉണ്ണുകയുംവേണം. ഇങ്ങനെ ൪൧-ദിവസം സേവിക്ക എല്ലാവിധ കുഷ്ഠങ്ങളും ൫ വിധമുള്ള ഗുന്മങ്ങളും അർശസ്സും പാണ്ഡുരോഗവും മാറും ശമിക്കും. ദീർഘായുസ്സും ബലവും ദിവ്യദൃഷ്ടിയും സ്ഥിരതയും ഉണ്ടാകും.

## വ൪. മദനകാമേശ്വരിലേഹ്യം (ചാതുർജ്ജാതരസായനം)

ചാതുർജ്ജാതകചോരചന്ദനജലദ്രാക്ഷാതുകാരേണുകാ
കസ്തൂരീതകരേന്ദുകുങ്കുമജടാകുഷ്ഠാശ്വഗന്ധാബ്ദകം
കാകോളീസുരദാരുചിത്രകവചാ ദ്വൌ ജീരകൌ സൈന്ധവം
ഭാർങ്ഗീഗോക്ഷുരദേവപുഷ്പമുസലീയഷ്ടീബലാഫേനകം
രംഭാകന്ദഫലത്രയം ത്രികടുകം ജാതീ ച ലംബാളകം
താലീസം കടുകീഫലം ഗജകണാ മാഷാമൃതാശക്കരാ

ഇക്ഷുഭൃംഗവിദാരികാ മദനജംബീജം ച കഭൃത്ഭവം
ശല്മല്യംഘ്രിപുനർന്നവാഗരുശതാവര്യോപ്യഥോ ദീപ്യകം

പാദാംശം മൃതമഭ്രകഞ്ച വിജയാ തുല്യൗഷധാനാം സമം
സർവ്വേഷാം സദൃശീ സിതാ ച മധുനാ ചാജ്യേന സംപേഷിതം
ജാതീചമ്പകകേതകാദികുസുമൈസ്സംവേതസം വാസിതം
കർഷാർദ്ധം നിശി ദേഹസിദ്ധിദമഹാകാമേശ്വരഃ കാമദഃ

പുംസാം ശുക്ലവിവൃദ്ധിദാർഢ്യകരണഃ ക്ഷീരാനുപാനോ ഹിതഃ
ശാല്മല്യംഘ്രിജലാനുപാനമഥവാപ്യന്യച്ച യച്ഛുക്ലദം
പ്രൗഢാനാം സുദൃശാം സുഖാതിസുഖദോ വശ്യാവഹോ ദ്രാവക-
സ്സംഗേഽഭംഗുരകാമകൗതുകരസക്രീഡാകലാസമ്മതഃ

സംഭോഗേസ്ഥവിരാൻ നിയോക്ഷ്യതി യഥാ യൂനാ സ്മരോ ദർപ്പതേ
നിത്യാനന്ദനിദാനമാദിപുരുഷൈരപ്യാഹിതാസ്വാദനഃ
വാചാം സിദ്ധികരഃ പ്രസിദ്ധകവിതാസന്ദർഭസമ്പാദനഃ
സൗഖ്യാരോഗ്യവശേഷയൗവനകലാസാമഗ്ര്യസമ്പാദകഃ

വൃദ്ധത്വം ഹരതേ ബലഞ്ച കുരുതേ മൃത്യുന്നിരസ്യത്യലം
വ്യാധിവ്രാതമപാകരോതി കുരുതേ കാന്തിഞ്ചമർത്ത്യാർജ്ജവം
യോഗാഭ്യാസവിധാവതീവസുഖദാം സിദ്ധിം വിധത്തേതരാം-
മംഹഃ സംഹതി സംഹൃതിം കലയതേ സ്ത്രീണാമപത്യപ്രദഃ

രോഗാണാം നിചയക്ഷയം ക്ഷപയതേ ക്ഷിപ്രം മഹാരുഗ്ഗണം
വ്യാഹന്തി ശ്വസനം ക്ഷയം ഗമയതി ഛർദ്ദൻ ഹി കാസോദയം
ദുർന്നാമാനി ഹരാച്ഛിനത്തി ഹരതേ സർവ്വാതിസാരോത്ബണം
മേഹൗഘഞ്ച രുണദ്ധി ശോണിതഗദം വിദ്ധ്വംസതേ സേവനാൽ.

ചാതുർജ്ജാതകം=ഏലത്തരി, ഇലവർങ്ഗം, പച്ചില, നാഗപ്പൂവ്. ചോരം=കച്ചോലം, ചന്ദനം. ജലം=ഇരുവേലി. ദ്രാക്ഷ=മുന്തിരിങ്ങാപ്പഴം. തുക=ക്രുവന്തറ്. രേണുകം=അരേണുകം. കസ്തൂരി. ഇന്ദു=പച്ചക്കർപ്പൂരം, തകരം. കുസുമം=കുങ്കുമപ്പൂവ്. ജടാ=ജടാമാഞ്ചി. കുഷ്ഠം=വെള്ളക്കൊട്ടം. അശ്വഗന്ധം=അമുക്കരം. അബ്ദം=മുത്തങ്ങ, കാകോളി (പകരം അമുക്കരം) സുരദാരു=ദേവതാരം. ചിത്രകം=കൊടുവേലിക്കിഴങ്ങ്. വചാ=വയമ്പ്. ജീരകൗ=ജീരകവും കരിംജീരകവും. സൈന്ധവം=ഇന്തുപ്പ്. ഭാർങ്ഗി=ചെറുതേക്കിൻവേര്. ഗോക്ഷുരം=ഞെരിഞ്ഞിൽ. ദേവപുഷ്പം=കരയാമ്പൂ. മുസലീ=നിലപ്പനക്കിഴങ്ങ്. യഷ്ടി=എരട്ടിമധുരം. ബലാ=കുറുന്തോട്ടിവേർ. മദനകം=കടതന്ത്ര. രംഭാകന്ദം=കദളിവാഴക്കിഴങ്ങ്. ഫലത്രയം=ത്രിഫലത്തോട്. ത്രികടുകം=ചുക്ക, മുളക, തിപ്പലി. ജാതി=ജാതിക്ക. ലംബാളകം=ജാതിപത്രി. താലീസം=താലീസപത്രി. കടുകീഫലം=പേച്ചുരക്കായ്. ഗജകണാ=അത്തിത്തിപ്പലി. മാഷം=ഉഴുന്ന്. അമൃത=ചിററമൃത്. ശർക്കരാ=പഞ്ചസാര. ഇക്ഷു=നായ്ക്കുരണഅരി. ഭൃംഗം=കയ്യോന്നി. വിദാരികാ=പാൽമുതക്കിൻകിഴങ്ങ്. മദനജംബീജം=ഉമ്മത്തിൻകുരു. കഭൃത്ഭവംബീജം=നാഗദന്തിയരി. ശല്മല്യംഘ്രി=ഇലവിൻവേർത്തൊലി. പുനർന്നവ=തമിഴാമവേര്. അഗരു=അകിൽ, ശതാവരിക്കിഴങ്ങ്. ദീപ്യകം=അയമോദകം ഇവ സമം. മൃതാഭ്രകം=വിധിപ്രകാരം ശുദ്ധിയാക്കി നീററിയ അഭ്ര

കളസ്സും. പാദാംശം=മേൽപറഞ്ഞ ഒരു മരുന്നിന്റെ നാലിലൊരുഭാഗം. വിജയാ=കഞ്ചാവ്. മേൽപറഞ്ഞ എല്ലാ ഔഷധങ്ങളും കൂടിയ അളവിനു യോജിപ്പിക്ക. മേല്പറഞ്ഞവ യഥായോഗ്യം ചൂർണ്ണിച്ചും അരച്ചും നേർപ്പിച്ചും എടുത്തു എല്ലാം കൂടിയിടത്തോളം പഞ്ചസാരയും ഔചിത്യംപോലെയുള്ള അളവിനു നെയ്യും തേനും ചേർത്തു മർദ്ദിച്ചു ലേഹമാക്കുക. (പഞ്ചസാര പാവുകാച്ചി പൊടിചേർത്തു നെയ്യും ആപിയാൽ തേനുംചേർത്തു പാകമാക്കുന്നുണ്ട്. ഇതു പഴക്കത്തിനു കുറക്കൂടി നന്നു്) പിച്ചിപ്പൂ, ചെമ്പകപ്പൂ, താഴംപൂ ഇവ കൊണ്ടു മണംപിടിക്ക, ഒരുനേരം ഒന്നരക്കഴഞ്ചുവീതം സേവിക്ക. ശുക്ലവൃദ്ധി ഉണ്ടാക്കും. പാലോ ഇലവിൻകഷായമോ മററു ശുക്ലവൃദ്ധികരങ്ങളായ ഉഴുന്നു്, നായ്ക്കുരുണപ്പരിപ്പ്, മുരിങ്ങപ്പൂ മുതലായവയുടെ യൂഷമോ അന്നപാനങ്ങളോ ഉപയോഗിക്ക. വാതം, ക്ഷയം, ചുമ, അർശസ്സ്, അതിസാരം, രക്തപിത്തം മുതലായ അനേകരോഗങ്ങൾ ശമിക്കും. അഗ്നിദീപ്തി, ബുദ്ധി, മനഃപ്രസന്നത, ധാതുവൃദ്ധി, വാക്ശക്തി, ബലം, ആരോഗ്യം, കാന്തി മുതലായവയും ഉണ്ടാകും.

## ൭൫. ഭാർങ്ഗ്യാദിലേഹം

ഭാർങ്ഗ്യാഃ ശതാർദ്ധം വാശായാ കണ്ടകാര്യ്യാശ്ച പാചയേത്
തുലാമിതം ജലം ദത്വാ നിശാചരചതുഷ്ടയം
ജലാഢകേ പചേത്തേന ചതുർത്ഥമവശേഷയേത്
വസ്ത്രപൂതഞ്ച തത്സർവ്വം സിതാപ്രസ്ഥം തതഃ ക്ഷിപേത്
ഉഷ്ണേഽവതാരിതേ തത്ര ചൂർണ്ണാനീമാനി ദാപയേത്
ഭാർങ്ഗീ വചാശ്വദംഷ്ട്രാ ച ത്വഗേലാപത്രജീരകം
യവാനീ ചാജമോജാ ച വാംശീ കൗലത്ഥജം രജഃ
കട്ഫലം പൗഷ്കരം ശൃംഗീ കോലമാത്രാ ക്ഷിപേത്തതഃ
ഹന്തി പഞ്ചവിധം കാസം ശ്വാസമേവ സുദാരുണം
യക്ഷ്മാണം ഹന്തി ഹിക്കാഞ്ച ജ്വരം ജീർണ്ണം വ്യപോഹതി
രോഗാനേതാൻ നിഹന്ത്യാശു ബലപുഷ്ട്യഗ്നിവർദ്ധനം.

ഭാർങ്ഗി=ചെറുതേക്കിൻവേരു് പലം ൫. കണ്ടകാരിച്ചുണ്ടവേരു്. വാശാ=ആടലോടകവേരു് ഇവ രണ്ടുംകൂടി പലം ൫൦. ഇവ ആറേകാൽ ഇടങ്ങഴി വെള്ളത്തിൽ കഷായംവച്ചു നാലിലൊന്നു ശേഷിപ്പിച്ചു പിഴിഞ്ഞരിക്ക. നിശാചരചതുഷ്ടയം=നാലു വാവലുകളുടെ മാംസം (ചുണ്ടും കാലും കുടലും മററും കളഞ്ഞു) എടുത്തു നാലിടങ്ങഴി വെള്ളത്തിൽ വെന്തു ഇടങ്ങഴിയാക്കുക. (ഇതിൽ അവയുടെ രസം മുഴുവൻ പുറപ്പെടത്തക്കവണ്ണം വെള്ളത്തിൽ കഷായംവയ്ക്കുന്നതും മാംസരസം വിധാനപ്രകാരംതന്നെ ചെയ്തു എടുക്കുന്നതും കൊള്ളാമെന്നു തോന്നുന്നു. നിശാചരമാംസം കുറുക്കന്റെ മാംസമാണെന്നും അഭിപ്രായക്കാരുണ്ടു്) കഷായം രണ്ടും അരിച്ചു അതിൽ ൧൬ പലം പഞ്ചസാരചേർത്തു ലേഹപാകമായാൽ ഭാർങ്ഗി=ചെറുതേക്കിൻവേരു്, വച=വയമ്പു്. ശ്വദംഷ്ട്ര=ഞെരിഞ്ഞിൽ. ത്വക്=ഇലവർങ്ഗം, ഏലത്തരി. പത്രം=പച്ചില, ജീരകം. യവാനി=കുറാശാണി, (ആശാളി എന്നും പക്ഷം) അജമോജ=അയമോദകം. വാംശി=കൂവനൂറു്. കൌലത്ഥജംരജഃ=മുതിരപ്പൊടി. കട്ഫലം=കുമിഴിൻവേരു്. പൌഷ്കരം=പുഷ്കരമൂലത്തിൻവേരു്. ശൃംഗി=കർക്കടകശൃംഗി. ഇവ ഒന്നരക്കഴഞ്ചുവീതം പൊടിച്ചു വിതറി ഇളക്കിച്ചേർത്തു സേവിക്ക. എല്ലാവിധമുള്ള കാസശ്വാസങ്ങളും രാജയക്ഷ്മാവും ഇക്കിളും ജീർണ്ണജ്വരവും ശമിക്കും. ബലവും പുഷ്ടിയും അഗ്നിദീപ്തിയും ഉണ്ടാകും.

## വന്ന. പുനൎന്നവാദിലേഹം.

പുനൎന്നവാമൃതാദാരുദശമൂലരസാഢകേ
ആദ്രകസ്യ രസപ്രസ്ഥേ ഗുഡസ്യ ച തുലാം പചേത് (ദ്രക്
തതസ്സിദ്ധം വ്യോഷപത്രൈലാത്വക് ചവ്യൈഃ കാൎഷികൈ പൃ-
ചൂൎണ്ണീകൃതൈഃ ക്ഷിപേത്ശീതേ മധുനഃ കുഡുബം ലിഹേത്
ലേഹഃ പൗനൎന്നവോ നാമ ശോഫശൂലനിഷൂദനഃ
കാസശ്വാസാരുചിഹരോ ബലവൎണ്ണാഗ്നിവദ്ധനഃ

പുനൎന്നവ=തമിഴാമവേരു്. അമൃത=ചിററമൃതു്. ദാരു=ദേവതാരം. ദശമൂലം=കൂവളം, കുമിഴ്, പാതിരി, പയ്യാഴാന്ത, മുഞ്ഞ, ഓരില, മൂവില, ചെറുവഴുതിന, വെൺവഴുതിന ഇവററിൻവേരു്, ഞെരിഞ്ഞിൽ ഇവ എല്ലാംകൂടി നവ പലം എടുത്തു ഫന്ന ഇടങ്ങഴി വെള്ളത്തിൽ കഷായംവച്ചു നാലു ഇടങ്ങഴിയാക്കി പിഴിഞ്ഞരിച്ചു അതിൽ ആദ്രകസ്യരസപ്രസ്ഥം=ഇടങ്ങഴി ഇഞ്ചിനീരും, ഗുഡസ്യതുലാം=ഒരു തുലാം ശക്കരയും ചേൎത്തു ലേഹപാകമായാൽ വ്യോഷം=ത്രികടുകു്. പത്രം=പച്ചില, ഏലത്തരി. ത്വക്=ഇലവൎങ്ഗം. ചവ്യം=കാട്ടുമുളകിൻവേരു്. ഇവ ന കഴഞ്ചുവീതം പൊടിച്ചുതൂവി ചേൎത്തിളക്കി നാഴി തേനും ആറിയശേഷം യോജിപ്പിച്ചു സേവിക്കും. ശോഫം, ശൂല, കാസം, ശ്വാസം, അരുചി മുതലായവയെ ശമിപ്പിക്കും. ബലം, നിറം, അഗ്നിദീപ്തി ഇവ ഉണ്ടാക്കും.

## വ൦. ദ്രാക്ഷാദിലേഹം

ദ്രാക്ഷാപ്രസ്ഥം കണാപ്രസ്ഥം ശൎക്കരാൎദ്ധതുലാം തഥാ
ദ്വിപലം മധുകം ശുണ്ഠീം ത്വക്ക്ഷീരീഞ്ച വിചൂൎണ്ണിതം
ധാത്രീഫലരസദ്രോണേ ക്ഷിപ്ത്വാ തല്ലേഹവത്പചേത്
ശീതാന്മധുപ്രസ്ഥയുതാല്ലിഹ്യാത് പാണിതലം തതഃ
ഹലീമകം പാണ്ഡുരോഗം കാമിലാഞ്ച നിയച്ഛതി

ദ്രാക്ഷാപ്രസ്ഥം=മുന്തിരിങ്ങാപ്പഴം പലം ഫന്ന. കണാപ്രസ്ഥം=തിപ്പലി പലം ഫന്ന. മധുകം=ഇരട്ടിമധുരം. ശുണ്ഠി=ചുക്കു്. ത്വക്ക്ഷീരി=കൂവനൂറു് ഇവ വ പലം വീതം. മുന്തിരിങ്ങാ കുരുകളഞ്ഞും മററുള്ളവ ചൂൎണ്ണിച്ചും യോജിപ്പിക്ക. ധാത്രീഫലരസദ്രോണേ=ഫന്ന ഇടങ്ങഴി നെല്ലിക്കാനീരിൽ, ശൎക്കരാൎദ്ധതുലാം=അൻപതു പലം പഞ്ചസാരചേൎത്തു പാകമായാൽ മേൽപറഞ്ഞ മരുന്നുകൾ പൊടിച്ചുതൂവിതറി ഇളക്കി ആറിയാൽ തേനും ചേൎത്തു സൂക്ഷിച്ചു മൂന്നുകഴഞ്ചുവീതം സേവിക്ക. പാണ്ഡുവും കാമിലയും മററും ശമിക്കും.

## വവ്വ. ജീരകാദിലേഹം (മുട്ടക്കുഴമ്പു്)

ജീരകം മോദകം ധാന്യമശ്വഗന്ധം വിഴാലരി
കാളാനുസാരീ മുളകും തൂക്കി നിഷ്കമൊരോന്നിവ
ദ്വിനിഷ്കം മാഗധീ ചൈവ യഷ്ടിരണ്ടര നിഷ്കവും
അക്ഷതം രണ്ടുനിഷ്കഞ്ച കൂട്ടി നന്നായ പൊടിച്ചതിൽ
കാർ ജീരകം വെളുത്തുള്ളി കുന്ദുരുഷ്കഞ്ച കൊട്ടവും
മായാക്ക മാഞ്ചിയും ചുക്കും കച്ചോലം താൎക്ഷ്യപച്ചയും

ഗോരോചനയിതെല്ലാമേ അർദ്ധനിഷ്കം പൊടിച്ചതും
മുമ്പിലേപ്പൊടിയും കൂട്ടി വസ്ത്രശോധനചെയ്തഥ
കരിക്കിൻജലവും നാഴി മുലപ്പാൽ പഞ്ചസാരയും
കൂട്ടിക്കലന്നരിച്ചിട്ടു പചിച്ചു കുറുകും പദേ
പൊടിയുംചേർത്തു പാകത്തിൽ നാലുമുട്ടയുടച്ചതിൽ
വെള്ളക്കരു കലന്നിട്ടു പാകത്തിൽ വാങ്ങിവച്ചതിൽ
ഉരിയത്തേനുമൊന്നിച്ചു പാകമാക്കിയെടുത്തഥ
പച്ചനെല്ലിക്കമാത്രത്തിൽ സേവിക്കാം രണ്ടുനേരവും
രാജയക്ഷ്മാവുവർദ്ധിച്ചിട്ടൊച്ചപാരമടച്ചതും
പഴപ്പും വ്രണവും വീക്കം പനിയും പാർശ്വവേദന
അതിസാരം കഫന്നാററമിവയെല്ലാം ശമിച്ചുപോം.

മോദകം=അയമോദകം. ധാന്യം=കൊത്തമ്പാലരി. അശ്വഗന്ധം=അമുക്കുരം. കാളാനുസാരി=ഉലുവാ. നിഷ്കം=കഴഞ്ച്. ദ്വിനിഷ്കം=രണ്ടു കഴഞ്ച്. അക്ഷതം=കടക്കപ്പാല, കാർകോകിൽ, ചെറുപുന്ന. വിഴാൽ ഇവററിന്നരിയും കൊത്തമല്ലിയും ഏലത്തരിയും. കാർ=മുത്തങ്ങ. കന്ദുരുഷ്കം=വെള്ളക്കുന്തിരിക്കം. താർക്ഷ്യപച്ച=ഗരുഡപ്പച്ച. അർദ്ധനിഷ്കം=അരക്കഴഞ്ച്. (ശേഷം സ്പഷ്ടം.)

## ൨൯. വ്യാഘ്ര്യാദിലേഹം

പചേദ്വ്യാഘ്രീതുലാം ക്ഷുണ്ണാം വഹേഽപാമാഢകേ സ്ഥിതേ
ക്ഷിപേത് പൂതേതു സംചൂർണ്ണ്യ വ്യോഷരാസ്നാഽമൃതാഗ്നികാൻ
ശൃംഗീഭാർങ്ഗീഘനഗ്രന്ഥിധന്വയാഷാൻ പലാർദ്ധകാൻ
സർപ്പിഷഃ ഷോഡശപലം ചത്വാരിംശത്പലാനി ച
മത്സ്യണ്ഡികായാ ശുദ്ധായാഃ പുനശ്ച തദധിശ്രയേത്
ദർവീലേപിനി ശീതേ ച പൃഥക് ദ്വികുഡുബം ക്ഷിപേത്
പിപ്പലീനാം തുഗാക്ഷീര്യാ മാക്ഷികസ്യ നവസ്യ ച
ലേഹോയം ഗുന്മഹൃദ്രോഗദുർന്നാമശ്വാസകാസജിത്

വ്യാഘ്രീതുലാം=൧൦൦ പലം വഴുതിനവേര്, നുറുക്കി ഇടിച്ചു ൧൬ ഇടങ്ങഴി വെള്ളത്തിൽ കഷായംവച്ചു നാലിടങ്ങഴിയാക്കി പിഴിഞ്ഞരിച്ചു ചത്വാരിംശത്പലാനി=൪൦ പലം. മത്സ്യണ്ഡിക=മീൻകണ്ണിശക്കര (കൽക്കണ്ടുചക്കരന്നതും കൊള്ളാം) ചേർത്തു ലേഹപാകമായാൽ—വ്യോഷം=ചുക്ക്, മുളക്, തിപ്പലി. രാസ്ന=ചിററരത്ത. അമൃത=ചിററമൃതു. അഗ്നികം=കൊടുവേലിക്കിഴങ്ങ്. ശൃംഗി=കർക്കടകശൃംഗി. ഭാർങ്ഗി=ചെറുതേക്കിൻവേര്. ഘനം=മുത്തങ്ങ. ഗ്രന്ഥി=കാട്ടുതിപ്പലിവേര്. ധന്വയാഷം=കൊടുത്തൂവവേര്. ഇവ അരപ്പലംവീതം പൊടിച്ചു ചേർത്തിളക്കി വാങ്ങി ആറിയാൽ തിപ്പലിപ്പൊടി തുഗാക്ഷീരി=കൂവനൂറ്. ഇവ ൨ പലംവീതവും ഇരുനാഴി തേനും ചേർത്തിളക്കി സൂക്ഷിക്ക. ഇതു സേവിച്ചാൽ ഗുന്മം, ഹൃദ്രോഗം, അർശ്ശസ്സ്, ശ്വാസം, കാസം മുതലായവ ശമിക്കും.

## ൩൦. ദശമൂലഹരീതകീലേഹ്യം (൧)

ദശമൂലകഷായസ്യ കംസേ പഥ്യാ ശതം പചേത്
ദത്വാ ഗുളതുലാം തസ്മിൻ ലേഹേ ദദ്യാദ്വിചൂർണ്ണിതം

ത്രിജാതകം ത്രികടുകം കിഞ്ചിച്ച യവശൂകജം
പ്രസ്ഥാർദ്ധഞ്ച ഹിമേ ക്ഷൌദ്രാത്തന്നിഹന്ത്യുപയോജിതം
പ്രവൃദ്ധശോഫജ്വരഗുന്മമേഹകാർശ്യാമവാതാമ്ലകരക്തപിത്തം
വൈവർണ്ണ്യമൂത്രാനിലശുക്ലദോഷശ്വാസാരുചിപ്ലീഹഗരോദരഞ്ച

ദശമൂലം ൧ പലം. ൧൬ ഇടങ്ങഴി വെള്ളത്തിൽ കഷായംവച്ചു നാലിടങ്ങഴിയാക്കി പിഴിഞ്ഞരിച്ചു അതിൽ ഒരുതുലാം ശക്കരയും ൧൦൦ മഴവൻ കടുക്കായും ചേൎത്തു കുറുക്കി പാകമാകുമ്പോൾ ത്രിജാതകം=ഏലം, ഇലവൎങ്ഗം, പച്ചില. ത്രികടുകം=ചുക്കു, മുളകു, തിപ്പലി. ഇവയും കുറഞ്ഞ അളവിൽ യവശൂകജം=ചവക്കാരവും പൊടിച്ചതു ചേൎത്തിളക്കി പ്രസ്ഥാൎദ്ധം=ഇരുനാഴി. ക്ഷൌദ്രം=തേൻ. തണുത്തശേഷം യോജിപ്പിച്ചു സേവിക്ക. ശോഫം, ജ്വരം, ഗുന്മം, മേഹം. കൃശത. ആമദോഷങ്ങൾ, വാതരോഗം, അമ്ലപിത്തം, രക്തപിത്തം, നിറപ്പകച്ച, മൂത്രദോഷങ്ങൾ, ശുക്ലദോഷങ്ങൾ, ശ്വാസം. അരുചി, പ്ലീഹോദരം, കൈവിഷദോഷം മുതലായവ ശമിക്കും. ദശമൂലം ഓരോന്നും ൧൦ പലംവീതം ൧൬ ഇടങ്ങഴി വെള്ളത്തിൽ കഷായംവച്ചു നാലിലൊന്നാക്കണമെന്നും ത്രിജാതവും ത്രികടുവും മൂന്നും നാലും കഴഞ്ചെന്നും പലമെന്നും യവക്ഷാരം മൂന്നു കഴഞ്ചുവീതവും ചേൎക്കണമെന്നും ശാസ്ത്രാന്തരവും കാണുന്നുണ്ടു്.

## ൩൧. ദശമൂലാദിലേഹം.

ഏകൈകശോ ദശപലേ ദശമൂലകുംഭ-
പാഠാദ്വയാൎക്കഘുണവല്ലഭകട്ഫലാനാം
ദഗ്ദ്ധ്വാ സ്രുതേഽംബുകലശേന ജലേ തു പക്വേ
പാദസ്ഥിതേ ഗുളതുലാം പലപഞ്ചകഞ്ച
ദദ്യാത് പ്രത്യേകം വ്യോഷചവ്യാഭയാനാം
വഹ്നേർമ്മുഷ്ടീ ദ്വൌ ദ്വൌ യവക്ഷാരതശ്ച
ദൎവ്വീമാലിമ്പൻ ഹന്തി ലീഢോ ഗുളോഽയം
ഗുന്മപ്ലീഹാൎശഃകുഷ്ഠമേഹാഗ്നിസാദാൻ

ദശമൂലം. കുംഭം=ത്രികോല്പക്കൊന്ന. പാഠാദ്വയം=പാടക്കിഴങ്ങു് രണ്ടിനവും. അൎക്കം=എരുക്കിൻവേരു്. ഘുണവല്ലഭ=അതിവിടയം. കട്ഫലം=കുമിഴിൻവേരു്. ഒരു കുടത്തിലാക്കിച്ചുട്ടു ഭസ്മമാക്കി, ൧൬ ഇടങ്ങഴി വെള്ളത്തിൽ കലക്കി തെളി (ഊറൽ എടുത്തു പോരാതെവന്നാൽ കൂടുതൽ വെള്ളത്തിൽ കലക്കി തെളിക്കാം) വാറിച്ചു നാലിടങ്ങഴിയാക്കി അതിൽ ഗുളതുലാം=ഒരു തുലാം ശക്കരചേൎത്തു കുറുക്കി ലേഹപാകത്തിൽ വ്യോഷം=ചുക്കു്, മുളകു്, തിപ്പലി. ചവ്യം=കാട്ടുമുളകിൻവേരു്. അഭയ=കടുക്കാത്തോടു് ഇവ ൫ പലംവീതവും വഹ്നി=കൊടുവേലിക്കിഴങ്ങു്. യവക്ഷാരം=ചവക്കാരം ഇവ ൨ പലംവീതവും പൊടിയാക്കി യോജിപ്പിച്ചു സേവിക്ക. ഗുന്മം, പ്ലീഹ, അൎശസ്സു, പ്രമേഹം, അഗ്നിമാന്ദ്യം ഇവ ശമിക്കും.

## ൩൨. ചിത്രകഗുളം.

തോയദ്രോണേ ചിത്രകമൂലതുലാൎദ്ധം
സാദ്ധ്യം യാവത് പാദജലസ്ഥമശേഷം
അഷ്ടൌ ദത്വാ ജീൎണ്ണഗുളസ്യ പലാനി
കാഥ്യം ഭൂയഃ സാന്ദ്രതയാ സുസമേതം

ത്രികടുകമിസിപത്ഥ്യാകുഷ്ഠമുസ്താവരാംഗ-
കൃമിരിപുദഹനൈലാചൂർണ്ണകിർണ്ണോഽവലേഹം
ജയതി ഗുദജകുഷ്ഠപ്ലീഹഗുന്മോദരാണി
പ്രബലയതി ഹുതാശം ശശ്വദഭ്യസ്യമാനഃ

ചിത്രകമൂലതുലാർദ്ധം=൫൦ പലം കൊടുവേലിക്കിഴങ്ങ്, തോയദ്രോണേ=൧൬ ഇടങ്ങഴി വെള്ളത്തിൽ കഷായംവച്ചു ൪ ഇടങ്ങഴിയാക്കി പിഴിഞ്ഞരിച്ചു ജീർണ്ണ ഗുളം=പഴയ ശക്കര ൧൫ പലം കലക്കി കുറുക്കി സാന്ദ്രപാകത്തിൽ— ത്രികടുകം= ചുക്ക്, കുരുമുളക്, തിപ്പലി. മിസി=ശതകുപ്പ. പത്ഥ്യ=കടുക്കാത്തോട്. കുഷ്ഠം=വെള്ള ക്കൊട്ടം. മുസ്ത=മുത്തങ്ങ. വരാംഗം=ഇലവർങ്ഗം. കൃമിരിപു=വിഴാലരിക്കാമ്പ്. ദഹ നം=കൊടുവേലിക്കിഴങ്ങ്. ഏലത്തരി ഇവയുടെ ചൂർണ്ണം (അളവ് ഔചിത്യം പോലെ) ചേർത്തിളക്കി വാങ്ങി നല്ല പാത്രത്തിൽ സൂക്ഷിച്ചു മാത്ര നിശ്ചയിച്ചു സേ വിക്ക. അർശസ്സ്, കുഷ്ഠം, പ്ലീഹോദരം, ഗുന്മം ഇവ ശമിക്കും. അഗ്നിദീപ്തി ഉണ്ടാകും.

## ൯൩. ഗുളാർദ്രകം. (ഇഞ്ചിക്കുഴമ്പ്)

ആർദ്രകസ്യ രസേ തുല്യം ഗുളം ദത്വാ ചിരോഷിതം
വിപച്യമാനേ സാന്ദ്രേ തു ത്രിജാതവ്യോഷവാരിദാൻ
ജീരകഞ്ച വരാളഞ്ച ദീപ്യകം ധനികാമപി
സംഭൃത്യാഷ്ടമഭാഗേന ചൂർണ്ണയിത്വാത്ര യോജയേത്
അവതാര്യ ഗുളാർദ്ധാംശമധുനാപി ച യോജിതം
ഏതത് ഗുളാർദ്രകം നാമ ശോഫനാശനമൗഷധം
അഗ്നിമാന്ദ്യാരുചിശ്വാസകാസപീനസശൂലിനാം
ഗുന്മപ്ലീഹാതിസാരേഷു സന്ന്യാസേ ച പ്രശസ്യതേ.

ഇഞ്ചിനീര് ഇടങ്ങഴി ൧. പഴയ ശക്കര പലം ൧൬ ചേർത്ത് അടുപ്പിലാക്കി ലേഹപാകമായാൽ—ത്രിജാതം=ഏലം, ഇലവർങ്ഗം, പച്ചില. വ്യോഷം=ചുക്ക്, മുളക്, തിപ്പലി. വാരിദം=മുത്തങ്ങ. ജീരകം. വരാളം=ഗ്രാമ്പൂ. ദീപ്യകം=അയമോ ദകം. ധനിക=കൊത്തമ്പാലയരി ഇവ പൊടിച്ചുചേർത്തിളക്കി (ഓരോന്നും ൪ കഴ ഞ്ചുവീതം) വാങ്ങി തണുത്താൽ ഇരുനാഴി തേനും ചേർത്തു സൂക്ഷിക്ക. ഇതു സേവി ച്ചാൽ ശോഫം, അഗ്നിമാന്ദ്യം, അരുചി, ശ്വാസകാസങ്ങൾ, ഗുന്മം, പ്ലീഹോദരം, അതിസാരം, സന്ന്യാസരോഗം മുതലായവ ശമിക്കും.

## ൯൪. മാതളരസായനം (മാതളക്കുഴമ്പ്)

ഡാഡിമസ്യ രസം സ്തന്യമാധത്രുഷാർദ്രകോത്ഭവം
പ്രത്യേകം പലഷട്കന്തു യുഞ്ജ്യാത്സാധു ഭിഷഗ്വരഃ
സിതാഗുഡം ഖണ്ഡസിതാ പൃഥക് ദ്വാദശകം പലം
ലേഹീഭൂതേ ക്ഷിപേച്ചൂർണ്ണം രാളാദീനാം ച പാകവിത്
രാളം ശൃംഗീചതുർജ്ജാതം കതകം വ്യോഷരേണുകം
കുഷ്ഠം യഷ്ടീലവംഗം ച നാകുലീകൃഷ്ണജീരകം

ജാതീകോശഫലേനാഗകണാഗോപാംഗനാവൃഷം
സൈന്ധവം നാഗകുസുമമഗ്രഗ്രാഹീ ച ചന്ദനം
കസ്തൂരീരോചനാമുക്താഭസ്മേന്ദുമൃഗരേതസി
പ്രവാളഭസ്മചൈതേഷാം പ്രത്യേകം ച സുവർണ്ണകം
മാക്ഷികം പ്രക്ഷിപേത് സ്തന്യമാനം ശീതേऽവതാരിതേ
ശ്വാസം കാസം ക്ഷയം ഹിക്കാം വിദ്രധിമന്തരാശ്രിതാം
അഗ്നിമാന്ദ്യം വമിം ഗുല്മം ക്ഷതാരോചകഹൃദ്രുജഃ
പ്ലീഹാരോഗം യകൃദ്രോഗം രക്തപിത്തം സ്വരക്ഷയം
ഉപദ്രവാൻ ജ്വരാദീംശ്ച ഹന്യാദേതദ്രസായനം.

ദാഡിമസ്യ രസം=താളിമാതളപ്പഴത്തിൻരസം. സ്തന്യം=മുലപ്പാൽ. ആടരൂഷാർദ്രകോത്ഭവം=ആടലോടകത്തിലനീരും ഇഞ്ചിനീരും. സിത=പഞ്ചസാര. ഗുഡം=ശക്കര. ഖണ്ഡസിത=കല്ക്കണ്ടു്. രാളം=വെള്ളക്കുന്തിരിക്കം. ശൃംഗി=കർക്കടകശൃംഗി. ചതുർജ്ജാതകം=ഏലത്തരി, ഇലവർങ്ങം, പച്ചില, നാഗപ്പൂവു്. കതകം=തേററാമ്പരൽ (ചതച്ചു നെയ്യിൽ വറുത്തരച്ചു ചേർക്കണം.) വ്യോഷം=ചുക്കു്, മുളകു്, തിപ്പലി. രേണുകം=അരേണുകം (വാൽമുളകെന്നും ചിലർ) കുഷ്ഠം=വെള്ളക്കൊട്ടം. യഷ്ടി=ഇരട്ടിമധുരം. ലവംഗം=ഗ്രാമ്പൂ. സാംകലീ=ചിററരത്ത. കൃഷ്ണജീരകം=കരിംജീരകം. ജാതീകോശഫലങ്ങൾ=ജാതിപത്രിയും ജാതിക്കായും. നാഗകണ=അത്തിത്തിപ്പലി. ഗോപാംഗനാ=നറുനീണ്ടിക്കിഴങ്ങു് (അരച്ചുണക്കി) വൃഷം=ആടലോടകവേരു്. സൈന്ധവം=ഇന്തുപ്പു്. നാഗകുസുമം=നാഗപ്പൂ. അഗ്രഗ്രാഹി=അക്രാവു്. ചന്ദനം, കസ്തൂരി. രോചന=ഗോരോചന. മുക്താഭസ്മ=മുത്തുഭസ്മം. ഇന്ദു=പച്ചക്കർപ്പൂരം. മൃഗരേതസ്സ്=വരുകിൻപുഴകു്. പ്രവാളഭസ്മം=പവിഴഭസ്മം. ഇവ സുവർണ്ണകം=മൂന്നുകഴഞ്ചു്. മാക്ഷികം=ചെറുതേൻ.

മാതളപ്പഴത്തിൻനീരു, മുലപ്പാൽ, ആടലോടകത്തില (വാട്ടിപ്പിഴിഞ്ഞ) നീരു് ഇഞ്ചിനീരു ഇവ നാഴുരുടംവീതം പഞ്ചസാര, ശക്കര, കല്ക്കണ്ടു് ഇവ ൧൨ പലംവീതം. ഇവ യഥായോഗ്യം മേല്പറഞ്ഞ നീരുകളും കൂട്ടി പാവുകാച്ചി ലേഹപാകമായാൽ—വെള്ളക്കുന്തിരിക്കം, കർക്കടകശൃംഗി, ഏലത്തരി, ഇലവർങ്ങം, പച്ചില, നാഗപ്പൂ (ഇരട്ടി), തേററാമ്പരൽ, ചുക്കു്, മുളകു്, ചെറുതിപ്പലി, അരേണുകം, വെള്ളക്കൊട്ടം, എരട്ടിമധുരം, ഗ്രാമ്പൂ, ചിററരത്ത, കരിംജീരകം, ജാതിക്ക, പത്തിരി, അത്തിത്തിപ്പലി, നറുനീണ്ടിക്കിഴങ്ങു്, ആടലോടകവേരു്, ഇന്തുപ്പു്, നാഗപ്പൂ, അക്രാവു്, ചന്ദനം, കസ്തൂരി, ഗോരോചന, മുത്തുഭസ്മം, പച്ചക്കർപ്പൂരം, വെരുകിൻപുഴകു്, പവിഴഭസ്മം ഇവ ൩ കഴഞ്ചുവീതം യഥായോഗ്യം പൊടിച്ചു വിതറി ഇളക്കിവാങ്ങി തണുത്താൽ ൩ ഉരുടം ചെറുതേനുംചേർത്തിളക്കി സേവിക്ക. ശ്വാസം, കാസം, ക്ഷയം, ഇക്കിൾ, നീർക്കെട്ടു് എന്നുപറയുന്ന അന്തർവിദ്രധി, അഗ്നിമാന്ദ്യം, ഛർദ്ദി, ഗുന്മം, ക്ഷതക്ഷയം, അരുചി, ഹൃദ്രോഗം, പ്ലീഹരോഗംമുതലായവയും രക്തപിത്തം, സ്വരക്ഷയം ഇവയും, നീർക്കെട്ടിൻെറ ഉപദ്രവവ്യാധികളായ ജ്വരം, കാസശ്വാസാരുചികൾ ഇവയും ശമിക്കും.

ഈ യോഗം ഒരു തമിഴ്പാട്ടായിട്ടാണു പ്രചാരത്തിലുള്ളതു്. ഈ യോഗത്തിൽ പ്രയോഗസമ്പ്രദായത്തിൽനിന്നും അല്പം വ്യത്യാസങ്ങൾ ഉണ്ടു. അത്തിത്തിപ്പലിയും ആടലോടകവേരും പാട്ടിൽ ഇല്ല; ചേർത്തുവരാറുമില്ല. കസ്തൂരി മുതല്ക്കുള്ള മരുന്നുകൾ ഒരു കഴഞ്ചുവീതവും ചിലതു് അതിലും കുറച്ചും ഔചിത്യമനുസരിച്ചും ചേർത്തുകാണുന്നു. ഇരുവേലിനീർ മുതലായവ ചേർത്തും പല വിധാനഭേദങ്ങളോടുകൂടി ഇതിനെ ഞാനും മററു പല വൈദ്യന്മാരും പരമ്പരാനുഗതമായി പ്രയോഗിച്ചുവരുന്നു. ഓരോ സ്ഥലങ്ങളിലും യോഗവും വിധാനവും വിഭിന്നമായിത്തന്നെ കാണുന്നു.

## ൩൮. ഗണ്ഡീരരസായനം (അരിഷ്ടം)

**സമൂലപുഷ്പശാഖസ്യ തുലാം ഗണ്ഡീരശാഖിനഃ**
**തുലാർദ്ധം ദശമൂലസ്യ ത്രിഫലായാഃ പൃഥക് പൃഥക്**
**അർദ്ധപ്രസ്ഥം തു ഗോസ്തന്യാസ്തഥാ ച കുടജത്വചഃ**
**വിഡംഗാരുഷ്കരാംഭോദകലിംഗാൻ, കുഡുബാംശകാൻ**
**പാഠാ ദന്തീ ശഠീ രാസ്നാ മൂർവ്വാ വഹ്നിം ച പാലികാൻ**
**സലിലേ ഷോഡശഗുണേ പക്ത്വാ തം പാദശേഷിതം**
**സിതോപലാ ദ്വിതുലയാ പ്രസ്ഥേനായസഭസ്മനഃ**
**കണാർദ്ധപ്രസ്ഥചൂർണ്ണേന ഗ്രന്ഥികാമ്രേണ യോജിതം**
**പിപ്പലീസ്തീക്ഷ്ണവിഡംഗൈലവാലുകൈസ്തു പലാർദ്ധകൈഃ**
**പ്രലിപ്തേ സ്ഥാപയേത് സ്നിഗ്ദ്ധഭാജനേ മാസമാത്രകം**
**കാമിലാപാണ്ഡുഹൃദ്രോഗവാതാസൃഗ്വിഷമജ്വരാൻ**
**മേഹാരുചിശ്വാസകാസാൻ ഹന്തി ഗ്രന്ഥ്യർബ്ബുദക്രിമീൻ.**

ഗണ്ഡീരശാഖി=മാങ്ങാനാറി സമൂലം പലം ൱൦൦. (എന്നാൽ നാരങ്ങാ ചേർത്തുണ്ടാക്കിവരുന്നതു് ഇതിൻപ്രകാരമുള്ള ഗുണങ്ങൾ ഉണ്ടാകുന്നതിനു യോജിച്ചതാകയാൽ ആവിധം ചേർത്തുണ്ടാക്കിവരുന്നതാണു്. മാങ്ങാനാറി തന്നെ ചേർത്തു ഗണ്ഡീരരസായനം ഉണ്ടാക്കിയതിൽ ഇതിൽ പറയുന്ന രോഗങ്ങൾക്കു് അനുഗുണം തന്നെയാണു്. ഗണ്ഡീരത്തിനു മാങ്ങാനാറി എന്നും മററുമല്ലാതെ നാരങ്ങ എന്നു അർത്ഥമില്ല എന്നതും നിശ്ചയമാണു്) ദശമൂലം, ഗോസ്തനി=മുന്തിരിങ്ങാപ്പഴം. കുടജത്വക്=കുടകപ്പാലവേർതൊലി. വിഡംഗം=വിഴാലരി. അരുഷ്കരം=ചേർക്കുരു. അംഭോദം=മുത്തങ്ങ. കലിംഗം=കുടകപ്പാലയരി. പാഠ=പാടക്കിഴങ്ങു്. ദന്തി=നാഗദന്തിവേരു്. ശഠീ=കച്ചോലം. രാസ്ന=ചിററരത്ത. മൂർവ്വ=പെരുംകുരുമ്പവേരു്. വഹ്നി=കൊടുവേലിക്കിഴങ്ങു്. സിതോപല=കല്ക്കണ്ടു്. ആയസഭസ്മം=ഇരുമ്പുഭസ്മം. കണ=തിപ്പലി. ഗ്രന്ഥിക=കാട്ടുതിപ്പലിവേരു്. ആമ്രം=ഒരുപലം. തീക്ഷ്ണം=മുളകു്.

ഇതു അരിഷ്ടയോഗമാണു്. ഇതിനെയാണു് ലേഹമാക്കി ഉപയോഗിക്കുന്നതു്. രണ്ടുവിധമുള്ള വിധാനവും താഴെ ചേർക്കുന്നു—മതാന്തരങ്ങളും വിധാനഭേദങ്ങളും വിസ്തരഭയത്താൽ വിവരിക്കുന്നില്ല.

മാങ്ങാനാറി സമൂലം പലം ൱൦൦. ദശമൂലം ഓരോന്നും ൫ പലംവീതം. ത്രിഫലത്തോടു് ഓരോന്നും ൨൫ പലംവീതം. മുന്തിരിങ്ങാ, കുടകപ്പാലവേർ ഇവ ൨൫ പലം വീതം. വിഴാലരി, ചേർക്കുരു, മുത്തങ്ങ, കുടകപ്പാലയരി ഇവ ൪ പലംവീതം. പാടക്കിഴങ്ങു്, നാഗദന്തിവേർ, കച്ചോലം, ചിററരത്ത, പെരുംകുരുമ്പവേരു്, കൊടുവേലിക്കിഴങ്ങു് ഇവ ഓരോ പലംവീതം ൨൦൫൦ ഇടങ്ങഴി വെള്ളത്തിൽ ചതച്ചിട്ടു കഷായംവച്ചു ൫൧൨ ഇടങ്ങഴിയാക്കി പിഴിഞ്ഞരിച്ചു രണ്ടുതുലാം കല്ക്കണ്ടു കലക്കി ൬൪ പലം ഇരുമ്പുഭസ്മവും ൨൫ പലം തിപ്പലിപ്പൊടിയും ഒരുപലം കാട്ടുതിപ്പലിവേരിൻപൊടിയും ചേർത്തു നെയ്പുരട്ടി മയങ്ങിയ പാത്രത്തിനകത്തു മുളകു്, വിഴാലരി, ഏലംവാലുകം ഇവ അരപ്പലംവീതം അരച്ചുതേച്ചു് അതിലാക്കി ശീലമൺചെയ്തു കുഴിച്ചുവച്ചു ഒരുമാസം കഴിഞ്ഞു എടുത്തു പിഴിഞ്ഞരിച്ചു സൂക്ഷിച്ചുവച്ചു സേവിക്കും. കാമില, പാണ്ഡു, ഹൃദ്രോഗം, രക്തവാതം, വിഷമജ്വരം, പ്രമേഹം, അരുചി, ശ്വാസകാസങ്ങൾ, ഗ്രന്ഥി, അർബ്ബുദം, ക്രിമി ഇവയെ ശമിപ്പിക്കും.

ലേഹം സാധാരണ ഉണ്ടാക്കിവരുന്നതിനു പ്രായേണ മരുന്നുകൾ ഇതൊക്കെ തന്നെയായാലും അളവിനു പല വ്യത്യാസങ്ങളുണ്ടു്. ഒരു സാധാരണവിധാനം താഴെ ചേർക്കുന്നു.

മാങ്ങാനാറി ൧൨൦ പലം. ദശമൂലം ൫൦ പലം. ത്രിഫലത്തോട്, മുന്തിരിങ്ങ കുടകപ്പാല ഇവ ൨ പലം വീതം. വിഴാലരി, ചേക്കുരു ഇവ ൪ പലംവീതം. ൧൯൨ ഇടങ്ങഴി വെള്ളത്തിൽ കഷായംവെച്ചു ൪൨ ഇടങ്ങഴിയാക്കി പിഴിഞ്ഞരിച്ചു ഇരുനൂറു പലം കൽക്കണ്ടം പഞ്ചസാരയോ ചേൎത്തു ലേഹപാകമായാൽ മുത്തങ്ങ, കുടകപ്പാലയരി ഇവ ൪ പലംവീതം. പാടക്കിഴങ്ങ്, നാഗദന്തിവേർ, കച്ചോലം, ചിററരത്ത, പെരുംകുരുമ്പവേര്, കൊട്ടുവേലിക്കിഴങ്ങ് ഇവ ഓരോ പലംവീതം. മുളക്, വാഴാലരിക്കാമ്പ്, ഏലാവാലുകം ഇവ അരപ്പലംവീതം. തിപ്പലി പലം ൨. കാട്ടുതിപ്പലിവേർ പലം ൧. ഇവ പൊടിച്ചുചേൎത്തു ൧൬ പലം ഇരുമ്പുഭസ്മവും ചേൎത്തിളക്കിവാങ്ങി സൂക്ഷിക്ക. ഗുണം മുൻപറഞ്ഞതുപോലെ. ചെറുനാരങ്ങ ചേൎക്കുന്നതായാൽ പിഴിഞ്ഞു അതിന്റെ സ്വരസവും ബാക്കി മരുന്നുകൾക്ക പലത്തിനു ഇടങ്ങഴിപ്രകാരം വെള്ളത്തിൽ കഷായംവെച്ചതും ചേൎത്തുകൊൾക. വള്ളിനാരങ്ങ കഷായംവെക്കുന്ന പക്ഷത്തിൽ മാങ്ങാനാറിക്ക പറഞ്ഞ നിയമംതന്നെ. അഷ്ടാംഗസംഗ്രഹത്തിലെ ഗണ്ഡീരയോഗവും "പഞ്ചാഢകന്തുഗണ്ഡീരം" എന്നാദിയായ യോഗവുംകൂടി താരതമ്യപ്പെടുത്തി ജിജ്ഞാസുക്കൾ നിരൂപണംചെയ്തു ഗ്രഹിച്ചുകൊൾക.

## ൩൬൯. കോഴിക്കുഴമ്പ്.

കറുത്തകുക്കുടം മുട്ടക്കാലമായുള്ളതൊന്നിനെ
തൊലിച്ചു ദുഷ്ടുനീക്കീട്ടു ൫ പലം ലവണത്തിനെ
കലക്കി നീരൊഴിച്ചിട്ടു വേവിച്ചിട്ടെടുത്തുടൻ
എല്ലുനീക്കിയരച്ചിട്ടു തേങ്ങാപ്പാലതിലെൺപലം
ഗുളം കലക്കിച്ചേൎത്തിട്ടു കായം ചവ്യം കടുത്രയം
തിപ്പലീമൂലവും തോട്ടിവേരും ലശുനജീരകം
ഓരോപലം പൊടിച്ചിട്ടങ്ങെണ്ണയും നെയ്യുമൊപ്പമായ്
ഉഴക്കുഴക്കചേൎത്തിട്ടു നാഴിത്തേനും കലൎന്നതിൽ
ലേഹപാകത്തിൽവാങ്ങീട്ടു സേവിച്ചാൽ ഗുന്മശൂലയും
ഉദരേ വീക്കവും നോവും ശമിച്ചീടുമസംശയം
വൃദ്ധി ഗുന്മം പ്ലീഹ ശൂല ഉദരാമയമെന്നിവ
തമ്മിലന്യോന്യയോജ്യങ്ങൾ ചികിത്സകളിലൊക്കെയും.

കരിംപിടക്കോഴി ഒന്നിനെ ചിറകും കാലും ചുണ്ടും കുടലും മലവും കളഞ്ഞു നുറുക്കി രണ്ടുപലം ഇന്തുപ്പുകലക്കിയ നീരൊഴിച്ചു വേവിച്ചെടുത്തു എല്ലുനീക്കി ൨ തേങ്ങയുടെ പാൽ പിഴിഞ്ഞു അതിൽ ൨ പലം ശൎക്കരയും ഈ മാംസവും യോജിപ്പിച്ചു ലേഹപാകത്തിൽ, സോമനാദികായം, കാട്ടുമുളകിൻവേര്, ചുക്ക്, മുളക്, തിപ്പലി, കാട്ടുതിപ്പലിവേര്, കാത്തോട്ടിവേര്, വെള്ളുള്ളി, ജീരകം ഇവ ഓരോ പലം ചൂൎണ്ണമാക്കി അതും ഓരോ തുടംവീതം നെയ്യും നല്ലെണ്ണയും ചേൎത്തിളക്കി വാങ്ങി ആറിയാൽ നാഴി തേനും ചേൎത്തിളക്കി സേവിക്ക. വൃദ്ധി, ഗുന്മം, പ്ലീഹോദരം മുതലായവ ശമിക്കും.

## ൩൭൦. പുഷ്പരാഗലേഹം.

തമിഴാമ തുലാം പാദം ചെറുനാരങ്ങയമ്പതും
കൂശ്മാണ്ഡമാറു നെല്ലിക്കാ പ്രസ്ഥം പുളിയിടങ്ങഴി
കൂക്കിൽ പ്രസ്ഥദ്വയം പിന്നെ തിന മൂന്നാഴികൊള്ളുക
തക്രത്തിൽ വെന്തരിച്ചിട്ടു മൂന്നിടങ്ങഴിയാക്കിയാൽ

കുഡുബാർദ്ധം ഘൃതം തൈലം, പലഷോഡശകംഗുളം
ചേർത്തുവെന്തു വരും പാകേ ജാതിക്കാ ജാതിപത്തിരി
സഹസ്രവേധിയും നല്ല ഗ്രാമ്പൂവും പൊടിചെയ്തുടൻ
കഴഞ്ച് രണ്ടു ചേർത്തിട്ടു ശക്കരാ പദവേളയിൽ
നാഴിത്തേനതിൽ ചേർത്തു സൂക്ഷിച്ചാലതു നിത്യവും
ചെറുനാരങ്ങയോടൊപ്പം സേവിക്കാം കാമിലയ്ക്കിഹ.

തമിഴാമ പലം ൧൫. ൧൫ ഇടങ്ങഴി വെള്ളത്തിൽ കഷായംവച്ചു മൂന്നിടങ്ങഴിയാക്കുക. ചെറുനാരങ്ങാ പിഴിയണം. കുമ്പളങ്ങ ആറെണ്ണവും പച്ചനെല്ലിക്ക ഇടങ്ങഴിയും പനിക്കൂർക്കിലില ൩൨ പലവും പിഴിഞ്ഞു നീരെടുക്കുക. ൧൬ പലം പിണംപുളിയും മുന്നാഴി തിനയരിയും ൬ ഇടങ്ങഴി മോരിൽ വെന്തു മൂന്നിടങ്ങഴിയാക്കി പിഴിഞ്ഞരിക്കണം. ഈ ദ്രവങ്ങൾ ഒരുമിച്ചുകൂട്ടി അതിൽ ൧൬ പലം ശക്കരകലക്കി രണ്ടുതുടം നെയ്യും രണ്ടുതുടം എണ്ണയുംചേർത്തു ലേഹപാകമായാൽ ജാതിക്കാ, ജാതിപത്തിരി, സഹസ്രവേധി, ഗ്രാമ്പൂവ് ഇവ രണ്ടു കഴഞ്ചുവീതം പൊടിച്ചുചേർത്തുവാങ്ങി ആറിയാൽ നാഴി തേനും യോജിപ്പിച്ചു ചെറുനാരങ്ങയളവിൽ സേവിക്ക. കാമിലയും പാണ്ഡുവും മററും ശമിക്കും.

## ൩൨൭. ത്രിവൃത് കഴമ്പ്.

പതിനാറുപലം ത്രിവൃത്തു വച്ചു-
ള്ളുദകേസ്മിന്നിരുനാഴി,നെയ് ചൊരിഞ്ഞു്
സിതചേർത്തതിൽ നാല്പലം കുറുക്കി
കൃതമായുള്ള കഴമ്പു രേചനംപോൽ.

ത്രികോല്പക്കൊന്ന പലം ൧൬. ൧൬ ഇടങ്ങഴി വെള്ളത്തിൽ കഷായംവച്ചു ൪ ഇടങ്ങഴിയാക്കി അരിച്ച് ഇരുന്നാഴി നെയ്യുചേർത്തു കാച്ചിയരിച്ച് ൪ പലം പഞ്ചസാരചേർത്തു കടഞ്ഞു സേവിക്ക. വിരേചനം വരും. കാമില, ശോഫം മുതലായ രോഗങ്ങൾ ശമിക്കും. കൽക്കമില്ലാതെതന്നെ മലയാളത്തിൽ അനേകം ഘൃതവിധാനങ്ങൾ പ്രയോഗത്തിൽ ഉള്ളവയിൽ ഒന്നാണിതു്.

## ൩൨൮. ചാർങ്ങേര്യാദിരസായനം.

ചാർങ്ങേരിനീരും മുത്തങ്ങാനീരുമൊപ്പം കലർന്നതിൽ
ജാതിക്കാ ശുണ്ഠി ദീപ്യഞ്ച കുടജം ചാഹിഫേനവും
ചൂതാസ്ഥിപൂളപ്പശയും ഒപ്പമൊപ്പം പൊടിച്ചുടൻ
ഖണ്ഡിതാൻ മധുതാൻ ചേർത്തു ലേഹമാക്കിച്ചമച്ചുടൻ
സേവിക്കിലതിസാരേ ച ഗ്രഹണിക്കും ഗുണം തുലോം.

പുളിയാരൽനീരു്, മുത്തങ്ങാക്കിഴങ്ങിൻനീരു് (ഇതിൻ കഷായവുമാകാം) സമം ചേർത്തുകുറുക്കിവരുമ്പോൾ ജാതിക്കാ, ചുക്കു്, അയമോദകം, കുടകപ്പാലയരി, അവിയൻ, മാങ്ങയണ്ടിപ്പരിപ്പു്, ഇലവിൻപശ ഇവ സമം ചൂർണ്ണമാക്കി വിതറി തൈരോ തേനോ കൂട്ടി ലേഹപാകമായാൽ എടുത്തു സേവിക്ക. അതിസാരത്തിനും ഗ്രഹണിക്കും നന്നു്.

## ൪൦. മധുസ്നുഹീരസായനം (൨) വലിയതു്

ത്രികടുത്രിഫലാത്രിജാതജാതീ-
ഫലപത്ര്യഗ്നിവരാലധാന്യകാനി
ത്രിയവാനിവിളംഗചവ്യകുഷ്ഠ-
ത്രിവൃതാഗ്രന്ഥികവാജിഗന്ധികാനി

സഭാർങ്ഗിതേജോവതികേസരാണി
നിഷ്കദ്വയോന്മാനവിചൂർണ്ണിതാനി
സംശുദ്ധഗന്ധോപലമാഹിഷാക്ഷ-
മധുസ്നുഹീനാഞ്ച ചതുഷ്പലാനി

ദ്വിഷട്പലോന്മാനഘൃതേ വിപക്വേ
സിതാപലദ്വാദശകം ക്ഷിപേച്ച
തതോന്മഥിതാ തു ഖജേന തസ്മിൻ
സുപാകമായാതി തതോവതാര്യ്യ

പൂർവ്വോക്തചൂർണ്ണാനി വികീര്യ്യ ശീതേ
ഗന്ധോപലസ്യാപി രജാംസി ദത്വാ
സംയോജ്യ സമ്യക് ച സുശീതളേഽസ്മിൻ
പ്രസ്ഥം പ്രദദ്യാന്മധുനഃ സുപാത്രേ.

വിന്യസ്യ ഗുപ്തന്തു രസായനന്തത്
പ്രാതർല്ലിഹേത് കർഷയുതം ഹിതാശി
കുഷ്ഠം കിലാസം പിടകാൻ പ്രമേഹാൻ
ഭഗന്ദരാശോർബുദഗണ്ഡമാലാഃ

നിഹന്തി കണ്ഡ്വാമയവാതരക്ത-
പിത്തോത്ഭവാൻ ഗുഹ്യഭവാൻ വ്രണാംശ്ച
രസായനോഽയം മുനിനാ കൃതശ്ച
മധുസ്നുഹീനാമക ഏഷ മുഖ്യഃ

ത്രികടു=ചുക്ക്, മുളകു്, തിപ്പലി. ത്രിഫലത്തോടു്. ത്രിജാതം=ഏലം, ഇലവർങ്ങം, പച്ചില. ജാതീഫലം=ജാതിക്ക. പത്രി=ജാതിപത്തിരി. അഗ്നി=കൊടുവേലിക്കിഴങ്ങു്. വരാളം=ഗ്രാമ്പൂ. ധാന്യകം=കൊത്തമ്പാലയരി. ത്രിയവാനികൾ=ജീരകവും കരിംജീരകവും പെരുംജീരകവും. വിളംഗം=വിഴാലരിക്കാമ്പു്. ചവ്യം=കാട്ടുമുളകിൻവേരു്. കുഷ്ഠം=കൊട്ടം. ത്രിവൃതാ=ശിവത. ഗ്രന്ഥികം=കാട്ടുതിപ്പലിവേരു്. വാജിഗന്ധിക=അമുക്കരം. ഭാർങ്ഗീ=ചെറുതേക്കിൻവേരു്. തേജോവതി=ചെരുപ്പുന്നയരി. കേസരം=നാഗപ്പൂവു്. ഇവ ൨ കഴഞ്ചുവീതം പൊടിക്കുക. ഗന്ധകം പാലിൽ ശുദ്ധിചെയ്തു പൊടിച്ചതു പലം ൪. ഗുൽഗുലു, വേപ്പിൻപട്ടക്കഷായത്തിലും മഞ്ഞൾനീരിലും ശുദ്ധിചെയ്തു നെയ്യിൽ വറുത്തു അരച്ചതു പലം ൪. ചീനപ്പാവു് പാലിൽപുഴുങ്ങി ഉണക്കിപ്പൊടിച്ചതു പലം ൪.

മുന്നാഴിനെയ്യ് അടുപ്പിൽവച്ചു ഉരുകുമ്പോൾ അതിൽ ൧൨ പലം പഞ്ചസാര ചേൎത്ത് ഇളക്കി ലേഹപാകമായാൽ വാങ്ങി മുൻപറഞ്ഞ മരുന്നുകളുടെ പൊടിയും ഗുൽഗുലുവും ചീനപ്പാവിൻപൊടിയുംകൂടി വിതറി ഇളക്കി അല്പം ആറിയാൽ ഗന്ധകത്തിന്റെ പൊടിയുംചേൎത്തു നല്ലവണ്ണം യോജിപ്പിച്ചു് തണുത്തശേഷം ഇടങ്ങഴി തേനും ചേൎത്തു നല്ല പാത്രത്തിലാക്കി കെട്ടിസൂക്ഷിക്ക. പതിനഞ്ചുദിവസം നെല്ലിൽ കുഴിച്ചുവച്ചിരുന്നശേഷം ആ രസായനത്തിൽനിന്നും മൂന്നു കഴഞ്ചുവീതം രാവിലെ സേവിക്ക. ശരിയായ പത്ഥ്യാനുഷ്ഠാനത്തോടുകൂടിയല്ലാതെ ഇതു സേവിക്കാൻ പാടില്ല. കുഷ്ഠം. ചൊറിച്ചു്, പിടകകൾ, പ്രമേഹരോഗം, ഭഗന്ദരം, അൎശസ്സ്, അൎബ്ബുദം, ഗണ്ഡമാല, ചൊറി, വാതികങ്ങളായ വിസൎപ്പാദിരോഗങ്ങൾ, പിത്തജങ്ങളായ രോഗങ്ങൾ, രക്തജങ്ങളായ രോഗങ്ങൾ, ദുഷ്ടവ്രണങ്ങൾ മുതലായവയും ഇതുകൊണ്ടു ശമിക്കുന്നതാകുന്നു. ഇതിനു് മധുസ്നുഹീരസായനം എന്നു പേർ.

---

# വടകാദിയോഗങ്ങൾ

---

## ൧. കൈശോരഗുൽഗുലു.

ത്രിഫലായാസ്ത്രയഃ പ്രസ്ഥാഃ പ്രസ്ഥൈകമമൃതാ ഭവേത്
സംക്ഷുദ്യ ലോഹപാത്രേ തു സാൎദ്ധദ്രോണാംബുനാ പചേത്
ജലമൎദ്ധശൃതം ജ്ഞാത്വാ ഗൃഹ്ണീയാദ്വസ്ത്രഗാളിതം
തതഃ കഷായേ ക്ഷിപേത് ശുദ്ധം ഗുൽഗുലും പ്രസ്ഥസമ്മിതം
പുനഃ പചേദയഃപാത്രേ ദൎവ്യാ സംഘട്ടയേന്മുഹുഃ
സാന്ദ്രീഭൂതം ച തം ജ്ഞാത്വാ ഗുഡപാകസമാകൃതിം
ചൂൎണ്ണീകൃത്യ തതസ്തത്ര ദ്രവ്യാണീമാനി നിക്ഷിപേത്
ത്രിഫലാ ദ്വിപലാ ജ്ഞേയാ ഗുളൂചീ പലികാ മതാ
ഷഡക്ഷം ത്ര്യൂഷണം പ്രോക്തം വിഡംഗം ച പലാൎദ്ധകം
ദന്തി കൎഷമിതാ കാൎയ്യാ ത്രിവൃത് കൎഷമിതാ സ്മൃതാ
തതഃ പിണ്ഡീകൃതം സൎവ്വം ഘൃതഭാണ്ഡേ വിനിക്ഷിപേത്
ഗുഡികാഃ ശാണികാഃ കൃത്വാ യുഞ്ജ്യാദ്ദോഷാദ്യപേക്ഷയാ
അനുപാനം ഭിഷക് ദദ്യാത്കോഷ്ണം നീരം പയോഥവാ
മഞ്ജിഷ്ഠാദി ശൃതം വാപി യുക്തിയുക്തമതഃ പരം
ജയേത്സൎവ്വാണി കുഷ്ഠാനി വാതരക്തം ത്രിദോഷജം
സൎവ്വവ്രണാംശ്ച ഗുന്മാംശ്ച പ്രമേഹപിടകാസ്തഥാ
പ്രമേഹോദരമന്ദാഗ്നികാസശ്വയഥുപാണ്ഡുതാഃ
ഹന്തി സൎവ്വാമയാന്നിത്യമുപയുക്തോ രസായനഃ

കൈശോരകാഖ്യോ നാമായം ഗുൽഗുലുഃ കാന്തികാരകഃ
വാശാദിനാ നേത്രഗദാൻ ഗുന്മാദീൻ വരണാദിനാ
കഷായേന ഖദിരസ്യാപി വ്രണം കുഷ്ഠം വിനാശയേത്
അമ്ലം തീക്ഷ്ണമജീർണ്ണം ച വ്യവായം ശ്രമമാതപം
മദ്യം രോഷം ത്യജേത് സമ്യഗ്ഗുണാർത്ഥീ പുരസേവകഃ

ത്രിഫലത്തോട് ഓരോന്നും പതിനാറുപലംവീതം. ചിററമൃത് പലം ൧൬. ഇവ ഇടിച്ച് ഒരു ഇരുമ്പുപാത്രത്തിൽ ഇരുപത്തിനാലിടങ്ങഴി വെള്ളത്തിൽ കഷായംവച്ച് ൧൨ ഇടങ്ങഴിയാക്കി പിഴിഞ്ഞരിച്ച് ആ കഷായത്തിൽ ൧൬ പലം (പച്ച മഞ്ഞൾ, വേപ്പില ഇവററിൻനീരിൽ പുഴുങ്ങി കരടുകളഞ്ഞു) ശുദ്ധിയാക്കിയ ഗുൽഗുലുചേർത്തു വീണ്ടും പാകംചെയ്ത് ഉടഞ്ഞചേരുംവിധം ചട്ടകത്താൽ നല്ലപോലെ ഇളക്കി, കൊഴുത്തുവരുമ്പോൾ ത്രിഫലത്തോടിൻചൂർണ്ണം ൨ പലം. ചിററമൃതിൻതൂവ് ഒരുപലം. ചുക്ക്, മുളക്, തിപ്പലി ഇവററിൻചൂർണ്ണം ൩ കഴഞ്ചുവീതം. വിഴാലരിക്കാമ്പ് പലം അര. നാഗദന്തിവേർ, ത്രികോല്പക്കൊന്ന ഇവററിൻചൂർണ്ണം ൩ കഴഞ്ചുവീതംചേർത്തു യോജിപ്പിച്ച് നെയ്യു പുരണ്ട മയങ്ങിയ പാത്രത്തിലാക്കി മുക്കാൽ കഴഞ്ചുവീതം ഗുളിക ഉരുട്ടി ദോഷകോപത്തിനനുസരിച്ച അന്നപാനത്തിൽ സേവിക്കണം. ചൂടുവെള്ളം. പാൽ, മഞ്ജിഷ്ഠാദികഷായം ഇവ അന്നപാനമാക്കാം. ഇതു എല്ലാമാതിരി കുഷ്ഠങ്ങളെയും, രക്തവാതത്തെയും, എല്ലാമാതിരി വ്രണങ്ങളെയും, ഗുന്മം, പിടകകൾ, പ്രമേഹം, മഹോദരം, അഗ്നിമാന്ദ്യം, കാസം, ശ്വാസം, ശ്വയഥു, പാണ്ഡു മുതലായവയെയും ശമിപ്പിക്കും. ഇതു നേത്രരോഗങ്ങൾക്ക വാശാദികഷായത്തിലും ഗുന്മത്തിനു വരണാദിഗണകഷായത്തിലും, വ്രണങ്ങൾക്കും കുഷ്ഠങ്ങൾക്കും കരിങ്ങാലിക്കാതൽകഷായത്തിലും സേവിക്ക. പുളി, തീക്ഷ്ണക്ഷീരങ്ങൾ, സ്ത്രീസംയോഗം, ആയാസം, വെയിൽ, മദ്യം, കോപം ഇവ പാടില്ല.

## ൨. അമൃതാഗുൽഗുലു.

പ്രസ്ഥമേകം ഗുളൂച്യാശ്ച അർദ്ധപ്രസ്ഥന്തു ഗുൽഗുലോഃ
പ്രത്യേകം ത്രിഫലായാശ്ച തൽപ്രമാണം വിനിർദ്ദിശേത്
സർവ്വമേകത്ര സംക്ഷുദ്യ ക്വാഥയേന്നല്വണേ ഽംഭസി
പാദശേഷം പരിസ്രാവ്യ പുനരഗ്നാവധിശ്രയേത്
താവൽ പചേത് കഷായന്തു യാവത്സാന്ദ്രത്വമാഗതം
ദന്തീവ്യോഷവിഡംഗാനി ഗുളൂചീ ത്രിഫലാത്വചം
തതശ്ചാർദ്ധപലം പൂതം ഗൃഹ്ണീയാച്ച പ്രതിപ്രതി
കർഷന്തു ത്രിവൃതായാശ്ച സർവ്വമേകത്ര ചൂർണ്ണയേത്
തസ്മിൻ സുസിദ്ധം വിജ്ഞായ കവോഷ്ണേ നിക്ഷിപേത് ബുധഃ
തതശ്ചാഗ്നിബലം ജ്ഞാത്വാ തസ്യ മാത്രാം പ്രയോജയേത്
വാതരക്തം തഥാ കുഷ്ഠം ഗുദജാന്യഗ്നിസാദനം
ദുഷ്ടവ്രണം പ്രമേഹാംശ്ച ആമവാതം ഭഗന്ദരം
നാഡ്യസ്ഥിവാതം ശ്വയഥും സർവ്വാനേതാൻ വ്യപോഹതി
അശ്വിഭ്യാം നിർമ്മിതഃ പൂർവ്വമമൃതാദ്യോ ഹി ഗുൽഗുലുഃ.

ചിററമൃത് ൧൬ പലം. ശുദ്ധിയാക്കിയ (൧-ാംയോഗംപോലെ) ഗുൽഗുലു, നെല്ലിക്കാത്തോട്, താന്നിക്കാത്തോട്, കടുക്കാത്തോട് ഇവ ൮ പലംവീതം. ൧൬ ഇട

ങ്ങഴി വെള്ളത്തിൽ കഷായംവച്ച് ർ ഇടങ്ങഴിയാക്കി നല്ലപോലെ മർദ്ദിച്ച് പിഴിഞ്ഞു വീണ്ടും അടുപ്പിൽവച്ച് വററിച്ച് കൊഴുത്തുവരുമ്പോൾ നാഗദന്തിവേർ, ചുക്ക്, മുളക്, തിപ്പലി, വിഴാലരിക്കാമ്പ്, ത്രിഫലത്തോട് ഇവയുടെ ചൂർണ്ണവും ചിററമൃതിൻനീരും അരപ്പലംവീതവും, ത്രികോല്പക്കൊന്നയുടെ ചൂർണ്ണം മൂന്നുകഴഞ്ചും അതിൽ വിതറി ഇളക്കി യോജിപ്പിച്ച് പാകമായാൽ അഗ്നിബലത്തിനുതക്ക മാത്ര നിശ്ചയിച്ച് സേവിക്ക. വാതരക്തം, കുഷ്ഠങ്ങൾ, അർശസ്സ്, അഗ്നിമാന്ദ്യം, ദുഷ്ടവ്രണങ്ങൾ, പ്രമേഹം, ആമവാതം, ഭഗന്ദരം, വാതവ്യാധികൾ, ശോഫം മുതലായവ ശമിക്കും. അന്നപാനങ്ങൾ ഒന്നാംയോഗം പോലെ.

## ൩൧. യോഗരാജഗുൽഗുലു.

ചിത്രകം പിപ്പലീമൂലം യവാനീ കാരവി തഥാ
വിഡംഗാന്യജമോജാ ച ജീരകം സുരദാരു ച
ചവ്യൈലാ സൈന്ധവം കുഷ്ഠം രാസ്നാ ഗോക്ഷുരധാന്യകം
ത്രിഫലാ മുസ്തകം വ്യോഷം ത്വഗുശീരം യവാഗ്രജം
താലീസപത്രം ഗോക്ഷൂരം ലവംഗം സർജ്ജികാ ശഠീ
ദന്തീഗുളൂചീഹപുഷാവാജിഗന്ധാശതാവരി
പ്രത്യേകം കഷമാത്രം സ്യാച്ചതുഷ്കഷമഥോമൃതം
ഏതാനി സുഭിഷക് പട്ടേ സൂക്ഷ്മചൂർണ്ണാനി കാരയേത്
യാവന്ത്യേതാനി ചൂർണ്ണാനി താവന്മാത്രോ ഹി ഗുൽഗുലുഃ
സമ്മർദ്ദ്യ സർപ്പിഷാ ഗാഢം സ്നിഗ്ദ്ധഭാണ്ഡേ നിധായ ച
തതോ മാത്രാം പ്രയുഞ്ജീത യഥേഷ്ടാഹാരവാനപി
യോഗരാജ ഇതി ഖ്യാതോ യോഗോയമമൃതോപമഃ
ആമവാതാദിവാതാദീൻ ക്രിമീൻ ദുഷ്ടവ്രണാനപി
പ്ലീഹഗുല്മോദരാനാഹദുർന്നാമാനി വിനാശയേത്
അഗ്നിം ച കുരുതേ ദീപ്തം രേതോവൃദ്ധിം ബലം തഥാ
വാതരോഗാൻ ജയത്യാശു സന്ധിമജ്ജഗതാനപി
പാദഗ്രഹം ക്രോഷ്ടുശീർഷം മന്യാസ്തംഭം ഹനുഗ്രഹം
കർണ്ണഗ്രഹം കർണ്ണശൂലം ശിരഃശൂലം മരുത്കൃതം
രാസ്നാകഷായേന ഹന്ത്യേഷഃ കേവലോ വാ പ്രശസ്യതേ

കൊടുവേലിക്കിഴങ്ങ്, കാട്ടുതിപ്പലിവേര്, ജീരകം (ഇരട്ടി)കരിംജീരകം, വിഴാലരിക്കാമ്പ്, അയമോദകം, ദേവതാരം, കാട്ടുമുളകിൻവേര്, ഏലത്തരി, ഇന്തുപ്പ്, വെള്ളക്കൊട്ടം ചിററരത്ത, ഞെരിഞ്ഞിൽ, കൊത്തമ്പാലയരി, ത്രിഫലത്തോട്, മുത്തങ്ങ, ചുക്ക്, മുളക്, തിപ്പലി, ഇലവർങ്ങം, രാമച്ചം, ചവക്കാരം, താലീസപത്രി ഞെരിഞ്ഞിൽ, ഗ്രാമ്പൂ, തുവർച്ചിലക്കാരം, കച്ചോലം, നാഗദന്തിവേര്, ചിററമൃതിൻനീര്, അടയ്ക്കാമണിയൻവേര്, അമുക്കുരം, ശതാവരിക്കിഴങ്ങ് ഇവ ൩ കഴഞ്ചുവീതം. അമൃതിൻനീര് കഴഞ്ചു ൧൨. ഇവയെല്ലാം കൂട്ടുന്നേടത്തോളം ശുദ്ധിചെയ്ത (൧-ാംയോഗം നോക്കുക) ഗുൽഗുലു നെയ്യിൽ വരുത്തരച്ച മേൽപറഞ്ഞ ചൂർണ്ണങ്ങളും കൂട്ടി നെയ്യ് ചേർത്തിളക്കി പാകമാക്കി നെയ്പുരട്ടി മയക്കിയ പാത്രത്തിൽ സൂക്ഷിക്ക. മാത്ര രോഗാനുസാരം നിശ്ചയിച്ച് യുക്തമായ അന്നപാനങ്ങളിൽ സേവി

൧൧. ആമവാതം തുടങ്ങിയുള്ള വാതവ്യാധികൾ കൃമിരോഗം ദുഷ്ടവ്രണങ്ങൾ പ്ലീഹോദരം, മഹോദരം, ഗുന്മം, ആനാഹം, അർശസ്സ് ഇവ ശമിക്കും. അഗ്നിദീപ്തി ശുക്ലവൃദ്ധി ബലം ഇവയും ഉണ്ടാകും. എല്ലാമാതിരി വാതവ്യാധികളും തന്നിമിത്തം ഉണ്ടാകുന്ന കണ്ണുശൂല ശിരശ്ശൂല മുതലായവയും ശമിക്കും.

## ൪. മണ്ഡൂരവടകം.

താപ്യം ദാർവ്വീത്വചം ചവ്യം ഗ്രന്ഥികം ദേവദാരു ച
വ്യോഷാദിനവകം ചൈവ ചൂർണ്ണയേത്ത്രിഗുണം തതഃ
മണ്ഡൂരം ചാഞ്ജനനിഭം സർവ്വതോഷ്ടഗുണേന തത്
പൃഥഗ്വിപക്വേ ഗോമൂത്രേ വടകീകരണക്ഷമേ
പ്രക്ഷിപ്യ വടകാൻ കുർയ്യാത്താൻഖാദേത്തക്രഭോജനഃ
ഏതേ മണ്ഡൂരവടകാഃ പ്രാണദാഃ പാണ്ഡുരോഗിണാം
കുഷ്ഠാന്യജരകം ശോഫമൂരുസ്തംഭമരോചകം
അർശാംസി കാമിലാം മേഹം പ്ലീഹാനം ശമയന്തി ച

താപ്യം=മാക്കീരക്കല്ല്. ദാർവ്വീത്വക്=മരമഞ്ഞൾത്തൊലി. ചവ്യം=കാട്ടുമുളകിൻവേര്. ഗ്രന്ഥികം=കാട്ടുതിപ്പലിവേര്. ദേവദാരു=ദേവതാരം. വ്യോഷാദിനവകം=ചുക്ക് മുളക് തിപ്പലി കൊടുവേലിക്കിഴങ്ങ് വിഴാലരിക്കാമ്പ് കടുക്കാത്തോട് നെല്ലിക്കാത്തോട് താന്നിക്കാത്തോട് മുത്തങ്ങ ഇവ സമം പൊടിക്കുക. നല്ല അഞ്ജനക്കല്ലിന്റെ വർണ്ണത്തോടുകൂടിയ പുരാണകിട്ടത്തിന്റെ ചൂർണ്ണം മേൽപറഞ്ഞവ എല്ലാം കൂട്ടുന്നതിന്റെ ഇരട്ടി. മേൽപറഞ്ഞവ രണ്ടും കൂടിയതിന്റെ എട്ടിരട്ടി ഗോമൂത്രം (ഘനസാധനം നാലുപലത്തിനു ദ്രവം നാഴിയെന്നു കണക്കാക്കിക്കൂട്ടണം) അടുപ്പിൽവച്ചു കുറുക്കി കൊഴുത്തുവരുമ്പോൾ പൊടികൾ അതിലിട്ട് ഇളക്കിവാങ്ങി ആറിത്തുടങ്ങിയാൽ ഗുളികകളാക്കി ഉരുട്ടി ഉണക്കി സംഗ്രഹിക്കുക. ഇതിൽ ഓരോ ഗുളിക ദിവസംപ്രതി സേവിക്കുക. പാണ്ഡുരോഗികൾക്കു ഏററവും ഹിതമാകുന്നു. കുഷ്ഠം ശോഫം ഊരുസ്തംഭം അരുചി അർശസ്സ് കാമില പ്രമേഹം മുതലായവയേയും ശമിപ്പിക്കും. മാത്ര അഗ്നിബലമനുസരിച്ചു നിർണ്ണയിച്ചുകൊൾക. മോരിൽ സേവിക്കാം. ഊണിനു മോര് പ്രധാനമായിരിക്കയും വേണം.

## ൫. കാങ്കായനവടിക.

പലാനി പഞ്ച പഥ്യായാഃ പലേ മരിചജീരകേ
പിപ്പലീപിപ്പലീമൂലചവ്യചിത്രകനാഗരം
പലാഭിവൃദ്ധം ക്രമശോ യവക്ഷാരപലദ്വയം
ഭല്ലാതകപലാന്യഷ്ടൌ തദ്വൽസൂരണകന്ദകം
ഗുളേന ഗുളികാം കൃത്വാ തക്രം ശീതം പിബേദനു
നാശയേയുഃ ഷഡർശാംസി യുധി വജ്രമിവാസുരാൻ
കാങ്കായനേന വിഹിതാ ശസ്ത്രക്ഷാരാഗ്നിഭീരുണാം.

പഥ്യ=കടുക്കാത്തോട്. മരിചം=കുരുമുളക്. പിപ്പലി=തിപ്പലി. പിപ്പലീമൂലം=കാട്ടുതിപ്പലിവേര്. ചവ്യം=കാട്ടുമുളകിൻവേര്. ചിത്രകം=കൊടുവേലിക്കിഴങ്ങ്. നാഗരം=ചുക്ക്. യവക്ഷാരം=ചവർക്കാരം. ഭല്ലാതകം=ചേർക്കുരു. സൂരണകന്ദകം=കാട്ടുചേന.

കടുക്കാത്തോട് പലം ൬. കുരുമുളക് ജീരകം ഇവ ഒരു പലംവീതം. തിപ്പലി പലം ൨. കാട്ടുതിപ്പലിവേരു പലം ൩. കാട്ടുമുളകിൻവേരു് പലം ർ. കൊടുവേലിക്കിഴങ്ങു പലം ൬, ചുക്കു പലം ൯. ചവക്കാരം പലം ൨. ചേക്കുരു പലം ൭. കാട്ടുചേന പലം ൭ നല്ലപോലെ പൊടിച്ചു ശക്കര ചേൎത്തിടിച്ചു (ചേക്കുരു പച്ചയ്ക്കിടിച്ചുചേൎക്കുന്നതു നന്നു്. ശക്കര സമം - ഔചിത്യംപോലെ ഇരട്ടിയുമാകാം) ഗുളികയാക്കി സേവിക്ക. മോരു് അനുപാനം. എല്ലാമാതിരി അൎശ്ശസ്സുകളും ശസ്ത്രക്ഷാരാഗ്നികൎമ്മങ്ങൾ കൂടാതെതന്നെ ശമിക്കും.

## ൯. ലവംഗാദ്യം മോദകം

ലവംഗം പിപ്പലീ ശുണ്ഠി മരിചം ജീരകദ്വയം
കേസരം തഗരം ചൈവ ഏലാ ജാതീഫലം ത്വഗാ
കട്ഫലം തേജപത്രഞ്ച പത്മബീജം സചന്ദനം
തക്കോലമഗരുശ്ചൈവ ഉശീരഞ്ചാഭ്രകം തഥാ
കൎപ്പൂരം ജാതികോശഞ്ച മുസ്താ മാംസീ യവസ്തഥാ
ധാന്യകം ശതപുഷ്പഞ്ച ലവംഗം സൎവ്വതുല്യകം
സൎവ്വചൂൎണ്ണാദ്ദ്വിഗുണിതാം ശക്കരാം വിനിയോജയേത്
സൎവ്വരോഗം നിഹന്ത്യാശു അമ്ലപിത്തം സുദാരുണം
അഗ്നിമാന്ദ്യമജീൎണ്ണം ച കാമിലാം പാണ്ഡുരോഗനുത്
ബലപുഷ്ടികരഞ്ചൈവ വിശേഷാത് ശുക്ലവൎദ്ധനം
ഗ്രഹണീം സൎവ്വരൂപാഞ്ച അതിസാരം സുദുൎജ്ജയം
അശ്വിഭ്യാം നിൎമ്മിതം ഹന്തി ലവംഗാദ്യമിദം ശുഭം

ലവംഗം=ഗ്രാമ്പൂ. പിപ്പലി=തിപ്പലി. ശുണ്ഠി=ചുക്കു്. മരിചം=കുരുമുളകു്. ജീരകദ്വയം=ജീരകവും കരിംജീരകവും. കേസരം=നാഗപ്പൂവു്. തഗരം=തകരം. ഏല=ഏലത്തരി, ജാതീഫലം=ജാതിക്കാ. ത്വഗാ=ക്രുവന്തുവ്. കട്ഫലം=കുമിഴിൻപരിപ്പു്. തേജപത്രം=ഇലവൎങ്ങം. പത്മബീജം=താമരക്കുരു, ചന്ദനം, തക്കോലം. അഗരു=അകിൽ. ഉശീരം=രാമച്ചം. അഭ്രകം=അഭ്രകഭസ്മം. കൎപ്പൂരം=പച്ചക്കൎപ്പൂരം. ജാതികോശം=ജാതിപത്തിരി. മുസ്താ=മുത്തങ്ങ. മാംസി=മാഞ്ചി യവം=യവധാന്യം. ധാന്യകം=കൊത്തമ്പാലരി. ശതപുഷ്പ=ശതകുപ്പ. എല്ലാമരുന്നുകളും സമം. ഗ്രാമ്പൂ എല്ലാം കൂടിയിടത്തോളം. ഇവയെല്ലാം കൂടിയതിന്റെ ഇരട്ടി പഞ്ചസാര പാവുകാച്ചി അതിൽ ആറിയാൽ വടകമാകുന്ന പാകത്തിൽ പൊടികൾ ചേൎത്തിളക്കി വടകമാക്കിക്കൊൾക. ഈ വടകം എല്ലാരോഗങ്ങളേയും ഭയങ്കരമായ അമ്ലപിത്തത്തേയും ശമിപ്പിക്കും. അഗ്നിമാന്ദ്യം, അജീൎണ്ണം, കാമില, പാണ്ഡുരോഗം, ഇവയേയും എല്ലാത്തരം ഗ്രഹണിയേയും ശമിപ്പിക്കും, ശുക്ലവൎദ്ധനവും ബലപുഷ്ടികരവും ആകുന്നു.

## ൰. ചൂൎണ്ണസാരം (വേപ്പിലക്കട്ടി)

വേദാംബുധിക്ഷിതിപലാനി ച കാളശാക-
ജംബീരനിംബതരുണച്ഛദപല്ലവാനാം
ശുണ്ഠ്യാഃ പലം മരിചജീരകദീപ്യകാനാം
ഏക്കൈകമേതദഖിലോന്മിതസൈന്ധവം ച

ഇത്യൃഷിഭിർവ്വിരചിതഃ ഖല്വചൂർണ്ണസാരഃ
സംശോധിതോക്തകിരണൈർല്ലഘുദീപനീയഃ
രുച്യോഹിതശ്ച സകലാമയിനാം പ്രഭാവാത്
ഇന്ദ്രോഽപി ചന്ദ്രവദനേ സ്പൃഹയത്യമുഷ്മൈ

കാളശാകം=കരിവേപ്പില, ജംബീരം=ചെറുനാരകം. നിംബം=വേപ്പ്. തരുണച്ഛദം=തളിര്. വേദാംബുധിക്ഷിതിപലങ്ങൾ=യഥാക്രമം നാലും, നാലും, ഒന്നും പലങ്ങൾ. ശുണ്ഠി=ചുക്ക്. മരിചം=മുളക്, ജീരകം. ദീപ്യകം=അയമോദകം. സൈന്ധവം=ഇന്തുപ്പ്.

കരിവേപ്പില പലം ൪, ചെറുനാരകത്തിന്റെ ഇളയഇല പലം ൪, വേപ്പിൻതളിര പലം ൧, ചുക്ക്, കുരുമുളക്, ജീരകം, അയമോദകം ഇവ ഓരോ പലം, ഇന്തുപ്പ പലം ൧൬, ഇവ ഒരുമിച്ചുചേർത്തു നല്ലപോലെ ഇടിച്ചു ഉണക്കി സൂക്ഷിക്ക. ഇതു കറിയായി ഉപയോഗിക്കാൻ നല്ലതാകുന്നു. അഗ്നിദീപ്തി ഉണ്ടാക്കും. രുചികരമാകുന്നു. മോരുകൂട്ടി ഉണ്ണുമ്പോഴാണ ഇതിന്റെ സ്വാദറിയാൻ കഴിയുന്നതു്. ഏതുരോഗമുള്ളവൎക്കും ഹിതമാകുന്നു.

കരിവേപ്പില ഇടങ്ങഴി ൧, ചെറുനാരകത്തില ഇടങ്ങഴി ൬, വററൽമുളക നാഴി ൧, കല്ലുപ്പ നാഴി ൧, അയമോദകം, ചുക്ക, ജീരകം ഇവ ൬ കഴഞ്ചുവീതം. ഇവ മേൽപ്രകാരം ചേർത്തിടിച്ചു ഉണക്കി ഉണ്ടാക്കുന്ന വേപ്പിലക്കട്ടിയാണ സാധാരണ നടപ്പിലിരിക്കുന്നതു്. ഇതിനു അഗ്രശാലയിലും ബ്രാഹ്മണഭവനങ്ങളിലും ഇന്നും സ്ഥാനം വിട്ടുപോയിട്ടില്ല.

യോഗപ്രകാരമുള്ള വേപ്പിലക്കട്ടി അജീർണ്ണികൾ, വിഷാർത്തന്മാർ, ഗുന്മം, ഗ്രഹണി, അരോചകം, ഛർദ്ദി മുതലായ രോഗങ്ങളുള്ളവർ ഇവൎക്ക കറിക്കായി ഉപയോഗപ്പെടുത്തിയതിൽ രുചിഭേദം പലൎക്കും തോന്നാമെന്നിരുന്നാലും ഫലപ്രദമായിത്തന്നെ കണ്ടിരിക്കുന്നു.

## ൮ അർബുദത്തിനു ലേപം.

ചിത്രകം ചിരവില്വം ച ശൃംഗിവേരം പുനർന്നവം
ലാംഗലീ ശിഗ്രുമൂലഞ്ച ദന്തീലവണപഞ്ചകം
സകണം മരിചം പിഷ്ട്വാ ഗോമൂത്രേണ പ്രലേപയേത്
സർവ്വാർബുദാനി നശ്യന്തി ന രോഹന്തി പുനഃ പുനഃ

കൊടുവേലിക്കിഴങ്ങ്, ആവിത്തൊലി, ചുക്ക്, തമിഴാമവേര്, മേന്തോന്നിക്കിഴങ്ങ്, മുരിങ്ങവേർതൊലി, നാഗദന്തിവേർ, ഉപ്പുകൾ അഞ്ചും, തിപ്പലി, മുളക് ഇവ ഗോമൂത്രത്തിൽ അരച്ചുതേച്ചാൽ എല്ലാം അർബുദങ്ങളും ശമിക്കും.

## ൯. കാസത്തിനു തിരി.

ശുണ്ഠീമരിചപിപ്പല്യഃ മനോലാസമസംയുതം
കാഞ്ജുന്നിതോയേ പേഷിച്ച വർത്തിഃ കാസനിവാരണീ

ചുക്ക്, മുളക്, തിപ്പലി മനയോല ഇവ സമം കയ്യോന്നിനീരിൽ അരച്ചുണ്ടാക്കുന്ന തിരി നെയ്യിൽമുക്കി കത്തിച്ചുവലിച്ചാൽ കാസത്തെ ശമിപ്പിക്കും.

## ൧൦. കാൽവിള്ളുന്നതിനു കുഴമ്പ്.

ജീവന്തീ മഞ്ജിഷ്ഠാ ദാർവ്വീ കമ്പില്യകഃ പയസ്തുത്ഥം
ഏഷഘൃതതൈലപാകസിദ്ധഃ സിദ്ധേ ച സർജ്ജരസഃ
ഏഷസ്സമധൂച്ഛിഷ്ടോ വിപാദികാ തേന നശ്യതി ഘൃക്താ

അടപൊതിയൻകിഴങ്ങ, മഞ്ചട്ടി, മരമഞ്ഞൾതൊലി, കമ്പിപ്പാലയുടെപാൽ തുത്ത് ഇവ പൊടിച്ച എണ്ണയും നെയ്യും ചെഞ്ചല്യവും പൊന്മെഴുകുംകൂട്ടി കുഴമ്പാക്കി തേച്ചാൽ കാൽ വെടിക്കുന്നതു ശമിക്കും.

## ൧൧. കാതുവള്ളി തടിക്കാൻ

ജീവനപഞ്ചമൂലസ്യ കഷായേ മാഹിഷം ഘൃതം
സിദ്ധം കല്ക്കൈരിമൈയ്യഷ്ടീ ലാക്ഷാസതുകഗൈരികൈഃ
വേണുതൻമൊരിയും കാത്തും പയസാ സഹപാചിതം
കൎണ്ണസ്യ സൂക്ഷ്മവല്യാസ്തു സ്ഥൂലകൃത് തത് പ്രലേപനം.

ജീവനപഞ്ചമൂലം കഷായംവച്ച അതിൽ അതിമധുരം, കോലരക്ക്, കൂവന്തൂവ്, കാവിമണ്ണ്, മുളയുടെ മൊരി, കാത്തു ഇവ കൽക്കമാക്കി എരുമനെയ്യ് സമം പാൽ ചേൎത്തു കാച്ചിയരിച്ച തേയ്ക്കുക. കാതുവള്ളി തടിക്കും.

## ൧൨. കുഴിനഖത്തിനു കുഴമ്പ്

മനോഹ്വാ തുരിശ്ശും തുത്തും കരുപ്പ് ശതമെന്നിവ
മധൂച്ഛിഷ്ടം ഗുളം യുക്തം സൂക്ഷ്മചൂൎണ്ണാനി കാരയേത്
നാളികേരസ്യ ചകരി പിഴിഞ്ഞുണ്ടായ നീരതിൽ
പചിച്ചിട്ടു കുഴമ്പാക്കി തേയ്ക്കിൽ കുഴിനഖാപഹം.

മനയോല, തുരിശ്ശ്, തുത്ത്, കരുപ്പ്, ചുണ്ണാമ്പ്, മെഴുക്, ശൎക്കര ഇവ പൊടിച്ചു മൎദ്ദിച്ച് ചകരിപിഴിഞ്ഞ നീരിൽ ചേൎത്തു കുഴമ്പാക്കിത്തേച്ചാൽ കുഴിനഖം ശമിക്കും.

## ൧൩. പുണ്ണിനു കുഴമ്പ്

ശശിഗിരിവരതുത്ഥം യഷ്ടി കാർകോകിൽബീജം
ക്രമവശപരിഭാഗാദുദ്ധിതം ത്വക്കരഞ്ജാത്
ദൃഢതരപരിപിഷ്ടം ശുദ്ധജംബീരതോയേ
ഘൃതയുതപരിലേപാത് തദ്ഗതിഘ്നം വ്രണഘ്നം.

കൎപ്പൂരം ൧. കാവിമണ്ണ ൨. തുത്ത ൩. ഇരട്ടിമധുരം ൪. കാർകോകിലരി ൫. പുങ്കിൻതൊലി ൬. ഇങ്ങനെ ഭാഗങ്ങൾ ചേൎത്തു നാരങ്ങാനീരിലരച്ച നെയ്യും കൂട്ടി പുരട്ടിയാൽ നാഡീവ്രണാദികളും ശമിക്കും.

## ൧൪. അശ്മരിക്കു ലേപം

മഞ്ഞൾവേപ്പിലയെരുക്കു കട്ടക്കാമാണിമന്ഥമിവ മോരിലരച്ച
ലേപയേത് പിടകികാഭഗന്ദരം വേനൽമേഘമിവ നാശമേഷ്യതി.

മഞ്ഞൾ, വേപ്പില, എരുക്കിൻവേർ, കട്ടക്കാരത്തോട്ട്, ഇന്തുപ്പ് ഇവ മോരിൽ അരച്ച തേയ്ക്കൂ. ഭഗന്ദരം ശമിക്കും.

## ൧൫. അയവുകുഴമ്പ്

ഞെട്ടാഞെട്ടങ്ങമൂതുപച്ചനിശാ പഴക്ക-
ത്തോലും പ്രസാരണി വരി കരുകാ ച തുല്യം

കുത്തിപ്പിഴിഞ്ഞു കദളീഫലസൈന്ധവാഭ്യാം
വെണ്ണക്കുഴമ്പയവിനെത്രയുമുത്തമംതാൻ.

ഞൊടിഞൊട്ട, ചിററമൃത്, പച്ചമഞ്ഞൾ, പഴക്കാത്തൊണ്ടിൻനീര്, പ്രസാരണി, ശതാവരിക്കിഴങ്ങ്, കരുകനാമ്പ് ഇവ ഇടിച്ചുപിഴിഞ്ഞു കദളിപ്പഴവും ഇന്തുപ്പും ചേർത്തു തേച്ചാൽ അയവുണ്ടാകും.

### ൧൩. മർമ്മക്ഷോഭങ്ങൾക്കു കുഴമ്പ്

ക്രുവയൂറൽ പലംനാലു കുന്തുരുക്കം പലത്രയം
ചെന്നിനാകം പലം ഒന്ന് കരുപ്പൎദ്ധപലം ഭവേത്
ഇവയൊക്കെപ്പൊടിച്ചിട്ടു കന്യാസ്വരസപേഷിതം
തേപ്പു നെയ്യുതു കൂട്ടിട്ടു മർമ്മക്ഷോഭങ്ങൾ പോയിടും
കുത്തും കടച്ചിലും ചൂടും ചലം വററും കനംവിടും.

ക്രുവന്തുരു (ഉറൽ പലം ൪. ചെഞ്ചല്യം പലം ൨. സന്നിനായകം പലം ൧. കരുപ്പു പലം അര. ഇവ പൊടിച്ചു കററാഴിപ്പോളനീരിൽ ഏഴരനാഴിക അരച്ചു, നെയ് കൂട്ടി ലേപനംചെയ്താൽ മർമ്മക്ഷോഭങ്ങൾ ശമിക്കും. കുത്തുകടച്ചിൽ, ചൂട് ഇവയും തീരും. ശോഫം വരുന്നതിനും മററും ഇതു വിശേഷമാകുന്നു.

---

## ഗുളികായോഗങ്ങൾ

---

### ൧. നീല്മൂലാദിഗുളിക

നീലീമൂലഞ്ച പിഷ്ട്വാ തു തൽപത്രസ്വരസേന ച
പിപ്പലീരോഹിണീയുക്തം സാമാന്യജ്വരശാന്തയേ.

നീലീമൂലം=അമരിവേര്. തൽപത്രസ്വരസം=അമരിയിലയുടെ ചാറ്. പിപ്പലീ=ചെറുതിപ്പലി. രോഹിണി=കടുകരോഹിണി

അമരിവേര്, ചെറുതിപ്പലി, കടുകരോഹിണി ഇവ സമം അമരിയിലച്ചാററിൽ (നാലുയാമം) അരച്ചു ഗുളികയാക്കി നിഴലുണക്കി സൂക്ഷിക്ക. ഇതു സേവിച്ചാൽ പനി ശമിക്കും. അനുപാനം ഇഞ്ചിനീരോ കടുകരോഹിണി കഷായമോ ആകാം.

### ൨. ചുക്കംതിപ്പല്യാദിഗുളിക

ചുക്കും തിപ്പലി ചെന്നിനായകകലങ്കൊമ്പും വചാ ജീരകം
രുദ്രാക്ഷം കിരിയാത്തു ചെഞ്ചലിയവും പാഷാണജീർണ്ണോഷണം
കർപ്പൂരം പുഴകും മനോഹ്വാതുരിശ്ശും സ്തന്യേ ഉഴിഞ്ഞാരസേ
പിഷ്ട്വാ/ജാജിരസേ ച പിണ്ഡ്യപഹരേത് ദ്രാക് സന്നിപാതജ്വരം

ചെന്നിനായകം ഇതിനു സന്നിനായകം, ചെന്യായം എന്നും പേരുകൾ പറയും. വച=വയമ്പ്. ജീർണ്ണോഷണം=പഴകിയ കുരുമുളക്. ചെഞ്ചല്യം=കന്തിരിക്കം

എന്നാൽ ഇതു മന്ത്രയാണു്. വെള്ളക്കന്തിരിക്കംതന്നെ ചേൎക്കുന്നതുത്തമം. വെള്ളപ്പാഷാണമെടുക്കുക (ശുദ്ധിപ്രകരണംകൂടി നോക്കുക) സ്തന്യം=മുലപ്പാലു്. ഉഴിഞ്ഞാരസം=ഉഴിഞ്ഞനീരു്. അജാജീരസം=ആശാളിക്കഷായം ; ജീരകക്കഷായവും ചിലർ അയമോദകക്കഷായവും സ്വീകരിക്കുന്നുണ്ടു്.)

ചുക്കു്, ചെറുതിപ്പലി, സന്നിനായകം, കലങ്കൊമ്പു്, വയമ്പു്, ജീരകം, രുദ്രാക്ഷം, കിരിയാത്തു്, വെള്ളക്കന്തിരിക്കം. വെള്ളപ്പാഷാണം, പഴമുളകു്, പച്ചക്കർപ്പൂരം, വഴകു്, മനയോല (ശുദ്ധി) തുരിശു (ശുദ്ധി) ഇവ സമം. മുലപ്പാലിലും ഉഴിഞ്ഞനീരിലും ആശാളിക്കഷായത്തിലും (ഓരോന്നിലും രണ്ടുയാമംവീതം) അരച്ചു ഗുളികയുരുട്ടി (കുന്നിപ്രമാണം) നിഴലുണക്കി സേവിക്ക. സന്നിപാതജ്വരം ശമിക്കും. കഫകോപം മുതലായ ഉപദ്രവങ്ങൾക്കും നന്നു്.

## ൩. മൃദ്വീകാദിഗുളിക

മൃദ്വീകാ മരിചം ശുണ്ഠി കണാ സൈന്ധവസംയുതം
നാരീക്ഷീരേണ പിഷ്ട്വാ തു നസ്യം സംജ്ഞാപ്രബോധനം.

മൃദ്വീക=മുന്തിരിങ്ങാപ്പഴം. മരിചം=കുരുമുളകു്. ശുണ്ഠി=ചുക്കു്. കണ=തിപ്പലി സൈന്ധവം=ഇന്തുപ്പു്. നാരീക്ഷീരം=മുലപ്പാൽ. സംജ്ഞാപ്രബോധനം=ബോധം (ഉണൎവ്വു്) ഉണ്ടാക്കുന്നതു്.

മുന്തിരിങ്ങാപ്പഴം, കുരുമുളകു്, ചുക്കു്, ചെറുതിപ്പലി, ഇന്തുപ്പു് ഇവ മുലപ്പാലിൽ ഒരു യാമം അരച്ചു വൎത്തിയാക്കി ഉരുട്ടി നിഴലിലുണക്കി സൂക്ഷിക്ക. ഇതു മുലപ്പാലിൽ അരച്ചു നസ്യംചെയ്താൽ ജ്വരം മുതലായ രോഗങ്ങളിലും സന്നിപാതത്തിനും മദാത്യയത്തിനും അപസ്മാരത്തിനും വിഷത്തിനും മോഹമുണ്ടാകുന്നതിനും നന്നു്. പഴക്കത്തിന്നു് ഇതു നല്ലതല്ല.

## ൪. ജ്വരാങ്കുശം (൧)

സമൈശ്ചതുൎജ്ജാതശിലാലസൂത-
വ്യോഷൈഃ കുമാരീരസസംപ്രപിഷ്ടൈഃ
മാഷാൎദ്ധമാത്രാ ഗുളികാ കൃതാ ഹി
ജ്വരാങ്കുശം നാമ വദന്തി വൈദ്യാഃ

ചതുൎജ്ജാതം=ഏലം, ഇലവൎങ്ഗം, പച്ചില, നാഗപ്പൂ. ശില=മനയോല. അലം=അരിതാരം. (അലമെന്നല്ലാതെ ആലമെന്നു പൎയ്യായമുള്ളതായി അറിയുന്നില്ല) സൂതം=രസം വ്യോഷം=ചുക്കു്, മുളകു്, തിപ്പലി. കുമാരീരസം=കറ്റാർവാഴനീരു്. മാഷാൎദ്ധമാത്ര=ഉഴുന്നിന്റെ പകുതിയളവു്.

ഏലത്തരി, ഇലവൎങ്ഗം, പച്ചില, നാഗപ്പൂവു്, മനയോല, അരിതാരം, രസം (ഇവയെല്ലാം ശുദ്ധി) ചുക്കു്, മുളകു്, തിപ്പലി ഇവ സമം കറ്റാർവാഴത്തടനീരിലരച്ചു (മൂന്നുയാമം) ഉഴുന്നിൽ പകുതിയളവു് ഗുളികയുരുട്ടി നിഴലുണക്കി സേവിക്ക; ജ്വരങ്ങൾ ശമിക്കും. അനുപാനം—കഷായങ്ങൾ, ഇഞ്ചിനീരു്, തുളസിനീരു് മുതലായവ.

## ൫. രാമബാണം ഗുളിക

സൂതം ഗന്ധം വിഷം തുല്യം ധൂൎത്തബീജം ത്രിഭിസ്സമം
ചതുൎണ്ണാം ദ്വിഗുണം വ്യോഷം ഗുഞ്ജാപത്രരസേന തു
രാമബാണമിതി ഖ്യാതം സൎവ്വജ്വരവിനാശനം

സൂതം=രസം. ഗന്ധം=ഗന്ധകം. വിഷം=വത്സനാഭി. ധൂർത്തബീജം=ഉമ്മത്തിൻകുരു. വ്യോഷം=ത്രികടുക്. ഗുഞ്ജാപത്രരസം=വെള്ളക്കുന്നിയിലനീര്.

രസം, ഗന്ധകം, വത്സനാഭി ഇവ സമഭാഗം. ഇവ മൂന്നും കൂടിയിടത്തോളം ഉമ്മത്തിൻകുരുവും, ഇവ നാലും കൂട്ടുന്നതിന്റെ ഇരട്ടിഭാഗം ചുക്ക്, മുളക്, തിപ്പലി പൊടിച്ചുചേർത്തു വെള്ളക്കുന്നിയിലനീരിൽ അരച്ചു (൪ യാമം) നിഴലുണക്കി കുന്നിക്കുരുപ്രമാണം ഗുളികയുരുട്ടി സേവിക്ക. എല്ലാ ജ്വരങ്ങളും ശമിക്കും. ആദ്യം രസവും ഗന്ധകവും അനന്തരം വത്സനാഭിയും മററു മരുന്നുകളും ചേർത്തു അരയ്ക്കും.

## ൬൯. സൂര്യപ്രഭ

സൂതം ഗന്ധകരാമഠം വരകടു കൃത്വാ യവാനീസമം
സർവ്വം ഷോഡശഭാഗമത്ര ച വിഷം ജംബീരസമ്മർദ്ദിതം
ഗുഞ്ജാമാത്രനിബദ്ധശുഷ്കഗുളികാ ശൂലാപഹന്ത്രീ പരം
കാസശ്വാസഹരീ മഹാജ്വരഹരീ നാമ്നാ തു സൂര്യപ്രഭാ.

സൂതം=രസം. രാമഠം=കായം. വര=ത്രിഫലത്തോട്. കടു=ചുക്ക, മുളക, തിപ്പലി. യവാനി=ജീരകം, വിഷം=വത്സനാഭി, ജംബീരം=ചെറുനാരങ്ങനീര്.

രസം, ഗന്ധകം, സോമനാദികായം, ത്രിഫലത്തോട് (ഓരോന്നും) ചുക്ക, മുളക തിപ്പലി, ജീരകം ഇവ സമം. വത്സനാഭി ൧൬-ൽ ഒരുഭാഗം (ഇവ ഓരോ കഴഞ്ചുവീതമായാൽ മുക്കാൽകഴഞ്ച് വത്സനാഭി ചേർത്തുകൊള്ളുക) വത്സനാഭി മേല്പറഞ്ഞ ഒരു മരുന്നിന്റെ പതിനാറിരട്ടിയും ചേർത്തു ചിലർ തയ്യാറാക്കുന്നുണ്ട്. ആയതു കുറെ ഉത്ക്കടവീര്യമായിരിക്കും. എല്ലാം കൂട്ടുന്നതിന്റെ ൧൬-ൽ ഒന്നാണു സാധാരണയായി ചേർത്തുവരുന്നതു്. എല്ലാംകൂടി ചെറുനാരങ്ങാനീരിൽ നാലുയാമം അരച്ചു കുന്നിക്കുരുഅളവിൽ ഗുളികയുരുട്ടി നിഴലുണക്കി യുക്തമായ അനുപാനത്തിൽ സേവിക്ക. ശൂല, കാസശ്വാസങ്ങൾ, ജ്വരം ഇവ ശമിക്കും. സന്നിക്കും മററു പല രോഗങ്ങൾക്കും നന്ന്.

## ൭൦. മുക്കാമുക്കടുവാദി

മുക്കാ മുക്കടു ജീരകദ്വയവചാ കിര്യാത്തു കർപ്പൂരവും
ജാതിക്കാ പടുചെന്നിനായകകരാംപൂവുള്ളി തക്കോലവും
കൊട്ടം നല്ലലവംഗഹിംഗുമജമോജം കേ,ളഭിന്യാസകേ
നിർഗ്ഗുണ്ഡീസ്വരസേനപിഷ്ടഗുളികാംകോഷ്ണാംബുനാ പായയേത്

മുക്കാ=ത്രിഫലത്തോട. മുക്കടു=ചുക്ക, മുളക, തിപ്പലി. ജീരകദ്വയം=ജീരകം, കരിംജീരകം. വച=വയമ്പ്. പടു=ഇന്തുപ്പ്. കരാമ്പൂ=ഗ്രാമ്പൂ, ലവംഗം=ഇലവർങ്ങം. ഹിംഗു=സോമനാദികായം. അജമോജം=അയമോദകം. അഭിന്യാസകം=ഒരുതരം സന്നിപാതം. നിർഗ്ഗുണ്ഡീസ്വരസം=കരിനൊച്ചിയിലനീര്. കോഷ്ണാംബു=ചൂടുവെള്ളം.

നെല്ലിക്കാത്തോട്, താന്നിക്കാത്തോട്, കടുക്കാത്തോട്, ചുക്ക, ചെറുതിപ്പലി, കുരുമുളക്, ജീരകം, കരിംജീരകം, വയമ്പ്, കിരിയാത്തു, പച്ചക്കർപ്പൂരം, ജാതിക്കാ (തോടുകളഞ്ഞു ഇന്തുപ്പ്, സന്നിനായകം, ഗ്രാമ്പൂ, വെള്ളുള്ളി (തൊലികളഞ്ഞു) തക്കോലപ്പുട്ടിൽ, വെള്ളക്കൊട്ടം, ഇലവർങ്ങം. സോമനാദികായം, അയമോദകം (തിരുമിപ്പാററി ഉമികളഞ്ഞു) കരിനൊച്ചിയിലനീരിൽ (നാലുയാമത്തിൽ കുറയാതെ) അരച്ചു കടലപ്രമാണം ഗുളികയുരുട്ടി നിഴലുണക്കി ചൂടുവെള്ളത്തിലും മററു യുക്തമായ അനുപാനങ്ങളിലും സേവിക്ക. സന്നി ശമിക്കും. ജ്വരം, സൂതികാരോഗങ്ങൾ, വായുക്ഷോഭം, കാസശ്വാസം മുതലായവയ്ക്കും നന്ന്.

## വ്വ. കസ്തൂര്യാദി (വായു) ഗുളിക

കസ്തൂരി കിരിയാത്തരത്ത പുഴവും കാന്തേന്ദുജാതീഫലം
ക്ഷാരൗ ച ത്രിഫലാ ത്രിജാതഹിരവീ ദ്വൌ ജീരകൗ ദീപ്യകം

അഗ്രഗ്രാഹി ശതാഹ്വ യഷ്ടി കരയാമ്പൂ കാവി തോയം രസം
പാറംകീ പശുപാശി ചന്ദനവചാചീനോഷണത്ര്യൂഷണം

പൊൻകാരാഞ്ജനവജ്രനാഗമനയോലാഽശാളിയും ചാലിയം
ചേർത്തൊപ്പം സലിലേഽഥവാ പയസി വാ ഭൃംഗസ്യ പിഷ്ട്വാ കൃതാ

സംശുഷ്കാ നിഴലിൽ സമീരഗുളികാ കുന്നിപ്രമാണം ശ്രുതേ
പ്രസ്ഥാർദ്ധേഽംഭസി കർഷജീരകയുതേ സേവ്യാനിലാർത്തൗ നൃണാം.

കാന്തം=അയസ്കാന്തം (ശുദ്ധി) ഇന്ദു=പച്ചക്കർപ്പൂരം. ജാതീഫലം=ജാതിക്ക. ക്ഷാരൗ=ചവക്കാരവും തുവച്ചിലക്കാരവും. ഹിരവീ=കന്നാരം. ദീപ്യകം=അയമോദകം. അഗ്രഗ്രാഹി=അക്രാവ്. ശതാഹ്വ=ശതകുപ്പ. യഷ്ടി=എരട്ടിമധുരം. കാവി=കാവിമണ്ണ്. തോയം=ഇരുവേലി. രസം=നറുംപശ (രസംതന്നെ ശുദ്ധിചെയ്തു ചേർക്കണമെന്നും സിദ്ധാന്തം കാണുന്നുണ്ട്), വച=വയമ്പ്. ചീനോഷണം=വാൽമുളക്. ത്ര്യൂഷണം=ചുക്ക്, മുളക്, തിപ്പലി. അഞ്ജനം=അഞ്ജനക്കല്ല്. വജ്രനാഗം=വത്സനാഭി. പയസ്സ്=പാൽ. ഭൃംഗസ്യപയഃ=കയ്യോന്നിനീര്. പ്രസ്ഥാർദ്ധേംഭസി=ഇരുനാഴി വെള്ളത്തിൽ. കർഷജീരകം=മൂന്നുകഴഞ്ചു ജീരകം.

കസ്തൂരി, കിരിയാത്ത്, ചിററരത്ത, വെരുകിൻപുഴുക്, അയസ്കാന്തം, പച്ചക്കർപ്പൂരം, ജാതിക്ക, ചവക്കാരം, തുവച്ചിലക്കാരം, ത്രിഫലത്തോട്, ഏലം, ഇലവർങ്ഗം, പച്ചില, കന്നാരം, ജീരകം, കരിംജീരകം, അയമോദകം, അക്രാവ്, ശതകുപ്പ, ഇരട്ടിമധുരം, ഗ്രാമ്പൂ, കാവിമണ്ണ്, ഇരുവേലി, നറുമ്പശ, പാറങ്കി, പശുപാശി, ചന്ദനം, വയമ്പ്, വാൽമുളക്, ചുക്ക്, ചെറുതിപ്പലി, കുരുമുളക്, പൊരികാരം, അഞ്ജനക്കല്ല്, വത്സനാഭി, മനയോല (ശുദ്ധി) ആശാളി, ചായില്യം ഇവ സമം ശുദ്ധിയാക്കിയെടുത്തു വെള്ളത്തിലോ (ജീരകക്കഷായത്തിലാണു അരയ്ക്കേണ്ടത്) പാലിലോ പിന്നെ കയ്യോന്നിച്ചാററിലും അരച്ചു (നാ യാമം) കുന്നിപ്രമാണം ഗുളികയുരുട്ടി നിഴലുണക്കി സൂക്ഷിക്ക. ഇരുനാഴി വെള്ളത്തിൽ ൩ കഴഞ്ചു ജീരകം കഷായംവച്ചു എട്ടിലൊന്നാക്കി പിഴിഞ്ഞു അതിൽ അരച്ചു സേവിക്ക. വായുക്ഷോഭം ശമിക്കും. കാസം, ശ്വാസം, ഭഗന്ദരം മുതലായവയ്ക്കും നന്ന്.

## ൻ കിര്യാത്തുജീരകാദിഗുളിക

കിര്യാത്തു ജീരകം പകപനസച്ഛദവൃന്തവും
കൊടിപൂവാവണക്കഗ്രമൂലത്തോടു സമന്വിതം
ഭൂനിംബവേരും പുഴവുമരച്ചു ഗുളികീകൃതം
പിബേജ്ജീരകതോയേന വായുക്ഷോഭമകന്നുപോം.

കിരിയാത്ത്, ജീരകം, പഴുത്ത പ്ലാവിലഞെട്ട്, കൊടിയാവണക്കിൻവേരിലെ തൊലി (സമൂലമെന്നും പക്ഷം) പുത്തരിച്ചുണ്ടവേരിലെ തൊലി, പുഴുക് ഇവ സമം ജീരകക്കഷായത്തിൽ നാലുയാമം അരച്ചുരുട്ടി നിഴലുണക്കി സൂക്ഷിക്ക. പ്ലാവിലഞെട്ടിൻകഷായം, ജീരകക്കഷായം മുതലായവ അനുപാനം. വായുക്ഷോഭം ശമിക്കും.

### ൯൦. സേതുബന്ധം ഗുളിക

ജാതീഫലാതിവിഷവില്വഫലാജമോജ-
ചൂതാസ്ഥിഡാഡിമയവാനി കിരാമ്പു കൃഷ്ണാ
ജംബ്വാസ്ഥിപംക്തികൾ വറുത്തുപൊടിച്ച തുല്യം
ക്രുട്ടീട്ടരയ്ക്ക ലശുനോത്ഭവതൈലയുക്തം.
പിന്നെച്ചമയ്ക്ക ബദരീഫലതുല്യമാക്കി-
ത്തേനിൽ കൊടുക്ക ദധിതക്രമതിൽ കലൎന്നും
സവ്വാതിസാരമുടനേ കടിയോടുകൂത്തു-
മോടിട്ടൊളിക്കുമൊരിടത്തിതു സേതുബന്ധം.

ജാതീഫലം=ജാതിക്ക. അതിവിഷ=അതിവിടയം. വില്വഫലം=ഇളയ കൂവളക്കായ്. അജമോജം=അയമോദകം. ചൂതാസ്ഥി=മാങ്ങയണ്ടിപ്പരിപ്പ്. യവാനീ=ജീരകം. ഡാഡിമം=താളിമാതളക്കായുടെ തോട്. കൃഷ്ണ=തിപ്പലി. ജംബ്വാസ്ഥി=ഞാവൽക്കാതൽ (ഞാവൽകുരുവിൻപരിപ്പ് എന്നും പക്ഷം) ലശുനോത്ഭവതൈലം=വെള്ളുള്ളിയെണ്ണ. ബദരീഫലം=ലന്തക്കുരു.

ജാതിക്കാ, അതിവിടയം, ഇളയ കൂവളക്കായ് (കൂവളപ്പഴത്തിൻെറ മജ്ജ ചേക്കണമെന്നും പക്ഷം, അയമോദകം, മാങ്ങയണ്ടിപ്പരിപ്പ്, താളിമാതളക്കായുടെ തോട്, ജീരകം, ഗ്രാമ്പൂ, ചെറുതിപ്പലി, ഞാവൽക്കാതൽ ഇവ സമം പൊടിച്ചു വെളുത്തുള്ളിത്തൈലത്തിൽ ൩ യാമം അരച്ച ലന്തക്കുരുപ്രമാണം ഗുളികയുരുട്ടി നിഴലുണക്കി മോരിൽ സേവിക്ക അതിസാരം (വേദനയും മററുമുള്ളതു്) എല്ലാപ്രകാരത്തിലുള്ളതും ശമിക്കും. ഗ്രഹണിക്കും നന്നു്.

### ൯൯. പച്ചയണ്ടിയാദി ഗുളിക

പച്ചയണ്ടി പുളിയാരൽ താതിരിപ്പൂവു് ചാലിയസഹസ്രവേധികൾ
പാച്ചുചോററി,യജമോജകൗടജം തത്സമംഗയൊടുജാതിതൻഫലം
മുസ്തസാതിവിഷയൊപ്പമൊക്കെയും നാഗഫേനമപി ശാല്മലീരസേ
പേഷിതം ബദരമാനമാൎന്നുരുട്ടീടുമാഗുളിക തേനിൽ നക്കിയാൽ
ഇല്ലയാം കൊടിയപോക്കു് തേവ,നും ഫാണിതേ ച കുടജേ ƒപി
ചേക്കിലാം.

ചാലിയം=ചായില്യം. പാച്ചുചോററി=പാച്ചോററി (ഭാഷാനിയമപ്രകാരം ഇൗമാതിരി വൃത്തപൂരണാൎത്ഥമുള്ള പ്രയോഗങ്ങൾ ക്ഷന്തവ്യങ്ങളല്ല) അജമോജം=അയമോദകം. (തിരുമ്മിപ്പാററിഎടുക്കണം) കൗടജം=കുടകപ്പാലവേരിലെ തൊലി. സമംഗ=പടച്ചുണ്ടവേരു്, ജാതീഫലം=ജാതിക്ക. മുസ്ത=മുത്തങ്ങ. അതിവിഷ=അതിവിടയം. നാഗഫേനം=അവിയൻ (നാഗം-ഫേനം ഇങ്ങനെ രണ്ടായി എടുക്കുന്നതു ശരിയല്ല.) ശാല്മലീരസം=ഇലവിൻവേർകഷായം. ബദരമാനം=ലന്തക്കുരുവിൻെറ വലിപ്പം.

പച്ചമാങ്ങയണ്ടിപ്പരിപ്പ്, പുളിയാരില, താതിരിപ്പൂവ്, ചായില്യം, സഹസ്രവേധി, പാച്ചോററിവേർതൊലി, അയമോദകം, കുടകപ്പാലവേർതൊലി, പടച്ചുണ്ടവേരു്, ജാതിക്ക, മുത്തങ്ങ, അതിവിടയം, കറുപ്പ് ഇവ സമം ഇലവിൻവേർകഷായത്തിൽ (ഇലവിൻകറയിലെന്നും പക്ഷം) അരച്ചു (൩-യാമത്തിൽ കുറയാതെ) ലന്തക്കുരുപ്രമാണം ഗുളികയുരുട്ടി നിഴലുണക്കി തേനിൽ കലൎത്തി സേവിക്ക. കുടജഫാണിത (ലേഹവുംം ൯൮-ാംയോഗം ത്തിൽ കലൎത്തി സേവിക്കയുമാം. ഉഗ്രമായ അതിസാരവും ശമിക്കും. രക്താതിസാരത്തിനും കടുപ്പിനും നന്നു്.

## ൧൨. ജാതിക്കാദിഗുളിക.

ജാതിക്കയോടതിവിഷ പാച്ചോററിത്തൊലി താതിരി
മോചവേധികൾ ഞാഴൽപ്പൂവൊക്കെയൊപ്പം പൊടിച്ചവ
ഏകദിഗുണിതം തത്ര യവബീജം പൊടിച്ചന്ന
കുടജത്വക്കൃതേ തോയേ ചേൎത്തതോ ഗുളികാ കൃതം
ദധ്നാ തേനോട്ട മോരാൽ വാ സൎവ്വാതീസാരനാശനം.

അതിവിഷ=അതിവിടയം. താതിരി=താതിരിപ്പൂവ്. മോചം=ഇലവിൻകറ. വേധി=സഹസ്രവേധി. യവബീജം=യവധാന്യത്തിന്റെ അരി.

ജാതിക്ക അതിവിടയം പാച്ചോററിവേർതൊലി താതിരിപ്പൂവ് ഇലവിൻപശ സഹസ്രവേധി ഞാഴൽപ്പൂ ഇവ സമം. ഇവ എല്ലാം കൂടുന്നിടത്തോളം യവത്തിന്റെ അരിയും പൊടിച്ചു കുടകപ്പാലവേരിൻകഷായത്തിലരച്ച് (ലന്തക്കുരുപ്രമാണം) ഗുളികയുരുട്ടി തൈരിലോ തേനിലോ മോരിലോ സേവിക്ക. എല്ലാം അതിസാരങ്ങളും ശമിക്കും.

## ൧൩. ലോഹഗ്രദ്ധാദിഗുളിക (പാണ്ഡുവിന്)

കേകരാജരസേ സുഭാവിതലോഹഗ്രദ്ധവരാജ-
സ്തുല്യഭാഗവടച്ഛദോത്ഭവഭസ്മ ചാപ്യമുനാ സമം
ഷട്പദോത്തരസേന പേഷിതമക്ഷമാത്രവിനിൎമ്മിതം
പിണ്ഡമത്ത്യതിപാണ്ഡുരോഗമുദശ്വിതാസഹ സേവിതം.

കേകരാജരസം=കയ്യോന്നിനീര്. ലോഹഗ്രദ്ധം=ഇരുമ്പുകിട്ടം. വരം=ത്രിഫലത്തോട്. വടച്ഛദോത്ഭവഭസ്മം=പേരാലിന്റെ ഇല ചുട്ട ഭസ്മം. ഷടപദോത്തരസം=കയ്യോന്നിനീര്. അക്ഷമാത്രം=താന്നിക്കാപ്രമാണം. ഉദശ്വിത്=മോര്. പിണ്ഡം=ഗുളിക.

ഇരുമ്പുകിട്ടം പൊടിച്ച് (ഗോമൂത്രത്തിൽ പചിച്ചു) അതും സമം ത്രിഫലത്തോടിൻപൊടിയും കയ്യോന്നിനീരിൽ പലതവണ ഭാവനചെയ്തെടുത്തു അതിന്നുസമം പേരാലില ചുട്ട ഭസ്മംകൂടി കൂട്ടി വീണ്ടും കയ്യോന്നിനീരിൽ നന്നമരച്ചു താന്നിക്കാപ്രമാണം ഗുളികയാക്കി മോരിൽ സേവിക്ക. പാണ്ഡുരോഗം ശമിക്കും.

## ൧൪. കിട്ടാതിഗുളിക.

കിട്ടത്തിൻപൊടി നാഴി കാന്തമരിയും നാഴിക്ക നാലൊന്നുടൻ
ചിഞ്ചാഭ്രതി പൊടിച്ചു ചിത്രകമതും മുഷ്ടിപ്രമാണം തഥാ
കൃഷ്ണശ്വേതമിരണ്ടുമഭ്രകമതും വേറിട്ടു ത്രിംശത്കഴ-
ഞ്ചോരോന്നേയിവ നാൽക്കഴഞ്ചു ഗുളവും സൂതം തഥാ ഗന്ധകം

കയ്യോന്നി മോരടകഴഞ്ചി മുരുക്കിവററിൻ-
ചാറൊക്കമോരുരിയുരിക്കെ പിഴിഞ്ഞുകൊണ്ടു
നേരത്തരച്ചു ദിവസത്തെയതീതമാനാൽ
പിന്നെച്ചമയ്ക്ക ഗുളികാ പുനരെൺപതാക്കി
നോവെന്നനോവു വലിവുദരപാണ്ഡുരോഗം
വേരററു ജാഠരകൃശാനുവിവൃദ്ധിമേതി.

കിട്ടം=പുരാണകിട്ടം. ചിഞ്ചാഭൂതി=പുളിംപെംരിക്കച്ചട്ട ഭസ്മം. ചിത്രകം= കൊടുവേലിക്കിഴങ്ങ്. മുഷ്ടി=പലം. ത്രിംശത്=മുപ്പതു്. മോരടം=പെരുംകുരുമ്പ. (ഈ ശ്ലോകം പ്രായേണ ശുദ്ധപാഠമല്ല കിട്ടീട്ടുള്ളതു്. ഗ്രന്ഥത്തിൽ കാണുന്നവിധം ചേക്കുന്നു.)

പുരാണകിട്ടത്തിൻചൂർണ്ണം ർ പലം. കാന്തം (ശുദ്ധിചെയ്തു ഭസ്മമാക്കിയതു്) പലം ൨. പുളിംപെംരിക്കഭസ്മം പലം ൩. കൊടുവേലിക്കിഴങ്ങു പലം ൩. കൃഷ്ണാഭ്രകം വെളുത്ത അഭ്രകം ഇവ ൩൦ കഴഞ്ചുവീതം (ശുദ്ധിചെയ്തു ഭസ്മമാക്കിയതു്.) ശക്കരയും രസം ഗന്ധകം (ശുദ്ധി) ഇവയും ർ കഴഞ്ചുവീതം. ആദ്യം രസവും ഗന്ധകവും കൂട്ടിയരയ്ക്കണം. പിന്നീടു മററുള്ള ഭസ്മങ്ങളു ,മരുന്നുകളും ചേത്തു കയ്യോന്നിനീർ പെരുംകുരുമ്പയിലനീർ, കഴഞ്ചിയിലനീർ മുരുക്കിലനീർ ഇവ ൨ തുടം വീതം ചേത്തരച്ചു വ്യം ആക്കി ഭംഗിച്ചു് ഓരോ ഗുളിക (ഭാഗം)വീതം ദിവസവും സേവിക്ക. ശൂലയും പാണ്ഡുവും ശ്വാസവും മഹോദരവും ശമിക്കും. അഗ്നിദീപ്തി ഉണ്ടാകും.

## ൩൭. നീരുര്യ്യാദിഗുളിക.

നീരുരി വൈരി തെളി ശുകപുളിംകുരുത്തോൽ
മുക്കാ വിളാമ്പശയുമാമ്പലരീ സകാന്താ
മെമ്മൺ നിശാദ്വയഹിമം സിതയത്തിനീരിൽ
സപ്താഹപിഷ്ടമിഹ മേഹഗണം പിനഷ്ടി.

വൈരി=പൊൻകരണ്ടിവേർ തെളി=തേററാമ്പരൽ ശുകം=കടൽനര. മുക്കാ= ത്രിഫലത്തോടു്. ഹിമം=ചന്ദനം. സപ്താഹപിഷ്ടം=൭ ദിവസമരച്ചതു്.

നീരുരിവേരു് പൊൻകരണ്ടിവേർതൊലി, തേററാമ്പരൽ, കടൽനര, പുളിംകുരുത്തൊലി, ത്രിഫലത്തോടു്, വിളാർമരത്തിൻപശ, ആമ്പലരി, അയസ്കാന്തം (ശുദ്ധി) കാവിമണ്ണു്, മഞ്ഞൾ, മരമഞ്ഞൾതൊലി, ചന്ദനം, പഞ്ചസാര ഇവ അത്തിനീരിൽ ഏഴുദിവസം അരച്ചു ഗുളികയാക്കി സേവിക്ക. എല്ലാം പ്രമേഹങ്ങളും ശമിക്കും.

## ൩൮. വില്വാദിഗുളിക

വില്വസ്യ മൂലം സുരസസ്യ പുഷ്പം
ഫലം കരഞ്ജസ്യ നതം സുരാഹ്വം
ഫലത്രയം വ്യോഷനിശാദ്വയഞ്ച
ബസ്തസ്യ മൂത്രേണ സുസൂക്ഷ്മപിഷ്ടം
ഭുജംഗലൂതോന്ദുരുവൃശ്ചികാദ്യൈ-
ർവിഷൂചികാജീർണ്ണഗരജ്വരൈശ്ച
ആത്താൻ നരാൻ ഭൂതവിധഷിതാംശ്ച
സ്വസ്ഥീകരോത്യഞ്ജനപാനനസ്യൈഃ

വില്വമൂലം=കൂവളവേരു്. സുരസസ്യപുഷ്പം=തുളസിക്കതിരു. കരഞ്ജഫലം=പുങ്കരി നതം=തകരം. സുരാഹ്വം=ദേവതാരം ഫലത്രയം=ത്രിഫലത്തോടു്. വ്യോഷം= ചുക്കു് മുളകു് തിപ്പലി നിശാദ്വയം=വാട്ടുമഞ്ഞളും മരമഞ്ഞൾത്തൊലിയും. ബസ്തം=ആടു്. ഉന്ദുരു=എലി. ഗരം=കൈവിഷം.

കൂവളവേരു് തുളസിക്കതിരു് (പുഷ്പം) പുങ്കിൻ (ഉങ്ങിൻ) കുരു തകരം ദേവതാരം ത്രിഫലത്തോടു് ചുക്കു് ചെറുതിപ്പലി കുരുമുളകു് വാട്ടുമഞ്ഞൾ മരമഞ്ഞൾത്തൊലി ഇവ സമം കുറിയാട്ടിൻമൂത്രത്തിൽ നേക്കെ അരയ്ക്കുക. (കൂവളവേർ രാകിപ്പൊടിക്കണം.) ന്നു യാമമെങ്കിലും അരയ്ക്കണം. കടലപ്രമാണം ഗുളികയുരുട്ടി നിഴലുണ

ക്കി സേവിക്ക. സപ്പ്വിഷം, ചിലന്തിവിഷം, എലിവിഷം, തേൾവിഷം മുതലായ വിഷങ്ങൾ, വിഷൂചി, അജീർണ്ണം, കൈവിഷദോഷം. പനി ഇവ ശമിക്കും. ഭൂതഗ്രഹപീഡിതന്മാർക്കും സേവിക്കാനും കണ്ണിൽ അഞ്ജനത്തിനും നസ്യത്തിനും ഈ ഗുളിക നന്നു്.

ഗുരുവും പിന്നെ മന്ത്രത്തിന്നരുവും ചൊന്നപോലിഹ
ഔഷധങ്ങൾക്കുനന്നായിട്ടരവും സിദ്ധമെങ്കിലോ
ചൊന്നപോലെ ഫലിച്ചീടും ബുദ്ധിമാൻ ചൊന്നതൊക്കെയും
(ജ്യോൽസ്നിക)

ഈ പാർശ്വപ്രകാരം വിശിഷ്യ വിഷവൈദ്യന്മാരും ഗുളികകളുടെ അരവിൽ പ്രത്യകം ശ്രദ്ധിക്കുന്നുണ്ടു്.

## സന്നിപാതത്തിനും മററു രോഗങ്ങൾക്കും ഉള്ള ഗുളികകൾ

(ഇതിനുശേഷം ചേക്കുന്ന ഗുളിക മുതലായ യോഗങ്ങൾ സന്നിപാതചികിത്സയിൽ ഉള്ളവയാകുന്നു. ആ പ്രകരണത്തിലും ഇവതന്നെ അനുബന്ധിപ്പിച്ചു ഗ്രഹിച്ചു കൊള്ളണം.)

### ൮൭. രാമചണ്ഡേശ്വരരസം

ചെമ്പുനന്നായ്പൊടിച്ചിട്ടു കൂട്ടേണം വത്സനാഭിയും
രസവും ഗന്ധകം ലാക്ഷാ ഇവയൊപ്പിച്ചു തൽക്ഷണേ
നിർഗ്ഗുണ്ഡീഇഞ്ചിതൻനീരുമൊത്തുകൂട്ടിയരച്ചുടൻ
കുന്നിതൻകുരുവേപ്പോലെ ഉരുട്ടീട്ടുണക്കുക
രാമചണ്ഡേശ്വരം നാമ പിബേത്സന്നിഹരം പരം

ചെമ്പു രാകിപ്പൊടിച്ചു (ശുദ്ധിയാക്കി സംസ്കരിക്കണം) ചൂർണ്ണവും വത്സനാഭിയും രസവും ഗന്ധകവും കോലരക്കും സമം ഇഞ്ചിനീരിലും കരിനൊച്ചിയിലനീരിലും (൫൦ നാഴിക) അരച്ചു കുന്നിക്കുരുപ്രമാണം ഗുളികയുരുട്ടി യുക്തമായ അനുപാനത്തിൽ സേവിക്ക. സന്നികൾ ശമിക്കും.

### ൮൮. ആനന്ദഭൈരവഗുളിക (പൊൻകാരാദി)

പൊൻകാരം കായവും നാഭി മുളകും തിപ്പലീ തഥാ
നാരങ്ങാനീർ പിഴിഞ്ഞിട്ടു അരച്ചിട്ടങ്ങുരുട്ടുക
പിന്നെ നന്നായുണക്കീട്ടു തദ്രസേ പാനമാചരേതു്
ആനന്ദഭൈരവന്നാമ സന്നിപാതജ്വരാപഹം

പൊൻകാരം, സോമനാദികായം, വത്സനാഭി, കുരുമുളകു്, ചെറുതിപ്പലി ഇവ സമം ചെറുനാരങ്ങാനീരിൽ അരച്ചു് (൨ യാമം) കുന്നിപ്രമാണം ഗുളികയുരുട്ടി നാരങ്ങാനീരിലരച്ചു സേവിക്ക. സന്നിപാതജ്വരം ശമിക്കും.

### ൮൯. രാമബാണംഗുളിക (൨) (നവജ്വരവിനാശിനി)

ജാതിക്കാ പലമൊന്നാകും ഗന്ധകം ദ്വിഗുണം ഭവേതു്
ത്രിഭാഗം രാമഠം ചൈവ ജേപാലഞ്ച തദർദ്ധകം
ഇഞ്ചിനീരിലരച്ചിട്ടു ദിനം മൂന്നിതു കൊള്ളുക
ഗുളികാ രാമബാണാഖ്യാ 'നവജ്വരവിനാശിനീ'

ജാതിക്കാ പലം ൧. നെല്ലിക്കാഗന്ധകം പലം ൨. സോമനാദികായം പലം ൩. ജേപാലം=നീർവാളക്കുരു പലം ഒന്നര. (ശുദ്ധിചെയ്തു നാളംകളയണം) മൂന്നുദിവസം ഇഞ്ചിച്ചാററിലരച്ചു കടലയ്ക്കാപ്രമാണം ഗുളികയാക്കുക. നവജ്വരം ശമിക്കുന്നതിനു നന്ന്.

## ൨൦. സന്നിപാതാന്തകംഗുളിക (ത്രിഫലാദി)

ത്രിഫലാ ഗന്ധകം വ്യോഷം പാരദം കൃഷ്ണജീരകം
തുല്യം കൂട്ടിയുരുട്ടേണം നാരങ്ങാരസപേഷിതം
സന്നിപാതാന്തകം നാമ ഏതത്സൌഖ്യകരം പരം.

ത്രിഫലത്തോട്, ഗന്ധകം, ചുക്ക്, മുളക്, ചെറുതിപ്പലി, രസം, കരിംജീരകം ഇവ സമം നാരങ്ങാനീരിലരച്ചു (൬൦ നാഴിക) കുന്നിപ്രമാണം ഗുളികയാക്കുക. ഇതു സേവിച്ചാൽ സന്നിപാതം ശമിക്കും.

## ൨൧. ചായില്യാദിഗുളിക

ചായില്യം പത്തുപണത്തൂക്കം കണ്ടിവെണ്ണ തദർദ്ധകം
ചെന്നിനായകമർദ്ധാഞ്ച കരുപ്പും മുപ്പണത്തിട
വിശപമുസ്താകഷായത്തിൽ നാലുയാമമരച്ചുടൻ
മരിചത്തിൻപ്രമാണത്തിലുരുട്ടീട്ടുണക്കുക
ഇഞ്ചിനീരിൽ കൊടുക്കേണം സർവ്വസന്നിവിനാശനം.

ചായില്യം പണമിട ൧൦. കണ്ടിവെണ്ണ പണമിട ൫. സന്നിനായകം പണമിട രണ്ടര. കരുപ്പു പണമിട ൩. ഇവ ചുക്ക് മുത്തങ്ങ ഇവററിൻകഷായത്തിൽ ൮ യാമം അരച്ചു കുരുമുളകുപ്രമാണം ഗുളികയാക്കി ക്രമപ്രകാരം ഇഞ്ചിനീരിൽ സേവിക്ക എല്ലാ സന്നിയും ശമിക്കും.

## ൨൨. ഭൂതഭൈരവരസം

പാരദം ഗന്ധകം താമ്രം വഹ്നികക്വാഥേ തു മർദ്ദയേത്
വജ്രമൂഷാ ഗതാവാഥ വാലുകാ യന്ത്രകേ പുനഃ
മാർജ്ജാരജാംബുകൈഃ പിത്തൈർഭാവിതൈഃ പ്രഹരദ്വയാം
ഗുഞ്ജാമാത്രപ്രയോഗേണ ദേയം ശീതോദകേ പുനഃ
സന്ധികം തൽക്ഷണം ഹന്തി രസോയം ഭൂതഭൈരവഃ

പാരദം=രസം. വഹ്നികക്വാഥം=കൊടുവേലിക്കിഴങ്ങിൻകഷായം. മാർജ്ജാരജാംബുകം=പൂച്ചയുടെയും കുറുക്കന്റെയും. പ്രഹരദ്വയം=൨ യാമം (൧൫ നാഴിക) ശീതോദകം=തണുത്ത വെള്ളം.

രസം, ഗന്ധകം, താമ്രഭസ്മം ഇവ കൊടുവേലിക്കിഴങ്ങിൻകഷായത്തിൽ അരച്ച് വജ്റമൂശയിൽ വാലുകായന്ത്രത്തിൽ ആക്കി പൂച്ച കുറുക്കൻ ഇവയുടെ പിത്തദ്രവത്തിൽ ഭാവനചെയ്തു കുന്നിക്കുരുപ്രമാണം ഗുളികയാക്കി നിഴലുണക്കി പച്ചവെള്ളത്തിൽ ഉരച്ചു സേവിക്ക. സന്ധികസ്സന്നി ശമിക്കും.

## ൨൩. താമ്രഭൈരവഗുളിക

ത്രിക്ഷാരം പഞ്ചലവണം മൃതം താമ്രം രസം സമം
അർക്കമൂലകഷായേണ ദിനാനി ത്രീണി മർദ്ദയേത്

സംശോഷ്യ വാലുകായന്ത്രേ ദിനൈകം വജ്രമൂഷയാ
സുശീതളേ സമുദ്ധൃത്യ ഖരപിത്തേന ഭാവിതഃ
ദാതവ്യം മാഷമാത്രന്തു മധുകസ്യാനുപാനകം
താന്ത്രികസ്സന്നിപാതഞ്ച തൽക്ഷണേന വിനാശയേത്
താമ്രഭൈരവനാമായം ഗുളികാ പരമൌഷധം

ത്രിക്ഷാരം=ചവക്കാരം തുവർച്ചിലക്കാരം പൊൻകാരം ഇവ. പഞ്ചലവണം= തുവച്ചിലയുപ്പ്, ഇന്തുപ്പ്, വിളയുപ്പ്, ഓരുപ്പ് കടലുപ്പ് ഇവ. അർക്കമൂലകഷായം= എരുക്കിൻവേർകഷായം. ഖരപിത്തം=കഴുതയുടെപിത്തം.

ത്രിക്ഷാരം ചവക്കാരം, തുവച്ചിലക്കാരം, പൊൻകാരം, തുവച്ചിലയുപ്പ്, ഇന്തുപ്പ്, വിളയുപ്പ്, ഓരുപ്പ്, കടലുപ്പ്, താമ്രഭസ്മം, രസം ഇവ സമം. മൂന്നുദിവസം എരുക്കിൻവേർകഷായത്തിൽ അരച്ച് വജ്രമൂശയിൽ വാലുകായന്ത്രത്തിൽ പാകമാക്കി തണുത്താൽ എടുത്തു കഴുതയുടെ പിത്തത്തിലരച്ച് ഉഴുന്നളവിൽ ഗുളികയാക്കി ഇരട്ടിമധുരക്കഷായത്തിൽ സേവിക്ക. തന്ദ്രികസന്നി ശമിക്കും. മറവുള്ളവയ്ക്കും നന്ന്.

സർജ്ജക്ഷാരോയവക്ഷാരസ്സ്ടംകണക്ഷാര ഏവച
ക്ഷാരത്രയം സമാഖ്യാതം ത്രിക്ഷാരഞ്ച പ്രകീർത്തിതം.

സൌവർച്ചലം സൈന്ധവം ച വിഡമൌത്ഭിദമേവ ച
സാമുദ്രേണ സമായുക്തം ജ്ഞേയം ലവണപഞ്ചകം

## ൨൪. രസാദിഗുളിക

രസം മനശ്ശിലാ ഗന്ധ സൈന്ധവം മൃതതാമ്രകം
ബൃഹതീഫലകം ദ്രവ്യൈരുദ്ധൃതം ഗുളികാകൃതാം
മൂഷയാ ഭൂപുടേ പാച്യം വാലുകായന്ത്രകേ പുനഃ
സുശീതളേ സമുദ്ധൃത്യ കപിപിത്തേന ഭാവയേത്
ചണമാത്രം പ്രദാതവ്യം നാളികേരജലേന ച
അഥവാ ത്രികടുദ്രവ്യേ നാശയേത് ചിത്തവിഭ്രമം

മനശ്ശില=മനയോല. സൈന്ധവം=ഇന്തുപ്പ്. ബൃഹതീഫലം=വഴുതിനങ്ങ. കപിപിത്തം=കുരങ്ങിന്റെ പിത്തം. ചണമാത്രം=ചണംപയറിന്റെ അളവ്.

രസം, ഗന്ധകം, മനയോല, ഇന്തുപ്പ്, താമ്രഭസ്മം ഇവ വഴുതനങ്ങാനീരിൽ അരച്ച വഴുതിനങ്ങയ്ക്കകത്താക്കി മണ്ണുപൊതിഞ്ഞു പ്രുടച്ചട്ടിക്കകത്താക്കി ശീലമൺ ചെയ്തു വാലുകായന്ത്രത്തിൽ പചിച്ച് തണുത്താൽ എടുത്തു കുരങ്ങിന്റെ പിത്തത്തിലരച്ച ചണംപയറളവിൽ ഗുളികയാക്കി തേങ്ങാവെള്ളത്തിലോ ത്രികടുക്കഷായത്തിലോ സേവിക്ക, ചിത്തവിഭ്രമസന്നി ശമിക്കും.

## ൨൫. ജ്വരാങ്കുശം (൨)

രസസ്യ ദ്വിഗുണം ഗന്ധം ഗന്ധതുല്യന്തു ടംകണം
രസതുല്യം വിഷം യോജ്യം മരിചം പഞ്ചധാ വിഷാത്
കട്ഫലം ദന്തിബീജഞ്ച പ്രത്യേകം മരിചാന്വിതം
ജ്വരാങ്കുശോ രസോ ഹ്യേഷ ചൂർണ്ണയേദ്യാമമാത്രകം
മാഷൈകേന നിഹന്ത്യാശു ജ്വരമുഗ്രം ത്രിദോഷജം

ഗന്ധം=ഗന്ധകം. ടങ്കണം=പൊൻകാരം. വിഷം=വത്സനാഭി. മരിചം=കുരുമുളക്. കട്ഫലം=കുമിഴിൻപരിപ്പ്. ദന്തിബീജം=നാഗദന്തിക്കുരു.

രസം കഴഞ്ച ൧, ഗന്ധകം കഴഞ്ച് ൨, പൊൻകാരം കഴഞ്ച് ൨, വത്സനാഭി കഴഞ്ച് ൧, കുരുമുളക്, കുമിഴിൻപരിപ്പ്, നാഗദന്തിയരി ഇവ അഞ്ചുകഴഞ്ചുവീതം എല്ലാംകൂടി ഏഴരനാഴികനേരം (ദ്രവം പറഞ്ഞിട്ടില്ലാത്തതിനാൽ പച്ചവെള്ളത്തിലോ നാഗദന്തിവേർ കഷായത്തിലോ) അരച്ച ഉഴുന്നളവിൽ ഗുളികയുണ്ടാക്കി സേവിക്ക. ത്രിദോഷജമായ ജ്വരവും ശമിക്കും.

## ൨൩. മഹാജ്വരാങ്കുശം (൩)

ശുദ്ധസൂതം വിഷം ഗന്ധം ധൂർത്തബീജം ത്രിഭിസ്സമം
ചതുർണ്ണാം ദ്വിഗുണം വ്യോഷം ചൂർണ്ണം ഗുഞ്ജാപ്രമാണകം
ജംബീരകസ്യ സ്വരസേ ആർദ്രകസ്യ രസൈർഭൃതം
മഹാജ്വരാങ്കുശോ നാമ ജ്വരാണാമന്തകോ ഭവേത്.

ശുദ്ധസൂതം=ശുദ്ധിയാക്കിയ രസം. വിഷം=വത്സനാഭി. ഗന്ധം=ഗന്ധകം. ധൂർത്തബീജം=ഉമ്മത്തിൻകുരുവ്.

രസം, വത്സനാഭി, ഗന്ധകം ഇവ സമം. ഇവ മൂന്നും കൂടിയിടത്തോളം ഉമ്മത്തരി. ഇവ നാലും കൂടിയതിന്റെ ഇരട്ടി ചുക്ക, ചെറുതിപ്പലി, കുരുമുളക് ഇവ ററിൻ ചൂർണ്ണം ചെറുനാരങ്ങാനീരിലും ഇഞ്ചിനീരിലും (൨ യാമം വീതം) അരച്ച കുന്നിക്കുരുവിൻ വലിപ്പത്തിൽ ഉരുട്ടി സേവിക്ക. ജ്വരങ്ങളും ശമിക്കും.

## ൨൪. രാമബാണം (൩)

ഹിംഗുളം മൂഷികാശ്മാനം ചതുഷ്ഷൺമാനതഃ ക്രമാത്
മർദ്ദയിത്വാ തു സുശ്ലക്ഷ്ണം സ്വർണ്ണപത്രരസേന വാ
ഗുഞ്ജാമാത്രം പ്രയുഞ്ജീത ശർക്കരായാം വിശേഷതഃ
രാമബാണമിതി ഖ്യാതം സർവ്വശീതജ്വരാപഹം.

ഹിംഗുളം=ചായില്യം. മൂഷികാശ്മാവ്=എലിപ്പാഷാണം. സ്വർണ്ണപത്രരസം=ഉമ്മത്തിലനീര്. ശർക്കര=പഞ്ചസാര.

ചായില്യം നാലുകഴഞ്ച്, എലിപ്പാഷാണം ആറുകഴഞ്ച് (രണ്ടും ശുദ്ധി) ഉമ്മത്തിലനീരിൽ ൪ യാമം അരച്ച് കുന്നിക്കുരു അളവിൽ ഗുളികയാക്കി ശീതജ്വരത്തിന്ന പഞ്ചസാരയിൽ സേവിക്ക. ശമിക്കും.

## ൨൫. രാമബാണം (൪)

ദ്വിനിഷ്കം രസികം ചൈവ ഗൗരീപാഷാണനിഷ്കകം
ധുർദ്ധൂരബീജം നിഷ്കാർദ്ധം പിഷ്ട്വാ തൽപത്രവാരിണാ
മുദ്ഗപ്രമാണവടികാം ഗുളേന സഹ ഭക്ഷയേത്
സർവ്വശീതജ്വരം ഹന്യാത് രാമബാണം രസോത്തമം.

രസികം=രസം (പാൽതുത്ത് എന്നും പക്ഷം) ധുർദ്ധൂരബീജം=ഉമ്മത്തരി. നിഷ്കം=കഴഞ്ച്.

രസം കഴഞ്ച് ൨, ഗൗരീപാഷാണം ഒരുകഴഞ്ച്, ഉമ്മത്തിൻകുരു കഴഞ്ച്അര, ഇവ ഉമ്മത്തിലനീരിൽ അരച്ച ചെറുപയറളവിൽ ഗുളികയുരുട്ടി യഥാന്യായം ശർക്കരയിൽ സേവിക്ക. എല്ലാം ശീതജ്വരങ്ങളും ശമിക്കും.

എല്ലാം ഗുളികകളും നിഴലുണക്കി നല്ല പാത്രത്തിൽ സൂക്ഷിക്കണമെന്നുള്ളതു സാധാരണയാകയാൽ പ്രത്യേകം എല്ലായിടത്തും പറയുന്നില്ല.

## ൨൯. രാമബാണം (൭)

പാരദസ്യൈകഭാഗം ച ദ്വൌ ഭാഗൌ ഗന്ധകസ്യ ച
ഹിംഗുളസ്യ ത്രയോഭാഗാശ്ചതുർഭാഗാംശ്ച ദന്തിനഃ
വനചിത്രകസാരേണ യാമഷട്കന്തു മർദ്ദയേത്
മരിചാഭാം വടീം കുര്യാത് മാക്ഷികേണാഽഽർദ്രകേണ വാ
രാമബാണരസോ നാമ സർവ്വജ്വരകുലാന്തകഃ

പാരദം=രസം. ഹിംഗുളം=ചായില്യം. ദന്തീ=നാഗദന്തിക്കുരു. വനചിത്രകസാരം=കടലാവണക്കിൻകറ. മാക്ഷികം=തേൻ. ആർദ്രകം=ഇഞ്ചി. രസം കഴഞ്ച് ൧. ഗന്ധകം കഴഞ്ച് ൨. ചായില്യം കഴഞ്ച് ൩. നാഗദന്തിക്കുരു കഴഞ്ച് ൪. എല്ലാം കൂടി കടലാവണക്കിൻ കറയിൽ ആറുയാമമരച്ച കുരുമുളകുവലിപ്പത്തിൽ ഗുളികയാക്കി തേനിലോ ഇഞ്ചിനീരിലോ സേവിക്ക. എല്ലാവിധം ജ്വരങ്ങളും ശമിക്കും.

## ൩൦. ശീതനാഗാംകുശം

സംശുദ്ധമാഖുപാഷാണം കർപ്പൂരം സമഭാഗികം
കാരവല്ലിരസേനൈവ യാമമാത്രം വിമർദ്ദയേത്
രാജസർഷപമാത്രേണ ഗുളികാം കാരയേത് ഭിഷക്
തക്രേണ സഹ ദാതവ്യം തക്രാന്നം ഭോജയേല്പഹ്വ
ശീതനാഗാംകുശോ നാമ ദൃഷ്ടമീശ്വരനിർമ്മിതം.

ആഖുപാഷാണം=എലിപ്പാഷാണം. കാരവല്ലീരസം=പാവലിലനീര്. ശുദ്ധിചെയ്ത എലിപ്പാഷാണം കർപ്പൂരം ഇവ സമം. പാവലിലനീരിൽ ഏഴരനാഴികനേരം അരച്ച കടുകളവു ഗുളികയാക്കി മോരിൽ സേവിക്ക. മോരുകൂട്ടി ഉണ്ണുകയുംവേണം. ശീതജ്വരം ശമിക്കും. വലിയതരം കടുകിന്റെ അളവ്. പത്ഥ്യം മോരും ചോറും മാത്രം.

## ൩൧. ശീതജ്വരഗജസിംഹം

ദ്വാദശകബരീമൂഷികയുഗ്മം കാഞ്ചനപല്ലവദളരസമർദ്ദ്യം
ഗുഞ്ജാമാത്രാ ഗുളികാ ബദ്ധാ യോജനശീതജ്വരഗജസിംഹഃ

കബരീ=പാൽതുത്ത്. മൂഷികം=എലിപ്പാഷാണം. കാഞ്ചനപല്ലവദളരസം=ഉമ്മത്തിലനീര്. ഗുഞ്ജാ=കുന്നിക്കുരു.

പാൽതുത്തുഭാഗം ൧൨. എലിപ്പാഷാണം ഭാഗം ൨. ഉമ്മത്തിൻതളിരു (ഉമ്മത്തു പറയുന്ന സ്ഥാനങ്ങളിലെല്ലാം നീലഉമ്മത്തു ചേർക്കുന്നതുത്തമം) പിഴിഞ്ഞ നീരിൽ (രണ്ടുയാമം) അരച്ച് താന്നിക്കുരു അളവിൽ ഗുളികയുരുട്ടി ഇഞ്ചിനീരിലോമറ്റോ സേവിക്ക. എല്ലാം ശീതജ്വരങ്ങളും ശമിക്കും.

## ൩൨. ശീതമാതംഗസിംഹം

രസവിഷശിഖിതുത്ഥം കർബ്ബുരാനേകനേത്രം
ശിഖരിജഹരിതാലം ഭാഗമേകേന യുക്തം
കനകദളരസേനോന്മർദ്ദിതം യാമമാത്രം
സിതസഖമിവ ഗുഞ്ജാശീതമാതംഗസിംഹഃ

വിഷം=വത്സനാഭി. ശിഖിതുത്ഥം=മയിൽതുത്ഥം. (തുരിശും തുത്തും എന്നും പക്ഷം.) കർബ്ബുരാനേകനേത്രം=പൊൻകാരം. ശിഖരിജം=മനയോല. ഹരിതാരം=അരിതാരം. കനകദളരസം=ഉമ്മത്തിലനീര്. യാമമാത്രം=ഏഴരനാഴികനേരം,

രസം വത്സനാഭി മയിൽതുത്ഥം പൊൻകാരം മനയോല അരിതാരം ഇവ സമം (ശുദ്ധിവേണം) ഉമ്മത്തിലനീരിൽ ഏഴരനാഴികനേരം അരച്ച് കുന്നിക്കുരു അളവിൽ ഗുളികയാക്കി പഞ്ചസാരയിൽ സേവിക്ക. എല്ലാ ശീതജ്വരങ്ങളും ശമിക്കും.

## ൩൩. സർവ്വജ്വരഹരമാത്ര

ആഖോസ്തു വിഷമേകാംശം ശിഖിതുത്ഥം ദശാംശകം
ധുർദ്ധൂരസാരേ സംപിഷ്ട്വാ ഗുളികീകൃത്യ ശോഷയേത്
ത്രിപാദപണമാത്രന്തു ഭക്ഷയേച്ഛർക്കരായുതം
ക്ഷീരാന്നം ദാപയേത് പത്ഥ്യം സർവ്വജ്വരഹരം പരം.

ആഖുവിഷം=എലിപ്പാഷാണം. ശിഖിതുത്ഥം=മയിൽതുത്ഥം. എലിപ്പാഷാണം കഴഞ്ച് ൧. മയിൽതുത്ഥം കഴഞ്ച് ൧൦. (തുരിശും പാൽതുത്തുംകൂടി പത്തുകഴഞ്ച് എന്നും ചിലർ; തുരിശുമാത്രമെന്നും മററുചിലർ) ശുദ്ധിചെയ്തു ഉമ്മത്തിലനീരിലരച്ച് പണത്തൂക്കത്തിൽ മൂന്നിലൊരുഭാഗം അളവിൽ പഞ്ചസാരചേർത്തു സേവിക്ക. സേവാകാലം പാലും ചോറും മാത്രമേ കഴിക്കാവൂ. എല്ലാം ജ്വരങ്ങളും ശമിക്കും. (ശീതജ്വരാദികൾക്കു നന്ന്. മാത്ര അധികപ്പെട്ടാൽ ഛർദ്ദിച്ചുപോകും.)

## ൩൪. താപജ്വരമാത്ര

ദ്വിനിഷ്കം ജാതിലിംഗഞ്ച അമൃതം നിഷ്കമേവ ച
രോഹിണീ ച ചതുർന്നിഷ്കം ശീതതോയേന പേഷയേത്
നാരീക്ഷീരാനുപാനേന തഥാ ശക്കരയാ യുതം
മാഷമാത്രേണ ഗുളികാ താപജ്വരഹരം ഭവേത്.

ജാതിലിംഗ=ചായില്യം. ദ്വിനിഷ്കം=രണ്ടുകഴഞ്ച്. അമൃതം=വത്സനാഭി. രോഹിണി=കടുകരോഹിണി.

ചായില്യം കഴഞ്ചു ൨ വത്സനാഭി കഴഞ്ചു ൧ കടുകരോഹിണി കഴഞ്ചു ൪ ഇവയെല്ലാംകൂടി പച്ചവെള്ളത്തിൽ അരച്ച് (൩-യാമം) ഉഴുന്നിന്റെ അളവിനു ഗുളികയാക്കി മുലപ്പാലിൽ സേവിക്ക. പഞ്ചസാരയിലും സേവിക്കാം. താപജ്വരം (സർവ്വാംഗസന്താപം ഉള്ള ജ്വരം. ദാഹാദിജ്വരവും ഗ്രഹിക്കാം) ശമിക്കും.

## ൩൫. സൂചീമുഖരസം

സൂതം ഗന്ധകതാളകം മനശ്ശിലാതാലീഭവം തുത്ഥകം
ജംബാളം വിഷടങ്കണം കടുഫലം ഖല്വേ സമാംശം ദൃഢം
കൃത്വാ കഞ്ജളികാ വിഷോജ്വലഫണീപിത്തൈശ്ച സംഭാവിതാ
ക്ഷിപ്ത്വാ കാചികകൂപ്പികാം രസവരഃ സൂചീമുഖോ നാമതഃ
ഭ്രമദ്വാരവികീർണ്ണരോപിതരസൈർഗ്ഗുഞ്ജാസമാ മർദ്ദിതം
ഉന്മാദജ്വരസന്നിപാതഗരളം മോഹം ധനുർവ്വാതനുത്.

സൂതം=രസം. താലീഭവം=മാക്കീരക്കല്ല്. തുത്ഥകം=പാൽതുത്ത്. ജംബാളം=കടലാവണക്കിൻകുരുവ്. വിഷം=വത്സനാഭി. ടങ്കണം=പൊൻകാരം കടുഫലം=കൂവളക്കായുടെ മജ്ജ. വിഷോജ്വലഫണീപിത്തം=വിഷമുള്ള പാമ്പിന്റെ പിത്തദ്രവം. ഭ്രമദ്വാരം=നെറുക.

രസം, ഗന്ധകം, താളകം, ചുവന്ന മനയോല, മാക്കീരക്കല്ല്, പാൽതുത്ത്, കടലാവണക്കിൻകുരു (ശുദ്ധി,) പൊൻകാരം, കൂവളക്കായുടെ മജ്ജ ഇവ സമം ഒരു ഖല്വ (മാർട്ടൺ)ത്തിലാക്കി ഒരുദിവസം അരച്ച് സർപ്പത്തിന്റെ പിത്തംചേർത്തു

നാലുയാമം അരച്ചു കുഴമ്പുപോലായാൽ ഒരു നല്ല കുപ്പിയിൽ സൂക്ഷിക്ക. കുന്നിക്കുരു അളവിൽ എടുത്തു നിറുകക്കീറി അതിന്മേൽ തേച്ചു് ഓടുപഴുപ്പിച്ചുവച്ചു അമർത്തണം. സന്നി പതിമൂന്നിനും വിഷങ്ങൾക്കും സജീവനിർജ്ജീവപരീക്ഷയ്ക്കും ബോധമുണ്ടാകാനും ഉപയോഗിക്ക. എല്ലാം മോഹാലസ്യങ്ങൾക്കും ധനുസ്തംഭമെന്ന വാതവ്യാധിക്കും നന്നു്.

## ൩൬. സർവ്വരോഗകുലാന്തകം

അമൃതം ചൈകനിഷ്കഞ്ച തത്സമം കണചൂർണ്ണിതം
തയോർഹിംഗുളമാത്രേണ വടീജംബീരനീരജൈഃ
ശീതോദകം വാർദ്രകം വാ പിബേന്മാഷപ്രമാണകം
രാജയക്ഷ്മാനിലശ്വാസജ്വരമന്ദാനിലാനപി
സന്നിപാതം മഹാവാതം സർവ്വരോഗകുലാന്തകം.

അമൃതം=വത്സനാഭി. കണ=ചെറുതിപ്പലി. ഹിംഗുളം=ചായില്യം. ജംബീരനീരം=ചെറുനാരങ്ങാനീരു്.

വത്സനാഭി, ചെറുതിപ്പലിപ്പൊടി ഇവ ഒരുകഴഞ്ചുവീതം. ചായില്യംകഴഞ്ചു് ൨. ഇവ ചെറുനാരങ്ങാനീരിലരച്ചു് ഉഴുന്നിൻെറ വലിപ്പത്തിൽ ഗുളികയാക്കി പച്ചവെള്ളത്തിലോ ഇഞ്ചിച്ചാററിലോ സേവിക്ക. രാജയക്ഷ്മാവ്, വാതശ്ലേഷ്മാക്കൾ വലിവ്. ജ്വരം, അഗ്നിമാന്ദ്യം ഇവയും സന്നിപാതങ്ങളും വാതരോഗവും ശമിക്കും.

## ൩൭. രോഗത്രയാരിരസം.

പാരദഞ്ചാമൃതാ ഗന്ധം സർവ്വം ശുദ്ധം ച കാരയേത്
വരാവ്യോഷേണ സമ്മിശ്രം സമം തുല്യം വിമർദ്ദയേത്
ജ്വാലാമുഖ്യാശ്ച നിര്യ്യാസം സൂരണം ചിത്രകാർദ്രകം
ശിഗ്രുഃ പുനർന്നവേനൈവ പ്രത്യേകം ഭാവനാത്രയം
തത്ര സംസ്ഥിതമാദായ ദീയതാം ഗുഞ്ജമാത്രകം
നവജ്വരവിനാശായ ആർദ്രകസ്യ രസേന തു
കിരാതം മരിചം ദേയം സന്നിപാതേ ത്രയോദശേ
രോഗത്രയാരിവിഖ്യാതോ രസരാജേന നിർമ്മിതം.

പാരദം=രസം. അമൃതം=വത്സനാഭി. ഗന്ധം=ഗന്ധകം. വരാ=ത്രിഫലത്തോടു്. വ്യോഷം=ചുക്കു്, മുളകു്, തിപ്പലി. ജ്വാലാമുഖിനിര്യ്യാസം=മേന്തോന്നിക്കിഴങ്ങിൻനീരു്. സൂരണം=കാട്ടുചേന. ചിത്രകം=കൊടുവേലിക്കിഴങ്ങു്. ആർദ്രകം=ഇഞ്ചി. ശിഗ്രു=മുരിങ്ങവേർത്തൊലി. പുനർന്നവ=തമിഴാമ. കിരാതം=കിരിയാത്തു്. മരിചം=കുരുമുളകു്.

രസം, വത്സനാഭി, ഗന്ധകം (ശുദ്ധി) ത്രിഫലത്തോടു്, ചുക്കു്, മുളകു് ചെറുതിപ്പലി ഇവ സമം മേന്തോന്നിക്കിഴങ്ങിൻനീരിലും കാട്ടുചേനനീരിലും കൊടുവേലിക്കിഴങ്ങിൻനീരിലും ഇഞ്ചിനീരിലും മുരിങ്ങത്തൊലിനീരിലും തമിഴാമനീരിലും മുമ്മൂന്നുദിവസം അരച്ചു കുന്നിക്കുരുപ്രമാണം ഗുളികയുരുട്ടി നവജ്വരത്തിൽ ഇഞ്ചിനീരിലും സന്നിപാതത്തിനു് കിരിയാത്തും കുരുമുളകുംകൂട്ടിവച്ചു കഷായത്തിലും സേവിക്ക. ത്രിദോഷശമനത്തിനും നന്നു്. രസരാജനിർമ്മിതമായ രോഗത്രയാരിരസം ഇതാകുന്നു.

## ൩൮. ആനന്ദരസം (൧)

ആനന്ദോ ഹിംഗുളം ഗന്ധം ഹരവീര്യഞ്ച താളകം
തീക്ഷ്ണം താമ്രം നാഗവംഗം മർദ്ദിതം ത്രിഫലാർദ്രകേ

പപ്പടസ്യ കഷായേണ ഡോളായന്ത്രേ ദിനം പചേത്
ഫണിപിത്തേന സംഭാവ്യം ഗുഞ്ജാമാത്രം പ്രയോജയേത്
തൽക്ഷണേന വിനശ്യന്തി ശീതാംഗം സന്നിപാതികം
തക്രദധ്യോദനം പഥ്യം ദാപയേന്നാളികേരജേ.

ആനന്ദം=വത്സനാഭി. ഹിംഗുളം=ചായില്യം, ഗന്ധം=ഗന്ധകം. ഹരവീര്യം=രസം. തീക്ഷ്ണം=ഉരുക്കഭസ്മം. താമ്രം=താമ്രഭസ്മം നാഗം=നാഗ(കാരീയ)ഭസ്മം. വംഗം=വംഗഭസ്മം. ഫണിപിത്തം=പാമ്പിൻപിത്തം.

വത്സനാഭി, ചായില്യം, ഗന്ധകം, രസം, താളകം, ഉരുക്കഭസ്മം, താമ്രഭസ്മം, കാരീയഭസ്മം, വംഗഭസ്മം ഇവ സമം ത്രിഫലക്കഷായത്തിലും ഇഞ്ചിനീരിലും അരച്ച് പർപ്പടകപ്പുല്ലിൻകഷായത്തിൽ ഡോളായന്ത്രപ്രകാരം ഒരുദിവസം പചിച്ചെടുത്തു പാമ്പിന്റെ പിത്തം ചേർത്തരച്ചു കുന്നിക്കുരുപ്രമാണം ഗുളികയാക്കി തേങ്ങാവെള്ളത്തിൽ സേവിക്ക. ശീതജ്വരങ്ങളും സന്നിപാതവും ശമിക്കും. തൈര്, മോര്, ചോറ് ഇവമാത്രം ഉപയോഗിക്ക പത്ഥ്യമാകുന്നു.

ഡോളായന്ത്രം —

ദ്രവദ്രവ്യേണ ഭാണ്ഡസ്യ പൂരിതാർദ്ധോദരസ്യ ച
മുഖസ്യോഭയതോദ്വാരദ്വയം കൃത്വാ പ്രയത്നതഃ
തസ്യോപരി ക്ഷിപേദ്ദണ്ഡം തന്മദ്ധ്യേ രസപോടലീം
ബദ്ധ്വാ തു സ്വേദയേദേതദ്ദോലായന്ത്രമിതി സ്മൃതം.

## ൩൯. ചണ്ഡഭാസ്കരരസം.

ഹരബീജാമൃതബലി പ്രത്യേകം നിഷ്കസംയുതം
ടംകണം ദശനിഷ്കഞ്ച ജംബ്വാളം വിംശതിസ്തഥാ
ശുദ്ധഖല്വതലേ ക്ഷിപ്ത്വാ നിർഗ്ഗുണ്ഡീരസമർദ്ദിതം
മുദ്ഗപ്രമാണഗുളികാം ഗുളേന സഹഭക്ഷയേത്
പാണ്ഡുശോഫോദരാവർത്തഗുന്മപ്ലീഹഗുദക്രമീൻ
അജീർണ്ണമാമശൂലഞ്ച ദീപനം പാചനം പരം
പുരാണജ്വരമേഹഞ്ച മൂത്രകൃച്ഛ്റാശ്മരീവ്രണാൻ
സർവ്വവ്യാധിഹരം ശീഘ്രം രസോഽയം ചണ്ഡഭാസ്കരഃ

ഹരബീജം=രസം. അമൃതം=വത്സനാഭി. ബലി=ഗന്ധകം. നിഷ്കം=കഴഞ്ച്. ടംകണം=പൊൻകാരം. ജംബാളം=നീർവാളക്കുരു. (ഓടും നാളവും കളഞ്ഞു ശുദ്ധി) നിർഗ്ഗുണ്ഡീരസം=കരിനൊച്ചിയിലനീര്.

രസം, വത്സനാഭി, ഗന്ധകം ഇവ കഴഞ്ച് ൧-വീതം, പൊൻകാരം കഴഞ്ച് ൧൦. നീർവാളക്കുരു കഴഞ്ച ൨൦. ഇവ കരിനൊച്ചിയിലനീരിൽ അരച്ച് ചെറുപയറളവിൽ ഗുളികയാക്കി ശർക്കരയിൽ സേവിക്ക. പാണ്ഡുരോഗം, ശോഫം, മഹോദരം, ഉദാവർത്തം, ഗുന്മം, പ്ലീഹോദരം, അർശസ്, കൃമി, അജീർണ്ണം, ആമശൂല, പുരാണജ്വരം, പ്രമേഹം, മൂത്രകൃച്ഛ്റം, അശ്മരീവ്രണം മുതലായവയെ ശമിപ്പിക്കും. അഗ്നിദീപ്തിവരുത്തും. ജംബാളത്തിനു കടലാവണക്കിൻകുരു എന്നു പക്ഷാന്തരം ഉണ്ട്.

## ൪൦ നീലകണ്ഠരസം

സൂതം ഗന്ധകലോഹഞ്ച വിഷം ചിത്രകപത്രകം
വിളംഗം രേണുകം മുസ്താ ഏലാ ടംകണകേസരം

ത്രികടു ത്രിഫലാനാം ച ശുൽബഭസ്മം തഥൈവ ച
ഏതാനി സമഭാഗാനി ഗുളം ദ്വിഗുണമുച്യതേ
ചണമാത്രാം വടീം കൃത്വാ ഭക്ഷയേദ്ദ്വിദിനന്നരഃ
ശ്വാസകാസക്ഷയം ഗുന്മം പ്രമേഹം വിഷമജ്വരം
ഹിത്മായാം ഗ്രഹണീദോഷേ ശോഫേ പാണ്ഡൗ ഭഗന്ദരേ
മൂത്രകൃച്ഛ്റേ മൂഢഗർഭേ വാതരോഗേ ച വാരിണാ
'നീലകണ്ഠരസോ'നാമ യോഗഃ സ്യാത് ബ്രഹ്മനിർമ്മിതഃ

സൂതം=രസം. ലോഹം=ഇരുമ്പുഭസ്മം. വിഷം=വത്സനാഭി ചിത്രകം=കൊടുവേലിക്കിഴങ്ങ്. പത്രകം=താലീസപത്രി. വിഡംഗം=വിഴാലരിക്കാമ്പ്. രേണുകം=അരേണുകം. മുസ്ത=മുത്തങ്ങ, ടംകണം=പൊൻകാരം, കേസരം=നാഗപ്പൂവ്. ശുൽബഭസ്മം=താമ്രഭസ്മം. ചണമാത്ര=ചണംപയറാളവു്.

രസം, ഗന്ധകം, ലോഹഭസ്മം, വത്സനാഭി, കൊടുവേലിക്കിഴങ്ങ്, താലീസപത്രി, വിഴാലരിക്കാമ്പ്, അരേണുകം, മുത്തങ്ങ, ഏലത്തരി, പൊൻകാരം, നാഗപ്പൂവ് ചുക്ക് മുളക് ചെറുതിപ്പലി, നെല്ലിക്കാ താന്നിക്കാ കടുക്കാ ഇവയുടെ തോട്, താമ്രഭസ്മം ഇവ സമം ചേർത്തു (ഇഞ്ചിനീരിൽ ഒരുദിവസം) അരച്ചു മരുന്നിന്റെ ഇരട്ടി ശർക്കരചേർത്തു ഗുളികയാക്കി സേവിക്ക. (ചണംപയറാളവിൽ ഗുളികയാക്കി ഇരട്ടി ശർക്കരകൂട്ടി സേവിക്കണമെന്നും, കടലയോളംപ്രമാണം ശർക്കര കൂട്ടിയശേഷം ഗുളിക ഉരുട്ടണമെന്നും അഭിപ്രായങ്ങൾ) അനുപാനം ശീതജലം. കാസശ്വാസങ്ങൾ, ഇക്കിൾ, ക്ഷയം, ഗുന്മം, പ്രമേഹം, വിഷമജ്വരം, ഗ്രഹണി, ശോഫം, പാണ്ഡു, ഭഗന്ദരം ഇവയ്ക്കു നന്നു്. വാതവ്യാധി, മൂത്രകൃച്ഛ്റം, മൂഢഗർഭം ഇവയിലും ഗുണപ്രദമാകുന്നു.

## ൪൭ ഗഗനേശ്വരരസം

അഭ്രഞ്ച വത്സനാഭഞ്ച ലോഹഭസ്മഞ്ച ഗന്ധകം
ശുദ്ധസൂതം കണാ ശുണ്ഠീ പ്രത്യേകം നിഷ്കമാത്രകം
ആർദ്രകദ്രവസംയുക്തം മർദ്ദയേത് ദിവസത്രയം
മാസദ്വയം ലിഹേത് ക്ഷൗദ്രേ ശ്വാസകാസഞ്ച പീനസം
മന്ദാഗ്നിം വാതരോഗഞ്ച അമ്ലപിത്തം വിനാശയേത്
ഗഗനേശ്വരനാമോയം രസോ ഭാസ്കരനിർമ്മിതഃ

അഭ്രം=അഭ്രകഭസ്മം. ശുദ്ധസൂതം=ശുദ്ധിയാക്കിയ രസം. കണ=തിപ്പലി ശുണ്ഠി=ചുക്ക് ആർദ്രകദ്രവം=ഇഞ്ചിനീരു്.

അഭ്രകഭസ്മം, വത്സനാഭി, ലോഹഭസ്മം, ഗന്ധകം, രസം, തിപ്പലി, ചുക്ക് ഇവ സമം ഇഞ്ചിനീരിൽ മൂന്നുദിവസമരച്ചു രണ്ടു ഉഴുന്നിൻവലിപ്പത്തിൽ ഗുളികയുരുട്ടി (ഒരു മാസം) ചെറുതേനിൽ സേവിക്ക. (മാസദ്വയം എന്ന ഗ്രന്ഥപാഠം പ്രമാദമല്ലെന്നുതന്നെ അഭിപ്രായം.) ശ്വാസകാസങ്ങൾ, പീനസം, അഗ്നിമാന്ദ്യം, വാതരോഗം, അമ്ലപിത്തം ഇവ ശമിക്കും.

## ൪൮. ജാതിലിംഗാദിഗുളിക

ജാതിലിംഗം ത്രികടുകം ഹരിതാലം മനശ്ശിലാ
ടംകണം വത്സനാഭഞ്ച പേഷയേദാർദ്രകദ്രവേ
ഹരിഞ്ജരിജലേ ചാപി ഗുളികീകൃത്യ ശോഷയേത്
കാസം ശ്വാസഞ്ച ഹിക്കാഞ്ച ക്ഷയകാസഞ്ച നാശയേത്

ജാതിലിംഗം=ചായില്യം ത്രികടുകം=ചുക്ക് മുളക് ചെറുതിപ്പലി ഹരിതാലം=അരിതാരം. മനശ്ശില=മനയോല. ടംകണം=പൊൻകാരം. ഹരിഞ്ജരിജലം=കുപ്പമഞ്ഞളിലനീര്.

ചായില്യം, ചുക്ക് മുളക് ചെറുതിപ്പലി, അരിതാരം, മനയോല, പൊൻകാരം, വത്സനാഭി ഇവ സമം ഒരുദിവസം ഇഞ്ചിനീരിലും ഒരു ദിവസം കുപ്പമഞ്ഞളിലനീരിലും അരച്ചു ഗുളികയാക്കി നിഴലുണക്കി സേവിക്ക. (തേൻ, തിപ്പലിപ്പൊടി, മലര് ഇവ അനുപാനം) കാസം ശ്വാസം ഇക്കിൾ ക്ഷയകാസം മുതലായവ ശമിക്കും.

## ൪൩. ശൂലകുഠാരം.

പാരദം ടംകണം ഗന്ധം ത്രിഫലാ വ്യോഷതാളകം
വിഷം താമ്രം സജംബാളം ത്രിദിനം ഭൃംഗമർദ്ദിതം
ഗുഞ്ജാപ്രമാണഗുളികാം മരിചേനാർദ്രകേണ വാ
ഖാദേത് ശൂലകുഠാരോഽയം വിഷ്ണുചക്രമിവാസുരാൻ.

പാരദം=രസം. ടംകണം=പൊൻകാരം. ഗന്ധം=ഗന്ധകം. വ്യോഷം=ചുക്ക് മുളക് ചെറുതിപ്പലി വിഷം=വത്സനാഭി. താമ്രം=താമ്രഭസ്മം. ജംബാളം=നീർവാളക്കുരു. (കടലാവണക്കിൻകുരുവെന്നും അഭിപ്രായം) ഓടും നാളവും കളഞ്ഞത്. ഭൃംഗം=കയ്യോന്നിച്ചാറ്.

രസം, പൊൻകാരം, ഗന്ധകം, ത്രിഫലത്തോട്, ചുക്ക്, മുളക്, ചെറുതിപ്പലി താളകം, വത്സനാഭി, താമ്രഭസ്മം, നീർവാളക്കുരു ഇവ സമം. കയ്യോന്നിനീരിൽ മൂന്നു ദിവസമരച്ചു കുന്നിക്കുരുപ്രമാണം ഗുളികയുരുട്ടി കുരുമുളകിൻകഷായത്തിലോ ഇഞ്ചിക്കഷായത്തിലോ സേവിക്ക. എല്ലാംവിധം ശൂല (വേദന)കളും ശമിക്കും

## ൪൪. ഗുന്മകുലാന്തകം.

അയശ്ചൂർണ്ണം പഞ്ചനിഷ്കം ഗന്ധകഞ്ച മനശ്ശിലാ
പൃഥക് ചൂർണ്ണദ്വിനിഷ്കം ച പാരദം നിഷ്കമാത്രകം
കുമാരീരസകേ പിഷ്ട്വാ തീക്ഷ്ണാതപനിവേശിതം
വ്യോഷസൈന്ധവയോർഭൂയഃ ത്രിഫലാന്വഭയാം പുനഃ
ഷട്പലം ഭസ്മനി തതോ യോജ്യം ഭൃംഗീരസേന ച
പിഷ്ട്വാ ത്രിനിഷ്കമാത്രേണ കൃത്വാ ച ഗുളികാം സുധീഃ
വാതഗുന്മഞ്ച കാസഞ്ച സ്വരസാദാഗ്നിമന്ദതാം
ശ്വിത്രകം ജലകൂർമ്മഞ്ച പ്ലീഹാമർശാംസി കുഷ്ഠകം
ഏഷ യോഗോ ഗുന്മകുലാന്തകാഖ്യോ ജയതി ധ്രുവം

ഇതിന്റെ ഗ്രന്ഥോക്തമായ ഭാഗം ഗദ്യരൂപമാകയാൽ ആയതും താഴെ ചേർക്കുന്നു:—

"അയശ്ചൂർണ്ണം പഞ്ചനിഷ്കം ഗന്ധകമനശ്ശിലയോഃ പൃഥക് ചൂർണ്ണഞ്ച നിഷ്കം പാരദം നിഷ്കം ച കുമാരീരസേ പിഷ്ട്വാ ചഷകേ തീക്ഷ്ണാതപേ നിധായ വ്യോഷസൈന്ധവയോഃ പൃഥക് ത്രിപലാനി ഹരീതകീഷട്പലഞ്ച ഭസ്മാനി സംയോജ്യ ഭൃംഗീരസേ പിഷ്ട്വാ ത്രിനിഷ്കമാത്രാം ഗുളികാം കൃത്വാ യഥായുക്തം വാതഗുന്മകാസേഷു സ്വരസാദാഗ്നിമാന്ദ്യശ്വിത്രകപ്ലീഹാജലകൂർമ്മകുഷ്ഠാർശസാം യോജയേത്. ഏഷ യോഗോ ഗുന്മകുലാന്തകാഖ്യഃ"

അയശ്ചൂർണ്ണം=ഇരുമ്പുഭസ്മം. മനശ്ശില=മനയോല. നിഷ്കം=കഴഞ്ച് പാരദം=രസം. കുമാരീരസം=കററാർവാഴനീര്. ചഷകം=ചട്ടിപോലെയുള്ള പാത്രം. വ്യോഷം=ചുക്ക്, മുളക്, ചെറുതിപ്പലി. സൈന്ധവം=ഇന്തുപ്പ്. ഹരീതകി=കടുക്കാത്തോട്.

ഇരുമ്പുഭസ്മം കഴഞ്ച് ൫. ഗന്ധകം, മനയോല ഇവ ൨ കഴഞ്ചുവീതം. രസം കഴഞ്ച് ൧ ഇവ കററാർവാഴനീരിൽ (ഒരു ദിവസം) അരച്ച് ഒരു തളികയിൽ പരത്തി വെയിലത്തുവച്ചാൽ ഭസ്മമാകും. ആ ഭസ്മത്തിൽ ചുക്ക് മുളക് ചെറുതിപ്പലി ഇന്തുപ്പ് ഇവ ൩ പലം വീതവും ൩ പലം കടുക്കാത്തോടുംകൂട്ടി കയ്യോന്നിനീരിൽ (ഒരുദിവസം) അരച്ച് ൩ കഴഞ്ചുവീതം അളവിൽ ഗുളികയുരുട്ടി യുക്തമായ അനുപാനാദികളിൽ സേവിക്ക. വാതഗുന്മം, കാസം, സ്വരസാദം, അഗ്നിമാന്ദ്യം, ശ്വിത്രം, പ്ലീഹോദരം, ജലകുക്ഷ്മം, കുഷ്ഠം, അർശസ്സ് ഇവ ശമിക്കും.

## ൪൫. ശംഖപാണിരസം.

ശുദ്ധസൂതം വിഷം ഗന്ധം പലാംശം മർദ്ദയേദ് ദൃഢം
മരിചം മാഗധി ശുണ്ഠീ ഹിംഗു ചൈവ ദ്വയം ദ്വയം
പലാഷ്ടകഞ്ച ലവണം ചിഞ്ചാക്ഷാരം പലാഷ്ടകം
സപ്തവാരം ദഗ്ദ്ധശംഖം ജംബീരാമ്ലേന പേഷയേത്
പലാഷ്ടകം ച സംയോജ്യം സർവ്വം ജംബീരനീരകേ
മർദ്ദയേദ്ദിനമേകന്തു തീക്ഷ്ണാതപപടീകൃതാ
പിബേദമ്ലകസാരേണ പഞ്ചഗുന്മനിവാരണം
ഗ്രഹണീരോഗമർശശ്ച അതിസാരഞ്ച നാശയേത്
സർവ്വവ്യാധിഹരം ശീഘ്രം രസോഽയം ചക്രപാണിനാ.

ശുദ്ധസൂതം=ശുദ്ധിയാക്കിയ രസം. വിഷം=വത്സനാഭി. ഗന്ധം=ഗന്ധകം. മരിചം=കുരുമുളക് മാഗധി=ചെറുതിപ്പലി. ശുണ്ഠി=ചുക്ക്. ഹിംഗു=പെരുങ്കായം. ലവണം=ഇന്തുപ്പ്. ചിഞ്ചാക്ഷാരം=പുളിം‌തൊലിക്കച്ചുട്ട ഭസ്മം. ദഗ്ദ്ധശംഖം=ശംഖഭസ്മം. ജംബീരാമ്ലം=ചെറുനാരങ്ങാനീര്.

രസം (ശുദ്ധിയാക്കിയത്) വത്സനാഭി ഗന്ധകം ഇവ ഒരു പലംവീതം ഒരുമിച്ചുചേർത്തു നല്ലപോലെ അരയ്ക്കുക. കുരുമുളക് ചെറുതിപ്പലി ചുക്ക് ഇവ ൨ പലം വീതം. ഇന്തുപ്പ് പലം ൮. പുളിംതോൽ ചുട്ടഭസ്മം പലം ൮. ശംഖഭസ്മം (ഇതിന്റെ സ്ഥാനത്തു കക്കച്ചുണ്ണാമ്പുതന്നെയാണെന്നും ചിലക്ക് ഒരു അഭിപ്രായമുണ്ട്) നാരങ്ങാനീരിൽ ഏഴദിവസം അരച്ചെടുത്തു മേല്പറഞ്ഞ മരുന്നുകൾ എല്ലാംകൂട്ടി ഏഴദിവസം നാരങ്ങാനീരിൽ അരച്ച് (ഒരുദിവസം കാടിവെള്ളത്തിലുംകൂടി അരയ്ക്കണമെന്നും മതമുണ്ട്) നിഴലുണക്കി പൊടിയാക്കി നാരങ്ങാനീരിൽ സേവിക്ക. അഞ്ചുവിധം ഗുന്മങ്ങളും ഗ്രഹണിയും അതിസാരവും ശമിക്കും. മററു രോഗങ്ങൾക്കും നന്ന്.

## ൪൬ ആനന്ദരസം (൨)

ജാതീഫലം ഹിംഗുളസുന്ദരഞ്ച വരാ ച ശുണ്ഠീ വിഷഫേമബീജം
സപിപ്പലീകം ഘനദീപ്യ യുഗ്മം ജംബീരസാരേ സഹ മർദ്ദിതേ തു
ധൂർത്തൂരതോയൈർവിജയാർദ്രകേണ
ഗുഞ്ജൈകമാനാം ഗുഡികാം പ്രകുര്യാത്
നിഹന്തി വാതം കഫമുഗ്രശൂല-
മാമാതിസാരം ഗ്രഹണീവികാരം

കരോതി ശുക്ലം സിതയാ/നുപാനാ-
ദ്രസോയമാനന്ദ ഇതി പ്രസിദ്ധം.

ജാതീഫലം=ജാതിക്ക. ഹിംഗുളം=ചായില്യം. സുന്ദരം=അയസ്കാന്തം. വരാ=ത്രിഫലത്തോട്. ശുണ്ഠീ=ചുക്ക്. വിഷം=വത്സനാഭി. ഹേമബീജം=ഉമ്മത്തിൻകുരു. പിപ്പലി=ചെറുതിപ്പലി. ഘനം=മുത്തങ്ങ. ദീപ്യയുഗ്മം=അയമോദകവും ക്രോശാണിയും (അയമോദകവും ജീരകവുമെന്നും, ആശാളിക്കൂടിയാണെന്നും അഭിപ്രായങ്ങൾ) ജംബീരസാരം=ചെറുനാരങ്ങാനീര . ധുര്ധൂരതോയം=ഉമ്മത്തിലനീര്. വിജയാ=കഞ്ചാവ്. (കടുക്ക എന്നും പക്ഷം.) ആർദ്രകം=ഇഞ്ചി.

ജാതിക്ക, ചായില്യം, അയസ്കാന്തം, ത്രിഫലത്തോട്, ചുക്ക്, വത്സനാഭി, ഉമ്മത്തിൻകുരു, ചെറുതിപ്പലി, മുത്തങ്ങ, അയമോദകം, ക്രോശാണി ഇവ സമം ചെറുനാരങ്ങാനീരിലും ഉമ്മത്തിലനീരിലും കഞ്ചാവിൻകഷായത്തിലും ഇഞ്ചിനീരിലും ഓരോദിവസം വീതം അരച്ച് കുന്നിക്കുരുപ്രമാണം ഗുളികയുരുട്ടി നിഴലുണക്കി സേവിക്ക. വാതം, കഫം, ശൂല, ആമാതിസാരം, ഗ്രഹണീവികാരങ്ങൾ ഇവ ശമിക്കും. പഞ്ചസാരയിൽ സേവിച്ചാൽ ശുക്ലം വർദ്ധിക്കയും ചെയ്യും.

## ൪൬. കനകസുന്ദരം.

ഹിംഗുളം മരിചം ഗന്ധം തിപ്പലീ ടങ്കണം വിഷം
ഹേമബീജം സമം തേഷാം വിജയാദ്രവസംയുതം
ചണമാത്രാം വടീം കൃത്വാ രസം കനകസുന്ദരം
ഭക്ഷയേത് ഗ്രഹണീം ഹന്തി ആമശൂലമരോചകം
അഗ്നിമാന്ദ്യം ജ്വരം തീവ്രമതിസാരഞ്ച നാശയേത്
ദധ്യന്നം ദാപയേത് പത്ഥ്യം തക്രാന്നം നൈവ ഭുജ്യതാം.

ഹിംഗുളം=ചായില്യം. ഗന്ധം=ഗന്ധകം ടങ്കണം=പൊൻകാരം. വിഷം=വത്സനാഭി. ഹേമബീജം=ഉമ്മത്തിൻകുരു. വിജയാദ്രവം=കഞ്ചാവിൻകഷായം. ദധ്യന്നം=തൈരും ചോറും. (തമിഴിൽ തുമുൽ എന്നുപറയുന്ന ദധ്യന്നമാണെന്നും വിചാരിക്കേണ്ടതുണ്ട്.) അതിൻെറ വിധാനം—നെടിയരിവച്ച ക്രമമായി വെന്തുവാർത്ത പുഴക്കൽചോറ് ചെറുചൂടോടുകൂടി ഒരു പാത്രത്തിലിട്ട അതിൽ കട്ടിത്തൈരൊഴിച്ചു നന്നായിളക്കി അതില് ചുക്കുപൊടിയും വിതറി തൈരിൽ പകുതികാച്ചിയ പാലും ഒഴിച്ചു പാത്രത്തിലമർത്തി അടച്ചുവച്ചേക്കുക. ൬ മണിക്കൂറിൽ കൂടുതൽ പഴക്കത്തിനും ഇതു യോജിച്ചതാണ്. (ഇതു വഴിയാത്രക്കാർക്ക പററിയ അന്നവിധാനവുമാണ്.)

ചായില്യം കുരുമുളക ഗന്ധകം ചെറുതിപ്പലി പൊൻകാരം വത്സനാഭി ഉമ്മത്തിൻകുരു ഇവസമം കഞ്ചാവിൻകഷായത്തിലരച്ചു ചണംപയറളവിൽ ഗുളികയുരുട്ടി സേവിക്ക. ഗ്രഹണി ആമശൂലം അരുചി അഗ്നിമാന്ദ്യം ജ്വരം അതിസാരം ഇവ ശമിക്കും. ദധ്യന്നമോ തൈരും ചോറും മാത്രമോ ഉണ്ണണം. മോരു കൂട്ടരുത്.

## ൪൭. ത്രിഗുണരസം.

ഗന്ധകാഷ്ടഗുണം സൂതം ശുദ്ധം മൃദ്വഗ്നിനാ ക്ഷണം
പക്ത്വാവതാര്യ്യ തച്ചൂർണ്ണം ചൂർണ്ണതുല്യാ/ഭയാന്വിതം.
സപ്തഗുഞ്ജാമിതം ഖാദേത് വർദ്ധയേച്ച ദിനേ ദിനേ
ഗുഞ്ജൈകൈകം ക്രമേണൈവ യാവത്സ്യാദേകവിംശതിഃ

തീക്ഷ്ണാജ്യശർക്കരായുക്തം ശാല്യന്നം പത്ഥ്യമാചരേത്
കമ്പവാതപ്രശാന്ത്യർത്ഥം നിവാതേ വിവസേത്സദാ
ത്രിഗുണാഖ്യരസോ നാമ്നാ ത്രിപക്ഷാത് കമ്പവാതനുത്.

സൂതം=രസം. തീക്ഷ്ണം=കുരുമുളക്. ആജ്യം=നെയ്യ്.

രസം ശുദ്ധിചെയ്തതു കഴഞ്ച് ൧. ഗന്ധകം കഴഞ്ച് ൨. ഇതു ഓട്ടിലിട്ടു ചെറുതീയിൽ ഉരുക്കിയാൽ ഉരുകിയോജിക്കും. തണുത്താൽ പൊടിച്ചു സമം കടുക്കാത്തോടിൻപൊടിയുംകൂട്ടി ഇഞ്ചിനീരിലരച്ചു കുന്നിപ്രമാണം ഗുളികയുരുട്ടി ഏഴുഗുളിക ആദ്യത്തെദിവസം സേവിക്ക. ഓരോ ഗുളികവീതം അടുത്ത ദിവസംമുതൽ കൂട്ടി ൨൧ ഗുളികയാകുന്നതുവരെ സേവിക്ക. കുരുമുളകിൻപൊടിയും നെയ്യും പഞ്ചസാരയും ചേറും മാത്രമേ കഴിക്കാവൂ. ഇങ്ങനെ പത്ഥ്യം. ൨൧ ഗുളികയായാൽ ൪൫ ദിവസംവരെ ഈ മാത്രയിൽതന്നെ സേവിക്ക. എന്നാൽ കമ്പവാതം ശമിക്കും. ഏഴുദിവസം ഏഴു ഗുളികവീതം സേവിച്ചശേഷം ഓരോ ഗുളിക കൂട്ടണമെന്നും അഭിപ്രായം.

ഇത്രയും യോഗങ്ങൾ സന്നിപാതചികിത്സിതത്തിൽ തുടർച്ചയായി ചേർത്തിട്ടുള്ളവയാകുന്നു. ഗ്രന്ഥാന്തരങ്ങളിലുള്ള ചില ഉപയുക്തയോഗങ്ങൾകൂടി താഴെ ചേർക്കുന്നു.

## ൪൯. രാജവിരേചനഗുളിക (൧)

തികടുത്രിഫലാസൂതഗന്ധപാഷാണടംകണൈഃ
ഏതത്സമം തു ജംബാളമേതദ്രാജവിരേചനം.

സൂതം=രസം. ഗന്ധം=ഗന്ധകം. ടംകണം=പൊൻകാരം.

ചുക്ക് കുരുമുളക് തിപ്പലി നെല്ലിക്കാത്തോട് താന്നിക്കാത്തോട് കടുക്കാത്തോട് രസം ഗന്ധകം പാഷാണം പൊൻകാരം ഇവ സമം. ഇവയെല്ലാംകൂടിയിടത്തോളം (തോടും നാളവും കളഞ്ഞു) നീർവാളക്കുരു എല്ലാംകൂടി അരച്ചു മഞ്ചാടിപ്രമാണം ഗുളികയാക്കി ഇഞ്ചിനീരിലോ നെയ്യിലോ സേവിക്ക. വിരേചനമുണ്ടാകും.

## ൫൦. വിരേചനഗുളിക (൨)

ത്രികടുത്രിഫലാമാംസീകാരവീകടുകാത്രിവൃത്
വിളംഗഞ്ച സമാംശാനി ജേപാലം സകലാംശകം
ത്രിഫലാകഷായസംപിഷ്ടം ഗുളേനോഷ്ണോദകേന വാ
ആർദ്രകസ്വരസേനാപി പേയം സമ്യഗ്വിരേചയേത്.

ചുക്കു മുളകു തിപ്പലി ത്രിഫലത്തോടു മാഞ്ചി കാരവി=കരിംജീരകം, കടുക്രോഹിണി ത്രികോല്പക്കൊന്ന വിഴാലരിക്കാമ്പു ഇവ സമം. ഇവ എല്ലാം കൂട്ടുന്നിടത്തോളം നീർവാളക്കുരുവും (൪൯-ാംയോഗംപോലെ) ചേർത്തു ത്രിഫലക്കഷായത്തിൽ നല്ലപോലെ അരച്ചു മഞ്ചാടിപ്രമാണം ഗുളികയാക്കി ശർക്കരയിലോ ചൂടുവെള്ളത്തിലോ ഇഞ്ചിനീരിലോ നെയ്യിലോ സേവിക്ക. നല്ലപോലെ വിരേചനം വരും.

## ൫൧. മരിചാദി (വിരേചന) ഗുളിക (൩)

മരിചസ്യൈകഭാഗം സ്യാത് ദ്വിഭാഗം ടംകണം തഥാ
ത്രിഭാഗം പാരദഞ്ചൈവ വിദ്യാദ്ഭാഗം ചതുർഗ്ഗുണം
ഗന്ധകസ്യ പ്രമാണന്തു ഷഡ്ഭാഗന്തു മഹൌഷധം
സർവ്വൈരേതൈസ്സമം കുര്യാത് ജേപാലാസ്ഥി ച നിസ്തുഷം

ഭക്ഷയേത്സംയുതമിദം ശീതമംബു തതഃ പിബേത്
ശോഫഗുന്മോദരാഷ്ഠീലപ്ലീഹാദീനാശു നാശയേത്
അയം വിരേചനകരഃ കുക്ഷിരോഗവിനാശനഃ

കുരുമുളക് കഴഞ്ച് ൧. പെംൻകാരം കഴഞ്ച് ൨. രസം കഴഞ്ച് ൩. ഗന്ധകം കഴഞ്ച് ൪. ചുക്ക് കഴഞ്ച് ൬. നീവാളം (ശുദ്ധിയാക്കി) കഴഞ്ച് ൧൬. എല്ലാംകൂടി ഇഞ്ചിനീരിലോ മറോ, അരച്ചു കുന്നിപ്രമാണം ഗുളികയുരുട്ടി സേവിച്ചു പച്ചവെള്ളം അനുപാനമാക്കുക. വിരേചനം ഉണ്ടാകും. ശോഫം, ഗുന്മം, അഷ്ഠീല, പ്ലീഹോദരം മററു ഉദരരോഗങ്ങൾ ഇവയ്ക്കു ശമനംവരുത്തും.

## ൬൨. ആന്ത്രകുഠാരം ഗുളിക

ജാതിലിംഗാഭയാഹിംഗുസിന്ധൂത്ഥം ടംകണം വചാ
യവക്ഷാരം കുബേരാക്ഷീബീജഞ്ച ലശുനം സമം
സംശുദ്ധാസാഗരൈരണ്ഡബീജം സർവം സമാംശകം
നിർഗ്ഗുണ്ഡീസ്വരസേ സമ്യഗ്മർദ്ദയിത്വാ ച കാരയേത്
ഗുഞ്ജാപ്രമാണം ഗുളികാം ഗുളേനോഷ്ണോദകേന വാ
ആർദ്രകസ്വരസേനാപി ദദ്യാദേതത് ഭിഷഗ്വരഃ
ആന്ത്രവൃദ്ധാവുദാവർത്തേ സർവശൂലാമയേഷു ച
വിബന്ധാർശസ്സു ഗുന്മേഷു സർവശോഫോദരേഷു ച
വിശേഷാദാന്ത്രശൂലായാം നാമ്നാപ്യാന്ത്രകുഠാരകം.

ജാതിലിംഗം=ചായില്യം കുബേരാക്ഷബീജം=കഴട്ടിക്കുരുപ്പരിപ്പ് സംഗരൈരണ്ഡബീജം=കടലാവണക്കിൻകുരു.

ചായില്യം, കടുക്കാത്തോട്, കായം, ഇന്തുപ്പ്, പൊൻകാരം, വയമ്പ്, ചവക്കാരം, കഴട്ടിക്കുരുപ്പരിപ്പ്, വെള്ളുള്ളി ഇവ സമം. കടലാവണക്കിൻകുരു (ഓട്ടം നാളവുംകളഞ്ഞു ശുദ്ധിയാക്കിയതു) ഇവയെല്ലാം കൂടിയിടത്തോളം ചേർത്തു കരിനൊച്ചിയിലനീരിൽ നല്ലപോലെ അരച്ചു കുന്നിപ്രമാണം ഗുളികയുരുട്ടി ശർക്കര ചൂടുവെള്ളം, ഇഞ്ചിനീർ മുതലായ അനുപാനങ്ങളിൽ സേവിക്ക. ആന്ത്രവൃദ്ധി ഉദാവർത്തം ശൂലകൾ മലബന്ധം അർശസ്സ് ഗുന്മം ശോഫം മഹോദരം മുതലായവയേയും വിശേഷിച്ചും ആന്ത്രവൃദ്ധിയേയും ശമിപ്പിക്കും.

## ൬൩. മർമ്മഗുളിക

വിദാരി ജീവന്തി വരീ സമുസ്താം വരാഹി ക്രുവാ കുരുവിക്കിഴങ്ങും
നെല്ലിക്ക നന്നാറി ഗുളൂചി ദൂർവാ പ്രത്യേകമൂറൽകുഡുബാംശഭാഗാൻ
യഷ്ടീ ചന്ദനവും നല്ലരക്തചന്ദനമെന്നിവ
അരച്ചുചാണമേൽ മൂന്നും വെവ്വേറെ നാഴികൊള്ളുക
സഹസ്രവേധി കന്നാരം കുന്മദം പാലുനിർവ്വിശി
ഗരുഡപ്പച്ചയും കൂട്ടി പലാർദ്ധങ്ങളിതഞ്ചുമേ
ഒക്കെക്കൂട്ടിയരപ്പാനായ് കഷായംവയ്ക്കുമൗഷധം
തലനീളി കൊഴപ്പാ ച പൊന്നാങ്ങാണി ച മൂവ്വേർ

നാല്പാമരാണാം മുകുളം തേററാമ്പരൽ ഞെരിഞ്ഞിലും
ഇരുവേലി സരാമച്ചം പലമീരണ്ടുംകൊള്ളുക
ദ്വാദശപ്രസ്ഥവെള്ളത്തിൽ കഷായം വച്ചരയ്ക്കുക
നാല്പാമരത്വക് പാച്ചോററി ഞാറപുല്ലാനി പേഴതോൽ
കരിംകാരയുടേതോലും നിശാത്വക് പൂർവ്വവത് പചേത്
കല്ലൂർവഞ്ചിയതിൻവേരും പലമെട്ടതു കൂട്ടുക
ഷോഡശപ്രസ്ഥവെള്ളത്തിൽ കഷായംവച്ചരയ്ക്കുക
മൂന്നാമത്തെയരപ്പിന്നു മുദ്ഗമാഷങ്ങളേലവും
കൂട്ടിപ്പചിച്ചുകൂട്ടേണം സർവ്വമർമ്മവികാരജിത്.

വിദാരി=പാൽമുതക്കിൻകിഴങ്ങ്. ജീവന്തി=അടപെരതിയൻ കിഴങ്ങ്. വരീ=ശതാവരിക്കിഴങ്ങ്. മുസ്തം=മുത്തങ്ങാ. വാരാഹി=നിലപ്പനക്കിഴങ്ങ്. കുവക്കിഴങ്ങ് കുരുവിക്കിഴങ്ങ് പച്ചനെല്ലിക്കാ നറുനീണ്ടിക്കിഴങ്ങ് ചിററമൃത് ഇവയുടെ നൂറ നാലുപലംവീതം. യഷ്ടി=എരട്ടിമധുരം. ചന്ദനം രക്തചന്ദനം ഇവയുടെ ചൂർണ്ണം നാലുപലംവീതം. സഹസ്രവേധി കന്നാരം കന്മദം പാലുനിർവ്വിശി ഗരുഡപ്പച്ച ഇവ അരപ്പലംവീതം ഒരുമിച്ചുചേർത്തു പ്രസാരണി കൊഴുപ്പ പൊന്നാങ്ങാണി പെരുംകുരുമ്പവേരു് നാല്പാമരമൊട്ടുകൾ തേററാമ്പരൽ ഞെരിഞ്ഞിൽ ഇരുവേലി രാമച്ചം ഇവ ൨ വ ഇടങ്ങഴി വെള്ളത്തിൽ കഷായംവച്ച് ഒന്നര ഇടങ്ങഴിയാക്കി അതിലും, നാല്പാമരത്തൊലി പാച്ചോററിത്തൊലി ഞാറത്തൊലി പുല്ലാന്നിത്തൊലി പേഴിൻതൊലി കരിംകാരയുടെതൊലി മരമഞ്ഞൾത്തൊലി ഇവ ൨ പലംവീതം ൧൨ ഇടങ്ങഴിവെള്ളത്തിൽ കഷായംവച്ച് ഒന്നര ഇടങ്ങഴിയാക്കി, അതിലും, കല്ലൂർവഞ്ചിവേരു് ൮ പലം ൧൬ ഇടങ്ങഴി വെള്ളത്തിൽ കഷായംവച്ചു രണ്ടിടങ്ങഴിയാക്കി അതിലും അരയ്ക്ക. മൂന്നാമത്തെ അരപ്പിന്ന് ഉഴുന്ന് ചെറുപയറ് ഏലത്തരി ഇവയുടെ കഷായംകൂടി യോജിപ്പിച്ച് അരച്ചുകൊൾക. എല്ലാ മർമ്മവികാരങ്ങളേയും ശമിപ്പിക്കും. അരച്ചുരുട്ടി നിഴലുണക്കി (നെല്ലിക്കാപ്രമാണം) സേവിക്കയും പുറത്തുതേയ്ക്കയുമാം.

## ൭൪. ശിരസ്തോദഗുളിക.

കുന്തിരിക്കമൊരെട്ടിന്നു ചെന്നിനായകമാറതാം
മുമ്മൂന്നിവ പലം കൊൾവൂ കന്നാരം കണ്ടിവെണ്ണകൾ
സഹസ്രവേധിയൊന്നാക്കി തൂക്കിക്കൂട്ടിക്കഴഞ്ചുകൾ
കററാർവാഴപിഴിഞ്ഞുള്ള രസേ നന്നായരയ്ക്കുക
ഗുളികാം കാരയേത് പിന്നെ യഥാവസ്ഥം പ്രയോജയേത്.
വാതികേ തൈലസംയുക്തം പിത്തജേ ഘൃതസംയുതം
കഫജേ തേങ്ങതൻപാലിൽ അരച്ചങ്ങു തലോട്ടുക
ഫാലദേശേ വിശേഷിച്ചും ശിരസ്സിങ്കലുമാമത്
ശിരോരോഗേ പ്രയോക്തവ്യം ഗുളികാ സർവ്വസാധിനീ.

കുന്തിരിക്കം ഭാഗം ൮. ചെന്നിനായകം ഭാഗം ൬. കന്നാരം കണ്ടിവെണ്ണ ഇവ ൩ ഭാഗംവീതം. സഹസ്രവേധി ഭാഗം ൧. ഇവ കററാർവാഴ പിഴിഞ്ഞനീരിൽ അരച്ചു ഗുളികയാക്കി സൂക്ഷിക്ക. വാതാധികമായ തലവേദനയ്ക്കു എണ്ണയിലും, പിത്തജമായ തലവേദനയ്ക്കു നെയ്യിലും, കഫംകൊണ്ടുള്ള തലവേദനയ്ക്കു തേങ്ങാപ്പാലിലും അരച്ചു നെററിയിൽ പൂശുക. യഥായോഗ്യം തലയിലും ആകാം. എന്നാൽ തലവേദനയ്ക്കും ശിരോരോഗങ്ങൾക്കും നന്നു്.

## ൭൩. അഷ്ടാക്ഷരിഗുളിക.

നാഗഫേനഹിമദ്വന്ദ്വജാതീഹിംഗുളമാഗധ്യഃ
രാമഠാതിവിഷായുക്താഃ സമഭാഗാ വിചൂർണ്ണിതാഃ
വിശ്വജീരകദുസ്പർശമുസ്താദീപ്യകധാന്യകൈഃ
സിദ്ധേ കഷായേ ജംബീരസ്വരസേ ച വിമർദ്ദയേത്
കുർയ്യാച്ച ഗുളികാ പശ്ചാത് ഗുഞ്ജായാഃ സമ്മിതാഃ ഫലൈഃ
അഷ്ടാക്ഷരീയം ഗുളികാ ഗ്രഹണീരോഗിണാം ഹിതാ
തഥാർശസ്യതിസാരേ ച ദധ്നാ വാ മാക്ഷികേണ വാ
പഞ്ചകൃത്വഃ പ്രയുഞ്ജീത ബലേ സത്യനലസ്യ തു.

നാഗഫേനം=കറുപ്പ്. ഹിമദ്വന്ദ്വം=ചന്ദനവും രക്തചന്ദനവും. ജാതി=ജാതിക്ക. ഹിംഗുളം=ചായില്യം. മാഗധി=ചെറുതിപ്പലി. രാമഠം=സോമനാദികായം. അതിവിഷ=അതിവിടയം. യുക്ത=ചിററരത്ത. വിശ്വം=ചുക്ക്. ദുസ്പർശം=കൊടിത്തുവവേര്. ദീപ്യകം=അയമോദകം. ധാന്യകം=കൊത്തമല്ലി.

കറുപ്പ്, ചന്ദനം രണ്ടും ജാതിക്ക, ചായില്യം, ചെറുതിപ്പലി, സോമനാദികായം, അതിവിടയം, ചിററരത്ത ഇവ സമം പൊടിച്ച് ചുക്ക ജീരകം കൊടിത്തുവവേര്, മുത്തങ്ങ, അയമോദകം, കൊത്തമ്പാലരി ഇവററിൻകഷായത്തിലും ചെറുനാരങ്ങാനീരിലും നല്ലപോലെ അരച്ചു ഗുളികയാക്കി (കുന്നിക്കുരുപ്രമാണം) നിഴലുണക്കി സേവിക്ക. ഗ്രഹണിരോഗികൾക്കു ഹിതമാകുന്നു. അർശസ്സ്, അതിസാരം ഇവയ്ക്കും തൈരിലോ തേനിലോ സേവിക്ക. അഗ്നിദീപ്തിപോലെ മാത്ര.

## ൭൪. ധാന്വന്തരം ഗുളിക.

ഏലാവിശ്വാഭയാ ജാതീ ബൃഹത്യാർയ്യേ ച ജീരകം
ചീനോഷണം ച ഭൂനിംബം രുദ്രാക്ഷം സുരദാരു ച
കർപ്പൂരകരിഗ്ദ്ധാഭ്യാം സമഞ്ച മൃഗരേതസഃ
നിഷ്പിഷ്യ ജീരകക്വാഥേ ഹിമാംഭസി ച കല്പയേത്
ഗുളികാ സമ്മിതാ മാഷൈഃ കഷായേ സാധിതേ പുനഃ
പനസച്ഛദഭൂനിംബജീരകൈഃ സാധുയോജിതാ
പായയേത് ശ്വാസനാശായ കാസാനാഞ്ച നിവൃത്തയേ
യക്ഷ്മണഃ ശാന്തയേ ഹിക്കാ ഛർദ്ദ്യോശ്ച വിനിവൃത്തയേ
കഫപ്രസേകശാന്ത്യൈ ച നാമ്നാ ധന്വന്തരീ മതാ
ഗുളികേയം വിശേഷാ സ്യാത് മാരുതസ്യാനുലോമനി

ഏല=ഏലത്തരി. വിശ്വം=ചുക്ക്. അഭയാ=കടുക്കാത്തോട്. ജാതി, ആശാളി. ബൃഹതി=ചെറുവഴുതിനവേര്. ആർയ്യ=കിരിയാത്ത്. ചീനോഷണം=വാൽമുളക്. ഭൂനിംബം=പുത്തരിച്ചുണ്ടവേർതൊലി. സുരദാരു=ദേവതാരം. കരിഗ്ദ്ധ=കണ്ടിവെണ്ണ. മൃഗരേതസ്സ്=വെരുകിൻപുഴക്. പനസച്ഛദം=പ്ലാവിലഞെട്ട്.

ഏലത്തരി, ചുക്ക്, കടുക്കാത്തോട്, ആശാളി, ചെറുവഴുതിനവേര്, കിരിയാത്ത്, ജീരകം, വാൽമുളക്, പുത്തരിച്ചുണ്ടവേര്, രുദ്രാക്ഷം, ദേവതാരം, പച്ചക്കർപ്പൂരം, കണ്ടിവെണ്ണ, പുഴക് ഇവ സമം ജീരകക്കഷായത്തിലും പനിനീരിലും അരച്ച് ഉഴുന്നുപ്രമാണത്തിൽ ഗുളികയാക്കി പ്ലാവിലഞെട്ട്, പുത്തരിച്ചുണ്ടവേര്, ജീരകം ഇവററിൻകഷായത്തിൽ സേവിക്ക. ശ്വാസവും കാസവും ശമിക്കും. രാജയ

ക്ഷയവിനും ഇക്കിളിനും ഛർദ്ദിക്കും കഫപ്രസേകത്തിനും നന്ന്. വായുവിനെ അനുകൂലഗതിയാക്കും.

## ൬൦. അഗ്നികുമാരീരസം.

മരിചോഗ്രാ കുഷ്ഠമുസ്തൈസ്സൈര്‌വ്വേരേവ വിഷം സമം
പിഷ്ട്വാ ചാർദ്രരസേനൈവ വടികാ രക്തികാ മതാ
ആമജ്വരേ പ്രഥമതോ മധുശുണ്ഠ്യാ ച പിഷ്ടയാ
ആർദ്രകസ്യ രസേനാപി നിർഗ്ഗുണ്ഡ്യാശ്ച കഫജ്വരേ
പീനസേ ച പ്രതിശ്യായേ ആർദ്രകസ്യ ച വാരിണാ
അഗ്നിമാന്ദ്യേ ലവംഗേന ശോഫേ സദശമൂലകേ
ദദ്യാത് ഗ്രഹണ്യാം ശുണ്ഠ്യാ ച മുസ്തകേനാതിസാരകേ
സാമേ ച ധാന്യശുണ്ഠിഭ്യാം പക്വേ ച കുടജം മധു
സന്നിപാതജ്വരാരംഭേ പിപ്പല്യാർദ്രകവാരിണാ
കണ്ടകാരീരസൈഃ കാസേ ശ്വാസേ തൈലഗുഡാന്വിതം
പീത്വാ വടീദ്വയം രോഗീ സ്വാസ്ഥ്യം സമുപഗച്ഛതി
സർവ്വേഷാമേവ രോഗാണാം ആമദോഷപ്രശാന്തയേ
അഗ്നിവൃദ്ധികരോ നാമ്നാ വിഖ്യാതോ ഽഗ്നികുമാരകഃ

മരിചം=കുരുമുളക്. ഉഗ്ര=വയമ്പ്. കുഷ്ഠം=വെള്ളക്കൊട്ടം. മുസ്തം=മുത്തങ്ങ. വിഷം=വത്സനാഭി.

കുരുമുളക്, വയമ്പ്, വെള്ളക്കൊട്ടം, മുത്തങ്ങാക്കിഴങ്ങ് ഇവ സമം. ഇവ എല്ലാം കൂട്ടീട്ടുള്ളടത്തോളം വത്സനാഭി. ഒരുമിച്ചുകൂട്ടി ഇഞ്ചിനീരിൽ അരച്ച്, കുന്നിക്കുരു അളവിൽ ഗുളികയാക്കി ആമജ്വരത്തിന്, തേൻ ചുക്ക ഇവ ചേർത്തരച്ചും, കഫജ്വരത്തിന് ഇഞ്ചിച്ചാറ്റിലും, കരിനൊച്ചിയിലനീരിലും, പീനസത്തിന് ഇഞ്ചിച്ചാറ്റിലും, അഗ്നിമാന്ദ്യത്തിന് ഗ്രാമ്പൂവിൻകഷായമോ പൊടിയോ ചേർത്തും, ശോഫത്തിന് ദശമൂലകഷായത്തിലും, ഗ്രഹണിക്കു ചുക്കുകഷായത്തിലും, അതിസാരത്തിനു മുത്തങ്ങാക്കഷായത്തിലും, ആമാതിസാരത്തിന് കൊത്തമല്ലി, ചുക്ക് ഇവാറിൻകഷായത്തിലും, പക്വാതിസാരത്തിനു കുടകപ്പാലവേർകഷായത്തിലും, തേനിലും, സന്നിപാതജ്വരത്തിന്റെ ആരംഭത്തിൽ തിപ്പലിക്കഷായത്തിലും ഇഞ്ചിനീരിലും, കാസത്തിന് കണ്ടകാരിക്കഷായത്തിലും, ശ്വാസത്തിനു എണ്ണയും ശർക്കരയും കൂട്ടിയതിലും രണ്ടു ഗുളികവീതം സേവിക്ക. ഇതു് എല്ലാംരോഗങ്ങളിലും ആമദോഷത്തെ ശമിപ്പിക്കുകയും അഗ്നിവൃദ്ധിയെ ഉണ്ടാക്കുകയും ചെയ്യും.

## ൬൧. സൂതികാതങ്കനാശിനിഗുളിക (ഫ)

രസം ഗന്ധം മൃതാഭ്രഞ്ച മൃതതാമ്രഞ്ച തുത്ഥകം
ചൂർണ്ണിതം മർദ്ദയേദ്യത്നാത് ഭേകപർണ്ണീരസേന ച
ഛായാശുഷ്കാ ഗുഡീ കാര്യാ കളായ സദൃശീ തഥാ
മാത്രയാ കട്വനാ ദേയാ സൂതികാതങ്കനാശിനീ
ജ്വരതൃഷ്ണാരുചിഹരാ ശോഫഘ്നീ വഹ്നിദീപനം

ഗന്ധം=ഗന്ധകം. ഭേകപർണ്ണി=ബ്രഹ്മി. കളായസദൃശീ=കടലപ്രമാണം.
രസം, ഗന്ധകം, അഭ്രകഭസ്മം, ചെമ്പുഭസ്മം, തുത്ത് ഇവ സമം ബ്രഹ്മിനീരിലരച്ച്

കടലയുടെ അളവിൽ ഗുളികയാക്കി നിഴലുണക്കി സേവിക്ക. പ്രസവശേഷം സ്ത്രീകൾക്കുണ്ടാകുന്ന ജ്വരം, ദാഹം, അരുചി, ശോഫം മുതലായവയെ പോക്കി അഗ്നിദീപ്തി വരുത്തുകയും ചെയ്യും.

൭൯. സൂതികാമയനാശിനിഗുളിക (൨)

രസം താലം ഗന്ധലൗഹം പ്രത്യേകം കർഷമാത്രകം
കർഷദ്വയം തഥാ ചാഭ്രം കർപ്പൂരം വംഗതാമ്രകം
ജാതീഫലം തഥാ കോശം ഗോക്ഷുരഞ്ച ശതാവരീ
ബലാതിബലയോർമ്മൂലം പ്രത്യേകം സാർദ്ധനിഷ്കകം
വാരിണാ വടികാ കാര്യാ ദ്വിഗുഞ്ജാഫലമാനതഃ
സന്നിപാതം നിഹന്ത്യാശു സ്ത്രീണാംചൈവ വിശേഷതഃ
ഗർഭിണ്യാ ജ്വരദാഹഞ്ച പ്രദരം സൂതികാമയം.

താലം=അരിതാരം. ഗന്ധം=ഗന്ധകം. ലൗഹം=ഉരുക്കുഭസ്മം. കർഷം=൩ കഴഞ്ച്. ജാതീഫലം=ജാതിക്ക. കോശം=പത്തിരി. ഗോക്ഷുരം=ഞെരിഞ്ഞിൽ. ബല=കുറുന്തോട്ടിവേർ. അതിബല=ആനക്കുറുന്തോട്ടിവേർ.

രസം, അരിതാരം, ഗന്ധകം, ഉരുക്കുഭസ്മം ഇവ ൩ കഴഞ്ചുവീതം. അഭ്രകഭസ്മം കഴഞ്ച് ൬. പച്ചക്കർപ്പൂരം, വംഗഭസ്മം, ചെമ്പുഭസ്മം, ജാതിക്ക, ജാതിപത്തിരി, ഞെരിഞ്ഞിൽ, ശതാവരിക്കിഴങ്ങ്, കുറുന്തോട്ടിവേർ, ആനക്കുറുന്തോട്ടിവേർ ഇവ ഒന്നരക്കഴഞ്ചുവീതം പച്ചവെള്ളത്തിലരച്ച് രണ്ടു കുന്നിക്കുരു കൂട്ടുന്ന അളവിൽ ഗുളികയാക്കി സേവിക്ക. സന്നിപാതം ശമിക്കും. ഗർഭിണിക്കുണ്ടാകുന്ന ജ്വരവും സന്താപവും രക്തസ്രാവവും പ്രസവിച്ച സ്ത്രീകൾക്കുണ്ടാകുന്ന മററുരോഗങ്ങളും ശമിക്കും.

൮൦. ബഹുമൂത്രാന്തകരസം.

രസശ്ച ശാല്മലീമൂലചൂർണ്ണം കദളിമൂലജം
ഔദുംബരംബീജചൂർണ്ണം ലൗഹോ വംഗം ച വിദ്രുമം
മുക്താഹിഫേനസാരാശ്ച പ്രത്യേകം സമഭാഗികം
മർദ്ദയേന്മാതളീപുഷ്പരസേന കുശലാ ഭിഷക്
രക്തിദ്വയമിതാം കുര്യാത് വടികാമതിശോഭനാം
ബഹുമൂത്രാന്തകോ നാമ രസഃ പരമദുർല്ലഭഃ
മധുമേഹം സോമരോഗം ഹന്തി ഭാസ്വാൻ യഥാ തമഃ

ശാല്മലീമൂലചൂർണ്ണം=മുള്ളിലവിൻവേർതൊലി പൊടിച്ചതു്. കദളിമൂലജം=കദളിവാഴക്കിഴങ്ങ്. ഔദുംബരംബീജം=അത്തിക്കായ്. ലൗഹം=ലോഹഭസ്മം. വംഗം=വംഗഭസ്മം. വിദ്രുമം=പവിഴഭസ്മം. മുക്ത=മുത്തുഭസ്മം. അഹിഫേനം=കറുപ്പ്. സാരം=കുങ്കുമപ്പൂവ്. (ക്രമമെന്നും അഭിപ്രായം) രക്തിദ്വയമിത=രണ്ടു കുന്നിക്കുരു കൂട്ടുന്ന അളവിൽ.

രസം, മുള്ളിലവിൻവേർതൊലി, കദളിവാഴക്കിഴങ്ങ്, അത്തിക്കായ്, ലോഹഭസ്മം, വംഗഭസ്മം, പവിഴഭസ്മം, മുത്തുഭസ്മം, കറുപ്പ്, കന്മദം ഇവ സമം. താളിമാതളപ്പൂവിൻരസത്തിൽ അരച്ചു രണ്ടു കുന്നിക്കുരു കൂട്ടുന്ന അളവിൽ ഗുളികയാക്കി യോജിച്ച അനുപാനത്തിൽ സേവിക്ക. മധുമേഹവും, സോമരോഗവും അധികം മൂത്രം പോകുന്നതും ശമിക്കും.

൮൧. ശ്ലീപദാന്തകഗുളിക.

വ്യോഷാമൃതം യവാനീ ച സൂതോഗ്നിർഗന്ധകം ശിലാ
സൗഭാഗ്യം ജയപാലഞ്ച ചൂർണ്ണമേകത്ര കാരയേത്

ഭൃംഗഗോക്ഷുരജംബീരാർദ്രകതോയൈർവിമർദ്ദയേത്
അസ്യ രക്തിദ്വയം ഖാദേത് ഉഷ്ണതോയാനുപാനതഃ
ശ്ലീപദം ദുസ്തരം ഹന്തി പ്ലീഹാനം ഹന്തി സേവിതഃ

അമൃതം=വത്സനാഭി. യവാനി=ജീരകം. സൂതം=രസം. അഗ്നി=കൊടുവേലിക്കിഴങ്ങ്. ശില=മനയോല. ജയപാലം=നീർവാളക്കുരു. സൗഭാഗ്യം=പൊൻകാരം. ഭൃംഗം=കയ്യോന്നി. ഗോക്ഷുരം=ഞെരിഞ്ഞിൽ. ജംബീരം=ചെറുനാരങ്ങ. ആർദ്രകം=ഇഞ്ചി.

ചുക്ക്, കുരുമുളക്, ചെറുതിപ്പലി, ജീരകം, രസം, കൊടുവേലിക്കിഴങ്ങ്, ഗന്ധകം, മനയോല, പൊൻകാരം, നീർവാളം ഇവ സമം കയ്യോന്നിനീര്, ഞെരിഞ്ഞിൽകഷായം (പച്ചഞെരിഞ്ഞിൽനീരില്ലമാം) ചെറുനാരങ്ങാനീര്, ഇഞ്ചിനീര് ഇവ ഓരോന്നിലും അരച്ച്, രണ്ടു കുന്നിക്കുരുക്കുടുന്ന അളവിൽ ഗുളികയാക്കി ചൂടുവെള്ളത്തിൽ സേവിക്ക. ശ്ലീപദവും പ്ലീഹയും ശമിക്കും.

## ൬൨. ആമവാതാരിരസം

രസോ ഗന്ധോ വരാ വഹ്നിർഗ്ഗുൽഗ്ഗുലുഃ ക്രമവർദ്ധിതഃ
ഏതദേരണ്ഡതൈലേന ശ്ലക്ഷ്ണചൂർണ്ണം പ്രലേപയേത്
കർഷോന്മിതൈരണ്ഡതൈലേന ഹന്ത്യുഷ്ണജലപായിനാം
ആമവാതമതീവോഗ്രം ദുഗ്ദ്ധമുദ്ഗാദി വർജ്ജയേത്

രസം ഒരുഭാഗം. ഗന്ധകം ൨ ഭാഗം. നെല്ലിക്കാത്തോട്, താന്നിക്കാത്തോട്, കടുക്കാത്തോട് ഇവ ൩ ഭാഗം. കൊടുവേലിക്കിഴങ്ങ് ൪ ഭാഗം. ഗുൽഗ്ഗുലു ൫ ഭാഗം. ഇവ അരച്ച നല്ലപോലെ പൊടിച്ച് ആവണക്കെണ്ണ ചേർത്ത് അരച്ച മെഴുകാക്കി മൂന്നുകഴഞ്ചുവീതം ചൂടുവെള്ളത്തിൽ സേവിക്ക. ആമവാതം ശമിക്കും. സേവാകാലത്തു പാൽ, ചെറുപയറ് മുതലായവ വർജ്ജിക്കണം.

## ൬൩. ദശാംഗഗുളിക (വിഷത്തിന്)

വചാഹിംഗുവിളംഗാനി സൈന്ധവം ഗജപിപ്പലീ
പാഠാ ചാതിവിഷാ വ്യോഷം കാശ്യപേന വിനിർമ്മിതം
ദശാംഗമഗദം പീത്വാ സർവ്വകീടവിഷം ജയേത്

വച=വയമ്പ്. ഹിംഗു=കായം. വിളംഗം=വിഴാലരിക്കാമ്പ്. സൈന്ധവം=ഇന്തുപ്പ്. ഗജപിപ്പലി=അത്തിത്തിപ്പലി. പാഠ=പാടക്കിഴങ്ങ്. അതിവിഷാ=അതിവിടയം. വ്യോഷം=ചുക്ക്, മുളക്, തിപ്പലി.

വയമ്പ്, കായം, വിഴാലരിക്കാമ്പ്, ഇന്തുപ്പ്, അത്തിത്തിപ്പലി, പാടക്കിഴങ്ങ് അതിവിടയം, ചുക്ക്, മുളക്, ചെറുതിപ്പലി ഇവ സമം (ഗോമൂത്രത്തിൽ) അരച്ച് ഗുളികയാക്കുക. എല്ലാമാതിരി കീടവിഷങ്ങൾക്കും സേവിക്കാനും ലേപനത്തിനും നന്ന്.

## ൬൪. കോടാശാരിഗുളിക

സമാംശം മാഗധിനാഭിർദ്വയോസ്തുല്യഞ്ച ഹിംഗുളം
കോടാശാരിരിയം നാമ്നാ ജംബീരരസമർദ്ദിതാ
താപജ്വരഞ്ച തരുണം സന്നിപാതം വിനാശയേത്

മാഗധി=ചെറുതിപ്പലി. നാഭി=വത്സനാഭി. ഹിംഗുളം=ചായില്യം. ജംബീരരസം=ചെറുനാരങ്ങാനീര്.

ചെറുതിപ്പലി, വത്സനാഭി ഇവ സമം. അവയ്ക്കു സമം ചായില്യം. ഇവ ചെറുനാരങ്ങാനീരിൽ അരച്ചു ഗുളികയാക്കി യോജിച്ച അനുപാനത്തിൽ സേവിക്ക. സർവ്വാംഗസന്താപമുള്ള ജ്വരവും തരുണജ്വരവും സന്നിപാതവും ശമിക്കും.

## ൩൭. കണ്ഠശുദ്ധിഗുളിക

സുവർണ്ണം രജതം മുത്തും രുദ്രാക്ഷം വിദ്രുമം തഥാ
നിർവേശിദ്വയവും നല്ല ഗരുഡദ്വയവും പുനഃ
സഹസ്രവേധി ജാതിത്രി വ്യോഷം കിര്യാത്തരത്തയും
വാലൂഷണം മധുകവും കൊട്ടം മായയ്ക്കു പൂതിയും
അക്കിക്കവ്വാ വചാ പഞ്ചാംപഴക്കാ സന്നിനായകം
ഗോരോചനം ഹരിദ്രാ ച വരയാട്ടിന്റെശൃംഗവും
ദീപ്യം കാണ്ടാമൃഗക്കൊമ്പും തുല്യം തുല്യം ച ഘട്ടയേത്
നാരീക്ഷീരേണ പിഷ്ട്വാ ച കലശൃംഗേന യോജയേത്
യാമേ യാമേ തഥാ യോജ്യം വീര്യം സർവ്വരുജാർദ്ദിതേ
കണ്ഠശുദ്ധിരിദം നാമ്നാ സർവ്വരോഗവിനാശനം

സ്വർണ്ണം, രജതം=വെള്ളി, മുത്ത്, രുദ്രാക്ഷം, പവിഴം, നിർവേശി രണ്ടും, ഗരുഡപ്പച്ച രണ്ടും, സഹസ്രവേധി, ജാതിക്കാ, പത്തിരി ഗ്രാമ്പൂ, ചുക്ക്, മുളക്, ചെറുതിപ്പലി, കിരിയാത്ത്, ചിററരത്ത, വാൽമുളക്, എരട്ടിമധുരം, വെള്ളക്കൊട്ടം, മായാക്ക്, പൂതവൃക്ഷം, അക്രാവ്, വയമ്പ്, പഞ്ചമാംപഴക്ക, സന്നിനായകം, ഗോരോചന, മരമഞ്ഞൾത്തൊലി, വരയാട്ടിൻകൊമ്പ്, അയമോദകം, കാണ്ടാമൃഗക്കൊമ്പ്, കലക്കൊമ്പ് ഇവ സമം മുലപ്പാലിൽ അരച്ചു ഗുളികയാക്കി നിഴലുണക്കി (ഇതിൽ കസ്തൂരിയും പുഴവും കൂടി ചേർക്കുന്ന പതിവുണ്ട്. യോഗത്തിൽ വിധിച്ചിട്ടില്ല) കഫകോപം ശ്വാസകാസങ്ങൾ മുതലായവയ്ക്കു യാമംതോറും ജീരകകഷായത്തിൽ സേവിപ്പിക്ക.

## ൩൮. മൃതസഞ്ജീവനിഗുളിക

യഷ്ടീചന്ദനരുദ്രാക്ഷം മൃഗശൃംഗം വചാഞ്ജനം
അക്ലാരി ജീരകത്രുടീ രോചനം ചീനതീക്ഷ്ണവും
കർപ്പൂരം ജാതിപത്രം ച ജാതിക്കാ വൃഷശൃംഗവും
കൃഷ്ണസാരസ്യ ശൃംഗം ച ഗോശൃംഗം കുന്നിവിദ്രുമാ
മുത്തും പീലിയുടേകണ്ണും രൂപ്യം സ്വർണ്ണം ഫലത്രയം
കഷായക്കൽ ത്രികടുകം കസ്തൂരീസമമൊക്കവേ
ശംഖിനീ കൃഷ്ണജീരം ച അമ്പരം ദ്വിഗുണാംശമായ്
ഭുനാഗമഷ്ടഭാഗം ച നാരീക്ഷീരേണ പേഷയേത്
ത്രയോദശവിധാൻ സന്നീനപസ്മാരാൻ മനോഭ്രമം
വിഷാൻ സർവ്വാൻ ജയത്യേഷ മൃതസഞ്ജീവനീ വടീ

എരട്ടിമധുരം, ചന്ദനം, രുദ്രാക്ഷം, കലക്കൊമ്പ്, വയമ്പ്, അഞ്ജനക്കല്ല്, അക്ലാരിത്തേങ്ങ, ജീരകം, ഏലത്തരി, ഗോരോചന, വാൽമുളക്, പച്ചക്കർപ്പൂരം, ജാതിപത്തിരി, ജാതിക്ക, കാളക്കൊമ്പ്, കൃഷ്ണമൃഗത്തിൻകൊമ്പ്, പശുക്കൊമ്പ്,

(പോത്തിൻകൊമ്പാണുചേർക്കേണ്ടതെന്നും അഭിപ്രായം) കുന്നിക്കുരു, പവിഴം, മുത്ത്, മയിൽപീലിക്കണ്ണ്, വെള്ളി, സ്വർണ്ണം, ത്രിഫലത്തോട്, കാവിമണ്ണ്, ചുക്കു, മുളക്, ചെറുതിപ്പലി, കസ്തൂരി ഇവ സമം. ശംഖപുഷ്പവേര്, കരിംജീരകം, അമ്പഴ ഇവ ഒരു മരുന്നിന്റെ ഇരട്ടിഭാഗം. കുഴിഇര ഒരു മരുന്നിന്റെ എട്ടിലൊരുഭാഗം. മുലപ്പാലിൽ അരച്ചു ഗുളികയാക്കി നിഴലുണക്കി സേവിക്കുക. സന്നിപാതം, അപസ്മാരം, വിഷം മുതലായവ ശമിക്കും.

## ൱൬. വെട്ടുമാറൻഗുളിക.

കാരാർകുഴലീ പൊരികാരം കാനമുളകു നാഭി ചായില്യം
വാരായോമം ഇവയഞ്ചും പങ്കൊററിച്ചാററിലുടൻ
നേരായൊരുയാമം മുടങ്കാതരയ്ത്തു ചെറുപയറളവായി തിരട്ടു
മുണ്ടെടത്തീരച്ചുരവും വസൂരിയും പോക്കും നൽവായുസന്നിയരും

പൊരികാരം, കുരുമുളക്, വത്സനാഭി, ചായില്യം, അയമോദകം (ചെറുതിപ്പലിയും കൂട്ടിച്ചേർത്തും ഉണ്ടാക്കുന്നു. ഇതിനു വിധാനഭേദങ്ങൾ പലതുണ്ട്.) ഇവ സമം ഇഞ്ചിച്ചാററിൽ ഏഴരനാഴിക നല്ലവണ്ണം അരച്ചു ചെറുപയറളവിൽ ഗുളികയുരുട്ടി നിഴലുണക്കി സേവിക്കുക. ജ്വരത്തിനും ആദിയിൽ മസൂരിപ്പനിക്കും വായുക്ഷോഭത്തിനും സന്നിക്കും നന്ന്.

ജ്വരത്തിനു ഇഞ്ചിനീരിലും വായുക്ഷോഭത്തിനു ജീരകക്കഷായത്തിലും ഛർദ്ദിക്കു കച്ചോലത്തിൻനീരിലും മൂത്രാഘാതത്തിനു പഴന്തൊങ്ങാവെള്ളത്തിലും ശൂലയ്ക്കു അയമോദകക്കഷായത്തിലും ഗുന്മത്തിനു വെള്ളുള്ളിനീരിലും സേവിക്കുക. ഇതു അനേകരോഗങ്ങൾക്കു കൈകണ്ടതാണ്.

## ൱൭. മാനസമിത്രവടകം.

ബലാനാഗബലാവില്വധാവനീമൂലവിദ്രുമൈഃ
ശംഖപുഷ്പീതാമ്രചൂഡപാടികാഹേമപുഷ്കരൈഃ
മൃഗശൃംഗവചാതാപ്യചന്ദനദ്വയമൗക്തികൈഃ
കാളലോഹമധൂകത്വക്‌മാഗധീഫലനസാരകൈഃ
ഐലേയകവിശാലാക്ഷരാഗനിർഗ്ഗുണ്ഡികാപ്ലവൈഃ
രാസ്നാരജതശൈലേയഗോജിഹ്വാപത്മകേസരൈഃ
ജീവകർഷഭകാകോളീബൃഹതീശ്രാവണീയുഗൈഃ
ഭൂനിംബകൃതമാലത്വക്‌പത്രൂഷകഫലത്രയൈഃ
അമൃതാഗോപികാദ്വന്ദ്വജീവന്തീസോമവല്ലിഭിഃ
ഹയഗന്ധാനിശോശീരദ്രാക്ഷായഷ്ട്യാഹ്വയദ്ഭിഃ
ദൂർവ്വാഹംസപദീഭദ്രാലവംഗാതുളസീദളൈഃ
കസ്തൂരികുങ്കുമാഭ്യാം ച പിഷ്ടൈഃ ത്രായന്തികാരസേ
ശംഖപുഷ്പീകഷായേ ച തോയേ ച വചയാ ശൃതേ
അനന്താലക്ഷ്മണാവില്വബലാമൂലശൃതേ ƒപിച
ഗോക്ഷീരേ ജീരകക്വാഥേ സോമവല്ല്യാശ്ച വാരിണാ।
സ്തന്യേ ച വടകാൻ കുര്യാത് ഭൂനിംബഫലസമ്മിതാൻ

ഛായായാമഥ സംശോഷ്യ പ്രാപ്തകാലേ സുചൂർണ്ണിതം
തേഷേപകൈകാ സമാലോഡ്യ നവ്യേ പയസി പായയേത്

ഏതേ മാനസമിത്രാഖ്യവടകാഃ പൂർവ്വസമ്മതാഃ
മനോദോഷഹരാഃ പ്രജ്ഞാം മേധാം ച പ്രതിഭാമപി

വാഗ്മിതാം കവിതാഞ്ചാശു പ്രയച്ഛേയുരസംശയം
ന ചൈനാമതിവർത്തേരന്നുന്മാദാഃ പ്രബലാനപി.

കുറുന്തോട്ടിവേർ, ആനക്കുറുന്തോട്ടിവേർ, കൂവളവേർ, മൂവിലവേർ, പവിഴം, ശംഖുപുഷ്പവേരു്, കോഴിക്കാലിൻവേർ, സ്വർണ്ണം, പുഷ്കരമൂലം, കാണ്ടാമൃഗക്കൊമ്പു്, വയമ്പു്, മാക്കീരക്കല്ലു്, ചന്ദനം രണ്ടും, മുത്തു്, ഉരുക്കുഭസ്മം, ഇലിപ്പത്തൊലി, ഇലവർങ്ങം, ചെറുതിപ്പലി, കർപ്പൂരം, മുക്കാപ്പീരത്തിൻവേർ, കാട്ടുവെള്ളരിവേർ, അക്കുരിത്തേങ്ങാ, കരിനൊച്ചിവേർ, കഴിമുത്തങ്ങാ, ചിററരത്ത, വെള്ളി, കന്മദം, മരമഞ്ഞൾത്തൊലി, താമരയല്ലി, ജീവകം, ഇടവകം, കാകോളി, ക്ഷീരകാകോളി, ശ്രാവണി, മഹാശ്രാവണി, പുത്തരിച്ചുണ്ടവേർതോലി, കൊന്നത്തൊലി, ചിററീന്തൽവേർ, ത്രിഫലത്തോട്, ചിററമൃതു്, നറുനീണ്ടിക്കിഴങ്ങു്, പാൽവള്ളക്കിഴങ്ങു്, അടപൊതിയൻകിഴങ്ങു്, സോമലത, അമുക്കുരം, മഞ്ഞൾ, രാമച്ചം, മുന്തിരിങ്ങാ എരട്ടിമധുരം, ഇരട്ടി, കറുകനാമ്പു്, ചെറുപ്പുള്ളടി, ചെറുപൂളവേരു്, ഇലവർങ്ങം, തുളസിയില, കസ്തൂരി, കുങ്കുമപ്പൂവു് ഇവ സമം ബ്രഹ്മിനീരിലും ശംഖുപുഷ്പത്തിൻവേർകഷായത്തിലും വയമ്പിൻകഷായത്തിലും കൊട്ടത്തൂവവേരു്, തിരുതാളി, കൂവളവേർ, കുറുന്തോട്ടിവേർ ഇവകൊണ്ടുണ്ടാക്കിയ കഷായത്തിലും പശുവിൻപാലിലും ജീരകക്കഷായത്തിലും സോമലതയുടെ നീരിലും അരച്ചു പുത്തരിച്ചുണ്ടയുടെ അളവിൽ ഗുളികയാക്കി നിഴലുണക്കി ഓരോ ഗുളിക മുലപ്പാലിൽ സേവിക്ക. ഇതു മാനസമിത്രവടകം. ഉന്മാദം, അപസ്മാരം മുതലായ മനോബന്ധമുള്ള രോഗങ്ങൾ ശമിക്കും. ഓർമ്മശക്തിയും ബുദ്ധിശക്തിയും ഉണ്ടാകും. വാകശക്തി വർദ്ധിപ്പിക്കും. എത്ര പ്രബലമായ ഉന്മാദമായാലും അതുകൊണ്ടു ശമിക്കും. ഇതു സേവിച്ചുകഴിഞ്ഞാൽ വർദ്ധിക്കയുമില്ല.

## ൩൩൯. വെങ്കാരാദിഗുളിക.

വെങ്കാരം വെള്ളിയും പൊന്നും മൗക്തികം രുദ്രലോചനം
വിദ്രുമം രുദ്രബീജഞ്ച കലശ്രുംഗോപകുല്യകം

കാളാനുസാരി മധുകം ഗന്ധസാരം സമാംശകം
ആർദ്രകസ്വരസേ പിഷ്ട്വാ നീറവുംക്കുട്ടപിഴിഞ്ഞതും
ഭൃംഗനാഗകഷായവുംകൂട്ടിയരച്ചിട്ടു കുറേക്കുറേ

സേവിച്ചാൽ ജ്വരവും സന്നിപാതവും വിഷമജ്വരം
സർവ്വരോഗങ്ങളും തീരുമിതിനാലെന്നു നിർണ്ണയം.

വെങ്കാരം, വെള്ളി, സ്വർണ്ണം, മുത്തു്, രുദ്രാക്ഷം, പവിഴം, രസം, കലക്കൊമ്പു്, ചെറുതിപ്പലി, ഉലുവാ, എരട്ടിമധുരം, പച്ചക്കർപ്പൂരം ഇവ സമം ഇഞ്ചിനീരിലും നീറവുംമുട്ടപിഴിഞ്ഞ നീരിലും കഴിയിരക്കഷായത്തിലും അരച്ചു ഗുളികയാക്കി നിഴലുണക്കി സൂക്ഷിക്ക. (ഇതു അരച്ചു ഗുളികയാക്കാതെതന്നെ കൊടുത്തുവരുന്ന പതിവുമുണ്ടു്. ഗണ്ഡൂഷാംഗുളിക എന്നും ഇതിനു തെക്കൻദിക്കുകളിൽ പേരു പറഞ്ഞുകാണുന്നു.) ജ്വരം, സന്നിപാതം, വിഷമജ്വരം ഇവയും കഫകോപം മുതലായ ഉപദ്രവങ്ങളും ശമിക്കും.

### ൧൦. വായുഗ്ഗുളിക

ത്രിജാതം ത്രികടുകം ത്രിഫലാ വജ്ജനാഗവും
കസ്തൂരി ജാതീഫലകമിരവി പച്ചപാശിയും
അഗ്രഗ്രാഹി ച കർപ്പൂരം പൊൻകാരം ചാലിയം വചാ
അഞ്ജനഞ്ച കിരാമ്പൂവും ജീരകേ ചതകുപ്പയും
ഇരുവേലി രസം രാസ്നാ ദീപ്യകൗ മനയോലയും
മധുകം ചീനമുളകും കാന്തം ക്ഷാരദ്വയം തഥാ
ഒപ്പംകൊണ്ടു പനീരിൽതാൻ നീരിൽതാൻ ഭ്രമരോത്ഭവേ
അരച്ചു കുന്നിക്കുരുവിൻപ്രമാണം ചേർത്തുരുട്ടിയാൽ
ഉണക്കി നിഴലിൽവച്ചു സൂക്ഷിപ്പൂ ഗുളികാഃ ശുഭാഃ
അഥ ജീരകകഷത്തെ പ്രസ്ഥാൽസലിലേ ക്ഷിപേത്
കുറുക്ക്യുതുഴക്കാക്കുപോരക്കൊണ്ടതു തന്നിലെ
ഇവററിലേകാം ഗുളികാം കലക്കിപ്പിബതാം ക്ഷണാത്
വായുനേർവരുമെക്കിട്ടം മാറുമെത്തും മഹാസുഖം
സമ്പോഷണകഷായാദി യഥാവസ്ഥം പ്രയോജയേത്
സർവ്വവ്യാധിഹരീ സൈഷാ ഗുളികാ വായുസംജ്ഞിതാ.

ഏലത്തരി, ഇലവർങ്ഗം, പച്ചില, ചുക്ക്, മുളക്, ചെറുതിപ്പലി, ത്രിഫലത്തോട്, വത്സനാഭി, കസ്തൂരി, ജാതിക്ക, കന്നാരം, പച്ചപാശി, അക്രാവ്, പച്ചക്കർപ്പൂരം, പൊൻകാരം, ചായില്യം, വയമ്പ്, അഞ്ജനക്കല്ല്, ഗ്രാമ്പൂ, ജീരകം, കരിംജീരകം, ശതകുപ്പ, ഇരുവേലി, രസം, ചിററരത്ത, അയമോദകം, മനയോല, എരട്ടിമധുരം, വാൽമുളക്, അയസ്കാന്തം, ചവക്കാരം, തുവച്ചിലക്കാരം ഇവ സമം പനിനീരിലോ കയ്യോന്നിനീരിലോ (മൂന്നുദിവസം) അരച്ചു കുന്നിപ്രമാണം ഗുളികയാക്കി നിഴലുണക്കി സേവിക്ക. മൂന്നുകഴഞ്ചു ജീരകം ഇരുനാഴിവെള്ളത്തിൽ കഷായംവച്ചു ഒരുതുടമാക്കി അതിലരച്ചു സേവിക്ക. വായു അനുലോമമാകും. ഇക്കിറം മാറും. മാറു വികാരങ്ങൾക്കും ഈ ഗുളിക വിശേഷമാകുന്നു.

---

## സന്നിപാതനിദാനം

---

കുളിയും ഗുളവും നല്ലമധുവും തിലതൈലവും
ഘൃതവും പശുവിൻപാലും ദധിയും തക്രമെന്നിവ
ജ്വരമങ്ങൊമ്പതിൽ പൂർവ്വം, സന്നിപാതസ്യ ഹേതുവാം

### ൧. സന്ധികസ്സന്നിയുടെ ലക്ഷണം

ഉദരംനോകയും ദാഹം സഞ്ചാരം സഹവേദന
ശ്ലേഷ്മശ്ലേഷ്മജ്വരം പാരം മൂത്രമേററം ചുവന്നിടും

സന്ധിതോറുംകഴച്ചീടും കണ്ഠത്തിന്നധഃ വീക്കവും
ഈവണ്ണം ലക്ഷണംകാങ്കിൽ സന്ധികസ്സന്നിയെന്നുപേര്

൨. അന്തകസ്സന്നിയുടെ ലക്ഷണം

സംഭ്രമം ദാഹവും താപം ശിരഃകമ്പഞ്ച ഛർദ്ദിയും
പനിയും തലനോവുണ്ടാം സഞ്ചാരം സഹവേദന
സന്ധിതോറും കഴപ്പുണ്ടാം മൂത്രസ്രാവമതേററവും
ഈവണ്ണം ലക്ഷണംകാങ്കിൽ അന്തകസ്സന്നിയെന്നുപേര്.

൩. രുഗ്ദാഹസന്നിലക്ഷണം

ബുദ്ധിപാരം ഭ്രമിച്ചീടും, തണ്ണീർദാഹം, പൊളിച്ചിലും
നെററിയേററെവിയർത്തീടും, ചൂടും നോവും, തരിക്കയും
ചുമയും പാരമുണ്ടാകും, ദേഹമേററം വിറയ്ക്കയും
ഈവണ്ണം ലക്ഷണംകാങ്കിൽ രുഗ്ദാഹസന്നിയെന്നുപേര്.

൪. ചിത്തവിഭ്രമസന്നിയുടെ ലക്ഷണം

വാതപിത്തകഫംകോപം, കാണുന്നോരെ വെറുക്കയും
വൃത്തമൊത്തുചുവന്നിട്ടു, ദേഹമൊക്കെത്തടിക്കയും
ദാഹവും ഖേദവും ബുദ്ധിഭ്രമവും പാരമായ്വരും
ബുദ്ധിപിന്നെത്തെളിഞ്ഞീടും നോവുമാപാദമസ്തകം
ഈവണ്ണം ലക്ഷണംകാങ്കിൽ ചിത്തവിഭ്രമമെന്നുപേര്.

൫. ശീതാംഗസന്നിലക്ഷണം

സന്ധിതോറും കഴച്ചീടും പാരമാം ഛർദ്ദിദാഹവും
മോഹവും കൊട്ടുതായുണ്ടാം ദേഹമൊക്കെത്തണുക്കയും
നിശ്വാസോച്ഛ്വാസദൌർഗ്ഗന്ധ്യമിക്കിളും പാരമായ്വരും
സ്രവിക്കും മലമങ്ങേററ,മിളകും പുരികം തുലോം
ദേഹത്തിന്നധികംകമ്പ,മഗ്നിമാന്ദ്യ,മരോചകം
ഈവണ്ണം ലക്ഷണംകാങ്കിൽ ശീതാംഗസന്നിയെന്നുപേര്.

൬. തന്ദ്രികസന്നിലക്ഷണം

ജൃംഭണം താപവും മോഹം ബന്ധംകൂടാതെ വാർത്തയും
നാവു പൂത്തുതടിച്ചീട്ടു,മതിന്മേൽ കരു കൃഷ്ണമാം
ദേഹമൊക്കെച്ചൊറിഞ്ഞീടും,പോക്കും പാരമതായ്വരും
ആസ്യമൊക്കെവരണ്ടീടും,ദൃഷ്ടി കോണിലതാകയും
ദുഃഖവുംകൊട്ടുതായുണ്ടാം; ദേഹത്തിന്നുതളർച്ചയും
കണ്ണുനീരെപ്പൊഴുംകാണാം പനിയും കഫവൃത്തിയും.

സാദ്ധ്യമാകയുമില്ലേതത് തന്ദ്രികസന്നിയെന്നപേർ
മൃത്യുവന്നിലയെന്നാകി,ലംഗത്തിന്നൊരുഭംഗമാം.

൭. കണ്ഠകുബ്ജകസന്നിലക്ഷണം.

മോഹാലസ്യവുമുണ്ടാകും, ശിരഃകമ്പഞ്ച, ദാഹവും
എക്കിട്ടമസ്തും വാക്കും കഴുത്തും കൂന്നപോകയും
ദേഹമെല്ലാം തണുത്തിടും ചുമയും ഛർദ്ദിപാരമാം
ദൃഷ്ടികാണാതെപോയിടും കണ്ണുത്തിന്നൊഴുകും ചലം
ദന്താന്തരേ പൊളിഞ്ഞീടും ശ്രുതിഹാനിവരുംതുലോം
ഈവണ്ണം ലക്ഷണംകാണ്കിൽ കണ്ഠകുബ്ജകമെന്നപേർ.

൮. കർണ്ണകസ്സന്നിലക്ഷണം.

നാവിന്മേൽ സിതയെപ്പോലെയിക്കിളും ചുമയും തഥാ
ഇരിക്കും പുനരപ്പോഴെ കിടക്കും വീണുരുണ്ടിടും
ശ്രുതിഹാനിവരും പാരം കർണ്ണമൂലേത്തു വീക്കവും
വിറയ്ക്കും നെഞ്ചകത്തേററം ദൃഷ്ടിപാരമിളച്ചിടും
പീതമാം നയനംരണ്ടുമുരുട്ടും തലയെപ്പൊഴും
ഈവണ്ണം ലക്ഷണംകാണ്കിൽ കർണ്ണകസ്സന്നിയെന്നപേർ.

൯. ഭഗ്നനേത്രകസ്സന്നിയുടെ ലക്ഷണം

കണ്ണു പാരം മിഴിച്ചീടും നീരുമൊട്ടൊഴുകും തുലോം
ദേഹമൊക്കത്തരിച്ചീടും ദൃഷ്ടി നാസികയേററമായ്
വളയും പുരികംരണ്ടും ശോഷിക്കും താലുഗണ്ഡവും
ശ്ലേഷ്മവും കൊടുതായുണ്ടാം സ്വരവും പ്രാവുപോലെയാം
ഈവണ്ണം ലക്ഷണംകാണ്കിൽ ഭഗ്നനേത്രകമെന്നപേർ.

൧൦. രക്തഷ്ഠീവകസന്നിയുടെ ലക്ഷണം.

നാവിൻനടു പൊളിഞ്ഞിട്ടു ചോരയേററമൊലിച്ചിടും
തൃഷ്ണയും കൊടുതായുണ്ടാം പനിയും മോഹതാപവും
കൃഷ്ണജീരകതുല്യേന ജിഹ്വാമൂലേത്തു കാണ്കയും
ഔഷധത്തെ വെറുത്തീടും തുപ്പും ചോരയതെപ്പൊഴും
ഈവണ്ണം ലക്ഷണംകാണ്കിൽ രക്തഷ്ഠീവകമെന്നപേർ.

൧൧. പ്രലാപസ്സന്നിലക്ഷണം.

ദേഹമൊക്കെവിറച്ചീടും, ഉഷ്ണശൈത്യം, വിരോധമാം
രാവുറക്കവുമില്ലൊട്ടും, ദിവാ ജാഗരണം തഥാ

കണ്ഠം പാരം ചുഴന്നിട്ടും, ചൂടുവെള്ളം സ്രവിക്കയും,
പനിയും തലനോവുണ്ടാം, ഉഷ്ണതാപമതേററവും
ചിരിക്കും പുനരപ്പോഴെ, കളിച്ചൊട്ടൊട്ടുഗാനവും,
അരിഷ്ടകാണാമന്നേരം, ബന്ധംകൂടാതെ ഖേദവും,
നടുങ്ങും ദേഹമങ്ങേററം ഉച്ചത്തിൽ പറയും തുലോം
ഈവണ്ണം ലക്ഷണംകാങ്കിൽ പ്രലാപസന്നിയെന്നുപേർ.

൧൧. ജിഹ്വകസ്സന്നിയുടെ ലക്ഷണം

നാവു നീണ്ടു വളഞ്ഞീടും, ശ്വാസോച്ഛ്വാസവിവൃദ്ധിയും
ആസ്യമൊക്കെപ്പൊളിഞ്ഞീടും രോമമൊക്കെമുറിഞ്ഞുപോം
നോവും പാരമതായേറേറാന്നും, സന്ധി കാൽവണ്ണ പാൎശ്വവും
മൂൎദ്ധാവിന്നധികംനോവും, വാക്യത്തിന്നവ്യവസ്ഥയും
പിത്തരക്തകഫം തുപ്പും, കുത്തും കണ്ണേറ്റു ശൂലവത്
ഔഷധത്തെ വെറുത്തീടും, ഗന്ധമേതുമറിഞ്ഞിടാ
പാണിപാദാസ്യശോഫഞ്ച ചുവന്നും കൃഷ്ണമായ്പുരും
തടിച്ചിട്ടുള്ള കോഠഞ്ച ത്വക്കുണ്ണയും തലനോകയും
നെഞ്ചുപാരമിടിച്ചീടും തടുക്കും മലമൂത്രവും
മുഖവും സ്നിഗ്ദ്ധമായ്ക്കാണാം, രോമഹൎഷമതേററവും,
ഈവണ്ണം ലക്ഷണംകാങ്കിൽ ജിഹ്വകസ്സന്നിയെന്നുപേർ.

൧൨. അഭിന്യാസസന്നിയുടെ ലക്ഷണം.

തമകശ്വാസവും കാസമാസ്യശോഷമരോചകം
ശ്രുതിനിഗ്രഹമുണ്ടാകും രോമഹൎഷം സ്വരക്ഷയം
ബലഹാനിവരും പിന്നെ താപസ്വേദവിവണ്ണവും,
ഈവണ്ണം ലക്ഷണംകാങ്കിൽ സന്ന്യഭിന്യാസമെന്നുപേർ.

സന്നികളുടെ സാദ്ധ്യാസാദ്ധ്യങ്ങൾ.

രുഗ്ദാഹമന്തകസ്സന്നി ചിത്തവിഭ്രമസന്നിയും
ശീതാംഗവും ശമിച്ചീടും വൈദ്യം(ന്ത) സൂക്ഷിച്ചുചെയ്കിലോ.
ഭഗ്നനേത്രകവുംപിന്നെ, കണ്ണുകാകണ്ഠകുബ്ജവും,
പ്രലാപഞ്ചാപ്യഭിന്യാസം, കൃച്ഛ്റസാദ്ധ്യമതായ്പുരും.
താന്ത്രികസ്സന്നിയും പിന്നെ രക്തഷ്ഠീവകസന്നിയും,
ജിഹ്വകസ്സന്നിയും മൃത്യുവന്നീടുമതുനിണ്ണയം.
പിത്തംതക്കിങ്കലായിപ്പോം, വാതം മേദസ്സിലാകയും
കോഷ്ഠത്തിൽ ശ്ലേഷ്മവുംകൂട,മെന്നാലസ്സന്നി മൃത്യുവാം.

# സന്നിപാതചികിത്സ

## കഷായയോഗങ്ങൾ

ദശമൂൽ രോഹിണി വ്യോഷം പന്നമൂലം സുരദ്രുമം
ഇവയൊക്കെക്കുറുക്കീട്ടു കഷായം സന്നിപാതജിത്. 1

പടോലമമൃതും ചുണ്ട കണ്ടകാരീ പുനർന്നവം
ശുണ്ഠി രോഹിണിയും നല്ല ദേവതാരഞ്ച ജീരകം
ഒപ്പംകൊണ്ടു കുറുക്കീട്ടു കഷായം സന്നിപാതജിത്. 2

കാട്ടുചുണ്ട കൊടിത്തൂവ ചുക്കും പിന്നെസ്സുരദ്രുമം
അമൃതംരോഹിണീചൈവ കണ്ടകാരിയുമെന്നിവ
കൂട്ടിയൊപ്പംകുറുക്കീട്ടു കഷായം സന്നിപാതജിത്. 3

കരുനൊച്ചിയിലാ മൂലം കൊഴിഞ്ഞീ, ലാടലോടകം
കുടജത്തണ്ഡുലം, വേപ്പിൻതോലു, രോഹിണി ശുണ്ഠിയും
ദേവതാരമിവററിൻെറ ക്വാഥം ജീരകസംയുതം
കാസാന്വിതം പ്രശമയേത് സന്നിപാതബലം പരം. 4

നാഗപ്പൂവോട്ട തൽപത്രം പുത്രഞ്ചാരീ ച മഞ്ഞളും
കൊത്തമ്പാലരിയും നല്ല മധുകം ഗോക്ഷുരന്തഥാ
ജീരകവ്യോഷവും കൂട്ടീട്ടസ്തമിച്ചു, കഷായമാം. 5

പപ്പടം ചുണ്ടതൻവേരും വാശാമൂലം ഗുളൂചിയും
ഇവയോരോകഴഞ്ചാക്ക ചുക്കു രണ്ടുകഴഞ്ചതാം
തഥാ നെല്ലിയുടേകായും മൂന്നായ് കൊൾക കഴഞ്ചിവ
ജ്വരവും,മൂർച്ഛയായുള്ള സന്നിയും നഷ്ടമായ്വരും. 6

ആവണക്കു, കൊടിത്തൂവ, പുത്തരിച്ചുണ്ടയെന്നിവ
വേരുനന്നായ്പറിച്ചിട്ടു ചർമ്മംതട്ടിത്തൊലിച്ചുടൻ
ദ്വികഴഞ്ചതുകൊള്ളേണം, ഷട്കഴഞ്ചഥ ജീരകം
നാലുംകൂട്ടിക്കുറുക്കീട്ടു കഷായം സന്നിപാതജിത്. 7

ആരണ്യതുളസീമൂലം വിഷ്ണുക്രാന്തി മഹൗഷധം
ഭൂനിംബവ്യോഷവും നല്ല രോഹിണി കൃഷ്ണജീരകം
ഇവയൊക്കെക്കുറുക്കീട്ടു കഷായം, സന്നിപാതജിത്. 8

പുരാണമുളകും ചുക്കും തിപ്പലീയിവയൊപ്പമായ്
മൂന്നുകൊണ്ടുപൊടിച്ചിട്ടു ഖളം സന്നിഹരം പരം. 9

പാതിരി ആവണക്കിൻവേർ നീവ്വാളം ചെറുചുണ്ടയും
കരിംകുറിഞ്ഞിയും നല്ല പടോലം തൂവവേരപി

ശതാവരീ ച നിർഗ്ഗുണ്ഡി ഉഴിഞ്ഞാ ആടലോടകം
മുത്തങ്ങാ ശിഗ്രു ചമ്മഞ്ച കടുവൃക്ഷഞ്ച രോഹിണി
പഞ്ചകോലം വഴുതിന പൂതവൃക്ഷഞ്ച തിപ്പലി
ചെന്നിനായകവേപ്പുംതോൽ ഹ്രീബേരം ത്രിഫലാ തഥാ
എരട്ടിമധുരം വേങ്ങക്കാതലോടിലവർങ്ങവും
ത്രിവൃത് ത്രികടുകം പിന്നെ കൊടുവേലി സമം സമം
ഒപ്പംകൊണ്ടുകുറുക്കീട്ടു, പാറംകീ കിരിയാത്തുമായ്
പൊടിച്ചിട്ടു കുടിച്ചീടിൽ സന്നിപാതഹരം പരം. 10

ചുക്കോ,ടോരിലമൂവിലാ പലകമേൽപയ്യാനിനൽക്കുവളം
കൊത്തമ്പാലയരി, യുഴിഞ്ഞ മധുകം മുഞ്ഞാ കരിംജീരകം
ധാത്രീജീരകതിപ്പലീസഹചരം തൊണ്ടീസമംകഷായേത്
ചേർത്തിട്ടമ്പൊടുപേയമേതദധുനാ തൃഷ്ണാജ്വരം സന്നിജിത്. 11

വനത്തിലുണ്ടായൊരു ചുണ്ടവേരു
പറിച്ചുതുക്കിപ്പലമൊന്നതാക്കി,
കുറുക്കുവാൻ തോയമതെട്ടുനാഴി
യരിച്ചുകൊൾവൂയിരുനാഴിയായാൽ,
യവാനി, ലാജേന,തുഴക്കുവീതം
മുടഞ്ഞുകെട്ടി,ക്കിഴിരണ്ടതാക്കി,
പിഴിഞ്ഞുപാനം,കിഴി ജീരകേന
ദിനംകഴിപ്പൂയിതുകൊണ്ടുതന്നെ
കഫേന വർദ്ധിച്ചൊരു സന്നിപാതം
ശമിച്ചുപോം ശ്വാസമശേഷകാസം. 12

## നസ്യാദിപ്രയോഗങ്ങൾ.

ജാതിക്കാ കരയാംപൂവും വയമ്പും ചുക്കു തിപ്പലി
കർപ്പൂരം പുഴവും പിന്നെ ആകാശഗരുഡക്കൊടി
പാവൽതൻകുരുവുംകൂട്ടു നീററിൻമുട്ടയുമൊപ്പമായ്
ഭൂനാഗം രോഹിണീ കൃഷ്ണാ ഇവയൊപ്പിച്ചു കൂട്ടുക
മുലപ്പാലിലരച്ചിട്ടു, നവദ്വാരേ പുരട്ടുക
നസ്യപാനമതുംചെയ്യാം, തേയ്ക്കാം സന്ധിയിലൊക്കെയും
സന്നിപാതജ്വരത്തിങ്കൽ കൈകണ്ടൊന്നു ഭിഷഗ്വരാഃ 13

ഏലത്തരിയതും നല്ല വ്യോഷം, പാവട്ടതൻകുരു,
ഇവ ഏഴേഴുകൊണ്ടിട്ടു, ജാതിക്കാ രണ്ടുകൂട്ടുക,
ഏവഞ്ച ചന്ദനംരണ്ടും കുറഞ്ഞൊന്നതുകൂട്ടുക,
ഗുഞ്ജാമാത്രപ്രയോഗേണ, സന്നിപാതജ്വരാപഹം 14

ത്രികട്ടു ജീരകംരണ്ടും, കർപ്പൂരം പൂതിഗന്ധിയും,
ഇവനന്നായ് പൊടിച്ചിട്ടങ്ങൂതാം നാസികരണ്ടിലും. 15

കർപ്പൂരം കുമ്പിളപ്പൂവും, ലോഹിതാണ്ഡവുമൊപ്പമായ്
കയ്യിലിട്ടുതിരുമ്മീട്ടു, നസ്യം മോഹമതെങ്കിലോ. 16

യവഞ്ച ചന്ദനം ചൈവ, അഞ്ജനം ശംഖസൈന്ധവം
നാരങ്ങാനീർ പിഴിഞ്ഞിട്ടു, നാലുയാമമരച്ചുടൻ
ഗുഞ്ജാമാത്രമുരുട്ടീട്ടു അഞ്ജനം ചക്ഷുശ്ശുക്ലകേ. 17

* കൗസപകം തുളച്ചിട്ടങ്ങതിൽമരിചമിട്ടുടൻ
ധൂമത്തിൽ തൂക്കിവച്ചിട്ടു, മാസം നാലുകഴിഞ്ഞുടൻ
ഒന്നൊടുത്തങ്ങരച്ചിട്ടു അഞ്ജനം, പരമൗഷധം. 18

നല്ലപാമ്പുകിഴിച്ചുള്ള പടമോട്ടുള്ളി ദീപ്യകം
ക്ഷുതവും ചാണകം പീലി വിലപംതന്നുടെബീജവും
തൃണശ്ശുഷ്പ്മതിൻമൊട്ടും ഗുൽഗ്ഗുലുപൂതിഗന്ധിയും
ഇവയൊക്കെപ്പൊടിച്ചിട്ടു വേപ്പുംതൈലേ കുഴച്ചുടൻ
ദേഹംനന്നായ് വിയർപ്പോളം ധൂപിക്കാം സന്നിപാതകേ. 19

ഉള്ളിനന്നായരച്ചിട്ടു ശീലമേൽത്തേച്ചു തൽക്ഷണേ
തീയിൽക്കാച്ചിപ്പിഴിഞ്ഞിട്ടു വേപ്പെണ്ണയുമതൊപ്പമായ്
തേച്ചുനന്നായ്കിടക്കേണം ദിനംമൂന്നിതുകൊള്ളുക
സേവിക്കാമതിനെത്തന്നെ, വേപ്പിൻെറണ്ണവിവർജ്ജയേത്.

ഔഷധങ്ങളുടെ മാത്രാകല്പന.

സേവിപ്പാനുള്ളവസ്തുക്കൾ ഒഴക്കാഴക്കുകൊള്ളുക,
നസ്യംചെയ്യുന്നവസ്തുക്കൾ തുള്ളിപന്ത്രണ്ടുകൊള്ളുക,
താന്നിക്കാതൻപ്രമാണത്തിലരച്ചിട്ടുവിഴുങ്ങുവാൻ
ലേഹമാകുന്നവസ്തുക്കൾ മുമ്മൂന്നീതുകഴഞ്ചതാം.
കണ്ണിലങ്ങെഴുതും യോഗം യവതുല്യമതാക്കുക
നെല്ലുതൻകനമാക്കേണം തേപ്പാനുള്ള മരുന്നുകൾ
ആപാദമസ്തകംതേപ്പാനെന്നേ, ശക്തിപ്പെട്ടു ദൃഢം
സന്നിപാതജ്വരേ നസ്യമഞ്ജനം ധൂപവും തഥാ
ഓജസ്സിനെയറിഞ്ഞിട്ടു വഴിയേചെയ്തുകൊള്ളണം. 20

ലേപനത്തിനും മററും ഔഷധങ്ങൾ.

ഉഴിഞ്ഞവേരരച്ചിട്ടു വേനപ്പച്ചയുടേ രസേ
തേയ്ക്കു സർവാംഗവും പിന്നെ സന്നിയങ്ങുനിലച്ചുപോം. 21

---

* ചെറുനാരങ്ങ.

വേനപ്പച്ചയുടേനീരി,ലപ്പാമൂലമരച്ചുടൻ
തേയ്ക്കിലപ്പോൾ ശമിച്ചീടും സന്നിപാതമസംശയം. 22

സന്നിപാതജ്വരത്തിങ്കൽ ശീതസ്നാനങ്ങൾവേണ്ടുകിൽ
* നാഭിനന്നായ പൊടിച്ചിട്ടു കിഴിയാക്കിച്ചമച്ചതു,
മൂൎദ്ധാവിലുടനേ വച്ചു പച്ചവെള്ളമൊഴുക്കുക
പുകയും വേദനാചൂടും നോവുമങ്ങു ശമിച്ചുപോം
പാകപ്പിഴവരായെങ്കിലെന്നാൽ നന്നു ഭിഷഗ്വരാഃ 23

വെളുത്തുള്ളിയരച്ചിട്ടു ശീലമേൽ തേച്ചുമെല്ലവേ
തുളസിനീരിൽമുക്കിട്ടു തെരുത്തേരണ്ഡദീപികേ
കരിയാതെകണ്ടുകാച്ചിപ്പിഴിഞ്ഞാ രസമഞ്ജസാ
കൊടുത്തീടുകിലപ്പോഴേ സന്നിയങ്ങുനിലച്ചുപോം. 24

നീററിൻമുട്ടമുലപ്പാലിൽ കൂട്ടീട്ടു വെണ്ണസംയുതം
ചാലിച്ചു നിറുകകലിട്ടാൽ സന്നിയങ്ങുനിലച്ചുപോം. 25

## ൨൯. ത്രികടുകാദി എരിതൈലം

ത്രികടു വേപ്പുതൻതോലും ഭാർഗ്ഗ്ഞിയും ദേവതാരവും
ഉശീരഭ്രയകൊട്ടഞ്ചു മുത്തങ്ങാ നറുനീണ്ടിയും
തുമ്പവേർ കൊടുവേലി ച + കാരം നാലും സമം സമം
നീവാളബീജവുംകൂട്ടിച്ചൂൎണ്ണിച്ചു ശീലയിട്ടുടൻ
ഇരുമ്പിൻമേലതാമ്മാറു ചുററിയാൽ നിംബതൈലവും
കൊളുത്തിക്കോരിവീഴ്ത്തീട്ടങ്ങെടുക്കുന്നൊരുതൈലവും
നവദ്വാരേ പൂരട്ടേണം നഖത്തുമ്മേൽ തുളിക്കയും
എന്നാൽ സന്നിവിഷം തീരുമിതിനാലെന്നു നിൎണ്ണയം.

## ൩൦ ലോഹിതാണ്ഡാദിതൈലം

ലോഹിതാണ്ഡം ഹരിദ്രേ ദ്വേ ശംഖിനീ കൃഷ്ണജീരകം
ശാരിബാ ചന്ദനം കുഷ്ഠം സൈന്ധവം ത്ര്യൂഷണം വചാ
ഏതൈൎവാശാരസേ സിദ്ധം സസ്തന്യം തൈലമുത്തമം
പാനാഭ്യഞ്ജനനസ്യൈശ്ച സന്നിപാതഹരം പരം.

(നീററിൻമുട്ട, വറട്ടുമഞ്ഞൾ, മരമഞ്ഞൾതൊലി, ശംഖുപുഷ്പവേരു്, കരിംജീരകം, നറുനീണ്ടിക്കിഴങ്ങു്, ചന്ദനം, വെള്ളക്കൊട്ടം, ഇന്തുപ്പു്, ചുക്കു്, മുളകു്, തിപ്പലി, വയമ്പു് ഇവ ആടലോടകത്തിലനീരിൽ അരച്ചുകലക്കി എണ്ണയും സമം മുലപ്പാലുംകൂട്ടി കാച്ചിയരിച്ചുതേയ്ക്കാം. സേവിയ്ക്കാം. നസ്യംചെയ്കാം. സന്നിപാതം ശമിക്കും.

* വത്സനാഭി.
+ കാരം നാലു് =ചവക്കാരം, തുവച്ചിലക്കാരം, പൊൻകാരം, ചീനക്കാരം.

ഒഴക്കുകള്ളിപ്പാൽതന്നിൽ മേത്തോന്നിയൊരുകാൽപലം
കൂട്ടിക്കാച്ചുകിലത്തൈലം ഉത്തമോത്തമമായ്വരും. 28

## ൨൯. മുട്ടത്തൈലം

മുട്ടത്തൈലമെടുക്കേണ്ടുംപ്രകാരം പറയുന്നിതു
അണ്ഡംപുഴുങ്ങിയായുണ്ണി ഉരുളീലിട്ടുവെന്തുടൻ
ഉരുളുമ്പോളതിൽപിന്നെ ചെന്നിനായകചൂർണ്ണവും
വിതറീട്ടുതുപറവുമ്പോൾ തൈലംവന്നീലയെങ്കിലോ
ഉറപ്പുള്ള തുണീലിട്ടു തൈലം ഞെക്കിയെടുത്തുടൻ
സമം വേപ്പെണ്ണഭേദിച്ചു അനത്തിക്കൊണ്ടുമെല്ലവേ
തേച്ചുകൊണ്ടു തലോടേണം ദേഹത്തിനു ബലംവരാൻ
ഭൂനാഗംകൂടെയിട്ടിട്ടു തൈലംവാററുകിലുത്തമം
തൈലമുണ്ടായതില്ലെങ്കിൽ നിംബതൈലമൊഴിച്ചുടൻ
പിന്നെമററെണ്ണയുണ്ടാക്കി കാച്ചിക്കൊണ്ടരിച്ചുടൻ
സന്ധിതോറും പുരട്ടുമ്പോൾ സന്നിപാതഹരം പരം
ബാലന്മാൎക്കുള്ള സന്നിക്കു എത്രയും സാരമാമിതു്.

## ൩൦. പൂവൻകുറുന്തലാദിതൈലം

സന്നിപാതജ്വരംകൂടി ദിനമീരൊമ്പതാകിനാൽ
പൂവൻകുറുന്തിൽനന്നായങ്ങിടിച്ചിട്ടുപിഴിഞ്ഞുടൻ
നെല്ലിക്കായും പിഴിഞ്ഞിട്ടു വേരരച്ചിവയൊപ്പമായ്
തിലതൈലമതിൽകൂട്ടി കാച്ചിക്കൊണ്ടരിച്ചുടൻ
തേച്ചുകൊണ്ടു കുളിക്കേണം സന്നിപാതജ്വരാപഹം.

## ൩൧. ചെന്നിനായകാദി തിരി.

ചെന്നിനായകവും പൂതിയുണത്തീ കുന്തിരിക്കവും
രസം മാഹിഷശൃംഗഞ്ച കലകൊമ്പും മയിൽതൂവൽ
ഇവനന്നായരച്ചിട്ടു ശീലമേൽതേച്ചുണക്കിയാൽ
നിംബതൈലേ നനച്ചിട്ടു കൊളുത്തിക്കൊണ്ടുമെല്ലവേ
കെടുത്തീട്ടുള്ള ധൂമത്തെ നാസികാന്തേ കരേററുക
കണ്ണത്തിലുംപുകച്ചീടാം സന്നിയങ്ങു നിലച്ചുപോം.

## ൩൨. വേനപ്പച്ചാദി തൈലയോഗം

ചുരുക്കീട്ടു ഫലിക്കുന്ന സന്നികൾക്കെണ്ണ കഥ്യതേ:—
വേനപ്പച്ച വെളുത്തുള്ളി കൊടുവേലിമുരിങ്ങതൻ
ചൎമ്മം ശതാവരിഞ്ചൈവ കടലാടീ ച കുന്നിയും
കുറുന്തോട്ടീ ച നിൎഗ്ഗുണ്ഡീ കയ്യോന്നീ * പാണൽമൂലവും

* പാഞ്ചി

പടോലം കടുകംപിന്നെ സമം കുത്തിപ്പിഴിഞ്ഞുടൻ
കരിക്കിൻെറജലംക്രൂട്ടി നാഴിയേരണ്ഡതൈലവും
ചതുർഭാഗം നിംബതൈലം f ചതുരസ്സഹിദുശ്ധവും
ത്രിഫലാ യഷ്ടി വേമ്പാട അരിതാരം മനശ്ശിലാ
ചെന്നിനായകടാത്രു ച ദാവീ മഞ്ചട്ടിയും തഥാ
പോത്തുകൊമ്പു മയിൽപീലി ഏഭിഃ കല്പിതമുത്തമം
ലാക്ഷാപാകമരിച്ചിട്ടു കറപ്പും മരിചം തഥാ
പൊടിച്ചിട്ടു പുനഃ പാകമെടുത്തുതേയ്ക്കിലുമുത്തമം
പേററിലുണ്ടായസന്നിക്കുമെത്രയും സാരമാമിതു്.

### ൩൩. ലേപത്തിനു മരുന്നു്.

ആഴക്കമൂലപ്പാൽതന്നിലമ്മിച്ചേറങ്ങുക്രൂട്ടണം
ചാണതൻമേലതിട്ടിട്ടു മുത്തും+പവഴം സമം സമം
ഒന്നേകാൽശപ്പണത്തൂക്കം തൂക്കിക്കൊണ്ടതരച്ചുടൻ
പിന്നെരണ്ടുമുടൻചേർത്തു കലക്കൊമ്പാലരച്ചഥ
കഴഞ്ചിക്കുരുവോടൊപ്പം നവനീതേന മേളയേതു്
ചെറുചുണ്ടയൊടൊപ്പിച്ചു ജിഹ്വാമൂലേ പുരട്ടുക
സന്ധുക്കളിൽ പുരട്ടുമ്പോൾ സന്നിയങ്ങു നിലച്ചുപോം
ഈവണ്ണം ത്രിദിനേ പിന്നെ രണ്ടുനേരം പുരട്ടുക
സന്നിപാതജ്വരത്തിങ്കലെത്രയും സാരമാമിതു്.

### സാധ്യാസാധ്യപരീക്ഷ.

സന്നികൊണ്ടഥ മോഹിച്ചാൽ പരീക്ഷപറയാമിതു്: —
കരളേകം സമൂലത്തെപ്പറിച്ചിട്ടു ചതച്ചുടൻ
പിഴിഞ്ഞു നസ്യമായിട്ടു വലമൂക്കിൽ കഴിക്കണം
സ്ത്രീകൾക്കെങ്കിലിടത്തേതിലെന്നാൽ കണ്ണുമിഴിക്കിലും
തലനന്നായ് പുരട്ടിലും ശമിച്ചീടും ചികിത്സയാൽ
അതൊന്നും കണ്ടതില്ലെങ്കിൽ പിന്നെയുണ്ടു പരീക്ഷകൾ
കരളകത്തിൻെറമൂലത്തെ പറിച്ചിട്ടു ചതച്ചുടൻ
നീററിൻമുട്ടയിൽമർദ്ദിച്ചു കലക്കിക്കണ്ണിൽവീഴ്ത്തുകിൽ
ജീവനുണ്ടെങ്കിലപ്പോഴേ ചുവന്നുള്ളജലം വരും
മരിച്ചെന്നതുവന്നീടിൽ ജലം ശുക്ലമതായ്വരും.

### തൈലയോഗങ്ങൾ.

ചതുരക്കള്ളി മേത്തോന്നി മുയൽച്ചെവിശതാവരി
കടലാടിയുഗഞ്ചൈവ വജ്രവല്ലീ യവാഷകം

---

f ചതുരക്കള്ളിപ്പാൽ. + പവിഴം.

കൊട്ടവേലിയുഴിഞ്ഞാ ച ക്രുവളം ഗരുഡക്കൊടി
കരിംകുറിഞ്ഞിയുംനല്ല നറുനീണ്ടിക്കിഴങ്ങപി
ജംബീരപത്രവും പിന്നെ പാച്ചോററിത്തൊലി പാണലും
കുന്നിമൂലം കുറുന്തോട്ടി മുല്ലവേരാവണക്കപി
കമ്പിപ്പാലയുടേവേരും ഭൃംഗം മുക്കുററിയുംതഥാ
പൂവൻകുറുന്തിലാ വിഷ്ണുക്രാന്തിയും ചെറുപൂളയും
ചുട്ടിത്താളീ ചമതയും നിലനാരകവും പുനഃ
ഭ്രമിതാലഞ്ച ദൂർവാ ച പാതിരീ ചെറുചുണ്ടയും
+ സൈരീമൂലഞ്ച രാമച്ചം പ്രസാരണി സമം സമം
നാനാഴിയെണ്ണകൊള്ളേണം നാന്മടങ്ങുജലേ പചേത്
നാലൊന്നാക്കിപ്പിഴിഞ്ഞിട്ടു അരിച്ചിട്ടൊരിടങ്ങഴി
എണ്ണയുംചേർത്തു കല്കഞ്ച ത്രിഫലായഷ്ടിദാരുവും
മഞ്ചട്ടിപ്പൊടി വേപ്പിൻതോൽ വേങ്ങക്കാതല പഞ്ചമം
പഴുക്കയരിതന്നാറും * ഉണത്തീചെന്നിനായകം
കണ്ടിവെണ്ണാ ച നെല്ലിക്കാഗന്ധകം കുന്തിരിക്കവും
ചീനമരിചവും കൃഷ്ണാ ജീരകം മനയോലയും
മാഞ്ചി ത്രികടു = വർങ്ങം ച അരത്തയകിലും × മുകം
തക്കോലം നാഭി കൊട്ടഞ്ച കസ്തൂരി പഞ്ചകോലവും
സഹസ്രവേധി കന്നാരം ചേർത്തുവഞ്ജനം സമം
നാഴിയെണ്ണയ്ക്കുകൾഴഞ്ച് കല്കംകണ്ടതരച്ചുടൻ
നിംബതൈലേ പചിച്ചിട്ടു ലാക്ഷാപാകമരിച്ചുടൻ
തേയ്ക്ക സന്നി ശമിച്ചീടും, രഹസ്യം പരമൌഷധം. 36
സ്തന്യമേരണ്ഡജംതൈലം ചതുർത്ഥം കോഴിമുട്ടയും
നിംബതൈലമൊഴക്കാക്കിക്കൂട്ടിക്കൽക്കിതമെഷ്ടിയും
കുന്തിരിക്കം പൂതവൃക്ഷം ചന്ദനം കുഴിനാഗവും
അരിതാരംസമംകൊണ്ടു അണ്ഡഹേമങ്ങൾബീജവും
കൂട്ടിക്കൊണ്ടുപചിച്ചിട്ടു ലാക്ഷാപാകമരിച്ചുടൻ
ബാലന്മാർക്കുള്ള സന്നിക്കു തേച്ചാലാശുശമിച്ചുപോം. 37

പുറമേ തേയ്ക്കാൻ.

സന്നിപാതമതുള്ളോർക്കു ചൊല്ലാം മററുചികിത്സകൾ
തിന്ത്രിണീ ച കുറുന്തോട്ടി നിർഗ്ഗുണ്ഡീ തുളസീദളം

---

+ കരിംകുറിഞ്ഞിവേരു്. * പൂതവൃക്ഷം.
= ഇലവർങ്ങം. × പതിമുകം.

വാതക്കൊടിയുമേപത്രമാവണക്കിന്റെപത്രവും
ധുർദ്ധൂരപത്രവും നല്ല ആടലോടകപത്രവും
ഞൊട്ടാഞൊടിയനും പിന്നെ ആവിചമ്മം കൊഴപ്പയും
നൊങ്ങണത്തൃണവും നല്ല കോമരാശീ ച മഞ്ഞളും
ഇവയൊക്കെസ്സമംകൊണ്ടു, ആഢകംനീരിൽ വെന്തുടൻ
ഒരിടങ്ങഴിയാക്കീട്ടു അതു നന്നായരച്ചഥ
ഒരിടങ്ങഴി നെല്ലിക്കാ നാന്മടങ്ങുജലേ പചേത്
നാലൊന്നാക്കിയരിച്ചിട്ടു മോരും കാടി സമം സമം
എല്ലാംക്രട്ടിപ്പചിച്ചിട്ടു കുഴമ്പാക്കീട്ടു വാങ്ങുക
ആറി സർവാംഗവും തേച്ചാൽ സന്നിക്കു പരമൗഷധം. 38

## ൩൯. ധൂപത്തിനു്.

ഉള്ളിയും തുരുശ്രും തുത്തും ചെന്നിനായകചാലിയം
പാഷാണം മനയോലാ ച ഉമ്മനീരിലരച്ചുടൻ
ശീലമേൽതേച്ചുണക്കീട്ടു കത്തിച്ചിട്ടു കൊടുത്തുടൻ
വേപ്പെണ്ണയിൽ നനച്ചിട്ടു മൂക്കിനുള്ളിൽ കരേറവുക
കണ്ണത്തിലും പുകയേല്ക്കുമ്പോൾ സന്നിയങ്ങുനിലച്ചുപോം.

## ൪൦. പൊൻകാരാദിചൂണ്ണം.

പൊൻകാരം രസവും കെപ്പും പാവൽനീരിലരച്ചുടൻ
താമ്രപാത്രമതിന്നുള്ളിൽ മുഴപ്പിൽതേച്ചുകൊണ്ടുടൻ
കലംതന്നിൽ കമഴ്ത്തീട്ടു ശീലമൺചെയ്തുകൊണ്ടഥ
മണൽനന്നായ്നിറച്ചിട്ടു മീതേനേമ്മയിലിട്ടുടൻ
അടുപ്പിൽവച്ചുതീയിട്ടു നെല്ലുപൊട്ടുമ്പൊൾ വാങ്ങുക
എടുത്തുകൊണ്ടുചൂണ്ണിച്ചു ക്രട്ടു മരിചചൂണ്ണവും
കുന്നിക്കുരുവിനോടൊപ്പമിഞ്ചിനീരിൽ കൊടുക്കണം
എന്നാൽ സന്നിശമിച്ചീടുമതിനാലെന്നുനിണ്ണയം.

## ൪൧. കുളിപ്പാൻ വെള്ളം.

പിന്നെയങ്ങുകുളിപ്പിപ്പാൻ, നൊച്ചിഉമ്മത്തപത്രവും
വാതക്കൊടിയുമായ്ക്രൂടെ, ഇടിച്ചിട്ടു, ജലംപചേത്
ആ്വെള്ളം വേതുകൊണ്ടാകിൽ സന്നിസർവം ശമിച്ചുപോം.

## ൪൨. പുറമേ കുഴമ്പിനു്.

ഉമ്മത്തുംകാ മുഖംവെട്ടി കുരുവെല്ലാംകളഞ്ഞതിൽ
കൃഷ്ണജീരകമിട്ടിട്ടു മുറികൊണ്ടതടച്ചുടൻ
കാടിതന്നിൽപുഴുങ്ങിട്ടു വാങ്ങിയാറിയെടുത്തതു്
നല്ലെണ്ണയിൽവറുത്തിട്ടു ചുവക്കുന്ന ദശാന്തരേ

എട്ടത്തായെണ്ണയിൽതന്നെ അരച്ചേരണ്ഡതൈലവും
വേപ്പെണ്ണവെണ്ണയും നല്ലപന്നിനെയ്യോടലെണ്ണയും
ഇവയൊക്കെസ്സമംക്രൂട്ടി അനത്തിട്ട കുഴമ്പതായ്
തേച്ചാൽ സന്നി ശമിച്ചീടും, ഞരമ്പുകറംവലിപ്പതും
വേറിടാതുള്ളപനിയും, സന്നിപാതം തളച്ച്യും,
കഴൽവാതവു,മപ്പോഴേ ശമിച്ചീടുമസംശയം.

## ധാരയ്ക്കും മററും ഔഷധങ്ങൾ.

ക്രുശ്മാണ്ഡകം ദേവിപുഷ്പം വെള്ളിലാപത്രവും തഥാ
കരിനൊച്ചിയുടേപത്രം വാശാപത്രം ഗുളൂചിയും
വിഷ്ണുക്രാന്തിസമൂലം ച വാതക്കൊടിദലം തഥാ
കുമ്പിൾതന്നിലയും ക്രുട്ടു തിന്ത്രിണീ മൂദ്ദകുഞ്ചികാ
ഇവയൊപ്പമിടിച്ചിട്ടു പിഴിവൂ മോരുതന്നില്
നെല്ലിക്കായും പിഴിഞ്ഞിട്ടു ധാരസർവാംഗമുത്തമം. 43
നെല്ലിക്കാ കാഞ്ഞിരത്തിൻവേർ ഇവരണ്ടും കഷായമായ്
മോരരിച്ചതിലാക്കീട്ടു ധാരനന്ന് ശിരസ്സിനു 44
വെള്ളിലാനൊച്ചിതൻകായും തക്രവും കുമ്പിൾതന്നില
മുത്തങ്ങായും കലന്നിട്ടു ശിരസ്തപ്പണമുത്തമം. 45
പുല്ലാനിതന്നുടേക്രുമ്പും തിന്ത്രിണീ തുമ്പതന്നില
കുമ്പിൾതൻപത്രവും പാല ഉമ്മത്തിന്നുടെപത്രവും
ക്രുട്ടിവെന്തതുവാംഘീട്ടു കണ്ഠസ്നാനം സമാചരേത്. 46
വലാഹകകഷായേണ ശിരസ്സാനം കഴിക്കണം
ശ്ലേഷ്മംമൂർച്ഛിച്ചസന്നിക്കു സ്നാനംചെയ്താൽപിഴച്ചുപോം. 47
വേപ്പെണ്ണ കാച്ചിവച്ചിട്ടുമുക്കണം പ്ലാവുതന്നില
സന്ധിതോറുംതിരുമ്മേണം സന്ധികസ്സന്നിയെങ്കിലോ. 48
തിന്ത്രിണീ നെല്ലിതൻകായും മുത്തങ്ങാ ബലയെന്നിവ
ഒപ്പംക്രുട്ടിപ്പുഴങ്ങേണം മോരരിച്ചതുതന്നിലേ
പിന്നെ നന്നായരച്ചിട്ടു മുലപ്പാലുകലന്നടൻ്റു
കുഴമ്പാക്കിച്ചമച്ചിട്ടു, മൂർദ്ധാവിങ്കൽ തലോടുക. 49
കണ്ണിവെററിലയും നല്ല തുമ്പപ്പൂ വൃഷപത്രവും
വാതക്കൊടി കൊടിത്തുവ വിഷ്ണുക്രാന്തീ ച രോചനം
തിന്ത്രിണി ക്രുഞ്ഞിരിക്കായും നിർഗ്ഗുണ്ഡീനിലനാരകം
ഇവപത്രം സമംക്രുട്ടി പുഴങ്ങു മോരരിച്ചതിൽ

വയമ്പുമൂള്ളിയുംനല്ല കൃഷ്ണജീരകവുംതഥാ
ചെന്നിനായകവുംപിന്നെകിരിയാത്തു,മുണത്തിയും
ഇവനന്നായ് പൊടിച്ചിട്ടു, പേഷ്യം ശേഷിച്ചമോരതിൽ
ഒപ്പംകൊണ്ടുകുഴമ്പാക്കിത്തേപ്പൂ ആപാദമസ്തകം
സന്നിപാതമതുള്ളോൎക്കു എത്രയും പരമൌഷധം. 50

വിഷ്ണുക്രാന്തി ബലാമൂലം ദേവതാരം തഥൈവ ച
ഇവനന്നായ് പൊടിച്ചിട്ടു, ആവണക്കെണ്ണ വെണ്ണയും
നാരങ്ങാനീരുമൊന്നിച്ചു കുഴമ്പാക്കിച്ചമച്ചുടൻ
ശിരസ്സപൊതിവൂനന്നായ് പൈത്തികസ്സന്നിയെങ്കിലോ
നാരങ്ങാനീർപിഴിഞ്ഞിട്ടു വ്യോഷംനന്നായരച്ചുടൻ
തന്നിലിട്ടതിളക്കീട്ടു പാനം സന്നിവിനാശനം. 51

പുളിപത്രമതിൻകോലും തേങ്ങാപ്പാലിലരച്ചുടൻ
കുഴമ്പാക്കിച്ചമച്ചിട്ടു മൂൎദ്ധാവിങ്കൽ തലോട്ടുക. 53

ആടലോടകപത്രത്തെ വാട്ടിക്കൊണ്ടുപിഴിഞ്ഞുടൻ
ആട്ടിൻപാലുമതിൽകൂട്ടി സേവിപ്പൂ കഫമേറുകിൽ. 54

ചുക്കുനന്നായരച്ചിട്ടു കണ്ണമൂലേ പുരട്ടുക;
വയമ്പുകൂട്ടിമൎദ്ദിച്ചു തേക്കിലും പിഴയാതുപോൽ. 54

തിപ്പലീ പവിഴം തേനിൽ കലങ്കൊമ്പുമരച്ചുടൻ
ജിഹ്വാമൂലേ പുരട്ടീടിൽ വാക്യവും വ്യക്തമായ്വരും. 56

ആരണ്യതുളസീപത്രം ധൂപിക്കാം നിംബതൈലകേ
സ്വേദമുണ്ടാകിലപ്പോഴേ സ്രോതസ്സുങ്ങതുറന്നുപോം. 57

ഗോരോചന കലങ്കൊമ്പും രാമച്ചം ചന്ദനം തഥാ
അരച്ചുതേയ്ക്ക മാറത്തു തേങ്ങാവെള്ളത്തിലാദരാൽ. 58

തൈലാദിപ്രയോഗങ്ങൾ.

നീറവുംകൂട്ടു പിഴിഞ്ഞിട്ടു മുലപ്പാലും കലൎന്നുടൻ
എണ്ണകാച്ചിയരിച്ചിട്ടു സന്ധിതോറും പുരട്ടുക. 59

ശതാവരീക്രുഞ്ഞിരിക്കാ നിൎഗ്ഗുണ്ഡീ,യാടലോടകം
കുത്തിനന്നായ്പിഴിഞ്ഞിട്ടു, തൈലമെത്രയുമുത്തമം. 60

പുത്തരിച്ചുണ്ടവേർ വാശാ എരുക്കം ശിഗ്രുമൂലവും
ഉങ്ങിൻതോലാവിതൻതോലും അഘോരി നീലിമൂലവും
നിലനാരകമൂലഞ്ച ക്രമുള്ളു കൊട്ടവേലിയും
വേപ്പിൻതോൽ ദേവതാരഞ്ച ശതാവരിയുമാദരാൽ
ക്രുഞ്ഞിരിക്കാ കുറുന്തോട്ടി നിൎഗ്ഗുണ്ഡീ സപ്തഗന്ധിയും
ശിഗ്രുമൂലകണാമൂലം മുത്തങ്ങാ ദശമൂലവും

ഒപ്പംകൊണ്ടതിടിച്ചിട്ടു, കുറിക്കീട്ടു കഷായമായ്
വേപ്പെണ്ണയാവണക്കെണ്ണ തേങ്ങാനെയ് കടുകെണ്ണയും
ഇവയൊപ്പമളന്നിട്ടു ആട്ടിൻപാലു ചതുർഗ്ഗുണം
ഭൃംഗനാഗം ഗന്ധകം വ്യോഷ,മുള്ളിയും മരമഞ്ഞളും
നീററിൻമുട്ടയതുംക്കൂട്ട രോചനം കൃഷ്ണജീരകം
ത്രിഫലാ ചന്ദനം ദീപ്യം തുരിശ്ശും ചെന്നിനായകം
വത്സനാഭിയതുംക്കൂട്ട * പ്രതിവാപമതാമിതു
കാച്ചിക്കൊണ്ടതരിച്ചിട്ടു നവദ്വാരേ പുരട്ടുക
നാമധേയം വിധിക്കേണ്ട സന്നിപാതകുലാന്തകം. 61

ആടലോടകപത്രത്തെ പലംമുപ്പതുകൊള്ളുക
+ വെള്ളെടങ്ങഴി മൂന്നാക്കു നാലൊന്നാക്കിയരിച്ചുടൻ
ത്രികടു ജീരകംരണ്ടും പാറംകി അയമോദകം
അശ്വഗന്ധം കിരിയാത്തും കർപ്പൂരമിവയൊക്കെയും
മൂന്നുമൂന്നുകഴഞ്ചാക്കി പൊടിച്ചിട്ടതു തൽക്ഷണേ
എണ്ണമുന്നാഴ കൊള്ളേണം കാച്ചിക്കൊണ്ടതരിച്ചുടൻ
ഗണ്ഡൂഷലേപനം യോഗ്യം നവദ്വാരേ വിശേഷതഃ
സന്നിപാതജ്വരത്തിങ്കൽ സപ്പസ്യ ഗരുഡോപമം. 62

വിഷ്ണുക്രാന്തിപറിച്ചു ദേവിദല,മങ്ങശ്വത്ഥപത്രം തഥാ
നീററുംക്കൂട്ടമതൊത്തിടിച്ചു കുഴമ്പാക്കന്നായരിച്ചാദരാൽ
വ്യോഷം ദാരു വചാ ച രോഹിണി നിശാനന്നായ്പൊടിച്ചങ്ങനെ
ആജക്ഷീരമതൊത്തുഗോമഹിഷിതൻപാലും മുലപ്പാലുമായ്
തൈലംകാച്ചിയിളക്കി വെന്തുപതയുംനേരത്തു തക്രം തഥാ
ക്കൂട്ടിക്കൊണ്ടതരിച്ചു നാസികമുഖേ തേച്ചാകിലന്നേരമേ
തുമ്മുന്നാകിലവന്നു വ്യാധിശമനം വന്നീടുമന്നേ ദൃഢം
തുമ്മിലെങ്കിലൊഴിപ്പതിന്നു പണിയുണ്ടെന്നുംവരും നിർണ്ണയം.

ത്രികടുസൈന്ധവംഗോപീചന്ദനം കൃഷ്ണജീരകം
ശംഖിനീമൂലവും മഞ്ഞൾംദ്വയവും ലോഹിതാണ്ഡവും
വയമ്പുമുള്ളിയും മുക്കാ,യിവയൊക്കെയരച്ചുടൻ
വൃഷപത്രരസേ പിഷ്ട്വാ മുലപ്പാലും കലർന്നുടൻ
കാച്ചിക്കൊണ്ടതരിച്ചിട്ടു നിംബജം തൈലമാചരേൽ

* കല്ക്കം.  + വെള്ളം ഇടങ്ങഴി.

നസ്യപാനാദിചെയ്യേണം നവഭാരേ വിലേപനം
സപ്തരാത്രപ്രയോഗേണ സന്നിപാതഹരം പരം. 63

അടുത്ത യോഗം രാസ്നാദി. (ചൂൎണ്ണയോഗത്തിൽ ന്ദ൦-ാംയോഗം നോക്കുക)
ഛിന്നോത്ഭവാദികഷായം. (കഷായയോഗത്തിൽ ൧൩-ാംയോഗം നോക്കുക)

ഈ പ്രകരണത്തിൽ ചേൎത്തിട്ടുള്ള മററു യോഗങ്ങൾ ഗുളികായോഗം പതിനാറാം യോഗത്തിനുശേഷം തുടൎച്ചയായി യോജിപ്പിച്ചിട്ടുള്ളതിനാൽ ആവശ്യമനുസരിച്ചു അവയെത്തന്നെ ഇവിടെ അനുബന്ധിപ്പിച്ചു ഗ്രഹിച്ചുകൊള്ളുന്നതു സൌകൎയ്യമാണു്.

## കഷായയോഗങ്ങൾ

### ന്ദ൫. പാടലീചിത്രാദികഷായം

പാടലീചിത്രവാൎണിസിന്ദുവാരദുരാലഭേ
പടോലനാഗരൈഃ കാഥഃ സന്ധികേ സന്നിപാതകേ.

(പാതിരിവേരു്, ആവണക്കിൻവേരു്, ഇരുവേലി, കരിനൊച്ചിവേരു്, കൊടിത്തൂവവേരു്, പടവലം, ചുക്കു് ഇവകൊണ്ടുള്ള കഷായം ൧-ാമതു പറഞ്ഞ സന്ധികമെന്ന സന്നിപാതത്തെ ശമിപ്പിക്കും.)

### ന്ദ൬. കടുവൃക്ഷാദികഷായം

കടുവൃക്ഷം പഞ്ചകോലം തിക്തശാകഞ്ച ഗുൽഗുലുഃ
ഗൃഹധൂമേന സംയുക്തം കാഥം തന്ദ്രികനാശനം.

ചുക്കു്, മുളകു, തിപ്പലി, പൂതവൃക്ഷം, കാട്ടുതിപ്പലിവേരു്, കാട്ടുമുളകിൻവേരു ചുക്കു്, തിപ്പലി, കൊടുവേലിക്കിഴങ്ങു്, കരിവേപ്പിലത്തൈട്ടു് ഇവ കഷായം. ഗുൽഗുലുവും പുകയിറയും മേമ്പൊടിചേൎത്തു സേവിക്ക. ന്ദ-ാമതു പറഞ്ഞ തന്ദ്രികസന്നി ശമിക്കും.)

### ന്ദ൭. നിൎഗ്ഗുണ്ഡ്യാദികഷായം

നിൎഗ്ഗുണ്ഡീ ബൃഹതീ നിംബം ലശുനം മരിചം കണാ
ഭൂംഗനാഗരസംയുക്തം വിപാക്യം ചിത്തവിഭ്രമേ.

(കരിനൊച്ചിവേരു, ചെറുവഴുതിനവേരു, വേപ്പിൻതൊലി, വെള്ളുള്ളി, മുളകു, ചെറുതിപ്പലി, കയ്യോന്നി, ചുക്കു് ഇവ കഷായം വച്ചു സേവിക്ക. ൪-ാമതു പറഞ്ഞ ചിത്തവിഭ്രമസന്നി ശമിക്കും.)

### ന്ദ൮. വില്വാദികഷായം

വില്വകാശ്മൎയ്യതക്കാരീപടോലം കോലപൎപ്പടം
വ്യാഘ്രീ ച നാഗരം കാഥം കണ്ഠകുബ്ജകനാശനം.

(കൂവളവേരു, കുമിഴിൻവേരു്, മുഞ്ഞവേരു്, പടവലം, ലന്തക്കുരു, പൎപ്പടകപ്പുല്ലു്, ചെറുവഴുതിനവേരു്, ചുക്കു് ഈ കഷായം ൭-ാമതു പറഞ്ഞ കണ്ഠകുബ്ജകസന്നിയെ ശമിപ്പിക്കും.)

### ന്ദ൯. കടുവൃക്ഷാദികഷായം

കടുവൃക്ഷം കുണ്ഡലീ ദേവ വാരുണീ വഹ്നി പൎപ്പടം
സപ്താക്ഷീ നാഗരകാഥോ രുഗ്ദാഹസന്നിപാതജിത്.

(ത്രികടുക്, പൂതവൃക്ഷം, ചിറ്റമൃതു്, തമിഴാമവേരു്, കാട്ടുവെള്ളരി, കൊട്ടവേലിക്കിഴങ്ങു്, പപ്പടകപ്പുല്ലു്, ചിററരത്ത, ചുക്ക് ഇവ കഷായം. ൯-ാമതു പറഞ്ഞ രുഗ്ദാഹസന്നിയെ ശമിപ്പിക്കും.)

## ൧൦. വഹ്ന്യാദികഷായം

വഹ്നിശ്വദംഷ്ട്രനിർഗ്ഗുണ്ഡീപടോലീകോലപപ്പടൈഃ
ത്രികടുസഹിതം ക്വാഥമന്തകസ്സന്നിപാതജിത്

(കൊട്ടവേലിക്കിഴങ്ങു്, നായ്ക്കുരുണവേരു്, കരിനൊച്ചിവേരു്, പടവലം, ലന്തക്കുരു, പപ്പടകപ്പുല്ലു്, ചുക്ക്, മുളക, തിപ്പലി ഈ കഷായം ൨-ാമതുപറഞ്ഞ അന്തകസന്നിപാതം ശമിപ്പിക്കും.)

## ൧൧. ത്രൈകണ്ടമൂലാദികഷായം

ത്രൈകണ്ടമൂലം നിർഗ്ഗുണ്ഡീഗ്രന്ഥികാധാന്യപപ്പടീ
ശ്ശുണ്ഠീരാസ്നായവക്വാഥം ഭുഗ്നനേത്രഹരം പരം.

(ഞെരിഞ്ഞിൽവേരു്, കരിനൊച്ചിവേരു്, കാട്ടുതിപ്പലിവേരു്, കൊത്തമ്പാലയരി, പപ്പടകപ്പുല്ലു്, ചുക്ക്, ചിററരത്ത, യവം ഇവ കഷായം. ൪-ാമതു പറഞ്ഞ ഭുഗ്നനേത്രസന്നിയെ ശമിപ്പിക്കും.)

## ൧൨. ഫലത്രയാദികഷായം

ഫലത്രയം പടോലം ച വഹ്നി പാടലികാ സഹാ
ശ്ശുണ്ഠ്യർക്കമൂലം തൽക്വാഥം രക്തഷ്ഠീസന്നിപാതകേ.

(ത്രിഫലത്തോടു്, പടവലം, കൊട്ടവേലിക്കിഴങ്ങു്, പാതിരിവേരു്, ഓരിലവേർ, ചുക്ക്, എരുക്കിൻവേരു് ഈ കഷായം ൧൦-ാമതു പറഞ്ഞ രക്തഷ്ഠീവകസന്നിയെ ശമിപ്പിക്കും.)

## ൧൩. വ്യാഘ്ര്യാദികഷായം

വ്യാഘ്രീ ച ദേവദാരുശ്ച നാഗരം ലശുനം വചാ
നിംബതൈലേ പിബേത് ക്വാഥം പ്രലാപേ സന്നിപാതകേ.

(ചെറുവഴുതിനവേരു്, ദേവതാരം, ചുക്ക്, വെള്ളുള്ളി, വയമ്പ് ഇവ കഷായംവച്ചു വേപ്പെണ്ണ മേമ്പൊടി ചേർത്തു സേവിക്ക. ൧൫-ാമതു പറഞ്ഞ പ്രലാപസന്നിയെ ശമിപ്പിക്കും.)

## ൧൪. മുസ്താദികഷായം

മുസ്താശ്ശുണ്ഠ്യഭയാശിഗ്രുരശ്വഗന്ധാ ച ഗുൽഗ്ഗുലുഃ
ക്വാഥോ രാമഠസംയുക്തഃ ശീതാംഗേ സന്നിപാതകേ.

(മുത്തങ്ങ, ചുക്ക്, കടുക്കാത്തോടു്, മുരിങ്ങവേർതൊലി, അമുക്കുരം, ഗുൽഗ്ഗുലു ഇവ കഷായം. കായം മേമ്പൊടിചേർത്തു സേവിക്ക. അഞ്ചാമതു പറഞ്ഞ ശീതാംഗസന്നി ശമിപ്പിക്കും.)

ബ്രഹ്മീദ്രാക്ഷാദി കഷായയോഗത്തിൽ (൧൮-ാം യോഗം) നോക്കുക.

## വേറെ കഷായങ്ങൾ

### ൭൭. മരിചാദികഷായം

മരിചദശമൂലമഗധത്രിഫലനിശാദ്വയമഹൌഷധീതിക്തം
ഭൂനിംബസൈന്ധവയുതഃ കണ്ഠകഹന്താ ഭവേത് ക്വാഥഃ

(കുരുമുളക്, ദശമൂലം, തിപ്പലി, ത്രിഫലത്തോട്, മഞ്ഞൾ, മരമഞ്ഞൾത്തൊലി, ചുക്ക്, പുത്തരിച്ചുണ്ടവേര്, കിരിയാത്ത് ഇവ കഷായം. ഇന്തുപ്പ് മേമ്പൊടി. വ്യ-ാമതു പറഞ്ഞ കണ്ഠകസന്നി ശമിക്കും.)

### ൭൮. പർപ്പടാദികഷായം

പർപ്പടധന്വയവാഷകവാശാ-
ഭൂസ്തൃണകൈഃ കടുകീഫലിനീഭ്യാം
ശർക്കരയാ സഹിതോപി കഷായോ
ലോഹിതമാസ്യഗതം വിനിഹന്തി.

(പർപ്പടകപ്പുല്ല്, കൊടിത്തൂവവേർ, ആടലോടകവേര്, ഭൂസ്തൃണമെന്ന പുല്ല്, കടുകരോഹിണി ഞാഴൽപ്പൂ ഇവ കഷായം. പഞ്ചസാര മേമ്പൊടി. ൧൦-ാമതു പറഞ്ഞ രക്തഷ്ഠീവകസന്നിയെ ശമിപ്പിക്കും.)

### ൭൯. രാസ്നാദികഷായം

രാസ്നാഗുളൂചീശഠിവൃദ്ധദാരുസുരാഹ്വവിശ്വാത്രിഫലാവരീഭിഃ
ക്വാഥം പിബേത് ഗുൽഗുലുസമ്പ്രയുക്തം സമസ്തസന്ധിഗ്രഹ-
[സന്നിപാതേ

(അരത്ത, അമൃത്, കച്ചോലം, മറിക്കുന്നിവേർ, ദേവതാരം, ചുക്ക്, ത്രിഫലത്തോട്, ശതാവരിക്കിഴങ്ങ് ഇവ കഷായം. ഗുൽഗുലു മേമ്പൊടി. ൧-ാമതു പറഞ്ഞ സന്ധികസന്നിപാതം ശമിക്കും.)

### ൮൦. സിംഹ്യാദികഷായം

സിംഹീനാഗരപുഷ്കരൈഃ സകടുകൈ രാസ്നാഗുളൂചീയുതൈഃ
ഭാർങ്ഗീകർക്കടശൃംഗികാശഠിസമൈർദുസ്പർശവാശാഘനൈഃ
പീതം ജിഹ്വകഹാരി വാരിദവതിബ്രഹ്മീവചാമിശ്രിതൈഃ
പ്രോക്തം വൈദ്യവരേണ വന്ദ്യമുനിഭിർഭൂനിംബമിശ്രം ശൃതം.

(ചെറുവഴുതിനവേര്, ചുക്ക്, പുഷ്കരമൂലവേര്, കടുകരോഹിണി, ചിററരത്ത, അമൃതു, ചെറുതേക്കിൻവേർ, കർക്കടകശൃംഗി, കച്ചോലം, കൊടിത്തൂവവേർ, ആടലോടകവേര്, മുത്തങ്ങ, ബ്രഹ്മി, വയമ്പ്, പുത്തരിച്ചുണ്ടവേര് ഇവ കഷായം, ൧൨-ാമതു പറഞ്ഞ ജിഹ്വകസന്നിയെ ശമിപ്പിക്കും.)

### ൮൧. ത്രായന്ത്യാദികഷായം

ത്രായന്തീദശമൂലപുഷ്കരജടാവാതാരിഭിഃ കാരവീ-
ഭാർങ്ഗീസ്യാദമൃതാവൃഷകശഠീഗോമൂത്രസംയോജിതൈഃ
ശൃംഗീവ്യോഷപുനർന്നവാഭിരചിരാദുഷ്ണഃ കഷായോ ഹരേത്
സോഽഭിന്യാസഗദം കഫജ്വരഹരോ നിസ്സംശയം പാനതഃ

(ബ്രഹ്മി, ദശമൂലം, പുഷ്കരമൂലവേർ, ജടാമാഞ്ചി, ചിററരത്ത, കരിംജീരകം, ചെറുതേക്കിൻവേർ, ചിററമൃത്, ആടലോടകവേർ, കച്ചോലം, കർക്കടകശൃംഗി, ചുക്ക്, മുളക്, തിപ്പലി, തമിഴാമവേര് ഇവ ഗോമൂത്രത്തിൽ കഷായംവെച്ചു സേവിക്ക. ൩൨-ാമതു പറഞ്ഞ അഭിന്ന്യാസസന്നിയും കഫജ്വരവും ശമിക്കും.)

## ൧൦. ശൃംഗ്യാദികഷായം

ശൃംഗീഭാർങ്ഗ്യഭയാഽജാജീകണാഭൂനിംബപൽപ്പടൈഃ
ദേവദാരുവചാകുഷ്ഠയാഷകട്ഫലനാഗരൈഃ
മുസ്താധാന്യാകതിക്തേന്ദ്രയവപാഠാഹരേണുഭിഃ
ഹസ്തിപിപ്പല്യപാമാർഗ്ഗപിപ്പലീമൂലചിത്രകൈഃ
വിശാലാരഗ്വധാരിഷ്ടശഠീവാകുചികാഫലൈഃ
വിഡംഗരജനീദാർവീയവാനീദ്വയസംയുതൈഃ
സമാംശൈർവിഹിതഃ ക്വാഥോ ഹിംഗ്വാർദ്രകരസാന്വിതഃ
അഭിന്യാസജ്വരം ഘോരം തന്ദ്രാം ഹന്തി ച തൽക്ഷണാത്
പ്രമേഹം കർണ്ണശൂലം ച സന്നിപാതാംസ്ത്രയോദശ
ഹിക്കാം ശ്വാസം ച കാസം ച തഥാ സർവാനുപദ്രവാൻ.

(കർക്കടകശൃംഗി ചെറുതേക്കിൻവേര് കടുക്കാത്തോട് അയമോദകം തിപ്പലി പുത്തരിച്ചുണ്ടവേര് പർപ്പടകപ്പുല്ല് ദേവതാരം വയമ്പ് വെള്ളക്കൊട്ടം കൊടിത്തൂവവേര് കുമിഴിൻവേര് ചുക്ക് മുത്തങ്ങ കൊത്തമ്പാലയരി കടുകരോഹിണി കുടകപ്പാലയരി പാടത്താളിക്കിഴങ്ങ് അരേണുകം അത്തിത്തിപ്പലി കടലാടിവേര് കാട്ടുതിപ്പലിവേര് കൊടുവേലിക്കിഴങ്ങ് കാട്ടുവെള്ളരിവേര് കൊന്നവേർതൊലി വേപ്പിൻതൊലി കച്ചോലം കാർകോകിലരി വിഴാലരി വറട്ടുമഞ്ഞൾ മരമഞ്ഞൾ തൊലി ജീരകം കരിംജീരകം ഇവ കഷായംവെച്ചു ഇഞ്ചിനീരും കായവും മേമ്പൊടി ചേർത്തു സേവിക്ക. ൩൨-ാമതുപറഞ്ഞ അഭിന്ന്യാസസന്നി, ൧൩ പ്രകാരമുള്ള സന്നികൾ, ആലസ്യം പ്രമേഹം കർണ്ണശൂല ഇക്കിൾ ശ്വാസകാസങ്ങൾ മുതലായ ഉപദ്രവവ്യാധികൾ ഇവ ശമിക്കും.)

## സന്നിപാതത്തിൻെറ അവധികൾ (യോഗരത്നാകരം)

സന്ധികേ വാസരാഃ സപ്ത ഹ്യാന്തകേ ദശവാസരാഃ
രുഗ്ദാഹേ വിംശതിർജ്ഞേയാ തഥാഷ്ടൌ ചിത്തവിഭ്രമേ
പക്ഷമേകം തു ശീതാംഗേ താന്ദ്രികേ പഞ്ചവിംശതിഃ
വിജ്ഞേയാ വാസരാശ്ചൈവ കണ്ഠകുബ്ജേ ത്രയോദശ
കർണ്ണകേ ച ത്രയോമാസാ ഭഗ്നനേത്രേ ദിനാഷ്ടകം
രക്തഷ്ഠീവനി ദിഗ്ഘസ്രാ പ്രലാപേസ്യുച്ചതുർദ്ദശ
ജിഹ്വകേ ഷോഡശാഹാനി പക്ഷോഽഭിന്യാസലക്ഷണേ
പരമായുരിദം പ്രോക്തം മ്രിയതേ തൽക്ഷണാദപി.

(സന്ധികസന്നിക്ക ഏഴുദിവസവും അന്തകസന്നിക്ക പത്തുദിവസവും രുഗ്ദാഹസന്നിക്ക ഇരുപതുദിവസവും ചിത്തവിഭ്രമസന്നിക്ക എട്ടുദിവസവും (൧൨ ദിവസമെന്നും മതാന്തരം) ശീതാംഗസന്നിക്ക പതിനഞ്ചുദിവസവും തന്ദ്രികസന്നിക്ക ഇരുപത്തിഅഞ്ചുദിവസവും കണ്ഠകുബ്ജകസന്നിക്ക പതിമൂന്നുദിവസവും കർണ്ണക

സന്നിക്കു മൂന്നുമാസവും ഭുഗ്നനേത്രസന്നിക്കു എട്ടുദിവസവും രക്തഷ്ഠീവസന്നിക്കു പത്തുദിവസവും പ്രലാപസന്നിക്കു പതിന്നാലുദിവസവും ജിഹ്വാകസന്നിക്കു പതിനാറുദിവസവും അഭിന്യാസസന്നിക്കു പതിനഞ്ചുദിവസവും അവധികാലം (ദിനമർയ്യാദ) ആകുന്നു. ഈ അവധികാലംക്കു മുമ്പും മരിച്ചുപോയി എന്നു വരാം.)

## ൨൧. സാധ്യാസാധ്യങ്ങൾ

സന്ധികസ്താന്ദ്രികശ്ചൈവ കർണ്ണകഃ കണ്ഠകുബ്ജകഃ
ജിഹ്വാകശ്ചിത്തവിഭ്രംശഃ ഷട് സാധ്യാഃ, സപ്ത മാരകാഃ

(൧ സന്ധികം. ൨ താന്ദ്രികം. ൩ കർണ്ണകം. ൪ കണ്ഠകുബ്ജകം. ൫ ജിഹ്വാകം. ൬ ചിത്തവിഭ്രംശം (വിഭ്രമഃ) ഇവ ൬-ം പ്രായേണ സാധ്യങ്ങളും മററുള്ളവ ൭-ം പ്രായേണ കൃച്ഛ്റസാധ്യങ്ങളും അസാധ്യങ്ങളും ആയിത്തീരുന്നു.)

---

# ഊർദ്ധ്വാംഗരോഗചികിത്സ

---

## നേത്രരോഗനിദാനം

### വർമ്മരോഗങ്ങൾ

കച്ചെരിച്ചുപുളിച്ചുള്ള പദാർത്ഥങ്ങൾ നിമിത്തമായ്,
മലങ്ങളൊക്കെക്കോപിച്ചിട്ടവ പിത്താശ്രിതങ്ങളാം
ഞരമ്പിലൂടേമേല്പോട്ടുചെന്നു കണ്ണിൽനിറഞ്ഞുടൻ
ഉണ്ടാകുംപലദണ്ഡങ്ങളതിൻെറ ലക്ഷണങ്ങളെ
പറവാൻ തുനിയുന്നേൻ ഞാനനുഗ്രഹ്ണന്തു ദേശികാഃ
കണ്ണിൻെറപോളമേലുണ്ടാം ചെറുതായ ഞരമ്പുകൾ
വായുകോപിച്ചതിൽപുക്കാലപ്പോഴേ,യിളകാതെയാറ
ഉറങ്ങിയെഴുന്നേൽക്കുമ്പോൾ മണൽവീണതുപോലെയാം
നൊന്തും കുരുകുരുത്തിട്ടുമടപ്പാനുമസാധ്യമാം
തിരുമ്മുമ്പോൾ ശമിച്ചീടും'കൃച്ഛ്റോന്മീല'സ്യലക്ഷണം.
വായുപോളകളെപ്പാരം ഇളക്കീടും തെരുന്നനെ
അടപ്പിക്കും തുറപ്പിക്കും നോവുക്കൂടാതെയുംവരും
'അരുണ്ട്നിമേഷ'മെന്നുള്ള പേരിതിന്നുളവായ്‌വരും.
വായുക്കൂടാതെയായിട്ടു കണ്ണുനന്നായ് മിഴിച്ചുപോം
കടക്കണ്ണനലഞ്ഞിട്ടു ചൈതന്യംകെട്ടു ശൂന്യമായ്
അടപ്പാനെളുതല്ലാതെവരും 'വാതഹത'ത്തിനു്.
പിത്തംകൊണ്ടു, കറുത്തുണ്ടാം പോളമേൽവലുതായുരു
അതുമേലെപ്പഴുത്തിട്ടു പൊളിയുന്നതു“കുംഭിക.”

പോളമേൽ നലവും ചൂടും ചുവപ്പും കുത്തുമേററമായ്
തൊട്ടാൽ വേദനയുണ്ടാകും 'പിത്തോൽക്ലിഷ്ട'സ്യ ലക്ഷണം
ഇമയ്ക്കരികിലുൾപ്പുക്കു പിത്തം രോമം പൊഴിച്ചതിൽ
ചൊറിയും ചൂടുമുണ്ടാകും 'പക്ഷ്മശാത'സ്യ ലക്ഷണം.
കഫംകൊണ്ടു വെളുത്തിട്ടു കട്ടകോളം മുഴപ്പുമായ്
ഉറച്ചുകുരുവുണ്ടാകുമെന്നാൽ,'പോഥകി'എന്നുപേർ.
വീങ്ങിക്കുരുകുരുത്തിട്ടു നോവും ചൊറിയുമേററമായ്
നലഞ്ഞിഴഞ്ഞു നീർചാട്ടും 'കഫോൽക്ലിഷ്ട'സ്യലക്ഷണം
വെളുന്നനെ, മുഴച്ചിട്ടു ചൊറിയും കൂടെയുള്ളതു്
കട്ടത്തിരിക്കയുംചെയ്കിൽ 'ഗ്രന്ഥിവ്യാധി'യതായ്വരും
ലന്തക്കുരുവുപോലായിവന്നാൽ 'ലഗണ'മെന്നുപേർ.
രക്തംകൊണ്ടു ചുവന്നിട്ടുമുണ്ടാകും വളരെക്കുരു
നിറച്ചീങ്ങനെയുണ്ടായാലതി'ന്നുത്സംഗ'മെന്നുപേർ.
ഉൽക്ലിഷ്ടം വ്യാധിമേലുള്ള വരയൊന്നായ്ചമഞ്ഞതു്
തൊടുവാൻ വശമല്ലാതെവരും'നേത്രാരിശ'സ്സിനു്.
പോളയ്ക്കുള്ളിൽ മിനുത്തിട്ടു ചുട്ടുനൊന്തുകടുത്തൊരു
മാംസമുണ്ടായ്‌വരുന്നാകി'ലധിമാംസ'മതിന്നുപേർ.
രക്തംകൊണ്ടുചുവന്നുണ്ടാമിമമേൽ വളരെക്കുരു
ഉറച്ചുചെറുതായുള്ള പയർപോലെ പുറപ്പെട്ടാ
അതുപാരം ചൊറിഞ്ഞിട്ടുമെരിഞ്ഞും ചോരചാടിയും
മുറിച്ചാലേറെവൎദ്ധിക്കുമതി'ന്നഞ്ജന'മെന്നുപേർ.
ത്രിദോഷത്താൽ താമരവൻ വളയത്തോടുതുല്യമായ്
ഇമയുടെപുറംവീങ്ങിപ്പാരംവെള്ളം വരുന്നതു
'ബിസവൎത്മക'മെന്നുള്ള പേരതിന്നുളവായ്വരും.
ത്രിദോഷരക്തഃകോപംകൊണ്ടുണ്ടാമന്നന്നപൊങ്ങിയും
താണുമന്നന്നുവാടീട്ടും വന്നാ'ലുൽക്ലിഷ്ട'മെന്നുപേർ.
രക്തത്രിദോഷംകൊണ്ടുണ്ടാം ശ്യാമമായി നലഞ്ഞുടനു
നൊന്തുവീങ്ങിവരുന്നാകിൽ 'ശ്യാമവൎത്മ'മതായ്വരും.
ഇമയുംപോളയുംനന്നായ്ചേൎന്നുവീങ്ങിച്ചുവന്നുടൻ
ചൊറിഞ്ഞിരിക്കയുംചെയ്യും 'ക്ലിഷ്ടാഖ്യ'ത്തിനു ലക്ഷണം.
ഇമപോളകൾതന്നുള്ളിൽ കരുകരൽമണൽപോലവേ
വളരേയുളവാകിൽ 'സികതാവൎത്മ'മതിന്നുപേർ.
കൎദ്ദമംപോൽ കറുത്താകിൽ 'കൎദ്ദമാഖ്യ'മതാമതും.
മാംസംവളരെയുണ്ടായിവന്നിടും 'ബഹള'ത്തിനു്.

ഇമമേലുള്ള രോമങ്ങൾ തടിച്ചിട്ടുവളഞ്ഞത്
സൂക്ഷ്മത്തേൽ ചെന്നുകുത്തീട്ടു വീക്കം കരുകരുക്കയും
വെള്ളംചാടുകയെന്നുള്ള ദണ്ഡങ്ങൾപലതുംവരും
വളഞ്ഞുകുത്തും രോമത്തെപ്പറിച്ചാലന്നു ശാന്തമാം
ഉടൻപിന്നെയുമുണ്ടാകുന്നതു 'പക്ഷ്മാപരോധകം.'
വീങ്ങിച്ചുവന്നിട്ടുണ്ടാകുമതി'ന്നലജി' എന്നുപേർ.
അന്തർമ്മാംസംകെട്ടുപെട്ടു കോഴിപ്പൂവോടുതുല്യമായ്
ച്ചുവന്നിട്ടുവളുന്നിടിലതി'ന്നർബ്ബുദ'മെന്നുപേർ.
ബാലന്മാം പല്ലുളാംകാലം കണ്ണുവീങ്ങിച്ചുവന്നുടൻ
കാഴ്ചയില്ലാതെയായ്പ്പോകും 'കുക്രുണ'ത്തിന്നു ലക്ഷണം.

സന്ധിരോഗനിദാനം.

സന്ധിയിങ്കൽ സിരകളിൽ വായുവുൾപ്പുക്കമെല്ലവേ
നിർവ്വാഹിനികളായുള്ള ഞരമ്പുകളെയൊക്കെയും
ചുരുക്കിവീക്കവുംനോവും കൂടാതെതന്നെയേററവും
വെള്ളംചാടിക്കുമെപ്പോഴും 'ജലസ്രാവ'മതിന്നുപേർ.
കഫംകൊണ്ടുവെളുത്തിട്ടു വെള്ളംചാടുംവഴുന്നനെ
കോട്ടിത്തിരിക്കയുംചെയ്യും 'കഫസ്രാവ'സ്യലക്ഷണം.
ശ്ലേഷ്മംകൊണ്ടു കടക്കണ്ണിൽ വീങ്ങിച്ചുവട്ടുറച്ചുടൻ
ക്ഷാരംകുറുക്കവേ പൊങ്ങിവരും കുമിളപോലെയും
മൃദുവായിവെളുത്തിട്ടു മിനുത്തിട്ടു വഴുന്നനെ
മുഴത്തിളക്കം ചൊറിയും കൂടീട്ടുണ്ടായ്വരുന്നതു്
പഴുപ്പുംനോവുമില്ലാതെ 'ഉപനാഹ'സ്യലക്ഷണം.
രക്തകോപത്തിനെക്കൊണ്ടു ചുവപ്പും ചൂടുമേററമായ്
ഉണ്ടായ്വളരെയെന്നാകിൽ 'രക്തസ്രാവ'സ്യലക്ഷണം.
വർത്മസന്ധിക്കരികിലെ വെളുപ്പിലുളവാം കുരു
ചെറുതായപയററിന്റെ മണിപോലെ മുഴത്തതു്
ചൂടും ചുവപ്പുമുണ്ടായി നോവുമേറിപ്പൊളിഞ്ഞുടൻ
ചോരചാട്ടമതെന്നാകിൽ 'പർവ്വണി'ക്കുള്ളലക്ഷണം.
അതുതന്നെപഴുത്തിട്ടു ചലംചാട്ടുന്നതെങ്കിലോ
പാരംവൈഷമ്യമായുള്ള 'പൂയസ്രാവ'മതായ്വരും
സൂക്ഷ്മമായിക്കടക്കണ്ണിൽ പുണ്ണുണ്ടായിട്ടു വീങ്ങിയാൽ
എരിഞ്ഞിരിക്കയുംചെയ്യിൽ 'പൂയാലസ'മതിന്നുപേർ.
മൂക്കടുത്തുള്ള കൺകോണിന്നകത്തീവണ്ണമുള്ളതു

ഉണ്ടായ്വരുന്നിതെന്നാകിലതിന്നലജി' എന്നുപേർ.
കടക്കൺകോണിലോ മൂക്കിന്നരികത്തുള്ളകോണിലോ
ചൊറിഞ്ഞെരിഞ്ഞുമെല്ലെന്നു കൃമിക്കു ചലമൊലുക
രണ്ടാലൊന്നുഭവിക്കുമ്പോൾ 'കൃമിഗ്രന്ഥി'യതായ്വരും.
ഉപനാഹം കൃമിഗ്രന്ഥി പൂയാലസകപർവ്വിണി,
ഇവനാലും ശസ്ത്രസാദ്ധ്യം സാദ്ധ്യമല്ലസ്രവാലജി
ശേഷമുള്ളതുനന്നായിച്ചികിത്സിച്ചാൽ ശമിച്ചുപോം.

## സിതരോഗ(നിദാനം) വിജ്ഞാനം

പിത്തംകൊണ്ടുവെളുപ്പിന്മേലുണ്ടാകും ചിലതുള്ളികൾ
കറുത്തിട്ടും ശ്യാമമായും മഞ്ഞളിച്ചും നിറംവരും
പൊടിവീണമുഷിഞ്ഞുള്ള ദർപ്പണത്തോടുതുല്യമായ്
വെളുത്തുനോവുംചൂടെന്നിതൊന്നുംകൂടാതെയും വരും
ഉണ്ടാകുംപനിയുംപോകും'ശുക്തി(ക്ല)ക'യ്ക്കുള്ളലക്ഷണം.
കഫംകൊണ്ടുവെളുത്തിട്ടു വൎദ്ധിക്കി'ലധിമാംസ'മാം.
സമാനവൎണ്ണമായ്‌വീങ്ങി നോവില്ലാതെ പരുന്നനെ
പലതുണ്ടായ്വരുന്നാകിലതു 'ശുക്ലാൎമ്മ'മെന്നുപേർ.
വെള്ളംപോലെകറുത്തുണ്ടാം 'വലാസഗ്രന്ഥി' *വെള്ളയിൽ
പൊങ്ങീട്ടുചിലബിന്ദുക്കളുണ്ടായാലായതൊക്കെയും
അരിപ്പൊടിയുടേവൎണ്ണമായ്വന്നാലതു 'പിഷ്ടകം'
രക്തംകൊണ്ടുവെളുപ്പിന്മേൽ ചുവന്നുണ്ടായ്‌നിറഞ്ഞുപോം
ചൂടും കരുകരുപ്പുണ്ടാം കുത്തുണ്ടാം നീരൊലിക്കയും
ഈവൎണ്ണമെല്ലാമുണ്ടാകും 'സിരോൽപാത'സ്യ ലക്ഷണം
അതുപേക്ഷിച്ചുവൎദ്ധിച്ചാൽ വെള്ളംചാടിത്തെരുന്നനെ
കണ്ണുകാണാതെവന്നീടും 'സിരാഹൎഷ'മതായ്വരും
ചുവന്നുവലുതായ്‌പൊങ്ങിച്ചുവന്നിട്ടുഞരമ്പുകൾ
കൂടിയുണ്ടായ്വരുന്നാകിൽ 'സിരാജാല'മതിന്നുപേർ
'ശോണിതാൎമ്മം' മെഴുത്തിട്ടു സമമല്ലാതെയുള്ളതു്
പത്മ(പൎമ്മ)ത്തെപ്പോലെയുണ്ടാകിൽ 'അധിമാംസ'മതാ-
മിന്നത്തു ചിലബിന്ദുക്കളുണ്ടാം നോവുകുറഞ്ഞതു് (സ്രുതം.
മുയൽച്ചോരയുടെവൎണ്ണംവന്നാ'ലർജ്ജുന'മെന്നുപേർ.

---

* വലാസ(ബലാസ)ഗ്രഥിതം എന്നാണു് അഷ്ടാംഗഹൃദയത്തിൽ ഇതിനു പേരുള്ളതു്.

മൃദുവായ്നോവുക്രൂടാതെ ശ്യാമമായി നിറഞ്ഞതു്
ചുവന്നുവന്നുവെന്നാകിൽ 'പ്രസ്താരാൎമ്മ'മതിന്നുപേർ.
ദോഷങ്ങൾരക്തത്തോട്ടൊച്ചേൎന്നുണ്ടാക്കുമൊരുവ്യാധിയെ
ചെറുതായി ഞരമ്പെന്നപോലെ 'സ്നാവാൎമ്മ'മായതു്.
ശുക്ലരക്തങ്ങളെക്കൊണ്ടു ശ്യാമമായിട്ടുറച്ചൊരു
മാംസം ബഹളമായുണ്ടാമെഴുന്നുള്ളഞരമ്പുമായ്
'അധിമാംസാൎമ്മ'മായിട്ടും ചൂട്ടും കരുകരുപ്പൊട്ടും
കരുപ്പിൻെറ സമീപത്തു വെള്ളമേൽ കട്ടകിൻമണി
പോലെ കരുക്കളുണ്ടായാൽ *'സിരാൎമ്മ'ത്തിന്നുലക്ഷണം.
ശുക്തിഹൎഷം ശിരോല്പാദം പിഷ്ടകം ഗ്രന്ഥിയഞ്ജനം
ഇതെല്ലാമൗഷധൈസ്സാദ്ധ്യം ശേഷം ശസ്ത്രൗഷധൈൎജ്ജയേൽ
പുതുതായുള്ള യൎമ്മങ്ങളഞ്ചും ദ്രവ്യേണ സാധയേത്.
കരുപ്പുണ്ണഞ്ഞിടത്തുള്ള മാംസസ്നാവസിരാവൃതാൻ
വ്യാധീൻ മുറിക്കൊലാ വിദ്വാൻ മുറിച്ചാൽകണ്ണുപോംദ്ധ്രുതം.

അസിതരോഗവിജ്ഞാനം.

പിത്തംനിമിത്തമായിട്ടു സൂക്ഷ്മത്തേലും കരുപ്പിലും
കണ്ണിൻെറപടലം+പൊട്ടിച്ചോരശ്ശുക്ലംപുറപ്പെട്ടും
ചുവന്നിരിക്കയുംചെയ്യും ചൂട്ടും നോവുകളും വരും
എന്നാൽ ഞാറപ്പഴംപോലെ കരുപ്പിൻെറനിറംവരും
താണിരിക്കും കുറഞ്ഞൊന്നു 'ക്ഷതശ്ശുക്ല'മിതിന്നുപേർ.
ആദ്യമാംപടലംപൊട്ടിപ്പുറപ്പെട്ടതു സാദ്ധ്യമാം.
യാപ്യം രണ്ടാമതായെങ്കിൽ മൂന്നാമത്തേതസാദ്ധ്യമാം
കഫംകൊണ്ടുത്ഭവിച്ചിട്ടു നോവിത്തിരികുറഞ്ഞതിൽ
വ്രണമുണ്ടാസ്സുരുന്നാകിൽ 'ശംഖശ്ശുക്ല'മതിന്നുപേർ.
നോവല്പമായ്വെളുത്തുണ്ടാം 'ശുദ്ധശ്ശുക്ലം' കരുപ്പില്
ചുവന്നിട്ടു പഴുത്തുള്ള വെള്ളം ചാടീട്ടു നോവുമായ്
ആട്ടിൻെറ ചാണകംപോലെ കരുപ്പി'ലജകാ' ഭവേത്.
ത്രിദോഷം രക്തവുംക്രൂടി ചുവന്നുള്ള ഞരമ്പുകൾ
കരുപ്പിന്മേൽ നിറച്ചുണ്ടാം ചൂട്ടും നോവും പെരുത്തതു്
എഴുന്നിരിക്കയുംചെയ്യും 'സിരാശ്ശുക്ല'സ്യ ലക്ഷണം.
ഇവററിൽ വീക്കവും ചൂട്ടും ചുവപ്പും കുത്തിനോകയും
വ്രണവുംക്രൂടിയുണ്ടാകിൽ സാദ്ധ്യമല്ലാത്ത ലക്ഷണം.

---

* ഇതിന്ന അഷ്ടാംഗഹൃദയത്തിൽ സിരാപിടിക എന്നു പേർ. + തൊലി.

## ദൃഷ്ടിരോഗവിജ്ഞാനം.

കണ്ണുകൾക്കഞ്ചാടുക്കായിട്ടുണ്ടല്ലോ പടലങ്ങളും
ത്രീദോഷങ്ങൾ ഞരമ്പൂടെ,യിവററിൽ ചെന്നുക്രടിയാൽ
സൂക്ഷ്മദൃഷ്ടിയില്ലുണ്ടാകും തിമിരം കാചമാന്ധ്യവും
ദോഷം പുറത്തേപ്പടലംപുക്കാൽ കാണുന്നതൊക്കെയും
വ്യക്തമല്ലാതെ കണ്ടീടും തിമിരത്തിൻെറയാദിയിൽ
ദോഷങ്ങൾ രണ്ടാംപടലം പുക്കാലില്ലാത്ത വസ്തുവും
കാണുമുള്ളതുസൂക്ഷിച്ചേ കാണാവൂയെന്നുമാസ്സുരും
അടുത്തുള്ളതുദൂരത്തും ദൂരെയുള്ളതടുക്കെയും
തോന്നും ദോഷങ്ങൾ വട്ടത്തിൽനില്ക്കുമ്പോളേയ്ക്കു വട്ടമായ്
ദൃഷ്ടിക്കനടുവേയെങ്കിൽ രണ്ടായ്കാണാമതൊന്നിനെ
പ്രകാരം പലതായ്നില്ക്കിൽ കാണാം പലപ്രകാരമായ്
ദോഷങ്ങൾകണ്ണിലുൾപ്പുക്കാൽ കുറുതായിട്ടു നീണ്ടതും
നീണ്ടിട്ടും കുറുതായുള്ള വസ്തുവും കണ്ടപോലെയാം
മേലേനിലയതിന്നെങ്കിൽ കാണാം ദൂരത്തിലുള്ളതു്
താഴെയെങ്കിലടുത്തുള്ളതൊട്ടുകാണാതെയുംവരും
ഈദോഷമരികത്തെങ്കിൽ കാഴ്ചയില്ലിരുപാട്ടിലും
രണ്ടാംപടലമുൾപ്പുക്ക'തിമിര'ത്തിൻെറലക്ഷണം.
ഈവണ്ണമെല്ലാമുണ്ടാകും സൂക്ഷിച്ചാലറിയാസ്സുരും.
ദോഷങ്ങൾ മൂന്നാംപടലേപുക്കാൽ 'കാച'മതിന്നുപേർ.
അതുവന്നാൽ പുടവയിട്ടിട്ടുമൂടിയപോലെയാം
കാണുംമേലേവ കീഴേവ,യൊട്ടുംകാണാതെയുംവരും
അന്നുപേക്ഷിക്കിലദ്ദോഷം നാലാമത്തേതിലുംസ്സുരും
അന്നേരംമറയുംദൃഷ്ടി കാഴ്ചയില്ലാതെയുംവരും
അതിന്നു രണ്ടുപേരുണ്ടാം 'ലിംഗനാശവുമാന്ധ്യവും'
വാതംകൊണ്ടുള്ള തിമിരം വന്നാലങ്ങുള്ള ലക്ഷണം
ഇടയിൽപുകകൊണ്ടെന്നപോലെ കാഴ്ചകുറഞ്ഞുപോം
ഇടയിൽതെളിയുംപിന്നെ,യോരോനേരമിവണ്ണമാം
സൂക്ഷ്മമാം മണിയിൽപാതി തിമിരം ചെന്നുകേറിയാൽ
ആദിത്യരശ്മി കയറോ കൊതുകോ ചില രോമമോ
കാണുന്നുവെന്നുതോന്നിക്കും തിമിരം വാതസംഭവം
സൂക്ഷ്മംനന്നായ്ചുവന്നിട്ടു മൂക്കുക്രടാതെ തന്മുഖം
കാണുകയും ചന്ദ്രദീപാദി വലുതായിട്ടുകാണുകയും

വളഞ്ഞതുനിവന്നെന്നുതോന്നുമ്പോൾ 'വാതകാച'മാം.
അക്കാചം മെല്ലെമൂക്കുമ്പോൾ കുറയും കാഴ്ച കണ്ണിന്ന്
പുകയോ പൊടിയോ ചെന്നു മറയ്ക്കുന്നതുപോലെയാം
കാഴ്ചമെല്ലെക്കുറഞ്ഞിട്ടു തിരിക്കാവല്ല രാപ്പകൽ
എന്നെല്ലാമാസ്സുരം 'വാതലിംഗനാശ'സ്യലക്ഷണം
ഇത്ഥം വാതത്തിനെക്കൊണ്ടു് ലിംഗനാശം വരുന്നനാൾ
ദോഷം ദൃങ്മണ്ഡലംപുക്കു ഞരമ്പൊക്കെച്ചുരുക്കിയാൽ
കാഴ്ചയില്ലാതെയാകുമ്പോൾ പേരും 'ഗംഭീര'യെന്നുമാം
മയിൽപീലിയുടേവണ്ണം മാടപ്രാവിന്റെപൂടകൾ
മിന്നൽമിന്നാമിനുങ്ങങ്ങളെന്നിവണ്ണമൊരോതരം
കാണും പിന്നെ പ്രപഞ്ചത്തെ നീലമായിട്ടുകാണുകയും
ഇവ പിത്തത്തിലുണ്ടാകും 'തിമിര'ത്തിന്റെ ലക്ഷണം.
കറുത്ത വണ്ടുപോലെയും ഇന്ദ്രന്റെ വില്ലുപോലെയും
ആദിത്യചന്ദ്രന്മാർക്കുള്ള പരിവേഷങ്ങൾപോലെയും
കാണും കണ്ണിന്നുനിറവുമവ്വണ്ണംതന്നെയാസ്സുരം
അതു പിത്തത്തിലുണ്ടാകും'കാച'ത്തിന്നുള്ള ലക്ഷണം
കണ്മണിക്കു നിറം വണ്ടിൻപുറംപോലെ ചമഞ്ഞുടൻ
കണ്ണുകാണാതെയുംതീരും'മാന്ധ്യ'മെന്നുള്ള പേരുമാം.
പിത്തംനിമിത്തം കുറുകിക്കാണുമ്പോൾ'ഹ്രസ്വ'മെന്നുപേർ
ഒക്കെയും മഞ്ഞളിച്ചിട്ടുകാണാം 'പിത്തവിദഗ്ദ്ധ'യിൽ
ശ്ലേഷ്മംകൊണ്ടുള്ളതിമിരംവെളുത്തിട്ടുമിനുങ്ങനെ
ശംഖ, ചന്ദ്രൻ കുരുക്കുത്തിമുല്ലപ്പൂവാമ്പലെന്നിവ
ദിക്കിലൊക്കെനിറഞ്ഞോരപ്പോലെ കാണുന്നതാസ്സുരം
കണ്ണിൻപ്രഭമറഞ്ഞിട്ടു ചന്ദ്രാദിത്യവിളക്കുകൾ
നുറുങ്ങീട്ടു നിറഞ്ഞെന്നുതോന്നും ദൃഷ്ടിവെളുത്തുപോം
ഈവണ്ണം ലക്ഷണം കാണാം 'ശ്ലേഷ്മകാചം'വരുന്നനാൾ.
ശ്ലേഷ്മസ്വരൂപമാം വ്യാധി കണ്ണിലുൾപ്പുക്കുകൂടിയാൽ
താമരേടെയിലയിലെ വെള്ളത്തുള്ളികണക്കെയാം
തൊട്ടുമ്പോളിളകിക്കാണാം, ഉഷ്ണത്തിങ്കൽ ചുരുങ്ങിയും
ഛായയതിങ്കൽ വിടർന്നീടും ശംഖചന്ദ്രാദിപോലെയും
സ്ഫടികംപോലെയും 'ശ്ലേഷ്മലിംഗനാശ'സ്യലക്ഷണം.
രക്തംകൊണ്ടുള്ള തിമിരം വന്നാൽ കാണുന്നതൊക്കെയും
ചെമ്പിന്റെനിറമായ്തോന്നും കണ്ണിന്നുംവരുമാനിറം
രക്തകാചം വരുന്നേരം കണ്ണിൽകാണുന്ന വസ്തുവും

കറുത്തിട്ടും ചുവന്നിട്ടും കാണാമതിന്റെലക്ഷണം
കൺകറുത്തും ചുവന്നിട്ടു കാഴ്ചയില്ലാതെയായ്വരും
സംസൎഗ്ഗസന്നിപാതങ്ങൾകൊണ്ടുണ്ടാമിവയൊക്കെയും
എന്നാലതിന്നതിന്നുള്ളലക്ഷണംകൊണ്ടു നിൎണ്ണയേത്.

ശേഷമോരോന്നുചൊല്ലീട്ടുണ്ടാറുകാചങ്ങളായ്ത്തു്
മുന്നേതാറിതുപത്രണ്ടുമുണ്ടായാൽ കൺചുവന്നുപോം

കൺചിത്രമായ് ചുവന്നിട്ടു കീരിക്കണ്ണെന്നപോലെയും
പകൽകാണായ്വരും,നന്നായ് കാണാ രാത്രിയിലൊട്ടുമേ
ഈവണ്ണംദണ്ഡമുണ്ടാകുന്നതു 'നക്താന്ധ്യ'ലക്ഷണം.

ആദിത്യനസ്തമിക്കുമ്പോൾ ത്രിദോഷം കണ്ണുരണ്ടിലും
ഉൾപ്പൂക്കാൽ കാഴ്ചയില്ലാതെവരും രാത്രിയിലൊട്ടുമേ
പിന്നെസ്സൂൎയ്യനുദിക്കുമ്പോൾ ത്രിദോഷംകണ്ണിൽനിന്നുപോം
പകൽകാണായ്വരുംതാനും'മാലക്കണ്ണെ'ന്നുപേരുമാം.

ദേഹദണ്ഡം വഴിനട വെയിൽകൊൾക വിയൎക്കയും
അതിയായിട്ടുചെയ്തീട്ടും ദേഹംകായുന്നനാളതിൽ
കുറേപ്പൊറുതിയുണ്ടാകും 'വാതാഭിഷ്യന്ദ'ലക്ഷണം.

സൎവാക്ഷിരോഗവിജ്ഞാനം.

അതുപേക്ഷിച്ചുവൎദ്ധിച്ചാൽ ദണ്ഡമീവണ്ണമായ്വരും
നെററിയുംപുരികംകണ്ണുംകഴയ്ക്കു ചെവിമൂളുക
തലയുംതിരിയുംപാരം പേരതി'ന്നതിമന്ഥ'മാം.

അതുപിന്നെയുപേക്ഷിച്ചാൽ കണ്ണിൽനോവുകൾപുണ്ണുകൾ
പഴുപ്പോട്ടതലക്കുത്തും വളയുംവീങ്ങുകെന്നൊരോ
ദണ്ഡങ്ങളുണ്ടാം കണ്ണുംപോം 'വാതാധിമന്ഥ'ലക്ഷണം.

വായുചെന്നക്ഷിശംഖങ്ങൾക്കുമേ വിപരീതമായ്
നടന്നുനോവതുണ്ടാക്കിക്കൺചെറുക്കുകിൽ 'വാതമാം'
അവ്വണ്ണംകൺവളഞ്ഞൂനമാവും 'വാതവിപൎയ്യ'യേ

ചൂടുംപുകച്ചിലുംവീക്കം കണ്ണിനും പോളയിങ്കലും
അകംപഴുക്കും നലയും നീൎവാലും വിഷയങ്ങളെ
മഞ്ഞളിച്ചിട്ടുകണ്ടീടുമെരിയുംതാനുമേററവും
ഈവണ്ണമെല്ലാമുണ്ടാകും 'പിത്താഭിഷ്യന്ദ'ലക്ഷണം.

അഗ്നീലെരിഞ്ഞിരിക്കുന്ന തീക്കട്ടയൊടു തുല്യമായ്
കാലംചെന്നാൽതുടൎന്നു ചുവന്നിട്ടുവരുന്നതു്
യകൃത്പിണ്ഡത്തിലേവന്നാൽ 'പിത്താധിമന്ഥ'ലക്ഷണം.

ചൊറിഞ്ഞുവീങ്ങിച്ചെറുകി വെളുത്തിട്ടുവഴുന്നനെ
പീളയുണ്ടായുണരക്കം വേണ്ടാതായിവരുന്നതു്
ശ്ലേഷ്മകോപത്തിലുണ്ടാകും .ശ്ലേഷ്മാഭിഷ്യന്ദ'ലക്ഷണം
കറുത്തിട്ടൊട്ടു വീങ്ങീട്ടു വെളുത്തിട്ടതിവട്ടമായ്
ഉണ്ടായാൽമൂക്കുവീങ്ങിപ്പോം വായിൽവെള്ളംവരുംതുലോം
കണ്ണിൽപൊടികൾവീണോണംവന്നാൽ.ശ്ലേഷ്മാധിമന്ഥമാം'
കണ്ണനന്നായ്ചുവന്നിട്ടുചെമ്പരുത്തിപ്പൂപോലെയാം
ചുവന്നുകണ്ണനീർപീളയുണ്ടാം കരുകരുക്കയും
തൊട്ടമ്പോൾ ദണ്ഡമേറീട്ടും 'രക്താഭിഷ്യന്ദ'ലക്ഷണം.
ചോരത്തുള്ളിചൊരിഞ്ഞിട്ടു കറുത്തും തീകണക്കെയും
വന്നാൽ 'രക്താധിമന്ഥ'ത്തിനുള്ള ലക്ഷണമാസ്സുരം.
വാതപി(ത്തോത്തരം)ത്താതുരേഘർഷതോദഭേദാദിക്രൂടിയാൽ
കൺഭയങ്കരമായിട്ടും രൂക്ഷമായിച്ചുവന്നതു
അടപ്പാനും തുറപ്പാനും പണിപ്പെട്ടുചമഞ്ഞിട്ടും
ഭിഷക്കുകൾ ധരിക്കേണം 'വിക്രൂണന'മതിനുപേർ.
പഴപ്പുംനോവുമുണ്ടാകുമപ്പിൽശ്രദ്ധാ വറൾച്ചയും
എന്നിവറേറാട്ടുക്രൂട്ടമ്പോളതു 'ശുഷ്കാക്ഷിപാക'മാം.
ദോഷങ്ങൾമൂന്നുംക്രൂടീട്ടു വീങ്ങിച്ചുട്ടുചുവന്നുടൻ
പഴത്തത്തിപ്പഴംപോലെ ദൃഷ്ടിയിങ്കൽ നിറംവരും
കറുത്തിട്ടും ചുവന്നിട്ടും കൊഴുത്തിട്ടും വഴുന്നനെ
വെള്ളവും പീളയും ചാട്ടു"മല്പശോഫസ്യ" ലക്ഷണം
കഫംനിറഞ്ഞുചൂടേറിക്കലങ്ങിനുലയുന്നതു്
ഏററം ദണ്ഡത്തെയുണ്ടാക്കും "അക്ഷിപാകാത്യയ"ത്തിനു്.
ദോഷങ്ങളനുസാരത്തെപ്പുളിപ്പിച്ചിട്ടു നേത്രയോഃ
കൊണ്ടുചെന്നുപഴപ്പോട്ടു വീക്കം കരുകരുക്കയും
ചുവപ്പും ചൂട്ടമുണ്ടാകും "ചെങ്കണ്ണി"നുള്ള ലക്ഷണം.

തുടങ്ങിയെന്നാകിൽ "ഹതാധിമന്ഥം"
"തദക്ഷിപാകാത്യ"യമപ്യസാദ്ധ്യം
"വാതാധിമന്ഥ"ത്തിനു നാളതഞ്ചും
"രക്താധിമന്ഥ"ത്തിനു നാളുമൂന്നും
"ശ്ലേഷ്മാധിമന്ഥ"ത്തിനു സപ്തരാത്രം
"പിത്താധിമന്ഥ"ത്തിനു പഥ്യമാന്നും
ഇവററിനിച്ചൊന്നദിനംകഴിഞ്ഞാൽ
ചികിത്സചെയ്താൽ ഫലമില്ല നൂനം.

പോളമേലിരുപത്തുനാലുപ്രദേശംകുക്രുണവും
അതുപോളയിലേയുള്ളൂ. പിന്നെ സന്ധിയിലൊമ്പതു
വെള്ളയിൽ പതിനഞ്ചുണ്ടു പിന്നെയഞ്ചുകറുപ്പിലും
വാതംപിത്തംകഫംരക്തമിവനാലുംനിമിത്തമായ്
സൂക്ഷ്മത്തിൽപതിനഞ്ചുണ്ടു തിമിരാദികളുള്ളതു്
വാതംനിമിത്തമായ്നാലുമഞ്ചുപിത്തത്തിലുള്ളതും
കഫംനിമിത്തമായ്മൂന്നും രക്തനൈമിത്തികം ത്രയം
ഷട്ക്ക“ന്നകുലദൃഷ്ട്യാദി” ‘ശ്ലേഷ്മാന്തോപദ്രവാ’ശ്ച ഷട്
ഇങ്ങനേയിരുപത്തേഴ സൂക്ഷ്മത്തിന്മേൽ വരുന്നതു
പിന്നെ ഷോഡശസർവ്വാക്ഷിരോഗങ്ങളുമതഃപരം.
തൊണ്ണൂറേഴുണ്ടു രോഗങ്ങളൊക്കെക്കൂടീട്ടു കണ്ണിലു്
സംസർഗ്ഗസന്നിപാതംകൊണ്ടൊക്കെയും പലജാതിയാം
അതൊക്കെപ്പറയാവല്ല ലക്ഷണൈരവഗമ്യതാം.

ഇതി സർവ്വാക്ഷിരോഗവിജ്ഞാനം.

## നേത്രരോഗചികിത്സ

ഉത്തമാംഗത്തിലുണ്ടാകും വ്യാധികൾക്കു ചികിത്സകൾ
കണ്ണിലേതാദിയായിട്ടു ചുരുക്കിപ്പറയുന്നിതു്.
കൃച്ഛ്രോന്മീലാ രുഗ്നിമേഷൗ പിന്നെ വാതഹതാഭിധം
കുംഭികാ പൈത്തികോൽക്ലിഷ്ടം പക്ഷ്മശാതഞ്ച പോഥകി
കുഫോൽക്ലിഷ്ടഗ്രന്ഥികളും ലഗണോത്സംഗവും പുനഃ
നേത്രാശ്സ്സധിമാംസഞ്ചാ ∫ പ്യഞ്ജനം വിസവർത്മകം
ഉൽക്ലിഷ്ടം സികതാവർത്മകർദ്ദമം ബഹളം തഥാ
പക്ഷ്മോപരോധമലജി അർബ്ബുദഞ്ച കുക്രുണവും
പോളമേലിങ്ങനേയുണ്ടാം വ്യാധികൾക്കു ചികിത്സകൾ
പറവാൻതുനിയുന്നേൻഞാനനുഗൃഹ്ണന്തു ദേശികാഃ

### ഔഷധയോഗങ്ങൾ

1. മുന്തിരിങ്ങാക്കഷായത്തിൽ ഘൃതം മൃദ്വീകകല്ക്കമായ്
പചിച്ചു സിതയുംകൂട്ടി കണ്ണിൽനിത്തുകൊഴുക്കുക
പുകയ്ക്കാമെഴുതാം കണ്ണിലിതുകൊണ്ടുള്ള നസ്യമാം
ഇവയെല്ലാംപ്രയോഗിച്ചാൽ കൃച്ഛ്രോന്മീലം ശമിച്ചുപോം.
2. കുംഭികാം തേരകപ്പത്രംകൊണ്ടുരച്ചിട്ടു സൈന്ധവം
പൊടിച്ചിട്ടുതുടൻതന്നെ പടോലംധാത്രിയഷ്ടിഭിഃ

കഷായംകൊണ്ടൊഴുക്കുമ്പോൾ ശമിക്കും, ശമിയാഞ്ഞിലോ
മലത്തീട്ടുകിടത്തീട്ടു പിന്നെക്കാച്ചിയനീരിലും
നനച്ചതുണികൊണ്ടൊപ്പിക്കൺവിയപ്പിച്ചപോലമേൽ
പിടിച്ചുമണ്ഡലാഗ്രേണ വിലങ്ങിക്കീറിയാലുടൻ
ഉരപ്പൂമണ്ഡലാഗ്രേണ തേരകത്തിലകൊണ്ടുമാം
സിന്ധൂത്ഥം ഫേനവുംകൊള്ളാമൊന്നുകൊണ്ടതുരയ്ക്കണം
ചോരനന്നായ്തുടച്ചിട്ടു മൃദ്വീകാദിപൊടിച്ചിട്ടു
പിന്നെക്കാച്ചിയ നീർകൊണ്ടു കഴുകീട്ടുവിടെപ്പുനഃ
നെയ്പുരട്ടീട്ടു തലയിലെണ്ണയുംതേച്ചു കണ്ണിലും
മലപ്പൊടി ഘൃതംതേനുംകൂട്ടിയിട്ടിട്ടുകെട്ടുക
മൂന്നാംദിനമഴിച്ചിട്ടു പിന്നെ ദ്രാക്ഷാദികൊണ്ടതു്
നന്നായിക്കഴുകിക്കൊണ്ടു നസ്യവുംചെയ്ക നാലുനാൾ
നന്നായിനിത്തണംനെയ്യും കണ്ണിൽപ്പിന്നെച്ചൊറിച്ചിലോ
വീക്കംകരുകരുപ്പെന്നിതുണ്ടായാൽ പൂർവ്വവൽ ക്രിയാ.

3. വെളുത്തപാച്ചോററിക്കുള്ള പത്രമേരണ്ഡമൂലവും
അരച്ചുമൺപൊതിഞ്ഞിട്ടു ചുട്ടെടുത്തിട്ടു മണ്ണറെ
കഴുകിക്കൊണ്ടുണക്കീട്ടു നന്നായ്നേക്കെപ്പൊടിച്ചതു്
മുലപ്പാലിൽകലക്കീട്ടു കണ്ണിൽ നന്നായൊഴുക്കുക
ഉരയ്ക്കു കീറുകെന്നുള്ള കർമ്മങ്ങൾക്കിങ്ങനേ വിധി
ഇതൊക്കെയും ഗുരുക്കന്മാർ കാട്ടിക്കണ്ടിട്ടുചെയ്യണം.
പിടകകളുണ്ടായ്വന്നാൽ വ്രീഹിമുഖമെന്ന ശസ്ത്രമുനകൊണ്ടു
കീറിച്ചോത്തുകളഞ്ഞാൽ മൃദ്വീകാദികഷായധാരഗുണം
പിത്താസ്രോൽക്ലിഷ്ടങ്ങൾ ഉണ്ടായ്വന്നാലതിന്നുവഴിപോലെ
സ്വാദുസ്കന്ധംകൊണ്ടു കാച്ചിയനെയ്യ്നിത്തിയാൽശമിച്ചീടും.

4. പക്ഷ്മശാതത്തിനവിടെ സൂചിചുട്ടിട്ടുവയ്ക്കണം
അട്ടയിട്ടിട്ടുടൻ പിന്നെപ്പാൽതുത്ഥം തുളസീരസേ
അരച്ചുചെമ്പുപാത്രത്തിൽ പത്തുനാൾതേച്ചുലന്നതു
എടുത്തു തേനിലെഴുതു പക്ഷ്മശാതം ശമിച്ചുപോം.

5. പോഥകിം കീറിയപ്പോഴെ ചുക്കിന്തുപ്പും പൊടിച്ചിട്ടു
ശിഗ്രുനീർകൊണ്ടുകഴുകു പിന്നെപ്പൂർവ്വോക്തവൽക്രിയാ
കഫോൽക്ലിഷ്ടമരച്ചിട്ടു ചോരനന്നായ്കളഞ്ഞതിൽ
സക്ഷൗദ്രംകൊണ്ടുകഴുകിപ്പിന്നെശ്ലേഷ്മഹരങ്ങളാം
വമനാഞ്ജനനസ്യാദി 'ലഗണ'ത്തിന്നുമിങ്ങനെ
ഇതുകൊണ്ടുശമിക്കാഞ്ഞാൽ കാച്ചിയെന്നാൽ ശമിച്ചുപോം.

പക്ഷ്മോപരോധിയാം വ്യാധി കുറഞ്ഞോന്നുമുറിച്ചുടൻ
സൂചിയും തുല്യമായ് കുത്തിത്തുന്നിനന്നായുണക്കിയാൽ
തുല്യമൂരിക്കളഞ്ഞിട്ടു ധാര നെയ്യ്നിത്തുകെന്നിവ
ന്യഗ്രോധാദികഷായംകൊണ്ടൊഴുക്കീട്ടു വരട്ടുക
അതുകൊണ്ടുപൊറുക്കാഞ്ഞാൽ ശസ്ത്രംകൊണ്ടുചുട്ടു പുനഃ
കുക്രുണത്തിന്നു മാതാവെ ഛർദ്ദിപ്പിച്ചുവിരേചനം
ചെയ്യിക്കേണമതിന്നുള്ള മരുന്നിവ കൊടുക്കണം.

6. കൃഷ്ണാസർഷപയഷ്ട്യാഹ്വനാഗരം വമനത്തിന്ന്
7. അഭയാപിപ്പലീദ്രാക്ഷാകഷായം നന്നു വിരേചനേ
8. പിപ്പലീ നല്ലമുത്തങ്ങാ മഞ്ഞളും മരമഞ്ഞളും
അരച്ചു മുലമേൽതേച്ചിട്ടുപ്പിള്ളയ്ക്കുകൊടുക്കണം
തലയ്ക്കുതേപ്പാൻ മഞ്ജിഷ്ഠാദ്യെണ്ണയും ത്രിഫലാദിയും
കൊള്ളാമസനവില്വാദി, ചന്ദനാദ്യെണ്ണയും തഥാ
കണ്ണിൽ ദണ്ഡങ്ങളുള്ളോർക്കു വിശേഷിച്ചിവയുത്തമം.

## ൯. മൃദ്വീകാദികഷായം.

മൃദ്വീകാമധുകസുരദ്രുചന്ദനാബ്ദൈ-
സ്ത്ര്യൂഷാമലകഹരീതകീക്ഷുലോധ്രൈഃ
നിഷ്ക്വാഥസ്തരുരജനീയുതൈന്നിഷേകഃ
കർത്തവ്യോ മധുസഹിതോഽക്ഷിരോഗശാന്ത്യൈ.

മുന്തിരിങ്ങാ, എരട്ടിമധുരം, ദേവതാരം, ചന്ദനം, മുത്തങ്ങ, രാമച്ചം, ത്രിഫലത്തോട്, കരിമ്പിൻവേര്, പാച്ചോററിത്തൊലി, മരമഞ്ഞൾത്തൊലി ഇവ സമം കഷായംവച്ചു തേൻകൂടിചേർത്തു ഒഴുക്കുക. നേത്രരോഗം ശമിക്കും.

## 10. കണ്ണിൽഒഴുക്കാൻ.

ക്ഷീരേണ യഷ്ടിമധുകം തദ്വത് ശൃതസിതായുതം.

എരട്ടിമധുരം പാലിൽ കഷായംവച്ചു തേനും പഞ്ചസാരയുംകൂട്ടി ഒഴുക്കുക.

## 11. കർപ്പൂരാദികുഴമ്പ്

കർപ്പൂരസൈന്ധവപുരാണഘൃതോപകുല്യാ-
ധാത്രീഫലോഷണകപീതകരോഹിണീനാം
പിഷ്ടാഞ്ജനം നയനയോർമ്മധുനൈവ ദദ്യാത്
സർവ്വാക്ഷിവർത്മവികൃതിപ്രശമായ സദ്യഃ

കർപ്പൂരം, ഇന്തുപ്പ്, പഴയനെയ്യ്, ചെറുതിപ്പലി, നെല്ലിക്കാത്തോട്, കുരുമുളക്, പീതരോഹിണി ഇവ അരച്ചു (ഒടുവിൽ പഴയനെയ്യിൽ മർദ്ദിക്കു) ചെറുതേനും ചേർത്തു കണ്ണിൽ എഴുതുക. കൺപോളയിലേയും ഇമയിലേയും രോഗങ്ങൾക്കൊക്കെയും നന്ന്.

## 12. ന്യഗ്രോധാദിഗണം.

ന്യഗ്രോധപിപ്പലസദാഫലലോധ്റയുഗ്മ-
ജംബൂദ്വയാർജ്ജുനകപീതനസോമവല്കാഃ+
*പ്ലക്ഷാമ്രവഞ്ജുലപ്രിയാളപലാശനന്ദി
കോളീ കദംബവിരളാ മധുകം മധൂകം.

പേരാൽത്തൊലി, അരയാൽത്തൊലി, അത്തിത്തൊലി, പാച്ചോററിത്തൊലി, വെട്ടിത്തൊലി, ഞാവൽത്തൊലി, ഞാറത്തൊലി, നീർമരുതിൻതൊലി, കല്ലാലിൻതൊലി, വെൺകരിങ്ങാലിത്തൊലി ( +ഇതിനു തേരായത്തൊലി എന്നും ഓമത്തോൽ എന്നും ഭേദേയും പെരുമരത്തൊലി എന്നൊരു പക്ഷവും ഓരോ ഗ്രന്ഥങ്ങളിൽ കാണുന്നു.) ഇത്തിത്തൊലി, മാവിൻതൊലി, (* വൃക്ഷാമ്ലം എന്നുകൂടി പാഠം കാണുന്നതിനു മാപ്പുളി എന്നും ചിലർ മതിരാപ്പുളി എന്നും പറഞ്ഞുകാണുന്നു.) ആററുവഞ്ചിത്തൊലി, മുറിമരത്തിൻതൊലി, പ്ലാശിൻ തൊലി, നന്ത്യാർവട്ടത്തിൻതൊലി, ചെറിയലന്തത്തൊലി, (വെളുത്തചേലത്തൊലി എന്നും പക്ഷമുണ്ടു.) കടമ്പിൻതൊലി, പനച്ചിത്തൊലി, എരട്ടിമധുരം, ഇലിപ്പക്കാതൽ ഇവ ന്യഗ്രോധാദിഗണം. യഥായോഗ്യം ഇവ കഷായംവച്ചു ഒഴക്കുകയും ഇവ കഷായകല്ക്കങ്ങളാക്കി നെയ്യ് കാച്ചി സേവിപ്പിക്കുകയും മററു പലപ്രകാരത്തിൽ ഉപയോഗിക്കുയുമാവാം. (ഇതിൻെറ മററു ഗുണങ്ങൾ ചികിത്സകചിന്താമണി പരിശിഷ്ടം ൧൧൫-ാംയോഗം ൧൪൦-ാംപേജ് നോക്കുക.)

## 13. ഇക്ഷുമൂലാദി പുറമ്പട.

ഇക്ഷുമൂലമധുകാഞ്ജനദാർവീലോധ്റഗൈരികപടുത്രിഫലാഭിഃ
ലേപനം ബഹിരിദം നയനാനാം ക്ഷീരപിഷ്ടമപഹന്തി വികാരം.

കരിമ്പിൻവേരു്, എരട്ടിമധുരം, അഞ്ജനക്കല്ലു്, മരമഞ്ഞൾത്തൊലി, പാച്ചോററിത്തൊലി, കാവിമണ്ണു്, ഇന്തുപ്പു്, ത്രിഫലത്തോടു ഇവ പാലിലരച്ചു് പുറമ്പടയിടുക. നേത്രവികാരങ്ങൾ ശമിക്കും.

## 14. മുക്കാദി പുറമ്പട.

മുക്കാ ചെങ്കൽ കുളിരിണ നിശാദ്വന്ദ്വപാച്ചോററി ഗോപീ
പേരാൽമൊട്ടും കരുകയുമിരാമച്ചവും വേപ്പിലാ ച
പാലിൽ പിഷ്ട്വാ പുനരപി ദൃശോഃ പൂശിനാലാശ്രുതീരും
വീക്കം ചൂടും രുജയുമുടനേ രക്തതാപ്യഞ്ചുനാളിൽ.

ത്രിഫലത്തോടു്, കാവിമണ്ണു്, ചന്ദനം, രക്തചന്ദനം, പാട്ടമഞ്ഞൾ, മരമഞ്ഞൾത്തൊലി, പാച്ചോററിത്തൊലി, നറുനീണ്ടിക്കിഴങ്ങു്, പേരാൽമൊട്ടു്, കരുകനാമ്പു്, രാമച്ചം, വേപ്പില ഇവ പാലിൽ അരച്ചു പുറമ്പടയിടുക. വീക്കം, ചൂടു്, വേദന, ചുവപ്പു് ഇവ ശമിക്കും.

## 15, ഗുളിക.

അലം ദാരുവചാ പിഷ്ട്വാ സുരസാപത്രവാരിണാ
ഛായാവല്ത്രൂഷ്ണാ ഗുളികാ ക്ലിന്നവർത്മനിവാരണി.

അരിതാരം, ദേവതാരം, വയമ്പു് ഇവ തുളസിനീരിലരച്ചു ഗുളികയുണ്ടാക്കി കണ്ണിലെഴുതിയാൽ ക്ലിന്നവർത്മം ശമിക്കും.

ഇതി വർത്മരോഗചികിത്സ.

സന്ധിയിങ്കൽ ജലസ്രാവം കഫസ്രാവോപനാഹവും
രക്തസ്രാവം പൎവ്വണീ ച പൂയസ്രാവം തഥാ പുനഃ
പൂയാലസാലജീ ചൈവ കൃമിഗ്രന്ഥിയുമിങ്ങനെ
വ്യാധിയൊമ്പതിവററിന്റെ ചികിത്സപറയുന്നിത്
ഉപനാഹത്തെനന്നായി വിയൎപ്പിച്ചു ബഹിൎമ്മുഖം
എന്നപേരുള്ള ശസ്ത്രേണ കീറിയിന്തുപ്പുമിട്ടതിൽ
ഉരപ്പു മണ്ഡലാഗ്രേണ പിന്നെത്തിപ്പലി സൈന്ധവം
തേനിത്യാദികൾ വെച്ചിട്ടു കെട്ടു പിന്നേവ പൂൎവ്വവത്
പിന്നെപ്പടോലം നെല്ലിക്കാക്കഷായംവച്ചൊഴുക്കുക
പിന്നെപ്പൎവ്വണിയച്ചുണ്ടൽകൊണ്ടെടുത്തീട്ടു സന്ധിയിൽ
മൂന്നൊന്നിട്ടേച്ചു ഛേദിപ്പൂ വൃദ്ധിശസ്ത്രേണ സത്വരം
പിന്നെയൎമ്മത്തിനെപ്പോലെ ചെയ്തുകൊൾക ചികിത്സകൾ
വേണം പൂയാലസത്തിന്നു സിരാവേധം നടേപുനഃ
കെട്ടിക്കൊണ്ടുപഴുപ്പിച്ചാൽ പഴുപ്പിന്റെ ചികിത്സകൾ
കൃമിഗ്രന്ഥിയെ വേൎപ്പിച്ചു ചാണകംകൊണ്ടു മുമ്പിലെ
പിന്നെക്കീറിപ്പൊടിയുമിട്ടിട്ടു കെട്ടീട്ടൊഴുക്കുക
ഒക്കെയും പൂൎവ്വവത് കുൎയ്യാത് എന്നാലതു ശമിച്ചുപോം
പൂയാലസം ശമിക്കാഞ്ഞാൽ ശംഖുചുട്ടിട്ടു കാച്ചുക.

### ൧൬൩. രസാഞ്ജനാദി.

രസാഞ്ജനഞ്ച തുത്ഥഞ്ച യഷ്ടീമധുകമേവ ച
അഞ്ജനേന സമം പിഷ്ടം ജലസ്രാവനിബൎഹണം.

രസാഞ്ജനം, തുത്തു്, എരട്ടിമധുരം, അഞ്ജനക്കല്ലു്, ഇവ സമം അരച്ചു വത്തിയാക്കി അരച്ചെഴുതിയാൽ ജലസ്രാവം ശമിക്കും.

### ഇതി സന്ധിരോഗചികിത്സ.

ശുക്തികാപ്യധിമാംസഞ്ച ശുക്ലാൎമ്മഞ്ച വലാസകം
ഗ്രന്ഥിപിഷ്ടകവും പിന്നെ സിരോല്പാതം തതഃപരം
സിരാഹൎഷം സിരാജാലം ശോണിതാൎമ്മാധിമാംസകം
പ്രസ്താൎയ്യാൎമ്മഞ്ചാഞ്ജനഞ്ച സ്നാവാൎമ്മഞ്ച തഥാ പുനഃ
അധിമാംസാൎമ്മവുംപിന്നെ സിരാൎമ്മമിവയിങ്ങനെ
പതിനഞ്ചു വെളുപ്പിന്മേലിവററിന്റെ ചികിത്സകൾ
പിത്താഭിഷ്യന്ദവത്ചെയ്ക ശുക്തിക്കുള്ള ചികിത്സകൾ
വലാസപിഷ്ടകങ്ങൾക്കു കഫാഭിഷ്യന്ദവത് ക്രിയാ

മൃദുവായട്ടയിട്ടിട്ടു ചോരനീക്കുകയും വ്രണം
പിന്നെച്ചൊറിച്ചിലോ നീരോ ഉണ്ടാകിലതിലഞ്ജനം
‘ജാതിമുളകുസിന്ധൂത്ഥ’മാദിയായുള്ളതുത്തമം
സിരോല്പാതസിരാഹർഷസിരാജാലാഞ്ജനങ്ങളും
രക്തസ്യന്ദത്തിലെപ്പോലെ ചികിത്സിച്ചാൽ ശമിച്ചുപോം.
17 സിരോല്പാതേ വിശേഷിച്ചും തേനുംനെയ്യുമൊഴുക്കുക
18 സിരാഹർഷത്തിനെഴുത്തു തേൻ രസാഞ്ജനമെന്നിവ
19 അഞ്ജനത്തിന്നൊഴുക്കു തേൻ തൈരുനീർ പഞ്ചസാരയും
അർമ്മത്തുങ്കൽ പുകഞ്ഞിട്ടും ചുവന്നുംതൈരുപോലെയും
കാണപ്പെടുന്നതിന്നൊക്കെ ശുക്ലത്തിന്റെ ചികിത്സകൾ
ചെയ്തുകൊൾക വിശേഷിച്ചു കർപ്പൂരാദികുഴമ്പുമാം
അർമ്മം മുറിപ്പാനവനെ മലർത്തീട്ടുകിടത്തിയാൽ
തുണിവെണ്ണീറിൽമുക്കീട്ടുതൊപ്പിവേപ്പിച്ചു സൈന്ധവം
എഴുതിക്കണ്ണടപ്പിച്ചു നാരങ്ങാനീർപിഴിഞ്ഞുടൻ
തിരുമ്മിക്കണ്ണുളക്കീട്ടായർമ്മം മെല്ലെ മുറിക്കണം
തലനന്നായുറപ്പിച്ചു പിടിച്ചുംകൊണ്ടു കണ്ണിലെ
പോളനന്നായ്‌വിടർത്തീട്ടു ഇമമേലും പിടിച്ചുടൻ
കടക്കണ്ണിനെനോക്കിച്ചു മൂക്കററത്തുങ്കലേവരെ
ചൂണ്ടൽകൊണ്ടങ്ങെടുത്തിട്ടു കനീനികയിലോളവും
കൊണ്ടുചെന്നിട്ടുനാലൊന്നങ്ങിട്ടേച്ചിട്ടു മുറിക്കണം
കനീനികയ്ക്കും നീരോട്ടും ഞരമ്പുകളിലൊന്നിലും
തട്ടാതെകണ്ടിരിക്കേണം, തട്ടൽ നീരൊഴുകും തദാ
പിന്നെ മൂക്കിനെനോക്കിച്ചു, തേനിന്തുപ്പും നിറച്ചുടൻ
ചെറുചൂടുള്ളനെയ്യുകൊണ്ടു നനച്ചിട്ടെണ്ണതേയ്ക്കണം
പിന്നെത്തേൻനെയ്യുമാസ്ഥച്ചുംകെട്ടി മൂന്നാമതാം ദിനേ
അഴിച്ചുകഴുക്കു നല്ല മധുകക്വാഥവാരിണാ
പുങ്ങിങ്കുരുചതച്ചിട്ടു വെന്തപാൽകൊണ്ടൊഴുക്കുക
മഞ്ഞൾരണ്ടോടുപാച്ചോററിയിവനല്ലപടോലവും
മധുകഞ്ച മുരിക്കെന്നുള്ളിവററിന്റെ കഷായംക
തേനുംവീഴ്ത്തിയൊഴുക്കീട്ടു നടേത്തെപ്പോലെ കെട്ടിയാൽ
അഞ്ചാംദിനമഴിച്ചിട്ടു പിന്നെ വ്രണമുണങ്ങുവാൻ
ഉള്ളനെയ്യുമൊഴുക്കീട്ടു പിന്നെ നല്ലപുറമ്പട
ഉണ്ടാക്കിവച്ചുകൊണ്ടിട്ടു മെല്ലെമെല്ലെയുണക്കുക
ഇക്ഷുമൂലാദിയുംകൊള്ളാം മുക്തേത്ര്യാദിയുമുത്തമം

പുറമ്പടയ്ക്കു കണ്ണിന്നു ഇതുരണ്ടും പ്രധാനമാം
മുറിച്ചേടത്തൊട്ടുനാതിരേകമുണ്ടാകിലന്നുടൻ
ഒഴുക്കു ബൃംഹണം നന്നായെഴുത്തു കർശനങ്ങളെ
സിരാജാലമുരുമ്മിട്ടു പിന്നെക്കർപ്പൂരസൈന്ധവം
പുരാണഘൃതമെന്നുള്ള കുഴമ്പതിന്നുനല്ലതു്
പിന്നെച്ചെറിയ 'ഗോദന്താദി' 'കർപ്പൂരാഞ്ജനാദി'യും
'സിതാമനശ്ശിലേ'ത്യാദി ഇച്ചൊല്ലിയ കുഴമ്പുകാം
അമ്മത്തിനിവിടെച്ചൊല്ലി,ക്കൊള്ളാം മററുപലേതിനും
പ്രധാനം കണ്ണിലേയ്ക്കുള്ള മരുന്നിൽ പീതരോഹിണി
അതുകൊണ്ടിതു ചൊല്ലാത്തേടത്തും കൂട്ടിയരയ്ക്കണം.

## ൨൦. ജാതീമുകുളാദിവൎത്തി.

ജാതീമുകുളസിന്ധൂത്ഥദേവദാരുമഹൗഷധൈഃ
പിഷ്ടൈഃ പ്രസന്നയാവൎത്തി ശോഫകണ്ഡൂഘ്നമഞ്ജനം.

പിച്ചകമൊട്ടു് ഇന്തുപ്പു് ദേവതാരം ചുക്കു് ഇവ തെളിമദ്യത്തിലരച്ചു ഗുളികയാക്കി എഴുതുക. കണ്ണുവീങ്ങുന്നതും ചൊറിയുന്നതും ശമിക്കും.

## ൨൧ സ്ഫടികാദിഗുളിക.

സ്ഫടികം കുങ്കുമം ശംഖം മധൂകം മധുകാഞ്ജനം
ഇവറെറക്കൊണ്ടു ഗുളിക വ്യാധീനാം ലേഖനം പരം.

സ്ഫടികം കുങ്കുമപ്പൂ ശംഖ് ഇലിപ്പക്കാതൽ അതിമധുരം ഇവകൊണ്ടുണ്ടാക്കിയ ഗുളിക തേനിൽ അരച്ചു എഴുതുക. എല്ലാം വ്യാധികളേയും ലേഖനം ചെയ്യുന്നതാണു്.

## ൨൨. ഗോദന്താദി [൧] (ചെറുതു്)

ഗോദന്തം കുങ്കുമം ശംഖം സ്ഫടികം ചന്ദനം തഥാ
മനശ്ശിലാ ച രജനീ മധുകഞ്ച പ്രപേഷയേതു്
അൎമ്മേ ച തിമിരേ ശുക്ലേ ഗോദന്താദി പ്രശസ്യതേ.

പശുവിൻപല്ലു് കുങ്കുമപ്പൂവു് ശംഖ് സ്ഫടികം ചന്ദനം മനയോല മരമഞ്ഞൾത്തൊലി ഇരട്ടിമധുരം ഇവകൊണ്ടുണ്ടാക്കിയ ഗുളികയെഴുതിയാൽ അമ്മവും തിമിരവും ശുക്ലവും ശമിക്കും.

കൎപ്പൂരാഞ്ജനസീസപാരതകണാകൃഷ്ണാഃ പ്രപിഷ്ടാ തതഃ
നന്ദ്യാവൎത്തരസേ വിശോഷ്യ മധുനാ പിഷ്ടാ പുനൎഭാജനേ
സച്ഛേ സ്ഫാടിക ഏവവാ വിനിഹിതം ശുക്ലാൎമ്മകാചാപഹം
തൈമിര്യഞ്ച നിരാകരോതി സഹസാനേത്രാഞ്ജിതം സൎവ്വദാ ൨൩

കർപ്പൂരം അഞ്ജനക്കല്ലു് കാരീയം രസം തിപ്പലി ചെറുതിപ്പലി ഇവ നന്ത്യാർവട്ടനീരിലരച്ചു നിഴലിലുണക്കി തേനിലരച്ചു നല്ല പാത്രത്തിൽ (സ്ഫടികപ്പാത്രത്തിൽ) സൂക്ഷിച്ചുവച്ചു് എഴുതുക. ശുക്ലം അമ്മം കാചം തിമിരം ഇവ ശമിക്കും.

## ൨൪. സിതാമനശ്ശിലാദി

സിതാമനശ്ശിലൈലാലലവണോത്തമനാഗരം
അൽകർഷാംശമിതം താർക്ഷ്യം പലാർദ്ധഞ്ച മധൂദ്ധൃതം
അഞ്ജനം ശ്ലേഷ്മതിമിരപില്ലശുക്ലാർമ്മശോഷജിത്.

പഞ്ചസാര മനയോല ഏലത്തരി അരിതാരം ഇന്തുപ്പ് ചുക്ക് ഇവ ഒന്നരക്കഴഞ്ചുവീതം. മാക്കീരക്കല്ല് നാ കഴഞ്ചു് ഇവയെല്ലാം തേനിലരച്ചു കുഴമ്പാക്കി കണ്ണിൽ എഴുതുക. ശ്ലേഷ്മതിമിരം, പില്ലം, ശുക്ലം, അർമ്മം, ശോഷം ഇവ ശമിക്കും.

ഇതി സിരാചികിത്സ.

ക്ഷതം ശുക്ലം ശംഖശുക്ലം ശുദ്ധശുക്ലന്തഥാജകാ
സിരാശുക്ലമിതഞ്ചിന്നും കറുപ്പിന്മേൽ സമുത്ഭവം
ഇവററിന്നു പ്രയോഗിപ്പാൻ കർപ്പൂരാദികുഴമ്പുമാം
ഗുളികാപി ച ഗോദന്താദിയും നന്നിതിവററിന്നു്.
25 ത്രിഫലത്തെ ശുദ്ധിചെയ്തിട്ടു കർപ്പൂരം പീതരോഹിണി
സമംകൂട്ടിപ്പൊടിച്ചുണ്ടാം പൊടിയർമ്മാസ്ഥിശുക്ലജിത്
26 അത്താഴമുണ്ടാൽ സേവിപ്പൂ വരാചൂർണ്ണം വരാഘൃതം
പിന്നെത്തിക്തകവുംനന്നു ശുക്ലാർമ്മതിമിരാപഹം
നെററിമേൽ ചോരനീക്കേണം വിരേചിപ്പിക്കയുംഗുണം
നസ്യംതന്നെ ശിരസ്സിന്നും നേത്രത്തിന്നും വിരേചനം
27 വ്രണശുക്ലേവിശേഷിച്ചു ത്രിവൃത്കഷായേ പചിച്ചനെയ്
മൂന്നുവട്ടം കുടിക്കേണമെന്നാലാശു ശമിച്ചുപോം.
28 പിന്നെച്ചുവപ്പും ചൊറിക പാരം കരുകരുക്കയും
എല്ലാമുണ്ടായ്വരുന്നാകിൽ നന്നു തീക്ഷ്ണാഞ്ജനാഞ്ജനം
ആമ്രകാകോളിമൃദ്വീകാദാർവീമധുകസാധിതം
ആട്ടിൻപാൽ സിതയുംകൂട്ടീട്ടൊഴുക്കു ശുക്ലനാശനം.
'വത്സയോജാതി'യെന്നുള്ള ഗുളികാ 'ദന്തവർത്തി'യും
വർത്തി'സ്തമാലപത്രാദി' ശുക്ലങ്ങൾക്കിവയത്ഭുതം
വ്രണാദിക്കൊക്കെയും നന്നു് 'രത്നാദിഗുളികാ'ദൃശി
'ബൃഹതീമൂലയഷ്ട്യാദി' 'മഹാനിലാഖ്യ'വർത്തിയും
സർവ്വശുക്ലം പ്രശമയേത് 'ശംഖകോലാസ്ഥി'യാദിയാം
'ചൂർണ്ണവുംനന്നു ശുക്ലത്തെ'യുരച്ചുകളയും ദ്രുതം
'മുസ്താദിവർത്തി'യുംനന്നു നല്പനീർമരുതിൻരസേ
അരച്ചെഴുതുകിൽ ശുക്ലം ഒക്കെയും പോമയത്നമായ്
വ്രണശുക്ലത്തിന്നു നടേ ചൊല്ലീട്ടുള്ള ചികിത്സകൾ
സിരാശുക്ലത്തിന്നുംചെയ്ക 'പുണ്ഡ്രയഷ്ട്യാഹ്വ'വർത്തിയും

അജഗല്ലശമിക്കാഞ്ഞാൽഅമ്മത്തിൻെറ ചികിത്സകൾ
ചെയ്യേണമന്നോവുകത്തോടു വീക്കമോ വരികിൽ പുനഃ
നന്നായിട്ടെണ്ണനെയ്യ്സേവചോരനീക്കുകയെന്നൊരോ
ചികിത്സചെയ്തുകൊള്ളേണമതുനന്നായ് ശമിപ്പോളം
അവിടെപ്പൊങ്ങിയിട്ടുള്ള പൊക്കത്തെക്കളവാൻ പുനഃ
29 ഉണക്കച്ചാണകം നല്ല ചിരട്ട മുള ചേക്കുരു
കരിമ്പനത്തണ്ടുമിവ ചുട്ടുവെണ്ണീർ കലക്കിയാൽ
തെളിഞ്ഞനീരരിച്ചിട്ടു ധാരയിട്ടാലൊഴിഞ്ഞുപോം
എന്നാലജഗ നന്നായി ശമിച്ചില്ലെന്നിരിക്കിലോ
സൂചികൊണ്ടു വിലങ്ങത്തിൽ കുത്തിക്കൊണ്ടിട്ടുമെല്ലവേ
ചൂണ്ടാണിയുംപെരുവിരൽകൊണ്ടുഞെക്കീട്ടൊഴിക്കണം
അതിൻെറയുള്ളിലേവെള്ളം പിന്നെ'ദ്രാക്ഷാദി'കണ്ണില്
നിറച്ചുമുമ്പിലേപ്പോലെ കെട്ടീട്ടേഴാമതാംദിനം
അഴിച്ചു കൺസമംവന്നാൽ നസ്യസ്നേഹാഞ്ജനാദികം
'ത്രിഫലാദിഘൃതം'കൊണ്ടു് ശുക്ലരോഗസ്യ നസ്യമാം
സേവിപ്പാനുത്തമംതേപ്പാൻ'മഞ്ജിഷ്ഠാ'ദ്യപി തൈലവും
കൊള്ളാം'മസനവില്വാദി''ത്രിഫലാദ്യ'ഞ്ച തൈലവും
'ഭൃംഗാമലകമാദ്യഞ്ച' നന്നു കണ്ണിനിതൊക്കെയും
'ഘനനാദശിഫായഷ്ടി'യെന്നനെയ്യ്കൊണ്ടൊഴുക്കുക
അഭിഷ്യന്ദാധിമന്ഥാക്ഷിപാകേഽപി ച പഴപ്പിനും
തടാകശുക്തിസാരാദ്യം നെയ്യും ശുക്ലത്തിനുത്തമം
ഒഴുക്കാമെഴുതാം കണ്ണിലുപദേശം ഹി ശുക്ലകേ
കരിമ്പനത്തണ്ടുവാട്ടിപ്പിഴിഞ്ഞുണ്ടായ്വരും രസേ
തേനുംക്കൂട്ടീട്ടൊഴിക്കിൽ ശുക്ലമെല്ലാമൊഴിഞ്ഞുപോം.
30 കാക്കപ്പൂവിൻെറമൂലത്തെപ്പിഴിഞ്ഞുണ്ടായ്വരുംരസം
ഒഴുക്കിലൊഴിയും ശുക്ലം കക്കയുഃതേനുമായുമാം
'ചന്ദനംസൈന്ധവംപത്ഥ്യേ'ത്യാദിയായുള്ള ചൂർണ്ണവും
ഉരച്ചുനിക്കുമമ്മത്തെ ശുക്ലത്തേയും തെരുന്നനെ.
31 തടാകശുക്തിമാംസത്തെ മുലപ്പാലിലൊഴുക്കിലും
എഴുതു നെയ്യിലെന്നാലും വ്രണശുക്ലാജഗാപഹം
'തടാകശുക്തിമാംസസ്യ രസേ' എന്നുള്ളനെയ്മുഹുഃ
ഒഴുക്കാമെഴുതാമെന്നാൽ വ്രണശുക്ലാജഗാപഹം
വൈഡൂര്യസ്ഫടികാദ്യന്തു വ്രണശുക്ലഹരം പരം
'താമ്രാദികം'കൊണ്ടുന്തേനം ക്ഷതശുക്ലാമ്മനാശിനീ
ഉഷ്ണങ്ങൾക്കൊക്കെയുംനന്നു 'നാളികേരരസക്രിയാ'

## 32. കർപ്പൂരസ്ഫടികാദിരസക്രിയ

കർപ്പൂരം സ്ഫടികം വരാടമരിചം ദാർവ്വീ കണാ സൈന്ധവം
തുത്ഥം പീതകരോഹിണീ ജലനിധേഃ ഫേനന്തഥാ ഗൈരികം
താർക്ഷ്യം ശംഖമഥാഞ്ജനഞ്ച മധുകം സഞ്ചൂർണ്ണ്യ സമ്യക്കൃതാ
ക്ഷൌദ്രേണൈവ രസക്രിയേയമഖിലാംക്ഷ്യാമയം നാശയേത്

കർപ്പൂരം, സ്ഫടികം, കവടി, പഴമുളക്, മരമഞ്ഞൾത്തൊലി, ചെറുതിപ്പലി, ഇന്തുപ്പ്, തുത്ത്, പീതരോഹിണി, കടൽനുര, കാവിമണ്ണ്, മാക്കീരക്കല്ല്, ശംഖ്, അഞ്ജനക്കല്ല്, എരട്ടിമധുരം ഇവ പൊടിച്ചതു സമം. നല്ലപോലെ ശീലവടി കൊണ്ട് (ഏഴു ശീലയിൽ കെട്ടി തളികപ്പുറത്തു തട്ടി ശീലപ്പൊടി ഇട്ടു) ചെറുതേൻ വീഴ്ത്തി ൧൫ നാഴികനേരമരച്ച് കർപ്പൂരംകൂട്ടി അഞ്ചുനാഴികനേരമരച്ചു കണ്ണിൽ എഴുതുക. എല്ലാ നേത്രരോഗങ്ങളും ശമിക്കും.

## 33. ഗോദന്താദി (൧)

ഗോദന്തം കുക്കുടാണ്ഡം കരിവരദശനം ക്രമ്മപൃഷ്ഠം വരാടം
സാരംഗോത്ഭൂതശൃംഗം ജലധിമലമലം താമ്രചൂർണ്ണം സതുത്ഥം
കർപ്പൂരം ഗർദ്ദഭാസ്ഥിസ്ഫടികമപി മധൂച്ഛിഷ്ടമക്ഷ്ണോ-
ന്നിഷിഞ്ചേത്
ശ്ശുക്ലേ കാല്പ്പാടകാലക്ഷതരുജിഭിഷജാമുഷ്ടിരേഷഃ പ്രദിഷ്ടഃ

പശുവിൻപല്ല്, കോഴിമുട്ടത്തോട്, ആനപ്പല്ല്, ആമയോട്, കവടി, കലക്കൊമ്പ്, കടൽനുര, അരിതാരം, ചെമ്പുപൊടി, തുത്ത്, കർപ്പൂരം, കഴുതയെല്ല്, സ്ഫടികം, മെഴുക്, പീതരോഹിണി ഇവ കഷായംവെച്ചു ഒഴുക്കുകയും അരച്ചു ഗുളികയാക്കി, നിഴലുണക്കി തേനിലരച്ചു എഴുതുകയുമാം.

## 34. തുത്ഥാഞ്ജനം.

ഗോമൂത്രേ ഛഗല (ണ) രസേഽമ്ലകാഞ്ചികേ ച
സ്ത്രീസ്തന്യേ ഹവിഷി വിഷേ ച മാക്ഷികേ ച
യത് തുത്ഥം ജ്വലിതമനേകശോ നിഷിക്തം
തൽ കുര്യാത് ഗരുഡസമം നരസ്യ ചക്ഷുഃ

തുത്ഥാഞ്ജനം, ഗോമൂത്രം, ആട്ടിൻമൂത്രം, പുളിച്ച വെപ്പുകാടി (പുളിയിലനീർ കാടി ഇവ എന്നും പാഠാന്തരം) മുലപ്പാൽ, നെയ്യ്, വെള്ളം, തേൻ, തുത്ഥം ഇതിൽ ഓരോന്നിൽ ഏഴേഴുവട്ടം ചുട്ടിട്ടു ശുദ്ധിവരുത്തി എടുത്തു പൊടിച്ചു കണ്ണിലെഴുതുക. എല്ലാം വ്യാധികളും ശമിക്കും. ഗരുഡന്റെ കണ്ണുപോലെ കാണും.

## 35. ജാതീമുകുളാദി (ചന്ദനാദി) ഗുളിക

വർത്തയോ ജാതിമുകുളലാക്ഷാചന്ദനഗൈരികൈഃ
പ്രസാദയന്തി പിത്താസ്രം ഘ്നന്തി ച ക്ഷതശുക്ലകം.

പിച്ചകമൊട്ട്, കോലരക്ക്, ചന്ദനം, കാവിമണ്ണ് ഇവകൊണ്ടുള്ള ഗുളിക രക്തപിത്തപ്രസാദംവരുത്തും. ക്ഷതശുക്ലം ശമിപ്പിക്കും.

## 36. ദന്തവർത്തി.

ദന്തൈർദ്ദന്തിവരാഹോഷ്ട്രഗവാശ്വാജഖരോത്ഭവൈഃ

സശംഖമൗക്തികാംഭോധിഫേനൈൎമ്മരിചവാളകൈഃ
ക്ഷതശുക്ലമപി വ്യാപി ദന്തവൎത്തിൎന്നിവൎത്തയേത്.

ആനപ്പല്ല്, പന്നിത്തേററ, ഒട്ടകത്തിൻപല്ല്, പശുവിൻപല്ല്, കുതിരപ്പല്ല്, ആട്ടിൻപല്ല്, കഴുതപ്പല്ല്, ശംഖ്, മുത്തുമണി, കടൽനുര, മുളക്, ഇരുവേലി ഇവ പച്ചവെള്ളത്തിലരച്ചുണ്ടാക്കിയ ഗുളിക ക്ഷതശുക്ലത്തെ ശമിപ്പിക്കും.

### 37. തമാലപത്രാദി.

തമാലപത്രം ഗോദന്തം ശംഖം ഫേനോസ്ഥി ഗാൎദ്ദഭം
താമ്രഞ്ച വൎത്തിൎമ്മൂത്രേണ സൎവ്വശുക്ലവിനാശിനീ.

പച്ചില, പശുവിൻപല്ല്, ശംഖ്, കടൽനുര, കഴുതയെല്ല്, ചെമ്പുപൊടി ഇവ സമം ഗോമൂത്രത്തിലരച്ചുണ്ടാക്കിയ ഗുളിക എല്ലാ ശുക്ലത്തെയും ശമിപ്പിക്കും.

### 38. രത്നാദിഗുളിക (ചെറുത്)

രത്നാനി ദന്താഃ ശൃംഗാണി ധാതവഃ തൃൂഷണന്ത്രുടി
കരഞ്ജബീജം ലശുനം വ്രണസാദി ച ഭേഷജം

നവരത്നങ്ങൾ=മാണിക്കം, മുത്തു, വൈഢൂൎയ്യം, ഗോമേദകം, വൈരം, പത്മരാഗം, മരതകം, പവിഴം, നീലം. 36-ാം യോഗത്തിൽ പറഞ്ഞ പല്ലുകൾ എല്ലാം. ശൃംഗങ്ങൾ=കലക്കൊമ്പ്, ആനക്കൊമ്പ്, പന്നിത്തേററ, പശുവിൻകൊമ്പ്, ആട്ടിൻകൊമ്പ്. ഇരുമ്പ്, ചെമ്പ്, ഉരുക്ക്, വെള്ളി. ചുക്ക്, മുളക്, തിപ്പലി, ഏലത്തരി, പുങ്കിൻകുരു, വെള്ളുള്ളി ഇവ പനിനീരിലരച്ചുണ്ടാക്കിയ ഗുളിക വ്രണശുക്ലാദികൾക്കു നന്നു.

### 39. മഹാനീലഗുളിക.

ബൃഹതീമൂലയഷ്ട്യാഹ്വതാമ്രസൈന്ധവനാഗരൈഃ
ധാത്രീഫലാംബുനാ പിഷ്ടൈൎല്ലേപിതം താമ്രഭാജനം
യവാജ്യാമലകീപത്രൈഃ ബഹുശോ ധൂപയേത്തതഃ
തതഃ കുൎവ്വീത ഗുളികാസ്താലജക്ഷൗദ്രപേഷിതഃ
മഹാനീലാ ഇതി ഖ്യാതാഃ ശുദ്ധശുക്ലഹരാഃ പരം

ചെറുവഴുതിനവേര്, എരട്ടിമധുരം, ചെമ്പുപൊടി, ഇന്തുപ്പ്, ചുക്ക് ഇവ സമം നെല്ലിക്കാക്കഷായത്തിലരച്ചു ചെമ്പുപാത്രത്തിൽ തേച്ച് യവവും നെല്ലിയിലയുംകൂടെ നെയ്യുംപുരട്ടി തീയിലിട്ട് ഈ പുക മരുന്നിന്മേലേല്പിക്ക. പിന്നെ എടുത്ത് ഗുളികയുരുട്ടി നിഴലുണക്കി വെള്ളത്തിലോ തേനിലോ അരച്ചു കണ്ണിൽ എഴുതുക. ശുദ്ധശുക്ലം ശമിക്കും.

### 40-41-42. ശംഖകോലാസ്ഥ്യാദിയോഗങ്ങൾ.

ശംഖകോലാസ്ഥികതകദ്രാക്ഷാമധുകമാക്ഷികൈഃ
മുരദന്താൎണ്ണവമലൈഃ ശിരീഷകുസുമാന്വിതൈഃ
ധാത്രീഫണിഞ്ജകരസൈഃ ക്ഷാരോലാംഗലികീഭവഃ
ഉഷിതഃ ശോഷിതശ്ചൂൎണ്ണം ശുക്ലഘൎഷണമഞ്ജനം

ശംഖ്, ലന്തക്കുരു, തേററാമ്പരൽ, മുന്തിരിങ്ങാപ്പഴം, എരട്ടിമധുരം, മാക്കീരക്കല്ല് ഇവ വെള്ളത്തിലരച്ചുണ്ടാക്കിയ ഗുളികയും—കടൽനാക്ക്, കടൽനുര, നെന്മേനിവാകപ്പൂവ് ഇവ വെള്ളത്തിലരച്ചുണ്ടാക്കിയ ഗുളികയും, ശുക്ലത്തെ ശമിപ്പിക്കും.

നെല്ലിക്കാത്തോട്, കഞ്ചുകം ഇവ കഷായംവച്ച് മേത്തോന്നികൊണ്ടു ക്ഷാരമുണ്ടാക്കി കഷായത്തിൽ കലക്കി, മൂന്നുദിവസംകിടന്നു വററിച്ചു ഉണക്കിപ്പൊടിച്ചു പൊടി എഴുതിയാൽ ശുക്ലം നേത്ത്രു പോകും.

മേത്തോന്നിക്ഷാരമുണ്ടാക്കുന്ന പ്രകാരം — മേത്തോന്നിക്കിഴങ്ങ് കലത്തിലിട്ട് അടുപ്പത്തുവച്ചു തിയിട്ടു വെന്തു വെണ്ണീറായാൽ എടുത്തുകൊൾക.

## 43. ഗോദശനാദിവത്തി.

ഗോഖരാശ്വോഷ്ട്രദശനാഃ ശംഖഃ ഫേനസമുദ്രജഃ
വത്തിരജ്ജുനതോയേന പിഷ്ട്വാ ശുക്ലകനാശിനീ.

പശുവിൻപല്ല്, കഴുതപ്പല്ല്, കുതിരപ്പല്ല്, ഒട്ടകപ്പല്ല്, ശംഖ്, കടൽനുര ഇവ നീർമരുതിൻനീരിലരച്ചുണ്ടാക്കിയ ഗുളിക ശുക്ലത്തെ ശമിപ്പിക്കും.

## 44. പുണ്ഡ്രയഷ്ട്യാദിവത്തി.

പുണ്ഡ്രയഷ്ട്യാഹ്വകാകോളീ സിംഹീ ലോഹനിശാഞ്ജനം
കല്ക്കിതം ഛാഗദുഗ്ദ്ധേന സഘൃതൈർധൂപിതം യവൈഃ
ധാത്രീപത്രൈശ്ച പശ്ചാദ്യാത് വത്തിർന്നേത്രാഞ്ജനം പരം

കരിമ്പിൻവേര്, എരട്ടിമധുരം, കാകോളി, ചെറുവഴുതിനവേര്, ഉരുക്കുപൊടി, മഞ്ഞൾ, അഞ്ജനക്കല്ല് ഇവ സമം ആട്ടിൻപാലിലരച്ചു യവം നെയ്യുപുരട്ടി തീയിലിട്ടു പുക മരുന്നിലേല്പിച്ചു നെല്ലിയിലയും അതിൻവണ്ണംതന്നെ ഇട്ടു പുകയേല്പിച്ചു രണ്ടും പകർന്നുപകർന്നു പുകയേല്പിച്ചു ഗുളികയുണ്ടാക്കി കണ്ണിലെഴുതുക. ശുക്ലം ശമിക്കും.

## 45. ഘനനാദശിഫാദി ഘൃതം

ഘനനാദശിഫായഷ്ടീ മൃണാളോല്പലചന്ദനൈഃ
സാഭിഷ്യന്ദാധിമന്ഥം തമക്ഷിപാകം നിഹന്തി തത്

പ്ലാശിൻതൊലി, താമരക്കിഴങ്ങ്, എരട്ടിമധുരം, താമരവളയം, ചെങ്ങഴിനീർക്കിഴങ്ങ്, ചന്ദനം ഇവകൊണ്ടുള്ള നെയ്യ് അക്ഷിപാകാദികൾ ശമിപ്പിക്കും.

## 46. തടാകശുക്തിസാരാദി ഘൃതം

തടാകശുക്തിസാരഞ്ച ശിഗ്രുപത്രരസസ്തഥാ
നന്ദ്യാവത്തപ്രസൂനസ്യ സ്വരസസ്താലജോരസഃ
ക്ഷീരം ക്ഷീരോത്ഥിതം സർപ്പിഃ പ്രത്യേകം കുഡുബോന്മിതൈഃ
ദാവീചന്ദനയഷ്ട്യാഹ്വൈഃ കർഷാംശൈർവ്വിപചേത് ഘൃതം
സിദ്ധന്തത് വ്രണശുക്ലാർമ്മസ്യന്ദാദിഷ്വക്ഷിതർപ്പണം.

കക്കാനീര്, മുരിങ്ങയിലനീര്, നന്ത്യാർവട്ടപ്പൂവിൻനീര്, കരിമ്പനത്തണ്ടിൻനീര്, പാല്, പാൽ കടഞ്ഞെടുത്ത നെയ്യ് ഇവ നാഴിവീതം. മരമഞ്ഞൾതൊലി, ചന്ദനം, എരട്ടിമധുരം ഇവ ന കഴഞ്ചുവീതം കൽക്കംചേർത്തു കാച്ചി മെഴുകുപാകത്തിലരിച്ചു വ്രണശുക്ലാദികൾക്ക് ഒഴുക്കുവാനും നിർത്തുവാനും നന്ന്.

## 47. മധുനാ താലവൃന്തസ്യ സ്വരസഃ ശുക്ലനുത് പരം

കരിമ്പനത്തണ്ട് വാട്ടിപ്പിഴിഞ്ഞു തേൻകൂട്ടി ഒഴുക്കുക ശുക്ലം ശമിക്കും.

48. ചന്ദനം സൈന്ധവം പത്ഥ്യാപലാശതരുശോണിതം
ക്രമവൃദ്ധമിദം ചൂർണ്ണം ശുക്ലാർമ്മാദിവിലേഖനം.

ചന്ദനം ൧. ഇന്തുപ്പ ൨. കടുക്കാത്തോട ൩. പ്ലാശിൻപശ ൪ ഇങ്ങനെ ഭാഗങ്ങൾ ചേർത്തുണ്ടാക്കുന്ന ചൂർണ്ണം ശുക്ലാർമ്മാദികൾക്കു നന്നു്.

49. തടാകശുക്തിജം മാംസം സ്തന്യേന പരിഷേചയേത്
സഘൃതം ലേപിതം നേത്രേ വ്രണശുക്ലാജഗാപഹം

നത്തയ്ക്കാ (ഞവഞ്ഞി) മാംസം മുലപ്പാലും നെയ്യുംകൂട്ടി കണ്ണിൽ ഒഴിക്കുക. വ്രണശുക്ലം അജക ഇവ ശമിക്കും.

50. തടാകശുദ്ധിമാംസസ്യ രസേ ക്ഷീരഘൃതം പചേത്
കല്ക്കിതൈര്യഷ്ടിമധുകതണ്ഡുലീയകചന്ദനൈഃ
തർപ്പണാത് പരിഷേകാച്ച വ്രണശുക്ലാജഗാപഹം

നത്തയ്ക്കാ (ഞവഞ്ഞി) മാംസരസം ചേർത്തു പാലും നെയ്യും (പാൽ കടഞ്ഞെടുക്കുന്ന നെയ്യെന്നും പക്ഷം) കൂട്ടി എരട്ടിമധുരം, ചെറുചീരവേരു്, ചന്ദനം ഇവ കല്ക്കംചേർത്തു കാച്ചിയരിക്ക. ഈ നെയ്യ് തർപ്പണത്തിനും ഒഴിക്കാനും നന്നു്. വ്രണശുക്ലം അജക ഇവ ശമിക്കും.

## 51. താമ്രാദിഗുളിക.

ദ്വിരഷ്ടൗ താമ്രജസഃ മധുകസ്യ ചതുർദ്ദശ
കുഷ്ഠസ്യ ദ്വാദശാംശാഃ സ്യുഃ വചായാശ്ച ദശൈവ തു
സൈന്ധവസ്യാഷ്ടഭാഗാസ്തു പിപ്പല്യാശ്ച ഷഡേവ തു
അജാക്ഷീരേണ സംപേഷ്യ താമ്രപാത്രേ പ്രലേപയേത്
താമ്രാദിഗുളികാ നാമ്നാ വിദേഹാധിപനിർമ്മിതാ.

൧൬ ഭാഗം ചെമ്പിൻപൊടി, ൧൪ ഭാഗം എരട്ടിമധുരപ്പൊടി, ൧൨ അംശം വെള്ളക്കൊട്ടം, ൧൰ ഭാഗം വയമ്പ്, ൮ ഭാഗം ഇന്തുപ്പ്, ൬ ഭാഗം ചെറുതിപ്പലി ഇവ ആട്ടിൻപാലിൽ നല്ലുപോലെ അരച്ചു ചെമ്പുപാത്രത്തിൽ തേച്ചു ഗുളികയുരുട്ടി എഴുതുക. ക്ഷതശുക്ലാദികൾ ശമിക്കും.

## 52. ഇളന്നീർകുഴമ്പു്.

ദാർവ്വീ വരാ മധുകമംഭസി നാളികേരേ
പക്ത്വാഽഷ്ടഭാഗപരിശിഷ്ടരസം പുനസ്തത്
സാന്ദ്രം വിപാച്യ ശശിസൈന്ധവമാക്ഷികാഢ്യം
യുഞ്ജ്യാത് വ്രണാർമ്മതിമിരാദിഷു പിത്തജേഷു.

മരമഞ്ഞൾത്തൊലി ൨ പലം. ത്രിഫലത്തോട ൨ പലം. എരട്ടിമധുരം ൩ പലം ഒമ്പതിടങ്ങഴി ഇളന്നീർവെള്ളത്തിൽ ചതച്ചിട്ട് എട്ടിലൊന്നാക്കി ശേഷിപ്പിച്ചു പിഴിഞ്ഞരിച്ചു കുറുക്കി മെഴുകുപാകത്തിനല്പംമുമ്പ് വാങ്ങി കുഴിയമ്മിയിലാക്കി ആറിയാൽ ൧൰ നാഴികയരച്ച് തേൻവീഴ്ത്തി അഞ്ചുനാഴികയരച്ച ഇന്തുപ്പ മുക്കാൽ കഴഞ്ചു്, പീതരോഹിണി പച്ചക്കർപ്പൂരം മുമ്മൂന്നുകഴഞ്ചു് ഇവയെല്ലാമിട്ടു ഏഴരനാഴികയരച്ചു എഴുതുക. പിത്തജങ്ങളായ വ്രണാർമ്മതിമിരാദികൾ ശമിക്കും.

കണ്ണിന്റെ സൂക്ഷ്മമണിമേൽ തിമിരംവന്നുകൂടിയാൽ
തിമിരത്തിന്നുടൻതന്നെ ചികിത്സിക്കേണമിങ്ങനെ:—
53 എരട്ടിമധുരം ചൂർണ്ണിച്ചതുയും ത്രിഫലപ്പൊടി
കൂട്ടിത്തേനിൽ കുഴച്ചിട്ടു സേവിക്ക തിമിരാപഹം

54 ത്രിഫലപ്പൊടിയും തേനും നെയ്യുംകൂട്ടിക്കുഴച്ചതു്
അത്താഴമുണ്ടാൽസേവിക്ക തിമിരാപഹരംപരം
അത്താഴമുണ്ടു കട്ടിന്മേലിരുന്നാൽ കാലുകൈമുഖം
നന്നായിക്കഴുകിത്തോർത്തി സേചിപ്പൂ കണ്ണിനുത്തമം
'ജീവന്ത്യാദിഘൃതം' നന്നു 'പടോലാദിഘൃതം' തഥാ
ഇവരണ്ടിന്റെയും യോഗം കൂട്ടിക്കാച്ചുകിലും ഗുണം
'ദ്രാക്ഷാചന്ദന'മെന്നുള്ള ഘൃതവും 'ത്രിഫലാഘൃതം'
'യഷ്ടീമധുക'മെന്നുള്ള 'മഹാത്രൈഫലകം ഘൃതം'
ഈനെയ്യുകളൊക്കെയുംനന്നു സേവിപ്പാൻതിമിരത്തിനു
എരട്ടിമധുരം മുക്കാ സമംകൊണ്ടു പൊടിച്ചതു്
കുഴച്ചു ത്രൈഫലഘൃതേ സേവിക്ക തിമിരാപഹം.
പൊടിച്ചിരട്ടിമധുരം മഹാത്രൈഫലകേ ഘൃതേ
അത്താഴമുണ്ടു സേവിക്കിൽ തിമിരം നാശയേതു് ദ്രുതം.

55 നെയ്യിൽ ത്രിഫലസേവിച്ചിട്ടുടനാമലകൈഃ ശൃതം
കഷായം സേവിക്കിലവനു ദൃഷ്ടി ഗരുഡതുല്യമാം.

56 എരട്ടിമധുരം വെള്ളി പൊന്നുരുക്കു് പഴേ ഘൃതം
സിതയെന്നിവയോരോന്നു കൂട്ടീട്ടാത്രിഫലപ്പൊടി
സേവിക്ക തിമിരത്തിന്നു നന്നെന്നു നിമി ചൊല്ലിനാൻ
പിന്നെയിപ്പൊടികൂട്ടിക്കൊണ്ടടയപ്പങ്ങൾ പായസം
പാൽപായസവുമെന്നോരോന്നുണ്ടാക്കീട്ടു ഭുജിക്കയും
വരാകഷായത്തിൽവച്ചിട്ടു വാക്കും ചോറുഭുജിക്കയും
തിമിരത്തിന്നു നന്നെന്നു ദിവ്യന്മാർപറയുന്നിതു.

## 57. ദ്രാക്ഷാചന്ദനാദിഘൃതം.

ദ്രാക്ഷാചന്ദനമഞ്ജിഷ്ഠാകാകോളീദ്വയജീവകൈഃ
സിതാശതാവരീമേദാപുണ്ഡ്രാഹ്വാമധുകോല്പലൈഃ
പചേജ്ജീർണ്ണഘൃതപ്രസ്ഥം സമക്ഷീരം പിചൂന്മിതൈഃ
ഹന്തി തതു് കാചതിമിരരക്തരാജീശിരോരുജഃ

മുന്തിരിങ്ങാപ്പഴം, ചന്ദനം, മഞ്ചട്ടി, കാകോളി, ക്ഷീരകാകോളി, ജീവകം, പഞ്ചസാര, ശതാവരിക്കിഴങ്ങു, മേദ, കരിമ്പു്, എരട്ടിമധുരം, ചെങ്ങഴിനീർക്കിഴങ്ങു്, ഇവ ന കഴഞ്ചുവീതം. പഴയ നെയ്യു് ഇടങ്ങഴി ൨. പാൽ ഇടങ്ങഴി ൨. ഈ നെയ്യു് കാചത്തിനും തിമിരത്തിനും ശിരോരോഗത്തിനും നന്നു്. തലവേദന കണ്ണിൽ രക്തരാജി തെളിയുക ഇവയ്ക്കും നന്നു്.

## 58. ത്രിഫലാദിഘൃതം.

ത്രിഫലാഷ്ടപലം കഷായ്യം പാദശേഷം ജലാഢകേ
തേന തുല്യപയസ്സേന ത്രിഫലാപലകല്കവാൻ

അർദ്ധപ്രസ്ഥോഘൃതാത്സിദ്ധഃ സിതയാ മാക്ഷികേണ വാ
യുക്തം പിബേത്തത്തിമിരി തദ്ഘൃക്തം വാ വരാരസം

ത്രിഫലത്തോട പല വം. നാലിടങ്ങഴിവെള്ളത്തിൽ കഷായംവച്ചു ഇടങ്ങഴി യാക്കി പിഴിഞ്ഞരിച്ചു ഇടങ്ങഴിപ്പാലും ഇരുനാഴിനെയ്യും ത്രിഫല കല്ക്കവുംചേൎത്തു കാച്ചിയരിച്ചു തേനോ പഞ്ചസാരയോ ത്രിഫലക്കഷായമോ അനുപാനമാക്കി ചേൎത്തു സേവിക്ക. തിമിരം ശമിക്കും.

## 59. മഹാത്രൈഫലഘൃതം.

യഷ്ടീമധുദ്വികാകോളിവ്യാഘ്രീകൃഷ്ണാമൃതോല്പലൈഃ
പാലികൈസ്സസിതാദ്രാക്ഷൈഃ ഘൃതപ്രസ്ഥം പചേത്സമൈഃ
അജാക്ഷീരവരാ വാശാ മാൎക്കവസ്വരസൈഃ പൃഥക്
മഹാത്രൈഫലമിത്യേതത് പരം ദൃഷ്ടിവികാരജിത്

എരട്ടിമധുരം കാകോളിരണ്ടും ചെറുവഴുതിനവേരു ചെറുതിപ്പലി ചിററമൃതു ചെങ്ങഴിനീർക്കിഴങ്ങു പഞ്ചസാര മുന്തിരിങ്ങാപ്പഴം ഇവ ഒരുപലംവീതം. നെയ്യ ഇടങ്ങഴി ൧. ആട്ടിൻപാൽ ത്രിഫലക്കഷായം ആടലോടകനീരു കയ്യോന്നിനീരു ഇവ ഇടങ്ങഴിവീതം. ഇവ കൂട്ടിക്കാച്ചിയരിച്ച നെയ്യ സേവിക്ക. കണ്ണിലെ രോഗങ്ങളും എല്ലാം ശമിക്കും.

60 താപ്യായോഹേമയഷ്ട്യാഹ്വസിതാജീൎണ്ണാജ്യമാക്ഷികൈഃ
സംയോജിതം യഥാകാമം തിമിരഘ്നി വരാപരം.

മാക്കീരക്കല്ലു ഉരുക്കുഭസ്മം സ്വൎണ്ണം എരട്ടിമധുരം പഞ്ചസാര പഴയ നെയ്യ് തേൻ ഇവ ഓരോന്നുകൂട്ടി ത്രിഫല സേവിക്ക. (ഇവ ഒരുമിച്ചുചേൎത്തു സേവിക്ക എന്നാണ് ശരിയായ അൎത്ഥം). തിമിരത്തിനു നന്നു്.

## 61. ഭാസ്കരചൂൎണ്ണം.

നിൎദ്ദഗ്ദ്ധം ബദരാംഗാരേ തുത്ഥം ചേത്ഥന്നിഷേവിതം
ക്രമാദജാപയസ്സൎപ്പിക്ഷൌദ്രേ തസ്മാത് പലദ്വയം
കാർഷികൈസ്താപ്യമരിചസ്രോതോജകടുകാനതൈഃ
പട്ടലോദ്ധ്രശിലാപത്ഥ്യാകണൈലാഞ്ജനഫേനകൈഃ
യുക്തം പലേന യഷ്ട്യാശ്വമൂഷാന്തൎദ്ധ്മാതചൂൎണ്ണിതം
ഹന്തി കാചാൎമ്മതിമിരരക്തരാജീസ്സശീലിതഃ
ചൂൎണ്ണോ വിശേഷാത്തിമിരം ഭാസ്കരോ ഭാസ്കരോ യഥാ.

തുത്ഥം, ലന്തവിറകിട്ടുചുട്ട കനലിൽ ഇട്ടു ഏഴേഴുവട്ടം ചുട്ടു ആട്ടിൻപാലിലും നെയ്യിലും തേനിലും ഇട്ടു എടുത്തു പലം ൨. മാക്കീരക്കല്ലു രസാഞ്ജനം കടുകരോഹിണി തകരം ഇന്തുപ്പു് പാച്ചോററിത്തൊലി മനയോല കടുക്കാത്തോടു് തിപ്പലി ഏലത്തരി അഞ്ജനക്കല്ലു കടൽനുര ഇവ മൂന്നുകഴഞ്ചുവീതം. എരട്ടിമധുരം പലം ൧. ഇവയൊക്കെ മൂശയിലിട്ടു ഊതി എടുത്തു പൊടിച്ചു കണ്ണിലെഴുതുക. കാചം അൎമ്മം രക്തരേഖ സിരോല്പാതം ഇവ ശമിക്കും. വിശേഷിച്ചു തിമിരത്തിനു നന്നു്.

62 ശ്രേഷ്ഠാരസം ഭൃംഗരസം വിഷമാജ്യമജാപയഃ
യഷ്ടീരസഞ്ച യത് സീസം സപ്തകൃത്വഃ പൃഥക് പൃഥക്.

തപ്താതപ്തപ്ലാവിതം തച്ഛലാകാ-
നേത്രേ യുക്താ സാഞ്ജനാ ഽനഞ്ജനാ വാ
തൈമിര്യാമ്ലസ്രാവപൈച്ഛില്യപൈല്ലം
കണ്ഡൂജാഡ്യം രക്തരാജിഞ്ച ഹന്തി.

ത്രിഫലക്കഷായം കയ്യോന്നിനീർവെള്ളം നെയ്യ് ആട്ടിൻപാൽ എരട്ടിമധുരക്കഷായം ഇവ ഓരോന്നിലും ഏഴേഴുവട്ടം ഇരുമ്പു ഉരുക്കിഒഴിച്ചെടുത്തു ആയതു എടുത്തു തല്ലിനീട്ടി ശലാകയാക്കി ചൂർണ്ണാഞ്ജനം പൊടിച്ചു പിരട്ടി കണ്ണിലെഴുതുകയും പൊടിക്കൂടാതെ ശലാകകൊണ്ടു തന്നെ ഉരയ്ക്കുകയുമാം. തിമിരം അമ്ലം കണ്ണിൽ വെള്ളംവരുന്നതു പൈച്ഛില്യം പില്ലം ചൊറി ചുഴപ്പു രക്തരാജി ഇവ ശമിക്കും.

63 രസേന്ദ്രഭുജഗൗ തുല്യൗ തയോസ്തുല്യമഥാഞ്ജനം
ഈഷത് കർപ്പൂരസഹിതമഞ്ജനം തിമിരാപഹം

രസം തുത്തനാകം ഇവ സമം ഇവയോടുസമം അഞ്ജനക്കല്ല് കുറഞ്ഞൊന്നു കർപ്പൂരവുംകൂട്ടി കണ്ണിൽ എഴുതുക. തിമിരം ശമിക്കും.

64 യോഗോദ്ധൃതസ്തരുണരവിപ്രകാശതുണ്ഡ-
സ്തസ്യാസ്യം സമയമൃതസ്യ ഗോശകൃത്ഭിഃ
നിർദ്ദഗ്ധം സമധൃതമഞ്ജനഞ്ച പേഷ്യം
യോഗോ ഽയം നയനബലം കരോതി ഗാഢം

കഴകനെക്കൊന്നു രണ്ടുനാഴികചെന്നാൽ പുഴുത്തുപോകും. അതിനുമുമ്പു കൊക്കു ചെത്തിയെടുത്തു ചാണകത്തീയിൽ ചുട്ടു ആ ഭസ്മവും അഞ്ജനക്കല്ലും കർപ്പൂരവും കൂടി പൊടിച്ചു എഴുതുക. തിമിരം ശമിക്കും.

65 കൃഷ്ണസർപ്പവദനേ സഹവിഷ്ഠം ദഗ്ധമഞ്ജനമനിസ്സൃതധൂമം
ചൂർണ്ണിതം നളദപത്രവിമിശ്രം ഭിന്നതാരമപി രക്ഷതി ചക്ഷുഃ

കരിമൂർഖൻപാമ്പിന്റെ വായിൽ നെയ്യും അഞ്ജനവുംകൂടെ നിറച്ചു മൺപൊതിഞ്ഞു പുകപോകാതെ ചുട്ടു എടുത്തു രാമച്ചപ്പുംകൂട്ടിപ്പൊടിച്ചു പൊടിയിടുക, കാചം ശമിക്കും.

66 കൃഷ്ണസർപ്പം മൃതം ന്യസ്യ ചതുരശ്ചാപി വൃശ്ചികാൻ
ക്ഷീരകുംഭേ ത്രിസപ്താഹം ക്ലേദയിത്വാ പ്രമന്ഥയേത്
തത്ര യന്നവനീതം സ്യാത് പുഷ്ണീയാത്തേന കുക്കുടം
അന്ധസ്തസ്യ പുരീഷേണ പ്രേക്ഷതേ ധ്രുവമഞ്ജനാത്

കരിമൂർഖൻപാമ്പു താനെ ചത്തുകിടന്നതിനെ ഒരു കുടത്തിലിട്ടു നിറയെപ്പാലും വീഴ്ത്തി നാലു തേളിനേയും അതിലിട്ടു മൂടിക്കെട്ടി ൨൧ ദിവസം കഴിഞ്ഞു അതുഴകിയാൽ കലക്കി ആ വെണ്ണ എടുത്തു കോഴിയെ തീററി ആ കോഴിയുടെ കാഷ്ഠം എടുത്തു എഴുതിയാൽ തിമിരവും കാചവും ശമിക്കും.

67 കൃഷ്ണസർപ്പവസാ ശംഖഃ കതകാൽഫലമഞ്ജനം
രസക്രിയേയമചിരാദന്ധാനാം ദർശനപ്രദം.

കരിമൂർഖപ്പാമ്പിന്റെ നെയ്‌വല ശംഖ് തേററാമ്പരൽ അഞ്ജനക്കല്ല് ഇവയൊക്കെ കൂട്ടി കുഴച്ചു ചമച്ചു എഴുതുക. പൊട്ടിഞ്ഞ കണ്ണും കാണും.

## 68 അപ്രതിസാരാഞ്ജനം.

മരിചാനിദശൈകാൎദ്ധം താപ്യാൽതുത്ഥാൽ പലംപിചുൎയ്യഷ്ട്യാഃ
ക്ഷീരാൎദ്രദശ്ധമഞ്ജനമപ്രതിസാരാഖ്യമുത്തമം തിമിരേ.

കുരുമുളകുമണി ൧൦. മാക്കീരക്കല്ല് ഒന്നരക്കഴഞ്ച്, തുത്ഥം പലം ൧. എരട്ടിമധുരം കഴഞ്ച് ൩. ഇവ പാലും നെയ്യുംകൂടി വീഴ്ത്തി അടുപ്പത്തുവച്ചു വററിച്ചു പുറഞ്ഞുപുകപോകാതെ ചുട്ടുപൊടിച്ചു കണ്ണിലെഴുതുക. തിമിരം ശമിക്കും.

69 അക്ഷബീജമരിചാമലകത്വക്
തുത്ഥയഷ്ടിമധുകൈൎജ്ജലപിഷ്ടൈഃ
ഛായയൈവ ഗുളികാ പരിശുഷ്കാ
നാശയന്തി തിമിരാണ്യചിരേണ.

താന്നിക്കാപ്പരിപ്പ് പഴയമുളക് നെല്ലിക്കാത്തോട് തുത്ഥം എരട്ടിമധുരം ഇവ വെള്ളത്തിലരച്ചു നിഴലുണക്കി ശുദ്ധജലത്തിൽ അരച്ചെഴുതുക. തിമിരം ശമിക്കും

## 70. ഷണ്മാക്ഷികം.

മരിചാമലകജലോത്ഭവതുത്ഥൈ-
രഞ്ജനധാതുയുതൈഃ ക്രമവൃദ്ധൈഃ
'ഷണ്മാക്ഷിക' ഇതി യോഗസ്തിമിരാ-
ൎമ്മക്ലേദകാചകണ്ഡൂഹന്താ.

പഴമുളക് ൧. നെല്ലിക്കാത്തോട് ൨. കടൽനുര ൩. തുത്ത് ൪. അഞ്ജനക്കല്ല് ൫. ചെമ്പ് ൬. ഇങ്ങനെ ഭാഗങ്ങൾ. ഇവയൊക്കെയുംകൂട്ടി വെള്ളത്തിലരച്ചു ഗുളികയാക്കി എഴുതുക. തിമിരം അൎമ്മം കണ്ണിന്റെ നലവു ചൊറി ഇവ ശമിക്കും.

## 71. വിമലവൎത്തി.

മധുകമരിചപിപ്പലീ സലോധ്ര
തരുരജനീത്രിഫലാഹിമാംബുപിഷ്ടാ
തിമിരപടലകാചകണ്ഡുഹന്ത്രീ
വിമലകരീ വിമലേതി വിശ്രുതാ സാ.

എരട്ടിമധുരം കുരുമുളക് ചെറുതിപ്പലി പാച്ചോററിത്തൊലി ദേവതാരം മഞ്ഞൾ ത്രിഫലത്തോട് ഇവ സമം പനിനീരിലരച്ചു ഗുളികയാക്കി പനിനീരിലെഴുതുക. തിമിരം കാചം പടലം ചൊറി ഇവ ശമിക്കും. വിമലഗുളികയെന്നുപേർ.

## 72. ചൂൎണ്ണാഞ്ജനം.

രത്നാനി രൂപ്യം സ്ഫടികം സുവൎണ്ണം
സ്രോതോഞ്ജനം താമ്രമയസ്സശംഖം
കുചന്ദനം ലോഹിതഗൈരികഞ്ച
ചൂൎണ്ണാഞ്ജനം സൎവ്വഗദാമയഘ്നം.

രത്നങ്ങൾ൯-ം പ്രവൃ-൦൦യോഗത്തിൽ വിവരിച്ചതു് വെള്ളി സ്ഫടികം സ്വൎണ്ണം രസാഞ്ജനം ചെമ്പുപൊടി ഉരുക്കുപൊടി രക്തചന്ദനം കോലരക്കു കാവിമണ്ണ്

ഇവ പൊടിച്ച ശീലവടികൊണ്ട് കർപ്പൂരവുംകൂട്ടി പൊടിയിടുക. കണ്ണിലെ സർവ്വവ്യാധിയും ശമിക്കും.

## 73. നസ്യത്തിന് ഔഷധം.

തിലതൈലമക്ഷതൈലം ഭൃംഗസ്വരസോഽസനാശ്ച നിര്യൂഹഃ
ആയസപാത്രവിപക്വം കരോതി ദൃഷ്ടേർബലം നസ്യം.

എണ്ണ താന്നിക്കാപ്പരിപ്പിന്റെ എണ്ണ കയ്യോന്നിനീര് വേങ്ങക്കാതൽ കഷായം ഇവ ഇരുമ്പുപാത്രത്തിൽ വച്ച് കാച്ചിയരിച്ച നസ്യം ചെയ്ക. തിമിരം ശമിക്കും.

## 74. ജീവന്ത്യാദിതൈലം

ജീവന്തികാ തുലാകഷായേ പ്രസ്ഥഷട്കേ സുപേഷിതാൻ
പാലികാനപി ജീവന്തീബലാത്രയശതാവരീൻ
യഷ്ട്യാ പലചതുഷ്കഞ്ച സംയോജ്യായസപാത്രകേ
തൈലപ്രസ്ഥം വിപാച്യാസ്മിൻ പാത്ര ഏവ നിധാപയേത്
മാസാന്തേ തേന കുർവീത നസ്യം തിമിരനാശനം.

ഒരുതുലാം അടപതിയൻകിഴങ്ങു കഷായംവച്ച് ൬ ഇടങ്ങഴിയാക്കി അടപതിയൻകിഴങ്ങു കുറുന്തോട്ടിവേര് വെൺകുറുന്തോട്ടിവേര് ഊരകത്തിൻവേര് ശതാവരിക്കിഴങ്ങു ഇവ ഓരോ പലം. എരട്ടിമധുരം പലം ൪. അരച്ചുകലക്കി ഒരിടങ്ങഴി എണ്ണചേർത്തു ഇരുമ്പുപാത്രത്തിൽവച്ചു കാച്ചിയരിച്ച ഒരുമാസം ഇരുമ്പുപാത്രത്തിൽവച്ചു അതുംകൊണ്ടു നസ്യംചെയ്ക. വാതതിമിരം ശമിക്കും.

## 75. സിതൈരണ്ഡാദിതൈലം.

സിതൈരണ്ഡജടാസിംഹീഫലദാരുവചാനതൈഃ
ഘോഷയാവില്വമൂലൈശ്ച തൈലം പക്വം പയോന്വിതൈഃ
നസ്യം സർവ്വോർദ്ധ്വജത്രൂത്ഥവാതശ്ലേഷ്മാമയാർത്തിനുത്.

വെളുത്തആവണക്കിൻവേര് ജടാമാഞ്ചി ചെറുവഴുതിനവേര് മലംകാരയ്ക്ക ദേവതാരം വയമ്പ് തകരം പീരത്തിൻകായ് കൂവളത്തിൻവേര് ഇവകല്ക്കമാക്കി എണ്ണയ്ക്കു സമം പാലുംചേർത്തു കാച്ചിഅരിക്ക. ഇതുകൊണ്ടു നസ്യംചെയ്താൽ ഊർദ്ധ്വജത്രൂത്ഥങ്ങളായ എല്ലാരോഗങ്ങളും വാതികശ്ലൈഷ്മികതിമിരങ്ങളും ശമിക്കും.

## 76. ശതാഹ്വാദിഘൃതം.

ശതാഹ്വാകുഷ്ഠനളദകാകോളിദ്വയയഷ്ടിഭിഃ
പ്രപൗണ്ഡരീകസരളപിപ്പലീദേവദാരുഭിഃ
സർപ്പിരഷ്ടഗുണക്ഷീരം പക്വം തർപ്പണമുത്തമം.

ശതകുപ്പ വെള്ളക്കൊട്ടം രാമച്ചം കാകോളിരണ്ടും എരട്ടിമധുരം പുണ്ഡരീകക്കരിമ്പു ചരളം തിപ്പലി ദേവതാരം ഇവ കല്ക്കം. നെയ്യും നെയ്യ്ക്കിരട്ടി പാലുംചേർത്തു കാച്ചിയരിച്ച കണ്ണിൽ നിർത്തുക.

77 മേദസസ്തദ്വൈണേയാത് ദുഗ്ദ്ധസിദ്ധാത് ഖജാഹതാത്
ഉദ്ധൃതം സാധിതം തേജോ മധുകോശീരചന്ദനൈഃ

മാനിന്റെ നെയ്യ് (വസ) പാൽവീഴ്ത്തിക്കാച്ചി ഉറ ഒഴിച്ചു കടഞ്ഞെടുത്തു് ചെറുപ്പുന്നയരി, എരട്ടിമധുരം, രാമച്ചം, ചന്ദനം ഇവ കൽക്കമാക്കിക്കാച്ചിയ നെയ്യ് നിത്തുക.

78. ഹ്രീബേരദാരുദ്വിനിശാകൃഷ്ണാകല്കൈഃ പയോയുതൈഃ
ദ്വിപഞ്ചമൂലനിര്യൂഹേ പക്വം തൈലഞ്ച നാവനം.

ഇരുവേലി, ദേവതാരം, മഞ്ഞൾ, മരമഞ്ഞൾത്തൊലി, തിപ്പലി ഇവ കല്കം. ദശമൂലം കഷായംവച്ചു് എണ്ണയും പാലും ചേർത്തു കാച്ചി നസ്യംചെയ്ക.

## 79. കൃഷ്ണാദിഗുളിക

കൃഷ്ണലോഹരജോവ്യോഷസൈന്ധവത്രിഫലാഞ്ജനൈഃ
ശശഗോഖരസിംഹോഷ്ട്രദ്വിജാലാലാടമസ്ഥി ച
ശ്വേതഗോപാലമരിചശംഖചന്ദനഫേനകം
പിഷ്ടം സ്തന്യാജദുഗ്ദ്ധാഭ്യാം വർത്തിസ്തിമിരശുക്ലജിത്.

ചെറുതിപ്പലി, ഉരുക്കുപൊടി, ചുക്കു്, മുളകു്, ഇന്തുപ്പു്, ത്രിഫലത്തോടു്, അഞ്ജനക്കല്ലു്, മുയൽ പശു കഴുത സിംഹം ഒട്ടകം ഇവയുടെ പല്ലും നെറ്റിയിലെ അസ്ഥിയും, നറുനീണ്ടിക്കിഴങ്ങു്, പഴമുളകു്, ശംഖ, ചന്ദനം, കടൽനുര ഇവ മുലപ്പാലു് ആട്ടിൻപാലു ഇവയിലരച്ചുണ്ടാക്കിയ ഗുളിക എഴുതിയാൽ തിമിരവും ശുക്ലവും ശമിക്കും.

## 80. ദ്രാക്ഷാദിഗുളിക

ദ്രാക്ഷയാ നളദലോദ്ധ്റയഷ്ടികാശംഖതാമ്രഹിമപത്മപത്മകൈഃ
സോല്പലൈഃ ഛലദുഗ്ദ്ധവർത്തിഭിരസ്രജന്തിമിരമാശു നശ്യതി.

മുന്തിരിങ്ങാപ്പഴം, രാമച്ചം, പാച്ചോറ്റിത്തൊലി, എരട്ടിമധുരം, ശംഖു്, ചെമ്പുപൊടി, ചന്ദനം, താമരക്കിഴങ്ങു്, ഓരിലത്താമര, ചെങ്ങഴിനീർക്കിഴങ്ങു് ഇവ ആട്ടിൻപാലിലരച്ചു ഗുളിക ഉണ്ടാക്കി കണ്ണിലെഴുതുക. തിമിരം ശമിക്കും.

## 81. മുഖലേപനം (മധൂകാദിതൈലം)

സിദ്ധം മധൂകകൃമിജമരിചാമരദാരുഭിഃ
സക്ഷീരം നാവനന്തൈലം പിഷ്ടൈർല്ലേപോ മുഖസ്യ ച.

ഇലിപ്പക്കാതൽ, വിഴാലരിക്കാമ്പു്, കുരുമുളകു്, ദേവതാരം ഇവ കല്കമാക്കി പാലുംകൂട്ടി എണ്ണകാച്ചിയരിച്ചു നസ്യംചെയ്ക. ഇവതന്നെ പാലിലരച്ചു മുഖത്തു തേച്ചു് ഉണങ്ങുമ്പോൾ തിരുമ്മിക്കളയുക. നേത്രരോഗത്തിനും നന്നു്.

## 82. നതനീലോല്പലാദിതൈലം

നതനീലോല്പലാനന്താ യഷ്ട്യാഹ്വാസുനിഷണ്ണകൈഃ
സാധിതം നാവനന്തൈലം ശിരോവസ്തൗ ച ശസ്യതേ.

തകരം, കരിംകൂവളക്കിഴങ്ങു് (ചെങ്ങഴിനീർക്കിഴങ്ങെന്നു പക്ഷം), കറുകപ്പുല്ലു്, എരട്ടിമധുരം, നീരാരൽ (ചണ്ണക്കിഴങ്ങു് എന്നും പക്ഷം) ഇവ കഷായവും കല്കവുമാക്കി കാച്ചിയ എണ്ണ ശിരോവസ്തിക്കും നസ്യത്തിനും നന്നു്.

## 83. ഗുളാദ്യഞ്ജനം

ഗുളഫേനാഞ്ജനം കൃഷ്ണാ മരിചം കുങ്കുമാദ്രജഃ
രസക്രിയേയം സക്ഷൗദ്രാ കാചയാപനമഞ്ജനം

ശക്കര, കടൽനര, അഞ്ജനക്കല്ല്, ചെറുതിപ്പലി, കുരുമുളക്, കുംകുമം ഇവ പൊടിച്ച് തേനിലരച്ച് കുഴമ്പാക്കി കണ്ണിലെഴുതുക. കാചം വദ്ധിക്കാതെ യാപ്യമായി ചികിത്സിക്കുന്നതിന്ന ഉപയോഗപ്പെടുന്നതാണ്.

## 84. നിശാന്ധ്യത്തിന്ന് അഞ്ജനം

നകുലാന്ധേ ത്രിദോഷോത്ഥേ തൈമിര്യവിഹിതോ വിധിഃ
രസക്രിയാ ഘൃതക്ഷൗദ്രഗോമയസ്വരസോ ദ്രുതൈഃ
താർക്ഷ്യഗൈരികതാലീസൈർന്നിശാന്ധേ ഹിതമഞ്ജനം.

ത്രിദോഷജമായ നകുലാന്ധത്തിന്ന തിമിരംപോലെ ചികിത്സിച്ചുകൊള്ളുക. മാക്കീരക്കല്ല്, കാവിമണ്ണ്, താലീസപത്രം ഇവ നെയ്യ് തേൻ ചാണകനീര് ഇവ ഓരോന്നിലും അരച്ച് കണ്ണിൽ എഴുതുക. രാക്കണ്ണുകാണാത്തതു ശമിക്കും.

## 85. കരഞ്ജാദിഗുളിക

കരഞ്ജകോല്പലസ്വർണ്ണഗൈരികാംഭോജകേസരൈഃ
പിഷ്ടൈർഗോമയതോയേന വർത്തിർദ്ദോഷാന്ധ്യനാശിനീ.

പുങ്കിൻകുരു, ചെങ്ങഴിനീർക്കിഴങ്ങ്, സ്വർണ്ണം, കാവിമണ്ണ്, താമരയല്ലി ഇവ ചാണകനീരിലരച്ചുണ്ടാക്കിയ ഗുളിക കണ്ണിൽ എഴുതുക. രാക്കണ്ണുകാണാത്തതു ശമിക്കും.

## 86–87. കൗന്ത്യാദി, കാളാനുസാര്യാദിവർത്തികൾ

അജാമൂത്രേണ വാ കൗന്തീകൃഷ്ണാസ്രോതോജസൈന്ധവൈഃ
കാളാനുസാരീ ത്രികടു ത്രിഫലാ ച മനശ്ശിലാ
സഫേനച്ഛാഗദുഗ്ദ്ധേന രാത്ര്യന്ധേ വർത്തയോ ഹിതാഃ

അരേണുകം, ചെറുതിപ്പലി, രസാഞ്ജനം, ഇന്തുപ്പ് ഇവ ആട്ടിൻമൂത്രത്തിലരച്ചുണ്ടാക്കിയ ഗുളിക, ഉലുവ, ചുക്ക്, മുളക്, ചെറുതിപ്പലി, ത്രിഫലത്തോട്, മനയോല, കടൽനര ഇവ ആട്ടിൻപാലിലരച്ചുണ്ടാക്കിയ ഗുളികയും കണ്ണിലെഴുതുക. രാക്കണ്ണു കാണാത്തതു ശമിക്കും.

അടപൊതിയന്റെ ഇല പുഴുങ്ങിത്തിന്നുക; രാക്കണ്ണു കാണാത്തതു ശമിക്കും. പൂമരം, അമ്പഴത്തോലും, വിദാഹം എന്നിവററിന്ന് പൊന്ന്, കാവിമണ്ണ്, ചെറുതേക്ക് എന്നിവ പൊടിയും കുഴമ്പും നന്ന്.

## 88. സുനേത്രീഗുളിക

കടുത്രയഞ്ചാപി ഫലത്രയഞ്ച
ജ്യോതിഷ്മകാരഞ്ജവിളംഗബീജം
പ്രപൗണ്ഡരീകം മധുകം സതാമ്രം
സിന്ധൂത്ഭവം സസ്ഫടികം സശംഖം
വചാഞ്ജനേ ഗൈരികചന്ദനേ ദ്വേ
ലാക്ഷാ നിശേ ശാബരലോധ്രകഞ്ച
തുത്ഥഞ്ച പീതാഹ്വയരോഹിണീഞ്ച
പേഷ്യം കരഞ്ജസ്വരസേന സർവ്വം
തുത്ഥാദിഭാഗാദ്ദ്വിഗുണോ വചാദിഃ
പ്രപൗണ്ഡരീകാദിഗണസ്ത്രിഭാഗഃ

ശേഷാശ്ചതുർഭാഗമിയന്നിഹന്യാത്
വൎത്തിസ്സുനേത്രി സകലാക്ഷിരോഗാൻ
കാചം സപുഷ്പം പടലം വ്രണഞ്ച
ദാഹഞ്ച രോഗഞ്ച നിശാന്ധതാഞ്ച
കോദഞ്ച കണ്ഡൂം തിമിരം കുക്രണം
തഥാഽധിമാംസഞ്ച നിഹന്തി ശീഘ്രം.

ചുക്ക് മുളക് ചെറുതിപ്പലി, നെല്ലിക്കാത്തോട് താന്നിക്കാത്തോട് കടുക്കാത്തോട്, ചെറുപ്പുന്നയരി, പുക്കിൻകുരു, വിഴാലരി ഇവ ൪ കഴഞ്ചുവീതം. പുണ്ഡരീകക്കരിമ്പ്, എരട്ടിമധുരം, ചെമ്പുപൊടി, ഇന്തുപ്പ്, സ്ഫടികം, ശംഖ് ഇവ ൩ കഴഞ്ചുവീതം. യവം അഞ്ജനക്കല്ല കാവിമണ്ണ് ചന്ദനം രക്തചന്ദനം കോലരക്ക് മഞ്ഞൾ മരമഞ്ഞൾതൊലി വെട്ടിത്തൊലി പാച്ചോററിത്തൊലി ഇവ ൨ കഴഞ്ചുവീതം. തുത്ഥം പീതുരോഹിണി കർപ്പൂരം ഇവ ഓരോകഴഞ്ചു്. ഇവയൊക്കെ പുക്കിൻനീരിൽ അരച്ചു ഗുളികയാക്കി എഴുതുക. കാചം. പൂവ്പടലം, വ്രണം, ചുട്, ചുവപ്പ് രാക്കണ്ണുകാണാത്തതു്, വീക്കം, ചൊറി, തിമിരം, കുക്രണം, അധിമാംസം മുതലായ സകല രോഗങ്ങൾക്കും നന്ന്.

## 89. ശിലാസൈന്ധവാദിരസക്രിയ

ശിലാസൈന്ധവകാസീസശംഖവ്യോഷരസാഞ്ജനൈഃ
മധുനാ ശുക്ലകാചാൎമ്മതിമിരഘ്നീ രസക്രിയാ.

മനയോല ഇന്തുപ്പ് അന്നഭേദി, (കാരീയമെന്നും അഭിപ്രായം) ശംഖ് ചുക്ക് മുളക് ചെറുതിപ്പലി രസാഞ്ജനം ഇവ അരച്ചു തേൻകൂട്ടി കണ്ണിലെഴുതുക. ശുക്ലം കാചം അൎമ്മം തിമിരം ഇവയെ ശമിപ്പിക്കും.

## 90. ത്രിഫലാദിഗുളിക. (ദ്രവവൎത്തി)

ത്രിഫലാനി കടൂനി വിളംഗവചാ
ഹരിതാലരസാഞ്ജനസല്ലവണം
ശബരാഹ്വയതാമ്രരജസ്ഫടികം
രജനീദ്വയരോചനവാരിചരം
ത്രുടി ചന്ദനതാപ്യഗരുക്ഷതജം
കതകം മധുകോ ദധിഫേനയുതം
ശശി പീതകരോഹിണി സീസരുജാ
ഗിരിശൃംഗഗവാക്ഷകഗോദശനം
ക്ഷുരരേണുകമൈരവതികതുത്ഥഗിരീ-
വരക്രമ്മവരാടകകാന്തയുതം
അമൃതാക്ഷകനിംബകരഞ്ജരസൈഃ
സുരസാൎജ്ജുനജാതിമുരിംഗിരസൈഃ
അഥ മാൎക്കവബീജകപൂരരസൈഃ
സുരയാ പയസാ ച ഗവാം മധുനാ
ഘൃതതോഽപി ച സപ്തദിനാനി കൃതഃ
ദ്രവവൎത്തിരിയം നളമധ്യഗതാ

തിമിരേ പടലേഽർമ്മണി കാചഗദേ
വ്രണശുക്ലഗദേഽപ്യജകേ മഹതി
നിമിനാ വിഹിതാ കില സംയമിനാ
നയനാമയസന്തതിനാശകരീ

ത്രിഫലത്തോട്, ത്രികടുക്, വിഴാലരി, വയമ്പ്, അരിതാരം, രസാഞ്ജനം, ഇന്തുപ്പ്, പാച്ചോറ്റിത്തൊലി, ചെമ്പുപൊടി, സ്ഫടികം, മഞ്ഞൾ, മരമഞ്ഞൾതൊലി, ഗോരോചന, പവിഴം, ഏലത്തരി, ചന്ദനം, മാക്കീറക്കല്ല്, അകിൽ, കോലരക്ക്, തേററാമ്പരൽ, ഇരട്ടിമധുരം, കടൽനുര, കർപ്പൂരം, പീതരോഹിണി, കാരീയം, വെള്ളക്കോട്ടം, കാവിമണ്ണ്, ചെങ്ങമട്ടി, പശുവിൻപല്ല്, വയൽച്ചുള്ളി (ക്ഷുരരേണുകം=കത്തിതേയ്ക്കുന്ന കല്ലാണെന്നാണ പറയപ്പെടുന്നതു്) മുത്ത്, തുത്ഥം, ആമയോട്, കവടിപ്പരൽ, കാന്തം ഇവ സമം. അമൃതിൻനീര്, താന്നിക്കാനീര്, വേപ്പിൻനീര്, പുങ്കിൻനീര്, തുളസിനീര്, നീർമരുതിൻനീര്, പിച്ചകത്തിലനീര്, മരിങ്ങനീര്, കയ്യോന്നിനീര്, ചെറുനാരങ്ങാനീര്, മദ്യം, പശുവിൻപാല്, തേൻ, നെയ്യ് ഇവകളിൽ ഏഴുദിവസമരച്ചു ഗുളികയാക്കി കണ്ണിൽ എഴുതുക. തിമിരപടലാദികൾ ശമിക്കും. ദ്രവവർത്തി എന്നു പേർ.

### കാചവേധം മുതലായവ

ശ്ലേഷ്മത്തിൽവന്ന കാചത്തെ കുത്തേണ്ടുന്നപ്രകാരവും
കുത്തിയാലുടനേ പിന്നെ ചെയ്യേണ്ടുന്ന ചികിത്സയും
പറയുന്നുണ്ടതിന്നാദൌ വമനഞ്ച വിരേചനം
ചെയ്യിച്ചു ദേഹത്തിന്നുള്ള ശുദ്ധിനന്നായ് വരുത്തണം
പിന്നെ നല്ലൊരുനേരത്തു ക്രിയചെയ്ക ചികിത്സകഃ
അഥ സാധാരണേ കാലേ സ്നിഗ്ദ്ധസംഭോജിതാത്മനഃ
ദേശേ പ്രകാശേ പൂർവ്വാഹ്നേ ഭിഷക് ജാന്വുച്ചപീഠഗഃ
യന്ത്രിതസ്യോപവിഷ്ടസ്യ സ്വിന്നാക്ഷസ്യ മുഖാനിലൈഃ
അംഗുഷ്ഠമൃദിതേ നേത്രേ ദൃഷ്ട്വാ ദൃഷ്ടോപപ്ലുതം മലം
സ്വനാസാം പ്രേക്ഷമാണസ്യ നിഷ്കമ്പം മൂർദ്ധ്നി ധാരിതേ
കൃഷ്ണാദർദ്ധാംഗുലം മുക്ത്വാ തദർദ്ധാർദ്ധമപാംഗതഃ
തർജ്ജനീമദ്ധ്യമാംഗുഷ്ഠൈശ്ശലാകാം നിശ്ചലാം ധൃതാം
ദൈവച്ഛിദ്രം നയേന്നാധ ഊർദ്ധ്വം വാമം നയേന്നിവ
സവ്യം ദക്ഷിണഹസ്തേന നേത്രം സവ്യേന ചേതരത്
വിദ്ധ്യേത്സ്വവിധേ ശബ്ദഃ സ്യാദരുക് ചാംബുലവസ്രുതിഃ
സാന്ത്വയന്നാതുരഞ്ചാനു നേത്രം സ്തന്യേന സേചയേത്
ശലാകായസ്തതോഽഗ്രേണ നിർല്ലിഖേദ്ദൃഷ്ടിമണ്ഡലം
അബാധമാനഃ ശനകൈർന്നാസാം പ്രതിനുദേത്തതഃ
ഉല്ലിംഘനാച്ചാപഹരേത് ദൃഷ്ടിമണ്ഡലഗം കഫം.

അനന്തരം സാധാരണമായിരിക്കുന്ന കാലത്തിങ്കൽ രോഗിയെ കുളിപ്പിച്ച് ഊട്ടി പൂർവ്വാഹ്നകാലത്ത് വെളിച്ചമുള്ളോരു പ്രദേശത്തിങ്കൽ രണ്ടു പീഠംവച്ചു ഒന്നിന്മേ

ൽ രോഗിയെ ഇരുത്തി മാറതിന്മേൽ വൈദ്യനമിരുന്നു് രോഗി യന്ത്രിതനായിരുന്നാൽ വൈദ്യൻ ഊതി കണ്ണുവിയൎപ്പിച്ചു പെരുവിരൽകൊണ്ടു തിരുമ്മി കണ്ണിലെമലത്തെ ഇളക്കിക്കൊണ്ടു തന്റെമൂക്കിനെ നോക്കിച്ചിരുത്തി തലയിളകാതെ പിടിപ്പിച്ചു കറുപ്പിങ്കൽനിന്നു് അരവിരൽനീക്കി കടക്കണ്ണിൽനിന്നു കാൽവിരൽനീക്കി ശലാകയെടുത്തു ചൂണ്ടാണിയും നടുവിരലും കൂട്ടി പെരുവിരലും ഇളകാതെപിടിച്ചു ചൊല്ലിയ സ്ഥാനത്തു കുറെ മുറിച്ചു ശലാകയെ ദൈവപഴുതിലൂടെ ചെലുത്തി മേലും കീഴും പോകാതെ തിരിച്ചു മലത്തെ ഇളക്കി വേധിക്ക. വലത്തെക്കണ്ണിന്നു് ഇടത്തെക്കൈകൊണ്ടും ഇടത്തെക്കണ്ണിന്നു വലത്തെക്കൈകൊണ്ടും വേണം. കുത്തു നേരെവന്നുവെങ്കിൽ നോകയില്ല. ഒരുതുള്ളിവെള്ളം വരികയും ചെയ്യും. പിന്നെ അവനെ അനുസരിപ്പിച്ചു മുലപ്പാലൊഴുക്കി ശലാകാഗ്രംകൊണ്ടും നോവിക്കാതെ ദൃഷ്ടിമണ്ഡലത്തെ ലേഖനംചെയ്തു് ആ കഫത്തെ മൂക്കരികത്തു കൊണ്ടുവന്നു അവനെക്കൊണ്ടു തുമ്മിച്ചു പാടപോലെ എടുത്തു കളക.

അന്നേരമാ മലം നന്നായിളകീലെങ്കിലപ്പൊഴേ
മുലപ്പാൽകൊണ്ടൊഴുക്കീട്ടു സ്വേദിപ്പിച്ചിട്ടൊഴിക്കണം
രൂപം കണ്ടാലുടൻതന്നെ തുണി നെയ്യിൽ നനച്ചതു്
നേത്രയോരിട്ടുകെട്ടീട്ടു മലൎത്തീട്ടു കിടത്തുക
ഒരുകൺകുത്തിയെന്നാകിൽ മറെറപ്പാടു കിടത്തുക
രണ്ടുകണ്ണുംകുത്തിയെങ്കിൽ മലൎത്തീട്ടു കിടത്തണം
തലയ്ക്കും കാലിലും തേയ്ക്കാം മഞ്ജിഷ്ഠാദിതിലോത്ഭവം
പത്ഥ്യയോജനവും വേണം കാററുതട്ടരുതൊട്ടുമേ
ഏങ്ങലും തുമ്മൽ ചുമയും പച്ചവെള്ളം കുടിക്കയും
കുമ്പിട്ടിരിക്കയും പിന്നെപ്പല്ലുതേയ്ക്ക കുളിക്കയും
കടുത്തുള്ള പദാൎത്ഥത്തെ കടിക്കയിവയൊക്കെയും
ഏഴുനാളവ വൎജ്ജിക്ക നിറയുണ്ണായ്കയും ഗുണം
വലുതായുള്ളനെയ്സേവ പോലെതന്നെയിരിക്കണം
കുറേക്കുറേ ഭുജിക്കേണം ചികിത്സകഴിവോളവും
കണ്ണിൽനോവുവരുന്നാകിൽ കവോഷ്ണജലധാരയും
യവാന്നമുണ്ണ കൂട്ടേണം നെല്ലിക്കായും കടുത്രയം
നെയ്കൂട്ടുകയുമുണ്ടീടാം കൃശാക്കഞ്ഞിയുമാം പുനഃ
മൂന്നാംദിനമഴിച്ചിട്ടു മരുന്നിൻനീരുകൊണ്ടുടൻ
കഴുകിപ്പൂവ്വവത്കെട്ടി പിന്നെയേഴാമതാംദിനേ
അഴിച്ചു വാതഘ്നദ്രവ്യം കൂട്ടിവച്ചുള്ളവാരിണാ
കഴുകിക്കണ്ണുറപ്പോളം മുമ്പിലേ പത്ഥ്യമാചരേത്
അന്നാളിലഗ്നിയാദിത്യൻ വെയിലിത്യാദിനോക്കൊലാ
കുത്തിൽപിഴയ്ക്കിലും പിന്നെ രക്ഷയിങ്കൽപിഴയ്ക്കയും
വെക്കന്നോവതിമന്ഥങ്ങൾ ഉണ്ടാമെന്നാലതിന്നുടൻ
കൊള്ളാം കരുകനെയ്ധാര ശതധൌതേന ലേപനം

ചന്ദനാദിയൊഴുക്കേണം മുക്തേത്യാദിപുറമ്പട
ഇവയെല്ലാം പ്രയോഗിക്ക കൃത്സ്നവിധിയിങ്ങനെ.

## സർവ്വാക്ഷിരോഗചികിത്സ

സർവ്വാക്ഷിരോഗേ വാതാഭിഷ്യന്ദം വാതാധിമന്ഥവും
അന്ന്യതോ വാതവും പിന്നെ വാതപര്യ്യയവും പുനഃ
പിത്താഭിഷ്യന്ദവും പിത്താദധിമന്ഥന്തഥാ പുനഃ
ശ്ലേഷ്മാഭിഷ്യന്ദവും ശ്ലേഷ്മാധിമന്ഥഞ്ച തതഃപരം
രക്താഭിഷ്യന്ദവും രക്താധിമന്ഥഞ്ച വിക്രണകം
ശുഷ്കാക്ഷിപാകാല്പശോഫമക്ഷിപാകമതഃപരം
അമ്ലോഷിതവുമെന്നുള്ള രോഗങ്ങൾ പതിനാറിവ
സ്യന്ദങ്ങൾക്ക നടേതന്നെ തീക്ഷ്ണദ്രവ്യൈഃ കവിൾക്രിയാ
തീക്ഷ്ണദ്രവ്യങ്ങൾ മുളകുമാക്ഷികാദികളായ്വരും
ഇവറ്റെക്കൊണ്ടു നസ്യഞ്ച ഉപവാസഞ്ച ശോഭനം
പുറമ്പട ഹരീതകീസൈന്ധവേത്യാദിയും ഗുണം
സിതാമരിചഭാഗമെന്നുള്ളയോഗവുമുത്തമം.

91 ആരണ്യമുതിരയ്ക്കുള്ള മണി ചാണകനീരില്
തുണിയിൽകെട്ടിയിട്ടിട്ടുപുഴുങ്ങിത്തൊലിനീക്കിയാൽ
വഴിപോലെയുണക്കിട്ടു പൊടിച്ചിട്ടുക കണ്ണില്
വ്യോഷാഭയാദിയായുള്ള കിഴികാച്ചുകയും ഗുണം
92 പതിനാറുപലംനീരിൽ കടംകടേരിതൻപലം
വേവിച്ചെട്ടൊന്നുശേഷിച്ചാൽ തേനുംകൂട്ടിയൊഴുക്കുക
ത്രിദോഷങ്ങളൊരുമ്പെട്ടും വേർപെട്ടും കണ്ണിലിങ്ങനെ
വരുംവ്യാധികളെത്തീർപ്പാൻ ബലമുണ്ടിതിനേറ്റവും
93 കുഴിമുത്തങ്ങയും നല്ല മരമഞ്ഞളുമെന്നിവ
കഷായംവച്ചൊഴുക്കലും ശിഗ്രുപത്രരസത്തില്
തേനുംകൂട്ടീട്ടൊഴുക്കലും വാതാഭിഷ്യന്ദനാശനം
94 വാതാഭിഷ്യന്ദമുണ്ടായാലന്നു തൈയ്യാവണക്കിലെ
വേർപറിച്ചിട്ടു വേവിച്ചുള്ളാട്ടിൻപാൽകൊണ്ടൊഴുക്കുക
പൊടിച്ചമലർ കെട്ടീട്ടു കിഴികൊണ്ടുള്ള വേതുമാം
പിത്തരക്തങ്ങൾകൊണ്ടുണ്ടാമഭിഷ്യന്ദചികിത്സകൾ.
'മഞ്ജിഷ്ഠാരജനീത്യാദി' കഷായംകൊണ്ടൊഴുക്കുക
'കാശേരുയഷ്ട്യാഹ്വേപത്യാദി' 'പുണ്ഡ്റയഷ്ടീനിശാദി'യും

‘ശ്വേതലോധ്രാദി’യുംപിന്നെ ‘സുമനഃക്ഷാരമാദി’യും
പിത്തരക്തങ്ങൾകൊണ്ടുണ്ടാ,മഭിഷ്യന്ദഹരം പരം
സുമനഃക്ഷാരമാദ്യന്തു കഫസ്യന്ദഹരം പരം
‘പ്രപൗണ്ഡരീകയഷ്ട്യാഹ്വ’മാദിയായുള്ള ചൂൎണ്ണമോ
വൎത്തിയോതാൻ പ്രയോഗിച്ചാൽ സൎവ്വാഭിഷ്യന്ദസംഭവം
ശമിക്കുമുടനേ നോവും ചൂട്ടും കരുകരുക്കയും.

95 നാരങ്ങാനീരുമായ്ചെമ്പേലരച്ചുകവടിപ്പുരൽ
കണ്ണിൽനന്നായെഴുതുകിൽ ചെങ്കണ്ണു ശമനംവരും.

96 ചെമ്പിന്മേൽ തേൻതുളിച്ചിട്ടു ശംഖരച്ചെഴുതുന്നതും

97 കരിക്കൊടിക്കുള്ളയില വഴിപോലെയരച്ചതു
നെല്ലോളമുള്ളംകൈക്കുള്ളിൽ തേച്ചുകൊണ്ടഞ്ചുനാഴിക
നോക്കേണമതിനെത്തന്നെ തെളിയും കണ്ണു നിൎണ്ണയം.

98 ഹരീതകീസൈന്ധവതാൎക്ഷ്യശൈലൈഃ
സഗൈരികൈസ്സ്വച്ഛജലപ്രപിഷ്ടൈഃ
ബഹിഃ പ്രലേപം നയനസ്യ കുൎയ്യാത്
സൎവ്വാക്ഷിരോഗേ പരമോപദേശഃ

കടുക്കാത്തോട് ഇന്തുപ്പ് മാക്കീരക്കല്ല് കാവിമണ്ണ് ഇവ ശുദ്ധജലത്തിൽ അരച്ചുണ്ടാക്കിയ ഗുളിക കണ്ണിൽ പുറവളയം (പുറമ്പട) ഇടുക; നേത്രരോഗങ്ങൾ ശമിക്കും.

99 വ്യോഷാഭയാതുത്ഥകയഷ്ടിലോധ്രൈൎ-
മ്മൂതീസുസൂക്ഷ്മൈഃ ശ്ലഥവസ്ത്രബദ്ധൈഃ
താമ്രസ്ഥധാന്യാമ്ലനിമഗ്നമൂൎത്തി-
രാൎത്തിഞ്ജയത്യക്ഷിണി നൈകരൂപാം.

ചുക്ക് മുളക് ചെറുതിപ്പലി കടുക്കാത്തോട് തുത്ഥം ഇരട്ടിമധുരം പാച്ചോററിത്തൊലി ഇവ നല്ലപോലെ അരച്ച് അയച്ചു കിഴികെട്ടി ചെമ്പുപാത്രത്തിലുള്ള ധാന്യാമ്ല (കാടിയിൽ) ത്തിൽ നനച്ചു വേതിടുക; കണ്ണിനു നന്ന്. അനേകവിധത്തിലുള്ള നേത്രരോഗങ്ങൾ ശമിക്കും.

100 മഞ്ജിഷ്ഠാരജനീലാക്ഷാദ്രാക്ഷാദ്ധിമധുകോല്പലൈഃ
ക്വാഥസ്സശൎക്കരശ്ശീതഃ സേചനം രക്തപിത്തജിത്.

മഞ്ചട്ടി വറട്ടുമഞ്ഞൾ കോലരക്ക് മുന്തിരിങ്ങാപ്പഴം ഋദ്ധി ഇരട്ടിമധുരം ചെങ്ങഴിനീർക്കിഴങ്ങ് ഇവകൊണ്ടുള്ള കഷായം പഞ്ചസാരകൂട്ടി ഒഴുക്കുക. രക്തപിത്തജങ്ങളായ വ്യാധികൾ ശമിക്കും.

101 കശേരുയഷ്ട്യാഹ്വരജഃ താന്തവേ ശിഥിലേ സ്ഥിതം
അപ്സു ദിവ്യാസു നിഹിതം ഹിതം സ്യന്ദേഽസ്രപിത്തജേ.

കുഴിമുത്തങ്ങ ഇരട്ടിമധുരം ഇവയുടെ പൊടി അരച്ചു അയച്ചു കിഴികെട്ടി ദിവ്യജലം (മഴപെയ്യുമ്പോൾ തറയിൽ വീഴാതെടുക്കുന്ന ജലം, ഒരു പാത്രത്തിലെ

ഴിച്ചു അതിലിട്ടു അതിൽനിന്നു കുറേശ്ശ എടുത്തു കണ്ണിൽ ഒഴുക്കുക. രക്തപിത്തം ശമിക്കും.

102 പുണ്ഡറയഷ്ടീനിശാമൃതിപ്ളുതാസ്തന്യേ സശക്കരേ
ഛാഗദുഗ്ദ്ധേ ശ്രുതാ വാ രാഗരുഗ്ദ്രാഗാശ്രുനിവത്തനീ

പുണ്ഡരീകക്കരിമ്പ്, ഇരട്ടിമധുരം, മഞ്ഞൾ ഇവ പഞ്ചസാര ഇവ കിഴികെട്ടി മുലപ്പാലിലോ ആട്ടിൻപാലിലോ ഇട്ടു കണ്ണിൽ പിഴിയുക. ചൂട്, വേദന, ചുവപ്പ് കണ്ണിൽ വെള്ളം വരിക ഇവ ശമിക്കും.

103 ശ്വേതലോധ്രം സമധുകം ഘൃതഭൃഷ്ടം സുചൂർണ്ണിതം
വസ്ത്രസ്ഥം സ്തന്യമൃദിതം രക്തപിത്താഭിഷ്യന്ദജിത്

വെളുത്ത പാച്ചോറ്റിത്തോലി ഇരട്ടിമധുരം ഇവ നെയ്യിൽ വറുത്തുപൊടിച്ചു തുണിയിൽ കെട്ടി മുലപ്പാലിൽ മുക്കി പിഴിഞ്ഞു കണ്ണിൽ പിഴിയുക. രക്തപിത്തം ഭിഷ്യന്ദത്തെ ശമിപ്പിക്കും.

104 സുമനഃ ക്ഷാരകാഃ ശംഖഃ ത്രിഫലാ മധുകം ബലാ
പിത്തരക്താപഹാ വത്തിഃ പിഷ്ടാ ദിവ്യേന വാരിണാ

പിച്ചകമൊട്ട്, ശംഖ്, ത്രിഫലത്തോട്, ഇരട്ടിമധുരം കുറുന്തോട്ടിവേര് ഇവ ദിവ്യ ശുദ്ധജലത്തിലരച്ചുണ്ടാക്കിയ ഗുളിക പിത്തരക്തശമനമാകുന്നു.

105 സൈന്ധവാത്രിഫലാവ്യോഷം ശംഖനാഭിസ്സമുദ്രജഃ
ഫേനഃ ശൈലേയകം സജ്ജോ വത്തിഃ ശ്ലേഷ്മാക്ഷിരോഗജിത്

ഇന്തുപ്പ്, ത്രിഫലത്തോട്, ചുക്ക്, മുളക്, തിപ്പലി, ശംഖ്, കസ്തൂരി, കടൽനുര, ശൈലേയകം=കന്മദം, ചെഞ്ചല്യം ഇവകൊണ്ടുണ്ടാക്കിയ ഗുളിക ശ്ലേഷ്മംകൊണ്ടുണ്ടായ നേത്രരോഗത്തെ ശമിപ്പിക്കും.

### 106. പാശുപതവത്തി—(പ്രപൗണ്ഡരീകാദി)

പ്രപൗണ്ഡരീകയഷ്ട്യാഹ്വാദാവീശ്ചാഷ്ടപലം പചേത്
ജലദ്രോണേ രസേ പൂതേ പുനഃ പാകേ ഘനേ ക്ഷിപേത്
പുഷ്പാഞ്ജനാദ്ദശപലം കഷം ച മരിചാത്തതഃ
കൃതശ്ചൂർണ്ണോഽഥവാ വത്തിസ്സവാഭിഷ്യന്ദസംഭവാൻ
ഹന്തി ദാഹരുജാഘർഷാൻ സദ്യോ ദൃഷ്ടിം പ്രസാദയേത്
അയം പാശുപതോ യോഗോ രഹസ്യം ഭിഷജാം പരം.

ഇതി സവാക്ഷിരോഗചികിത്സ

ഉൽക്ലിഷ്ടാഃ കഫപിത്താസ്രനിചയോത്ഥാഃ കുക്രുണകാഃ
പക്ഷ്മോപരോധഃ ശുഷ്കാക്ഷിപാകഃ പൂയാലസോ വിസഃ
പോഥക്യശ്ലോഷിതോല്പാതസ്യന്ദമന്ഥാവിനാനിലാത്
ഏതേഷ്ടാദശപില്ലാഖ്യാ ദീർഘകാലാനുബന്ധിനഃ
പില്ലങ്ങളെന്നുചൊല്ലുന്ന രോഗങ്ങൾ പതിനെട്ടിവ
ഇവററിന്നു വിയർപ്പിക്ക വമനംചോരനീക്കുക

വിരേചനമൂരയ്യെന്നതിവയെല്ലാം ഗുണം തുലോം
107 അഞ്ജയേദഭയാകപാഥേ തകരം പില്ലനാശനം.

കടുക്കക്കഷായത്തിൽ തകരം അരച്ചെഴുതുക. പില്ലം ശമിക്കും.

108 പില്ലുങ്ങളെ ശമിപ്പിക്കും സസ്നേഹം ദേവദാരു ച
തുത്ഥകസ്യ പലംചേതി യോഗം പില്ലനിബർഹണം
'കരഞ്ജബീജസാരസമാദി'യായ കുഴമ്പുമാം
'രസാഞ്ജനം സജ്ജരസേ'ത്യാദിയാമഞ്ജനാ ഹിതം
'സൈന്ധവം ത്രിഫലേത്യാദി'വർത്തിയും പില്ലനാശനം
'പുഷ്പകാസീസ'മാദ്യഞ്ച യോഗം പില്ലവിനാശനം
ക്ഷീരേണ 'യഷ്ടിമധുകേത്യാദി' കഷായേന ധാരയും
'നവനവനീതാദ്യ'ഞ്ച 'താലപർപ്പടകാദി'യും
'മരിചം ലവണേത്യാ'ദി 'മരിചാമലകാദി'യും
'നക്തമാലഫലാദ്യ'ഞ്ച യോഗം ദൃഷ്ടിപ്രസാദകൃത്.

109 തുത്ഥകസ്യ പലം ശ്വേതമരിചാനി ച വിംശതിഃ
ത്രിംശതാ കാഞ്ചികപലൈഃ പിഷ്ട്വാ താമ്രേ നിധാപയേത്
പില്ലാനപില്ലാൻ കുരുതേ ബഹുവർഷോത്ഥിതാനപി
തത്സേകേനോപദേഹാശ്രുകണ്ഡൂശോഫാംശ്ച നാശയേത്.

തുത്ഥം ഒരുപലം. പഴമുളകു എണ്ണം ൨൦. വെപ്പുകാടി പലം ൩൦. അരച്ചു ചെമ്പുപാത്രത്തിൽവച്ചു ഒഴിക്കുക. അനേകംനാളായിചെന്ന പില്ലങ്ങളും കടക്കൺചൊറിച്ചിലും നീരു മുതലായതും ശമിക്കും.

110 കരഞ്ജബീജസാരസം സുമനഃ ക്ഷാരകാണി ച
സംക്ഷുദ്യ സാധയേത് കഷായേ പൂതേ തത്ര രസക്രിയാ
അഞ്ജനം പില്ലഭൈഷജ്യം പക്ഷ്മണാഞ്ച പ്രരോഹണം.

പുങ്കെണ്ണയും പിച്ചിമൊട്ടും ചേർത്തുണ്ടാക്കുന്ന രസക്രിയ അഞ്ജനമാക്കി ഉപയോഗിച്ചാൽ പില്ലം ശമിക്കും. കൊഴിഞ്ഞ ഇമകൾ വീണ്ടും മുളയ്ക്കും.

111 രസാഞ്ജനം സജ്ജരസോ ജാതിപുഷ്പംമനശ്ശിലാ
സമുദ്രഫേനം ലവണം ഗൈരികം മരിചാനി ച
അഞ്ജനം മധുനാ പിഷ്ടം ക്ലേദകണ്ഡൂഘ്നമുത്തമം

രസാഞ്ജനം, ചെഞ്ചല്യം, പിച്ചിമൊട്ട്, മനയോല, കടൽനുര, ഇന്തുപ്പ്, കാവിമണ്ണ്, കുരുമുളക് ഇവ തേനിൽ അരച്ചു അഞ്ജനമെഴുതുക; നലവും ചൊറിച്ചിലും ശമിക്കും.

112 സൈന്ധവംത്രിഫലാകൃഷ്ണാ കടുകാശംഖനാഭയഃ
സതാമ്രരജസോ വർത്തിഃ പില്ലശുക്ലകനാശിനീ.

ഇന്തുപ്പ്, ത്രിഫലത്തോട്, ചെറതിപ്പലി, കടുകരോഹിണി, ശംഖ്, കസ്തൂരി ചെമ്പിൻപൊടി ഇവ ചേർത്തുണ്ടാക്കിയ വർത്തി പില്ലത്തെയും ശുക്ലത്തെയും ശമിപ്പിക്കും.

113 പുഷ്പകാസീസചൂർണ്ണോ വാ സുരസാരസഭാവിതഃ
താമ്രേ ദശാഹം തൽപില്ലപക്ഷ്മശാതഹൃദഞ്ജനം.

പുഷ്പകാസീസചൂർണ്ണം തുളസിനീരിൽ ഭാവനചെയ്തു പത്തുദിവസം ചെമ്പുപാത്രത്തിൽ വച്ചിരുന്നു എടുത്തെഴുതിയാൽ പില്ലവും ഇമകൊഴിയുന്നതും ശമിക്കും.

114 ക്ഷീരേണ യഷ്ടീമധുകം ക്വഥിതം ശർക്കരായുതം
അക്ഷിരോഗേഷു സർവേഷു പരിഷേകഃ പ്രശസ്യതേ.

എരട്ടിമധുരം പാൽക്കഷായമാക്കി പഞ്ചസാര ചേർത്താഴക്കിയാൽ എല്ലാ നേത്രരോഗങ്ങൾക്കും നന്ന്.

115 നവനവനീതസനാഥം കാംസേ വിനിഘൃഷ്ടമൂലമൈളകജം
നേത്രനിഷിതം സുഖയതി ജിത്വാ ഘർഷാശ്രുണീ സഹസാ

തകരവേർ വെണ്ണയിലരച്ച ഓട്ടുപാത്രത്തിൽവച്ചു വാപ്പുകിണ്ടികൊണ്ടുരസഎഴുതുക; ഘർഷാശ്രുക്കൾ ശമിക്കും.

116 താലപർപ്പടതോയേന കിഞ്ചിത് കർപ്പൂരസംയുതം
നേത്രരോഗേഷു സർവേഷു സേചയേത്തൽപ്രശാന്തയേ.

പനമടൽ, പർപ്പടകപ്പുല്ല് ഇവററിൻനീർ വാട്ടിപ്പിഴിഞ്ഞെടുത്ത് അല്പം പച്ചക്കർപ്പൂരവും ചേർത്ത് ഒഴക്കുക; നേത്രരോഗങ്ങൾ എല്ലാററിനും നന്ന്.

## 117 നവാംഗിഗുളിക

മാരിചം ലവണം വചാ വിളംഗം
ത്രിഫലാ ലോഹരജോഞ്ജനഞ്ച പിഷ്ട്വാ
ഗുളികാ യദനുത്തമാ നവാംഗീ
തിമിരഘ്നീ വിമലേവ ചന്ദ്രലേഖാ.

മുളക്, ഇന്തുപ്പ്, വയമ്പ്, വിഴാലരി, ത്രിഫലത്തോട്, ഇരുമ്പുപൊടി, അഞ്ജനക്കല്ല് ഇവ അരച്ചുണ്ടാക്കുന്ന ഗുളിക നേത്രരോഗങ്ങൾക്കു വിശേഷമാകുന്നു.

118 മരിചാമലകൈഃ കരഞ്ജബീജൈഃ
ക്രമവൃദ്ധ്യാ ഫലഭൃംഗതോയപിഷ്ടൈഃ
ഗുളികാ പടലം നിഹന്തി കണ്ഡൂം
തിമിരാണ്യർബ്ബുദതോദദാഹശൂലാൻ

കുരുമുളകു ഭാഗം ൧ നെല്ലിക്കാത്തോട്ട ഭാഗം ൨. പുങ്കുരി ഭാഗം ൩. ഇവ ത്രിഫലക്കഷായത്തിലും കയ്യോന്നിനീരിലും അരച്ചുണ്ടാക്കിയ ഗുളിക പടലം, ചൊറിച്ചിൽ, തിമിരം, അർബ്ബുദം, കുത്തിനോവ്, ചുടിച്ചിൽ, വേദന ഇവ ശമിപ്പിക്കും.

119 നക്തമാലഫലമേകമുദാരം പിഷ്ടമാമലകജാതിരസാഭ്യാം
തദ്‌ദൃശോസ്സതതമഞ്ജയിതവ്യംയസ്സുപർണ്ണസമമിച്ഛതിചക്ഷുഃ

പുങ്കുരിമാത്രം നെല്ലിക്കാനീരിലും പിച്ചകപ്പൂനീരിലും അരച്ച് എപ്പോഴും (പതിവായി) കണ്ണിൽ അഞ്ജിച്ചാൽ സൂക്ഷ്മദർശനശക്തി ഉണ്ടാകുന്നതാണ്.

120 ചന്ദനം സൈന്ധവം ലോധ്രം ഹരിതാലം മനശ്ശിലാ
ഏഷാ സൂര്യപ്രഭാവർത്തിഃ നേത്രരോഗവിനാശിനീ.

ചന്ദനം, ഇന്തുപ്പ്, പാച്ചോററിത്തൊലി അരിതാരം മനയോല ഇവ സമം അരച്ചുണ്ടാക്കുന്ന വർത്തിക്കു സൂര്യപ്രഭാവർത്തി എന്നു പേർ. നേത്രരോഗങ്ങൾ ശമിപ്പിക്കും.

121 ശംഖമ്മഹാനിശാപത്ഥ്യാ നാഗരശ്ചേതി ഭാഗശഃ
ജലപിഷ്ടൈഃ കൃതാ വൎത്തിസ്സാ ച നേത്രാമയാപഹാ.

ശംഖ്, മരമഞ്ഞൾത്തൊലി, കടുക്കാത്തോട്, ചുക്ക് ഇവ വെള്ളത്തിൽ അരച്ച് ഉണ്ടാക്കുന്ന വൎത്തി അഞ്ജിച്ചാൽ എല്ലാം നേത്രരോഗങ്ങളും ശമിക്കും.

122 ശംഖസ്സമുദ്രഫേനശ്ച മൂത്രേണാജേന പേഷിതഃ
അപി വൎഷശതാം പുഷ്പാൻ പ്രയോഗേണാശു നാശയേത്

ശംഖ്, കടൽനുര ഇവ ആട്ടിൻമൂത്രത്തിലരച്ചുണ്ടാക്കുന്ന വൎത്തി കണ്ണിലെ പൂവിനെ ശമിപ്പിക്കും.

## നേത്രഹിതങ്ങളായ പത്ഥ്യാനുഷ്ഠാനാദികൾ.

കൺകരുതുന്ന നരന്മാർ നെല്ലരി കോതമ്പു വരക ചെറുപയറ്
യവമെന്നീവകയെല്ലാം പഴതായതു നെയ്യുമായ് ഭുജിക്കേണം
അടപൊതിയന്നില സിതയും ജാംഗലമാംസഞ്ച മാതളനാരങ്ങ
ഇന്തുപ്പും മൃദ്വീകം ദിവ്യം വെള്ളം ഫലത്രയഞ്ച ഘൃണം
ഉദയത്യാസന്നാസ്തേ മദ്ധ്യാഹ്നേ വാ ദിവാകരം തീക്ഷ്ണം
വെയിലപി നോക്കുകിലാകാ ഗ്രഹണംപടസംവൃതോപി നോക്കൊ-
കുടയുംനല്ലചെരിപ്പുംകൂടാതെ വഴിനടക്കൊലാ വിദ്വാൻ (ല്ല
ദഹിയാതെയുണ്ണൊല്ലാ നെഞ്ചുചുടിക്കുന്ന ചോറുമുണ്ണൊല്ലാ
വേഗനിരോധവുമരുതേയിവയെല്ലാം നേത്രരക്ഷയായിവരും.

## വിശേഷിച്ചു മനസ്സിലാക്കേണ്ടതു്.

ദ്വേ പാദമദ്ധ്യേ പൃഥുസന്നിവേശേ
ശിരോഗതേ തേ ബഹുധാ ച നേത്രേ
താമ്രേക്ഷണോദ്വൎത്തനലേപനാദീൻ
പാദപ്രയുക്താൻ നയനം നയന്തി.
മലോഷ്ണസംഘട്ടനപീഡനാദ്യൈ-
സ്തേ ദൂഷയന്തേ നയനാനി ദുഷ്ടാഃ
ഭജേത്സദാ ദൃഷ്ടിഹിതാനി തസ്മാ-
ദുപാനദഭ്യഞ്ജനധാവനാനി.

രണ്ടു കാലിന്റെയും നടുവിൽ രണ്ടു ഞരമ്പുണ്ടു്. അവ കണ്ണിലോളം ചെന്നിരിക്കുന്നു. അവ ഉള്ളംകാലിലെ ദോഷങ്ങളെയും ഗുണങ്ങളെയും കണ്ണിലോളം കൊണ്ടുചെല്ലും. അതുനിമിത്തം ദോഷങ്ങളെക്കൊണ്ടും കണ്ണിൽ പലരോഗങ്ങളുമുണ്ടാകും എന്നറിഞ്ഞു മുഖം കഴുകുക, കാൽ കഴുകുക, കുട ചെരിപ്പ് ഇവയോടുകൂടി നടക്കുക ഇവയെല്ലാം നേത്രരക്ഷാകരമാണ് എന്നറിഞ്ഞു സ്വീകാൎയ്യമായിട്ടുള്ളതാകുന്നു.

ഇതി നേത്രരോഗചികിത്സ.

## കൎണ്ണരോഗനിദാനം.

കിഞ്ചിൽ ചെവിയുടെ രോഗനിദാനം പറയാമിനി
പാരം നീരിൽ കുളിപ്പൂലും പെരുത്ത വെടികേൾക്കിലും
പാരംചെവിചൊറിഞ്ഞാലും കോപിക്കും മൂന്നുദോഷവും
ചെവികേൾപ്പിച്ചീടിക്കുന്ന തൊണ്ണൂറേഴ്ഞരമ്പിലും
അദ്ദോഷങ്ങളകംപൂകീട്ടുണ്ടാക്കും വ്യാധി കൎണ്ണയോഃ
തലയിൽ പാതികുത്തീട്ടു ചെവിപാരമിറുന്നതു
തണുപ്പു തൊട്ടുകൂടാതെ കാലംചെന്നു, പഴുപ്പതു്
വാതംകൊണ്ടുഭവിക്കുന്ന "കൎണ്ണശൂല"യ്ക്കു ലക്ഷണം.
നോവും പഴുപ്പുമുണ്ടായി മഞ്ഞളിച്ചുവരും ജലം
ചൂററും പൊട്ടുകയും "പിത്തകൎണ്ണശൂല"യ്ക്കു ലക്ഷണം.
കാലം ചെന്നുപഴുത്തിട്ടു വെളുത്തചലമോലുക
കഫംകൊണ്ടുഭവിക്കുന്ന "കൎണ്ണശൂല"യ്ക്കു ലക്ഷണം.
അടികൊണ്ടുചതഞ്ഞിട്ടു ചോരകെട്ടീട്ടു മെല്ലവേ
പിത്തശൂലകണക്കായിവരും "രക്തത്തിലേ"തിനു്
നോവുംപനിയുമേറീട്ടു ചലം പലനിറത്തിലും
ചാടിച്ചുചെവികേളാതെ വരുമ്പോൾ "സന്നിപാതജം."
വായുശബ്ദങ്ങൾചെല്ലുന്ന ഞരമ്പുകളിലൊക്കെയും
പുക്കിരുന്നലറീട്ടുള്ള ശബ്ദംകേൾപ്പിക്ക മൂളുക
ശംഖിൻെറയൊച്ചതോന്നിക്കും"കൎണ്ണനാദ"സ്യ ലക്ഷണം.
വായുശ്ലേഷ്മത്തോടുകൂടി ചെവികേളാതെയാകിനാൽ
ഉറച്ചുശബ്ദംകേൾക്കാതെവരും "ബധിര"ലക്ഷണം.
വാതത്തെക്കൊണ്ടു കൎണ്ണസ്രോതസ്സിൽ ശ്ലേഷ്മാവുപററിയാൽ
നൊന്തിട്ടുചെവികേളാതെ വരുമ്പോൾ "പ്രതിനാഹ"മാം.
കൎണ്ണകണ്ഡുവരുന്നേരം ചൊറിയും കാതുപാരമായ്.
നൊന്തുവീങ്ങീട്ടുവരികിൽ "കൎണ്ണശോഫ"മതിന്നുപേർ.
പിത്തംകൊണ്ടുപഴുത്തിട്ടു ചുട്ടുനാറിച്ചലംവരും
കൊഴുത്തിരിക്കയുംചെയ്യും "പൂതികൎണ്ണ"സ്യ ലക്ഷണം.
വാതാദികൾ ചെവിക്കുള്ളിലുള്ളമാംസം നലച്ചതിൽ
കൃമിയുണ്ടായ്വരുന്നാകിൽ "കൃമികൎണ്ണ"മതിന്നുപേർ.
ചൊറിഞ്ഞുകുരുവുണ്ടായാൽ "കൎണ്ണവിദ്രധി"യെന്നുപേർ
അതുപാരിച്ചുനോവോടുകൂടിവന്നു പുറപ്പെടും
ചെവിക്കുള്ളിലതിന്നപ്പോൾ "കൎണ്ണാൎശസ്സെ"ന്നുപേരുമാം.

നൊന്തുനാറിച്ചലംചാടി കേളാതേയാകി“ലൎബ്ബുദം”
“ശഷ്കുലീ”“കൃചികൎണ്ണ”ഞ്ച“വിദാരീ”“കൎണ്ണശഷ്കുലി”
കണ്ടീലയിവനാലിന്നും പറവാനുള്ള ലക്ഷണം:
വാതം ഞരമ്പിലുൾപ്പുക്കു നേൎപ്പിക്കും കൎണ്ണവള്ളിയെ
അങ്ങനെവള്ളിനേൎക്കുമ്പോൾ “പാളീശോഷ”മതിന്നുപേർ.
നേൎത്തുറപ്പുള്ളവള്ളിക്കു പേരു “താന്ത്രിക”യെന്നുമാം.
കാതുകുത്തിവളൎത്തുമ്പോൾ തെരുന്നനെ വളൎന്നാൽ
പാരമായിച്ചൊട്ടുവീക്കംനോവുണ്ടാം “പരിപോടകം”
“ഉല്പാത”മെന്നുമുണ്ടൊന്നു ലക്ഷണന്നാത്ര ദൃശ്യതേ.
കാതിലാഭരണംപൂണ്ടാൽ വള്ളിമേൽ പുണ്ണുഴപ്പുമായ്
വീക്കവും മൂട്ടുമുണ്ടാകിൽ ചൊല്ലാം “ഗല്ലീര”മെന്നുപേർ.
സന്നിപാതമതാകുമ്പോൾ “പാളീശ്വയഥു”വെന്നുപേർ.
കഫംകൊണ്ടുചൊറിഞ്ഞിട്ടു പാരം സൂക്ഷ്മങ്ങളാകിന
കൃമിയുണ്ടായ്വരുന്നാകിലതു “ലിഹ്യാഖ്യ”യായ്വരും.
ഇങ്ങനെയിരുപത്തഞ്ചു കൎണ്ണരോഗങ്ങളുള്ളതിൽ
പിപ്പലീകൃചികൎണ്ണഞ്ച വിദാരീസന്നിപാതജം
ശൂലനാലുമസാദ്ധ്യങ്ങൾ താന്ത്രികാ യാപ്യമായ്വരും.
മറേറതിരുപതും നന്നായ് ചികിത്സിച്ചാൽ ശമിച്ചുപോം
വാതം പിത്തം കഫം രക്തം സന്നിപാതമിവററിലെ
ശൂലങ്ങൾ കൎണ്ണനാദഞ്ച ബാധിൎയ്യം പ്രതിനാഹവും
കൎണ്ണകണ്ഡൂതിശോഫഞ്ച പൂതികൎണ്ണം തതഃപരം
കൃമികൎണ്ണഞ്ച വിദ്രധ്യൎശ്ശസ്സൎബ്ബുദവും തഥാ.
കൃചികൎണ്ണം ശഷ്കുലികാ പിപ്പല്യപി വിദാരികാ
കൎണ്ണശഷ്കുലിയും പാളീശോഷം താന്ത്രികയും പുനഃ
പരിപോടവുമുല്പാതം ഗല്ലീരശ്വയഥുക്കളും
ലിഹ്യാഖ്യാഞ്ചേതി കൎണ്ണത്തിലിരുപത്തഞ്ചുവ്യാധികൾ
ഇതിൽ പിപ്പലിയും സന്നിപാതശൂലവിദാരികാ
കൃചികൎണ്ണവുമിന്നാലുമസാദ്ധ്യം യാപ്യതാന്ത്രികാ
മറേറതിരുപതും സാദ്ധ്യമിവററിന്റെ ചികിത്സകൾ: —

## കൎണ്ണരോഗചികിത്സ

1 വാതംകൊണ്ടുള്ള ശൂലയ്ക്കു പ്രയോഗിക്കേണമിങ്ങനെ
'രസോനം രവിപത്രേണേ'ത്യാദിനാ കൎണ്ണപൂരണം

ഉള്ളികായമരച്ചന്ന കണ്ണപൂരണവും ഗുണം.

2 അരയാലക്കവിലപാനാം ഇലവാട്ടിപ്പിഴിഞ്ഞനീർ
നിത്തേണം ചെറുചൂടോടെ രാത്രൗ ചാൽപുകയേല്ക്കയും
വാതഘ്നദ്രവ്യസംസിദ്ധം ഘൃതം സേവിക്ക രാത്രിയിൽ
ചെവിനൊന്തു ചലംചാട്ടം കണ്ണരോഗത്തിനഞ്ജസാ
'മഹതഃപഞ്ചമൂലസ്യേത്യാദി' തൈലേന പൂരണം,
ബാലാനാം ഹേതുക്രൂടാതെ ചെവിയിൽ ചലമോലുകിൽ
അമ്മേപ്പാക്രന്നതിററിട്ട ഊതിച്ചാൽ ശമനംവരും.
കണ്ണരോഗങ്ങളുള്ളോരെ തേപ്പിപ്പാൻ നാഗരാദിയും
ത്രിഫലാദ്യസനാദ്യഞ്ച ഭൃംഗാമലകമാദിയും
കൊള്ളാം തല നനയ്ക്കൊല്ലാ പച്ചവെള്ളംകുടിക്കൊലാ
പിത്തോത്ഥകണ്ണശൂലയ്ക്കു നിത്തുവാനുള്ള നെയ്കളും

3 'ജീവന്ത്യാദിഘൃതം' നന്ന് വിദാര്യാദിഘൃതംതഥാ
ചെറുതാംപഞ്ചമൂലംകൊണ്ടുണ്ടാക്കും നെയ്യുമുത്തമം
ഈനെയ്കൾക്കൊക്കെമൂദ്വീകംനന്നായ്ക്രട്ടിട്ടുകാച്ചണം.

4 എരട്ടിമധുരം കല്ക്കകഷായമായ് വെന്തനെയ്യുമാം.

5 എരട്ടിമധുരകഷായേ ശീതദ്രവ്യങ്ങൾ കല്ക്കമായ്
കാച്ചീട്ടുള്ള ഘൃതം നിത്താം പിത്തശൂലയ്ക്കു കണ്ണയോഃ

6 ദ്രാക്ഷായഷ്ടിശൃതം സ്തന്യം ശസ്യതേ കണ്ണപൂരണേ
കഫശൂലയ്ക്കുചെയ്യേണം ധൂമഗണ്ഡൂഷനസ്യവും
ഉഷ്ണദ്രവ്യങ്ങളെക്കൊണ്ടു കണ്ണപൂരണവും ഗുണം.

7 ലശുനാദ്രകശിഗ്രൂണാം മുരിംഗ്യാമൂലകസ്യ ച
കദല്യാശ്ച രസഃ ശ്രേഷ്ഠഃ കദുഷ്ണഃ കണ്ണപൂരണേ.

ഇഞ്ചി, വെള്ളുള്ളി, മുരിങ്ങവേർതൊലി, പുനർമ്മുരിങ്ങവേരു് മുള്ളങ്കിക്കിഴങ്ങു് (കനകവാഴ എന്നും പക്ഷം) കദളിവാഴമാണം ഇവ ഇടിച്ചുപിഴിഞ്ഞനീരു് ചെറുചൂടോടെ ചെവിയിൽ നിത്തുക.

8 അക്കാംകരംചതയ്ക്കാതെ തൈലേമുക്കിപ്പൊതിഞ്ഞതു
മൺപൊതിഞ്ഞിട്ടു ചുട്ടുണ്ടാം രസഞ്ച കഫശൂലജിത്.
മുളമ്പൊരിയുമാട്ടിൻെറ മൂത്രവും ചേർത്തുകാച്ചിയ
എണ്ണനിത്തുകയും നന്നു് ശ്ലേഷ്മശൂലഹരം പരം.
രക്തശൂലയ്ക്കു ചെയ്യേണം പിത്തശൂലയ്ക്കു ചൊന്നതു്
സന്നിപാതത്തിലേതിന്ന മൂന്നുംക്രടെ പ്രയോജയേത്.

10 വിശേഷാൽ നാരകത്തിൻെറപത്രേ കാച്ചിയ എണ്ണയും
ചൂരലെണ്ണയുമാം താനും സന്നിപാതത്തിലേതിനു്.
കണ്ണത്തിലുള്ള പുണ്ണിന്നു് ന്യഗ്രോധാദിഗണേന വാ
സുരസാദിഗണംകൊണ്ടോ കഷായംവച്ചു നിത്ത്യക
ഇതുകൊണ്ടെണ്ണകാച്ചിട്ടു ചെയ്യാം നിത്ത്യക നസ്യവും
ബാധിയ്ക്കുകണ്ണനാഡങ്ങളുണ്ടായ്വരികിലന്നുടൻ
ചെയ്യേണം വാതശ്ശൂലയ്ക്കു ചൊന്നപോലെ ചികിത്സകൾ.

11 ചെറുകടുകാട്ടിയതൈലം വാതഘ്നദ്രവ്യസാധിതം നന്നായ്
നിത്തേണംകണ്ണത്തിൽപൊങ്ങീടും കണ്ണനാഡമുടനേപോം
കണ്ഡൂബാധിയ്ക്കൃമികൾ പൂതികണ്ണാദിയൊക്കെയും
'ശ്രൂഷ്കാമലകശ്ശുണ്ഠ്യാദി' ക്ഷാരതൈലേന നശ്യതി
മുഖദന്താമയങ്ങൾക്കമിത്തൈലം ഗുണമാസ്വരും.
കണ്ണവിദ്രധിയുണ്ടായാൽ വിദ്രധീടെ ചികിത്സകൾ
വിദാരികാർബുദങ്ങൾക്കു,മശ്സ്സിന്നും ചികിത്സകൾ
12 തേററാമ്പരലരച്ചിട്ടു ദുഷ്ടുനീക്കീട്ടുചെയ്യണം
13 പാളിശോഷംശമിപ്പിക്കാൻ പന്നിനെയ് തേയ്ക്കുവള്ളിമേൽ.
14 അരക്കമുക്കരം നല്ലമെഴുകിത്യാദി ബൃംഹണാൽ
പന്നിനെയ്യിൽകുഴമ്പാക്കി തേച്ചാൽ വള്ളിതടിച്ചുപോം.
15 ഞെരിഞ്ഞാംപുളിമൂലത്തേ തേങ്ങാനെയ്യിൽവറുത്തുടൻ
അരച്ചുതേച്ചാലൊഴിയും വള്ളിമേലുള്ള പുണ്ണുകൾ
നടുക്കിൻനടുവേകീറി മുഴചെത്തി വറട്ടുക
കാതൊട്ടുവളരാത്തോൾക്കു വഴിപോലെ വളത്ത്വാൻ
'ജലശ്ശൂകസ്വയംഗുപ്തേത്യാദി'യായുള്ള നെയ് ഗുണം
'ഭ്രമീകദംബസ്വരസേ'ത്യാദിതൈലവുമത്ഭുതം.
മുലനന്നായ് വളത്തേണ്ടും നവനീതവചാദിയാം
എണ്ണമാറത്തുനന്നായിത്തേപ്പിച്ചാൽ വളരുംമുല.

## ചെവിയിൽ കീടങ്ങൾ കടന്നാൽ

എറുമ്പുമൂട്ടയതുമ, പാററയോ ചിതൽ മൂട്ടയോ
വേട്ടാവെളിയനോ കണ്ണേ പുക്കാൽ കല്ലുപ്പുനീരുതാൻ
16 കാച്ചിയിട്ടൊട്ടുചൂടോടെ നിറച്ചാൽ ചത്തുപോമവ.
ചികിത്സയിങ്ങനെ ചെയ്താൽ കണ്ണരോഗമൊഴിഞ്ഞുപോം.

17 രസോനം രവിപത്രേണ പുടപാകം പ്രസാധയേത്
കദുഷ്ണസദ്രസസ്തസ്യ കർണ്ണശൂലവിനാശനം.

വെള്ളുള്ളി എരുക്കിലയിൽ പൊതിഞ്ഞു ശീലമൺചെയ്തു ചുട്ടെടുത്തു പിഴിഞ്ഞെടുക്കുന്ന നീര് ചെറുചൂടോടെ ചെവിയിൽ നിർത്തുക; കർണ്ണശൂല ശമിക്കും.

18 ഉള്ളികായമരച്ചിട്ട അൎക്കപത്രപ്രലേപിതം
വാട്ടിപ്പിഴിഞ്ഞുള്ളരസം കർണ്ണശൂലം വിനാശയേത്.

19 മഹതഃപഞ്ചമൂലസ്യ കാഷ്ഠാത് ക്ഷൗമേന വേഷ്ടിതാത്
തൈലസിക്താത് പ്രദീപ്താഗ്രാത് സ്നേഹസ്സദ്യോ രുജാപഹഃ

വലിയ പഞ്ചമൂലം=കുമിഴ്, കൂവളം, പാതിരി, പയ്യാഴാന്ത, മുഞ്ഞ ഇവററിൻകമ്പിൽ (വേരില്ലമാം) വീരാളിപ്പട്ട ചുററി തൈലം (എണ്ണയോ കടുകെണ്ണയോ കോരിയൊഴിച്ചു കത്തിച്ചു (വ്രണഭൈരവതൈലംപോലെ പാകം) വീഴ്ത്തിയെടുക്കുന്ന തൈലം ചെവിനോവ്, ചലംവരിക ഇവ ശമിപ്പിക്കും. ദേവതാരക്കമ്പിലും ഈവണ്ണമാകാം.

അൎക്കാങ്കുരാനമ്ലപിഷ്ടാം സ്തൈലാക്താൻ ലവണാന്വിതാൻ
സന്നിധായ സ്നുഹീകാണ്ഡേ കാരിതേ തല്പുടാവൃതേ
സ്വേദയേത് പുടപാകേന സ്വരസഃ ശൂലജിത് പരം.

എരുക്കിൻകൂമ്പ് (കുരുന്ന്) എണ്ണയിൽ നനച്ച് ഇന്തുപ്പും പുളിയുംകൂട്ടി തിരുമ്മി (അരയ്ക്കുയുമാം) കള്ളിത്തണ്ടു തുരന്ന് അതിൽവച്ചു കള്ളിയിലകൊണ്ടു കെട്ടി പുടപാകംചെയ്തു പിഴിഞ്ഞെടുത്ത രസം ചെവിയിൽ ഒഴിക്കുക. ശൂല ശമിക്കും.

21 രസേന ബീജപൂരസ്യ കപിത്ഥസ്വരസേന വാ
കർണ്ണപൂരണമാത്രേണ കർണ്ണപൂയം വ്യപോഹതി.

മാതളനാരങ്ങാനീരും, വിളാമ്പഴനീരും ചെവിയിൽ ഒഴിക്കുക; കർണ്ണശൂല ശമിക്കും. കർണ്ണപൂയവും ശമിക്കും. ന്യഗ്രോധാദിഗണം നേത്രചികിത്സയിലുണ്ട്.

## 22. സുരസാദിഗണം

സുരസയുഗഫണിജ്ഝം കാലമാലാ വിഡംഗം
ഖരബുസവൃഷകർണ്ണീ കട്ഫലം കാസമർദ്ദഃ
ക്ഷവകസരസിഭാർങ്ഗീ കാർമുകാ കാകമാചീ
കലഹലവിഷമുഷ്ടീഭൂസ്തൃണോ ഭൂതകേശീ

സുരസാദിഗണഃ ശ്ലേഷ്മമേദഃകൃമിനിഷൂദനഃ
പ്രതിശ്യായാരുചിശ്വാസകാസഘ്നോ വ്രണശോധനഃ

തുളസി രണ്ടും, മണിക്കഞ്ഞകം, കരിംകഞ്ഞകം, വിഴാലരി, വലിയ കടലാടിവേർ, എലിച്ചെവി, കുമിഴിൻവേര്, പൊന്നാന്തകരവേർ, തുമ്പവേര്, കാട്ടുതുളസിവേർ, ചെറുതേക്കിൻവേര്, കുരുക്കത്തിമുല്ലവേര്, കരിന്താളി, അടയ്ക്കാമണിയൻവേര്, പുറംകൈനാറി (കാട്ടപ്പ എന്നു മതാന്തരം), ഞെരിഞ്ഞണംപുല്ല് (ചെങ്ങണംപുല്ല്), മാഞ്ചി ഇവ സുരസാദിഗണം, കഫം, മേദസ്സ്, കൃമി, പീനസരോഗം, അരുചി, കാസം, ശ്വാസം ഇവയെ ശമിപ്പിക്കും. വ്രണം ശുദ്ധമാക്കും.

ഇതി കർണ്ണരോഗചികിത്സ.

## നാസികാരോഗനിദാനം

ഹിമം പൊടി കൊട്ടുങ്കാററ,ങ്ങേൾക്കയേറെയുറങ്ങുക
കണക്കിലേറെപ്പൊക്കീട്ടോ, താഴ്ത്തീട്ടോ തലവയ്ക്കയും
ഉറക്കിളയ്ക്കയും വെള്ളം മാറിമാറിക്കുളിക്കയും
മലമൂത്രനിരോധങ്ങളെന്നോരോന്ന നിമിത്തമായ്
വാതാദിമൂന്നും കോപിച്ചാൽ മൂക്കപാരം കനത്തതിൽ
പലദണ്ഡത്തെയുണ്ടാക്കും ത്രിദോഷങ്ങൾ ശരീരിണാം.

വാതകോപത്തിലുണ്ടാകും മുഖത്തിന്നുവറൾച്ചയും
തുമ്മലുണ്ടായ്വരുംപാരം മൂക്കനന്നായടച്ചുപോം
തലശംഖങ്ങൾ കുത്തീട്ടു തണുത്ത ജലമോലുക
ഈവണ്ണമെല്ലാമുണ്ടാകിൽ 'വാതപീനസ'മെന്നുപേർ.

തണ്ണീർദ്ദാഹത്തോടുകൂടി പിത്തംകൊണ്ടുവരും കുരു
പിന്നെ രൂക്ഷങ്ങളായിട്ടു ചുവന്നുഷ്ണങ്ങളാകിന
വെള്ളവുംശ്ലേഷ്മവുംചാട്ടുമതിൻപേർ 'പിത്തപീനസം'

ശ്ലേഷ്മകോപത്തിലുണ്ടാകും ചോറുവേണ്ടാതെയും ചുമ
ദേഹം കനക്കയും ഛർദ്ദി വാ പാരം മധുരിക്കയും
മൂക്കപാരം ചൊറിഞ്ഞിട്ടു സ്നിഗ്ദ്ധമായ് വെള്ളമോലുക
ശ്ലേഷ്മവും വളരെച്ചാട്ടും 'ശ്ലേഷ്മപീനസ'ലക്ഷണം.

എല്ലാദോഷങ്ങളുംകൂടി കോപിച്ചാലിവയൊക്കെയും
കൂടീട്ടുണ്ടായ്വരും മൂക്കിൽ പീനസം സന്നിപാതജം.

രക്തംകോപിച്ചുമൂക്കിൻെറ ഞരമ്പിൽചെന്നുകൂടിയാൽ
കൺചുവക്കും മാർതരിക്കും ചൂടുണ്ടാമിന്ദ്രിയങ്ങളിൽ
ശ്വാസം കാസം വാവറൾച്ച വ്ളാപ്പുറംനോക മൂക്കിലെ
ശ്വാസംദുൎഗ്ഗന്ധമാംപിന്നെ നാവിനില്ല രസജ്ഞത
മൂക്കഗന്ധത്തെയറിയാ,യെന്നെല്ലാമായ്വരുന്നനാൾ
ഉപേക്ഷിക്കിൽ ശമിക്കാത്ത 'രക്തപീനസ'ലക്ഷണം.

എരിച്ചതതിയായുള്ള തീക്ഷ്ണദ്രവ്യത്തെ നാററുക
കോലോ വണയോ തട്ടി മൂക്കിലെയെല്ലുപൊട്ടുക
വെയിൽകൊള്ളുകയെന്നോരോ,ന്നുണ്ടായിട്ടു വരുന്നനാൾ
വായുകോപിച്ചു ശൃംഗാട,മൎമ്മങ്ങളവനാലിനെ
ഒന്നാക്കിക്കണ്ണുജിഹ്വാക്ഷി,നാസാരന്ധ്രങ്ങളിൽ സമാ
നിന്നിട്ടുവായതുമ്മിക്ക, ന്നതിൻെറ പേർ 'ഭ്രംശക്ഷവം.'

മാരുതൻ നാസികാസ്രോതസ്സിങ്കലുള്ള കഫത്തിനെ

ശോഷിപ്പിച്ചിട്ടടയ്ക്കുമ്പോൾ 'നാസികാശോഷ'മെന്നപേർ.
മൂക്കുവീങ്ങിവരുന്നാകിൽ അതി 'നാനാഹ'മെന്നപേർ.
പഴുക്കുംമൂക്കുപിത്തേന 'നാസാപാക'മതിന്നപേർ.
വെള്ളംപോലെമൂക്കൊലിക്കും 'നാസാസ്രാവസ്യ'ലക്ഷണം
ശ്ലേഷ്മമാസ്ഥം മുടക്കുമ്പോൾ ഉണ്ടാം കറുകറുക്കയും
കുരുവും ചുമയും നോവ്വ,മുണ്ടായിട്ട വഴുന്നനെ
കോലാട്ടിൻമൂക്കിലെശ്ലേഷ്മംപോലെയുള്ളത്തു പീനസം.
രക്തകോപത്തിലുണ്ടാകും കറുത്തനര മൂക്കില്യ്
തൊട്ടുക്രൂടാതെയാംമൂക്ക് 'വിദശ്ധ'യ്ക്കുള്ള ലക്ഷണം.
ദുഷ്ടമായ് മാംസമണ്ണാക്കിൽ മൂക്കിൽശ്വാസംവരുന്നതു്
വെടക്കുപോലെനാറുമ്പോൾ 'പൂതിനാസ'മതിന്നുപേർ.
ദോഷങ്ങൾമൂന്നും കോപിച്ചു തല്ലുകൊള്ളുകയെന്നിവ
ഉണ്ടാകിൽ പരമായിട്ട തലകുത്തീട്ട മൂക്കില്യ്
ചോരക്രൂടിച്ചലംചാട്ടം 'പൂയരക്ത'മതിന്നുപേർ.
പിത്തശ്ലേഷ്മങ്ങളുൾപ്പുക്കു നിറഞ്ഞെന്നാലുടൻ മരുത്
കഫത്തിനെ വരട്ടിക്കൊണ്ടടയ്ക്കും 'പുടക'ത്തിന്റ്.
ചുവന്നും ചെമ്പരുത്തിപ്പൂപോലെയുണ്ടാകുമർബ്ബുദം
അർശ്ശസ്സുപോലെയുണ്ടാകിൽ 'നാസാർശ്ശസ്സു'ത്തു നിശ്ചയം.
മൂക്കത്തു പതിനെട്ടായിട്ടുണ്ടു വ്യാധികളെന്നിവ
വാതം പിത്തം കഫം സന്നിപാതം രക്തമിതഞ്ചിലും
ഓരോപീനസമുണ്ടാമതഞ്ചും പിന്നെ ഭ്രംശക്ഷവം
നാസികാശോഷമാനാഹം നാസാപാകം തതഃപരം
നാസാസ്രാവഞ്ച പിന്നത്തെ പീനസഞ്ച വിദശ്ധയും
പൂതിനാസം പൂയരക്തം പിടികാ വിദ്രധീ തഥാ
അർബ്ബുദഞ്ചാപി നാസാർശ്ശസ്സിങ്ങനെപതിനെട്ടിവ.
അതഃപരമവററിന്റെ ചികിത്സപറയുന്നിതു്:—

## നാസികാരോഗചികിത്സ.

പീനസം യാപ്യമെന്നാലും നിദാനത്തിലിരിക്കണം
തലയ്ക്കു ത്രിഫലാദ്യെണ്ണ ഭൃംഗാമലകമാദിയും
കൊള്ളാമസനവിലാദി ചന്ദനാദ്യഞ്ച തൈലവും
നാഗരാദ്യെണ്ണയുംകൊള്ളാം തേപ്പാൻപീനസരോഗിണാം
ഇവറെറക്കൊണ്ടുഗണ്ഡൂഷം നസ്യവും പീനസേ ഹിതം.

23 എരട്ടിമധുരം നല്ല കടുത്രയഫലത്രയം
ഏഴുംപൊടിച്ചു കർപ്പൂരംക്കൂട്ടീട്ടിടുക മൂർദ്ധ്നി
തലയിൽ കാററുതട്ടാതെ തൊപ്പിയിട്ടിട്ടുകെട്ടണം.
ലഘ്വമ്ലസിദ്ധമാമന്നമിറുകക്കബളീകൃതം
കുറേക്കറെ ഭുജിക്കേണം പച്ചവെള്ളംകുടിക്കൊലാ
ധന്വമാംസഞ്ച പേരാലിൻ വേട്ടും പയറുശക്കര
കടുത്രയഞ്ച ഗോതമ്പു മാതുളുംഗഫലഞ്ച തേൻ
പഴേകള്ളു,മുരിങ്ങച്ചാർ ദശമൂലാംബുവെന്നിവ
സേവിക്ക പീനസവ്യാധി,യുള്ളവർക്കും ഗുണം തുലോം.
സേവിപ്പാൻ ‘വ്യോഷതാലീസ’മാദിയാം വടകംഗുണം.
നന്നു വാതപ്രതിശ്യായേ വിദാര്യ്യാദിഗണം ഗുണം
കഷായംവച്ചു സേവിക്ക നസ്യം ഗണ്ഡൂഷവും ഹിതം
അർദ്ദിതത്തിന്നു ചൊല്ലീട്ടുള്ളവയും ഗുണമായ്വരും
പിത്തപീനസമുണ്ടായാൽ മധുരം ശീതളങ്ങളും
‘ധവത്വക്’ത്രിഫലേ’ത്യാദി തൈലംകൊണ്ടുള്ളനസ്യവും
കഫപീനസമുണ്ടായാൽ ഗുണം പട്ടിണിച്ചൂട്ടിയും.

24 അരച്ചുതലയിൽതേപ്പു വെളുത്തകടുകാദരാൽ
25 കടുത്രയംപൊടിച്ചിട്ടു നസ്യം സേവിക്കയുംഗുണം
വ്യോഷോരുപൂഗകൃമിജിത് എന്നുള്ള പുകയുംഗുണം.
തീക്ഷ്ണചൂർണ്ണം പ്രയോഗിക്ക പുടപാകേ ഭൃശക്ഷവേ
ഇവകൊണ്ടുള്ള നസ്യഞ്ച ഘ്രാണയോർദ്ധൂമവുംഗുണം
‘ശുണ്ഠീകുഷ്ഠാദി’തൈലേന നസ്യം നന്നു ഘൃതേന വാ
നാസാശോഷേ ബലാതൈലം തേയ്ക്കു നസ്യം പുകയ്ക്കയും
സ്നിഗ്ദ്ധമായി വിയർപ്പിക്ക “നാസാനാഹത്തിനും”ഗുണം
പാകദീപ്തികളുണ്ടായാൽ പിത്തത്തിൻെറ ചികിത്സകൾ
തീക്ഷ്ണനസ്യാദിചെയ്യുമ്പോൾനാസാസ്രുതിശമിച്ചുപോം
കഫഘ്നങ്ങൾ പ്രയോഗിക്ക പൂതിനാസത്തിനുത്തമം.
‘ശിഗ്രുസിംഹീനികുംഭാദി’തൈലംകൊണ്ടുള്ള നസ്യമാം
പൂയരക്തത്തിനാവോളം ശീതളൌഷധമുത്തമം
നാസാർശസ്സർബ്ബുദം വിദ്രധ്യേന്നീവ്യാധികൾമൂന്നിനും.

26 പരുവയ്ക്കുള്ളതോൽ മഞ്ഞൾ മധുകഞ്ച കടുക്കയും
ഇരുമ്പോട്ടു കരുത്തിയം വയമ്പുമിവയൊക്കെയും

ഗുളികീകൃത്യ തേൻവീഴ്ത്തിയരച്ചാൽ തേയ്ക്കു മൂക്കിലു്
അതുകൊണ്ടു ശമിക്കാഞ്ഞാൽ ശസ്ത്രംചുട്ടിട്ടുകാച്ചുക
'നികുംഭകുംഭസിന്ധൂത്ഥ'മെന്നവൎത്തിയുമുത്തമം.

### 27. വ്യോഷാദിവടകം.

വ്യോഷതാലീസചവികാതിന്ത്രിണീകാമ്ലവേതസം
സാഗ്ന്യജാജീദ്വിപലികമേലാത്വക്പത്രപാദികം
ജീൎണ്ണാദ്ഗുളാത്തുലാൎദ്ധേന പക്വേന വടകീകൃതം
പീനസശ്വാസകാസഘ്നം രുചിസ്വരകരം പരം.

ത്രികടുകു് താലീസപത്രം കാട്ടുമുളകിൻവേരു് ഞെരിഞ്ഞാംപുളിക്കിഴങ്ങു് കോൽപ്പുളിഞ്ഞരമ്പു് കൊടുവേലിക്കിഴങ്ങു് അയമോദകം ഇവ ൨ പലംവീതം. ഏലത്തരി ഇലവൎങ്ങം പച്ചില ഇവ അരപ്പലംവീതം. ൫൦ പലം ശൎക്കര. ഇവ ചേൎത്തു വടകമുണ്ടാക്കി സേവിക്ക; പീനസം ശമിക്കും. ശ്വാസം കാസം ഇവയ്ക്കും നന്നു്. രുചിയുണ്ടാവാനും സ്വരം തെളിയാനും നന്നു്.

### 28. ധവത്വഗാദിതൈലം

ധവത്വക്ത്രിഫലാശ്യാമാശ്രീപൎണ്ണീയഷ്ടിതില്വകൈഃ
ക്ഷീരേ ദശഗുണേ തൈലം നാവനം സന്നിശൈഃ പചേത്

അമഴവർ ഇലവൎങ്ങം ത്രിഫലത്തോടു് കൊന്നത്തൊലി കുമിഴിൻവേരു് ഇരട്ടിമധുരം മഞ്ഞൾ കുമ്മട്ടിത്തൊലി ഇവ അരച്ചുകലക്കി പത്തിരട്ടി പാൽചേൎത്തു് എണ്ണ കാച്ചിയരിച്ചു നസ്യംചെയ്ക.

### 29. വ്യോഷോരുപൂഗാദി വൎത്തി

വ്യോഷോരുപൂഗകൃമിജിദ്ദാരുമാദ്രിഗദേംഗുദം
വാൎത്താകബീജത്രിവൃതാസിദ്ധാൎത്ഥാഃ പൂതിമത്സ്യകഃ
അഗ്നിമന്ഥസ്യ പുഷ്പാണി പീലുശിഗ്രുഫലാനി ച
അശ്വവിഡ്രസമൂത്രാഭ്യാം ഹസ്തിമൂത്രേണ ചൈകതഃ
ക്ഷൗമഗൎഭാം കൃതാം വൎത്തിം ധൂമം ഘ്രാണാസ്യതഃ പിബേത്.

ത്രികടു ആവണക്കിൻവേരു് വിഴാലരി ദേവതാരം കാട്ടുതിപ്പലിവേരു് കൊട്ടം ഓടൽക്കുരു ചെറുവഴുതിനയരി. ത്രികോല്പക്കൊന്ന കടുക് പീനാറി (പൂതവൃക്ഷം) മുഞ്ഞപ്പൂവു് ഉങ്ങുങ്കുരു മുരിങ്ങക്കുരു ഇവ ആനമൂത്രത്തിലും കുതിരലത്തിന്നീരിലും കുതിരമൂത്രത്തിലും അരച്ചുണക്കി പുകയേല്പിക്ക.

### 30. ശുണ്ഠ്യാദിതൈലം

ശുണ്ഠികുഷ്ഠകണാവേല്ലദ്രാക്ഷാകല്ക്കകഷായവത്
സാധിതം തൈലമാജ്യം വാ നസ്യം ക്ഷവപുടഘ്രണുത്

ചുക്കു് വെള്ളക്കൊട്ടം തിപ്പലി വിഴാലരി മുന്തിരിങ്ങാപ്പഴം ഇവ അരച്ചുകലക്കി നെയ്യോ എണ്ണയോ കാച്ചിഅരിച്ചു നസ്യംചെയ്ക. ക്ഷവം പുടപാകം ഇവ ശമിക്കും.

### 31. ശിഗ്രുസിംഹ്യാദിതൈലം

ശിഗ്രുസിംഹീനികുംഭാനാം ബീജൈഃ സവ്യോഷസൈന്ധവൈഃ
സവേല്ലസുരസൈസ്തൈലം നാവനം പരമം ഹിതം.

മുരിങ്ങക്കുരു, ചെറുവഴുതിനയരി, നാഗദന്തിക്കുരു, ത്രികടുക്, ഇന്തുപ്പ്, വിഴാലരി, തുളസിക്കതിര് ഇവ അരച്ചുകലക്കി എണ്ണ കാച്ചിയരിച്ചു നസ്യംചെയ്ക; പീനസം മുതലായവ ശമിക്കും.

### 32. നികുംഭകുംഭാദി വർത്തി.

നികുംഭകുംഭസിന്ധൂത്ഥമനോഹ്വാഹ്വകണാഗ്നിഭിഃ
കല്ക്കിതൈർഘൃതമദ്ധ്വാക്താം ഘ്രാണേ വർത്തിം പ്രയോജയേത്.

നാഗദന്തിവേർ, ത്രികോല്പക്കൊന്ന, ഇന്തുപ്പ്, മനയോല, തിപ്പലി, കൊടുവേലിക്കിഴങ്ങ് ഇവ പൊടിച്ചു തിരിതെറുത്തു തേനും നെയ്യുംചേർത്തു പുകയേല്പിക്ക; നാസാരോഗങ്ങളും ശമിക്കും.

ഇതി നാസാരോഗചികിത്സ.

## ഓഷ്ഠരോഗനിദാനം.

മത്സ്യങ്ങൾ പച്ച(ന്നി)മാംസങ്ങൾ ഉഴുന്നിന്റെറപരുപ്പിവ
തിങ്ക പിന്നെ ദധിക്ഷീര,മദ്യേക്ഷുരസസേവയും
പല്ലുതേയ്ക്കായ്കയും പിന്നെ വല്ലാതേപോയ്ക്കിടക്കയും
വിരേചനസിരാവേധം ഛർദ്ദിഗണ്ഡൂഷമെന്നിവ
വിധിച്ചവണ്ണംചെയ്യാഞ്ഞാൽ ത്രിദോഷക്ഷോഭവുംവരും
അതിൽശ്ലേഷ്മാവുകോപിച്ചാൽ മുഖത്തുണ്ടായ്വരുന്നതു
എഴുപത്തഞ്ചുരോഗങ്ങളവറെറപ്പറയുന്നിതു: —

ഓഷ്ഠത്തിൽപതിനൊന്നുണ്ടു കവിളത്തൊന്നു, മോണമേൽ
പതിമ്മൂന്നാം നാവിലറുപത്തിരണ്ടു,ണ്ടു പല്ലിലും.
അണ്ണാക്കിലെട്ടു,കണ്ഠത്തിൽ പതിനെട്ടെ,ട്ടുവായിലും
മുഖത്തെല്ലാടവുംകൂടെയുള്ള വ്യാധികളിങ്ങനെ
എഴുപത്തഞ്ചുകാണ്മാനു,ണ്ടവററിന്നുള്ള ലക്ഷണം:

ചുണ്ടുരണ്ടായ്വരുന്നാകിലതു"ഖണ്ഡോഷ്ഠ"ലക്ഷണം.
ശംഖോട്ടുകുഴലുംകൊമ്പും മുഖവീണയുമൂതുക
പാരംതുമ്മുകയെന്നോരോന്നുണ്ടായാൽ വാതകോപതഃ
ചുണ്ടുരണ്ടുമിറുന്നിട്ടു നൊന്തുകീറിക്കനത്തതിൽ
മിനുപ്പുകൂടാതെവന്നു തരിപോലെ പുറപ്പെട്ടും
ഈവണ്ണമെല്ലാമുണ്ടായാ"ലോഷ്ഠകോപ"മതിന്നുപേർ.

ശ്ലക്ഷ്ണമായിട്ടെഴുന്നിട്ടു കടുകോട്ടുസമങ്ങളായ്
പുറപ്പെട്ടൊഴുകും ചുണ്ടു,"പിത്തപാകസ്യ"ലക്ഷണം.

ശ്ലേഷ്മംകൊണ്ടുവെളുത്തിട്ടു വീങ്ങിനന്നായ് കനത്തതിൽ
വളരെക്കുരുവുണ്ടാകും "ശ്ലേഷ്മപാകസ്യ"ലക്ഷണം.

നിറങ്ങൾ പലതായുണ്ടാം ചുണ്ടിന്മേൽ വളരെക്കരു
അതിലൊട്ടുപഴുത്തിട്ടും പഴുക്കാതെയുമാസ്സരും
പാരം പരുപരുപ്പുണ്ടാം "സന്നിപാതസ്യ"ലക്ഷണം.
രക്തംകൊണ്ടുചുവന്നിട്ടു ചുണ്ടുവീങ്ങീട്ടു,ചുണ്ടുകൾ
ലന്തപ്പഴത്തിനെപ്പോലെ വരും ചോരയൊലിക്കയും
ഉണ്ടാകുന്നതു പാരിച്ച "രക്തപാകസ്യ"ലക്ഷണം.
ഇതുപേക്ഷിക്കിലാരോഗം മൂക്കി"ലർബ്ബുദ"മാസ്സരും.
രക്തപാകത്തിലേരക്തം ക്ഷയിച്ചിട്ടുവരുന്നനാൾ
ചുണ്ടുമർബുദമായ്ത്തീരുമെന്നാ'ലർബ്ബുദ'മെന്നുപേർ.
മാംസദോഷത്തിനെക്കൊണ്ടു ചുണ്ടുക്രുടിപ്പുഴുത്തതിൽ
പുഴുകണ്ടാസ്സരുന്നേരം "മാംസപാക"മതിന്നുപേർ.
മേദസ്സുകൊണ്ടുവളരെ വീങ്ങിനൊന്തുമൃദുത്വവും
ക്രുടിയുണ്ടാസ്സരുന്നാകിൽ "മേദഃപാക"മതിന്നുപേർ.
മുറിഞ്ഞാൽവീങ്ങിമൊരികിൽ "ക്ഷതപാക"മതിന്നുപേർ
ചുണ്ടുപാരംചൊറിഞ്ഞിട്ടു വീങ്ങിനന്നായ്ക്കനത്തതിൽ
നീർപ്പോളപോലെയുണ്ടാകിൽ "ജലാർബ്ബുദ"മതിന്നുപേർ.
ഇങ്ങനേപതിനൊന്നുണ്ടു ചുണ്ടിന്മേൽ വ്യാധിയായതു്:
ഖണ്ഡോഷ്ഠമോഷ്ഠകോപഞ്ച പിത്തപാകം തഥാ പുനഃ
ശ്ലേഷ്മപാകം തഥാപിന്നെ സന്നിപാതസ്യ പാകവും
രക്തപാകാർബുദമ്മാംസപാകം മേദോത്ഥപാകവും
ക്ഷതപാകം തഥാപിന്നെ ജലാർബ്ബുദവുമങ്ങനെ
പതിനൊന്നുണ്ടു ചുണ്ടത്തും കവിളത്തൊന്നതർബ്ബുദം.

ഇതി ഓഷ്ഠരോഗനിദാനം.

## ഓഷ്ഠരോഗചികിത്സ.

ഖണ്ഡോഷ്ഠത്തിൻെറയററങ്ങൾ വ്രണമാക്കീട്ടുരച്ചുടൻ
കത്തിക്കെട്ടീട്ടുചെയ്യേണം വ്രണത്തിൻെറചികിത്സകൾ.
33 'യഷ്ടിജ്യോതിഷ്മതീത്യാദി' തൈലംതേയ്ക്കതലയ്ക്കുടൻ
വാതഘ്നമധുരസ്കന്ധസിദ്ധതൈലേന നസ്യവും
ഓഷ്ഠകോപസ്യ വാതഘ്നം മഹാസ്നേഹേന ശീലയും.
34 ചെഞ്ചല്യം മെഴുകും ദാരു നെല്ലിക്കാ യഷ്ടി ഗുൽഗ്ഗുലു
ഇവയൊപ്പം പൊടിച്ചിട്ടു നെയ്യിൽചാലിച്ചുതേക്കയും

35 പുണ്ണായ്കുഴികിലേരണ്ഡത്തളിർ പാലിൽപചിച്ചുടൻ
ഒപ്പീസ്സ്വേദിച്ചുകൊണ്ടിട്ടു തലയിൽതേയ്ക്ക, നസ്യവും
ഖണ്ഡോഷ്ഠത്തിങ്കലേപ്പോലെ പ്രയോഗിച്ചാൽ ശമിച്ചുപോം
പിത്തപാകേ ജളൂകിച്ചു നന്നായിച്ചോരനീക്കുക.

36 ചെഞ്ചല്യം യഷ്ടി പാച്ചോററിയിവ തേനിൽപുരട്ടുക.

37 ഗുളൂചീയഷ്ടിപത്തംഗസിദ്ധതൈലേന തേയ്ക്കയും
പിത്തപാകത്തിലെപ്പോലെ ക്ഷതജക്ഷതപാകയോഃ
ശ്ലേഷ്മപാകത്തിനാദിങ്കലിവതന്നെ ചികിത്സകൾ.

38 പിന്നെക്കടുത്രയം പാഠാക്ഷാരമെന്നിവ തേനില്
തേയ്ക്കപിന്നെക്കഫഘ്നാനി ധൂമഗണ്ഡൂഷനസ്യവും.
മേദഃപാകംവിയർപ്പിച്ചു പൊളിഞ്ഞാലും കനത്തതിൽ

39 ചൂടുവെച്ചിട്ടു പാച്ചോററി ത്രിഫലാ ഞാവലെന്നിവ
തേനിൽചാലിച്ചുതേയ്ക്കേണം ശമിപ്പോളം മുഹുർമ്മുഹുഃ

40 ജലാർബ്ബുദം പൊളിച്ചിട്ടു ശുദ്ധമായുള്ളപുണ്ണിലും
തേനുംകൂട്ടീട്ടുതേയ്ക്കേണം തീക്ഷ്ണാനി മരിചാദികൾ
കുഴിഞ്ഞാലും കറുത്താലും ക്ഷാരോഗ്നിർവ്വാ പ്രയോജയേത്.

ഇതി ഔഷ്ഠരോഗചികിത്സാ.

## കവിളുവാപ്പുനിദാനം

സ്ഥിരമായ്കവിളത്തുണ്ടാം വിതർപോലെ ചെറുപ്പമായ്
പനിച്ചുകത്തിനൊന്തിട്ടു പഴുത്തു ചലവുംവരും
സുഷിരം ചെറുതായിട്ടും പുണ്ണുണങ്ങാതെയുംവരും
കാലംകൊണ്ടവിടെക്കുന്നിക്കുരുപോലെപുറപ്പെട്ടാ
വളർന്നാൽ കുക്കുടത്തിന്റെ പൂവുപോലെയുമായ്വരും
അതു‘ഗണ്ഡാലജീ’‘ഗണ്ഡാശ്ശോർബ്ബുദ’ഞ്ചേതി പേരുമാം,
പിന്നെച്ചിലരുചൊല്ലുന്നു ‘ചോരവാപ്പെ’ന്നതിന്നുപേർ.
മുഴുത്തു ചോരചാടീട്ടു പഴുത്തിട്ടതിൽ നാററവും
ഉണ്ടായ്വന്നാൽ ചികിത്സിച്ചാൽ പൊറുക്കാനെളുതായ്വരാ.

## കവിളുവാപ്പുചികിത്സ.

കവിളത്തേതിനാദിങ്കൽ നീരിന്നുള്ള ചികിത്സകൾ
പൊട്ടിയെന്നാൽ വ്രണത്തിന്നുള്ളതും പാൽപുകയും ഗുണം

41 യഷ്ടീജ്യോതിഷ്മതീലോധ്രശ്രാവണീശാരിബോല്പലൈഃ
പടോല്യാ കാകമാച്യാപി തൈലമഭ്യഞ്ജനേ ഹിതം.

### ഇതി കവിളവാപ്പുചികിത്സ

### ദന്തരോഗനിദാനം.

പല്ലിലുണ്ടാകുന്നൊരു വ്യാധിലക്ഷണം പറയുന്നിതു്:—
വാതോല്ബണത്തെസ്സഹിക്കുമ്പോൾ തല്പ്രീതദശനാഖ്യമാം.
പല്ലുപാരംതരിച്ചിട്ടു കാററും പുളിതണുപ്പിവ
തട്ടിക്കൂടാതെയാകുമ്പോൾ 'ദന്തഹർഷ'മതിന്നുപേർ.
ദന്തം പുളിക്കയും നോവും മുറിവും പൽതരിക്കയും
ഇവയുണ്ടാകുന്നേരം 'ദന്തഭേദ'മതിന്നുപേർ.
ഏതാനുമൊന്നുതിന്നുമ്പോൾ പല്ലിൽനോവുമിളക്കവും
പാരമുണ്ടാകുന്നേരം 'ദന്തചാല'മതിന്നുപേർ.
ഭയങ്കരങ്ങളായ്പല്ലുങ്ങുണ്ടാമിടയിലെങ്കിലോ
'കരാള'മെന്നുപേരുണ്ടാം കണ്ടാലുംതോന്നുമങ്ങനെ.
കണക്കിലേറെപ്പല്ലുണ്ടാകുന്നു'തധിദന്ത'മാം.
തേയ്ക്കാത്തപല്ലിലേയെച്ചിൽ ശ്വാസംതട്ടീട്ടു ശുഷ്കമായ്
ഇത്തിളായിട്ടു നാറുമ്പോൾ 'ശർക്കരാദന്ത'മെന്നുപേർ.
അതുമൂത്താലതിന്നുള്ളിലുണ്ടാമോരോതരം കൃമി
മോണതിന്നുമതന്നേരം 'കപാലിക'യതിന്നുപേർ.
രക്തപിത്തത്തിനെക്കൊണ്ടു പല്ലിൽ ശ്യാമനിറംവരും
അതിനെ'ശ്യാമ'മെന്നല്ലോ ചൊല്ലീടുന്നു ഭിഷക്കുകൾ.
ദോഷങ്ങൾമൂന്നുമൊന്നിച്ചു ദന്തമൂലാശ്രിതങ്ങളായ്
പല്ലിന്നിടയിലുണ്ടാകും വീക്കം കർണ്ണവ്യഞ്ച രക്തവും
പല്ലിളക്കും പഴുപ്പിക്കും 'കൃമിദന്ത'മതിന്നുപേർ
ഇങ്ങനെ പത്തു പല്ലിന്മേൽ; ചൊല്ലാംമോണയിലേതിനി:
ശ്ലേഷ്മരക്തങ്ങളെക്കൊണ്ടു ശോണിതം ദുഷ്ടമായുടൻ
മോണതിന്നിട്ടു മൃദുവായ് നലഞ്ഞിട്ടു കരിഞ്ഞതു്
പാരം സങ്കടമുണ്ടാക്കും പേരു 'ശീതാദ'മെന്നുപേർ.
മോണചുട്ടുചുവന്നിട്ടു വീങ്ങിച്ചോരയൊലിച്ചതു്
ചോരപോകാതെയായ് പല്ലങ്ങിളക്കിട്ടുനവേദനാ
പിത്തരക്തങ്ങൾചേർന്നുള്ള 'പിത്തോപകശ'മെന്നുപേർ.
പല്ലിൻചുവട്ടിൽ വീങ്ങിട്ടു ലന്തക്കുരുവുപോലെയായ്

കനമുണ്ടായ്പഴുത്തിട്ടു നോവും 'ദന്തപുട'ത്തിന്നു്.
ദന്തമാംസേ ചലംപററി ദുഷ്ടമായിച്ചമഞ്ഞതിൽ
അകവുംപുറവുംനൊന്തു വീങ്ങിനന്നായ്ചുവന്നതു്
പൊട്ടിച്ചോരചലംചാടും "ദന്തവിദ്രധി"യെന്നുപേർ.
രക്തപിത്തങ്ങളെക്കൊണ്ടു് ചോട്ടിൽ വീങ്ങീട്ടുനോവുമായ്
ഈത്തചാടുമതിന്നുള്ള നാമം "സുഷിര"മെന്നുമാം.
സന്നിപാതജ്വരംവന്നാൽ ഇളകും പല്ലുമോണമേൽ
രന്ധ്രമുണ്ടായ് ചലംചാടും "മഹാസുഷിര"മെന്നുപേർ
ദന്താന്തത്തിങ്കലുണ്ടൊന്ന,താണിപോലെ പുറപ്പെട്ടും,
കവിൾകണ്ണങ്ങളുംനോകും ചോറുചെല്ലാതെയുംവരും
ഏറെസങ്കടമുണ്ടാക "മധിമാംസ"മതായ്വരും.
പല്ലുതേയ്ക്കുന്നനേരത്തു മോണപൊട്ടിയടന്നതു്
പല്ലിന്നിളക്കമുണ്ടാക്കും "വിദൎഭ"യ്ക്കുള്ളലക്ഷണം.
പല്ലിൻചുവട്ടിലേവ്യാധിക്കുടൻതന്നെ ചികിത്സകൾ
ചെയ്യാഞ്ഞാലതുമൂത്തിട്ടു മോണമേലൊരുവ്യാധിയാം
താമരത്തണ്ടിനെപ്പോലെ പഴുപ്പുണ്ടായ്ചമഞ്ഞതിൽ
ചോരയുംചലവുംചാടും മാംസംപൊളികയുംവരും
അതു ദോഷത്രയം രക്തം സന്നിപാതമിവററിലും
വന്നാലഞ്ചായ്വരും വ്യാധിക്കഞ്ചിനും "ഗതി"യെന്നുപേർ.
അവററിന്നുള്ളഭേദത്തെ ലക്ഷണംകൊണ്ടറിഞ്ഞുടൻ
വഴിപോലെചികിത്സിച്ചാൽ ക്രമേണ ശമനംവരും.

## ജിഹ്വാരോഗനിദാനം

വാതംനിമിത്തമായ് നാവിലുണ്ടാംകരുകരുപ്പതു്
പാറകത്തിലപോലെയായ് കറുപ്പും നാവുവീക്കവും
ഉണ്ടായാലതിനുണ്ടാകും "വാതദൂഷിക"യെന്നുപേർ.
പിത്തംകൊണ്ടും ചുവന്നിട്ടു നരനന്നായ്വരുംചലം
മാംസാങ്കുരമതൊട്ടേറെച്ചുട്ടെരിഞ്ഞിട്ടെരിച്ചതു്
തൊട്ടുകൂടാതെയാകുമ്പോൾ "പിത്തദൂഷിക"യെന്നുപേർ.
ശ്ലേഷ്മംകൊണ്ടിലവിൻപൂവുപോലെ കൂത്തുചുവന്നിതു
തടിച്ചിരിക്കയുംചെയ്കിൽ "ശ്ലേഷ്മദൂഷിക"യെന്നുപേർ.
കഫപിത്തങ്ങളെക്കൊണ്ടു നാവിൻകീഴൊരുവീക്കവും
ജിഹ്വാസ്തംഭം മത്സ്യഗന്ധ,മപിസ്യാ"മലസ"ത്തിന്നു്.

നാവിൻെറച്ചുവടേവീങ്ങി നാവുപോലെപുറപ്പെട്ടും
മുനകൂത്തിട്ടതുണ്ടായാൽ കഫപിത്തങ്ങൾ രക്തവും
കോപിച്ചു വാപൊളിച്ചിട്ടങ്ങിത്തചാടിച്ചു കഞ്ഞിയും
ചോറും ചെല്ലാതെയാകുന്ന "തധിജിഹ്വ"യ്ക്കുലക്ഷണം.
നാവിന്നുമേലേയതുവ്വണ്ണമുണ്ടായാ "ലുപജിഹ്വ"പേർ.
നാവിന്മേൽപിന്നെയുണ്ടാകുന്നതെല്ലാ "മക്കരാദികൾ"
അണ്ണാക്കിൽകുരുവുണ്ടായി നോവും കരുകരുക്കയും
ഉണ്ടായാലതിനെച്ചൊല്ലാം "താലുപിടക"മെന്നുപേർ.
മീൻമുള്ളുപോലെയണ്ണാക്കിൽ ഞൊന്നേററം മൃദുവായതു്
തൊട്ടാൽ പറുപറുത്തുള്ളം മൂക്കിൽ ചൊരപുറപ്പെട്ടും
കഴത്തിൽ തടവുണ്ടാകും കാസത്തൊടു് ഛർദ്ദിയുംവരും
ഇങ്ങനെയിവയുണ്ടായാൽ "ഗളശ്ശുണ്ഡി"യതിന്നുപേർ.
എഴുന്നുവരുമണ്ണാക്കിൽ മാംസം നോവുകുറഞ്ഞതു്
തങ്ങളിൽകെട്ടുപെട്ടുള്ള "താലുസംഹതി"യെന്നുപേർ.
താമരപ്പൂവിനെപ്പോലെ വരുമണ്ണാക്കി "ലർബ്ബുദം"
ശ്ലേഷ്മംകൊണ്ടാമയെപ്പോലെയുണ്ടാകുമതു "കച്ഛപം".
ലന്തക്കുരുവിനെപ്പോലെ ചമയുന്നതു "പുപ്പുടം"
അണ്ണാക്കിങ്കൽപഴുത്തിട്ടു ചലംചാടുക നാററവും
നോവുംചൂടുംവരുന്നാകിൽ "പൂതിപാക"മതിന്നുപേർ.
ദേഹദണ്ഡങ്ങളെക്കൊണ്ടു പനിയുണ്ടായ്വരുന്നനാൾ
അണ്ണാക്കുതകരുംപാരം "താലുശോഷ"മതിന്നുപേർ.
നാവിൻചുവട്ടിൽകണ്ഠത്തേൽ ഉണ്ടാം മാംസാങ്കുരം മഹത്
പിത്തംകൊണ്ടുടനേതന്നെ പഴപ്പുംചൂടെരിച്ചിലും.
വർദ്ധിച്ചു പനിദാഹങ്ങളുണ്ടായാ "ലഗ്നിരോഹിണി"
ഇതുണ്ടായാലവന്നായു,സ്സൊന്നരദ്ദിവസം കില.
വാതേന കവിളും നേത്രം ചെവിചെന്നിയിവററിലു്
നോവുണ്ടാക്കീട്ടു പാരിക്കു,ന്നതു "രോഹിണി"യെന്നുപേർ.
വെളുത്തുണ്ടാംപരുപാറെ "ശ്ലേഷ്മരോഹിണി"യെന്നുപേർ.
രക്തത്തെക്കൊണ്ടുകത്തുള്ള, ചെവിവീങ്ങിപ്പിളർന്നതിൽ
പിത്തലക്ഷണവുംകാണ്കിൽ "രക്തരോഹിണി"യെന്നുപേർ.
കഫലക്ഷണവുംകൂടിൽ "സന്നിപാതാഖ്യരോഹിണി",
എല്ലാദോഷങ്ങളുംകൂടെക്കൂടിക്കൊണ്ടു കഴത്തതിൽ
ലന്തക്കുരുവിനെപ്പോലെയുണ്ടാകും "ഗ്രഥിത"ത്തിന്നു്.
കഴത്തിൽനെല്ലിനെപ്പോലെവന്നാൽ "ശാലൂകയെ"ന്നുപേർ.

പിന്നെവട്ടത്തിലുണ്ടായാലതിൻപേർ "വൃന്ദ"മെന്നുമാം.

പരുത്തിക്കുള്ളകുരുവുപോലെ പാരം കട്ടന്നനെ
കഴുത്തിലുണ്ടായ്വന്നിട്ടും 'തുണ്ഡികേരിക' എന്നുപേർ.

ഉണ്ടാം കഴുത്തിനൊരു നീരകമേയും പുറത്തുമായ്
അതു വാഴയ്ക്കുപോലേയും താക്കിഴാപോലെയും വരും
പനിക്കമീത്തയുംചാട്ടം "ഗളൌഘ"ത്തിന്നുലക്ഷണം.

കഴുത്തിന്നുള്ള വീങ്ങീട്ടു പുറമേ ചുററുമേററവും
വീങ്ങിത്തടിച്ചനോവോട്ടുംക്കൂടാതെ ചോരവാച്ചയും
മുടക്കമുടനേതന്നെ "ഗളാർബ്ബുദ" മതിന്നുപേർ.

മുരിക്കംതണ്ടുപോലേയും പിന്നെമുറംത്തടിപോലെയും
ഉണ്ടായിത്തലയുംകണ്ണും മുഖമെന്നുള്ളടിക്കിലും
നോവുണ്ടായിപ്പഴുത്തിട്ടു "ശതഘ്നി"ക്കുള്ളലക്ഷണം.

കഴുത്തിനകമേവീങ്ങിപ്പഴുത്തു ചലമോലുക
പാരമുണ്ടായ്വരുന്നാകിൽ "ഗളവിദ്രധി"യെന്നുപേർ.

കഴുത്തുനൊന്തു വീങ്ങീട്ടു പഴപ്പുകറയുന്നതു്
ഉണ്ടാകുന്നോരമുണ്ടാകും "ഗളാർബ്ബുദ" മതിന്നുപേർ.

വീണ്ടുംവായുവിനെക്കൊണ്ടു കഴുത്തിലതുപാരമായ്
കനത്തുഞൊന്നുനോവേറിച്ചുവന്നിട്ടു കനത്തതിൽ
ചുവന്നുള്ളഞരമ്പുണ്ടാം "ഗളഗണ്ഡ"മതിന്നുപേർ.

അണ്ണാക്കും വരളും പാരം രസങ്ങളറിയാതെയാം
കട്ടത്തിരിക്കും ചൊറിയും വെളുക്കും "ശ്ലേഷ്മഗണ്ഡകേ"

മേദസ്സുകൊണ്ടുമിവണ്ണമേകദേശം ചമഞ്ഞതു്
വീങ്ങിത്തടിച്ചു ചുട്ടൊച്ചയടപ്പിച്ചുകഴുത്തിനെ
തിരിച്ചുകൂടാതെയാക്കും "മേദോഗണ്ഡസ്യ" ലക്ഷണം.

വെള്ളംകുറഞ്ഞൊച്ചയടച്ചിട്ടു വീത്തു ചുമയ്ക്കുയും
കൂടിയുണ്ടായ്വരുന്നാകിൽ "സ്വരഘ്നി"യതിന്നുപേർ.

പിന്നെവായിൽ ഭവിപ്പാനുണ്ടെട്ടുവ്യാധികളിങ്ങനെ: —
ദുഷ്ടമായുള്ളവായു പുക്കകത്തെല്ലാടവും ചാല
വ്രണങ്ങളെബ്ഭവിപ്പിക്കമതിനുള്ളൊരുലക്ഷണം
രക്തമായ്സ്സിശുദ്ധമല്ലാതെ മൃദുതാവുമിളക്കവും
കൂടി വായിൽതൊലിഞ്ഞിട്ടു മുള്ളുപോലെനിറഞ്ഞുടൻ
വാപൊളിക്കാതെയാകുമ്പോൾ "മുഖപാക"മതിന്നുപേർ.

മുഖരോഗങ്ങളും ഗുന്മരോഗവും കാരണങ്ങളായ്
മലം മേല്പോട്ടുചാടുന്നതി‘‘ന്നുർദ്ധ്വഗുദ”മെന്നുപേർ.
പിത്തംകൊണ്ടു പഴുത്തുള്ള വായിലൊക്കെച്ചെറുങ്ങനെ
ചുവന്നുപൊങ്ങിയുണ്ടാകുമ്പോൾ ‘‘പിത്തമുഖപാക”മാം.
ശ്ലേഷ്മംകൊണ്ടുവെളുത്തിട്ടു ചൂടു കിഞ്ചിൽകുറഞ്ഞതു്
തണുത്തിരിക്കയുംചെയ്കിൽ പേർ ‘‘ശ്ലേഷ്മപരിപാക”മാം.
കവിൾക്കകം ചുവന്നിട്ടു പുറപ്പെട്ടാൽ “മുഖാർബ്ബുദം”
അർബ്ബുദത്തിൽ ചിലതിനെയുരുമ്മുക മുറിക്കയോ
ചെയ്താൽ ക്രമേണവർദ്ധിക്കും ‘‘ഘടിക”ത്തിന്നു ലക്ഷണം.
നാലുലക്ഷണവുംകൂടിക്കാണ്മാനുണ്ടായ്വരുന്നതു്
‘‘സന്നിപാത”ത്തിലുണ്ടാകും മുഖപാകസ്യ ലക്ഷണം.
പല്ലുതേയ്ക്കാതെകണ്ടുള്ള ജനത്തിന്റെ മുഖത്തിനു്
നാററമുണ്ടായ്വരും പാരം‘‘പൂതിവക്ത്ര”മതിന്നുപേർ.

ഇതി മുഖരോഗനിദാനം.

ദന്തരോഗചികിത്സ

ശീതദന്തം ദന്തഹർഷം ദന്തഭേദം തതഃ പരം
ദന്തജാലം കരാളശ്ചാപ്യധിദന്തശ്ച ശർക്കരാ
ദന്തകാപാലികാ ശ്യാമം കൃമിദന്തശ്ച പത്തിവ
ശീതദന്തം വിയർപ്പിച്ചു മൂടരച്ചിട്ടു കാച്ചുക.
42 പിന്നെ എണ്ണപുരട്ടീട്ടു മുത്തങ്ങാ ഡാഡിമത്തൊലി
മാക്കീരക്കല്ലൊടിന്തുപ്പു് ഞാവലണ്ടിഫലത്രയം
ചുക്കുകൂട്ടിപ്പൊടിച്ചിട്ടു തേനുംകൂട്ടിക്കവിൾക്രിയാ.
43 നാല്പാമരക്കഷായംകൊണ്ടുള്ള തൈലേന നസ്യവും
ദന്തഹർഷത്തിനും ദന്തഭേദത്തിനും ചികിത്സകൾ
വാതത്തിനെ ശമിപ്പിക്കുന്നതൊക്കെഗ്ഗുണമായ്വരും.
44 എരട്ടിമധുരം നല്ല എള്ളും കൂട്ടീട്ടു വെന്തപാൽ
വഴിപോലെ കവിൾക്കൊണ്ടാലതുരണ്ടും ശമിച്ചുപോം.
45 ദന്തചാലത്തിനുടനേ ദശമൂലകഷായകേ
തൈലം കൂട്ടിക്കവിൾക്കൊൾക പിന്നെ പാച്ചോററി തിപ്പലി
46 ത്രുത്ഥപത്തംഗവും മുക്കായിവ തേനിൽ തിരുമ്മുക
പിന്നെ സ്നിഗ്ദ്ധങ്ങളായുള്ള നസ്യമൊന്നും കവിൾക്രിയാ

അധിദന്തമരച്ചിട്ടു കാരംതേച്ചു ഞെരിഞ്ഞതു
ക്രിമിദന്തത്തിന്നെപ്പോലെ പറിച്ചിട്ടു ചികിത്സകൾ
ചെയ്യേണംചോരനില്ക്കായ്കിൽകാച്ചിവ്രണചികിത്സകൾ
ശൎക്കരാദന്തമുണ്ടായാൽ ചികിത്സിക്കേണമിങ്ങനെ
ദന്തമൂലം മുറിക്കാതെ ഇത്തിൾ നീക്കീട്ടുടൻപുനഃ

47 തേനും കൂട്ടീട്ടുനന്നായി ക്ഷാരചൂൎണ്ണം പുരട്ടുക.
കാപാലികയ്ക്കുമിച്ചൊന്നതൊക്കെച്ചെയ്കിലുടൻപുനഃ
ദന്തഹൎഷത്തിന്നെപ്പോലെ ചെയ്തുകൊൾക ചികിത്സകൾ
ഇളകാക്രിമിദന്തത്തെ ശമിപ്പിപ്പാൻ ചികിത്സകൾ
സ്രവിപ്പിച്ചുവിയൎപ്പിച്ചാൽ പിന്നെസ്നിഗ്ദ്ധൗഷധങ്ങളെ
തേയ്ക്ക നസ്യംകവിൾക്കൊൾക ഭുജിക്കയിവ ശോഭനം.
സുഷിരത്തെസ്രവിപ്പിച്ചു കാച്ചിക്കൊണ്ടിട്ടുമെല്ലവേ

48 ഏരിക്കൊടേഴിലാംപാലയിവററിന്നുള്ള പാലതിൽ
വഴിപോലെ നിറയ്ക്കേണം ക്രിമിശ്ശൂലയ്ക്കുത്തമം.

49 കായം വിഴാലരി കാത്തും കുമ്പിളോടു തുവച്ചില
പൊടിച്ചുകിഴികെട്ടീട്ടു പല്ലിലൊപ്പുകയും ഗുണം.
ഇവറെറക്കൊണ്ടുകാച്ചീട്ടുള്ളെണ്ണ വായ്ക്കൊൾകയും ഗുണം.

50 ബൃഹതീദ്വയവും ചുണ്ടയാവണക്കെന്നിവററിലെ
വേരുകൊണ്ടുകഷായംവച്ചതുകൊണ്ടു കവിൾക്രിയാ
ഇവയെല്ലാം പ്രയോഗിച്ചാൽ ശമിച്ചീലെങ്കിലഞ്ജസാ.

51 പല്ലുമൂടെ പറിച്ചിട്ടു കാച്ചിച്ചെയ്ക ചികിത്സകൾ
മധുകപ്പൊടിയുംകൂട്ടിട്ടെണ്ണകൊണ്ടു കവിൾക്രിയാ
തേനുമപ്പൊടിയുംകൂടെ കവിൾക്കൊൾകയുമുത്തമം.
തതോവിദാരിയഷ്ട്യാഹ്വച്ഛത്ര്യാദി തൈലേന നസ്യവും
ചെയ്തുകൊണ്ടാൽ ക്രമംകൊണ്ടു ക്രിമിദന്തം ശമിച്ചുപോം.

52 തതോ വിദാരിയഷ്ട്യാഹ്വശൃംഗാടകകശേരുഭിഃ
തൈലം ദശഗുണക്ഷീരം സിദ്ധം യുഞ്ജീത നാവനം.
മേലേപ്പല്ലുപറിക്കൊല്ലാ പറിച്ചാൽ പലസങ്കടം
വരുമെന്നതിന്നെക്കൊണ്ടു പറിക്കരുതതൊന്നുമേ.
കൃശനുംദുൎബ്ബലൻവൃദ്ധൻ വാതംകൊണ്ടാൎത്തനായവൻ
എന്നിച്ചൊല്ലിയനാൽവൎക്കുമൊരുപല്ലുംപറിക്കൊലാ.

ഇതി ദന്തരോഗചികിത്സ

## മുഖരോഗചികിത്സ

ശീതാദഞ്ചാപി പിത്തോപകുശദന്തപുടം തഥാ
വിദ്രധീസുഷിരഞ്ചൈവ മഹാസുഷിരവും പുനഃ
അധിമാംസം വിദർഭാ ച പിന്നെ വാതാദിയോഗതഃ
ഗതിയെന്നഞ്ചതുംകൂടി പതിമൂന്നുണ്ടു മോണയിൽ.
53 ശീതാദേ ചോരനീക്കീട്ടു മുത്തങ്ങാ മരുതിൻതൊലി
മാക്കിരക്കൽ ത്രിഫലയും നാഗപ്പൂ ചുക്കമെന്നിവ
പൊടിച്ചു തേനിൽത്തേച്ചീട്ടു, ഇവററിൻെറ കഷായകേ
തേനുംകൂട്ടിക്കവിൾക്കൊൾക തേൻകൂടാതെയുമാമതു്.
54 മധുരസ്കന്ധസംസിദ്ധതൈലംകൊണ്ടുള്ള നസ്യവും
പിത്തോപകുശമാം വ്യാധിറെറന്നീരൊപ്പിവിയത്തു
ഉരയ്ക്ക മണ്ഡലാഗ്രേണ തേരകത്തിലകൊണ്ടുമാം.
55 അരക്കിന്തുപ്പുഞാവൽപൂ പത്തംഗം യഷ്ടിഗൈരികം
കൊട്ടവും മുളകും ചുക്കും രസാഞ്ജനവുമെന്നിവ
പൊടിച്ചു ഘൃതവും തേനുമൊപ്പംകൂട്ടിപ്പുരട്ടുക.
56 പിന്നെക്കോഷ്ണേന തൈലേന കവിൾക്കൊൾക ഘൃതേനവാ
ഘൃതഞ്ച മധുരസ്നിഗ്ദ്ധം ഹിതം കബളനസ്യയോഃ
പിന്നെ ദന്തപുടത്തിന്നു വിയർപ്പിച്ചാൽ മുറിക്കയോ
കീറീട്ടുരയ്ക്കയോ ചെയ്തു പുണ്ണായാലവിടെപ്പുനഃ
57 ഇരട്ടിമധുരം ചുക്കമിന്തുപ്പോടു തുവച്ചില
ഒപ്പം കൂട്ടിപ്പൊടിച്ചിട്ടു വഴിപോലെ പുരട്ടുക
ദന്തവിദ്രധിയുണ്ടായാലെരിച്ചൂഷ്ണങ്ങളാകിയ
ഔഷധങ്ങൾ കവിൾക്കൊൾക, തേയ്ക്ക പിന്നെപ്പുഴക്കിലോ
പൊളിച്ചുചോരനീക്കീട്ടു കാച്ചിച്ചെയ്ക ചികിത്സകൾ
സുഷിരത്തെമുറിച്ചിട്ടങ്ങരച്ചാലവിടെപ്പുനഃ
സക്ഷൗദ്രത്തെപ്പുരട്ടീട്ടു "ലോധ്രമുസ്താദി" യാകിന
58 തൈലത്തിനെക്കവിൾക്കൊൾക "യഷ്ടിലോധ്രാ"ദി നസ്യവും
അധിമാംസം മുറിച്ചിട്ടു തേനിൽ പൊടിതിരുമ്മുക
"വചാതേജോവതീത്യാദി"കൊണ്ടുചെയ്ക കവിൾക്രിയാ
വിദർഭയ്ക്കുടനേ പല്ലിൻചുവട്ടിൽചേന്ന ദുഷ്ടതാം
മണ്ഡലാഗ്രേണ നീക്കീട്ടു, ക്ഷാരചൂർണ്ണം പ്രയോജയേതു്
പിന്നെശ്ശീതങ്ങളെക്കൊണ്ടു കവിൾക്രിയകൾ നസ്യവും.

ദന്തനാളീപൽപറിച്ചു കാച്ചിച്ചെയ്ക ചികിത്സകൾ.
59 പിന്നെഗ്ഗതികളഞ്ഞിന്നും മലംകാരഞെരിഞ്ഞിലു്
ജാതീഖദിരമിന്നാലും ഗ്ഗുളംക്കൂട്ടിത്തിരുമ്മുക.
60 പിന്നെനാല്പാമരകഷായംകൊണ്ടുചെയ്ക കവിൾക്രിയാ
നാല്പാമരക്കഷായത്തിൽ വെന്തനെയ്യ്കൊണ്ടു നസ്യവും
വാതപ്രധാനമായ്‌വന്നാലിവററിന്നു ചികിത്സകൾ
വാതോഷ്ഠകോപത്തിന്നുള്ളതൊക്കെയും ഗ്ഗുണമാസ്ഥിതും.
61 ലോധ്രമുസ്താമിസിശ്രേഷ്ഠാ താൎക്ഷ്യപത്തംഗകിംശുകൈഃ
സകട്ഫലകഷായൈശ്ച തേഷാം ഗണ്ഡൂഷ ഇഷ്യതേ.
യഷ്ടിലോധ്രോല്പലാനന്താശാരിബാഗരുചന്ദനൈഃ
സഗൈരികം സിതാപുണ്ഡ്രൈഃ സിദ്ധം തൈലഞ്ച നാവനം

പാച്ചോററിത്തൊലി, മുത്തങ്ങാ, ശതകുപ്പ, ത്രിഫലത്തോടു, മാക്കീരക്കല്ലു്, പത്തംഗം, മുരിക്കിൻതൊലി, കുമിഴിൻവേരു് ഇവ കഷായംവെച്ചു കവിൾക്കൊൾക; വാതികദന്തനാളീവ്രണാദികൾ ശമിക്കും. ഇരട്ടിമധുരം, പാച്ചോററിത്തൊലി, ചെങ്ങഴിനീർകിഴങ്ങു്, കൊട്ടത്തൂവവേരു്, നറുനീണ്ടിക്കിഴങ്ങു്, അകിൽ, ചന്ദനം, കാവിമണ്ണു്, പഞ്ചസാര, പുണ്ഡരീകക്കരിമ്പു് ഇവ ചേൎത്തു കാച്ചിയതൈലം നസ്യം ചെയ്യുന്നതും നന്നു്,

62 വചാ തേജോവതീപാഠാസ്വൎച്ചികായവശൂകജൈഃ
പടോലനിംബത്രിഫലാകഷായൈഃ കബളോ ഹിതഃ.

വയമ്പു, ചെറുപ്പുന്നയരി, പാടക്കിഴങ്ങു തുവൎച്ചിലക്കാരം, ചവക്കാരം, പടോലം, വേപ്പിൻതൊലി, ത്രിഫലത്തോടു് ഇവകൊണ്ടുള്ള കഷായം കവിൾക്കൊള്ളുന്നതും ഹിതമാകുന്നു.

വാതപിത്തകഫങ്ങൾക്കുണ്ടോരോദൂഷികമൂന്നിതു
അലസഞ്ചാധിജിഹ്വാ ച ഉപജിഹ്വയുമിങ്ങനെ
വ്യാധിയാറുണ്ടു നാവിന്മേൽ പിന്നത്തേതക്കരാദികൾ
വാതദൂഷികയാംവ്യാധിയുണ്ടായാലതിന്നഞ്ജസാ
വാതോഷ്ഠകോപത്തിൽചൊന്നപോലെചെയ്ക ചികിത്സകൾ
പിത്തദൂഷികനന്നായിട്ടുരച്ചു ചോരനീക്കിയാൽ
തേയ്ക്കനസ്യംകവിൾക്കൊൾക നന്നേററംമധുരൌഷധൈഃ
63 ശ്ലേഷ്മദൂഷികയുണ്ടായാൽ കടുകോഷ്ണൂഷണത്രയം
ഇത്യാദിതീക്ഷ്ണദ്രവ്യങ്ങൾ കൊണ്ടുചെയ്യേണമങ്ങനെ
ചെയ്ക ജിഹ്വാലസത്തിന്നുമിവതന്നെ ചികിത്സകൾ.
അതിങ്കലൊട്ടുചെയ്യൊല്ലാ മുറിക്കയുമുരയ്ക്കയും
നാവുപൊക്കിപ്പിടിച്ചിട്ടു ചൂണ്ടൽകൊണ്ടധിജിഹ്വയെ
എടുത്തുമണ്ഡലാഗ്രേണ മുറിച്ചിട്ടിവിടെപ്പുനഃ

കഴകിച്ചോരനീക്കീട്ടു കണ്ണോഷ്ണങ്ങൾ തിരുമ്മുക.
ഉപജിഹ്വാം സ്രവിപ്പിച്ചാൽ ചവല്ക്കാരം തിരുമ്മുക.
താലുവിൽ താലുപിടക ഗളശുണ്ഠികയും തതഃ
താലുസംഹതിയും പിന്നെയർബ്ബുദം കച്ഛപം തതഃ
പുപ്പുടം പൂതിപാകഞ്ച താലുശോഷവുമെട്ടിവ
മേലണ്ണാക്കിന്നുപേർ താലുഅവിടെപ്പിടകാദികൾ
ഉണ്ടാകിൽച്ചെയ്ക സൂക്ഷിച്ചു നസ്യഗണ്ഡൂഷലേപനം
ഗളശുണ്ഠികയുണ്ടായാലുടൻ കഫഹരൗഷധൈഃ
ഉരയ്ക്ക നസ്യവുംചെയ്ക കവിൾക്കൊള്ളുകയും ഗുണം
വെള്ളരിക്കാക്കുരുവിനെപ്പോലെ തൂങ്ങിവരുന്നതു്
ഞരമ്പുപാകീട്ടില്ലെങ്കിൽ ചൂണ്ടൽകോത്തു വലിച്ചതു്
മുറിപ്പു മണ്ഡലാഗ്രേണ നാത്യഗ്രേ ന ച മൂലതഃ
മുറിച്ചതേറിപ്പോയെങ്കിൽ ചോരചാടി മരിച്ചുപോം
കുറഞ്ഞുപോകിലാവ്യാധി വൎദ്ധിച്ചുംപോം തെരുന്നനെ.

64 പാഠാതിവിടയം കൊട്ടം വയമ്പു മുളകും പട്ട
പൊടിച്ചു തേനും കൂട്ടീട്ടു മുറിച്ചേടത്തുരുമ്മുക.

65 പിന്നെ വേപ്പിൻെറതോൽ പാഠാവയമ്പു് കടുരോഹിണി
അരത്താതിവിഷാംബുക്കൾകൊണ്ടുചെയ്ക കവിൾക്രിയാ
ചികിത്സയിങ്ങനേതന്നെ താലുസംഹതികച്ഛപം
പുപ്പുടഞ്ചേതി മൂന്നിന്നു, മുരയ്ക്കേണം മുറിക്കൊലാ.

66 അപക്വതാലുപാകത്തിൽ മാക്കീരക്കല്ലു കാത്തുമായ്
തേനുംകൂട്ടിത്തിരുമ്മീട്ടു മധുരൗഷധവാരിണാ
ശീതളേന കവിൾക്കൊൾക പിന്നെത്തീക്ഷ്ണൈഃ തിരുമ്മുക

67 ആടലോടകവേപ്പിൻതോൽ പടോലാദികൾ കച്ചവ
കൂട്ടിവയ്ക്കുംകഷായേണ ചെയ്തുകൊൾക കവിൾക്രിയാ.

68 താലുശോഷം ഭവിക്കുമ്പോൾ ചുക്കുതിപ്പലിസാധിതം
ഘൃതമുണ്ടിട്ടുസേവിപ്പൂ ഘൃതക്ഷീരാദിനസ്യവും.

## കണ്ഠരോഗചികിത്സ.

വാതം പിത്തം കഫം രക്തം സന്നിപാതമിതഞ്ചിലും
ഓരോ രോഹിണിയുണ്ടാകും,മിങ്ങനെ വ്യാധിയഞ്ചിതു.

ഗ്രഥിതം ചൈവ ശാലൂകവൃന്ദം തുണ്ഡരികക്കുരു
ഗളൗഘഞ്ച ഗളാംബുശ്ച ശതഘ്നീ ഗളവിദ്രധി

അർബുദം ഗളഗണ്ഡഞ്ച ശ്ലേഷ്മഗണ്ഡന്തതഃപരം
മേദോഗണ്ഡാഭിധാനഞ്ച സ്വരഘ്നാനിയുമിങ്ങനെ

പതിനെട്ടുണ്ടു കണ്ഠത്തേലവററിൻെറ ചികിത്സകൾ
കഴുത്തിലുണ്ടാംരോഗങ്ങൾക്കൊക്കെയും ചോരനീക്കുക
തീക്ഷ്ണദ്രവ്യങ്ങളെക്കൊണ്ടു നസ്യാദികളതഃപരം

69 വേപ്പിൻതോൽ, മരമഞ്ഞൾതോൽ, കടച്ചത്തരി താർക്ഷ്യവും
കൂട്ടിവയ്ക്കും കഷായേ വാ കട്ടക്കാക്വാഥമേവ വാ

തേനുംകൂട്ടിക്കുടിക്കേണം ശ്രേഷ്ഠാവ്യോഷാദി വാ പുനഃ
നിത്യമായിട്ടുചെയ്യേണം കവിൾക്കൊള്ളുകതേയ്ക്കയും

നിചുളംകടഭീത്യാദിതേയ്ക്ക വീക്കത്തിനും ഗുണം
വാതരോഹിണിയുണ്ടായാൽ കഴുത്തിൻെറയകംപുറം
വിയർപ്പിച്ചിട്ടുരയ്ക്കേണമതിന്നംഗുലിശസ്ത്രമാം

70 പഞ്ചമൂലകഷായേണ ചെയ്യിക്കേണം കവിൾക്രിയ
അക്കഷായത്തിൽവെന്തെണ്ണ നന്നുഗണ്ഡൂഷനസ്യയോഃ
പിത്തരോഹിണികാംനന്നായുരച്ചു ചോരനീക്കിയാൽ

71 സിതപാച്ചോററി,ഞാവൽപ്പൂവിവ തേനിൽതിരുമ്മുക
പിന്നെപ്പാച്ചോററി, പത്തംഗകഷായേണ കവിൾക്രിയ

72 കൊള്ളാം ചിററീന്തമൃദ്വീകാക്വാഥംകൊണ്ടുകവിൾക്രിയ
ഇവതന്നെപ്രയോഗിക്ക രക്തരോഹിണിയിങ്കലും
ശ്ലേഷ്മരോഹിണി ശാലൂകംവൃന്ദന്തുണ്ഡീരികക്കുരു
ഗളാംബുവിവയഞ്ചിന്നും ചികിത്സിക്കേണമിങ്ങനെ

73 ഗൃഹധൂമകടുദ്രവ്യങ്ങളെക്കൂട്ടിപ്പുരട്ടുക
പിന്നെവൻകടലാടീടെ കുരുവും നാഗദന്തിയും

74 വിഴാലരിയുമിന്തുപ്പെന്നിവകൂട്ടീട്ടുകാച്ചിയ
എണ്ണകൊണ്ടുകവിൾകൊൾകനസ്യവുംചെയ്ക നിത്യവും

75 വിദ്രധിക്കു സ്രവിപ്പിച്ചാൽ ഗോരോചന ഫലത്രയം
ഇന്തുപ്പു കാവി പാച്ചോററി മാക്കീരക്കല്ലു തിപ്പലി
പത്തംഗമിവ പേഷിച്ചു കവിൾക്കൊൾക തിരുമ്മുക
ഗളഗണ്ഡം വിയർപ്പിച്ചിട്ടുരച്ചു ചോരനീക്കിയാൽ

76 പ്രിയാളാഗസ്ത്യചണയെന്നിവററിൻകുരു വെള്ളമായ്

അരച്ചുവച്ചുകെട്ടേണം പുണ്ണുനന്നായ്നികപ്പൊളം
പുണ്ണുവന്നാലുടൻതന്നെ ശിഗ്രുവില്വാദിതേയ്ക്കയും
'ഗുളൂചീനിംബമിത്യാദി' എണ്ണസേവിക്കയുംഗുണം
ശ്ലേഷ്മഗണ്ഡം നടേത്തേതിലേറെ വേപ്പിച്ചുരച്ചതിൽ
77 അമൃക്കരാതിവിടയം കമ്പിപ്പാലയുമെന്നിവ
അരച്ചു തേനിൽ ചാലിച്ചു നന്നായിത്തേയ്ക്കയുംഗുണം
78 വത്സകാദിഗണത്തോടുപ്പഞ്ചുംക്രുട്ടിത്തിലോത്ഭവം
പചിച്ചു നന്നായ്സേവിക്ക പിന്നെക്കഫഹരൗഷധൈഃ
പുകയ്ക്ക നസ്യം വമനമിവചെയ്യിക്ക നിത്യമായ്
മേദോഗണ്ഡേ സിരാവേധഞ്ചെയ്തിട്ടച്ചോരനിക്കിയാൽ
അസനാദികഷായത്തെ ഗോമൂത്രംചേർത്തു പായയേത്
ശമിക്കാഞ്ഞാൽ പൊളിച്ചിട്ടു വ്രണത്തിൻെറ ചികിത്സകൾ
79 ശ്രേഷ്ഠാവ്യോഷയവക്ഷാരദാവീദ്വീപിരസാഞ്ജനൈഃ
സപാഠാരേജിനിനിംബശ്ശുക്തഗോമൂത്രസാധിതൈഃ
കബളോഗുളികാചാത്ര കല്പിതാ പ്രതിസാരണേ.

ത്രിഫലത്തോട്ട്, ത്രികടുക്, ചവൽക്കാരം, മരമഞ്ഞത്തൊലി, ചെറുവഴുതിന വേര്, രസാഞ്ജനം, പാടക്കിഴങ്ങ്, ചെറുപ്പുന്നയരി, വേപ്പിൻതൊലി, ധാന്യാമ്ലം, ഗോമൂത്രം ഇവ ചേർത്തുണ്ടാക്കിയ കബളമോ ഗുളികയോ പ്രതിസാരണ (തീവ്മുക്കുക) ത്തിനുപയോഗിക്ക.

80 നിചുളം കടഭീമുസ്തദേവദാരുമഹൌഷധം
വചാ ദന്തീ ച മൂർവാ ച ലേപഃ കോഷ്ണോ ത്തിശോഫഹാ

ആററുവഞ്ചിത്തൊലി. കടഭി, മുത്തങ്ങ, ദേവതാരം, ചുക്ക്, വയമ്പ്, നാഗദന്തിവേര്, പെരുംകുരമ്പവേര് ഇവ അരച്ചു കുറുക്കി ചെറുചൂടോടെ ലേപനംചെയ്ക; വേദനയും വീക്കവും ശമിക്കും.

81 ശിഗ്രുവില്വകതക്കാരീഗജകൃഷ്ണാപുനർന്നവൈഃ
കാലാമൃതാക്കമൂലൈശ്ച പുഷ്പൈശ്ച കരവീരകൈഃ
ഏലൈകൈർഷികാഹിതൈഃ പിഷ്ടൈഃ സുരയാ കാഞ്ചികേനവാ
ഗുളൂചീനിംബകുടജഹംസപാദിബലാദ്വയൈഃ
സാധിതം പായയേത്തൈലം സകൃഷ്ണാദേവദാരുഭിഃ
വത്സകമൂർവാ ഭാർഗ്ഗീ കടുകാ മരിചം ഘുണപ്രിയാ ച
(ഗണ്ഡീരം
ഏലാപാഠാജാജീകടഭംഗഫലാജമോജസിദ്ധാർത്ഥവചാഃ
ജീരകഹിംഗുവിളംഗംപശുഗന്ധാ പഞ്ചകോലകം ഘ്നന്തി
ചലകഫമേദഃപീനസഗുന്മോദരശ്ശൂലദുർന്നാമ്നഃ

മുരിങ്ങത്തൊലി, കൂവളവേർ, തക്കാരി, വഴുതിന, അത്തിത്തിപ്പലി, തമിഴാമവേര്, കാരീയം, അമൃത്, എരുക്കിൻവേര്, മേന്താന്നിപ്പൂവ് ഇവ കഷായംവച്ച്

അഥവാ ധാന്യാമ്ലവും (കാടിയും) കൂട്ടിച്ചതച്ചു് പിഴിഞ്ഞ നീരു് വേപ്പിൻതൊലി കുടകപ്പാലയരി, ഹംസപാദി, കുറുന്തോട്ടി രണ്ടും, തിപ്പലി, ദേവതാരം, കുടകപ്പാലയരി, പെരുംകുരുമ്പവേരു്, ചെറുതേക്കിൻവേരു, കടുകുരോഹിണി, മുളകു, ഏലാവാലുകം, കള്ളിത്തല, ഏലത്തരി, പാടക്കിഴങ്ങു്, അയമോദകം, പലകപ്പയ്യാനിവേർ, ത്രിഫലത്തോട്ടു്, ആശാളി, കടുകു്, വയമ്പു്, ജീരകം, കായം, വിഴാലരി, ആട്ടുകൊട്ടപ്പാലവേർ, പഞ്ചകോലം ഇവ കൽക്കമാക്കി കാച്ചിയരിച്ചതേച്ചു. വാതം കഫം മേദസ്സു് പീനസം ഗുന്മോദരങ്ങൾ ശൂല അർശസ്സു് ഇവയും ശമിക്കും.

82 അസനതിനിശഭൂർജ്ജശ്വേതവാഹപ്രകീര്യാ-
ഖദിരകദരഭാർങ്ഗീശിംശപാമേഷശൃംഗ്യഃ
ത്രിഹിമനതപലാശോ ജോംഗകശ്ശാകസാലൌ
ധവകബുകകലിംഗച്ഛാഗകർണ്ണാശ്വകർണ്ണാഃ
അസനാദിർവിജയതേ ശ്വിത്രകുഷ്ഠകഫക്രമീൻ
പാണ്ഡുരോഗം പ്രമേഹഞ്ച മേദോദോഷനിബർഹണഃ.

വേങ്ങക്കാതൽ തൊട്ടുകാരക്കരു ഭൂർജ്ജത്വകു് അത്തി ആൽ ആവിൽ കരിങ്ങാലി വെൺകരിങ്ങാലി നെന്മേനിവാക ഇരുപ്പൂൾ ആട്ടുകൊട്ടപ്പാല ചന്ദനം രക്തചന്ദനം കരിമ്പന പ്ലാശു കാരകിൽ തേക്കു് പയിൻ കമുകു് ഞമ പൂംകു് കരിമരുതു് വെൺമരുതു് ഇവ അസനാദിഗണമാകുന്നു. ഇതു ശ്വിത്രം കുഷ്ഠം കഫം പാണ്ഡുരോഗം പ്രമേഹം മേദോദോഷം ഇവയെ ഇല്ലാതാക്കുന്നു. ഗണമാകയാൽ കഷായതൈലാദിവിധാനങ്ങൾ എല്ലാം ആകാവുന്നതാണു്.

മുഖപാകങ്ങളോട്ടൂർദ്ധ്വഗുദമർബ്ബുദഘട്ടിതം
പൂതിവക്ത്രവുമീയെട്ടും വായിലുണ്ടായ്വരുന്നതു്
മുഖപാകങ്ങളൊക്കെയ്ക്കും ചെയ്യണം മുഖശോധനം.

83 പിച്ചകത്തില മൃദ്വീകാ മുക്കാ പാടക്കിഴങ്ങുമായു്
കഷായംവച്ചു തേൻകൂട്ടിക്കവിൾക്കൊൾകയിതൊക്കെയും.
വായിലിട്ടു ചവച്ചിട്ടു തുപ്പിത്തുപ്പിയിരിക്കയും
കറോരാദിഗണംകൊണ്ടു ചെയ്യാമിക്രിയയൊക്കെയും.

84 വാതംകൊണ്ടുള്ളമുഖപാകത്തിനിന്തുപ്പു തിപ്പലി
ഏലത്തരിയുമായു് വായിൽ തേനുംകൂട്ടിപ്പുരട്ടുക.
തൈലം വാതഹരൈസ്സിദ്ധം ഹിതം കബളനസ്യയോഃ
പിത്താസ്രേ പിത്തരക്തഘ്നം കഫഘ്നഞ്ച കഫേ വിധിഃ
പാരം കട്ടുത്തുറച്ചുള്ള പിടകങ്ങൾഭവിക്കിലോ
ശാകപത്രെരുരച്ചിട്ടു, വ്രണത്തിന്റെ ചികിത്സകൾ.
യഥാദോഷോദയം കൂർയ്യാതു് സന്നിപാതേ ചികിത്സിതം.

85 നവമായിട്ടു സംവൃദ്ധമായിട്ടുള്ളർബ്ബുദത്തിനെ
മുറിച്ചാൽ തേനുമായു് തേച്ചു ചുക്കുകൂട്ടിത്തുവച്ചില
കൂട്ടിക്കൊണ്ടെണ്ണയും തേനും ഗുളൂചീനിംബസിദ്ധമാം
കഷായേണ കവിൾക്കൊൾക പിന്നെത്തീക്ഷ്ണങ്ങളാകിന

86 തൈലാഭ്യഞ്ജനനസ്യങ്ങൾ യവാന്നത്തെ ഭുജിക്കയും
പൂതിവക്ത്രേ വമിപ്പിച്ചാൽ തീക്ഷ്ണധൂമങ്ങൾ നസ്യവും.
'സമംഗാധാതകീത്യാദി' കവിൾക്രിയ തിരുമ്മുക
ശീതാദോപകുശോക്താനി നാവനാനി ച ശീലയേത്
പിന്നെയും ചിലയോഗങ്ങ,ളുണ്ടതിന്നിവയാസ്സുരം.

87 ഫലത്രയദാർവീചികിരാതതിക്ത-
യഷ്ട്യാഹ്വാസിദ്ധാർത്ഥകടുത്രികാണി
മുസ്താഹരിദ്രാദ്വയയാവശൂക-
വൃക്ഷാമ്ലകാമ്ലാഹ്വയവേതസാശ്ച
അശ്വത്ഥജംബ്വാമ്രധനഞ്ജയത്വക്
ത്വക്ചാഽഹിമാരാത് ഖദിരസ്യസാരഃ
ക്വാഥേന തേഷാം ഘനതാം ഗതേന
തച്ചൂർണ്ണയുക്താ ഗുളികാ വിധേയാ
സാ ധാരിതാ ഹന്തി മുഖേന നിത്യം
കണ്ഠോഷ്ഠതാല്വാദിഗദാൻ സുകൃച്ഛ്റാൻ
വിശേഷതോ രോഹിണികാസ്യശോഷ-
ഗണ്ഡാൻ വിദേഹാധിപതിപ്രണീതാ.

ത്രിഫലത്തോട്, വഴുതിനവേർ, പുത്തരിച്ചുണ്ടവേർ, എരട്ടിമധുരം, കടുക്, ചുക്ക്, മുളക്, തിപ്പലി, മുത്തങ്ങാ, മഞ്ഞൾ, മരമഞ്ഞൾതൊലി, ചവർക്കാരം, മരപ്പുളി, ഞെരിഞ്ഞാമ്പുളി, ആററുവഞ്ചി, അരയാൽ, ഞാവൽ, മാവ്, നീർമരുത്, ഇവററിൻതൊലികൾ, ഇലവർങ്ങം, അരളി, കരിങ്ങാലിക്കാതൽ ഇവററിൻകഷായം കുറുക്കിവററിച്ച് ചൂർണ്ണം ഗുളികയാക്കി വായിൽധരിച്ചാൽ കണ്ഠം ഓഷ്ഠം താലു ഈ സ്ഥാനങ്ങളിലുണ്ടാകുന്ന രോഗങ്ങളേയും രോഹിണിക ആസ്യശോഷം ഗളഗണ്ഡം ഇവയെപ്രത്യേകമായും ശമിപ്പിക്കുന്നതാകുന്നു.

88 ദ്രാക്ഷാഗുളൂചീസുമനപ്രവാള-
ദാർവീയവാഷത്രിഫലാകഷായഃ
ക്ഷൗദ്രേണ യുക്തഃ കബളഗ്രഹോഽയം
സർവ്വാമയാൻ വക്ത്രഗതാൻ നിഹന്തി.

മുന്തിരിങ്ങ, ചിററമൃത്, പിച്ചിമൊട്ട്, മരമഞ്ഞൾതൊലി, കൊടിത്തൂവവേര്, ത്രിഫലത്തോട് ഇവററിൻകഷായം തേനുംകൂട്ടി കവിൾക്കൊണ്ടാൽ വായിലെ രോഗങ്ങൾ എല്ലാം ശമിക്കും.

89 ദാർവീത്വക്സിന്ധൂത്ഭവമനശ്ശിലായവശൂകഹരിതാലൈഃ
ധാര്യഃ പീതകചൂർണ്ണോ ദന്താസ്യഗളാമയേ സമധ്വാജ്യഃ

90 ഗോമൂത്രക്വഥിതവിലീനവിഗ്രഹാണാം
പത്ഥ്യാനാം ജലമിസികഷ്ഠഭാവിതാനാം
അത്താരം നരമണവോപി വക്ത്രരോഗാഃ
ശ്രോതാരം നൃപമിവ ന സ്പൃശന്ത്യനർത്ഥാഃ

മുഖദന്തമൂലഗളജാഃ പ്രായോരോഗാഃ കഫാസ്രഭൂയിഷ്ഠാഃ
തസ്മാത്തേഷാമസകൃത് ദുഷ്ടം വിസ്രാവയേദ്രുധിരം
കായശിരസോർവ്വിരേകോവമനംകബളഗ്രഹാശ്ചകടുതിക്താഃ
പ്രായശ്ശസ്താസ്തേഷാം കഫരക്തഹരം തഥാകാൎയ്യം

മരമഞ്ഞൾത്തൊലി, ഇന്തുപ്പ്, മനയോല, ചവൽക്കാരം അരിതാരം ഇവ അരച്ചുണ്ടാക്കുന്ന പീതകചൂൎണ്ണം തേനും നെയ്യുംകൂട്ടിവായിൽ ധരിച്ചാൽ ദന്തരോഗങ്ങൾ ആസ്യരോഗങ്ങൾ കണ്ഠരോഗങ്ങൾ ഇവ ശമിക്കും.

കടുക്കാത്തോടു ഗോമൂത്രത്തിൽ വേവിച്ചു വററിച്ചും ഇരുവേലി ചതകുപ്പ കൊട്ടം ഇവററിൻകഷായത്തിൽ ഭാവനചെയ്തും എടുത്തു സേവിക്കുന്നതായാൽ വക്ത്രരോഗങ്ങൾ ആ ആളെ ബാധിക്കുന്നില്ല. മുഖരോഗങ്ങൾ ദന്തമൂലരോഗങ്ങൾ കണ്ഠരോഗങ്ങൾ ഇവ മിക്കവാറും കഫരക്താധികങ്ങളാകയാൽ പലതവണ ദുഷ്ടരക്തത്തെ നിർഹരിക്കണം. വിരേചനം നസ്യം വമനം ഇവയും എരിവും കയ്പും രസമായ കബളങ്ങളും കഫരക്തഹരങ്ങളായ എല്ലാം ക്രിയാക്രമങ്ങളും ഹിതമാകുന്നു.

## ശിരോരോഗനിദാനം

പുകയേല്ക്ക, ഹിമംകൊൾക, വെയിൽകൊൾക, വിയൎക്കയും
ഉറക്കിളയ്ക്ക, വെള്ളത്തിൽ കുളിക്കേ,റെയുറങ്ങുക
കണക്കിലേറെപ്പൊക്കിത്താൻ താഴ്ത്തിത്താൻ തലവെയ്ക്കയും
കടൽക്കാറേറൽക്കയും ദുഃഖം കള്ളുവെള്ളം കുടിക്കയും
ഉറക്കെപ്പറകാ/ഭ്യംഗദോഷം കീഴ്പ്പോട്ടുനോക്കുക
ദുൎഗ്ഗന്ധമേൽക്കയെന്നെല്ലാമേറെയുണ്ടായ്വരുന്നനാൾ
ദോഷങ്ങൾ തലയിൽപുക്കീട്ടുണ്ടാം ദണ്ഡങ്ങളിങ്ങനെ
വാതകോപത്തിലുണ്ടാകുമേറെച്ചെന്നികൾ നോകയും
നെററിയും പുരികംരണ്ടും തമ്മിൽ കൂടുന്നഭാഗവും
പൊളിഞ്ഞുവീണുപോകുന്നു എന്നുതോന്നുന്ന വേദന
കൺണും കണ്ണു കഴുത്തെന്ന ദിക്കിലും ദണ്ഡമേറെയാം
മൂക്കിൽവെള്ളംവരികയും ഞരമ്പുകൾ തെറിക്കയും
മൎദ്ദനാദികളെക്കൊണ്ടു, കുറഞ്ഞൊന്നു ശമിക്കയും
പിന്നെയും പലതുണ്ടേവം, ശിരസ്താപസ്യലക്ഷണം
പാതിത്തലയ്ക്കു ദണ്ഡങ്ങൾ വന്നാ"ലൎദ്ധാവഭേദകം."
മാസത്തിലന്നൊരിക്കൽതാൻ പക്ഷത്തിങ്കലൊരിക്കലൊ
പാരമായിട്ടിതുണ്ടാകിൽ, വിനാശം നേത്രകൎണ്ണയോഃ
"പിത്തം"കൊണ്ടു"തലകുത്തു"വരുമ്പോൾ പുകയുംതല
പനി വിയൎക്ക മോഹിക്ക നേത്രംചുടുകഎന്നിവ
ഏറീട്ടു പകൽവൎദ്ധിക്ക കിഞ്ചിൽകുറക രാത്രിയിൽ
ശീതളങ്ങൾ പ്രയോഗിച്ചാൽ കുറെപ്പൊറുതികാണ്കയും.

പിത്തംകൊണ്ടുത്ഭവിക്കുന്ന "ശിരസ്താപസ്യ"ലക്ഷണം
ശ്ലേഷ്മംകൊണ്ടു 'തലക്കുത്തി'ലുണ്ടാമരുചിശീതതാ
ശിരോനിഷ്യന്ദനാലസ്യങ്ങളും തലകനക്കയും
പകൽദണ്ഡം കുറഞ്ഞിട്ടു രാത്രിലേറീട്ടുമാസ്യവും
കണ്ണുംചൊറിക ഛർദ്ദിക്ക കണ്ണിന്റെ പോള വീങ്ങുക
ഇവയെല്ലാം വരുന്നാകിലതു ശ്ലേഷ്മത്തിലുള്ളത്.
"രക്ത"ത്തിലെത്തലക്കുത്തു പിത്തജത്തോടു തുല്യമാം
പിത്തത്തിലേതിലധികം ദണ്ഡം രക്തത്തിലേതിന്.
"സന്നിപാത"ത്തിലുണ്ടായാൽകാണാംലക്ഷണമൊക്കെയും,
ഭക്ഷിതദ്രവ്യദോഷങ്ങൾകൊണ്ടു മൂർദ്ധാവിലാം വിഷം
രക്തവും നലയുന്നേരം സന്നിപാതസ്യ കോപതഃ
ഉണ്ടാകുന്നേരമുണ്ടാകും തലയ്ക്കുള്ളിൽ കൃമികുലം (പ്രജം)
അവ ചോരകുടിക്കുമ്പോൾ ഉണ്ടാകും, പലസങ്കടം
ബുദ്ധിഭ്രമം ജ്വരം കാസം രൌക്ഷ്യം ശോഫം ബലക്ഷയം
ദുർഗ്ഗന്ധവ്രണമിത്യാദി; താലുവിങ്കൽ ശിരസ്സിലും
കണ്ഡൂശോഫങ്ങൾ താമ്രാച്ഛജലം മൂക്കിലൊലിക്കയും
ചെവിമൂളുകയിത്യാദി കൃമിദണ്ഡസ്യ ലക്ഷണം.
വാതംമുമ്പായദോഷങ്ങൾ വിറപ്പിക്കും ശിരസ്സിനെ
എല്ലായ്പ്പോഴുമതുണ്ടാകിൽ "ശിരഃകമ്പ"മതിന്നുപേർ.
പിത്തംമുമ്പാംത്രിദോഷങ്ങൾ രക്തത്തോടൊരുമിച്ചുടൻ
ശംഖശോഫത്തെയുണ്ടാക്കും നൊന്തുചുട്ടു ചുവന്നതു
ബുദ്ധിഭ്രമം ജ്വരം ദാഹം പ്രലാപേന്നാദിയായ് പല
ദണ്ഡങ്ങളെവരുത്തീടും മുഖം മഞ്ഞൾനിറംവരും
തുടങ്ങിയാലുടൻതന്നെ ചികിത്സിച്ചാൽ ശമിച്ചുപോം
അല്ലയാഞ്ഞാൽ ത്രിരാത്രേണ മരണം സംഭവിക്കയും
ചെയ്യിപ്പാൻ ശക്തനായുള്ള ക്ഷിപ്രകാരീ സ'ശംഖകഃ'
വാതം പിത്തത്തോടുംകൂടി പുരികം നെററി കണ്ണുകൾ
ശംഖങ്ങളെന്നിടിക്കിങ്കലുണ്ടാക്കും പലവേദന
ആദിത്യസ്യോദയത്തിങ്കൽ തുടങ്ങീട്ടുച്ചയോളവും
ക്രമത്താലതു വർദ്ധിക്കും ക്ഷുത്തുള്ളോൾക്കേറെയും വരും
അവ്യവസ്ഥിതശീതോഷ്ണസുഖാഃ പിന്നെ ശമിച്ചുപോം
"സൂര്യ്യാവ ർത്ത"മിതിന്റെപേർ ശിരോരോഗങ്ങൾ പത്തിവ
ഗർഭത്തിങ്കലിരിക്കുന്ന കുഞ്ഞിന്നുള്ള ശിരസ്സിലു്

വാതംകോപിച്ചു നിൎമ്മിക്കും വീക്കത്തെത്തുല്യരൂപമായ്
വേദനാദികളില്ലായ്കിൽ പേരതിന്നുപശീൎഷകം

യഥാദോഷോദയം ബ്രൂയാത് "പിടകാൎബ്ബുദവിദ്രധീൻ"
വാതമേറീട്ടുവരികിൽ "വാതവിദ്രധി"യെന്നുപേർ.

പിത്തമേറിട്ടുവരികിൽ "പിത്തവിദ്രധി"യെന്നുപേർ.
ശ്ലേഷ്മമേറീട്ടുവരികിൽ "ശ്ലേഷ്മവിദ്രധി"യെന്നുപേർ.

ഇങ്ങനെകണ്ടുകൊള്ളേണം "പിടകയ്ക്കൎബ്ബുദ"ത്തിനും.
പിത്താസ്രകഫജന്തുക്കളിവനാലുംനിമിത്തമായ്

നലഞ്ഞിട്ടതിനേപ്പോലെയുണ്ടാകുന്നതു "രൂഷകം"
കഫവാതങ്ങളെക്കൊണ്ടു തല പാരംതരിക്കയും

ചൊറിഞ്ഞുസൂക്ഷ്മമായ്ത്വക്കിൽപൊടിരോമംപൊഴിക്കയും
ഇങ്ങനേയൊക്കെയുണ്ടാകും ദണ്ഡം "ദാരുണ"കത്തിനു്

രോമകൂപത്തിലെപ്പിത്തം വാതേന സഹമൂൎച്ഛിതം
രോമങ്ങളെപ്പൊഴിക്കുമ്പോളുടൻ "ശ്ലേഷ്മകശോണിതം."

അടയ്ക്കുംരോമകൂപത്തെപ്പിന്നെ രോമംവരാതെയാം
"അതിന്ദ്രലുപ്തം"രുഞ്ജാച ചൊല്ലും 'ചാചേതി'കേചന

ഇന്ദ്രലുപ്തത്തിനെപ്പോലെ 'ഖലതി'ക്കുള്ളജന്മവും
ഖലതിക്കു പതുക്കെപ്പോം രോമം മറേറതിനാശുപോം

വാതംകൊണ്ടുള്ള ഖലതി തീപ്പൊള്ളുണ്ടായപോലെയാം
പിത്തംകൊണ്ടുള്ളതിന്നുണ്ടാം മഞ്ഞളിച്ച ഞരമ്പുകൾ

ശ്ലേഷ്മത്തിലേതു ചൂടേറി ഘനം തചഗപ്പൊണ്ണമായ്വരും.
എല്ലാദോഷങ്ങളുംകൂട്ടിൽ കാണാം ലക്ഷണമൊക്കെയും

നഖത്തിൻപ്രഭപോലേയും തീപ്പൊള്ളുണ്ടായപോലെയും
നിറവും ചൂടുമുണ്ടാകിൽ സാദ്ധ്യമല്ലാത്ത ലക്ഷണം

ദേഹദണ്ഡങ്ങളും ദുഃഖം കോപമദ്യാദികാരണാൽ
ശരീരത്തിങ്കലുണ്ടാകും ചൂടുംപിന്നെ ത്രിദോഷവും

കൂടീട്ടു തലയിൽപുക്കാൽ തലനന്നായ് നരച്ചുപോം
അതു വാതത്തിലുണ്ടായാൽ വെള്ളത്തിൻനിറമായ്വരും.

പിത്തംകൊണ്ടുള്ളതിന്നേറെ മഞ്ഞളിച്ച നിറംവരും.
കഫംകൊണ്ടുള്ളതിന്നേറെ വെളുത്തിട്ടുനിറംവരും

സന്നിപാതത്തിലേതിന്നു കാണാംലക്ഷണമൊക്കെയും.
സന്നിപാതത്തിലുണ്ടാകും ഖലതീപലിതങ്ങളും

സാദ്ധ്യമല്ലൊട്ടുമേതന്നെ പ്രായംചെന്നാൽ വരുന്നതും
രസായനപ്രയോഗംകൊണ്ടല്ലാതെ ശമനംവരാ.

ഇതി ശിരോരോഗനിദാനം.

## ശിരോരോഗചികിത്സ.

വാതത്തിലെ തലക്കുത്തു് പാരമായി വരുന്നനാൾ
വാതത്തിന്നു വിധിച്ചിട്ടുള്ളതൊക്കെ ഗ്ഗുണമഃസ്തുതും
91 തലയിൽ്തേച്ചുകൊണ്ടിട്ടു ഘൃതംസേവിക്ക രാത്രിയിൽ
ഉടനെ ചുടുപാൽസേവ്യമതിൻെറയനുപാനമായ്.
92 നെയ്ക്കൂട്ടിത്തിങ്കമുദ്ഗംതാൻ കുലത്ഥം മാഷമെങ്കിലും
എള്ളരച്ചിട്ടുതാൻ നല്ലഎണ്ണതാൻ പാലുമായ് പിബേൽ
93 പിണ്ഡോപനാഹസ്വേദങ്ങൾ മാംസധാന്യങ്ങൾകൊണ്ടുമാം
'വാതഘ്നദശമൂലാദി'സിദ്ധക്ഷീരേണ ധാരയും
94 പിന്നെസ്നിഗ്ദ്ധങ്ങളായുള്ള നസ്യധൂമങ്ങളും ഹിതം
'വരണാദി'ഗണംചേൎത്തു പാരിനീർക്കൂട്ടിവെന്തപാൽ
95 കലക്കിയുണ്ടായാലാ നെയ് മധുരദ്രവ്യസാധിതം.
നസ്യത്തിന്നെത്രയുംനന്നു് 'കാൎപ്പാസാദിയു'മുത്തമം
വിധിച്ചപോലെ കാച്ചീടാം ചോരനിക്കരുതൊട്ടുമേ.
'വരണാദി' ഗണക്വാഥേ പാലുമായിപ്പചിച്ച നെയ
സേവിക്ക സിതയുംക്കൂട്ടിത്തലനോവു ശമിച്ചുപോം.
അൎദ്ധാവഭേദകത്തിന്നുംകൊള്ളാമിച്ചൊന്നതൊക്കെയും
ശിരോഭിതാപേപിത്തോത്ഥേസ്നിഗ്ദ്ധസ്യവ്യധയേത്സിരാം
പിന്നെശീതങ്ങളെത്തേയ്ക്കൂ തലയിൽധാരവസ്തിയും.
96 ജീവനീയൌഷധംക്കൂടി വെന്തപാലു കുടിക്കയും
അമ്മരുന്നുകളെക്കൊണ്ടു കാച്ചുനെയ്യോണ്ടുനസ്യവും
ശംഖത്തെയങ്ങൊഴിച്ചുള്ള രക്തജത്തിന്നുമങ്ങനെ
ശ്ലേഷ്മത്തിലെത്തലക്കുത്തിൽ തേപ്പിപ്പൂ പഴതായ നെയ്
കടുദ്രവ്യങ്ങളെക്കൊണ്ടു ശമിപ്പിക്കയുമുത്തമം.
തീക്ഷ്ണമായുഷ്ണമായേറെരൂക്ഷമായുള്ളഭേഷജൈഃ
സ്വേദപ്രലേപനസ്യാദിയുപവാസവുമുത്തമം.
മൂന്നുംക്കൂടിവരുന്നേരം ക്കൂട്ടിച്ചെയ്ക ചികിത്സകൾ
ക്രിമിജന്ധംവരുന്നേരം ചോരകൊണ്ടുള്ളനസ്യമാം.

എന്നാൽശോണിതഗന്ധേന മരിച്ചൊക്കെപ്പുറപ്പെട്ടും
പിന്നെപ്പുറത്തുകളവാൻ പ്രയോഗിക്കേണമിങ്ങനെ.

97 കായവും നാഗദന്തിഞ്ച തുവച്ചില വിഴാലരി
ഗോമൂത്രത്തിൽപചിച്ചിട്ടുനസ്യംചെയ്താൽപുറത്തുപോം.

98 പലുകംവേപ്പുകടുകൊ,ടോടലെന്നിയിവററിലെ
തൈലമോരോന്നു കൊണ്ടുള്ള നസ്യവും കൃമിനാശനം

99 വിഴാലരിപചിച്ചിട്ടുള്ളാട്ടുംമൂത്രേണ നസ്യവും
നസ്യത്തിന്നുവിധിച്ചിട്ടുള്ളവയും പൂതിമത്സ്യവും

100 കൂട്ടിക്കൊണ്ടുപുകയ്ക്കേണം ചോരനീക്കരുതൊട്ടുമേ
ശിരഃകമ്പം വരുന്നേരം കാച്ചുകല്ലാത്തതൊക്കെയും

വാതാഭിതാപത്തിൽ ചൊന്നപോലെചെയ്കസമസ്തവും
പിറന്നിട്ടുള്ളബാലന്മാൎക്കുണ്ടാമുപശിരസ്സിന്ന്

ചെയ്യേണം വിദ്രധിക്കുള്ള ചികിത്സകൾ നിരന്തരം
പഴക്കംമുമ്പിൽവാതത്തിന്നുള്ളതൊക്കെ പ്രയോജയേൽ

ആമപക്വേ, * യഥായോഗം വിദ്രധീപിടകാൎബ്ബുദേ
അരുംഷികയിലെച്ചോര അട്ടയിട്ടിട്ടുനീക്കിയാൽ

101 നിംബനീർകൊണ്ടുകഴുകിക്കുതിരയ്ക്കുള്ള ചാണകം
പിഴിഞ്ഞനീരിലിന്തുപ്പ് കൂട്ടിത്തേയ്ക്കേണമാവൊളം

102 മഞ്ഞൾകൂട്ടിയരച്ചുള്ള പടോലത്തിലവേപ്പില
തേയ്ക്കുഗോമൂത്രവുംകൂട്ടി കണ്ഡൂക്ലേശാദിനാശനം

103 അരുംഷികയ്ക്കും ചാചയ്ക്കും ക്ഷുരരേണ തിരുമ്മിയാൽ
മാലതീചിത്രകാശപല്ലനക്തമാലങ്ങളുന്നിവ
കയ്ക്കൊണ്ടൊരെണ്ണകാച്ചീട്ടു തേയ്ക്കേണം പിന്നെ ലാക്ഷതൻ

104 കഷായകേകററിലപ്പൽ നെല്ലിക്കാ കൊന്നപത്രമായ്
വെററിലാരസവും തുല്യം ചേൎത്തുനന്നായരച്ചുടൻ

വെന്തിട്ടുള്ളൊരുതൈലത്തെത്തേച്ചിട്ടുംശമിയായ്കിലോ
വമനാദികളെക്കൊണ്ടു ശിരഃശ്ശുദ്ധിവരുത്തുക

പിന്നെദ്ദാരുണകത്തിന്നു നെററിമേൽ ചോരനീക്കിയാൽ
ശുദ്ധിചെയ്തിട്ടുശീലിക്ക ധൂമനസ്യങ്ങൾവസ്തിയും

105 ഉഴുന്നും കടുകം കൊട്ടം പ്രിയാളത്തിൻെറ ബീജവും
യഷ്ടീമധുകമീയഞ്ചും തേനുംകൂട്ടീട്ടു തേയ്ക്കയും

* യഥാകോപം എന്നും യഥായോഗ്യമെന്നും പാഠാന്തരങ്ങൾ

പിന്നെക്ഷാരജലംകൊണ്ടു കഴുകിക്കൊൾകയും ഹിതം
ഇന്ദ്രലുപ്തത്തിലെച്ചോര സിരാംവേധിച്ചു നീക്കിയാൽ
106 സഹസ്രവേധി കന്നാരം കന്മദം ജീരകം കണാ
യഷ്ട്യാഹ്വാമുക്കരം വിശ്വാംഗോക്ഷുരസ്യ ച കണ്ടകം
ക്ഷീരചൂർണ്ണേന സംയോജ്യസേവിതംകൃച്ഛ്റജിത്പരം

ഇതി ശിരോരോഗചികിത്സ

സഹസ്രയോഗം സമാപ്തം.

---

# പലവക ചികിത്സകൾ

---

൧. ഉള്ളംകാൽ ചുട്ടുനീററലിന്—ശതാവരിക്കിഴങ്ങിൻനീരിൻെറ നരയിൽ രാമച്ചപ്പൊടിചേർത്തു പുരട്ടുക. ശമിക്കും.

൨. ഉറക്കം ഇല്ലാത്തതിനു—ഒരു ചെറുനാരങ്ങയളവിൽ കാഞ്ഞിരക്കുരു അരച്ചുരുട്ടി സമം വെണ്ണയും മുലപ്പാലുംകൂട്ടി മട്ടിച്ചു നെററിയിലും ശിരസ്സിലും ഇടുക. ഉറങ്ങും.

൩. അസ്ഥിസ്രാവത്താൽ പഴുപ്പുപോകുന്നതിനു—ആമ്പൽ ത്തണ്ടുപിഴിഞ്ഞു പാലിൽ സേവിക്ക. ശമിക്കും.

൪. അസൃഗ്ദരത്തിനു—നിലപ്പനക്കിഴങ്ങും ചെറുകടലാടിയും മോരിൽ അരച്ചു സേവിക്ക. ശമിക്കും.

൫. മൂത്രകൃച്ഛ്റത്തിനു—ശതാവരിക്കിഴങ്ങിൻനീരു പാലു ചേർത്തു സേവിക്ക. ശമിക്കും

൬. തീപ്പുണ്ണിനു—പറങ്കിമാവിൻപട്ട പിഴിഞ്ഞ നീരിൽ കുന്തിരിക്കവും പുകയിറയും കല്ക്കമാക്കി വെളിച്ചെണ്ണ കാച്ചി അരിച്ചു ധാരചെയ്യുക. വ്രണമുണങ്ങും.

൭. തീപ്പൊള്ളിയാൽ—കൈതോല ഇടിച്ചുപിഴിഞ്ഞു ധാര ഇടുക.

൮. ഉടൻ മണ്ണെണ്ണയോ വെളിച്ചെണ്ണയോ ധാരകോരുക. പൊള്ളുകയില്ല.

൯. രക്താതിസാരത്തിനു—കദളിക്കുടം തുരന്നു അതിനകത്തു തുണിവച്ചു നനഞ്ഞാൽ എടുത്തു പിഴിഞ്ഞുതേനുംചേർത്തു പല പ്രാവശ്യം സേവിക്ക. ശമിക്കും.

൭൦. മുറിവിന്ന്—ചെറുകടലാടി പിഴിഞ്ഞു ധാരയിടുക. ചോരനില്ക്കും.

൭൧. ചെറുകടലാടിയും ഉഴിഞ്ഞയും പച്ചമഞ്ഞളുമായരച്ചു തേയ്ക്ക.

൭൨. മുക്കററി അരച്ചുതേയ്ക്ക; ഉണങ്ങും. നനയ്ക്കരുത്.)

൭൩. വെളിച്ചെണ്ണയും മണ്ണെണ്ണയുംകൂടി ധാരഇടുക. വ്രണം പഴുക്കുകയില്ല. ഉണങ്ങും.

൭൪. പച്ചക്കൊടിത്തൂവഇല വെള്ളംതൊടാതെ അരച്ചു വച്ചു കെട്ടുക. (നനയ്ക്കരുത്) വ്രണം ഉണങ്ങും.

൭൫. പല്ലുറയ്ക്കാൻ—എണ്ണ ഇന്തുപ്പ് ചുക്ക് മുളക് ഉള്ളി മഞ്ഞൾ കൊഴിഞ്ഞിൽവേർ കായം മാവില ഇവ സമം അരച്ചുകലക്കി എണ്ണകാച്ചി കവിൾകൊൾക. പല്ലുറയ്ക്കും.

൭൬. കളിപ്പാക്കും കോലരക്കും കടലാവണക്കിൻതൊലിയും കൂടി കഷായംവച്ചു കവിൾക്കൊൾക. പല്ലുറയ്ക്കും.

൭൭. കട്ടുക്കാവെണ്ണ—കട്ടുക്കാ രണ്ടു ഭാഗമാക്കി മുറിച്ചു തോട്ടചിതറാതെ കുരുകളഞ്ഞു ഒരു തോടിൽ എള്ളും ഒന്നിൽ ചന്ദനപ്പൊടിയും നിറച്ചു തമ്മിൽചേർത്ത് ചിററമൃതിൻെറ ഇലകൊണ്ടു മിതെ പൊതിഞ്ഞു കറുകകൊണ്ടു കെട്ടി, തൂക്കിനോക്കി എട്ടിരട്ടി പാലിൽ വേവിച്ച് പാൽഎല്ലാം വററുംമുമ്പ് എടുത്ത് ആ പാലിൽതന്നെ അരച്ച് വെണ്ണക്കൂട്ടിഉരസി നീരുവന്ന കുരുവിന്മേൽ പുരട്ടിയാൽ നീരു വററുകയും പൊട്ടേണ്ടതാണെങ്കിൽ പൊട്ടുകയും ചെയ്യും.

൭൮. വായിൽപുണ്ണിന്ന്—ആര്യവേപ്പില മൂന്നു കഴഞ്ച്. മുളകു കഴഞ്ച് ഒന്ന് അരച്ചു പുളിച്ചമോരിൽ കാലത്തും വയ്യിട്ടും സേവിക്ക.

൭൯. ഇടിത്തീയ്തട്ടിയാൽ—ഇടിത്തീ തട്ടിയ ഭാഗം തീ കൊണ്ടു ചൂടുപിടിപ്പിക്കയും കരിമ്പിൻനീരിൽ നെയ്യുചേർത്തു ധാരയിടുകയും ചെയ്ക.

൮൦. നെല്ലിക്കാനീരിൽ നെയ്യും ഇന്തുപ്പും ചേർത്ത് അതു കൊണ്ടു ധാരചെയ്ക.

൮൧ ഞെരിഞ്ഞാംപുളിനീരിൽ എണ്ണയും ഇന്തുപ്പും ചേർത്തു ധാരയിടുക. ഉപദ്രവങ്ങൾ ശമിക്കും.

൮൨. കാലിൽ മുള്ളുകൊണ്ടാൽ—മുള്ളുകൊണ്ട ഭാഗത്തിൽ എരുക്കിൻപാൽ നിറയ്ക്കുക. മുള്ളു താനേ പുറത്തു പോകും.

൮൩. മുൾക്കുഴിയിൽ ഉരുക്കുവെളിച്ചെണ്ണ തളിച്ചു നല്ലപോലെ ചൂടുപിടിപ്പിക്ക. പഴുക്കുകയില്ല. മുള്ളു പുറത്തു പോകയുംചെയ്യും.

൨൪. ചുണ്ടുവീങ്ങിയാൽ—അട്ടയിട്ടു രക്തംകളഞ്ഞു എള്ളരച്ചു ചെറിയൊരു കിഴികെട്ടി നെയ് തിളപ്പിച്ചതിൽ മുക്കി കിഴി ഊന്നുക.

൨൫. കണ്ണിൽ ചുവപ്പും വീക്കവും വന്നാൽ—പൂവൻകുറുന്തൽനീരു് തേൻചേൎത്തു കണ്ണിൽ ഒഴുക്കുക. ശമിക്കും.

൨൬. കാതുമുറിച്ചാൽ സന്ധിക്കാൻ - ഞെരിഞ്ഞിലിൻതളിരോ തുളുവേളത്തളിരോ പെരുംകുരുമ്പത്തളിരോ എടുത്തു കോലരക്കു സമം കൂട്ടിപ്പൊടിച്ചു പുരട്ടി കൂട്ടിക്കെട്ടിക്കൊണ്ടാൽ അഗ്രങ്ങൾ തമ്മിൽ കൂടുകയും മുറിവു് ഉണങ്ങുകയും ചെയ്യും.

൨൭. കാതിൽ വള്ളിചൊറിഞ്ഞു വീങ്ങിപ്പൊളിയുന്നതിനു് — അട്ടയിട്ടു രക്തംകളഞ്ഞു നാല്പാമരക്കഷായത്തിൽ ഇരട്ടിമധുരവും അമുക്കുരവും അരച്ചുകലക്കി നെയ്ചേൎത്തു് കാച്ചിഅരിച്ചു പുരട്ടുക. ശമിക്കും.

൨൮. കക്ഷത്തിൽ കുരുവിനു്—ആമയോടു്, ആനപ്പല്ലു്, കലമാൻകൊമ്പു് ഇവ മോരിൽ അരച്ചു തേയ്ക്കു; കക്ഷത്തിലെ കുരു ശമിക്കും.

൨൯. പീനസത്തിനു്—(ചന്ദനാദിതിരി) ചന്ദനം അകിൽ മഞ്ചാടി ചെഞ്ചല്യം ഇരട്ടിമധുരം ഇവ പശുവിൻപാലിലരച്ചു തുണിയിൽ തേച്ചു് തിരിയാക്കി ഉണക്കി നെയ്യിൽ നനച്ചു പുകവലിക്ക. പീനസം ശമിക്കും.

## പ്രത്യൌഷധങ്ങൾ

൩൦. കാഞ്ഞിരക്കുരു തിന്നാൽ—കുന്നിത്തളിർ അരച്ചു സേവിക്ക; സർവാംഗം പൂശുക, കൂവപിഴിഞ്ഞ വെള്ളം സേവിക്കുന്നതും നന്നു്. വികാരം ശമിക്കും.

൩൧. നഞ്ചിൻകായ്തിന്നാൽ—മുത്തങ്ങാക്കിഴങ്ങു് കൂവളവേർ ഇവ പാലിൽ സേവിക്ക.

൩൨. മരോട്ടിക്കുരുതിന്നാൽ – ഞാറവേരു് അരച്ചു വെണ്ണചേൎത്തു സേവിക്ക. ചന്ദനം സേവിക്കുന്നതുംനന്നു്.

൩൩. ഉമ്മത്തിൻകായ് തിന്നാൽ— ചന്ദനം കരിക്കിൻവെള്ളത്തിൽ സേവിക്ക, ശമിക്കും.

൩൪. മേന്തോന്നിക്കിഴങ്ങു തിന്നാൽ—ചുക്കു കാഞ്ഞവെള്ളത്തിൽ സേവിക്ക.

൩൫. വിഷമുള്ള കുമിൾ തിന്നാൽ— അമരിവേർ പാലിൽ സേവിക്ക.

൩൬. അവിയൻെറ ലഹരിക്ക്—അമരിവേർകഷായം സേവിക്ക; മോരും ചെറുനാരങ്ങാനീരും സേവിക്ക.

൩൭. വത്സനാഭിവിഷത്തിന്—കുരുമുളക കഷായംവച്ചു സേവിക്ക.

൩൮. പാഷാണവിഷത്തിന്—കടുക് അരച്ചു സേവിക്ക; കുരുമുളക കഷായംവച്ചു സേവിക്ക.

൩൯. വിഷമുള്ളുകൊണ്ടാൽ കള്ളിപ്പാൽ പുരട്ടുക; ഉപ്പു വച്ചു കാച്ചുക.

൪൦. വിഷക്കല്ലു ചവിട്ടിയാൽ—കാട്ടുള്ളി എരുമച്ചാണകനീരിൽ പുഴുങ്ങി ചൂടോടെ ചവിട്ടുക.

൪൧. ചേർമരത്തിൻ വിഷത്തിന്—താന്നിക്കാത്തോടോ താന്നിമരത്തൊലിയോ അരച്ചുപുരട്ടുക.

൪൨. നായ്ക്കുരുണകൊണ്ടുള്ള ചൊറിക്ക്—തൈരു സർവാംഗം പൂശുക.

൪൩. ചേക്കുരുവിൻവികാരത്തിന്—എള്ളരച്ചു പൂശുക; പാൽ സേവിക്ക.

൪൪. കഞ്ചാവിൻലഹരിക്ക്—കോവൽക്കാ കരിക്കിൻവെള്ളം ഇവയിലേതെങ്കിലും ഒന്നു സേവിക്ക.

൪൫. കൊടുവേലിക്കിഴങ്ങിന്—എള്ളു നെയ്യിലരച്ചു പൂശുക.

അജീർണ്ണങ്ങൾക്ക്

൪൬. ചയററിന്—മുളകുപൊടി മോരിൽ സേവിക്ക.

൪൭. വാഴപ്പഴത്തിന്—ഉപ്പുകല്ലു പൊടിച്ചുസേവിക്ക.

൪൮. ചക്കയ്ക്കു്—തേക്കിടവേരോ ചുക്കോ കഷായംവച്ചു സേവിക്ക.

൪൯. മാങ്ങയ്ക്കു്—തേങ്ങാപ്പാൽ സേവിക്ക.

൫൦. പാലിന്—തിപ്പലിപ്പൊടി സേവിക്ക.

൫൧. നെയ് മുതലായവ ദഹിക്കാഞ്ഞാൽ—ഉപ്പുനീരു സേവിക്ക. ഇവ പ്രത്യൌഷധങ്ങളാകുന്നു.

## ജംഗമവിഷചികിത്സ

൫൨. മൂർഖവിഷത്തിന്—പാലിൽ അമുക്കുരം അരച്ചു സേവിക്ക.

൫൩. മണ്ഡലിവിഷത്തിന്—ചന്ദനം പാലിൽ സേവിക്ക.

൫൪. രാജിലവിഷത്തിന്—ചുക്കു ചൂടുവെള്ളത്തിൽ സേവിക്ക.

൫൩. വിഷവീക്കങ്ങൾക്കു് ലേപം — തമിഴാമവേർ എരുക്കിൻവേർ കുടുക്കമൂലിവേരു് ഞെരിഞ്ഞിൽ ചന്ദനം പാടക്കിഴങ്ങു് വയമ്പു് മഞ്ഞൾ മുള്ളിവേരു് പുംകിൻതൊലി ദേവതാരം ശതകുപ്പ കാഞ്ഞിരവേർതൊലി ചിററരത്ത ഇവ യഥാലാഭം ഗോമൂത്രത്തിലരച്ചു നെൽക്കനത്തിൽ പൂശുക; വീക്കത്തിനും വിഷത്തിനും നന്നു്.

൫൪. ചുട്ടനീററലിനു് — ഇന്തുപ്പും പശുവിൻവെണ്ണയും കലത്തി പൂശുക. ചന്ദനം രാമച്ചം ഇവ അരച്ചു ധാരഇടുക.

൫൫. നീക്കോലിവിഷത്തിനു് — ചുണ്ണാമ്പു കലക്കിത്തെളിഞ്ഞ നീരു് ഒരുമൂടം എടുത്തു അതിൽ പുളികലക്കി സേവിക്ക; ഉപവസിക്ക.

൫൬ മഞ്ഞൾ അരച്ചു ഗോമൂത്രത്തിൽ ചാലിച്ചുതേയ്ക്ക; നീക്കോലിവിഷം ശമിക്കും.

൫൭. ചേരവിഷത്തിനു് — പ്ലാശിൻതൊലി അരച്ചുതേയ്ക്ക.

൬൦. ചുരുട്ടവിഷത്തിനു് — കുടുക്കമൂലിവേർ പാലിൽ സേവിക്ക. മുരിങ്ങവേർ അരച്ചു പൂശുക.

൬൧. ചിലന്തിവിഷത്തിനു് — തുളസിനീരിൽ മഞ്ഞൾ അരച്ചു സേവിക്കയും പുരട്ടുകയും ചെയ്ക.

൬൨. പല്ലിവിഷത്തിനു് കുടുക്കമൂലിവേർ നറുനീണ്ടിക്കിഴങ്ങു് അമരിവേർ ഇവ പാലിൽ സേവിക്ക.

൬൩. തേൾവിഷത്തിനു് — തുമ്പക്കുടം ചുവന്നുള്ളി തുളസിയില ഇവ ഗോമൂത്രത്തിൽ അരച്ചു പൂശുക; ധാരയിടുക. വേപ്പിൻതൊലിയും കുരുകുളകും പുളിച്ച മോരിൽ അരച്ചു തിളപ്പിച്ചു സുഖോഷ്ണമായി ദംശത്തിൽ ധാരചെയ്യുക.

൬൪. പട്ടികടിച്ച വ്രണം ഉണങ്ങാതിരുന്നാൽ — നാലിരട്ടി കറുകനീരുചേർത്തു് എരട്ടിമധുരവും മഞ്ഞളും ജാതിപത്തിരിയും കല്ക്കമായി പഴവെളിച്ചെണ്ണ കാച്ചി ധാരചെയ്ക. ശമിക്കും.

൬൫. മനുഷ്യവിഷത്തിനു് — അമരിവേരും നറുനീണ്ടിക്കിഴങ്ങും പാലിൽ സേവിക്ക.

൬൬. കടന്തൽകുത്തിയാൽ — മുക്കുററി അരച്ചു വെണ്ണയിൽ മർദ്ദിച്ചു പുരട്ടുക. സേവിക്ക.

൬൭. വണ്ടുകുത്തിയാൽ — തകരയരി മഞ്ഞൾ മരമഞ്ഞൾ തൊലി ഇവ സമം അരച്ചു തേയ്ക്കുക.

൬൮. കടന്തൽക്കൂടെടുക്കാൻ — ഞൊങ്ങണംപുല്ലു് അമരി ഇല കൃഷ്ണതുളസിഇല ഇവ അരച്ചു സർവ്വാംഗം പൂശി കൂടെടുക്കുക. കടന്തൽകുത്തിയാൽ വിഷമേല്ക്കുകയില്ല.

൩൯. പഴുതാര (പാർകാലി) കടിച്ചാൽ—കരിന്താളിയും പച്ചമഞ്ഞളും മുലപ്പാലിൽ അരച്ചുതേയ്ക്ക. കടുക്കാത്തോട്, കരുകനാമ്പ്, മഞ്ഞൾ ഇവ പനിനീരിൽ അരച്ചുസേവിക്ക.

൪൦. കൈവിഷത്തിനു്—വയമ്പു് രുദ്രാക്ഷം അമുക്കുരം ഇവ പാലിൽ അരച്ചു സേവിക്ക. അതിനുമുമ്പു് വമനവിരേചനങ്ങൾ യഥായോഗ്യം ചെയ്തു സുവർണ്ണഭസ്മവും സേവിക്കാം. കൈവിഷം ശമിക്കും.

---

## മാനവിധി (അളവുകൾ)

യവോ ദ്വാദശഭിർഗൗരസർഷപൈഃ പ്രോച്യതേ ബുധൈഃ
യവദ്വയേന ഗുഞ്ജാ സ്യാത്, ത്രിഗുഞ്ജോ വല്ല ഉച്യതേ
മാഷോ ഗുഞ്ജാഭിരഷ്ടാഭിഃ സപ്തഭിർവാ ഭവേത് ക്വചിത്
ചതുർഭിർമാഷകൈശ്ശാണഃ പ്രോച്യതേ ച തതഃ പരം
ശാണം പാണിതലം മുഷ്ടിഃ കുഡുബം പ്രസ്ഥമാഢകം
ദ്രോണം വഹഞ്ച ക്രമശോ വിജാനീയാച്ചതുർഗ്ഗുണം

൧൨ വെള്ളക്കടുകു കൂടുന്നതു് ഒരു യവം. ൨ യവം കൂടുന്നതു് ഒരു ഗുഞ്ജ. ൩ ഗുഞ്ജ കൂടുന്നതു് ഒരു വല്ലം. എട്ടുഗുഞ്ജകൾ കൂടുന്നതു് ഒരു മാഷം. (ചിലെടത്തു ഏഴു ഗുഞ്ജകൾകൂടുന്നതു മാഷമെന്നും അഭിപ്രായം) ൪ മാഷം കൂടുന്നതു് ഒരു ശാണം. (ഇതിനു മുക്കാൽകഴഞ്ചു്എന്നും വ്യവഹാരം) ശാണം ൪ കൂടുന്നതിനു് പാണിതലം എന്നുപേർ. (൩. കഴഞ്ചു) ൪ പാണിതലംകൂടുന്നതു ഒരു മുഷ്ടി (ഒരുപലം, ൪ മുഷ്ടികൂടുന്നതു് ഒരുകുഡുബം നാനാഴി) ൪ കുഡുബംകൂടുന്നതു് ഒരുപ്രസ്ഥം (നാലിടങ്ങഴി, ൪ പ്രസ്ഥംകൂടുന്നതു് ഒരു ആഢകം (൪ ഇടങ്ങഴി) ൪ആഢകം കൂടുന്നതു ഒരുദ്രോണം (പതിനാറിടങ്ങഴി) ൪ ദ്രോണംകൂടുന്നതു ഒരുവഹം (൬൪ ഇടങ്ങഴി) ഇങ്ങനെ മനസ്സിലാക്കിക്കൊൾക.

ദ്വൗ ശാണൗ വടകഃകോലം ബദരം ദ്രംക്ഷണശ്ച തൗ.
അക്ഷംപിചുഃപാണിതലം സുവർണ്ണം കബലഗ്രഹഃ
കർഷോ ബിഡാലപദകം തിന്ദുകഃ പാണിമാനികാ
ശബ്ദാന്യത്വമഭിന്നേഽർത്ഥേ ശുക്തിരഷ്ടമികാ പിചൂ
പലം പ്രകുഞ്ചോ വില്വം ച മുഷ്ടിരമ്രം ചതുർത്ഥിക
ദ്വേ പലേ പ്രസൃതസ്തൗ ദ്വാവഞ്ജലിസ്തൗ തു മാനികാ
ആഢകം ഭാജനം കംസോ ദ്രോണം കുംഭോ ഘടോമ്മണം
തുലാ പലശതം താനി വിംശതിർഭാര ഉച്യതേ.

൨ ശാണങ്ങൾ കൂടുന്നതു് ഒരു വടകം. ൧൴ കഴഞ്ച് (കോലമെന്നും ബദരമെന്നും ദ്രംക്ഷണമെന്നും അതിനു പര്യായങ്ങളുമാകുന്നു.) ൨ വടകം (൩ കഴഞ്ചു) കൂടുന്നതിനു അക്ഷം. പിചുഃ പാണിതലം, സുവർണ്ണം, കബളഗ്രഹം, കർഷം, വി

ധാലപടകം, തിന്ദുകം, പാണിമാനിക എന്നും അതിന്റെ പര്യായങ്ങളാകുന്നു. ൨ പിചുക്കൾ (൩ കഴഞ്ച്) കൂടുന്നതിനു ശുക്തിയെന്നും, അഷ്ടമിക എന്നും പര്യായങ്ങളാകുന്നു. പലം പ്രകുഞ്ചം വില്വം (ബില്വം, മുഷ്ടി, ആമ്രം, ചതുർത്ഥികം ഇവ പലത്തിന്റെ (൧൨ കഴഞ്ച് കൂടുന്നതിന്റെ) പര്യായങ്ങളാകുന്നു. ൨ പലം കൂടുന്നതു് ഒരു പ്രസൃതം. ൨ പ്രസൃതം കൂടുന്നതു് ഒരു അഞ്ജലി. (നാഴി=നാലുപലം) ൨ അഞ്ജലി കൂടുന്നതു് ഒരു മാനിക. (ഇരുനാഴി) ആഢകം ഭാജനം കംസഃ ഇവ നാലിടങ്ങഴിയുടെ പര്യായപദങ്ങളാകുന്നു. ദ്രോണഃ കുംഭഃ ഘടഃ അർമ്മണം ഇവ ൧൬ ഇടങ്ങഴിയുടെ പര്യായപദങ്ങളാകുന്നു. ൧൦൦ പലം കൂടുന്നതു് ഒരു തുലാം. ഇരുപതു തുലാം ഒരു ഭാരം. ഇങ്ങനെ അളവുകൾ.

---

# ഔഷധപാകവിധി

---

### ക്വാഥം (കഷായം)

കഷായം വയ്ക്കുവേണ്ടുമ്പോൾ വെള്ളം നാനാഴികൊള്ളുക.
മരുന്നൊരു പലം തത്ര ചതച്ചിട്ടു കുറുക്കുക.
നാഴിയാവോളവും വെന്താൽ വാങ്ങി രാത്രൌ സുസംസ്ഥിതം
ചുടിയില്ലെതിരേ പശ്ചാൽ പിഴിഞ്ഞഥ മരുന്നുകൾ
ഉഴക്കാഴക്കതാവോളം കുറുക്കിപ്പൂതമായ് പിബേൽ
തേൻ നെയ്ശർക്കരപടാദീൻ മേമ്പൊടിക്കപി കൊള്ളുക.

### സ്നേഹപാകം (എണ്ണ നെയ്യ് മുതലായവ)

നാഴിയെണ്ണ ചമയ്ക്കുമ്പോൾ കഷായത്തിനു നാല്പലം
മരുന്നു സർവ്വസാമാന്യം വിധികൊള്ളാമിതെങ്ങുമേ.
പലസ്യ നീർകൊൾ നാനാഴികൊണ്ടു ശേഷിക്കനാഴിയും
തസ്മിംസ്തൈലം വിനിക്ഷിപ്യ കല്ക്കം പുനരരപ്പലം
അരയ്ക്കേണം കഷായേണ ശ്ലക്ഷ്ണമായ് പിന്നെയും തതഃ
അരച്ചതതിലാക്കീട്ടു പാൽപ്രസ്ഥം തത്ര യോജയേൽ
കൈക്കൊട്ടിയടുപ്പിന്മേൽ വച്ചു മൃദ്വഗ്നിനാ പചേത്
പാകം പാനാദിരൂപേണ കൊണ്ടറിക ഭിഷഗ്വരഃ.

നാഴി എണ്ണ കാച്ചണമെങ്കിൽ കഷായത്തിനുള്ള മരുന്നുകൾ എല്ലാം കൂടി നാലു പലം നാലിടങ്ങഴി വെള്ളത്തിൽ കഷായം വച്ചു നാലിലൊന്നാക്കി പിഴിഞ്ഞരിച്ചു കല്ക്കം എല്ലാമരുന്നുകളും കൂടി അരപ്പലം അരച്ചു ചേർത്തു കാച്ചി പാകത്തിനു അരിച്ചു കൊള്ളുക. അരയ്ക്കുന്നതു കഷായവെള്ളത്തിലാകുന്നതു നന്നു്. പാൽ നാലിരട്ടിയായാൽ കൊള്ളാം. ഇതെല്ലാം ഒരു യോഗത്തിനു കല്കകഷായാദികൾക്കു പ്രത്യേകം വിധിച്ചില്ലെങ്കിൽ മാത്രം സ്വീകരിക്കേണ്ട സാധാരണ നിയമങ്ങളാണു്.

## മതാന്തരം.

സ്നേഹപാകേ ത്വമാനോക്തൗ ചതുർഗ്ഗുണവിവർദ്ധിതം
കല്ക്കസ്നേഹദ്രവം യോജ്യമധിതേ ശൗനകഃ പുനഃ
സ്നേഹേ സിദ്ധ്യതി ശുദ്ധാംബുനിഷ്ക്വാഥസ്വരസൈഃ ക്രമാത്
കല്ക്കസ്യ യോജയേദംശം ചതുർത്ഥം ഷഷ്ഠമഷ്ടമം
പൃഥക് സ്നേഹസമം ദദ്യാത് പഞ്ചപ്രഭൃതി തു ദ്രവം
ദുഗ്ദ്ധേ തക്രേ ച ധാന്യാമ്ലേ കല്ക്കഃ സ്വരസവൽ ഭവേത്.

സ്നേഹപാകത്തിന്ന് അളവു പ്രത്യേകം പറഞ്ഞില്ലെങ്കിൽ നാഴി സ്നേഹത്തിന്ന് (എണ്ണയോ നെയ്യോ ആകാം.) ഒരു പലം കല്ക്കവും ഇടങ്ങഴി കഷായവുമാണ്. എന്നാൽ ശൗനകാചാര്യമതം ഇങ്ങനെയാണ്.— കഷായാദിദ്രവങ്ങളില്ലാതെ പച്ച വെള്ളത്തിൽ അരച്ചുകലക്കുന്നതാണെങ്കിൽ ഒരു പലം കല്ക്കവും കഷായമുണ്ടെങ്കിൽ എട്ടുകഴഞ്ചു കല്ക്കവും സ്വരസം ചേർത്തു കാച്ചുന്നതാണെങ്കിൽ ൬ കഴഞ്ചു കല്ക്കവുമാണ് ചേർത്തു കാച്ചേണ്ടതു്. എന്നാൽ പാൽ, മോരു് ധാന്യാമ്ലം (വെപ്പുകാടി) ഇവ കൂടി ചേർക്കുന്ന ഔഷധങ്ങൾക്ക് സ്വരസത്തിന്നു പറഞ്ഞപോലെ നാഴിക്കു ൬ കഴഞ്ചു കല്ക്കം മതിയെന്നും കേരളീയാചാര്യന്മാരുടെ മതമാകുന്നു. അഞ്ചിലധികം ദ്രവങ്ങൾ ചേർക്കേണ്ടതുണ്ടെങ്കിൽ അവ ഓരോന്നും എണ്ണയ്ക്കു സമവും അതിൽ കുറവാണെങ്കിൽ എല്ലാംകൂടി നാലിരട്ടിയും ചേർത്തു കാച്ചി അരിക്കണം.

## ലേഹാദിപാകങ്ങൾ

ലേഹങ്ങൾ കേൾ ചമയ്ക്കുമ്പോൾ ഗുളസ്യൈകപലസ്യ തു
മരുന്നിരുപലം യുഞ്ജ്യാത് ജലപ്രസ്ഥദ്വയേ പുനഃ.
കഢുബദ്വയമാകുമ്പോൾ ചൂർണ്ണം തത്ര വിനിക്ഷിപേത്
നിക്ഷിപ്യ ദർവ്യാ ചാലോഡ്യ മെല്ലവേ വാങ്ങുകഗ്നിതഃ.
ഉടയ്ക്കുന്നതുടച്ചിട്ടുമുരുട്ടുന്നതുരുട്ടിയും
അലിക്കുന്നതലിച്ചിട്ടും ത്രിധാ ലേഹം പ്രകല്പയേത്.
ഘൃതസ്യ ഫേനോപശമസ്തൈലസ്യ തു തദുത്ഭവഃ
ലേഹസ്യ തന്തുമത്താഽപ്സു മജ്ജനം ശരണം ന ച.

ലേഹത്തിന്നു ചേർക്കുന്ന ശർക്കരയുടെ കണക്കിൻപ്രകാരം ഒരു പലം ശർക്കരയ്ക്കു ൨ പലം മരുന്ന് രണ്ടിടങ്ങഴിവെള്ളത്തിൽ കഷായംവെച്ച് ഇരുനാഴിയാക്കുന്ന കണക്കിൻപ്രകാരം മരുന്നു കൂട്ടിച്ചേർത്തു കഷായവെള്ളത്തിൽ ശർക്കരകലക്കി ആയതു് നൂലുപോലെ വരുന്ന പാകത്തിൽ പൊടിവിതറി ഇളക്കിച്ചേർത്തു യഥായോഗ്യം ലേഹമാക്കിക്കൊൾക. ഇതു പരിചയസാദ്ധ്യമാകുന്നു. ഓരോ ഔഷധങ്ങളുടെ യോഗാദിഭേദേന വിധാനവ്യത്യാസം വരാം. നെയ്യു പതയടങ്ങുന്ന പാകത്തിൽ അരിക്ക. തൈലത്തിലാണെങ്കിൽ ആദ്യത്തെ പതയടങ്ങി പിന്നീടുള്ള വർണ്ണഭേദത്തോടു കൂടിയ ചെറുപത കാണുമ്പോൾ അരിക്ക. കല്ക്കം പ്രധാനമായി നോക്കി നിശ്ചയിച്ചു കൊള്ളണം.

പാകങ്ങൾ മൂന്നു ഖരചിക്കണമന്ദഭേദാ-
ദഭ്യഞ്ജനേഽത്ര ഖരമേവ വരം നരാണാം
കല്ക്കം കരക്കയ്യുമുറയ്ക്കുയുമസ്യ രൂപം
സ്പർശാസഹത്വമരുണത്വവുമല്പതാ ച.

തൽ ചിക്കണം മെഴുകിനോടു സമാനകല്ക്കം
മന്ദസ്യ ലക്ഷണമുശന്തി സരോത്തവാദി
വസ്ത്ര ത്തു ചിക്കണമുശന്തി ഖരഞ്ച കേചിത്
നസ്യേ മൃദുർഭവതി പുണ്ണിനു നന്നു തേ ഽപി.

കാഥാദേര്യ്യത് പുനഃ പാകാത് ഘനത്വം സാ രസക്രിയാ
സോ ഽവലേഹശ്ച ലേഹശ്ച തന്മാത്രാ സ്യാത് പലോന്മിതാ
സിതാ ചതുർഗ്ഗുണാ കാര്യ്യാ ചൂർണ്ണാച്ച ദ്വിഗുണോ ഗുഡഃ
ദ്രവം ചതുർഗ്ഗുണം ദദ്യാദിതി സർവ്വത്ര നിശ്ചയഃ.
സുപക്വേ തന്തുമത്ത്വം സ്യാദവലേഹോ ഽപ്സു മജ്ജതി
സിതാ ചതുർഗ്ഗുണാ ദേയാ വടീഷു ദ്വിഗുണോ ഗുഡഃ.

ഇതിനു പുറമെ കല്ക്കംകൂടി നോക്കിക്കൊൾക. അഭ്യംഗത്തിനായിട്ടുള്ള തൈലമാണെങ്കിൽ ഖരപാകം ആണു വേണ്ടതു്. കല്ക്കം കരുക്കുന്നതും ഉറയ്ക്കുന്നതും സ്വൎണ്ണസാഹ്യതയും തൈലത്തിനു തെളിവും ഇതിന്റെ ലക്ഷണമാകുന്നു. ചിക്കണപാകം മെഴുകിനു തുല്യമാണ്. ഇതു സേവിക്കാനും വസ്തിവയ്ക്കാനും നന്ന്. നസ്യത്തിനു മന്ദപാകമാണ്. ആയതിനു മിക്കവാറും പതയുണ്ടായിക്കൊണ്ടും ഇരിക്കും. പുണ്ണുകൾ വരളാൻ ഖരപാകംതന്നെയാണു നല്ലതു്.

കഷായം മുതലായവ കുറുക്കി കട്ടിയാക്കുന്നതിനു രസക്രിയ എന്നു പേർ. ആയതു ഇളനീർക്കുഴമ്പു മുതലായവയാകുന്നു. ഇതിനു പൊടി ചേൎക്കുന്നതു നിയമമല്ല. ലേഹ്യത്തിനു ചേൎക്കുന്നതു ശൎക്കരയാണെങ്കിൽ പൊടിയുടെ ഇരട്ടിയും പഞ്ചസാരയായാൽ പൊടിയുടെ നാലിരട്ടിയും പാവു കാച്ചണം. ചേൎത്തിടിക്കുന്നതിനും നിയമം ഇതുതന്നെ. ഇതിനു ദ്രവം മുതലായവ സാധാരണയായി എല്ലാം കൂട്ടുന്നതിന്റെ നാലിരട്ടിയാകുന്നു. എന്നാൽ ദ്രവത്തിനു ഈ നിയമം പ്രയോഗത്തിൽ സാൎവ്വത്രികമല്ല. എത്രയും കൂടുന്നതും പ്രത്യേകനിയമമവലംബിച്ചല്ല. ലേഹത്തിനു പാവുകാച്ചുമ്പോൾ നല്ലപോലെ പാകമായാൽ നൂലുപോലെവരും. വെള്ളത്തിലിട്ടാൽ താഴും. അലിഞ്ഞുചേരുകയുമില്ല. വടകത്തിനും നിയമം ലേഹംപോലെതന്നെ. പാകം കുറച്ചുകൂടി മൂക്കേണ്ടതാണ്.

സേചിപ്പിക്കുന്നതിനുള്ള കഷായം ആകെ വെള്ളത്തിന്റെ നാലിലൊരുഭാഗവും കുളിക്കാനുള്ള വെള്ളം ആകെയുള്ളതിന്റെ എട്ടിൽ ഒരുഭാഗവും വ്രണം കഴുകാനും കവിൾക്കൊള്ളാനും സേചിപ്പിക്കാനുള്ളപോലെയും വററിക്കണം.

## വിഷവീൎയ്യമുള്ള ഔഷധങ്ങളുടെ ശുദ്ധികൾ

### 1. രസശ്ശുദ്ധി.

വിഷവും മലവും തീയ്യും മൂന്നുദോഷം രസത്തിന്
ഇതുകൾ തീൎത്തെടുത്തീടിൽ സൂതം പീയൂഷതുല്യമാം.
വിഷം ശമിക്കുവാനായി കൊടുവേലി പിഴിഞ്ഞതിൽ
മലദോഷം ശമിച്ചീടാൻ കററാർവാഴരസത്തിലും.

അഗ്നിദോഷം ശമിച്ചീടാൻ ത്രിഫലയ്ക്കുള്ളനീരിലും
ഓരോയാമമരയ്ക്കണമേഴവട്ടം രസത്തിനെ
പിന്നെക്കാടിയിലിട്ടല്പം ചൂടാക്കിക്കാടിയൂററുക
എന്നാൽ ദോഷങ്ങൾ നീങ്ങിടുമെന്നതിന്നില്ല സംശയം.

## 2. ഗന്ധകശുദ്ധി.

മൃത്തികാകലശം തന്നിൽ ക്ഷീരപ്രസ്ഥമൊഴിച്ചുടൻ
ശീലകൊണ്ടതു വായ്ക്കെട്ടി ഗന്ധകം പലസമ്മിതം
പൊടിച്ചാശ്ലയിൽതന്നെ പരത്തിപ്പിന്നെ മൂടണം
ചട്ടികൊണ്ടങ്ങതിൻ ചുററും ശീലമണ്ണിട്ടു കെട്ടിയാൽ
മണ്ണമാന്തിക്കഴുത്തോളം കുഴിയിൽ താഴ്ത്തിവയ്ക്കണം
രണ്ടുയാമം മുഴവനം കത്തേണം തീയ്യമീതെയായ്.
എന്നാലുരുകിവീണീടും ഗന്ധകം പാലിലൊക്കെയും
എടുത്തുകഴകിക്കൂട്ടാം പിന്നെയാവശ്യമുള്ളതിൽ.

## 3. ചായില്യശുദ്ധി.

ചായില്യം കട്ടിയായ്‌വാങ്ങീട്ടൊരുനാൾ തേനിൽവയ്ക്കുക
മുലപ്പാലിലുമവ്വണ്ണം ചെയ്തുകൊണ്ടിങ്ങെടുക്കുക.

## 4. ഗൗരീപാഷാണവും 5. വെള്ളപ്പാഷാണവും ശുദ്ധി.

അരിക്കാടിയിലും പിന്നെ ചെറുനാരങ്ങനീരിലും
ചുണ്ണാമ്പിട്ടു കലക്കീട്ടങ്ങുണ്ടാകുന്നൊരുനീരിലും
യാമമോരോന്നു വേവിച്ചാൽ പാഷാണം ശുദ്ധമായ്വരും
വെള്ളപ്പാഷാണവും ശുദ്ധിചെയ്തീടാമിതുപോലവേ.

## 6. രസകർപ്പൂരശുദ്ധി.

രസകർപ്പൂരമതിനെ തുണിയിൽകെട്ടി നല്ലപോൽ
കണ്ണിവെററിലയും നല്ലമുളകും തുല്യമായുടൻ
കഷായംവച്ചായതിങ്കൽ കിഴിമൂന്നുദിനംവരെ
വെച്ചെടുത്താൽ ശുദ്ധമാകുമെന്നുതന്നെ കഥിപ്പതു്.

## 7. മനയോലശുദ്ധി.

മനയോലയരിക്കാടിതന്നിലിട്ടൊരുവാസരം
കഴിഞ്ഞായതെടുത്തിട്ടു് ആട്ടിൻമൂത്രത്തിലാദരാൽ
ഡോളായന്ത്രവിധാനേന പാകംചെയ്യുക ശുദ്ധമാം.

## 8. അരിതാരശ്ശുദ്ധി.

അരിതാരം നുറുക്കീട്ടങ്ങൊരു ചട്ടിയിലിട്ടുടൻ
ശരിയായിട്ടടയ്ക്കേണമൊരുചേരുന്ന ചട്ടിയാൽ.
ശീലമൺചെയ്തുണക്കീട്ടു മേലേവച്ചുള്ള ചട്ടിമേൽ
ഭാരം മൂന്നുതുലയ്ക്കേണം ചെറുതായിട്ടു വൃത്തിയായ്
പിന്നെത്തീയിട്ടുകത്തിച്ചു കനലിൻമീതെ വയ്ക്കണം
കുറേക്കഴിഞ്ഞിട്ടുന്നേരം കറുത്തപുകവന്നിടും
അന്നേരം താലവൃന്തത്താൽ പതുക്കേയഥ വീശണം
അപ്പോൾ ചുവപ്പുനിറമായ് പുകവന്നുതുടങ്ങിടും.
ഉടൻതീയിന്നിറക്കീട്ടങ്ങാറുവോളമിരിക്കുക
പിന്നെശ്ശീലകളഞ്ഞിട്ടങ്ങെടുത്താൽ ശുദ്ധമാണതു്.

## 9. അയസ്കാന്തശ്ശുദ്ധി.

അയസ്കാന്തം കോവലിലനീരിലാദ്യം പുനസ്തഥാ
ഗോമൂത്രത്തിലുമേഴേഴവട്ടം കാച്ചിനനയ്ക്കുക.

## 10. തുരിശ്ശുദ്ധി.

ശുദ്ധമാക്കാൻ തുരിശിനെ തൈരുചേർത്തങ്ങരച്ചുടൻ
അടയാക്കിപ്പുരത്തീട്ടു നല്ലചട്ടിയിൽ വയ്ക്കുക.
അടുപ്പേററിത്തീയുമിട്ടങ്ങിളക്കീടുക നല്ലപോൽ
കുറേനേരമിളക്കുമ്പോൾ പൊടിയായിട്ടുകണ്ടിടും
അപ്പോൾ വാങ്ങിയിറക്കീട്ടു സൂക്ഷിക്കാം ശുദ്ധഭാജനേ.

## 11. തുത്തുശ്ശുദ്ധി.

മൂഷികാരിപുരീഷത്തിൽ തുത്തുനന്നായ്പൊതിഞ്ഞുടൻ
രണ്ടുയാമം തീയിലിട്ടു, ചുട്ടുവാങ്ങിയെടുത്തതു്
പൊന്നാങ്ങാണിരസംതന്നിൽ വേവിക്കുക വിശുദ്ധമാം.

## 12. വത്സനാഭിശ്ശുദ്ധി.

ഗോമൂത്രത്തിൽ പുഴുങ്ങേണം രണ്ടുയാമംതികച്ചഥോ
വത്സനാഭിക്കെഴുംദോഷമെന്നാലെല്ലാം ശമിച്ചിടും.

## 13. അഭ്രകശ്ശുദ്ധി.

അഭ്രകം ശുദ്ധിയാക്കീടാനേഴവട്ടം വറുത്തുടൻ
പാലിലിട്ടിട്ടെടുക്കേണമെന്നാൽ സംശുദ്ധമാമതു്.

### 14 നീവാളശുദ്ധി.

എരുമച്ചാണകംതന്നിൽ ഉണക്കൽക്കാടിചേൎത്തുടൻ
കലക്കീട്ടതിൽ നീവാളക്കുരു വേവിച്ചുകൊള്ളണം
പിന്നെത്തോടുകളഞ്ഞിട്ടു പരിപ്പിന്നുള്ളിലേമുള
തീൎത്തെടുത്തുകളഞ്ഞീടിൽ നീവാളക്കുരു ശുദ്ധമാം.

### 15. ഉമ്മത്തിൻകുരു ശുദ്ധി.

ഉമ്മത്തിന്നരി വെള്ളത്തിൽ ഒരുയാമമതിട്ടിഹ
എടുത്താൽ ശുദ്ധിവന്നീടുമെന്നതിന്നില്ല സംശയം.

### 16. ചേൎക്കുരുശുദ്ധി

ചേരിൻകുരു മുഖംവെട്ടി ചാണകച്ചാററിലിട്ടുടൻ
മൂന്നുനാൾ വച്ചുസൂക്ഷിച്ചു നാലാന്നാളതെടുക്കുക
പച്ചവെള്ളമൊഴിച്ചിട്ടു കഴുകിശ്ശുചിയാക്കണം
വീണ്ടും കരിക്കിൻനീർകൊണ്ടും നല്ലപോൽ കഴുകീടുക
എന്നാൽ ശുദ്ധിഭവിച്ചീടും ചേരിന്റെകുരു നിശ്ചയം.

### 17. ഉരുക്കും ഇരുമ്പും ശുദ്ധി.

ഉരുക്കലയിലിട്ടാദ്യം പഴുപ്പിച്ചതു മോരിലും
നല്ലെണ്ണയിലുമെന്നല്ല ഗോമൂത്രത്തിലുമാദരാൽ
അരിക്കാടിയിലുംമുക്കി രാകിപ്പിന്നെപ്പൊടിച്ചുടൻ
ഞാവൽത്തൊലിരസംതന്നിലരച്ചിട്ടുണക്കണം.

### 18. വെളുത്തീയശുദ്ധിയും 19 നാകശുദ്ധിയും

ഇലിപ്പതന്നെണ്ണയിലോ വെളിച്ചെണ്ണയതിങ്കലോ
നവസാരംപൊടിച്ചുള്ള പൊടിയെച്ചേൎത്തുകൊണ്ടതിൽ
വെളുത്തീയമുരുക്കീട്ടങ്ങേഴുവട്ടമൊഴിക്കണം
എന്നാൽ ശുദ്ധിഭവിച്ചീടും വെളുത്തീയവുമിവിധം
നാകവും ശുദ്ധിയാക്കീടാമിരുപത്തൊന്നുവട്ടമായ്.

### 20. കറുത്തീയശുദ്ധി.

ചിരണ്ടവേരരച്ചിട്ടങ്ങാട്ടിൻമൂത്രത്തിൽ നല്ലപോൽ
കലക്കിട്ടെണ്ണചേൎത്തുംകൊണ്ടിളക്കീട്ടതിലേയ്ക്കുടൻ
കറുത്തീയമുരുക്കീട്ടു പത്തുവട്ടമൊഴിക്കണം
എന്നാൽ കറുത്തതാമീയ്യം ശുദ്ധമായ്ത്തീൎന്നിടും ദൃഢം.

## 21. ചെമ്പിൻെറ ശുദ്ധി.

ചെമ്പാദ്യം തകിടാക്കീട്ടു തിന്ത്രിണീദളവാരിയിൽ
ഇരുപത്തൊന്നുദിവസമിട്ടുവച്ചിട്ടെടുത്തുടൻ
കാച്ചിമുക്കീടണം പിന്നെപ്പുളിതന്നിലന്നീരിലും
കററാർവാഴപിഴിഞ്ഞുള്ള നീരിലും ശുദ്ധമായ്വരാൻ
ഇരുപത്തൊന്നുതവണ വേണമോരോന്നിലിങ്ങനെ.

## 22. സ്വർണ്ണശുദ്ധിയും 23 വെള്ളിശുദ്ധിയും

ഗോമൂത്രംതന്നിലും നല്ലമോരിലും കാടിതന്നിലും
കുലത്ഥമിട്ടുവച്ചോരു കഷായത്തിങ്കലും തഥാ
സ്വർണ്ണമോ വെള്ളിയോ വേണ്ടതെടുത്തിട്ടങ്ങുരുക്കുക
ഓരോദ്രവത്തിലേഴേഴപ്രാവശ്യമിതൊഴിക്കുക
എന്നാൽ സ്വർണ്ണവുമെന്നല്ല വെള്ളിയും ശുദ്ധമായ്വരും.

## 24. കാഞ്ഞിരക്കുരുശുദ്ധി.

നെല്ലിൽവെച്ചു പഴുങ്ങീട്ടു തൊലിയെല്ലാംകളഞ്ഞുടൻ
പിളൎന്നു മുളയുംനീക്കി ചെറുതായിട്ടരിഞ്ഞുടൻ
ചെറുകീരയുടേനീരിലൊരുയാമം ശരിക്കിടാം
തേററാമ്പരൽകഷായത്തിൽ പിന്നെ വേവിച്ചുകൊള്ളുക
എന്നാൽ ശുദ്ധിഭവിച്ചീടും കാഞ്ഞിരക്കുരുവിന്നിഹ.

## 25. ഗുൽഗുലുശുദ്ധി.

വേപ്പിൻെറയിലയും പിന്നെപ്പച്ചമഞ്ഞളുമെന്നിവ
ചതച്ചിട്ടു തിളപ്പിച്ച വെള്ളത്തിൽ പിന്നെ ഗുൽഗുലു
ഡോളായന്ത്രവിധാനത്താൽ രണ്ടുയാമമനാരതം
വേവിച്ചു കരടെല്ലാമേ നീക്കിയായതെടുത്തുടൻ
വറുത്തരയ്ക്കു നെയ്യിങ്കലാവണക്കെണ്ണതന്നിലോ
എന്നാൽ സംശുദ്ധമായീടും ഗുണമാൎന്നുള്ള ഗുൽഗുലു.

# ധാരാകല്പം

അൎത്ഥദീപികാവ്യാഖ്യാനസഹിതം

## മംഗളാചരണം

അനന്തകല്യാണഗുണൈകഭാജനം
നിരന്തരാനന്ദചിദേകവിഗ്രഹം
അനന്തരായേപ്സിതസിദ്ധയേ വയം
തമേകദന്തം സതതം ഭജാമഹേ. ൧

അനന്തകല്യാണഗുണൈകഭാജനം = അളവില്ലാത്തതായ മംഗലങ്ങൾക്കും ഗുണങ്ങൾക്കും ഇരിപ്പിടമായി
നിരന്തരാനന്ദചിദേകവിഗ്രഹം = നിത്യാനന്ദസ്വരൂപനും ജ്ഞാനമൂൎത്തിയും ആയ
തം ഏകദന്തം = ആ ഗണപതിയെ
അനന്തരായേപ്സിതസിദ്ധയേ = വിഘ്നം കൂടാതെ അഭീഷ്ടങ്ങൾ സിദ്ധിക്കുന്നതിനുവേണ്ടി
വയം സതതം ഭജാമഹേ = ഞങ്ങൾ എല്ലായ്പോഴും ഭജിക്കുന്നു.

അഭിമതസിദ്ധിക്കും വിഘ്നനിവാരണത്തിനുംവേണ്ടി സൎവ്വമംഗളങ്ങൾക്കും ഭക്തവാത്സല്യാദിഗുണങ്ങൾക്കും, ഐശ്വൎയ്യങ്ങൾക്കും ഇരിപ്പിടമായി സച്ചിദാനന്ദസ്വരൂപനായ ഗണപതിയെ ഞങ്ങൾ നമസ്കരിക്കുന്നു.

## ധാരകൊണ്ടുള്ള ഗുണങ്ങൾ

ധാതൂനാം ദൃഢതാം കരോതി വൃഷതാം ദേഹാഗ്നിവൎണ്ണൌജസാം
സ്ഥൈൎയ്യം പാടവമിന്ദ്രിയസ്യ ജരസോ മാന്ദ്യം ചിരഞ്ജീവിതം
അസ്ഥ്നാം ഭംഗമപാകരോതി നിതരാം ദോഷാൻ സമീരാദികാൻ
സൎവ്വസ്നേഹകൃതാ സുഖോഷ്ണസുഭഗാ സൎവ്വാംഗധാരാ നൃണാം. ൨

സൎവ്വസ്നേഹകൃതാ = എല്ലാ സ്നേഹദ്രവ്യങ്ങളെക്കൊണ്ടും
സുഖോഷ്ണസുഭഗാ = സുഖോഷ്ണത്തോടുകൂടി വേണ്ടുംവണ്ണമുള്ളതും
സൎവ്വാംഗധാരാ = സൎവ്വാംഗത്തിലും ചെയ്യപ്പെടുന്നതുമായ ധാര
നൃണാം = നരന്മാൎക്ക് (മനുഷ്യൎക്ക്)
ധാതൂനാം ദൃഢതാം = സപ്തധാതുക്കൾക്കും ദൃഢതയെയും
വൃഷതാം = സ്ത്രീസംഭോഗസാമൎത്ഥ്യത്തെയും (ശുക്ലവൃദ്ധിയെയും)
ദേഹാഗ്നിവൎണ്ണൌജസാം = ശരീരം, ജഠരാഗ്നി, നിറം ഇവകൾക്ക്
സ്ഥൈൎയ്യം = സ്ഥിരതയെയും
ഇന്ദ്രിയസ്യ പാടവം = ഇന്ദ്രിയങ്ങൾക്കു വിഷയഗ്രഹണശക്തിയെയും
ജരസഃ മാന്ദ്യം = വാൎദ്ധക്യംകൊണ്ടുണ്ടാകുന്ന ജരയ്ക്കു മാന്ദ്യത്തെയും

ചിരംജീവിതം കരോതി = ദീർഘായുസ്സിനെയും ചെയ്യുന്നു.
അസ്ഥ്നാംഭംഗം = അസ്ഥികൾക്കുള്ള കേട നേയും
സമീരാദികാൻദോഷാൻ = വാതാദിദോഷങ്ങളുടെ കോപം മുതലായവയേയും
നിതരാം അപാകരോതി = നല്ലപോലെ ശമിപ്പിക്കയും ചെയ്യുന്നു.

എണ്ണ മുതലായ സ്നേഹദ്രവ്യങ്ങൾകൊണ്ടും സുഖോഷ്ണമായവിധത്തിൽ വിധിപ്രകാരം മനുഷ്യരുടെ സർവാംഗങ്ങളിലും യഥായോഗ്യം ചെയ്യപ്പെടുന്നതായ ധാര രസാദിനപ്തധാതുക്കൾക്കും ദൃഢതയും സ്ത്രീഗമനസാമർത്ഥ്യവും ശരീരത്തിനുറപ്പും ജഠരാഗ്നിക്കു ശക്തിയും, ശരീരവർണ്ണത്തിനും ഓജസ്സിനും സ്ഥിരതയും, കണ്ണ മുതലായ 'പഞ്ചേന്ദ്രിയങ്ങൾ'ക്കു രൂപാദികളായ അതാതു വിഷയങ്ങളെ ഗ്രഹിപ്പാനുള്ള സാമർത്ഥ്യവും, വാർദ്ധക്യംകൊണ്ടുണ്ടാകുന്ന ജരയ്ക്കു നാശത്തെയും, തന്നിമിത്തം ദീർഘജീവിതത്തെയും പ്രദാനംചെയ്യുന്നു. അസ്ഥികൾക്കുണ്ടാവുന്ന ചതവ്, ഒടിവ് മുതലായ കേടുകളെയും വാതാദിദോഷകോപത്തെയും ശമിപ്പിക്കുന്നതാണ്.

## ധാരപ്പാത്തി ഉണ്ടാക്കുന്നതിനു കൊള്ളാവുന്ന വൃക്ഷങ്ങൾ

പ്ലക്ഷോദുംബരഗന്ധസാരവരണന്യഗ്രോധദേവദ്രുമാഃ
പുന്നാഗാഹ്വകപിത്ഥചോചബകുളാശോകാസനാമ്രാസ്തഥാ
ഡോളാചമ്പകവില്വനിംബഖദിരാമോഘാഗ്നിമന്ഥാർജ്ജുനാ
ഇത്യാദ്യന്യതമേന സേചനവിധൗ ദ്രോണീം പ്രകുര്യാത് ബുധഃ

പ്ലക്ഷോദുംബരഗന്ധസാര-
വരണന്യഗ്രോധദേവദ്രുമാഃ = ഇത്തി, അത്തി, ചന്ദനം, നീർമാതളം, പേരാൽ, ദേവതാരം,
പുന്നാഗാഹ്വകപിത്ഥചോ
ചബകുളാശോകാസനാമ്രാഃ = പുന്ന, വിളാർമരം, ഇലവർങ്ങം (വയന) ഇലഞ്ഞി, അശോകം, വേങ്ങ, മാവ്.
തഥാ ഡോളാചമ്പകവില്വ
നിംബഖദിരാമോഘാഗ്നി-
മന്ഥാർജ്ജുനാഃ = അപ്രകാരം ഡോളിമരം (കോളി), ചമ്പകം, കൂവളം, വേപ്പ്, കരിങ്ങാലി, പാതിരി, മുഞ്ഞ, നീർമരുത്
ഇത്യാദ്യന്യതമേന = ഇവയിലേതെങ്കിലും ഒന്നിൻെറ തടികൊണ്ടു
സേചനവിധൗ = ധാരചെയ്യുന്നതിനും (മറവം)
ബുധഃ ദ്രോണീം പ്രകുര്യാത് = അറിവുള്ള വൈദ്യൻ ധാരപ്പാത്തി ഉണ്ടാക്കണം.

## ധാരപ്പാത്തിയുടെ കണക്ക്.

ദ്രോണീ ഹസ്തചതുഷ്കദീർഘകരമാത്രവ്യാസതൽപാദമാ-
ത്രോദ്യദ്ഭിത്തിയുതാ ദൃഢാ സമതലാ പാദാന്തരന്ധ്രാ ബഹിഃ
ശീർഷസ്ഥാന ഇഹോന്നതൈകകരമാത്രാ താനവിസ്താരകാ
നിമ്നാ കിഞ്ചനമദ്ധ്യതശ്ച ചരണൈർഹസ്തൈശ്ച യുക്താ ദൃഢൈഃ

ദ്രോണീ = ധാരപ്പാത്തി (ധാരത്തോണി)
ഹസ്തചതുഷ്കദീർഘകരമാത്രവ്യാസ-
തൽപാദമാത്രോദ്യദ്ഭിത്തിയുതാ = നാലുകോൽനീളവും ഒരുകോൽവീതിയും കാൽകോൽ ഉയരവുമുള്ളഭിത്തിയും (വക്കം) ഉള്ളതും
ദൃഢാ സമതലാ = ഉറപ്പുള്ളതും അകംനിരപ്പുള്ളതും
ബഹിഃപാദാന്തരന്ധ്രാ = കാലിൻെറ അഗ്രഭാഗത്തിലായി പുറത്തേയ്ക്കു ദ്വാരമുള്ളതും ആയിരിക്കണം.
ഇഹ ശീർഷസ്ഥാനേ = ഇതിൽ തലയുടെ സ്ഥാനത്തിൽ
ഉന്നതൈകകരമാത്രാ = ഉയരമുള്ളതും ഒരിക്കോൽമാത്രം ഉള്ളതും
താനവിസ്താരകാ = നീളവും വീതിയും സമമായുള്ളതും

| | |
|---|---|
| മദ്ധ്യതഃ കിഞ്ചന നിമ്നം ച | = മദ്ധ്യത്തു് അല്പം കുഴിയുള്ളതും |
| ദൃഢൈഃ ചരണൈഃ | = ഉറപ്പുള്ള കാലുകളും |
| ഹസ്തൈഃ ച യുക്താ (കാരയേത്) | = കൈകളും ഉള്ളതായും ഉണ്ടാക്കണം. |

ധാരപ്പാത്തിക്കു നീളം നാലുകോലും വീതി ഒരുകോലും ഉയരം കാൽകോലും (൬ വിരലും) വേണം. മേൽപറഞ്ഞവയിൽ നല്ല ഉറപ്പുള്ള തടികൊണ്ടു പണിയിക്കണം. അകം നിരപ്പുള്ളതും പാത്തിയിൽ കാൽ എത്തുന്നഭാഗത്തിന്റെ അററത്തായി പുറത്തേക്കു വെള്ളവും മററു ദ്രവങ്ങളും ഒഴുകിപ്പോകാൻ തക്കവണ്ണമുള്ള ദ്വാരങ്ങളും വേണം. തലയുടെ സ്ഥാനത്തിൽ ഒരുകോൽ നീളവും വീതിയും അല്പം ഉയരവും മദ്ധ്യത്തിൽ അല്പം താഴ്ച്ചയുംവേണം. നല്ല ബലമുള്ള കരചരണങ്ങൾ ഉണ്ടാക്കുകയും ചെയ്യണം.

എന്നാൽ ഇതിലെ ഹസ്തം കോൽ ആയിട്ടാണു ഗണിച്ചുവരാറുള്ളതു്. ഇപ്പോൾ കാണുന്ന ധാരപ്പാത്തികൾക്കു് ഈ കണക്കിൻപ്രകാരമുള്ള വലിപ്പമില്ല. "ഇതിലെ കരം മുഴമാണെന്നാണു വിചാരിക്കേണ്ടതു്. അതിൻപ്രകാരമായാൽ ൪ മുഴം നീളം, ൧ മുഴം വീതി കാൽമുഴം ഉയരം. തലയ്ക്കു ഇതിനുപുറമെ ഒരുമുഴം വീതിയും നീളവും മററും കണക്കാക്കുകയാണു വേണ്ടതു്" എന്നും ചിലർ അഭിപ്രായപ്പെടുന്നു. സൗകര്യവും ക്രിയാപ്രയോജനവും പരിഗണിച്ചു് ഇതിനു മാനാദിവിധാനത്തിൽ ഔചിത്യേന വ്യത്യാസം വരുത്തുന്നതിലും ദോഷമില്ലെന്നാണു വിദഗ്ദ്ധാഭിപ്രായം.

## ധാരാകാലവും മററും.

**ഏവം മാരുതഹാരിഭിശ്ച തരുഭിർദ്രോണീം വിധായാഽദരാ-**
**ദ്ദേവഞ്ചേഭമുഖം ദ്വിജാനപി ഭിഷഗ്വൃദ്ധാൻ പ്രപൂജ്യാതിഥീൻ**
**പൂർവ്വാഹ്ണേ ദിവസേ ശുഭാദിമഹിതേ ലഗ്നേ ശയാനസ്യ തദ്-**
**ദ്രോണ്യാം സേചനമാചരേത് പടുമതിർദ്രവ്യൈര്യഥോക്തൈർഭി-**
**ഷക്.**

| | |
|---|---|
| ഏവം മാരുതഹാരിഭിഃതരുഭിഃ ച | = ഇപ്രകാരം വാതഹരങ്ങളായ മററു മരങ്ങൾ കൊണ്ടോ (മുൻപറഞ്ഞ മരങ്ങൾകൊണ്ടോ) |
| ദ്രോണീം വിധായ | = ധാരപ്പാത്തി ഉണ്ടാക്കിയശേഷം |
| ഇഭമുഖം ദേവം ച | = ഗണപതിയേയും |
| ദ്വിജാൻ | = മഹാബ്രാഹ്മണരേയും |
| ഭിഷഗ്വൃദ്ധാൻ | = വൃദ്ധവൈദ്യന്മാരേയും |
| അതിഥീൻ അപി ആദരാത് | = മററു അതിഥികളേയും ആദരവോടുകൂടി |
| പ്രപൂജ്യ | = നല്ലവണ്ണം പൂജിച്ചിട്ടു് |
| ദിവസേ - പൂർവ്വാഹ്ണേ | = ശുഭദിനത്തിൽ— പൂർവ്വാഹ്നത്തിങ്കൽ |
| ശുഭാദിമഹിതേ ലഗ്നേ | = ശുഭഗ്രഹോദയംകൊണ്ടും മററും ശ്രേഷ്ഠമായരാശിയിൽ |
| തദ്ദ്രോണ്യാം | = ആ ധാരപ്പാത്തിയിൽ |
| ശയാനസ്യ | = കിടക്കുന്നവനായ രോഗിക്കു |
| പടുമതിഃ ഭിഷക് | = ബുദ്ധിമാനായ വൈദ്യൻ |
| യഥോക്തൈഃ ദ്രവ്യൈഃ | = അതാതിനു വേണ്ടതായ സ്നേഹദ്രവ്യങ്ങൾകൊണ്ടു |
| സേചനം ആചരേത് | = ധാരകഴിക്കണം. |

മേൽപറഞ്ഞ (൩-ാം ശ്ലോകത്തിൽ) തടികൾക്കുപുറമെ വാതഘ്നങ്ങളായ ചെന്നൽ, കാഞ്ഞിരം മുതലായ തടികൾകൊണ്ടോ പാത്തി ഉണ്ടാക്കിക്കൊൾക. അനന്തരം ഗണപതിപൂജയും നടത്തി (ഗണപതിഹോമം മുതലായ ആപൽപരിഹാരകർമ്മങ്ങൾ ചെയ്യിക്കണം.) ഉത്തമബ്രാഹ്മണരെ ദാനം മുതലായവകൊണ്ടും വൃദ്ധവൈദ്യന്മാരേയും മററു അതിഥികളേയും യഥായോഗ്യം അന്നവസ്ത്രാദിദാനങ്ങളാലും പൂജിച്ചശേഷം ധാരകഴിക്കണം. പകൽ സമയമേ ധാര ആകാവൂ. സമയം

പൂർവ്വാഹ്നമാണ് ഉത്തമം. ആയതു് ൩ നാഴിക പുലർന്നശേഷം ൧൨ നാഴിക പുലരുന്നതുവരെയുള്ള സമയമാകുന്നു. മുഹൂർത്തവിധിപ്രകാരം ശരിയായ ചികിത്സാമുഹൂർത്തവും നിർദ്ദോഷവും ശുഭഗ്രഹോദയാദികൾകൊണ്ടു വിശിഷ്ടവും ഫലദായകവുമായ രാശിയും കൂടിയ മുഹൂർത്തത്തിൽ രോഗിയെ ധാരപ്പാത്തിയിൽ കിടത്തി യോഗ്യമായ സ്നേഹദ്രവ്യം നിശ്ചയിച്ചു പാകപ്പെടുത്തിയതുകൊണ്ടോ മററു രോഗാനുഗുണമായ ദ്രവ്യങ്ങൾകൊണ്ടോ ധാരചെയ്യണം.

## ധാരയ്ക്കു ഉപയോഗിക്കേണ്ട പാത്രങ്ങൾ.

സ്വർണ്ണാദ്യുത്തമലോഹതസ്തു കരകോ മൃത്സംഭവോ വാത്ര ത-
ന്നാളാഗ്രന്തു കനിഷ്ഠികാംഗുലിപരീണാഹോന്മിതം രോഗിണഃ
ദ്വിപ്രസ്ഥപ്രമിതോ വിധായ ഇതി വാ മദ്ധ്യസ്ഥരന്ധ്രാദധോ
ഗല്ലദ്വർത്തിരഥോർദ്ധ്വലംബ്യപി ഘടഃ കാര്യഃ ശിരസ്സേചനേ. ൬

അത്ര സ്വർണ്ണാദ്യുത്തമലോഹതഃ തു = ധാരയ്ക്കു സ്വർണ്ണം വെള്ളി മുതലായ ഉത്തമലോഹങ്ങൾകൊണ്ടോ
മൃൽസംഭവഃ കരകഃ വാ = മണ്ണുകൊണ്ടോ ഉള്ള കിണ്ടിയോ വേണം,
തന്നാളാഗ്രം തു = അതിൻെറ തലയ്ക്കുള്ള ദ്വാരം
രോഗിണഃ = രോഗിയുടെ
കനിഷ്ഠികാംഗുലിപരീണാഹോന്മിതം = ചെറുവിരൽ കൊള്ളത്തക്കവണ്ണം വിസ്താരമുള്ളതായിരിക്കേണ്ടതാണ്
ഇതി വാ = ഇപ്രകാരമോ, അല്ലാത്തപക്ഷം
ദ്വിപ്രസ്ഥപ്രമിതഃ = രണ്ടിടങ്ങഴികൊള്ളുന്നതും
മദ്ധ്യസ്ഥരന്ധ്രാത് അധഃ = അതിൻെറ മദ്ധ്യത്തിലുള്ള ദ്വാരത്തിൽനിന്നു താഴോട്ടു്
ഗല്ലദ്വർത്തിഃ = തിരിയുണ്ടാക്കിത്തിരുകിയതും
അഥ ഊർദ്ധ്വലംബീ അപി ഘടഃ വിധായ = അനന്തരം മുകളിൽ കെട്ടിത്തൂക്കിയതുമായ പാത്രം ഇതിനുപയോഗിക്ക
ഏവം ശിരസ്സേചനേ കാര്യഃ = ശിരസ്സിൽ ധാര ചെയ്യുന്നതിന് ഇങ്ങനെ ചെയ്യേണ്ടതാകുന്നു.

ശിരസ്സേകത്തിനും സർവ്വാംഗധാരയ്ക്കും മററും ധാരപ്പാത്രം സ്വർണ്ണം വെള്ളി മുതലായവ കൊണ്ടുണ്ടാക്കുന്നതുത്തമം. മണ്ണുകൊണ്ടുണ്ടാക്കുന്ന കിണ്ടിയായാലും മതി. അതിൻെറ വാലിൻെറ അഗ്രം രോഗിയുടെ ചെറുവിരൽ കൊള്ളത്തക്കവണ്ണംമാത്രം വലിപ്പമുള്ളതായിരിക്കണം. അല്ലെങ്കിൽ തലയിൽ ധാരയ്ക്കു രണ്ടിടങ്ങഴി കൊള്ളുന്നതായ ഒരു കുടത്തിൻെറ (ചട്ടിയും ഈവിധം ഉപയോഗിക്കാറുണ്ട്.) മൂട്ടുതുളച്ചു് ആ തുളയിൽനിന്നും കീഴ്പോട്ടു് ഒരു തിരിയിട്ടു് ആ കുടം രോഗിയുടെ ശിരസ്സിന്നു് നേരെ മുകളിലാക്കി കെട്ടിത്തൂക്കണം.

## പരിചാരകന്മാരും ധാരയുടെ ക്രമവും മററും

ഗ്രാഹ്യാസ്തേ പരിചാരകാഃ സ്യുരനുരക്താസ്സാവധാനാഃ ശുഭാ
യേ തദ്ധസ്തദൃഢാവലംബനവശാത്തത്പാത്രപാകാദിതഃ
ഭീതിജ്ജാതുചിദാതുരസ്യ തു യഥാ ന സ്യാത്തഥാ കാരയേ-
ദ്ധാരാം മൂർദ്ധ്നി ഹസ്തയോരപി പൃഥഗ്വക്ഷഃസ്ഥലേ പാദയോഃ ൭

യേ പരിചാരകാഃ = ധാരയ്ക്കുകൂടുന്ന പരിചാരകന്മാർ
അനുരക്താഃ = രോഗിയോടു സ്നേഹമുള്ളവരും

സാവധാനാഃ = വേണ്ടുംവണ്ണം മനസ്സിരുത്തി പ്രവർത്തിക്കുന്നവരും
ശുഭാഃ തേ (ഇഷ്ടാഃ) = സത്സ്വഭാവമുള്ളവരുമായിരിക്കണം
തദ്ധസ്തദൃഢാവലംബനവശാത് = അവർ കൈകൊണ്ടു ബലമായി പിടിച്ചിട്ടുള്ളതിനാൽ
തൽപാത്രപാതാദിതഃ = ധാരപ്പാത്രം രോഗിയുടെ ദേഹത്തു വീണേക്കുമോ എന്നും മററുമുള്ള
ഭീതിഃ ആതുരസ്യ തു = ഭയം, രോഗിക്കു
ജാതുചിത് യഥാ ന സ്യാത് = ഒരിക്കലും എപ്രകാരമായാൽ ഉണ്ടാകയില്ലയോ
തഥാ കാരയേത് = അപ്രകാരം ധാരചെയ്യിക്കണം.
മൂർദ്ധ്നി ഹസ്തയോഃ അപി = ആദ്യം തലയിലും കൈകളിലും
വക്ഷഃസ്ഥലേ പാദയോഃ = നെഞ്ചിലും കാലുകളിലും
പൃഥക് ധാരാം കാരയേത് = വെവ്വേറെ ധാരചെയ്യണം.

പരിചാരകന്മാർ രോഗിയിൽ പ്രതിപത്തിയുള്ളവരായിരിക്കണം. അല്ലെങ്കിൽ രോഗിയുടെ മനോവികാരാദികൾ രോഗവർദ്ധനങ്ങളായിത്തീരാം. പാത്രം ദേഹത്തിൽ വീണുപോകുമെന്നോ തട്ടുമെന്നോ മററോ രോഗികൾക്കു ഭയമുണ്ടാകാത്തവിധം സൂക്ഷ്മത്തോടെ പിടിക്കേണ്ടതാണ്. സർവ്വാംഗധാരയിൽ ശിരസ്സിലും കൈകളിലും നെഞ്ഞിലും കാലുകളിലും വെവ്വേറെ ധാരചെയ്യണം. ഓരോസ്ഥാനത്തിലേയ്ക്കും പ്രത്യേകം ആൾ വേണ്ടതാണെന്നു പൃഥക്ശബ്ദംകൊണ്ടു വിവക്ഷിക്കുന്നു.

**യദ്വാ ഹസ്തതലപ്രപൂർണ്ണപിചുനാ സേകം ക്വചിത് കാരയേ-**
**ദ്യോജ്യം സ്നേഹചതുഷ്ടയം ച തിലജം വാ തത്ര ശുദ്ധേऽനിലേ**
**പിത്തേऽസ്രേ ച ഘൃതം കഫേ തു തിലജം വാതേऽസ്രപിത്താന്വിതേ**
**തൈലാജ്യന്തു സമം കഫേന സഹിതേ തൈലാർദ്ധഭാഗം ഘൃതം**

യദ്വാ ഹസ്തതലപ്രപൂർണ്ണപിചുനാ = അല്ലെങ്കിൽ കൈനിറയെ എടുത്ത തുണിയിൽ മുക്കീട്ടും
ക്വചിത് സേകം കാരയേത് = ദേഹം മുഴുവനുമോ ചില അംഗങ്ങളിൽമാത്രമോ ധാരചെയ്ക
തത്ര ശുദ്ധേ അനിലേ = അവയിൽ കേവലമായ വാതരോഗത്തിൽ
സ്നേഹചതുഷ്ടയം ച = നാലു സ്നേഹദ്രവ്യങ്ങൾ ചേർത്തോ
തിലജം വാ = എണ്ണകൊണ്ടോ ധാരചെയ്യുക.
പിത്തേ അസ്രേ ച ഘൃതം = പിത്തവികാരത്തിലും രക്തജരോഗത്തിലും രക്തപിത്തത്തിലും നെയ്യും
കഫേ തു തിലജം = കഫരോഗത്തിങ്കൽ എണ്ണയുംകൊണ്ടും
അസ്രപിത്താന്വിതേ വാതേ = രക്തപിത്തങ്ങളോടുകൂടിയ വാതരോഗത്തിൽ
സമം തൈലാജ്യം തു = സമമായിട്ടു എണ്ണയും നെയ്യും ചേർത്തും
കഫേന സഹിതേ (വാതേ) = കഫത്തോടുകൂടിയ വാതരോഗത്തിൽ
തൈലാർദ്ധഭാഗംഘൃതം (യോജ്യം) = എണ്ണയുടെ പകുതിയളവു നെയ്യുംകൂട്ടിയും ധാരചെയ്യണം.

കൈനിറയെ തുണിയെടുത്തു സ്നേഹത്തിൽ മുക്കി സർവ്വാംഗമോ ഏതെങ്കിലും ദേഹദേശത്തിലോ ധാരചെയ്യാം. കേവലവാതമാണെങ്കിൽ എണ്ണ നെയ്യ് വസ മജ്ജാവ് (ഇതിൽ എള്ളെണ്ണ പശുവിൻനെയ്യ് പന്നിനെയ്യ് മാനിന്റെമജ്ജാവ് ഇവയും യഥായോഗ്യം ഗ്രാഹ്യമാകുന്നു, ഇവ നാലുംകൂട്ടിയോ എണ്ണകൊണ്ടുമാത്രമോ ധാരചെയ്യണം. പിത്തജങ്ങളും രക്തജങ്ങളും ആയ രോഗങ്ങളിലും രക്തപിത്തത്തിലും നെയ്യുകൊണ്ടും കഫരോഗത്തിൽ എണ്ണകൊണ്ടും രക്തപിത്തസംസർഗ്ഗമുള്ള വാതരോഗത്തിൽ എണ്ണയും നെയ്യും തുല്യമായിച്ചേർത്തും കഫസംബന്ധത്തോടുകൂടിയ വാതരോഗമായാൽ എണ്ണയിൽ പകുതിയളവുമാത്രം നെയ്യും ചേർത്തും ധാരചെയ്യുക.

കഫത്തിന്റെ സഹായത്തോടുകൂടി വാതം പ്രധാനമായി കോപിച്ചിരിക്കുമ്പോൾ പിഴിച്ചിലിന്നു വിരോധമില്ലെങ്കിലും, അങ്ങിനെയുള്ള വാതകോപത്തിൽ തൈലാർദ്ധ ഭാഗം ഘൃതം എന്നു പറഞ്ഞിട്ടുള്ളതു് ശരിയല്ല. ഗുണങ്ങൾകൊണ്ടു കഫത്തിന്നു തുല്യതയുള്ള ഘൃതം കഫത്തെ വർദ്ധിപ്പിക്കും. തൈലം കഫകൃത്തല്ലാത്തതിനാൽ കഫസംസൃഷ്ടത്തിൽ വാതശമനത്തിന്നു തൈലം ആകാമെങ്കിലും അവിടെ ഘൃതോപയോഗംകൂടി വിധിച്ചതു് യുക്തിയുക്തമല്ല. വിശിഷ്യ "കഫേ തു തിലജം" എന്നു കഫകോപത്തിൽ പിഴിച്ചിൽ വിധിച്ചതും യുക്തമല്ല. "കഫാർത്തേ രൂക്ഷണം രൂക്ഷഃ" എന്നും "രൂക്ഷം വിമർദ്ദനം" എന്നും "തേ നൈവ ഗുണാന്രൂക്ഷാദയഃ ശമം" എന്നും പലയിടത്തും സ്നിഗ്ദ്ധഗുണമായ കഫത്തിന്നു രൂക്ഷോപചാരപ്രാധാന്യം കല്പിച്ചുകാണുന്നതിനാലും "വർജ്ജ്യാഽഭ്യംഗഃ കഫഗ്രസ്തകൃതസംശുദ്ധ്യജീർണ്ണിഭിഃ" എന്നു കഫവൃദ്ധിയിൽ സ്നേഹനിഷേധംതന്നെ വിഹിതമായതിനാലും അപ്രായോഗികമാകുന്നു.

## മൂർദ്ധതൈലാദിഗുണങ്ങൾ

**അഭ്യംഗഃ പരിഷേചനം പിചുശിരോവസ്തിശ്ച വിദ്യാച്ചതു-**
**ർഭേദം മൂർദ്ധ്നി തൈലമപ്യതിഗുണം ചൈതത് ക്രമേണോത്തരം**
**അഭ്യംഗോ വിനിഹന്തി രൌക്ഷ്യമപി കണ്ഡൂം ദാഹശോഫവ്രണ-**
**ക്ലേദാദീൻ പരിഷേചനം പിചുകചസ്ഫോടാദി ചാന്ത്യോഽനിലം.**

| | |
|---|---|
| മൂർദ്ധ്നിതൈലം | = മൂർദ്ധതൈലം(തലയിൽ തൈലം ഉപയോഗിക്കുന്നതു്) |
| അഭ്യംഗഃ പരിഷേചനം | = അഭ്യംഗം (തേച്ചുകുളി) പരിഷേചനം (ധാര) |
| പിചുഃ ശിരോവസ്തിശ്ച | = പിചു ശിരോവസ്തി ഇങ്ങനെ |
| ചതുർഭേദം വിദ്യാത് | = നാലുപ്രകാരത്തിലാകുന്നു എന്നറിയണം. |
| ഏതൽക്രമേണ ഉത്തരം | = ഇവയിൽ പിമ്പുപിമ്പുപറഞ്ഞവ ശ്രേഷ്ഠവും |
| അതിഗുണം ച | = ഗുണമേറിയവയുമാകുന്നു. |
| അഭ്യംഗരൌക്ഷ്യംകണ്ഡൂം അപി | = ഇവയിൽ അഭ്യംഗം രൂക്ഷതയേയും ചൊറിയേയും |
| പരിഷേചനം | = ധാര |
| ദാഹശോഫവ്രണക്ലേദാദീൻ | = ചുട്ടുനീററൽ ശോഫം വ്രണം നലവുമുതലായവയേയും |
| പിചുകചസ്ഫോടാദി ച | = പിചു മുടികൊഴിയുക മുതലായതിനേയും |

അന്ത്യഃഅനിലം ച വിനിഹന്തി=ശിരോവസ്തി വാതത്തേയും ശമിപ്പിക്കുന്നു.

തലയിൽ എണ്ണ ഉപയോഗിക്കുന്നതു നാലുവിധത്തിലാകാം. ൧. തേച്ചുകുളിക്കുക. ൨. സ്നേഹധാര (തലയിൽ എണ്ണ നിറുത്തുക) ഇതു് അഭ്യംഗത്തെക്കാളും ഗുണമേറിയതാണു്. ൩. പിചു=തലയിൽ എണ്ണയിൽമുക്കിയ തുണി ഇടുക, ഇതു് രണ്ടാമത്തേതിനെക്കാൾ ഗുണമേറിയതാണു. ൪. ശിരോവസ്തി ഇങ്ങനെയാകുന്നു അഭ്യംഗം രൂക്ഷതയേയും ചൊറിച്ചിലിനേയും ശമിപ്പിക്കും. പരിഷേകം (ധാര) ചുട്ടുനീററൽ ശോഫം വ്രണം നലവു് ഇവയെ ശമിപ്പിക്കും. പിചു മുടിമുറിയുക മുതലായവ ശമിപ്പിക്കും. ഇവയ്ക്കുപുറമേ ശിരോവസ്തി വാതശമനവുംകൂടിയാകുന്നു.

## ശിരോവസ്തിവിധി

**വിധിസ്തസ്യ നിഷണ്ണസ്യ പീഠേ ജാനുസമേ മൃദൌ**
**ശുദ്ധാക്തസ്വിന്നദേഹസ്യ ദിനാന്തേ ഗവ്യമാഹിഷം**
**ദ്വാദശാംഗുലവിസ്തീർണ്ണം ചർമ്മപട്ടം ശിരസ്സമം**
**ആകർണ്ണബന്ധനസ്ഥാനം ലലാടേ വസ്ത്രവേഷ്ടിതേ**
**ചൈലവേണികയാ ബദ്ധ്വാ മാഷകൽക്കേന ലേപയേത്**

**തതോ യഥാവ്യാധിശൃതം സ്നേഹം കോഷ്ണം നിഷേചയേത്**
**ഊർദ്ധ്വം കേശഭുവോ യാവദ്ദ്വ്യംഗുലം ധാരയേച്ച തം**
**ആവക്ത്രനാസികാക്ലേദാദ് ദശാഷ്ടൗ ഷട് ചലാദിഷു**
**മാത്രാ സഹസ്രാണ്യരുജേ ത്വേകം സ്കന്ധാദി മർദ്ദയേത്**
**മുക്തസ്നേഹസ്യ പരമം സപ്താഹം തസ്യ സേവനം**

(അഷ്ടാംഗഹൃദയം)

ശിരോവസ്തി ചെയ്യേണ്ട രോഗി മുട്ടോളം ഉയരമുള്ള പീഠത്തിലിരിക്കുക. അതിനുമുമ്പ് യഥായോഗ്യം വമനവിരേചനശുദ്ധികൾ ദേഹത്തിനു വരുത്തി ദേഹത്തു തൈലം തേച്ചു വിയർപ്പിക്കണം. ശിരോവസ്തിക്കുള്ള സമയം ഉച്ചയ്ക്കുമേലാകുന്നു. ൧൨-അംഗുലം വീതിയുള്ളതും ചുററിയാൽ ശിരസ്സിന് ഒരു ചുററുള്ളതുമായ മാട്ടിൻതോലോ കന്നിൻതോലോ ചെവിമുകളിൽ ചേർന്നുനില്ക്കത്തക്കവണ്ണം ചുററി, വസ്ത്രം ചുററി, മെഴുകുശീലകൊണ്ടോ മററോ ചുററി ഉഴുന്നരച്ച് അതുകൊണ്ടു സ്നേഹം പൊട്ടാതിരിക്കുംവിധം പുറമേ പുരട്ടി വിടവടച്ചു രോഗത്തിനു അനുസരണമായവിധം നിശ്ചയിച്ചിട്ടുള്ള തൈലം കാച്ചിയരിച്ചു വീണ്ടും ചൂടാക്കിയതു് ചെറുചൂടോടുകൂടി ശിരസ്സിൽ ഒഴിക്കുക. തലമുടിയിൽനിന്നും രണ്ടുവിരൽ ഉയർന്നുനില്ക്കുംവിധം സ്നേഹത്തിന്റെ അളവ് ക്രമപ്പെടുത്തിക്കൊള്ളുന്നു. ഇതിന്റെ സമ്യഗ്യോഗമാത്ര വായിൽനിന്നും മൂക്കിൽനിന്നും ജലസ്രാവം ഉണ്ടാകുന്നതുവരെയാകുന്നു. കൂടാതെ വാതരോഗത്തിങ്കൽ പതിനായിരം മാത്രയും പിത്തരോഗങ്ങളിൽ എണ്ണായിരം മാത്രയും കഫരോഗങ്ങളിൽ ആറായിരം മാത്രയും ധരിക്കുന്നതും മതിയാകുന്നതാണ്. രോഗമില്ലാത്ത ആളിനായാൽ ആയിരംമാത്ര സമയവും മതി. അനന്തരം സ്നേഹത്തെ തലയിൽനിന്നും മാററി തോൽപട്ട എടുത്തശേഷം ചുമൽ മുതലായ അംഗങ്ങൾ ആ സ്നേഹം തേച്ചുതന്നെ യഥായോഗ്യം തിരുമ്മുക. ശിരോവസ്തി വയ്ക്കുന്നതു പരമാവധി ഏഴുദിവസംവരെ ആകാവുന്നതാണ്. ഇതുകൊണ്ടു പ്രസുപ്തി, അർദ്ദിതമെന്ന വാതവ്യാധി, നാസാശോഷം, വാസ്റ്റാംച്ച, തിമിരരോഗം, ഭയങ്കരങ്ങളായ ശിരോരോഗങ്ങൾ ഇവയും ശമിക്കുന്നതാണ്.

## തക്രധാരാവിധി

**ധാരായാമേകവർഷാതപഹിമപരിശോഷാതിശുദ്ധപ്രകീർണ്ണം**
**ധാത്രീപ്രസ്ഥം സപാദം ഭിഷഗഥ പടുധീഃ സന്ത്യജേദ്ബീജമസ്യാഃ**
**ഉൽക്വാഥ്യാ/ഷ്ടാദശാഖ്യാമിതകുഡുബജലേ ഷഷ്ഠഭാഗാവശിഷ്ടം**
**തത്തുല്യഞ്ചാമ്ലതക്രം വിധിരിതി മുനിഭിഃ പ്രോക്തമാഗ്നേയമുഖ്യൈഃ**

| | |
|---|---|
| ധാരായാം | = തക്രധാരചെയ്യുന്നതിന് |
| ഏകവർഷാതപഹിമപരിശോഷാതിശുദ്ധപ്രകീർണ്ണം | = ഒരുവർഷം കഴിഞ്ഞതും വെയിലും മഞ്ഞും ഏററതും കേടില്ലാത്തതുമായ |
| സപാദം ധാത്രീപ്രസ്ഥം | = ഒന്നേകാൽ ഇടങ്ങഴി നെല്ലിക്ക എടുത്തു് |
| അഥ പടുധീഃ ഭിഷക് | = അനന്തരം ബുദ്ധിമാനായ വൈദ്യൻ |
| അസ്യാഃ ബീജം സന്ത്യജേത് | = നെല്ലിക്കായുടെ കുരുകളയണം |
| തത് അഷ്ടാദശാഖ്യാമിതകുഡുബജലേ ഉൽക്വാഥ്യ | = അതിനെ പതിനെട്ടുനാഴി വെള്ളത്തിൽ കഷായംവച്ചു് |
| ഷഷ്ഠഭാഗാവശിഷ്ടം | = ആറിലൊന്നാക്കി മൂന്നാഴി ശേഷിപ്പിച്ചു |
| തുല്യാമ്ലതക്രം ച | = അതിനു സമം പുളിച്ച മോരുംകൂട്ടി |
| വിധി ഇതി | = തക്രധാരാവിധിയാകുന്നു എന്ന് |
| ആഗ്നേയമുഖ്യൈഃ മുനിഭിഃ പ്രോക്തം | = അഗ്നിവേശാദികളായ മഹർഷിമാരാൽ പറയപ്പെട്ടിരിക്കുന്നു. |

ഒരാണ്ടു പഴക്കമുള്ളതും വെയിലിൽ ഉണക്കി മഞ്ഞത്തിട്ടിരുന്നതും കേടില്ലാത്തതുമായ ഒന്നേകാൽ ഇടങ്ങഴി നെല്ലിക്കാ കുരുകളഞ്ഞു ൧൬ നാഴി വെള്ളത്തിൽ കഷായംവെച്ചു മുന്നാഴിയാക്കി പിഴിഞ്ഞരിച്ചു സമം പുളിച്ചമോരും (ധാന്യാമ്ലവും മോരുംകൂട്ടി എന്നഭിപ്രായം) കൂട്ടി ധാരചെയ്യുക. രോഗാനുസാരമായ മററു കഷായങ്ങളും കൂട്ടിയും ധാരചെയ്യുമാറുണ്ടു്.

## തക്രധാരയ്ക്കുള്ള പാത്രങ്ങൾ.

**ധാരായാഃ സ്ഫടികം സുവർണ്ണരജതപ്ലക്ഷാദിപൂർവ്വോക്തവൃ-**
**ക്ഷായസ്താമ്രവരാടികാപ്രഥിതമൃത്പാത്രാസ്ത്വതീവോത്തമാഃ**
**കേചിദ്രോഗികനിഷ്ഠികാന്തവിവരം ശംസന്തി കേചിത്തു വാ**
**തൽപർവ്വാപമവിസ്തൃതന്തു സുഷിരം പാത്രസ്യ മദ്ധ്യേ കൃതം**

ധാരായാഃ സ്ഫടികം = ധാരയ്ക്കു സ്ഫടികപ്പാത്രവും
സുവർണ്ണരജതപ്ലക്ഷാദിപൂർവ്വോക്തവൃക്ഷായസ്താമ്രവരാടികാപ്രഥിതമൃത്പാത്രാഃ = സ്വർണ്ണം വെള്ളി, ഇത്തി മുതലായി മുമ്പു പറഞ്ഞ വൃക്ഷങ്ങൾ, ഇരുമ്പു് ചെമ്പു് കവടി മണ്ണു് ഇവകൊണ്ടുള്ള പാത്രങ്ങൾ
അതീവ ഉത്തമാഃ = ഏററവും ഉത്തമങ്ങളാകുന്നു.
പാത്രസ്യ മദ്ധ്യേ കൃതം = പാത്രത്തിന്റെ മദ്ധ്യത്തിൽ ഉണ്ടാക്കുന്ന
വിവരം തു = ദ്വാരമാകട്ടെ
രോഗികനിഷ്ഠികാന്തവിവരം കേചിത് ശംസന്തി = രോഗിയുടെ ചെറുവിരലിന്റെ അഗ്രത്തിനൊത്ത ദ്വാരം വേണമെന്നു ചിലർ അഭിപ്രായപ്പെടുന്നു.
കേചിത്തു തത് പർവ്വാപമവിസ്തൃതം തു ശംസന്തി = ചിലരാകട്ടെ രോഗിയുടെ ചെറുവിരൽ മുട്ടോളം വിസ്താരംവേണമെന്നും അഭിപ്രായപ്പെടുന്നു.

ധാരയ്ക്കു സ്ഫടികം സ്വർണ്ണം വെള്ളി ഇവകൊണ്ടുണ്ടാക്കിയ പാത്രമോ, മൂന്നാം ശ്ലോകത്തിൽ ധാരപാത്രത്തിനായി പറഞ്ഞ വൃക്ഷങ്ങൾകൊണ്ടുണ്ടാക്കിയ പാത്രമോ, ഇരുമ്പു് ചെമ്പ്, ഇവകൊണ്ടുള്ള പാത്രങ്ങളോ കവടിപ്പാത്രങ്ങളോ (പിഞ്ഞാൺ മുതലായവയും ഇതിൽ പെടും) മൺപാത്രമോ കൊള്ളാം. പാത്രത്തിന്റെ ചുവട്ടിൽ ഇടുന്ന ദ്വാരത്തിനു രോഗിയുടെ ചെറുവിരലിന്റെ അഗ്രത്തിനൊത്ത വലിപ്പം വേണമെന്നും, ചെറുവിരലിന്റെ താഴത്തെ മുട്ടോളം വിസ്താരം വേണമെന്നു മററു ചില ആചാര്യന്മാരും അഭിപ്രായപ്പെടുന്നു.

## ധാരയ്ക്കുശേഷമുള്ള ചര്യകൾ (പത്ഥ്യങ്ങൾ)

**ധാരായാശ്ചാവസാനേ നിജഗദശമനപ്രോക്തസർപ്പിശ്ച സേവ്യം**
**തൽക്കാലേ ചാവസംസ്ഥഃകഥമപി വസതു പ്രീതിമാനേഷരോഗീ**
**കായക്ലേശാനശേഷാന്മനസിസുഖഹരാൻ വക്ത്രജിഹ്വാസുഖാദി-**
**സ്ത്യക്ത്വാ പാടീരശുഭ്രാംബരവിധൃതവപുർബ്രഹ്മവിജ്ഞാനിതുല്യം**

ധാരായാഃ ച അവസാനേ = ധാരയുടേയും അവസാനത്തിൽ
നിജഗദശമനപ്രോക്തസർപ്പിഃ ച സേവ്യം = തന്റെ രോഗം ശമിപ്പിക്കാൻ പറഞ്ഞതായ നെയ്യു് സേവിക്കണം.
തൽക്കാലേ = ധാരയും മററും നടന്നുകൊണ്ടിരിക്കെ
അശേഷാൻ കായക്ലേശാൻ = എല്ലാം ശരീരായാസപ്രവൃത്തികളെയും
മനസി സുഖഹരാൻ = മനസ്സിനു ക്ലേശകരമായിട്ടുള്ളവയേയും

| | | |
|---|---|---|
| വക്ത്രജിഹ്വാ സുഖാദീൻ | = | വായ്ക്കും നാക്കിനും സുഖംതോന്നിക്കുന്ന ഭക്ഷണാദിദ്രവ്യങ്ങളേയും |
| ത്യക്ത്വാ അവസംസ്ഥഃ | = | ത്യജിച്ച മനഃസമാധാനത്തോടുകൂടി |
| കഥമപി പ്രീതിമാൻ | = | ഏതുപ്രകാരവും സന്തോഷത്തോടുകൂടിയവനായി |
| പാടീരശുദ്ധാംബര വിധൃതവപുഃ | = | ചന്ദനം ശുദ്ധവസ്ത്രം ഇവ ധരിച്ചും |
| ബ്രഹ്മവിജ്ഞാനി തുല്യഃ | = | ബ്രഹ്മവിജ്ഞാനിക്കു തുല്യനായി |
| ഏഷ രോഗീ വസതു | = | ഈ രോഗി വസിക്കണം. |

ധാരയുടെ അവസാനത്തിൽ (ച ശബ്ദത്താൽ മററു സ്നേഹപ്രയോഗങ്ങളുടെയും ഞവരക്കിഴിയുടെയും ഒടുവിലും ഇപ്രകാരം വേണ്ടതാണെന്നു സൂചിപ്പിക്കുന്നു.) തന്റെ രോഗം ശമിക്കത്തക്കവണ്ണമുള്ള നെയ്യ് കാച്ചി സേവിക്കണം. ധാര നടത്തിക്കൊണ്ടിരിക്കുമ്പോൾ രോഗി ശരീരത്തിനും മനസ്സിനും ക്ലേശകരങ്ങളായവ വർജ്ജിക്കണം. അപഥ്യങ്ങളും രുചികരങ്ങളുമായവ ഭക്ഷിക്കരുത്. ഏതുപ്രകാരമായാലും മനഃസമാധാനമായും സന്തോഷമായും തൃപ്തിയോടുകൂടി സ്ത്രീസംഗാദിവിചാരങ്ങൾ അശേഷം സ്പർശിക്കാതെയും, ഈശ്വരസ്മരണയോടുകൂടിയും ചന്ദനവും ശുദ്ധവസ്ത്രവും ധരിച്ചും രോഗി സമയംകഴിച്ചുകൂട്ടേണ്ടതാകുന്നു.

## തക്രധാരാഗുണങ്ങൾ

കേശാദീനാഞ്ച ശൗക്ല്യം ക്ലമമപി തനുതാം ദോഷകോപം ശിരോരുഗ്-
ബാധാമോജഃക്ഷയം തത് കരചരണപരിസ്തോദനം മൂത്രദോഷം
സന്ധീനാം വിശ്ലഥത്വം ഹൃദയരുഗരുചീ ജാഠരാഗ്നേശ്ച മാന്ദ്യം
ധാത്രീതക്രോത്ഥധാരാ ഹരതി ശിരസി വാ കർണ്ണനേത്രാമയൗഘം.

| | | |
|---|---|---|
| ധാത്രീതക്രോത്ഥധാരാ | = | നെല്ലിക്കാക്കഷായവും മോരുംകൂട്ടി ചെയ്യുന്ന ധാര |
| കേശാദീനാം ശൗക്ല്യം ച | = | തലമുടി നരയ്ക്കുന്നതും |
| ക്ലമമപി | = | ഇന്ദ്രിയങ്ങളുടെ ക്ഷീണതയും |
| തനുതാം | = | മെലിച്ചിലും |
| ദോഷകോപം | = | ത്രിദോഷങ്ങളുടെ കോപവും |
| ശിരോരുഗ്ബാധാം | = | തലവേദനയുടെ ഉപദ്രവവും |
| തത് ഓജഃക്ഷയം | = | ഓജസ്സിന്റെ ക്ഷയവും |
| കരചരണപരിസ്തോദനം | = | കൈയും കാലും കുത്തിനോവുന്നതും |
| മൂത്രദോഷം | = | മൂത്രദോഷവും |
| സന്ധീനാം വിശ്ലഥത്വം | = | സന്ധികളുടെ അയവും |
| ഹൃദയരുഗരുചീ | = | ഹൃദ്രോഗവും അരുചിയും |
| ജാഠരാഗ്നേഃമാന്ദ്യം ച | = | ജഠരാഗ്നിയുടെ മന്ദതയും |
| ഹരതി | = | ഇല്ലാതെയാക്കുന്നു. |
| ശിരസി വാ | = | തലയിൽമാത്രംചെയ്യുന്ന (ധാര) |
| കർണ്ണനേത്രാമയൗഘം (ഹരതി) | = | കർണ്ണരോഗങ്ങളും നേത്രരോഗങ്ങളും ശമിപ്പിക്കുന്നു. |

തക്രധാരകൊണ്ടു തലമുടി നരയ്ക്കുന്നതും കർണ്ണ് മുതലായ ഇന്ദ്രിയങ്ങളുടെ വിഷയഗ്രഹണത്തിലുള്ള ശക്തിക്കുറവും ദേഹം മെലിയുന്നതും ത്രിദോഷങ്ങളുടെ പലപ്രകാരമുള്ള കോപവും തലവേദന മുതലായവയും ശമിക്കും. ശിരോരോഗങ്ങളെയും ഓജസ്സിന്റെ ക്ഷീണതയെയും തന്നിമിത്തമുണ്ടാകുന്ന വികാരങ്ങളേയും വാതകോപത്താലുണ്ടാകുന്ന കൈകാൽ കുത്തിവലിപ്പ് മുതലായവയെയും അശ്മരി, പ്രമേഹം മുതലായ മൂത്രദോഷങ്ങൾ കഫക്ഷയംകൊണ്ടുണ്ടാവുന്ന സന്ധികളുടെ അയവ്,

ഹൃദ്രോഗം, അരുചി, അഗ്നിമാന്ദ്യം ഇവയും ശമിക്കുന്നതാകുന്നു. ശിരസ്സിൽ മാത്രം ധാരചെയ്താൽ ചെവിയിലുണ്ടാകുന്ന രോഗങ്ങളും നേത്രരോഗങ്ങളും ശമിക്കും.

ഗ്രന്ഥാഭിപ്രായം ഇങ്ങനെ ഇരുന്നാലും, ശീതദ്രവ്യോപചാരരൂപമായ തക്രധാരകൊണ്ടു കരചരണപരിസ്പന്ദനവും ഹൃദയരുക്കും വാതികമാകയാൽ വർദ്ധിക്കാനേ വഴിയുള്ളു. 'ശൂലംനർത്തേനിലാത്' എന്നതുകൊണ്ടും വാതകോപംകൊണ്ടല്ലാതെ വേദന ഉണ്ടാകുന്നതല്ല. എന്നാൽ വായുവിന്നു യോഗവാഹിത്വമെന്നു് ഒരു സ്വഭാവമുള്ളതുകൊണ്ടു്, പിത്തത്തിനോ കഫത്തിനോ അനുബലമായിട്ടു വാതം പിത്തകഫജങ്ങളായിരിക്കുന്ന ശിരസ്താപങ്ങളിൽ അല്പമായ വേദന ഉണ്ടാക്കുന്നു. ആയതു പ്രധാനമായ പിത്തകഫങ്ങളുടെ ശമനത്തിൽ ശമിച്ചുകൊള്ളുമെന്നു് 'ഗ്രൈഷ്മപ്രായോ മരുത്പിത്തേ വാസന്തഃ കഫമാരുതേ മാരുതോ യോഗവാഹിത്വാത്' എന്നുള്ള ഭാഗംകൊണ്ടു് സ്പഷ്ടമായി ഗ്രഹിക്കാം.

**സ്ഥൈര്യം വാങ്മനസോഃ ശരീരബലമപ്യാഹാരകാംക്ഷാ ധൃതി-**
**ർമ്മാധുര്യം വചസസ്ത്വചോഽപി മൃദുതാ നേത്രേ പ്രകാശോഽഗദഃ**
**ശുക്ലാഽസൃക്പരിപോഷണം രതരതിർദ്ദീർഘായുരല്പോഷ്ണതാ**
**സുസ്വപ്നം ഘൃതതൈലസേചനഗുണേനാസ്തീതി ജാഗ്രത്സുഖം.**

ഘൃതതൈലസേചനഗുണേന = നെയ്യ്കൊണ്ടും എണ്ണകൊണ്ടുമുള്ള ധാരയാൽ
വാങ്മനസോഃ സ്ഥൈര്യം = വാക്കിന്നും മനസ്സിന്നും സ്ഥിരതയും
ശരീരബലം അപി = ശരീരത്തിന്ന ബലവും
ആഹാരകാംക്ഷാ = ആഹാരത്തിന്ന രുചിയും ദഹനവും
ധൃതിഃ = ധൈര്യവും
വചസഃ മാധുര്യം = വാക്കിന്ന മാധുര്യം
ത്വചഃ മൃദുതാ = തൊലിക്ക മാർദ്ദവവും
നേത്രേ പ്രകാശഃ അഗദഃ = കണ്ണിന്ന പ്രകാശവും ആരോഗ്യവും
ശുക്ലാസൃക്പരിപോഷണം = ശുക്ലത്തിന്നും രക്തത്തിന്നും പുഷ്ടിയും
രതരതിഃ = സംഭോഗത്തിൽ താല്പര്യവും
ദീർഘായുഃ അല്പോഷ്ണതാ = ദീർഘായുസ്സും ശരീരത്തിൽ ഉഷ്ണത്തിന്ന കുറവും
സുസ്വപ്നം = നല്ല ഉറക്കവും
ഇതി ജാഗ്രത് സുഖം അസ്തി = ഇപ്രകാരം ഉറങ്ങാത്ത സമയങ്ങളിൽ സുഖവും ഉണ്ടാകുന്നു.

എണ്ണകൊണ്ടും നെയ്യ്കൊണ്ടും മററും മേൽപ്രകാരം ചെയ്യുന്ന ധാരയുടെ ഗുണങ്ങൾ.—വാക്കിന്നും മനസ്സിന്നും സ്ഥിരത ഉണ്ടാക്കും. ശരീരത്തിന്ന ബലവും ധൈര്യവും വാക്കിന്ന തെളിവും, ആഹാരത്തിൽ ആഗ്രഹവും തൊലിക്ക മൃദുത്വവും വരുത്തും. കണ്ണിന്ന തെളിവും, രോഗമില്ലായ്മയും, ശുക്ലപുഷ്ടിയും, രക്തപ്രസാദവും സിദ്ധിക്കും. ശരീരത്തിന്ന ചൂടു ക്രമപ്പെടും. കാമകേളിയിൽ താല്പര്യവും, ദീർഘായുസ്സും, വേണ്ടവിധം ഉറക്കവും, ഉറക്കമില്ലാത്ത സമയങ്ങളിലും സുഖവും ഉണ്ടാകും. ഇതു തക്രധാരകൊണ്ടും സ്നേഹധാരകൊണ്ടും സിദ്ധിക്കുന്നതുതന്നെ.

## പിഴിഞ്ഞുവീഴ്ത്തു് (പകർന്നാപിഴിച്ചിൽ)

**തത്തദ്വ്യാധിശമോദിതൗഷധഗണൈസ്സിദ്ധഞ്ച വാ യോജയേത്**
**സ്വസ്ഥേഽഭ്യഞ്ജനസേചനാദിഷു സദാ തൈലാജ്യസമ്മിശ്രിതം**
**ഏകാഹാന്തരമേവ വാ പ്രതിദിനം പൂർണ്ണേ ബലേ മദ്ധ്യമേ**
**ത്യക്ത്വാ ദ്വിത്രിദിനം ചതുർദ്ദിനമപോഹ്യാല്പേ ത്രിഷട്പഞ്ച വാ**

സ്വസ്ഥേ, സദാ = സ്വസ്ഥനായിട്ടുള്ളവന്നു് എപ്പോഴും
അഭ്യഞ്ജനസേചനാദിഷു = അഭ്യംഗം പിഴിഞ്ഞുവീഴ്ത്തു മുതലായവയിൽ

തൈലാജ്യസമ്മിശ്രിതം = എണ്ണയും നെയ്യും ഒരുമിച്ചുകൂട്ടിയും
യോജയേത് = ധാര മുതലായവ ചെയ്യണം
തത്തദ്വ്യാധിശമോചിതൗഷധഗണൈഃ സിദ്ധം അ സ്വസ്ഥേ യോജയേത് = അതാതു രോഗം ശമിക്കുന്നതിനു പറഞ്ഞിട്ടുള്ള മരുന്നുകൾ ചേർത്തു ഉണ്ടാക്കിയ തൈലവും നെയ്യും രോഗികൾക്കു യോജിപ്പിക്കണം.
പൂർണ്ണബലേ = ദേഹത്തിനും മനസ്സിനും പൂർണ്ണബലമുണ്ടെങ്കിൽ
പ്രതിദിനം (ഏകാഹാന്തരം) = ദിവസംതോറുമോ ഒന്നിരാടമോ
മധ്യമേ (ബലേ) = ദേഹത്തിനും മാറും മദ്ധ്യബലമേയുള്ളെങ്കിൽ
ദ്വിത്രിദിനം ത്യക്ത്വാ = രണ്ടോമൂന്നോദിവസം ഇടയിട്ടും
അല്പേ (ബലേ) = ബലം അല്പമായാൽ
ചതുർദ്ദിനം ത്രിഷട് പഞ്ചവാ (ദിനാനി) = മൂന്നോ നാലോ അഞ്ചോ ആറോ ദിവസങ്ങൾ ഇടയിട്ടും
(യോജയേത്) = അഭ്യംഗാദികൾ യോജിപ്പിക്കണം

അതാതു രോഗത്തിന്റെ ശമനത്തിനു വിധിച്ചിട്ടുള്ള ഔഷധയോഗങ്ങൾ അനുസരിച്ചു പാകമാക്കിയ തൈലവും നെയ്യുംകൊണ്ടാണ് രോഗികൾക്കു അഭ്യംഗവും പകർന്നുപിഴിച്ചിലും മററും ചെയ്യേണ്ടതു്. സ്വസ്ഥനാണെങ്കിൽ മേൽ പറഞ്ഞവയല്ല കേവലം എണ്ണയും നെയ്യും മതിയാകും. പൂർണ്ണബലമുള്ളയാളിനു പ്രയോഗിക്കുന്നതു ദിവസംതോറുമോ ഒന്നിരാടമോ വേണ്ടതും, മദ്ധ്യബലമുള്ള മനസ്സും ശരീരവുമുള്ളയാൾക്കു രണ്ടോ മൂന്നോ ദിവസങ്ങൾ ഇടയിട്ടും, അല്പബലംമാത്രം ഉള്ളവനായാൽ മൂന്നോ നാലോ അഞ്ചോ ആറോ ദിവസം ഇടയിട്ടും പ്രയോഗിക്കേണ്ടതുമാകുന്നു.

**പിത്തേ കോഷ്ണമഥോഷ്ണമേവ വിഹിതം ശുദ്ധേ സമീരാമയേ**
**തൽസ്നേഹം ദ്രവമാത്രമേവ കഫയുക്തേ രക്തപിത്തേഽപി ച**
**ഉത്തമാംഗേ തു സുശീതമേവ വിഹിതം സിഞ്ചേദവിച്ഛിന്നമേ-**
**വാത്യുച്ചോച്ചവിളംബിതദ്രുതനതം കുത്രാപി നൈവാചരേത്.**

അഥ പിത്തേ = അനന്തരം പിത്തരോഗത്തിങ്കൽ
തത് സ്നേഹം = ആ സ്നേഹദ്രവ്യത്തെ
കോഷ്ണമേവ = അല്പം ചൂടോടുകൂടെയും
ശുദ്ധേ സമീരാമയേ = ശുദ്ധവാതരോഗത്തിങ്കൽ
ഉഷ്ണം ഏവ = ചൂടായിട്ടുതന്നെയും
കഫയുക്തേ (സമീരാമയേ) = കഫസംസർഗ്ഗത്തോടുകൂടിയ വാതരോഗത്തിലും
രക്തപിത്തേ അപി ച = രക്തപിത്തരോഗത്തിലും
ദ്രവമാത്രം ഏവ വിഹിതം = ദ്രവമാകത്തക്കവണ്ണമാക്കിയും ഉപയോഗിക്കണം
ഉത്തമാംഗേ തു = ശിരസ്സിങ്കലാകട്ടെ
സുശീതം ഏവ വിഹിതം = വളരെ തണുപ്പോടുകൂടിത്തന്നെ വേണ്ടതാകുന്നു
കുത്ര അപി = ഏതൊരു അംഗത്തിലും
അവിച്ഛിന്നം ഏവ = ധാരമുറിയാതെതന്നെ
സിഞ്ചേത് = സേചനം ചെയ്യണം (ധാര ചെയ്ക)
അത്യുച്ചോച്ചവിളംബിത ദ്രുതനതം = അധികം ഉയർത്തിയോ താമസിച്ചോ വേഗത്തിലോ താഴ്ത്തിയോ
ന ഏവ ആചരേത് = അല്ലാതെതന്നെ ധാരചെയ്യണം.

കേവലപിത്തത്തിങ്കൽ സ്നേഹദ്രവ്യം ചെറുചൂടോടെയും, വാതരോഗത്തിൽ സഹിക്കാവുന്ന ചൂടോടുകൂടിയും, കഫസംസർഗ്ഗമുള്ള വാതരോഗത്തിനും രക്തപിത്തത്തിനും സ്നേഹം ഉരുകത്തക്കവണ്ണം ചൂടാക്കി തണുപ്പിച്ചും ധാര (പിഴിഞ്ഞുവീഴ്ത്തു്) നടത്തണം. തലയ്ക്കുപയോഗിക്കുന്ന സ്നേഹദ്രവ്യം എപ്പോഴും ശീതമായിത്തന്നെയിരിക്കേണ്ടതാണ്; അല്ലാത്തപക്ഷം കണ്ണിനും മുടിക്കും ആയതു ദോഷത്തെച്ചെയ്യും.

ഏതംഗത്തിലും ധാരചെയ്യുന്നതു ധാരമുറിയാതെയും അധികം ഉയരുകയോ താഴുകയോ ചെയ്യാതെയും പതുക്കെയോ അതിവേഗത്തിലോ അല്ലാതെയും ആയിരിക്കേണ്ടതാണ്.

## ധാരയുടെ മാത്ര

രൂക്ഷേ പിത്തയുതേ ഽനിലേ ച പരമഃ കാലോ മുഹൂർത്തദ്വയം
സാർദ്ധം തത്ര തദർദ്ധമാത്ര ഉദിതഃ സ്നിഗ്ദ്ധേ കഫോന്മിശ്രിതേ
യാവത്സ്വേദസമുദ്ഭവോ ഭവതി തത്താവന്നിവർത്തേത വാ
സ്നേഹോ ഽത്ര ത്രിഭിരേതി രോമവിവരം മാത്രാശതൈശ്ച ക്രമാത്.

| | | |
|---|---|---|
| രൂക്ഷേ (ശരീരേ) | = | സ്നിഗ്ദ്ധതയില്ലാത്ത ശരീരത്തിലും |
| പിത്തയുതേ അനിലേ ച | = | പിത്തത്തോടുകൂടിയ വാതരോഗത്തിലും |
| പരമഃ കാലഃ | = | പരമമായ കാലം (ധാരയ്ക്ക്) |
| സാർദ്ധം മുഹൂർത്തദ്വയം | = | അഞ്ചുനാഴികയാകുന്നു. |
| സ്നിഗ്ദ്ധേ | = | സ്നിഗ്ദ്ധമായ ശരീരത്തിലും |
| കഫോന്മിശ്രിതേ | = | കഫസംസർഗ്ഗമുള്ള വാതരോഗത്തിലും |
| തത്ര തദർദ്ധമാത്ര ഉദിതഃ | = | ധാരയ്ക്കും മററും രണ്ടരനാഴികനേരം മതി |
| യാവത്സ്വേദസമുദ്ഭവഃ ഭവതി | = | എപ്പോൾ വിയർപ്പുണ്ടാകുന്നുവോ |
| തത്താവത് നിവർത്തേത വാ | = | അപ്പോഴേയ്ക്കോ മതിയാക്കേണ്ടതാണ്. |
| അത്ര ക്രമേണ | = | ധാരയ്ക്കും പിഴിഞ്ഞുവീഴ്ത്തലിനും ക്രമത്തിൽ |
| ത്രിഭിഃ മാത്രാശതൈഃ ച | = | മുന്നൂറു മാത്രനേരംകൊണ്ട് |
| സ്നേഹഃ രോമവിവരം ഏതി | = | സ്നേഹദ്രവ്യം രോമദ്വാരത്തിൽ വ്യാപിക്കുന്നു. |

രൂക്ഷത എന്നതു സ്നിഗ്ദ്ധതയ്ക്കു വിപരീതഗുണമാണ്. സ്നിഗ്ദ്ധത ഇല്ലാത്ത ശരീരത്തിലും പിത്തസംസർഗ്ഗത്തോടുകൂടിയ വാതരോഗത്തിനും പിഴിഞ്ഞുവീഴ്ത്തലിനും ധാരയ്ക്കുമുള്ള പരമാവധി അഞ്ചുനാഴികയാകുന്നു. ഇവിടെ മുഹൂർത്തം രണ്ടരനാഴിക എന്നും സാർദ്ധം മുഹൂർത്തദ്വയം രണ്ടരനാഴികയോടുകൂടിയ രണ്ടു മുഹൂർത്തങ്ങൾ അതായതു് ഏഴരനാഴിക എന്നും ചിലർ അഭിപ്രായപ്പെടുന്നതു ശരിയല്ല. രണ്ടുനാഴിക ഒരു മുഹൂർത്തം എന്ന കണക്കാണ് പരമ്പരയായി സ്വീകരിക്കുമാറുള്ളതു. സ്നിഗ്ദ്ധതയുള്ള ശരീരത്തിലും കഫസംസർഗ്ഗമുള്ള വാതരോഗത്തിലും രണ്ടരനാഴിക നേരം മതി. അഥവാ ശരീരത്തിന്റെ ബലാബലങ്ങളെയും പരിഗണിച്ചു വിയർപ്പുണ്ടാകുന്നതുവരെ പകർന്നു പിഴിച്ചിൽ നടത്തുക. ഇതാണ് അതിന്റെ സമ്യഗ്യോഗം. മുന്നൂറു മാത്രനേരംകൊണ്ടു സ്നേഹം എല്ലാ രോമകൂപങ്ങളിലും ക്രമേണ വ്യാപിക്കും.

സപ്താപി ത്വച ഏതി സപ്തഭിരഥോ ഷഡ്ഭിസ്തഥാസ്രാദികാൻ
ഷഡ്ധാതൂനിഷുസിന്ധുദിഗ്ഗ്രഹമിതാ മാത്രാ മുഹൂർത്തോ ഭവേത്
ധാരോച്ചം ചതുരംഗുലന്തു ശിരസഃ സേകേ തദന്യത്ര തത്
പ്രോക്തം തത് ത്രിഗുണഞ്ച മന്ദപതനാത്തദ്രോഗവൃദ്ധിർ ഭവേത്

| | | |
|---|---|---|
| സപ്ത ത്വചഃ അപി | = | ഏഴു തൊലികളെയും |
| സപ്തഭിഃ (ദിനൈഃ) | = | ഏഴുദിവസംകൊണ്ടും |
| അഥ അസ്രാദികാൻ ഷഡ്ധാതൂൻ | = | അനന്തരം രക്താദികളായ ആറു ധാതുക്കളിലും |
| തഥാ ഷഡ്ഭിഃ ഏതി | = | അപ്രകാരം ആറുദിവസംകൊണ്ടും വ്യാപിക്കുന്നു. |
| ഇഷുസിന്ധുദിഗ്ഗ്രഹമിതാ | = | ൫, ൭, ൰, ൯ ഇവ ഒന്നിച്ചാൽ വരുന്ന സംഖ്യ (൯൰൭൫), വരുന്ന |
| മാത്രാ മുഹൂർത്തഃ ഭവേത് | = | മാത്രകൾ കൂടുന്നതു് ഒരു മുഹൂർത്തമാകുന്നു. |

| | | |
|---|---|---|
| ശിരസ്സേകേ | = | ശിരസ്സിൽ ധാരചെയ്യുന്നതിന് |
| ധാരോച്ചം തു ചതുരംഗുലം | = | ധാര ചെയ്യുന്നതിന്റെ ഉയച്ച് നാലംഗുലം (നാലു വിരൽ) ആകുന്നു. |
| തദന്യത്ര തത് | = | മററ അംഗങ്ങളിൽ ചെയ്യുന്ന ധാര |
| തത്ത്രിഗുണം ച പ്രോക്തം | = | അതിന്റെ മൂന്നിരട്ടി (൧൨ വിരൽഉയരത്തിൽ) വേണമെന്നു പറയുന്നു. |
| മന്ദപതനാത് | = | സാവധാനത്തിൽ വീഴുന്നതുകൊണ്ട് |
| തദ്രോഗവൃദ്ധിഃ ഭവേത് | = | ആ രോഗത്തിനു വൎദ്ധനയുണ്ടാകും. |

സർവാംഗവും ചെയ്യപ്പെടുന്ന സ്നേഹാദിധാരകളുടെ ഗുണം ഏഴുദിവസംകൊണ്ടു ഏഴു തൊലികളിലും വ്യാപിക്കുന്നു. ലസിക എന്ന രസധാതു ഭാസിനീ ലോഹിനീ ഇത്യാദി സപ്തത്വക്കുകളെ ആശ്രയിച്ചു സ്ഥിതിചെയ്യുന്നു. അനന്തരം ആറുദിവസം കൊണ്ടു് യഥാക്രമം രക്തം മാംസം മേദസ്സ് അസ്ഥി മജ്ജാവ് ശുക്ലം ഈ ഏഴു ധാതുക്കളിലും വ്യാപിക്കുന്നു. ഇഷു=ബാണം ൫. സിന്ധു=സമുദ്രം ൭. ദിക്=൧൦. ഗ്രഹങ്ങൾ ൯. ഈ സംഖ്യകൾ ഒരുമിച്ചുകൂട്ടുന്ന ൫൭൧൦൯-മാത്രകളാകുന്നു ഇവിടത്തെ ഒരു മുഹൂർത്തം. അല്ലാതെ അമരസിംഹൻ പറഞ്ഞ നിമേഷോ മാത്രയാസമഃ എന്ന മാത്രയോടു ശരിയായിട്ടുള്ളതല്ല. ശിരസ്സിൽചെയ്യുന്ന ധാര നാലുവിരൽ ഉയരത്തിലും, മററ് അംഗങ്ങളിൽ ൧൨ വിരൽ ഉയരത്തിലും ആയിരിക്കണം. വേണ്ടതിലധികം മന്ദമായി ധാരചെയ്താൽ നീർവീഴ്ച മുതലായവകൊണ്ടും മററും രോഗം വൎദ്ധിക്കാൻ ഇടവരുന്നതാണ്.

## അതിയോഗലക്ഷണവും തൽപരിഹാരങ്ങളും

അത്യുച്ചദ്രുതഭൂരികാലപരിഷേകാദ്ദാഹവീസർപ്പരു-
ങ്മൂർച്ഛാംഗസ്വരസാദസന്ധിദളനച്ഛർദ്ദ്യസ്രപിത്തജ്വരാഃ
കോഠാദ്യാശ്ച ഭവന്ത്യതഃ പരദിനേ ഗണ്ഡൂഷനസ്യാദികം
കൃത്വാ ശുദ്ധമഹൌഷധേന സുശൃതം തോയം പുനഃ പായയേത്.

| | | |
|---|---|---|
| അത്യുച്ചദ്രുതഭൂരികാല പരിഷേകാത് | = | അധികം ഉയരത്തിലും അധികം വേഗത്തിലും വേണ്ടതിലധികംനേരം പിഴിഞ്ഞുവീഴ്ത്തുന്നതുകൊണ്ടും |
| ദാഹവീസർപ്പരുങ്മൂർച്ഛാം ഗസ്വരസാദസന്ധിദളന ഛർദ്ദ്യസ്രപിത്തജ്വരാഃ | = | ചുട്ടുനീററൽ, വിസർപ്പരോഗം, മോഹാലസ്യം, ശരീരത്തിനു തളൎച്ച, സ്വരസാദം, സന്ധിപിളൎന്നനോവ് ഛർദ്ദി, രക്തപിത്തം, ജ്വരം ഇവയും |
| കോഠാദ്യാഃ ച ഭവന്തി | = | ചുവന്ന തടിപ്പ് മുതലായവയും ഉണ്ടാകുന്നു. |
| അതഃ പരദിനേ | = | ഇതിനു പിറേറദിവസം |
| ഗണ്ഡൂഷനസ്യാദികംകൃത്വാ | = | ഗണ്ഡൂഷം നസ്യം മുതലായവ ചെയ്തിട്ടു |
| ശുദ്ധമഹൌഷധേന സുശൃതം | = | നല്ല ചുക്കിട്ടു കുറുക്കിയ |
| തോയം പുനഃ പായയേത് | = | കഷായം പിന്നെ സേവിപ്പിക്കണം. |

വളരെ ഉയരത്തിലും, അധികം വേഗത്തിലും വേണ്ടതിലധികം നേരവും പിഴിഞ്ഞു വീഴ്ത്തുന്നതുകൊണ്ടു, ചുട്ടുനീററൽ. വിസർപ്പരോഗം, മോഹാലസ്യം, ശരീരതളൎച്ച, ഒച്ചയടപ്പ്, സന്ധികൾ പിളൎന്നുപോകുന്നുഎന്നു തോന്നുംവണ്ണംവേദന, ഛർദ്ദി, രക്തപിത്തം, ജ്വരം, ചുവന്ന വട്ടത്തിലുണ്ടാകുന്ന തിണൎപ്പ്, അരുചി, കണ്ണിനു ഘനം മുതലായ വികാരങ്ങൾ ഉണ്ടാകും. അതിനു പിറേറദിവസം കവിൾക്കൊള്ളുക, നസ്യം, അഞ്ജനം മുതലായവ യഥായോഗ്യം ചെയ്തിട്ടു ചുക്ക് ധാരാളം ചേൎത്തു കുറുക്കിയുണ്ടാക്കിയ കഷായം സേവിപ്പിക്കയും സ്നേഹവ്യാപത്തിൽ പറയുന്ന മററ പരിഹാരങ്ങൾ ചെയ്കയും വേണം.

സായാഹ്നേ ലഘുഭോജയേത് കടുതരം യൂഷാന്നചിത്തഞ്ചാപ്യഥോ
വസ്ത്രം സ്നേഹകൃതഞ്ച സൈന്ധവകൃതം കുര്യാത്തൃതീയേഽഹനി

**സ്നേഹവ്യാപദി ചോക്തകൎമ്മനിഖിലം കുൎയ്യാച്ചതുൎത്ഥേഽഹനി**
**പ്രാഗ്വത്സ്നേഹനിഷേവണഞ്ച വിധിവത് കുൎയ്യാദ്ദിനേ പഞ്ചമേ.**

സായാഹ്നേ = വൈകുന്നേരത്ത്
കട്വരം യൂഷമാനാദിതം = അധികമെരിവോടും പരിപ്പുചാറും കൂട്ടിയും
ലഘു ഭോജയേത് = ലഘുവായ മാത്രയിൽ ആഹാരം കഴിക്കണം
അഥ സ്നേഹകൃതം വസ്തിം ച = പിറേറദിവസം സ്നേഹവസ്തിയും
തൃതീയേ അഹനി = മൂന്നാമത്തെ ദിവസം
സൈന്ധവകൃതം ച കുൎയ്യാത് = വസ്തിദ്രവ്യത്തിൽ ഇന്തുപ്പുകൂട്ടി സ്നേഹവസ്തിയും
അതഃ ചതുൎത്ഥേ അഹനി = അനന്തരം നാലാംദിവസം ,ചെയ്യണം
സ്നേഹവ്യാപദി ഉക്തകൎമ്മ നിഖിലം = സ്നേഹവ്യാപത്തിനു പറഞ്ഞ എല്ലാ ചികിത്സകളും
ദിനേ പഞ്ചമേ = അഞ്ചാംദിവസം
പ്രാഗ്വത് സ്നേഹനിഷേവണം ച വിധിവത് കുൎയ്യാത് = മുമ്പിലത്തെപ്പോലെ പിഴിഞ്ഞുവീഴ്ത്തും വിധിപ്രകാരം ചെയ്യണം.

അനന്തരം വൈകുന്നേരത്തു അധികം എരിവോടുകൂടിയും ചെറുപയററിൻപരിപ്പുചാറു മുതലായ ധാന്യരസങ്ങൾ കൂട്ടിയും ലഘുവായ അളവിൽ യഥായോഗ്യം കഞ്ഞിയായിട്ടോ ചോറായിട്ടോ അന്നം ഉപയോഗിക്കണം. രണ്ടാംദിവസം സ്നേഹവസ്തിയും മൂന്നാംദിവസം ഇന്തുപ്പുകൂടി പൊടിച്ചുചേൎത്തു വസ്തിയും (ഇതു യഥായോഗ്യം കഷായവസ്തിയോ സ്നേഹവസ്തിയോ ആകാം) നാലാംദിവസം സ്നേഹവ്യാപത്തിൽ വിധിച്ചിരിക്കുന്ന സകല ചികിത്സകളും ചെയ്യുക. പിന്നെ അതിയോഗലക്ഷണങ്ങൾ ശമിച്ചു എന്നു കണ്ടാൽ അഞ്ചാംദിവസം മുമ്പിലെപ്പോലെ ധാരതുടരുക.

## ദ്രവോപയോഗവിധി.

**ഏകാഹാദപരന്ന സേചനവിധൗ ക്ഷീരാദികം ഗൃഹ്യതേ**
**ധാന്യാമ്ലം ത്രിദിനാത്പരം വിധിരയം സ്നേഹസ്യ തു പ്രായശഃ**
**ഏകേന ത്രിദിനം പരേണ ച തഥാ സിഞ്ചേൽ ത്ര്യഹം തദ്ദ്വയം**
**മിശ്രീകൃത്യ ച സപ്തമേഽഹനി പുനസ്ത്യക്തൈതാനമേവം ചരേത്**

സേചനവിധൗ = ധാരയ്ക്കും മററും
ക്ഷീരാദികം = പാൽ മുതലായ ദ്രവദ്രവ്യങ്ങളെ
ഏകാഹാത് അപരം = ഒരുദിവസം ഉപയോഗിച്ചതു പിറേറദിവസം
ന ഗൃഹ്യതേ = ഉപയോഗിക്കപ്പെടുന്നില്ല
ത്രിദിനാത് പരം = മൂന്നു ദിവസം ഉപയോഗിച്ചശേഷം
ധാന്യാമ്ലം = വെപ്പുകാടി
ന ഗൃഹ്യതേ = സ്വീകരിക്കപ്പെടുന്നില്ല.
സ്നേഹസ്യ തു = സ്നേഹദ്രവ്യങ്ങൾ ഉപയോഗിക്കുന്നതിനു
പ്രായശഃ അയം വിധിഃ = മിക്കവാറും ഇതുതന്നെയാണു നിയമം
ഏകേന ത്രിദിനം = ഒരു സ്നേഹദ്രവ്യംകൊണ്ടു മൂന്നുദിവസവും
പരേണ ച തഥാ ത്ര്യഹം = വേറെ സ്നേഹദ്രവ്യം എടുത്തു അതുകൊണ്ടു മൂന്നു ദിവസവും
സിഞ്ചേത് = ധാര ചെയ്തശേഷം
തദ്ദ്വയം മിശ്രീകൃത്യ = അവ രണ്ടും ഒരുമിച്ചുകൂട്ടീട്ട്
സപ്തമേ അഹനി പുനഃ ച = ഏഴാമത്തെദിവസം വീണ്ടും (ധാരചെയ്യാം)
ഏതാം ത്യക്ത്വാ ഏവം ചരേത് = പിന്നെ അതും ഉപേക്ഷിക്കണം

പാൽ മുതലായ ദ്രവദ്രവ്യങ്ങൾ ഒരു ദിവസം ഉപയോഗിച്ചതു വീണ്ടും ഉപയോഗിക്കരുതു്. വെപ്പുകാടി മൂന്നുദിവസം ഉപയോഗിക്കാവുന്നതാണ്. മിക്കവാറും

തൈലങ്ങളും മൂന്നുദിവസം വീണ്ടുംവീണ്ടുമായി ഉപയോഗപ്പെടുത്താം. ഒരുദിവസമുപയോഗിക്കുന്ന സ്നേഹത്തിൽ കുറവുവരുന്ന ഭാഗം പിറ്റേദിവസംചേൎത്തു ഉപയോഗപ്പെടുത്താം. എന്നാൽ ആദ്യം മൂന്നുദിവസം ഉപയോഗപ്പെടുത്തിയ സ്നേഹശിഷ്ടവും പിന്നെ വേറെ അടുത്ത മൂന്നുദിവസം ഉപയോഗിക്കപ്പെട്ട സ്നേഹദ്രവ്യവും ഒരുമിച്ചുകൂട്ടി ഏഴാംദിവസം ഉപയോഗിക്കാം.

ദേഹത്തിൽ ധാരചെയ്യുന്നതിനുള്ള സ്നേഹദ്രവ്യമായാൽ ഇങ്ങനെ ഉപയോഗപ്പെടുത്താം. എന്നാൽ ഒരുദിവസം ധാരയ്ക്കുപയോഗിച്ച ധാന്യാമ്ലവും മറ്റും മൂന്നുദിവസം ധാരയ്ക്കുപയോഗിക്കുന്നതു നന്നല്ല. ശിരസ്സിൽ ധാരചെയ്യുന്ന സ്നേഹദ്രവ്യങ്ങളും ശിരോവസ്തിക്കുള്ള തൈലോപയോഗരീതിയെ അനുഗമിച്ചു ദിവസംതോറും മാറിമാറിത്തന്നെ എടുക്കേണ്ടതാകുന്നു.

## കാലവിധി

**യന്നൂതേന നിഷേചനം പ്രതിദിനം തത്തൂത്തമം മദ്ധ്യമം**
**തേനൈവ ത്രിദിനം തതോപി ച പരം മിശ്രീകൃതം ചാധമം**
**അത്യുഷ്ണേऽപി ച മന്ദകോപസമയേ മന്ദാതപേ ശീതളേ**
**കുര്യാന്നതാപരാഹ്ണകേऽപി ച ഭിഷഗ്രാത്രൌ തഥാ സേചനം.**

| | | |
|---|---|---|
| നൂതേന (സ്നേഹേന) | = | പുതിയതായി എടുത്ത സ്നേഹംകൊണ്ടു |
| പ്രതിദിനം യത് നിഷേചനം | = | ദിവസംതോറും ധാരാദികൾ ചെയ്യുന്നതു് |
| തത് തു ഉത്തമം | = | ഉത്തമമാകുന്നു |
| തേന ഏവ ത്രിദിനം (നിഷേചനം) | = | ഒരിക്കൽ എടുത്തതുകൊണ്ടുതന്നെ മൂന്നുദിവസം ഉപയോഗിക്കുന്നതു് |
| മദ്ധ്യമം | = | മദ്ധ്യമമാകുന്നു. |
| തതഃ പരം അപി ച | = | അതിൽപിന്നെയും ആ സ്നേഹം |
| മിശ്രീകൃതം അധമം ച | = | കൂട്ടിച്ചേൎത്തുപയോഗിക്കുന്നതു് അധമവുമാകുന്നു. |
| അത്യുഷ്ണേ അപി | = | അധികം ചൂടുള്ള സമയത്തും |
| മന്ദകോപസമയേ | = | ദോഷകോപം അല്പമായിരിക്കുമ്പോഴും (ശനിചാരം ദോഷമായിരിക്കുമ്പോഴും) |
| മന്ദാതപേ | = | വെയിലിന്റെ ചൂടു കുറവുള്ളപ്പോഴും |
| ശീതളേ അപി | = | അധികം തണുപ്പുള്ള സമയവും |
| അപരാഹ്ണേ രാത്രൌ ച | = | അപരാഹ്നകാലത്തിലും രാത്രിയിലും |
| തഥാ ഭിഷക് സേചനം ന തു കുൎയ്യാത് | = | അപ്രകാരം വൈദ്യൻ ധാര ചെയ്യരുതു്. |

പുതിയതായി എടുത്ത സ്നേഹാദിദ്രവ്യങ്ങൾ ധാരയ്ക്കു ഉപയോഗിക്കുന്നതുത്തമം. ഒരിക്കൽ എടുത്തതു മൂന്നുദിവസം ഉപയോഗപ്പെടുത്തുന്നതു മദ്ധ്യമവും അതുതന്നെ വീണ്ടും കൂട്ടിച്ചേൎത്തു ഉപയോഗപ്പെടുത്തുന്നതു അധമവുമാകുന്നു. അധികം ചൂടുള്ള കാലങ്ങളിലും ദോഷകോപം അല്പമായിരിക്കുമ്പോഴും ശനിദോഷം ചാരവശാലും ദശാദിവശാലും ഉള്ള കാലത്തും വെയിലിന്റെ ചൂടുകുറഞ്ഞുള്ള ദുർദ്ദിനങ്ങളിലും തണുപ്പു സമയങ്ങളിലും ൧൫ നാഴിക പകലിനുശേഷവും രാത്രിയിലും ധാരയോ പിഴിച്ചിലോ വീഴ്ത്തോ ചെയ്യരുതു്.

**സേകാനന്തരമാതുരസ്തു ശിശിരാം-**
**ബുപ്രോക്ഷണൈഃ ഷ്ഠീവനൈ-**
**ശ്ചോത്ക്ഷേപൈൎമ്മൃദുമാരുതൈരനുഗുണം**
**വിശ്രാമ്യ തത്രോത്ഥിതഃ**

മന്ദം കിഞ്ചന മർദ്ദിതോഽനു ച രസൈഃ
സ്നേഹം കഷായൈസ്ത്യജേത്
സ്നാത്വാ കോഷ്ണജലൈസ്സുഗന്ധസുഭഗോ
ധാന്യൗഷധാംഭഃ പിബേത്

സേകാനന്തരം = സേചനം (ധാര) കഴിഞ്ഞശേഷം
ആതുരഃ തു = രോഗിയാകട്ടെ
ശിശിരാംബുപ്രോക്ഷണൈഃ = തണുത്തവെള്ളം തളിച്ചിട്ടും
ഷ്ഠീവനൈഃ ഉൽക്ഷേപൈഃ ച = തുപ്പിയിട്ടോ കൈകാൽ കുടഞ്ഞിട്ടോ
[illegible]മാരുതൈഃ = വീശി കാറ്റേല്പിച്ചിട്ടോ
അനുഗുണം വിശ്രാമ്യ = യോജിക്കുന്നവിധം വിശ്രമിച്ചിട്ട്
തത്ര ഉത്ഥിതഃ = അവിടെ എഴുന്നേററിരുന്നു
മന്ദം കിഞ്ചന മർദ്ദിതഃ = സാവധാനത്തിൽ ദേഹമെല്ലാം തിരുമ്മി
അനുകഷായൈഃ രസൈഃ = അനന്തരം ചവർപ്പുരസമുള്ള ഔഷധങ്ങൾകൊണ്ടും
കോഷ്ണജലൈഃ സ്നാത്വാ ച = ചൂടുവെള്ളംകൊണ്ടും കുളിച്ചിട്ടു
സുഗന്ധസുഭഗഃ = സുഗന്ധദ്രവ്യങ്ങളും ധരിച്ചു
ധാന്യൗഷധാംഭഃ പിബേത് = കൊത്തമല്ലിയും ചുക്കുംകൊണ്ടു വെച്ച കഷായവെള്ളം കുടിക്കണം.

സേചനം കഴിഞ്ഞശേഷം രോഗിയെ തണുത്തവെള്ളം തളിച്ചോ തുപ്പിച്ചോ കൈയും കാലും കുടയിച്ചോ വീശി കാറ്റേല്പിച്ചോ വേണ്ടുംവണ്ണം വിശ്രമിപ്പിച്ചു എഴുന്നേല്പിക്കുക. പിന്നീടു സാവധാനത്തിൽ ദേഹമെല്ലാം തിരുമ്മിയശേഷം കഷായരസങ്ങളായ ഔഷധങ്ങൾ അരച്ചുതേച്ചു (ഇലിപ്പപ്പിണ്ണാക്കു, ചീവയ്ക്കാ മുതലായവ) മെഴുക്കുകളഞ്ഞു ചെറുചൂടുള്ള വെള്ളത്തിൽ കുളിച്ചു സുഗന്ധസാധനങ്ങളും നിർമ്മല വസ്ത്രവും ധരിച്ചു കഷായക്കഞ്ഞിയോ കൊത്തമല്ലിയും ചുക്കുംകൊണ്ടുള്ള കഷായമോ സേവിക്കുക.

## അനന്തരകരണീയങ്ങൾ

പേയം വാ ലഘുസോഷണാജ്യകടുതക്രായ്യൂഷയുക്തം മിതം
ഭുക്തം കോഷ്ണമഥാചരേദ്വിധിമതഃ സ്നേഹോക്തമാത്രാഖിലം
ഏവം സപ്തദിനം വ്യതീത്യ പുനരന്യേദ്യുർവിരേകം തതോ
വസ്തിം തത്ര തു കാരയേദിതി വിധിർന്നാസത്യസംഭാഷിതാ

സോഷണാജ്യകടുതക്രായൂഷയുക്തം = കുരുമുളകും നെയ്യും എരിവുരസമുള്ള മരുന്നുകളുടെ രസവും മോരുംചേർത്തുണ്ടാക്കുന്നതായ കഞ്ഞി
ലഘുപേയം = ലഘുവായ മാത്രയിൽ കുടിക്കണം.
മിതം കോഷ്ണം ഭുക്തം വാ = മിതമായി ചെറുചൂടുള്ള അന്നമോ ഭക്ഷിക്കാം.
അഥസ്നേഹോക്തമാത്രാഖിലം = അനന്തരം സ്നേഹവിധിയിൽ പറഞ്ഞിട്ടുള്ള എല്ലാ
വിധിം അതഃ ആചരേത് = നിയമങ്ങളും അനുഷ്ഠിക്കുക
ഏവം സപ്തദിനം വ്യതീത്യ = ഇങ്ങനെ ഏഴുദിവസം കഴിച്ചിട്ടു
തതഃ അന്യേദ്യുഃ വിരേകം = അനന്തരം എട്ടാംദിവസം വിരേചനവും
തത്ര തു വസ്തിം കാരയേത് = അവിടെ വസ്തിയും ചെയ്യിക്കണം
ഇതി നാസത്യസംഭാഷിതഃ വിധിഃ = ഇങ്ങനെ അശ്വിനീദേവന്മാർ പറഞ്ഞിട്ടുള്ള വിധി ആകുന്നു.

അല്ലാത്തപക്ഷം കുരുമുളക്, നെയ്യ്, ചുക്ക് മുതലായ എരിവുള്ള സാധനങ്ങളും ചേർത്തുണ്ടാക്കുന്ന ലഘുവായ മോർക്കഞ്ഞി മിതമായ അളവിൽ കുടിക്കയോ ചെറുചൂടുള്ളതായ ചോറ് പരിപ്പുചാറുംകൂട്ടി ഉണ്ണുകയോ ചെയ്ക. പിന്നെ സ്നേഹവിധിയിൽ പറഞ്ഞ നിയമമെല്ലാം അനുസരിക്ക. ഇങ്ങനെ ഏഴുദിവസം കഴി

ത്തശേഷം ഏട്ടാംദിവസം വിരേചനവും വസ്തിയും ചെയ്തുകൊള്ളുക. ഇങ്ങനെ പിഴിഞ്ഞുവീഴ്ത്തിന്റെ വിധി എന്ന് അശ്വിനീദേവന്മാർ പറഞ്ഞിരിക്കുന്നു.

## സ്നേഹവിധിയിലെ പത്ഥ്യനിയമം

ഭോജ്യോഽന്നം മാത്രയാപാസ്യൻ ശ്വഃ പിബൻ പീതവാനപി
ദ്രവോഷ്ണമനഭിഷ്യന്ദി നാതിസ്നിഗ്ദ്ധമസംകരം
ഉഷ്ണോദകോപചാരീ സ്യാദ്ബ്രഹ്മചാരീ ക്ഷപാശയഃ
ന വേഗരോധീ വ്യായാമക്രോധശോകഹിമാതപാൻ
പ്രവാതയാനയാനാദ്ധ്വഭാഷ്യാത്യാസനസംസ്ഥിതിഃ
നീചാത്യുച്ചോപധാനാഹഃസ്വപ്നധൂമരജാംസി ച
യാന്യഹാനി പിബേത്താനി താവന്ത്യന്യാന്യപി ത്യജേത്
സർവകർമ്മസ്വയം പ്രായോ വ്യാധിക്ഷീണേഷു ച ക്രമഃ

(അഷ്ടാംഗഹൃദയം)

നാളെ സ്നേഹപാനം ചെയ്യേണ്ടവനും, സ്നേഹപാനം ചെയ്തുകൊണ്ടിരിക്കുന്നവനും സ്നേഹപാനം ചെയ്തുകഴിഞ്ഞവനും, ദ്രവവും ചെറുചൂടുള്ളതും കഫസ്രവണത്തെ ഉണ്ടാക്കാത്തതും അല്പം നെയ്മയത്തോടുകൂടിയതും പത്ഥ്യാപത്ഥ്യമിശ്രമല്ലാത്തതുമായ അന്നം. പകുതിവയർ നിറയുന്ന അളവിൽ ഉപയോഗിക്കണം. ശൌചാദികൾക്കു ചെറുചൂടുള്ള വെള്ളം ഉപയോഗിക്കു. ബ്രഹ്മചര്യത്തോടുകൂടിയിരിക്കണം. രാത്രിയിൽ ഉറങ്ങണം. മലമൂത്രാദികളുടെ വേഗം തടയരുത്. വ്യായാമംചെയ്ക, കോപിക്ക, ദുഃഖിക്ക, മഞ്ഞും വെയിലുമേൽക്കുക, കൊടുങ്കാറ്റേൽക്കുക, വാഹനത്തിൽകയറി യാത്രചെയ്ക, കാൽനടയായി സഞ്ചരിക്ക, അധികം സംസാരിക്ക, അധികം നേരം ഇരിക്കുക, നിൽക്കുക, തലതാഴ്ത്തിവച്ചുറങ്ങുകയോ ഉയരമുള്ള തലയിണയിൽ തലവയ്ക്കയോചെയ്ക, പകൽഉറങ്ങുക, പുകഏല്ക്കുക, പൊടിയേൽക്കുക ഇവപാടില്ലാത്തതാകുന്നു. പിഴിച്ചിൽ മുതലായവയ്ക്കും സ്നേഹപാനത്തിനും ചികിത്സനടത്തുന്ന ദിവസങ്ങളും അതിനുശേഷം അത്രയും ദിവസങ്ങളുംകൂടി ഈ അനുഷ്ഠാനത്തിൽനിന്നും വ്യതിചലിക്കരുത്. സ്നേഹപാനം, രസായനസേവ, മാറ ഔഷധസേവകൾ, വസ്തി, ധാര പിഴിച്ചിൽ മുതലായവയ്ക്കും രോഗംകൊണ്ടു ക്ഷീണിച്ചവനും മിക്കവാറും പത്ഥ്യാചാരം ഇതാകുന്നു.

## സ്നേഹവ്യാപച്ചികിത്സാദികൾ.

അതിസ്നിഗ്ദ്ധേ തു പാണ്ഡുതാ ഘ്രാണവക്ത്രഗുദസ്രവാഃ
അമാത്രയാഹിതേ കാലേ മിഥ്യാഹാരവിഹാരതഃ
സ്നേഹഃ കരോതി ശോഫാർശസ്തന്ദ്രാസ്തംഭവിസംജ്ഞതാഃ
കണ്ഡൂകുഷ്ഠജ്വരോൽക്ലേശശൂലാനാഹഭ്രമാദികാൻ
ക്ഷുത്തൃഷ്ണോല്ലേഖനസ്വേദരൂക്ഷപാനാന്നഭേഷജം
തക്രാരിഷ്ടം ഖലോദ്ദാലയവശ്യാമാകകോദ്രവാഃ
പിപ്പലീത്രിഫലാക്ഷൌദ്രപത്ഥ്യാഗോമൂത്രഗുൽഗ്ഗുലു
യഥാസ്വം പ്രതിരോഗം ച സ്നേഹവ്യാപദി സാധനം

(അഷ്ടാംഗഹൃദയം)

അതിസ്നിഗ്ദ്ധതവന്നാൽ വിളർച്ചയും മൂക്ക്, വായ്, ഗുദം ഇവയിൽ ജലസ്രാവവും ഉണ്ടാകും. വേണ്ടത്തക്ക മാത്രയിലല്ലാതെയും, അഹിതമായിട്ടുള്ള സ്നേഹ

സാധനങ്ങളും, ഗ്രീഷ്മാദികളായ അനുചിതകാലങ്ങളിലും, അനുചിതമായ രോഗാവസ്ഥയിൽ ഉപയോഗിക്കനിമിത്തവും ഹിതമായ ആഹാരവും ചര്യയും ഇല്ലാതെയായാലും, ശോഫം, അർശസ്സ്, ആലസ്യം, സന്ധികൾക്ക സ്തംഭനം, മദിച്ചവനെപ്പോലെ സ്വന്തചൈതന്യംകൂടാതെയിരിക്ക, ചൊറിച്ചിൽ, കഫം, ജ്വരം, ഉൽക്ലേശം, സർവാംഗവേദന, വയർവീർപ്പ്, തലച്ചുററ് ഇവയും സംഗ്രഹത്തിൽ പറയുന്ന ബലക്ഷയം ജഡത സംസാരിക്കാൻ കഴിയായ്ക മുതലായ ഉപദ്രവങ്ങളുമുണ്ടാകും. ഇതിനു വിശപ്പും ദാഹവുമടക്കുക, രൂക്ഷദ്രവ്യങ്ങളെക്കൊണ്ടു ഛർദ്ദിപ്പിക്ക, വിയർപ്പിക്ക രൂക്ഷമായ അന്നപാനങ്ങൾ ഔഷധങ്ങൾ ഇവ ഉപയോഗിപ്പിക്കയും തക്രാരിഷ്ടം മുതലായവ സേവിക്കയും, ഉദ്ദാലകം=കമുകിൻപൂത്താഴനെല്ല്, ചാമ, വരക്, തിന, തിപ്പലി, ത്രിഫല, തേൻ, കടുക്കാത്തോട് ഗോമൂത്രം ഗുൽഗുലു ഇവയും യഥായോഗ്യം ഔഷധാന്നപാനങ്ങളായി ഉപയോഗപ്പെടുത്തുകയും ചികിത്സയാകുന്നു.

## ഇനി പത്ഥ്യനിയമങ്ങൾ വിവരിക്കുന്നു.

യാവന്ത്യൗഷധയോജിതാനി ദിവസാന്യേതാനി താവന്ത്യഹാ
ന്യന്യാന്യപ്യഥ സർവകർമ്മസു ബുധോ നിത്യം ജിതാത്മാ നയേത്
സ്ത്രീണാം സ്പർശനദർശനസ്മൃതിവശാച്ഛുക്ലം സ്രുതേ സന്തി തത്
സമ്പർക്കേണ വിനാപി തത്ഭവഗദാസ്തസ്മാത് ത്യജേത് സർവഥാ.

| | | |
|---|---|---|
| അഥ | = | അനന്തരം |
| ഔഷധയോജിതാനി | = | ഔഷധം ഉപയോഗിച്ചുകൊണ്ടിരിക്കുന്ന |
| ദിവസാനി യാവന്തി | = | ദിവസങ്ങൾ എത്രയോ |
| താവന്തി അന്യാനി അഹാനി അപി | = | പിന്നെ അത്രദിവസങ്ങളുംകൂടി |
| സർവകർമ്മസു | = | ധാര, സ്നേഹപാനം മുതലായ എല്ലാ ഉപക്രമങ്ങൾക്കും |
| നിത്യം ജിതാത്മാ ബുധഃ | = | പതിവായി ഇന്ദ്രിയങ്ങളെ ജയിച്ച വിദ്വാനായ (രോഗി) |
| നയേത് | = | പത്ഥ്യമായി കഴിച്ചുകൂട്ടണം |
| സ്ത്രീണാം | = | സ്ത്രീകളുടെ |
| സ്പർശനദർശനസ്മൃതിവശാത് | = | സ്പർശനം, കാഴ്ച, സ്മരണ ഇവനിമിത്തവും |
| ശുക്ലേ സ്രുതേ | = | ശുക്ലം സ്രവിക്കുമ്പോൾ |
| സമ്പർക്കേണ വിനാ അപി | = | അവരുടെ സംസർഗ്ഗംകൂടാതെയും |
| തത്ഭവഗദാഃ സന്തി | = | വ്യവായംനിമിത്തമുണ്ടാകുന്ന രോഗങ്ങൾ ഉണ്ടു |
| തസ്മാത് | = | അതു ഹേതുവായിട്ട് (കന്നു |
| തത് സർവഥാ ത്യജേത് | = | സ്ത്രീസമ്പർക്കം എല്ലാപ്രകാരവും ഉപേക്ഷിക്കണം. |

എത്രദിവസം പിഴിച്ചിലോ ധാരയോ സ്നേഹപാനാദികളായ മററു ഉപക്രമങ്ങളോ യോജിപ്പിച്ചുകഴിഞ്ഞോ അത്രയും ദിവസംകൂടി മനസ്സ് മുതലായ ഇന്ദ്രിയങ്ങളെ അടക്കി പത്ഥ്യാനുഷ്ഠാനത്തോടുകൂടിത്തന്നെ രോഗി കഴിച്ചുകൂട്ടണം. സ്ത്രീകളെ തൊടുക, കാണുക, വിചാരിക്ക ഇവനിമിത്തംതന്നെ ഹൃദയത്തിൽനിന്നും ശുക്ലത്തിനു സ്ഥാനചലനമുണ്ടായാൽ സംഭോഗം ചെയ്യാതെതന്നെയും തജ്ജന്യങ്ങളായ ഉപദ്രവങ്ങൾ ഉണ്ടാകുമെന്നുള്ളതിനാൽ ആവക വിചാരാദികൾപോലും നിശ്ശേഷം വർജ്ജിച്ചിരിക്കേണ്ടതാകുന്നു.

ഉന്മാദാനാഹഭഗന്ദരവ്രണതുനീശൂലാദിവാതസ്രവാ-
തോദാവർത്തകകോഠമൂഢമരുദഷ്ഠീലാവിസർപ്പാദിഷു
പ്ലീഹാദ്ധ്മാനകവിദ്രധിപ്രതിതുനീഷേചകാംഗസേകം തഥാ
കര്യാദസ്തതലപ്രപൂർണ്ണപിചുനാ മന്ദം സുഖോഷ്ണം ഭിഷക്.

ഗുന്മാനാഹഭഗന്ദരവ്രണതു
നീശ്ശൂലാഭിഘാതാസ്രവം
തോദാവൎത്തകകോഠമൂഢ
മരുദഷ്ഠീലാവിസൎപ്പാദിഷു
= ഗുന്മം, ആനാഹം, ഭഗന്ദരം, വ്രണം, തൂനി, ശൂല അഭിഘാതം, രക്തവാതം, ഉദാവൎത്തം, വട്ടപ്പുൺ, കുത്തിനോവു്, മൂഢവാതം, അഷ്ഠീല, വിസൎപ്പം മുതലായതിലും

പ്ലീഹാധ്മാനകവിദ്രധിപ്ര
തിതൂനീഷു, തഥാ ഭിഷക്
= പ്ലീഹ, ആധ്മാനം, വിദ്രധി, പ്രതിതൂനി ഇവയിലും അപ്രകാരം വൈദ്യൻ

ഹസ്തതലപ്രപൂൎണ്ണപിച്ചുനാ
= കൈനിറയെ തുണിയെടുത്തു

മന്ദം സുഖോഷ്ണം
= പതുക്കെ സുഖമായ ചൂടോടുകൂടുംവണ്ണം

ഏകാംഗസേകം കുൎയ്യാത്
= അതാതംഗത്തിൽ സ്നേഹം മുക്കിപ്പിഴിഞ്ഞു വീഴ്ത്തിക്കൊള്ളണം.

ഗുന്മം, വയർവീൎപ്പു്, ഭഗന്ദരരോഗം, വ്രണങ്ങൾ, തൂനി, പ്രതിതൂനി എന്ന ഗുന്മവ്യാധിഭേദങ്ങൾ, വേദന, അടിമുതലായതേല്ക്കുക, രക്തസ്രാവം, കുത്തിനോവു്, ഉദാവൎത്തം ചുവന്ന വട്ടമായിത്തടിക്കുക (ശീതപിത്താദികൾക്കും ഈ ലക്ഷണം കാണും) വായു വിഗുണമായി വേദന മുതലായവ ഉണ്ടാക്കുക, അഷ്ഠീല, വിസൎപ്പം, പ്ലീഹോദരം, ആധ്മാനം, വിദ്രധിമുതലായ രോഗങ്ങൾക്കും വൈദ്യൻ ഉപദ്രവാധിക്യമുള്ള ഭാഗത്തു തുണിയിൽ എണ്ണമുക്കി എടുത്തു സുഖോഷ്ണമാകുംവണ്ണം പതുക്കെ അതാതംഗങ്ങളിൽ പിഴിഞ്ഞു വീഴ്ത്തുക. ഇതിന്നു ഏകാംഗസേകം എന്നു പേർ പറയാം. കിഴിഉഴിയുന്നതു് ഇതിന്റെ പ്രകാരഭേദംതന്നെയാണു്.

വ്യായാമാഽതപവേഗരോധഹിമധൂമാത്യുച്ചനീചോപധാ-
നാഹഃസ്വപ്നരജഃപ്രവാതചിരകാലാസീനതാസംസ്ഥിതിഃ
ശോകം ജാഗരപാദയാനഗമനക്രോധാതിഭാഷ്യാദികാം-
സ്ത്യക്ത്വാഽഥോഷ്ണജലോപചാര്യനതിഭുക് സ്യാത് ബ്രഹ്മചാരീ സദാ

വ്യായാമാതപവേഗരോധഹി
മധൂമാത്യുച്ചനീചോപധാനാ
ഹഃസ്വപ്നരജഃപ്രവാതചിര
കാലാസീനതാസംസ്ഥിതിഃ
= വ്യായാമം, വെയിൽ, മലമൂത്രാദിവേഗംതടയുക, മഞ്ഞു പുക ഇവ ഏൽക്കുക, ഉയൎന്നതോ അധികം താണതോ ആയ തലവെപ്പു്, പകലുറക്കം, പൊടി കാററു് ഇവ ഏൽക്കുക, അധികം ഇരിക്കുകയോ നിൽക്കുകയോ ചെയ്ക.

ശോകം ജാഗരപാദയാനഗമ
നക്രോധാതിഭാഷ്യാദികാൻ
ത്യക്ത്വാ അഥ
= ദുഃഖം, ഉറക്കമിളയ്ക്കൽ, കാൽനട, സവാരി, കോപം അധികംസംസാരിക്ക മുതലായവയും
= വേണ്ടുംവണ്ണം ഉപേക്ഷിച്ചിട്ടു് പിന്നെ

ഉഷ്ണജലോപചാര്യനതിഭുക്
= ചെറുചൂടുള്ള വെള്ളം ശൗചാദികൾക്കുപയോഗിച്ചും മിതമായി ആഹാരം കഴിച്ചും

സദാ ബ്രഹ്മചാരീ സ്യാത്
= രോഗി എപ്പോഴും ബ്രഹ്മചൎയ്യത്തോടുകൂടി വസിക്കേണ്ടതാണു്.

ചികിത്സാകാലങ്ങളിൽ രോഗി ശരീരായാസകരമായ എല്ലാ പ്രവൃത്തികളും വൎജ്ജിക്കണം. മലമൂത്രാദികൾ പ്രവൎത്തിക്കേണ്ടതിനെ തടയരുതു്. മഞ്ഞു ഏൽക്കയോ പുകയേൽക്കയോ പുക വലിക്കയോ ചെയ്യരുതു്. അധികം ഉയൎത്തിയും താഴ്ത്തിയുമല്ലാതെ തലയിണവച്ചുറങ്ങണം. പകൽ ഉറങ്ങരുതു്. പൊടിയും കൊടുങ്കാററും ഏൽക്കുക, അധികനേരം ഇരിക്കയോ നില്ക്കയോ ചെയ്ക, ദുഃഖിക്കുക, ഉറക്കമിളയ്ക്കുക, കാൽനടയായോ വാഹനങ്ങളിലോ സഞ്ചരിക്ക, കോപിക്ക, അധികം സംസാരിക്ക മുതലായവയും നിശ്ശേഷം ഉപേക്ഷിച്ചു ശൗചാദികൾക്കു ചെറുചൂടുള്ള വെള്ളം ഉപയോഗിച്ചും മിതമായ മാത്രയിൽ പത്ഥ്യമായ അന്നം ഭുജിച്ചും എല്ലാ പ്രകാരത്തിലും ബ്രഹ്മചൎയ്യത്തോടുകൂടിയും ഇരിക്കേണ്ടതാകുന്നു.

അൎത്ഥദീപികാവ്യാഖ്യാനത്തോടുകൂടിയ
ധാരാകല്പം സമാപ്തം.

# വൈദ്യപുസ്തകങ്ങൾ

## അഷ്ടാംഗഹൃദയം

(‘അരുണോദയം’ എന്ന ഭാഷാവ്യാഖ്യാനസഹിതം)

മൂലശ്ലോകങ്ങളും അന്വയമുറയ്ക്ക് അർത്ഥവും സാരവും അടങ്ങിയതു്. പാഠഭേദങ്ങളും മതാന്തരങ്ങളും അതാതുസ്ഥാനങ്ങളിൽ ചേർത്തിരിക്കുന്നു.

| | വില | | | വില |
|---|---|---|---|---|
| സൂത്രസ്ഥാനം ഒന്നാംഭാഗം | [illegible] | നിദാനസ്ഥാനം | | [illegible] |
| ടി രണ്ടാംഭാഗം | [illegible] | ചികിത്സിതസ്ഥാനം ഒന്നാംഭാഗം | | [illegible] |
| ശാരീരസ്ഥാനം | [illegible] | ടി | രണ്ടാംഭാഗം | [illegible] |
| കല്പസ്ഥാനം | [illegible] | | | |

## ആയുർവ്വേദസുധാകരം (സവ്യാഖ്യാനം)

അനവധി വിശിഷ്ടയോഗങ്ങളും, രോഗലക്ഷണം, ഉല്പത്തി, വ[illegible] ചികിത്സ എന്നിവകളും, കൃച്ഛ്രസാദ്ധ്യങ്ങളായ രോഗങ്ങൾക്ക ഫലസിദ്ധമായ ചില അപൂർവ്വചികിത്സാവിധികളും അടങ്ങിയതു്. വില [illegible]

## സഹസ്രയോഗം

(‘വൈദ്യപ്രിയ’ എന്ന ഭാഷാവ്യാഖ്യാനത്തോടുകൂടിയതു്)

ഈ പുതിയ സഹസ്രയോഗം ഒന്നുകൊണ്ടുമാത്രം സാമാന്യവിദ്യാഭ്യാസമുള്ളവർക്ക വൈദ്യസേവനം നിർവ്വഹിക്കാവുന്നതാണു്. ധാതുകല്പം, ഭേഷജക[illegible] മുതലായവയും ഇതിൽ ചേർത്തിട്ടുണ്ടു്. വില [illegible]

## ചികിത്സാചിന്താമണി

അന്യഗ്രന്ഥങ്ങളിലുള്ള [illegible] യോഗങ്ങളും അനുഭവമുള്ള [illegible] പ്രത്യേകയോഗങ്ങളും അടങ്ങിയിരിക്കുന്നു. വില [illegible]

## വിഷചികിത്സാതന്ത്രം

വിഷസംബന്ധമായുണ്ടാകുന്ന ഓരോ അവസ്ഥാന്തരങ്ങളും വിഷവി[illegible] ക്ഷിപ്രസാദ്ധ്യങ്ങളായ ചികിത്സാവിധികളും വിവരിക്കുന്ന ഒരു ഗ്രന്ഥം. വില ണ ൧.

## ബ്രഹ്മരഹസ്യം (ഒററമൂലിപ്രയോഗങ്ങൾ)

കൈകണ്ട അനവധി ഒററമൂലിപ്രയോഗങ്ങൾ അടങ്ങിയിരിക്കുന്ന [illegible] ഉത്തമഗ്രന്ഥത്തിൽ എല്ലാവിധ രോഗങ്ങൾക്കുമുള്ള ചികിത്സാവിധികളും [illegible]മായി [illegible]രിച്ചിരിക്കുന്നു. വില [illegible]

## കുഷ്ഠരോഗചികിത്സാദർപ്പണം (സവ്യാഖ്യാനം)

ശ്രവണമാത്രയിൽതന്നെ ഭയപ്പെടുന്ന ഈ ഭയങ്കരരോഗത്തിന് അവരവർ തന്നെ ചികിത്സിക്കത്തക്കവിധം നിർമ്മിച്ചിട്ടുള്ളതാണ് ഈ പുസ്തകം. വില [illegible]

മാനേജർ,
ശ്രീരാമവിലാസം പ്രസ്സ് & ബുക്ക ഡിപ്പോ, കൊല്ലം.
ബ്രാഞ്ചുകൾ:—തിരുവനന്തപുരം, ആലപ്പുഴ